SELECTED FEW OF THE BOOKS REFERRED.

STOCK VERIFIED 1995

DATA ENTERED

1. Megasthanese on Nairs.
2. Pliny – Natural History.
3. Pariplas of the Erithrian Sea.
4. Periplas on Condemned Criminals of Malabar.
5. Alboruni on Buddism of Kerala.
6. Al Idvisi on the inhabitan's of Kerala.
7. Al Kazisi on people of Kerala and their non-Vegetarianism.
8. Marco Polo. The Natives of Malabar.
9. Friar Jordhaus on the Administration of Justice and the system of Marumakkathayam.
10. Ibu Batuta on the Hindus and Muslems.
11. John de Morismor on Sarasas and their condition.
12. Ma Huan's Malabar Brahmins, Nairs Mohamedans Chettis and Mukuvas.
13. Abdar Razak on Nairs, Muslims and Royal Family.
14. Barbosa on Nairs, Namburies and Ruling Classes.
15. Ludoniaco de Vardhamana on Brahmins and Nairs.
16. Gasper Correa on Nair Nobleness.
17. Sequira The Portugeese Viceroy on Duel fights in Malabar
18. Fruas Lopez Castenbuda on Ke... Panikkers.
19. Luis de Camarous on Pulayas and ...
20. Barros on Brahmins and Nairs.
21. Caessor Fedriotes on Nairs
22. Garcia on Malabar Knights
23. Master Rolph Filab on Nairs.
24. Administration Report of Travancore Archaeological Department.
25. Annual Report on South ...
26. Epigraphia India.
27. Tamils.
28. Inscriptions ...
29. South ...

36. Bishop Caldwell Church History of Malabar.
37. Colas. Nilakanda Sastri.
38. Travancore State Manual—Nagamiah.
Cochin State Manual—C. Atchutha Menon.
40. Danes of Malabar A. Kumaraswami.
41. Dutt's Ancient History of India.
42. Education in Ancient India by A. S. Altakar.
43. Glories of Magodha J. N. Sardar.
44. Hindu Manners, Customs and Ceremonies Rev. Albert. J. A. Dubors
45. Malabar by Logan William.
46. History of Travancore Sankara Menon.
47. Do. Patchau M oothathu.
48. Do. Vadiveeswaram Subramonia Iyer.
49. Do. Vadiveeswara Sankaranarayana Iyer.
50. Do. of Tamils P. T. Srinivasa Iyengar.
51. History of Propagation of Buddtsm—in India (Taramater).
52. History of Naicar of Madura R. Sathyanatha Iyer.
53. History of Kerala Padmanabha Menon.
54. History of Canarese Literature—E Poice.
55. Historical Sketches of Ancient Decean K. V. Subramonia Iyer
56. Historical Inscriptions of Southern India Robert Sewell.
57. University of Nalandh—H. D. Sankalia.
58. Tamil 1800 years—Karaka Sabhai.
59. Tamil Literature—Poornalingom Pillai.
60. Sathee Eolbard Thompson.
61. Studies in Tamil Literature and History V. R Ramachandra Deekstitar.
62. Some Early Sovereigns of Travancore P. Sundaram Pillai.
63. Some Contributions of South India to Indian ...e S. K. Iyengar
... India's past—India Society London.
...? Prasaud.
...pean Progress.
...kanda Sastri.

73. Sir Edward Arnold—on Todas and Nairs.
74. Gazetter of Southern India on Nair class.
75. Marumakkathayam System. A. B. Clark.
76. Military Class of Nair. A Rotte Johnstor.
77. Nair Customs Robertson Smith
78. History of India—Vincent Smith.
79. History of Southern India. A. Rengaswami.
80. System of Inheritence - Edwin Montague.
81. Gurkhas and Nairs—C. G Bruce
82. Nairs and Nadars—Captain C. J. Morriers.
83. Todas and Nairs—W. H R Rievars,
84. Decent through females in Malabar (Sir Bauphyle Fufler.
85. Domestic Ceremonies of Nairs—William.
86. Dwellings of the Malayalees—(H. Featherman).
87. Rajas of lomge and the Nairs—Jamer Renneld.
88. Malabar Villages—Sir Valentine Chirot.
89. Noble Class of Nairs—Barmdu Mortesquiener.
90. Nairs Col. H. Yule and Dr. A. C. Burnwell.
91. Nair Clans—Gezettier of Southern India.
92. Nair Custams—Robrtson Smith.
93. Nairs, Naiker and Naidus—Edgar Thurstor.
94. Nair Sytem of Inheritance—Edhi S. Montague,
95. The Universal History.
96. Imperial Gazettier of India.
97. Malabar and Napal Architecture and the Nairs and the Newars—James Furguson.
98. Nairs and Nadar Women—Col. Kirkpasnick.
99. Nairs—Afred C. Haddon.
100. Nairs—Dr. J. Deviken.
101. Historical Sketch of the Races of India (Special ref to Nairs.)
102. King Martunda Varna—Robert Orne.
103. Malabar Fighting—John Splinter Slavanius.
104. Chilappathikaram.
105. Periyapuranam.
106. Manimekhala.
107. Keralolpathy.
108. Kerala Mahatmyam.
109. School boys of Travancore—Puoline Earthalames.
110. Naduvazhis—Sir Thomas Munro.
111. Gilbom's History of Malabar.
112. Nairs—Jonamthan Duncan.
113. Nairs. Bramins Hodgson.
114. Nair Women—Mary Francis Billington.
115. Military School of Malabar—Willerhan Eagerton.
116. Soldier Caste—Talboy Wheelers

117. MaternalLine of Succession—Henry Beorindge.
118. Mother right dessent of Malabar—Edward Bufor
119. The Proud Warlikeraces of Malabar—Revler.
120. Military Races of Malahar—Sir William Hunte.
121. Civil and Military Organisation of Nairs—Willi Logan.
122. Villiage Communities of Malabar—Bachas Reward.
123. Malabar Population—H. A. Stuart.
124. Namburies, Nairs, Ezhavas, Sanars, Pulayas Hillribas, Syrian Xiams—Rev. Sammel Mater.
125. The Yeomen Militia of Malabar—C. F. James.
126. The Higher Ranks of Malabar Society—Walter Hanidson.
127. Nairs at war with Tippu—Thomas Remetus.
128. Nair Militia—Sir Francis Buchanan.
129. Warrier Caste of South India—Prof. Findmilk Ratzol.
130. Matrimonial System of Nairs—Elic Rahas.
131. Physiqe of the Average Nair—Col. James Wilsh.
132. Erant the German Missionary writings on Nairs.
133. The Military Dress of the Nairs and their Naidus of fighting—Albr Dubois.
134. Nair Women—Pevice Lozo.
135. The use of Arns by the Natives of Travancore Lient Col Eleadvgan.
136. Malabar Archerss—A. Barth.
137. Mother Rights of the Inheritence of Nairs—J. W Massic
138. Spirit of Independance of Nairs—Col. Wil
139. Nair Tournments—Jemes Forbes.
140. Malabar Military Class—Mr. Warden.
141. Nair—George Vicent Valentine.
142. History of Ancient India—Macrindle.
143. William Brook's—Things Indih.
144. Wonders of the East—Friar Gordenes.
145. Ibu Batuta—(Abdulla Mohamed.)
146. Kerala Charitropitivan by Mr. K. N. Gopala Pillai.
147. Ancient Kerala as seen by Foreign Travellers Do.
148 Archaeological Researches by the Author.
149. Records of Author's own Archaeological Researches or Kerala.

TRIVANDRUM

കേരളമഹാചരിത്ര ഗ്രന്ഥകർത്താ

കരപ്പും വീട്ടിൽ കെ. എൻ. ഗോപാലപിള്ള



ശ്രീപത്മനാഭസ്വാമിക്ഷേത്രം.



കന്യാകുമാരി ക്ഷേത്ര മണ്ഡപം.

൧൭. കോട്ടയം കിളിരൂർ കുന്നിന്മേൽ
ക്ഷേത്രത്തിൽ ഉള്ള ബുദ്ധവിഗ്രഹം.



നീലംപേരൂർ പടേണി



1. ഏറ്റുമാനൂർ ക്ഷേത്രം ദർശനവശം പടിഞ്ഞാറെ ഗോപുരം.



ക്ഷേത്രപ്രവേശന മഹാമഹം

3'2 തെക്കുംകൂർ കോട്ട



366. ഏററുമാനൂർ ക്ഷേത്രക്കുളം



[illegible] ക്ഷേത്രത്തിലെ കിഴക്കേ ഗോപുരം

ചങ്ങനാശ്ശേരി ചിത്രകുളം

383\. [illegible] കിഴക്കേനട

384\. വൈക്കത്തെ ക്ഷേത്രം ആനക്കൊട്ടിൽ.

കേരളമഹാചരിത്രം ഭാഗം ഒന്ന്.

ഉള്ളടക്കം.

അദ്ധ്യായം ൧ം. പുരാതനകേരളത്തിന്റെ പ്രകൃതി (ബി. സി. ൪൦൦-നു മുൻപും ൪൦൦ മുതൽ എ. ഡി. ൧-ാംശതകംവരെയും)

൨. (ബി. സി. ൪൦൦ വരെ) മലയാക്കാട്ടും പുരളിനാട്ടും.

൩. നാലു പ്രാചീനരാജ്യങ്ങൾ.

൪. (ബി. സി. ൪൦൦ വരെയുള്ള കാലം) മലയാളദേശത്തെ മതം, ആചാരം, ഭാഷ എന്നിത്യാദി.

൫. ചോഴരാജ്യം അഥവാ പെരുഞ്ചോറ്റി.

൬. ഉദയനകുലശേഖരപ്പെരുമാൾ.

൭. (ബി. സി. ൪൦൦ വരെയുള്ള കാലം) പ്രാചീനരാജ്യങ്ങളുടെ സാമാന്യചരിത്രം.

൮. പ്രാചീനകേരളരാജ്യവിഭാഗങ്ങൾ.

൯. (പുരാണകാലം മുതൽ എ. ഡി. ൧൧-ാംശതകംവരെ) പ്രാചീനകേരളത്തിന്റെ സാമാന്യരാഷ്ട്രചരിത്രം.

൧൦. പുരാതനകേരളത്തിലെ ബുദ്ധമതവും ജൈനമതവും.

൧൧. മതപ്രചാരകന്മാർ—അപ്പോസ്തൽ തോമസ്സ്.

൧൨. കേരളീയനായ മഠാധിപതി—ശ്രീ ശങ്കരാചാര്യർ.

൧൩. നാനംമൂനം (അക്ഷരമാല)

൧൪. കേരളത്തിലെ നാഗങ്ങൾ.

൧൫. കേരളത്തിലെ പ്രസിദ്ധപ്പെട്ട സർപ്പക്ഷേത്രങ്ങൾ.

൧൬. പുരാതനകേരളത്തിലെ ഔഷധവർഗ്ഗം; മലയാളദേശത്തെ രോഗങ്ങൾ.

൧൭. കേരളത്തിൽ ചികിത്സയും വ്യവസായവും നടത്തുന്ന ക്ഷേത്രങ്ങൾ.

൧൮. കേരളപ്പെരുമാക്കന്മാരുമായി ബന്ധമുള്ള ക്ഷേത്രങ്ങൾ.

൧൯. ആചാരങ്ങളുടെ ആഗമം.

൨൦. കേരളത്തിലെ തീണ്ടലും തൊടീലും എങ്ങനെ പരിഹരിക്കപ്പെട്ടു?

൨൧. പുരാതനകേരളത്തിലെ ഔപചാരികാചാരങ്ങളും ആചാരഭാഷാശൈലികളും.
൨൨. പുരാതനകേരളാചാരങ്ങളും ദാമ്പത്യദായക്രമങ്ങളും ശകുനാദിവിശ്വാസങ്ങളും.
൨൩. പുരാതനകേരളത്തിലെ മദ്യങ്ങൾ.
൨൪. കേരളത്തിലെ ആഹാരസാധനങ്ങളും ആഹാരക്രമവും വിഭവങ്ങളും.
൨൫. കേരളത്തിലെ ബ്രാഹ്മണയോഗക്കാരും ബ്രാഹ്മണമാടമ്പിമാരും.
൨൬. പ്രാചീനകേരളീയരും മാംസാഹാരവും.
൨൭. കേരളത്തിലെ ജാതികളും വർഗ്ഗങ്ങളും അവാന്തരവിഭാഗങ്ങളും.
൨൮. പുരാതനകേരളത്തിലെ വാഹനങ്ങൾ.
൨൯. പുരാതനകേരളത്തിലെ ജനകീയസ്വയംഭരണം.
൩൦. പ്രാചീനസംയുക്തകേരളം.
൩൧. ചേരമാൻപെരുമാളിന്റെ മതപരിവർത്തനവും കേരളവിഭജനവും യഥാർത്ഥമോ?
൩൨. കലിവർഷഗണനം.
൩൩. കേരളത്തിലെ ചാരഭാഷ.
൩൪. കേരളത്തിലെ പ്രാചീനരാജ്യങ്ങൾ (ദേശിങ്ങനാട്ട്)
൩൫. വെമ്പലനാട്ട്.
൩൬. കോഴിക്കോട്ടുരാജ്യം.
൩൭. ഓടനാട്ട അഥവാ കായംകുളംരാജ്യം.
൩൮. തെക്കുംകൂർനാട്ട്.
൩൯. അയിരൂർരാജ്യം (പന്തളംരാജ്യം)
൪൦. മററു കേരളരാജ്യങ്ങൾ മുതലായവ.
൪൧. വിജയനഗരം മഹാരാജ്യവും കേരളവും.

ചിത്രങ്ങൾ.

1. ഉദയന കുലശേഖരപ്പെരുമാൾ
2. ബാണപ്പെരുമാൾ
3. മണ്ണാർശാൽ വലിയമ്മ
4. മങ്കുളൂർ വിഗ്രഹങ്ങൾ
5. കില്ലന്താറ ഗുരുക്കൾമഠത്തിലെ
   രണ്ടു ബ്രഹ്മചാരികൾ
6. കന്യാകുമാരി
7. പത്മനാഭസ്വാമിക്ഷേത്രം
8. തെക്കുംകൂർകോട്ട
9. ചിത്രക്കുളം
10. ഒരു പടയണി
11. വൈക്കംക്ഷേത്രം
12. ഏറ്റുമാനൂർക്ഷേത്രം
13. ചായവിളക്ക്
14. ബുദ്ധപ്രതിമ
15. ക്ഷേത്രപ്രവേശ മഹായോഗം

കേരളമഹാചരിത്രം

(രണ്ടാംഭാഗം)

ഗ്രന്ഥകർത്താ, ശ്രീ: കുറുപ്പംവീട്ടിൽ കെ. എൻ. ഗോപാലപിള്ള.

പുരാതനകേരളചരിത്രം സംബന്ധിച്ചു നാളിതുവരെ അറിയപ്പെട്ടിട്ടില്ലാത്ത പലേ നൂതനവിവരങ്ങളും ചരിത്രലക്ഷ്യങ്ങളും അമൂല്യങ്ങളായ അനവധി ചരിത്രരേഖകളും, ഗവേഷകന്മാക്കും ചരിത്ര വിദ്യാർത്ഥികൾക്കും എല്ലാ പൊതുജനവിഭാഗങ്ങൾക്കും ഉപയോഗപ്രദവും രസകരവും വിജ്ഞാനപ്രദവുമായ ഒട്ടധികം അനുബന്ധങ്ങളും, തെളിവുകളും, ചാർട്ടുകളും ഉൾക്കൊണ്ടതും ഉദ്ദേശം 500—ൽ പരം വശങ്ങളോളം വരുന്നതുമായ കേരളമഹാചരിത്രം രണ്ടാംഭാഗം ഉടനേ പ്രതീക്ഷിക്കുവിൻ.

റി. സുബ്ബയ്യാ റെഡ്യാർ,
റെഡ്യാർ പ്രസ്സ് & ബുക്കഡിപ്പോ,
തിരുവനന്തപുരം.

ആമുഖോപന്യാസം

കേരളമഹാചരിത്രത്തിന്റെ ഒരു ഭാഗമാണു് ഈ ഗ്രന്ഥം. അച്ചടിച്ചുകഴിഞ്ഞാൽ, ഉദ്ദേശം ആയിരത്തിൽപരം വശങ്ങൾ വന്നേക്കാൻ ഇടയുള്ള പ്രസ്തുത ചരിത്രത്തിന്റെ കൈയെഴുത്തു പ്രതി തയ്യാറായിട്ടുതന്നെ ഒരു പന്തീരാണ്ടിനുമേലായിട്ടുണ്ടു്. രണ്ടാംലോകമഹായുദ്ധം ആരംഭിക്കുന്നതിനു് ഏതാനുംസംവത്സരങ്ങൾക്കുമുൻപുതന്നെ ഈ ഗ്രന്ഥത്തിന്റെ ആവശ്യത്തിനായി ഏതാനും ചില ബ്ലോക്കുകൾ തയ്യാറാക്കുകയും പുസ്തകത്തിന്റെ അച്ചടി ആരംഭിക്കുകയുംചെയ്തു. അങ്ങനെ ജോലിനടന്നുകൊണ്ടിരിക്കെ, രണ്ടാംലോകമഹായുദ്ധം ആരംഭിക്കുകയും, അതിന്റെ പ്രത്യാഘാതങ്ങൾനിമിത്തം ആവശ്യമുള്ളതരം കടലാസുകൾ വീണ്ടും ലഭിക്കുവാൻ വൈഷമ്യം നേരിടുകയും, അച്ചടി തുടർന്നുകൊണ്ടുപോകാൻ തന്നിമിത്തം നിർവാഹമില്ലാതെ വരുകയുംചെയ്തു. എങ്കിലും അകാലഘട്ടത്തിനകം ഗ്രന്ഥസംബന്ധമായി കൂടുതലായ പല ഗവേഷണങ്ങളും നടത്തുവാൻ സൌകര്യപ്പെടുത്തുകതന്നെചെയ്തു. എന്നാൽ വീണ്ടും പ്രസിദ്ധീകരണയത്നങ്ങൾ ആരംഭിക്കുന്നതിനു യുദ്ധപരിതസ്ഥിതികൾ നിലയ്ക്കുവാൻവേണ്ടി ദീർഘകാലം കാത്തിരിക്കേണ്ടിവന്നതിനാൽ, ആർട്ടു്, ഗ്ലേസു് മുതലായ പലതരം കടലാസുകളിലായി അച്ചടിച്ചു കെട്ടി സൂക്ഷിച്ചുവച്ചിരുന്ന ഫാറങ്ങൾ കാലപ്പഴക്കത്താൽ നിറംപിഴച്ചും, പൂച്ചികൾകരണ്ടും നിരുപയോഗമായിത്തീർന്നു. ദീർഘകാലമായി അപ്പോഴപ്പോൾനടത്തിയിട്ടുള്ള ഗവേഷണഫലമായി കണ്ടുപിടിക്കപ്പെട്ടിരുന്ന ചരിത്രലക്ഷ്യങ്ങളുടെ ഫോട്ടോകളും നെഗററീവുകൾപോലും 1114—ൽ ഫോട്ടോഗ്രാഫർക്കു നേരിട്ട ചില വിപത്തുകൾനിമിത്തം നഷ്ടപ്പെടുകയുംചെയ്തു. പ്രസ്തുതഗ്രന്ഥരചനസംബന്ധമായി രണ്ടു വ്യാഴവട്ടത്തിൽപരമായിട്ടു ഗ്രന്ഥകാരൻ നടത്തിവന്നിട്ടുള്ള പലവിധ യത്നങ്ങൾക്കുപുറമേ, മേൽ വിവരിച്ചപ്രകാരമുള്ള പലവിധ യാതനകളും വൈതരണികളും തരണംചെയ്താണു ഈ ഒന്നാംഭാഗം പ്രസിദ്ധം ചെയ്യാൻ ഇടയായിട്ടുള്ളതു എന്നുള്ള വസ്തുത ഈ ഘട്ടത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

പ്രസ്തുത ഗ്രന്ഥസംബന്ധമായ യത്നങ്ങൾ നടത്തിക്കൊണ്ടി രിക്കുന്ന ഘട്ടത്തിൽ ഒരിക്കൽ എൻെറ ഒരു ബഹുമാന്യസുഹൃത്തും ചരിത്രപണ്ഡിതനും പേരെടുത്ത വിദ്യാഭ്യാസവിചക്ഷണനു മായ ഒരു വന്ദ്യപുരുഷൻ എന്നോട് സന്ദർഭവശാൽ പറഞ്ഞ വാക്കുകൾ ഇപ്പോഴും എൻെറ സ്മൃതിപഥത്തിൽതന്നെ സ ജീവമായി ഇരിക്കുന്നുണ്ട്. "ഈ ഗ്രന്ഥം വളരെ ഗംഭീരമായ ഒരു പ്രസ്ഥാനമാണ്. ഇതു പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്ന പക്ഷം നിങ്ങളുടെ ജീവിതദശയിൽ കൈരളിക്ക് ആർജ്ജിച്ചു കൊടുത്ത വലിയൊരു നേട്ടമായിരിക്കും. എൻെറ അറിവിൽ, മുൻപ് പലരും ദക്ഷിണേൻഡ്യയുടെയോ കേരളത്തിൻെറയോ ശരിയായ ഒരു ചരിത്രം എഴുതുവാൻ ഉദ്യമിച്ചിട്ടുള്ളതായി അ റിയാം. എന്നാൽ ആകസ്മികങ്ങളായ പ്രതിബന്ധങ്ങൾനി മിത്തം അവർക്ക് ആക്കംതന്നെ മുമ്പോട്ടുപോകാനോ, ഗ്രന്ഥം പൂർത്തിയാകുവാനോസാധിച്ചിട്ടില്ല. അതു് അവരുടെ വൈഭവക്കു റവോ ഉദാസീനതയോ നിമിത്തമല്ല. നമ്മുടെനാട്ടിൽ ഇങ്ങനെ യുള്ള വൻകിട പ്രസിദ്ധീകരണങ്ങൾക്ക് കാലം ഇനിയും പരി പക്വമായിട്ടില്ല. ഇംഗ്ലണ്ടിലേയോ അമേരിക്കയിലേയോപോ ലെ ഇത്തരം ഉപയോഗപ്രദങ്ങളായ പ്രസിദ്ധീകരണങ്ങൾക്കു പിൻതുണനൽകുവാൻ ഇവിടെ പിടിപ്പും സന്നദ്ധമനോഭാവവു മുള്ള വ്യക്തികളോ പൊതുസ്ഥാപനങ്ങളോ കുറവാണ്. നിങ്ങ ളുടെ ശ്രമം സഫലമായികാണുവാൻ ഞാൻ ആഗ്രഹിക്കുന്നു." എന്നായിരുന്നു അദ്ദേഹം എന്നോടുപറഞ്ഞതു്. ഇതു് എത്ര യും യഥാർത്ഥമെന്ന് എനിക്കു ബോദ്ധ്യമായി. പ്രസ്തുത ഗ്രന്ഥ ത്തിൻെറ പ്രസിദ്ധീകരണംസംബന്ധിച്ച സഹായങ്ങൾക്കായി ഞാൻ ഗവമ്മെണ്ടിനെയും സർവ്വകലാശാലയെയും സമീപിക്കാ തിരുന്നിട്ടില്ല. എന്നാൽ എനിക്കു് ആ സ്ഥാനങ്ങളിൽനിന്നു ലഭിച്ച മാർഗ്ഗദാനങ്ങളും നിർദ്ദേശങ്ങളും പ്രസിദ്ധീകരണത്തിനു കൂടുതൽ കാലവിളംബം വരത്തക്ക രീതിയിൽ ആയിരുന്നതേ യുള്ളൂ.

തിരുവനന്തപുരം റെഡ്യാർപ്രസ്സ് ആൻറ് ബുക്കുഡിപ്പോ യുടെ ഉടമസ്ഥനായ ശ്രീ സുബ്ബയ്യാറെഡ്യാർ അവർകൾക്കു ഉപയോഗപ്രദങ്ങളായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിലുമുള്ള പരമ്പരാ യത്തമായ വിശാലമനോഭാവത്തിൻെറ ഫലമായിട്ടാകുന്നു

പ്രസ്തുത ഗ്രന്ഥം ഇപ്പോൾ പ്രസിദ്ധീകരിക്കുവാൻ ഇടയായിട്ടുള്ളതെന്നു ഞാൻ പ്രത്യേകം പ്രസ്താവിക്കണമെന്നില്ല. പുസ്തകപ്രസിദ്ധീകരണത്തിലും അച്ചടിയിലും കേരളത്തിൽ ഗുണോന്മുഖമായ ഒരു പരിവർത്തനംതന്നെ സംജാതമാക്കിയിട്ടുള്ള കേരളീയരായ ചുരുക്കം ചില പ്രസിദ്ധീകൃത്തുകളിൽ ഒരു അത്യുന്നതസ്ഥാനം ശ്രീ സുബ്ബയ്യാറെഡ്യാർക്ക് ഉണ്ടെന്നു ഞാൻ പറയുന്നതു പക്ഷപ്രസക്തിനിമിത്തമുള്ള പ്രശംസാവചനമായിപ്പോയെന്നു വരുന്നതല്ല.

പ്രസ്തുതഗ്രന്ഥരചനായത്നം പുരസ്കരിച്ചു കഴിയുന്നിടത്തോളം ശരിയായ തെളിവുകൾ ശേഖരിക്കുന്നതിനായി ഈ ഗ്രന്ഥകാരൻ പലേഗഡുക്കളിലായി കന്യാകുമാരിമുതൽ കൗസർക്കോടുവരെയും മധുര തിരുനൽവേലി മുതലായ അയൽഡിസ്ത്രിക്റ്റുകളിലും സഞ്ചരിക്കുകയും പുരാതനചരിത്രപരമായി പ്രാധാന്യം കല്പിക്കപ്പെടാവുന്ന പലേ സ്ഥലങ്ങളും സ്ഥാപനങ്ങളും ദേവാലയങ്ങളും പ്രത്യക്ഷങ്ങളായ ചരിത്രലക്ഷ്യങ്ങളും സന്ദർശിക്കുകയും ഉപയോഗപ്രദങ്ങളായ നൂതനവസ്തുതകൾ പലതും ശേഖരിച്ചു ഗ്രന്ഥത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു. രാജ്യസേവനപരമായ ത്യാഗബുദ്ധിയോടും പലവിധ യാതനകൾ അനുഭവിക്കുവാനുള്ള സന്നദ്ധമനോഭാവത്തോടുംകൂടി ദീർഘകാലം ഗ്രന്ഥകാരൻ നടത്തിയിട്ടുള്ള തീവ്രയത്നങ്ങളുടെ ഫലം ഇങ്ങനെ ഗ്രന്ഥരൂപത്തിൽ രണ്ടു ഭാഗങ്ങളായി പ്രസിദ്ധികരിക്കുവാൻ ഇപ്പോഴെങ്കിലും ഇടയായതുതന്നെ ഗ്രന്ഥകാരൻ വലിയൊരു ചാരിതാർത്ഥ്യമായി പരിഗണിച്ചിരിക്കയാണു്. പ്രസ്തുതഗ്രന്ഥം എന്തെങ്കിലും പ്രകാരത്തിൽ കേരളീയർക്കും ചരിത്രമണ്ഡലത്തിനും ഉപയോഗപ്രദമായി ഭവിക്കുന്നുവെങ്കിൽ അതുതന്നെ ഗ്രന്ഥകാരനു് സിദ്ധിക്കാവുന്ന ഏററവും വലിയ പ്രതിഫലമായി സ്വീകരിച്ചിരിക്കുകയുമാകുന്നു. ഇതിലുപരിയായി തത്സംബന്ധമായിട്ടു് ഒന്നും പ്രസ്താവിക്കുവാനില്ല.

ശേഖരണങ്ങളുടെകൂട്ടത്തിൽ കൈവശമിരുന്ന ഏതാനും ബ്ളാക്കുകളും ഫോട്ടോകൾ ബ്ളാക്കു് ചെയ്തതുംകൂടി ഈ ഗ്രന്ഥത്തിൽ ചേർക്കുവാൻ സാധിച്ചിട്ടുണ്ടു്. ശേഷമുള്ള ബ്ളാക്കുകളും ചാർട്ടുകൾ മുതലായവയും അടുത്തുതന്നെ പ്രസിദ്ധംചെയ്യാൻ തയ്യാറാക്കിവരുന്നു. രണ്ടാംഭാഗത്തിൽ ഉൾപ്പെടുത്തിക്കൊള്ളാമെന്നു് ഉദ്ദേശിച്ചിരിക്കുകയാണു്.

ഈ ഗ്രന്ഥയത്നപൂർത്തിയെ ലക്ഷീകരിച്ചുള്ള സംരംഭങ്ങളിൽ എന്നെ ആത്മാർത്ഥമായി സഹായിച്ചിട്ടുള്ള എല്ലാ സുഹൃത്തുക്കളോടും എനിക്കു് ഉള്ള ഹൃദയംഗമമായ കൃതജ്ഞത ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥരചനയ്ക്കായി ഞാൻ ഉപയോഗിച്ചിട്ടുള്ള പല രേഖകളുടെയും തെളിവുകളുടെയും മിക്കവാറും പൂർണ്ണരൂപം രണ്ടാംഭാഗത്തോടു് ഒന്നിച്ചു് അനുബന്ധമായിച്ചേർത്തു പ്രസിദ്ധംചെയ്യുന്നതും, ആയവ കേരളചരിത്രപരങ്ങളായ ഉപരിഗവേഷണങ്ങൾക്കും ഉൽഖനന ഗവേഷണങ്ങൾക്കും ചരിത്രചിന്തകന്മാർക്കും ചരിത്രവിദ്യാർത്ഥികൾക്കും മാർഗ്ഗദർശകമായിഭവിക്കുമെന്നുള്ളതുമാകുന്നു. ഈ ഗ്രന്ഥരചനായത്നത്തിൽ ഞാൻ വായിക്കേണ്ടിവന്നിട്ടുള്ള ഗ്രന്ഥങ്ങളുടെ പട്ടിക ഈ ഗ്രന്ഥത്തോടു് ഒന്നിച്ചുതന്നെ അനുബന്ധിച്ചിട്ടുള്ളതാകുന്നു.

ഇങ്ങനെ ഈ ഗ്രന്ഥകാരന്റെ രണ്ടു വ്യാഴവട്ടത്തിൽപരമുള്ള കാലത്തെ പുരാതന ചരിത്രലക്ഷ്യപരമായും, പുരാതന രേഖാപരമായും, മനുഷ്യസമുദായശാസ്ത്രീയമായുമുള്ള വിവിധ ഗവേഷണങ്ങളുടേയും ഫലമായ നേട്ടമെന്നു സാഭിമാനം പറയപ്പെടാവുന്ന വിനീതമായ ഈ ഉപഹാരം കൈരളിയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

14—1—1124. }

കരുപ്പുംവീട്ടിൽ
കെ. എൻ. ഗോപാലപിള്ള.

66714

കേരളമഹാചരിത്രം.

൧-ാം അദ്ധ്യായം

ബി. സി. ൩൦൦-ന് മുൻപും, ബി. സി. ൪൦൦ മുതൽ
എ. ഡി. ൧-ാം ശതവർഷംവരെയും.

പുരാതനകേരളത്തിന്റെ ഭൂപ്രകൃതി.

ക്രിസ്ത്വാബ്ദത്തിന്ന മുൻപ് എത്രതാനും ശതവൎഷവും, അതിന്ന ശേഷം കുറേക്കാലവും, പശ്ചിമസമുദ്രത്തിന്റെ പൂൎവ്വസീമകൾ, മലയാളരാജ്യത്തു കുറെ ഉള്ളിലേക്കു വ്യാപിച്ചിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വേമ്പനാട്ടുകായൽ മുതലായ ജലാശയങ്ങൾ വ്യാപിച്ചുകിടക്കുന്ന പ്രദേശങ്ങൾ ആസകലം, അക്കാലത്തു കടൽ കയറിക്കിടന്നിരുന്നു. ഇന്ന് കായലുകളുടെ പൂൎവ്വതീരം തൊട്ടുകിടക്കുന്ന കരകൾവരെ, അന്ന് അറബിക്കടൽ ഉണ്ടായിരുന്നു. അറേബ്യൻ സമുദ്രത്തിന്നും മലയാളദേശത്തെ കായലുകൾക്കും ഇടയ്ക്കു കിടക്കുന്നകൊച്ചി, കരപ്പുറം, ആലപ്പുഴ, മുതലായ ദേശങ്ങളിൽ മിക്കവാറും ഭാഗങ്ങളും, കായലുകൾക്കു സമീപമുള്ള പല കുട്ടനാടൻ പ്രദേശങ്ങളും, അക്കാലത്തു നിലനിന്നിരുന്നില്ല. കുട്ടനാട്ടിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ പലതും തന്നെ, ആ ഘട്ടത്തിൽ പശ്ചിമസമുദ്രത്തിലെ തുരുത്തുകൾ മാത്രമേ ആയിരുന്നുള്ളു. അവ മിക്കവാറും വാസയോഗ്യമായിരുന്നുവെന്ന വിശ്വസിക്കുവാനും ന്യായമില്ല. * ഉദയമ്പേരൂർ, തൃപ്പൂണിത്തുറ, ചെമ്മനം, ചെമ്പ്,

---

* Ptolomy. The Tamil Eighteen Hundred Years Ago by Kanaka Sabha. R. C. Dutt's Ancient India Vol. II. Indian Antiquary; Megasthanese; Arien.

കോത്തൂർ, നിരണം, എന്നിങ്ങനെ ചില സ്ഥാനങ്ങളെ, കൊല്ലം, വക്കലെ ആദിയായ അക്കാലത്തെ സമുദ്രതീരനഗരങ്ങളുടെ പട്ടികയിൽ ചേർത്തു്, മലയാളദേശം സന്ദർശിച്ച പ്രാചീനസഞ്ചാരികൾ വിവരിച്ചിട്ടുള്ളതായി കാണുന്നതിനാൽ നമ്മുടെ അനുമാനം അടിസ്ഥാനവത്താണെന്നു വരുന്നുണ്ടു്. ചില പ്രദേശങ്ങളിൽ കടൽ ഏതാനും മൈൽദൂരം കിഴക്കോട്ടു് അതിക്രമിച്ചു കിടന്നിരുന്നതായും അനുമാനിക്കുവാൻ മാർഗ്ഗംകാണുന്നു. മുശ്രീസ്ഥാനം(മുശ്രീ) എന്ന സംജ്ഞയാൽ പ്രാചീനകാലത്തു് അറിയപ്പെട്ടിരുന്ന (മുയിരിക്കോട്ടു്) കൊടുങ്ങല്ലൂർതുറമുഖം കഴിഞ്ഞാൽ, അടുത്ത കടലോരപട്ടണം തൃപ്പൂണിത്തുറ ആയിരുന്നസ്ഥിതിക്കു്, അക്കാലത്തു കൊച്ചി എറണാകുളം മുതലായ പ്രദേശങ്ങൾ ഉണ്ടായിരുന്നില്ലെന്നുവേണം നിർണ്ണയിക്കുവാൻ. * 'വയ്പു്' എന്ന സ്ഥലം ആധുനികചരിത്രകാലത്തു(എ. ഡി. 1341-ൽ)കടലിൽ കരവച്ചു് ഉണ്ടായിട്ടുള്ളതാണെന്നുള്ള വസ്തുത ചരിത്രപ്രസിദ്ധമാണല്ലോ. വൈക്കം തെക്കും വടക്കും പകുതികളിലും നടുവിലെ പകുതിയിലും പലേ ഭാഗങ്ങളും, എ. ഡി. ആദ്യശതവർഷത്തിനുശേഷം കര വച്ചു് ഉണ്ടായിട്ടുള്ളതാണു്. വൈക്കത്തിനു കിഴക്കുഭാഗത്തുള്ള 'കടുത്തുരുത്തി' എന്ന ദേശം ഒരു കടൽത്തുരുത്തു് ആയിരുന്നു. കൊച്ചിയോടു സമീപിച്ചുകിടക്കുന്ന 'കടക്കര' 'കടക്കരപ്പള്ളി' 'എഴി (ആഴിക്കര) ആദിയായ ഗ്രാമങ്ങളുടെ പേരുകൾ തന്നെ നമ്മുടെ അനുമാനത്തിനു സഹായപ്രദങ്ങളായിരിക്കുന്നു. കോട്ടയം പട്ടണത്തിന്റെ നിമ്നങ്ങളായ പലേ ഭാഗങ്ങളും ആ ഘട്ടത്തിൽ കടലായിരുന്നു. കോടിമത എന്ന സ്ഥലം, സമുദ്രജലത്തിൽ പൊങ്ങി നിന്ന ഒരു മലങ്കോടിയായിരുന്നു. ഏററുമാനൂർ താലൂക്കിലെ നിമ്നപ്രദേശങ്ങളും മീനച്ചിൽതാലൂക്കിലെ നിമ്നസ്ഥാനങ്ങളും കടലിനടിയിൽ കിടന്നിരുന്നു. മീനച്ചലാറിന്റെ ഇപ്പോഴത്തെ സ്ഥാനത്തിനു് എതിർകരയിൽ ഉയരത്തിൽ കിടക്കുന്ന പൂവരണി പ്രദേശം വളരെ പ്രാചീനമായ കരയായിരുന്നു. അവിടത്തിനു തന്നിമിത്തം പൂവ്ധരണി എന്നപേർസിദ്ധിച്ചു. ചങ്ങനാശ്ശേരിയിലെയും തിരുവല്ലായിലെയും പല ഭാഗങ്ങളിലും കടലായിരുന്നു. തിരുവല്ലാ, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം

---

* Dr. Francis Day·Narakkal or Cochin Mud Bank. Francis Barthalameo

എന്നീ താലൂക്കുകളെ ഒന്നാകെ തൊട്ടുകിടന്ന സമുദ്രഭാഗം, അത്യഗാധമായിരുന്നു. കോട്ടയത്തിനു തെക്കുള്ള 'പള്ളം' എന്ന ദേശത്തിന്റെ പേരും ഭൂപ്രകൃതിയും കൊണ്ടുതന്നെ അവിടം കടപ്പുറമായിരുന്നുവെന്ന് നിശ്ചയിക്കാം. സമുദ്രതീരത്തോട് സമീപിച്ച മഴവെള്ളം കെട്ടി നിൽക്കുന്ന മണൽപ്രദേശത്തിനു 'പള്ളം' എന്ന സംജ്ഞയാണ് ഇക്കാലത്തും ഉപയോഗിച്ചുവരുന്നത്. തിരുവനന്തപുരം കടപ്പുറത്തു ശംഖുംമുഖത്തേക്കുള്ള റോഡിന്റെ വടക്കുവശം മദ്ധ്യവേനൽക്കാലത്തുപോലും അഞ്ചാറടി വെള്ളം കെട്ടിനിൽക്കുന്ന അനേകം ഏക്കർ സ്ഥലം ഉണ്ടായിരുന്നു. ആ ജലപ്രദേശത്തിനു 'പള്ളം' എന്നാണ് അവിടങ്ങളിൽ പേർ പറഞ്ഞുവരുന്നതെന്ന്, തെക്കൻ ദിക്കുകളിൽ പരിചയിച്ചിട്ടുള്ളവർക്ക് അറിയാവുന്നതാണ്. തിരുവല്ലായിലെ * 'കടപ്ര' എന്ന സ്ഥലം അക്കാലത്തു കടപ്പുറമായിരുന്നു. പ്രാചീനരേഖകളിൽ 'കടപ്പുറ' എന്ന് ആ സ്ഥലത്തിന് പേർ ചേർത്തിരിക്കുന്നതായി കാണുന്നു. അദ്ദേശത്തെ ഭൂപ്രകൃതിയും മണ്ണിന്റെ അവസ്ഥയും നമ്മുടെ അനുമാനത്തിന് ഉപകരിക്കുന്നുണ്ട്. മാന്നാറിനു സമീപവും, കാഞ്ഞിരപ്പള്ളിയിലും 'കൊരട്ടി' (കടലുരുട്ടി) എന്നു പേരുള്ള ഓരോ ഗ്രാമങ്ങൾ ഉണ്ട്. 'കടലുരുട്ടി' ഉയത്തിയ സ്ഥലങ്ങളാകുന്നു ഇവ. കാഞ്ഞിരപ്പള്ളി ദേശത്തിന്റെ ഉൾനാടുകൾ വരെ, അക്കാലം ഉൾക്കടലുകൾ അതിക്രമിച്ചു കിടന്നിരുന്നു.

അഷ്ടമുടിക്കായലിന്റെ സ്ഥാനത്തു ഉൾക്കടലായിരുന്നു. ചങ്ങനാശ്ശേരി, കോട്ടയം എന്നീ ആധുനികതാലൂക്കുകളുടെ മദ്ധ്യേ, പടിഞ്ഞാറൻപ്രദേശങ്ങളിലും, കിഴക്കു പുതുപ്പള്ളിക്കുന്ന്, എറികാട്ട്, പയ്യാരം, കാടമുറി, ഇരവിനല്ലൂർ, മൂലവട്ടം കരകൾവരെയും പുരാതനമായ ഒരു കാലത്തു കടൽ കയറിക്കിടന്നിരുന്നതായി അനുമാനിക്കാവുന്നതാണ്. തിരുവല്ലാദേശത്തിനും ചങ്ങനാശ്ശേരിക്കും മദ്ധ്യേ, കിഴക്കു പായിപ്പാട്ട്, മുത്തൂർ വരെയും കടലായിരുന്നു. അഴിയിടത്തുചിറ എന്നൊരുതുരുത്തും, മാങ്ങാത്തുരുത്ത് എന്ന് മറെറാരു തുരുത്തും, ഈ പ്രദേശത്ത് ആദ്യാപി നിലനിൽക്കുന്നു. ഇവയ്ക്കു ചുററും കടലിനു പകരം ഇപ്പോൾ നിമ്നമായ പുഞ്ചനിലം ആണെന്നേ ഉള്ളൂ. മേപ്രാൽ

---

* ചറമ്പു ഗ്രന്ഥവരി

(മേൽപുറം) കടപ്ര—കടപ്പുറ (കടപ്പുറം) പെരിങ്ങര (പെരുംകര) നെടുമ്പ്രം (നെടുംപുറം) ആദിയായ ദേശനാമങ്ങളും അവിടങ്ങളിലെ ഭൂപ്രകൃതിയും നമ്മുടെ അനുമാനത്തെ ബലപ്പെടുത്തുകതന്നെ ചെയ്യുന്നു.

മുട്ടം, എന്നു പേരുള്ള സ്ഥലങ്ങൾ കേരളത്തിൽ, വിശിഷ്യാ ദക്ഷിണ കേരളത്തിൽ പശ്ചിമപ്രദേശങ്ങളിൽ പലയിടങ്ങളിലും ഉണ്ടു്. ചേർത്തലയും കോട്ടയത്തും, വൈക്കത്തും, കാർത്തികപ്പള്ളിത്താലൂക്കിലും, തിരുവനന്തപുരത്തും മുട്ടം എന്ന പേരിൽ പ്രദേശങ്ങൾ അറിയപ്പെടുന്നു. 'മുട്ടം' എന്നാൽ ചെറിയ ഉപദ്വീപ് എന്നോ മുനമ്പ് എന്നോ അർത്ഥമാകുന്നു. ഓണന്തുരുത്ത് (ബോണന്തുരുത്ത്) മറവന്തുരുത്ത്, അരയന്തുരുത്ത്, മരിയാത്തുരുത്ത് മുതലായ ദേശനാമങ്ങളും പ്രസ്തുത ദേശങ്ങളിലെ ഭൂപ്രകൃതിയും, കേരളക്കരയുടെ ഉള്ളിൽ പല ഭാഗങ്ങളിലേക്കു, സമുദ്രവ്യാപ്തി ഉണ്ടായിരുന്നുവെന്നുള്ള അനുമാനത്തെ അനുകൂലിക്കുകതന്നെചെയ്യുന്നു. ഉൾനാടുകളിൽ പലപ്രദേശങ്ങളിലും ഭൂഗർഭത്തിൽനിന്നു ഉൽഖനനഫലമായി കാണപ്പെട്ടിട്ടുള്ള * കപ്പൽവടങ്ങളുടെസാന്നിദ്ധ്യം ഇതിനുള്ള മറ്റൊരുതെളിവാകുന്നു. ചേർത്തലയിലും ആലുവായ്ക്കുസമീപമുള്ള തോട്ടുമുഖം എന്ന സ്ഥലത്തും, കാണപ്പെടുന്ന അഗാധങ്ങളും വിസ്തൃതങ്ങളുമായ ചാലുകളുടെ അവശേഷങ്ങൾ മറ്റെന്തിനെയാണു സൂചിപ്പിക്കുന്നതു്! കോട്ടയം പട്ടണത്തിന്റെ ദക്ഷിണസീമയായ കോടിമതയാററിനു (കൊടൂർആറു് എന്നും പേരുണ്ടു്.) 'കപ്പൽച്ചാൽ' എന്നുള്ളപേർ അദ്യാപി നിലനിന്നുപോരുന്നു. പ്രസ്തുത നദി അത്യഗാധമാണെന്നുള്ളതിനും സന്ദേഹമില്ല. 'കപ്പൽച്ചാൽ' കപ്പൽക്കുളം എന്നീ സംജ്ഞകളുള്ള പല ജലാശയങ്ങളും കേരളത്തിലെ ഉൾനാടുകളിൽ പല ഭാഗങ്ങളിലും ഇക്കാലത്തുംഉള്ളതാകുന്നു. കോട്ടയം പട്ടണത്തിൽനിന്നു് ഏതാനുംമൈൽ പടിഞ്ഞാറുള്ള കിളിരൂർ (കുന്നു്) എന്ന ഗ്രാമം പാറക്കെട്ടുകളോടുകൂടിയ ഒരു ഉന്നത പ്രദേശമാകുന്നു. ഇവിടം, പുരാതനകാലത്തു കേരളത്തിൽ സമുദ്രം പൂർവ്വപ്രദേശങ്ങളിലേക്കു വ്യാപിച്ചുകിടന്ന കാലത്തു്, ഒരു ദ്വീപായിരുന്നുവെന്നു് അനുമാനിക്കുവാൻ മതിയായ ലക്ഷ്യങ്ങൾ ഉണ്ടു്. കിളിരൂരിനു ചുററുപാടുമുള്ള ഗ്രാമ

---

1 * Archaeological Researches (By the author) in Kerala.

ങ്ങൾ മണൽപ്പുറത്തോടുകൂടിയ നിമ്നങ്ങളായ ചതുപ്പുനിലങ്ങ
ളാകുന്നു. പിറജലാശയങ്ങൾ (Backwaters) എന്ന പേരി
നാൽ അറിയപ്പെടുന്ന വേമ്പനാട്ടുകായൽ, വട്ടക്കായൽ, കായം
കുളംകായൽ, അഷ്ടമുടിക്കായൽ, പരവൂർക്കായൽ, കോഴി
(ആഴി) ത്തോട്ടം, വേളി, കഠിനംകുളം മുതലായവ, കേരളഭൂമി
യിൽനിന്നു കടൽ പിൻവാങ്ങിയതോടുകൂടി അത്യഗാധസ്ഥ
നങ്ങളിൽ അവശേഷിച്ച ജലാശയങ്ങൾ ആകുന്നു. ഔന്ന
ത്യവും ഉറപ്പും ഉള്ള കരകളെ മട്ടങ്ങളും മുനമ്പുകളും ദ്വീപുകളു
ആയി രൂപീകരിച്ചുകൊണ്ടും, നിമ്നങ്ങളായ സമതലങ്ങളിലു
തടങ്ങളിലും വ്യാപിച്ചും, സഹ്യന്റെ സാനുക്കളായ മലനാ
കൾവരെ പശ്ചിമസമുദ്രം ചെന്നെത്തിയിരുന്ന അക്കാലത്തു
സഹ്യന്റെ മുടിപ്പുറപ്പുകൾ ഉൾപ്പെടെയുള്ള മലനാട്, ഏറി
ക്കുറം * പ്രാചീനദ്രാവിഡപരിഷ്കാരകേന്ദ്രങ്ങളായ ജനസ്ഥാ
ങ്ങളായിരുന്നു.

൩-ാം അദ്ധ്യായം

(ബി. സി. ൫൦൦ വരെ)

മലയക്കോട്ടും പുരളിനാട്ടും.

ക്രിസ്താബ്ദത്തിനു വളരെ മുൻപ് ഒരു കാലത്ത്, മലയ
ദേശത്തിന്റെ ഭൂപ്രകൃതി ഇപ്പോഴത്തെ നിലയിൽ അല്ലാ
രുന്നു. † ഹിമാലയത്തിനും വിന്ധ്യാദി ശൈലനിരകൾക്കും
യിലുള്ള സിന്ധു, ഗംഗാപ്രവാഹപ്രദേശങ്ങൾ വിസ്തൃതമായ
തകാലത്തു മഹാസമുദ്രമായിരുന്നതുപോലെ മലയാളദേശത്ത
മിക്കവാറും ഭൂഭാഗങ്ങളും, വളരെക്കാലം സമുദ്രഗർഭത്തിൽ അ
കിടക്കുകയായിരുന്നു. പൌരസ്ത്യ സമുദ്രങ്ങളിലും പ
സ്ത്യരാജ്യങ്ങളിലും സാധാരണമായി സംഭവിക്കാറുണ്ട
രുന്ന ഭൂകമ്പങ്ങൾ നിമിത്തം മലയാളഭൂമിയിൽ പലഭാ

---

* Archeological researches made by the author.

† Ancient India—R. C. Dutt.

ളിലും, കരയാണ്ടു കടലായും, കടലിൽ കരപൊങ്ങി നൂതന ഭൂപ്രദേശമായും രൂപാന്തരപ്പെടുക, സാധാരണമായിരുന്നുവെന്നുള്ളതിനു പ്രശസ്തന്മാരായ ഭൂഗർഭശാസ്ത്രജ്ഞന്മാർ സാക്ഷ്യംവഹിക്കുന്നുണ്ട്. * മലയാളത്തെ ഭൂപ്രകൃതിയുടെ അവസ്ഥാന്തരങ്ങളും, ചരിത്രാന്വേഷണപരങ്ങളായ മററുതെളിവുകളും, പ്രസ്താവ പ്രായത്തെ ബലപ്പെടുത്തുകതന്നെ ചെയ്യുന്നു.

† മലയാളദേശത്തെ കരനിരപ്പ്, ഇന്നത്തേതിൽനിന്ന് അഞ്ഞൂറടി താഴെയായിരുന്ന, ഒരു കാലംഉണ്ടായിരുന്നു. ഭൂഗർഭശാസ്ത്രജ്ഞന്മാർ അക്കാലത്തെ ശോണശിലാഘട്ടത്തിനു മുൻപുള്ള കാലമെന്നു വിവക്ഷിച്ചിരിക്കുന്നു. ഏത്രയും അതീതമായ അക്കാലത്തു സമുദ്രം പശ്ചിമപർവതനിരകളുടെ പശ്ചിമപ്രാന്തങ്ങൾവരെ മിക്കവാറും വ്യാപിച്ചുകിടന്നിരുന്നു. കേരളത്തിൽ, ഇപ്പോൾ കുന്നുകളായും മേടുകളായും, പീഠഭൂമികളായും കാണപ്പെടുന്ന പ്രദേശങ്ങൾ, ആ ദശയിൽ ദ്വീപുകളും ഉപദ്വീപുകളും ആയിരുന്നു. ആധുനികകാലത്തു തടങ്ങളും താഴ്വരകളും നിമ്നങ്ങളായ സമതലങ്ങളും, കായലുകളും നദീതടങ്ങളും ചതുപ്പുനിലങ്ങളുമായിരിക്കുന്ന കേരളദേശങ്ങളിൽ സമുദ്രം വ്യാപിച്ചു സമുദ്രമുഖങ്ങളുടെയും, ഉൾക്കടലുകളുടെയും, ചാലുകളുടെയും ഠൂപം കൈക്കൊണ്ടുകിടന്നിരുന്നു. ‡ മലയാളദേശത്തിന്റെ ർവോത്തരഭാഗങ്ങളിൽ പ്രാകൃതമായ ഒരു കോട്ടപോലെ, നേക നിരകളിലായി നിലകൊള്ളുന്ന സഹ്യപർവതങ്ങൾ ചരിത്രാതീതമായ അക്കാലത്ത് ഒട്ടധികം ജനസ്ഥാനങ്ങളോടു ടിയ ഒരു നാടായിരുന്നു. സംസ്കാരം സിദ്ധിച്ച മനുഷ്യവർഗ്ഗ ർ അവിടെ അധിവസിച്ചിരുന്നതിന്റെ ലക്ഷ്യങ്ങൾ ലത്തും, അദ്യാപി, അപ്രദേശങ്ങളിൽ കാണപ്പെടുന്നുണ്ട്. ന്നാൽ ഇപ്പോൾ ആ സ്ഥലങ്ങൾ ദുർഗ്ഗമങ്ങളും, അതിഗഹനങ്ങളും ദുഷ്ടമൃഗനിഷേവിതങ്ങളുമായ ഘോരാരണ്യങ്ങളായി രിണമിച്ചിരിക്കയാണ്. § കാലാന്തരത്തിൽ സഹ്യന്റെ ശ്ചിമഭാഗങ്ങളിൽ കര ഉയരുകയും, കടൽ പിൻവാങ്ങുകയും

---

* Memoirs of the Geological Survey of India Vol XXIV

† Kanaka Sabha. The Tamil Eighteen Hundred Years Ago.

‡ Archaeological researches made by the author.

§ Memoirs of the Geological Survey of India.

ചെയ്യുതോടുകൂടി ആ നൂതനഭൂഭാഗങ്ങളിൽ ഉപവേശം ചെയ്യാനുള്ള ആകാംക്ഷയോടെ ജനങ്ങൾ ക്രമേണ പടിഞ്ഞാറോട്ടു നീങ്ങിത്തുടങ്ങുക നിമിത്തവും രാഷ്ട്രീയമായി സംഭവിച്ച ചില ഹേതുക്കളാലും ആദിമജനസ്ഥാനങ്ങളായ ആ പൂർവ്വദേശങ്ങൾ ഇപ്പോൾ കാണപ്പെടുന്ന രീതിയിൽ വിജനകാന്താരങ്ങളായി തീർന്നിട്ടുള്ളതാകുന്നു.

* കേരളത്തിലെ ആദിമജനസങ്കേതമായിരുന്നമലനാട്ടും, ഉത്തരഭാരതത്തിലെ പ്രാചീനപരിഷ്ക്കാരകേന്ദ്രങ്ങളായ നേപാളം, കാശ്മീരം, വംഗദേശം (ബങ്കാൾ) ആദിയായ പ്രസിദ്ധരാജ്യങ്ങളുമായി സ്ഥായിയായ ഗതാഗതമാർഗ്ഗങ്ങൾ നടപ്പായിരുന്നുവെന്നും, ആ പ്രാചീനപഥങ്ങളിൽക്കൂടി ഉത്തരഭാരതീയർ ജംബൂകം (ദക്ഷിണഭാരതം) കേരളം, † നുമ്പാപണി ‡ താമ്രവർണ്ണി സിംഹളം (സിലോൺ) മുതലായ ദക്ഷിണദേശങ്ങൾ സന്ദർശിച്ചുപോന്നുവെന്നും, പുരാതനകേരളീയപ്രമുഖരായദക്ഷിണദേശിയർ, ഉത്തരഭാരതദേശങ്ങളിലേക്ക സഞ്ചാരം നടത്താറുണ്ടായിരുന്നുവെന്നും, അനുമാനംചെയ്യാൻ, രാമായണം തുടങ്ങിയുള്ള പ്രാചീനഗ്രന്ഥങ്ങളിലെ ആഭ്യന്തര തെളിവുകൾ സഹായപ്രദമായിരിക്കുന്നു.§

അകിൽ, ചന്ദനം, തേക്ക മുതലായ സുഗന്ധികളായ വൃക്ഷങ്ങളും, രാമച്ചം, നറുനീണ്ടി ആദിയായുള്ള സൌരഭ്യവാഹികളായ മൂലികകളും നിറഞ്ഞ കേരളപ്രദേശങ്ങൾ, സർപ്പങ്ങളുടേയും അധിവാസഭൂമിയായിരുന്നു. ഇക്കാരണവശാൽ തന്നെയാണ്, വിജ്ഞന്മാരായ ആദ്യോപവേശകന്മാർ ഇദ്ദേശത്തിന് "അഹിഭൂമി"യെന്നും, കേരളപർവ്വതനിരകൾക്ക "സഹ്യാദ്രി" എന്നും, സംജ്ഞ നൽകിയതെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. സഹ്യാദ്രി എന്നാൽ, അഹികളോടുകൂടിയ (സ+അഹി+അദ്രി) പർവ്വതം എന്ന് അർത്ഥമാണല്ലോ. കേരള വനങ്ങളിൽ കൊടിമുളക, കൃഷിചെയ്യാതെ തന്നെ സ്വയം വളർന്നുവന്നു. മലയാളത്തിലെ എത്രയും പ്രധാനപ്പെട്ട ഒരു ധന

---

* Malabar Vol 1

† According to Asoka's Edicts.

‡ According to Bhandarkar.

§ കാത്യായനൻ, പതഞ്ജലി, മഹാഭാരതം, രാമായണം, വായുപുരാണം, മത്സ്യപുരാണം, മാർക്കണ്ഡേയപുരാണം, ഭാഗവതം, & C.

മായിരുന്ന ഇതു്. ഈ മുളകിനും ഇതു വളരുന്ന ലതയ്ക്കും ഏതദ്ദേശഭാഷയിൽ "കോലം" എന്നായിരുന്നു സംജ്ഞ. കേരളത്തിൽ ആദ്യമായി ഉപപ്രവേശംചെയ്ത ആര്യവർഗ്ഗക്കാർക്കു്, കൊടിമുളകു പരിചിതമായിരുന്നില്ല. അഹിഭൂമിയിലെ മുളകുകൃഷിയുടെ സമൃദ്ധിയും ബഹുലമായ വ്യാപ്തിയും കണ്ടു്, അവർ വിസ്മയഭരിതരായി തീർന്നിരിക്കണം. ക്രമേണ, 'കോലം' നിസ്തുലഗുണങ്ങളോടുകൂടിയ ഒരു സാധനമാണെന്നു് അവർക്കു ബോധ്യം വന്നിരിക്കണമല്ലോ. തന്നിമിത്തം 'കോലം' വിളയുന്ന പ്രസ്തുത ദേശത്തിനു "കോലദേശം" എന്നും, പരിഷ്കാരത്തിലും, സംസ്കാരത്തിലും ആര്യന്മാരോടു തുല്യന്മാരായ ഏതദ്ദേശീയരെ "കോലാര്യന്മാർ" എന്നും ആര്യോപപ്രവേശകന്മാർ സംജ്ഞചെയ്തിരിക്കണമെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. മുളകുകാടു് എന്നു പേരുള്ള പ്രദേശങ്ങൾ കേരളത്തിൽ പല ഭാഗങ്ങളിലും ഉണ്ടു്; കോലം, കൊല്ലം എന്നിങ്ങനെ നാമമുള്ള സ്ഥലങ്ങളും കേരളത്തിൽ ഉള്ള വസ്തുത പ്രസിദ്ധമാണു്. 'കോലം'ശബ്ദം ലോപിച്ചു 'കൊല്ലം' ആയിത്തീർന്നിരിക്കണമെന്നുള്ള അനുമാനം യുക്തിയുക്തമായിരിക്കുന്നു. തെക്കു മാത്രമല്ലാ വടക്കും ഒരു 'കൊല്ലം' ഉണ്ടായിരുന്നു.*

‡ 'അതിയരായ വടകൊല്ലത്തുന്നു മാപ്പിളക്കെട്ടും മണവാളരും
മാലയിട്ടൊരുങ്ങി തെക്കുമൊരാരിയക്കൊല്ലത്തായെ പോവുന്നു.'

എന്നിങ്ങനെ ഒരു പഴയ പാട്ടിൽ തെൻകൊല്ലത്തെയും വടകൊല്ലത്തെയും കുറിച്ചു് സൂചനകൾ ചെയ്തിരിക്കുന്നതായി കാണുന്നു. ദ്രാവിഡഭാഷാവർഗ്ഗത്തിൽപെട്ട 'കോല' ശബ്ദം, ആര്യഭാഷയായ സംസ്കൃതത്തിലേക്കു കാലക്രമത്താൽ സംക്രമിച്ചതായിരിക്കണം. സംസ്കൃതത്തിൽ 'കോല' ശബ്ദത്തിനു കുരുമുളകു് എന്നു അർത്ഥമാണു്. തമിഴിലും മലയാളത്തിലും കോലത്തിനു രൂപമെന്നും, സൌന്ദര്യം, മനോഹാര്യം, എന്നുംകൂടി അർത്ഥമുണ്ടു്. കൊല്ലവർഷത്തിനു സംസ്കൃതത്തിൽ 'കോലംബം' എന്നാണു പദപ്രയോഗം ചെയ്തുകാണുന്നതു്. ഈ സ്ഥിതിക്കു കോലം എന്നായിരുന്നു, ആദിമദേശസംജ്ഞ എന്നു വ്യക്തമാകുന്നു: ആര്യപ്രവേശത്തിനു വളരെക്കാലം മുമ്പുതന്നെ പരിഷ്കൃതന്മാരായ ദ്രാവിഡവർഗ്ഗക്കാർ ഭാരതഖണ്ഡത്തിൽ ആകെ

* അതാണു് ഉത്തരകേരളത്തിലെ ആധുനിക കൊല്ലങ്കോടു്
(ഗ്രന്ഥകർത്താവു്.)

‡ പ്രാചീനമായ ഒരു ദ്രാവിഡഗീതത്തിൽനിന്നും സ്വ. ശേ.

മാനം അധിവാസംചെയ്തിരുന്നു. ആ ഘട്ടത്തിൽ ആധുനിക സിന്ധുഗംഗാതടങ്ങളിൽ സമുദ്രംവ്യാപിച്ചു്, അലയടിച്ചുകൊണ്ടിരുന്നു. ദക്ഷിണേൻഡ്യ മിക്കവാറും ഒരു ദ്വീപിന്റെ നിലയിലായിരുന്നു. ജംബുകം എന്നായിരുന്നു അദ്ദേശത്തിന്റെ പ്രാചീന നാമം. ജംബുകദ്വീപിൽ അക്കാലത്തു പ്രാചീന ദ്രാവിഡപരിഷ്കാരം, അത്യൽകൃഷ്ടാവസ്ഥയെ പ്രാപിച്ചിരുന്നു. ജംബുകദ്വീപിൽനിന്നു സിംഹള (സിലോൺ) ദ്വീപിലേക്കും, പൌരസ്ത്യദ്വീപസമൂഹങ്ങളിലേക്കും, ഇപ്പോഴത്തെ ആസ്ത്രേലിയ, ആഫ്രിക്ക എന്നീഭൂഖണ്ഡങ്ങളിലേക്കും കരമാൎഗ്ഗസഞ്ചാരം നടത്തത്തക്ക നിലയിലായിരുന്നു, ആ ദശയിൽ ഭൂഖണ്ഡങ്ങളുടേയും മഹാസമുദ്രങ്ങളുടേയും കിടപ്പു്. ജംബുകദ്വീപിന്റെ ദക്ഷിണാഗ്രത്തെ തുടൎന്നു, തെക്കോട്ടു വ്യാപിച്ചു്, ആഫ്രിക്കയേയും ആസ്ത്രേലിയയേയും യോജിപ്പിച്ചുകിടന്നിരുന്ന ദക്ഷിണ ഭൂഖണ്ഡം ഭൂകമ്പത്താൽ മഗ്നമായിപ്പോയതോടുകൂടി ഉണ്ടായിട്ടുള്ള നൂതന ജലവിഭാഗങ്ങളാകുന്നു, ഇൻഡ്യാമഹാസമുദ്രത്തിന്റെ മിക്കവാറും ഭാഗങ്ങൾ*

പ്രാചീനകേരളത്തിൽ നിവസിച്ചിരുന്ന ദ്രാവിഡവൎഗ്ഗക്കാർ ആകുന്നു, കോലാൎയ്യന്മാർ. ഇവർ അഹിഭൂമിയെ മലൈക്കോടു്" എന്നു വിളിച്ചുവന്നു. മലൈക്കോടിൽ സൎപ്പഭീതി സാധാരണമായിരുന്നതിനാൽ, സൎപ്പങ്ങളുടെ വാസത്തിനും സൈ്വരവിഹാരത്തിനുംവേണ്ടി,ജനസ്ഥാനങ്ങൾതോറും, ഏതദ്ദേശിയർ സൎപ്പക്കാവുകൾ ഉണ്ടാക്കി, നാഗങ്ങൾക്കു ഹിതകരങ്ങളായ ഭോജ്യസാധനങ്ങൾ ആ കാവുകളിൽ നിത്യവും നിക്ഷേപിച്ചുപോന്നു. കാലക്രമേണ അഹിദേശിയർ സൎപ്പാരാധകന്മാരായിത്തീരുവാനുണ്ടായ അടിസ്ഥാനം ഇതാണു്. ഭവനപ്രാന്തങ്ങളിൽനിന്നു പാമ്പുകളെ അകററിനിറുത്തുവാനും, സൎപ്പദംശത്തിൽനിന്നു ഒഴിയുവാനും, അവർ ഈ പദ്ധതിസ്വീകരിച്ചതോടുകൂടി, വിഷം ഏററാൽ പ്രാണാപായം വരാതെ രക്ഷപെടാനുള്ള മാൎഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടിരുന്നു. കേരളത്തിലെ അരണ്യങ്ങളിൽ സുലഭങ്ങളായ ദിവ്യമൂലികകൾ, ഓരോന്നായ

---

*Ancient Geography of India Vol. 1.
(General Cunningham) Malabhar Vol. 1
Indian Antiquarry, Stories of Colonisation and Discove
A. B. Archer. Ptolomy.

അവർ ഗുണപരീക്ഷനടത്തി: ഇങ്ങനെ ക്രമേണ മലൈക്കോട്ട നിവാസികളായ ദ്രാവിഡർ വിദഗ്ദ്ധന്മാരായ വിഷചികിത്സകന്മാരും, സസ്യശാസ്ത്രവിജ്ഞന്മാരും, വൈദ്യവിദ്യാനിപുണന്മാരും ആയിത്തീൎന്നു. ഇപ്രകാരം പാരമ്പര്യമായി നടത്തിവന്ന നിരീക്ഷണഗവേഷണങ്ങളുടെ ഫലമായി, വിശ്രുതമായ കേരളവൈദ്യപദ്ധതി എന്ന പുരാതന ചികിത്സാസമ്പ്രദായം നടപ്പിൽവന്നു. ഉത്തരഭാരതീയരും കേരളീയരും തമ്മിൽ പുരാതന കാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന സമ്പർക്കം നിമിത്തം, രോഗചികിത്സ സംബന്ധിച്ച പലേ വിഷയങ്ങളും പരസ്പരം ഗ്രഹിക്കുവാനും കൈമാറുവാനും ഇടവന്നു. എങ്കിലും കാലക്രമത്തിൽ കേരളവൈദ്യത്തിന്റെ സ്വതന്ത്രനില ലുപ്തപ്രായമായിത്തീരുകയും, ആ പദ്ധതി ആര്യന്മാരുടെ ആയുർവ്വേദത്തിൽ കലൎന്നു ലയിക്കുകയുംചെയ്തു. പുരാതനകേരളവൈദ്യപദ്ധതിയിൽ പ്രാവിണ്യമുള്ള ചുരുക്കം ചില വ്യക്തികൾ ഇക്കാലത്തും കേരളത്തിൽ ഉണ്ട്. ഇപ്പോഴും കേരളവനാന്തരങ്ങളിൽ ജീവിച്ചുപോരുന്ന ആദിമദ്രാവിഡവൎഗ്ഗക്കാരിൽ ചിലർ ഫലപ്രദമായ കേരളവൈദ്യത്തിൽ പാണ്ഡിത്യവും പ്രയോഗപരിജ്ഞാനവും ഉള്ളവരായി കാണപ്പെടുന്നുണ്ട്.

പ്രാചീന മലയക്കോട്ട നിവാസികൾ ജനസ്ഥാനങ്ങളിൽ ചെറുഭവനങ്ങൾ നിൎമ്മിച്ചു, അവയെ പുല്ലുകൊണ്ടു മേഞ്ഞു താമസിച്ചുവന്നു. വേട്ടയിൽ നിന്നു ലഭിച്ച മാംസവും, കൈവൎത്തകവൃത്തിയാൽ കിട്ടിവന്ന മത്സ്യവും, കായ്കനികളും തേനും അവരുടെ പ്രധാനപ്പെട്ട ആഹാരസാധനങ്ങളായിരുന്നു. കന്നുകാലികളേയും അവർ വളൎത്തിവന്നു. നെല്ല്, ചാമ, തിന, മുതലായ ധാന്യങ്ങളും, പയറുവൎഗ്ഗങ്ങളും, അവർ ചുരുങ്ങിയതോതിൽ കൃഷി ചെയ്തു. കരിമ്പും വാഴയും അവരുടെ വളപ്പിനേളളിൽ നട്ടുവളൎത്തിപ്പോന്നു. പശുവിൻ പാലിൽ കദളിവാഴപ്പഴം ചെവടിക്കലക്കി, വിശിഷ്ടമായ ഒരു പാനീയം * അവർ ഉണ്ടാക്കി ഉപയോഗിക്കുക സാധാരണമായിരുന്നു. ആൎയ്യന്മാർ

* "നെങ്കള്ള്" എന്നാണ് ഈ മദ്യത്തിന്റെ പ്രാചീനനാമം. കേരളത്തിലെ മലനിവാസികളായ വനചരവൎഗ്ഗക്കാർ അദ്യാപി ഈ മദ്യം ഉണ്ടാക്കി ഉപയോഗിച്ചുവരുന്നുണ്ട്.

(Kerala Historical Essays—By the author.)

'മധുപക്കം' എന്നു സംജ്ഞ നൽകിയിരിക്കുന്നതു പ്രസ്തുത പാനീയത്തിനാണ്. മൂക്കാത്ത വരി, ചാമ, യവം, നെല്ലു മുതലായ അരിവർഗ്ഗങ്ങൾ ചതച്ചു ശുദ്ധജലത്തിൽ ഇട്ടു്, തേനും പഴവും ചേർത്തു പുളിപ്പിച്ചു ലഹരിയുള്ള മദ്യങ്ങൾ അവർ ഉണ്ടാക്കി സേവിക്കുക പതിവായിരുന്നു.

ഈ പ്രാചീനജനസ്ഥാനങ്ങൾതോറും ഒട്ടധികം കുടുംബങ്ങൾ (തറകൾ) ഉണ്ടായിരുന്നു, കുടുംബങ്ങളിലെ തലവൻ (തറവാടിപ്രമാണി) ഏററവും പ്രായംകൂടിയ ആളും, ജനസ്ഥാനത്തിലെ നായകൻ, കുടുംബനാഥന്മാരിൽവച്ചു കൂടുതൽ കായബലവും വൈഭവവും ഉള്ള ആളും ആയിരുന്നു. അനേകം ജനസ്ഥാനങ്ങളോട്ടുകൂടിയ ഒരു സങ്കേതത്തിനു 'നാടു' എന്നായിരുന്നു പേർ. നാട്ടിന്റെ നായകനു് അരശനെന്നായിരുന്നു സ്ഥാനനാമം. ശത്രുക്കൾ 'നാടിനെ' ആക്രമിക്കുവാൻ വരുമ്പോൾ ഗ്രാമത്തലവന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ കൂട്ടിയിട്ടുള്ള പടയോടുകൂടി മുൻപിൽ പുറപ്പെടുവാൻ അരശൻ ബാദ്ധ്യസ്ഥനാണ്. പടയുള്ളകാലം പടക്കളത്തിലും, സമാധാനഘട്ടത്തിൽ കോയിക്കലുംവച്ചു, രാജനീതികൾ നടത്തുകയാകുന്നു അരചന്റെ പ്രധാനകൃത്യം. പ്രാചീനകേരളത്തിൽ അരചത്വം, വംശപാരമ്പര്യമനുസരിച്ചു്, ചില പ്രത്യേക തറവാട്ടുകാൎക്കുള്ള അധികാരമായിത്തീൎന്നു. ഇതരരാജ്യങ്ങളിലെപ്പോലെ ഇങ്ങനെയുള്ള ഏതാനും നാഴുവാഴികളും രാജകുടുംബങ്ങളും പ്രാചീനകേരളത്തിൽ ഉണ്ടായിരുന്നു.

൪-ാം അദ്ധ്യായം

നാലു പ്രാചീനരാജ്യങ്ങൾ.

പാണ്ഡ്യരാജ്യം, ചോളരാജ്യം, ചേരരാജ്യം എന്നിങ്ങനെ മൂന്നു പ്രസിദ്ധരാജ്യങ്ങൾ ബി. സി. നാലാംശതവൎഷത്തിലും, അക്കാലത്തിനു മുൻപു തന്നെയും, ദക്ഷിണേൻഡ്യയിൽ നിലനിന്നുപോന്നതായി ചരിത്രകാരന്മാർ സമ്മതിക്കുന്നു. 'ചേരം' കേരളത്തിന്റെ ഒരു പ്രാചീന നാമമാണെന്നാകുന്നു, അവരിൽ പലരുടെയും അഭിപ്രായം. എന്നാൽ ബി. സി. നാലാംശത

വർഷത്തിനു മുൻപു രചിക്കപ്പെട്ടിട്ടുള്ളവയായ സംസ്കൃതഗ്രന്ഥങ്ങളിൽ കേരളരാജ്യത്തെക്കുറിച്ചു പ്രസ്താവനകൾ ചെയ്തുകാണുന്നതിനാൽ, "കേരളം" എന്ന നാമത്തിൽതന്നെ, അക്കാലങ്ങളിൽ, വളരെ പ്രാബല്യത്തിൽ നിലനിന്നു വന്ന ഒരു രാജ്യം ഉണ്ടായിരുന്നുവെന്നു, നിർണ്ണയിക്കുവാൻ സാധിക്കുന്നുണ്ടു്. അതിനാൽ "ചേരവും" "കേരളവും" രണ്ടു പ്രത്യേക രാജ്യങ്ങൾ ആയിരുന്നുവെന്നു തീരുമാനിക്കാം. ഇതിനു ചുവടെ ഉദ്ധരിച്ചിരിക്കുന്ന ഒരു പഴയ പാട്ടിൽനിന്നു 'ചേരം' പ്രത്യേകരാജ്യമായിരുന്നുവെന്നുള്ള അഭിപ്രായം ബലപ്പെടുത്തുവാനുള്ള ലക്ഷ്യങ്ങൾ നമുക്കു ലഭിക്കുന്നുണ്ടു്. ഈ ഗീതി പാണ്ഡ്യചോളാദി പ്രാചീനരാജ്യങ്ങൾ നിലനിന്നിരുന്ന ഒരു കാലം മുതൽ പാരമ്പര്യമായി പാടിവന്നിട്ടുള്ളതാണെന്നു്, അഭ്യന്തരതെളിവുകളാൽ തീർച്ചയാക്കാവുന്നതാണു്. കാലാന്തരത്താൽ ഭാഷയ്ക്കു രൂപവ്യത്യാസം സംഭവിച്ചിട്ടുണ്ടെന്നേ ഉള്ളൂ.

അവ്വചനംമൊഴികേട്ടുകൊണ്ടമ്മ;
കപ്പലിൻമുൻകെട്ടിലിലു,
വില്പടിമുകളിൽവന്നു നിന്നുകൊണ്ടു;
നേർവടക്കേട്ടത്താ നോക്കുന്നു;
അപ്പോളാകിളിമകൾ ചൊല്ലിയ കാരിയവു-
മിന്നു പട്ടാങ്ങതന്നെയല്ലോ;
അക്കണ്ടുള്ളതൊരു മൺപാറതല്ലല്ലീ;
ഒരുത്തനല്ലല്ലീയുരുപത്തനാം;
കപ്പലിന്റെ വലപാകത്തൂടേവന്നൊഴിയുന്നിതാ;
അപ്പൊഴൊണ്ണല്ലമ്മചോതിക്കുന്നു;
തെക്കുംകൊല്ലുക്കന്നിയാവു്
ആരുതന്നെക്കൂടെയാകുന്നു,
ഈമൺപാറതിൾക്കൂടെപ്പോകുന്നു?
അവ്വചനംമൊഴി-കേൾക്കുന്നൊണ്ടേ
അന്നു ചേരവൻപാണ്ടിലേ തട്ടാരാം
എന്നാലോ എന്റെ കന്നിയാവേ ഞാൻ
ചേരവൻനാട്ടിലെത്തട്ടാരാം
എന്നാലോ എന്റെ തട്ടാരേ! നീ
എവിടേക്കുവേണ്ടി നീ പോകുന്നു?
"അപ്പോളൊരുവാക്കുമൊഴിപറഞ്ഞു

അവനാദ ചേരവൻപാണ്ടിലേ തട്ടാരും"
"നമ്മടെമണിക്കപ്പലിന്-ഒരുനേർ
ചവനംവരവുണ്ടല്ലൊ
ആരിയനോന്നും, ചോളികനോന്നും
പാണ്ടികനോന്നും,ചേരവനോന്നും
കേരളനോന്നും,കള്ളരതോന്നും
പട്ടരതോന്നുംപരദേശിയതോന്നും
എനിക്കറിവാൻവശമില്ലൊന്നും
നമ്മടെയീമണികപ്പലിന്
ഇന്നതൊല്ലംവന്നടുത്തിതല്ലൊ
എന്നാലോ എന്റെകിളിമക്കളേ
* നീഇരുന്നപോലെചെന്നിരുന്നുകൊള്ളു"

ചേരരാജ്യം സഹ്യാദ്രിക്കു പടിഞ്ഞാറുവശം തന്നെയായിരുന്നു. മലവാരം സംബന്ധിച്ച പ്രദേശങ്ങളിൽ ചേരവും കടലോരം സംബന്ധിച്ച ഭാഗങ്ങളിൽ കേരളവും വ്യാപിച്ചുകിടന്നിരുന്നു. ഇപ്പോഴത്തെ മധുര തിരുനൽവേലി ഡിസ്ട്രിക്ടുകളുടെ സ്ഥാനത്തു പാണ്ഡ്യരാജ്യവും നെല്ലൂർ ഡിസ്ട്രിക്കിന്റെ സ്ഥാനത്തു ചോളദേശവും നിലനിന്നിരുന്നതായി അനുമാനിക്കപ്പെട്ടിരിക്കുന്നു. ചേരകേരളരാജ്യങ്ങൾക്കു പൊതുവിൽ തമിഴകം എന്നും പേരുണ്ടായിരുന്നു.

ചോളം, പാണ്ഡ്യം, ചേരം, കേരളം എന്നീ നാലുപ്രധാന രാജ്യങ്ങൾക്കു സ്വതന്ത്രമായ നിലയായിരുന്നു. ഇവയുടെ സീമകൾ നിർണ്ണയിക്കുവാൻ സഹായപ്രദങ്ങളായ തെളിവുകൾ സുലഭമല്ല. ചേരരാജ്യത്തിനു പെരിയാർതീരത്തു തലസ്ഥാന നഗരി ഉണ്ടായിരുന്നതായി കാണുന്നു.

ചേരാജ്യത്തിന്റെ സ്ഥാനം സഹ്യന്റെ പശ്ചിമഭാഗത്തുള്ള മലനാട്ടിലായിരുന്നു, എന്നു മുൻപ്രസ്താവിച്ചിട്ടുണ്ടല്ലൊ. "ചേര"ശബ്ദം കൂട്ടിച്ചേർത്തുള്ള പേരുകളോടുകൂടിയ പുരയിടങ്ങളും ദേശങ്ങളും പലതും, ഇക്കാലത്തും മലനാട്ടിൽ ഉള്ളതാണ്, നെയിത്തും വാണിജ്യവും നിമിത്തം സമ്പത്സമൃദ്ധങ്ങളായ നഗരങ്ങൾ ചേരരാജ്യത്തിൽ നിലനിന്നുപോന്നു. വാണിജ്യവ്യവസായങ്ങൾ ചെട്ടികളുടെ അധീനത്തിലായിരുന്നു. ഇപ്ര

---

* സ്വന്തം ശേഖരണം. ഗ്രന്ഥകാരൻ

കാരമുള്ള നഗരങ്ങളുടെ സ്ഥാനങ്ങൾ നിർണ്ണയിക്കപ്പെടത്തക്ക വിധമുള്ള ലക്ഷ്യങ്ങൾ അദ്യാപി മലവാരങ്ങളിൽ കാണപ്പെടുന്നുണ്ടു്.

ചേരചോളപാണ്ഡ്യകേരളരാജാക്കന്മാർ, സാധാരണമായി പരസ്പരം യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നുവെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. യുദ്ധങ്ങൾ നിമിത്തം ഈ രാജ്യങ്ങളുടെ അതിരുകൾ കൂടെക്കൂടെ ഭേദപ്പെട്ടുകൊണ്ടിരുന്നു. ഈ പ്രാചീനരാഷ്ട്രങ്ങളുടെ അനൈക്യംമൂലം ഇവ, അനാദികാലം മുതൽ ദിഗ്‌ജയകാംക്ഷികളായ വിദേശശക്തികളുടെ ആക്രമണങ്ങൾക്കു വിധേയങ്ങളായി ഭവിച്ചിരുന്നുവെന്നുള്ള വസ്തുത സർവ്വസമ്മതമാകുന്നു. എന്നുമാത്രമല്ല, ഈ രാജ്യങ്ങളിലെ കേന്ദ്രഭരണകൂടത്തിന്റെ ദൌർബല്യംനിമിത്തം അതതു രാജ്യസീമകൾക്കുള്ളിൽതന്നെയും എല്ലാ പ്രദേശങ്ങളിലും ആധിപത്യം നടത്തുവാൻ അതതു കോയ്മകൾക്കു സാധ്യമല്ലാതെ വന്നിരുന്നു. തന്മൂലം സ്വതന്ത്രരായ സാമന്തനാടുവാഴികൾ അവരവരുടെ ദേശങ്ങളിൽ യഥാപൂർവ്വം സ്വേച്ഛാധികാരം നടത്തിപ്പോന്നു. കാലക്രമത്താൽ, ഇതരകോയ്മകളിൽനിന്നു് ഉണ്ടായിക്കൊണ്ടിരുന്ന ആക്രമണങ്ങളാലും സാമന്തരാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ശക്തിവർദ്ധനയാലും ചേരരാജ്യത്തിന്റെ വിസ്തീർണ്ണം തീരെ ലുപ്തപ്രായമായി. കാലാന്തരത്തിൽ ആ രാജ്യം അയൽരാജ്യങ്ങളിൽ ലയിച്ചു. എ. ഡി. രണ്ടാംശതകത്തിൽ വടക്കൻപറവൂർ ആററിന്റെ തീരത്തുള്ള * കൊടുവക്കോടു്, ചെങ്കൊടുവൻ എന്ന ചേരരാജാവിന്റെ ഒരു തലസ്ഥാനമായിരുന്നു.

† പുരളിനാടു്. "പുരളി" എന്നും "പുരളിയ" എന്നും പ്രാചീന നാവികന്മാരായ ഫിനീഷ്യന്മാരാലും ഗ്രീക്കുകാരാലും സംജ്ഞ ചെയ്യപ്പെട്ടുകാണുന്നതു പുരളിനാടിനെ ഉദ്ദേശിച്ചാണു് മലൈക്കോടിലെ ഏററവും പുരാതനമായ ഒരു രാജ്യമായിരുന്നു "പുരളി". വടക്കു വക്കല (ബലിക്കര)ക്കുന്നു മുതൽ തെക്കു കുമാര്യാഗ്രം (പ്രാചീനകന്യാകുമാരി) വരെയുള്ള പ്രദേശം പുരളി

---

* Archaeological Researches in Kerla (by the author.)

† Mac. Crindle—The Periplus Gild Master
Marcopolo Vol. IV
The Portugeese Asia Vol. II
Ibid

നാടിന്റെ അതിർത്തികളിൽ ആയിരുന്നു. പ്രാചീനകന്യാകുമാരിയുടെ സ്ഥാനം ആധുനികകന്യാകുമാരിയിൽനിന്നും കുറെ ദൂരം തെക്കുമാറിയായിരുന്നുവെന്ന് ഊഹിക്കപ്പെട്ടിരിക്കുന്നു. പുരളിരാജ്യം സഹ്യന്റെ പൂർവഭാഗത്തും വ്യാപിച്ചിരുന്നുവെന്നു അനുമാനിക്കാവുന്നതാണ്. പുരളിയുടെ തലസ്ഥാനം "കുമാരി" നഗരം ആയിരുന്നു. ഫിനീഷ്യന്മാർക്കും ഗ്രീക്കുകാർക്കും സുപരിചിതമായ ഒരു നഗരമായിരുന്നു "കുമാരി". പാരമ്പര്യമായി സിദ്ധിച്ചിട്ടുള്ള അറിവുകളെ ആസ്പദമാക്കി "കുമാര്യാഗ്രം" എന്നു ടോളമിയും "കുമാര്യാ" എന്നു പെരിപ്ലസ് ഗ്രന്ഥകാരനും ഈ നഗരത്തിനു സംജ്ഞ നൽകിയിട്ടുള്ളതായി കാണുന്നു. കുമാരിയിൽ ഒരു നൌകാശയം ഉണ്ടായിരുന്നതായും പ്രാചീന നാവികന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. കുമാരിനഗരം തൊട്ട്, ആധുനികകന്യാകുമാരിവരെ ഉദ്ദേശം നാല്പതിനുപരം മൈൽ നീളത്തിൽ വ്യാപിച്ചുകിടന്നിരുന്ന ദേശത്തിനു "കുമാരികോട്" എന്നായിരുന്നു പേർ. കുമാരികോടിന്റെ പരമമായ ദക്ഷിണാഗ്രമായിരുന്നു 'കുമാര്യാഗ്രാ' എന്ന കോടി. കുമാരികോടി അത്യുന്നതമായ ഒരു പാറക്കെട്ടാണെന്നും മററും ഡയനീഷ്യസ്സിന്റെ ഭൂമിശാസ്ത്രീയ കാവ്യത്തിൽ വർണ്ണിച്ചിട്ടുള്ളതായിക്കാണാം.

ആധുനിക കന്യാകുമാരിയിൽനിന്നു വളരെ ദൂരത്തിൽ തെക്കോട്ടു കര വ്യാപിച്ചിരുന്നതായും, പുരളിനദി പ്രസ്തുത മലനാടിന്റെ സാനുപ്രദേശങ്ങളിൽക്കൂടി പ്രവഹിച്ചു സമുദ്രത്തിൽ പതിച്ചിരുന്നതായും, പുരളിയാററിൽ ധാരാളം മുത്തു വിളഞ്ഞിരുന്നതായും മററും തമിഴ്നാട്ടിലെ ജനങ്ങൾക്കു പാരമ്പര്യമായ കേട്ടറിവുണ്ടായിരുന്നതായി തമിഴ സാഹിത്യ ഗ്രന്ഥങ്ങളിൽ കാണുന്നു. കുമാരികോടിൽ "കോലകോവിൽ" എന്നൊരു രാജധാനിനഗരം ഉണ്ടായിരുന്നു.

ബലിക്കര (വക്കല) കോവളം, മംഗാരം, കുമാരി എന്നിവ പുരളിനാട്ടിലെ പുരാതന തുറമുഖങ്ങളായിരുന്നു. മുത്തും മുത്തുച്ചിപ്പിയും പുരളിയിലെ പുരളിആററിൽനിന്നു വേണ്ടുവോളം ലഭിച്ചുവന്നു. ഫിനീഷ്യന്മാരാദിയായ പ്രാചീന നാവികന്മാർ പുരളിയിലെ തുറമുഖങ്ങളിൽ കപ്പൽ അടുപ്പിച്ച്, മുത്തും ചിപ്പിയും, ചന്ദനം, അകിൽ, തേക്കു മുതലായ വനവിഭവങ്ങളും വിലയ്ക്കെടുത്തു പാശ്ചാത്യദേശങ്ങളിലേയ്ക്കു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു.

പുരളിനാട്ട് വാണിരുന്നതു്. തിരുവിതാംകൂർ രാജവംശം തന്നെയായിരുന്നു. "പുരളീശൻ" എന്ന അഭിസംജ്ഞ, തൃപ്പാപ്പൂര (തിരുപാപ്പിസ്വരൂപം) രാജവംശത്തെ ഉദ്ദേശിച്ചു, ചില പ്രാചീന ഗീതകളിൽ പ്രയോഗിച്ചിട്ടുള്ളതായി കാണുന്നു. പുരളിരാജാവിന്റെ അന്യാദൃശമായ പ്രഭാവത്തിൽ അസൂയാലുവായി ഭവിച്ച പാണ്ഡ്യരാജാവു് പുരളിനാടിനെ ആക്രമിക്കുകയും മുത്തളങ്ങൾ ഉൾപ്പെടെ ഉള്ള ചില പ്രദേശങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഉദ്ദേശം 1800—ൽ പരം സംവത്സരങ്ങൾക്കു മുൻപു പാണ്ഡ്യരാജാവിനു പുരളിനാട്ടിലെ മുത്തളങ്ങളിലും കുമാരിയിലും പ്രത്യേകാവകാശങ്ങൾ ഉണ്ടായിരുന്നതായി വിവരിക്കുന്ന ചില ഐതിഹ്യങ്ങൾ തമിഴനാട്ടിൽ നിലവിലിരിക്കുന്നതായി തമിഴ് സാഹിത്യഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. എന്നാൽ പാണ്ഡ്യന്റെ അധികാരം, പുരളിനാട്ടിൽ ദീർഘകാലം നിലനിർത്തുവാൻ സാധിച്ചില്ലെന്നു് മാത്രമല്ല, പ്രബലന്മാരായ അന്യരാജാക്കന്മാർക്കു് ആർക്കുംതന്നെ, പുരളിരാജാവിനോടു് പടവെട്ടാൻ കഴിവു് ഉണ്ടായിട്ടുമില്ല. പ്രതാപശാലിയും ദിക്ജയകാംക്ഷിയുമായ "വിജയൻ" എന്ന മഗധരാജാവു്, ഹിമവൽ സിംഹള പര്യന്തമുള്ള രാജ്യങ്ങൾ പലതും ആക്രമിച്ചു കീഴടക്കിയശേഷം, സിംഹള ചക്രവർത്തിയായി വാണുവെങ്കിലും, അയൽരാജ്യമായ പുരളിയെ ആക്രമിക്കുവാൻ അദ്ദേഹം ഉദ്യമിക്കകപോലും ചെയ്തിട്ടുള്ളതായി കാണുന്നില്ല.

എന്നാൽ ബി. സി. ൫-ാംശതവർഷത്തോടടുത്തുണ്ടായ ഭൂകമ്പവുംസമുദ്രക്ഷോഭവുംനിമിത്തം പുരളിനാട്ടിന്റെ ദക്ഷിണഭാഗമായ കുമാരിക്കോട്ടം, പശ്ചിമതീരത്തിലുണ്ടായിരുന്ന ഒട്ടധികം നഗരങ്ങളും മററു പ്രദേശങ്ങളും കടലിൽ ആണ്ടുപോയി. സിലോണിലെ ബുദ്ധമതരേഖകളിൽ സൂചിപ്പിച്ചിട്ടുള്ള സമുദ്രഗർഭത്തിലെ കമ്പത്തെ തുടർന്നുണ്ടായ ഭൂകമ്പമായിരിക്കണം ഇതു്. കുമാരീകല്യാണത്തെക്കുറിച്ചു് നിലവിലിരിക്കുന്ന ഒരു ഐതിഹ്യം, ഭൂകമ്പത്താൽ കുമാരികോടിൽ സംഭവിച്ച നാശത്തെ മറെറാരു രൂപത്തിൽ വെളിപ്പെടുത്തുകയായിരിക്കും, ചെയ്യുന്നതെന്നുള്ള അനുമാനം തെററായിരാൻ തരമില്ല. ഭൂകമ്പത്തെതുടർന്നു പുരളിരാജ്യത്തിനു സാമ്പത്തികമായും രാഷ്ട്രീയമായും വലുതായ ശക്തിക്ഷയം നേരിട്ടു. വിജയനെയും വിദേശ

നാവികന്മാരെയും പാണ്ഡ്യരാജാവിനെയും പ്രസ്തുതനാട്ടിലേയ്ക്കു ആകർഷിച്ചുകൊണ്ടിരുന്ന മുത്തുകളും നഷ്ടപ്പെട്ടു.

കുമാരികോട്ട് മുതലായ പുരളീപ്രദേശങ്ങൾ സമുദ്രത്തിൽ അന്തർദ്ധാനം ചെയ്തതിന്റെ ശേഷം, അനേകം ശതവർഷങ്ങൾ കഴിഞ്ഞശേഷം അതായിതു് എ. ഡി. 13-ാം ശതവർഷത്തിന്റെ മദ്ധ്യഘട്ടത്തിൽ ചീനസാമ്രാജ്യം വാണിരുന്ന കുബ്ളഖാൻ എന്ന വിഖ്യാതനായ മുകൾ സാമ്രാട്ടിന്റെ തനതാവശ്യം പ്രമാണിച്ചു്, ആ രാജധാനിയിൽനിന്നു നിയുക്തനായ മാർക്കോപോളോ, ഒരു വലിയ കപ്പൽസമൂഹത്തോടുകൂടി ചീനത്തുനിന്നു പുറപ്പെട്ടു. പൂർവ്വതീരങ്ങൾ ചുറ്റി കന്യാകുമാരിക്കോടി സന്ദർശിച്ചു്, കേരളതീരങ്ങളിൽകൂടി പേർഷ്യയിലേക്കു നാവികയാത്ര ചെയ്തിട്ടുണ്ടു്. ആ സന്ദർഭത്തിൽ നഷ്ടപ്രായമായ കുമാരികോടിന്റെ ഒരു ഭാഗം കടലിൽ കാണപ്പെട്ടതായി ആ സഞ്ചാരി പ്രസ്താവിച്ചിരിക്കുന്നു. മാർക്കോപോളോ കണ്ട കന്യാകുമാരിയിൽ ഭയങ്കരമായ ഒരു അരണ്യപ്രദേശം ഉണ്ടായിരുന്നുവെന്നും, വിവിധങ്ങളായ വന്യമൃഗങ്ങളും വളരെയധികം ആൾക്കുരങ്ങുകളും അവിടെ കാണപ്പെട്ടുവെന്നും, അവിടത്തെ ജനങ്ങൾ കാഴ്ചയിൽ ഭീമാകാരന്മാരായിരുന്നുവെന്നും, വിവരിച്ചിരിക്കുന്നു. പ്രസ്തുത വർണ്ണനയ്ക്കു വിഷയമായ കുമാരികോട്ട് ഏതെന്നും എവിടെയെന്നും ഇപ്പോൾ നിർണ്ണയിക്കുവാൻ നിർവ്വാഹമില്ല.

ഏതായാലും കുമാരികോടിന്റെ നാശത്തിനുശേഷം രൂപീകരിക്കപ്പെട്ടിട്ടുള്ളതാണു്, ആധുനികകന്യാകുമാരി എന്നുള്ളതു നിസ്സന്ദേഹംതന്നെ. കന്യാകുമാരിക്ഷേത്രം പണികഴിപ്പിച്ചു പ്രതിഷ്ഠ മുതലായതു നടത്തിച്ചിട്ടുള്ളതു് ആരെന്നും, ആ ക്ഷേത്രത്തിലെ മൂർത്തിയായ കുമാരി ദുർഗ്ഗയോ കാർത്ത്യായനിയോ എന്നും ഉള്ള വിഷയങ്ങളെക്കുറിച്ചു പക്ഷാന്തരം ഉള്ളതാണു്. ഈ സംഗതിയെക്കുറിച്ചു പിന്നീട് ഒരു ഘട്ടത്തിൽ സവിസ്തരം പ്രതിപാദിക്കുന്നതാണു്. പുരളിനാട്ടിലെ ഏതാനും ഭാഗം ഭൂകമ്പംനിമിത്തം സമുദ്രമഗ്നമായിപ്പോയശേഷം, അവിടെ ശേഷിച്ച ജനങ്ങളിൽ പലരും മലവാരം തേടി കിഴക്കോട്ടും വടക്കോട്ടും കുടിപുറപ്പെട്ടുപോയതായിരുന്നമാനിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ "പിരളി" "പെരളി" എന്നിങ്ങനെ ഭവനപ്പേരുള്ള പുരാതനകുടുംബക്കാർ മലവാരംസംബന്ധിച്ച പ്രദേ

ശങ്ങളിൽ അദ്യാപി കുടിപാർത്തുവരുന്നുണ്ടു്. "പുരളീ" ശബ്ദം ലോപിച്ചുണ്ടായിട്ടുള്ള രൂപങ്ങളാണു് "പെരളിയും പിരളിയും." ജന്മദേശത്തിന്റെ സംജ്ഞതന്നെ, പുറസ്ഥലങ്ങളിൽ ഭവനനാമമായി സ്വീകരിച്ചുവരാറുള്ള ഇക്കാലത്തെ പതിവു്, പൂർവ്വകാലങ്ങളിലും സാധാരണമായിരുന്നു. ഭൂകമ്പത്തിനുശേഷം പുരളി രാജധാനി, കോലകോവിലിൽനിന്നു കൽക്കുളത്തേക്കു മാററിയിരിക്കണം. ക്രമേണ "ശ്രീവാഴുംകോടു്" എന്നൊരു പുരി രാജമന്ദിരത്തെ ചുററിവളൎന്നു. കാലാന്തരത്തിൽ "ശ്രീവാഴുംകോട്ടു്" ശബ്ദം തിരുവാംകോടു് ആയി ലോപിച്ചു; പുരളിനാട്ടു് എന്ന സംജ്ഞ തിരസ്കൃതമായി, സാഹിത്യലോകത്തിലും പിന്നീടു് വിസ്മൃതകോടിയിലും ലയിച്ചു. ഇപ്രകാരം പുരളീശന്റെ നൂതനരാജധാനിയുടെ നാമം തന്നെ രാജ്യത്തിനും സിദ്ധിച്ചു. ഇങ്ങനെയാണു് ഈ രാജ്യത്തിനു "തിരുവിതാംകോടു്" *എന്നു പേർ ഉണ്ടായതു്.

പരളി ആററിന്റെ ഒരംശം ഇക്കാലത്തും കാണാനുണ്ടു്. പ്രസിദ്ധിയേറിയ താമരക്കുളം ഉപ്പളങ്ങളിലേയ്ക്കു്, ഇപ്പോഴും പരളിനദിയിലെ ഘനമേറിയ ലവണജലം ചാൽവഴി തിരിച്ചുകൊണ്ടുവന്നു്, ഉപ്പുപാത്തികളിൽ കയററി, ഉപ്പു വിളയിച്ചുവരുന്നു. ഇങ്ങനെ ലവണസമ്പൂൎണ്ണമായി ശേഷിച്ചിരിക്കുന്ന ഈ നദീഭാഗം സമുദ്രത്തിൽ പതിക്കാതെ ഇടയ്ക്കുവച്ചു ഭൂമിയിൽ അന്തർദ്ധാനം ചെയ്യുന്നതായിട്ടാണു് കാണുന്നതു്. വിദൂരമായ അതീതകാലത്തു മുത്തിനും ചിപ്പിക്കും പ്രശസ്തിയാൎന്നിരുന്ന പുരളിനദിയേയും വിദേശവാണിജ്യത്തിനു കേളികേട്ടിരുന്ന "മംഗാരം" തുറമുഖത്തെയുംകുറിച്ചു തമിഴ്നാട്ടിലെ വയോധികർ അഭിമാനം സ്മരിക്കുന്ന നേത്രങ്ങളോടുകൂടി വാഴ്ത്തുന്നതു്, രണ്ടു വ്യാഴവട്ടംമുൻപു്, ഈ ഗ്രന്ഥകാരൻതന്നെ കേട്ടിട്ടുള്ളതാണു്.

പ്രാചീന നാവികന്മാരുടെയും, മെഗസ്തനീസ്, ഹ്യൂവൻസാങ്ങ് ആദിയായ സഞ്ചാരികളുടെയും ശ്രദ്ധയെ സവിശേഷം ആകർഷിക്കത്തക്കവിധം സംസ്കാരം സിദ്ധിച്ചവരായ യതിവൎയ്യന്മാരുടെ ആശ്രമസ്ഥാനമായിരുന്ന മരുത്വാമല, ആധുനിക പരളീനദിയിൽനിന്നു് അധികം അകലെയല്ല. കന്യാകുമാരി

*യൂറോപ്യന്മാരുടെ ആഗമനശേഷമാണു 'തിരുവിതാംകൂർ' എന്ന നാമരൂപാന്തരം സംഭവിച്ചതു്. (Travancore എന്നതിന്റെ തർജ്ജമ) ഗ്രന്ഥകർത്താ.

യിലേക്കുള്ള രാജപാതയോടു സമീപിച്ചു, പുരോഭാഗത്തു മരുത്വാമല നിലകൊള്ളുന്നു. റോഡിൽകൂടി അല്പം പടിഞ്ഞാറോട്ടു പോയാൽ താമരക്കുളം ഉപ്പളങ്ങളിലേയ്ക്കുള്ള ഉപപാത മാർഗ്ഗേണ അളപ്രദേശത്തു ചെന്നെത്താം. ഇപ്പോൾ പറളിയാർ ഒഴുകുന്ന സ്ഥലത്തേയ്ക്കു കന്യാകുമാരിയിൽനിന്നു നാലു മൈലോളമേ ദൂരം ഉള്ളൂ.

൫-ാം അദ്ധ്യായം

(ബി. സി. ൫൦൦ വരെയുള്ള കാലം)

മലയാളദേശത്തെ മതം, ആചാരം, ഭാഷ എന്നിത്യാദി.

മലയാളദേശത്തെ ആദിമനിവാസികളായ ദ്രാവിഡർ സർപ്പാരാധകന്മാരായിരുന്നു. മലയാളഭൂമിയുടെ പൂർവ്വോത്തര പ്രാന്തപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പശ്ചിമപർവ്വതനിരകൾ പലതരം നാഗങ്ങളുടെ നിവാസഭൂമി കൂടിയായിരുന്നതിനാലും മലയാളക്കരയും കടലും, കൂടെക്കൂടെ, പ്രാചീനകാലങ്ങളിൽ ഭൂകമ്പങ്ങൾക്കു അധീനമായി കര താഴ്ന്നു കടൽകയറിയും, കടൽവാങ്ങി കരവച്ചും വന്നതിനാലും സർപ്പശല്യം മലകളിലും മലവാരങ്ങളിലും ഉണ്ടായിരുന്നതിന്നും, ഉൾനാടുകളിലും കടലോരപ്രദേശങ്ങളിലും സാധാരണമായി ഭവിച്ചു; തന്നിമിത്തം മലയാളത്തിലെ ആദിമനിവാസികൾ സർപ്പങ്ങളെ കൊന്നൊടുക്കുവാൻ ചെയ്തുകൊണ്ടിരുന്ന നിരന്തരശ്രമം വിഫലഭവിക്കുകയാലായിരിക്കണം, ജനസ്ഥാനങ്ങൾതോറും, ഭവനവളപ്പുകൾതോറും, സർപ്പസങ്കേതങ്ങൾ ഉണ്ടാക്കി നാഗാരാധന ആരംഭിച്ചതെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. ആദിദ്രാവിഡരെപ്പോലെ പരിഷ്കാരത്തിൽ സമാനരോ, ചില വിഷയങ്ങളിൽ അവരെ മികച്ചവരോ ആയ പ്രാചീനാര്യന്മാരുടെ ആദിമോപവേശകല്ലോലം, മലയാളദേശത്തിന്റെ വടക്ക

കിഴക്കും സീമകളായ പശ്ചിമപർവതപംക്തികളെ സമീപിച്ച ഘട്ടത്തിൽ തന്നെ അഹിബഹുലമായി കാണപ്പെട്ട പ്രസ്തുത ശൈലനിരകളുടെ ദർശനത്താൽ വിസ്മയഭരിതരായിത്തീർന്നിരിക്കാവുന്ന ആ അഭിജ്ഞവർഗ്ഗക്കാർ, അവയ്ക്കു "സഹ്യാചലം" എന്നും "സഹ്യാദ്രി" എന്നുമുള്ള അന്വർത്ഥസംജ്ഞകൾ നൽകിയിരിക്കണം; ഇതായിരിക്കണം "സഹ്യപർവതം" "സഹ്യൻ" ആദിയായ നാമബഹുലങ്ങൾ പ്രസ്തുത ശൈലനിരകൾക്കു സിദ്ധിക്കുവാനുണ്ടായ ഹേതു. ഇതേ കാരണവശാൽതന്നെ, അഹിപീഡിതമായ മലയാളക്കരയ്ക്കു "അഹിഭൂമി"യെന്നും "അഹിദേശം"എന്നും നാമങ്ങൾ ലഭിച്ചിരിക്കുവാനേതരമുള്ളു.

നാഗാരാധകന്മാരായ മലയാളദ്രാവിഡർ നവഗ്രഹങ്ങളിൽ പ്രകാശമേറിയ സൂര്യചന്ദ്രന്മാരെയും, ഭൂമി, അഗ്നി, ജലം ആൽവൃക്ഷം, നെല്ലി കൂവളം, തുളസിച്ചെടി എന്നിത്യാദികളെയും ആരാധിച്ചുവന്നിരുന്നു. ഈശ്വരൻ സർവ്വവ്യാപിയും ചേതനങ്ങളിലും അചേതനങ്ങളിലും ഒന്നുപോലെ കുടികൊള്ളുന്ന ഏകരൂപിയായ സർവശക്തനും ആണെന്നുള്ള തത്വം അവർ മനസ്സിലാക്കിയിരുന്നതായി, ഈ ആരാധനക്രമത്തിൽനിന്നു് അനുമാനിക്കാൻ കഴിയും. മലയാളദേശത്തു് പ്രവേശിച്ചു കുടിപാർപ്പ് ഉറപ്പിച്ച പ്രാചീനാര്യന്മാർ പരിഷ്കൃതരായ ദ്രാവിഡന്മാരുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഏറെക്കുറെ സ്വീകരിച്ചു. ദ്രാവിഡരും ആഗന്തുക്കളുടെ ആചാരാദികളിൽ ഏതാണ്ടു ചിലതെല്ലാം കൈക്കൊണ്ടു. ഇപ്രകാരം ഇരുവർഗ്ഗക്കാരും തമ്മിലുണ്ടായ സൌഹാർദ്ദപുരസ്സരമായ സാമീപ്യവും സഹവാസവും നിമിത്തം, ക്രമേണ ദ്രാവിഡരിൽ ഗണ്യരായ ഒരു ഭൂരിപക്ഷക്കാർ ആര്യവർഗ്ഗത്തിൽ ലയിച്ചു. സുവർണ്ണ (നല്ല നിറമുള്ളവർ എന്നു മാത്രം വിവക്ഷ)രായ ഉപദേശികളോടു സഹകരിക്കുവാൻ വൈമനസ്യം ഉണ്ടായ ന്യൂനപക്ഷക്കാർ ഐക്യം ഭേദിച്ചു സഹവർഗ്ഗക്കാരിൽനിന്നു് അകലെ മാറി, മലകളിലും വനപ്രദേശങ്ങളിലും കുടി പാർത്തുതുടങ്ങി. പരിഷ്കൃതവർഗ്ഗക്കാരിൽനിന്നു വിട്ടുമാറി, ഏകാന്തജീവിതം നയിക്കേണ്ടിവന്ന ഈ ന്യൂനവർഗ്ഗക്കാരുടെ പാരമ്പര്യപരിഷ്കാരം ക്രമേണ ക്ഷയോന്മുഖമായി. കാലാന്തരത്താലും പരിതസ്ഥിതികളാലും ഈ വനാന്തരവാസികളുടെയും ആര്യദ്രാവിഡസങ്കരവർഗ്ഗത്തിന്റെയും

ആചാരമര്യാദകളിലും ആരാധനക്രമങ്ങളിലും അജഗജാന്തരം ഭേദിച്ചു. നവംനവമായി ആര്യോപവേശകന്മാർ വന്നുകൊണ്ടിരുന്നതിനാൽ, അപരിഷ്കൃതരായ ന്യൂനപക്ഷക്കാർക്കു രക്ഷയില്ലാതായി. പരിഷ്കൃതരായ ആര്യന്മാർ ഇവരെ മ്ലേച്ഛരായി പരിഗണിച്ചു വന്നിരിക്കണം. നാട്ടിൽ ആകമാനം ആര്യന്മാരെയും സങ്കരവർഗ്ഗക്കാരെയുംകൊണ്ടു നിറയപ്പെട്ടു കഴിഞ്ഞതോടുകൂടി, അപരിഷ്കൃതവർഗ്ഗക്കാർ ഗുഹകളിലും ഗിരിതടങ്ങളിലും അഭയം പ്രാപിച്ചതായിരിക്കാനേ തരമുള്ളു. അദ്യാപി മലകളിലും വനങ്ങളിലും നിവസിച്ചുപോരുന്ന കാണിക്കാർ, മലവേടന്മാർ, മലമ്പണ്ടാരങ്ങൾ, മലയരയന്മാർ എന്നിങ്ങനെയുള്ള വർഗ്ഗക്കാരുടെ പൂർവികന്മാരാകുന്നു, മേൽ പ്രസ്താവിക്കപ്പെട്ട ന്യൂനസമുദായക്കാർ.

പരിശുദ്ധമായ ആര്യമതത്തിൽ കാലാന്തരത്താൽ വന്നുകൂടിയ മാററങ്ങളും പുരോഹിതമേധാവിത്വവുംനിമിത്തം യാഗങ്ങൾ മുതലായ അനുഷ്ഠാനങ്ങൾ ഈശ്വരാനുകൂല്യത്തിനും കൈവല്യത്തിനും അവശ്യകരണീയങ്ങളെന്നുള്ളബോധം ഹിന്ദുക്കളുടെ ഇടയിൽ വർദ്ധിച്ചുവശായി. ഗോമേധം, അജമേധം, അശ്വമേധം മുതലായ യാഗങ്ങളും ബലിപൂജകളും സർവസാധാരണമായി. ജനങ്ങൾക്കു മാംസഭോജനത്തിലുള്ള ആവശ്യവും അഭിരുചിയും, അതോടുകൂടി ദൃഢതരമായിത്തീർന്നു. ക്രമേണ നരമേധംതന്നെയും നിർവാണത്തിന് കൂടിയേതീരുവെന്നുള്ള വിശ്വാസം അങ്കുരിച്ചുയർന്നു. പുരോഹിതവർഗ്ഗത്തിന്റെ അധികാരശക്തിയും പ്രാഭവവും വർദ്ധമാനമായി. നരബലി പ്രചരിച്ചതോടുകൂടി, കപാലമാല്യങ്ങളാലും, മനുഷ്യകരാസ്ഥ്യാംബരത്താലും അലംകൃതയായും, കരവാൾ, നിണംപകർന്നുകുടിക്കുവാനുള്ള വട്ടക എന്നിവകളോടും മററനേകം ഉഗ്രങ്ങളായ ആയുധങ്ങളോടുംകൂടിയവളായും ഉള്ള ഭയങ്കരകാളിയുടെ വിഗ്രഹങ്ങൾ നിർമ്മിച്ച് അവർ ആരാധിക്കുവാൻ ആരംഭിച്ചു. കാളി ശക്തിയാണെന്നും, ശക്തിയാണു സർവാഭീഷ്ടദായിനിയെന്നുള്ള ബോധവും സർവത്ര വ്യാപിച്ചു. തന്നിമിത്തം കാളിപ്രീതിക്കായി നരബലി ഉൾപ്പെടെയുള്ള ബീഭത്സങ്ങളായ പലതരം ബലിപൂജകൾ അർപ്പിക്കപ്പെട്ടുപോന്നു. ഇപ്രകാരം ശാക്തേയമതം മലയാളത്തു പ്രചാരത്തിലിരുന്ന ഒരു ഘട്ടമുണ്ടായിരുന്നു. ഇപ്പോൾ മലനാടുകളിലും, ഗിരിശൃംഗങ്ങളിലും, ഇടനാട്ടു

ളിലും കടലോരങ്ങളിലും എന്നുവേണ്ട നാനാഭാഗങ്ങളിലും കാണപ്പെടുന്ന കൊടുംകാളീവിഗ്രഹങ്ങളുടെയും കാളീക്ഷേത്രങ്ങളുടെയും അവയോടു സമീപിച്ച് അനുബന്ധിക്കപ്പെട്ടിരുന്ന കുരുതിക്കളങ്ങളുടെയും പുറക്കളങ്ങളുടെയും ഉത്ഭവകാലം പ്രസ്തുത ഘട്ടമാകുന്നു.

ഭക്തജനങ്ങൾ ഈശ്വരനെ ഏതുരൂപത്തിൽ ആരാധിക്കുന്നു, ആ രൂപത്തിൽ പ്രത്യക്ഷനായി അനുഗ്രഹിക്കുമെന്നുള്ള ഹൈന്ദവവിശ്വാസമനുസരിച്ച് ആരാധികന്മാരുടെ സങ്കല്പവും ആവശ്യവും പുരസ്കരിച്ചു ക്രമത്തിൽ ശാക്തേയമതത്തിൽ ചില അവാന്തരവിഭാഗങ്ങൾ ഉണ്ടായി വനദുർഗ്ഗ, ഭദ്ര, ഭഗവതി മുതലായ ദേവീവിഗ്രഹങ്ങളുടെയും അവ ഓരോന്നും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങളുടെയും ആഗമം ഇതാണ്. ശക്തിപൂജയോടുകൂടി ശിവാരാധന നടപ്പായി. അമ്മനെയും മാടനെയും ആരാധിച്ചുവന്ന ദ്രാവിഡർ ആത്മസഹവാസത്തോടുകൂടി ശക്തിയേയും ശിവനേയും (മാടൻ താണ്ഡവം ചെയ്യുന്ന ശിവൻ തന്നെയാണല്ലൊ) ആരാധിക്കുവാൻ ആരംഭിച്ചു.

ബി. സി. നാലാംശതാബ്ദമായപ്പോൾതന്നെ ബുദ്ധമതത്തിനും ജയിനമതത്തിനും മലയാളദേശത്തു പ്രചുരപ്രചാരം സിദ്ധിച്ചു. മൃഗബലിയുടെയും നരബലിയുടെയും യാഗങ്ങളുടെയും പുരോഹിതന്മാരണാധികാരത്തിന്റെയും കർക്കശമായ മുഷ്ടിബന്ധത്തിൽ അകപ്പെട്ടു ക്ഷീണരായി ഭവിച്ചിരുന്ന സമസ്തജനങ്ങൾക്കും, ശാന്തവും സമാധാനപരവും, ദോഷരഹിതവും ആയ ബുദ്ധമതതത്വങ്ങളാൽ ആശ്വാസം സിദ്ധിച്ചു. വ്രതാനുഷ്ഠാനങ്ങളിലും തപസ്സിലും തല്പരരായ ജനങ്ങൾക്കു ജയിനമതം അതിനെല്ലാം സൌകര്യം നൽകി. ഇപ്രകാരം ബുദ്ധമതവും ജയിനമതവും ഒരേകാലത്ത്, ഒരേദേശത്ത് യാതൊരു പ്രകാരത്തിലുമുള്ള മതവിദ്വേഷം അങ്കുരിപ്പിക്കാതെ സൌഹാർദ്ദപരമായി മലയാളത്തു സർവ്വത്ര വ്യാപിച്ചു. ബ്രാഹ്മണാചണ്ഡാലം അസംഖ്യം ജനം ഈ രണ്ടുമതങ്ങളും സ്വീകരിച്ചു സംതൃപ്തരായി ജീവിച്ചു. ക്രമേണ ജയിനമതസ്ഥാപകനായ വർദ്ധമാനഗുരുവിന്റെ (ജീനൻ) യും ബുദ്ധമതസ്ഥാപകനായ ശ്രീബുദ്ധന്റെ (ഗൌതമൻ) യും വിഗ്രഹങ്ങൾ അടുത്തടുത്തു ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു ആരാധിക്കുവാൻ തുടങ്ങി. അദ്യാപി മലയാളദേശത്തു നാനാഭാഗങ്ങളിലുമായി നിലവിലിരിക്കുന്ന

ശാസ്താവിഗ്രഹങ്ങളും ശാസ്താംകോവിലുകളും വർദ്ധമാനന്റെയും, മിക്കവാറും വിഷ്ണുവിഗ്രഹങ്ങളും വിഷ്ണുക്ഷേത്രങ്ങളും ശ്രീബുദ്ധന്റെയും സ്മാരകമായി സ്ഥാപിച്ച് ബി. സി. 400-ാമാണ്ടേടുത്ത് ആചരിച്ചുപോന്നിട്ടുള്ളവയാണ്. വിഷ്ണുരൂപത്തിന്റെ ലക്ഷണങ്ങൾ ഒത്തിണക്കപ്പെട്ടിട്ടുള്ള വിഗ്രഹങ്ങൾ ബ്രാഹ്മണമതത്തിനു വീണ്ടും ഉയർച്ചയുണ്ടായ പിൽക്കാലത്തു നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. കർണ്ണേന്ദ്രിയങ്ങൾ വളർത്തി നീട്ടിയിട്ടുള്ളതായി കാണപ്പെടുന്ന വിഗ്രഹങ്ങൾ ബുദ്ധന്റെതാകുന്നു. ശാസ്താംകോവിലുകളിൽ പലതിലും മഹാവീരവിഗ്രഹങ്ങളുടെ സ്ഥാനത്തു ബുദ്ധവിഗ്രഹങ്ങളും പ്രതിഷ്ഠിച്ചിട്ടുണ്ടു. ജയിനമതവും ബുദ്ധമതവും തമ്മിൽ സാരാംശത്തിൽ വ്യത്യാസം യാതൊന്നും ഉള്ളതല്ല. "ശ്രീബുദ്ധനു" ശാസ്താവ് എന്നും പര്യായം ഉണ്ട്. ശൈവ സിദ്ധാന്തികളും വൈഷ്ണവ സിദ്ധാന്തികളും തമ്മിൽ നടന്ന ഭയങ്കരമായ മതമത്സരത്തിനും കലാപങ്ങൾക്കും ശേഷം ഉണ്ടായ ഒരു ഒത്തുതീർപ്പിന്റെ പ്രതിച്ഛായയാണ് ശ്രീബുദ്ധനു അവതാരത്വം നൽകി ഹരിഹരസുതനായി സങ്കല്പംതുടങ്ങിയ നടപടി. ശ്രീഭൂതനാഥോപാഖ്യാനം എ. ഡി. ഏഴാംശതാബ്ദത്തിനുശേഷം രചിച്ചിട്ടുള്ളതാണ്. മാർക്കണ്ഡേയപുരാണത്തിലും ബ്രഹ്മാണ്ഡപുരാണത്തിലും ഹരിഹരസുതനെക്കുറിച്ചുള്ള ഉപാഖ്യാനങ്ങളും എ. ഡി. ഏഴാംശതകത്തിനുശേഷം എഴുതിച്ചേർത്തിട്ടുള്ളവയാണ്.

മലയാളത്തിലെ ശിവക്ഷേത്രങ്ങളിലെ വിഗ്രഹങ്ങൾ പരിശോധിച്ചുനോക്കുമ്പോൾ, അവ എല്ലാം ഒരേതരത്തിലുള്ളവയല്ലെന്നും പ്രായേണ അവയെ രണ്ടായിതിരിക്കുവാൻ കഴിയുമെന്നും കാണാവുന്നതാണ്. ഉരുണ്ടു സാമാന്യം നല്ല വണ്ണമുള്ള ഒരു തരം ശിവലിംഗങ്ങൾ ഉണ്ടു്. ചെറിയ കുഴവിക്കല്ലുപോലെ ഘനംകുറഞ്ഞും, തലയ്ക്കും ക്രമേണ തേമ്പിയും മനുഷ്യദന്തത്തിന്റെ വർത്തുളാകാരമായ അഗ്രംപോലെ നിൽക്കുന്ന മറെറാരു തരം ശിവലിംഗങ്ങളും ഉണ്ടു്. രണ്ടാമതു പറയപ്പെട്ടവ യഥാർത്ഥശിവലിംഗങ്ങളല്ല. അവ, ബുദ്ധന്റെ അവശിഷ്ടങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും മതപ്രചാരകപ്രമുഖ കൊണ്ടുപോയ കൂട്ടത്തിൽ ഇദ്ദേശത്തും എത്താനും ചില അവ ശേഷങ്ങൾ ചില സ്ഥാനങ്ങളിൽ സ്ഥാപിക്കപ്പെട്ട ശേഷം അ സ്ഥാനങ്ങളിൽ പിണ്ഡികഴിപ്പിച്ചിട്ടുള്ള കടീരങ്ങളിൽ നിറുത്തി

സ്മാരകശിലകളാകുന്നു. ഇവയ്ക്കു ദന്തത്തിന്റെ ഛായയാണു ഉള്ളത്. ശ്രീബുദ്ധന്റെ ദന്തമാണെന്നു സങ്കല്പിച്ച് ഈ വിഗ്രഹങ്ങളുടെ മുൻപിൽ അർച്ചനകൾ നടത്തിപ്പോരുന്നു. സിലോണിലെ പ്രസിദ്ധപ്പെട്ട ബുദ്ധക്ഷേത്രത്തിൽ ബുദ്ധന്റെ ദന്തമെന്നു സങ്കല്പിച്ച് ഒരു പ്രതിഷ്ഠ ഇതേകാലത്തു തന്നെ നടത്തിയിട്ടുണ്ട്. ആ ക്ഷേത്രം അദ്യാപി ഒരു ബുദ്ധക്ഷേത്രമായി തന്നെ നിലനിന്നുപോരുന്നു. എന്നാൽ മലയാളത്തു ബുദ്ധമതം നാമാവശേഷമായതോടുകൂടി ഏതാദൃശങ്ങളായ ബുദ്ധകുടീരങ്ങൾ ശിവക്ഷേത്രങ്ങളായി രൂപാന്തരപ്പെട്ടു. ബുദ്ധവിഗ്രഹങ്ങൾ വിഷ്ണുവിഗ്രഹങ്ങളായി സങ്കല്പിക്കപ്പെടുകയും, ജയിനമതത്തിനും ഇവിടെ നാശം ഭവിച്ചതിനാൽ ജിനവിഗ്രഹങ്ങൾ ഹരിഹരസുതന്റെ (ശാസ്താവിന്റെ) വിഗ്രഹങ്ങളായി പരിഗണിച്ച് അർച്ചനാദി ആരംഭിക്കുകയും ചെയ്തു. ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും ആവിർഭാവത്താൽ ക്ഷയോന്മുഖമായി ഭവിച്ച ബ്രാഹ്മണമതത്തിനു, പ്രസ്തുത നൂതനമതങ്ങളുടെ അധഃപതനകാലത്ത് ഉണ്ടായ ഉയർച്ചയേയും, മലയാളദേശത്തിനു പുറമേ ശൈവരും വൈഷ്ണവരും തമ്മിൽ ദീർഘകാലം നിരന്തരമായി നടത്തിവന്ന മതമത്സരസംഘടനങ്ങളുടെ പ്രതിധ്വനി, ഇവിടത്തെ ശാന്തവും സമാധാനപരവുമായ മതാന്തരീതിയിൽ തന്നെയും പ്രത്യാനയിച്ച ചില അതിപ്രധാനങ്ങളായ അന്തരങ്ങളെയുമാകുന്നു, മലയാളത്തെ ബുദ്ധക്ഷേത്രങ്ങളുടെയും ജൈനക്ഷേത്രങ്ങളുടെയും ഹൈന്ദവീകരണവും ഹരിഹരസുതനെന്ന മൂർത്തിയുടെ സൃഷ്ടിയും സൂചിപ്പിക്കുന്നതെന്നുള്ളതു വ്യക്തമാണല്ലോ.

കേരളപുരാതനന്മാർ സംസാരിച്ചുവന്ന ഭാഷ ദ്രാവിഡഗോത്രത്തിലെ അതിപുരാതനഭാഷയായ "മലയാഴ്മ" ആയിരുന്നു. "മലയാഴ്മ"യ്ക്കു തമിഴ് എന്നും പേർ ഉണ്ടായിരുന്നു. ആധുനികകാലത്തു നിലവിലിരിക്കുന്ന തമിഴ് അല്ലായിരുന്നു അതു. ഈ വിഷയം സംബന്ധിച്ചു കേരളഭാഷാചരിത്രം എന്ന വിഭാഗത്തിൽ കൂടുതലായി പ്രതിപാദിച്ചിട്ടുണ്ട്. പല രാജ്യങ്ങളിലെയും രാജകീയഭാഷ പാലി ആയിരുന്നു. നാനം, മൂനം, മലയാഴ്മ മുതലായി തമിഴിന്റെ പ്രാകൃത ലിപിരൂപങ്ങൾ ക്രമേണ പ്രചാരത്തിൽ വന്നു.

൫-ാം അദ്ധ്യായം

ചോറവരാജ്യം അഥവാ, പെരുഞ്ചോററി.

ഭാരതയുദ്ധം നടന്നതു് ക്രിസ്തുവിൻെറ ജനനത്തിനു മൂവായിരത്തി ഒരുനൂറിൽപരം സംവത്സരങ്ങൾക്കു മുൻപാണെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു. ചരിത്രപരമായി നിരീക്ഷണം ചെയ്യുന്ന പക്ഷംതന്നെയും ഭാരതയുദ്ധത്തിൽ പാണ്ഡവന്മാൎക്കു വിജയം സിദ്ധിക്കുവാനുള്ള കാരണം ശ്രീകൃഷ്ണൻെറ നയതന്ത്ര വൈദഗ്ദ്ധ്യമാണെന്നു പറയേണ്ടിയിരിക്കുന്നു. യുദ്ധാനന്തരം പാണ്ഡവാദികളുടെ ഉത്സാഹത്താൽ, ഭാരതഖണ്ഡത്തിൽ പലേ പ്രധാന സ്ഥാനങ്ങളിലും ക്ഷേത്രങ്ങൾ നിൎമ്മിച്ചു് ശ്രീകൃഷ്ണപ്രതിമകൾ പ്രതിഷ്ഠിക്കുവാൻ തുടങ്ങി. ഭാരതത്തിൽ മാത്രമല്ല, ലോകമാസകലം വലുതായ പരിവൎത്തനം വരുത്തത്തക്കവിധം, അതിശ്രേഷ്ഠമായ സംസ്കാരം ഉന്നയിച്ചു, ആ പാൎത്ഥസാരഥിയുടെ സ്വൎഗ്ഗാരോഹണത്തിനു വളരെ മുൻപുതന്നെ, അദ്ദേഹത്തിനു ലോകർ അവതാരത്വം നൽകിക്കഴിഞ്ഞു. കലിവൎഷം തുടങ്ങിയശേഷം "പത്മ" എന്ന കലിദിനസംഖ്യയാൽ അറിയപ്പെടുന്നദിവസം (51-ാംദിവസം) തൃപ്പൂണിത്തുറക്ഷേത്രം പണികഴിപ്പിച്ചു്, കൃഷ്ണവിഗ്രഹം അൎജ്ജുനൻ പ്രതിഷ്ഠിച്ചതായും മററും ഗതാനുഗതികങ്ങളായ അറിവുകളേയും പരമ്പരായത്തങ്ങളായ രേഖകളേയും ആസ്പദമാക്കിയുള്ള ഒരു ഗ്രന്ഥവരികൊണ്ടു കാണുന്നു. "ബാലാഞ്ചല" എന്ന കലിദിനത്തിലാണു ശ്രീകൃഷ്ണൻെറ വിശ്രുതചരമം എന്നും, ആ സ്മരണീയസംഭവം നടന്നതു, തൃപ്പൂണിത്തുറക്ഷേത്രപ്രതിഷ്ഠകഴിഞ്ഞു പത്തുവൎഷത്തിനും എഴുപത്തെട്ടു ദിവസത്തിനും ശേഷമാണെന്നും അതേ ഗ്രന്ഥവരികൊണ്ടും, ഇതരതെളിവുകളാലും അനുമാനിക്കപ്പെടാവുന്നതാണു്. ശ്രീകൃഷ്ണൻെറ സ്വൎഗ്ഗാരോഹണശേഷം ഇരുപത്തിആറു ദിവസംകഴിഞ്ഞു യുധിഷ്ഠിരചക്രവൎത്തി ദിവംഗതനായി. അന്നത്തെ കലിദിനം "ധൎമ്മസൃഗ്" എന്നാണു് ഏതാദൃശങ്ങളായ ആഭ്യന്തരതെളിവുകളേയും, മററു ലക്ഷ്യങ്ങ

ളേയും ആസ്പദമാക്കി ചർച്ചചെയ്യുന്നപക്ഷം, ഭാരതയുദ്ധം കഴിഞ്ഞിട്ട് ഇപ്പോൾ അയ്യായിരത്തിൽപരം സംവത്സരം ആയിരിക്കണം എന്നു കാണാം.

* "ഉദയനൻ എന്ന കേരളരാജാവ്, മഹാഭാരതയുദ്ധത്തിൽ പാണ്ഡവന്മാരുടെ സഹായാർത്ഥം, പങ്കെടുത്ത് അത്ഭുതാവഹങ്ങളായ വീരപരാക്രമങ്ങൾ പ്രദർശിപ്പിച്ചുവെന്നു് മഹാഭാരതഗ്രന്ഥത്തിലെ ആഭ്യന്തരതെളിവുകൾ വ്യക്തമാക്കുന്നുണ്ട്. "ചോററി" അഥവാ "ചോററരാജ്യം" എന്ന പേരിനാൽ പ്രാചീനകാലങ്ങളിൽ അറിയപ്പെട്ടിരുന്ന ദേശത്തിന്റെ അധിപനായിരുന്നു ഉദയനൻ. 'വീരക്ഷത്രിയകുലോത്തംസമായിരുന്ന ഉദയനൻ, തന്റെ ബാഹുബലവും പരാക്രമവും നയചാതുരിയും നിമിത്തം, കേരളകോയ്മകളെയെല്ലാം സ്വാധികാരത്തിൻ കീഴിലമർത്തി, കേരളസാമ്രാട്ടായി വാണിരുന്നു. "ഉദയന"ന്റെ കാലംമുതൽ ചോററരാജ്യത്തിന് "പെരുഞ്ചോററ്" എന്ന് നാമം സിദ്ധിച്ചു. ഉദയനൻ അന്നദാനപ്രഭുകൂടി ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ ഭരണത്തിൽ ഉൾപ്പെട്ട നാട്ടിൻ "പെരുഞ്ചോററു"രാജ്യം എന്ന പേർ ഉണ്ടായതായി ഒരു ഐതിഹ്യം ഉണ്ട്................."പെരുഞ്ചോററുദയനനൊരു മഹസ്സാന്ന വഞ്ചീന്ദ്രനത്രേ" എന്നു മിസ്റ്റർ ഉള്ളൂർ പരമേശ്വരയ്യർ അദ്ദേഹത്തിന്റെ ഒരു കൃതിയിൽ സൂചിപ്പിച്ചിരിക്കുന്നതു് അജ്ഞാതമായി, അന്ധകാരവലയത്തിൽപെട്ടു മറഞ്ഞുകിടക്കുന്ന കേരളചരിത്രത്തിന്റെ പുരാതനഘട്ടത്തിൽ പ്രശസ്തിപെററ "പെരുഞ്ചോററ് ഉദയന"നെ ഉദ്ദേശിച്ചാണ്. പ്രാചീനകേരളത്തിലെ പുരാതനക്ഷത്രിയകുടുംബങ്ങളായിരുന്നു വടക്കൊല്ലം, (കൊല്ലംകോട്ട്), മംഗലം (മംഗലാപുരം), കോലസ്വരൂപം, (കോലത്തുനാട്) കോട്ടക്കയം (കോട്ടയംരാജ്യം) വെട്ടത്തുസ്വരൂപം, പാലക്കാട (പാലക്കാട്ടുരാജാ) തൃപ്പൂണിത്തുറ—വെമ്പലനാട് ശ്രായിസ്വരൂപം (ചിറവായ്)-പഴയേടം, പുതിയേടം, പേരകം—എന്നീസ്വരൂപങ്ങളുടെ മൂപ്പുമുറ ശാക്കരകോവിൽ, അയിരൂർരാജ്യം, തെൻകൊല്ലം (വേണാട്ടുസ്വരൂപം-തിരുപ്പാപ്പൂര (ഇളപ്പാടസ്വരൂപം) തിരുവിതാംകൂർ

* 1. Pura Nanooru 2. Mahabharatha 3. Archaeological Resaerches in Kerala (By the author)

രാജകുടുംബത്തിന്റെ ഒരു ശാഖ (തൃപ്പാപ്പിസ്വരൂപം) എന്നീ പ്രധാന രാജസ്വരൂപങ്ങൾ. പെരുമ്പോററു'' ഉദയനൻ തൃപ്പാപ്പൂരു രാജകുടുംബത്തിലെ മൂപ്പുമുറ രാജാവായിരിക്കാൻ ഇടയുണ്ടെന്നു അനുമാനങ്ങൾ വെളിപ്പെടുത്തുന്നു. അന്നദാനേനരചരനും മഹാ പ്രതാപിയുമായിരുന്ന "ഉദയന" മഹാരാജാവു് ആരംഭിച്ച "അന്നദാനം," ആധുനികകാലത്തു സുമാർ രണ്ടു ശതവർഷങ്ങൾക്കു മുൻപു് അവിടത്തെ പിൻഗാമികളിൽ അഗ്രിമനായിരുന്ന തിരുവിതാംകൂർ രാജ്യസ്ഥാപകൻ, അനിഴം തിരുനാൾ ശ്രീ. വീരമാർത്താണ്ഡവർമ്മമഹാരാജാവു് വീണ്ടും സമാരംഭിക്കുവാൻ വ്യവസ്ഥചെയ്തതു്, വിശ്വവിഖ്യാതനായിരുന്ന ആ പൂർവ്വികന്റെ പാവനസ്മരണ, പാരമ്പര്യമായുള്ള ഐതിഹ്യങ്ങളും, ഗ്രന്ഥവരികളും, അമൂല്യങ്ങളായ തമിഴ്സാഹിത്യഗ്രന്ഥങ്ങളും മാർഗ്ഗേണ അവിടുത്തേയ്ക്കു് ഉദ്ദീപനം ചെയ്യുകയാൽ കൂടിയായിരിക്കണം.

ഉദയനന്റെ കാലത്തും, പിന്നീടു് ഒട്ടനേകം ശതവർഷങ്ങൾ തികച്ചും കേരളത്തിന്റെ ഭൂപ്രകൃതി ഇന്നത്തെരീതിയിൽ ആയിരുന്നില്ല. ഇപ്പോഴത്തെ ഭൂപടം നോക്കിയാൽ അതു മനസ്സിലാകുന്നതല്ല. ഭൂഗർഭീയങ്ങളായ സ്വാഭാവിക ഹേതുക്കളാൽ കേരളത്തിലെ കരയുടേയും കടലിന്റേയും കിടപ്പിനു, പലേ ഭാന്തരങ്ങളും മിക്കവാറും, നാലും അഞ്ചും ശതവർഷങ്ങൾ കൂടുന്ന ഘട്ടങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കയാണു്. സഹ്യാദ്രിയ്ക്കു സമരേഖയായി, പശ്ചിമഭാഗത്തു ഗിരിശൃംഗങ്ങളും, തടങ്ങളും, പീഠഭൂമികളും ഉൾപ്പെടെ, ഏതാനും മൈൽ ദൂരംവരുന്ന കര, തെക്കുവടക്കു ലക്ഷ്യത്തിൽ നെടുനീളത്തിൽ നിലനിന്നിരുന്നു. പശ്ചിമസമുദ്രം, ഇപ്പോഴത്തെ കടലോരത്തുനിന്നു് അനേകം മൈൽ കിഴക്കോട്ടു നീങ്ങിക്കിടന്നിരുന്നു. സഹ്യപർവ്വതനിരകളുടെ മുടിപ്പരപ്പുകളിലും, സാനുപ്രദേശങ്ങളിലും പ്രാചീന പരിഷ്കാരകേന്ദ്രങ്ങളായ നഗരങ്ങളും, രാജധാനികളും, ജനസ്ഥാനങ്ങളും, ക്ഷേത്രസങ്കേതങ്ങളും, കൃഷിഭൂമികളും ഉണ്ടായിരുന്നു. വടക്കൊല്ലം, കൊടുങ്ങല്ലൂർ, തൃപ്പൂണിത്തുറ, കാക്കര, ഉദയംപേരൂർ, കല്ലറ, ആയ്ക്കുടി (ആയാംകുടി), നൽക്കര (തിരുനൽക്കര), കുറിച്ചി (ഗുരുശ്രീപുരം), തൃക്കൊടി (തൃക്കൊടിത്താനം), കടലുണ്ടി (കരട്ടി), തിരുപ്പെരുന്തുറ, വക്കല, തെൻകൊല്ലം, കല്ലട, കോവളം,

മംഗാരം, കുമാരി എന്നിവ ചിലതെല്ലാം ആയിരുന്നു, ആ കാലത്തെ കടലോരപട്ടണങ്ങൾ. പശ്ചിമതീരത്തു സമുദ്രമുഖങ്ങളും, ഉൾക്കടലുകളും, ഉപദ്വീപുകളും, മുനമ്പുകളും, ദ്വീപസമൂഹങ്ങളും ഒട്ടധികം കാണപ്പെട്ടിരുന്നു. "തുമ്പാംപണി" എന്ന സംജ്ഞയാൽ അറിയപ്പെട്ടിരുന്ന സിംഹള(സിലോൺ) ദ്വീപും, രാവണക്കോട്ട എന്ന അഭിനാമം വഹിച്ചുവന്ന അറേബ്യയിലെ ദക്ഷിണരാജ്യങ്ങളും, ദക്ഷിണാപഥം എന്ന പേർകൂടി ഉണ്ടായിരുന്ന ദക്ഷിണേന്ത്യയും, സിന്ദുസ്ഥാനം (ഹിന്ദുസ്ഥാനം), നേപാളം മുതലായ ഉത്തരഭാരത രാജ്യങ്ങളുമായി കരമാർഗ്ഗമായും ജലമാർഗ്ഗമായുമുള്ള സ്ഥായിയായ ഗതാഗതവും വാണിജ്യബന്ധവും അക്കാലത്തു് സുദൃഢമായ നിലയിൽ നടന്നിരുന്നതായും അനുമാനിക്കുവാൻ മതിയായ തെളിവുകൾ ഉള്ളതാണു്.

തേയില, കാപ്പി, റബ്ബർ എന്നീ ചെടികൾ ശാസ്ത്രീയമായി നട്ടുവളർത്തപ്പെടുന്ന തോട്ടങ്ങളും, അവിടെനിന്നു ലഭ്യമാകുന്ന വിഭവങ്ങൾ സംസ്കരിക്കുവാനുള്ള ചുരുക്കം ചില ഫാക്ടറികളും, തോട്ടക്കാരുടെ ബംഗ്ലാവുകളും, ആഫീസുകളും, തൊഴിലാളി കാളനികളും, ചുരുക്കം ചില ഗവമ്മെൻറു ആഫീസുകളും, ഫാറസ്റ്റ് റിസർവ് വനങ്ങളും, ആനക്കൂടുകളും, ആനക്കുഴികളും, ജീർണ്ണോദ്ധാരണം ഇനിയും ചെയ്യപ്പെടേണ്ടതായിത്തന്നെ ഇരിക്കുന്ന ബി.സി. കാലത്തെ ഏതാനും ക്ഷേത്രങ്ങളും ഒഴിച്ചാൽ സഹ്യാദ്രിപ്രദേശത്തിൻെറ ഇപ്പോഴത്തെ ഭൂപ്രകൃതി വനവിഭവസമൃദ്ധവും, വന്യമൃഗസങ്കേതവുമായ വനാന്തരമാണല്ലോ. എന്നാൽ പണ്ടത്തെ അവസ്ഥ ഇതൊന്നുമല്ലായിരുന്നു. പശ്ചിമഭാഗത്തുനിന്നു് കടൽ പടിഞ്ഞാറോട്ടു വാങ്ങുകയും കരതെളിഞ്ഞു് ഉറയ്ക്കുകയും ചെയ്തതോടുകൂടി ക്രമേണ ജനങ്ങൾ പടിഞ്ഞാറോട്ടു നീങ്ങി സ്ഥിരവാസം ഉറപ്പിച്ചുതുടങ്ങി. അതിനെത്തുടന്നു്, സഹ്യൻെറ കിഴക്കുഭാഗത്തു നിലവിലിരുന്ന പാണ്ഡ്യരാജ്യത്തുനിന്നു കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന ആക്രമണങ്ങളാലും, പാണ്ഡ്യരാജാക്കന്മാരുടെ ശക്തിക്ഷയവും മന്ത്രിമാരായിരുന്ന തിരുമലനായ്ക്കന്മാരുടെ പ്രാഭവവർദ്ധനയും നിമിത്തവും പാണ്ഡ്യരാജ്യത്തു വർദ്ധിച്ചുവന്ന അരാജകത്വവും അഴിമതികളും, സഹ്യൻെറ പശ്ചിമഭാഗത്തുള്ള കേരളരാജ്യങ്ങളിൽ കൂടി സാരമായി ബാധിച്ചതിനാൽ, സഹ്യപ്രദേശം ക്രമേണ ജനവർജ്ജിതമായി ഭവിച്ചു.

"പെരുഞ്ചോറവ്"രാജ്യത്തിൻെറ സ്ഥാനവും വിസ്തീൎണ്ണവും നിൎണ്ണയിക്കാൻവേണ്ടി, പ്രാരംഭമായി, ഇത്രയും ഭൂപ്രകൃതിയെക്കുറിച്ചു് ചുരുക്കമായി പ്രസ്താവിച്ചുവെന്നേയുള്ളൂ. അക്കാലത്തെ കേരളരാജ്യം മുഴുവനും അതാവിതു് "കുമാരി" (കുമാൎയ്യാഗ്രം—കന്യാകുമാരി-കുമാരീപുരം)മുതൽ ഗോകൎണ്ണംവരേയും മുൻപ്രസ്താവിച്ച കടലോരപട്ടണങ്ങൾ പശ്ചിമാതിൎത്തിയാക്കി കല്പിച്ചു് കിഴക്കോട്ടു സഹ്യൻെറ മുടിപ്പുവരേയും, ഉള്ള ദേശങ്ങൾ "ഉദയന"ൻെറ കേരളരാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. പ്രതാപശാലിയായ ഉദയനൻെറ കാലാനന്തരം രാജ്യം അന്യകോയ്മകളുടെ ആക്രമണത്തിനു പാത്രീഭവിക്കുകയും കേരളസാമ്രാജ്യം വീണ്ടും ഛിന്നഭിന്നമായിത്തീരുകയും ചെയ്തു. വെമ്പലനാട്ടുരാജാവായിരുന്ന മണികണ്ഠവൎമ്മ കേരളത്തിലെ പെരുമാൾപദത്തിൽ അവരോധിക്കപ്പെട്ടതോടുകൂടി, ഉദയനൻെറ രാജ്യത്തിൽ, പാണ്ഡ്യരാജാവിനു് അധീനമായി ഭവിക്കാതിരുന്ന ശേഷിച്ച ഉത്തരദേശങ്ങൾ, വെമ്പലനാട്ടു രാജകുടുംബത്തിൻെറ ശാഖകളായ തെക്കുംകൂർ,വടക്കുംകൂർ കോയ്മകൾക്കു സിദ്ധിച്ചു. കൊല്ലം മുതൽ കുമാൎയ്യഗ്രംവരെയുള്ള മിക്കവാറുംഭാഗം ദേശംമാത്രം, തൃപ്പാപ്പൂരു സ്വരൂപത്തിനു ശേഷിച്ചു. ഇങ്ങനെയിരിക്കെ വെമ്പലനാട്ടു രാജ്യത്തിൽ കുറേഭാഗം ഭൂകമ്പത്താൽ മഗ്നമായിപ്പോകയും, അതിനേത്തുടൎന്നു പശ്ചിമഭാഗത്തു കരതെളിയുകയും ചെയ്തു. ഈ അത്യാഹിതംനിമിത്തം വെമ്പലനാട്ടിൽനിന്നു ജനങ്ങൾ ഭയവിഹ്വലരായി മലയോരത്തേയ്ക്കു കുടിയേററംനടത്തി. ചേനപ്പാടി, ചെറുവള്ളി, ചിറക്കടവു്, പെരുവന്താനം മുതലായ പ്രദേശങ്ങളിൽ, ഇങ്ങനെ കുടിയേറിപ്പാൎത്തവരുടെ പിൻഗാമികളായ കുടുംബക്കാർ അദ്യാപി ഉള്ളതാകുന്നു.

* മണികണ്ഠപ്പെരുമാളിൻെറയും വീരകേരളപ്പെരുമാളിൻെറയും തെക്കുംകൂർ രാജകോയ്മയുടേയും മേൽനോട്ടത്തിൽ പെരുവന്താനം, ചിറക്കടവു്, ചെറുവള്ളി, പശ്ചിമം, തൃക്കൊടിത്താനം മുതലായ ക്ഷേത്രങ്ങൾ ജീൎണ്ണോദ്ധാരണം ചെയ്യപ്പെട്ടിട്ടുണ്ടു് എന്നു് അനുമാനിക്കാം. എങ്കിലും പ്രജായത്തഭരണത്തിൽ തല്പരനായിരുന്ന ഉദയനൻെറ കാലത്തു നിലനിന്നിരുന്ന നാട്ടുകൂട്ടങ്ങളുടെ ശക്തി, മലയാളരാജ്യങ്ങളിൽ വൎദ്ധമാന

* Thrikodithanam Inscriptions.

മായിത്തന്നെയിരുന്നു. കൂട്ടങ്ങളുടെ തലവന്മാരും, നാടുവാഴികളും തമ്മിൽ കൂടെക്കൂടെ സംഘട്ടനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. തെക്കുംകൂർ മുതലായ രാജ്യങ്ങൾ മാർത്താണ്ഡവർമ്മമഹാരാജാവ് യുദ്ധത്തിൽ ജയിച്ചു കീഴടക്കിയ കൊല്ലവർഷം 925-ാംമാണ്ടിടയ്ക്കു നിലവിലിരുന്ന ഐതിഹ്യങ്ങളും, ഗ്രന്ഥവരിയും പ്രകാരം സിദ്ധിച്ചിട്ടുള്ള അറിവുകളെ ആസ്പദമാക്കി പ്രസ്താവിക്കുകയാണെങ്കിൽ, തെക്കുംകൂറിന്റെ ആധിപത്യത്തിൽ ഉൾപ്പെട്ടിരുന്ന "പെരുഞ്ചോററു" രാജ്യാംശമായ കാഞ്ഞിരപ്പള്ളി മുതൽ സഹ്യാചലംവരെ കിഴക്കോട്ടും വടക്കോട്ടും, തെക്കോട്ടു കൈപ്പട്ടൂർകടവുവരെയും വ്യാപിച്ചിരുന്ന പ്രദേശത്ത് അധിവസിച്ചിരുന്ന നാട്ടാർകൂട്ടാംഗങ്ങളേയും, തലവന്മാരായ കോവിലന്മാരേയും,(കോയിമ്മാർ എന്നും പറയപ്പെടാറുണ്ട്). രാജാവും ജനകീയസ്ഥാപനങ്ങളുംതമ്മിൽ നടന്നുകൊണ്ടിരുന്ന സംഘട്ടനങ്ങളുടെ കാഠിന്യം നിമിത്തം രാജഭടന്മാർ, ആബാലവൃദ്ധം ഏഴു രാപകൽ തുടരെ നിഗ്രഹിക്കുകയും ഭവനങ്ങൾ തീവച്ചു നശിപ്പിക്കുകയും ചെയ്തതായും, പ്രമാണികളായ കോവിലന്മാരുടെ വംശം മിക്കവാറും ഉൻമൂലനാശം വരുത്തിയതായും രാജാവിന്റെ പ്രത്യേകതിരുവുള്ളത്തിനു പാത്രീഭവിച്ച ഒരു സ്ത്രീയുടെ കുടുംബക്കാർമാത്രം രക്ഷപ്പെട്ടതായും അവർ "പണിക്കർ" "പിള്ള" എന്നീ സ്ഥാനങ്ങൾ കൈക്കൊണ്ടു വേഷപ്രച്ഛന്നതവരിച്ച്, പെരുവന്താനത്തും നെടുങ്കുന്നത്തും താമസം ഉറപ്പിച്ചതായും മററും കാണുന്നുണ്ട്.

പെരുഞ്ചോററുരാജ്യത്തെ സാമ്പത്തികാവസ്ഥയെക്കുറിച്ചു ഫെനീഷ്യന്മാർ ആദിയായ പ്രാചീനവണിഗ്പുംഗവരായ "യവനന്മാർ" വളരെ പ്രശംസിച്ചു രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. "ചോററി" രാജ്യവും പ്രാചീന ഗ്രീക്കുരാജ്യങ്ങളും തമ്മിൽ സ്ഥായിയായ വാണിജ്യബന്ധം ഉണ്ടായിരുന്നു. "പെരുഞ്ചോററി"ലെ വിശ്രുതനദി "മണിപ്പുഴ" (മണിമലയാറ്)യുടെ തീരത്തുള്ള "കാഞ്ഞിരപ്പള്ളി" അക്കാലത്തെ ഉൾനാട്ടുതുറയായിരുന്നു. സമുദ്രത്തിന്റെ വിദൂരമല്ലാതിരുന്ന സാന്നിദ്ധ്യത്താൽ നദികൾ ജലപുഷ്ടവും ഗതാഗതയോഗ്യവുംആയിരുന്നതിനാൽ, വിദേശവർത്തകരുടെ യാനപോതങ്ങളായ പടവുകൾ, നദീമുഖങ്ങൾ മാർഗ്ഗേണ ഉൾനാടുകളിൽ കടന്നു നദീതീരപട്ടണങ്ങളായ "തുറ"കളിൽനിന്നു വനവിഭവങ്ങളായ തേക്കുതടി, കുന്തിരിക്കം, ചപ്പങ്ങം, ചെഞ്ചായപ്പട്ടു, കുരുമുളക മുതലായവയും, അക്കാലത്തു

കേരളത്തിൽ സുലഭമായിരുന്ന രത്നങ്ങളും, സ്വർണ്ണവും, മയൂരം, മയൂരപിഞ്ഛം, ദന്തം, ചന്ദനത്തടികൾ മുതലായവയും, കയററി. ക്കൊണ്ടുപോകുക പതിവായിരുന്നു എന്നും, പകരം ഗ്രീക്ക സ്വർണ്ണനാണ്യങ്ങൾ, വില്ലുസൂതരങ്ങൾ, വീരാളിപ്പട്ട്, കവചങ്ങൾ ആയുധങ്ങൾ, സ്ഫടികസാമാനങ്ങൾ ആദിയായ വിശിഷ്ടസാധനങ്ങൾ ഇറക്കുമതിചെയ്തുവന്നുവെന്നും, വിദേശസഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചേരപാണ്ഡ്യരാജാക്കന്മാർക്ക് കേരളത്തിൽ പ്രാബല്യമുണ്ടായിരുന്ന കാലത്ത് പരദേശങ്ങളിൽനിന്നു കേരളത്തിൽ കുടിയേറിപ്പാർത്തിട്ടുള്ള ശൈവവെള്ളാളർ "പെരുഞ്ചോററു"രാജ്യത്തെ വണിക് വർഗ്ഗക്കാരായിരുന്നു. നെയ്ത്തും, നൂൽവ്യവസായവും അവിടെ അഭിവൃദ്ധിയെ പ്രാപിച്ചിരുന്നു. നെയ്ത്തും, നൂൽനൂൽപ്പും ചാലിയവർഗ്ഗക്കാർ (തറിയന്മാർ) നടത്തിവന്നു. കൃഷികാര്യങ്ങൾക്ക് അധികാരികൾ "ചേരവർ" (ചേരമർ) വർഗ്ഗക്കാരായിരുന്നു. ആയുധങ്ങൾ നിർമ്മിക്കുന്നതൊഴിൽ കാരന്ന് "പെരുംകൊല്ലൻ" എന്നും ഭവനനിർമ്മാതാവിനു "പെരുന്തച്ചൻ" എന്നും, തൊഴിൽനാമം സിദ്ധിച്ചിരുന്നു. ഭടവിഭാഗത്തിൽ പ്രധാനവർഗ്ഗം "ചാവീരർ" ആയിരുന്നു. "വില്ലും അമ്പും" ഉപയോഗിക്കുന്ന യോദ്ധാക്കൾക്ക് "വില്ലന്മാർ" എന്നും, വാൾ ഉപയോഗിക്കുന്നവർക്ക് "വാളർ" എന്നും, മഴു ഉപയോഗിക്കുന്നവർക്ക് "മഴവർ" എന്നും പ്രത്യേക സംജ്ഞകൾ നൽകപ്പെട്ടിരുന്നു. ഭടവർഗ്ഗം നായിനാർ എന്നും നാഗർ എന്നും പറയപ്പെട്ടുവന്ന നായന്മാരായിരുന്നു. പോർക്കളങ്ങളിൽ നൽകപ്പെട്ടുവന്ന ആഹാരസാധനം, പാലും കദളിപ്പഴവും കൂട്ടി തെവിടിൽ ഉണ്ടാക്കപ്പെടുന്ന മധുപർക്കം ആയിരുന്നു.

ജനങ്ങൾ സാധാരണമായി ഉപയോഗപ്പെടുത്തിവന്ന ആഹാരസാധനങ്ങൾ തവിടുകളയാത്ത ഉണക്കലരിച്ചോറും, ഗോരസങ്ങളും മത്സ്യമാംസങ്ങളും, സസ്യങ്ങൾ, പയറുവർഗ്ഗങ്ങൾ, വാഴപ്പഴങ്ങൾ മുതലായവയുമായിരുന്നു.

ഉദയനന്റെ തലസ്ഥാനനഗരി ഏതെന്നു ഖണ്ഡിതമായി തീർച്ചചെയ്യാൻ നിവൃത്തിയില്ലെങ്കിലും * ഉദയംപേരൂർ, പെരുവ

---

* ചോററി എന്നുപേരുള്ള ഒരു പ്രദേശവും ഒരു ക്ഷേത്രത്തിന്റെയും മററും നഷ്ടശിഷ്ടങ്ങളും തിരുവിതാംകൂർ ഹൈറെയിഞ്ചിലേക്കു പോകുന്ന കെ. കെ. റോഡിന്റെ ൩൦-ാം മൈലിൽനിന്ന് ഉദ്ദേശം അരനാഴിക ഉള്ളി

ന്താനം (ഹൈറേഞ്ചിനു സമീപം), കല്ലട, തിരുവാങ്കോട്ട്, തൃപ്പാപ്പൂര് എന്നിവ "ചേററി"രാജ്യത്തെ പ്രധാന രാജധാനി നഗരങ്ങളായിരുന്നുവെന്ന് അനുമാനിക്കാം. ഏതായാലും "പെരുഞ്ചോററു" രാജ്യം മിക്കവാറും വീണ്ടും "ഉദയനന്റെ" മൂലകുടുംബമായ തിരുപ്പാപ്പൂര് രാജസ്വരൂപംവക രാജ്യമായ തിരുവിതാംകോടിനോട് ചേർക്കുവാൻ മാർത്താണ്ഡവർമ്മമഹാരാജാവിനു സാധിച്ചു. തിരുവിതാംകോട്ട് ആണല്ലോ ഇപ്പോഴും തിരുവിതാംകൂർ (Travancore) ആയി രൂപാന്തരം പ്രാപിച്ചിട്ടുള്ളതു്.

൩-ാം അദ്ധ്യായം.

ഉദയന കുലശേഖരപ്പെരുമാൾ.

ആധുനിക കുലശേഖരപ്പെരുമാളിനു, "കരസൈന്യങ്ങളുടെ മേജർജനറൽ" എന്ന അഭിരാമമായ സൈനിക ബഹുമതി, ബ്രിട്ടീഷ് ചക്രവർത്തി സഹർഷം നൽകി ബഹുമാനിച്ചിരിക്കുന്ന ശോഭന ഘട്ടമാണിതു്. ഭാരതയുദ്ധത്തിൽ പേരെടുത്ത ആദി കുലശേഖരപ്പെരുമാളോടൊപ്പം, അഖിലലോക യശസ്വിയും മഹാപ്രതാപിയുമായി ഭവിച്ചിരിക്കുന്ന ശ്രീ ചിത്തിരതിരുനാൾ പൊന്നുതമ്പുരാനോ, തീണ്ടലും തൊടീലും, അയിത്തവും അനാചാരങ്ങളും ക്ഷേത്രപ്രവേശവിളംബരമായ ദിവ്യാസ്ത്രപ്രയോഗത്താൽ ഒരൊററ നിമേഷംകൊണ്ടു ഉന്മൂലനംചെയ്തു വിശ്വവിശ്രുതനായിരിക്കുന്ന കർമ്മധീരൻ, കൂടെയാണു്. ഉദയനന്റെ അനശ്വരമായ പ്രതാപംപോലെ ശ്രീ ചിത്രാബ്ദവും ലോകം ഉള്ള കാലമത്രയും നിലനില്ക്കുകതന്നെചെയ്യും. 1112-ാമാണ്ടു തുലാമാസം 27-ാംനു ആയ ആ പുണ്യദിനത്തിൽ, നവ്യയുഗോദയം ആയിരിക്കുന്നു; അന്നുമുതൽ "ചിത്രാബ്ദം" 1-ാംവർഷം, 1-ാം

ലേക്കു കടന്നാൽ ഉള്ളതാണു്. അവിടെ ഉദയനന്റെ രാജധാനി നിലനിന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു.

(Archaeological researches by the author).

മാസം 1-ാംദിവസമായി പരിഗണനം ചെയ്യണമെന്നുള്ള പൊതുജനാഭിപ്രായത്തിന് ഇതാ നാൾക്കുനാൾ ശക്തി കൂടിക്കൊണ്ടിരിക്കുന്നു.

അയ്യായിരത്തിൽപരം സംവത്സരങ്ങൾക്കു മുമ്പു് കേരളത്തിലെ പശ്ചിമതീരപ്രദേശങ്ങൾ പലതും കടലിൽ ആണ്ടും, സ്മരണാവിഷ്ടങ്ങളായി അകലെയുള്ള പലസ്ഥലങ്ങളും കരബന്ധത്താൽ ഒന്നുചേട്ടും, കിടന്നിരുന്ന കാലത്തു്, വലിയൊരു കേരളസൈന്യത്തോടു കൂടി കുരുക്ഷേത്രംവരെയുള്ള യാത്രചെയ്തു, പാണ്ഡവപക്ഷത്തുനിന്നു കൌരവന്മാരോടു പോർനടത്തി, വിജയശ്രീലാളിതനായി തിരിച്ചുവന്ന വിജയസഖാവായ ശ്രീ ഉദയനകുലശേഖരപ്പെരുമാളോ, പുരാതനകേരളസാമ്രാജ്യത്തിന്റെ അനിഷേധ്യ ചക്രവർത്തിതന്നെ ആയിരുന്നു. ഉത്തരഭാരതത്തിലേക്കു നടത്തിയ യുദ്ധപ്രസ്ഥാനത്തിനുശേഷം, ശ്രീ ഉദയനന്റെ കീർത്തിയും പ്രതാപവും കരബലവും ശതഗുണീഭവിച്ചുവെന്നു വേണം വിചാരിക്കുവാൻ. അവിടുന്നു്, അശ്വമേധം ആദിയായ മഹായാഗങ്ങൾ പലതും നടത്തി. പാണ്ഡവസഹോദരന്മാർ പലപ്പോഴും ഉദയനന്റെ സാമ്രാജ്യം സന്ദർശിക്കുകയും, കേരളത്തിലെ പല പ്രധാനസ്ഥാനങ്ങളിലും താമസിച്ചുവിശ്രമിക്കുകയും ചെയ്തിട്ടുണ്ടു്.

(ഉദയനകുലശേഖരപ്പെരുമാളിന്റെ പ്രതിമ)

മഹാരഥന്മാരായിരുന്ന ആ രാജശ്രേഷ്ഠന്മാർ പരസ്പരം ഉദിച്ചുയർന്നുകൊണ്ടിരുന്ന ബഹുമാനാഭിനന്ദനങ്ങൾ നിമിത്തം,

പാണ്ഡവന്മാരുടെ സ്മാരകമായി അവരിൽ ഓരോരുത്തരുടേയും പ്രതിമകൾ ഉദയനനും, ഉദയനപ്രതിമകൾ പാണ്ഡവന്മാരും കേരളത്തിൽ പ്രധാന ജനസ്ഥാനങ്ങളിലും അയൽരാജ്യങ്ങളിലും പ്രതിഷ്ഠിച്ചിട്ടുണ്ട്. ഭാരതയുദ്ധത്തിന്റെ സൂത്രധാരത്വം മാത്രമല്ല, അർജ്ജുനന്റെ സാരഥ്യംകൂടെ വഹിച്ച നയതന്ത്രപട്ടവും ആദ്ധ്യാത്മിക ചൈതന്യമൂർത്തിയുമായ ശ്രീകൃഷ്ണന്റെ ആയുഷ്കാലവൃത്തത്തിനുള്ളിൽ തന്നെ സമകാലികർ, വിശിഷ്യ പാണ്ഡവന്മാർ, ഉദയനൻ ആദിയായ ഭാരതത്തിലെ വിശ്രുത രാജാക്കന്മാർ, വിശ്വമോഹനനായ ആ യദുകുലരാജന് അവതാരപദവി നൽകി, കൃഷ്ണവിഗ്രഹങ്ങൾ, നവംനവങ്ങളായ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച് ആരാധിക്കുവാൻ ആരംഭിച്ചു അങ്ങനെ വിഷ്ണുക്ഷേത്രങ്ങളോടൊപ്പം കൃഷ്ണക്ഷേത്രങ്ങളും, പാണ്ഡവക്ഷേത്രങ്ങളും, ഉദയനസാമ്രാജ്യത്തിൽ പ്രചുരപ്രചാരത്തിൽ വന്നു.

ഉദയനസാമ്രാജ്യമായ കേരളത്തിന്റെ അക്കാലത്തെ സ്ഥാനം സഹ്യാദ്രിയ്ക്കു കിഴക്കും പടിഞ്ഞാറും പാർശ്വങ്ങളിലായിരുന്നു. അവിടുന്ന് അഖിലഭാരത പ്രശസ്തനായ അന്നദാനപ്രഭുവായിരുന്നതിനാൽ, ഉദയനരാജ്യത്തിനു "ചോററു" രാജ്യമെന്നും "പെരുഞ്ചോററു" രാജ്യമെന്നും പ്രശസ്തസംജ്ഞകൾ സിദ്ധിച്ചിരുന്നു. "പെരുഞ്ചോററു ഉദയനൻ" എന്ന്, പ്രാചീനതമിഴ് സാഹിത്യകാരന്മാർ സ്തുതിഗീതധ്വനി മുഴക്കിയിട്ടുള്ളതു്, ഉദയനകുലശേഖരപ്പെരുമാളിന്റെ അപദാനങ്ങളെക്കുറിച്ചാണു്.

ശ്രീ മാർത്താണ്ഡവർമ്മ മഹാരാജാവു പ്രധാന സേനാധിപനും മന്ത്രിയുമായ ശ്രീ രാമയ്യനോടൊന്നിച്ച്, തിരുവിതാംകൂറിന്റെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ, യുദ്ധപ്രസ്ഥാനംചെയ്തതു ദിക്ജയത്തിനായുള്ള വ്യാമോഹത്താലായിരുന്നുവെന്നു വല്ലവരും ധരിച്ചിട്ടുണ്ടെങ്കിൽ, ആ ധാരണ അബദ്ധംതന്നെ. പൂർവികായത്തമായ കേരളമഹാരാജ്യം വീണ്ടെടുക്കുവാനുള്ള ദീർഘകാലസമരത്തിനായിരുന്നു, ആ തിരുമേനിയുടെ സന്നദ്ധത. ആ മഹോദ്യമം ഏറെക്കുറെ സഫലമായി. തിരുവിതാംകൂറിനു ആധുനികവിസ്തൃതി വരുത്തുവാൻ അവിടത്തേയ്ക്കു സാധിച്ചു. രാജ്യം ആകെ ശ്രീപത്മനാഭാർപ്പണം ചെയ്തതും, മുറജപാദി

മഹായജ്ഞങ്ങൾ സമാരംഭിച്ചതും, വിസ്തൃതവും വിപുലവുമായ തോതിൽ.ജനസ്ഥാനങ്ങൾതോറും അന്നദാനവ്യവസ്ഥകൾ നടപ്പിൽ വരുത്തിയതും, ശ്രീ മാർത്താണ്ഡവർമ്മ, പാണ്ഡവസഖനായ പൂർവികന്റെ മഹനീയാദർശത്തെ അനുകരിച്ചാകുന്നു. ആ ആദർശമോ, "ധർമ്മോസ്മത്കുലദൈവതം", അതാവിതു ലാററിൻ ഭാഷയിലുള്ള സെർവസ് സെർവോറം ഡീ (Servus servorum dei) എന്നതു തന്നെ ആണല്ലോ.

൧-ാം അദ്ധ്യായം

(ബി. സി. ൩൦൦ വരെയുള്ള ഘട്ടം.)

പ്രാചീനരാജ്യങ്ങളുടെ സാമാന്യചരിത്രം.

---

*അഹിഭൂമി.

ക്രിസ്താബ്ദത്തിനു വളരെ മുൻപ് ഒരു കാലത്ത്, ഇപ്പോഴത്തെ മലയാളദേശം ഉണ്ടായിരുന്നില്ല. ഹിമാലയത്തിനും വിന്ധ്യാദിശൈലനിരകൾക്കും ഇടയിലുള്ള സിന്ധുഗംഗാപ്രവാഹപ്രദേശങ്ങൾ, വിദൂരമായ അതീതകാലത്തു മഹാസമുദ്രമായിരുന്നതുപോലെ, മലയാളഭൂമിയും വളരെക്കാലം സമുദ്രഗർഭത്തിൽ ആണ്ടു കിടക്കുകയായിരുന്നു. പൌരസ്ത്യഭൂപ്രദേശങ്ങളിലും, പൌരസ്ത്യസമുദ്രങ്ങളിലും, സാധാരണയായി ഉണ്ടായിക്കൊണ്ടിരുന്ന ഭൂകമ്പംനിമിത്തം, കരകൾ ആണ്ടു കടലായും, കടലുകളിൽ കരപൊങ്ങി നൂതനഭൂവിഭാഗമായും പരിണമിച്ചുവന്നു. ചില കാലങ്ങളിൽ ഭൂഗർഭത്തിൽ സർവേവിക്കാറുള്ള അഗ്നിപർവതവ്യാപാരങ്ങൾനിമിത്തം, ഭൂപ്രകൃതി ഏതാദൃശങ്ങളായ അവസ്ഥാന്തരങ്ങൾക്കു വിധേയയാകുക കേവലം അസാധാരണമല്ലെന്നുള്ളതിനു, പ്രശസ്തന്മാരായ ഭൂഗർഭശാസ്ത്രജ്ഞന്മാർ സാക്ഷ്യം വഹിക്കുന്നുണ്ടു്. ശോണശിലാഘട്ടത്തിനു മുൻപുള്ള കാലം, 'മലയാളനാട്ടിലെ കരനിരപ്പ്'

---

* അഹികളോടു കൂടിയ അചലം, സഹ്യാചലം.

ഇക്കാലത്തേതിൽനിന്നു 500 അടി താഴെ ആയിരുന്നു. അക്കാലത്തു സമുദ്രം, പശ്ചിമപർവ്വതപംക്തിയുടെ പശ്ചിമപ്രാന്തങ്ങൾ വരെ വ്യാപിച്ചുകിടന്നിരുന്നു. ഇപ്പോൾ കുന്നുകളായും മേട്ടുകളായും പീഠഭൂമികളായും കാണപ്പെടുന്ന പ്രദേശങ്ങൾ, ആ ഘട്ടത്തിൽ ദ്വീപുകളും ഉപദ്വീപുകളും ആയിരുന്നു. മലയാളദേശത്തിന്റെ പൂർവ്വോത്തരപ്രദേശങ്ങളിൽ പ്രാകൃതമായ ഒരു കോട്ടപോലെ അനേക നിരകളിലായി നിലകൊള്ളുന്ന സഹ്യപർവ്വതങ്ങൾ, ചരിത്രാതീതമായ അക്കാലത്തു്, ഒട്ടധികം ജനസ്ഥാനങ്ങളോടുകൂടിയ ഒരു നാടായിരുന്നു. എങ്കിലും, ദുർഗ്ഗമങ്ങളും ഗഹനങ്ങളും ദുഷ്ടമൃഗനിഷേവിതങ്ങളുമായ ആരണ്യപ്രദേശങ്ങളും അവിടെ കുറവായിരുന്നില്ല. സംസ്കാരം സിദ്ധിച്ച മനുഷ്യവർഗ്ഗക്കാർ ആ ദേശത്തു് അധിവസിച്ചിരുന്നതിന്റെ ലക്ഷ്യങ്ങൾ അദ് യാപി കാണപ്പെടുന്നുണ്ടു്. അകിൽ, ചന്ദനം മുതലായ സുഗന്ധികളായ വൃക്ഷങ്ങളും, രാമച്ചം, നറുനീണ്ടി ആദിയായ സൌരഭ്യവാഹികളായ മൂലികകളുംനിറഞ്ഞ പ്രസ്തുത പർവ്വതപ്രദേശങ്ങൾ, നാനാവർഗ്ഗങ്ങളിലുൾപ്പെട്ട സർപ്പങ്ങളുടെയും ഉറച്ച കുടിപാർപ്പു് ആയിരുന്നു. ഇക്കാരണവശാൽ തദ്ദേശത്തിന്നു് "അഹിഭൂമി" എന്ന നാമം സിദ്ധിച്ചു. അഹിഭയം അവിടെ സാധാരണമായിരുന്നതിനാൽ ജനസ്ഥാനങ്ങൾതോറും സർപ്പങ്ങളുടെ വാസത്തിനും സൈ്വരവിഹാരത്തിനും വേണ്ടി സർപ്പക്കാവുകൾ ഉണ്ടാക്കി, സർപ്പപീഡയിൽനിന്നു് ഒഴിയുവാൻ അഹിഭൂമിനിവാസികൾ ശ്രമിച്ചുതുടങ്ങി. ശത്രുവിന്റെ ഇംഗിതമനുസരിച്ചു, വേണ്ട നയോപായങ്ങൾ പ്രയോഗിക്കുന്ന പക്ഷം, ശത്രു ക്രമേണ മിത്രമായി പരിണമിക്കുമല്ലോ. ഈ ന്യായമനുസരിച്ചു് അഹിദേശിയർ സർപ്പങ്ങൾക്കു ഹിതകരങ്ങളായ ഭോജ്യസാധനങ്ങൾ ഈ കാവുകളിൽ, പതിവായി കൊണ്ടുവച്ചുപോന്നു. സർപ്പദംശത്തിൽനിന്നു് ഒഴിവാനായി അവർ ഈ പദ്ധതി സ്വീകരിച്ചതിനും പുറമേ, സർപ്പവിഷം ഏററാൽ പ്രാണാപായം സംഭവിക്കാതെ രക്ഷപ്പെടുവാനുള്ള മാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടിരുന്നു. കാനനപ്രദേശങ്ങളിൽ സുലഭങ്ങളായ ദിവ്യമൂലികകൾ ഓരോന്നായി, അവർ ഗുണപരീക്ഷ നടത്തി. ഇപ്രകാരം നിത്യപരിശീലനം ചെയ്തുകൊണ്ടിരുന്ന അവർ, കാലാന്തരത്തിൽ സർപ്പാരാധകന്മാരും, വിദഗ്ദ്ധന്മാരായ വിഷചികിത്സകന്മാരും ആയി ഭവിച്ചു.

വന്യമൃഗങ്ങളുമായി മിക്കവാറും സദാ മല്ലടിക്കേണ്ടി വന്നതിനാൽ ആയുധവിദ്യയിൽ ഈ സപ്പാരാധകന്മാർ നിപുണരായിത്തീൎന്നു. വില്ലും, അമ്പും, കുന്തവും ഉപയോഗിക്കുന്നതിനു് അവൎക്കു് പരിചയം സിദ്ധിച്ചിരുന്നു. ഇവർ കേവലം അപരിഷ്കൃതരായിരുന്നില്ല. വേട്ടയിൽ ലഭിച്ചുവന്ന മാംസവും കൈവൎത്തകവിദ്യയാൽ സമ്പാദിച്ചുവന്ന മത്സ്യവും, കായ്കനികളും അവരുടെ വൃദ്യങ്ങളായ ആഹാരസാധനങ്ങളായിരുന്നു. നെല്ലു, ചാമ, തിനമുതലായ അരിവൎഗ്ഗങ്ങളും, പയറുവൎഗ്ഗങ്ങളും, വാഴ, കരിമ്പു മുതലായ ചെടികളും അവർ കൃഷി ചെയ്തുവന്നു. ജനസ്ഥാനങ്ങളിൽ ചെറുഗൃഹങ്ങൾ പണിഞ്ഞു് അവർ കുടിപാൎത്തുപോന്നു. പാറക്കല്ലുകളും മരവുംകൊണ്ടു് മനോഹരമായി നിൎമ്മിക്കപ്പെട്ടിരുന്ന ഈ ഭവനങ്ങൾ, അപ്രദേശങ്ങളിൽ സുലഭമായ പുല്ലുകൊണ്ടു മേഞ്ഞു, ശീതാതപവൃഷ്ടികളിൽനിന്നു് രക്ഷനേടി, വാസയോഗ്യമാക്കിത്തീൎക്കപ്പെട്ടിരുന്നു. കൃഷികൾ ചുരുങ്ങിയ തോതിൽ മാത്രമേ നടത്തപ്പെട്ടുവന്നുള്ളു. ഓരോ ഗൃഹത്തിലെയും പ്രായം കൂടിയ പുരുഷൻ അതതു കുടുംബത്തിലെ പ്രമാണിയായിരുന്നു. കുടുംബപ്രമാണികളുടെ കൂട്ടത്തിൽ കൂടുതൽ വൈഭവവും കായബലവും പ്രായവും ഉള്ള ആൾ, ജനസ്ഥാനത്തിലെ തലവൻ ആയി പരിഗണിക്കപ്പെട്ടിരുന്നു. ഇങ്ങനെയുള്ള ഒട്ടനേകം ജനസ്ഥാനങ്ങൾ ചേൎന്നു് ഏതാനും ചില രാജ്യങ്ങൾ, അക്കാലത്തും നിലനിന്നിരുന്നതായി അനുമാനിക്കാൻ തക്കതായ ലക്ഷ്യങ്ങൾ ഉണ്ടു്.

കുമാരികോട്ടു്.

"അഹിഭൂമി" എന്ന സംജ്ഞ പ്രസ്തുതരാജ്യത്തിനു നൽകിയതു് അവിടെ ഉപവേശം ചെയ്ത വിജേതാക്കളായ ആൎയ്യബ്രാഹ്മണരാണു്. അവർ ഏതദ്ദേശീയരായ സപ്പാരാധകന്മാരെ "നാഗന്മാർ" എന്നു് അഭിസംബോധന ചെയ്തു. നാഗന്മാർ അഹിഭൂമിയിലെ ദ്രാവിഡരാകുന്നു. മലയാളദേശത്തെ ആദി ദ്രാവിഡന്മാരുടെ നിവാസസ്ഥാനമായിരുന്ന "അഹിഭൂമി"യുടെ ഏതദ്ദേശീയനാമം; "മലേക്കോട്ടു്" എന്നായിരുന്നു. മലേക്കോട്ടിലെ ഒരു പുരാതനമായ രാജ്യം കുമാരികോടാണു്. ഈ രാജ്യത്തിന്റെ തലസ്ഥാനം കുമാരിപട്ടണം ആയിരുന്നു; അതാവിട്ടു ആദികന്യാകുമാരിതന്നെ. പ്രാചീനരായ ഗ്രീക്കുനാവികന്മാൎക്കു

ഫെനീഷ്യനാവികന്മാൎക്കും "കുമാരി" സുപരിചിതമായ നഗരമാണു്. "കുമാൎയ്യാഗ്രം" എന്നു ടോള്ളമിയും "കുമാൎയ്യാ" എന്നു പെരിപ്ലസ്സ്ഗ്രന്ഥകാരനും ഈ നഗരത്തിനു സംജ്ഞ നൽകിയിട്ടുള്ളതായി കാണുന്നു. "കുമാരി"യിൽ വിശേഷപ്പെട്ട ഒരു നൌകാശയം ഉണ്ടായിരുന്നതായും ഗ്രീക്കുനാവികന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ കുമാരി നഗരത്തിന്റെ സ്ഥാനം ഇപ്പോഴത്തെ കന്യാകുമാരികോടിയുടേതിൽ നിന്നു്, കുറേദൂരം തെക്കോട്ടു നീങ്ങിയായിരുന്നു. "കുമാരികോടി" അത്യുന്നതമായ ഒരു പാറക്കെട്ടാണെന്നു ഡയനീഷ്യസ്സിന്റെ ഭൂമിശാസ്ത്രീയ കവിതയിൽ വൎണ്ണിച്ചിരിക്കുന്നു. "കുമാരികോടിൽ" ഭയങ്കരമായ അരണ്യപ്രദേശം ഉണ്ടെന്നും, വന്യമൃഗങ്ങളും ഒട്ടധികം വാനരവൎഗ്ഗങ്ങളും, ആൾക്കുരങ്ങുകളും കാണപ്പെടുന്നുവെന്നും, അവിടെ അധിവസിക്കുന്ന ജനങ്ങൾപോലും കാഴ്ചയിൽ ഭീമാകാരന്മാരാണെന്നും, മാർക്കോപോളാ പ്രസ്താവിച്ചിട്ടുള്ളതായി കാണാം. ആധുനികകന്യാകുമാരിയിൽനിന്നു തെക്കോട്ടു വളരെ ദൂരംവരെ, "കുമാരികോടു്" എന്ന മലംപ്രദേശം വ്യാപിച്ചിരുന്നതായും, പഹ്റുളിനദി പ്രസ്തുത പൎവ്വതപ്രദേശത്തിന്റെ സാനുക്കളിൽക്കൂടി പ്രവഹിച്ചു സമുദ്രത്തിൽ പതിച്ചിരുന്നതായും, പഹ്റുളീനദിയിൽ മുത്തും പവിഴവും ധാരാളമായി വിളഞ്ഞിരുന്നതായും, മുത്തളങ്ങളിലും കുമാരികോടിലും പാണ്ഡ്യരാജാവിനു, ചിലകാലങ്ങളിൽ മേൽക്കോയ്മ ഉണ്ടായിരുന്നതായും, 1800 വൎഷം മുൻപു തമിഴ്നാട്ടിലെ ജനങ്ങൾക്കു പാരമ്പൎയ്യമായ കേട്ടറിവുണ്ടായിരുന്നതായി, തമിഴ്ഗ്രന്ഥങ്ങൾകൊണ്ടു വ്യക്തമാകുന്നതാണു്. ക്രിസ്തുവിന്റെ ജനനത്തിനു് ഉദ്ദേശം അഞ്ചുശതവൎഷം മുൻപു് ഉണ്ടായ ഒരു ഭൂകമ്പം നിമിത്തം, കുമാരികോടു് സമുദ്രത്തിൽ ആണ്ടുപോയെന്നു് അനുമാനിക്കാവുന്നതാണു്. സിലോണിലെ ബുദ്ധമതരേഖകളിൽ സൂചിപ്പിച്ചിട്ടുള്ള സമുദ്രത്തിലെ 'കമ്പം തന്നെ ആയിരിക്കണം, കുമാരികോടിനേ നശിപ്പിച്ചു കടലിൽ മഗ്നമാക്കിയതെന്നു നമുക്കു വിശ്വസിക്കാം. "കുമാരീകല്യാണ"ത്തെക്കുറിച്ചു തമിഴരുടെ ഇടയിൽ നിലവിലിരിക്കുന്ന ഐതിഹ്യവും പ്രസ്തുതഭൂകമ്പത്താലുണ്ടായ, കുമാരികോടിന്റെ നാശത്തേ, മറെറാരു രൂപത്തിൽ വെളിപ്പെടുത്തുകയായിരിക്കാനേ തരമുള്ളു.

ഇപ്പോൾ നാംകാണുന്ന കന്യാകുമാരി, കുമാരികോട്ടിൻെറ നാശത്തിനുശേഷം രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. കന്യാകുമാരി അത്യന്തം രമണീയവും വിശ്രുതവുമായ ഒരുകോടിയാണ്. ഭാവിയിൽ അത്യൽകൃഷ്ടമായ ഒരു നൌകാശയനഗരമായിത്തീരുവാനുള്ള പ്രകൃതിസൌകര്യവും പ്രാധാന്യവും ഒത്തിണങ്ങിയ ഒരു സ്ഥാനമാകുന്നു ഇത്.

പുരളിരാജ്യം.

“പരളി” എന്നും “പരളിയ” എന്നും പ്രാചീനഗ്രീക്കുനാവികന്മാർ പ്രസ്താവിച്ചിട്ടുള്ള “പുരളി” ദക്ഷിണേന്ത്യയിലെ ഏററവും പുരാതനമായ ഒരു രാജ്യമായിരുന്നു. വടക്കു വക്കലക്കു മുതൽ, തെക്കു കുമാരിഗ്രാമംവരെയും, സഹ്യൻെറ പൂർവ്വഭാഗത്തു സമുദ്രതീരംവരെയും ഒരു കാലത്ത് ഈ രാജ്യം വ്യാപിച്ചിരുന്നതായും, കുമാരികോട്ടം മലേക്കോട്ടം മധുര തിരുനൽവേലി ഡിസ്ത്രിക്ററുകളിൽ ഇപ്പോൾ ചേർന്നുകിടക്കുന്ന ഏതാനംദേശങ്ങളുംകൂടി ഇതിൽ ഉൾപ്പെട്ടിരുന്നതായും, പുരളിരാജാവു സഹ്യാചലത്തിൻെറ പൂർവ്വഭാഗത്തും ആധിപത്യം ഉറപ്പിച്ചിരുന്നതായും, പ്രാചീനഗ്രീക്കുനാവികന്മാരുടെ ലിഖിതങ്ങളിൽനിന്ന് അനുമാനിക്കാൻ കഴിയും. വക്കല, കോവളം, മംഗാരം, കുമാരി എന്നിവ പുരളിയിലെ പ്രസിദ്ധതുറമുഖനഗരങ്ങളായിരുന്നു. മുത്ത് പുരളിയിലെ പറളി നദിയിൽനിന്നു ധാരാളം ലഭിച്ചുപോന്നു. ഗ്രീക്കുകാരും ഫെനീഷ്യന്മാരുമായ പ്രാചീന നാവികന്മാർ ഈ തുറമുഖങ്ങളിൽ കപ്പലടുത്തു, മുത്തും വനവിഭവങ്ങളും വിലയ്ക്കു എടുത്തു പാശ്ചാത്യദേശങ്ങളിലേയ്ക്കു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു.

പുരളിരാജ്യം തിരുവിതാംകൂർ രാജവംശത്തിൻെറ ഭരണത്തിലായിരുന്നു. “പുരളീശൻ” എന്നുള്ള സംജ്ഞ, തിരുവിതാംകൂർ മഹാരാജാക്കന്മാരെ ഉദ്ദേശിച്ചു പ്രാചീനകൃതികളിൽ ഉപയോഗിച്ചിട്ടുള്ളതായിക്കാണുന്നുണ്ട്. പുരളിരാജാവിൻെറ അന്യാദൃശമായ പ്രാഭവം നിമിത്തം അസൂയാലുവായി ഭവിച്ച പാണ്ഡ്യരാജാവു പുരളിയെ ആക്രമിക്കുകയും, ചില പ്രദേശങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തുവെങ്കിലും, പാണ്ഡ്യരാജാവിൻെറ അധികാരം, ദീർഘകാലം അപ്രദേശങ്ങളിൽതന്നെയും നിലനിർത്തുവാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല, പ്രബലരായ

അന്യരാജാക്കന്മാൎക്ക് ആൎക്കുംതന്നെ പുരളിരാജ്യത്തിൽ അധികാരം ചെലുത്തുവാൻ കഴിവുവന്നിട്ടുമില്ല. എന്നാൽ ബി. സി. അഞ്ചാംശതവൎഷത്തിലുണ്ടായ ഭൂകമ്പവും സമുദ്രക്ഷോഭവും നിമിത്തം പുരളിരാജ്യത്തിന്റെ ദക്ഷിണഭാഗമായ കുമാരികോട്ടം, പശ്ചിമതീരസ്ഥലങ്ങളായ പല പ്രധാനനഗരങ്ങളും, ഒട്ടധികം ഭൂപ്രദേശങ്ങളും സമുദ്രത്തിൽ മഗ്നമായിപ്പോയി. ഈ സംഭവത്തോടുകൂടി പുരളിയ്ക്കു വലുതായ ശക്തിക്ഷയം നേരിട്ടു. വിദേശനാവികന്മാരെയും അയൽ രാജാവായ പാണ്ഡ്യനെയും പ്രസ്തുതരാജ്യത്തേയ്ക്ക് ആകൎഷിച്ചുകൊണ്ടിരുന്ന മുത്തുകളും നഷ്ടപ്പെട്ടു. എങ്കിലും "പറളി"യാറിന്റെ ഒരു ഭാഗം ഇക്കാലത്തും കാണാനുണ്ട്. "തോവാള" എന്ന ദേശനാമവും അവശേഷിച്ചു. പ്രസിദ്ധപ്പെട്ട താമരക്കുളം ഉപ്പളങ്ങളിലേക്ക്, ചാൽവഴി പറളിനദിയിലെ ഘനമേറിയ ലവണജലം തിരിച്ചുകൊണ്ടുവന്ന്, ഉപ്പുവിളയിച്ചുവരുന്നു. ഇപ്പോൾ അവശേഷിച്ചിരിക്കുന്ന ഈ നദീഭാഗം, സമുദ്രത്തിൽ പതിക്കാതെ ഇടയ്ക്കുവച്ചുതന്നെ ഭൂമിയിൽ അന്തൎദ്ധാനം ചെയ്യുന്നതായിട്ടാണു കാണുന്നതു്. മുത്തിനു പ്രശസ്തിനേടിയ "പറളി" യാററിനേയും, വിദേശവാണിജ്യത്തിനു പ്രസിദ്ധിയേറിയ "മംഗാരം" തുറമുഖത്തേയും തമിഴ്നാട്ടിലെ വയോധികർ അഭിമാനം സ്ഫുരിക്കുന്ന നേത്രങ്ങളോടുകൂടി വാഴ്ത്തുന്നതു കേൾക്കുവാൻ ഇടയായിട്ടുണ്ട്. പ്രാചീനനാവികന്മാരുടെയും മെഗസ്തനീസ്, ഹ്യൂയൻസാങ്ങ് മുതലായ സഞ്ചാരികളുടെയും ശ്രദ്ധയെ സവിശേഷം ആകൎഷിക്കത്തക്കവിധം, സംസ്കൃതചിത്തരായ യതിവൎയ്യന്മാരാൽ അധിവസിതമായ മരുതപാമല, ആധുനിക പറളീനദിയിൽനിന്ന് അധികം അകലെയല്ല. കന്യാകുമാരിയിലേക്കുള്ള രാജപാതയോടു സമീപിച്ചു പൂൎവ്വഭാഗത്തു മരുതപാൻ നിലകൊള്ളുന്നു. റോഡിൽക്കൂടി അല്പം പടിഞ്ഞാറോട്ടു പോയാൽ താമരക്കുളം അളത്തിലേക്കുള്ള ഉപപാതമാൎഗ്ഗേണ ഉപ്പളപ്രദേശത്ത് എത്താം. അളത്തിൽനിന്നാൽ പറളിനദി കാണാം. കന്യാകുമാരിയിലേയ്ക്ക് ഈ പ്രദേശത്തുനിന്നു നാലുമൈലോളം ദൂരമേ ഉള്ളു.

പുരളിരാജ്യത്തിൽ ഏതാനംഭാഗം ഭൂകമ്പനിമിത്തം കടലിൽ ആണ്ടുപോയതോടുകൂടി, ആ രാജ്യത്തുനിന്നു ജനങ്ങൾ പലരും മലവാരംതേടി കിഴക്കോട്ടും വടക്കോട്ടും കുടിപുറപ്പെട്ടു പോയതായി ഊഹിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

"പിരളി" (പുരളി ലോപിച്ചു ഉണ്ടായ പേർ) എന്ന ഭവനപ്പേ
രുള്ള പുരാതന കുടുംബങ്ങൾ മലവാരം സംബന്ധിച്ച പ്രദേശ
ങ്ങളിൽ, അദ്യാപി നിലനിന്നുപോരുന്നുണ്ട്. ജന്മദേശത്തിന്റെ
സംജ്ഞ, പുറസ്ഥലങ്ങളിൽ പുതിയ ഭവനത്തിന്റെ പേരായി
സ്വീകരിക്കുന്ന ഇപ്പോഴത്തെ പതിവു, പൂർവ്വകാലങ്ങളിലും
സാധാരണമായിരുന്നു. കുറേക്കൂടി വിശദമായിപ്പറയുകയാണെ
ങ്കിൽ, ലക്ഷ്യങ്ങൾക്ക് അധികം ആരായേണ്ടതായില്ല, കാര്യ
വശാൽ, തിരുവനന്തപുരം മുതലായ പ്രധാന നഗരങ്ങളിൽ
സ്ഥിരവാസം ഉറപ്പിക്കേണ്ടിവന്നിട്ടുള്ള ഇതരസ്ഥലവാസികൾ,
അവരവരുടെ ജന്മദേശങ്ങളുടെ പേരിനോടു സംഘടിപ്പിച്ചു,
വക്കലെവിളാകം, അളിപ്പാട്ടുവീട്, ഇടപ്പള്ളിവീട്, ചങ്ങനാ
ശ്ശേരിവീട്, പറവൂർ ബംഗ്ലാവ് മുതലായ ഭവനനാമങ്ങൾ
സ്വീകരിച്ചുവരുന്ന വസ്തുത നമുക്ക് അനുഭവസിദ്ധമാണല്ലോ.
മലയാളദേശ ചരിത്രത്തിന്റെ സംഭവബഹുലമായ മദ്ധ്യഘട്ട
ത്തിൽ, രണ്ടര ശതവർഷത്തോളം സാമൂതിരിരാജകുടുംബവും
കൊച്ചീരാജകുടുംബവും തമ്മിൽ നടന്നുകൊണ്ടിരുന്ന മഹായുദ്ധ
കാലത്തു, പ്രാണരക്ഷയും സ്വൈരജീവിതവും കാംക്ഷിച്ചു,
ദക്ഷിണ മലബാറിലും കൊച്ചിയിലും ഉത്തര തിരുവിതാം
കൂറിലും നിന്നു, പലരും കുടിപുറപ്പെട്ടു മദ്ധ്യതിരുവിതാംകൂറിൽ
പല പ്രദേശങ്ങളിലായി വന്നെത്തി വാസം ഉറപ്പിച്ചിട്ടുണ്ട്.
ഇപ്രകാരം ഉപവേശം ചെയ്തവരുടെ ഗൃഹനാമങ്ങളിൽ മിക്ക
വാറും, അവരവരുടെ ജന്മദേശത്തിന്റെ സംജ്ഞയോടുകൂടി
ഘടിപ്പിച്ചിട്ടുള്ളതായിക്കാണുന്നു; വടുതല, പന്തപ്പള്ളി, പന്ത
പ്പാട്ട്, പയിങ്ങാട്ട്, പയിങ്ങോട്ട്; വെട്ടത്തു, വില്യാർവട്ടത്തു,
മണപ്പാട്ട്, മണക്കോട്ട്, മാപ്രാണത്തു, പള്ളിപ്പുറത്തു, കൊച്ചി,
പാലപ്പള്ളി, കണ്ണൻകര, കടമപ്പുഴ, കോഴിക്കോട്ട്, ചാ(ല)
പ്പുറം, കൊല്ലങ്കോട്ട്, പാറക്കടവ് ആദിയായ കുടുംബപ്പേരു
കൾ ഇതിനു ഉത്തമസാക്ഷ്യം വഹിക്കുന്നു.

കുമാരിക്കോട്ടം പുരളിയുടെ പശ്ചിമതീരങ്ങളും സമുദ്രമായ
ശേഷം, ആ രാജ്യത്തിന്റെ ദക്ഷിണാഗ്രത്തു നൂതനമായ
പ്രകൃതി ശുചീകരിച്ച കോടിയിൽ ആധുനിക കന്യാകുമാര
ക്ഷേത്രം പണികഴിപ്പിക്കപ്പെടുകയും പ്രതിഷ്ഠമുതലായ ചടങ്ങു
കൾ നടത്തപ്പെടുകയുംചെയ്തു. ക്രമേണ കന്യാകുമാരി മനോഹര
മായ ഒരു ചെറിയപട്ടണമായി വളർന്നുവന്നു. എങ്കിലും പുരളി

രാജധാനി കൽക്കുളത്തേയ്ക്കു മാററപ്പെട്ടു. "ശ്രീവാഴുംകോട്ടു്" എന്നു് ഒരു പട്ടണം രാജമന്ദിരത്തെചുററി വിസ്തൃതമായിത്തീൎന്നു. കാലക്രമേണ ശ്രീവാഴുംകോട്ടു് "തിരുവാംകോട്ടു്" ആയി രൂപാന്തരപ്പെട്ടു. കാലാന്തരത്താൽ പുരളി എന്ന സംജ്ഞ തിരസ്കൃതമായി; അതു വിസ്മൃതകോടിയിൽ ലയിച്ചു. ഇപ്രകാരം പുരളീശൻെറ നൂതനരാജധാനിയുടെ പേരുതന്നെ രാജ്യത്തിനും സിദ്ധിച്ചു.

ഇളമൂരിക (ഇളമുരുകനാടു്)

അഹിക്ഷേത്രത്തിൻെറ (അഹിഭൂമി) പശ്ചിമപ്രാന്തങ്ങളിൽ, കടലോരംസംബന്ധിച്ചു, നെടുനീളത്തിൽ ഒരു ചെങ്കുന്നു് ഉണ്ടായിരുന്നു. ഉറപ്പുള്ള ചെമ്മണ്ണിനാൽ പ്രകൃതി രൂപീകരിച്ചിട്ടുള്ള ഈ കുന്നു്, അഹിഭൂമിക്കും പശ്ചിമസമുദ്രത്തിനും ഇടയ്ക്കു് ആയതമായ ഒരു മൺകോട്ടപോലെ നിലനിന്നു. കുമാരികോട്ടമുതൽ വടക്കു ഗോകൎണ്ണംവരെ, ഈ ശൈലപോതം വ്യാപിച്ചിരുന്നു. ചില ഭാഗങ്ങളിൽ ഈ മൺകുന്നിനു, സമുദ്രനിരപ്പിൽനിന്നു 800 അടിയിൽ ഉപരിയായ പൊക്കം ഉണ്ടായിരുന്നു. ഇള (ഭൂമി)യുടെ ഉറച്ച ഭാഗം (മൂരിക) എന്നൎത്ഥമുള്ള "ഇളൈമൂരികൈ" എന്നു ജനങ്ങൾ, ഈ കുന്നിനു സംജ്ഞ നൽകി. സമുദ്രതീരം സംബന്ധിച്ച പ്രദേശമാകയാലും, വലിയ കാടുകളും മറവും കുറവായിരുന്നതിനാലും, ക്രമേണ ഇപ്രദേശത്തു ജനാധിവാസം വൎദ്ധിച്ചു. സമുദ്രസഞ്ചാരത്തിനും, വിദേശങ്ങളുമായി നാവികബന്ധത്തിനും ഉപയുക്തങ്ങളായ പ്രാകൃതനൌകാശയങ്ങൾ ഈ കുന്നിൻെറ പശ്ചിമപാൎശ്വത്തിൽ പല സ്ഥാനങ്ങളിലും ഉണ്ടായിരുന്നതിനാലും, ഈ ഭൂഭാഗം സ്വാഭാവികമായിത്തന്നെ ഫലവത്തും, കൊടിമുളക, ഇഞ്ചി, നറുനീണ്ടി, കച്ചോലം, ചപ്പോങ്ങു് മുതലായ വിശിഷ്ട സാധനങ്ങളാൽ സമൃദ്ധവും ആയിരുന്നതിനാലും, പ്രസ്തുതദേശവും വിദേശങ്ങളുമായി നാവികവാണിജ്യം സ്ഥാപിതമായി.

"ലൈമുറിക്കു്" (Lymurike) എന്നു ഗ്രീക്കുകാരാദിയായ നാവികപ്രമാണികൾ പ്രസ്താവിച്ചിട്ടുള്ളതു്, ഈ "ഇളൈമൂരികൈ" (ഇളമൂരിക) ദേശത്തെക്കുറിച്ചാണു്. സാമാന്യം നീളമുള്ള ഒരുതരം ഇരകൾ ഈ കുന്നുകളിലെ മണ്ണിൽ ധാരാളമായി കാണപ്പെട്ടിരുന്നതിനാൽ ഇളയിലെ (ഭൂമിയിലെ) മൂരിക (ചെറിയ ഇഴജന്തു)കളോടുകൂടിയ പ്രസ്തുതപ്രദേശത്തിനു് ഇളമൂരിക

എന്ന പേർ സിദ്ധിച്ചതാണെന്നും, ഒരുകാലത്ത് ഈ രാജ്യം വാണിരുന്ന അതിപ്രതാപശാലിയായ "ഇളമൂരുകൻ" എന്ന രാജാവിന്റെ നാമസ്മാരകമായി രാജ്യത്തിനു ഈ പേർ സിദ്ധിച്ചുവെന്നും പക്ഷാന്തരം ഉണ്ടാവാം.

ദേശനാമത്തിന്റെ ആഗമത്തെക്കുറിച്ചുള്ള അഭിപ്രായാന്തരങ്ങൾ ഏതുപ്രകാരമായിരുന്നാലും, ക്രിസ്താബ്ദത്തിനു അനേക ശതവർഷം മുൻപുതന്നെ, ഇളമൂരികയിൽ വിശ്രുതങ്ങളായ നൌകാശയങ്ങളും, സമ്പൽസമൃദ്ധങ്ങളായ ജനസ്ഥാനങ്ങളും, പ്രബലങ്ങളായ ചില രാജ്യങ്ങളും, നിലനിന്നുപോന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. വടകൊല്ലം, പുറക്കാട്, തെൻകൊല്ലം, ബലിക്കര (വക്കലെ), മംഗാരം, കുമാരി എന്നിവ ഈ ദേശത്തെ പ്രധാനപ്പെട്ട നൌകാശയനഗരങ്ങളായിരുന്നു. ബി. സി. 500-ാമാണ്ടടുത്ത് ഉണ്ടായ ഭൂകമ്പംനിമിത്തം പുരളിനാട്ടും അതിന്റെ പശ്ചിമതീരത്തുള്ള ഇളമൂരികാഭാഗവും നഷ്ടപ്പെട്ട ഘട്ടത്തിൽ, വക്കലെക്കുന്നുമുതൽ വടക്കോട്ട് ഗോകർണ്ണം വരെ ഉണ്ടായിരുന്ന ഇളമൂരികയുടെ മററു പ്രദേശങ്ങളും കടലിൽ ആണ്ടുപോയിരിക്കണം. ഈ പ്രാചീനദേശത്തിന്റെ നഷ്ടശിഷ്ടങ്ങളാണ് ഇപ്പോൾ കാണപ്പെടുന്ന വക്കലെക്കുന്ന്. ഉത്തരമലയാളത്തിന്റെ ഉത്തരസീമയിലുള്ള "ഡീ ഏലി" (ഏഴിമല) മലകളും എന്നു അനുമാനിക്കുന്നതിൽ അസാംഗത്യം ഉണ്ടെന്നു തോന്നുന്നില്ല. ഭൂകമ്പംനിമിത്തം ഇളമൂരികനാട് അപ്രത്യക്ഷമായെങ്കിലും, ആ ദേശത്തിന്റെ ശേഷിച്ച പൂർവപ്രാന്തങ്ങൾക്ക് അതേ പേർതന്നെ നിലനിന്നതായും, കാലക്രമേണ കടൽ പിൻവാങ്ങി കര പൊങ്ങിവന്നശേഷം, ഇപ്പോഴത്തെ ബെയിപ്പൂരിനു സമീപമുള്ള "കടലുരുട്ടി" മുതൽ തെക്കു നീലകണ്ഠം (കൊല്ലംകല്ലട) വരെയുള്ള പ്രദേശത്തു ഇളമൂരികയ്ക്കു രാജ്യവിസ്താരം വരുത്തി, *കേരളപുത്രൻ എന്ന ഒരു

* അശോകന്റെ ചില ശിലാശാസനങ്ങളിലും "കേരളപുത്രന്മാർ" എന്നു ബഹുവചനസംജ്ഞ കാണുന്നു. കേരളത്തിലെ രാജാക്കന്മാരെ പൂർവകാലങ്ങളിൽ വിദേശികളും ഇതരരാജാക്കന്മാരും "കേരളപുത്രന്മാർ" എന്നു വിളിച്ചുവന്നു. രാജപുത്രസ്ഥാനത്തെ ക്ഷത്രിയർക്കു "രാജപുത്രന്മാർ" എന്നു വർഗ്ഗീയസംജ്ഞ ഉള്ളതുപോലെ പ്രാചീനകേരളത്തിലെ രാജാക്കന്മാർക്കു "കേരളപുത്രന്മാർ" എന്നു സംജ്ഞയായിരുന്നു. (ഗ്രന്ഥകർത്താ).

രാജാവു ഭരിച്ചിരുന്നതായും, പാശ്ചാത്യസഞ്ചാരികൾ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

തെന്മലദേശം.

അഗ്നിക്ഷേത്രത്തിലെ പുരാതനരാജ്യങ്ങളിൽ ഒന്നാകുന്നു തെന്മലദേശം. ഈ രാജ്യം കൊടിമുളകു, തേൻ, കുന്തിരിക്കം, ഏലം, കറുവ, ചപ്പോങ്ങു് മുതലായ വിഭവങ്ങൾക്കു പ്രസിദ്ധിയേറിയതായിരുന്നു. ക്രിസ്ത്വാബ്ദത്തിനു മുൻപും പിൻപും മലയാളദേശം സന്ദർശിച്ചിട്ടുള്ള വിദേശനാവികന്മാർ തെന്മലദേശത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. കുളത്തൂപ്പുഴ, മാമ്പലത്തറ, തെന്മല, ആര്യങ്കാവു്, ആദിയായ മലവാരങ്ങൾ ഈ ദേശത്തിൽ ഉൾപ്പെട്ടിരുന്നു. ഇവിടം ഒരു ദ്രവിഡരാജാവിന്റെ ഭരണത്തിലായിരുന്നുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. പത്തനാപുരം ഈ പ്രാചീനദേശത്തിന്റെ തലസ്ഥാനനഗരമായിരുന്നു. കുളത്തൂപ്പുഴ, മാമ്പല (ഴ) ത്തറ, തെന്മല, ആര്യങ്കാവു് മുതലായ സ്ഥലങ്ങളിലെ ക്ഷേത്രസങ്കേതങ്ങൾക്കു ചുറ്റും ആയിരുന്നു നിബിഡമായ ജനാധിവാസം. ജൈനമതം ഇപ്രദേശത്തു പ്രചരിച്ചിരുന്നതായി, ഈ മലമ്പ്രദേശത്തു് അദ്യാപി നിലനിന്നുപോരുന്ന ശാസ്താക്ഷേത്രങ്ങളിലും ശാസ്താവിഗ്രഹങ്ങളിലുംനിന്നു നിർണ്ണയിക്കുന്നതു് അസംഗതമാകുന്നതല്ല. സഹ്യന്റെ പൂർവ്വപ്രദേശത്തു കിടക്കുന്ന ദേശങ്ങളും തെന്മലദേശവുമായി, പ്രസിദ്ധപ്പെട്ട ആര്യങ്കാവുപാത ആദിയായ ഏതാനും മാർഗ്ഗങ്ങളിൽക്കൂടി ഗതാഗതത്തിനും വാണിജ്യത്തിനും സൌകര്യം ഉണ്ടാക്കപ്പെട്ടിരുന്നു.

നിലയ്ക്കൽദേശം.

തെന്മലദേശത്തിനു വടക്കു് ഉണ്ടായിരുന്ന മറ്റൊരു പുരാതനമായ മലയക്കോടാണു നിലയ്ക്കൽദേശം. ഈ ദേശം ഇപ്പോഴത്തെ പത്തനംതിട്ട മുതൽ ശബരിമലവരെ വ്യാപിച്ചിരുന്നതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. പത്തനംതിട്ട, നിലയ്ക്കൽ, എന്നിവ ഈ ദേശത്തെ പ്രധാനപ്പെട്ട രണ്ടു ജനസ്ഥാനങ്ങളായിരുന്നു. പ്രബലമായ പ്രാചീനപരിഷ്കാരത്തിന്റെ നഷ്ടശിഷ്ടങ്ങളായ ലക്ഷ്യങ്ങൾ, നിലയ്ക്കൽ എന്നു് ഇപ്പോൾ അറിയപ്പെടുന്ന കാട്ടുപ്രദേശത്തും പരിസരങ്ങളിലും കാണപ്പെടുന്നുണ്ടു്. ക്രിസ്ത്വാബ്ദത്തിനു് ഉദ്ദേശം രണ്ടായിരം സംവത്സരം മുൻപു രചിക്കപ്പെട്ടതായി ഇപ്പോൾ അനുമാനിക്കപ്പെട്ട

രിക്കുന്ന രാമായണഗ്രന്ഥത്തിൽ വിവരിച്ചുകാണുന്ന കിഷ്കിന്ധ രാജധാനിയും ഋശ്യമൂകാചലവും ഈ പ്രാചീനദേശത്തിന്റെ സീമകൾക്കുള്ളിൽ, ഇതിഹാസകാലത്തോടു സമീപിച്ച ഘട്ടത്തിൽ പ്രശസ്തങ്ങളായ ജനസ്ഥാനങ്ങളായി നിലനിന്നുപോന്നുവെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ ദേശത്തും ജൈനമതവും ബുദ്ധമതവും പ്രചാരത്തിലിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്നു ശബരിമല മുതലായ ശാസ്താക്ഷേത്രങ്ങളിലും, അദ്യാപി പല ഭാഗങ്ങളിലും കാണപ്പെടുന്ന ശാസ്താവിഗ്രഹങ്ങളിലുംനിന്നു തീർച്ചപ്പെടുത്താം. ദ്രാവിഡന്മാരായിരുന്നു ഇദ്ദേശത്തെയും ആദിമനിവാസികൾ. എങ്കിലും ആര്യോപവേശം കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നതായി അനുമാനിക്കുവാൻ മതിയായലക്ഷ്യങ്ങൾ ഉണ്ട്. ശബരിമലയിൽ നിന്നു അകലെ കാണപ്പെടുന്ന പൊന്നമ്പലമേട്ട്(മാടം) രാജസ്ഥാനമായിരുന്നു.

നിലയ്ക്കൽദേശവാസികൾസുഭിക്ഷമായി സൈ്വരജീവിതം നയിച്ചുകൊണ്ടിരുന്ന കാലത്തു, * "വക്രിപ്പുലി" "പറപ്പാററ" എന്നിങ്ങനെയുള്ള രണ്ടുതരം മനുഷ്യോപദ്രവകാരികളായ ജന്തുക്കളുടെ ശല്യം പൊട്ടുന്നനവെ ഉണ്ടായി, തുടരെ നില നില്ക്കുകയാൽ, അവർ ഭയവിഹ്വലരായി നാടും വീടുകളും ഉപേക്ഷിച്ചു പടിഞ്ഞാറോട്ടു കുടി പുറപ്പെട്ടുപോയതായും, ചങ്ങനാശ്ശേരിത്താലൂക്കിന്റെ വടക്കുകിഴക്കു, കോട്ടയം പട്ടണത്തിൽനിന്നു ഉദ്ദേശം നാലുമൈൽ തെക്കുകിഴക്കുള്ള പുതുപ്പള്ളി എന്ന സ്ഥലത്തും കാഞ്ഞിരപ്പള്ളി എന്നപ്രദേശത്തും കുടിയേറി പാർപ്പു തുടങ്ങിയതായും മററും പുതുപ്പള്ളി ദേശീയരുടെയും കാഞ്ഞിരപ്പള്ളിക്കാരുടെയും ഇടയിൽ അനേക തലമുറകളായി നിലവിലിരിക്കുന്ന ഒരു ഐതിഹ്യമുണ്ട്. "നിലയ്ക്കൽ" എന്ന പേരിനാൽ ഇപ്പോഴും അറിയപ്പെടുന്ന ഒരു പ്രദേശം പുതുപ്പള്ളിയിലുണ്ട്. പ്രാചീനനിലയ്ക്കൽ ദേശത്തുനിന്നു അദ്ദേശനിവാസികൾ പുതുപ്പള്ളിയിൽ ഉപവേശം ചെയ്ത കാലത്തേ

* വക്രിപ്പുലി, പറപ്പാററ എന്നിങ്ങനെ ഗ്രന്ഥവരികളിൽ കാണപ്പെടുന്നതു പൂർവദേശങ്ങളിൽനിന്നും ഉത്തരദേശങ്ങളിൽനിന്നും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന വിദേശരാജാക്കന്മാരുടെ ആക്രമണം ഉദ്ദേശിച്ചാകുന്നു. (ഗ്രന്ഥകാരൻ)

ആദ്യേജനസ്ഥാനമാണ് ഈ "നിലയ്ക്കൽ" എന്നു വിശ്വസിക്കപ്പെട്ടുപോരുന്നു. നിലയ്ക്കൽദേശവാസികൾ നാടുവിട്ടു നിർഗ്ഗമിക്കുവാൻ ഉണ്ടായ ഹേതുക്കളെയും, ഇപ്രകാരമുള്ള നിർഗ്ഗമനം നടന്ന കാലത്തെയും കുറിച്ചു പ്രതിപാദിക്കുവാൻ ഇനിയും സന്ദർഭം ഉണ്ടാകുന്നതാണ്.

പുനയ്യൂർ ദേശം.

"പുനയ്യൂർ" എന്നൊരു മലയക്കോട്ടു രാജ്യത്തെക്കുറിച്ചു പ്രാചീനരായ വിദേശീയസഞ്ചാരികൾ പ്രസ്താവിച്ചുകാണുന്നുണ്ട്. പ്രസിദ്ധപ്പെട്ട പുനലൂർ പാലത്താലും കടലാസുയന്ത്രശാലയാലും മററും വിശ്രുതമായ ഇപ്പോഴത്തെ പുനലൂർ പട്ടണത്തിന്റെ സ്ഥാനവും പരിസരങ്ങളും പ്രാചീന പുനയ്യൂർ ദേശത്തിൽ ഉൾപ്പെട്ടിരുന്നു. ചരിത്രകാലങ്ങളിൽനിന്നും എത്രയും വിദൂരമായ ഒരു ഘട്ടത്തിൽ ഈ പ്രദേശത്തു സജീവമായ അഗ്നിപർവ്വതം ഉണ്ടായിരുന്നതായും, അതിന്റെ ഭീകരമായ വ്യാപാരം നിലച്ചു, ഭൂപ്രകൃതിയിൽ ഗണ്യമായ അവസ്ഥാന്തരം സംഭവിച്ചശേഷം വളരെക്കാലം കഴിഞ്ഞു്, നിർജ്ജീവാവസ്ഥയിൽ എത്തിയ ആ നശീകരണാചലത്തിന്റെ മുഖഗഹ്വരങ്ങൾ കാണപ്പെട്ടിരുന്നതായും വരാം; അല്ലാതെ "പുനയ്യൂർ" എന്ന പേർ ഈ ദേശത്തിനു സിദ്ധിക്കുന്നതിനു മററു അടിസ്ഥാനം ഉണ്ടായിരിക്കാൻ തരമില്ല. ഏതായാലും ഒരിക്കൽ ശിഥിലീകൃതമായശേഷം വീണ്ടും രൂപീകരിക്കപ്പെട്ട ഒരു പ്രദേശമാണ്, ഇതു് എന്നു് പേരിൽനിന്നുതന്നെ ധ്വനിക്കുന്നുണ്ടു്. പ്രബലമായ ഒരു ദ്രാവിഡദേശമായിരുന്നു, ഇതെന്നു അനുമാനിക്കുവാൻ മതിയായ ലക്ഷ്യങ്ങൾ പ്രസ്തുത ഭൂഭാഗങ്ങളിൽ കാണാനുണ്ടു്. "പുനലൂർ" എന്ന ആധുനികദേശസംജ്ഞ ദ്യോതിപ്പിക്കുന്നതു ജലസുഭിക്ഷമായ പ്രദേശം എന്നാകുന്നു.

പൂഞ്ഞാർ രാജ്യം.

ചരിത്രാതീതങ്ങളായ പുരാതന ചേരരാജ്യത്തിന്റെ ഒരു വിഭാഗമായിരുന്നപൂഞ്ഞാർ, ചോഴരാജ്യത്തിലും, പിൽക്കാലം വെമ്പലനാട്ടിലും, പിന്നീടു തെക്കുംകൂറിലും ഉൾപ്പെട്ടിരുന്ന വളരെ പുരാതനമായ ഒരു ദേശമാണ്. കാഞ്ഞിരപ്പള്ളിയുടെ ഉത്തരഭാഗം പൂവരണി (പൂർവ്വധരണി)മറയ്യൂർ, കാന്തല്ലൂർ, മുത

ചായ ദേശങ്ങൾ മദ്ധ്യമകാലങ്ങളിൽ പൂഞ്ഞാർ* രാജാവിന്റെ മേൽക്കോയ്മക്കു അധീനപ്പെട്ടിരുന്ന ഉപരാജ്യങ്ങളായിരുന്നു. പ്രാചീനകാലത്തു പൂഞ്ഞാർ ദേശത്തു രത്നങ്ങൾ വിളഞ്ഞുകൊണ്ടിരുന്നതായും ഗ്രീക്കുകാരും അറബികളും മൂറന്മാരും പൂഞ്ഞാറുമായി വാണിജ്യം നടത്തിവന്നതായും വിശ്വസിക്കുന്നതിനു മതിയായ രേഖകൾ ഉണ്ടു്. പശ്ചിമ സമുദ്രം മാർഗ്ഗേണയും പൂർവ്വസമുദ്രം മാർഗ്ഗേണയും വണിക്കുകൾ പൂഞ്ഞാററിൽ എത്തുവാൻ ഉൽസുകരായിരുന്നു. കിഴക്കേതീരത്തുണ്ടായിരുന്ന തുറമുഖങ്ങളിൽ കപ്പലടുത്തു സഹ്യനിലെ സുപ്രസിദ്ധമായ ഒരു പ്രാചീനപാത കടന്നു കാഞ്ഞിരപ്പള്ളിയിൽ എത്തിയാണു് അവർ വാണിജ്യം നടത്തിവന്നതു്. പശ്ചിമസമുദ്രത്തിൽകൂടി പശ്ചിമതീരത്തു കപ്പൽ അടുക്കുന്നവക്കു മിക്കവാറും കാഞ്ഞിരപ്പള്ളിക്കു സമീപംവരെ ഉൾക്കടൽ മാർഗ്ഗേണ വന്നെത്താമായിരുന്നു. അക്കാലത്തു കാഞ്ഞിരപ്പള്ളി പൂഞ്ഞാററിലെ പ്രധാന വാണിജ്യസങ്കേതം ആയിരുന്നു.

മറയൂർ, കാന്തല്ലൂർ, മുതലായ മലയക്കോട്ട ദേശങ്ങളിലെ സാമന്തനാടുവാഴികളുടെ കുടുംബക്കാർ അദ്യാപി അതതു ദേശങ്ങളിൽ നിലനിന്നുപോരുന്നുണ്ടു്. അവർ തമിഴുഭാഷ സംസാരിക്കുന്ന ദ്രാവിഡവർഗ്ഗക്കാരാണു്. കാഞ്ഞിരപ്പള്ളിമുതൽ പെരുവന്താനംവരെയുള്ള ദേശവഴികളുടെ ആധിപത്യം "ഇടക്കര അച്ഛൻ" എന്ന ഒരു സാമന്തനാടുവാഴിക്കായിരുന്നു. കാഞ്ഞിരപ്പള്ളിദേശത്തിന്റെ അധിപതി "കാഞ്ഞിരപ്പള്ളി പണിക്കർ" എന്ന സാമന്തപ്രഭുആയിരുന്നു. തെക്കുംകൂർ രാജ്യത്തിന്റെ രൂപീകരണം ഉണ്ടായകാലത്തു ഈ രണ്ടു നായർപ്രഭുക്കന്മാരും തെക്കുംകൂറിന്റെ അധികാരത്തിൻകീഴിലാകുകയും അവ്വരുടെ ദേശവഴികൾ ആ രാജ്യത്തിൽ ലയിക്കുകയും ചെയ്തു. കാഞ്ഞിരപ്പള്ളിപ്പണിക്കരുടെ കുടുംബം കൊല്ലം 970-വരെ നിലനിന്നതായി അറിയപ്പെടുന്നു. ഇടക്കര അച്ഛന്റെ കുടുംബക്കാർ "ഇടക്കരക്കുറുപ്പു്" എന്ന സ്ഥാനത്തോടുകൂടി ഇപ്പോഴും നിലനിന്നു പോരുന്നുണ്ടു്.

---

* ഇപ്പോഴത്തെ പൂഞ്ഞാർ രാജകുടുംബം കൊല്ലം മൂന്നാംശതകത്തിൽ പാണ്ഡ്യരാജകുടുംബത്തിൽനിന്നു കേരളത്തിൽ ഉപവേശംചെയ്തിട്ടുള്ള രണ്ടു ശാഖകളിൽ ഒന്നാകുന്നു. (ഗ്രന്ഥകാരൻ)

അയനിക്കരനാട്ട്.

ഈ ദേശം ഇപ്പോഴത്തെ കുന്നത്തുനാട്ട താലൂക്കിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ചേർന്ന അങ്കമാലി, അയനിക്കരനാട്ട്, മുതലായ സ്ഥലങ്ങൾ ഉൾപ്പെട്ടതായിരുന്നു.

അായനിക്കര ദേശത്തെക്കുറിച്ച് ഗ്രീക്കുകാരും അറബികളുമായ നാവികസഞ്ചാരികൾ പ്രസ്താവിച്ചുകാണുന്നു. പ്രാചീനപരിഷ്കാരത്തിന്റെ നഷ്ടശിഷ്ടങ്ങളായ ലക്ഷ്യങ്ങൾ ഈ സ്ഥലങ്ങളിൽ അങ്ങിങ്ങായി കാണപ്പെടുന്നുണ്ട്. ഈ നാട്ട് പൊന്നാനിവരെ ഒരുകാലത്തു വ്യാപിച്ചിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. പൊന്നാനിക്കായലിലെ അയനിക്കര അണകെട്ടിനു ലക്ഷ്യമാണ്.

മങ്ങാട്ടുനാട്ട്.

ആലങ്ങാട്ട താലൂക്കിന്റെ കിഴക്കൻ ദേശങ്ങൾ ചേർന്ന സ്ഥാനമായിരുന്നു മങ്ങാട്ടുനാട്ട്. ഈ ദേശത്ത് ഉൾപ്പെട്ട സ്ഥലങ്ങളായിരുന്നു, ആലുവാക്കുന്ന്, കോട്ടപ്പുറം, തോട്ടംമുഖം, "ദേശം" മുതലായ ഉയർന്ന പ്രദേശങ്ങൾ. ഈ നാട്ടിന്റെ അധിപൻ "മങ്ങാട്ട്അച്ചൻ" എന്ന സ്ഥാനത്താൽ അറിയപ്പെട്ടിരുന്ന മങ്ങാട്ട കൈമ്മൾ ആയിരുന്നു. ചരിത്രഘട്ടത്തിൽ നിന്നും എത്രയും പിന്നോക്കമായ അതീതകാലത്തു വിദേശങ്ങളുമായി ഈ നാട്ടിനു വാണിജ്യബന്ധം ഉണ്ടായിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. "ദേശം" സാമാന്യം ഉന്നതമായ ഒരു ദ്വീപാണ്. തോട്ടുമുഖം എന്ന സ്ഥലത്തു ആഗാധമായ ഒരു വലിയ ചാൽ ഇപ്പോഴും കാണാനുണ്ട്. ഒരു കാലത്തു കപ്പലുകൾ ഈ ചാലുകളിൽക്കൂടി ഗതാഗതം ചെയ്തിരുന്നതായി വിശ്വസിക്കപ്പെട്ടുപോരുന്നു.

ഇരമെനാട്ട്. (ഏഴിരാജ്യം)

ഇപ്പോഴത്തെ മൌണ്ട് ഡില്ലിമല (ഏഴി-എലി) കൾ സംബന്ധിച്ച വ്യാപിച്ചിരുന്നതും ഇളമുരികയിൽ ഉൾപ്പെട്ടതുമായ ഒരു പ്രാചീന രാജ്യമായിരുന്നു ഇത്. "ഇരമെക്കോവിൽ" (ഏഴി) എന്ന ഒരു രാജവംശം ഈ രാജ്യം വാണിരുന്നു. പ്രസ്തുതരാജവംശം വടക്കൻകോലത്തിരി രാജവംശത്തിന്റെ മൂലകുടുംബമെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. ഏഴി

മലകളിലും അടിവാരങ്ങളിലും നഷ്ടപ്രായമായ പ്രാചീനപരിഷ്കാരത്തിന്റെ അവശേഷലക്ഷ്യങ്ങൾ കാണാനുണ്ടു്.

മലയാളദേശത്തിന്റെ പശ്ചിമതീരത്തെ ലക്ഷ്യമാക്കി കപ്പലോടിക്കുന്ന ഒരു നാവികന്റെ ദൃഷ്ടിപഥത്തിൽ പ്രഥമതഃ ലക്ഷീഭവിക്കുന്നതു്, അത്യുന്നതങ്ങളായ ഈ സപ്തശൈലങ്ങളുടെ അഭിരാമമായ ദർശനമാകുന്നു. പൌരസ്ത്യസമുദ്രങ്ങളിൽ കപ്പലോട്ടം നടത്തി വിശ്രുതന്മാരായി തീൎന്നിട്ടുള്ള പ്രാചീന നാവികവൎയ്യർ ഏഴിമലകളെക്കുറിച്ചു് അവരുടെ സഞ്ചാര വിവരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. "മൌണ്ടു് ഡി എലി" എന്നാണു് അവർ ഈ ശൈലസമൂഹത്തിനു സംജ്ഞ നല്കിയിട്ടുള്ളതു്. ആധുനികകാലത്തു് ഏതദ്ദേശീയർ ഈ മലകളെ "ഏലിമല" എന്നു വിളിച്ചുപോരുന്നു. ഏഴു ശിഖരങ്ങൾ ഈ ശൈലത്തിനു് ഉണ്ടായിരുന്നതിനാൽ ഇതിനു് "ഏഴുമല" എന്നു പേർ സിദ്ധിക്കുകയും, കാലാന്തരത്തിൽ "ഏഴുമല", "ഏഴിമല" എന്നു രൂപാന്തരപ്പെടുകയും ചെയ്തതായിരിക്കാം. സമുദ്രത്തോടു് ഏററവും സമീപിച്ചിരിക്കുന്ന ഈ മലകളെ "ആഴിമല" എന്നു് ഏതദ്ദേശീയർ വിളിച്ചുവന്നിരിക്കാം ക്രമേണ "ആഴിമല" എന്ന പദം "ഏഴിമല" എന്നും, പിന്നീടു് "ഏലിമല" എന്നും രൂപാന്തരം പ്രാപിച്ചതായും വരാം.

കണ്ണൂർനിന്നു പതിനാറിൽപരം മൈൽ വടക്കു്, കടലോരത്തു സമീപിച്ചാകുന്നു, ഏഴിമലകളുടെ സ്ഥാനം. സമുദ്രതീരത്തുനിന്നു് ഏകദേശം അരഫർലാങ്ങ് കിഴക്കുമാറി ഈ മലകളുടെ ചരിവിൽ ജീർണ്ണപ്രായമായ ഒരു ക്ഷേത്രം കാണപ്പെടുന്നു. നിരയങ്കണ്ണൂർ ക്ഷേത്രം എന്നാണു് അതിന്റെ പേർ. ശിവക്ഷേത്രമാണതു്. "വീരരായൻ" എന്ന ഒരു പ്രാചീനകേരള നാണ്യം ഈ ക്ഷേത്രസന്നിധിയിൽ വച്ചു പ്രാചീനകാലത്തു മുദ്രണം ചെയ്യപ്പെട്ടുവെന്നു് ഒരു ഐതിഹ്യമുണ്ടു്. നിരയങ്കണ്ണൂർനിന്നു വടക്കോട്ടു നടന്നു മലഞ്ചെരിവുമാൎഗ്ഗം കിഴക്കോട്ടു് ഇറങ്ങിയാൽ, പാറത്തുരന്നു് ഉണ്ടാക്കപ്പെട്ടിട്ടുള്ള മറെറാരു * പ്രാചീന ക്ഷേത്രം കാണാം. അതും ഒരു ശിവക്ഷേത്രമാണു്. ഗോസായിമാർ സാധാരണമായി ആ ക്ഷേത്രഗഹ്വരത്തിൽവന്നു

* ഇതു് ബുദ്ധന്മാരുടേയോ ജൈനന്മാരുടേയോ ഒരു വിഹാരം ആയിരുന്നിരിക്കണം (ഗ്രന്ഥകാരൻ).

താമസിക്കാറുണ്ടു്. അവിടെനിന്നു് ഉദ്ദേശം കാൽമൈൽ ദൂരം മേല്പോട്ടുകയറി വടക്കോട്ടു് ഇറങ്ങിയാൽ, വടക്കേ ചരുവിൽ "മാടായിപ്പള്ളി" എന്ന നാമത്താൽ അറിയപ്പെടുന്ന പുരാതനമായ ഒരു മുസ്ലിംപള്ളി കാണാവുന്നതാണു്.

ഏഴിമലകളുടെ പടിഞ്ഞാറുഭാഗത്തു വടക്കേ അററത്തു "രാമന്തളി"* എന്നൊരു പുരാതനക്ഷേത്രം കാണുന്നു. ശങ്കരനാരായണവിഗ്രഹമാണു് അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. ആ ക്ഷേത്രപരിസരങ്ങളിൽ കദളിവാഴ സമൃദ്ധമായി വളരുന്നു. ആ ചെടി സ്വയമേവ കിളിൎത്തുവളൎന്നുകൊണ്ടിരിക്കുകയാണെന്നു പറയപ്പെടുന്നു. കദളിവാഴപ്പഴം ആ ക്ഷേത്രത്തിലെ പ്രധാന നിവേദ്യസാധനമാണു്.

ഏലിമല തീവണ്ടിസ്റ്റേഷനിൽനിന്നു വടക്കോട്ടു ചെന്നു്, തൃക്കരിയൂർ, ചെറുപുത്തൂർ നീലേശ്വരം എന്നീ സ്ഥലങ്ങളും കടന്നു പുതിയകോട്ടു് എന്ന ജനസ്ഥാനത്തു് എത്തുന്നു. അവിടെ പ്രാചീനമായ ഒരു ഗുഹയുണ്ടു് ‡

മലയാളദേശത്തിന്റെ ഉത്തരഭാഗത്തുള്ള അത്യുന്നതമായ ഈ ശൈലസമൂഹത്തെക്കുറിച്ചു വാസ്കോഡിഗാമായുടെ നാവികന്മാൎക്കു് മുൻകൂട്ടിത്തന്നെ നല്ല നിശ്ചയമുണ്ടായിരുന്നു. അവർ "ഏലിമല" എന്നുതന്നെ ഇവയെ സംജ്ഞചെയ്തു കാണുന്നു. പെൻറിൻഗേറിയൻ ടേബിൾസ്[1] എന്ന പേരിനാൽ അറിയപ്പെടുന്ന റോമൻഭൂപടങ്ങളുടെ ഭാരതീയവിഭാഗത്തിൽ ഈ മലകളെ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഏററവും പുരാതനമായരേഖ ഇതാണു്. Eli maidu എന്നാണു് പ്രസ്തുത പട്ടികയിൽ ചേൎത്തിരിക്കുന്നതു്; അതായതു് ഏലിമേടു് (ഏഴിമേടു്) എന്നുതന്നെ. [2]"ഹിലിമറാവി" എന്നൊരു രാജ്യം ഈ മലംപ്രദേശത്തു് നിലനിന്നിരുന്നതായി "ടോഹ്ഫത്തുൽമുജാഹിദീൻ" എന്ന മുസ്ലിംചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കേരളത്തിലെ മുസ്ലീം ഉപവേശത്തെ സംബന്ധിച്ചുള്ളതാണു പ്രസ്തുത

---

* ശൈവന്മാരും വൈഷ്ണവന്മാരും തമ്മിൽ നടന്ന ഒത്തുതീൎപ്പിനുശേഷം പ്രതിഷ്ഠിച്ചിട്ടുള്ളതായിരിക്കണം. (ഗ്രന്ഥകാരൻ).

‡ ആ ഗുഹയിൽ ഇക്കാലത്തു ഒരു യതി താമസിച്ചുവരുന്നു. അദ്ദേഹം ഒരു വലിയ, കെട്ടിടനിൎമ്മാണത്തിൽ ഏൎപ്പെട്ടിരിക്കയാണു്.

1 Stanley's Translations. 2 Hobson Johnson.

ഗ്രന്ഥം. കേരളോല്പത്തിയിൽ "മാടയേഴിയൻകോട്ട" എന്നൊരു ദുർഗ്ഗത്തെക്കുറിച്ചുള്ള പ്രസ്താവന കാണുന്നുണ്ടു്. ഏഴിമലകളുടെ തെക്കുകിഴക്കുഭാഗത്തു് ഏഴെട്ടുമൈൽ അകലെയായി സമുദ്രമുഖത്തിൽ പതിക്കുന്ന ഒരു നദി ഉണ്ടു്. ഇതിനു "മറാബിയ" എന്നാണു് പേർ. ഈ നദിയുടെ തീരത്തായി "മാധവി" എന്ന പുരാതന പട്ടണം സ്ഥിതിചെയ്യുന്നു. അതു് "മാടായി" എന്നു ഗ്രാമ്യഭാഷയിൽ അറിയപ്പെട്ടുവരുന്നു. പ്രസ്തുത പട്ടണത്തിൽ ഒരു പുരാതനക്ഷേത്രവും പഴയങ്ങാടി എന്നൊരു ആപണവും ഉണ്ടു്. ഏഴിരാജാക്കന്മാരുടെ പുരാതന ദുർഗ്ഗത്തിന്റെ നഷ്ടശിഷ്ടങ്ങളുടെ സമീപത്തായി *"ജൂതക്കുളം" എന്നൊരു പഴക്കമുള്ള കുളം കാണാനുണ്ടു്. മാധവി പട്ടണത്തിൽ ഒരു കൊട്ടാരം ഉണ്ടായിരുന്നതായി ഡാക്ടർ ഗുണ്ടർട്ടും പ്രസ്താവിച്ചിരിക്കുന്നു. അതു പുരാതന കോലത്തിരിരാജവംശത്തിന്റെ മൂലകുടുംബമായിരുന്നുവെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. "മാധവി" ശബ്ദത്തിനു് ഗ്രാമ്യമായി "മാതെവി" എന്നും "മാത" എന്നും രണ്ടു രൂപാന്തരങ്ങളും ഉള്ളതാണു്. "മാത" എന്നരൂപം സുഗമോച്ചാരണസൌകര്യമുള്ളതാകയാൽ ഏതദ്ദേശീയർ ആ പട്ടണത്തെ മാതപട്ടണം എന്നു വിളിച്ചുവന്നു. ഉപദേശകന്മാരോ സന്ദർശകന്മാരോ ആയി ഏഴിമലദേശം സന്ദർശിച്ച വിദേശികൾ അവക്കു് ഉച്ചാരണസൌകര്യമുള്ള രീതിയിൽ "മാതൈ" "മദൈമാതായ്", മാടായി" എന്നിങ്ങനെയും "മാധവി" സംജ്ഞയ്ക്കു "മറെവി" "മാറാബി" എന്നിങ്ങനെയും പേർ വിളിക്കുകയും എഴുതുകയും ചെയ്തതാകുന്നു. ഇപ്രകാരമാണു് "മാധവി" പട്ടണം മാടായി" ആയിത്തീർന്നിട്ടുള്ളതു്.

മാടയേഴിയൻകോട്ട മാടപ്പെരുമാളും ഏഴിപ്പെരുമാളുംകൂടി കെട്ടിച്ചതാണെന്നു കേരളോല്പത്തിയിൽനിന്നു വെളിവാകുന്നുണ്ടു്. ഏഴിമാധവി എന്നൊരു രാജ്യത്തെക്കുറിച്ചു "തൊഹ്ഫത്ത്-ഉൽമുജാഹിദീൻ" എന്ന അറബിചരിത്രഗ്രന്ഥംകൊണ്ടു് കാണാം. "ഹിലിമറാവി" എന്നാണു് രാജ്യത്തിനു് ആ ഗ്രന്ഥത്തിൽ സംജ്ഞനല്കിയിട്ടുള്ളതു്. എ. ഡി. 1247-ൽ കേരളം

* ഈ കുളം ഉപദേശകന്മാരായി വന്ന ജൂതന്മാർ കുഴിച്ചതാണെന്നു ഇൻഡ്യൻ ആർക്കിയോളജിക്കൽ സർവ്വേ ഒന്നാംവാല്യത്തിൽ മി. സ്യൂവെൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

സന്ദർശിച്ച റാഷിഡിൻ പ്രസ്താവിച്ചിരിക്കുന്നതു, "ഫിലി" രാജ്യം മഞ്ജരൂരിനും പണ്ടാരിണിയും മദ്ധ്യേകിടക്കുന്നവെന്നാണ്. "മഞ്ജരൂർ" മംഗലാപുരത്തിന്റെയും "പണ്ടാരിണി വടകൊല്ലത്തിന്റെയും ഇതരനാമങ്ങളാകുന്നു. കോവിൽ ഖണ്ഡിഎന്ന അപരസംജ്ഞയാൽ അറിയപ്പെടുന്ന കൊയിലാണ്ടിയിൽനിന്ന് ഏതാണ്ട് അര ഫർലാങ്ങ് വടക്കമാറിയാണു വടകൊല്ലത്തിന്റെ സ്ഥാനം. എ. ഡി. 1273-ാമാണ്ടടുത്തു് അബുൽഫീഡാഎന്ന അറബിചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നതെന്തെന്നാൽ, ഏഴിനാട്ടസമുദ്രത്തിലേക്കു തള്ളിനില്ക്കുന്ന അത്യുന്നതമായ ഒരു ശൈലപ്രദേശമാകുന്നു, എന്നാണ്. എ. ഡി. 1298-ൽ മാർക്കോപൊളോ വിവരിച്ചിരിക്കുന്നപ്രകാരമാണെങ്കിൽ, കുമാരി (കന്യാകുമാരികോടി)യിൽനിന്നു 300 മൈൽദൂരെ പശ്ചിമാതൃമായികിടക്കുന്ന ഒരു രാജ്യമാകുന്നു ഏഴിനാട്. എ. ഡി. 1342-ൽ ഇബുബാറ്റൂറ്റാഎന്ന മുസ്ലീം ചരിത്രപണ്ഡിതൻ ഏഴിനാടിനെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതു് ഇപ്രകാരമാണ്:—"ഫിലിവിസ്തൃതവും സുസംഘടിതവുമായ ഒരു പട്ടണമാകുന്നു. അതു് ഒരു വലിയ സമുദ്രമുഖത്തിൽ സ്ഥിതിചെയ്യുന്നു. വലിയ യാനപാത്രങ്ങൾ ഇതു ഉൾക്കടലിൽ പ്രവേശിച്ചു നങ്കൂരംഉറപ്പിക്കുന്നു." എ.ഡി. 1491-ൽ നിക്കൊലോകോണ്ടി രണ്ടുകടൽതീരനഗരങ്ങൾ സന്ദർശിച്ചതിൽ ഒന്നു (Ras Komoria) (കുമാറ്റ്യാ—കുമാരി-) കന്യാകുമാരിയും, മറ്റതു് (ഹെലി) ഏഴിയും ആണെന്നു വ്യക്തമാകുന്നു. എ. ഡി 1516-ൽ ബാർബോസാ ഏഴിനാടു സന്ദർശിച്ചപ്പോഴും അവിടം പൂർവ്വസ്ഥിതിയിൽതന്നെഇരുന്നതായി പറയപ്പെട്ടിരിക്കുന്നു.എ.ഡി. 1527-ൽ പോർട്ടുഗീസുഗവർണർ ലോപ്പ്‌വേസ് ഏഴിക്കടലിൽവച്ചു മൂറന്മാരുമായി നടത്തിയ യുദ്ധമദ്ധ്യേ, മറാബിയാനദിയിലും ഏഴിനാട്ടിലെ തുറമുഖത്തിലും നങ്കൂരം ഉറപ്പിച്ചു തുറമുഖാധികാരം സംരക്ഷിച്ചു കിടന്ന ഏതാനും കപ്പലുകളും, നഗരവും തീവച്ചു നശിപ്പിച്ചതായി പറയപ്പെട്ടിരിക്കുന്നു.

ഏഴിനഗരത്തിൽനിന്ന് ഏതാനും ഫർലാങ്ങ് തെക്കുമാറി ബലിദേവപട്ടണം എന്നൊരു പ്രാചീനനഗരം ഉണ്ടായിരുന്നു. ഇതിനു "വലിയപട്ടണം" എന്നും "വലർപട്ടണം" എന്നും ഓരോ ഘട്ടങ്ങളിൽ പേരുകൾ സിദ്ധിച്ചിരുന്നു. ആധുനികകാലത്തു് വലിയപട്ടണത്തിന്റെ സ്ഥാനത്തു് അത്യഗാധ

മായ ഒരു നദി ഒഴുകിക്കൊണ്ടിരിക്കുന്നു. ഇതിനു ആ വിശ്രുതമായ പ്രാചീനനഗരത്തിന്റെ പേർതന്നെ സിദ്ധിച്ചിരിക്കുന്നു.

ഏഴിമല പ്രദേശവും പരിസരങ്ങളും പ്രാചീനകേരളീയപരിഷ്കാരത്തിന്റെ നടനരംഗമായിരുന്നുവെന്നുള്ളതു നിസ്തർക്കം തന്നെ. ഉൽസുകചിത്തവൃത്തികളായ ചരിത്രാന്വേഷികൾക്കു അപ്രദേശങ്ങളിൽ ഗവേഷണങ്ങൾ നടത്തുവാൻ വേണ്ടുവോളം വകകാണാതിരിക്കയില്ല. *

൯-ാം അദ്ധ്യായം

---

*പ്രാചീനകേരളരാജ്യവിഭാഗങ്ങൾ.

കേരളോൽപത്തിയിൽ വിവരിച്ചിരിക്കുന്നപ്രകാരമെങ്കിൽ, പ്രാചീനകേരളത്തിനു തുളുനാട്ടു, കൂപദേശം, കേരളം, മൂഷകദേശം, എന്നിങ്ങനെ നാലുവിഭാഗങ്ങൾ ഉണ്ടായിരുന്നുവെന്നു കാണാവുന്നതാണു.

1. തുളുനാട്ടു.

ഗോകർണ്ണംമുതൽ പെരുമ്പുഴവരെയുള്ള ദേശം തുളുനാട്ടിൽ ഉൾപ്പെട്ടിരുന്നു; അതാവിതു് ഇപ്പോഴത്തെ കർണ്ണാടകദേശം മുഴുവൻതന്നെ.

2. കൂപദേശം.

പെരുമ്പുഴമുതൽ പുതുപട്ടണംവരെയുള്ള ദേശം ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നു. കുറുമ്പ്രനാട്ടിന്റെ തെക്കെഅംശം ഒഴിച്ചുള്ള ഉത്തരമലയാളം കൂപദേശത്തിൽ ചേർന്നതായിരുന്നു.

---

* ഇളങ്ങല്ലൂർ, ഇളയടം, മുതലായ സ്വരൂപസംജ്ഞകളിലും ഇളിയക്കാട്ടു, ഇളാപ്പറമ്പു മുതലായ ദേശാദിനാമങ്ങളിലും നിന്നു അനുമാനിക്കേണ്ടതു, ഇളമൂരികാപ്രദേശത്തു ഈദൃശങ്ങളായ പേരുകളാൽ അറിയപ്പെട്ടുവന്ന രാജകുടുംബങ്ങളും രാജ്യങ്ങളും ദേശങ്ങളും പുരയിടങ്ങളും ഉണ്ടായിരുന്നുവെന്നും ഇളമൂരികയുടെ അന്തർധാനത്തോടുകൂടി അതിന്റെ പൂർവ്വപാർശ്വത്തിൽ കിടക്കുന്ന നാടിനു സമീപസ്ഥങ്ങളായിരുന്ന ദേശങ്ങൾക്കു പേർ സിദ്ധിച്ചുവെന്നും ആകുന്നു.

പുതുപട്ടണം, ഉത്തരകോലത്തിരിരാജാവിന്റെ രാജ്യത്തിന്റെ ദക്ഷിണവിഭാഗം ഭരിച്ചിരുന്ന രാജപ്രതിപുരുഷന്റെ തലസ്ഥാനമായിരുന്നു. പ്രസ്തുതരാജപ്രതിപുരുഷൻ *"തെക്കംകൂർ" എന്ന അഭിസംജ്ഞയാൽ അറിയപ്പെട്ടുപോന്നു.

3. കേരളരാജ്യം

ഈ രാജ്യം പുതുപട്ടണംമുതൽ കണ്ണേററിവരെ വ്യാപിച്ചിരുന്നു. കുറുമ്പ്രനാട്ടിന്റെ ദക്ഷിണാർദ്ധഭാഗവും ആധുനിക കൊച്ചീരാജ്യത്തിൽ ഉൾപ്പെട്ടുകിടക്കുന്ന ദേശങ്ങളും, ഉത്തരതിരുവിതാംകൂറും ഈ വിഭാഗത്തിൽ ചേർന്നതായിരുന്നു.

4. മൂഷകരാജ്യം.

കണ്ണേററിമുതൽ കന്യാകുമാരി കോടിവരെയുള്ള പ്രദേശങ്ങളിൽ മൂഷകരാജ്യം വ്യാപിച്ചുകിടന്നിരുന്നു. ഈ ക്രമത്തിനു, ദക്ഷിണതിരുവിതാംകൂറിൽ ചേർന്ന സ്ഥലം ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നുവെന്നു വ്യക്തമാണല്ലോ.

[illegible]പ്പെരുമാൾ നിശ്ചയിച്ചപ്രകാരം എന്നു പറയപ്പെട്ടിരിക്കുന്ന വിഭാഗക്രമം ചുവടേ ചേർത്തിരിക്കുന്നു.

1. തുളുനാട്.

ഗോകർണ്ണംമുതൽ പെരുമ്പുഴവരെയുള്ള ദേശമാണു്.

2. കേരളരാജ്യം.

പെരുമ്പുഴമുതൽ പുതുപട്ടണംവരെ വ്യാപിച്ചുകിടക്കുന്ന പ്രദേശങ്ങൾ കേരളരാജ്യത്തിൽ ഉൾപ്പെട്ടതാകുന്നു.

3. മൂഷകദേശം.

പുതുപട്ടണംമുതൽ കണ്ണേററിവരെയുള്ള നാടു്, മൂഷകദേശം എന്ന പേരിനാൽ അറിയപ്പെടുന്നു.

4. കൂപക (കൂപ) നാടു്

കണ്ണേററിമുതൽ കന്യാകുമാരിവരെയുള്ള ദേശത്തിന്റെ പേരു കൂപക (കൂപ) നാടു് എന്നാണു്.

ഈ വിഭാഗങ്ങൾ, മലയാളദേശത്തിന്റെ പൊതുഭരണസൌകര്യംപ്രമാണിച്ചു ചില ഘട്ടങ്ങളിൽ ചെയ്യപ്പെട്ടിട്ടുള്ള സാങ്കേതികവ്യവസ്ഥകൾ മാത്രമായിരുന്നു. ഈ വിഭാഗങ്ങൾ ഓരോന്നിലും, സ്വാതന്ത്ര്യാധികാരമുള്ള പല നാടുകളും നാടുവാഴികളും ഉണ്ടായിരുന്നു.

---

* വെമ്പലനാട്ടുസ്വരൂപത്തിലെ തെക്കുംകൂർ അല്ല.

ഓരോ വിദേശരാജാക്കന്മാർ കൂടെക്കൂടെ കേരളരാജ്യങ്ങൾ ആക്രമിച്ചു കീഴടക്കിക്കൊണ്ടിരുന്നുവെങ്കിലും, ആ വിദേശകോയ്മകളുടെ കേന്ദ്രഭരണകൂടങ്ങളുടെ ബലഹീനതനിമിത്തം, അവരുടെ അധികാരം കേരളത്തിൽ ദീർഘകാലം നിലനിർത്തുവാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല അധികാരം പുലർത്തിക്കൊണ്ടു പോകുവാൻ കഴിവുലഭിച്ച ചുരുങ്ങിയ ഓരോ ഘട്ടത്തിനിടയ്ക്കും ഏതദ്ദേശീയരാജാക്കന്മാരുടെ ആഭ്യന്തരഭരണകാര്യങ്ങളിൽ അവർ ഇടപെട്ടിരുന്നതുമില്ല. കേരളത്തിലെ വിശിഷ്ടവിഭവങ്ങളും ധനവും കവർന്നെടുക്കുകയോ, യുദ്ധയാത്രയിൽ അനുഗമിച്ചിട്ടുള്ള സ്വപ്രജകളിൽ ചിലരെയെല്ലാം കേരളത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ കുടിപാർപ്പിക്കുകയോ, വിജയത്തിന്റെ സ്മാരകമായി ഒരു സ്ഥാനമോ, ഒരു ക്ഷേത്രമോ, ഒരു കുളമോ നിർമ്മിക്കുകയോ, ചെയ്തു തിരിച്ചുപോകുകയാണു് പല വിജിഗീഷുക്കളും ചെയ്തിട്ടുള്ളതു്. ചുരുക്കം ചിലർ ഒരു പ്രതിപുരുഷനെ നിയമിച്ചിട്ടു തിരിച്ചുപോയെന്നും അനുമാനിക്കുവാൻ ന്യായം കാണുന്നുണ്ടു്. ഈ "വൈസറായി" സ്ഥാനം ചില ഘട്ടങ്ങളിൽ വിജിഗീഷുവിന്റെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായ പ്രതാപി ആയ ഒരു ഏതദ്ദേശീയ നാടുവാഴിക്കു ലഭിച്ചിട്ടുള്ളതായും വരാം. കേരളത്തിന്റെ പൊതുരക്ഷയേയോ, അധീശകോയ്മയുടെ പ്രതിനിധ്യതാൽപര്യങ്ങളെയോ, പരിഗണിച്ചു്, ആ കോയ്മയുടെ നേരിട്ടുള്ള ഭരണത്തിലിരിക്കുന്ന രാജ്യത്തിൽനിന്നു്, ഏതദ്ദേശീയ നാടുവാഴികളുടെയും ജനങ്ങളുടെയും ഹിതാനുസൃതം, സമർത്ഥനായ ഒരാളെ രക്ഷാപുരുഷനായി നിയമിച്ചു കേരളത്തിൽ വാഴിക്കുവാൻ തുടങ്ങി. അധീശരാജാവിന്റെ പ്രാബല്യത്തിനു ഹാനി സംഭവിക്കുന്നതോടുകൂടി രക്ഷാപുരുഷൻ സ്വേച്ഛാധികാരപരനായിത്തീരുകയോ, മറെറാരു കോയ്മയുടെ അധീശാധികാരത്തിനു കേരളം വിധേയമാകുന്നതോടുകൂടി, പഴയ രക്ഷാപുരുഷൻ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയോ, അധീശകോയ്മയുടെയും, ഏതദ്ദേശീയരുടെയും താൽപര്യങ്ങൾ പരിരക്ഷിക്കുവാൻ പര്യാപ്തനായ മറെറാരാൾ തൽസ്ഥാനത്തു വാഴിക്കപ്പെടുകയോ ചെയ്യുക സാധാരണമായിരുന്നു. ഇതാകുന്നു, കേരളത്തിലെ പെരുമാൾവാഴ്ചയുടെ ഒരു വശം. പെരുമാക്കന്മാരുടെ വാഴ്ചയേക്കുറിച്ചു് കൂടുതൽ ചില വിവരങ്ങൾ അന്യത്ര സവിസ്തരം പ്രതിപാദിക്കുന്നതാണു്.

ഇനിയും, പുരാതനകേരളരാജ്യങ്ങൾ ഭരിച്ചിരുന്ന ചില രാജവംശങ്ങളേയും, അവയുടെ രാജ്കീയസ്ഥാനസംജ്ഞകളേയും കുറിച്ച് അല്പം ചില വിവരങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു.

പുരാതന കേരളരാജാക്കന്മാർ.

൧. കുന്തലക്കോൻ.

കോഴിക്കോട്ടുസാമൂതിരിക്ക് 'കുന്തലക്കോൻ' എന്നസംജ്ഞ ഉള്ളതായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സാമൂതിരിക്ക് ഒടുവിലത്തെ പെരുമാളിന്റെ കാലത്തിനുമുൻപു രാജ്യം ഇല്ലായിരുന്നുവെന്നാണ് ചില ചരിത്രകാരന്മാരുടെ അഭിപ്രായം. * പെരുമാൾവാഴ്ച കേരളത്തിൽ നിലച്ചശേഷം, ദീർഘകാലത്തേക്ക, കേരളരാജാക്കന്മാരുടെ മേൽക്കോയ്മ സാമൂതിരി കുടുംബത്തിനു് ഉണ്ടായിരുന്നതായി അഭിമാനിക്കപ്പെട്ടിരുന്നു. ആ നിലയിൽ സഹ്യനും കടലിനും ഇടയ്ക്കുള്ള കേരളഭൂമിയുടെ ചക്രവർത്തിയെന്ന്, അർത്ഥം ധ്വനിക്കുന്ന "കുന്തലക്കോൻ" എന്നും "ഗിരിജലധിസ്വാമി" എന്നും ഉള്ള അപരസംജ്ഞ സാമൂതിരിയെ ഉദ്ദേശിച്ച്, ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കണം. മദ്ധ്യകാലകവികൾ സാമൂതിരിയെ ഈ അപരനാമങ്ങളാൽ വാഴ്ത്തിയിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ പെരുമാൾ വാഴ്ചയ്ക്ക് എത്രയോ മുൻപുതന്നെ (ഏഴി) ഏലിനാട്ടുരാജാവിനു് ഈ സ്ഥാനം ഉണ്ടായിരുന്നുവെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. അതിപുരാതനമായ ഏഴിരാജ്യം, കുന്നും ആഴിയും തൊട്ടുകിടക്കുന്നതായിരുന്നുവല്ലോ. ആ നാട്ട് വലിയ ഒരു കുന്നുതന്നെയാണെന്നു് ആ ദേശത്തിന്റെ ഇപ്പോഴത്തെ ഭൂപ്രകൃതിയാൽ വ്യക്തമാകുന്നുണ്ടു്. (ഏഴി) ഏലിമലനാട്ടിന്റെ അടിവാരത്തിൽ സമുദ്രം അല അടിച്ചുകൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോഴും സമുദ്രം പ്രസ്തുതമലകളിൽ നിന്നു അകലെ അല്ലതാനും. പ്രാചീനകാലത്തു വലിയ പ്രശസ്തിയുള്ള പ്രതാ

* സാമൂതിരിരാജാവിന്റെ ആദിമരാജ്യം ഏറനാടു ആകുന്നു. ഏറാൾപ്പാട് എന്നായിരുന്നു സ്ഥാനം. സാമൂതിരിയുടെ ഇളമുറക്ക് ഇപ്പോഴും ഈ അഭിനാമം ഉണ്ടു്.

ചത്തിലും ഇരുന്ന, ആ രാജ്യത്തിന്റെ അധിപതിക്കു "കുറലക്കോൻ" എന്ന അഭിസംജ്ഞ ഉണ്ടായിരുന്നുവെന്നുള്ള അനുമാനം കൂടുതൽ യുക്തിയുക്തമായിരിക്കുന്നു. വടക്കൻ കോലത്തിരി രാജവംശമാണു് "ഏഴി" രാജ്യം വാണിരുന്നതെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു എന്നു മുൻപു് ഒരു ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

൨. വള്ളോക്കോൻ.

വള്ളുവനാടും പരിസരപ്രദേശങ്ങളും ഭരിച്ചിരുന്ന രാജവംശമാണു് വള്ളോക്കോൻവംശം. രായിരൻ ചാത്തൻ എന്നൊരു രാജാവു സിറിയൻ താമ്രശാസനകാലത്തു് ഈ രാജ്യം വാണിരുന്നതായി കാണുന്നു. അരങ്ങോട്ടുരാജവംശം എന്നും വള്ളോക്കോൻ രാജവംശത്തിനു പേരുണ്ടു്.

൩. കോലത്തിരി

കേരളത്തിലെ പുരാതനരാജവംശങ്ങളിൽ കോലത്തിരി കുടുംബം കൂടുതൽ പ്രാധാന്യമുള്ളതാണു്. ഈ രാജകുടുംബത്തിന്റെ ആദിമരാജ്യസ്ഥാനം കോലത്തുനാടായിരുന്നു. ഹരിവംശം മുതലായ പ്രാചീനഗ്രന്ഥങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ദുഷ്ഷന്തരാജാവിന്റെ ഒരു പുത്രനായ "കോല" രാജാവിന്റെ അനന്തരാവകാശികളാണു് കോലത്തിരികൾ എന്നു ബിഷപ്പു കാഡ്വെൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ചരിത്രാതീതകാലത്തു, കേരളരാജ്യം ആകമാനം ഈ രാജവംശത്തിന്റെ ഭരണത്തിലിരുന്നുവെന്നും, "പുരളീശൻ" എന്നു വിശ്രുതസംജ്ഞനായ തിരുപ്പാപ്പൂരുരാജാവു, കോലത്തിരിവംശത്തിലെ ഒരു ശാഖക്കാരനാണെന്നും, കേരളത്തിന്റെ ഉത്തരഭാഗം, കോലത്തിരിരാജവംശവും, ദക്ഷിണഭാഗം തൃപ്പാപ്പൂരു രാജകുടുംബവും ഭരിച്ചിരുന്നുവെന്നും കേരളമാഹാത്മ്യംകൊണ്ടു് അനുമാനിക്കേണ്ടിയിരിക്കുന്നു. "ഉദയവർമ്മ" എന്നു് അനശ്വരകീർത്തിയായ ഒരു രാജാവു, കോലത്തിരിവംശത്തിൽ ഉണ്ടായിരുന്നു. കൃഷ്ണഗാഥാകർത്താവു് "ആജ്ഞയാ കോലഭൂപസ്യ, പ്രാജ്ഞസ്യോദയവർമ്മണഃ" എന്നു് സൂചിപ്പിച്ചിരിക്കുന്ന "ഉദയവർമ്മ", ഇദ്ദേഹം ആയിരിക്കാൻ ഇടയില്ല. ഏതായാലും ഉദയവർമ്മകോലഭൂപൻ സർവ്വപ്രജാസമാരാദ്ധ്യനായിരുന്നുവെന്നും, അവിടത്തെ രാജ്യസീമകൾക്കുള്ളിൽ ഇപ്പോഴത്തെ മധ്യതിരുവിതാംകൂർ വ്യാപിച്ചിരുന്നുവെന്നും, അനുമാനിക്കുവാൻ മതിയായ ലക്ഷ്യം കാണു

ന്നുണ്ട്. മദ്ധ്യതിരുവിതാംകൂറിൽ തിരുവല്ലാ ചങ്ങനാശ്ശേരി എന്നീ താലൂക്കുകളുടെ അതിരുകളോടു ചേൎന്നു, കവിയൂർ പകുതിയിൽ ഉൾപ്പെട്ടു കിടക്കുന്ന കുന്നന്താനം എന്ന പ്രദേശത്തു *"കൊലപ്പൂക്കാവു്" എന്ന പേരിനാൽ അറിയപ്പെടുന്ന ഒരു പ്രാചീനക്ഷേത്രത്തിന്റെ നഷ്ടശിഷ്ടങ്ങൾ കാണപ്പെടുന്നുണ്ട്. ഈ ക്ഷേത്രത്തിന്റെ നഷ്ടശിഷ്ടങ്ങളും അടിത്തറകളും പരിശോധിച്ചതിൽ, ഇതു വളരെ പ്രസിദ്ധിയിലും ഐശ്വൎയ്യസമൃദ്ധിയിലും നിലനിന്ന ഒരു വലിയ ക്ഷേത്രമായിരുന്നുവെന്നു കാണാം. അവിടത്തെ ഉപാസനാമൂൎത്തി എന്തെന്നു് ആൎക്കും നിശ്ചയമില്ല. ശിവനെന്നോ, ശാസ്താവെന്നോ, ദേവനെന്നോ, ഓരോരുത്തർ ഓരോവിധം പറയുന്നു. ഈ ക്ഷേത്രത്തിന്റെ ശ്രീകോവിലിന്റെ ഭിത്തിയുടെ ഏതാനും ഭാഗങ്ങൾ നില്പുണ്ട്. കരിങ്കൽചെത്തി, മെഴുകുപൂശിയതുപോലെ മിനുക്കി പശയിൽമുക്കി അടുക്കിച്ചേൎത്തു കെട്ടിയിട്ടുള്ള ശില്പവേലയുടെ രീതിയും പഴക്കവും, നിരപ്പുഴുതുപോലെ ആ ഭിത്തിയിൽ ചില സ്ഥലങ്ങളിൽ കൊത്തിയുഴുതി ഉണ്ടാക്കിയിട്ടുള്ള രന്ധ്രങ്ങളുടെ വൈശിഷ്ട്യവും, അവിടവിടെ കാണപ്പെടുന്ന പുരുകം ചില ശില്പിതങ്ങളായ രൂപങ്ങളുടെ പഴക്കവും, ക്ഷേത്രം അതിപുരാതനമെന്നു നിൎണ്ണയിക്കുവാൻ സഹായിക്കുന്നതാണു്.

പ്രസ്തുതക്ഷേത്രം വിഖ്യാതനായ "കോലഉദയവൎമ്മ"യുടെ പ്രതിമവച്ചു് ആരാധിക്കപ്പെട്ടുവന്ന ഒരു രാജക്ഷേത്രമാകുന്നു. പ്രാചീന ദ്രാവിഡഭാഷാലിപികളിൽ ദീൎഘാകാരസ്വരം ദ്യോതിപ്പിക്കുന്ന നീട്ടുപുള്ളി ഇല്ലായിരുന്നതിനാൽ രേഖകളിൽ "കൊലപ്പുപക്കാവു്" എന്നു് ഇതിനു പേരെഴുതിവന്ന ക്രമത്തിനു കാലാന്തരത്തിൽ "പ"കാരം ലോപിപ്പിച്ചു "കൊലപ്പൂക്കാവു്" എന്നു വായ്മൊഴിയിലും രേഖകളിലും ഉപയോഗിച്ചുവന്നിരിക്കാനേ ഇടയുള്ളു. "കോലരൂപക്കാവു്" കോലപ്പൂക്കാവു് ആയിത്തീൎന്നതാകുന്നു. ഇപ്പോൾ ബ്രിട്ടീഷുമലബാറിൽ

---

* ഈ ക്ഷേത്രത്തിൽ വിഗ്രഹത്തിന്റെ സ്ഥാനത്തു് അസമാകൃതിയിലുള്ള ഒരു വലിയ ശില കാണപ്പെടുന്നു. പ്രധാനപ്പെട്ട ഉപരിഭാഗങ്ങൾ വിഗ്രഹത്തിൽനിന്നു് അടൎന്നു പോയിരിക്കുന്നു. ക്ഷേത്രത്തിലെ മൂൎത്തിയെ ആവാഹിച്ചു കവിയൂർ ക്ഷേത്രത്തിൽ കൊണ്ടുപോകാൻ ദേവസ്വം ഡിപ്പാർട്ടുമെന്റുകാർ ആലോചിച്ചുവരുന്നു.

ചിറയ്ക്കൽകോവിലകമെന്നു് അറിയപ്പെടുന്ന രാജവംശം കോലത്തിരിരാജവംശമാകുന്നു.

൪. കുറുമ്പനാതിരി

കുറുമ്പ്രനാട്ടുദേശവും പരിസരങ്ങളും കുറുമ്പനാതിരി രാജവംശത്തിന്റെ ഭരണത്തിലായിരുന്നു.

൫. വെട്ടത്തുരാജവംശം

വെട്ടത്തുനാടു മുതലായ ദേശങ്ങൾ ഈ രാജവംശത്തിന്റെ ഭരണത്തിലായിരുന്നു. വെമ്പലനാട്ടിലെ പ്രതാപിയായ "മണികണ്ഠ"രാജാവും, ചിറവാ സ്വരൂപത്തിലെ "കോതചിറികണ്ഠ" രാജാവും, വെട്ടത്തുരാജാവായ "ഇരവിവർമ്മയും" സമകാലികരായിരുന്നു. *

൬. പാലക്കാട (നെടുമ്പ്രയൂർ) രാജവംശം -

പാലക്കടദേശം (പാലക്കാട്ടു്) ഭരിച്ചിരുന്നതു പാലക്കട രാജവംശമായിരുന്നു. നെടുമ്പ്രയാർ എന്നും, പാലക്കടരാജ്യത്തിനു പേരുണ്ടായിരുന്നു. "കോതഇരവിവർമ്മ" എന്നൊരു രാജാവു് സിറിയൻതാമ്രശാസനകാലത്തു് ഈ രാജ്യം ഭരിച്ചിരുന്നതായി കാണുന്നു.

൭. ഏറാളരാജവംശം

ഈ രാജവംശം ഏറനാട്ടും പരിസരങ്ങളും ഭരിച്ചുവന്നു. സാമൂതിരി രാജവംശത്തിന്റെ മൂലസ്ഥാനം ഏറനാട്ടുരാജ്യമായിരുന്നു. പെരുമാൾവാഴ്ച കേരളത്തിൽ നിലച്ചശേഷമാണു് കോഴിക്കോട്ടുസാമൂതിരിരാജ്യം ഉണ്ടായതെന്നുള്ള ചില ചരിത്രകാരന്മാരുടെ അഭിപ്രായം യുക്തിയുക്തമായിരിക്കുന്നില്ല. സാമൂതിരികുടുംബക്കാർ മുമ്പിനാലേ ഏറനാട്ടേ നാടുവാഴികളായിരുന്നു

൮. വെൺപലനാട്ടിരി

ഏറ്റവുംവലിയ പുരാതനകേരളരാജ്യമായിരുന്നു, വെമ്പലനാട്ടു് [2] അൻപതിനായിരം നായർപോരാളികളും അവരുടെ കുടുംബങ്ങളും ഈ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നുവെന്നു് ഒരു ഗ്രന്ഥവരിയിൽ കാണുന്നു. പുരാതന സാഹിത്യഗ്രന്ഥങ്ങളിൽ ഈ രാജ്യത്തിനു [3] "ബിംബലം" എന്നും "പശ്ചിമലക്ഷ്മാ"എന്നും സംജ്ഞകൾ നൽകിയിട്ടുള്ളതായി കാണുന്നുണ്ടു്. ഈ രാജ്യ

* ശ്രീചിത്രോദയമഞ്ജരി ഭാഷാഗ്രന്ഥാവലി വാല്യം ൩. വശം ൩൮ ദ്ദോകം ൨൧. [2] ഉണ്ണുനീലിസന്ദേശം. [3] കണക്കഗ്രന്ഥവരി.

ത്തിന്റെ സീമകൾ ശരിയായി നിർണ്ണയിക്കുവാൻ മാർഗ്ഗം ഇല്ലെങ്കിലും പശ്ചിമസമുദ്രംമുതൽ കിഴക്ക മലനാട്ടുവരെയും തെക്ക തിരുവല്ലാ പത്തനംതിട്ട താലൂക്കവരെയും വ്യാപിച്ചിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. തിരുവല്ലാതാലൂക്കിൽ "വെൺപാലാ" എന്ന ഇപ്പോഴും പേരുള്ള ഒരു പ്രദേശമുണ്ട്. അതിനാൽ ഈ സ്ഥലം ഉൾപ്പെടെ വടക്കോട്ട ഉദയംപേരൂർ വരെയുള്ള ഭൂമി ഈ രാജ്യത്തിൽ ചേർന്നതായിരിക്കണമെന്ന നിർണ്ണയിക്കേണ്ടിയിരിക്കുന്നു. *കടുത്തുരുത്തി "വെൺപലനാട്ട രാജാക്കന്മാരുടെ തലസ്ഥാനനഗരിയായിരുന്നിരിക്കണം. ।വെമ്പലനാട്ടുരാജാവായിരുന്ന വീരരവിവർമ്മയെക്കുറിച്ച് അജ്ഞാതനാമാവായ ഒരു കവി രചിച്ചിട്ടുള്ള പ്രശസ്തിശ്ലോകങ്ങളിൽ ॥"ധരിച്ചും ഭരിച്ചും നിതാന്തം ധാത്രീമണ്ഡലമഖിലഗുണനിധേ! പശ്ചിമക്ഷ്മാപതേ!" എന്ന പ്രയോഗിച്ചിരിക്കുന്നു. ചാലൂക്യാധിപത്യത്തിന കേരളാദിരാജ്യങ്ങളിൽ പുനരുദ്ധാരണം വരുത്തിയ പ്രതാപശാലിയായ വിക്രമാദിത്യത്രിഭുവനമല്ലൻ പല കേരളരാജാക്കന്മാരുടേയും രാജ്യങ്ങൾ ആക്രമിച്ച കീഴടക്കിയെങ്കിലും വെമ്പലനാട്ടുരാജ്യം വിക്രമാദിത്യനുമായി സൌഹൃദമനോഭാവത്തിൽ വർത്തിച്ചുവന്നുവെന്നും, വിക്രമന്റെ ഭീകരമായ ആക്രമണത്തിന ഈ രാജ്യം വിധേയമായിട്ടില്ലെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ വിക്രമാദിത്യൻ സമകാലികനായിരുന്നു, വീരരവിവർമ്മയെന്ന വെമ്പലനാട്ടുരാജാവ്: വിക്രമന്റെ ഭരണകാലം എ. ഡി. 1008-നും 1018-നും ഇടയ്ക്കായിരുന്നു. മഹാപ്രതാപശാലിയും വിദ്വൽശിരോമണിയുമായ മണികണ്ഠൻ എന്നൊരു രാജാവ് വീരരവിവർമ്മയുടെ കാലത്തിനുശേഷം വെൺപലനാട്ട ഭരിച്ചിരുന്നു. ചങ്ങനാശേരിതാലൂക്കിന്റെ ഉത്തരഭാഗത്തു വാകത്താനം എന്ന സ്ഥലത്തിന്ന സമീപമുള്ള ॥।മണികണ്ഠപുരം ക്ഷേത്രം ഈ രാജാവിനാൽ സ്ഥാപിതമാണെന്നാണ് ഐതിഹ്യം. അന്ത്യഘട്ടത്തിൽ രാജ്യഭാരം കൈവെടിഞ്ഞു് ഇദ്ദേഹം സന്ന്യാസവൃത്തി

---

* ശ്രീചിത്രോദയ മഞ്ജരി ഭാഷാഗ്രന്ഥാവലി ഗ്രന്ഥം ൩.(തി ഗ°പ്ര)

। ടി ഗ്രന്ഥം—൩. വശം ൪. ൧൩-൦. ൧൬-൦-ശ്ലോകങ്ങൾ (ടി)

॥ History of Deccan ॥। മണികണ്ഠപുരം ക്ഷേത്രപ്രതിഷ്ഠാകാലം കൊല്ലം ൩൨൭ മേടം ൨൭-൦൦൩.

സ്വീകരിച്ചു ഭേശാടനം ചെയ്തുവെന്നു പറയപ്പെടുന്നു. ഈ മണികണ്ഠരാജന്റെ ജീവിതകാലം കൊല്ലം 280-നും 352-നും ഇടയ്ക്കാണെന്ന് അനുമാനിക്കാം.

ആഭ്യന്തരമായോ ബാഹ്യമായോ ഉൽഭൂതമായ ഹേതുക്കളാൽ, പ്രബലമായ വെമ്പലനാട്ടുരാജ്യം ക്ഷയോന്മുഖമാകുകയും, ആ രാജകുടുംബാംഗങ്ങൾ വടക്കുംകൂർ, തെക്കുംകൂർ എന്നു രണ്ടു ശാഖകളായി പിരിഞ്ഞു വൈക്കം, ഏറ്റുമാനൂർ, കോട്ടയം, ചങ്ങനാശേരി എന്നീ സ്ഥലങ്ങളിലായി സ്ഥിരവാസം ഉറപ്പിക്കുകയും ഓരോ ശാഖയ്ക്കുമുള്ള രാജ്യം പ്രത്യേകം തിരിച്ചു ഭരണം തുടങ്ങുകയും ചെയ്തു.

൯. കീഴ്മലനാടു്.

വെമ്പലനാട്ടിന്റെ പൂർവ്വോത്തരഭാഗത്തുള്ള മലനാടു മുഴുവൻ ഈ രാജവംശത്തിന്റെ ഭരണത്തിലായിരുന്നു. വെളുങ്ങല്ലൂർ രാജവംശം തന്നെയാണു് "കീഴ്മലനാട്ടു്" എന്ന പ്രസ്തുത രാജ്യം വാണിരുന്നതെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

൧൦. ഓണാട്ടടികൾ.

"ഓണാട്ടുതിരുവടികൾ" എന്നായിരുന്നു ഈ രാജാക്കന്മാരുടെ അഭിസംജ്ഞ. ഓണാട്ടുരാജ്യത്തിനു് "ഓടനാട്ടു്" എന്നും "ഓണനാട്ടു" എന്നും പേരുകൾ, ഓരോകാലത്തും ഉണ്ടായിരുന്നതായി കാണുന്നു. കേരളചരിത്രത്തിന്റെ മദ്ധ്യകാലങ്ങളിൽ കായംകുളം രാജ്യമെന്നു് അറിയപ്പെട്ടിരുന്ന രാജ്യമാണു് ഓണാട്ടടികളുടെ ഭരണത്തിൽ ഉൾപ്പെട്ടിരുന്നിട്ടുള്ളതു്. [1] ചിറവായ് (ശ്രായിനാട്ടു്-ശ്രായിക്കോടു്) സ്വരൂപം രാജവംശം ഓടനാടു ഭരിച്ചിരുന്നതായി അനുമാനിക്കാവുന്നതാണു്. [2] രാമവർമ്മ, കോതവർമ്മ എന്നിങ്ങനെ രണ്ടു രാജാക്കന്മാർ, കൊച്ചിയും സാമൂതിരിയും തമ്മിൽ നടന്നുകൊണ്ടിരുന്ന (250 സംവത്സരക്കാലത്തെ) മഹായുദ്ധകാലത്തു കൊച്ചിപക്ഷത്തു ചേർന്നു സാമൂതിരിയുടെ നേരെ യുദ്ധത്തിൽ ഏർപ്പെട്ടിരുന്നതായി

---

[1] ഓടനാട്ടു്, ചിറവായു്, പേരകം പഴയിടം, പുതിയേടം എന്നിങ്ങനെ നാലു കോവിലുകൾ ഉണ്ടായിരുന്നു. ഇവയിൽ ചിറവായു് കോവിൽ ആയിരുന്നു മൂലകുടുംബം. നാലുശാഖകളിലും വച്ചു പ്രായംകൂടിയ പുരുഷനു ചിറവായിൽ മൂപ്പുസ്ഥാനം. ചിറവായിൽമൂപ്പിലേയ്ക്കു ഓടനാട്ടു രാജ്യവാഴ്ച.

[2] ശ്രീചിത്രോദയമഞ്ജരി ഭാഷാഗ്രന്ഥാവലി ഗ്രന്ഥകം ൩. വശം ൩൬, ൩൭, ൩൮.

കാണുന്നു. ഈ രാജവംശത്തിലെ മൂത്ത രാജാവിനു "ശ്രീകാന്തൻ" എന്ന ശാശ്വതബഹുമാനസംജ്ഞ ഉണ്ടായിരുന്നു.

൧൧. വേണാട്ടടികൾ.

വേണാട്ടുതിരുവടികൾ, വേണാട്ടുഉടയവർ, എന്നിങ്ങനെയുള്ള സംജ്ഞകൾ വേണാട്ടുരാജാവിനെ ഉദ്ദേശിച്ചു പ്രാചീന സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. വേണാടു് എന്നതു പ്രാചീന കൊല്ലംരാജ്യത്തിനുള്ള മറെറാരു പേരാകുന്നു. കൊല്ലം രാജ്യം വാണിരുന്ന വേണാട്ടുരാജകുടുംബം തിരുപ്പാപ്പൂരു സ്വരൂപത്തിലെ (തിരുവിതാംകോട്ടു രാജവംശത്തിന്റെ) ഒരു ശാഖയായിരുന്നു. വേണാട്ടു (കൊല്ലം) രാജ്യം തിരുവിതാംകൂർ രാജകുടുംബത്തിനു് അധീനമായിത്തീർന്നതോടുകൂടി, തിരുവിതാംകൂർ മഹാരാജാവിനും "വേണാട്ടുരാജാവു്" എന്നുള്ള പ്രശസ്തനാമം സിദ്ധിച്ചു. വേണാട്ടുരാജ്യത്തെക്കുറിച്ചു കൂടുതലായി, മറെറാരു ഘട്ടത്തിൽ പ്രതിപാദിക്കുന്നതാണു്.

൧൨. കാരനാട്ടു്, കാരകാട്ടു്.

ഇവ ബ്രിട്ടീഷുമലബാറിൽ നിലമ്പൂരിനു സമീപം നില നിന്നിരുന്ന രണ്ടു ചെറിയരാജ്യങ്ങളായിരുന്നു. ഇവയിലെ ജനസംഖ്യ അമ്പത്തിരണ്ടു നായർകുടുംബങ്ങൾ മാത്രമായിരുന്നു.

൯-ാം അദ്ധ്യായം.

പ്രാചീനകേരളത്തിന്റെ

സാമാന്യരാഷ്ട്ര ചരിത്രം.

(പുരാണകാലം മുതൽ ക്രി. ൧൧-ാം ശതകംവരെ)

"കേരള"ശബ്ദം സംസ്കൃതമാണു്. അതിപുരാതനങ്ങളായ സംസ്കൃതഗ്രന്ഥങ്ങളിൽ "കേരളം" എന്നപേർ ഉണ്ടു്. ആയ്തു പുരാതനന്മാക്കു കേരളരാജ്യത്തെക്കുറിച്ചു മുമ്പിനാലേതന്നെ അറിവുള്ളതാണു്.

പുരാണകാലം.

പുരാണരചന നടന്നകാലത്തു് തൽകർത്താക്കൾക്കു, കേരളം സുപരിചിതമായിരുന്നു. വായുപുരാണം, മത്സ്യപുരാണം, പത്മപുരാണം, (*) സ്കന്ദപുരാണം, ബ്രഹ്മാണ്ഡപുരാണം, ഭാഗവതപുരാണം എന്നീ പുരാണങ്ങളിൽ കേരളത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്.* ഹരിവംശത്തിൽ കേരളത്തിലെ ജനങ്ങൾ ഹൂണന്മാർ, പുളിന്ദന്മാർ, ചണ്ഡാലന്മാർ, ശപചന്മാർ എന്നീ വർഗ്ഗക്കാർ ആണെന്നും, കാഴ്ചയിൽ അവർ ഭീമാകാരന്മാരും വൈഭവശാലികളായ യുദ്ധവീരന്മാരും ആകുന്നു എന്നും വർണ്ണിച്ചിരിക്കുന്നു. †

ഇതിഹാസകാലം.

ഇതിഹാസകാലത്തു കേരളരാജ്യം നിലനിന്നിരുന്നതായി അഭ്യന്തരതെളിവുകളാൽ കാണാവുന്നതാണു്. മഹാഭാരതത്തിൽ താമ്രവർണ്ണിനദിയേയും അഗസ്ത്യകൂടത്തേയും കേരളത്തേയും കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. (॥) മഹാഭാരതയുദ്ധകാലത്തു് വേഷപ്രച്ഛന്നനായി, ഒരു കേരളരാജാവു, പാണ്ഡവപക്ഷത്തെയ്ക്കു ഒത്താശ ചെയ്വാനായി കുരുക്ഷേത്രത്തിലേക്കു പോയിട്ടുള്ളതായും, പാണ്ഡവപക്ഷത്തുനിന്നു ധീരധീരം പോർ നടത്തിയിട്ടുള്ളതായും കാണുന്നു. "പെരുഞ്ചോററു് ഉദയനൻ" അഥവാ "ഉതയനൻ" എന്ന പേരിലായിരുന്നു ആ പുരാതന യുദ്ധവീരൻ അറിയപ്പെട്ടിരിക്കുന്നതു്. ഈ പ്രശസ്തനായ പ്രാചീന യോദ്ധാവിന്റെ സ്മാരകമായി അദ്ദേഹത്തിന്റെ പ്രതിമ പ്രതിഷ്ഠിച്ചു്, ആരാധിച്ചുവന്ന ഒരു പുരാതനക്ഷേത്രത്തിന്റെ നഷ്ടശിഷ്ടങ്ങൾ, തിരുവിതാംകൂറിൽ, ചങ്ങനാശേരിതാലൂക്കിൽ പീരുമേട്ട റോഡിൽ മുപ്പതാംമൈലിൽ നിന്നു് അല്പം അകലെ മാറി "ചോററി" എന്നു അറിയപ്പെടുന്ന പ്രദേശത്തു് ഉള്ളതാണു്. ഈ ക്ഷേത്രം ഇരുന്നിരുന്ന മലവാരം, "കോയിമ്മാർ" എന്ന പേരിനാൽഅറിയപ്പെട്ടിരുന്ന ഒരു കൂട്ടം യോദ്ധാക്കന്മാ

---

* വായുപുരാണം ഏററവും പുരാതനം. മത്സ്യപുരാണം അതിനടുത്തതു്. രാമായണം, ഭാരതം, സ്കന്ദം, ഭാഗവതം എന്നിവ അനുലോമക്രമത്തിനു പഴക്കമുള്ളവ. Early History of Deccan.

വായുപുരാണം, മത്സ്യപുരാണം, ഭാഗവതം എന്നിവ പിൽക്കാലത്തു രചിക്കപ്പെട്ടവ. (പ്രൊഫസ്സർ ഭണ്ഡർക്കർ).

† Dr. Oppert—Weapons, or my Organisations and Political maxims of the ancient Hindus.

രുടെ നിവാസഭൂമിയായിരുന്നു. "പെരുഞ്ചോററൂ" "കോയിന്മാരുടെ" ഭരണത്തിലിരുന്നതാണ്. വേമ്പലനാട്ടുരാജ്യത്തിന്റെ പ്രാബല്യത്തോടുകൂടി, കോവിലന്മാരുടെ ശക്തി ക്ഷയിച്ചതായും, അവർ ഉൻമൂലനം ചെയ്യപ്പെട്ടതായും വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ കോവിലന്മാരുടെ വർഗ്ഗക്കാരിൽ ചിലർ ഇക്കാലത്തും തിരുവല്ലാ താലൂക്കിൽ "അയിരൂർ" എന്ന ദേശത്തു കുടിപാർത്തുവരുന്നുണ്ട്. കോവിലന്മാർ പെരുഞ്ചോററിലെ സാമന്തദേശാധിപരായിരുന്നുവെന്നു വേണം അനുമാനിക്കുവാൻ. കേരളചരിത്രപരമായ ഉൽഖനനഗവേഷണങ്ങൾക്കു 'ചോററി. സമുചിതമായ ഒരു സ്ഥാനമാകുന്നു.

രാമായണത്തിലെ നായകനും അയോദ്ധ്യാരാജാവുമായിരുന്ന ശ്രീരാമന്റെ പ്രശസ്തപൂർവികനായ * രഘു, കേരളരാജ്യങ്ങൾ ആക്രമിച്ചിട്ടുള്ളതായി കാളിദാസൻ രഘുവംശകാവ്യത്തിൽവർണ്ണിച്ചിട്ടുണ്ട്. ഇതിലേക്ക് അടിസ്ഥാനമായ പുരാതന കൃതികളെക്കുറിച്ചുള്ള പരിജ്ഞാനം കാളിദാസകവിക്ക് ഉണ്ടായിരുന്നിരിക്കണമെന്ന് അനുമാനിക്കുന്നതു തെററായിവരുകയില്ല. രഘു, കേരളചോളപാണ്ഡ്യാദിരാജ്യങ്ങൾ ആക്രമിച്ചുവെന്നും, കേരളാക്രമണഘട്ടത്തിൽ രഘുവിന്റെ സൈന്യങ്ങൾ, കേരളം കീഴടക്കിയശേഷം ഓരോ ആക്രമപ്രവൃത്തികൾ ചെയ്തുകൂട്ടത്തിൽ, ക്ഷീണം തീർക്കുവാനും ഉന്മേഷം ഉണ്ടാക്കുവാനും വേണ്ടി, "നാളികേരാസവം" കൊടിമുളകിന്റെ ഇലകൊണ്ടു കോരികുടിച്ചു, എന്നുംകാണുന്നുണ്ട്. "നാളികേരാസവം" എന്നു വിവക്ഷിച്ചിരിക്കുന്നതു തെങ്ങിൻകള്ളിനെ ഉദ്ദേശിച്ചാണെന്നു വ്യക്തമാണല്ലോ. രഘുവിന്റെ ആക്രമണം കേരളത്തിൽ ഉണ്ടായ ചരിത്രാതീതകാലത്തും കേരളത്തിൽ തെങ്ങു ധാരാളമായി കൃഷിചെയ്യപ്പെട്ടിരുന്നുവെന്നും, തെങ്ങിൻകള്ള് സാധാരണമായ ഒരു പാനീയമായി കേരളീയർ ഉപയോഗിച്ചുവന്നുവെന്നും, നാളികേരത്തിന്റെയും നാളികേരാസവത്തിന്റെയും വിഖ്യാതി ഭാരതഖണ്ഡത്തിൽ എങ്ങും വ്യാപിച്ചിരുന്നുവെന്നും അനുമാനിക്കാം. എന്നാൽ കേരളം സന്ദർശിച്ചിട്ടുള്ള പുരാതന വിദേശീയനാവികന്മാർ തെങ്ങിനെയോ തേങ്ങയേയോ കുറിച്ചു യാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല. തേങ്ങയുടെ ഉപയോഗം

* രഘുവംശം കാവ്യം

അവക്ക് അക്കാലത്തു് അജ്ഞാതമായിരുന്നിരിക്കാം. അല്ലാത്ത പക്ഷം, അതിന്റെ ആവശ്യം അവക്കു് ഉണ്ടായിരുന്നിരിക്കയില്ല. അവരുടെ ഉപയോഗത്തിനുവേണ്ട ഒളിവു് എണ്ണ തന്നാട്ടിൽനിന്നുതന്നെ വേണ്ടുവോളം ലഭിച്ചുപോന്നു. "തെങ്ങു്" ദ്രാവിഡശബ്ദമാണു് "തേൻകായു്" "തെങ്കായു്" "തേങ്ങായു്" "തേങ്ങ" എന്നിങ്ങനെ രൂപഭേദം നാളികേരഫലത്തിനു സിദ്ധിച്ചു. ആ ഫലംവിളയുന്ന വൃക്ഷത്തിനു "തെങ്ങു്" എന്നും പേർ ഉണ്ടായി. "നാളികേരം" എന്നപദം "നാളികദ്രുമം" എന്ന സംസ്കൃതസമസ്തപദം ദുഷിച്ചു് ഉണ്ടായിട്ടുള്ളതാണു്. ആര്യബ്രാഹ്മണർ ഉത്തരഭാരതത്തിൽനിന്നു കേരളത്തിൽ ഉപവേശംചെയ്ത ആ പുരാതനദശയിൽ തെങ്ങിന്റെ ചേതസ്സമാകർഷകമായ ദർശനം, അവരുടെ മനസ്സിൽ ബലവത്തായ ഒരു ധാരണ ഉദയംചെയ്യിച്ചിരിക്കണം. ഓലക്കാലുകളോടുകൂടിയ ഓലമടലിനും, ശൃംഗത്തിൽ ഓലമടലുകളോടുകൂടിയ തെങ്ങുവൃക്ഷത്തിനുതന്നെയും നാളീക(അസ്ത്രം)ത്തിന്റെ ച്ഛായ ഉള്ളതാണല്ലോ. പ്രസിദ്ധവില്ലാളിവർഗ്ഗക്കാരായിരുന്ന പുരാതനകേരളീയർ, തെങ്ങുവൃക്ഷത്തിന്റെ മിക്കവാറും ഭാഗങ്ങളും അസ്ത്രശസ്ത്രാദികൾ ഉണ്ടാക്കുവാൻ ഉപയോഗിച്ചുവന്നു. ഓല, പക്ഷിയുടെ തൂവൽപോലെമുറിച്ചു് ഒരഗ്രത്തിൽനിറുത്തി, മറെറാരഗ്രം കൂർമ്പിച്ച മുനവരുത്തിയ ഈർക്കിലുകളും, ഈർക്കിലോടുകൂടിയ ഓലക്കാലുകൾ, തൂവൽകണക്കെ വെട്ടി ക്രമപ്പെടുത്തി നിർത്തി ചെത്തി കൂർമ്പിച്ച ഓലമടലുകളും, അവർ അസ്ത്രങ്ങളായി ഉപയോഗിച്ചുവന്നു. തെങ്ങിൻതടി വെട്ടികീറി വലിയ വിൽത്തണ്ടുകളും, വൻതരം അസ്ത്രങ്ങളും അവർ ഉണ്ടാക്കി ഉപയോഗിക്കുകയും സാധാരണമായിരുന്നു. വരട്ടു് ഉണക്കി വെള്ളം വററിയ തേങ്ങ പൊതിച്ചു് എടുത്തു വീണ്ടും ഉണക്കി വെള്ളത്തിന്റെ മയം നീക്കിയശേഷം, അതു തുളച്ചു്, അകത്തു വെടിമരുന്നും * ആഗ്നേയകാരങ്ങളായ മററു ചില സാധനങ്ങളുംകൂടി ഇട്ടുനിറച്ചു് ആഗ്നേയാസ്ത്രംനിർമ്മിച്ചു വിദേശശത്രുക്കളെ നേക്ക

---

* വെടിമരുന്നു ഭാരതീയരുടെ പുരാതനമായ ഒരു കണ്ടുപിടിത്തമാണു്. Low is Jackson—Ten centuries of European progress ബി. സി. ൧൦൦൦.

സ്വ. വെടിമരുന്നു് ഉണ്ടാക്കുന്ന വിദ്യ ഭാരതഖണ്ഡത്തിൽ, കേരളത്തിൽ നിന്നു ചീനക്കു വശമായി. അവർമുഖാന്തരം ഈ വിജ്ഞാനം ഈജിപ്തിലും,

വാൻ അസ്ത്രങ്ങളായി അവർ ഉപയോഗപ്പെടുത്തിപ്പോന്നു. ആഗ്നേയാസ്ത്രത്തിനു പ്രത്യസ്ത്രമായ വരുണാസ്ത്രം, പൊതിച്ച വിടലത്തേങ്ങാതന്നെയായിരുന്നു. ശത്രുക്കളുടെ ദേഹത്തിൽ തടയുകയോ കാററു ഏല്ക്കുകയോ ചെയ്യുന്നപക്ഷം മരണം സംഭവിക്കത്തക്കവിധം അത്യുഗ്രമായ വിഷജലം തേങ്ങാക്കുടുക്കകളിൽ നിറച്ചു നാനാപ്രകാരത്തിലുള്ള നാഗാസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും കേരളീയക്കു വൈദഗ്ദ്ധ്യം ഉണ്ടായിരുന്നു. ഈവക അസ്ത്രങ്ങൾ പ്രയോഗിക്കുന്നതു "കവണി" എന്ന പേരിനാൽ അറിയപ്പെട്ടുവന്നതും മദ്ധ്യഭാഗത്തു തോണിയിൽ വീതിയുള്ള തണ്ടു വലയോടുകൂടിയതുമായ ഒരുതരംവില്ലിന്റെ അവലംബത്തോടുകൂടിയായിരുന്നു. ഈപ്രകാരം അസ്ത്രാദികൾക്കു സർവ്വദാ ഉപയുക്തമായ തെങ്ങിനു "നാളീകമരം" (നാളീകതരു) എന്നു ആര്യോപദേശകന്മാർ സംജ്ഞനൽകിയെന്നു അനുമാനിക്കുന്നതിൽ അസാംഗത്യം ഇല്ലതന്നെ. നാളീകം എന്നാൽ അസ്ത്രം എന്നർത്ഥമാണല്ലോ.

അയോദ്ധ്യാ രാജാവായ ശ്രീരാമൻ ലങ്ക ആക്രമിക്കുവാൻ യുദ്ധപ്രസ്ഥാനം ചെയ്തതു കേരളാദിരാജ്യങ്ങൾ കടന്നായിരുന്നു.

ബി. സി. ൭-ാം ശതവർഷം

ഈ ശതവർഷത്തിൽ ചേരം, കേരളം, ചോളം, പാണ്ഡ്യം എന്നീ രാജ്യങ്ങൾ നിലനിന്നിരുന്നു എന്നുള്ളതു നിസ്സംശയം തന്നെ. മഗധസാമ്രാജ്യത്തിൽ ഉൾപ്പെട്ട ശാല (വൈശാല) യിലെ രാജാവായ സുബാഹുവിന്റെ പുത്രൻ, വിജയൻ തുംബാപണി (Thumpapani) (സിലോൺ) ആക്രമിച്ചു സ്വാധീനപ്പെടുത്തി, അവിടെ നാടുവാഴുവാൻ ആരംഭിച്ചതു ബി. സി. ൬-ാം ശതവർഷത്തോടു സമീപിച്ചായിരുന്നു. വിജയനെ, അനുഗമിച്ചിട്ടുള്ള ഉത്തരഭാരതീയരായ ആര്യന്മാർ കേരളാദിരാജ്യങ്ങ

ബാബിലോണിയായിലും, പ്രചരിച്ചു. പിന്നീടു ആ ദേശങ്ങളിൽനിന്നും യൂറോപ്പിൽ വെടിമരുന്നു നടപ്പാക്കപ്പെട്ടു.

ബി. സി. ൫൦൦൦-ാമാണ്ടുപോലും കേരളീയക്കു വെടിമരുന്നു ഉണ്ടാക്കുവാൻ വശമുണ്ടായിരുന്നു ഇപ്പോൾ കരിമരുന്നുപ്രയോഗത്തിൽ ഉൾപ്പെട്ടിരിക്കുന്ന 'വാണം' 'ഗുണ്ടപടക്കം' എന്നിവ പ്രാചീനകേരളീയരുടെ ആഗ്നേയബാണങ്ങളിൽ ഉൾപ്പെട്ടിരുന്നവയാകുന്നു.

ദീപവംശം ഹരിവംശം, Upher's മഹാവംശം

Dutt's Ancient India Vol. I. * Ibid Vol I & II.

ളിലും താപ്രോബോണി (താമ്രപണി) [സിലോൺ എന്നതു് ഇപ്പോഴത്തെ പേർ] യിലും കുടിയേറി പാർത്തിട്ടുണ്ടു്. വിജയാക്രമണത്തിന്റെ ഭയങ്കരത നിമിത്തം, നാടും വീടും ഉപേക്ഷിച്ചു സിംഹളർ (താപ്രോബോണിയർ) പലരും പാണ്ഡ്യചേരകേരളാദി രാജ്യങ്ങളിൽ അക്കാലത്തു് ഉപവേശം ചെയ്തിട്ടുള്ളതാണു്. ഏതദ്ദേശീയരുമായി ദീർഘകാലമായുള്ള സഹവാസവും സംസർഗ്ഗവും നിമിത്തം അവർക്ക് വർണ്ണസങ്കരം സംഭവിക്കുകയും, കേരളീയസമുദായത്തിൽ അവർ ലയിക്കുകയും ചെയ്തുവെങ്കിലും, പ്രസ്തുത പുരാതനസിംഹളോപവേശകന്മാരുടെ ആദിമനിവാസസ്ഥാനങ്ങളെ ദ്യോതിപ്പിക്കുന്ന ചില ദേശനാമങ്ങളും, പുരയിടപ്പേരുകളും അദ്യാപി കേരളത്തിൽ ചില പ്രദേശങ്ങളിൽ നിലനിന്നുപോരുന്നുണ്ടു്.

വിജയൻ താമ്രപണിനാട്ടു വാണിരുന്ന കാലത്തു മലയാളദേശത്തും പരിസരങ്ങളിലുമായി പുരളി[1], പാണ്ഡ്യം, ചേരം, കേരളം എന്നി പ്രധാന രാജ്യങ്ങൾ നിലനിന്നിരുന്നു. അക്കാലത്തു പാണ്ഡ്യരാജാവിന്റെ പ്രാബല്യം വർദ്ധിച്ചിരുന്നു. മററു രാജാക്കന്മാരും തുല്യബലവാന്മാരായിരുന്നിരിക്കണം. അല്ലാത്തപക്ഷം, വിജയൻ കേരളരാജ്യങ്ങൾ ആക്രമിച്ചു, തന്റെ സിംഹളസാമ്രാജ്യത്തോടു ചേർക്കുവാൻ ഉദ്യമിക്കാതെ അടങ്ങിപ്പാർക്കുവാൻ ഇടയില്ലായിരുന്നു.

കേരളരാജാക്കന്മാരുമായി ഏതുവിധവും സഖ്യമായിരിക്കണമെന്നാണു, വിജയചക്രവർത്തി കാംക്ഷിച്ചതു്. ആ ഉദ്ദേശ്യം സാധിക്കാൻവേണ്ടി, അദ്ദേഹം പാണ്ഡ്യരാജാവിന്റെ ഒരു പുത്രിയെ വിവാഹം കഴിച്ചു താപ്രോബോണിയിലേക്കു കൊണ്ടുപോയി; എന്നു മാത്രമല്ല, വിവാഹശുല്കമായി പാണ്ഡ്യരാജാവിനു ഗണ്യമായ ഒരു വാർഷികവേതനം നൽകുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു.[2] കന്യക പുരളിരാജ്യത്തെ ഒരു റാണിയുടെ സന്താനമായിരുന്നു.

ബി. സി. 4-ാം ശതകം

ബി. സി. ൩൫൦-ാമാണ്ടിടയ്ക്കു് ജീവിച്ചിരുന്ന കാത്യായനൻ കേരളത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു

---

1 ഈ രാജ്യങ്ങളിലെ രാജവംശങ്ങൾ ആര്യവർഗ്ഗക്കാരാണു്.

2 History of ceylon
Bhandherkor

അക്കാലത്തു കേരളരാജ്യം വലിയ പ്രതാപത്തിലും പ്രാബല്യത്തിലും നിലനിന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ വിഖ്യാതി, ഉത്തരദേശങ്ങളിൽ വ്യാപിച്ചിരുന്നുവെന്നുള്ളതു നിസ്തർക്കമാകുന്നു.

ബീ. സീ. ൩-ാംശതകം.

അശോകചക്രവർത്തിയുടെ ൨-ം ൧൩-ം ശിലാശാസനങ്ങളിൽനിന്നു വെളിവാകുന്നതു്, ഈ ശതാബ്ദത്തിൽ കേരളരാജ്യം ഭരിച്ചിരുന്നതു കേരളപുത്രനും സത്യപുത്രനും ആയിരുന്നു, എന്നാണു്. സത്യപുത്രൻ ഉത്തരകേരളവും, കേരളപുത്രൻ ദക്ഷിണകേരളവും ഭരിച്ചിരുന്നു. പ്രസ്തുതശിലാശാസനങ്ങളുടെ കാലം ബി. സി. ൨൫൦ ആണെന്നു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ, അക്കാലത്തെ കേരളരാജാക്കന്മാരിൽ ഏററവും പ്രബലന്മാർ സത്യപുത്രനും കേരളപുത്രനും ആയിരുന്നുവെന്നു വ്യക്തമാകുന്നു. കേരളരാജ്യം, അശോകസാമ്രാജ്യത്തിന്റെ പ്രാത്യന്തമാണെന്നും, പാണ്ഡ്യചോളരാജാക്കന്മാരുടെ രാജ്യം, അതിനു തെക്കാണെന്നും ശിലാശാസനങ്ങളിൽ കാണുന്നു.

അശോകശാസനങ്ങളുടെ കാലത്തു സിലോൺ (ലങ്കാ) ഭരിച്ചിരുന്നതു് "തീസൻ" (Tissa) എന്ന രാജാവായിരുന്നു. അശോകൻ, ബുദ്ധമതം തീസരാജ്യത്തു പ്രചരിപ്പിക്കുവാനായി, സ്വപുത്രനായ മഹിന്ദനെ ഒട്ടധികം ബുദ്ധസന്യാസിമാരോടൊന്നിച്ചു, സിലോണിലേക്കു അയച്ചു. ഇതു ബി. സി. ൨൫൦-ൽ ആണെന്നു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. തീസൻ ബുദ്ധമതം കൈക്കൊള്ളുകയും, സ്വരാജ്യത്തിൽ ആ മതം പ്രചരിപ്പിക്കുവാനായി, അതിനെ രാജകീയമതമാക്കുകയും ചെയ്തു. മഹിന്ദൻ തീസരാജധാനിയിൽതന്നെ സ്ഥിരവാസം ഉറപ്പിച്ചു. ബുദ്ധമതത്തിനു സിലോണിയിൽ ദ്രുതഗതിയിൽ പ്രചാരം ഉണ്ടായി. ഈ ഘട്ടത്തിൽ, മതഭേദംവരുത്തുന്നതിനു വൈമനസ്യം ഉണ്ടായിരുന്ന ദൃഢവ്രതരായ ഹിന്തുക്കളിൽ ചിലർ, ബുദ്ധമതത്തിനു രാജകീയസംരക്ഷ സിദ്ധിച്ചിട്ടില്ലാത്ത പാണ്ഡ്യകേരളാദിരാജ്യങ്ങളിലേക്കു നിർഗ്ഗമിച്ചിട്ടുണ്ടു്. തീസരാജ്യത്തിൽനിന്നു ഇപ്രകാരം പുറപ്പെട്ടു് ഉത്തരദേശത്തോട്ടു പ്രയാ

* സിംഹളചരിത്രം

Asoka's Hdicts

ണംചെയ്തു് അവിടെ പല പ്രദേശങ്ങളിലുമായി കുടിപാർപ്പു് ഉറപ്പിച്ചവരെ "തീസർ" എന്നു് ഏതദ്ദേശക്കാരം വിളിച്ചുതുടങ്ങി. "തീസ" ശബ്ദം കാലാന്തരത്തിൽ "തീയ" ശബ്ദംആയും രൂപാന്തരപ്പെട്ടു. കള്ളുചെത്തു തൊഴിലായി സ്വീകരിച്ച തീയക്കു് ഈഴവർ എന്ന വർഗ്ഗനാമംകൂടി സിദ്ധിച്ചു. "ഈഴ" ശബ്ദത്തിനു "മദ്യം" എന്നു് അർത്ഥംഉണ്ടു്. ഇപ്രകാരമാകുന്നു "തീസർ" കാലക്രമേണ ഒരു പ്രത്യേകവർഗ്ഗമായിത്തീർന്നതു്.1

ബി സി. ൨-ാംശതകം.

തീസരാജാവിന്റെയും മഹിന്ദന്റെയും കാലശേഷം ചോള രാജാവു തീസരാജ്യം ആക്രമിച്ചു പലവിധ നാശങ്ങൾചെയ്തു. പിന്നീടു ഏതാണ്ടു ശതവർഷകാലത്തെയ്ക്കു കേരളപാണ്ഡ്യാദി രാജാക്കന്മാരും, സിംഹളദേശത്തെ തുടരെ ആക്രമിച്ചുകൊണ്ടിരുന്നു. ഏതാദൃശങ്ങളായ സംഭവങ്ങളെ തുടർന്നുണ്ടായ രാഷ്ട്രീയമായ അവസ്ഥാന്തരത്താൽ കേരളീയരാദിയായുള്ള ദ്രാവിഡവർഗ്ഗങ്ങളും, ആര്യബ്രാഹ്മണരും സിംഹളത്തിൽ ഉപവേശംചെയ്വാൻ ഇടയായി.2

യുദ്ധമദ്ധ്യേ ബന്ധനസ്ഥരാക്കപ്പെട്ടവരും, വംശശീഷുക്കളായ കേരളപാണ്ഡ്യചോളാദിരാജാക്കന്മാർക്കു കീഴടങ്ങിയവരും, ഉൾപ്പെടെ സിംഹളർ പലരും മലയാളക്കരത്തും, സഹ്യന്റെ കിഴക്കുവശമുള്ള പാണ്ഡ്യചോളദേശവിഭാഗങ്ങളിലും, ആയ കുടിപാർപ്പാനും സംഗതിവന്നു.

ഇക്കാലത്തു്, "കേരളരാജ്യം" അത്യുന്നതാവസ്ഥയിൽ സ്ഥിതിചെയ്തിരുന്നു. ബി. സി. 150-ാമാണ്ടു് ഇടയ്ക്കു ജീവിച്ചിരുന്ന പതഞ്ജലി, കേരളത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതായി കാണാം.

ബി. സി ൧-ാംശതകം.

ഈ ശതവർഷത്തിലും കേരളം, ചേരം, പാണ്ഡ്യം, ചോള എന്നീ പ്രധാന ദ്രാവിഡരാജ്യങ്ങൾ പ്രാബല്യത്തിൽ നിന്നുപോന്നു. ഈ രാജാക്കന്മാർ സിംഹളദേശത്തെ ഇക്കാലത്തും ആക്രമിച്ചു. എന്നാൽ വാതഗാമനി എന്ന സിംഹ:

---

1 മദ്യവ്യവസായം തൊഴിലായി സ്വീകരിച്ച തീയന്മാർക്കു ദക്ഷിണകേരളത്തിൽ "ഈഴർ" "ഈഴവർ" ഈഴവർ എന്ന പേർ സിദ്ധിച്ചു.

2 സിംഹളചരിത്രം.

റാണി, ആ ദ്രാവിഡരാജാക്കന്മാരോടു ധീരധീരം നേരിടുകയും, അവരെ സിംഹളത്തിൽനിന്നു നിശ്ശേഷം പലായനംചെയ്യിക്കുകയുംചെയ്തു. എങ്കിലും കേരളരാജാക്കന്മാർ ഭഗ്നോത്സാഹരായില്ല.

ഏ. ഡി. ൧-ാംശതകം.

കേരളപാണ്ഡ്യരാജാക്കന്മാർ ഈ ദശയിലും സിംഹളത്തിലേയ്ക്കു യുദ്ധപ്രസ്ഥാനംചെയ്തു എന്നാൽ ഇപ്രാവശ്യം സിംഹളർ ഒരു കൌശലംപ്രയോഗിച്ചു. ഏതാനംയുദ്ധങ്ങൾകഴിഞ്ഞു, കേരളരാജാക്കന്മാർ പിൻവാങ്ങിയശേഷം, നാവികശക്തികളെ സംഭരിച്ചുകൊണ്ടു്, അവർ കേരളാദി രാജാക്കന്മാരുടെ രാജ്യങ്ങളെ ആക്രമിച്ചു, കൊള്ളയും കൊലയും തീവെയ്പ്പുംനടത്തി.*

ഈ ശതവർഷത്തിൽ കേരളം സന്ദർശിച്ച പ്ലിനി എന്ന നാവികസഞ്ചാരി രേഖപ്പെടുത്തിയിരിക്കുന്നതു, കേരളം കേരളപുത്രന്മാരുടെ ഭരണത്തിലാണെന്നാകുന്നു. കേരളരാജ്യത്തിന്റെ തലസ്ഥാനം "മുസിറിസ്സ്" (മുശ്രി—മുയിരിക്കോട്ടു—കൊടുങ്ങല്ലൂർ) ആണെന്നും, ആ നഗരം വലുതായ വാണിജ്യകേന്ദ്രമാണെന്നും, പ്രസ്തുതസഞ്ചാരി പ്രസ്താവിച്ചിരിക്കുന്നു.

മലയാളദേശം ഉൾപ്പെടെയുള്ള പൌരസ്ത്യപ്രദേശങ്ങളിൽ സഞ്ചരിച്ചശേഷം ഏ. ഡി. 77-ൽ പ്ലിനി പരലോകപ്രാപ്തനായി. മരിക്കുന്നതിനു രണ്ടു സംവത്സരം മുമ്പാകുന്നു, ആ നാവികൻ തന്റെ സഞ്ചാരവിവരങ്ങൾ എഴുതിയിട്ടുള്ളതു്. പ്ലിനിയുടെ രേഖപ്രകാരം കേരളപുത്രഭരണത്തിലിരുന്ന കേരളരാജ്യത്തിന്റെ സീമകൾ, തെക്കു നീലകണ്ഠം (കൊല്ലം കല്ലട)വരെ വ്യാപിച്ചിരുന്നു. നീലകണ്ഠംമുതൽ തെക്കോട്ടു പാണ്ഡ്യരാജ്യമെന്നു പ്ലിനി പ്രസ്താവിച്ചിരിക്കുന്നു. കേരളപുത്രന്മാരും, പാണ്ഡ്യരാജാവും പ്രബലന്മാരായിരുന്നതിനാൽ, പ്രസ്തുത വിദേശസഞ്ചാരിയുടെ ഗണനയിൽ ഇതരരാജ്യങ്ങൾ ഉൾപ്പെട്ടില്ലെന്നു വരാവുന്നതാണു്. കൊടുങ്ങല്ലൂരിനു "മുശ്രി" (മുച്ചിറി)എന്നും, "മുയിരിക്കോടു" എന്നും "മാകോതപട്ടണം" (മഹാകോതപട്ടണം—മഹാദേവപട്ടണം എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ ദുഷിച്ച രൂപമായിവരാം) എന്നിങ്ങനെ പേരുകൾ ഉണ്ടെന്നുള്ളതു സർവസമ്മതമാകുന്നു. ഇത്രമാത്രമല്ല, വിദേശസഞ്ചാരി

* സിംഹളചരിത്രം.

കളും വണിക്കുകളും ഈ നഗരത്തിന് ഓരോ കാലങ്ങളിൽ ഓരോ പേരുകൾ നൽകിയിട്ടുള്ളതായി കാണാം. ആ പേരുകളേയും അവയുടെ ഉത്ഭവത്തേയും, ഓരോ പേരും നിലനിന്ന കാലത്തെയുംകുറിച്ചു മറെറാരുഘട്ടത്തിൽ പ്രതിപാദിക്കുന്നതാണു്.

പെരിപ്ലസ്സു ഗ്രന്ഥകാരൻ വിവരിച്ചിരിക്കുന്നതു, കേരളപുത്രന്മാർ "ലിമുറിക്ക്" (ഇളമുരുകനാട്) ഭരിക്കുന്നുവെന്നും, ആ രാജ്യം നൌറാ, ട്രിൻഡിസ്, എന്നീ സ്ഥലങ്ങൾ തൊട്ടു തെക്കു നീലകണ്ഠംവരെ വ്യാപിച്ചിരിക്കുന്നുവെന്നും ആകുന്നു. ആ രാജ്യത്തിലെ പ്രധാന നഗരമായ "മുസിറിസ്" സമ്പൽസമൃദ്ധമായിരിക്കുന്നതായും, ഗ്രീക്കുകാർ, ഈജിപ്റ്റുകാർ, ആദിയായ വിദേശവണിക്കുകളുടെ യാനപാത്രങ്ങൾ, അവിടെ അടുക്കുന്നതായും, ആ നഗരം ഒരു നദിയുടെ തീരത്തു സ്ഥിതിചെയ്യുന്നതായും ആ ഗ്രന്ഥകാരന്റെ വിവരണങ്ങളിൽ കാണുന്നു. ട്രിൻഡിസ് ബെയിപ്പൂരിനു സമീപമുള്ള "കടലുണ്ടി"യാണെന്നും, നീലകണ്ഠം കൊല്ലം കല്ലടയാണെന്നും ഡാക്ടർ ബർണൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം യുക്തിയുക്തമായിരിക്കുന്നു.*

"മുസിറിസ്" സ്ഥിതിചെയ്യുന്നതു്, യാതൊരു നദിയുടെ തീരത്താകുന്നു, ആ നദിയുടെ തീരത്തുനിന്നു രണ്ടുമൈൽ മുകളിലാണു് അതിന്റെ സ്ഥാനമെന്ന്, ഏറിയൺ വിവരിച്ചിരിച്ചിരിക്കുന്നു. പ്ലിനി പറഞ്ഞിരിക്കുന്ന പ്രകാരമെങ്കിൽ മുസിറിസ് അഭിലക്ഷണീയമായ ഒരു തുറമുഖമേ അല്ല എന്നാകുന്നു. എന്നാൽ, മലയാളതീരത്തുള്ള ഏററവും വലിയ വ്യാപാരകേന്ദ്രമാണു്, അതെന്നു് ആ നാവികവര്യൻ സമ്മതിക്കുന്നുമുണ്ടു്. കപ്പലുകൾ, തീരത്തുനിന്നു വളരെ അകലെ മാത്രമേ നങ്കൂരം ഉറപ്പിക്കുവാൻ നിർവാഹമുള്ളുവെന്നും, ചരക്കുകൾ ഒററത്തടിത്തോണികളിൽ കയററിയാണു കപ്പലിൽ എത്തിച്ചുവരുന്നതെന്നും, പ്ലിനി പ്രസ്താവിച്ചിരിക്കുന്നു. കൊടുങ്ങല്ലൂർനിന്നു ദൂരെ മാത്രമേ, കടലിൽ കപ്പലുകൾ നങ്കൂരം ഉറപ്പിച്ചു നിറുത്തുവാൻ ഇപ്പോഴും സാധിക്കുന്നുള്ളു. റോമന്മാർ മലയാ

---

* Sewell

സർ വില്യംഹണ്ടർ, മി. സ്യൂവെലിന്റെ അഭിപ്രായത്തോടു യോജിക്കുന്നില്ല.

ദേശങ്ങളുമായി ബലവത്തായ വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. കേരളപാണ്ഡ്യരാജാക്കന്മാർ, റോമാചക്രവർത്തിയുടെ സന്നിധിയിലേക്കു പ്രതിനിധികളെ അയക്കാറുണ്ടായിരുന്നു. അഗസ്റ്റസ്, ക്ലാഡിയസ് അന്റോണി, യസ്പീയസ്, ജൂലിയസ് സീസർ എന്നീ ചക്രവർത്തിമാരുടെ രാജധാനികളിലേക്കു പ്രതിപുരുഷന്മാർ അയക്കപ്പെട്ടിട്ടുള്ളതായി ഡാക്ടർ ഓപ്പെർട്ട പ്രസ്താവിച്ചിരിക്കുന്നു. കൊടുങ്ങല്ലൂർ നഗരത്തിൽ അഗസ്റ്റസിന്റെ ഒരു ക്ഷേത്രം പണിയിക്കപ്പെട്ടിരുന്നുവെന്നും, പെൻറിയൻഗെറിയൻ ടേബിൾസിൽ വിവരിച്ചിട്ടുണ്ട്.

സെൻറ് തോമസ്

കൊടുങ്ങല്ലൂരിനടുത്തുള്ള മലങ്കര എന്ന ദ്വീപിൽ അപ്പോസ്തലതോമസ് വന്നിറങ്ങി ക്രിസ്തീയമതപ്രചരണം ആരംഭിച്ചതു* ഈ ശതാബ്ദത്തിലായിരുന്നു. പ്രസ്തുത സന്യാസി മലയാളതീരത്ത് വന്നെത്തിയതു ഏ. ഡി. ൫൨-ൽ ആയിരുന്നുവെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. വില്യാർവട്ടം രാജാവിനാൽ പ്രേരിതരായി കേരളത്തിലെ രാജാക്കന്മാരും പ്രഭുക്കന്മാരും ക്രിസ്തുമതപ്രചരണത്തിനു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയും പള്ളികൾ സ്ഥാപിക്കുവാൻ സ്ഥലവും ധനവും സൌജന്യമായി നൽകുകയും ചെയ്തു. ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ മറെറാരു അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ഏ. ഡി. ൨-ാം ശതകം

"ചിലപ്പതികാരം" എന്ന പുരാതന തമിഴ്ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു, ഈ ശതവർഷത്തിൽ ചേരരാജ്യം ചെങ്കുട്ടവൻ ഭരിച്ചിരുന്നു എന്നാണ്. "മണിമേഖല" എന്ന ഗ്രന്ഥവും ഈ വസ്തുത തന്നെ വെളിപ്പെടുത്തുന്നു. പെരിയാർതീരത്തുള്ള "വഞ്ചി" ചേരരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു "വഞ്ചി" എന്നു വിവക്ഷിക്കപ്പെട്ടിരിക്കുന്നതു തിരുവഞ്ചിക്കുളത്തെ ഉദ്ദേശിച്ചാണ്. "തിരുവഞ്ചിക്കുളം" എന്ന പദം "തിരുവഞ്ചിക്കോവിലകം" എന്ന പദത്തിന്റെ ലുപ്തരൂപമാകുന്നു. തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂരിനു ഏററവും സമീ

---

* വടക്കൻ പറവൂർ പട്ടണത്തിൽനിന്നു മൂന്നുനാലു മൈൽ തെക്കുമാറി പെരിയാർതീരത്തു "കൊട്ടക്കാട്" എന്നൊരു പ്രദേശം അദ്യാപി നിലനിന്നുപോരുന്നു.

പത്തു സ്ഥിതിചെയ്യുന്നു. ചെങ്കുടവന്റെ സഹോദരനായി ഇളംകൂർ അടികൾ (തിരുവടികൾ) എന്നൊരു രാജകുമാരൻ ഉണ്ടായിരുന്നു. ഇദ്ദേഹം സന്യാസവൃത്തി കൈക്കൊണ്ടു. ഇദ്ദേഹം രചിച്ച ഗ്രന്ഥമാണു്, "ചിലപ്പതികാരം" എന്നു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥത്തിൽനിന്നു ചേരരാജ്യത്തെ രാഷ്ട്രസ്ഥിതിയേയും ജനങ്ങളുടെ സാമൂഹ്യാവസ്ഥയേയും കുറിച്ചു പല വസ്തുതകളും മനസ്സിലാക്കുവാൻ കഴിയുന്നു. ചെങ്കുടവന്റെ രാജകീയനാമം ഇമയവമ്മ എന്നായിരുന്നു. അദ്ദേഹം ഏ. ഡി. ൯൦ മുതൽ ൧൨൫ വരെ രാജ്യഭാരം വഹിച്ചതായി അനുമാനിക്കാം. ചെങ്കുടവന്റെ പുത്രനായ "ആനക്കണ്ണു" തൊണ്ടിദേശത്തെ രക്ഷാപുരുഷനായി ഭരണം നടത്തിവന്നിരുന്നു. തൊണ്ടിദേശം ഇപ്പോൾ കൊയിലാണ്ടി എന്നു അറിയപ്പെടുന്ന പ്രദേശമത്രെ.

ഈഘട്ടത്തിൽ ചേരരാജാവിന്റെ ശക്തി അത്യുന്നതാവസ്ഥയെ പ്രാപിച്ചിരുന്നു. മുയിരിക്കോട്ട രാജാവിന്റെ ഉദ്യോഗസ്ഥന്മാരുടെ പ്രധാന കച്ചേരികൾ ഉണ്ടായിരുന്നു. വിദേശവർത്തകവര്യന്മാർക്കും, പാശ്ചാത്യാദി ദേശങ്ങളിൽനിന്നു വരുന്ന രാജപ്രതിനിധികൾക്കും ചെങ്കുട്ടവനെ മുഖംകാണിക്കുവാനുള്ള ആസ്ഥാനമണ്ഡപം മുയിരിക്കോട്ടായിരുന്നു.

എന്നാൽ ഏ. ഡി. രണ്ടാംശതകത്തിന്റെ മദ്ധ്യഘട്ടത്തിൽ ടോളമി മലയാളദേശം സന്ദർശിച്ചപ്പോൾ, "ലിമുറിക്കു്" (ഇളമുരുകനാട്ടു്) വാഴുന്ന "കേരളപുത്ര" രാജാവിന്റെ പ്രഭാവം മാത്രമേ കാണുന്നുള്ളു. ഇളമുരുകനാടിന്റെ (ഇളമുരിക) തലസ്ഥാനം "കറാ" ആണെന്നു് ആ സഞ്ചാരി രേഖപ്പെടുത്തി കാണുന്നു. കേരളപുത്രന്റെ കൊട്ടാരവും ആ നഗരത്തിൽ തന്നെ ആയിരുന്നു.

ഇതിൽനിന്നു അനുമാനിക്കേണ്ടതു് എന്തെന്നാൽ, ടോളമി മലയാളത്തിൽ വന്നെത്തിയ ഘട്ടത്തിൽ, ചേരരാജ്യം ക്ഷയോന്മുഖമായിത്തീർന്നിരിക്കണമെന്നോ, അല്ലാത്തപക്ഷം ആ രാജ്യം കേരളപുത്രൻ ആക്രമിച്ചു സ്വരാജ്യത്തോടു ചേർത്തുകഴിഞ്ഞുവെന്നോ വേണം. ഏതായാലും ചേരരാജാവിന്റെ ശക്തിയും പ്രഭാവവും, ഇളമുരുകരാജാവായ കേരളപുത്രന്റെ ഭുജബലം ഗ്രസിച്ചു, എന്നുള്ളതു നിസ്തക്കംതന്നെ.

പ്ലിനി, ഏറിയൻ, ടോളമി എന്നിവരുടെ വിവരണപ്രകാരമുള്ള "ലിമുറിക്ക്" രാജ്യവും പെൻറിംഗേറിയൻ പട്ടികപ്രകാരമുള്ള "ദമൂരികാ" രാജ്യവും ഒന്നുതന്നെ. ഇതുതന്നെ കേരളപുത്രരാജ്യം. "കേരളരാജ"വംശത്തിൻെറ പ്രശസ്തസ്ഥാപകനായിരുന്ന പുരാതനകേരളരാജാവിൻെറ അനന്തരാവകാശികളിൽ ഉൾപ്പെട്ട ഒരു രാജാവായിരിക്കും, പ്രസ്തുത കേരളപുത്രൻ. "കേരളരാജവംശത്തിൻെറ ആധിപത്യത്തിൽ ഇരുന്ന രാജ്യത്തിനു "കേരളം" എന്നു പേർ സിദ്ധിച്ചതാണു്. തമിഴ്മലയാളദേശങ്ങൾ ഉൾപ്പെട്ട പ്രദേശം മുഴുവനും, കേരളപുത്രരാജ്യത്തിൽ ചേർന്നുകിടന്നിരുന്നതായി ബിഷപ്പ് കാൾഡ്വെൽ അഭിപ്രായപ്പെട്ടിരിക്കുന്നു. * ദ്രാവിഡരാജ്യം എന്നും ഈ രാജ്യത്തിനു പേർ ഉണ്ടു്.

പ്ലിനിയുടെ വിവരണംഅനുസരിച്ചു പരിശോധിക്കുമ്പോൾ, ഇളമുരുകരാജ്യത്തിൻെറ ഉത്തരസീമകൾ നിർണ്ണയിക്കുക, പ്രയാസംതന്നെ. പ്ലിനി "മുസിറിസ്സ്" നഗരത്തെക്കുറിച്ചു പറഞ്ഞശേഷം "നീലകണ്ഠ"ത്തെപ്പററി വിവരിക്കുന്നു. പ്ലിനിയുടെ രേഖകൾപ്രകാരം "നീലകണ്ഠ" നഗരം പാണ്ഡ്യാതിർത്തിക്കകത്താകുന്നു. പെരിപ്ലസിലും ഇതേവിവരംതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ടോളമി ഈ നഗരത്തിനു "മെൽക്കണ്ടം" എന്നു സംജ്ഞനൽകുകയും ഇതു് "അയോയി"യിലാണെന്നു പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. "അയോയി," ദക്ഷിണതിരുവിതാംകൂറിൽ ഇപ്പോൾ ഉൾപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളാണെന്നും ഡാക്ടർ കാൾഡ്വെൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ടോളമിയും പെരിപ്ലസ്സ് ഗ്രന്ഥകാരനും, "ലിമുറികിൻെറ" ഉത്തരസീമ "ടിൻഡിസ്സ്" ആണെന്നു പ്രസ്താവിച്ചുകാണുന്നു. ബെയിപ്പൂരിനു സമീപമുള്ള "കടലുണ്ടി"യെ ഉദ്ദേശിച്ചാണു "ടിൻഡിസ്സും" എന്നു വിവക്ഷചെയ്തിരിക്കുന്നതെന്നു്, ആകുന്നു ഡാക്ടർ ബർണലിൻെറ അഭിപ്രായം. "മുസിറിസ്സ്" കൊടുങ്ങല്ലൂർതന്നെയെന്നു സർ ഹെൻറിയൂലും സ്ഥാപിച്ചിട്ടുണ്ടു്. ഈ പണ്ഡിതന്മാരുടെ അഭിപ്രായം അവിതർക്കിതംതന്നെ.

"കേരളോബോസ്" എന്നു ടാളമിയും, "കെപ്രബോട്ടാസ്" എന്ന പെരിപ്ലസ് ഗ്രന്ഥകാരനും "കാലൈബൊട്ടാസ്" എന്നു

* Comparative Grammar of Dravidian Languages.

പ്ലിനിയും സംജ്ഞ ചെയ്തിരിക്കുന്നതു "കേരളപുത്രനെ" ഉദ്ദേശിച്ചാണെന്നു ഡാക്റ്റർ കാഡ്വെൽ അഭിപ്രായപ്പെട്ടിരിക്കുന്നു. "കേരളപുത്രൻ" എന്ന പദത്തെ ഈ വിദേശീയ സഞ്ചാരികൾ അവരവരുടെ മാതൃഭാഷയിലെ ഉച്ചാരണസൌകര്യത്തിന്റെ ഗുരുലഘുത്വം അനുസരിച്ച്, ഓരോ വിധത്തിൽ ഉച്ചരിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നേയുള്ളൂ. അശോകലിഖിതത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കേരളരാജാവായ കേരളപുത്രന്റെ വംശപരമ്പരയിൽപെട്ട കേരളരാജാക്കന്മാരെ ഈ നാവികസഞ്ചാരികൾ "കേരളപുത്രന്മാർ" എന്ന് അഭിസംജ്ഞ ചെയ്തിട്ടുള്ളതാണെന്നു തീരുമാനിക്കുന്നതാണ് കൂടുതൽ യുക്തിയുക്തമായിരിക്കും. "കേര" ശബ്ദവും "കേള" ശബ്ദവും "കേരള" ശബ്ദത്തിന്റെ ലഘുരൂപങ്ങളാകുന്നു. ഇവ രണ്ടും ദ്രാവിഡഭാഷാലഘുരൂപങ്ങളാണല്ലോ. അതായതു, മലയാളരൂപംതന്നെ. കേരളപുത്രരാജ്യത്തിൽ തമിഴരും മലയാളികളും, ഇടകലർന്ന് അധിവസിച്ചിരുന്നു. അക്കാലത്തെ മലയാളഭാഷാ വായ്മൊഴിയിൽ തമിഴിന്റെ കലർപ്പ് ധാരാളം ഉണ്ടായിരുന്നു. ലിപിനിർമ്മാണകാലം മുതൽ വരമൊഴി തമിഴിനും മലയാളത്തിനും ഒന്നുതന്നെ ആയിരുന്നു. തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ മലയാളഭാഷയ്ക്കു ഇപ്പോൾ സ്വന്തമായിത്തീർന്നിരിക്കുന്ന ലിപിസമുച്ചയം നിർമ്മിച്ചുവെങ്കിലും, അവ മലയാളദേശത്തു സർവ്വസാധാരണമായി പ്രചാരത്തിൽവന്നതു കൊല്ലം ൧൦ാം—ശതകത്തിന്റെ മദ്ധ്യഘട്ടത്തിനുശേഷം മാത്രമായിരുന്നു. ഏതാദൃശങ്ങളായ പരിതഃസ്ഥിതികളെക്കുറിച്ചു ചിന്തിക്കുമ്പോൾ, മലയാളദേശത്തിനു പൊതുവിൽ പ്രാചീനകാലത്തു സിദ്ധിച്ചിരുന്ന "തമിഴകം" എന്ന സംജ്ഞ, എത്രയും അന്വർത്ഥമായിരിക്കുന്നുവെന്നു ബോദ്ധ്യപ്പെടുന്നതാണ്. കേരളപുത്രൻ വാണിരുന്ന രാജ്യം തമിഴകം ആയിരുന്നു. * "കേര" "ചേര" ശബ്ദങ്ങൾ ഒന്നുതന്നെ ആണെന്നും "ചേര" ശബ്ദത്തിന്റെ കന്നടകരൂപമാണ് "കേരളം" എന്നും റവറണ്ട് എം ഫെറാക്സ് അഭിപ്രായപ്പെട്ടിരിക്കുന്നു. ഡാക്റ്റർ കാഡ്വെല്ലും ഇതേ അഭിപ്രായം തന്നെ പുറപ്പെടുവിച്ചിരിക്കുന്നു. ഡാക്റ്റർ റോട്ട്ളർ തയാറാക്കി പ്രസിദ്ധം ചെയ്തിട്ടുള്ള തമിഴ്

---

* Dr. Caldwall

നിഘണ്ടുവിൽ "കേരളപുത്രൻ" എന്നാൽ "ചേരരാജ്യം" ഭരിച്ചിരുന്ന ഒരു രാജാവു എന്നു് അർത്ഥവിവരണം ചെയ്തിരിക്കുന്നു.

ഡാക്ടർ ഗുണ്ടർട്ടിന്റെ മലയാളനിഘണ്ടുവിൽ "കേര" പദത്തിനു "ചേര"പദത്തിന്റെ കർണ്ണാടകോച്ചാരണം എന്നു വിവരണം കൊടുത്തിരിക്കുന്നു. എന്നാൽ "ചേര"ത്തിനു മലയാളദേശമെന്നും "കേരള"ത്തിനും ഗോകർണ്ണത്തിനും കുമാരികക്കും ഇടയ്ക്കുള്ള രാജ്യം എന്നും അർത്ഥം ചേർത്തിട്ടുണ്ടു്. ഏതാദൃശങ്ങളായുള്ള ഭാഷാപരങ്ങളായ തെളിവുകൾ ഏതു പ്രകാരം ഇരുന്നാലും, കേരളചേരരാജ്യങ്ങൾ ആദിമകാലത്തു രണ്ടു പ്രത്യേക രാജ്യങ്ങളായിരുന്നുവെന്നുള്ളതിൽ സന്ദേഹമില്ല. ഈ വിഷയത്തെക്കുറിച്ചു് മുൻപു് ഒരു ലേഖനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാണല്ലോ.

എ. ഡി. ൩-ാം ശതകം

എ. ഡി. ൩-ാം ശതവർഷംമുതൽ ൭-ാം ശതവർഷംവരെയുള്ള ഘട്ടം പ്രാചീനകേരളചരിത്രത്തിൽ ഏററവും ശോഭനമായ കാലമായിരുന്നു. രാജ്യവിസ്താരത്തിലും പ്രാഭവത്തിലും കേരളം സമീപസ്ഥങ്ങളായ ഇതരരാജ്യങ്ങളെ മികച്ചു നിന്നിരുന്നു. ഇപ്പോഴത്തെ മൈസൂർ, കോയമ്പത്തൂർ, തൊണ്ടിനാട്ടു്, ദക്ഷിണമലബാർ, കൊച്ചി എന്നീ പ്രദേശങ്ങൾ ഉൾപ്പെടെ ഉത്തരദേശങ്ങൾവരെ പ്രസ്തുതരാജ്യം വ്യാപിച്ചിരുന്നു. * കേരളരാജ്യത്തിന്റെ സീമകൾക്കു വ്യാപ്തിയും ശക്തിക്കു വർദ്ധനവും ഉണ്ടായിരുന്ന അക്കാലത്തു, തലസ്ഥാനനഗരം "കരൂർ" ആയിരുന്നു. ഈ "കരൂർ" "കോയമ്പത്തൂർ" ഉള്ള "കരൂർ" ആണെന്നു ഡാക്ടർ കാൾഡുവെൽ അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ ടോളമിയുടെ വിവരണത്തിനു ആസ്പദമായ "കറൂറാ" കോയമ്പത്തൂർ ഉള്ള "കരൂർ"ആയിരിക്കാൻ ഇടയില്ല. "വഞ്ചി"യുടെ ഏതല്ലാകാലത്തെ പേരു "കരൂർ" എന്നാണെന്നു "തിവാകരം" എന്ന തമിഴ് നിഘണ്ടുകൊണ്ടു കാണുന്നു. "വഞ്ചി" ദീർഘകാലം ചേരരാജാക്കന്മാരുടെ രാജസ്ഥാനം ആയിരുന്നു. ഈ "വഞ്ചി" തിരുവഞ്ചിക്കുളമെന്നു സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. ചേരരാജ്യം ഛിന്നഭിന്നമായിത്തീരുകയും കേരളരാജ്യം പ്രബലപ്പെടുകയും ചേരാധിപത്യത്തിലിരുന്ന ദേശങ്ങൾ കേരളത്തിൽ ലയിക്കുകയും ചെയ്തതോടുകൂടി തിരുവഞ്ചിക്കുളത്തുനിന്നു തല

* Dr. Caldwell.

സ്ഥാനം *"കരൂർ" നഗരത്തിലേക്ക മാററിയിരിക്കണം. ഈ "കരൂർ" അഥവാ "കറോറ" എന്നു് വിദേശസഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുള്ള പ്രാചീനകേരളതലസ്ഥാനനഗരി കോയമ്പത്തൂർ "കരൂർ" ആയിരിക്കാൻ ഇടയില്ല. തിരുവഞ്ചിക്കുള ത്തിനു "കരൂർ" എന്നു് പേർ ഉണ്ടായിരുന്നു, അല്ലെങ്കിൽ ഇട ക്കാലത്തു് ഉണ്ടായി, എന്നു് അനുമാനിക്കാനും ന്യായം കാണു ന്നില്ല.

കോതമംഗലത്തിനു സമീപം "തൃക്കാരിയൂർ" എന്നൊരു ഗ്രാമം ഇപ്പോഴും ഉള്ളതാണു്. അവിടെ ഒരു പുരാതന ക്ഷേത്രവും പുരാതനകെട്ടിടങ്ങളുടെ അടിത്തറകളും മററു നഷ്ട ശിഷ്ടങ്ങളും മററും കാണപ്പെടുന്നുണ്ടു്. ഇവിടെ കേരളരാജ്യാ ധിപനു് ഒരു കൊട്ടാരവും മററും ഉണ്ടായിരുന്നു എന്നു് അനു മാനിക്കുന്നതിൽ ആക്ഷേപത്തിനും വകയുണ്ടെന്നു തോന്നു ന്നില്ല. ചരിത്രപരമായ ഉൽഖനനഗവേഷണങ്ങൾ അവിടെ നടത്തപ്പെടുന്ന പക്ഷം കൂടുതൽ തെളിവുകൾ ലഭിക്കുമെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നാൽ "തൃക്കാരിയൂർ" കേരള രാജ്യത്തിൻെറ തലസ്ഥാനനഗരിയായിരുന്ന "കറോറ" ആ ണെന്നു തീർച്ചയാക്കുവാൻ ഇപ്പോഴത്തെ പരിതസ്ഥിതികളിൽ നിവൃത്തിയില്ല.

ഏ. ഡി. ൧-ാംശതവർഷം

എടപ്പള്ളിക്കു സമീപത്തു "തൃക്കാക്കര" എന്നൊരു ഗ്രാമം ഉണ്ടു്. ഇവിടെ പുരാതനമായ ഒരു ക്ഷേത്രവും കോവിലകങ്ങ ളുടെ നഷ്ടശിഷ്ടങ്ങളും കാണാനുണ്ടു്. ക്ഷേത്രം വളരെ വൈശാ ല്യത്തിലും പ്രാഭവത്തിലും, വിദൂരമായ അതീതകാലത്തു് ഇരു ന്നിരുന്നുവെന്നും, ഇപ്പോഴത്തെ പരിതസ്ഥിതികളിൽനിന്നു മനസ്സിലാക്കുവാൻ കഴിയും. അടുത്തകാലത്തു പ്രസ്തുത ക്ഷേത്ര ത്തിൽ ചില ജീർണ്ണോദ്ധാരണങ്ങൾ നടത്തപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. ഇതു മഹാദേവക്ഷേത്രമാണു്. "തൃക്കാക്കരഅപ്പൻ" എന്നാണു് പ്രസ്തുത ക്ഷേത്രത്തിലെ ഉപാസനാമൂർത്തിയുടെ അപരനാമം. ഈ തൃക്കാക്കരഅപ്പനും പ്രാചീനകേരളചരി ത്രവുമായി വലുതായ ഒരു ബന്ധം ഉണ്ടു്. കന്യാകുമാരിമുതൽ ഗോകർണ്ണപര്യന്തം വ്യാപിച്ചുകിടക്കുന്ന കേരളഭൂമിയിൽ നിയ

* പ്രൊഫസർ ഡോസൺ.

സിച്ചുപോരുന്ന ജനസമുദായങ്ങൾ ജാതിമതഭേദമെന്യേ പാരമ്പര്യമായി ആഘോഷിച്ചുപോരുന്ന "ഓണം" സംബന്ധിച്ച പ്രാരംഭോത്സവം നടത്തപ്പെട്ടതു തൃക്കാക്കരെ അപ്പന്റെ ക്ഷേത്രസങ്കേതത്തിൽ വച്ചായിരുന്നു. മലയാളദേശത്തുള്ള സമസ്തസാമന്തരാജാക്കന്മാരെയും, മാടമ്പിമാരെയും, പ്രജാവിഭാഗങ്ങളെയും, അനിഷേധ്യമായ ആധിപത്യത്തിൽകീഴിലാക്കി, സർവ്വസമാരാദ്ധ്യനും പ്രതാപശാലിയുമായി ചെങ്കോൽനടത്തിവന്ന ഒരു കേരളചക്രവർത്തിയുടെ കരുണാമസൃണമായ രാജകീയാജ്ഞാശക്തിയുടെ ഫലമാകുന്നു കേരളീയരുടെ "ഓണം" എന്നുള്ളതിനു സന്ദേഹമില്ല. പ്രസ്തുത സാമുദായോത്സവത്തിനു കല്പന നൽകിയ അനശ്വരപ്രതാപിയായ രാജശ്രേഷ്ഠനും, സാമന്തരാജാക്കന്മാർക്കും, മാടമ്പിമാർക്കും എന്നുവേണ്ട സമസ്തപ്രജാവലിക്കും ഒന്നുപോലെ സമ്മുദിതമായുള്ള ഗുരുതരമായ ഒരു രാഷ്ട്രീയസംഭവത്തിന്റെ സ്മരണയെ ആചന്ദ്രതാരം കേരളഭൂമിയിൽ നിലനിർത്തണമെന്നുള്ളതായിരിക്കണം "ഓണം" ആഘോഷവിളംബരത്തിന്റെ ഉദ്ദേശം. ഏതായാലും ഓണം സംബന്ധിച്ചുള്ള മാച്ച്പ്രാചീനകേരളചരിത്രത്തിൽ ഏറ്റവും പ്രാധാന്യമുള്ളതാകുന്നു. ഇതിനു പുറമേ ചേർത്തിരിക്കുന്നതും, എ. ഡി. ൮-ാംശതവർഷംമുതൽ കേരളീയർ പാരമ്പര്യമായി സാഭിമാനംചൊല്ലിപ്പാടി മനഃപാഠമാക്കിവച്ചിരുന്നതും, ഗ്രന്ഥവരികളിൽചേർത്തു സൂക്ഷിക്കപ്പെട്ടുവന്നതും, എഴുത്തച്ഛന്റെ കാലത്തു പരിഷ്കരിക്കപ്പെട്ടതെന്നു് അനുമാനിക്കപ്പെടാവുന്നതുമായ "ഓണപ്പാട്ടിലെ" ഒരു ഭാഗത്തിലുള്ള അഭ്യന്തരതെളിവുകൾ പ്രാചീനകേരളചരിത്രപരമായ പല നൂതനവിവരങ്ങളെയും അനാഛാദനം ചെയ്യുന്നുണ്ടു്.

"ആരോമൽപൈങ്കിളി—പെൺകിടാവേ
പാരാതെവന്നി—ങ്ങരികത്തിരി
ആതപഭീതികൾ—ഒന്നുംവേണ്ടാ
കാതലോടേതേനും—നറുനെയ്യും
ഇന്നാവോളം നീ—നുകർന്നുകൊള്ളൂ
എന്നതുകേട്ട—കിളിമകളും
നന്നായ്തെളിഞ്ഞു—നുകർന്നുതേനും
ഖിന്നതകൈവിട്ടു—മെല്ലവേചൊല്ലിനാൾ

തൃക്കാക്കരെനിന്നു—വന്നുഞാനും
തൃക്കാക്കരെയെന്തു—വാൎത്തയുള്ളു
തൃക്കാക്കര ശ്രീ—മഹാദേവന്റെ
തൃപ്പാദസേവകൻ—രാജമൌലി
ഇപ്പാരശേഷം—അടക്കിമന്നൻ
മുപ്പാരിടത്തിലും—കേളിപൊക്കി
ഇപ്പാരിടത്തിനു—മേന്മനൽകി
തിങ്ങിനമോദം—വളൎത്തിപാരിൽ
ഇങ്ങനെവാഴുന്ന—തമ്പുരാന്റെ
കല്പനപോലല്ലൊആണ്ടോ—രോണമല്ലോ.
നല്ലൊന്നുംചിങ്ങത്തിലെ—യോണമല്ലോ
തൃക്കാക്കരെവാഴുമീ—തമ്പുരാനോ
തൃക്കാക്കര ശ്രീ—മഹാദേവന്റെ
തൃക്കാലിണക്കൂപ്പി—ചൊന്നിവണ്ണം
നമ്മുടെമാനുഷ—രെല്ലാപേരും
ഉണ്മയിലോണദിനം—നാലോണം
ഉല്ലാസമായിട്ടു—ഭുജിച്ചുംവേണം
വില്ലാളിമാർചേല—ഉടുത്തൊരുങ്ങി
വില്ലുകുലച്ചു—വലിച്ചുപൂട്ടി
മല്ലരുപോരു—നടത്തവേണം
മല്ലാക്ഷിമാരവർ—എല്ലാപേരും
മല്ലായുധന്തന്നെ—കരിച്ചവന്റെ
മല്ലാക്ഷിനാടകം—കളിച്ചുപാടി
ഉല്ലാസമാൎന്നുടൻ—അടിച്ചുകുമ്മി
സമ്മാനമോടു—ക്കുരവംപാടിയും
നിൎമ്മായമങ്ങനെ—യുല്ലസിക്കുക
തൃക്കാക്കരെ ശ്രീ—മഹാദേവന്റെ
പക്കത്തിൽമേവീടു—മംബേനിങ്ങൾ
ഉൾക്കാമ്പിൽധ്യാനിച്ചു—മേളിക്കുവിൻ
ഇങ്ങനെയോണംകഴിച്ചുവെന്നാൽ
നിങ്ങൾക്കുപാരിൽ—വിളങ്ങുംസൌഖ്യവും
ഓണക്കളികൾവേണം—പലേവക
ആണുങ്ങളെല്ലാരും—ഒത്തുകൂടി
ഊനംവരാതെ—കച്ചകൾകെട്ടി

മാനം പെരുക്കും — മാടമ്പിമാരെ
മാനിച്ചുമുന്നണിൽ — നിൎത്തിക്കൊണ്ടും
ഭേനിച്ചുവെററില — കെട്ടുംപാക്കും
വച്ചുതൊഴുതു — വിളക്കുവച്ചു.
കച്ചക്കനമതീ — വേണ്ടികൊടുംവിൻ
ഇങ്ങനെചൊല്ലു — കിളിമകളും
തിങ്ങിനമോദേന — തേൻനുകൎന്നു
മങ്ങലുനീക്കീട്ടു — വീണ്ടും ചൊന്നു.
ഇങ്ങനെയല്ലോ — യിന്നോണംവന്നു
കേരളയൂഴി — ക്കുടയവരാകിന
കേരളമന്നവൻ — മന്നരാജൻ
ആഴിപോലുള്ള — തിരുവുള്ളന്തന്നിൽ
ആഴത്തിൽവിക്രമ — മൊളിച്ചുംവച്ചു
ആഴിപോൽ മേവുന്ന — സമുദ്രഗുപ്തൻ
വാഴ്കുമാങ്കം — അറുത്തുവെട്ടി
സമ്മാനംപെറേറാ — രാചൻതന്റെ
സമ്മോദമോളിക്കു — പതംകൂട്ടിൻ
ആരണർബാലകർ — വൃദ്ധന്മാരും *
പാരാതെചെന്നു — കളികഴിഞ്ഞു
ചാലവേനല്ലു — കറിപിടിച്ചു
ചേലകൾചുററി — കൊടപിടിച്ചു
തൃക്കാക്കരശ്രീ — മഹാദേവന്റെ
തൃക്കാലിണപ്പൂ — വണങ്ങിപ്പോവിൻ
ഓണച്ചമയമതെന്തെല്ലാം?
ഓണവിളക്കമതെന്തെല്ലാം?
ഓണക്കളികളുമെന്തെല്ലാം
ഓണപ്പയിററുകളെന്തെല്ലാം?
അപ്പോളുരത്തു — കിളിമകളും
അപ്പംവേണം — അടയുംവേണം
ഉപ്പേരികൾ — നാലുംവേണം

---

* "മററുള്ളോരും" എന്നു പാഠഭേദം.

നിൎവാഹമുള്ളടത്തോളം ഈ പാട്ടുകൾ ശേഖരിച്ചു മറെറാരു ഭാഗത്തു ചേൎത്തിരിക്കുന്നു.

പാപ്പേറും പ—പ്പടവും വേണം
കറികളതഞ്ഞും—വേറെവേണം
തൈരും നെയ്യും—തേനും ഗുളവും
കൊട്ടത്തേങ്ങാ—പഴവും മലരും
മുട്ടാതെന്നും മധു—പക്കം വേണം
കാളനമോലനം—എല്ലാം വേണം
മേളം ചേക്കും ത്രമ്പപ്പ—മലരൊളി
ചോറും പായസവും— ഒക്കേവേണം. *

എ. ഡി. നാലാംശതകത്തിൽ കേരളരാജ്യത്തിന്റെ തലസ്ഥാനം തൃക്കാക്കരയായിരുന്നു. ഓണം നടപ്പാക്കിയതു മന്നരാജാവു (മന്ഥരാജാവു) എന്നു് അലഹബാദ് ലിഖിതങ്ങളിൽ സംജ്ഞ ചെയ്യപ്പെട്ടിരിക്കുന്ന മന്ഥാതാവു് എന്ന പ്രസിദ്ധ കേരളരാജാവായിരുന്നു. അക്കാലത്തു മലയാളനാടു മുഴുവൻ ഇദ്ദേഹത്തിന്റെ അനിഷേധ്യമായ അധികാരസീമയിൽ ഉൾപ്പെട്ടിരുന്നു. സമുദ്രഗുപ്തൻ പല ദക്ഷിണഭാരതരാജ്യങ്ങളും ആക്രമിച്ചകൂട്ടത്തിൽ കേരളരാജ്യവും ആക്രമിച്ചു. എന്നാൽ മന്നരാജാവിന്റെ നിസ്തുലവീരപരാക്രമങ്ങൾ കണ്ടു സന്തുഷ്ടനായ സമുദ്രഗുപ്തൻ അദ്ദേഹത്തോടു് ആദരപുരസ്സരം പെരുമാറുകയും കേരളരാജാവുമായി സഖ്യത്തിൽ ഏർപ്പെടുകയും ചെയ്തു. തദനന്തരം, ബന്ധനസ്ഥരാക്കപ്പെട്ട എല്ലാ ദക്ഷിണേന്ത്യൻ രാജാക്കന്മാരെയും മന്നരാജൻ കൂടി ഇടപെട്ടു മോചിപ്പിച്ചു. വിക്രമരാശിയായ സമുദ്രഗുപ്തനുമായി നടത്തിയ ഭയങ്കരയുദ്ധത്തിന്റെ പര്യവസാനം കേരളത്തിനു് അഭിമാനകരമായി പരിണമിക്കുക നിമിത്തം കേരളരാജാവിനും, സാമന്തർ ആദിയായുള്ള പ്രജാവലിക്കും ഉണ്ടായ അത്ഭുതപൂർവ്വമായ ആഹ്ലാദത്തിന്റെ സൂചനയും സ്മാരകവുമായി "ഓണം" കേരളത്തിലെ രാഷ്ട്രീയോത്സവമായി എന്നും ആഘോഷിക്കുവാൻ പ്രജാവത്സലനായ ആ രാജശ്രേഷ്ഠൻ വിളംബരപ്രഖ്യാപനം ചെയ്തു. സമുദ്രഗുപ്തനുമായി യുദ്ധം അവസാനിപ്പിച്ചു്, കേരളത്തിനു് അഭിമാനകരമായ സഖ്യവ്യവസ്ഥ നടപ്പിൽ വരുത്തിയതു് ഒരു ചിങ്ങമാസത്തിലെ തിരുവോണം നക്ഷത്രത്തിനു പത്തു ദിവസം മുൻപായിരുന്നുവെന്നു വേണം അനുമാനിക്കുവാൻ.

* സാ. ശേഖരണം—പഴയപാട്ടുകൾ (അനുബന്ധം).

അന്നുമുതൽ ഓണം ഉത്സവത്തിനുള്ള പ്രാരംഭചടങ്ങുകൾ ആരംഭിച്ച മാമൂൽ അദ്യാപി തുടൎന്നുകൊണ്ടുപോരുകയാണല്ലോ. "അത്തപ്പത്തു"[1] തിരുവോണം എന്നുള്ള ഓണപ്പാട്ടിലെ പാഠാംശം ഇതുതന്നെയാണു വ്യക്തമാക്കുന്നതു്.

മന്നരാജാവെന്നു് അന്വൎത്ഥനാമാവായിരുന്ന പ്രസ്തുത കേരളചക്രവൎത്തി, മഹാബലിയുടെ[2] ഒരവതാരമാണെന്നു് സമകാലികരും അനന്തരതലമുറകളും, വിശ്വസിച്ചും പ്രശംസിച്ചും പോന്നതായി, ഓണപ്പാട്ടിലെ ഇതരഭാഗങ്ങളിൽനിന്നു് നിൎണ്ണയിക്കേണ്ടിയിരിക്കുന്നു.

മന്നരാജാവിന്റെ രാജ്യഭരണകാലം പുരാതനകേരളചരിത്രത്തിൽ സൎവ്വഥാ ശോഭനമായ ഒരു ഘട്ടംതന്നെ ആയിരുന്നു. അലഹബാദ് ലിഖിതങ്ങളിൽ കേരളരാജാവിന്റെ പേർ മന്തരാജാവു് എന്നാണു ചേൎത്തിരിക്കുന്നതു്. പരിഭാഷയിൽ മന്ധാതാവു് എന്നായിരിക്കണം ശരിയായരൂപം. കേരളരാജ താമ്രശാസനങ്ങളിൽ ഒന്നിന്റെ ദാതാവായ സ്ഥാണുരവിഗുപ്തൻ എന്ന കേരളരാജാവിന്റെ പേരിനോടുകൂടി "ഗുപ്ത" പദം ചേൎത്തുപയോഗിച്ചിരിക്കുന്നതു, സമുദ്രഗുപ്തനും കേരളരാജാവും തമ്മിലുണ്ടായ സഖ്യത്തെ തുടൎന്നുണ്ടായ വേഴ്ച നിമിത്തമാണെന്നു് വിശ്വസിക്കുവാൻ മാൎഗ്ഗം കാണുന്നില്ല. എന്നാൽ ഈ സ്ഥാണുരവിഗുപ്തന്റെ ജീവിതകാലം എ. ഡി. എട്ടാംശത

---

1 കൊച്ചീരാജകുടുംബത്തിൽ അദ്യാപി നടന്നുപോരുന്ന അത്തച്ചമയത്തിന്റെ ചടങ്ങുകൾ ചരിത്രപ്രധാനമായ പ്രസ്തുത സംഭവത്തെയല്ലേ ദ്യോതിപ്പിക്കുന്നതു്?

2 പുരാണപ്രസിദ്ധനായ മഹാബലി ചക്രവൎത്തി കേവലം കവി മനോധൎമ്മജനാണെന്നു്, എങ്ങനെ, ധൈൎയ്യസമേതം അഭിപ്രായപ്രകടനംചെയ്യാം? ചരിത്രാതീതമായ അതിപുരാതനമായുള്ള ഒരുകാലത്തു, ഭാരതഖണ്ഡത്തിൽ പ്രതാപമൂൎത്തിയായി ചെങ്കോൽനടത്തിയ രാജശിഖാമണിയും, സ്ഥിതിസമത്വവാദത്തിന്റെ ജനയിതാവുമായിരുന്ന ഒരു ദ്രവിഡരാജാവായിരുന്നു മഹാബലിയെന്നു്, എങ്ങനെ വിശ്വസിക്കാതിരിക്കും! വാമനനാൽ നിഷ്കാസനം ചെയ്യപ്പെട്ട മഹാബലി, ആദിമരാജധാനിയായ പാതാളലോകത്തേക്കു തിരിച്ചുപോയതായി പുരാണപ്രകാരം മനസ്സിലാക്കാം. ഈ പാതാളലോകമെന്നു വിവക്ഷിക്കപ്പെട്ടിരിക്കുന്നതു, നഷ്ടപ്രായമായി പരിണമിച്ചിരിക്കുന്ന പുരാതന ദക്ഷിണഖണ്ഡത്തിന്റെ അവശേഷങ്ങളെന്നു് ഊഹിക്കപ്പെട്ടിരിക്കുന്ന ഈസ്റ്റിൻഡ്യൻ ദ്വീപസമൂഹങ്ങൾ (ബാലിദ്വീപു്) ബലിദ്വീപു് എന്നീ പ്രദേശങ്ങളെ ഉദ്ദേശിച്ചായിരിക്കയില്ലേ?

വഷത്തിനും ഒൻപതാംശതവഷത്തിനും ഇടയ്ക്കാണെന്നുള്ള കാലനിണ്ണയം ശരിയെങ്കിൽ പ്രസ്തുതാഭിപ്രായം സ്വീകാൎയ്യമാണെന്നു സ്ഥാപിച്ചിട്ടുണ്ടു്. രണ്ടാംസിറിയൻ താമ്രശാസനത്തിലെ "ശ്രുഷ്ടപദം" ശരിയായ പരിഭാഷയാണെന്നു് ഇൻഡ്യൻപുരാതത്വശാസ്ത്രവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന പരേതനായ മി. വെങ്കയ്യാവിശ്വസിക്കുന്നില്ല. ഈ വക ന്യായങ്ങളാൽ കേരളമന്നരാജാവിനു രാജകീയസഖ്യത്തിൽ കവിഞ്ഞ ബന്ധം സമുദ്രഗുപ്തനുമായി ഉണ്ടായിട്ടില്ലെന്നു വ്യക്തമാകുന്നു. സമുദ്രഗുപ്തൻ കേരളം ഉൾപ്പെടെയുള്ള ദ്രാവിഡരാജ്യങ്ങൾ ആക്രമിച്ച കാലത്തു നാടുവാണിരുന്ന ദക്ഷിണഇൻഡ്യയിലെ രാജാക്കന്മാരുടെ പട്ടിക അലഹബാദ് ലിഖിതങ്ങൾപ്രകാരമുള്ളതു ചുവടേ ചേൎത്തിരിക്കുന്നതാകുന്നു. *

കോസലരാജ്യം—	മഹേന്ദ്രൻ
മഹാകാന്താരം—	വ്യാഘ്രരാജൻ
കേരളം—	മന്ത (മന്ന) രാജാവു്
പിഷ്ടപുരം—	മഹേന്ദ്രൻ
കോട്ടൂറ (മലനാടു്)—	സ്വാമിദത്തൻ
എറണ്ടപ്പള്ള—	ദമനൻ
കാഞ്ചി—	വിഷ്ണുഗോപൻ
അവമുക്തം—	നീലരായർ
വെങ്ങി—	ഹസ്തിവമ്മ
പാലക്ക(ട) (പാലക്കാടു്)—	ഉഗ്രസേനൻ
ദേവരാഷ്ട്രം (തേവര ഉൾപ്പെടെയുള്ള എറണാകുളം കൊച്ചി)—	കുവീരൻ
കുസ്ഥലപുരം—	ധനഞ്ജയൻ

എ. ഡി. 5-ം 6-ം ശതകങ്ങൾ.

എ. ഡി. 550-ാമാണ്ടിടയ്ക്കു ജീവിച്ചിരുന്ന വരാഹമിഹിരൻ എന്ന ഭാരതീയജ്യോതിശാസ്ത്രപണ്ഡിതൻ അദ്ദേഹത്തിന്റെ കൃതിയായ "ബൃഹത്സംഹിത" എന്ന ഗ്രന്ഥത്തിൽ മലയാളനാട്ടിനു "കേരളം" എന്നും, മലയാളത്തിലെ ജനങ്ങൾക്കു് "കൈരളികർ" എന്നും പേർ നൽകിയിരിക്കുന്നു. സമുദ്രഗുപ്തന്റെ അലഹബാദ് ലിഖിതത്തിലും "കൈരളകർ"

* Dutt's Ancient India Vol. III.

എന്നതന്നെ മന്നരാജരാജ്യത്തിലെ നിവാസികൾക്കു സംജ്ഞ ചെയ്തിട്ടുണ്ട്. കേരളം ഭാരതഖണ്ഡത്തിന്റെ ദക്ഷിണവിഭാഗമാണെന്നും "ബലദേവപട്ടണം"[1] "മരീചി" എന്നിവ കേരളത്തിലെ രണ്ടു പ്രധാന നഗരങ്ങളാണെന്നും പറയപ്പെട്ടിരിക്കുന്നു. ഇവയിൽ "മരീചി പട്ടണം" ട്ടോളമി പ്രസ്താവിച്ചിട്ടുള്ള "മുസിറിസ്സ" ആയിരിക്കണമെന്നു മി. കെ. പി. പത്മനാഭമേനവൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഈ ശതവർഷത്തിൽ, ചാലൂക്യരാജാവായ പുലകേശി പ്രഥമൻ കേരളരാജ്യം ആക്രമിച്ചു, യുദ്ധത്തിൽ കേരളരാജാവിനെ ജയിച്ചു. ഏ. ഡി. അഞ്ചാംശതകത്തിലേതെന്നു കണക്കാക്കപ്പെട്ടിരിക്കുന്നതും പുലകേശി പ്രഥമനാൽ ചെയ്യിക്കപ്പെട്ടിട്ടുള്ളതുമായ ഒരു ലിഖിതം ഇതിനു സാക്ഷ്യംവഹിക്കുന്നു. ഈ രാജാവിന്റെ സോദരനായ കീർത്തിവർമ്മ 2 കേരളം, മൂഷകം, ചോളം, പാണ്ഡ്യം ആദിയായ ഏഴു രാജ്യങ്ങൾ ആക്രമിച്ചു. കീർത്തിവർമ്മയുടെ കാലം ഏ. ഡി. 489–നും 567–നും ഇടയ്ക്കായിരുന്നു. മൂഷകരാജ്യം കൊല്ലം മുതൽ കന്യാകുമാരിവരെയുള്ള ദേശമെന്നു മോണിയർവില്യംസ്, അഭിപ്രായപ്പെട്ടിട്ടുണ്ട്. "മൂഷികദേശം"3 എന്നു ഒരു പേരു കേരളോല്പത്തിയിലും കാണുന്നുണ്ട്. കേരളരാജ്യത്തിന്റെ ദക്ഷിണസീമകൾ കൊല്ലത്തിനു വളരെ വടക്കാണെന്നു നിർണ്ണയിച്ചിരിക്കുന്നു.

ചാലൂക്യരാജാക്കന്മാർ വൈഷ്ണവർ ആയിരുന്നു. അവർ മലയാളദേശം ആക്രമിച്ചതിനെ തുടർന്നു ഉത്തരദേശങ്ങളിൽനിന്നു വൈഷ്ണവഹിന്ദുക്കൾ മലയാളരാജ്യങ്ങളിൽ ഉപവേശം ചെയ്തിട്ടുണ്ട്. ഇദ്ദേശത്തു ചാലൂക്യരാജപ്രഭാവംനിമിത്തം നൂതനമായി പല വിഷ്ണുക്ഷേത്രങ്ങളും സ്ഥാപിക്കുവാനും, പുരാതന വിഷ്ണുക്ഷേത്രങ്ങൾ പലതും ജീർണ്ണോദ്ധാരണം ചെയ്യാനും ഇടയായിരിക്കണം. കേരളത്തിലെ പുരാതന വിഷ്ണുക്ഷേത്രങ്ങൾസംബന്ധിച്ചു കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നപക്ഷം കേരളത്തിലെ ചാലൂക്യാക്രമണവും, ചാലൂക്യാധികർത്തൃത്വവും പുര

---

1 സ്വ ബലദേവപട്ടണം ഏഴിനാട്ടിലെ വലപട്ടണം ആയിരിക്കണം.

2 Sewell's Archaeological Survey Vol. III.

3 Indian antiquaries Vol. XIX. (Fleet's old sanskrit and canarese inscriptions No. 185.)

സ്കരിച്ച പ്രയോജനകരങ്ങളായ വസ്തുക്കൾ ലഭിക്കുവാൻ ഇടയുള്ളതാണ്.

എ. ഡി. 7-ാംശതകം.

എ. ഡി. 610-നും 634-നും മദ്ധ്യേ, ചാലൂക്യരാജാവായ പുലകേശി ദ്വിതീയൻ 1 കാഞ്ചീപുരം ജയിച്ചടക്കിയശേഷം, കാവേരി നദി കടന്നു ചോളപാണ്ഡ്യരാജാക്കന്മാരെയും കേരളരാജാക്കന്മാരെയും ജയിച്ചു. എന്നാൽ ഈ വിജയം താൽക്കാലികമായിരുന്നതേയുള്ളൂ. ദ്രാവിഡദേശരാജാക്കന്മാർ, അവരവരുടെ രാജ്യങ്ങളിൽ താമസം ഉറച്ചിരുന്ന ചാലൂക്യന്മാരെ പലായനം ചെയ്യിക്കുകയാൽ, അവരെ ശാസിക്കുവാനായി, വലുതായ യുദ്ധസന്നാഹങ്ങളോടുകൂടി, പുലകേശിദ്വിതീയന്റെ പുത്രനായ വിക്രമാദിത്യൻ പ്രഥമൻ കേരളാദിരാജ്യങ്ങൾ ആക്രമിച്ചു. ഈ വിക്രമാദിത്യൻ പ്രഥമന്റെകാലം 2 എ. ഡി. 652-നും 680-നും ഇടയ്ക്കാണെന്നുകണക്കാക്കപ്പെട്ടിരിക്കുന്നു. യുദ്ധം വളരെ ഭയങ്കരമായിരുന്നു. കേരളചോളപാണ്ഡ്യരാജാക്കന്മാർ യോജിച്ചു ശത്രുവിനെ നേരിട്ടു. എങ്കിലും യുദ്ധത്തിന്റെ പര്യവസാനം, ദക്ഷിണദേശരാജാക്കന്മാർക്ക് അനുകൂലമായിരുന്നില്ല. കേരളരാജാവു ഉൾപ്പെടെയുള്ള ദക്ഷിണദേശരാജാക്കന്മാർ പരാജിതരായി. ഈ യുദ്ധപ്രസ്ഥാനത്തിൽ, വിക്രമാദിത്യന്റെ പുത്രനായ വിനായകാദിത്യസത്യാശ്രയൻ, സ്വപിതാവിനോടൊന്നിച്ച് ഉണ്ടായിരുന്നു. വിനായകാദിത്യന്റെ ഭരണകാലം എ. ഡി. 692-നും 695-നും ഇടക്കായിരുന്നു, ദക്ഷിണാധീശനായ കേരളരാജാവിനോടും ഇതരരാജാക്കന്മാരോടും കാവീരനോടുംവിക്രമാദിത്യൻ കപ്പംവാങ്ങി. "കാവീരർ"എന്നു പറയപ്പെട്ടിരിക്കുന്നതു മലയാളതീരവാസികളാണ്. . മുമ്പ് ഒരു ഘട്ടത്തിൽ ചേർത്തിരിക്കുന്ന ദക്ഷിണദേശരാജാക്കന്മാരുടെ പട്ടികപ്രകാരം "കേരരാഷ്ട്രം" എന്ന രാജ്യത്തിന്റെ അധിപനായിരുന്നു, "കാവീരൻ" എന്നു കാണുന്നു. "കാവീരൻ" എന്നുള്ള പേരു മലയാളദേശത്തെ പുരാതന സിറിയൻ ക്രിസ്ത്യൻ പ്രഭുക്കന്മാരെ ഉദ്ദേശിച്ചു ഉപയോഗിച്ചിട്ടുള്ളതാണെന്നു പ്രൊഫസ്സർ ഭണ്ഡാർക്കർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം സ്വീകാര്യമെങ്കിൽ

1 Bhandarkar's History of Deccan.
2 I bid P 43 Fleets old Sanskrit and. Canarres Inscruiptions No. XXIX Indian Antiq Vol. V.

കാവീരരാജ്യമായ 1 ദേവരാഷ്ട്രം അക്കാലത്തെ വില്യാർവട്ടം രാജകുടുംബത്തിന്നധീനമായിരുന്നുവെന്ന് അനുമാനിക്കണം.

ഈ ശതവർഷത്തിൽ കർണ്ണാടകദേശത്തു തുളുനാട്ടിൽ "വനവാസി" രാജ്യം വാണിരുന്നതു കദംബരാജവംശം ആയിരുന്നു. മയൂരവർമ്മ, ചന്ദ്രഗുപ്തൻ എന്നിങ്ങനെ രണ്ടു പ്രസിദ്ധരാജാക്കന്മാർ ഈ രാജവംശത്തിൽ ഉണ്ടായിരുന്നു. മയൂരവർമ്മയുടെ പുത്രനായിരുന്നു ചന്ദ്രഗുപ്തൻ. ഇവർ തുളുനാട്ടിൽ ബ്രാഹ്മണരെ വരുത്തി ഉപവേശിപ്പിച്ചു. 2 മയൂരവർമ്മ അശ്വമേധംഎന്ന മഹായജ്ഞം നടത്തിച്ചുവെന്നും, തുളുനാട്ടിൽ ബ്രാഹ്മണർ ഇല്ലാതിരുന്നതിനാൽ "അഹിക്ഷേത്രത്തിൽ" നിന്നു ബ്രാഹ്മണരെ വരുത്തി കുടിഉറപ്പിച്ചുവെന്നും പറയപ്പെട്ടിരിക്കുന്നു. അഹിക്ഷേത്രം എന്നുള്ളതു കേരളത്തിന്റെ ദക്ഷിണഭാഗത്തിനുണ്ടായിരുന്ന പേരാണെന്നു് സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. ദക്ഷിണതിരുവിതാംകൂറിലെ "നാഗരുകോവിൽ" എന്ന നഗരം അഹിക്ഷേത്രപ്രദേശത്തു് ഉൾപ്പെട്ടതാണു്.

എ. ഡി. 8-ാംശതകം.

എ. ഡി. 733-ാമാണ്ടു് വിനായകാദിത്യന്റെ പുത്രനായ വിക്രമാദിത്യൻ ദ്വിതീയൻ ദക്ഷിണരാജ്യങ്ങളിലേക്കു യുദ്ധപ്രസ്ഥാനം ചെയ്തു, ചോളം, പാണ്ഡ്യം, കേരളം എന്നീ രാജ്യങ്ങളും കാല(ബ്ര)ഭ്രദേശവും ആക്രമിച്ചു. കാല(ബ്ര)ഭ്രരാജാക്കന്മാർ എന്നു് ലിഖിതങ്ങളിൽ വിവക്ഷിക്കപ്പെട്ടിരിക്കുന്നതു കാലഭൈരവവർഗ്ഗക്കാരായ രാജാക്കന്മാരെ ഉദ്ദേശിച്ചായിരിക്കണം. ഇവർ വീരശൈവന്മാരായിരിക്കാം; അഥവാ "കാവീരന്മാരായും വരാം. ഏതായാലും കാല(ഭ്ര)ന്മാരെക്കുറിച്ചു ഖണ്ഡിതമായ അഭിപ്രായം പുറപ്പെടുവിക്കത്തക്ക തെളിവുകൾ ഇല്ല. കാലഭൈരവന്മാരാണെങ്കിൽ മലയാളത്തിലെ മലനാട്ടുസംബന്ധിച്ചു പ്രദേശങ്ങളിൽ സാമന്താധികാരം നടത്തിവന്നിരുന്ന തമിഴു് ക്ഷത്രിയരായിരിക്കാം. കടലോരം സംബന്ധിച്ചുപ്രദേശങ്ങളിലെങ്കിൽ "കാവീരർ" എന്നു് അക്കാലത്തു് അറിയപ്പെട്ടിരുന്ന തീരദേശവാസികളായ സാമന്തന്മാരായിരിക്കാം.

---

1 History of Deccan. 2 A sketch of Dynastties of Southern India Seweell. 3 A.

യുദ്ധത്തിൽ വിക്രമാദിത്യൻ ദ്വിതീയൻ ഇവരെയും കേര
ളാദിരാജാക്കന്മാരെയും നിശ്ശേഷം തോല്പിച്ചു. 1 അനന്തരം
ആ രാജശ്രേഷ്ഠൻ പ്രധാനകേന്ദ്രങ്ങളിൽ എല്ലാം പ്രതിപുരുഷ
ന്മാരെ താമസിപ്പിച്ചു. അദ്ദേഹത്തിന്റെ പുത്രനായ കീർത്തിവ
ർമ്മാദ്വിതീയൻ കേരളത്തിൽ "ജയംഭം" എന്ന സമുദ്രതീരനഗ
രത്തിൽ സ്ഥിരവാസംചെയ്തു. 2 എ. ഡി. 758-ൽ ഈ കീർത്തി
വർമ്മയാൽ നൽകപ്പെട്ടതായ ഒരു തീട്ടൂരത്തിൽ ഈവക വിവര
ങ്ങൾ കാണപ്പെടുന്നു. ഈ "ജയംഭം" തിരുവിതാംകൂറിൽ
വൈക്കം താലൂക്കിൽ, വൈക്കം ടൌണിൽനിന്നു് നാലഞ്ചു
മൈൽ വടക്കുമാറിയുള്ള "ചെമ്പു്" എന്നു് ഇപ്പോൾ അറി
യപ്പെടുന്ന പ്രദേശത്തായിരുന്നു സ്ഥിതിചെയ്തതെന്നു വിശ്വ
സിക്കപ്പെട്ടിരിക്കുന്നു. പ്രാചീനസഞ്ചാരികൾ, "ചെമ്പു്" ഒരു
പ്രധാനസ്ഥലമായി, അവരുടെ സഞ്ചാരവിവരങ്ങളിൽ രേഖ
പ്പെടുത്തിയിട്ടുള്ളതാണല്ലോ. "ചെമ്പും" എന്ന പ്രദേശത്തു്
ഉൽഖനനഗവേഷണങ്ങൾ നടത്തുന്നപക്ഷം ഉപയോഗപ്രദ
ങ്ങളായ കൂടുതൽ വിവരങ്ങൾ ലഭിക്കുവാൻ ഇടയുള്ളതാണു്.

ഈ ശതവർഷത്തിൽ രാഷ്ട്രകുലരാജാക്കന്മാരുടെ പ്രാബ
ല്യം വർദ്ധമാനമായി. അവർ ചാലൂക്യരാജാക്കന്മാരോടു് യുദ്ധം
ചെയ്തു്, അവരെ തോല്പിച്ചു് ഓടിച്ചു് 3 ഇന്ദ്രൻ രാഷ്ട്രകുല
രാജാക്കന്മാരിൽ പ്രബലനായിരുന്നു. ആ രാജാവിന്റെ പുത്ര
നായ ദന്തിദുർഗ്ഗൻ പിത്രാധിക്യപ്രബലനായിരുന്നതിനാൽ,
അദ്ദേഹം കർണ്ണാടകം, കാഞ്ചി ചോളം എന്നീ രാജ്യങ്ങൾ
ജയിച്ചടക്കി; ശ്രീഹർഷൻ, വിജയൻ, കേരളരാജാവു് ഇ ന്നിവ
രെയും യുദ്ധത്തിൽ പരാജിതരാക്കി. ദന്തിദുർഗ്ഗന്റെ ഭരണകാലം
എ. ഡി. 725–നും 755–നും മദ്ധ്യേ ആയിരുന്നു.

എ. ഡി. 9–ാം ശതകം.

രാഷ്ട്രകുലരാജവംശത്തിൽ എ. ഡി. 813-നും 815-നും
ഇടയ്ക്കു് ഗോവിന്ദരാജാവു് (മൂന്നാമൻ) വാണിരുന്നു. അദ്ദേഹം
കേരളരാജാക്കന്മാരുമായി, യുദ്ധത്തിൽ ഏർപ്പെട്ടു്, അവരെ
ജയിച്ചു. 4 രാഷ്ട്രകുലരാജവംശം രണ്ടുശതവർഷം പ്രാബല്യ

1 Indian Anti Vol. VI. 2 Chalukyas and Pallavas—Lewis Bince
3 Indian's Antiq Vol. VII. Logans Malabar Vol. VI. 4 Indian Antiq. Vol. VI. Ibid.

ത്തിൽ നിലനിന്നിരുന്നു. ഇക്കാലത്തിനിടയ്ക്കു്, അവർ, കേരളാദിരാജ്യങ്ങളിൽ, ഇടയ്ക്കിടെ സ്വാധികാരം പ്രയോഗിച്ചിട്ടുണ്ടു്. ഈ രാജവംശക്കാർ ശൈവവിഭാഗഹിന്ദുക്കളായിരുന്നതിനാൽ ശൈവബ്രാഹ്മണർക്കും, ഈ ദശയിൽ കേരളരാജ്യങ്ങളിൽ മേന്മസിദ്ധിക്കുവാൻ ഇടയായി. കേരളത്തിലെ പുരാതന ശിവക്ഷേത്രങ്ങൾ ജീർണ്ണോദ്ധാരണം ചെയ്യപ്പെടുകയും, നൂതനമായി ശിവക്ഷേത്രങ്ങളും, സുബ്രഹ്മണ്യക്ഷേത്രങ്ങളും, സ്ഥാപിക്കപ്പെടുകയും ചെയ്തതു് ഈ ഘട്ടത്തിലായിരിക്കുവാൻ ഇടയുണ്ടു്. കേരളത്തിലെ പുരാതന ശിവക്ഷേത്രസംബന്ധമായ കൂടുതൽ ഗവേഷണങ്ങൾ നടത്തപ്പെടുന്നപക്ഷം, കേരളരാജ്യങ്ങളും രാഷ്ട്രകൂടരാജവംശവും തമ്മിൽ നിലനിന്നിരുന്ന ബന്ധത്തെക്കുറിച്ചു, ഇതിലുപരിയായ വസ്തുതകൾ ലഭിക്കുമെന്നു വിശ്വസിക്കാം.

എ. ഡി. 10-ാംശതകം.

എ. ഡി. 973-ൽ തൈലപ്പൻ എന്നു വിശ്രുതനായ ചാലൂക്യരാജാവു പ്രാബല്യത്തിൽ എത്തി. അദ്ദേഹം രാഷ്ട്രകൂടന്മാരെ, യുദ്ധത്തിൽ പരാജിതരാക്കി നിഷ്കാസനംചെയ്തു. അനന്തരം ചാലൂക്യാധിപത്യം പുനസ്ഥാപിച്ചു. ഈ സംഭവത്തെത്തുടർന്നു കേരളാദി ദക്ഷിണരാജ്യങ്ങളിൽ, ചാലൂക്യന്മാർ സ്വാധികാരം നടത്തുവാൻ യത്നംതുടങ്ങി.

ഈ ശതവർഷത്തിൽ, വനവാസി (തുളുനാട്ടു്) രാജ്യത്തിന്റെ ഭരണം, മഹാമണ്ഡലേശ്വരവംശത്തിനു സിദ്ധിച്ചു.

എ. ഡി. 11-ാംശതകം

ചാലൂക്യരാജാവായ തൈലപ്പന്റെ പൌത്രൻ വിക്രമാദിത്യത്രിഭുവനമല്ലൻ വീരപരാക്രമശാലിയായ ഒരു രാജാവായിരുന്നു. ബിൽഹണന്റെ വിക്രമകാവ്യത്തിൽ, വിക്രമരാജാവിന്റെ അപദാനങ്ങളെക്കുറിച്ചു കീർത്തിച്ചിട്ടുണ്ടു്. ഈ രാജപുംഗവൻ, കേരളാക്രമണത്തിനുള്ള യുദ്ധയാത്രകളിൽ പിതാവിനെ അനുഗമിച്ചിട്ടുണ്ടായിരുന്നു. ആ യുദ്ധമദ്ധ്യേ, വിക്രമകുമാരൻ കേരളീയരോടുചെയ്ത നിർദ്ദയകൃത്യങ്ങൾ, സമകാലികരുടെയും,

---

* വിക്രമാങ്കകാവ്യം ൧-ാംസർഗ്ഗത്തിൽ വിക്രമന്റെ കേരളാക്രമണം സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കുന്നുണ്ടു്. ഈ വിക്രമരാജാവിന്റെ ഭരണകാലം എ. ഡി. 1008-നും 1018-നും ഇടയ്ക്കായിരുന്നു.

അനന്തരപരമ്പരകളുടെയും, ഹൃദയങ്ങളെ ഗാഢമായി സ്പർശിച്ചിരിക്കുന്നു. വിക്രമരാജാവു സ്ഥാനാരോഹണം ചെയ്തശേഷം, കേരളരാജ്യങ്ങൾ ആക്രമിക്കുവാൻ ഉദ്യമിക്കുന്നുവെന്നുള്ളവൃത്താന്തം കർണ്ണാ കർണ്ണികയാ കേട്ട മാത്രയിൽ, അദ്ദേഹത്തിന്റെ പൂർവ്വകൃത്യസ്മരണനിമിത്തം, കേരളരാജപത്നിമാർ വിങ്ങിക്കരഞ്ഞു എന്നു ബിൽഹണൻ വർണ്ണിച്ചിരിക്കുന്നു. വിക്രമരാജാവു കേരളത്തിലേക്കു, വലിയൊരു യുദ്ധസന്നാഹത്തോടുകൂടി പുറപ്പെട്ടു. ഭയങ്കരമായ യുദ്ധം ഉണ്ടായി. കേരളരാജാക്കന്മാർ പരാജിതരായി. കേരളം വിക്രമന് അധീനപ്പെട്ടു.

ചാലൂർ, ചാലൂക്കോണം, ചാലൂക്കാവു്, മുതലായ ദേശാഭിനാമങ്ങൾ കേരളത്തിൽ പല പ്രദേശങ്ങളിലും ഉള്ളതാണു്. ഇവ കേരളത്തിൽ നിലനിന്നിരുന്ന ചാലൂക്യാധികാരത്തെ ദ്യോതിപ്പിക്കുകയാകുന്നു ചെയ്യുന്നതു്.

ഈ ശതവർഷാരംഭത്തിൽ ചോളരാജാവായിരുന്ന രാജേന്ദ്രൻ ദ്വിതീയൻ കേരളരാജ്യതലസ്ഥാനമായ മഹാദേവപട്ടണം ആക്രമിച്ചു. യുദ്ധത്തിൽ കേരളരാജാവു പരാജിതനായി. അമൂല്യമായ രാജകിരീടം, രവിമാല്യം മുതലായ വിശിഷ്ടധനങ്ങൾ ചോളർ അപഹരിച്ചു. അനന്തരം കേരളത്തിലെ പുരാതനങ്ങളായ ദ്വീപുകളെ ശത്രുക്കൾ ആക്രമിച്ചു കൊള്ളയടിത്തി. അതിനെ തുടർന്നു, "ശാന്തിമാധവദുർഗ്ഗത്തിൽ" ഉള്ള രാജധാനിയിൽ പരശുരാമനിക്ഷേപിതമെന്നു വിശ്വസിക്കപ്പെട്ടുപോന്ന സുവർണ്ണകിരീടവും അപഹരിച്ചിട്ടുണ്ടു. *

ചോളരാജാക്രമണത്തിനു വിധേയമായ മഹാദേവപട്ടണം തൃക്കാക്കരയായിരിക്കണം. ശാന്തിമാധവദുർഗ്ഗം എട്ടുനാട്ടിലെ മാധവി പട്ടണം (മാധവിദുർഗ്ഗം) ആയിരിക്കാൻ ന്യായമുണ്ടു്.

ചോളരാജാവുമായുണ്ടായ യുദ്ധത്തിന്റെ ഭയങ്കരതയുടെ ഫലമായി കേരളരാജ്യം ഛിന്നഭിന്നമായിത്തീർന്നുവെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു, എന്തുകൊണ്ടെന്നാൽ ഈ ശതവർഷത്തിനു ശേഷം "കേരളരാജ്യം" എന്ന സംജ്ഞപോലും വിശ്വാസയോഗ്യങ്ങളായ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നില്ല.

---

* ബിംബല (വെമ്പലനാട്ടു) രാജാവായ വീരരവിവർമ്മ വിക്രമരാജാവിനു കപ്പംകൊടുത്തു സഖ്യത്തിൽ ഇരുന്നുവെന്നു അനുമാനിക്കാം. തൃക്കാക്കര ആയിരിക്കണം മഹാദേവപട്ടണം എന്ന നാമത്താൽ കൂടി അറിയപ്പെട്ടിരുന്നതു്.
South Indian Inscrieptions Vol. III. History of Deecan.

൧൦-ാം അദ്ധ്യായം.

പുരാതനകേരളത്തിലെ ബുദ്ധമതവും ജൈനമതവും.

കേരളത്തിൽ ബുദ്ധമതം, മിക്കവാറും, അതിൻെറ പ്രാരംഭശതവൎഷത്തിൽതന്നെ പ്രചരിച്ചുതുടങ്ങിയതായി അനുമാനിക്കേണ്ടിയിരിക്കുന്നു. അശോകചക്രവൎത്തിയുടെ ഭരണഘട്ടമായ പ്ലേറ്റോഴേക്കു്, കേരളരാജ്യങ്ങളിൽ പ്രസ്തുത മതത്തിനു പ്രചുരപ്രചാരം സിദ്ധിച്ചുകഴിഞ്ഞിരുന്നു. അശോകൻെറ ശിലാശാസനങ്ങളിൽ നിന്നും ഇതരലക്ഷ്യങ്ങളാലും നമ്മുടെ അനുമാനം ശരിയാണെന്നു കാണാവുന്നതാണു്. കേരളത്തിൽ പ്രസിദ്ധപ്പെട്ട ഒട്ടധികം വിഹാരങ്ങളും ബുദ്ധക്ഷേത്രങ്ങളും ഉണ്ടായിരുന്നു. കന്യാകുമാരിപൎയ്യന്തമുള്ള കേരളഭൂപ്രദേശങ്ങളിൽ ബുദ്ധമതത്തിനു സൎവ്വസമ്മതമായ പ്രചാരം സിദ്ധിച്ചിരുന്നുവെന്നുള്ളതിനു്, അദ്യാപി നിലനിന്നുപോരുന്ന മരുതാമലയിലെ വിഹാരഗുഹാമണ്ഡപങ്ങളും നേമത്തിനുസമീപമുള്ള ചിതറാൽ ക്ഷേത്രവും മററനേകം ക്ഷേത്രങ്ങളും ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. ജൈനമതവും ബുദ്ധമതവും ഒരേ ഘട്ടത്തിൽതന്നെ ഒരേ പ്രദേശത്തു [1] അടുത്തടുത്തു പ്രചാരത്തിൽ ഇരുന്നിരുന്നു. ഗൌതമശാക്യനായ ശ്രീബുദ്ധനെയും, ജിനസുതനായ മഹാവീരനെയും വിഷ്ണുവിൻെറ അവതാരങ്ങളായി ഹിന്ദുക്കൾ സങ്കല്പിക്കുവാൻ ആരംഭിക്കുക, ഹിന്ദുക്കളും ബുദ്ധജൈനന്മാരും തമ്മിൽ സൌഹാൎദ്ദം പുനസ്ഥാപിച്ചശേഷമാകുന്നു. ബുദ്ധമതത്തിനു്, ശ്രീബുദ്ധൻെറകാലത്തുതന്നെ ഭാരതത്തിലും, അറേബ്യ, ചൈന, സിംഹളം മുതലായ ദേശങ്ങളിലും പ്രചാരംസിദ്ധിച്ചു. ബി.സി. മൂന്നാംശതകത്തിൽ അശോകൻെറ അക്ഷീണപരിശ്രമത്താൽ ബുദ്ധസന്യാസിമാർ അവരുടെ മതത്തിൻെറ പ്രചരണത്തിനായി പൌരസ്ത്യഭൂഖണ്ഡത്തിൻെറ നാനാപ്രദേശങ്ങളിലും

---

1 Asoka's Edicts. Wilson's History of India Vol III App. Wheelers History of India Vol. III.

സഞ്ചരിക്കുവാനും, ആ മതത്തിന്നു പൂർവ്വാധികം പ്രചാരം വരുത്തുവാനും ഇടയായിട്ടുണ്ട്. വിഗ്രഹാരാധനയുടെ പ്രാധാന്യത്തെക്കുറിച്ച്, ബുദ്ധന് അഭിപ്രായമുണ്ടായിരുന്നില്ലെങ്കിലും,

ശ്രീ. ബുദ്ധദേവൻ

ആ മതസ്ഥാപകന്റെ കാലാനന്തരം അദ്ദേഹത്തിന്റെ പ്രതിമകൾതന്നെ നാനാരൂപങ്ങളിൽ പല ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു ബുദ്ധർ ആരാധിച്ചുതുടങ്ങി. രാജകീയമായ വേഷത്തിൽ കിരീടകങ്കണകഞ്ചുകാദികളോടുകൂടി ഭക്തിപാരവശനായി ധ്യാനത്തിൽ ഇരുന്ന ഗൌതമന്റെയും ജടാമകുടധാരിയായി വനാന്തരത്തിൽ ഉഗ്രതപസ്സുചെയ്ത ഗൌതമന്റെയും, മുണ്ഡിതശിരസ്സായി വൈരാഗിയായി, യതിവര്യനായി ജീവിച്ച ഗൌതമന്റെയും വിഗ്രഹങ്ങൾ കേരളത്തിൽ പല ക്ഷേത്രങ്ങളിലും

പ്രതിഷ്ഠിച്ചാരാധിക്കപ്പെട്ടുപോന്നു. ആദ്യം പ്രസ്താവിക്കപ്പെട്ട വിഗ്രഹത്തിനു വിഷ്ണുവെന്നും (ചിലേടത്തു ക്ഷേത്രപാലൻ എന്നും സങ്കല്പമുണ്ടു്) രണ്ടാമത്തേതിനു് "ശാസ്താ"വെന്നും, മൂന്നാമത്തേതിനു "മുണ്ഡൻ" എന്നുമാകുന്നു ആധുനികകാലത്തെ ധ്യാനസങ്കല്പം. "ശാസ്താ" എന്നു ശ്രീബുദ്ധനു് പര്യായമുള്ളതാണു്. ശാസ്താ വിഗ്രഹങ്ങളിൽ തന്നെ രണ്ടുതരം കാണപ്പെടുന്നുണ്ടു്. ജടാമകുടവും കണ്ഠത്തിൽ രുദ്രാക്ഷംപോലെ ഒരു കണ്ഠാഭരണവും, ഉടലിൽ യജ്ഞോപവീതവും ധരിച്ചു പത്മാസനത്തിലോ, അർദ്ധപത്മാസനത്തിലോ, ഇരിക്കുന്ന ഒരു ജാതി ശാസ്താവിഗ്രഹമുണ്ടു്. രാജകീയകിരീടവും, കങ്കണാദിഭൂഷകളും യജ്ഞോപവീതവും ധരിച്ചു നിലകൊള്ളുന്ന വേറൊരു ജാതി ശാസ്താവിഗ്രഹങ്ങളും ചില ക്ഷേത്രങ്ങളിൽ കാണപ്പെടുന്നു. ഉപദേവന്മാരുടെ ഗണത്തിൽ എങ്കിലും ഒരു ശാസ്താ വിഗ്രഹമോ ആ ധ്യാനസങ്കല്പത്തിൽ ഒരു ശിലാഖണ്ഡമോ ഇല്ലാത്ത ക്ഷേത്രങ്ങൾ കേരളത്തിൽ വളരെ കുറവാണു്. ബുദ്ധന്റെ ഭൗതികാവശിഷ്ടങ്ങളും, അദ്ദേഹം ധ്യാനനിഷ്ഠനായി, യാതൊരു ആൽവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നകാലം ബോധോദയം സിദ്ധിച്ചു, ആ വൃക്ഷത്തിന്റെ ശാഖകളും ഓരോ ദേശത്തുമുള്ള ശിഷ്യപ്രധാനന്മാർ വിഭജിച്ചു, വിശുദ്ധസാധനങ്ങളെന്നനിലയിൽ ഭാരതത്തിലും പുറമെയുള്ള ദേശങ്ങളിലും ക്ഷേത്രങ്ങളിലും ക്ഷേത്രസങ്കേതങ്ങളിലുമായി സ്ഥാപിച്ചു. ആലുകൾ കേരളത്തിലെ ക്ഷേത്രസങ്കേതങ്ങളിലും, പ്രധാന ശൃംഗാടകങ്ങളിലും മററും നട്ടുവളർത്തുവാൻ ആരംഭിച്ചതിന്റെ പൂർവ്വചരിത്രം ഇതുതന്നെയാകുന്നു. ആൽത്തറകൾ കെട്ടി അവയിൽ കല്ലുവിളക്കുകൾ വയ്ക്കുവാനും ആരാധനകൾ നടത്തുവാനും, കേരളീയർ തുടങ്ങിയതു് അക്കാലംമുതലാകുന്നു. ചിതറാൽ ക്ഷേത്രത്തിൽ ശ്രീബുദ്ധന്റെ വിഗ്രഹംമാത്രമല്ല, ബുദ്ധന്റെ പ്രധാനശിഷ്യന്മാരുടെയും, കേരളത്തിലെ പ്രധാനപ്പെട്ട ബുദ്ധവിഹാരാധിപന്മാരായിരുന്ന യതികളുടെയും വിഗ്രഹങ്ങളും കാണപ്പെടുന്നുണ്ടു്. ആ ക്ഷേത്രം, അനേകശതവർഷങ്ങൾ പഴക്കമുള്ള കേരളീയ ബുദ്ധസന്യാസിമാരുടെ ശവകുടീര (സംഘപാലിക)

---

* ശരിയായ വിഷ്ണുവിഗ്രഹത്തിനു ചതുർബാഹുക്കളും ശംഖചക്രാദികളും കൗസ്തുഭ വനമാല്യാദികളും ഉണ്ടായിരിക്കും.

ങ്ങളാൽ നിബിഡിതമായ ഒരു പരിശുദ്ധസ്ഥാനമായിരുന്നു. മരുത്വാമലയിൽ, കരിങ്കല്പാറയിൽ കമനീയമായും ശില്പവിദ്യാചതുരതയോടുകൂടിയും തുരന്നു് ഉണ്ടാക്കപ്പെട്ടിട്ടുള്ള വിഹാരങ്ങളിൽ അദ്യാപി നിലനിന്നുപോരുന്ന ക്ഷേത്രങ്ങളും, ബുദ്ധക്ഷേത്രങ്ങളായിരുന്നു. ദക്ഷിണതിരുവിതാംകൂറിലെ പാറശ്ശാല എന്ന സ്ഥലത്തും ബുദ്ധവിഹാരങ്ങൾ നിലനിന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ തിരുവല്ലാത്താലൂക്കിൽ ഉൾപ്പെട്ട കവിയൂർ എന്ന ഗ്രാമത്തിൽ പാറയിൽ തുരന്നു് ഉണ്ടാക്കപ്പെട്ടിട്ടുള്ള "തൃക്കക്കുടി" എന്നൊരു ക്ഷേത്രം അദ്യാപി നിലനിന്നുപോരുന്നുണ്ടു്. ആ സ്ഥലത്തെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളും മററു പരിതസ്ഥിതികളും കൂടി തുലനംചെയ്യുമ്പോൾ അവിടം ഉറച്ച ഒരു ബുദ്ധവിഹാരമായിരുന്നു എന്നു് നിർണ്ണയിക്കാവുന്നതാണു്. കുമാരിലഭട്ടന്റെ ഹിന്ദുമതപുനരുദ്ധാരണശ്രമങ്ങളെ തുടർന്നുണ്ടായ സംരംഭങ്ങളുടെഫലമായി കേരളത്തിലും ആരംഭിച്ച ബുദ്ധമതധ്വംസനഘട്ടത്തിൽ നടന്ന ബുദ്ധവിഹാരാധിപവധം തൃക്കക്കുടിയിലും സംഭവിച്ചതായും അനന്തരം കാലാന്തരത്താൽ അവിടെ ഒരു ശിവലിംഗം പ്രതിഷ്ഠിക്കപ്പെട്ടതായും അനുമാനിക്കുവാൻ ന്യായംകാണുന്നുണ്ടു്. ഏഴിമലകളിൽ ഉള്ള നിരയങ്കണ്ണൂർ എന്ന പ്രാചീന ക്ഷേത്രത്തിലും, മാടായി മുസ്ലീംപള്ളിയിലും നിന്നു വളരെ അകലെ അല്ലാതെ പാറയിൽ തുരന്നു് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു ക്ഷേത്രം അദ്യാപി നിലനിന്നുപോരുന്നു. അവിടെയും ഒരു ബുദ്ധവിഹാരം നിലനിന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ ഏററുമാന്നൂർ താലൂക്കിൽചേന്ന വേദഗിരിഎന്നൊരു മലയുണ്ടു്. അവിടം ആധുനികകാലത്തു് ഒഴിച്ചു് ഇടപ്പെട്ട വനമാണു്. ആ മലമുകളിൽ വനമദ്ധ്യത്തിൽ ശിഥിലീഭവിച്ച കരിങ്കൽമണ്ഡപത്തിന്റെ നഷ്ടശിഷ്ടങ്ങളായുള്ള ഗംഭീരങ്ങളായ ശിലാഖണ്ഡങ്ങൾ ഭൂമിയിൽ നാട്ടിപ്പെട്ടതനിലയിൽതന്നെ നിൽക്കുന്നുണ്ടു്. ആ സ്ഥാനത്തിനുസമീപം, കടുത്ത വേനൽക്കാലത്തും ശുദ്ധജലം ഉറവിവന്നുകൊണ്ടിരിക്കുന്ന, ഏതാനും ചെറിയ ഉറവുകളും കാണപ്പെടുന്നു. മലയുടെ താഴ്വരയിൽ പുരാതനമായ ഒരു ശാസ്താക്ഷേത്രവും ഉണ്ടു്. വേദഗിരി ഒരു ബുദ്ധവിഹാരമായി

രുന്നു എന്നുള്ള അനുമാനത്തിനു് അനുകൂലങ്ങളായ ലക്ഷ്യങ്ങൾ പലതും ഉണ്ടു്. ബുദ്ധഭിക്ഷുക്കളുടെ വിഹാരങ്ങൾ മാത്രമല്ലാ, ബുദ്ധഭിക്ഷുണികളുടെ വിഹാരങ്ങളും കേരളത്തിൽ ഒട്ടധികം ഉണ്ടായിരുന്നു. ആധുനികഘട്ടത്തിൽപോലും ചില കേരളക്ഷേത്രസങ്കേതങ്ങളിൽ നിലനിന്നുപോരുന്ന "മകളർ" വിഗ്രഹങ്ങൾ ഭിക്ഷുണിവിഹാരസ്ഥാനങ്ങളുടെ സ്മരണയെ നിലനിത്തുന്നതിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവയാണു്. മദ്ധ്യതിരുവിതാംകൂറിൽ കോട്ടയം താലൂക്കിന്റെ പശ്ചിമപ്രാന്തഗ്രാമമായ കിളിരൂർ ഉള്ള ക്ഷേത്രസങ്കേതത്തിലെ * മകളർ വിഗ്രഹങ്ങളും തിരുവല്ലാത്താലൂക്കിൽ ഉൾപ്പെട്ട കല്ലൂപ്പാറ ദേശത്തു മുരണി എന്ന ഗ്രാമത്തിലുള്ള മകളർകാവും, ഭിക്ഷുവിഹാരങ്ങൾ ആ സ്ഥാനങ്ങളിൽ നിലനിന്നിരുന്നുവെന്നാണു് സൂചിപ്പിക്കുന്നതു്. മുരണിയിലെ കാവിനെയും അവിടെ ധ്യാനപരരായി ജീവിച്ചിരുന്ന സുകുമാരികളായ കന്യകകളെയും കുറിച്ചുള്ള ഒരു ഐതിഹ്യം ആധുനികകാലത്തും ആ ഗ്രാമവാസികളായ ചില വയോധികന്മാർ വിസ്മരിച്ചിട്ടില്ല. ചങ്ങനാശേരി ടൌണിലുള്ള "ആനന്ദപുരം" എന്ന ക്ഷേത്രപരിസരവും തിരുവനന്തപുരത്തെ മിത്രാനന്ദപുരം ക്ഷേത്രപരിസരവും വിശ്രുതങ്ങളായ ബുദ്ധസങ്കേതങ്ങളായിരുന്നു എന്നുള്ളതിനു അതതു ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങളുടെ പരിശോധനാഫലം പ്രത്യക്ഷമാക്കുന്നുണ്ടു്. പ്രസ്തുത വിഹാരങ്ങൾ രണ്ടും ശ്രീ ബുദ്ധന്റെ പ്രധാന ശിഷ്യനും അന്തേവാസിയുമായിരുന്ന "ആനന്ദ"ന്റെ തിരുനാമത്തിൽ സ്ഥാപിതങ്ങളായിരിക്കണം. പുരാതന കേരളത്തിൽ ഗിരിശൃംഗങ്ങളിലും, മലനാട്ടിലും, ഇടനാട്ടിലും, കുട്ടനാട്ടിലെ വാസയോഗ്യങ്ങളായ ജനസ്ഥാനങ്ങളിലും, കടലോരങ്ങളിലും, ബുദ്ധവിഹാരങ്ങളും ജൈനവിഹാരങ്ങളും, ദക്ഷിണാഗ്രം മുതൽ ഉത്തരസീമവരെ നിലനിന്നുപോന്ന ഒരു ഘട്ടം ഉണ്ടായിരുന്നു. ബി. സി. 500–ാമാണ്ടടുത്തു സമാധിയടഞ്ഞ മഹാവീരനും, ബി. സി. 487–ാമാണ്ടിനു സമീപിച്ചു നിർവ്വാണം പ്രാപിച്ച ശ്രീ ബുദ്ധനും, അവരുടെ ഭൂലോകസഞ്ചാരഘട്ടങ്ങളിൽ കേരളഭൂമി സന്ദർശിച്ചിട്ടുണ്ടു്. കേരളരാജാക്കന്മാരും, പ്രഭുക്കന്മാരാദിയായവരും, സാങ്കേതികരൂപത്തിൽ പരിണ

* മകളർവിഗ്രഹങ്ങളുടെ ഛായ അന്യത്ര ചേർത്തിരിക്കുന്നു.

മിച്ച് ആദശ്ശത്തിൽനിന്നു അധഃപതിച്ചുപോയ ബ്രാഹ്മണമതത്തിൽ വൈരസ്യംഭവിച്ച ഒരു വിഭാഗം പണ്ഡിതന്മാരായ വൈദികബ്രാഹ്മണരും, ആ നൂതനമതസ്ഥാപകന്മാരുടെ ആദശ്ശങ്ങളെ ആദരിച്ച് അവരുടെ മതം കൈക്കൊണ്ടിരിക്കാമെന്നും അനുമാനിക്കാം. എന്തുകൊണ്ടെന്നാൽ അശോക ചക്രവത്തിയുടെകാലം—ബി. സി. മൂന്നാംശതകം ആയപ്പോഴേക്കു കേരളരാജ്യങ്ങളിൽ സവ്വത്ര ബുദ്ധജൈനമതങ്ങൾ സ്ഥായിയായി പ്രചരിച്ചുകഴിഞ്ഞിരുന്നുവെന്നു അശോകശിലാശാസനങ്ങളിൽനിന്നു വെളിവാകുന്നുണ്ട്. സഹ്യാചലത്തിന്റെ മുടിപ്പുരമ്പിൽ ദക്ഷിണാഗ്രം മുതൽ ഉത്തരഭാഗം വരെ ഒട്ടധികം വിഹാരങ്ങൾ നിലനിന്നിരുന്നു. ആ സ്ഥാനങ്ങളിൽ ആധുനികകാലത്തു വിശ്രുതനിലയിൽ നിലനിന്നുപോരുന്ന ശാസ്താക്ഷേത്രസങ്കേതങ്ങൾ, അവിടങ്ങളിൽ സവ്വോൽക്കർഷേണ വത്തിച്ചിരുന്ന ബുദ്ധവിഹാരങ്ങളുടെ അവശേഷങ്ങൾ ആകുന്നു. കുളത്തൂപ്പുഴ, മാമ്പഴത്തറ, ആര്യങ്കാവ്, അച്ചൻകോവിൽ, ശബരിമല എന്നീ വിഹാരങ്ങൾ അതി പ്രബലങ്ങളായിരുന്നു മാവേലിക്കര, കരുട്ടി, വഞ്ചിപ്പുഴ, ചാത്തവട്ടം, ഗുരുശ്രീ (കുറിച്ചി) പാക്കിൽ, കിളിരൂർ, കൊടമാളൂർ, ആയ്യുത്തുരുത്ത്, പാണ്ഡവം, ആദിയായ പ്രദേശങ്ങൾ വളരെ വലുതായ പ്രശസ്തിയിലും, പ്രാമാണ്യത്തിലും ഇരുന്ന ബുദ്ധവിഹാരങ്ങൾ ആയിരുന്നു.

വിഹാരങ്ങളിൽ യതിവൃത്തി കൈക്കൊണ്ടു ജീവിച്ചുവന്ന ഭിക്ഷുക്കളും ഭിക്ഷുകികളും കേവലം വൈരാഗിവൃത്തിയിൽ കാലയാപനം ചെയ്തുവന്നില്ല. അവരോ, ഭൂതദയയുടെയും അനുഭാവത്തിന്റെയും മൂത്തീകരണങ്ങളായിരുന്നു. ആദ്ധ്യാത്മികമായ ഹിതോപദേശങ്ങൾ ജനങ്ങൾക്കു നൽകിക്കൊണ്ടിരുന്നതിനും പുറമേ, അവർ ആതുര ശുശ്രൂഷ, തുടങ്ങിയുള്ള സാമൂഹ്യസേവാപരങ്ങളായ പലേ മഹനീയകൃത്യങ്ങളും, അവരവരുടെ വിഹാരപരിധിക്കുള്ളിൽ ഉൾപ്പെട്ട ജനസ്ഥാനങ്ങൾ തോറും സഞ്ചരിച്ചു നിവ്വഹിച്ചുകൊണ്ടിരുന്നു. അവരിൽ പലരും വിദഗ്ദ്ധരായ ചികിത്സകർകൂടെയായിരുന്നു. ഗുരുവായൂർ, ആദിത്യപുരം, തിരുവങ്കാട്ട് (തിരുവങ്ങാട്ട്) തകഴി ആദിയായി, കേരളത്തിൽ അദ്യാപി ചികിത്സ നടത്തുന്ന ക്ഷേത്ര

ങ്ങൾ, അതതു പ്രദേശങ്ങളിൽ ഉണ്ടായിരുന്ന ബുദ്ധവിഹാരങ്ങളുടെ അവശിഷ്ടങ്ങളായി നിലനിന്നുപോരുന്നവയാണ്. 1

കേരളരാജ്യങ്ങളിലെ ബുദ്ധമതപ്രചാരത്തിന്റെ പ്രാരംഭദശയിൽതന്നെ നീപാളദേശങ്ങളിൽനിന്നു ശകവർഗ്ഗക്കാരും ലിച്ഛവിവർഗ്ഗക്കാരും, അറേബ്യ, ലിബിയ, മുതലായ പ്രദേശങ്ങളിൽനിന്നു (കാന്തകോട്ടയെന്നു പൂർവനാമം) ആസുരവർഗ്ഗക്കാരും ആയ ബുദ്ധജൈനന്മാർ കേരളത്തിലേയ്ക്കു് ഉപവേശം ചെയ്തിട്ടുള്ളതായും, അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന വിദഗ്ദ്ധന്മാരായ തച്ചുശാസ്ത്രകർമ്മികളുടെ സഹകരണത്താൽ നേപാളത്തെയും പുരാതന കാന്തകോട്ടയിലെയും മാതൃകയിൽ കേരളത്തിൽ ബുദ്ധജൈനക്ഷേത്രങ്ങളും വിഹാരങ്ങളും വിഗ്രഹങ്ങളും ഭവനങ്ങളും നിർമ്മിക്കപ്പെട്ടുവാനാരംഭിച്ചതായും അനുമാനിക്കേണ്ടിയിരിക്കുന്നു. കേരളത്തിനു തനതായിരിക്കുന്ന പ്രസ്തുത ഗൃഹനിർമ്മാണപദ്ധതിക്കു "വാസ്തുവിദ്യ" എന്നു പേരുസിദ്ധിക്കുവാൻ കാരണം നേപാളത്തിലെ പ്രാചീനവിശ്രുതനഗരമായ "കപിലവാസ്തുവിലെ" ഗൃഹനിർമ്മാണപദ്ധതി മാതൃകയാക്കി സ്വീകരിക്കപ്പെട്ടുകയാലാകുന്നു.2 കാന്തകോട്ടയിൽനിന്നു കേരളത്തിൽ ഉപവേശം ചെയ്ത ആസുരവർഗ്ഗക്കാരായ ബുദ്ധജൈനമതാവലംബികൾ കേരളത്തിലെ മരയാശാരിമാരുടെ പൂർവികന്മാരാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. പുരാതന നേപാളരാജ്യങ്ങളിൽ തച്ചുശാസ്ത്രവിദഗ്ദ്ധനും പ്രസിദ്ധ ഗൃഹനിർമ്മാണപദ്ധതിയുടെ ജനയിതാവുമായി "വാസ്തു"എന്ന നാമത്തിൽ ഒരു വിശ്രുതനായ കർമ്മി ജീവിച്ചിരുന്നുവെന്നും വിശ്വസിക്കപ്പെട്ടുപോരുന്നുണ്ടു്. ഭവനനിർമ്മാണംപൂർത്തിയായാൽ "വാസ്തുബലി" എന്നു യജ്ഞം നിർവഹിച്ചശേഷം മാത്രമേ, കേരളത്തിൽ ഗൃഹപ്രവേശം, ആധുനികകാലത്തും നടത്താറുള്ളു.

മഹാവീരനും, ഗൌതമബുദ്ധനും രാജകുടുംബാംഗങ്ങളായ ക്ഷത്രിയരായിരുന്നതിനാലും, അവരാൽ സ്ഥാപിതങ്ങളായ ജൈനമതവും ബുദ്ധമതവും തത്വങ്ങളിൽ അഭേദങ്ങളും. അക്കാലത്തു പരിശുദ്ധമായ വൈദികഹിന്ദുമതത്തിൽ സംഭവി

---

1 ചികിത്സയുള്ള കേരളക്ഷേത്രങ്ങളെക്കുറിച്ചു മറ്റൊരു അദ്ധ്യായത്തിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്.

2 തന്ത്രസമുച്ചയം—"തച്ചുശാസ്ത്രം" എന്ന വിഭാഗം.

ച്ചിരുന്ന പുരോഹിതമേധാവിത്വപരമായ ദുഷ്പ്രഭുത്വത്തിന്നും സാമാന്യജനസങ്കടങ്ങൾക്കും പരിഹാരകവും ആയിരിക്കകൊണ്ടും, എല്ലാ രാജാക്കന്മാരും, പ്രഭുക്കന്മാരും മാടമ്പിമാരും ജനസാമാന്യവും ബ്രാഹ്മണമത ശൃംഖലകളിൽനിന്നു സ്വയം വിമുക്തരായി ആ നൂതനമതദുർഗ്ഗങ്ങളിൽ അഭയം പ്രാപിക്കുവാൻ സന്നദ്ധരായിരുന്നതിനാൽ പ്രസ്തുത മതങ്ങൾക്കു കേരളരാജ്യങ്ങളിൽ തീവ്രപ്രചാരം സിദ്ധിച്ചതാണ്. കേരളരാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും, ഒരു വിഭാഗക്കാരായ വൈദികബ്രാഹ്മണരുടെയും അശ്രാന്തപരിശ്രമത്താൽ കേരളം അശോകചക്രവർത്തിയുടെ മഗധസാമ്രാജ്യ ഭരണകാലത്തിനകം വലുതായ ബുദ്ധമതകേന്ദ്രമായിഭവിച്ചിരുന്നു. അശോകന്റെ അശ്രാന്തപരിശ്രമങ്ങളുടെ ഫലമായി ആ മതത്തിനു് അത്ഭുതപൂർവമായ പുരോഗമനം സിദ്ധിച്ചു. മഹാനായ ആ ചക്രവർത്തിയുടെ മതപ്രചരണവേലയും സാമൂഹ്യസേവാപരങ്ങളായ പദ്ധതികളും സ്വസാമ്രാജ്യത്തിനകമേ മാത്രമല്ല, ഭാരതഖണ്ഡത്തിൽ ആകമാനം മാത്രമല്ല, പുറദേശങ്ങളിൽപോലും നടപ്പിലാക്കപ്പെട്ടുവന്നിരുന്നു. ഏ. ഡി. 5-ാംശതകംമുതൽ ഉത്തര ഇൻഡ്യയിൽ ബ്രാഹ്മണമതത്തിനു പുനരുദ്ധാരണവും ബൌദ്ധജൈനമതങ്ങൾക്കു ക്ഷയവും സംഭവിച്ചുതുടങ്ങിയതായി അനുമാനിക്കേണ്ടിയിരിക്കുന്നു. 8-ാംശതവർഷമായപ്പോഴേക്കു് പ്രസ്തുതനൂതനമതങ്ങളുടെ അധഃപതനം ദ്രുതഗതിയിലായിരുന്നു. ഹ്യുവൻസാങ് ഭാരതഖണ്ഡത്തിൽ പല പ്രധാനകേന്ദ്രങ്ങളും കേരളവും സന്ദർശിച്ചപ്പോൾ (എ. ഡി. 7-ാംശതകത്തിന്റെ മദ്ധ്യഘട്ടം) ബുദ്ധജൈനവിഹാരങ്ങൾ മിക്കവാറും വിജനമായിത്തീർന്നുകഴിഞ്ഞിരുന്നു. ഭാരതഖണ്ഡത്തിനു പൊതുവേ നേരിട്ട ഹേതുക്കളാൽതന്നെ ആയിരിക്കണം, കേരളത്തിലും ബുദ്ധമതത്തിനു് അധഃപതനം സംഭവിക്കുവാൻ സംഗതിവരുത്തിയതു്. ശങ്കരാചാര്യരുടെയും കുമാരിലഭട്ടരുടെയും ഹിന്ദുമതപുനരുദ്ധാരണപ്രസ്ഥാനങ്ങളുടെ ദ്രുതഫലമായി ബുദ്ധജൈനമതങ്ങൾ ഹിന്ദുമതാന്തരാളത്തിൽ ക്രമേണ ലയിക്കുവാൻ ഇടയായിത്തീർന്നു. കുമാരിലഭട്ടരുടെ പ്രചരണപ്രസ്ഥാനത്തിന്റെ ശക്തിനിമിത്തം ദക്ഷിണഭാരതത്തിലെ ഒരുനാടുവാഴി തന്റെ രാജ്യസീമകൾക്കുള്ളിൽ നിവസിച്ചിരുന്ന ബുദ്ധമതാവലംബികളെ ആബാലവൃദ്ധം വധിപ്പിച്ചതായി കേരളോൽപ്പത്തിയിൽ

കാണുന്നുണ്ട്. എന്നാൽ കേരളത്തിൽ ഏതൊരുസ്ഥലങ്ങളിലായ ബുദ്ധജൈനവിധ്വംസനങ്ങൾ നടത്തപ്പെട്ടതായി വിശ്വസിക്കുവാൻ വിശ്വാസയോഗ്യങ്ങളായ രേഖകൾ കാണുന്നില്ല.

എന്നാൽ കേരളത്തിൽ ചുരുക്കം ചില പ്രദേശങ്ങളിൽ ചില ബുദ്ധക്ഷേത്രങ്ങൾ, ഹൈന്ദവേതരസമുദായങ്ങൾക്ക് ആരാധനാസങ്കേതം ഉറപ്പിക്കുവാൻ ചില നാടുവാഴികൾ വിട്ടുകൊടുത്തിട്ടുള്ളതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ചെങ്ങന്നൂർ പുത്തൻതെരുവിലുള്ള പുരാതനസുറിയാനിപ്പള്ളി ഇക്കൂട്ടത്തിൽ ഒന്നാണു്. * പ്രസ്തുത പള്ളിയുടെ പുറത്തെ മതിൽക്കെട്ടും ഗോപുരങ്ങളും, വടക്കേഗോപുരവാതിൽ പലകകളിന്മേലും, പള്ളിയിലേക്കു പ്രവേശിക്കുവാനുള്ള ഒരു പ്രധാനപ്പെട്ട വാതിലിലും ചെയ്യപ്പെട്ടിട്ടുള്ള പണികളും, മററു പലേ പരിതസ്ഥിതികളും കൊണ്ടു്, അതിപുരാതനമായ ഒരുകാലത്തു് അതു് ഒരു ബുദ്ധക്ഷേത്രമായിരുന്നുവെന്നു പ്രഥമദൃഷ്ടിയിൽതന്നെ ബോദ്ധ്യപ്പെടുന്നതാണു്. പ്രസ്തുത പള്ളിയോ, പ്രസിദ്ധപ്പെട്ട സെൻറു് തോമസ്സു് പള്ളികളിൽ ഒന്നിൻെറ കുരിശ്ശു പള്ളിയായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നാകുന്നു ഐതിഹ്യം. ഈ സ്ഥാപനത്തിനു് ഒരു സ്വതന്ത്രമായ പള്ളിയുടെ നില ഉണ്ടായതു് എ. ഡി. 345-ാമാണ്ടുമുതൽക്കാണെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു. അവിടെ സൂക്ഷിക്കപ്പെട്ടിട്ടുള്ള പള്ളിവക ഒരുചെറിയ മരക്കുരിശ്ശു്, വെള്ളിധൂപക്കുററികൾ, മുതലായവയും ആദിമകാലവൈദികന്മാർ ദിവ്യപൂജാപ്പണത്തിനു ധരിക്കുവാൻ ഉപയോഗിച്ചിരുന്ന ളോഹ, കാപ്പ മുതലായവയുംകൊണ്ടു് ഈ പള്ളി നെസ്റ്റോറിയൻ വൈദികന്മാരുടെ ആഗമകാലത്തും നിലനിന്നിരുന്നതായി അനുമാനിക്കാവുന്നതാണു്. നഷ്ടീഭവിച്ചുപോയ ക്ഷേത്രത്തിൻെറ മണ്ഡപം മുതലായവയുടെ ശിലാഖണ്ഡങ്ങൾ പലതും അവിടെകാണാനുണ്ടു്. കൂടാതെ വാതലുകളിലും അവശേഷിച്ചിട്ടുള്ള പഴയ കരിങ്കൽ ഭിത്തികളിലും കാണപ്പെടുന്ന ശില്പരൂപങ്ങളും നമ്മുടെ അനുമാനത്തിനു സഹായപ്രദമായിരിക്കുന്നു. രാമായണം, മഹാഭാരതം മുതലായ(കഥാരംഗങ്ങളെ)വ വാതലുകളിലും മററും കമനീയമായി ശില്പനം ചെയ്യപ്പെട്ടിട്ടുള്ളതു് അവിടെ കാണാവുന്നതാണു്. ബ്രാഹ്മണമതത്തിനു പ്രാ

* പ്രസ്തുത പള്ളിയുടെയുംമററും ഛായ അന്യത്ര ചേർത്തിട്ടുണ്ടു്.

വം വർദ്ധിച്ചിരുന്ന ചില കേരളനാട്ടുകളിൽ എ. ഡി. അഞ്ചാം ശതവർഷത്തിനു മുമ്പുതന്നെ ബുദ്ധജൈനമതങ്ങൾ നിശ്ശേഷം അപ്രത്യക്ഷമായിത്തീൎന്നിട്ടുണ്ടെന്നുള്ളതിനു് ഈ സ്ഥാനം ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. പ്രസ്തുത പള്ളിയുടെ മതിൽക്കെട്ടിനു തൊട്ടു തെക്കുഭാഗത്തു് ഒരു സൎപ്പക്കാവും, കിഴക്കുഭാഗത്തു് ഒരു വലിയകുളവും അദ്യാപി കാണപ്പെടുന്നു. ആ കുളത്തിനു ശാസ്താംകുളം എന്നാണു പേർ. ഇവിടത്തെ ശാസ്താവിനെ അടുത്തുള്ള ഇച്ചിററാറു ക്ഷേത്രസങ്കേതത്തിൽ മാററി പ്രതിഷ്ഠിച്ചിട്ടുള്ളതായും വിശ്വസിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത പള്ളിയിൽനിന്നു എടുക്കപ്പെട്ടിട്ടുള്ള ശിലാലേഖനങ്ങൾ മറെറാരു ഭാഗത്തു ചേൎത്തിട്ടുണ്ടു്.

മദ്ധ്യകാലങ്ങളിൽ കേരളത്തിൽ വന്നിട്ടുള്ള ഡച്ചുകാർ, പോർട്ടുഗീസുകാർ, മുതലായ യൂറോപ്യൻ ചരിത്രകാരന്മാരും മററും, അക്കാലത്തെ കേരളനാട്ടുവാഴികളും ജനങ്ങളും ബുദ്ധമതാവലംബികളെന്നു് രേഖപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നു. വിദേശീയസന്ദർശകന്മാരുടെ ഈ പ്രസ്താവനകൊണ്ടു, അവർ കേരളം സന്ദർശിച്ച മദ്ധ്യകാലങ്ങളിൽ, അതാവിതു പതിനാലാം ശതാബ്ദത്തിനുശേഷം, കേരളത്തിൽ ബുദ്ധമതം പ്രചാരത്തിലിരുന്നുവെന്നു തീരുമാനിക്കാവുന്നതല്ല. പിന്നെയോ, ബുദ്ധമതം അപ്രത്യക്ഷമായെങ്കിലും, കേരളീയർ അനേകതലമുറകളായി സ്വീകരിച്ചും കൈക്കൊണ്ടും അനുവർത്തിച്ചും വന്ന ബുദ്ധമതാദർശങ്ങളും ആചാരങ്ങളും നടപടികളും കൈവെടിയുക, അവൎക്കു ദുഷ്കരമാണല്ലോ. ബ്രാഹ്മണമതത്തിന്റെയും ബുദ്ധമതത്തിന്റെയും സങ്കരത്താൽ ജന്യമായ സംസ്കാരമാകുന്നു കേരളീയ ഹൈന്ദവസംസ്കാരം. ശ്രീബുദ്ധനും മഹാവീരനും അനേകശതവർഷം മുമ്പുതന്നെ ലോകരംഗത്തിൽനിന്നു പിരിഞ്ഞുപോകുകയും, വിശിഷ്ടാദർശങ്ങളായ അവരുടെ നൂതനമതങ്ങൾ കേരളത്തിൽനിന്നു നിശ്ശേഷം വിട്ടൊഴിയുകയും ചെയ്തുവെങ്കിലും ആ മഹാപുരുഷന്മാരാൽ വിതയ്ക്കപ്പെട്ടിട്ടുള്ള സംസ്കാരബീജങ്ങൾ യഥാകാലം അങ്കുരിച്ചുതഴച്ചു വളൎന്ന ഫലദായകങ്ങളായിട്ടു്, കേരളീയൎക്കു എന്നാളും അനു

* "കരുമാടിക്കുട്ടൻ" എന്നു പ്രസിദ്ധമായ കരുമാടിയിലെ കൃഷ്ണശിലാവിഗ്രഹം ജൈനദേവാലയത്തിലെ മഹാവീരപ്രതിമയാകുന്നു.

ഭേദസിദ്ധാന്തങ്ങളായി പരിണമിച്ചിരിക്കുകയാണെന്നു് അഭിമാനിക്കാവുന്നതാണു്.

കേരളപ്പെരുമാക്കന്മാരിൽ ഒരാളായിരുന്ന ബാണപ്പെരുമാൾ ബുദ്ധമതത്തിലേക്കു മാനസാന്തരം പ്രാപിച്ചിട്ടുണ്ടു്. തന്നിമിത്തം വൈദികബ്രാഹ്മണർ ക്ഷോഭിച്ചു്, പെരുമാളിനെ സ്ഥാനഭ്രഷ്ടനാക്കുവാൻ ഉററു ശ്രമിച്ചു. ബ്രാഹ്മണവിദ്വേഷം നിമിത്തം തിരുവഞ്ചിക്കുളത്തെ കോവിലകത്തു താമസിക്കുവാൻ നിർവാഹമില്ലാതെ, പെരുമാൾ വെമ്പലനാട്ടിൽ, തെക്കുംകൂറിൽ ഉൾപ്പെട്ടിരുന്ന നീലമ്പേരൂർ എന്ന ഗ്രാമത്തിലേക്കു വാസം മാററി.

ബാണപ്പെരുമാൾ ഓടത്തിൽ കയറിയാണു് കൊടുങ്ങല്ലൂർ നിന്നു പുറപ്പെട്ടതു്. അദ്ദേഹം വെമ്പലനാട്ടുള്ള ഓണന്തുരുത്തു് എന്നു് ഇപ്പോൾ കോട്ടയം താലൂക്കിൽ അറിയപ്പെടുന്ന കരയിൽ ഇറങ്ങി. അവിടം അധിവാസയോഗ്യമായി തോന്നായ്കയാൽ അവിടെനിന്നും പുറപ്പെട്ടു നീലമ്പേരൂരിനു സമീപമുള്ള "വാണന്തുരുത്തു്" എന്നു് ആധുനികകാലത്തു് അറിയപ്പെട്ടുവരുന്ന തുരുത്തിൽ ഇറങ്ങി അവിടെ വാസം ആരംഭിച്ചു. തന്നിമിത്തം ആ സ്ഥലത്തിനു ബാണന്തുരുത്തു് എന്നു പേർ സിദ്ധിച്ചു. കാലാന്തരത്തിൽ "ബാണന്തുരുത്തു്" വാണന്തുരുത്തായി രൂപാന്തരപ്പെട്ടു. "നാളന്തുരുത്തു്" എന്നും ഗ്രാമ്യഭാഷയിൽ ആ സ്ഥലത്തിനു് ആധുനികകാലത്തു് പേരുണ്ടു്. പെരുമാൾ ബാണന്തുരുത്തിൽ തൽക്കാലവാസം ഉറപ്പിച്ചുകൊണ്ടു്, അതിന്റെ സമീപത്തുള്ള "വന്നോർത്തുരുത്തു്" എന്ന സ്ഥലത്തു് പെരുമാളിനും ആൾക്കാർക്കും വാസയോഗ്യങ്ങളായ ഭവനങ്ങളും, തേവാരമൂർത്തിയായ മഹാമായ (മായാദേവി)യ്ക്കു് ഒരു ക്ഷേത്രവും പണികഴിപ്പിച്ചു. ഒരു ജീർണ്ണം ഭവിച്ച ആൽത്തറയും, വിളക്കുകളും, "ആറാട്ടുകുളം" എന്നും ഒരു കുളവും "എടത്തറക്കാവു്" "തിരുവഞ്ചിക്കുളം" "ചെറുശ്ശേരി" നാമമുള്ള പുരയിടങ്ങളും അദ്യാപി അവിടെ ഉണ്ടു്. പെരിങ്ങനത്തു ദേശത്തുനിന്നു, പെരുമാളിനോടൊന്നിച്ചുവന്ന നായന്മാരുടെ ഗൃഹങ്ങളും മഹാമായാ ക്ഷേത്രവും ഇക്കാലത്തും ആ സ്ഥലത്തു് ഉള്ളതാകുന്നു. തിരുവഞ്ചിക്കുളം ദേവസ്വത്തിലേക്കും നീലമ്പേരൂർ ദേവസ്വത്തിലേക്കും പെരുമാൾ വളരെ നിലങ്ങളും പുരയിടങ്ങളും വിട്ടുകൊടുത്തിട്ടുണ്ടായിരുന്നു. പെരു

മാളിന്റെ തനതാവശ്യത്തിനായി "പള്ളിവിരുത്തി" എന്ന നാമത്തിൽ പന്തീരായിരത്തി ഒന്നു പറ നെല്ല് പാട്ടം കിട്ടുവാനുള്ള നിലം പ്രത്യേകം തിരിച്ചു് ഇടപ്പെട്ടിരുന്നു. അക്കാലത്തെ വേമ്പലനാട്ടുരാജാക്കന്മാർ മികച്ച ബുദ്ധമതാവലംബികളായിരുന്നതിനാലാണ്, ബാണപ്പെരുമാൾ വെമ്പലനാട്ടുൾപ്പെട്ട തെക്കുംകൂർ രാജ്യത്തു വാസം ഉറപ്പിക്കുവാൻ ഇടയായതു്.

പെരുമാൾ അധിവസിച്ചിരുന്ന തുരുത്തിന്റെ തൊട്ടു തെക്കുവശത്തുള്ള തുരുത്താണു നീലമ്പേരൂർ. അവിടവും ഉറപ്പുള്ള കൽപ്രദേശമാണ്. അവിടെ "പത്തില്ലം" എന്ന നമ്പൂരിഗ്രാമവും, അവരുടെ ആധിപത്യത്തിൽ ഇരുന്നു ഒരു ശിവക്ഷേത്രവും ഉണ്ടായിരുന്നു. ബുദ്ധമതം സ്വീകരിച്ച പെരുമാളിനോടു് ബ്രാഹ്മണർക്കു് ഉണ്ടായ വൈരസ്യവിദ്വേഷങ്ങൾ നിമിത്തം, പെരുമാൾ ക്ഷേത്രപ്രവേശംചെയ്തു് അശുദ്ധിക്കു ഇടയാക്കിയേക്കുമെന്നു് ശങ്കിച്ചും ആ ഗ്രാമക്കാരായ നമ്പൂരിമാർ വിഗ്രഹം എടുത്തുംകൊണ്ടു ഗൂഢമായി സമീപത്തു കിഴക്കുമാറിയുള്ള (ചങ്ങനാശേരിയിലെ) വാഴപ്പള്ളി എന്ന ഗ്രാമത്തിലേക്കു നിർഗ്ഗമിച്ചു. നീലമ്പേരൂർ ഗ്രാമത്തിലെ വൈദികബ്രാഹ്മണരുടെ ഇല്ലങ്ങൾ ഇരുന്ന പുരയിടങ്ങളുടെ നാമങ്ങൾ ഇപ്പോഴ് നിലനിന്നുപോരുന്നു. "ചെറുശ്ശേരി" "പെരുമ്പള്ളി" "പുനം" "വാഴ്കത്തറ" "ഇരവിമംഗലം" ഇത്യാദി പേരുകളുള്ള പുയിടങ്ങൾ നീലമ്പേരൂർദേശത്തു് ഉള്ളതാകുന്നു. ഗ്രാമക്കാരിൽ ഒരു ഇല്ലക്കാരനും പെരുമാളുടെ ആചാര്യത്വം ഉണ്ടായിരുന്ന വൈദികരുമായ "ഇരവിമംഗലം" നമ്പൂരിക്കു്, ഗ്രാമികൾ പതിത്വം കല്പിച്ചതായും, പെരുമാളിന്റെ കാലശേഷം പ്രതിവിധികൾചെയ്തു ഭ്രഷ്ടു പരിഹരിക്കപ്പെട്ടതായും ഒരു ഐതിഹ്യം ഉണ്ടു്.

പെരുമാളിന്റെ അഭിപ്രായാനുസൃതം തെക്കുംകൂർരാജാ നീലമ്പേരൂർ ക്ഷേത്രത്തിൽ, ബുദ്ധമാതാവായ മായാദേവിയുടെ വിഗ്രഹവും, ഉപക്ഷേത്രങ്ങളിൽ ഒന്നിൽ കാനനതപോനിഷ്ഠയിൽ വനാന്തരത്തിൽ ജീവിച്ച ഗൌതമനായ ശാസ്താവിന്റെ വിഗ്രഹവും, മറ്റൊന്നിൽ ബുദ്ധനായശേഷമു

ബാണപ്പെരുമാളിന്റെയും പടേണി ഉരുക്കളുടെയും ഛായ അനു ചേർത്തിരിക്കുന്നു.

ഗൌതമബുദ്ധന്റെ "ശ്രീബുദ്ധ" പ്രതിമയും പ്രതിഷ്ഠിച്ചു് ആരാധനകൾ ആരംഭിച്ചു; ക്ഷേത്രഭരണം ബുദ്ധമതാനുസാരികളായിരുന്ന ആ സ്ഥലത്തെ നായന്മാരുടെ "കൂട്ട"ത്തിനെയും ഭരമേല്പിച്ചു. അനന്തരം ക്ഷേത്രസങ്കേതത്തിൽ തന്നെ പെരുമാളിന്റെ വാസത്തിനായി ഒരു യതിവാടം പണിയിക്കപ്പെട്ടു. രണ്ടുനിലയിലുള്ള ഒരു ചിത്രകൂടം ആയിരുന്നു അതു്. പെരുമാൾ, ശേഷിച്ച ആയുഷ്കാലം മുഴുവനും ബുദ്ധയതി വൃത്തിയിൽ ആ വാടത്തിൽ വസിച്ചു. പെരുമാൾ നീലമ്പേരൂർ ദേശത്തേക്കു് വന്നതു ചിങ്ങമാസത്തിൽ അഞ്ചാം ഓണദിവസമായിരുന്നുവെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. നീലമ്പേരൂർ ക്ഷേത്രത്തിൽ ആധുനികകാലത്തും നിലനിന്നുപോരുന്ന "പടേണിഉത്സവം" പെരുമാളിന്റെ ആഗമനം പ്രമാണിച്ചുള്ള ആഹ്ലാദത്തിന്റെ സൂചനയായി ആരംഭിച്ചിട്ടുള്ളതായിരിക്കണം. ആധുനികകാലത്തും പടേണി ആരംഭിക്കുന്നതു, പ്രസ്തുത ദിവസ ക്രമത്തിനാണു്. പെരുമാളിനോടു, പടേണിക്കു ഉരു എടുക്കുവാൻ അനുജ്ഞ വാങ്ങിക്കുന്നതായ ഒരു ചടങ്ങു്, അദ്യാപി ആചരിക്കപ്പെട്ടുപോരുന്നു. പെരുമാൾ ഇരുന്നു ചരമം അടഞ്ഞ വാടം ജീർണ്ണപ്രായത്തിൽ നിലനില്ക്കുന്നതു കണ്ടിട്ടുള്ള വയോധികന്മാർ ആധുനികകാലത്തും നീലമ്പേരൂർദേശത്തു ഉണ്ടു്. ആ വാടം പൊളിച്ചുമാററിയിട്ടു അമ്പതുവർഷത്തിൽക്കൂടുതൽ കാലമായിട്ടില്ല. പൊളിച്ചവധിയിൽ ജിജ്ഞാസുക്കളായ ചിലർ തറ മാന്തിനോക്കിയപ്പോൾ പെരുമാളിന്റെ ശവകുടീരം അവിടെ കാണപ്പെട്ടതായി പറയപ്പെടുന്നുണ്ടു്. തന്നിമിത്തം തൽസ്ഥാനത്തു് ഒരു ചെറിയ ഒററനിലവാടം പണികഴിപ്പിച്ചിട്ടുമുണ്ടു്. പടേണിക്കു അനുജ്ഞ വാങ്ങുന്നതു പെരുമാളിന്റെ പുരാതന പ്രതിമ അവിടെ എഴുന്നള്ളിച്ചു വച്ചുകൊണ്ടാണു്. ബാണപ്പെരുമാളിന്റെ സമാധിക്കുശേഷം, തെക്കുംകൂർരാജാവു പെരുമാളിന്റെ ഒരു പ്രതിമ പഞ്ചലോഹത്തിൽ വാർപ്പിച്ചു് "പെരുമാൾവാട"ത്തിൽ പ്രതിഷ്ഠിച്ചു്, ആരാധനകൾക്കു ഏർപ്പാടു ചെയ്തു. പ്രസ്തുത വാടം പൊളിച്ചശേഷം ആ വിഗ്രഹം നീലമ്പേരൂർ ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. "പടേണി" കാലത്തും മററു ചില നിർദ്ദിഷ്ടദിവസങ്ങളിലും അതു വാടത്തിലേക്കു എഴുന്നള്ളിച്ചു് ആരാധന നടത്തപ്പെട്ടുവരുന്നു.

നാസംഗൻ എന്ന ബുദ്ധരാജാവു്.

"മാലി" എന്ന പേരുള്ള ബുദ്ധമതാവലംബിനിയായ ഒരു സ്ത്രീ ഒരു ദിവസം യാദൃച്ഛികമായി സുഭഗനായ ഒരു ഋഷിയെ കാണുവാൻ സംഗതിവന്നു. അവൾ അദ്ദേഹത്തോടു് അപത്യദാനത്തിനായിപ്രാൎത്ഥിച്ചു. ഋഷി അപേക്ഷ ആദരിച്ചു് ആഗ്രഹനിവൃത്തി വരുത്തിക്കൊടുത്തു. തന്നിമിത്തം അവൾ ഗൎഭവതിയായിഭവിച്ചു. ക്രമേണ ഗൎഭം പൂൎത്തിയായി കോമളഗാത്രനായ ഒരു ആൺകുട്ടിയെ അവൾ പ്രസവിച്ചു. അതേ സന്ദൎഭത്തിൽ തന്നെ കോലത്തിരി രാജകുടുംബത്തിലും ഒരു രാജകുമാരൻ ജനിച്ചു. നയകോവിദയായ മാലിയുടെ വൈഭവംനിമിത്തം അവളുടെ ശിശുവിനെ കൊട്ടാരത്തിൽ രാജകുമാരന്റെ സ്ഥാനത്തു് ആക്കി, രാജകീയശിശുവിനെ അവൾക്കു കൈവശപ്പെടുത്തിക്കൊള്ളുവാൻ സാധിച്ചു. ക്രമേണ മാലിയുടെ ശിശു രാജകുമാരനെന്നനിലയിൽ വളൎന്നു. യഥാകാലം ആ കുമാരൻ രാജാവായി വാഴിക്കപ്പെട്ടു. ആ രാജാവു ബുദ്ധമതംസ്വീകരിക്കുകയും കേരളത്തിൽ ബുദ്ധമതപ്രചാരത്തിനായി അശ്രാന്തപരിശ്രമം ചെയ്യുകയുംചെയ്തു. അദ്ദേഹം ആദ്യത്തെ ബുദ്ധവിഹാരം കേരളത്തിൽ സ്ഥാപിച്ചു. അതിന്റെ സ്ഥാനത്തിനു "നാസംഗഭദ്രപുരം" എന്നു നാമം നൽകി. നാസംഗഭദ്രപുരം "മാത്രേയ" പട്ടണം (മാടായി) ആണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. ഈ ഭാഗം കേരളമാഹാത്മ്യം എന്ന സംസ്കൃതഗ്രന്ഥത്തിൽനിന്നു സംഗ്രഹിക്കപ്പെട്ടിട്ടുള്ള കഥാസംക്ഷേപമാണു്. ഇതിനു, ചരിത്രപരമായി നൽകപ്പെടാവുന്ന വില, എന്തെന്നു നിൎണ്ണയിക്കുവാൻ മതിയായ ലക്ഷ്യങ്ങൾ കുറവാണെങ്കിലും കേരളത്തിൽ ബുദ്ധമതപ്രചരണാൎത്ഥം ബുദ്ധസന്യാസിമാരും ബുദ്ധസന്യാസിനികളും ധാരാളം സഞ്ചരിച്ചു വന്നിരുന്നുവെന്നും കേരളത്തിലെ പ്രബലരായിരുന്ന പല രാജാക്കന്മാർ ബുദ്ധമതം കൈക്കൊണ്ടു് അതിന്റെ പ്രചരണാൎത്ഥം പരിശ്രമിച്ചുവന്നുവെന്നു കേരളീയരിൽ ബഹുഭൂരിപക്ഷംജനങ്ങളും ബുദ്ധമതം സ്വീകരിച്ചിരുന്നുവെന്നും ന്യൂനപക്ഷക്കാരായിരുന്ന ബ്രാഹ്മണവൈദികവൎഗ്ഗക്കാരിൽ ഒരു വിഭാഗം, അവസരം ലഭിച്ചപ്പോഴൊക്കെ ബുദ്ധമതവിധ്വംസനത്തിനായി യത്നിച്ചുകൊണ്ടിരുന്നുവെന്നു ഇക്കഥയിൽനിന്നു അനുമാനിക്കുവാൻ കഴിയുന്നതാണു്.

൧൧-ാം അദ്ധ്യായം

മതപ്രചാരകന്മാർ.

അപ്പോസ്സൻ തോമസ്.

യേശുക്രിസ്തുവിന്റെ പന്ത്രണ്ടു് അപ്പോസ്സലന്മാരിൽ ഒരാളായിരുന്നു തോമസ്സ് അപ്പോസ്സൽ. ഈ ത്യാഗിവര്യൻ ബാക്ട്രിയയിലും ഉത്തരേൻഡ്യയിലുമായി ആറു സംവത്സര കാലം ചുററിസഞ്ചരിച്ചു്, ക്രിസ്തുമത പ്രചരണം നടത്തിക്കൊണ്ടിരുന്നു. തദനന്തരമാകുന്നു, ഇദ്ദേഹം കേരളത്തിൽ എത്തിയതു്. മലയാളക്കരയിൽ ആദ്യം വന്നുചേർന്ന ക്രൈസ്തവമിഷനറി തോമസ്സ് അപ്പോസൽതന്നെയാണു്. ക്രൈസ്തവസഭാചരിത്രത്തിലും കേരളചരിത്രത്തിലും പ്രാധാന്യം അർഹിക്കുന്ന ഒരു സംഭവമാകുന്നു, പ്രസ്തുത പുണ്യപുരുഷന്റെ കേരളസന്ദർശനം. ഇദ്ദേഹം കേരളത്തിൽ വന്നുചേർന്നതു് ഏ. ഡി. 52-ാം വർഷത്തിലാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു.

പെരുലോമററം, ശംബൂപിരി, കാളികാവു്, ആദിയായ ഏതാനും പ്രാചീനകുടുംബങ്ങളിലെ അംഗങ്ങൾ ഉൾപ്പെടെ പലരേയും മാനസാന്തരപ്പെടുത്തുവാൻ അപ്പോസ്സലിനു സാധിച്ചു. കേരളത്തിലെ പ്രധാന ജനസ്ഥാനങ്ങൾ എല്ലാം ഇദ്ദേഹം സന്ദർശിച്ചതിനുപുറമേ, കൊല്ലം, നിരണം, ചായൽ, കോട്ടക്കാവു്, കോക്കമംഗലം, കൊടുങ്ങല്ലൂർ, പാലൂർ എന്നീ പ്രാചീന നഗരങ്ങളിൽ കുരിശും ആരാധനാസ്ഥാനങ്ങളും സ്ഥാപിച്ചു. ആധുനികമലയാററൂർ പള്ളിയിരിക്കുന്ന മലയിൽ ഈ പുണ്യവാൻ ഏതാനും ദിവസം പ്രാർത്ഥനയിൽ ലീനനായിരുന്നിട്ടുണ്ടെന്നും, അക്കാലത്തു പാറയിൽ ഒരു കുരിശു കൊത്തിയിട്ടുണ്ടെന്നും വിശ്വസിക്കപ്പെട്ടുപോരുന്നു.

കേരളത്തിൽനിന്നു ചോളരാജ്യാതിർത്തിയിൽപെട്ട മൈലപ്പുർ (ഇപ്പോഴത്തെ മൈലാപ്പൂരു) തേക്കു്, തോമസ്സ് അപ്പോസ്സൻ പോയി അവിടെ പ്രചരണവേല തുടർന്നുകൊണ്ടിരിക്കെ, അദ്ദേഹം വധിക്കപ്പെട്ടു.

പുണ്യവാളന്മാരുടെ മരണദിവസത്തെയാണു്, ക്രിസ്ത്യാനികൾ പെരുനാളായി ആചരിച്ചുവരുക. ഡിസംബർമാസം 3-ാംതീയതി സെൻറു് തോമസ്സിൻെറ പെരുനാൾദിവസമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ പുണ്യാത്മാവിൻെറ ദൈഹികജീവിതത്തിനു് അന്തംഭവിച്ചതു്, ആ തീയതിയിലാണെന്നനുമാനിക്കാം. സെൻറുതോമസ്സിൻെറ ജഡാവശിഷ്ടങ്ങൾ എഡിസായ്ക്കു കൊണ്ടുപോകപ്പെട്ടതു ജൂലൈ 3-ാംതീയതിയാണു്. മലയാളത്തിലെ സുറിയാനിക്രിസ്ത്യാനികൾ ഈ ദിവസമാണു് വലിയ ആഘോഷപൂർവ്വം പെരുനാൾനടത്തിവരുന്നതു്, എന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമാണു്.

സെൻറുതോമസ്സ ക്രിസ്ത്യാനികൾക്കു വിശുദ്ധകന്യക മറിയത്തോടുള്ള ഭക്തിബഹുമാനങ്ങൾ, സെൻറുതോമസ്സിൽ നിന്നും സിദ്ധിച്ചിട്ടുള്ള പാരമ്പര്യമാണു്. കേരളത്തിലെ പുരാതനപള്ളികൾ, മിക്കവാറും, വിശുദ്ധകന്യകയുടേയോ സെൻറുതോമസിൻെറയോ നാമത്തിലാണു് സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. "തോമസ്സ്" എന്നു കുട്ടികൾക്കു പേരിടുന്നതിലും, മലയാളത്തിലെ ക്രിസ്ത്യാനികൾക്കു വലുതായ കൌതുകമുണ്ടു്. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ പള്ളികളിൽ, കുർബ്ബാനയ്ക്കു് ഉപയോഗപ്പെടുത്തിവരുന്ന "തക്സ" യിൽ സെൻറുതോമസ്സിൻെറ നാമം ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ക്രിസ്തുവിൻെറ ജനനത്തെക്കുറിച്ചുള്ള വൃത്താന്തം, കേരളവുമായി വാണിജ്യംനടത്തിവന്നമൂർജാതികൾ, തുർക്കികൾ, ജൂതന്മാർ അറബികൾ ആദിയായ വർത്തകരിൽനിന്നു കേരളത്തിലുംമററു ചില പൌരസ്ത്യരാജ്യങ്ങളിലും അറിവാൻഇടയായിട്ടുണ്ടു്. ശ്രീകൃഷ്ണൻെറ അവതാരസമയത്തു സംഭവിച്ചതുപോലെയുള്ള ചില അത്ഭുതസംഭവങ്ങൾ യേശുക്രിസ്തുവിൻെറ അവതാരസമയത്തും ഉണ്ടായിട്ടുണ്ടു്. പ്രസ്തുത വിശേഷങ്ങൾ കേട്ടറികയാലും, ജ്യോതിശ്ശാസ്ത്രസംബന്ധമായി പൌരസ്ത്യർക്കു, പുരാതനകാലങ്ങളിൽ ഉണ്ടായിരുന്ന അനിതരസാധാരണമായ പരിജ്ഞാനംനിമിത്തം, ആ വിശിഷ്ടശിശുവിൻെറ ജനനസമയത്തെ ഗ്രഹനിലകൾ പരിശോധിച്ചതിൽ, അതൊരു അസാമാന്യശിശുവാണെന്നും, ആ ശിശു വളർന്നുവരുമ്പോൾ ലോകരുടെ ഈശ്വരവിശ്വാസത്തിൽ വലുതായ ഒരു പരിവർത്തനം സംഭവിപ്പിക്കാതെ

ക്കവിധം, ഒരു ആദർശപുരുഷനായ നൂതനമതസ്ഥാപകനായി ഭവിക്കുമെന്നും ഗണനത്താൽ ബോദ്ധ്യപ്പെട്ടതിനാലും, ശിശുവായി ജീസസ്സിനെ സന്ദർശിക്കുവാൻ ഉത്സുകചിത്തരായി മൂന്നു പൌരസ്ത്യരാജാക്കന്മാർ ബത്ത്ലഹമിൽ പോയിട്ടുണ്ടു്. ആ നഗരത്തിൽ ചെന്നു ക്രിസ്തുവിനെസന്ദർശിച്ച മൂന്നു രാജാക്കന്മാരിൽ ഒരാൾ കേരളീയനാകുന്നു. ആ രാജാവു കേരളത്തിന്റെ പശ്ചിമതീരത്തിൽ നിലനിന്നിരുന്ന വില്യാർവട്ടം എന്ന ദ്വീപരാജ്യങ്ങളിലെ രാജാവായിരുന്നു എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. കൊച്ചിയിൽനിന്നു മൂന്നു മൈലോളം അകലെ വില്യാർവട്ടം എന്നൊരു ദ്വീപു് ആധുനികകാലത്തും ഉള്ളതാകുന്നു. കേരളത്തിന്റെ പശ്ചിമതീരത്തോടു വളരെ സമീപിച്ചു് അനേകമൈൽ നീളത്തിൽ ചിന്നിച്ചിതറിക്കിടന്ന ഒട്ടധികം ദ്വീപുകൾ ഉണ്ടായിരുന്നു. അവയുടെ അനിഷേധ്യചക്രവൎത്തി വില്യാർവട്ടം രാജാവായിരുന്നു എന്നും, അദ്ദേഹം ശിശുവായ യേശുക്രിസ്തുവിനെ സന്ദർശിച്ച ദിവസംതൊട്ടുക്രിസ്തുവിൽ ഭക്തിവിശ്വാസപുരസ്സരം ജീവിച്ചുവെന്നും, സെന്റുതോമസ്സ്, വില്യാർവട്ടം രാജ്യസീമകളിലാണു പ്രഥമതഃ ക്രൈസ്തവമതപ്രചരണം ആരംഭിച്ചിട്ടുള്ളതെന്നും,വിശ്വസിക്കുവാൻ ന്യായംകാണുന്നുണ്ടു്. പന്ത്രണ്ടാമത്തെ വയസ്സിൽ ജന്മദേശത്തുനിന്നു പൊട്ടുന്നനവെ, അപ്രത്യക്ഷനായ ക്രിസ്തുദേവൻ ഒന്നരവ്യാഴവട്ടത്തിൽപരം ദീർഘമായ ദേശസഞ്ചാരവും തപസ്സും നടത്തിയിട്ടുണ്ടെന്നുള്ളതിൽ പക്ഷാന്തരമില്ലല്ലൊ. അക്കാലത്തു ആ പുണ്യാത്മാവു ഭാരതഖണ്ഡവും, വിശിഷ്യ കേരളവും സന്ദർശിച്ചിരിക്കണം. അവിടത്തേയ്ക്കു കേട്ടുകേൾവിയുള്ള വില്യാർവട്ടം രാജാവിന്റെ രാജധാനിയെയും ആ ദിവ്യപാദഘാതങ്ങളാൽ പരിപൂതമാക്കിത്തീൎത്തിരിക്കണം. പൌരസ്ത്യദേശങ്ങളെയും, വിശിഷ്യ കേരളത്തെയും, വില്യാർവട്ടം രാജാവിനെയും സംബന്ധിച്ച വിവരങ്ങൾ സെന്റുതോമസ്സിനു ദിവ്യഗുരുവിൽനിന്നു നേരിട്ടുതന്നെ ലഭിച്ചിരിക്കുവാൻ ഇടയുണ്ടു്. കേരളത്തിൽ ക്രിസ്തുമതപ്രചാരത്തിനു, സെന്റുതോമസ്സിന്റെ ഉദ്യമം അവിളംബമായി സഫലീഭവിച്ചതു വില്യാർവട്ടം രാജാവിന്റെ സ്വാധീനശക്തിനിമിത്തം ആയിരിക്കുവാനേ ഇടയുള്ളൂ. സെന്റുതോമസ്സു കേരളത്തിൽവന്നു ക്രിസ്തുമതപ്രചരണവേല ആരംഭിച്ചനാൾ മുതൽ, കേരളക്രിസ്ത്യാനിക

ളുടെമേൽ നിയന്ത്രണാദിപ്രത്യേകാധികാരങ്ങളും, കേരള ക്രൈസ്തവരാജാവെന്നുള്ള നിലയും, വില്യാർവട്ടം രാജകുടുംബത്തിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

15-ാം ശതവർഷത്തിന്റെ അന്ത്യഘട്ടംവരെ പ്രസ്തുതരാജവംശം ഈ അധികാരങ്ങൾ നടത്തിയും കൃത്യങ്ങൾ നിർവഹിച്ചും നിലനിന്നുപോന്നു.

൧൩-ാം അദ്ധ്യായം

കേരളീയനായ മതാധിപതി

ശ്രീ ശങ്കരാചാര്യർ.

നിസ്തുല വേദാന്തിയും, സർവജ്ഞനും, സർവസമാരാദ്ധ്യനായ അദ്വൈതവാദിയും, വാഗ്വിലാസമൂർത്തിയും അനുഗ്രഹീതകവിയും താർക്കികശിരോമണിയും, യഥാർത്ഥയതിവര്യനും, “ലോകഗുരു” എന്ന ബഹുമാന്യസംജ്ഞയാൽ കീർത്തിക്കപ്പെട്ടുപോരുന്ന യശസ്വിയും ആയ ആ ദിവ്യപുരുഷന്റെ ജനനത്താൽ പരിപൂതവും പ്രശസ്തവും ആക്കപ്പെട്ടിരിക്കുന്ന ഒരു ഗ്രാമമാകുന്നു, ഉത്തരതിരുവിതാംകൂറിലുള്ള “കാലടി” എന്ന പ്രദേശം. പഴയ അങ്കമാലി (ഇപ്പോഴത്തെ പേര് കാലടിവഴി എന്നാണ്) തീവണ്ടിസ്റ്റേഷനിൽ ഇറങ്ങി മോട്ടോർ വാഹനത്തിൽ കയറി ശ്രീമച്ഛങ്കരാചാര്യരുടെ ജന്മഭൂമിയായ കാലടിയിൽ ചെന്നെത്തുവാൻ, ആധുനികകാലത്തു സൌകര്യമുണ്ട്. ഏകദേശം 1150 സംവത്സരങ്ങൾക്കു മുൻപ് ആകുന്നു, ആ മഹാപുരുഷൻ ഭൂജാതനായത്. കലിവർഷം 3889-ൽ മാധമാസം 10-ാം തീയതി ആയിരുന്നു (1) ആ വിശിഷ്ടസംഭവം നടന്നതെന്നു അനുമാനിക്കപ്പെട്ടിരിക്കുന്നു. അതായത് ക്രിസ്തുവർഷം 788-ാമാണ്ടുതന്നെ. (2) ശങ്കരാചാര്യരുടെ ജന്മഗൃഹം ഒരു നമ്പൂരിഇല്ലമായിരുന്നു. അദ്ദേഹം നമ്പൂരിബ്രാഹ്മണനായി

---

(1) Indian Studies Vol. XIV.
(2) Indian Antiquery Vol. IX.

ജനിച്ചു. അച്ഛൻ നമ്പൂരി, ആചാര്യസ്വാമിയുടെ ബാല്യദശയിൽതന്നെ നിര്യാണം പ്രാപിക്കുകയാൽ മാതാവായ അന്തർജ്ജനത്തിന്റെ ചുമതലയിലും മേൽനോട്ടത്തിലുംതന്നെവളൎന്നു. ഉപനയനം കഴിഞ്ഞു കാലോചിതവും സമഗ്രമായ സാധാരണവുമായ വിദ്യാഭ്യാസത്തിനായി മാതാവു പുത്രനെ പരദേശത്തുള്ള ഒരു ഗുരുകുലത്തിലേക്ക് അയച്ചു. പതിനാറുവയസ്സുവരെ അവിടെകഴിച്ചു ശിക്ഷാവിശേഷത്താലും ജന്മസിദ്ധമായ വാസനാവൈഭവത്താലും ശങ്കരൻനമ്പൂരിക്കു വേദം, വേദാംഗം, തൎക്കം, വ്യാകരണം മുതലായ വിഷയങ്ങൾ മനഃപാഠമായിത്തീൎന്നു. സമകാലികരായ ബ്രാഹ്മണരെക്കാൾ മികവാൎന്ന അത്യന്തമായ ഒരു സംസ്കാരം അദ്ദേഹത്തിനു സിദ്ധിച്ചുകഴിഞ്ഞിരുന്നു. ഗുരുകുലത്തിലെ വാസവും അഭ്യാസവും പൂൎത്തിയാക്കി ഉണ്ണിനമ്പൂരി തിരിച്ചു കാലടിയിൽ ഇല്ലത്തു വന്നുചേൎന്നപ്പോൾ "വേളി"യുടെ ആലോചനയ്ക്കായി ദ്വിജന്മാർ ഓരോരുത്തർ ഇല്ലത്തു വരവ് ആരംഭിച്ചു. ജ്യോതിശാസ്ത്രപണ്ഡിതനായ ശങ്കരൻനമ്പൂരി ഓരോ ജാതകവും പരിശോധിച്ചു നോക്കി, സ്വജാതകവുമായി പൊരുത്തമില്ലെന്നു സ്ഥാപിച്ച്, ഏതാനും നാൾക്കുള്ളിൽ ഇപ്രകാരം അനേകം ജാതകങ്ങൾ തിരസ്കരിക്കപ്പെട്ടു. തന്നിമിത്തം ഗ്രാമക്കാരും, പുറമേനിന്നു വന്നുകൊണ്ടിരുന്നവരുമായ നമ്പൂരിമാർ പലൎക്കും വൈമനസ്യവും കുറെശ്ശെ മുഷിച്ചിലും ഉണ്ടായി. മാതാവിനും കുണ്ഠിതം ഉണ്ടാകാതിരുന്നില്ല. ആ ഘട്ടത്തിൽ ഒരു ദിവസം അദ്ദേഹം തന്റെ ജീവിതരഹസ്യത്തെക്കുറിച്ചു മാതാവിനെ അറിയിച്ചു. അദ്ദേഹത്തിനു വിവാഹയോഗവും, ദീൎഘായുസ്സും ഇല്ലെന്നും, ചുരുങ്ങിയ ജീവിതകാലത്തിനുള്ളിൽ പല കാൎയ്യങ്ങളും ചെയ്തു കൎമ്മപരിപൂൎത്തിവരുത്തുവാനുണ്ടെന്നും, സന്ന്യാസത്തിലാണ് അഭിരുചിയെന്നും, അതിനാൽ ആ ആശ്രമം സ്വീകരിക്കുവാൻ അമ്മ അനുവദിക്കണമെന്നും, മാതാവിന്റെ അന്ത്യശുശ്രൂഷയ്ക്കു താൻ എത്തിക്കൊള്ളാമെന്നും ആയിരുന്നു, ആ ദിവ്യരഹസ്യത്തിന്റെ ചുരുക്കം. പുത്രന്റെ മുഖത്തുനിന്നു പുറപ്പെട്ട വൎത്തമാനംകേട്ടു മാതാവു ചിന്താകലുഷചിത്തയായിത്തീൎന്നതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല, എങ്കിലും അപാരപണ്ഡിതനായ പുത്രന്റെ വാക്കുകൾ അക്ഷരംപ്രതി യഥാൎത്ഥമാണെന്നും, അവ സാൎത്ഥീഭവിക്കുമെന്നും ബോദ്ധ്യം ഉണ്ടായിരുന്നതിനാൽ, ആ

സാദ്ധ്വി അന്നു മുതൽ സ്നാനം ആദിയായ ആവശ്യങ്ങൾക്കു പോലും പുത്രനെ തനിയെ പുറത്തു് അയക്കാതെയായി. ഒരു ദിവസം രാവിലെ അമ്മയും മകനുംകൂടി ഇല്ലത്തെ ആറുകടവിൽ പതിവുപോലെ കുളിക്കുവാൻപോയി. അമ്മ കുളപ്പുരയിലും മകൻ പുറമേയുള്ള കടവിലും നിന്നു സ്നാനം നടത്തവേ, അഗ്രത്തു ഒരു കയത്തിൽ ജീവിക്കുന്ന ഒരു ജലജന്തു ശങ്കരൻ നമ്പൂരിയെ പിടികൂടി, അതു് ഒരു വലിയ മുതലയായിരുന്നുവത്രേ. മകൻ വെള്ളത്തിൽകിടന്നു മുതലയുടെ പിടിയിൽനിന്നു പോരുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ച മാതാവു കണ്ടു. നക്രം ഉണ്ണിയുടെ കാലിൽ സ്പർശിച്ചിട്ടു ദന്തദംശം ഏൽപ്പിക്കാതെ, അവിടെത്തന്നെ ജലോപരി ഉയന്നു്, വട്ടംകറങ്ങി, അന്തർജ്ജനത്തിനു കാണത്തക്കവിധം കുളപ്പുരയുടെ പുരോഭാഗത്തുകൂടി നീന്തിപ്പോയതായിട്ടാകുന്നു ഐതിഹ്യം. അപ്പോഠം മാതാവിനു പുത്രന്റെ ഈശ്വരാനുകൂല്യത്തെയും ദിവ്യത്വത്തെയുംകുറിച്ചു ജ്ഞാനോദയം ഉണ്ടായി. സ്നാനം കഴിഞ്ഞു രണ്ടുപേരും പുഴവക്കിൽ കയറിയശേഷം മാതാവു പുത്രന്റെ മൂർദ്ധാവിൽ കൈവച്ചു് അനുഗ്രഹിച്ചു്, "ഉണ്ണി വലിയസന്ന്യാസിതന്നെ. മുതല വിട്ടുപോയതു കണ്ടില്ലേ? ഭഗവാന്റെ കാരുണ്യം" എന്നു പറഞ്ഞു് അന്നുതന്നെ പരദേശത്തേക്കു യാത്ര അയച്ചതായിട്ടാണു പറയപ്പെടുന്നതു്.

ശങ്കരാചാര്യർ ഇല്ലത്തുനിന്നു പുറപ്പെട്ടു നേരെ ഉത്തരദേശങ്ങളിലേക്കു തിരിച്ചു. നർമ്മദാനദീതീരത്തു് ഒരു ആശ്രമത്തിൽ തപസ്സുചെയ്തു ജീവിച്ചുവന്ന ഗോവിന്ദസ്വാമി എന്ന വിശ്രുതനായ യതിയുടെ ശിഷ്യത്വം ശങ്കരൻ കൈക്കൊണ്ടു, വിധിപ്രകാരം സന്ന്യാസം വരിച്ചു. അനന്തരം കുറെക്കാലം ആശ്രമത്തിൽ താമസിച്ചു ഗുരുപൂജചെയ്തും പണ്ഡിതനും ത്യാഗിയുമായ ഗുരുവിന്റെ മുഖത്തുനിന്നു പല ദിവ്യവിദ്യകളും ജ്ഞാനമാർഗ്ഗങ്ങളും തത്വശാസ്ത്രവും അഭ്യസിച്ചും കാലയാപനംചെയ്തു. ശിഷ്യൻ, തിരിയിൽനിന്നു കത്തിച്ചപന്തം പോലെ അല്പകാലത്തിനുള്ളിൽ ഗുർവ്വാധിക്യനായിത്തീന്നിരിക്കുന്നുവെന്നു ബോദ്ധ്യംവരുകയാലും അദ്ദേഹത്തിന്റെ പ്രോജ്വലമായ ഭാവിയെയും പൂർവ്വജന്മപുനർജ്ജന്മരഹസ്യങ്ങളെയും, ജന്മോദ്ദേശങ്ങളേയുംകുറിച്ചു ജ്ഞാനദൃഷ്ട്യാ കണ്ടറിയുകയാലും പ്രസന്നനായിഭവിച്ചു് ഗോവിന്ദസ്വാമി, ശിഷ്യപ്രധാനനോടു

ഇങ്ങനെ കല്പിച്ചു: "വത്സ! ഉണ്ണി! നമ്മുടെ ശിഷ്യനെന്നഭാവേന ഇവിടെ കൂടിയെങ്കിലും ഇനിമേൽ ഇവിടെ ഇരുന്നാൽ ആവില്ല. നീ ശങ്കരനല്ല. ശങ്കരാചാര്യനാണ്". ഗംഗാതീരത്തേക്ക പോവുക. ശ്രീകാശിയിൽ ചെന്നു മഹാമണ്ഡലേശ്വരപദം പ്രാപിക്ക. ഈശ്വരനും, വ്യാസനും, ശാക്യനും, ജീസുവും, നബിയും, ശങ്കരാചാര്യരും അവസ്ഥാഭേദങ്ങൾ മാത്രം ദ്വൈതമില്ല അദ്വൈതം തന്നെ. ഈ പരമവേദാന്തരഹസ്യം ലോകരെ ധരിപ്പിക്ക."

ദിവ്യനായ ഗുരുവിൻെറ സഹവാസംകൊണ്ടും അദ്ദേഹത്തിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന പരിശുദ്ധമായ സനാതന സംസ്കാരത്തിൻെറ തരംഗപരമ്പരയുടെ നിപതനം ഏററും, ജ്ഞാനരശ്മി പൂർവാധികം പ്രോജ്ജ്വലമാക്കപ്പെട്ട ശങ്കരാചാര്യർ ഗുരുവിൻെറ നിയോഗാനുസൃതം ശ്രീകാശിയിലേക്ക യാത്രയായി.

കാശിയിലെ പണ്ഡിതന്മാരായ യതിവര്യർ ശങ്കരാചാര്യർക്ക ഹൃദയംഗമമായ സ്വാഗതം അരുളി. അചിരേണ അവർ എല്ലാവരും അദ്ദേഹത്തിൻെറ ശിഷ്യത്വം അവലംബിച്ചു. ആചാര്യരുടെ പ്രശസ്തി ഭാരതത്തിലെങ്ങും ദ്രുതഗതിയിൽ വ്യാപിച്ചു. വേദങ്ങൾക്ക് ഭാഷ്യങ്ങൾ അദ്ദേഹം രചിച്ചു ശിഷ്യലോകത്തെ അഭ്യസിപ്പിച്ചു. കൂടാതെ ഒട്ടധികം വിശിഷ്ടഗ്രന്ഥങ്ങളും സ്തവങ്ങളും സ്തോത്രങ്ങളും ജനസാമാന്യത്തിൻെറനിത്യോപയോഗത്തിനായി അദ്ദേഹം രചിച്ചു. കാശിയിൽവച്ചു സിദ്ധിച്ച ശിഷ്യഗണത്തിൽ "പത്മപാദൻ" എന്നൊരു സർവകലാവല്ലഭനായ യതി ഉൾപ്പെട്ടിരുന്നു ഗുരുവിൻെറ കല്പനയനുസരിച്ചു ഒരു ദിവസം പ്രസ്തുത ശിഷ്യൻ ഗംഗാനദിയുടെ ജലോപരിയിൽക്കൂടി പാദചാരേണ സഞ്ചരിച്ചു മറുകരയിൽ ചെന്നു്, അതിന്മണ്ണം തന്നെ തിരിച്ചു നടന്നു ഗുരുസന്നിധിയിൽ എത്തിയതായി ഒരു ഐതിഹ്യം ഉണ്ടു്. ശങ്കരാചാര്യർ, സർവവേദജ്ഞനും, സർവശാസ്ത്രജ്ഞനും, സർവകലാപ്രവീണനും, മഹായോഗിയും, പരമവേദാന്തിയും, സർവജനചേതസ്സമാകർഷകമായ സരസ്വതീവിലാസത്തോടുകൂടിയ പ്രഭാഷകനും, കവിയും ആയിരുന്നു. ഭാരതത്തിലെ മഹാരാജാക്കന്മാരും നാടുവാഴികളും പ്രഭുക്കന്മാരും യതിവര്യവും പണ്ഡിതപാമരന്മാരുംആകമാനം അദ്ദേഹത്തിൻെറ ആജ്ഞാകാരികളായി വിധേയരെന്ന

നിലയിൽ പ്രവൎത്തിച്ചുപോന്നു. ഇത്രത്തോളം ഉജ്ജ്വലമായ പ്രതിഭാവിലാസത്തോടും അൎഷപ്രഭാവത്തോടുംകൂടിയ ശങ്കരാചാൎയ്യർ ഇരുപത്തിഅഞ്ചുവയസ്സു കഴിഞ്ഞതോടുകൂടി ഭാരതഖണ്ഡത്തിൽ ചുററിസ്സഞ്ചരിച്ചു വേദാന്തമതപ്രസംഗംതുടൎന്നു. സഞ്ചാരത്തിനിടയ്ക്കു പ്രസിദ്ധന്മാരായ പലേ പണ്ഡിതന്മാരും യതികളും, രാജാക്കന്മാരും ഉൾപ്പെടെയുള്ള അസംഖ്യാജനങ്ങൾ അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളായി ഭവിച്ചു. മഗധാരാജ്യത്തിൻെറ തലസ്ഥാനനഗരിയിൽവച്ചു "മണ്ഡനമിശ്രൻ" എന്ന പ്രസിദ്ധ താൎക്കികനായ ഒരു പണ്ഡിതനും പത്നിയായ ഭാരതിയുംകൂടി വേദാന്തമതസംബന്ധമായി ആചാൎയ്യസ്വാമികളോടു തൎക്കത്തിൽഏൎപ്പെട്ടു. മണ്ഡനമിശ്രനെയും മികച്ചവിദുഷിയായിരുന്നു ഭാരതി. മഗധയിലെ സൎവ്വസമ്മതപണ്ഡിതന്മാരും, രാജാവും പ്രഭുക്കന്മാരും മററുംകൂടിയിരുന്ന ഒരു മഹാസദസ്സിൽ വച്ചായിരുന്നു തൎക്കം നടത്തപ്പെട്ടതു്. തൎക്കത്തിൽ തോൽവി പററുന്ന കക്ഷി എതിരാളിക്കു ശിഷ്യപ്പെടാമെന്നായിരുന്നു കരാർ. ഈ സുപ്രസിദ്ധമായ തൎക്കം അനേകരാപകൽ ഒരുപോലെ നടന്നുവെന്നും സദസ്യൎക്കു് അത്രരസാവഹമായിരുന്നു അതു് എന്നുമാണു പറയപ്പെടുന്നതു്. മണ്ഡനമിശ്രനു പരാജയം സംഭവിച്ചു. അപ്പോൾ "അൎദ്ധഭാഗം തോററിട്ടേഉള്ളു" എന്നു പറഞ്ഞു ഭാരതി വാദംതുടൎന്നു. മണ്ഡനമിശ്രൻെറ ന്യായവാദങ്ങളേക്കാൾ അനേകമിരട്ടി ശക്തിമത്തായിരുന്നു ആ യോഷാമണിയുടെ വാദമുഖങ്ങൾ. എങ്കിലുംഒടുവിൽ അവർ ശങ്കരാചാൎയ്യരുടെ മുമ്പിൽ പരാജിതയായി. വാദപരിണാമത്തിൽ ആ ദമ്പതിമാർ ആ മഹാസദസ്സിൽവച്ചു ശ്രീശങ്കരഗുരുവിൻെറ പാദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു ശിഷ്യത്വമഭ്യൎത്ഥിച്ചു. പിന്നീടുനടത്തിയ ദേശസഞ്ചാരങ്ങളിൽ മണ്ഡനമിശ്രനും ഭാരതിയുംകൂടി, ആചാൎയ്യസ്വാമികളെ അനുഗമിച്ചു. അനന്തരം പലേ ദേശങ്ങളിലും സഞ്ചരിച്ചു വേദാന്തമതപ്രചാരത്തിനായി പ്രസംഗങ്ങൾ നടത്തിയശേഷം, തുംഗഭദ്രാനദിയുടെ ഉത്ഭവസ്ഥാനത്തോടു സമീപിച്ചുള്ള പ്രദേശത്തു് ഒരാശ്രമംനിൎമ്മിച്ചു്, അവിടെ ശിഷ്യന്മാരോടുകൂടി തപോനിഷ്ഠനായി കാലയാപനം ചെയ്തു. ഇപ്രകാരം "ശൃംഗേരി" എന്ന ആ ആശ്രമത്തിൽ പതിവുപോലെ, ഒരുദിവസം യോഗനിഷ്ഠയിൽ ഇരിക്കവെ, പെട്ടെന്നു് ശങ്കരാചാൎയ്യർ ഉണൎന്നു് എഴുനേററു്, തിരിച്ചുവരാ

മെന്നുപറഞ്ഞു, ധരിച്ചിരുന്ന കാഷായവസ്ത്രത്തോടെ, ഒരു വേത്രദണ്ഡും, കൈയിലേന്തി ആശ്രമംവിട്ടിറങ്ങി. ശിഷ്യഗണം വസ്തുതയറിയാതെ അമ്പരന്നു നിലകൊണ്ടു. ചിലർ ആചാര്യരെ അനുഗമിക്കുവാൻ സന്നദ്ധരായെങ്കിലും അദ്ദേഹം ആംഗ്യത്തിൽ അവരെ വിലക്കിനിർത്തി, യാത്രതുടൎന്നു.

അദ്ദേഹത്തിന്റെ മാതാവിനു് അന്ത്യദശ സമീപിച്ചിരിക്കുന്നുവെന്നും, പുത്രനെ കാണായ്കയാൽ മനഃക്ലേശം ഉണ്ടെന്നും, ജ്ഞാനദൃഷ്ടിയാൽ അറിയുകനിമിത്തം പെട്ടെന്നു കാലടിയിൽ ഇല്ലത്തേക്കു പുറപ്പെടുകയായിരുന്നു അദ്ദേഹം ചെയ്തതു്. തുംഗഭദ്രാസ്ഥാനത്തുള്ള ആശ്രമത്തിൽനിന്നു കാലടിയിൽ എത്തുന്നതിനു സഞ്ചാരസൌകര്യങ്ങൾ തുലോം കുറവായിരുന്ന അക്കാലത്തു, ശങ്കരാചാര്യരുടെ ദ്രുതസഞ്ചാരാവശ്യം പുറമേ ആരെങ്കിലും അറിഞ്ഞിരുന്നുവെങ്കിൽ, രാജാക്കന്മാർതന്നെ പല്ലക്കുകളും ആളും അകമ്പടിയുമായി അടുത്ത നിമേഷത്തിൽതന്നെ ആശ്രമപരിസരങ്ങളിൽ എത്തി അവിടത്തെ കാലടിയിലേക്കു് എഴുന്നള്ളിക്കുമായിരുന്നു. എന്നാൽ മഹാ ത്യാഗിയും നിരാഡംബരനും, ലോകാതീതനുമായ സ്വാമികൾ ഗൂഢമായി പുറപ്പെട്ടു, മാതൃസന്നിധിയിൽ എത്തി, അവരുടെ അന്ത്യാഭിലാഷനിവൃത്തിയും ആത്മശാന്തിയുംവരുത്തി, തന്റെ പ്രാപഞ്ചികകർമ്മപരിപൂർത്തി സാധിക്കണമെന്നു മാത്രമേ നിശ്ചയിച്ചിരുന്നുള്ളു. അദ്ദേഹം എപ്രകാരം, എത്രദിവസംകൊണ്ടു, ശൃംഗേരിയിൽനിന്നു കാലടിയിൽ എത്തിച്ചേർന്നുവെന്നു ഖണ്ഡിതമായി പ്രസ്താവിക്കുവാൻ നിർവ്വാഹമില്ല. അഷ്ടൈശ്വര്യസിദ്ധനായിരുന്ന സ്വാമി ഇച്ഛാമാത്രത്താൽ വായുവേഗത്തിൽ ഉയർന്നു മാതൃസന്നിധിയിൽ ചെന്നുചേർന്നു എന്നാണു് ഐതിഹ്യം. ഇല്ലത്തു കൂടിയിരുന്ന ബന്ധുക്കളും, സ്വജനങ്ങളുംആയ നമ്പൂരിമാർ, ശങ്കരാചാര്യരുടെ പ്രശസ്തിയെക്കുറിച്ചു കർണ്ണാകർണ്ണികയാ അറിഞ്ഞിരുന്നു. തന്നിമിത്തം അദ്ദേഹത്തിന്റെ ആഗമനത്തിൽ എല്ലാവരും പ്രസന്നരായി. മാതാവിന്റെ മനസ്സമാധാനത്തിനും, ശാന്തിയുടെ ഉദയത്തിനുമായി ആചാര്യർ പ്രണവമന്ത്രം ശ്രുതിമധുരമായി ഉരുക്കഴിക്കുകയും, സ്തവങ്ങളും, സങ്കീർത്തനങ്ങളും, മാതാവിന്റെ ഇച്ഛാനുസൃതം, അപ്പോഴപ്പോൾ നൈമേഷികമായി രചിച്ചു ഗാനംചെയ്തു് അവരെ സന്തുഷ്ടചിത്തയാക്കുകയും ചെയ്തു. മാതൃസന്നിധിയിൽ ശയ്യാതലത്തിനരികെ,

ഇതനുകൊണ്ടു ശങ്കരാചാര്യർ നിമിഷകൃതിയായി പാടിയ സ്തവങ്ങളിൽ ഏററവും പ്രസിദ്ധമായിട്ടുള്ള വിഷ്ണുഭുജംഗപ്രയാത സ്തോത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"ചിദം സംവിദം നിർമ്മലം നിർവ്വികല്പം
നിരീഹം നിരാകാരമോങ്കാരരമ്യം
ഗുണാതീതമവ്യക്തമേകം തുരീയം
പരം ബ്രഹ്മ യം വേദ തസ്മൈ നമോസ്തു. 1

വിശുദ്ധം ശിവം ശാന്തമാദ്യന്തഹീനം
ജഗജ്ജീവനം ജ്യോതിരാനന്ദരൂപം
അദിഗ്ദേശകാലവ്യവച്ഛേദനീയം
ത്രയീപങ്ക്തിയം വേദ തസ്മൈ നമോസ്തു. 2

സമാനോദിതാനേകസൂര്യേന്ദുകോടി-
പ്രഭാപൂരതുല്യദ്യുതിദുർന്നിരീക്ഷ്യം
ന ശീതം ന ചോഷ്ണം സുവർണ്ണാവദാതം
പ്രസന്നം സദാനന്ദസംവിത്സ്വരൂപം. 3

സുനാസാപുടം സുന്ദരഭ്രൂലലാടം
കിരീടോചിതാകുഞ്ചിതസ്നിഗ്ദ്ധകേശം
സ്ഫുരൽപുണ്ഡരീകാഭിരാമായതാക്ഷം
സമുൽഫുല്ലരക്തപ്രസൂനാവതംസം. 4

ലസൽകുണ്ഡലാമൃഷ്ടഗണ്ഡസ്ഥലാന്തം
ജപാരാഗചോരാധരം ചാരുഹാസം
അളിവ്യാകുലാമോദിമന്ദാരമാലം
മഹോരസ്സ്ഫുരൽകൌസ്തുഭോദാരഹാരം. 5

സുരത്നാംഗദൈരന്വിതം ബാഹുദണ്ഡൈ-
ശ്ചതുർഭിശ്ചലൽകങ്കണാലംകൃതാഗ്രൈഃ
ഉദാരോദരാലംകൃതം പീതവസ്ത്രം
പദദ്വന്ദ്വനിർദ്ധൂതപത്മാഭിരാമം. 6

സ്വഭക്തേഷു സന്ദർശിതാകാരമേവം
സദാ ഭാവയൻ സന്നിരുദ്ധേന്ദ്രിയശ്വ
ദുരാപം നരോ യാതി സംസാരപാരം
പരസ്മൈ പരേഭ്യോഽപി തസ്മൈ നമോസ്തു. 7

ശ്രിയാ ശാതകുംഭദ്യുതിസ്നിഗ്ദ്ധകാന്ത്യാ
ധരണ്യാ ച ദൂർവാദള ശ്യാമളാംഗ്യാ
കളത്രദ്വയേനാമുനാ ഭൂഷിതായ
ത്രിലോകീഗൃഹസ്ഥായ വിഷ്ണോ നമസ്തേ. 8

ശരീരം കളത്രം സുതാൽബന്ധുവർഗ്ഗം
വയസ്യാൻ ധനം സത്മഭൃത്യാൻ ഭുവം ച
സമസ്തം പരിത്യജ്യഹാ കഷ്ടമേകഃ
ഗമിഷ്യാമി ദുഃഖേന ദൂരേകിലാഹം. 9

ജരായം പിശാചീവഹാജീവിതോമേ
മജ്ജാമസ്ഥി രക്തം ച മാംസം ബലം ച
അഹോ ദേവസീദാമി ദീനാനുകമ്പിൻ
കിമദ്യാപി ഹന്ത ത്വയോ ദാസിതവ്യം. 10

കഫവ്യാഹതോഷ്ണോൽബണശ്വാസവേഗ—
വ്യഥാവിസ്ഫുരൽ സർവമർമ്മാസ്ഥിഗന്ധാം
വിചിന്ത്യാഹമന്ത്യാമസഹ്യാമവസ്ഥാം
ബിഭേമിപ്രഭോ! കിങ്കരോമി പ്രസീദ. 11

ലപന്നച്യുതാനന്ദ ഗോവിന്ദവിഷ്ണോ
മുരാരേ ഹരേരാമ നാരായണേതി
യഥാനുസ്മരിഷ്യാമി ഭക്ത്യാ ഭവന്തം
തഥാമേ ദയാശീല,ദേവ പ്രസീദ. 12

കൃപാലോ ഹരേ! കേശവാ ശേഷഹേതോ!
ജഗന്നാഥ നാരായണാനന്ദ വിഷ്ണോ!
നമസ്തുഭ്യമിത്യാലപന്തം മുദാ മാം
കുരു ശ്രീപതേ ത്വൽപാദാംഭോജഭക്തം. 13

നമോ വിഷ്ണവേ വാസുദേവായ തുഭ്യം
നമോ നാരസിംഹസ്വരൂപായ തുഭ്യം
നമഃ കാലരൂപായ സംഹാരകർത്രേ
നമസ്തേ വരാഹായ ഭൂയോ നമസ്തേ. 14

നമസ്തേ ജഗന്നാഥ വിഷ്ണോ നമസ്തേ
നമസ്തേ ഗദാചക്രപാണേ നമസ്തേ
നമസ്തേ പ്രപന്നാർത്തിഹാരിൻ നമസ്തേ
സമസ്താപരാധം ക്ഷമസ്വാഖിലേശ. 15

മുഖേ മന്ദഹാസം നഖേ ചന്ദ്രഭാസം
കരേ ചാരുചക്രം സുരേശാഭിവന്ദ്യം
ഭുജംഗേ ശയാനം ഭജേ പത്മനാഭം
ഹരേരന്യദൈവം ന മന്യേ ന മന്യേ. 16

ഭുജംഗപ്രയാതം പഠേദ്യസ്തു ഭക്ത്യാ
സമാധായ ചിത്തേ ഭവന്തം മുരാരേ!
സമോഹം വിഹായാശു യുഷ്മൻ പ്രസാദാൽ
സമാശ്രിത്യയോഗം വ്രജത്യച്യുതത്വം." 17

വേദാന്തസാരസർവ്വസ്വമായ സനാതനമതത്തിന്റെ സിദ്ധാന്തം, എത്രയും സുഗമവും ഹൃദ്യവും ശ്രവണമധുരവും ആസ്വാദ്യവുമായ രീതിയിൽ, "ഭുജംഗപ്രയാതം" എന്ന ആകർഷകമായ വൃത്തത്തിൽ സ്വാമികൾ നൈമിഷികമായി രചിച്ചു ഗീതം രചന പൂർത്തിയാക്കിയതോടുകൂടി, അവിടത്തെ മാതാവു സ്വസ്ഥചിത്തയായി മരണപീഡകൾ ഒന്നുംകൂടാതെ നിർവൃതി അടഞ്ഞതായി വിശ്വസിക്കപ്പെട്ടിരിക്കുന്നു.

ബ്രഹ്മധ്യാനൈകനിരതനും മഹാത്യാഗിയുമായ ജ്ഞാനയോഗിക്കും, ലൌകികപ്രാരബ്ധങ്ങളിൽ ഇടപെട്ടു് നിർഭയനായി അവയോടു ഇടഞ്ഞു കൃത്യവിലോപം വരുത്താതെ യഥാവിധി സ്വകർമ്മങ്ങൾ നിർവ്വഹിച്ചു മുമുക്ഷുവായി ജീവിക്കുന്ന കർമ്മയോഗിക്കും, തന്റെ മാംസചക്ഷുസ്സുകൾക്കു നിത്യപരിചിതമായ മനുഷ്യരൂപത്തിന്റെയും മറ്റും പരിഷ്കൃത പ്രതിച്ഛായകൾ കലർന്ന വിഗ്രഹങ്ങളിൽ മനസ്സിനെ ഏകാഗ്രമാക്കാതെ ഈശ്വരധ്യാനം അശക്യമായുള്ള പാമരനും, ശ്രവണമധുരമായ സംഗീതനാമസങ്കീർത്തനം കൊണ്ടുമാത്രം ദൈവികചിന്ത ഉദ്ദീപിക്കത്തക്ക ചിത്തവൃത്തിയോടുകൂടിയ വിഷയനിമഗ്നനും, ഗ്രന്ഥസംസ്കാരം സിദ്ധിച്ച പണ്ഡിതനും, ഏതു മതാവലംബികൾക്കും, ചിന്താവിഷയമാകുന്ന ഉപാധികളാൽ സമ്പുഷ്ടമായ ഒരു സ്തോത്രമാകുന്നു ഇതു് എന്നു നിർമ്മത്സരബുദ്ധികൾ സമ്മതിക്കാതിരിക്കയില്ല.

എന്നാൽ പ്രസ്തുത സ്തോത്രസങ്കീർത്തനത്തെ തുടർന്നുണ്ടായ അനന്തരസംഭവത്തിന്റെ അടുത്ത ചില രംഗങ്ങൾ തീരെ ശോഭനമായിരുന്നില്ല. ചതുർത്ഥാശ്രമിക്കു്, മാതാപിതാക്കന്മാരുടെ ഉദകക്രിയാദികൾ നിർവ്വഹിക്കുവാൻപോലും അർഹതയി

ല്ലെന്നുള്ള ഹൈന്ദവാചാരശൃംഖലകൊണ്ട്, ശങ്കരാചാര്യരുടെ ദിവ്യഹസ്തങ്ങളെ നിബദ്ധമാക്കുവാൻ ഗ്രാമവാസികൾ ശ്രമിച്ചു. എങ്കിലും അവരുടെ ശ്രമം സഫലമാകുകയില്ലെന്നു കണ്ടപ്പോൾ അവർ സാമൂഹ്യപരിവർജ്ജനക്രിയയുടെ കഠിനരൂപമായ ശവദാഹപരിവർജ്ജനം ചെയ്യുവാൻ ഉറച്ച്, ഇല്ലംവിട്ട ഇറങ്ങിപ്പോയി. ഗ്രാമത്തിൽ ബ്രാഹ്മണർക്കുണ്ടായിരുന്ന അനിഷേധ്യപ്രാബല്യംനിമിത്തം, ഇതരന്മാർ ആരുംതന്നെ സഹായസഹകരണങ്ങൾ നൽകുവാൻ ഉദ്യമിച്ചില്ല. ഇല്ലത്തെ പരിചാരകർപോലും, സാമൂഹ്യബഹിഷ്കരണഭീതിയാൽ പുറത്തേക്കു പോകേണ്ടിവന്നു. സമചിത്തനായ ആചാര്യരോ, മന്ദസ്മിതം തൂകിക്കൊണ്ട്, മുററത്തുണ്ടായിരുന്ന ഒരു വാഴ വെട്ടിയെടുത്തു പോളകൾ പൊളിച്ചു ചിതയുണ്ടാക്കി, മാതൃജഡം ഖണ്ഡങ്ങളാക്കി, ആ ചിതയിൽവച്ചു, പച്ചവാഴയില വെട്ടിയെടുത്തു മൂടി, ധ്യാനനിരതനായി ജലംതളിച്ചപ്പോൾ അഗ്നി ഉത്ഭവിച്ച്, പച്ചവാഴപ്പോളകളും, ശവഖണ്ഡങ്ങളും ഭസ്മീഭവിപ്പിച്ചു. ഇതാകുന്നു നിലവിലിരിക്കുന്ന ഐതിഹ്യം. കാലടിഗ്രാമവാസികളായ നമ്പൂരിമാരും മററും ദിവ്യനായ ശങ്കരാചാര്യരോട് ഇത്ര നിർദ്ദയമായി പെരുമാറിയെന്നു വിചാരിക്കുവാൻ ന്യായം ഇല്ലെന്നും, ഇതു ആരോ ദുർബുദ്ധികൾ ദുരുദ്ദേശത്തോടുകൂടി ചമച്ചു പ്രചരിപ്പിച്ച കെട്ടുകഥയാണെന്നും ഒരു പക്ഷാന്തരം ഉണ്ട്. യാഥാർത്ഥ്യം ഏതുവിധമിരുന്നാലും, ജഡം സംസ്കരിച്ചശേഷം മാതാവിൻെറ അവശിഷ്ടങ്ങളായ അസ്ഥികൾ എടുത്തുംകൊണ്ട്, സ്വാമികൾ ശൃംഗേരിയിൽ തിരിച്ചെത്തി, ഒരു ക്ഷേത്രം പണികഴിപ്പിച്ച് ആ ദൈവതികാവശിഷ്ടങ്ങളെ അതിനുള്ളിൽ നിക്ഷേപിച്ചു, ശാരദാക്ഷേത്രമെന്നു നാമകരണം ചെയ്യുകയും, ശാരദാവിഗ്രഹം ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. മാതാവിൻെറ അന്ത്യാഗ്രഹം അനുസരിച്ച് ഇപ്രകാരം ചെയ്തതായിട്ടാണു ഐതിഹ്യം. അനന്തരം ശങ്കരാചാര്യർ ശിഷ്യന്മാരാൽ അനുഗതനായി ചോളപാണ്ഡ്യാദി പൂർവ്വദേശരാജ്യങ്ങളിൽ സഞ്ചരിച്ചു അദ്വൈതമതപ്രചരണം നടത്തി. ശൃംഗേരിമഠത്തിൻെറ നിലനില്പിനു ആവശ്യമായ വ്യവസ്ഥകൾ ചോളപാണ്ഡ്യാദിരാജാക്കന്മാരും മററു നാടുവാഴികളും മററും കൂടിചെയ്തു. അചിരേണ ആ മഠം ദക്ഷിണഭാരതത്തിലെ പ്രബലമായ ഹൈന്ദവമതസ്ഥാപനമായിഭവിച്ചു.

ആചാര്യ്യസ്വാമികൾ, പിന്നീട് ഉത്തരഭാരതദേശങ്ങളിൽ
സഞ്ചരിച്ച്, പ്രസംഗങ്ങൾ നടത്തുകയും, ശൃംഗേരിമഠങ്ങൾ
സ്ഥാപിക്കുകയും ചെയ്തു. ദ്വാരകയിലും, ഹിമാലയദേശമായ
ബദരിയിലും ഉള്ള മഠങ്ങൾ അവയിൽ പ്രധാനപ്പെട്ടവയായി
രുന്നു. സ്വാമികളുടെ ബദരിയിലെ വാസകാലത്ത് പണിയി
ക്കപ്പെട്ടിട്ടുള്ളതാണ്, "ബദരീനാരായണ" ക്ഷേത്രംഎന്നു വിശ്വ
സിക്കപ്പെട്ടുപോരുന്നു. ഉജ്ജയിനിയിൽ താമസിച്ചിരുന്ന കാല
ത്ത്, ആചാര്യ്യസ്വാമികൾക്ക് പരകായപ്രവേശം ചെയ്യുന്ന
തിന് ഉണ്ടായിരുന്ന സിദ്ധി പ്രയോഗത്തിൽ വരുത്തിയെന്നും,
നിര്യ്യാണം പ്രാപിച്ച അമരുകരാജാവിന്റെ ജഡത്തിലാണ്
ശങ്കരാചാര്യ്യർ തന്റെ ആത്മാവിനെ പ്രവേശിപ്പിച്ചതെന്നും
സ്വന്തജഡം കേടുവരാതെ സൂക്ഷിച്ചുകൊള്ളുവാൻ ശിഷ്യ
ന്മാരോടു നിയോഗിച്ചശേഷം വീണ്ടും ജീവസിദ്ധിവന്ന അമ
രുകരാജാവ് അനേകവത്സരം സുന്ദരികളായ ഒട്ടധികം പത്നി
മാരോടൊന്നിച്ച സോല്ലാസം ജീവിച്ച രാജ്യഭാരം വഹിച്ചുവെ
ന്നും, ഗുരു തിരിച്ചുവരുവാൻ കാലവിളംബം നേരിട്ടതിനാൽ
ജഡനാശം സംഭവിച്ചേക്കുമോയെന്ന് ആശങ്കിതരായ ശിഷ്യർ,
അമരുകജഡത്തിൽ ജീവിച്ച ശങ്കരാചാര്യ്യാത്മാവിന്ന പൂർവ്വജന്മ
സ്മരണയുണ്ടാക്കുവാൻ പലേഉപായങ്ങളും പ്രയോഗിച്ചുവെന്നും,
തന്നിമിത്തം രാജാവിന്നു പൂർവ്വജന്മസ്മരണഉദിച്ചപ്പോൾ ആത്മാ
വ് രാജജഡംവിട്ടു,ശങ്കരാചാര്യ്യജഡത്തിൽ പ്രവേശിച്ചുവെന്നും,
ആചാര്യ്യസ്വാമികളെക്കുറിച്ച് മറെറാരു ഐതിഹ്യംകൂടി ഉള്ള
താകുന്നു. അമരുക രാജജഡത്തിൽ പ്രവേശിച്ച ശങ്കരാത്മാവു
ജീവിച്ചകാലത്ത് രചിക്കപ്പെട്ടതാണ് അമരുകശതകമെന്നു
വിശ്വസിക്കപ്പെട്ടിരിക്കുന്നു. "സർവ്വജ്ഞപീഠം" എന്ന അത്യുന്നത
സ്ഥാനലബ്ധിക്കു സമസ്തവിദ്യകളുടെയും കലകളുടെയും പരി
ജ്ഞാനം ആവശ്യമാണെന്നും തൃതീയപുരുഷാർത്ഥപരിജ്ഞാനം
സമ്പാദിക്കുവാനാണ് ആചാര്യ്യസ്വാമികൾ പരകായപ്രവേശം
ചെയ്തതെന്നും ഐതിഹ്യപ്രകാരം അറിയപ്പെട്ടിരിക്കുന്നു.
"സർവ്വജ്ഞ" പീഠാരോഹണംചെയ്തശേഷം, അദ്ദേഹം ബദര്യാ
ശ്രമത്തിൽ താമസിച്ചിരുന്നകാലത്തു സമാധി അടഞ്ഞു. ഈ
സംഭവംനടന്നതു് മുപ്പത്തെട്ടാമത്തെ വയസ്സിലായിരുന്നുവെന്ന
നുമാനിക്കപ്പെട്ടിരിക്കുന്നു. സമാധിക്കുമുൻപു്, സുരേശ്വരാചാര്യനെ
ശൃംഗേരിമഠത്തിലെ രണ്ടാംശങ്കരാചാര്യ്യരായി വാഴിക്കുകയുണ്ടായി

ള്ള നിശ്ചയം ശിഷ്യഗണത്തെ അറിയിച്ചു. ശൃംഗേരിമഠത്തിലെ മഠാധിപതിയുടെ സ്ഥാനനാമം ആധുനികകാലത്തും "ശങ്കരാചാൎയ്യർ" എന്നാകുന്നു. സമാധിക്കു മുമ്പ്, അടുത്ത വാൎദ്ധക്യമുള്ള ആൾ ഇന്നാരെന്നു സമാധിയടയുന്ന ശങ്കരാചാൎയ്യർ നിശ്ചയിക്കുകയാണ് ഇപ്പോഴും പതിവ്.

സ്മൎത്തപുരുഷൻ "ജഗദ്ഗുരു ആദിമശങ്കരാചാൎയ്യർ" എന്ന സംജ്ഞയാൽ അറിയപ്പെട്ടുപോരുന്നു. ശങ്കരാചാൎയ്യപരമ്പരയ്ക്കു "ജഗദ്ഗുരു" എന്ന സ്ഥാനവും ഉള്ളതാകുന്നു.

ആദിമശങ്കരാചാൎയ്യർ കേരളബ്രാഹ്മണനായിരുന്നുവെങ്കിലും, പിന്നീട് നാളിതുവരെ കേരളത്തിൽ നിന്ന് ആരുംതന്നെ ശൃംഗേരി മഠാധിപതിയായി അവരോധിക്കപ്പെട്ടിട്ടില്ല. ശൃംഗേരിമഠാധിപതികൾ പുറമേ സഞ്ചരിക്കുമ്പോൾ, മേനാവ്, പല്ലക്ക്, ആന, കുതിര, ആൾ അകമ്പടി, മുത്തുക്കുട, വാദ്യഘോഷങ്ങൾ, ആചാരവെടി മുതലായ രാജകീയ ചിഹ്നങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. ഈ പതിവ് ആദിമശങ്കരാചാൎയ്യരുടെ കാലശേഷം ഉണ്ടായിട്ടുള്ളതാണ്.

ആചാൎയ്യസ്വാമിയുടെ ജന്മഭൂമിയായ കാലടിയിൽ, ഇല്ലം ഇരുന്ന സ്ഥാനത്തു തിരുവിതാംകൂർഗവൺമെണ്ടിൽനിന്ന് ഒരു മഠം പണികഴിപ്പിച്ചിട്ടുണ്ട്.

൧൩-ാം അദ്ധ്യായം.

നാനംമൂനം.

പുരാതനമായ കേരളലിപിയാണു നാനംമൂനം. ദ്രാവിഡഭാഷയായ തമിഴിൻെറ പൂൎവ്വരൂപമാകുന്നു ഇതു്. കേരളത്തിലെ പുരാതനരേഖകൾ മിക്കവാറും ഈ ലിപികളിലാണെഴുതപ്പെട്ടിരിക്കുന്നതു്. ചെന്തമിഴിനും നാനംമൂനത്തിനും ലിപികൾക്കു വലിയ അന്തരമില്ല. ദേശഭേദംകൊണ്ടു വ്യത്യാസം അല്പസ്വല്പംവന്നിട്ടുള്ളതു മാത്രമേ ഉള്ളൂ. ആകെ 31 അക്ഷരങ്ങളാണു നാനംമൂനത്തിലെ അക്ഷരമാലയിൽ ഉള്ളതു്. പ്രസ്തുത ഭാഷ

എഴുതുവാനും, ആ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളും, കരണങ്ങളും, ശിലാരേഖകളും ആദിയായവ വായിച്ചു പൊരുൾ പറയുവാനും കഴിവുള്ളവർ ആധുനികകാലത്തു കേരളത്തിൽ അധികംപേർ ഇല്ല. നാനംമൂനത്തിനു "മലയാണ്മ" എന്നും പേർ ഉണ്ടു. പ്രസ്തുത ഭാഷയിലെ അക്ഷരമാലയിലുൾപ്പെട്ട ലിപികളുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.

൧൪-ാം അദ്ധ്യായം.

കേരളത്തിലെ നാഗങ്ങൾ.

ഭാരതഖണ്ഡത്തിൽ ഏററവും കൂടുതൽ നാഗങ്ങൾ ഉള്ള പ്രദേശമാകുന്നു, കേരളം. വിഷവീര്യം അധികം ഉള്ളവയും വിഷവീര്യം കുറഞ്ഞവയുമായ അനേകതരം സർപ്പങ്ങൾ കേരളത്തിൽ ഉണ്ടു. അതിപുരാതനകാലംമുതൽ ദക്ഷിണഭാരതത്തിൽ നാഗങ്ങളുടെ ബഹുലതയും, അവയിൽനിന്നുമുള്ള പീഡയും ദുസ്സഹമായി വർദ്ധിച്ചിരുന്നതിനാൽ ദക്ഷിണഭാരതനിവാസികളുടെ പൂർവികന്മാരായ ദ്രവിഡഗോത്രക്കാർ സർപ്പാരാധകന്മാരായി ഭവിച്ചു. പൂർവകാലത്തു "തമിഴകം" എന്ന നാമത്താൽ അറിയപ്പെട്ടുവന്ന കേരളം, ദ്രവിഡദേശങ്ങളിലെ സർപ്പാരാധനയുടെ പ്രധാനകേന്ദ്രമായിരുന്നു. പ്രാചീനകേരളദ്രവിഡർ സർപ്പശാസ്ത്രവിശാരദന്മാരായിത്തീർന്നു. നാഗങ്ങളെ അവർ സ്നേഹവാത്സല്യങ്ങളോടുകൂടി സംരക്ഷിക്കുകയും അമാനുഷവൈഭവത്തോടുകൂടിയ ആ ജീവികളെ ഭയഭക്തിവിശ്വാസങ്ങളോടെ ചൈതന്യമൂർത്തികളെന്ന നിലയിൽ ആരാധിക്കുകയും ചെയ്തുവന്നു. ഏതാദൃശങ്ങളായ പരിതസ്ഥിതികളാൽ, കാലക്രമത്തിൽ കേരളം വിശ്രുതമായ സർപ്പാരാധനാസങ്കേതമായിഭവിച്ചു.

സർപ്പങ്ങളുടെ ആകൃതി, പ്രകൃതി, വിഷവീര്യഗുരുലഘുത്വം, നിവാസസ്ഥാനം, ആഹാരപ്രസക്തി, ആദിയായ പല ജന്മഗുണങ്ങളെയും വൃത്തിഗുണങ്ങളെയും ആസ്പദമാക്കി, കൈരളീയർ അവയെ ദേവനാഗം, അസുരനാഗം, മനുഷ്യനാഗം എന്നിങ്ങനെ, സാമാന്യേന മൂന്നായി തരംതിരിച്ചിരുന്നു.

ദേവവൎഗ്ഗത്തിൽ ഉൾപ്പെട്ട നാഗങ്ങൾ കാഴ്ചയ്ക്കു ഭംഗിയുള്ളവയും വിഷവീൎയ്യവും, ക്രൌൎയ്യവും, തീരെ കുറവുള്ളവയും ആകുന്നു. സ്വൎണ്ണവൎണ്ണമോ, രജതവൎണ്ണമോ, നീലവൎണ്ണമോ, കൃഷ്ണവൎണ്ണമോ ഉള്ള സൎപ്പങ്ങൾ ഈ വിഭാഗത്തിൽ കാണപ്പെടുന്നു. ഇവയിൽ ചിലതിനു് ഒരു അരഞ്ഞാണിൽ കൂടുതൽ വണ്ണവും, ഒന്നോ രണ്ടോ ചാണിൽ കൂടുതൽ നീളവും ഉണ്ടായിരിക്കയില്ല. ഇവ പ്രായേണ നിരുപദ്രവികളുമാണു്. ചില ക്ഷേത്രസങ്കേതങ്ങളിലും സൎപ്പക്കാവുകളിലുംവച്ചു്, അതിരാവിലേയോ,സന്ധ്യാവേളകളിലോ ഇവ ദൃശ്യമാവാറുണ്ടു്. സാധാരണമായി പുറത്തുസഞ്ചരിക്കാറില്ല. ദേവജാതി സൎപ്പങ്ങൾക്കാണു സൎപ്പക്ഷേത്രങ്ങളിൽ പ്രധാനസ്ഥാനം. ആസുരവും മാനുഷവുമായ ഗണങ്ങളിൽ ഉൾപ്പെട്ട സൎപ്പങ്ങൾക്കു സൎപ്പക്ഷേത്രങ്ങളിൽ കിങ്കരമൂൎത്തികളുടെ സ്ഥാനമേ ഉള്ളൂ.

അസമയങ്ങളിൽ ജനസ്ഥാനങ്ങളിൽ വഴികളിലും മററും ഇറങ്ങി പതുങ്ങിക്കിടന്നു മനുഷ്യരെയും മററു ജീവികളെയും ദംശിക്കുന്നതിൽ ചതുരതയുള്ള ഒരുകൂട്ടം ദുഷ്ടനാഗങ്ങൾ ഉണ്ടു്. അവ ഭയങ്കരവിഷവീൎയ്യം ഉള്ളവയാണു്. ആ ജാതി പാമ്പുകൾ ചണ്ഡാലവൎഗ്ഗത്തിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. അവയുടെ ദംശം ഏററയാളിനു വിഷപരിഹാരം വളരെ പ്രയാസമാണു്.

ദേവവൎഗ്ഗത്തിൽപെട്ട നാഗങ്ങൾ ആരെയും ദംശിക്കാറില്ല. അവയിൽ ഏതെങ്കിലും ഒരു സൎപ്പം ദംശനക്രിയ നടത്തിയതായി അറിഞ്ഞാൽ, അവയെ കൂട്ടത്തിൽപ്പെട്ട സൎപ്പങ്ങൾ സാമൂഹ്യബഹിഷ്കരണങ്ങൾ ചെയ്യുമെന്നു് വിശ്വസിക്കപ്പെട്ടിരിക്കുന്നു.

പ്രധാനപ്പെട്ട ഇനങ്ങളുടെ പേരുകൾ.

വിഷം കുറവുള്ളവ:—വെള്ളത്തിൽ ജീവിക്കുന്ന പുളവൻ, നീൎക്കോലി.

കരയ്ക്കു ജീവിയ്ക്കുന്ന ചേര, പെരുമ്പാമ്പു്, തൊണ്ടൻ, കമുങ്ങടൻ.

വിഷം കൂടുതലുള്ളവ:—മൂൎഖൻ, ചയ്യാനി, മണ്ണലി, (മണ്ഡലി) വളകഴപ്പൻ, എട്ടടിമൂക്കൻ, വില്ലൂന്നി, അണലി, പച്ചോലപ്പാമ്പു്, വാരിമൂൎഖൻ, കരിനാഗം.

വയമ്പും, സർപ്പങ്ങൾക്കു പൊതുവിൽ അരോചകമാകയാൽ വയമ്പിന്റെ ഗന്ധം ഉള്ള സ്ഥലങ്ങളിൽ പാമ്പു് സമീപിക്കയില്ല.

സർപ്പദംശം ഏററാലുടൻ, കോഴിവായിൽ മൂത്രവിസർജ്ജനം ചെയ്യുന്നതും, കോഴിവായു് തീവച്ചു ചുടുന്നതും, കോഴിവായിൽ മണ്ണെണ്ണ ഒഴിക്കുന്നതും നന്നാണു്. ഇതിൽ ഏതെങ്കിലും ഒന്നു് അവസരോചിതമായി ചെയ്താൽ വിഷം ശരീരത്തിൽ വ്യാപിക്കുകയില്ല.

വിഷചികിത്സ-കേരളവൈദ്യമുറയിൽ പ്രത്യേകവൈശിഷ്ട്യമുള്ള ഒരു പദ്ധതിയാകുന്നു. ദംശിച്ച സർപ്പത്തിനെ വരുത്തി വിഷം തിരിച്ചു് എടുപ്പിക്കുവാൻ വൈഭവമുള്ള കേരളവിഷചികിത്സകന്മാർ ഉണ്ടായിരുന്നു. ഏതാദൃശങ്ങളായ പദ്ധതികളിൽ വൈദഗ്ദ്ധ്യമുള്ള കുടുംബങ്ങൾ വംശപാരമ്പര്യക്രമമനുസരിച്ചു് പ്രതിഫലേച്ഛകൂടാതെ ചികിത്സകൾ നടത്തിവന്നു.

൧൩-ാം അദ്ധ്യായം.

കേരളത്തിലെ പ്രസിദ്ധപ്പെട്ട സർപ്പക്ഷേത്രങ്ങൾ.

മണ്ണാർശാൽ.

പാമ്പുമ്മേക്കാട്ടു്, മണ്ണാർശാൽ എന്നിവയാകുന്നു കേരളത്തിലെ പ്രസിദ്ധപ്പെട്ട സർപ്പക്ഷേത്രങ്ങൾ. ഇവയിൽ ആദ്യം പറയപ്പെട്ടതു് ബ്രിട്ടീഷു മലബാറിലും, രണ്ടാമത്തേതു് തിരുവിതാംകൂറിലും ആകുന്നു. പാമ്പുമ്മേക്കാട്ടു ക്ഷേത്രം, "പാമ്പുമ്മേക്കാട്ടു" എന്ന വിശ്രുതനാമത്താൽ അറിയപ്പെട്ടുപോരുന്ന മലയാളബ്രാഹ്മണകുടുംബംവകയും, മണ്ണാർശാൽ ക്ഷേത്രം, കേളികേട്ട "മണ്ണാർശാൽ ഇല്ലം" വകയും ആകുന്നു. ഈ രണ്ടു ബ്രാഹ്മണകുടുംബങ്ങൾക്കു്, അവരവരുടെ പരിപൂർണ്ണമായ ഉടമസ്ഥതയിലും, സർവസ്വാതന്ത്ര്യമായ ആധിപത്യത്തിലും ഇരിക്കുന്ന പ്രസ്തുതക്ഷേത്രങ്ങളെക്കുറിച്ചു പല ഐതിഹ്യങ്ങളും നിലവി

ലിരിക്കുന്നുണ്ടു്. പാമ്പുമേക്കാട്ട ക്ഷേത്രത്തിന്റെയും സ്വത്തുക്കളുടെയും അധികൃതൻ ആ ഇല്ലത്തെ മൂത്തനമ്പൂരിപ്പാട്ടും, മണ്ണാർശാലയിലെ ക്ഷേത്രത്തിന്റെയും സ്വത്തുക്കളുടെയും അധികൃത, ആ ഇല്ലത്തെ മൂത്ത അന്തർജ്ജനവും ആകുന്നു. കേരളത്തിലെ സർപ്പാരാധനയുടെയും സർപ്പക്കാവുകളുടെയും മേൽക്കോയ്മ, ഈ രണ്ടു ഇല്ലങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. സർപ്പക്കാവുകൾ നീക്കംചെയ്യുക സർപ്പക്ഷേത്രങ്ങളിൽ പ്രതിഷ്ഠ കഴിക്കുക എന്നീ കർമ്മങ്ങൾ പാമ്പുമേക്കാട്ട നമ്പൂരിപ്പാട്ട സാധാരണമായി നടത്തിവരുന്നുണ്ടു്. എന്നാൽ മണ്ണാർശാലയിൽ നിന്നു് ഈ വകകർമ്മങ്ങൾക്കായി പുറമേ പോകുക പതിവില്ല. പുരാതനകാലത്തു പാമ്പുമേക്കാട്ട നമ്പൂരിപ്പാട്ടു, മണ്ണാർശാല ക്ഷേത്രത്തിന്റെ അധികാരപരിധിയിൽപ്പെട്ട മദ്ധ്യകേരളത്തിൽവന്നു സർപ്പാരാധനസംബന്ധിച്ച ചില കർമ്മങ്ങൾ നടത്തിവന്നതുനിമിത്തം രണ്ടു് ഇല്ലങ്ങളും തമ്മിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾ അക്കാലത്തെ ചില നാടുവാഴികളുടെ മദ്ധ്യസ്ഥതയിൽ പരിഹരിക്കപ്പെട്ടിട്ടുള്ളതായി ഐതിഹ്യം ഉണ്ടു്. കരിവാലി കോവിലകത്തെ രാജാവു് ഇടപെട്ടു് ഒരു ഘട്ടത്തിൽ സന്ധി ഉണ്ടാക്കിയെന്നും, ആ ഐക്യത്തിന്റെ സ്മാരകമായി പണിയിച്ചിട്ടുള്ളതാണു മദ്ധ്യതിരുവിതാംകൂറിലെ "കണ്ണമംഗലം" സർപ്പക്കാവു് എന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു.

പാമ്പുമേക്കാട്ട ഇല്ലത്തും അവിടത്തെ ക്ഷേത്രത്തിലും അനവധി നാഗങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടു്. അവിടത്തെ അധീനത്തിൽ അസംഖ്യം നാഗമൂർത്തികൾ ഉള്ളതായി വിശ്വസിക്കപ്പെട്ടുവരുന്നു. അവിടെ സചേതനങ്ങളായ നാഗങ്ങൾ പ്രത്യക്ഷമാകാറുള്ളതായി ദൃക്സാക്ഷികൾ പറഞ്ഞുകേൾവി ഉള്ളതാണു്. അത്ഭുതകരങ്ങളായ പല ഗുണാനുഭവങ്ങളും നാഗഭക്തന്മാർക്കു സിദ്ധിച്ചുവരുന്നുമുണ്ടു്. പാമ്പുമേക്കാട്ടേ പരിസരങ്ങളിൽ പ്രവേശിച്ചു് അപഹരണം, മോഷണം മുതലായ അകൃത്യങ്ങൾ പ്രവർത്തിക്കുവാൻ ചോരന്മാർപോലും ഉദ്യമിക്കാറില്ല. സർപ്പദംശവും അവിടെ സാധാരണമല്ല. യാദൃച്ഛികമായി അങ്ങനെ ഒരു സംഭവം ആ സങ്കേതത്തിൽ നടന്നാലും വിഷദോഷം ഉണ്ടാകാറില്ല. അവിടത്തെ നമ്പൂരിപ്പാടന്മാരിൽ ആരുടെയെങ്കിലും അനുഗ്രഹസംയുതമായ ലഘുശുശ്രൂഷ (അല്പം ജലം കോരിക്കൊടുക്കുകയോ ക്ഷേത്രത്തിലെ പ്രസാദം

പൂശുകയോ ചെയ്കമാത്രം) യിൽ ക്ഷണേന ദംശിതൻ സുഖം പ്രാപിക്കും.

മണ്ണാർശാലയിലെ അവസ്ഥയും ഇപ്രകാരം തന്നെ. അവിടെനിന്നു കൊടുക്കപ്പെടുന്ന പ്രസാദം വാങ്ങി ഭക്തിവിശ്വാസപുരസ്സരം ഉപയോഗിക്കുന്നതായാൽ രക്തദൂഷ്യം, പാണ്ഡു, മേഹപ്പുറപ്പ്, കുഷ്ഠം മുതലായ ത്വഗ്രോഗങ്ങൾക്കുള്ളവക്കു രോഗശാന്തി സംഭവിക്കാറുണ്ടെന്നുള്ളതും പ്രസിദ്ധമാണ്. മണ്ണാർശാൽ ഇല്ലത്തെയും, ക്ഷേത്രത്തെയും അവിടത്തെ ക്ഷേത്രാധിനാഥയും ഗൃഹാധിനാഥയും ആയ "വലിയമ്മ"യെയും സംബന്ധിച്ചപ്രസ്താവ്യങ്ങളായ അനേകം വസ്തുതകളുണ്ട്.

മണ്ണാർശാൽഇല്ലം.

പ്രസ്തുത ഇല്ലം സ്ഥിതിചെയ്യുന്നതു കാർത്തികപ്പള്ളിത്താലൂക്കിൽചേർന്ന ഹരിപ്പാട്ട (അരിപ്പാട്ട) എന്ന നഗരത്തിന്റെ പശ്ചിമപ്രാന്തമായ ഒരു ഗ്രാമത്തിലാണ്. പ്രസ്തുത പ്രദേശത്തിനും "മണ്ണാർശാൽ" എന്ന സംജ്ഞതന്നെ സിദ്ധിച്ചിരിക്കുന്നു. ഇല്ലവും ഇല്ലത്തിന്റെ വളപ്പിൽ പൂർവഭാഗത്തു പ്രത്യേക മതില്ക്കെട്ടിനകത്തു സ്ഥിതിചെയ്യുന്ന ക്ഷേത്രവും, ഇടന്, അനേകം ഏക്കർ വിസ്തീർണ്ണമുള്ള നിലം പുരയിടങ്ങൾ ഇല്ലംവകയായി ഉള്ളതാകുന്നു. കൂടാതെ ഇല്ലംവകയായി ഒരു സംസ്കൃതപാഠശാലയും പ്രൈമറിസ്കൂളും നടത്തപ്പെട്ടുവരുന്നുമുണ്ട്.

മൂലകുടുംബം.

മണ്ണാർശാൽ ഇല്ലക്കാരുടെ മൂലകുടുംബം വെട്ടികോട്ട് ഇല്ലമാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. "വെട്ടികോട്ട്" എന്നു പേരുള്ള ഒരു സ്ഥലം കായംകുളത്തിനു സമീപം ഉണ്ട്. അവിടെ "വെട്ടികോട്ട്" എന്നൊരു ക്ഷേത്രവും കാണപ്പെടുന്നു. പരശുരാമൻ തപസ്സുചെയ്തിരുന്ന കാലത്ത് സർപ്പപൂജ നടത്തിയതു ഇവിടെവച്ചാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. ശ്രീപരശുരാമൻ വെണ്മഴുകൊണ്ടു കാടുവെട്ടിതെളിച്ചെടുത്ത സ്ഥലമാകയാൽ "വെട്ടികോട്ട്" എന്നു പേർ സിദ്ധിച്ചുവെന്നും പരശുരാമൻ വസിഷ്ഠഗോത്രജരായ ഒരു ബ്രാഹ്മണകുടുംബത്തെ അവിടെ അധിവസിപ്പിച്ചുവെന്നും, ആ കുടുംബമാണു മണ്ണാർശാൽ ഇല്ലത്തിന്റെ മൂലകുടുംബമായ വെട്ടികോട്ടെന്നും ആകുന്നു ഐതിഹ്യം.

അക്കാലത്തു് ആധുനിക മണ്ണാർശാല പ്രദേശം പരശുരാമനാൽ സ്ഥാപിതമായ വലിയൊരു ബ്രാഹ്മണസങ്കേതമായിരുന്നു. വർണ്ണാശ്രമികളായ വൈദികബ്രാഹ്മണരുടെ അഗ്രഹാരങ്ങളാൽ നിറയപ്പെട്ട അപ്രദേശത്തിനു "വർണ്ണാർശാല" എന്നായിരുന്നു നാമം സിദ്ധിച്ചിരുന്നതു്. വെട്ടിക്കോട്ട് ഇല്ലത്തു നിന്നു ഒരു കന്യകയെ വർണ്ണാർശാലയിലെ ഒരു ഇല്ലത്തേക്കു വേളികഴിച്ചു് അയച്ചിരുന്നു. ആ അന്തർജ്ജനത്തിനു മാതാവു രണ്ടു നാഗവിഗ്രഹങ്ങൾകൂടി കൊടുത്തയച്ചു. പരശുരാമൻ തന്നെ ആ വിഗ്രഹങ്ങളിൽ ഒന്നായ നാഗരാജവിഗ്രഹം ആ ഇല്ലത്തിന്റെ വളപ്പിനുള്ളിൽ പൂർവ്വഭാഗത്തായി പ്രതിഷ്ഠിച്ചു. മറ്റേവിഗ്രഹം നാലുകെട്ടിൽ വലിയ അറയുടെ സ്ഥാനത്തും പ്രതിഷ്ഠനടത്തി. ഇങ്ങനെയിരിക്കെ, ആ ഇല്ലത്തു് ഐശ്വര്യം ഉപര്യുപരി വർദ്ധിച്ചു. എന്നാൽ പുരുഷസന്താനം ഇല്ലാതെ കന്യകയായ ഒരു അന്തർജ്ജനം മാത്രം ശേഷിച്ചു. വെട്ടിക്കോട്ട് ഇല്ലത്തെ അംഗങ്ങൾക്കു സിദ്ധിച്ചിരുന്ന അഗ്നിമന്ത്രശക്തി പ്രസ്തുത അന്തർജ്ജനത്തിനും സ്വായത്തമായിരുന്നു. അക്കാലത്തു നാട്ടൊട്ടുക്കു വലുതായ അഗ്നിബാധ (ഖാണ്ഡവദാഹത്താൽ സംഭവിച്ചതെന്നു് ഐതിഹ്യസ്വരൂപം) ഉണ്ടായി. അഗ്നിയിൽപെട്ടു പൊള്ളിയും, വെന്തും അസംഖ്യം നാഗങ്ങൾ വിവശരായി "വർണ്ണാർശാല"യിലെ പ്രസ്തുത ഇല്ലത്തു ചെന്നു കയറി; എന്തുകൊണ്ടെന്നാൽ അവിടെ അഗ്നിഭയം ഉണ്ടായിരുന്നില്ല. ഗുണവതിയായ അന്തർജ്ജനം അഗ്നിമന്ത്രശക്തിയാൽ നാഗങ്ങൾക്കു് ആശ്വാസം നൽകി, അവയെ ഇല്ലംവക കാവിൽ വസിപ്പിച്ചു. ഇപ്രകാരം ആ ഇല്ലം വലുതായ സർപ്പസങ്കേതം ആയിത്തീർന്നു. സ്ഥിതിഗതികൾ കണ്ടറിഞ്ഞു സന്തുഷ്ടനായ നാഗരാജാവു ഒരു ബ്രാഹ്മണയുവാവിന്റെ രൂപം അവലംബിച്ചു "വർണ്ണാർശാല" ഗ്രാമത്തിൽ ചെന്നു വാസം തുടങ്ങുകയും ക്രമേണ സർപ്പരക്ഷകിയായ കന്യകയെ വേൾക്കുകയും ചെയ്തു. നാഗരാജാവിന്റെ അനുഗ്രഹത്താൽ ആ ഇല്ലം സമ്പത്തിലും പ്രതാപത്തിലും അത്യുന്നതാവസ്ഥയിൽ എത്തി. തന്നിമിത്തം മററു ബ്രാഹ്മണർ അസൂയാലുക്കളായി ദുരാലോചനകളാരംഭിച്ചു. അവരുടെ ദുഷ്പ്രേരണനിമിത്തം പല ഉപദ്രവങ്ങളും ആ ഇല്ലത്തു തുടരെ നടത്തപ്പെട്ടുതുടങ്ങി. മനശ്ശുദ്ധി ഇല്ലായ്മയുടെയും പ്രവൃത്തിദോഷത്തിന്റെയും

ഫലമായി ആ ബ്രാഹ്മണകുടുംബങ്ങൾ ക്ഷയിച്ചു ക്രമേണ നഷ്ടീഭവിച്ചു. നാഗരാജാനുഗ്രഹീതമായ ഇല്ലം "വണ്ണാർശാല" ഗ്രാമത്തിലെ ഏക ബ്രാഹ്മണകുടുംബമായിശോഭിച്ചു. ഇങ്ങനെയാണു ഐതിഹ്യഗതി. ആധുനികകാലത്തും മണ്ണാർശാല ഇല്ലത്തെ സമ്പത്തിനും ഐശ്വര്യസമൃദ്ധിക്കും പ്രാഭവത്തിനും നാൾക്കുനാൾ മെച്ചംകൂടിവരുന്നതേയുള്ളു.

നാഗരാജസന്താനപരമ്പരയാണു "മണ്ണാർശാല" ഇല്ലത്തെ അംഗങ്ങൾ എന്നു വിശ്വസിക്കപ്പെട്ടുപോരുന്നു. നാഗരാജാവിൻെറ ധർമ്മദാരങ്ങളെന്നനിലയിൽ കുടുംബാധികാരിണിയായി ഭവിച്ച ആ അന്തർജ്ജനത്തിൻെറ സ്ഥാനസങ്കല്പത്തിൽ ഇല്ലത്തെ മൂത്തഅന്തർജ്ജനത്തിനാണു മൂപ്പുമുറയും ക്ഷേത്രമേലധികാരവും. ഈ പതിവു മണ്ണാർശാല ഇല്ലത്തു് അനേകശതം സംവത്സരമായി നടന്നുവരുന്നതാണു്.

വലിയമ്മ.

മണ്ണാർശാല ഇല്ലത്തെ ക്ഷേത്രാധികാരിണിയും കുടുംബനാഥയുമായ മൂത്ത അന്തർജ്ജനത്തിനു "വലിയമ്മ" എന്നാണു സ്ഥാനനാമം. ഇല്ലത്തേക്കു വേളികഴിച്ചു കൊണ്ടുവരപ്പെടുന്ന അന്തർജ്ജനങ്ങളിൽ മൂത്തസ്ത്രീക്കു് ആകുന്നു, ഈ സ്ഥാനത്തിനു് അവകാശം. സ്ഥാനം ലഭിക്കുന്ന നാൾതൊട്ടു് ഒരു വർഷത്തേക്കു് അവൾക്കു വൈദികമായ പ്രത്യേക പരിശീലനങ്ങൾ നൽകപ്പെടും. പ്രായത്തിൽ അടുത്ത ഇളമുറക്കാരിയായ അന്തർജ്ജനത്തെ വലിയമ്മതന്നെ "ഇളയമ്മ"യായി നിശ്ചയിച്ചു വൈദികകാര്യങ്ങളിൽ പരിചയിപ്പിക്കും. വലിയമ്മയുടെ കാലശേഷം വാഴ്ചയ്ക്കുള്ള അവകാശം ഇളയമ്മയ്ക്കാണു്. വലിയമ്മസ്ഥാനം സിദ്ധിയ്ക്കുന്ന അന്തർജ്ജനം സ്ഥാനലബ്ധിമുതൽ സന്ന്യാസവൃത്തിയിൽ ജീവിക്കുന്നു. അവരുടെ വാസവും അശനശയനാദികളും വലിയ നാലുകെട്ടു് എന്ന പ്രധാന കെട്ടിടത്തിലാണു്. ആ കെട്ടിടത്തിൽ മററാർക്കും വാസമില്ല. അതിലുള്ള വലിയ അറയുടെസ്ഥാനത്തു് ഒരു പ്രത്യേകക്ഷേത്രത്തിൽ നാഗരാജാവിൻെറ വിഗ്രഹം പ്രതിഷ്ഠിച്ചു നിത്യാരാധനകൾ അനേക ശതവർഷങ്ങളായി നടത്തപ്പെട്ടുവരുന്നു. "വലിയഅറ" എന്നുതന്നെയാണു ആ ക്ഷേത്രത്തിൻെറ നാമം. നാലുകെട്ടു് എന്നു പേരുമാത്രമുള്ള പ്രസ്തുത ഗംഭീരമായ കെട്ടിടത്തിൽ

അഞ്ചുവലിയ നിലവറകൾ ഉണ്ടു്. അവയിൽ ഒന്നിലൊഴികെ മററ നാലിലും നിറയെ പുററുകളാണു്. ഈ പുററുകളിൽ സചേതനസപ്പങ്ങൾ അനേക ശതവഷങ്ങളായി മുട്ടയിട്ടുപെരുകി പാരമ്പയ്യമായി ജീവിച്ചുപോരുന്നു. ആ നിലവറകളിൽ അത്യാവശ്യഘട്ടങ്ങളിൽ വലിയമ്മമാത്രം പ്രവേശിക്കാറുണ്ടു്. അവയിൽ ഒന്നു രണ്ടു അറകളിൽ ദീപം കൊണ്ടു കടന്നുകൂടായെന്നനിർബന്ധമുണ്ടു്. ദീപപ്രകാശം ഏല്ക്കുവാൻ പാടില്ലാത്ത സപ്പങ്ങൾ അവിടെ ഉള്ളതിനാലാണു് ഈ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നതു്. സാധാരണമായി ഇല്ലത്തുള്ള പുരുഷന്മാർക്ക (ശരീരശുദ്ധിയോടുകൂടി മാത്രം) പ്രവേശിക്കുവാനനുവാദമുള്ള ഒരു നിലവറയുള്ളതു് "ഉരുളികമഴ്ത്തു്" നിലവറയാകുന്നു.

ഉരുളി കമഴ്ത്തു്.

എന്നതു മണ്ണാർശാലിലെ വിശിഷ്ടമായ ഒരു വഴിവാടാണു്. സന്താനലാഭേച്ഛുക്കൾ (വിശിഷ്യ പുരുഷസന്താനം) ആയ ദമ്പതിമാർ മണ്ണാർശാൽ ഇല്ലത്തുചെന്നു "വലിയമ്മ" യുടെ സന്നിധിയിൽ തൊഴുതു് അടിയറവച്ചു് അനുജ്ഞവാങ്ങിക്കൊണ്ടു ക്ഷേത്രസന്നിധിയിൽ ഒരു ഉരുളികമഴ്ത്തി നടയ്ക്കുവയ്ക്കും. ക്ഷേത്രത്തിലെ നിത്യനിദാനങ്ങൾക്കു പുറമേ, സ്വയം നടത്താറുള്ള നിത്യപൂജകൾ കഴിച്ചുശേഷം വാദ്യഘോഷങ്ങളോടും. ചങ്ങലവിളക്കു മുതലായ അകമ്പടികളോടുംകൂടി വലിയമ്മ ആ ഉരുളി എഴുന്നള്ളിച്ചു, വലിയ നാലുകെട്ടിലെ ഉരുളികമഴ്ത്തു നിലവറയിലേയ്ക്കു എഴുന്നള്ളിച്ചു ഇരുത്തും. ഈ വഴിവാടു കഴിച്ചു് ഒരു മണ്ഡലത്തിനകം സാധാരണമായി പ്രാത്ഥന നടത്തിയ സ്ത്രീ ഗഭവതിയാകാറുള്ളതായി അനുഭവസ്ഥർ പറഞ്ഞുകേൾക്കാൻ ഇടയായിട്ടുണ്ടു്. പ്രസവാനന്തരം ശിശുവിനെയുംകൊണ്ടു മാതാപിതാക്കന്മാർ ക്ഷേത്രത്തിൽ വന്നു പ്രത്യേക വഴിവാടുകൾകഴിച്ചു "ഉരുളി മലത്തിക്കുക" എന്ന കമ്മം നടത്തി തിരിച്ചുപോകണമെന്നുള്ളതും ഒരു നടത്തയാണു്. ഈ വഴിവാടു് അദ്യാപി നടത്തപ്പെട്ടുപോരുന്നു.

വലിയ നാലുകെട്ടിൻെറ പരിശുദ്ധി.

അശുദ്ധിയുള്ള സ്ത്രീപുരുഷന്മാക്കു് ആക്കുംതന്നെ വലിയ നാലുകെട്ടിനകത്തോ പരിസരങ്ങളിലോ പ്രവേശിക്കുവാൻ പാടില്ല. അശുദ്ധങ്ങൾ കുടുംബത്തിൽ ഉള്ളപ്പോഴും രജസ്വല

മായിരിക്കുന്ന ദിവസങ്ങളിലും "വലിയമ്മ"യ്ക്കു വാസത്തിനും ഒരു പ്രത്യേക കെട്ടിടം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആ ദിവ്യയുടെ നിത്യവാസത്തിനുള്ള അറ വലിയ നിലവറകളുടെ മീതെയുള്ള മുറിയാണ്. അമ്മയുടെ ശയനമുറിയും അതുതന്നെ. ഏകാകിനിയായി ധ്യാനൈകനിരതയായി, രാപകൽ ഒന്നുപോലെ അവിടെ ജീവിക്കുന്ന ആ വലിയമ്മ അചഞ്ചലവും അതിപാവനവും അതി ഗംഭീരവുമായ ഭക്തിയുടെയും നിഷ്ഠയുടെയും ഉജ്ജ്വലപതാക തന്നെ. നാഗരാജമാരങ്ങളായിരുന്ന "ആദിമവലിയമ്മ"മണ്ണാർശാല ക്ഷേത്രത്തിൽ നാഗരാജവിഗ്രഹമിരിക്കുന്ന ശ്രീകോവിലിന്റെ ഇടത്തുഭാഗത്തുള്ള ഗർഭഗൃഹത്തിൽ അധിവസിക്കുന്നുവെന്നാണ് സങ്കല്പം. പ്രസ്തുത ശ്രീകോവിലിനുള്ളിൽ ഒരു പുരാതനമായ മരപ്പീഠമല്ലാതെ വിഗ്രഹം യാതൊന്നും കാണപ്പെടുന്നില്ല. ആ പീഠത്തിന്റെ കീഴിലായി അതിതേജോമയമായി തിളങ്ങിക്കൊണ്ടിരിക്കുന്ന ഒരു സാധനം കാണപ്പെടുന്നുണ്ട്. അതെന്താണെന്നു് ആർക്കും നിശ്ചയമില്ല. എന്തെന്നു സ്പർശിച്ചുനോക്കിയോ മറേറാ പരിശോധിക്കുവാൻ ആരെങ്കിലും ഉദ്യമിച്ചിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല. രജസ്വലമായിരിക്കുന്ന ദിവസങ്ങളിലും ഇല്ലത്തു് അശുചലമുള്ള ദിവസങ്ങളും ഒഴികെ എല്ലാ ദിവസങ്ങളിലും ഈ രണ്ടു ക്ഷേത്രങ്ങളിലും വലിയഅറയിലും വലിയമ്മ സ്വയം നടത്തേണ്ടതായ പ്രത്യേക പൂജകളുമർച്ചനകളും കഴിച്ചശേഷമേ ആ സാധ്വിക്കു ആഹാരം കഴിക്കുവാൻ പാടുള്ളു. അതും ദിവസം ഒരു പ്രാവശ്യംമാത്രമേപതിവുള്ളു. വലിയമ്മയ്ക്കു വേണ്ടആഹാരം വലിയ നാലുകെട്ടിലെ മടപ്പള്ളിയിൽ പ്രത്യേകം പാകപ്പെടുത്തുകയാണു പതിവു്. മണ്ണാർശാലക്ഷേത്രത്തിൽ പ്രത്യേക പ്രാർത്ഥനകളും വഴിപാടുകളും നടത്തുവാൻ ചെല്ലുന്നവർ ആദ്യമായി വലിയമ്മയ്ക്കു കാണിക്കവെച്ചു് അനുഗ്രഹം വാങ്ങണമെന്നാണു മാമൂൽ.

ക്ഷേത്രം.

മണ്ണാർശാൽക്ഷേത്രം, ഇല്ലത്തിന്റെ വളപ്പിൽ പൂർവഭാഗത്തു പ്രത്യേക മതിൽകെട്ടിനുള്ളിൽ ആണെന്നും രണ്ടു ഗർഭഗൃഹങ്ങൾ ഉണ്ടെന്നും ഒന്നിൽ പരശുരാമപ്രതിഷ്ഠിതമെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നതായ നാഗരാജവിഗ്രഹവും, മററതിൽ മര

പ്പീഠവും മാത്രമേ കാണപ്പെടുന്നുള്ളുവെന്നും, വിഗ്രഹമില്ലാത്തുള്ള പീഠമിരിക്കുന്നശ്രീകോവിൽ നാഗരാജമാരങ്ങളുടെ(നാഗയക്ഷി യെന്നും പറയപ്പെടുന്നു)അധിവാസഗൃഹമാണെന്നും മുൻപ്രസ്താവിച്ചിട്ടുണ്ടല്ലൊ. പ്രസ്തുത ക്ഷേത്രപരിസരങ്ങളിൽ ആകെക്കൂടി പതിനോരായിരത്തി ഒരുന്തൂററിഒന്നു നാഗവിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. വന്മരങ്ങളാലും ലതകളാലും പടപ്പുകളാലും നിബിഡീകൃതമായ സപ്പക്കാവു വളരെവിസ്തൃതവും വിപുലവുമായിരിക്കുന്നു. പലേ രാജകുടുംബങ്ങളിലേയും കോവിലകങ്ങളിലെയും, പ്രഭുകുടുംബങ്ങളിലെയുംവകയായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള വിഗ്രഹസമൂഹങ്ങൾ സപ്പക്കാവിനു ഉള്ളിൽ ഉൾപ്പെട്ടിട്ടുണ്ട്.

സപ്പപ്പാട്ട്.

മണ്ണാർശാൽ ക്ഷേത്രത്തിലെ നിത്യനിദാന സിൽബന്തികളായ പഞ്ചവാദ്യക്കാർ, പാണിവാദ്യക്കാർ മുതലായവരുടെ കൂട്ടത്തിൽ കുടുംബപ്രതിയന്മവക്കാരായ പുള്ളോനും പുള്ളോത്തിയും ഉണ്ട്. നിത്യവും വില്ല്, കുടം, വീണ, തപ്പാകൊട്ട മുതലായ ഉപകരണങ്ങളോടുകൂടി ഈ പുള്ളോനും പുള്ളോത്തിയും കിടാങ്ങളുംകൂടി സപ്പപ്പാട്ടു പാടിവരുന്ന പതിവ് ഏതുകാലത്തു് ആരംഭിച്ചുവെന്നു് ആക്കുംനിശ്ചയമില്ല. പുള്ളോൻ സപ്പപ്പാട്ടുപാടുമ്പോൾ ആദ്യം വെട്ടികോട്ട് എന്നു ആരംഭിച്ചു പിന്നീട് "മണ്ണാർശാൽ" എന്നു തുടന്നുപാടുന്നുണ്ട്. വളരെ പുരാതനമായ ഒരു ഗീതിയാകുന്നു ഇതു്.

നാല്പതു സംവത്സരത്തിലൊരിക്കൽ. "സപ്പപ്പാട്ട്" എന്നൊരു മഹായജ്ഞം പ്രസ്തുതക്ഷേത്രത്തിൽ നടത്തപ്പെട്ടുവരുന്നുണ്ട്. ആദ്യത്തെ 24 ദിവസം ഇല്ലത്തുനിന്നും, മററു ദിവസങ്ങളിലെ അടിയന്തിരം ജനങ്ങളിൽ ഓരോരുത്തരുടെ ചെലവിന്മേലും നിവ്വഹിച്ചുവരുകയാണു പതിവ്.

കാത്തികതിരുനാൾ രാമവമ്മ തിരുവിതാംകൂർ മഹാരാജാവു കൊല്ലവഷം 940-ൽ മണ്ണാർശാലിൽ എഴുന്നള്ളി തുലാമാസത്തിലെ ആയില്യം പൂജ നടപ്പിലാക്കിയതാണു്. അന്നു അവിടുന്നു കാണിക്ക ഇട്ടു. അങ്ങനെ തുലാമാസത്തിലെ ആയില്യത്തിനു സക്കാർവകയായ കാണിക്ക നടപ്പിൽ വന്നു. പിന്നീട് ബാലമാത്താണ്ഡവമ്മ, സ്വാതിതിരുനാൾ, ഉത്രം

തിരുനാൾ, ആയില്യംതിരുനാൾ എന്നീ മഹാരാജാക്കന്മാരും അശ്വതിതിരുനാൾ ഇളയമഹാരാജാവും മണ്ണാർശാലിൽ എഴുന്നള്ളി ദർശനം കഴിച്ചിട്ടുണ്ട്. മഹാരാജാക്കന്മാർ ഓരോകാലത്തായി നടയ്ക്കുവച്ചിട്ടുള്ള പട്ടുകളുടെ നഷ്ടശിഷ്ടങ്ങൾ നടവരവു സാധനങ്ങളുടെകൂട്ടത്തിൽ കാണപ്പെടുന്നു. കാണിക്ക നടവരവ് എന്നീ ഇനങ്ങളിൽ പല അപൂർവനാണ്യങ്ങളും, വിശിഷ്ടസാധനങ്ങളും മണ്ണാർശാൽ ഇല്ലത്തു സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

അണ്ഡാകൃതിയിലുള്ളതും, സ്ഫടികംപോലെ അന്തർദൃശ്യകവുമായ ഒരു സാധനത്താൽ വിരചിതവുമായ ഒരു കാണ്ഡത്തിൽ അടയ്ക്കപ്പെട്ടിട്ടുള്ള ഒരു കൃമ്മം, അവിടത്തെ വിശിഷ്ടസാധനങ്ങളിൽ ഒന്നാകുന്നു. പ്രസ്തുത കൃമ്മം, കാണ്ഡത്തിനകത്തിരുന്നു, കാണ്ഡസ്പർശനമാത്രത്താൽ ചലിച്ചുകൊണ്ടിരിക്കും.* വിക്രമരാശിയായ മാർത്താണ്ഡവർമ്മമഹാരാജാവു മണ്ണാർശാലിൽ എഴുന്നള്ളിയ സമയം അരിപ്പാട്ടുകാരനായ ഒരു ശില്പി, പ്രസ്തുത കാണ്ഡം തിരുമനസ്സിലേക്കു തിരുമുൽക്കാഴ്ച വച്ചതാണെന്നും, അവിടുന്നു് അതിനെ മണ്ണാർശാൽക്ഷേത്രസന്നിധിയിൽ നടയ്ക്കുവച്ചുവെന്നും പറയപ്പെടുന്നു. കൃമ്മകാണ്ഡം പണിഞ്ഞ ശില്പിയുടെ കുടുംബക്കാർ മണ്ണാർശാൽ ഇല്ലത്തിനു് അടുത്തു തെക്കുവശത്തു് അദ്യാപി താമസിച്ചുവരുന്നു. അവരിൽ നാഗേന്ദ്രൻ എന്ന ശില്പി അടുത്തകാലത്തു ജീവിച്ചിരുന്ന ഒരു പ്രസിദ്ധ പണിക്കാരൻ ആയിരുന്നു.

കൊടി.

മണ്ണാർശാലിൽ കബന്ധാകൃതിയിലുള്ള പുരാതനമായ ഒരു കൊടി ഉണ്ട്. അതിൽ നാഗരാജാവു്, നാഗയക്ഷി, മഹാഭാരതകഥ, എന്നിവ വെള്ളിവിഗ്രഹങ്ങളാൽ വിരചിതമാക്കപ്പെട്ടിരിക്കുന്നു.

വിളക്കുകൾ, കിണ്ടികൾ മുതലായവ.

ഇപ്പോൾ നിട്ടപ്പില്ലാത്തതരം വെങ്കലത്തിൻചേരുവയിൽ വാർത്തു് ഉണ്ടാക്കപ്പെട്ടിട്ടുള്ളവയും, ശില്പവൈചിത്ര്യസ്വഭാവത്താൽ ഉദ്ദേശം മൂന്നുനാലായിരം വർഷം പഴക്കമുള്ളവയെന്നു് അനുമാനിക്കപ്പെടാവുന്നവയും ആയ പല തൂക്കുവിളക്കുകളും നിലവിളക്കുകളും കിണ്ടികളും അവിടത്തെ ഭണ്ഡാരപ്പുരയിൽ

* ഇപ്രകാരം ഒരു 'കൃത്രിമകൃമ്മകാണ്ഡം' പന്തളംകൊട്ടാരത്തിലും ഉള്ളതാകുന്നു.

സൂക്ഷിക്കപ്പെട്ടുപോരുന്നു. അവയിൽ ഏറ്റവും ശ്രദ്ധേയങ്ങളായി കാണപ്പെട്ട, രണ്ടു തൂക്കുവിളക്കുകൾ "പൃക്കുമ്പൻ" ജാതിയാണു്. അവയുടെ വസ്തുളാകൃതിയിലുള്ള ചുവട്ടിൽ, അഴുത്തും ഉണ്ടാക്കപ്പെട്ടിട്ടുള്ള ലതകളും ചതുരപാരങ്ങളും കമനീയമായി സജ്ജമാക്കപ്പെട്ടിരിക്കുന്നു. മദ്ധ്യത്തിൽ നാഗപ്രതിമയും, നാഗത്തിൻെറ പിന്നിലായി, മുടി മൂർദ്ധാവിൽ കെട്ടിവച്ചിട്ടുള്ള നാഗസ്ത്രീപ്രതിമയും ഉള്ളതായ ഒരു "നാക്കുവിളക്കു"ണ്ടു്. മറെറാരു ശ്രദ്ധേയമായ വിശിഷ്ടസാധനം. ഇവ, വളരെ പുരാതനമായ ഒരു ചെരുവയിൽ വാർത്തു് എടുക്കപ്പെട്ടിട്ടുള്ള ഉരുപ്പടികളാണു്. ഇവയ്ക്കുള്ള കേടുപാടുകൾ തീർക്കുവാൻ, ആധുനികകാലത്തു നിലവിലിരിക്കുന്ന വെങ്കലച്ചെരുവകൊണ്ടു സാദ്ധ്യമല്ലെന്നു ശില്പവിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അതിപുരാതനമായ ഒരുകാലത്തു "ചങ്ങനാശ്ശേരഖനി"കളിൽനിന്നു് എടുക്കപ്പെട്ടുവന്ന ലോഹത്താൽ നിർമ്മിതമാണു് പ്രസ്തുത ഉരുപ്പടികൾ എന്നാകുന്നു, ഇവയെക്കുറിച്ചുള്ള ഐതിഹ്യം. ഉദ്ദേശം അയ്യായിരം വർഷത്തിൽ കുറയാതുള്ള കാലപ്പഴക്കം ഈ സാധനങ്ങൾക്കു് ഉണ്ടെന്നു ശില്പവിദഗ്ദ്ധന്മാർക്കു് ഉള്ള അഭിപ്രായം, ഇതരതെളിവുകളാൽ സാധൂകരിക്കാവുന്നതാണു്.

ചെറിയ പൂട്ടു കിണ്ടിവാലും, വാച്ചുറവുംകൂടി ഒരു പാലത്താൽ സംഘടിതമായ ഒരു കിണ്ടിയും, പൊക്കമുള്ള ചുവടും കുംഭാകൃതിയും, മലന്ന വാച്ചുറവും വാലും ഉള്ള രണ്ടു കിണ്ടികളും പ്രത്യേകം ശ്രദ്ധേയങ്ങളായ വെങ്കല ഉരുപ്പടികളാണു്. ഇവയ്ക്കും, മുൻപ്രസ്താവിക്കപ്പെട്ടതായ കാലപ്പഴക്കം കാണുന്നുണ്ടു്. വെങ്കലച്ചെരുവയും വളരെ പുരാതനമാണു്. ഇവ തല്ലിപ്പൊടിച്ചു് ഉരുക്കുവാനോ, ആധുനികവെങ്കലം ചേർത്തു കൂട്ടി ഉരുക്കുവാനോ സാദ്ധ്യമല്ലെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

അഞ്ചുമുഴം നീളമുള്ള അലകുകൊണ്ടു് ഉണ്ടാക്കപ്പെട്ടിട്ടുള്ളതും, തോൽ പൊതിഞ്ഞിട്ടുള്ളതുമായ ഒരു വലിയ വില്ലും, രണ്ടു കായംകുളം വാളുകളും, ഒരു തലയ്ക്കു മൂർച്ചയുള്ള മറെറാരു ഖഡ്ഗവും മററു വിശിഷ്ടസാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നു. കൊല്ലം 948-ൽ തിരുവിതാംകൂർ ജനറൽ കുമാരൻതമ്പിയും പുള്ളിപ്പട്ടാളവുംകൂടി നടയ്ക്കുവച്ച ഒരു വലിയവിളക്കും

കയ്യുംകെട്ടും ഭാസ്യപിള്ള നടയ്ക്കുവച്ച മറ്റൊരു വലിയ വിളക്കു കാണുന്നു.

അതിപുരാതനങ്ങളായ കാലങ്ങളിൽ നാട്ടിൽതന്നെ ഗ്രീക്കും റോമൻനാണ്യങ്ങളും, പോർത്തുഗീസ്നാണ്യങ്ങളും, പുരാതന ഭാരതരാജ്യനാണ്യങ്ങളും, അഷ്ടവീരാശി, അഞ്ചിയാൻ കേരളനാണ്യങ്ങളും ഇന്നിപ്രകാരം വിവിധാകൃതിയിലും വലിപ്പങ്ങളിലും ഉള്ള നാണ്യം, വെള്ളിനാണ്യങ്ങളും മണ്ണാർശാലയിലെ ഭണ്ഡാരത്തിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട്.

ഭാരതത്തിന്റെ നാനാഭാഗങ്ങളിലും സിലോൺ മുതലായ പരദേശങ്ങളിലും നിന്ന് ഭക്തജനങ്ങൾ, ആരാധനയ്ക്കായി മണ്ണാർശാലയിൽ വന്നുകൊണ്ടിരിക്കുന്നു. ആധുനികകാലത്തും

മണ്ണാർശാല വലിയമ്മ.

ഏതാദൃശരായ ഭക്തസന്ദർശകരുടെ സംഖ്യ വർദ്ധിച്ചുവരുന്നതേയുള്ളു. ജിജ്ഞാസാനിവൃത്തിക്കും, ദേശചരിത്രപരമായ ഉദ്ദേശത്തെ ലാക്കാക്കിയും ഓരോ കാലഘട്ടങ്ങളിലായി ചില വൈദേശിക സന്ദർശകന്മാരും, പ്രസ്തുത ക്ഷേത്രപ്രാന്തങ്ങളിൽ എത്തി വസ്തുതകൾ കേട്ടറിഞ്ഞും, ദൂരെ നിന്നു കാണാവുന്നിടത്തോളം കാഴ്ചകൾ കണ്ടറിഞ്ഞും കുതൂഹലഭരിതരായി തിരിച്ചു പോയിട്ടുണ്ടെന്നും അനുമാനിക്കാവുന്നതാണു്.

തുലാമാസംതോറും ആയില്യംനാളിൽ നടത്തപ്പെട്ടുവരുന്ന "ആയില്യംപൂജ" ഉത്സവംപ്രമാണിച്ചു കേരളത്തിന്റെ നാനാഭാഗങ്ങളിലും പരദേശങ്ങളിലുംനിന്നു അസംഖ്യം സന്ദർശകഭക്തന്മാരും, വാണിജ്യാർത്ഥം വണിക്കുകളും മണ്ണാർശാലയിൽ വന്നുകൂടുക പതിവാണു്. ആയില്യംപൂജ സംബന്ധിച്ചുള്ള എഴുന്നള്ളത്തിൽ, നാഗരാജാവിന്റെ ബിംബം ശിരസ്സിൽ വച്ചുകൊണ്ടു്, സർവാഡംബരസമന്വിതം, "വലിയമ്മ" വലിയ അറയിൽനിന്നു ക്ഷേത്രത്തിലേക്കും, തിരിയെ വലിയ അറയിലേക്കും നടത്തുന്ന ഘോഷയാത്ര ദർശനീയമായ ഒരു കാഴ്ചയാകുന്നു. സന്യാസവൃത്തിയിലാണു ജീവിതമെങ്കിലും, മലയാളബ്രാഹ്മണാന്തർജ്ജനങ്ങൾക്കു പുരാതനമായുള്ള ഘോഷാസമ്പ്രദായം കൈവെടിഞ്ഞിട്ടില്ലാത്ത "വലിയമ്മ"യുടെ ദിവ്യദർശനം, പൊതുജനങ്ങൾക്കു സിദ്ധിക്കുവാൻകഴിവുവരുന്നതു്, ആയില്യം ഘോഷയാത്രാഘട്ടംതോറും മാത്രമാകുന്നു.

തീപ്പൊള്ളൽ നിമിത്തം വൈഷമ്യം ഉണ്ടാകുന്നവർ മണ്ണാർശാൽ ഇല്ലത്തുചെന്നു് അറിയിക്കുകയും, അവിടത്തെ അംഗങ്ങൾക്കുള്ള അഗ്നിമന്ത്രദീക്ഷാശക്തിനിമിത്തം, അവരിൽ ആരെങ്കിലും വെള്ളംജപിച്ചു് ഒഴിച്ചു പൊള്ളൽ പരിഹരിക്കുകയും ചെയ്യുന്നതു്, അദ്യാപി നടന്നുവരുന്ന ഒരു കാര്യമാകുന്നു.

ചരിത്രാതീതകാലങ്ങൾതൊട്ടു കേരളത്തിൽ നിലവിലിരിക്കുന്ന സർപ്പാരാധനാസമ്പ്രദായത്തിന്റെ ആദർശച്ഛായയാകുന്നു, മണ്ണാർശ്ശാൽക്ഷേത്രവും പരിസരങ്ങളും, അവിടത്തെ നിത്യനിദാനരീതിയും വ്യക്തമാകുന്നതെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

൧൩-ാം അദ്ധ്യായം

പുരാതനകേരളത്തിലെ ഔഷധവർഗ്ഗം.

(ചെടികളും മൂലികകളും ൨൦൦.)

വേപ്പ്, ആര്യവേപ്പ്, കരിവേപ്പ്, കൊടിത്തൂവ, ആവണക്ക്, കൂവളം, (കൂവളത്തുംവേർ) വള്ളാങ്കാ, വള്ളിഉഴിഞ്ഞ, കിഴകാനല്ലി, കുറുന്തോട്ടി, പൂവൻകുറുന്തൽ, നിലവാക, നീലവാക, നീലഉമ്മം, ചെറുതേക്ക്, വെള്ളഉമ്മം, ഓരില, മൂവില, വെളുത്തചുണ്ട, കറുത്തചുണ്ട, ചെറുവഴുതന, പുത്തരിച്ചുണ്ട, കാട്ടുചുണ്ട, (കണ്ടൻകത്തിരി) ഞെരിഞ്ഞിൽ, ശംഖുപുഷ്പം, (നീലപ്പൂവും വെള്ളപ്പൂവും ഉള്ള രണ്ടുതരം) ശതാവരി, നറുനീണ്ടി, വയമ്പ്, കാട്ടുതുമ്പ, കരിന്തുമ്പ, മുയൽചെവിയൻ, ചെറുപുള്ളടി, ആനച്ചുവടി, മുക്കുറ്റി, വയറവള്ളി, അട്ടനമ്പുവള്ളി, പാൽമുതക്ക്, പപ്പടപ്പുല്ല്, കറുക, ചെറുകറുക, മുത്തങ്ങാ, കാട്ടുചേന, കുമിഴ്‌വേര്, പാതിരി (വേര്) പയ്യായിനി (വേര്), നീലക്കരിമ്പ്, കണ്ണിവെററില, വരിക്കപ്പിലാന്തൊലി, വരിക്കമാവിൻതൊലി, ചൂണ്ടപ്പനവേര്, കൊടപ്പനവേര്, കമുകിൻവേര്, തെങ്ങിൻവേര്, തെങ്ങിൻചൊട്ട, കമുകിൻപൂക്കുല, ഞാറ (തൊലി-വേര്), ചെത്തിപ്പൂവ്, (വേരും പുഷ്ക്കരമുല്ല, പിച്ചകവേര്, (ഇല, മൊട്ട്) കാട്ടുമുല്ല, (വേര് കാട്ടുതൃത്താവ്, കാട്ടുതുളസി, കൃഷ്ണതുളസി, പനിക്കൂർക്കയില പുളിയില, ഞെരിഞ്ഞൻപുളി, കൊടമ്പുളിവേര്, പച്ചമഞ്ഞൾ കിഴങ്ങ്, കച്ചോലം, രാമച്ചം, തൊങ്ങണംപുല്ല്, നായ്ക്കുരണ കാട്ടുള്ളി, പേരകത്തില (വേര്) കൊടിക്കൊഴുവവേര്, കൊ[illegible]പ്പ്, പൊൻകുരണ്ടി, ബ്രഹ്മി, തിരുതാളി' ചെങ്ങഴനീർപ്പൂവ് പച്ചകർപ്പൂരം, (ചെടി) കാട്ടുമുളകുകൊടി, ചങ്ങലംപരണ്ട ചെറുപുള്ളടി, കൈതവേര്, കൈതമുല, താമരവളയം, താമരയല്ലി, താമരക്കിഴങ്ങ്, ആമ്പൽക്കിഴങ്ങ്, നീർപ്പോള, കാട്ടുപ്പായൽ, കരിങ്കൂവളം, കൂൺ, മരമഞ്ഞൾ, അത്തി (വേര് കായ, പട്ട, ഇല) ഇത്തിവേര്, അരയാൽ, (ഇല, മൊ

വേരു, പട്ട) പേരാൽ, (ഇല, മൊട്ടു്, വേരു്, പട്ട) പൂവരശ്ശു്, (വേരു്, ഇല, മൊട്ടു്, പട്ട) കദളിവാഴ, (പഴം, കിഴങ്ങു്) കണ്ണൻവാഴ (ഇല) കററാർവാഴ (ഇല) പുളിയാറില, ഉപ്പനച്ചി, (വേരു്, ഇല, പൂവു്) പനച്ചിക്കായു്, കുരുപ്പുരുത്തി, (ഇല. വേരു്, മൊട്ടു്) നെല്ലി, (ഇല, വേരു്, തൊലി, കായു്,) താന്നി, (ഇല, വേരു്, തൊലി, കായു്,) കടുക്ക, (ഇല, പട്ട, വേരു്, കായു്) കന്നി, (വേരു്, കുരു,) മഞ്ചാടി, (വേരു്, പട്ട, ഇല, കുരു,) തൊട്ടാവാടി, (വേരു് ഇല, പൂവു്) അന്തിമലരി, (കിഴങ്ങു്) ചെറുനാരകം, (കായു്, ഇല, തൊലി, വേരു്) പാണൽ, (ഇല, വേരിലെ തൊലി) പൊന്നാരി, (വേരു്, ഇല, തൊലി, പൂവു്) താമര, (ഇല, പൂവു്, വേരു്) മുഞ്ഞ, (ഇല, വേരു്, തൊലി) മയിലാഞ്ചി, (വേരു, ഇല, തൊലി) അങ്കോലം, (കായു്, ഇല, പട്ട, വേരു്) കോവൽ, (കിഴങ്ങു്, കായു്, ഇല, തണ്ടു്) കാട്ടുപാവൽ, (ഇല, തണ്ടു്, വേരു് കായു്) കാട്ടുപടവലം, (വേരു്, ഇല, തണ്ടു്, കായു്) കാട്ടുവെള്ളരി, (ഇല, വേരു്, തണ്ടു്, കായു്) നെയ്യുണ്ണിക്കായു്, (ഇല, വേരു്, തണ്ടു്, കായു്) ദർഭവേരു്, ചമത, (ഇല, വേരു്, തൊലി) പാച്ചോററി വേരു്, ഇല, പട്ട) ഉതി, (ഇല, വേരു്, പട്ട, കായു്) ചേർമരം, (ചേർക്കുരു) കാഞ്ഞിരം, (കായു്, വേരു്, പട്ട, ഇല) കടമ്പു്, (തൊലി, വേരു്, ഇല, പട്ട, പൂവു്) വാളൻപുളി, (പട്ട ഇല, വേരു, കാതൽ) കൊടമ്പുളി, (വേരു്, തൊലി, ഇല, കായു്) വേങ്ങ, കാതൽ, തൊലി, വേരു്) കരിങ്ങോട, (ഇല, വേരു, പട്ട) കുടലുചുരുക്കി, ഓടൽ, (കുരു, വേരു) ചെറുപുന്ന, (വേരു്, കായു്, ഇല) വൻപുന്ന, (ഇല, പട്ട, വേരു്, കായു്) മരോട്ടി, (കായു്, വേരു, പട്ട, ഇല) പേര, (തൊലി, ഇല, വേരു്) കൈതപ്പോള, അശോകം, (വേരു്, പട്ട, പൂവു്) പല്ലാഞ്ഞി, (ഇല, പൂവു്) വെട്ടി, (തളിരു) ഇലഞ്ഞി, (പട്ട, വേരു്, കായു, പൂവു്) പാല, (തൊലി, വേരു്, പൂവു്) കുണ്ഡലപ്പാല, (വേരു) താർതാവൽ, വൻകടലാടി, ചെറുകടലാടി, ഏരകപ്പുല്ലു്, ഇല്ലി, (നാമ്പു്, വേരു) മുള (നാമ്പു്, അരി) പാമൊട്ടു്, (ഇല, വേരു) ഇലവു് (പട്ട, വേരു) കഴഞ്ചി, (കുരു, വേരു, ഇല) അഴററവാഞ്ചി (കായു്) കണ്ടൽ, (വേരു്) മുരിക്ക (പൂവു്, ഇല, പട്ട, മുരിങ്ങ, (ഇല, പട്ട, വേരു, കായു്) കിളിഞ്ഞിൽ, (ഇല, വേരു, പട്ട) മുല്ല, (ഇല, വേരു്, പൂവു്) വേനപ്പച്ച, മടിയാന്ത്രപ്പച്ച.

പുഷ്കരില, ആടലോടകം, (ചെറുപ്പ്-ഇല, വേര്) നന്ത്യാർവട്ടം,(പൂവ്, വടക്കോട്ട പോഞ്ഞിരിക്കുന്ന വേര്)പുള്ളടി, കാട്ടപുള്ളടി, കാട്ടുപയറ്, ചെറുചീര, തിരുതാളി, പെരുംകുരുമ്പ, കരിക്ക്, (വെള്ളം) മുളകുകൊടി, (ഇല, വേര്, തണ്ട്, നല്ലമുളക്, ആഞ്ഞിലി(പട്ട, ആഞ്ഞിലിത്തിരി) ഇലഞ്ഞിത്തിരി, വഴന (പൂവ്, പട്ട, ഇല,) വെള്ളരിക്കാമാന്നി, കുമ്പളങ്ങ, ഞാവൽപ്പഴം, ചെന്നാണ്ടി, കുരുക്കുത്തി, (വേര്) പെരുമരത്തിൻകറ, വട്ടപ്പട്ട, തേക്കിൻനാമ്പ്, ചിരട്ട(തൈലം), അമരി(ഇല), തെങ്ങ്, (തെങ്ങിൻകള്ള് തെങ്ങിൻചാരായം) കൊടപ്പന, (പനംകള്ള്), ചൂണ്ടപ്പന (അക്കാനി, പനന്തേങ്ങ, (നൊങ്ക്) പനങ്കിഴങ്ങ്), കമുക് (ക്രമ്പടയ്ക്ക, പൂക്കുല) കൃഷ്ണക്രാന്തി, നാളികേരം, (ഉരുക്കുവെളിച്ചെണ്ണ, വാട്ടുവെളിച്ചെണ്ണ) എള്ള്, (നല്ലെണ്ണ, എള്ളിൻപൂവ്) ഓടൽ, (ഓടൽക്കുരു, ഓടൽഎണ്ണ) വേപ്പിൻകുരു, (വേപ്പെണ്ണ) ആവണക്കിൻകുരു, (ആവണക്കെണ്ണ) മരോട്ടിക്കുരു, (മരോട്ടിഎണ്ണ) പുന്നയ്ക്ക, (പുന്നയ്ക്കാഎണ്ണ) അമൃത്.

മലയാളദേശത്തെ രോഗങ്ങൾ.

1. മന്ത്, കുഷ്ഠം, പാണ്ഡു, അർശസ്സ്, ക്ഷയം, പ്രമേഹം.

2. നീക്കോമ്പൻ, (നടപ്പുമാസ്സം,) മസൂരി.

3. ആന്ത്രനോവ്, ശൂലനോവ്, സന്നി (കോട്ട) അതിസാരം, കല്ലടപ്പ്, (മൂത്രരോഗം) ഗ്രഹണി, മഞ്ഞനോവ്, (മഞ്ഞപ്പിത്തം) കഴലപ്പനി, പനി (ജ്വരം) ത്രിദോഷജ്വരം, മല്ലൻ (തുള്ളൽ) പനി, വിടാത്തപനി, മലമ്പനി, രാജക്ഷ്മ, നീരൊഴുക്ക്, പ്രമേഹം, ആന്ത്രവീക്കം, മഹോദരം, കാമല, സന്നി, സന്നിപാതജ്വരം, കണ, പശുക്കരണി, നീർത്തരിപ്പ്, (നീക്കൊമ്പ്) അസ്ഥിസ്രാവം, രക്തപിത്തം, വാതം, രക്തവാതം, പക്ഷവാതം, ഛർദ്ദി, തീപ്പൊള്ളൽ, ചൊറി, ചോരവാപ്പ്, കരപ്പൻ, (പൊങ്ങൻപനി) അരയാപ്പ്, സന്നിവാതം, എങ്ങൽ, ചുമ, കവിൾവാർപ്പ്, കണ്ഠമാല, പുണ്ണ്, പരു, ആയിരംകണ്ണി, (പ്രമേഹക്കുരു) രക്തസ്രാവം, ചെങ്കണ്ണ്, കൺവ്യാധി, കൺതിമിരം, നീർപ്പോളവ, സുഖസന്നി.

൧൭-ാം അദ്ധ്യായം.

കേരളത്തിൽ ചികിത്സയും വ്യവസായവും നടത്തുന്ന ക്ഷേത്രങ്ങൾ.

പുരാതനകാലം മുതൽ കേരളത്തിൽ ചികിത്സ നടത്തിവരുന്ന ചില ക്ഷേത്രങ്ങൾ ഉണ്ടു്. ആ സ്ഥാപനങ്ങളിൽ, ഏതൊരു വിദൂരമായ അതീതകാലത്തു ചികിത്സാപദ്ധതി ആരംഭിച്ചുവെന്നും, ഏതൊരു ഭക്തനായ സിദ്ധൻെറ ആഭിമുഖ്യത്തിലാണു്, സാമൂഹ്യസേവനപരമായ ആ മഹാത്യാഗം സമാരംഭിക്കപ്പെട്ടതെന്നും, അനുമാനിക്കുവാനുള്ള ലക്ഷ്യങ്ങൾ അജ്ഞാതങ്ങളാണെങ്കിലും, ബുദ്ധജൈനമതങ്ങൾക്കു കേരളത്തിൽ പ്രചരപ്രചാരം സിദ്ധിച്ചിരുന്ന കാലങ്ങളിൽ, ആ മതപരിധിയിൽ ഉൾപ്പെട്ട ലോകരക്ഷാർത്ഥം ജീവിച്ച ചില ത്യാഗികളായ യതിവര്യന്മാരുടെ ദിവ്യസങ്കേതങ്ങളായിരുന്നു, പ്രസ്തുതക്ഷേത്രങ്ങൾ എന്നും, ആ ദിവ്യന്മാർ അവിടെ വച്ചു നടത്തിവന്ന ചികിത്സാക്രമങ്ങളാണു്, ആധുനികകാലത്തും നിലവിലിരിക്കുന്ന പ്രസ്തുതപതിവുകൾക്കു് അടിസ്ഥാനമെന്നും നിർണ്ണയിക്കുന്നതു യുക്തിയുക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കാഞ്ഞിരക്കോട്ടു് വൈദ്യനാഥസ്വാമിക്ഷേത്രം.

പുരാതനകാലത്തു്, ത്വക്‌രോഗസംബന്ധമായും രക്തദുഷ്യപരമായുമുള്ള വ്യാധികൾക്കു് ഈ ക്ഷേത്രത്തിൽ ചികിത്സകൾ നടത്തിവന്നിരുന്നു. അവിടെ ഭജനം പാർക്കുകയാണു രോഗികൾ ചെയ്യേണ്ടതു്. ക്ഷേത്രത്തിൽ നിന്നും കുറെ താഴെ നീങ്ങി ഒഴുകുന്ന ചോലയിലെ ജലം കോരി അരി വച്ചു് ഉണ്ണുകഴിക്കുകയും, പ്രസാദമായ ഭസ്മം വാങ്ങി ശരീരത്തിൽ പൂശുകയും, ജലത്തിൽ ലക്കി കുടിക്കുകയും ചെയ്താൽ രോഗശമനം സിദ്ധിക്കപ്പെടുമെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. അഷ്ടവൈദ്യന്മാരിൽ ഒരാളായ ആലത്തൂർ നമ്പിയുടെ കുടുംബം ഈ ക്ഷേത്രത്തിൽ നിന്നു അകലെയല്ല. പ്രാചീനകാലത്തു് ആലത്തൂർ നമ്പിയുടെ ചികിത്സയിൽ ഇരുന്ന ഒരു ബ്രാഹ്മണ

കുഷ്ഠരോഗി, ആ ക്ഷേത്രത്തിൽ ഭജനം പാർത്തതായും, ഒരു ദിവസം രാത്രിയിൽ സ്വപ്നത്തിൽ ലഭിച്ച സന്ദേശം അനുസരിച്ച് ക്ഷേത്രത്തിൻെറ താഴെയുണ്ടായിരുന്ന പുഴക്കടവിൽനിന്ന് വെള്ളംകോരി അരിവച്ച് ഊണുകഴിച്ച്, ഒരു മണ്ഡലം പൂർത്തിയായപ്പോഴേക്ക രോഗം നിശ്ശേഷം ഭേദപ്പെട്ടതായും, വസ്തുത അറിഞ്ഞ ആലത്തൂർ നമ്പി "കാഞ്ഞിരങ്കോട്ട" ദേവൻ ഇത്ര വലിയ വൈദ്യനോ?എന്നുചോദിച്ചുകൊണ്ട് ബ്രാഹ്മണനെ കൂട്ടിക്കൊണ്ടു അരിവയ്ക്കുവാൻ ഉപയോഗിച്ച ജലം ഒഴുകുന്ന കല്യയുടെ ഗതിയ്ക്കു പ്രതിലോമമായി മേല്പോട്ടു നടന്നുചെന്നു പരിശോധന നടത്തിയെന്നും, അപ്പോൾ ചത്തു് ഒരു വൃക്ഷശാഖയിൽ തൂങ്ങിത്തെറ്റ കിടക്കുന്ന ഭീമാകാരമായ ഒരു പെരുമ്പാമ്പിൻെറ ജഡം കാണപ്പെട്ടുവെന്നും,അതിൽനിന്നു് നെയ്യ് ഊറി ധാരധാരയായി കല്യാജലത്തിലേക്ക നിപതിച്ചുകൊണ്ടിരുന്ന കാഴ്ചകണ്ടു കാര്യം മനസ്സിലാക്കിയെന്നും ഒരു ഐതിഹ്യം ഉണ്ട്. പെരുമ്പാമ്പിൻനെയ്യ് ഒരുകപ്പി സേവിച്ചാൽ കുഷ്ഠരോഗം ശമിക്കുമെന്നു്, ആലത്തൂർനമ്പി വിധിച്ചതിൽ രസമാവാതെ കാഞ്ഞിരങ്കോട്ട ദേവസന്നിധിയിൽ ഭജനംപാർത്ത ആ ബ്രാഹ്മണൻ, പെരുമ്പാമ്പിൻനെയ്യു കലൻ കല്യാജലത്തിൽ ഒരു മണ്ഡലകാലം അരിവച്ച് ഊണും സ്നാനവും കഴിച്ചതോടുകൂടി പതിനാറു കപ്പി നെയ്യോളം ഉള്ളിൽ ചെന്നിട്ടുള്ളതായി നമ്പി കണക്കാക്കി, ആ പരമാർത്ഥം ബ്രാഹ്മണനെ ധരിപ്പിച്ചു. ഇപ്രകാരമുള്ള ഔഷധങ്ങൾ രോഗികളെ സേവിപ്പിക്കേണ്ടതു്, ഔഷധം ഇന്ന പദാർത്ഥത്താൽ ഉണ്ടാക്കപ്പെട്ടതെന്നു രോഗികളെ മനസ്സിലാക്കാതെ വേണമെന്നും, വാസ്തവം അറിവാനിടയായാൽ, ഫലക്ഷം അതു സേവിക്കാൻ വൈമനസ്യം ഉണ്ടാകുമെന്നും പ്രത്യേകിച്ച് പറയണമെന്നില്ലല്ലോ. അക്കാലംമുതൽ ആലത്തൂർനമ്പി ചികിത്സ ചുരുക്കിക്കളഞ്ഞതായും ഒരു ചൊല്ലുണ്ട്. ആധുനികകാലത്തുംരോഗികൾ ആ ക്ഷേത്രത്തെ അഭയം പ്രാപിച്ചുവരുന്നുണ്ട്. കാഞ്ഞിരംകോട്ട ക്ഷേത്രം പൊന്നാനിയിൽനിന്നു തെക്കമാറിയാണു്.

ഗുരുവായൂർക്ഷേത്രം.

ഗുരുവായൂർ ക്ഷേത്രത്തിലെ ഉപാസനാമൂർത്തിക്ക "ഗുരുവായൂരപ്പൻ" എന്നുള്ള നാമം പ്രസിദ്ധമാണല്ലോ. വാത

രോഗികൾ പ്രസ്തുതക്ഷേത്രത്തിൽ ഭജനംപാൎക്കുകയും, അവിടത്തെ ദേവന്ന് അഭിഷേകംചെയ്ത എണ്ണ വാങ്ങി സേവിക്കുകയും ചെയ്താൽ രോഗശമനം സിദ്ധിക്കുമെന്ന വിശ്വസിക്കപ്പെട്ടിരിക്കുന്നു. പ്രസിദ്ധപുരാതന കവിയായിരുന്ന മേല്പത്തൂർ ഭട്ടതിരിക്കു വാതരോഗശമനമുണ്ടായതു ഗുരുവായൂർ ക്ഷേത്രത്തിലെ ഭജനവും എണ്ണസേവയും നിമിത്തമാകുന്നു. ആധുനികകാലത്തും പല വാതരോഗികളും ഗുരുവായൂർക്ഷേത്രത്തിലെ ചികിത്സനിമിത്തം സുഖംപ്രാപിച്ചുവരുന്നുണ്ട്.

തിരുവിഴാക്ഷേത്രം.

ചേൎത്തലത്താലൂക്കിലുള്ള ഒരു ക്ഷേത്രമാണു തിരുവിഴ. ആ ക്ഷേത്രം സ്ഥിതിചെയ്യുന്ന ഗ്രാമവും പ്രസ്തുത ക്ഷേത്രത്തിന്റെ നാമത്താൽ അറിയപ്പെട്ടുവരുന്നു. ആ ക്ഷേത്രം വിഷചികിത്സയ്ക്കു വിശ്രുതമാണു്. ആഹാരസാധനങ്ങൾ മാൎഗ്ഗേണയോ, മറുപ്രകാരേണയോ ഏതുതരം വിഷവും ശരീരത്തിൽ കലരുകയാൽ ഉണ്ടാകാറുള്ള ഉദരവ്യാധി, ബുദ്ധിഭ്രമം, മുതലായ രോഗങ്ങൾക്കു കൈകണ്ട സിദ്ധൌഷധമാണു തിരുവിഴായിൽനിന്നു നൽകപ്പെടുന്ന പാനീയം. ആ ക്ഷേത്രപരിസരങ്ങളിൽ സാധാരണമായി വളൎന്നു തഴച്ചു പടൎന്നുകിടക്കുന്നതും മുള്ളും ഇലകളും ഉള്ളതുമായ ഒരുതരം ലത, ക്ഷേത്രത്തിലെ പൂജകനായ എമ്പ്രാൻ ചതച്ചു പിഴിഞ്ഞു, മരുന്നു നിവേദ്യത്തിനായി പുരാതനകാലംമുതൽ ഉപയോഗപ്പെട്ടുത്തിവരുന്ന ചെറിയകിണ്ടിയിൽ, ചാർഒഴിച്ചു പശുവിൻപാലുംകലൎത്തി ദേവനു നിവേദിച്ചശേഷം, അതിനെ, സ്നാനംചെയ്തു ശുദ്ധവൃത്തിയിൽ നിന്നിട്ടുള്ള രോഗിക്കു കൊടുക്കുന്നു. രോഗി ഔഷധം സേവിച്ചശേഷം ശ്രീകോവിലിനു പ്രദക്ഷിണംചെയ്തു നടക്കണം. പ്രദക്ഷിണം ആകുമ്പോഴേക്കു രോഗിക്കു ഛൎദ്ദിയോ വയറിളക്കമോ രണ്ടുംകൂടെയോ ഉണ്ടാകും. ആ വക വിസൎജ്ജനങ്ങൾക്കു ക്ഷേത്രപരിസരങ്ങളിൽ സൌകൎയ്യംഉണ്ടു്. ഛൎദ്ദിയും, മലവിസൎജ്ജനവും ധാരാളം ഉണ്ടായിക്കഴിയുന്നതോടുകൂടി രോഗിക്കു വലുതായ സുഖം ഉണ്ടാകുന്നതായി അനുഭവപ്പെടുക പതിവാണു്. പല രോഗികളുടെയും ഛൎദ്ദിയിലും മലത്തിലും ദഹനക്രിയയ്ക്കു വിധേയമാകാത്ത ചില വിഷസാധനകഷണങ്ങൾ കാണപ്പെടാറുണ്ടു്. ഇളക്കവും ഛൎദ്ദിയും തീരെ

നിന്നുവെന്നുകണ്ടാൽ രോഗിക്കു ക്ഷേത്രത്തിലെ നിവേദ്യച്ചോറും ഉപ്പിലിട്ട കണ്ണിമാങ്ങയും ഭക്ഷിക്കുവാൻകൊടുക്കും. ആ ഭക്ഷണം കഴിഞ്ഞു, വിശ്രമിച്ചശേഷം യഥാകാലം വീണ്ടും സ്നാനവും ക്ഷേത്രദർശനവും കഴിച്ചു രോഗി തിരിച്ചുപോകാം.

തകഴിക്ഷേത്രം.

അമ്പലപ്പുഴത്താലൂക്കിൽ ചേർന്ന ഒരു ഗ്രാമമാണു തകഴി. ഇതു കുട്ടനാടൻപ്രദേശത്താകുന്നു. പ്രസ്തുത ക്ഷേത്രത്തിൽ അതിപുരാതനകാലം മുതൽ ഒരെണ്ണ പാകപ്പെടുത്തി, രോഗികൾക്കു നൽകി ചികിത്സിച്ചുവരുന്നു. "തകഴിത്തേവരുടെ എണ്ണ" എന്നുള്ള ചൊല്ലു പ്രസിദ്ധമാണ്. ആ എണ്ണയിൽചേർക്കപ്പെടാത്ത മൂലികകളും പച്ചമരുന്നുകളും വളരെ കുറവാണ്. അതിന്റെ യോഗം ഏതെന്നും ആരു നിർണ്ണയിച്ചു എന്നും ആർക്കും നിശ്ചയമില്ല. എണ്ണ ആണ്ടിൽ ഒരു പ്രാവശ്യം നിശ്ചയമായും കാച്ചി അരിക്കപ്പെടും. അതു വളരെ വലിയതോതിലുമാണ്. എണ്ണ കാച്ചാൻ ആരംഭിക്കുന്നകാലത്തിൽ ഏതുമൂലികയും ഔഷധവും ആരുകൊണ്ടുചെന്നാലും സ്വീകരിച്ചു മണ്ഡപത്തിൽകൂട്ടിയിടും, എണ്ണയ്ക്കു കഷായം ഇടാനുള്ളദിവസം പ്രഭാതത്തിൽ പൂജകൻ ചെന്നുനോക്കുമ്പോൾ മൂലികകൾ മുതലായവ രണ്ടായി തരം തിരിച്ചു വയ്ക്കപ്പെട്ടിരിക്കുമെന്നാണു സങ്കല്പം. അവയിൽ നല്ല ഭാഗംഎടുത്ത് അറഞ്ഞു കഷായം ഇടുകയാണു പതിവ്. എണ്ണ അരിക്കുവാനുള്ള നിശ്ചിതദിവസം എണ്ണയുടെ അടുപ്പിൽ തീ കത്തിച്ചു ഇളക്കുവാനാരംഭിക്കുന്ന സമയംതന്നെ വലിയ തിടപ്പള്ളിയിൽ ഒരു പായസംവയ്ക്കുവാനുമാരംഭിക്കും. പായസം പാകം ആകുമ്പോൾ അതിന്മീതെ എണ്ണമയം തെളിഞ്ഞു കാണപ്പെടുമെന്നും അപ്പോൾ അടിക്കുന്ന മണിനാദം കേട്ടാലുടൻ എണ്ണ അരിച്ചുകൊള്ളണമെന്നും ഉള്ളതാകുന്നു തകഴിയിലെ നടത്ത.

തകഴിക്ഷേത്രത്തിൽപോയി രോഗികൾ ഭജനംപാർത്ത് എണ്ണ സേവിക്കുകയാണു പതിവ്. എണ്ണ വിലകൊടുത്തുവാങ്ങി, ഗൃഹത്തിൽ താമസിച്ചു സേവിക്കുന്നതിനു വിരോധമില്ല. വാതം, പിത്തം, ക്ഷയം, രക്തദുഷ്യം മുതലായ പല രോഗങ്ങൾക്കും പ്രത്യൌഷധമാണു തകഴിയിലെ എണ്ണ.

വൈക്കം ക്ഷേത്രത്തിലെ ഭസ്മവും പ്രാതൽ സദ്യയുടെ ഉച്ഛിഷ്ടവും ഉദരവ്യാധികൾക്കു ശമനൌഷധമാണെന്നു അനുഭവസ്ഥരുടെ സാക്ഷ്യങ്ങളാൽ പ്രസിദ്ധമാണ്.

ഏററുമാന്നൂർ ക്ഷേത്രത്തിലെ വലിയ വിളക്കിലുള്ള മഷി നയനരോഗങ്ങൾക്കു് ഔഷധമായി ഉപയോഗിച്ച പല രോഗികളും സുഖം പ്രാപിക്കുന്നുണ്ടു്. അപസ്മാരരോഗികൾ ഏററുമാന്നൂർ ക്ഷേത്രത്തിൽ ഭജനംപാർത്തും അവിടത്തെ ചില നിവേദ്യങ്ങൾ ഭക്ഷിച്ചും സുഖംപ്രാപിച്ചുവരുന്നുണ്ടു്. ത്വഗ്രോഗവും നേത്രരോഗവും ഉള്ളവർ ആദിത്യപുരം സൂര്യ (ആയാംകുടിക്കു സമീപം)ക്ഷേത്രത്തിൽ ഭജനംപാർത്തും അവിടത്തെ ചില നിവേദ്യങ്ങളും പ്രസാദവും ഉപയോഗിച്ചും സുഖം പ്രാപിക്കാറുണ്ടു്. നേത്രരോഗികൾക്കു കങ്ങഴക്ഷേത്രവും ഒരു അഭയസ്ഥാനമാണു്. തെക്കൻതിരുവിതാംകൂറിലെ കുമാരകോവിൽ ക്ഷേത്രത്തിലെ "കഞ്ഞി" അനുഭവിച്ചു് ഉദരവ്യാധികൾ സുഖപ്പെട്ടുവരാറുള്ള രോഗികളുടെ സംഖ്യയും കുറവല്ല. കുമാരനല്ലൂർ ക്ഷേത്രത്തിലെ മഞ്ഞൾപ്രസാദം വിഷം, തലവേദന, ത്വഗ്രോഗം ആദിയായ സുഖക്കേടുകൾക്കു ശമനൌഷധമാണെന്നു അനുഭവസ്ഥർ സാക്ഷ്യംവഹിക്കുന്നു.

വ്യവസായങ്ങളും വിശിഷ്ടനിവേദ്യങ്ങളും.

അമ്പലപ്പുഴ ക്ഷേത്രത്തിലെ "പാല്പായസം" അഥവാ "ഗോപാലകഷായം" എന്നു പറയപ്പെടുന്ന അത്യുത്തമമായ പേയസാധനത്തിന്റെ പ്രശസ്തി കേരളത്തിൽ മാത്രമല്ല, ദക്ഷിണഭാരതം ഒട്ടുക്കു പ്രചരിച്ചിട്ടുള്ളതാണു്. അമ്പലപ്പുഴപാല്പായസം അവിടെനിന്നു ദൂരസ്ഥലങ്ങളിലേക്കും കൊടുത്തയക്കുന്നു. ആ പായസത്തിനുള്ള രുചിയും ആസ്വാദ്യതയും മററൊരിടത്തും പാകപ്പെടുത്തപ്പെടുന്ന പായസത്തിനു് ഉണ്ടാകാറില്ല.

അമ്പലപ്പുഴക്ഷേത്രത്തിൽ തയ്യാറാക്കപ്പെടുന്ന "കാച്ചുപ്പും" വളരെ പ്രസിദ്ധി ഉള്ള ഒരു സംസ്കൃതസാധനമാകുന്നു. ഏതു ആകൃതിയിലും വലിപ്പത്തിലും ഉള്ള കാച്ചുപ്പുകട്ടകൾ ക്ഷേത്രസങ്കേതത്തിൽവച്ചു വിളയിച്ചെടുക്കുവാൻ, ആ ക്ഷേത്രത്തിലെ ഉപ്പുകാച്ചുകാരനു സാധിക്കും. അമ്പലപ്പുഴക്കാച്ചുപ്പു്, അതിന്റെ പരിശുദ്ധിയും, കട്ടകളുടെ കമനീയാകൃതിവിശേഷവും, ഉപയോഗയോഗ്യതയും നിമിത്തം, സദ്യകൾപ്രമാണിച്ചു, പല ദൂരദേശങ്ങളിലേക്കും കൊണ്ടുപോകപ്പെട്ടുവരുന്നുണ്ടു്.

മൂകാംബികക്ഷേത്രത്തിലെ തിരുമധുരവും, വൈക്കംക്ഷേത്രത്തിലെ പ്രാതൽസദ്യയും, തിരുവാർപ്പുക്ഷേത്രത്തിലെ "ഉഷ"

(പായസം) യും, തൃപ്പൂണിത്തുറ, തിരുവാഴപ്പള്ളി, മാവേലിക്കര, കൊട്ടാരക്കര, തിരുവനന്തപുരം ശ്രീപത്മനാഭസ്വാമികോവിൽ എന്നീ ക്ഷേത്രങ്ങളിലെ "ഉണ്ണിഅപ്പ"വും, കിളിരൂർ ക്ഷേത്രത്തിലെ "അട"യും നീലമ്പേരൂർ ക്ഷേത്രത്തിലെ*"കറി"യും ശ്രീകണ്ഠേശ്വരത്തെ "മോദക"വും, ശംഖുംമുഖം ക്ഷേത്രത്തിലെ "പൊങ്ങ"ലും, പെരുന്നയിൽ ക്ഷേത്രത്തിലെ "അരമണ"യും അത്യന്തം രുചിപ്രദങ്ങളായുള്ള ഭക്ഷ്യവിഭവങ്ങളാണെന്നുള്ളതു വിശ്രുതമാകുന്നു.

൧൯-ാം അദ്ധ്യായം.

കേരളപ്പെരുമാക്കന്മാരുമായി ബന്ധമുള്ള ക്ഷേത്രങ്ങൾ.

1. പയ്യന്നൂർക്ഷേത്രം.

പ്രസ്തുത ക്ഷേത്രം, കേയപ്പെരുമാൾ എന്ന സംജ്ഞയാൽ അറിയപ്പെട്ടുവന്ന കാൎത്തികേയപ്പെരുമാളാൽ സവിശേഷം സംരക്ഷിക്കപ്പെട്ടുപോന്നതാണെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. പ്രസ്തുതക്ഷേത്രത്തിലെ ഉപാസനാമൂൎത്തി, ഈ പെരുമാളിന്റെ നാമദൈവതമായ കാൎത്തികേയൻ (സുബ്രഹ്മണ്യൻ) ആണെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ഈ മൂൎത്തിയെ "കാൎത്തികേയപ്പെരുമാൾ" എന്നു് ഏതദ്ദേശീയർ സംബോധന ചെയ്തുവരുന്നു.

2. തിരുവങ്ങാട്ടുക്ഷേത്രം.

തലശ്ശേരിയിലാണു് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. രാമചന്ദ്രപ്പെരുമാൾ എന്ന കുലശേഖരാധിപനായ പെരുമാൾ

പ്രഭാതയാമത്തിൽ മൂകാംബികക്ഷേത്രത്തിൽ നിവേദിക്കപ്പെടുന്ന തിരുമധുരം ആൎക്കും കൊടുക്കപ്പെടാറുപതിവില്ല. അതിനെ ക്ഷേത്രസങ്കേതത്തിലുള്ള ഒരു കിണററിൽ നിക്ഷേപിക്കുകയാണു് പതിവു്.

* ഗൌളി(ഗൌരീഗാത്ര)പാത്രത്തെങ്ങിലെ കരിക്കിന്റെ നീരിൽ ശൎക്കര കലക്കി ഉണക്കലരി അതിൽ ഇട്ടു വേവിച്ചു വരട്ടി നെയ്യുംമററും ചേൎത്തു പാകപ്പെടുത്തുന്ന ഒരു പായസം.

ഈ ക്ഷേത്രാഭിവൃദ്ധിക്കായി പ്രത്യേകം ശ്രദ്ധപതിച്ചിരുന്നു. ഈ ക്ഷേത്രത്തിലെ മൂർത്തി ശ്രീരാമനെന്നു വിശ്വസിക്കപ്പെട്ടുപോരുന്നു. ദേവനെ "രാമചന്ദ്രപ്പെരുമാൾ" എന്നാണു സ്ഥലനിവാസികൾ അഭിജ്ഞത ചെയ്തുവരുന്നതു്.

3. തളിപ്പറമ്പുക്ഷേത്രം.

"മന്നരാജാവു്" എന്ന അന്വത്ഥനാമത്താൽ അറിയപ്പെട്ടുപോന്ന വിശ്രുതനായ രാജരാജപ്പെരുമാളിന്റെ [ഏ. ഡി. 4-ാം ശതവർഷം; കേരളാധിപതിയായിരുന്ന മന്ന (മന്ധാതാവു) രാജൻ] കാരുണ്യത്താൽ ഈ ക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്യപ്പെടുകയും മററും ചെയ്തിട്ടുണ്ടെന്നു വിശ്വസിക്കാം.

4. തൃച്ചംബരംക്ഷേത്രം.

ഈ ക്ഷേത്രത്തിൽ, കുട്ടിപ്പെരുമാൾ എന്ന പേരിനാൽ അറിയപ്പെട്ടുവന്ന ബാലകൃഷ്ണഭട്ടപ്പെരുമാൾ ജീർണ്ണോദ്ധാരണാദികൾ നടത്തിക്കുകയും മററും ചെയ്തിട്ടുണ്ടു്. ഈ ക്ഷേത്രത്തിലെ ഉപാസനാമൂർത്തി ശ്രീകൃഷ്ണനാണെന്നു സങ്കല്പിക്കപ്പെട്ടുപോരുന്നു. തൃച്ചംബരക്ഷേത്രത്തിലെ ദേവനു "തൃച്ചംബരത്തുപെരുമാൾ" എന്നും "ബാലകൃഷ്ണപ്പെരുമാൾ" എന്നും സംജ്ഞകൾ ഉണ്ടു്. കൃഷ്ണദേവരായ നരസിംഹനും ഈ ക്ഷേത്രത്തിൽ ജീർണ്ണോദ്ധാരണാദികൾ നിർവ്വഹിപ്പിച്ചിട്ടുണ്ടു്.

5. കൊട്ടിയൂർക്ഷേത്രം.

ചെങ്കലപ്പെരുമാൾ ഈ ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണം ചെയ്യിക്കുകയും നിത്യനിദാനാദികളിൽ പരിഷ്കാരം വരുത്തുകയും ചെയ്തതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ ക്ഷേത്രത്തിലെ ദേവൻ ദക്ഷിണാമൂർത്തിയാണു്. "ദക്ഷിണാമൂർത്തിപ്പെരുമാൾ" എന്ന സംജ്ഞയാണു് പ്രസ്തുത ദേവനു നൽകപ്പെട്ടിരിക്കുന്നതു്.

6. ഹരിഹരമംഗലംക്ഷേത്രം.

പൊന്നാനിയിലുള്ള ഒരു ക്ഷേത്രമാകുന്നു ഇതു്. "കാരുപുരം" എന്നും ഈ ക്ഷേത്രത്തിനു പേർ ഉണ്ടു്. ബാണപ്പെരുമാളിനെ ബുദ്ധമതത്തിലേക്കു പരിവർത്തനം ചെയ്യിക്കുന്നതിനു് ആസ്പദമായിഭവിച്ച, വിവിധമതാവലംബികളായ പണ്ഡിതന്മാരുടെ മതമണ്ഡലവാദപ്രതിവാദങ്ങൾ ഈ ക്ഷേത്രപരിസര

ങ്ങളിൽവച്ചാണു നടത്തപ്പെട്ടതെന്നു് ഐതിഹ്യം ഉണ്ടു്. സർവ്വമതപരിഷത്തിന്റെ സമാപനത്തിൽ, ബുദ്ധമതസിദ്ധാന്തങ്ങളിൽ പൂർണ്ണബോദ്ധ്യം ജനിച്ചതിനാൽ ബാണൻ ബുദ്ധമതത്തിലേയ്ക്കു മാനസാന്തരപ്പെടുകയും പ്രസ്തുത ക്ഷേത്രത്തിൽ ബുദ്ധവിഗ്രഹം പ്രതിഷ്ഠിക്കുകയും ചെയ്തുവെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു.

7. തിരുവഞ്ചിക്കുളംക്ഷേത്രം.

കേരളപ്പെരുമാക്കന്മാരുടെ ഔദ്യോഗിക തലസ്ഥാനനഗരമായിരുന്ന കൊടുങ്ങല്ലൂരിനു സമീപത്തുണ്ടായിരുന്ന "തിരുവഞ്ചിക്കോവിലകം" എന്ന പെരുമാൾകോവിലകത്തോടു സംബന്ധിച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു പുരാതനക്ഷേത്രമാകുന്നു ഇതു്. പെരുമാൾ കോവിലകം ആധുനികകാലത്തു നിലനില്ക്കുന്നില്ല. പ്രസ്തുത ക്ഷേത്രവും കോവിലകവും പണിയിച്ചതു, ശ്രീവഞ്ചിരാജവംശമായ തൃപ്പാപ്പൂർ സ്വരൂപത്തിലെ പ്രസിദ്ധരാജാവായിരുന്ന കുലശേഖരപ്പെരുമാൾരാജാവു കേരളപ്പെരുമാളായി വാണിരുന്നകാലത്തു് അവിടത്തെ കല്പനപ്രകാരമായിരുന്നു. "ചേരമാൻപെരുമാൾ" എന്ന വിശ്രുതനാമത്താൽ അറിയപ്പെട്ടുവരുന്ന ദേവരാഷ്ട്രരാജാവായിരുന്ന കേരളപ്പെരുമാൾ സ്ഥാനപരിത്യാഗം ചെയ്തശേഷം, ദീർഘകാലം തപോവൃത്തിയിൽ ഈ ക്ഷേത്രസങ്കേതത്തിൽ കാലയാപനം ചെയ്തിട്ടുണ്ടു്. ആ പെരുമാളിന്റെയും ധർമ്മദാരങ്ങളുടെയും വിഗ്രഹങ്ങൾ അദ്യാപി തിരുവഞ്ചിക്കുളത്തു കാണപ്പെടുന്നു.

8. കിളിരൂർക്ഷേത്രം.

ഈ ക്ഷേത്രം പുരാതനവെമ്പലനാട്ടിന്റെ സീമകൾക്കുള്ളിൽ ഉൾപ്പെട്ടിരുന്നു. വിശ്രുതനായിരുന്ന വെമ്പലനാട്ടു മണികണ്ഠരാജാവു കേരളപ്പെരുമാൾപദം അലങ്കരിച്ചിട്ടുണ്ടു്. അദ്ദേഹം അന്ത്യഘട്ടത്തിൽ പെരുമാൾപദവും, രാജത്വവും കൈവെടിഞ്ഞു തപോനിരതനായി പല ക്ഷേത്രങ്ങളും പുണ്യസ്ഥലങ്ങളും സന്ദർശിച്ചു ജീവിതശേഷം കഴിച്ചുകൂട്ടി. പ്രസ്തുത ക്ഷേത്രസങ്കേതത്തിൽ കേരളത്തിലെ സുപ്രസിദ്ധമായ ഒരു പുരാതന ബുദ്ധസന്ന്യാസിമഠകേന്ദ്രം ഉണ്ടായിരുന്നു. അവിടത്തെ ബുദ്ധസന്ന്യാസിമഠത്തിന്റെ സ്മരണയെ നിലനിറുത്തുന്ന "മകുളർ"വിഗ്രഹങ്ങൾ അദ്യാപി ആ ക്ഷേത്രത്തിൽ കാണ

പ്പെടുന്നു. ഈ മകളർവിഗ്രഹത്തിന്റെ ച്ഛായാപടം ചുവടെ ചേർത്തിരിക്കുന്നു.



9. നീലമ്പേരൂർക്ഷേത്രം.

ഈ ക്ഷേത്രവും പുരാതനവെമ്പലനാടിന്റെ അതിർത്തിക്കുള്ളിൽ ഉൾപ്പെട്ടിരുന്നു. ബുദ്ധമതം സ്വീകരിച്ച ബാണപ്പെരുമാൾ, ഹൈന്ദവസനാതനികളുടെ വിദ്വേഷം നിമിത്തം കൊടുങ്ങല്ലൂരും തിരുവഞ്ചിക്കുളത്തും വസിക്കുവാൻ വൈഷമ്യം നേരിടുകയാൽ, ബുദ്ധമതത്തിനു പ്രചാരവും രാജാനുകൂല്യവും സിദ്ധിച്ചിരുന്ന വെമ്പലനാടിന്റെ തെക്കേവിഭാഗമായ തെക്കുംകൂർനാട്ടിൽ ഉള്ള നീലമ്പേരൂർ എന്ന തുരുത്തിലേക്കു വാസം മാററി. അപ്പോൾ ആ സ്ഥലത്തെ ബ്രാഹ്മണർ നീലമ്പേരൂർ ക്ഷേത്രത്തിലെ ശിവവിഗ്രഹം എടുത്തുകൊണ്ടു, പെരുമാളിന്റെ സാമീപ്യംനിമിത്തം അശുദ്ധി ശങ്കിച്ചു, വാഴപ്പള്ളിഗ്രാമത്തിലേക്കു നിർഗ്ഗമിച്ചു. അനന്തരം ബാണപ്പെരുമാൾ നീലമ്പേരൂർക്ഷേത്രത്തിൽ ശ്രീബുദ്ധന്റെയും മായാദേവിയുടെയും പഞ്ചലോഹവിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു, അവിടെ തന്നെ വാസം തുടങ്ങി. പെരുമാൾ, ക്ഷേത്രസങ്കേതത്തിൽ തന്നെ ഒരു വാടം പണികഴിപ്പിച്ചു, അവിടെ അന്ത്യകാലംവരെ ജീവിച്ചു. ബാണപ്പെരുമാളിന്റെ വിഗ്രഹം നീലമ്പേരൂർക്ഷേത്രത്തിൽ ഉണ്ടു. ആ വിഗ്രഹത്തിന്റെ ച്ഛായ അന്യത്ര ചേർത്തിരിക്കുന്നു. കൂടുതൽ വിവരങ്ങൾ നീലമ്പേരൂർ സ്ഥലവിശേഷങ്ങൾ എന്ന ഖണ്ഡികയിൽ ചേർത്തിട്ടുണ്ടു.

10. മണികണ്ഠപുരംക്ഷേത്രം.

വെമ്പലനാട്ടിന്റെ ഒരു വിഭാഗമായിരുന്ന തെക്കുംകൂർനാട്ടിൽ, ചങ്ങനാശേരിയിൽ, നിന്നു് എട്ടുമൈൽ കിഴക്കുവടക്കായി വാകത്താനം എന്നൊരു പ്രദേശമുണ്ടു്. അവിടെ മണികണ്ഠപ്പെരുമാൾ പണിയിച്ചിട്ടുള്ളതായ ഒരു ക്ഷേത്രമാകുന്നു മണികണ്ഠപുരം. പ്രസ്തുത ക്ഷേത്രനാമത്താൽ, ആ ദേവാലയത്തെ ചുററിയുണ്ടായ ജനസ്ഥാനത്തിനും മണികണ്ഠപുരം എന്ന നാമം സിദ്ധിച്ചു. മണികണ്ഠപുരത്തുനിന്നു് നാലഞ്ചുമൈൽ തെക്കുമാറി "തെങ്ങണാൽ" എന്നൊരു ജീർണ്ണപ്രായമായ പുരാതനക്ഷേത്രവും, അതേ നാമത്തിൽ ഒരു പ്രദേശവുമുണ്ടു്. ചങ്ങനാശേരി വാഴൂർറോഡിന്റെ സമീപത്തു 4-ാം മൈൽക്കുററിക്കടുത്താണു് ഈ ക്ഷേത്രവും ദേശവും. "തെങ്ങണാൽ" "തെങ്ങണാപുരം" എന്ന വിശ്രുതമായ ഒരു പുരാതന നഗരമായിരുന്നു. അവിടത്തെ ക്ഷേത്രത്തിലെ ഉത്സവകാലങ്ങളിൽ, മണികണ്ഠപ്പെരുമാൾ സന്നിഹിതനാവുകയും ആറാട്ടിനുള്ള എഴുന്നള്ളത്തിൽ സംബന്ധിക്കുകയും സാധാരണമായിരുന്നു. ഒരു ആണ്ടത്തെ ഉത്സവം സംബന്ധിച്ച ആറാട്ടു് എഴുന്നള്ളത്തു പുറപ്പെട്ടു്, ആറാട്ടുസ്ഥലമായ നാലുന്നാക്കൽ കടവിലേക്കുപോകുമ്പോൾ, വഴിയരുകിൽ കാട്ടിൽ, ഒരു മൃഗംപായുന്ന ശബ്ദം കേട്ടു്, പുലിയോ കടുവായോ ആണെന്നു ശങ്കിച്ചു്, രാജാവു് അതിന്റെ നേരേ അസ്ത്രപ്രയോഗംചെയ്തു. അനന്തരം എഴുന്നള്ളത്തു തുടർന്നു. രാജഭടന്മാർ, അസ്ത്രമേററ മൃഗത്തെ കണ്ടുപിടിക്കുവാനും പുറപ്പെട്ടു. ആ മൃഗം വളരെ പ്രാണവേദനയോടുകൂടി പാഞ്ഞു്, മണികണ്ഠപുരംക്ഷേത്രം ഇപ്പോൾ ഇരിക്കുന്ന സ്ഥാനത്താണു ചെന്നു നിലത്തുവീണു മരിച്ചതു്. അതു്, ശങ്കിച്ചതിന്വണ്ണം വ്യാഘ്രമല്ലായിരുന്നുവെന്നും, കൊഴുത്തു തടിച്ചതും, പല വർണ്ണങ്ങളോടുകൂടിയതുമായ ഒരു ഗോവു് ആയിരുന്നുവെന്നും ഭടന്മാർ കണ്ടറിഞ്ഞു്, വസ്തുത രാജാവിനെ അറിയിച്ചു. ഗോവധം പാപകരമായി പരിഗണിക്കപ്പെട്ടുവന്ന കാലമായിരുന്നു അതു്. ഗോവധത്തിനു ശിക്ഷ മരണം എന്നായിരുന്നു എല്ലാ കേരളരാജ്യങ്ങളിലെയും രാജ്യനിയമം. ആകസ്മികമായും, തെററിദ്ധാരണ നിമിത്തവുമാണെങ്കിലും, പാപകർമ്മംചെയ്തതായി ബോദ്ധ്യപ്പെട്ടപ്പോൾ രാജാവിനു കഠിനമായ ഉൾത്താപം ഉണ്ടായി. തന്നിമിത്തം അദ്ദേഹം രാജസ്ഥാ

നവും പെരുമാൾപദവും പരിത്യജിച്ചു സന്ന്യാസംവരിച്ചു ദേശാടനത്തിനു പുറപ്പെട്ടു. വളരെ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചും ഉപവസിച്ചും, പാദചാരേണ സഞ്ചരിച്ചു കായക്ലേശം അനുഭവിച്ചശേഷം, ചില യതിവര്യന്മാരുടെ ഉപദേശാനുസരണം, ഗോവു വീണു മരിച്ച സ്ഥാനത്തു ക്ഷേത്രം പണിയിച്ചു വിഷ്ണുവിഗ്രഹം പ്രതിഷ്ഠിച്ചു. "കല്ലിക്കന്നേത്തുനായർ" എന്ന പ്രഭുവിന്റെ വക പശുവായിരുന്നു കൊല്ലപ്പെട്ടതു്. ആ പ്രഭുവിന്റെ എരുത്തിലിനു സമീപം ചെന്നാണു്, അതു വീണു മൃതി അടഞ്ഞതും. ആ സ്ഥലത്തുതന്നെ ക്ഷേത്രം പണികഴിപ്പിക്കുകയും, ക്ഷേത്രസങ്കേതത്തിൽ മതില്ക്കകത്തു പടിഞ്ഞാറുവശത്തു തെക്കുമാറി . രാജാവു് ഒരു യതിവാടം പണിയിക്കുകയും ഒരു ആൽവൃക്ഷം നടുകയും, അതിനു തറ കെട്ടിച്ചു് അവിടെത്തന്നെ ഒരു മണ്ഡലം മുഴുവൻ തപോനിഷ്ഠനായിരിക്കുകയും ചെയ്തു. മണികണ്ഠരാജാവു് ഇരുന്നു തപസ്സു ചെയ്ത സ്ഥലത്തിനു് "ഇട"മെന്നും കല്ലിക്കന്നേത്തുനായരുടെ കുടുംബത്തിനു "വാണേടം" എന്നും രാജാവു കല്പിച്ചു സംജ്ഞ നൽകുകയും, ക്ഷേത്രം രാജാവിന്റെ വകയെങ്കിലും "ഇടം" വാണേടം വകയായിരിക്കുമെന്നും, കല്ലിക്കന്നേത്തുനായർ മേലാൽ "ഇടത്തിൽ മേനവൻ" എന്ന പേരിൽ, അന്യംനിന്ന കരിങ്ങണമ്പള്ളി വള്ളിയിൽകുടുംബത്തിലേക്കു ദത്തുകയറി വെമ്പലനാട്ടിലെ മന്ത്രിപദം കുടുംബപ്രതിയവകാശമുറയ്ക്കു വഹിക്കണമെന്നും വ്യവസ്ഥ ചെയ്യുകയും ചെയ്തു. പ്രസ്തുത ആൽത്തറയും യതിവാടവും ഇരുന്ന സ്ഥലം (ക്ഷേത്രത്തിന്റെ മതിൽക്കെട്ടിനുള്ളിൽ നിരൃതികോണിൽ) അദ്യാപി "ഇടത്തിൽമേനവൻ" പേരിൽ കരം പതിഞ്ഞിട്ടുള്ളതാകുന്നു. "കല്ലിക്കന്നം" (വാണേടം) എന്ന പുരയിടവും ക്ഷേത്രത്തിൽനിന്നു് അല്പം തെക്കുമാറികാണപ്പെടുന്നുണ്ടു്.

11. വെണ്ണിമല ക്ഷേത്രം.

ഈ ക്ഷേത്രം പുരാതനവെമ്പലനാട്ടിന്റെ വിഭാഗമായിരുന്ന തെക്കുംകൂർനാട്ടിൽ ഉൾപ്പെട്ടതായിരുന്നു. എന്നാൽ പ്രസ്തുതക്ഷേത്രത്തിൽ കുലശേഖരപ്പെരുമാൾ ചില ജീർണ്ണോദ്ധാരണങ്ങളോ നിത്യനിദാനവ്യവസ്ഥകളോ ചെയ്തിരിക്കണമെന്നു അനുമാനിക്കത്തക്കതായ ലക്ഷ്യം ഉണ്ടു്. കുലശേഖരപ്പെരുമാ

ിനെക്കൂടി ഉത്സവകാലങ്ങളിൽ ദേവൻെറ അകമ്പടിയായി എഴുന്നള്ളിക്കുന്ന ഒരു മാമൂൽ അവിടെ നിലനിന്നുപോരുന്നു. വിജയനഗരരാജാവായിരുന്ന കൃഷ്ണദേവരായരേയും അദ്ദേഹം കല്യാണംകഴിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന രാജമ്മാറം എന്ന കന്യകയെയും സംബന്ധിക്കുന്ന ഒരു ഐതിഹ്യവും പ്രസ്തുത ക്ഷേത്രം സംബന്ധിച്ചുള്ളതാകുന്നു. തത്സംബന്ധമായ കൂടുതൽ വിവരങ്ങൾ "വിജയനഗരവും കേരളരാജ്യങ്ങളും" എന്ന അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

12. ശബരിമല ക്ഷേത്രം.

ഇതിഹാസരചനാകാലങ്ങളിൽ ശബരിമല ക്ഷേത്രസ്ഥാനത്തു "ശബരി" എന്ന ഭക്തയായ സാംബവസ്ത്രീയാൽ പ്രതിഷ്ഠിതമായ ഒരു ശ്രീരാമവിഗ്രഹം ഉണ്ടായിരുന്നതായി അനുമാനിക്കാവുന്നതാണ്. രാമഭക്തയായ ശബരി ശ്രീരാമനെ ഈശ്വരനെന്നും, സീതയെ ലോകമാതാവെന്നും സങ്കല്പിച്ചു ധ്യാനിച്ചും പൂജിച്ചും വന്നിരുന്നതായി രാമായണത്തിലെ അഭ്യന്തര തെളിവുകളാൽ വ്യക്തമാകുന്നുണ്ട്. ആധുനികകാലത്തു ശബരിമലയിൽ നിലനിന്നുപോരുന്ന പ്രസിദ്ധ ക്ഷേത്രത്തിൻെറ സ്ഥാപനത്തിന് അനേക ശതവർഷം മുൻപുതന്നെ "ശബരിമല"യ്ക്കു ശബരിയുടെ പുണ്യാശ്രമം എന്നും ശ്രീരാമസീതാദികളുടെ വിഗ്രഹംവച്ചു ശബരിയാൽ പൂജിക്കപ്പെട്ടുവന്ന ക്ഷേത്രമെന്നുംഉള്ള നിലയിൽ ദക്ഷിണഭാരതത്തിൽ മാത്രമല്ല, ഭാരതഖണ്ഡത്തിലും ദക്ഷിണഭൂഖണ്ഡത്തിലും ശാന്തസമുദ്രരാജ്യങ്ങളിലും പ്രശസ്തി ഉണ്ടായിരുന്നു. അക്കാലം മുതൽതന്നെ നാനാദേശങ്ങളിൽനിന്നും ജനങ്ങൾ ശബരിഗിരിയിലേക്കു പുണ്യയാത്ര നടത്തിക്കൊണ്ടിരുന്നു.

കേരളത്തിൽ ബുദ്ധമതപ്രചാരത്തിനായി പ്രഥമതഃ ബുദ്ധസന്യാസികൾ വന്ന ഘട്ടത്തിൽ പ്രബലനായ പാണ്ഡ്യരാജാവിൻെറ കൊട്ടാരത്തിൽ ആർഷപ്രഭാവ സമ്പന്നനും അമാനുഷവൈഭവശാലിയും മഹാത്യാഗിയും യുവബ്രഹ്മചാരിയുമായ ഒരു ബുദ്ധയതി ചെന്നു ബുദ്ധമതത്തിലേക്കു രാജാവിനെ മതാന്തരപ്പെടുത്തുവാൻ ശ്രമിച്ചതിൻെറ ഫലമായി, വിവിധപരീക്ഷകൾ നടത്തി യതിയുടെ അമാനുഷശക്തിയിലും ത്യാഗശീലത്തിലും പൂർണ്ണബോദ്ധ്യംവന്ന രാജാവ് ബുദ്ധമതം സ്വീകരിക്കു

കയും പാണ്ഡ്യരാജ്യാതിർത്തിയിൽ പെട്ട പുണ്യഭൂമിയായ ശബരിഗിരിയിൽ ആശ്രമം പണിയിച്ച് ആ യതിവര്യനെ താമസിപ്പിക്കുകയുംചെയ്തു. ആ യതിവര്യൻ ശ്രീബുദ്ധന്റെയും മായാദേവിയുടെയും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് നിത്യപൂജ നടത്തിവരികയും കാലാന്തരത്തിൽ ആ പുണ്യാശ്രമത്തിൽ ഇരുന്നു സമാധിയടയുകയുംചെയ്തിരിക്കണം. ബുദ്ധമതാനുസാരിയായിഭവിച്ച പാണ്ഡ്യരാജാവിന്റെ അന്യാദൃശപ്രാഭവവും ശബരിഗിരിവാസനായിരുന്ന ബുദ്ധയതിയുടെ ദിവ്യചൈതന്യവും നിമിത്തം ശബരിമലയുടെ പ്രശസ്തി പൂർവ്വാധികം വർദ്ധിക്കുകയാൽ കേരളപാണ്ഡ്യാദി രാജ്യങ്ങളിൽനിന്നു ബുദ്ധജനങ്ങൾ ധാരാളമായി ആ ഗിരിയിലേയ്ക്കു പുണ്യയാത്ര തുടർന്നുകൊണ്ടിരുന്നു. അശോകചക്രവർത്തിയുടെ കാലത്തു ഭാരതഖണ്ഡത്തിൽ സർവ്വത്ര പ്രചുരപ്രചാരത്തിലിരുന്ന ബുദ്ധമതം കാലക്രമേണ ഹിന്ദുമതത്തിൽ ലയിച്ചു രൂപഭേദപ്പെട്ടതോടുകൂടി ശ്രീബുദ്ധനും മഹാവീരനും വിഷ്ണുവിന്റെ ഓരോ അവതാരങ്ങളായി പരിഗണിക്കപ്പെടുവാനും വനാന്തരത്തിൽ തപോനിഷ്ഠനായിരുന്ന ശാക്യമുനിയുടെ പ്രതിമയായ ശാസ്താവിഗ്രഹത്തിനും മുണ്ഡിതശിരസ്സായിരുന്ന ജിനസുതന്റെ (മഹാവീരന്റെ) പ്രതിമയായ "മുണ്ഡ" വിഗ്രഹത്തിനും, മററു ഹൈന്ദവമൂർത്തിഗണത്തിൽ "ഹരിഹരസുതൻ" "ഭൂതനാഥൻ" ആദിയായ സ്ഥാനങ്ങൾ ലഭിക്കുവാനും ഭാരതഖണ്ഡത്തിൽ സംഭവിച്ച ഹിന്ദുബുദ്ധമതസംകരത്തെ തുടർന്നു രചിക്കപ്പെട്ട ചില നൂതന പുരാണങ്ങൾ പ്രചാരത്തിൽ വരുവാനും ഇടയായതോടുകൂടി ശബരിമലക്ഷേത്രത്തിന്റെ മാഹാത്മ്യം പ്രതിദിനം വർദ്ധിച്ചുകൊണ്ടുതന്നെ വന്നു. ബുദ്ധമതത്തിന്റെ പ്രധാന തത്വങ്ങളിൽ ഒന്നു് മനുഷ്യരെല്ലാവരും ജനനാൽ സമന്മാരാകയാൽ അവർ ജാതിയും വർണ്ണവും, അയിത്തവും പരിവർജ്ജനംചെയ്തു പരസ്പരാനുഭാവവും ഭ്രാതൃമൈത്രിയും ത്യാഗശീലവും കൈക്കൊണ്ടു ജീവിതം നയിക്കണമെന്നുള്ളതാകുന്നു. ശബരിമലഅയ്യപ്പന്മാരുടെപുണ്യയാത്രയിൽ, വർണ്ണവ്യത്യാസമോ അയിത്താനാചാരങ്ങളോ ആരും ഗൌനിക്കാറില്ല എന്നുള്ളതു സുപ്രസിദ്ധമാണല്ലോ. ഉദ്ദേശം 22 ശതവർഷങ്ങൾക്കുമുമ്പു്, സാത്വികപരമായ ബുദ്ധമതാദർശത്തിൽ നിന്നുത്ഭവിച്ചുയർന്നു, പ്രവഹിച്ചുതുടങ്ങിയ ശബരിമലതീർത്ഥാടനപ്രസ്ഥാനത്തിന്റെ തരംഗങ്ങളിൽ, അദ്യാപി, ശ്രീ ബുദ്ധന്റെ

പല വിശിഷ്ടാദർശങ്ങൾ പ്രതിബിംബിച്ചുകാണുന്നുണ്ട്. ഏതാദൃശമായ പുണ്യയാത്രയുടെ നിർദ്ദിഷ്ടകേന്ദ്രമായ ശബരിമല ക്ഷേത്രം, പാണ്ഡ്യപ്പെരുമാക്കന്മാരുടെ വാഴ്ചക്കാലങ്ങളിൽ ജീർണ്ണോദ്ധാരണം ചെയ്യപ്പെടുകയും മററും ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾ, സ്ഥലവിശേഷങ്ങളും "ദേശനാമാഗമങ്ങളും" എന്ന അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

13. ചെങ്ങന്നൂർ ക്ഷേത്രം.

ചേരമാൻ രാജവംശത്തിലെ പ്രസിദ്ധരാജാവായിരുന്ന ചേരമാൻ നായിനാർപെരുമാളും, *"വിറൽമിണ്ടനായിനാർ" എന്ന വിശ്രുതനാമാവായിരുന്ന വിജയപ്പെരുമാളും, ചെംകുട്ടുവൻ എന്ന വ്യക്തിനാമധേയനായ ആതിയരാജപ്പെരുമാളും, പ്രസ്തുത ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണം നിത്യനിദാനം ആദിയായ ആവശ്യങ്ങൾക്കായി പലേ വ്യവസ്ഥകളും ചെയ്തിട്ടുള്ളതായി അനുമാനിക്കത്തക്കതായ ലക്ഷ്യങ്ങൾ ഉണ്ട്.

14. തൃക്കൊടിത്താനം ക്ഷേത്രം.

വീരകേരളപ്പെരുമാൾ ഈ ക്ഷേത്രത്തിലെ നിത്യനിദാനം വകയ്ക്കു വസ്തുവകകൾ വിട്ടുകൊടുത്തതായും മററും ലക്ഷ്യങ്ങൾ ഉണ്ട്. പ്രസ്തുതക്ഷേത്രം കേരളത്തിലെ പുരാതനമായ ചെങ്ങന്നൂർ ഗ്രാമത്തിലുള്ള അതിപുരാതനങ്ങളായ ആറു ദിവ്യക്ഷേത്രങ്ങളായ തിരുച്ചിററാററുകര, തിരുപ്പുലിയൂർ, തിരുവൻവണ്ടൂർ, തിരുവാറൻവിള, തിരുവല്ലവാഴ് (തിരുവല്ലാ) തിരുക്കടിത്താനം എന്നിവയിൽ ഒടുവിലത്തേതാകുന്നു.

15. കൊടുങ്ങല്ലൂർ ക്ഷേത്രം.

ചെംകുട്ടുവനെന്ന വിശ്രുതനായ (ആതി രാജാവ്) ചേരരാജാവിനാൽ, സ്ഥാപിതമാണു പ്രസ്തുതഭഗവതിക്ഷേത്രമെന്നും, പാണ്ഡ്യരാജാവിനാൽ നീതിവിരോധമായി മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയാൽ, മരണം അടഞ്ഞ കോവിലന്റെ ധർമ്മദാരങ്ങളായ കണ്ണകി എന്ന സതീരത്നം, ഭർത്താവിന്റെ അകാ

---

* ഈ വീരപുരുഷൻ ചെങ്ങന്നൂർസ്വദേശിയായിരുന്നുവെന്നും നായർവർഗ്ഗജനായിരുന്നുവെന്നും മിസ്റ്റർ ഉള്ളൂർ പരമേശ്വരയ്യരും മിസ്ററർ കല്ലൂർ നാരായണപിള്ളയും അഭിപ്രായപ്പെട്ടിരിക്കുന്നു—(ചെങ്ങന്നൂർ ക്ഷേത്രമാഹാത്മ്യം — കല്ലൂർ നാരായണപിള്ള (അവതാരിക)—മിസ്ററർ ഉള്ളൂർ.

ലവും അന്യായവുമായ മൃതിയുടെ പ്രതികാരമായി പാണ്ഡ്യ രാജാവിനെ കഠാരിയാൽ കുത്തിക്കൊന്നിട്ട്, വൈരാഗ്യബുദ്ധി യോടുകൂടി കേരളത്തിലെ മലനാട്ടിൽ പ്രവേശിച്ച് "ചെങ്കിൻകർ" മലയിൽ താമസിച്ച് തപോനിഷ്ഠയിൽ ആയുരന്തം കഴിച്ചുകൂട്ടിയെന്നും, പ്രസ്തുത വീരമഹിളയുടെ വിഗ്രഹമാണ് കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളതെന്നും "ചിലപ്പതികാരം" ഗ്രന്ഥത്തെയും മററും ആസ്പദമാക്കി മിസ്റ്റർ ഉള്ളൂർ പരമേശ്വരയ്യർ അഭിപ്രായപ്പെട്ടിരിക്കുന്നു. പെരുമാക്കന്മാർ എല്ലാവരും പ്രസ്തുതക്ഷേത്രസംബന്ധമായ കാര്യങ്ങളിൽ സവിശേഷമായി ശ്രദ്ധപതിപ്പിച്ചിരിക്കുവാൻ ഇടയുണ്ടെന്നുള്ളത് നിസ്തർക്കമാണല്ലോ. സംയുക്ത കേരളരാഷ്ട്രത്തിന്റെ തലസ്ഥാനനഗരിയെന്നുള്ള നിലയിൽ അനേകശതവർഷം പ്രാധാന്യതയിൽ ഇരുന്ന ഒരു പ്രാചീന നഗരമായിരുന്നു കൊടുങ്ങല്ലൂർ എന്നുള്ളതു സർവസമ്മതമാകുന്നു.

16. കൊലപ്പുകാവ് (കോലത്രപ്പകാവ്.)

ചങ്ങനാശ്ശേരിത്താലൂക്കിനും തിരുവല്ലായ്ക്കും മദ്ധ്യേ ഉള്ള കുന്നന്താനം എന്ന ഗ്രാമത്തിൽ കാണപ്പെടുന്ന ജീർണ്ണപ്രായമായ ഒരു മഹാക്ഷേത്രത്തിന്റെ അവശിഷ്ടമാകുന്നു, ആധുനിക കൊലപ്പുകാവുക്ഷേത്രം. പ്രസിദ്ധകോലത്തിരിരാജാവായിരുന്ന ഉദയവർമ്മപ്പെരുമാളിന്റെ വിഗ്രഹം വച്ച് ആരാധിക്കപ്പെട്ടു വന്ന ഒരു ക്ഷേത്രമായിരുന്നു ഇതു് എന്നു് അനുമാനിക്കുവാൻ മതിയായ ലക്ഷ്യങ്ങൾ ഉണ്ടു്. ഉദയവർമ്മകോലത്രപ്പെരൊക്കറിച്ചും ഈ ക്ഷേത്രത്തെക്കുറിച്ചും ഉള്ള കൂടുതൽ വിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

൧൯-ാം അദ്ധ്യായം.

ആചാരങ്ങളുടെ ആഗമം.

ആചാരങ്ങളുടെ ആഗമം ആരായുക എത്രയും രസകരമാണു്. മനുഷ്യവർഗ്ഗം ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്ന പരിഷ്കൃതാവസ്ഥയിൽനിന്നു വളരെ വളരെ പിന്നോക്കം നിന്നിരുന്ന അതീതകാലങ്ങളിൽ ആചരിച്ചുപോന്നിട്ടുള്ള അനുഷ്ഠാനങ്ങളുടെയോ, ജീവിതസമ്പ്രദായങ്ങളുടെയോ, സംസ്കൃതമോ, ലുപ്തപ്രായമോ ആയുള്ള പ്രതിഛായയാകുന്നു, ഇപ്പോൾ നിലവിലിരിക്കുന്ന ആചാരങ്ങളിൽ ഭൂരിപക്ഷവും എന്നു അനുമാനിക്കുന്നതു് തെററായി വരുന്നതല്ല.

വിവാഹം സംബന്ധിച്ച ചില ആചാരങ്ങൾ.

ദൈവം, ആർഷം, ബ്രാഹ്മം, പ്രാജാപത്യം, ആസുരം, ഗാന്ധർവ്വം, രാക്ഷസം, പൈശാചികം എന്നിപ്രകാരം വിവാഹസമ്പ്രദായം എട്ടായി തിരിക്കപ്പെട്ടിട്ടുണ്ടു്. ലോകത്തിൽ ഏതൊരു ഭാഗത്തും നിവസിച്ചുപോരുന്ന, യാതൊരുവർഗ്ഗക്കാരുടേയും ഇടയിൽ നടപ്പുള്ള വിവാഹരീതികളെ, ഈ എട്ടിൽ ഏതെങ്കിലും ഒന്നിന്റെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണു്. വധുവിന്റെ പിതാവോ മററു രക്ഷകരോ, വരനിൽനിന്നു യാതൊരു പ്രതിഫലവും സ്വീകരിക്കാതെ, നടത്തിക്കൊടുക്കുന്ന വിവാഹമാകുന്നു "ബ്രഹ്മം." പൌരോഹിത്യം വഹിക്കുന്ന ആളിനായി, കന്യകയെ ദാനം ചെയ്യുന്ന നടത്തതന്നെ "ദൈവം" എന്ന വിവാഹസമ്പ്രദായം. വരനോടു് കുറഞ്ഞപക്ഷം, ഒരു ജോഡി കന്നുകാലികളെ വാങ്ങിക്കൊണ്ടു്, പിതാവു് കന്യകയെ നൽകുകയെന്നുള്ളതാണു്, "ആർഷവിവാഹം." ലൌകികവും ആത്മീയവുമായുള്ള കർമ്മങ്ങൾ രണ്ടുപേരും കൂടി നിർവ്വഹിക്കുവിൻ! എന്നുള്ള ആശിസ്സോടുകൂടി, പിതാവു് പുത്രിയെ വരഹസ്തങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുകയത്രേ "പ്രാജാപത്യം". വരനോടു്, വധുവിന്റെ പിതാവു് അർത്ഥം (അഥവാ ശുല്കം) വാങ്ങിക്കൊണ്ടു് കന്യകാദാനം

ചെയ്യുന്ന വിവാഹമുറയാകുന്നു, "ആസുരം." വധൂവരന്മാരുടെ പരസ്പരസമ്മതപ്രകാരം അവർ സ്വയമേ നടത്തുന്ന വിവാഹം "ഗാന്ധർവം" എന്നു പറയപ്പെടുന്നു. ബലാൽക്കാരമായി വരൻ വധുവിനെ അപഹരിച്ചുകൊണ്ടുപോയി ഭാര്യയായി സ്വീകരിക്കുന്നവിധം തന്നെ "രാക്ഷസവിവാഹം." വധുവിനു മദ്യംകൊടുത്തു മയക്കിയ ശേഷം വരൻ അവളെ പ്രാപിക്കുകയോ അല്ലെങ്കിൽ അവൾ നിദ്രാധീനയായി കിടക്കവേ, സ്വീകരിക്കുകയോ ചെയ്യുന്ന സമ്പ്രദായം ആകുന്നു, "പൈശാചികം." അപരിഷ്കൃതനായ ആദിമമനുഷ്യൻ ആദ്യഘട്ടത്തിൽ പൈശാചികവും രാക്ഷസവുമായ വിവാഹരീതികൾ സ്വീകരിച്ചിരിക്കുവാനേ തരമുള്ളു. ഇക്കാലത്തും ചില ദേശങ്ങളിൽ അടിമകളെ, കഴുത്തിലും കൈകാലുകളിലും, വള്ളിയോ, കയറോ, ചങ്ങലയോ, ഇട്ടു ബന്ധിച്ചുകൊണ്ടുപോകാറുള്ളതുപോലെ, രാക്ഷസവിവാഹദശയിൽ വരന്മാർ വധുക്കളെ വേട്ടയാടിപ്പിടിച്ചു, വന്യലതകളാൽ കരചരണാദികളും ഗളവും ബന്ധിച്ചുകൊണ്ടുപോയി ദാമ്പത്യബന്ധത്തിൽ ഏർപ്പെടുത്തുക സാധാരണമായിരുന്നു. വധു,വിരസയെന്നോ അവിധേയയെന്നോ ബോദ്ധ്യപ്പെടുന്നതായാൽ, അവളെ മദ്യത്താൽ ഉന്മത്തയാക്കിയും, നയോപായങ്ങളാൽ വശീകരിച്ചും, വേണ്ടിവന്നാൽ, ഹേമിച്ചും അഭിലാഷനിവൃത്തി നേടിക്കൊണ്ടുവന്ന അപരിഷ്കൃതമനുഷ്യരുടെ ബുദ്ധിക്കു ക്രമേണ വികാസം സിദ്ധിച്ചതോടുകൂടി, ആർഷവും ആസുരവുമായ വിവാഹക്രമങ്ങൾ അവർ കൈക്കൊള്ളുവാൻ ആരംഭിച്ചു. എങ്കിലും, അനേകതലമുറയായി അനുവർത്തിച്ചുപോന്ന വധൂബന്ധനക്രിയ നിശ്ശേഷം പരിത്യജിക്കുവാൻ ആ മനുഷ്യർ വൈമനസ്യം ഉള്ളവരായി കാണപ്പെട്ടു. വധുവിന്റെ പിതാവിനോ മററു ഗുരുജനങ്ങൾക്കോ, കന്നുകാലികളോ ഇതരവിഭവങ്ങളോ മൂല്യമായി നൽകി, കന്യകയെ വേട്ടുകൊള്ളുന്ന പരിഷ്കൃതസമ്പ്രദായം,കാലാന്തരത്തിൽ നടപ്പിൽ വന്നുവെങ്കിലും, അവളുടെ ഗളനാളത്തിൽ ചുററി ഒരു തന്തുകൊണ്ടെങ്കിലും, ബന്ധിക്കുകയെന്നുള്ളതും സാധാരണ നടത്തയായി തീർന്നു. ഈ സൂത്രബന്ധനം എന്ന ചടങ്ങു ക്രമാൽ ദൃഢപ്പെട്ടും സംസ്കരിക്കപ്പെട്ടും വിവാഹവേളയിലെ മംഗല്യസൂത്രബന്ധമായി പരിണമിച്ചു. ഇതത്രെ മിന്നുകെട്ട്, താലികെട്ടു, വരണമാല്യം എന്നിവയുടെ ആഗമം. രാക്ഷസവും പൈശാചികവുമായ വിവാഹ

ങ്ങൾ അദ്യാപി അമേരിക്കയിലും ആഫ്രിക്കയിലും ദ്വീപാന്തരങ്ങളിലും നിവസിക്കുന്ന കിരാതവൎഗ്ഗക്കാരുടെ ഇടയിൽ നടപ്പുണ്ടെന്നുള്ള വസ്തുത ഈ ഘട്ടത്തിൽ പ്രസ്താവ്യമാകുന്നു. ഇക്കാലത്തു്, പരിഷ്കൃതസമുദായങ്ങളുടെ ഇടയിൽ നിലവിലിരിക്കുന്ന സ്ത്രീധനം, ഉടമ, മുതലായ ഏർപ്പാടുകൾ, ആർഷവും ആസുരവുമായ വിവാഹക്രമങ്ങളെ തുടൎന്നു, ഉണ്ടായിട്ടുള്ള രൂപാന്തരപ്രാപ്തിയാണെന്നു വ്യക്തമാണല്ലോ. ആഢ്യപ്പട്ടർ, നമ്പ്യാതിരി (ഇളയതു്) തിരുമുല്പാടു് മുതലായ വൎഗ്ഗങ്ങളിൽ ഉൾപ്പെട്ട വ്യക്തികളെക്കൊണ്ടു്, ഒന്നിലധികം കന്യകകളെ, ഒരേ ഗഡുവിൽ താലികെട്ടുകല്യാണം കഴിപ്പിക്കുന്ന ആചാരം, കേരളത്തിലെ ചില വൎഗ്ഗക്കാരുടെ ഇടയിൽ നടപ്പുണ്ടായിരുന്നു എന്നുള്ള പരമാൎത്ഥം, ഇനിയും വിസ്മൃതപ്രായമായിട്ടില്ല. ദേവദാസീവൎഗ്ഗക്കാരുടെ കന്യകകളെ, ക്ഷേത്രത്തിൽ ദേവസന്നിധിയിൽ വെച്ചു, മംഗല്യസൂത്രം അണിയിച്ചു ദേവനായി സമൎപ്പിക്കുന്ന നടത്ത, ഇപ്പോഴും നിലച്ചു എന്നു പറഞ്ഞുകൂടാ. ഏതാദൃശങ്ങളായ ആചാരങ്ങൾ, പ്രാചീനമായ ദൈവം എന്ന വിവാഹസമ്പ്രദായത്തിന്റെ രൂപാന്തരമാകുന്നു. വിവാഹാംഗുലീയത്തിന്റെ ഉൽപ്പത്തി, ഗാന്ധൎവ്വവിവാഹം നടപ്പായകാലത്തോടു സമീപിച്ചായിരിക്കാനേ തരമുള്ളു. അക്കാലത്തിനു മുമ്പു്, മനുഷ്യവൎഗ്ഗം, അംഗുലീയം ധരിപ്പാൻ ആരംഭിച്ചിരിക്കുമെന്നു വിചാരിച്ചുകൂടാ. പരസ്പരാനുരക്തരായ വധൂവരന്മാർ, മാതാപിതാക്കന്മാരുടെയോ ഇതരഗുരുജനങ്ങളുടെയോ, അറിവോ സമ്മതമോകൂടാതെ, രഹസ്യമായി നടത്തുന്ന ഗാന്ധൎവ്വവിവാഹത്തിനുശേഷം, അവർ ഇരുവരും ആയുഷ്കാലമത്രയും പരസ്പരവിശ്വാസ്യത പാലിക്കുമെന്നും, രണ്ടുപേരിൽ ഒരാളുടെ മരണത്താൽ അല്ലാതെ മറെറാരു കാരണവശാലും വിട്ടുപിരിയുകയില്ലെന്നും ഉഗ്രശപഥം ചെയ്യുകയും, ആ പ്രതിജ്ഞയുടെ ചിഹ്നമായി പിഞ്ഞാവള്ളിയോ വധൂവരന്മാരുടെ തലമുടിയോ, കാനനസുലഭമായ മറെറന്തെങ്കിലും സാധനമോകൊണ്ടു്, പരസ്പരം അംഗുലിയിൽ ഓരോ പവിത്രംകെട്ടി സജ്ജമാക്കുകയും ചെയ്തിരിക്കണം. ഈ ചിഹ്നം ഗാന്ധൎവ്വവിവാഹിതരെ, അന്യരിൽനിന്നു തിരിച്ചറിയുവാനുള്ള ഒരു ലക്ഷ്യമായി തീൎന്നിരിക്കാം. കാലക്രമത്താൽ പ്രസ്തുത മോതിരം, വിവാഹിതരായ സ്ത്രീപുരുഷന്മാർ സൎവ്വസാധാരണമായ ഒരു ഭൂഷണമായി ഉപയോഗപ്പെടുത്തിത്തു

ങ്ങിയിരിക്കണം. കാലാന്തരത്തിൽ വള്ളിമോതിരത്തിന്റെയും രോമമോതിരത്തിന്റെയും സ്ഥാനത്തു പുല്ലുമോതിരവും ശംഖുമോതിരവും പിന്നീടു ചെമ്പുമോതിരവും ഈയമോതിരവും ഓട്ടുമോതിരവും സ്വർണ്ണമോതിരവും വെള്ളിമോതിരവും ഇരുമ്പുമോതിരവും, ഓരോ വിദൂരഘട്ടങ്ങൾ ഇടവിട്ടു് ഇടവിട്ടു അതതു ലോഹകാലങ്ങളിൽ അവർ ഉപയോഗിക്കുവാൻ ആരംഭിച്ചതായെ വരികയുള്ളൂ. വിവാഹവേളയിൽ അംഗുലീയം പരസ്പരം കൈമാറുന്ന നടത്ത ഇപ്രകാരം ഉത്ഭവിച്ചിട്ടുള്ളതാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

ആചാരങ്ങളുടെ ആഗമം സംബന്ധിച്ചു പരിപുഷ്ടമായ ഒരു ഗ്രന്ഥം തന്നെ രചിക്കുന്നതായാൽപോലും അമിതമായിപ്പോകുന്നതല്ലെങ്കിലും ഗ്രന്ഥവിസ്താരഭയത്താൽ കൂടുതൽ പ്രസ്താവിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ തല്ക്കാലം ചുരുക്കുന്നു.

കേരളത്തിനു തനതായുള്ള ചില ആചാരങ്ങളെക്കുറിച്ചു് അടുത്ത ഒരു ഭാഗത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാകുന്നു.

൨൦-ാം അദ്ധ്യായം.

കേരളത്തിലെ തീണ്ടലും തൊടീലും എങ്ങനെ പരിഹരിക്കപ്പെട്ടു?

അതിവിസ്തൃതവും, പരിശുദ്ധവുമായ ആര്യമതത്തിന്റെ [illegible]ാളത്തിൽ, സ്വൈരജീവിതം നയിച്ചുപോന്ന ആദിമ[illegible]ക്കളുടെ സമുദായത്തിൽ, കർമ്മപദ്ധതികളെ ആസ്പദമാക്കി, വ്യക്തിസമൂഹങ്ങൾ സ്വീകരിക്കേണ്ടിവന്ന ഭിന്നജീവിതസമ്പ്രദായങ്ങളാൽ, സാമൂഹ്യമായി സംഭവിച്ച അവസ്ഥാഭേദങ്ങൾ നിമിത്തം, വിദൂരമായ പുരാതനകാലംമുതൽ ഉത്ഭവിച്ചു, കാലാന്തരത്തിൽ ദൃഢമൂലമായി ഭവിച്ചു, അനാചാരപരിവേഷം, ഉത്തമാദർശപരിപൂർണ്ണമായ സനാതനമതത്തിന്റെ നിസ്തുലജ്യോതിസ്സിനെ ആവരണംചെയ്തു, ബാഹ്യലോകത്തിന്റെ ദൃഷ്ടി

പഥത്തിൽ, ആ വിശിഷ്ടമതത്തെയും, അതിലുൾപ്പെട്ടുനിൽക്കുന്നവരുടെ സാമുദായികസംഘടനയെയും, കൃഷ്ണവർണ്ണവും മലീമസവും, ഭയങ്കരവും, ജുഗുപ്സാവഹവും ആക്കിത്തീർത്തിരിക്കുകയായിരുന്നുവല്ലൊ. ഉൽകൃഷ്ടാദർശസമ്പൂർണ്ണമായ സനാതനമതത്തെക്കൂടെ അപലപിക്കത്തക്കവിധം ഹിന്ദുക്കളുടെ സമുദായവൃത്തങ്ങളിൽ സംക്രമിച്ചു് ഉറച്ചിരുന്ന, ഈ കളങ്കത്തെ പരിഹരിക്കുവാനുള്ള ശ്രമങ്ങൾ, മതസ്ഥാപകന്മാരായ ശ്രീബുദ്ധപ്രമുഖന്മാരുടെ കാലംമുതൽ ആരംഭിച്ചിട്ടുള്ളതാണു്. എങ്കിലും തത്താദൃക്കുകളായ സമദർശികളുടെ പരിശ്രമം ഫലപ്രാപ്തിയിൽ എത്താതെ, അവരുടെ നൂതനമതങ്ങൾ മാത്രം അവശേഷിക്കുകയാണു ചെയ്തിരിക്കുന്നതു്. രാഷ്ട്രീയാദർശത്തെ ലക്ഷീകരിച്ചു്, ആചാരപരിഷ്കാരംമുഖേന ഹിന്ദുമുസ്ലീം ഐക്യത്തിനായി അക്ബർ ചക്രവർത്തിചെയ്ത യത്നവും ഫലപ്രദമായി പരിണമിച്ചില്ല. ഭാരതമഹാസഭയുടെ രൂപീകരണത്തോടുകൂടി, ഭാരതഭൂമിയിൽനിന്നു് അയിത്തവും അനാചാരങ്ങളും ഉന്മൂലനംചെയ്യുവാനുള്ള ഉദ്യമം, വീണ്ടും ആരംഭിക്കുക ഉണ്ടായി. ഭാരതസേവാസംഘത്തിൻെറ പ്രധാനപ്രവർത്തകനെന്ന നിലയിൽ, ഗോപാലകൃഷ്ണഗോഖല, ഏതാദൃശപരിശ്രമങ്ങൾ തുടന്നുവെന്നുള്ളതും പ്രസ്താവ്യമാണു്. എന്നാൽ അയിത്തോച്ചാടനശ്രമംപ്രായോഗികപദ്ധതിയിൽ എത്തിച്ചേർന്നതു, മഹാത്മാഗാന്ധിയുടെ നിപുണമായ ഉപദേശവും നേതൃത്വവും ഭാരതീയർ കൈക്കൊണ്ട കാലംതൊട്ടാകുന്നു.

കേരളത്തിലെപ്പോലെ അയിത്തവും അനാചാരവും ഭാരതഭൂമിയിൽ മറെറാരിടത്തും ഇത്ര മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിട്ടില്ല. തീണ്ടലും തൊടീലും സംബന്ധിച്ചു് അനാദികാലമായി മലയാളദേശത്തു നിലനിന്നുപോരുന്ന അലിഖിതനിയമങ്ങൾ അതികക്ശവും ഭയാനകവും ആകുന്നു എന്നു്, ജനങ്ങൾക്കു സംസ്കാരം വർദ്ധിച്ചുവന്നതോടുകൂടി ക്രമേണ ബോദ്ധ്യപ്പെട്ടുതുടങ്ങി. ബ്രാഹ്മണർക്കു ഇതരവർണ്ണങ്ങളിൽ ഉൾപ്പെട്ട സ്ത്രീകളെ വിവാഹംചെയ്വാൻ ആചാരം പ്രതിബന്ധമായി നില്ക്കുന്നില്ലെങ്കിലും, സ്നാനം കഴിഞ്ഞാൽ ഭക്ഷണംകഴിക്കുന്നതുവരെ, ജാതിക്കുപുറമെയുള്ള ഭാര്യമാരെയോ അവരിൽ ജനിച്ചിട്ടുള്ള സന്താനങ്ങളെയോ സ്വജാതിക്കാരല്ലാത്ത മററാരെയെ

ങ്കിലുമോ സ്പർശിക്കുവാൻ പാടില്ല. തൊട്ടാൽ അശുദ്ധമാകുമെന്നു പ്രത്യേകം പറയണമെന്നില്ലല്ലൊ. ബ്രാഹ്മണരന്യർക്കു കീഴ്ജാതികളെ സ്പർശിച്ചാൽ സ്നാനംകൊണ്ടേ ശുദ്ധി വരികയുള്ളു. കീഴ്ജാതിക്കാർ പാകപ്പെടുത്തിയതോ, തൊട്ടതോ ആയ ഭക്ഷ്യപദാർത്ഥങ്ങൾ കഴിക്കുവാൻ മേൽജാതിക്കാരെ ആചാരം അനുവദിക്കുന്നില്ല. എന്നാൽ പാൽ, വെണ്ണ, മോരു തൈരു്, നെയ്യു്, ശർക്കര, എണ്ണ മുതലായ സാധനങ്ങൾ കീഴ്ജാതികൾ ഉണ്ടാക്കിയതെങ്കിലും മേൽ ജാതികൾ ഉപയോഗിക്കുന്നതിൽ ദൂഷ്യമില്ല.

ഈഴവൻ നായരെക്കണ്ടാൽ പന്ത്രണ്ടടിയും വൈശ്യനെ കണ്ടാൽ പതിനാറടിയും ക്ഷത്രിയനെക്കണ്ടാൽ ഇരുപതടിയും ബ്രാഹ്മണനെക്കണ്ടാൽ ഇരുപത്തിനാലടിയും അകലെ മാറിനില്ക്കണമെന്നും ഈ പരിമാണം ലംഘിക്കപ്പെട്ടാൽ തീണ്ടൽഉണ്ടായി എന്നും കേരളത്തിൽ പരിഗണിക്കപ്പെട്ടുവന്നു. പരവനു (വണ്ണാൻ) പതിനാറടിയും പുലയനു മുപ്പത്തിരണ്ടടിയും പറയനു പതിനെട്ടടിയും തീണ്ടലിന്റെ തോതായിരുന്നു. കണിയാൻ, വേലൻ, ആശാരി, മൂശാരി, പാണൻ, കുറവൻ, കാക്കാൻ എന്നിത്യാദി വർഗ്ഗക്കാർ ബ്രാഹ്മണപ്രമുഖരായ മേൽ ജാതികളെ കണ്ടാൽ പത്തടിയും അതിൽ കുറവാകും യഥാ യോഗ്യം അകലെ മാറിനില്ക്കുവാൻ തീണ്ടൽവ്യവസ്ഥയാൽ നിർബന്ധിതരായിരുന്നു. വെളുത്തേടൻ, ക്ഷുരകൻ മുതലായ ചില ജാതികളെ തൊട്ടാൽ മാത്രമേ അശുദ്ധം ഉള്ളതായി കരുതിവന്നുള്ളു.

എന്നാൽ ശേഷക്രിയാദികൾക്കുമുൻപു്, ക്ഷുരകൻ ക്ഷൌര കർമ്മം നടത്തേണ്ടതു കർമ്മപരിപൂർത്തിക്കു്. അപരിത്യാജ്യമെന്നു ബ്രാഹ്മണാദികൾക്കു വിശ്വാസമുണ്ടു്. വെളുത്തേടൻ അലക്കിക്കൊണ്ടുവരുന്ന വസ്ത്രങ്ങൾക്കു് അശുദ്ധി ഇല്ല. ക്ഷേത്രത്തിലെ വിഗ്രഹങ്ങളിൽ ചാർത്തുന്ന ഉടയാടപോലും അലക്കിക്കൊടുക്കുന്നതു് വെളുത്തേടനാണു്. അതിനൊന്നും അയിത്തമില്ല! കൊല്ലൻ, ആശാരി മുതലായ ചില പണിക്കാർക്കു്, അത്യാവശ്യഘട്ടങ്ങളിൽ, പണികാര്യങ്ങൾക്കായി എത്രതന്നെ ഉയർന്ന ജാതിക്കാരനായ ഹിന്ദുവിന്റെ ഗൃഹാന്തർഭാഗത്തും—അറകളെയിൽ പോലും പ്രവേശിക്കുന്നതിൽ അശുദ്ധി ഇല്ലെന്നാണു വച്ചിരിക്കുന്നതു്. ഒരു ഉരുളച്ചാണകം പുറന്തിണ്ണയിൽ വച്ചിട്ടു്,

ആ പണിക്കാരൻ ഭവനത്തിനുള്ളിൽ, പ്രവേശിക്കണമെന്നേ നടപടി ഉള്ളൂ. തീണ്ടൽ ഉണ്ടെന്നു പരിഗണിക്കപ്പെട്ടിരുന്ന ജാതികൾ തമ്മിലും തീണ്ടൽ ആചരിച്ചുപോന്നു. തീണ്ടിയാൽ തീണ്ടപ്പെട്ടവൻ, പച്ചവെള്ളത്തിൽ മുങ്ങിക്കുളിച്ചതിനു മേലേ, ഭവനങ്ങളിൽ പ്രവേശിക്കുവാനോ, ആഹാരാദി കഴിക്കുവാനോ, സജാതീയരെ സ്പർശിക്കുവാനോ, പാടൊള്ളൂ. എന്നാൽ തീണ്ടൽജാതിയായി പരിഗണിക്കപ്പെട്ടുവന്ന പരവന്റെ (വണ്ണാൻ) സ്ത്രീ അലക്കി കൊടുക്കുന്ന ഒരു വസ്ത്രം ധരിച്ചുകൊണ്ടു കുളിച്ചാൽ മാത്രമേ, ബ്രാഹ്മണർ മുതൽക്കുള്ള ജാതിക്കാരുടെ സ്ത്രീകൾക്കു ഋതുസ്നാനശുദ്ധിവരുകയുള്ളൂ. ബ്രാഹ്മണേതരജാതികൾ ആരെങ്കിലും, ജലം മേൽജാതികളുടെ ഉടലിലോ വസ്ത്രത്തിലോ വീഴ്ത്തിയാൽ, അശുദ്ധിയായിപ്പോകും. എന്നാൽ ബ്രാഹ്മണക്ഷത്രിയജാതിക്കാരുടെ സ്ത്രീകൾ ഋതുസ്നാനം കഴിഞ്ഞു്, കുളത്തിൽനിന്നോ, മറ്റെതെങ്കിലും, സ്നാനഘട്ടത്തിൽനിന്നോ, കരയ്ക്കു കയറും മുൻപു, പയ്യപ്പാട്ടുവൃത്തിയുള്ള നായന്മാരുടെ സ്ത്രീകളിൽ ഒരാൾ നെല്ലും, പൂവും, വെള്ളവും കൂടി അവരുടെ ശിരസ്സിൽ അപ്പിക്കേണ്ടതു് ശുദ്ധിയ്ക്കു് അത്യാവശ്യമാണു്. രോഗശയ്യയിൽകിടക്കുന്ന ജാതിഹിന്ദുക്കൾക്കു, വല്ല കാരണവശാലും അശുദ്ധിസംഭവിച്ചാൽ, സ്നാനം കൂടിയേതീരു എന്നില്ല. അവരുടെമീതെ ഒരു ഓലക്കുടപിടിച്ചു്, അതിന്മേൽ അല്പം ജലംതളിച്ചാൽ അശുദ്ധി നീങ്ങും. പരവൻ (വണ്ണാൻ-ഉരാളി) തെങ്ങുകയറ്റക്കാർകൂടെ ആകയാൽ, മനവളപ്പിനകത്തു നിൽക്കുന്ന തെങ്ങിൽ കയറി ഇരിക്കുമ്പോൾ, അവർക്കു തീണ്ടൽദോഷം ഇല്ല. എന്നാൽ പുലയപറയാദി ഹിന്ദുക്കൾക്കു് ഉയർന്നജാതി ഹിന്ദുക്കളുടെ ഭവനപ്രാന്തങ്ങളിൽ പ്രവേശിക്കുവാൻ അനുവാദമില്ലേ! എന്നു മാത്രമല്ല തീണ്ടൽ ജാതികൾക്കു വഴികളിൽകൂടി സ്വാതന്ത്ര്യമായി സഞ്ചരിക്കുവാനോ, ജാതിഹിന്ദുക്കൾ ഉപയോഗിക്കുന്ന കുളം, കിണർ, ആറ്റുകടവു മുതലായവ ഉപയോഗപ്പെടുത്തുവാനോ പാടില്ല. പുരീഷഭോജിയായ ശുനകൻ തുടങ്ങിയുള്ള നികൃഷ്ടജന്തുക്കൾക്കു പ്രവേശിക്കാവുന്ന സ്ഥാനങ്ങളിൽപോലും തീണ്ടൽജാതിക്കാർക്കു പ്രവേശം അനുവദിക്കപ്പെട്ടിരുന്നില്ല. ക്ഷേത്രത്തിൽ ദേവനു നിവേദ്യം പാകപ്പെടുത്തുന്നതിനുള്ള സ്ഥലമായ തിടപ്പള്ളിയിൽ പട്ടി കയറിയാൽ ശുദ്ധികലശം അത്യാവശ്യമില്ലെങ്കിലും,

തീണ്ടൽവർഗ്ഗക്കാർ ആരെങ്കിലും ക്ഷേത്രഗോപുരത്തിന്ന് അകത്തു കടന്നാൽ, ശുദ്ധികലശവും അതിന്നുപരിയായ പ്രായശ്ചിത്തങ്ങളും ആചരിക്കപ്പെടണം. നികൃഷ്ടജീവികളെക്കാൾ നികൃഷ്ടതരമായി, തീണ്ടൽജാതികൾ പരിഗണിക്കപ്പെട്ടുവന്ന ഒരു കാലം കേരളത്തിൽ ഉണ്ടായിരുന്നു; അതു അത്ര വിദൂരമായ അതീതകാലം അല്ലതാനും. മദ്യത്തിന്ന് അശുദ്ധി ഇല്ലെന്നുള്ള ആചാരവിശേഷം, കേരളത്തിൽ പുരാതനകാലംമുതല്ക്കുതന്നെ നടപ്പിലിരിക്കുന്നതാണ്. മദ്യം വഹിച്ചുകൊണ്ടുപോകുമ്പോഴും, മദ്യം വില്പന നടത്തുമ്പോഴും ഈഴവന്നു തീണ്ടൽ ഇല്ല.

ഏതാദൃശങ്ങളായുള്ള കത്സിതാചാരങ്ങൾ, വിദ്യാഭ്യാസത്തിന്റെ പ്രചുരപ്രചാരത്താൽ ജനസാമാന്യത്തിന്നു സിദ്ധിച്ച സംസ്കാരത്തിന്റെ ഫലമായി, കേരളത്തിൽനിന്നു അല്പാല്പമായിട്ടു നീങ്ങുവാൻ ആരംഭിച്ചിട്ടു, കാലം കുറെ ആയിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്, തിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ളടത്തോളം പരിഷ്കാരം, കൊച്ചിയിലും ബ്രിട്ടീഷ്മലബാറിലും മററും സിദ്ധിച്ചിട്ടില്ല. കേരളത്തിലെ തീണ്ടൽതൊടീലും അനാചാരങ്ങളും, സമുദായാന്തരാളത്തിൽനിന്നു ധ്വംസനംചെയ്വാൻ, ഇക്കഴിഞ്ഞ അൎദ്ധശതവൎഷത്തോളമായി നായന്മാർ സംഘടിതശക്തിയോടെ പ്രയത്നിച്ചുവരികയാണു്. സാമൂഹ്യപരിഷ്കരണശ്രമങ്ങളിൽ തിരുവിതാംകൂറിലെ നായന്മാർ മററുള്ളവൎക്കു മാൎഗ്ഗദർശികളായിത്തീൎന്നിട്ടുണ്ടെന്നുള്ള വസ്തുത സൎവസമ്മതമാണു്. തിരുവിതാംകൂറിലെ മഹാരാജാക്കന്മാരും മഹാറാണിമാരും, ആദിമകാലംതൊട്ടുതന്നെ, അനാചാരവിധ്വംസനങ്ങളിൽ ഉൽസുകചിത്തവൃത്തികളാണെന്നുള്ള പരമാൎത്ഥം അഭിമാനപുരസ്സരം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

തിരുവിതാംകൂറിൽ അയിത്തോച്ചാടനശ്രമങ്ങൾ ഗുണവതിയായ പാൎവതിറാണിയുടെ ശോഭനമായ ഭരണകാലംമുതൽ ആരംഭിച്ചിട്ടുള്ളതാണ്. ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ ഭരണദശ അയിത്തോച്ചാടനത്തിന്നു പൂൎവാധികം പരിപക്വമായിരുന്നു. അവൎണ്ണരെന്നു ഏതൽക്കാലപൎയ്യന്തം പരിഗണിക്കപ്പെട്ടുപോന്ന ചില ഹൈന്ദവവൎഗ്ഗക്കാൎക്കു ചില പൊതുസ്ഥാപനങ്ങളിലും പൊതുനിരത്തുകളിലും പ്രവേശിക്കുന്നതിന്നും സഞ്ചരിക്കുന്നതിന്നും ഉണ്ടായിരുന്ന സാങ്കേതികമായ പ്രതിബന്ധം നീക്കംചെയ്യുകയും പൊതു വിദ്യാലയങ്ങളിൽ ചേൎന്നു

പഠിക്കുവാൻ അവർണ്ണരുടെ കുട്ടികൾക്കു നേരിട്ടിരുന്ന അവശതയ്ക്കു പരിഹാരം ഉണ്ടാക്കിയതും, ഹജൂർകച്ചേരിയിലും റവന്യൂവകുപ്പിലും അവർണ്ണഹിന്ദുക്കൾക്കു് ഉദ്യോഗം വഹിക്കുന്നതിലുണ്ടായിരുന്ന തടസ്സം തീർത്തതും ആ തിരുമനസ്സിലെ ദീർഘവും സംഭവബഹുലവുമായ ഭരണഘട്ടത്തിനിടയിൽ ആയിരുന്നുവല്ലോ.

അയിത്തത്തെയും അനാചാരങ്ങളെയും ഉന്മൂലനം ചെയ്യുവാനുള്ള സുഗമമായ മാർഗ്ഗം ക്ഷേത്രപ്രവേശമാണെന്നു സ്ഥാപിച്ചതും ഇൻഡ്യയിലെ ഏതദ്ദേശീയ രാജാക്കന്മാർ നിശ്ചയിച്ചാൽ ഒരു നിമിഷംകൊണ്ടു് അയിത്തവും അനാചാരങ്ങളും മാററാൻ സാധിക്കുമെന്നു നിർദ്ദേശിച്ചതും പ്രസ്തുത വിഷയത്തിൽ രാജാക്കന്മാർ മൌനം ഭജിക്കുന്നപക്ഷം ഏതദ്ദേശീയ രാജ്യങ്ങളിലെ സവർണ്ണഹിന്ദുക്കൾ മുൻപിട്ടുനിന്നു പ്രക്ഷോഭണം നടത്തി അവർണ്ണരുടെ അവശതകൾക്കു പരിഹാരം ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നു ഉപദേശിച്ചതും ഇക്കാര്യത്തിൽ വേണ്ട സഹായസഹകരണങ്ങൾ നൽകത്തക്കവിധം കാര്യപരിപാടി സജ്ജമാക്കുവാൻ കാൺഗ്രസ്സിനെ ഉൽബോധിപ്പിച്ചതും മഹാത്മാഗാന്ധി ആകുന്നു. നായർസർവീസ്സൊസൈററിയുടെ നിരന്തരമായ പ്രചരണജോലിയും വൈക്കത്തും ഗുരുവായൂരും മററും ക്ഷേത്രപുരോഭാഗങ്ങളിൽ ആരംഭിക്കപ്പെട്ട സത്യാഗ്രഹവും ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശജാഥയും കൊണ്ടു നൈമേഷികമായ ഫലപ്രാപ്തി ഉണ്ടായില്ലെങ്കിലും അയിത്തോച്ചാടനത്തിന്റെ അത്യാവശ്യകതയെക്കുറിച്ചുള്ള ബോധം സവർണ്ണഹിന്ദുക്കൾ ഉൾപ്പെട്ട പൊതുജനങ്ങളുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിച്ചു ദൃഢീഭവിപ്പിക്കുവാൻ സാധിച്ചുവെന്നുള്ളതു നിസ്സന്ദേഹം തന്നെ. പ്രജാക്ഷേമൈകനിരതനും, ഉൽകൃഷ്ടാശയസമ്പന്നനുമായ ശ്രീചിത്തിരതിരുനാൾമഹാരാജാവുതിരുമനസ്സുകൊണ്ടു തിരുവിതാംകൂർരാജ്യഭാരം കയ്യേററതോടുകൂടി, ഭാരതത്തിലെ അയിത്തോച്ചാടനപ്രസ്ഥാനത്തിനു് ഒരു നവ്യജീവൻ സിദ്ധിച്ചു. യൂറോപ്പു മുതലായ വിദേശങ്ങളിലേയ്ക്കു കപ്പൽയാത്ര ചെയ്തിട്ടുള്ള സവർണ്ണഹിന്ദുക്കൾക്കു് തിരുവിതാംകൂറിലെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. അർത്ഥശൂന്യമായ ഈ അനാചാരത്തെ സ്വതിരുമനസ്സുകൊണ്ടു് ആദ്യ

മായി രാജാധികാരം ഉപയോഗിച്ചു നിൎത്തലാക്കി. ആ ശ്ലാഘ്യ കൎമ്മത്തിൽ അന്തർലീനമായിരിക്കുന്ന പൊന്നുതിരുമേനിയുടെ ധീഷണാഗുണത്തെയും മനസ്സംസ്കാരത്തെയും അവിടത്തെ പ്രജാസഞ്ചയം മാത്രമല്ലാ ഭാരതീയർ ആകമാനംമാത്രമല്ല പരിഷ്കൃതലോകം ഒട്ടാകെ അഭിനന്ദിക്കുകതന്നെ ചെയ്തു. അടുത്തതായി അയിത്തോച്ചാടനംസംബന്ധിച്ച് അവിടുന്നു കല്പിച്ചനുവദിച്ച മറെറാരു പരിഷ്കാരം പൊതുമുതലുപയോഗപ്പെടുത്തി പണിചെയ്തതോ അററകുററംതീൎത്തതോ ആയുള്ള സമസ്തപാതകളും ജലാശയങ്ങളും സത്രങ്ങളും അവൎണ്ണഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും സൎവസ്വാതന്ത്ര്യമായി ഉപയോഗത്തിനു തുറന്നുകൊടുക്കുക എന്നുള്ളതായിരുന്നു. ഏററവും ഒരു വലിയ വിഷമപ്രശ്നമായ ക്ഷേത്രപ്രവേശകാൎയ്യത്തിന് ഇത്ര ഝടിതിയിൽ അനുകൂലമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ കഴിയുമെന്ന് അധികംപേർ ആരും നിനച്ചിരുന്നതല്ല.

എന്നാൽ യാതൊരു മതസ്ഥാപകനും യാതൊരുദ്ദേശീയനേതാവിനും യാതൊരു രാജാവിനും യാതൊരുഗവൎമ്മെൻറിനും ഇതുപൎയ്യന്തം ദുഷ്കരമായിഭവിച്ചിരുന്ന അയിത്തോച്ചാടനം നിഷ്പ്രയാസം സാധിക്കുവാൻ തക്കതായ സന്നദ്ധബുദ്ധിയും, വിശാലവീക്ഷണവും, സംസ്കാരവിശേഷവും, കൎമ്മകുശലതയും നയവൈശിഷ്ട്യവും, ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലേക്കുമാത്രം സ്വായത്തമായിട്ടുള്ളതാകുന്നു. ലോകത്തിൽ ഇതിനകം ഉണ്ടായിട്ടുള്ള പരിഷ്കൃതങ്ങളായ എല്ലാ നിയമങ്ങളിലുംവെച്ചു അത്യുത്തമമായ ക്ഷേത്രപ്രവേശവിളംബരംമാത്രമായി തിരുവിതാംകൂറിലെ അയിത്താനാചാരങ്ങളെ സമൂലം ഛേദിക്കുവാൻ സാധിച്ചുകഴിഞ്ഞിരിക്കുന്നു, എന്നുമാത്രമല്ല; പ്രസ്തുത രാജകീയവിളംബരത്തിൽ അന്തൎഭവിച്ചിരിക്കുന്ന ഉൽകൃഷ്ടാദൎശത്തിൻെറ ധാരീവീചികൾ ക്രമേണ അയൽരാജ്യങ്ങളിൽക്കൂടി പ്രസരിച്ചു വിദൂരമല്ലാത്ത ഭാവിയിൽ ഭാരതഭൂമിയൊട്ടുക്കു ഹിന്ദുസമുദായസംഘടനയിലും സനാതനമതാചാര പരിഷ്കരണത്തിലും അഭിനവവും കാമ്യവും ഹൃദ്യവും ആയ ഒരു പരിവൎത്തനം ഉൽഭൂതമാകുമെന്നുകൂടി പ്രത്യാശിക്കുവാൻന്യായംകാണുന്നുണ്ട്. എന്നുതന്നെയുമല്ല, ക്ഷേത്രപ്രവേശവിളംബരത്തിൻെറ തീയതി ആയ 1112-ാമാണ്ടു തുലാമാസം 27-ാംതീയതി ചിത്രനക്ഷത്രം, കേരളചരിത്രത്തിൽ മാത്രമല്ല, ലോകചരിത്രത്തിൽ തന്നെയും

സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ടതായ ഒരു നവ്യഘട്ടത്തിന്റെ പ്രാരംഭദിനമായി പരിഗണിക്കപ്പെടുന്നതും, ആ തിയതിമുതൽ "ചിത്രാബ്ദം" എന്നൊരു നൂതനവർഷപരിമാണം ആരംഭിക്കുവാനും ഇനിയുള്ള കാലത്തിനു "ചിത്രയുഗം" എന്ന വിശിഷ്ടാഭിധാനം നൽകപ്പെടുവാനും പര്യാപ്തമായ സന്നദ്ധമനോഭാവം ജനങ്ങൾക്ക് ഉണ്ടാകുവാൻ ഇടവരുന്നതും ആകുന്നു. വിശിഷ്യ, ഇദാനീന്തനരും ഭാവിപരമ്പരകളും ചിത്രർക്ഷജനായ ഈ പൊന്നുതമ്പുരാന്റെ സ്വർണ്ണപ്രതിമകൾ നിർമ്മിച്ചു പ്രധാനനഗരങ്ങളിലെ ശൃംഗാടകങ്ങളിൽ മാത്രമല്ല, ക്ഷേത്രങ്ങളിലും പ്രതിഷ്ഠിച്ച് ആരാധിക്കുവാൻ സന്നദ്ധരായി ഭവിക്കുമെന്നും അനുമാനിക്കാവുന്നതാണ്.

മഹാരാജാവു തിരുമനസ്സിലെ മാതാവും ഉൽകൃഷ്ടാദർശവതിയും സർവസൽഗുണസമ്പന്നയും ആയ ശ്രീ സേതുപാർവ്വതിഭായി അമ്മമഹാറാണി തിരുമനസ്സുകൊണ്ടു് മാതൃകാമാതാവിന്റെ നിലയിൽ പൊന്നുതിരുമേനിക്കു അവസരോചിതമായി നൽകിക്കൊണ്ടിരിക്കുന്ന ഉപദേശങ്ങൾ കേരളത്തിലെ അയിത്തോച്ചാടനത്തിനു് അസ്ഥിവാരം ഉറപ്പിക്കുവാൻ അവിടുത്തേക്കു സഹായപ്രദമായി ഭവിച്ചിട്ടുണ്ടു്. ആധുനികരാജ്യതന്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്ന സചിവോത്തമ സർ സി. പി. രാമസ്വാമി അയ്യർ അവർകളുടെ വിദഗ്ദ്ധമായ സഹകരണം ഈ ഘട്ടത്തിൽ തിരുവിതാംകൂറിനു സിദ്ധിക്കുവാൻ ഇടയായതും അയിത്തോച്ചാടനവിഷയത്തിലും വലുതായ ഒരനുഗ്രഹം തന്നെ.

൨൧-ാം അദ്ധ്യായം.

പുരാതനകേരളത്തിലെ ഔപചാരികാചാരങ്ങളും ആചാരഭാഷാശൈലികളും.

കേരളരാജ്യങ്ങളിൽ അനേകശതവർഷങ്ങളായി നിലനിന്നുപോരുന്ന പല പ്രത്യേകാചാരങ്ങളും, ആചാരഭാഷാശൈലിപ്രയോഗങ്ങളും ഉണ്ടു്.

രാജസന്ദർശനം.

രാജാക്കന്മാരെ ഇതരന്മാർചെന്നു സന്ദർശിക്കുന്നതിനു "മുഖം കാണിക്കുക" എന്നാണു പറയപ്പെടുക. മുഖംകാണിക്കുവാൻ പോകുന്നയാൾ ഹിന്ദുവാണെങ്കിൽ സ്നാനം കഴിഞ്ഞു ഭസ്മചന്ദനാദികൾ ധരിച്ചും, വെള്ളമുണ്ടും അതിന്മീതെ മേൽമുണ്ടുംധരിച്ചും ആകുന്നു ചെല്ലേണ്ടതു്. മുണ്ടിനോ മേൽമുണ്ടിനോ കരയോ കസവോ ഉണ്ടായിരിക്കാൻ പാടില്ല. അലക്കി എടുത്ത പുതിയ വസ്ത്രങ്ങളായിരിക്കണം. മുഖംകാണിക്കുവാൻ ചെല്ലുന്നയാൾ, ഉപഹാരങ്ങൾ നിറച്ചു താലം രണ്ടുകൈകളിലും വഹിച്ചുകൊണ്ടു തിരുമുമ്പിൽചെന്നു താലം ഒരു തളിർവാഴയിലയിൽ താഴെവച്ചു, പിന്നോക്കംമാറിനിന്നു, കരങ്ങൾകൂപ്പി മൂന്നുപ്രാവശ്യം രാജാവിനെവന്ദിച്ചു കൈകെട്ടി വായ്പൊത്തി നില്ക്കണം. രാജാവു കല്പിച്ചു ചോദിക്കുന്ന ചോദ്യങ്ങൾക്കു, ക്രമമായ സ്വരത്തിൽ മന്ദമായി ഔപചാരികാചാരപദങ്ങൾ ഉപയോഗിച്ചു മറുപടി അറിയിക്കണം. ഉപഹാരദ്രവ്യങ്ങൾ ചെറുനാരങ്ങ, മുന്തിരിങ്ങാപ്പഴം എന്നിവയാണു പ്രധാനം. സ്വർണ്ണത്തളികയോ വെള്ളിത്തളികയോ ആണു് ഉപയോഗിക്കുക. സാധാരണന്മാർക്കു ഇതു സാദ്ധ്യമല്ലാത്തതിനാലും സൌകര്യം പ്രമാണിച്ചും എല്ലാ കൊട്ടാരങ്ങളിലും കോവിലകങ്ങളിലും മുഖംകാണിക്കുവാൻ ചെല്ലുന്നവൎക്കു യഥായോഗ്യം താലവും ഉപഹാരദ്രവ്യങ്ങളും സൌകൎയ്യപ്പെടുത്തിക്കൊടുക്കുവാൻ ചുമതലക്കാരായ ഉദ്യോഗസ്ഥന്മാർ നിയമിക്കപ്പെട്ടിരുന്നു. ഈ പതിവു് അദ്യാപി നിലനിന്നുപോരുന്നുണ്ടു്. "ഞാൻ"

എന്ന സർവ്വനാമത്തിന് പകരം "അടിയൻ" എന്ന പദം പ്രയോഗപ്പെടുത്തണം. മദ്ധ്യപുരുഷസർവ്വനാമങ്ങൾ രാജാവിനെ ഉദ്ദേശിച്ച് ഉപയോഗിച്ചുകൂടാ. "പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു", "കല്പിച്ചു", "പൊന്നുതിരുമേനി" എന്നീ പദങ്ങൾ അവസരോചിതമായി സംഭാഷണമദ്ധ്യേ ഉപയോഗിക്കണം. സന്ദർശകനെ സംബന്ധിച്ച് "ആഹാരം" "ചോറ്" "അന്നം" ഇത്യാദി പദങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ഘട്ടങ്ങളിൽ "കരിക്കാടി" എന്നും, "ഭവനം" "വീട്" എന്നീ പദങ്ങൾക്കു പകരം "കുപ്പമാടം" എന്നും, "ഇരിക്കുക" എന്ന പദത്തിനു പകരം "നിലംപൊത്തുക" എന്നും "ആപത്ത്" "നാശം" "ക്ഷീണം" "രോഗം" എന്നിത്യാദി പദങ്ങൾക്കു പകരം "പഴങ്കാലം" എന്നും ഉപയോഗിക്കണം. സന്ദർശകന്റെ വസ്ത്രത്തിനു "അടിതോൽ" എന്നും, രാജാവിന്റെ വസ്ത്രത്തിനു "പരിവട്ടം" എന്നും, രാജാവിന്റെ മോതിരത്തിനു "തിരുവാഴി" എന്നും, കൈകൾക്കു "തൃക്കൈ" എന്നും പേരാണ്.

രാജാവിന്റെ തിരുമുമ്പിൽനിന്നു സന്ദർശകർ വിടവാങ്ങിപ്പോകുന്നതിനുമുമ്പും, മൂന്നു തൊഴുതു, പിന്തിരിയാതെ, പിറകോട്ടു നടന്നു മാറുകയാണു വേണ്ടത്.

രാജാവിന്റെ കൈയ്യൊപ്പിനു "ശ്രീമുഖം" എന്നും "ഒപ്പിടുന്നു" എന്നതിനു "തുല്യംചാർത്തുക" എന്നും, "എഴുന്നള്ളുന്നതിനു" "തൃക്കൈവിളയാടുക" എന്നും, "ചെലവു ചെയ്യുന്നതിനു" "തൃക്കൈച്ചെലവു ചെയ്യുക" എന്നും, രാജാവിന്റെ ഹൃദയത്തിനു "തിരുവുളം" (തിരുവുള്ളം) എന്നും, രാജാവിന്റെ വയസ്സിനു "തിരുവയസ്സ്" എന്നും, ജന്മനക്ഷത്രത്തിനു "തിരുനാൾ" എന്നും, രാജാവിന്റെ ഭക്ഷണത്തിനു "അമൃത്" എന്നും, രാജാവു ഭക്ഷണം കഴിക്കുന്നതിന് "അമൃതുകഴിക്കുക" എന്നും പറയുന്നു.

പള്ളിക്കെട്ട്—രാജകുടുംബങ്ങളിലെ കല്യാണത്തിനു പള്ളിക്കെട്ട് എന്നു പേർ പറയപ്പെടുന്നു.

തിരുവയർവാഴ്ച—റാണിമാർ ഗർഭവതികളാകുന്നതിനു "തിരുവയർ വാഴുക" എന്നും, രാജകുടുംബത്തിൽ ജനനം ഉണ്ടാകുന്നതിനു "തിരുവവതാരംചെയ്തു" എന്നും, പ്രസവത്തിനു "തിരുവയർഒഴിച്ചിൽ" എന്നും, മരണം ഉണ്ടാകുന്നതിനു "നാടു

നീങ്ങുക" എന്നും ആകുന്നു, ആചാരഭാഷാശൈലി. നാടുവാഴ്ചയില്ലാത്ത രാജകുടുംബങ്ങളിലും പ്രഭുകുടുംബങ്ങളിലും മരണം ഉണ്ടാകുന്നതിനു "തീപ്പെട്ടുക" എന്നാകുന്നു പറയപ്പെടുക.

രാജാവു വെററിലമുറുക്കുന്നതിനു "താംബൂലം അമൃത്തു്" എന്നും, "വെററിലഅമൃത്തു്" എന്നും പേരാകുന്നു. പ്രജ വെററില മുറുക്കുന്നതിനു "പഴുത്തില ആഹരിക്കുക" എന്നാകുന്നു, രാജാവിന്റെ തിരുമുമ്പിൽ തിരുമനസ്സറിയിക്കേണ്ടതു്. രാജാവു നിദ്രചെയ്യുന്നതിനു "പള്ളിക്കുറുപ്പു്" കൊള്ളുക എന്നും, രാജാവിന്റെ മെത്തയ്ക്കു "പള്ളിമെത്ത"യെന്നും, ശയ്യാഗൃഹത്തിനു "പള്ളിയറ"യെന്നും, രാജാവിന്റെ കട്ടിലിനു "പള്ളിമഞ്ചം" എന്നും പേർ പറയപ്പെടണം.

പള്ളിബോട്ടു്—എന്നുവച്ചാൽ രാജാവു കയറി സഞ്ചരിക്കുന്നതിനു് ഉപയോഗിക്കുന്ന കുടാരവഞ്ചി എന്നർത്ഥം.

പള്ളിമേനാവു്—രാജാവിന്റെ മേനാവും.

പള്ളിപ്പല്ലക്കു്—രാജാവിന്റെ പല്ലക്കു്.

പള്ളിരഥം—രാജാവിന്റെ രഥം.

പള്ളിവില്ലു്—രാജാവിന്റെ വില്ലു്.

പള്ളിനീരാട്ടു് (നീരാട്ടു്)—രാജാവിന്റെ സ്നാനം.

പള്ളിനീരാഴി (നീരാഴി)—രാജാവു സ്നാനത്തിനു് ഉപയോഗിക്കുന്ന കുളം.

പള്ളിത്തേവാരം—രാജാവു നിത്യപൂജയ്ക്കു് ഉപയോഗിക്കുന്ന വിഗ്രഹങ്ങൾ മുതലായവ.

പള്ളിവായന—രാജാവു നടത്തുന്ന പാരായണം. രാജകുമാരന്മാരുടെയുംമററും വിദ്യാഭ്യാസം.

ഉടവാൾ—രാജാവു് ഉപയോഗിക്കുന്ന ഖഡ്ഗം.

തലപ്പെണ്ണചാത്തു്—രാജാവിന്റെ അഭ്യംഗസ്നാനം.

തിരുമുത്തുവിളക്കുക—രാജാവിന്റെ ദന്തശോധനം നടത്തുക.

നീർകാപ്പു്—രാജാവു നടത്തുന്ന നീഹാരശൌചങ്ങൾ.

കടവിലെഴുന്നള്ളത്തു്—രാജാവിന്റെ ശൌചക്രിയ.

തൃക്കാപ്പുവിളക്കം—രാജാവിനുള്ള ക്ഷൌരം.

പട്ടംപരിവട്ടവുംഇടീൽ—രാജാവിന്റെ വിവാഹം.

അമ്മച്ചി (നേത്യാരമ്മ)—രാജാവിന്റെ ദാരങ്ങൾ.

തമ്പി—രാജാവിൻെറ പുത്രൻ.

തങ്കച്ചി—രാജാവിൻെറ പുത്രി.

അമ്മച്ചപുര—രാജദാരങ്ങളുടെ ശയനമുറി.

അമ്മവീട്—രാജദാരങ്ങളുടെ ഗൃഹം.

തമ്പുരാൻ—കേരളത്തിലെ രാജാക്കന്മാൎക്കു സാധാരണമായുള്ള ഔപചാരികസംജ്ഞ.

തമ്പുരാട്ടി—കേരളരാജകുടുംബത്തിലെ സ്ത്രീജനങ്ങൾക്കു സാധാരണമായുള്ള ഔപചാരികസംജ്ഞ.

തിരുമാടമ്പു—രാജകുമാരന്മാരുടെ ഉപനയനകൎമ്മം.

കൂട്ടിരുപ്പു്—രാജകുടുംബങ്ങളിലെ സ്ത്രീജനങ്ങളോടൊന്നിച്ചു മാമൂൽ അനുസരിച്ചു ദാമ്പത്യവൃത്തിയിൽ ജീവിക്കുന്നതിനു്.

പരിവട്ടംചാത്തു്—രാജകുടുംബജർ ചെയ്യുന്ന വസ്ത്രധാരണം.

ചന്ദനം ചാത്തു്. രാജകുടുംബജർ ചെയ്യുന്ന ചന്ദനലേപനം.

കോവിൽ എഴുന്നള്ളത്തു്—രാജാവു നടത്തുന്ന ക്ഷേത്രദൎശനം.

ആലസ്യം—രാജാവിൻെറ സുഖക്കേടു്.

ശീലായ്മ—രാജദാരങ്ങളുടെ സുഖക്കേടു്.

കരുമന—രാജകോപം.

തിരുവുള്ളം—രാജാവിൻെറ മനസ്സു്. (പ്രജയുടെ മനസ്സു് പഴമനസ്സു)

തിരുമുടി—രാജാവിൻെറ ശിഖ (രോമം)

തിരുമെയ്യു്—രാജാവിൻെറ ശരീരം.

തൃപ്പാദം—രാജാവിൻെറ കാലടികൾ.

മുഖം കാണിക്കുക—രാജാവിനെ സന്ദൎശിക്കുക.

തൃപ്പാദം കണ്ടു വിടവാങ്ങുക—രാജാവിനെക്കണ്ടു് യാത്രയ്ക്കു് അനുമതി വാങ്ങുക.

കല്പന—രാജാവിൻെറ ആജ്ഞ; അഭിമതം; ഹിതം; അരുളപ്പാടു്.

അരുളിച്ചെയ്ക—രാജാവു പറയുക

പട്ടത്താനം—രാജകുടുംബങ്ങളിൽ പതിവുള്ള ശ്രാദ്ധം.

തിരുവെലി—രാജകുടുംബങ്ങളിലെ ശ്രാദ്ധം.

പടിയേറ്റം — രാജാവു മൂപ്പേററു (വാഴ്ചആരംഭം) കഴിഞ്ഞു ദേവതാക്ഷേത്രത്തിൽ ചെന്നു് ഉടവാൾ വാങ്ങുന്ന കർമ്മം.

തിരുമുടികലശം. ദൃക്ദോഷാദികൾക്ക പരിഹാരമായി ചില പ്രത്യേകഘട്ടങ്ങളിൽ രാജാക്കന്മാർ നടത്താറുള്ള മഞ്ഞനീരാട്ടു എന്ന വൈദിക കർമ്മം.

കിടാ ഉഴിച്ചിൽ — സഞ്ചാരമോ, സവാരി എഴുന്നള്ളത്തോ കഴിഞ്ഞു കൊട്ടാരത്തിൽ തിരിച്ചെഴുന്നള്ളിയാലുടൻ, ദൃക്ദോഷാദി പരിഹാരത്തിനായി കറുത്ത മുട്ടാട്ടിൻ കുട്ടി, അരത്ത വെള്ളം, ആയിരം തിരി, മുതലായവ രാജാവിന്റെ മുമ്പിൽ ഉഴിയുന്ന ഒരു കർമ്മം.

സാക്ഷിഭോജനം — രാജാവു് അമൃതത്തു് കഴിക്കുവാൻ, പാകപ്പെടുത്തപ്പെട്ടിട്ടുള്ള വിഭവങ്ങളിൽ നിന്നു്, അമൃതത്തു് സമയത്തു, മുൻകൂട്ടി ബ്രാഹ്മണർക്കു വിളമ്പിക്കൊടുത്തു ഭുജിപ്പിച്ചു വിഷപരിശോധന നടത്തുന്ന സമ്പ്രദായം.

അടീക്കലം — രാജാവിനു അമൃത്തു വിഭവങ്ങൾ വിളമ്പി ഭക്ഷണം കഴിക്കുവാൻ ഉപയോഗപ്പെടുത്തുന്ന വാഴയില.

അമ്മറാണി — രാജാവിന്റെ മാതാവു്.

അമ്മത്തമ്പുരാൻ — (അമ്മത്തമ്പുരാട്ടി) രാജാവിന്റെ മാതാവു്. അമ്മത്തമ്പുരാട്ടി.

പള്ളിഅമ്പാരി — രാജാവിന്റെ ഘോഷയാത്ര എഴുന്നള്ളത്തിൽ ഉപയോഗപ്പെടുത്താറുള്ള ആനയമ്പാരി.

നീരാട്ടുപുര — രാജാവു നീഹാരശൌചങ്ങൾക്കു് ഉപയോഗിക്കുന്ന കെട്ടിടം.

പന്തക്കുഴ — രാജാവിന്റെ എഴുന്നള്ളത്തിൽ (ദിവസവും രാത്രികാലങ്ങളിൽ) കത്തിച്ചുപിടിക്കാറുള്ള ദീപക്കാലുകൾ. അഗ്രത്തിൽ ഓട്ടുചാത്തു കെട്ടിയിട്ടുള്ള കുഴയും, വെള്ളോട്ട മരപ്പിടിയുമുള്ള ഈ പന്തക്കുഴകൾ, ആറാട്ടു എണ്ണയിൽ കറയാതെ എഴുന്നള്ളത്തിനു മുൻപു, ഉഭയപാർശ്വങ്ങളിലും ദീപവാഹകന്മാർ കത്തിച്ചുപിടിച്ചുകൊള്ളും. കേരളത്തിലെ മാടമ്പിമാർക്കും പന്തക്കുഴ, കുഞ്ഞുവിളക്ക മുതലായ പദവികൾ ഉണ്ടു്.

കൂടിയമുത്തു് — കൊട്ടാരത്തിൽ തിരുനാൾ, ഓണം, വിഷു, പള്ളിക്കെട്ടു മുതലായ ചില പ്രത്യേകഘട്ടങ്ങളിൽ നാടുവാഴുന്ന രാജാവു ഉൾപ്പെടെയുള്ള എല്ലാ രാജകുടുംബാംഗങ്ങളും പ്രധാന

കൊട്ടാരത്തിൽക്കൂടി, സദ്യഅമൃതത്തിൽ പങ്കുകൊള്ളുന്നതിനാണു് “കൂടിയമൃതു്” എന്നു പറയപ്പെടുന്നതു്.

പള്ളിമുററം—കൊട്ടാരത്തിന്റെ മുററം.

തിടപ്പള്ളി—കൊട്ടാരത്തോടനുബന്ധിക്കപ്പെട്ടിട്ടുള്ള പാചകശാല. ക്ഷേത്രങ്ങളിലെ പാചകശാലയ്ക്കും ഈ പേർതന്നെ.

ഊട്ടുപുര—കൊട്ടാരത്തിൽ അനുബന്ധിക്കപ്പെട്ടിട്ടുള്ള ഭക്ഷണമുറി അല്ലെങ്കിൽ കെട്ടിടം. ക്ഷേത്രങ്ങളിൽ സദ്യനടത്തുവാൻ പ്രത്യേകം പണിയിക്കപ്പെട്ടിട്ടുള്ള അടച്ചുകെട്ടിയ നെടുമ്പുരയ്ക്കും ഈ പേരുതന്നെ. കേരളരാജ്യങ്ങളിൽ പലേടത്തും, പെരുവഴികൾക്കുസമീപം ജനസ്ഥാനങ്ങളിൽ പാന്ഥന്മാൎക്കു ആഹാരവിശ്രമാദികൾ നൽകുവാനുദ്ദേശിക്കപ്പെട്ടു് അതിനാവശ്യമായ ധനങ്ങളോടുകൂടി സംരക്ഷിക്കപ്പെട്ടുപോന്ന ധൎമ്മാന്നശാലകൾക്കും “ഊട്ടു്” അല്ലെങ്കിൽ “ഊട്ടുപുര” എന്നായിരുന്നു പേർ.

പള്ളിയടക്കു്—പള്ളിയടക്കപറമ്പു്. രാജാക്കന്മാരുടെയും, രാജകുടുംബാംഗങ്ങളുടെയും ശവദാഹത്തിനുള്ള പ്രത്യേകശ്മശാനത്തിനു “പള്ളിയടക്കപറമ്പു്” എന്നും, ശവദാഹക്രിയയ്ക്കു് “പള്ളിയടക്കു്” എന്നും പേരാകുന്നു.

പള്ളിത്തോപ്പു്—രാജാവിന്റെയും കോവിലകത്തിന്റെയും ഉപയോഗം പ്രമാണിച്ചു് ഫലവൃക്ഷങ്ങളും കായ്കനികളും സസ്യങ്ങളും പ്രത്യേകം നട്ടുവളൎത്തി സംരക്ഷിക്കപ്പെട്ടുപോരുന്ന തോട്ടത്തിനു പള്ളിത്തോപ്പു് എന്നു പറയപ്പെടുന്നു.

നന്ദവനം—രാജാവിന്റെ വകയായുള്ള പൂന്തോട്ടത്തിനും ക്ഷേത്രംവകയായുള്ള പൂന്തോട്ടത്തിനും ഈ പേർ തന്നെ.

പള്ളിപ്പണൻ—രാജാവിന്റെയും രാജകുടുംബാംഗങ്ങളുടെയും കഞ്ചുകാദികൾ നിൎമ്മിക്കുവാൻ പ്രത്യേകം നിയമിക്കപ്പെട്ടിട്ടുള്ള കുടുംബവൃത്തിഅവകാശക്കാരായ തുന്നൽപ്പണിക്കാൎക്കുള്ള പേരാണു്.

പള്ളിവെള്ള—രാജാവു ധരിക്കുന്ന പരിവട്ടങ്ങൾ അലക്കി ശരിപ്പെടുത്തുന്ന വെളുത്തേടനു് “പള്ളിവെള്ളകൻ” എന്നാണു സ്ഥാനം. അലക്കിക്കഴിഞ്ഞാൽ ആ വസ്ത്രങ്ങൾക്കു “പള്ളിവെള്ള” എന്നു പറയപ്പെടുന്നു. “പള്ളിവെള്ള” ജോലി കുടുംബവൃത്തി അവകാശമായി നടത്തുന്ന വെളുത്തേടന്മാരുടെ തൊഴിൽനാമം “പള്ളിവെള്ളജോലി” എന്നാകുന്നു.

പള്ളിവിളക്കൻ—രാജാവിനു ക്ഷൌരകർമ്മം നടത്തുവാൻ, കുടുംബപ്രതി അവകാശക്കാരായ ക്ഷൌരകന്മാർക്ക "പള്ളിവിളക്കൻ" അല്ലെങ്കിൽ "പള്ളിവിളക്കിത്തലയൻ" എന്നു സ്ഥാനമുണ്ടു്.

പള്ളിപ്പാദുകം—രാജാവു് ഉപയോഗിക്കുന്ന മെതിയടികൾക്കും മററു പാദാവരണങ്ങൾക്കും ഇതാണു പേരു്.

പള്ളിയുണരുക—രാജാവു് ഉറക്കമുണർന്നു് എഴുന്നേൽക്കുന്നതിനു "പള്ളിയുണരുക" എന്നാണു് ഔപചാരികഭാഷ. ക്ഷേത്രങ്ങളിൽ, പ്രഭാതംതോറും, രാത്രിയുടെ അന്ത്യയാമത്തിന്റെ ആരംഭത്തിൽ ശംഖനാദം, വാദ്യഘോഷം, സങ്കീർത്തനം മുതലായ ചടങ്ങുകളോടുകൂടി, അധിഷ്ഠാനമൂർത്തിയെ നിദ്രയിൽ നിന്നു് ഉണർത്തുക, എന്നൊരു ചടങ്ങു പതിവുള്ളതിനും "പള്ളി ഉണർത്തു്" എന്നാകുന്നു, സാങ്കേതികനാമം.

കണികാണുക—കേരളരാജാക്കന്മാർ, നാടുവാഴികൾ, ദേശാധിപന്മാർ ആദിയായ പ്രഭാവശാലികൾ പ്രഭാതംതോറും, ഉറക്കമുണർന്നു് എഴുന്നേററാൽ ഉടൻ ആദ്യം ദർശിക്കേണ്ടതു് ദീപം, ഗോപൃഷ്ഠം, നെല്ലു്, നിറഫലങ്ങൾ (നാളികേരം) മുതലായ സാധനങ്ങൾ ആയിരിക്കണമെന്നു് അലിഖിതനിയമം ഉണ്ടായിരുന്നു. കേരളത്തിലെ ജനസാമാന്യത്തിനും "കണി"യിൽ വിശ്വാസവും "കണികാണുവാൻ" നിർബ്ബന്ധവും ഉണ്ടായിരുന്നു. സാധാരണന്മാർക്ക കണിയുടെ അനുസാരികൾ കുറവായിരിക്കുമെന്നേ ഉള്ളു. എത്ര ദരിദ്രനാണെങ്കിലും ഒരു പശുവെങ്കിലും കൂടാതെയുള്ള ഒരു കുടിപോലും, പുരാതനകാലങ്ങളിൽ കേരളത്തിൽ ഉണ്ടായിരുന്നില്ല. അതിനാൽ "പശുവിനെ കണികാണുക"യെന്നതു കണിക്കുള്ള ക്ഷിപ്രസാദ്ധ്യമായ മാർഗ്ഗമായി ജനങ്ങൾ കരുതി പ്രവർത്തിച്ചുവന്നു. കലിവർഷത്തിന്റെ പ്രാരംഭദിനമായ വിഷുവുന്നാൾ ഉള്ള കണിക്കാണു് ഏററവും പ്രാധാന്യം; അന്നു "കൊന്നമരത്തിന്റെ പൂവും" അഷ്ടമംഗല്യം, നാളികേരം, നെല്ലു്, ചക്ക, മാങ്ങ, വെള്ളരിക്ക, വാഴപ്പഴം, സ്വർണ്ണാഭരണം മുതലായ സാധനങ്ങളും കണിക്കു ഉണ്ടായിരിക്കണമെന്നുള്ളതു നിർബ്ബന്ധമാണു്. അന്നേദിവസം കുടുംബാംഗങ്ങൾ എല്ലാവരും കണികണ്ടുകഴിഞ്ഞാലുടൻ, ഗൃഹനാഥൻ മററംഗങ്ങൾക്കും, ഭൃത്യന്മാർ, ആശ്രിതന്മാർ, കുടിയാന്മാർ മുതലായവർക്കും യഥായോഗ്യം നാണ്യങ്ങൾ "കൈനീട്ടം" (വിഷു

കൊന്നിട്ടു)കൊടുക്കുക പതിവാണ്. ഈ ആചാരം, അദ്യാപി, നിലനിന്നുപോരുന്നു. എല്ലാ കേരളരാജ്യങ്ങളിലും രാജാക്കന്മാർ പ്രധാന ഉദ്യോഗസ്ഥന്മാൎക്കും, ജനപ്രമാണികൾക്കും, ആശ്രിതന്മാൎക്കും, കുടുംബാംഗങ്ങൾക്കുംമററും വിഷുക്കൈനീട്ടം കൊടുത്തു വന്ന പതിവ് ആധുനികകാലത്തും നിലനിന്നുവരുന്നതായി കാണാം.

ഓണക്കോടി—ചിങ്ങമാസത്തിലെ തിരുവോണത്തുനാളോ, അതിന്റെ തലേന്നാളോ, പിറേറന്നാളോ കേരളീയർ സ്വകുടുംബാംഗങ്ങൾക്കും, ബന്ധുക്കൾക്കും, ആശ്രിതന്മാൎക്കും മററും ഓണക്കോടി കൊടുക്കുക എന്ന പതിവുണ്ട്. ഓണക്കോടിയിൽ പ്രധാനം മഞ്ഞവസ്ത്രമാണ്. മഞ്ഞവസ്ത്രം നിത്യം ഉപയോഗിക്കുന്ന പതിവു കേരളത്തിൽ സാധാരണമല്ലാത്തതായിത്തീ-ന്നതോടുകൂടി വെള്ളക്കോടിവസ്ത്രങ്ങൾകൂടി ഓണക്കോടിയായി കൊടുക്കപ്പെട്ടുതുടങ്ങി. രാജാക്കന്മാർ പ്രധാന ഉദ്യോഗസ്ഥന്മാൎക്കും, സ്വജനങ്ങൾക്കും, ആശ്രിതന്മാൎക്കും, മററും ഓണക്കോടി കൊടുക്കുന്ന പതിവു്, ആധുനികകാലത്തും നിലനിന്നു വരുന്നതാണ്.

രാജസമ്മാനം—കൈയിൽ വാങ്ങിക്കൂടാ. സന്ദൎശകൻ അരയിൽ ധരിച്ചിട്ടുള്ള വസ്ത്രത്തിനുമീതെ ഉടുത്തിരിക്കുന്ന മേൽമുണ്ടിന്റെ മടിത്തുമ്പു നീട്ടിയാണ് രാജസമ്മാനം ഗ്രഹിച്ചുകൊള്ളേണ്ടതു്. സമ്മാനം വാങ്ങിക്കഴിഞ്ഞാലുടൻ, രാജാവിനെ മൂന്നുരു താണു തൊഴണം.

ക്ഷൌരാചാരം—പുരാതനകാലങ്ങളിൽ കേരളത്തിലെ രാജാക്കന്മാർ ക്ഷൌരകൎമ്മം ചെയ്യിക്കുന്നതു വിളക്കും നിറപറയും വയ്പിച്ചുകൊണ്ടായിരുന്നു. ആ വേളയിൽ,രാജാവുധരിച്ചിരിക്കുന്ന പരിവട്ടവും, എഴുന്നള്ളിഇരിക്കുവാൻ ഉപയോഗിക്കുന്ന ആവണിപ്പലകയും പള്ളിവിളക്കിനുള്ള മററ് അവകാശാനുഭവങ്ങളുടെകൂട്ടത്തിൽ ക്ഷുരകന് നൽകപ്പെടുകയെന്നുള്ളതു സാധാരണ നടത്തയാണ്. ഈ ചടങ്ങുകൾക്കു, മിക്ക കൊട്ടാരങ്ങളിലും ആധുനികകാലത്തു കുറവുവന്നിട്ടില്ല. രാജാവു ബാഹ്യവൃത്തികൾ നടത്തുന്ന സന്ദൎഭങ്ങളിൽ ധരിച്ചിരിക്കുന്ന പരവട്ടങ്ങൾക്കു് അവകാശം അതതു ഗന്ധുകളിൽ ശുശ്രൂഷകവൃത്തി ചെയ്യുന്നവൎക്കാണ്. ശൌചസ്നാനങ്ങൾകഴിഞ്ഞാൽ പുതിയവസ്ത്രം രാജാക്ക

മാറ്റിധരിക്കും. ഭക്ഷണംകഴിഞ്ഞാലുടൻ ധരിച്ചിരിക്കുന്നവസ്ത്രം ത്യജിച്ചു് വീണ്ടും പുതിയ വസ്ത്രം ധരിക്കും. നിദ്രാവേളയിൽ ധരിച്ചിരിക്കുന്ന വസ്ത്രം, പള്ളിക്കുറുപ്പുകഴിഞ്ഞു് എഴുന്നേററു ശരീരശുദ്ധിചെയ്യുന്നതോടുകൂടി പരിത്യജിക്കും. ഈ വക വസ്ത്രങ്ങളിൽ, മുൻപ്രസ്താവിച്ചപ്രകാരം, ചിലതെല്ലാം അതതു ഗൃഹങ്ങളിലെ ശുശ്രൂഷകനോ, ശുശ്രൂഷകന്മാൎക്കോ ഉള്ള അവകാശമായി എടുത്തുകൊള്ളാം. ഏതാനും ദിവസമാത്രം പള്ളിവെള്ളത്തിനായി വെള്ളത്തെതന്നെ, നിത്യവും എടുപ്പിക്കും. നിത്യവും രാവിലെ വെള്ളത്തെതന്നെ പള്ളിവെള്ളം, കൊട്ടാരത്തിൽ എത്തിച്ചു കൊടുക്കുവാൻ ബാദ്ധ്യസ്ഥനാണു്.

ചില ഉപചാരശൈലികൾ.

രാജസേവകന്മാർ അവരെസംബന്ധിച്ചു്, രാജാവിനോടു് ഉണൎത്തിക്കുമ്പോൾ സന്ദർഭാനുസൃതം ഉപയോഗിക്കേണ്ടുന്ന ശൈലികൾ.

വിടകൊള്ളുക—പോകുക, വരുക.

പഴഞ്ചീല, അടിത്തോല്‌—വസ്ത്രം.

തന്തക്കിടാത്തൻ—അച്ഛൻ.

തള്ളക്കിടാത്തി—അമ്മ.

കരിക്കാടി—ആഹാരം.

കുപ്പപ്പാടു്—ഗൃഹം, പുരയിടം.

കൈക്കുറപ്പാടുചെയ്ക—ചെയ്യുക, പ്രവൎത്തിക്കുക, എഴുതുക.

പടുകാലം—ആപത്തു്, നാശം, രോഗം.

അന്തരിക്കുക—മരിക്കുക.

പഴമനസ്സു്—മനസ്സു്, ബുദ്ധി, ഹൃദയം.

സങ്കടം—അപേക്ഷ, ഹൎജി, കുറ്റിതം.

ഉണൎത്തിക്കുക, തിരുമനസ്സുണൎത്തിക്കുക—രാജസന്നിധിയിൽ അറിയിക്കുക.

ചെമ്പുകാശു്—നാണ്യം, പണം, (പവൻചെമ്പുകാശു്, രൂപചെമ്പുകാശു്, പണച്ചെമ്പുകാശു് ഇത്യാദി രൂപങ്ങൾ).

പഴുത്തില—വെററില; വെററിലമുറുക്കു് (പഴുത്തില ആഹരിക്കുക).

ഇത്തിപ്പൊടി — ചോക്ക്, അടയ്ക്ക, (അപ്രസിദ്ധം).

നൂറ് — ചുണ്ണാമ്പ് (അപ്രസിദ്ധം).

പുകലക്കാറ് — പുകയില.

ദശാപത്ത് — മരണസംബന്ധമായ അടിയന്തിരം.

കഴുത്തുകെട്ട് — കല്യാണം, വിവാഹം.

കേരളക്ഷേത്രങ്ങളിൽ എന്നപോലെ കൊട്ടാരമതിൽക്കകത്തും, ശീലക്കുടകൊണ്ടു കയറുകയോ, നിവർത്തുപിടിച്ചു നടക്കുകയോ, അദ്യാപി നിഷിദ്ധമെന്നു പരിഗണിക്കപ്പെട്ടിരിക്കുന്നു. ഓലക്കുടകൾ ഉപയോഗിക്കുന്നതിൽ വിരോധമില്ല. ചെരിപ്പോ, പാദുകങ്ങളോ, ക്ഷേത്രാങ്കണത്തിലും കൊട്ടാരമതിൽക്കെട്ടുകളിലും ഉപയോഗിച്ചുകൂടാ. രാജാവു് എഴുന്നള്ളുമ്പോൾ വീഥികളിൽക്കൂടി വാഹനങ്ങളിൽ ഗതാഗതം ചെയ്യുന്നവർ, താഴെയിറങ്ങി, ഛത്രാവരണങ്ങൾ താഴെവച്ചും, പഞ്ചപുച്ഛമൊതുക്കി, അഞ്ജലികൂപ്പിയും, അടക്കലെ നിലകൊള്ളണം. നിവർത്തുപിടിച്ചിരിക്കുന്ന കുടകൾ മടക്കുകയും ഉഷ്ണീഷങ്ങൾ, ശിരസ്സിൽനിന്നും, ഉത്തരീയങ്ങൾ, ഉടലിൽനിന്നും എടുക്കുകയും ചെയ്തു യഥാവിധി ഉപചാരം ചെയ്യണം.

രാജാക്കന്മാർ നാടുനീങ്ങുമ്പോൾ അനുവർത്തിക്കപ്പെടുന്ന ആചാരങ്ങൾ— പുരാതനകാലങ്ങളിൽ കേരളരാജ്യങ്ങളിലെ രാജാക്കന്മാരിൽ ആർക്കെങ്കിലും അസുഖം ഉണ്ടാകുമ്പോൾ, കൊട്ടാരംവൈദ്യന്മാരുടെമേൽനോട്ടത്തിൽ യഥാവിധി ചികിത്സകൾ നടത്തപ്പെടും. രോഗം ഭേദപ്പെട്ടു രോഗി രക്ഷപ്പെടുവാൻ ഇടയില്ലെന്നു വൈദ്യന്മാർക്ക് അഭിപ്രായമായാൽ ഉടൻ ആ വസ്തുത ഗൂഢമായി, അവർ രാജാവിന്റെ കാര്യക്കാരെ അറിയിക്കും. ആ ഉദ്യോഗസ്ഥൻ ചന്ദനവിറക്, ഘൃതം, മുതലായി ദഹനസംസ്കാരത്തിനാവശ്യമുള്ള സാധനങ്ങളും, ദാനങ്ങൾക്കു് ആവശ്യമുള്ള പശുക്കൾ, തിലം, സ്വർണ്ണം, മുതലായവയും ഗൂഢമായി കൊട്ടാരംവക കലവറകളിൽ സംഭരിക്കുവാൻ കർശനമായ ചട്ടംകെട്ടുകൾ ചെയ്യും. "വായ്ക്കരി" ഇടുക എന്ന ക്രിയയ്ക്കു സ്വർണ്ണംകൊണ്ടു് ഏതാനും പിടി "അരി" കൂടി പണിയിച്ചു വച്ചുകൊള്ളും. രാജാവു നാടുനീങ്ങുന്നതിനു മുൻപു്, പല ദാനങ്ങളും, വൈദിക വിധിപ്രകാരം ചെയ്യപ്പെടും. നാടുനീങ്ങിയെന്നുകണ്ടാൽ കൊട്ടാരംവൈദ്യപ്രമാണി ആ വിവരം കാര്യക്കാരെയും മന്ത്രിയേയും

ഔപചാരികമായി അറിയിക്കും. മന്ത്രി നാട്ടുനീങ്ങൽ വാൎത്ത, ആലസ്യവിചാരം അപ്പോഴപ്പോൾ അറിവാൻ വേണ്ടി കൊട്ടാരമുററത്തു് ഉണ്ണംഉറക്കവും വെടിഞ്ഞു കാത്തുകിടക്കുന്ന മാടമ്പിമാരെയും ചാവിൎമാരെയും ജനസാമാന്യത്തെയും അറിയിക്കും. അപ്പോൾ എല്ലാവരും അത്യുച്ചത്തിൽ മുറവിളിക്കും. സ്ത്രീകൾ കൊട്ടാരത്തിനകത്തുചെന്നു തലമുടി അഴിച്ചു പിന്നോക്കം ഇട്ടുംകൊണ്ടു മാറത്തടിച്ചു മുറവിളികൂട്ടും. അതിനിടയ്ക്കു നാട്ടുനീങ്ങൽ വൃത്താന്തം, തമുക്കടിച്ചു രാജഭടന്മാർ രാജധാനിയിൽ എങ്ങും വിളംബരം ചെയ്യും. രാജ്യത്തിന്റെ എല്ലാ പ്രധാനകേന്ദ്രങ്ങളിലേയ്ക്കും സന്ദേശവാഹകന്മാർ അയക്കപ്പെടും. ചരമം അടഞ്ഞാൽ എത്രയും ശീഘ്രത്തിൽ സംസ്കാരകൎമ്മം നടത്തണമെന്നുള്ള ഹിന്ദുക്കളുടെ നിഷ്ഠഅനുസരിച്ചു്, ദിവ്യാഹമുള്ളേടത്തോളം നേരത്തേ ശ്മശാനകൎമ്മങ്ങൾക്കു വ്യവസ്ഥ ചെയ്യപ്പെടും. ഓരോ കോവിലകത്തും ജഡസംസ്കാരം സംബന്ധിച്ചു ഒരുക്കങ്ങൾക്കു പൂൎവ്വകാലംമുതൽ സ്വീകരിക്കപ്പെട്ടുവരുന്ന പടിത്തരങ്ങൾ ഉണ്ടു്. അതനുസരിച്ചു വിറകു്, ചന്ദനക്കട്ട, ഘൃതം, തിലം, തിലരസം, നാളികേരം, കൊപ്ര, വെളിച്ചെണ്ണ, കൊത്തമ്പു്, ചൂട്ടു്, കൊലഞ്ഞിൽ, വറട്ടു തേങ്ങ, ചിരട്ട, പച്ചമാവിൻ വിറകു്, മേലരി, ഇരുവേലി, രാമച്ചം, അകിൽ, സാമ്പ്രാണി, ചൂഡം, അഷ്ടഗന്ധം ഉണങ്ങിയ തുളസിത്തണ്ടു്, തുളസിക്കതിരു മുതലായ സാധനങ്ങൾ ദ്രുതഗതിയിൽ പള്ളിയടക്കു പറമ്പിലേക്കു അയക്കപ്പെട്ടുകൊണ്ടിരിക്കും. പള്ളിയടക്കു സ്ഥലത്തു ഓലപ്പുരകെട്ടി വിതാനിച്ചു്, അതിൻകീഴിൽ ചിതക്കൂട്ടി ക്രമപ്പെടുത്തും. സംസ്കാരചടങ്ങുകളിൽ സംബന്ധിക്കുവാനുള്ള സ്വജനങ്ങളും ബന്ധുക്കളും നായർപടയും സേനാധിപന്മാരും വന്നുചേർന്നാലുടൻ വിശേഷ കഞ്ചുകാദികളാലും, സുവൎണ്ണരത്നമാല്യകങ്കണാദികളാലും അലംകൃതമായ ജഡം പച്ചപ്പല്ലക്കിൽ സ്വജനങ്ങൾ വഹിച്ചുകൊണ്ടു ശ്മശാനത്തിലേക്കു ഘോഷയാത്ര ആരംഭിക്കും. ആന അമ്പാരി, അശ്വപങ്ക്തി, അശ്വസൈന്യം, കാലാൾപ്പട, കറുത്ത കൊടി തഴ ചാമരം, ഭേരിമൃദംഗാദിവാദ്യങ്ങൾ വെടി മുതലായി രാജകീയമായ സൎവ്വാഡംബരങ്ങളോടുകൂടി ആകുന്നു ശ്മശാനയാത്ര. ജഡത്തോടുകൂടി, ജഡത്തിലെ മിക്കവാറും ഭൂഷാദികളും ദഹിപ്പിക്കപ്പെടുകയാണു നടത്ത.

സംസ്കാരംകഴിഞ്ഞാൽ ശ്രാദ്ധാദികമ്മങ്ങൾക്ക് ഉള്ള വ്യവസ്ഥയായി. അതോടുകൂടിത്തന്നെ നാടൊട്ടുക്ക ദുഃഖാചരണം ആരംഭിക്കും. "നാട്ടുവാലായ്മ" എന്നാണു ദുഃഖാചരണത്തിന്റെ പേരു്. പുരാതനകാലങ്ങളിൽ, ഗുരുതരമായ നാട്ടുവാലായ്മ പതിമൂന്നാംദിവസം വരേയും, ചില പ്രത്യേക നിബന്ധനകൾക്ക വിധേയമായി, ഒരു സംവത്സരംവരേയും ആചരിക്കപ്പെട്ടുവന്നു. നാട്ടുവാലായ്മ ആരംഭിക്കുന്നതിന്റെ പ്രാരംഭചിഹ്നമായി,രാജ്യത്തുള്ള സമസ്തപുരുഷന്മാരും ആപാദചൂഡം ക്ഷൌരകർമ്മം നടത്തിക്കണം. ശിരസ്സ മുണ്ഡനംചെയ്യുകയാണു പ്രധാനം. മുഖത്തു ശ്മശ്രുവോ, ഉടലിൽ ഒരു രോമമോ നിൎത്തിക്കൂടാ. പുരികങ്ങൾപോലും വടിപ്പിച്ചുകളയുക പതിവായിരുന്നു. പിണ്ഡംവരെ വെററിലമുറുക്കുവാൻ ആക്കും അനുവാദം ഉണ്ടായിരുന്നില്ല. ആഭരണങ്ങൾ ധരിച്ചുകൂടാ. തലക്കെട്ടുകളും പാടില്ല. കടകമ്പോളങ്ങൾ അടച്ചുകെട്ടി, പരിപൂർണ്ണമായ ദുഃഖാചരണം നടത്തപ്പെട്ടുവന്നു. നാട്ടുവാലായ്മകാലത്തു് അനുസരിച്ചു നടക്കുവാനുള്ള അലിഖിതനിയമങ്ങൾ ലംഘിക്കുന്നവരെ ശിക്ഷിക്കാൻ അധികാരികൾക്ക പൂർണ്ണാധികാരം ഉണ്ടായിരുന്നു. നാട്ടുവാലായ്മയിൽ, വെററിലമുറുക്കിച്ചുവപ്പിച്ചു നടക്കുന്നവന്റെ ചുണ്ടുകൾ ഛേദിക്കുകയും, ശിഖകെട്ടി വച്ചുകൊണ്ടുനടക്കുന്ന സ്ത്രീപുരുഷന്മാരുടെ ശിഖിബന്ധങ്ങൾ ഖണ്ഡിക്കുകയും, ആയിരുന്നു ശിക്ഷ. എന്നാൽ ഏതാദൃശങ്ങളായ ശിക്ഷകൾക്ക് ആവശ്യം വളരെ ചുരുക്കമായേ നേരിട്ടിരുന്നുള്ളു. മിക്കവാറും വേണ്ടിവന്നിരുന്നില്ല.

പിണ്ഡാദികമ്മങ്ങൾ പൂത്തിയായശേഷം, പുണ്യാഹം കഴിയുംവരെ ഇളയമുറ രാജാവു മുപ്പേൽക്കുകയൊ രാജ്യഭാരം ഏൽക്കുകയൊ ചെയ്യുന്നില്ല. ഇടക്കാലമന്ത്രിയും, രാജ്യഭരണസംബന്ധമായ നിത്യകാര്യങ്ങൾക്കും മററും കല്പന നൽകിവന്നതു്, "ഇളംകൂർ കൈമ്മൾ"എന്ന മാടമ്പിയായിരുന്നു. എല്ലാ പുരാതന കേരളരാജ്യങ്ങളിലും "ഇളംകൂററിൽ കൈമ്മൾ" എന്നൊരു സ്ഥാനികൻ ഉണ്ടായിരുന്നു രാജ്യത്തിലേയും രാജാവിന്റെയും മുതലുകളുടെ പ്രധാന പിടിപാടു കൈമ്മൾക്കു കുടുംബപ്രതി സിദ്ധമായ അവകാശമായിരുന്നു. രാജാവിന്റെ പ്രധാന കാര്യക്കാരും കൈമ്മൾതന്നെ ആയിരിക്കും. ഒരു രാജാവു നാടുനീങ്ങുകയും, ഇളമുറരാജാവു സ്ഥാനം കൈയേല്ക്കു

യം ചെയ്യുന്നതിനിടയ്ക്കു, രാജാവു നൽകേണ്ട കല്പനകളും തീർപ്പുകളും കൈമ്മൾ സ്വയം ചെയ്യാൻ അധികൃതനായിരുന്നു. നാട്ടുവാലായ്മക്കാലത്തു രണ്ടുവാരത്തേയ്ക്കു മത്സ്യമാംസങ്ങൾ ആരും ഭക്ഷിച്ചുപോകരുതെന്നും, അക്കാലത്തു രാജ്യത്തു് എങ്ങും മത്സ്യംപിടിക്കുവാൻ പാടില്ലെന്നും നിർബ്ബന്ധവ്യവസ്ഥ ഉണ്ടായിരുന്നു. നാട്ടുവാലായ്മതുടങ്ങി സംവത്സരം തികയുന്നതിനകം, നടത്തപ്പെടാറുള്ള കല്യാണാദി അടിയന്തിരങ്ങൾക്കു വാദ്യഘോഷങ്ങളും ആർപ്പുകുരവകളും, അലങ്കാരങ്ങളും നിഷേധിക്കപ്പെട്ടിരുന്നു. ആദ്യത്തെ പതിന്നാലു ദിവസങ്ങളിൽ, പപ്പടം കാച്ചിക്കൂട്ടുക, ഒരു ഭവനത്തിലും പതിവില്ലായിരുന്നു.

ഇളമുറരാജാവു മൂപ്പേല്ക്കുന്നതു ഭദ്രദേവതാക്ഷേത്രത്തിൽ മാടമ്പിമാരും മററു ജനപ്രമാണികളുംകൂടി നിൽക്കവെ, സ്വർണ്ണവും വിളക്കുംവച്ചു സത്യപ്രതിജ്ഞചെയ്തിട്ടാണു്. കാലംചെയ്ത രാജാവിൻെറ ചട്ടങ്ങൾ കേടുപാടുകൾകൂടാതെ പാലിച്ചുകൊള്ളാമെന്നും, അവിടത്തെ കടങ്ങൾതീർത്തും, അവിടുന്നുനിമിത്തം വല്ലനഷ്ടവും സംഭവിച്ചിട്ടുണ്ടെങ്കിൽ പരിഹരിച്ചുംകൊള്ളാമെന്നും, ഗോക്കൾക്കും ചാവീരരും ബ്രാഹ്മണരുൾപ്പെടെയുള്ള പ്രജകൾക്കും കേടുപാടുകൾകൂടാതെ പരിപാലിച്ചു രാജ്യം വാഴുന്നതാണെന്നും, ഉടവാൾ ഇടത്തുകരത്തിലും വലത്തുകരം സ്വർണ്ണത്തിലും വച്ചുകൊണ്ടു മൂപ്പേൽക്കുന്നരാജാവു സത്യംചെയ്യുക സാധാരണ ചടങ്ങായിരുന്നു. സത്യപ്രതിജ്ഞകഴിഞ്ഞാലുടൻ വൈദികന്മാരും മാടമ്പിമാരും രാജാവിൻെറ ശിരസ്സിൽ അരിയുംപൂവും അർച്ചിക്കുക പതിവുണ്ടു്. അനന്തരം "കൈമ്മൾ" ആദിയായ മാടമ്പിമാർ, കൃത്യനിർവഹണത്തിൽ രാജാവിനെ ഒത്താശചെയ്തുകൊള്ളാമെന്നു് ഇതേപ്രകാരം സത്യംചെയ്യും. പിന്നീടു രാജാവുകോവിലകത്തു് എഴുന്നള്ളിയിട്ടു ചാവീരവരണം" എന്ന കർമ്മം ആചരിക്കും. ഒരുതളികയിൽ (സ്വർണ്ണമോ വെള്ളിയോ കൊണ്ടുനിർമ്മിക്കപ്പെട്ടതായിരിക്കും) ലവണസമ്മിശ്രിതമായ കുറേ ചോർ വഹിച്ചുകൊണ്ടു രാജാവു കൊട്ടാരത്തിൻെറ പ്രധാനഭാഗത്തു എഴുന്നള്ളിനിന്നു്, അതിൽനിന്നു് ഒരു പററു് എടുത്തു അവിടുന്നു് ആസ്വദിക്കും. അപ്പോഴേക്കു് അവിടെ യുദ്ധവീരന്മാരായ അനേകം പ്രജകൾ കൂടിനിൽക്കും. രാജാവിൻെറ തൃക്കൈയ്യിൽനിന്നു് ഓരോ പററു വാങ്ങി ആസ്വദിക്കുവാൻ അഹമഹമികയോടേ ഓരോ യോദ്ധാവും രാജാ

വിൽ സമീപിച്ചു തൃക്കൈയ്യിൽനിന്നു് അന്നംവാങ്ങി അനുഭവിച്ചു, രാജാവിനെ നമസ്കരിച്ചു മാറിനിൽക്കും. ഇപ്രകാരം ഒട്ടനേകം യോദ്ധാക്കൾ ചാവീരന്മാരായിരുന്നു. അഞ്ഞൂറുമുതൽ ആയിരംവരെ ചാവീരന്മാരോടുകൂടിയ പല കേരളരാജാക്കന്മാരും പുരാതനകേരളത്തിൽ ഉണ്ടായിരുന്നു. ആയുരന്തം രാജാവിനെ കാത്തും രാജാവിന്റെ ക്ഷേമം പുലർത്തിയും രാജാവിന്റെ ശത്രുക്കളെ സ്വന്തംശത്രുക്കളായി പരിഗണിച്ചു വൈരനിര്യാതനംചെയ്തും രാജാവിനെ കാത്തുരക്ഷിക്കുകയും രാജാവു്, അന്തരിക്കുമ്പോൾ അവരും മരിക്കുകയും ചെയ്യുമെന്നുള്ള ഉഗ്രശപഥംചെയ്തു ദൃഢവ്രതത്തോടുകൂടി ജീവിക്കുന്ന ഒരു വിഭാഗക്കാരായ യോദ്ധാക്കളാണു് ചാവീരന്മാർ. അവരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മറ്റൊരു അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളതാണു്. "തമ്പുരാന്റെ ഉപ്പുംചോറും തിന്നുക" എന്ന കേരളഭാഷാശൈലിയുടെ ആഗമം ഇതാകുന്നു.

൨൩-ാം അദ്ധ്യായം

പുരാതനകേരളാചാരങ്ങളും ദാമ്പത്യദായക്രമങ്ങളും ശകുനാദിവിശ്വാസങ്ങളും.

കേരളീയർക്കു പ്രത്യേകമായ പല ആചാരങ്ങളും ഉണ്ടു്. അവയിൽ പലതും കാലാന്തരത്താൽ രൂപാന്തരം പ്രാപിച്ചും, ചിലതെല്ലാം വർജ്ജിക്കപ്പെട്ടും നിലച്ചുപോയിട്ടുണ്ടു്. എങ്കിലും പ്രധാനപ്പെട്ട ആചാരങ്ങളുടെ ഒരു പട്ടിക ചുവടേ ചേർക്കുന്നതു് ആധുനികർക്കും ഭാവിതലമുറകൾക്കും കൌതുകകരമായിരിക്കും.

ആചാരങ്ങൾ.

1. ആൺപിള്ള പിറന്നാൽ കുരവയിടണം.
2. ആൺപിള്ള പിറന്നാൽ മടലടിച്ചു ശബ്ദം ഉണ്ടാക്കണം.

3. ഗർഭിണി സൂതികാഗൃഹത്തിലിരിക്കുമ്പോൾ (നാക[illegible] ണിക്കു പ്രസവവേദന ആരംഭിച്ചു കഴിഞ്ഞാൽ) വെളുത്തേടൻ ആ ഭവനത്തിൽ വന്നുകൂടാ. വിഴുപ്പുതുണിക്കെട്ടുപേറി[illegible]ള്ള വരവു തീരെ നിഷിദ്ധം ആകുന്നു.

4. പ്രസവവേദന തുടങ്ങിയകാര്യം അധികംപേർ അറിയരുത്.

5. മൂടയോടെയുള്ള പിറവി ഉത്തമം.

6. ഇരട്ടകുട്ടികളെങ്കിൽ ഒരു ആണും ഒരു പെണ്ണുമായിരിക്കുന്നതു ഭാഗ്യദോഷം.

7. പൊക്കിൾക്കൊടി കണ്ടിച്ചിട്ടില്ലാത്ത ശിശുവിന് അശുദ്ധിയില്ല. അതിനെ അനാഥമായി കണ്ടാൽ ബ്രാഹ്മണനും എടുത്തുവളർത്തുന്നതിൽ ഭ്രഷ്ടും പതിത്വവുമില്ല.

8. പൊക്കിൾക്കൊടി മുറിച്ചു കുഞ്ഞിനെ കുളിപ്പിച്ചാൽ ഉടൻ പൊന്നും തേനും കൊടുക്കണം.

9. സൂതികാലയാവശിഷ്ടങ്ങൾ മണ്ണിൽ കുഴിച്ചിടണം.

10. പശുവിന്റെ മറുപിള്ള ജലാശയത്തിൽ നിക്ഷേപിക്കണം; ഒഴുക്കു നീററിൽ ഉത്തമം.

11. പശു പ്രസവിച്ച കുട്ടിയെ നക്കി തോർത്തിയശേഷമേ മനുഷ്യർ തൊട്ടുകൂട്ടൂ.

12. പ്രസവം നടന്ന വീട്ടിലെ അംഗങ്ങൾക്കു പത്തുദിവസത്തെ വാലായ്മ (അശുദ്ധി) ഉണ്ട്.

13. പശുവിന്റെ പ്രസവം കഴിഞ്ഞാൽ പത്തു ദിവസത്തേക്ക് അതിന്റെ പാലിന് അശുദ്ധിയുണ്ട്.

14. പേറുകഴിഞ്ഞാൽ പശുവിനെ ആദ്യമായി മൂന്നാം ദിവസമോ, അഞ്ചാംദിവസമോ, നക്ഷത്രവും തിഥിയും ദിവസവും നോക്കി, നന്നെങ്കിൽ അകിടിൽ തൊടണം. പത്താം ദിവസംവരെ കറന്നെടുക്കുന്ന പാൽ കാച്ചാതെ പച്ച തൈരായി ഉറയ്ക്കണം.

15. പത്താംദിവസം സന്ധ്യയ്ക്കു കാടൻ ഊട്ടു നടത്തിയശേഷം കാടൻ തൈർ ഉപയോഗിക്കാം.

16. പശുവിനും കിടാവിനും അരത്തം ഉഴിയുകയും കാടൻ തൈരും കുറേപ്പാലും എട്ടു ദിക്കുകളിലും ഒഴിക്കുകയും ചെയ്യണം. ഉറിഷ്ടം പശുക്കുട്ടിയുടെ നാവിലും തേയ്ക്കണം,

17. കാടൻ ഉഴുകഴിഞ്ഞു 11-ാം ദിവസം കറന്നെടുക്കുന്ന പാൽ, പാലുള്ള വൃക്ഷങ്ങളുടെ ചുവട്ടിൽ കുറേശ്ശെ ഒഴിക്കണം. ബാക്കിയുള്ള പാൽ അടുത്തുള്ള ക്ഷേത്രത്തിൽ കൊടുത്തു പാൽപായസ നിവേദ്യം കഴിപ്പിക്കണം.

18. പ്രസവം കഴിഞ്ഞാൽ പത്തുദിവസംവരെ പശുവിന്റെ മുതുകിൽ വെറ്റിലത്താളി ചതച്ച് ഇട്ട്, ഒന്നിടവാരം, എണ്ണ തേച്ചു കുളിപ്പിക്കണം.

19. ഓരോ നേരവും കറന്നെടുക്കുന്ന പാലിന്റെ അളവു അന്യന്മാർ കണ്ടാൽ ദൃഷ്ടിദോഷം ഉണ്ടാകും.

20. പശുവിന്റെ അകിടുകണ്ടു അഭിപ്രായം ഒന്നും പറഞ്ഞുകൂടാ.

21. പശുക്കുട്ടിയുടെ കൂത്താട്ടം കണ്ടു അഭിപ്രായം ഒന്നും പറഞ്ഞുകൂടാ.

22. പശുക്കൂട് സന്ധ്യയ്ക്കു മുൻപു വൃത്തിയാക്കണം.

23. നിറയെ തീററി കൊടുത്താ ഉരുവിനും, അന്തിപ്പുല്ലു ത്തുവണം.

24. വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും പശുക്കൂട്ടിൽ നിന്ന് അന്യർ ചാണകം വാരിക്കൊണ്ടു പോയ്ക്കൂടാ.

25. ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും സംക്രമദിവസവും കന്നുകാലികളെ ക്രയവിക്രയം ചെയ്യരുത്.

26. കയറോടുകൂടി ഉരുക്കളെ ക്രയം ചെയ്യരുത്.

27. കെട്ടിനിർത്തിയിരിക്കുന്ന പശുവിന്റെ കയറിന്മേൽ മറികടക്കരുത്.

28. പശുവിനെ കണ്ടാൽ ഇടത്തുവശത്താക്കി കടന്നു പോകരുത്.

29. പശുവിന്റെ പൃഷ്ഠം, രാവിലെ കണികാണണം.

30. ഓണത്തിനും വിഷുവിനും രാവിലെ പശുവിന്റെ നെററിയ്ക്ക് അരിപ്പൊടിയും മഞ്ഞപ്പൊടിയും കൂടി കലത്തി തേയ്ക്കുകയും, ആ മാവും ഉപ്പുമാങ്ങാ അരച്ചതുംകൂടി നാവിൽ തേച്ചു കൊടുക്കുകയും വേണം.

31. പശുവിന് അന്നം കൊടുക്കരുത്.

32. പശുവിന് മധുരഫലങ്ങൾ കൊടുക്കണം.

33. ഗോപൃഷ്ഠം ശകുനത്തിനു നന്ന്.

34. കയറിട്ട കാളയും, കയറിട്ട പശുവും, കയറിട്ട പശുക്കുട്ടിയും, ശകുനത്തിനു മൂന്നും ഉത്തമം.

35. പശുവിന്റെ നെററിക്കു തലോടരുതു്.

36. പശുക്കൂട്ടു് ചാണകംകൊണ്ടു് മെഴുകരുതു്.

37. പശു കിടന്നു മരിക്കുന്ന കൂട്ട വജ്ജിക്കണം.

38. പശു കിടന്നു മരിക്കുന്ന ഭവനത്തിനും അവിടത്തെ അംഗങ്ങൾക്കും ഒരു മണ്ഡലംവരെ അശുദ്ധിയുണ്ടു്.

39. അശുദ്ധികാലത്തു സൽകമ്മങ്ങളും കരാറുകളും ഒന്നും നടത്തിക്കൂടാ.

40. ചത്ത പശുവിന്റെ ജഡത്തിനു് അവകാശം ഊരിലെ പറയനാകുന്നു.

41. പശുവിന്റെ കുട്ടിക്കു നല്ലനേരത്തു കഴുത്തിൽ കയറിടണം.

42. പശുവിന്റെ കിടാവു കാളയെങ്കിൽ, പ്രസവിക്കപ്പെട്ട നാൾതന്നെ അതിന്റെ കഴുത്തിൽ കയർ ഇടണം.

43. ഉഴവുകാളയ്ക്കു ലാടൻ തറയ്ക്കരുതു്.

44. വണ്ടിക്കാളയ്ക്കു ലാടൻ തറച്ചേക്കൂട്ടു.

45. ഗോക്കളെ നുകത്തിൽകെട്ടരുതു്.

46. കുട്ടിചത്ത പശുവിനെ കറന്നുകൂടാ; കറന്നെടുത്താൽ ആ പാൽ നിഷിദ്ധം ആകുന്നു.

47. മലടിപ്പശുവെങ്കിലും ഹിംസിച്ചുകൂടാ.

48. ഗോവധം പാപകരം ആകുന്നു.

49. ഗോവിന്റെ ദേഹത്തു മനുഷ്യന്റെ പാദം സ്പർശിച്ചാൽ, തൊട്ടു കണ്ണിൽവയ്ക്കണം.

50. ഗോക്കളെ ഭത്സിക്കരുതു്.

51. ഗോക്കളെ അംഗഭംഗപ്പെടുത്തരുതു്.

52. കന്നുകാലികളുടെകഴുത്തിൽ മണികെട്ടാം; എന്നാൽ കൊണ്ടികെട്ടിവിടരുതു്.

53. ഗോവിനെ തൊഴുവത്തിൽപെടുത്തിയും മററും ഹേമിച്ചു കറക്കരുതു്.

54. ഗോവിന്റെ ഉടലിൽ ചൂൽ (തുറപ്പ) കൊണ്ടു സ്പർശിക്കരുതു്.

55. ഭവനത്തിലെ തറ ചാണകംകൊണ്ടു മെഴുകണം.

56. ശുദ്ധിക്കു ചാണകവെള്ളം തളിക്കണം.

57. പഞ്ചഗവ്യം (പാൽ, വെണ്ണ, തൈര്, ഗോമൂത്രം. ഗോമലം (പശുവിൻ ചാണകം) എന്നിവചേർത്ത് ഉണ്ടാക്കിയ പാനീയം) മാനസികവ്യാധികൾക്കും, വിഷങ്ങൾക്കും പരിഹാരമാണ്.

58. ചാണകം ചുട്ട് ഉണ്ടാക്കിയ ഭസ്മം നെററിയിലും സന്ധികളിലും പൂശണം.

59. സ്നാനം കഴിഞ്ഞാലുടൻ ചാണകഭസ്മം പൂശണം.

60. പഞ്ചഗവ്യം ക്ഷേത്രങ്ങളിൽ ദേവീദേവന്മാർക്ക് അഭിഷേകത്തിനും നിവേദ്യത്തിനും യോഗ്യമാണ്.

61. പശു പെററ് പതിനാലുചെല്ലുംമുൻപ്, അതിന്റെ പാൽ കാച്ചിയാൽ പശുവിൻകിടാവിന്റെ രോമം പൊഴിയും.

62. ഗോരസശാല(പശുക്കറവസാധനങ്ങൾ—ഗവ്യങ്ങൾ സൂക്ഷിക്കുന്ന മുറി)യിൽ ശരീരശുദ്ധിയോടെ പ്രവേശിക്കണം.

63 ഞായർ, ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ നെയ്യുപാത്രത്തിൽനിന്ന് നെയ്യ് എടുത്തുകൂടാ.

64. പാലിൽ വെള്ളം ചേർത്തു വില്ക്കരുത്.

65. നല്ല കാളക്കിടാക്കളെ ഊരിലുള്ള ക്ഷേത്രത്തിലേക്കു അടിയറ വയ്ക്കണം.

66. ഭവനത്തിൽ പുലയോ വാലായ്മയോ ഉള്ളപ്പോഴും, പുഷ്പിണികളായ സ്ത്രീകളും, ശയ്യാഗൃഹശുദ്ധി കഴിഞ്ഞു് സ്നാനം കഴിയ്ക്കാത്തവരും, ഗോരസശാലയിൽ പ്രവേശിയ്ക്കുകൂടെ പാടില്ല.

67. തീണ്ടാരികാലത്തു സ്ത്രീകൾ പശുക്കൾക്കു നിഴൽ ഏല്പിക്കപോലും അരുതു്.

68. പശുക്കളെ കഴുത്തു കയറിന്റെഅഗ്രംകൊണ്ടു് അടിക്കരുത്.

69. അകിടു വൃത്തിയായി ശുദ്ധജലംകൊണ്ടു കഴുകിയിട്ടേ പശുവിനെ കറക്കുവാൻ പാടുള്ളൂ.

70. വെററില മുറുക്കി വായിൽ ഇട്ടുകൊണ്ടു പശുവിനെ കറക്കുകയോ, തൈരു കലക്കുകയോ, ഗവ്യക്കലവറയിൽ പ്രവേശിക്കുകയോ ചെയ്തുകൂടാ.

71. സൂതികാലയത്തിൽ, പ്രസവശേഷം, ഒരു മണ്ഡലം വരെ പുരുഷന്മാർ പ്രവേശിക്കരുത്.

72. തീണ്ടായിരിക്കുന്ന സ്ത്രീകളും, ശയ്യാഗൃഹാശുദ്ധിക്കു ശേഷം സ്നാനം കഴിക്കാത്തവരുമായ സ്ത്രീകളും, സൂതികാലയത്തിൽ കടക്കുകയോ, ശിശുവിനെ എടുക്കുകയൊ അതിന്റെ നിഴലിടുകയോപോലും ചെയ്യരുത്.

73. ശിശുവിന്റെ മാതാവു് പ്രസവാകഴിഞ്ഞു് ആദ്യം പുഷ്പിണിയാകുന്നതുവരെ, രജസ്വലയായ അന്യസ്ത്രീകൾ ശിശുവിനെ എടുക്കുകയോ സ്പർശിക്കുകയോ, നിഴൽ ഏല്പിക്കുകയോ ചെയ്യരുത്.

74. സൂതികാലയത്തിൽ മാതാവു ശിശുവിനു് മുലപ്പാൽ കൊടുക്കുന്നതു് അന്യന്മാർ കാണരുതു്.

75. പ്രസവം കഴിഞ്ഞാലുടൻ ശിശുവിനെ കുളിപ്പിച്ചു പൊന്നുംതേനും കൊടുത്തുകഴിഞ്ഞു്, ഒരുത്തമസ്ത്രീയെ വരുത്തി മുലയൂട്ടു നടത്തിക്കണം.

76. ശിശുവിനു ആദ്യമായി സ്തന്യം നൽകിയ സ്ത്രീക്കു ശിശുവിന്റെ മാതൃ (അമ്മിഞ്ഞമ്മ) സ്ഥാനം ഉണ്ടു്.

77. മാതാവിനെപ്പോലെ അമ്മിഞ്ഞമ്മയെയും സ്നേഹിച്ചുകയും ആദരിക്കുകയും അവരുടെ യോഗക്ഷേമങ്ങൾ അന്വേഷിക്കുകയും, മാസവിശേഷം, ആണ്ടുവിശേഷം എന്നിവയ്ക്കു, അരിയും, കോപ്പും, വസ്ത്രവും, എണ്ണയും മററും യഥാശക്തി കൊടുത്തയക്കുകയും വേണം.

78. പ്രസവം നടന്നുകഴിഞ്ഞാൽ കുടുംബാംഗങ്ങൾക്കു പത്തു ദിവസത്തെ വാലായ്മ ആചരിക്കണം.

79. പത്താംദിവസം പ്രസവാനന്തരശുദ്ധി (തളിച്ചുകളിപുണ്യാഹം) കഴിക്കണം.

80. തളിച്ചുകളിനാൾ നായർകുടുംബത്തിലെങ്കിൽ ശീതികൻ (തളിപ്പൻമാരാൻ) വന്നു് എണ്ണയും ഗോമൂത്രവുംകൂട്ടി ദർഭപ്പുല്ലിൽ തൊട്ടു, തള്ളയുടെയും, പിള്ളയുടെയും, കുടുംബത്തിലുള്ള മററെല്ലാ അംഗങ്ങളുടെയും, ശിരസ്സിലും, നാഭിയിലും, കരചരണങ്ങളിലും തളിച്ചശേഷമേ, സ്നാനം പാടുള്ളൂ.

81. പൊക്കിൾക്കൊടി പൊഴിഞ്ഞാൽ എടുത്തുസൂക്ഷിച്ചു തളിച്ചുകളിയ്ക്കു മുൻപു് "എണ്ണ തൊട്ടുകഴിഞ്ഞും" അറവാതുക്കൽ മററത്തു്, ശീതികൻ ഉലക്കകൊണ്ടു് ഇടിച്ചു കുഴിയുണ്ടാക്ക

അതിൽ നിക്ഷേപിയ്ക്കും. തള്ള പിള്ളയെ എടുത്തുംകൊണ്ടു, കിഴക്കോട്ടുനോക്കിനിന്നു പിൻ കാലുകൾകൊണ്ടു മണ്ണുവാരി ഇട്ടു് കുഴിമൂടണം.

82. തളിച്ചുകുളിനാൾ ശീതികനും വയിറ്റാട്ടിക്കും [illegible]ങ്ങൾ കൊടുക്കണം.

83. പ്രസവിച്ച നാൾതൊട്ടു് ഇരുപത്തെട്ടാംദിവസം ശിശുവിനു ഇരുപത്തെട്ടു കെട്ടണം.

84. സുമുഹൂർത്തത്തിൽ ശിശുവിനു് വയമ്പു, ഉരച്ചുകൊടുക്കണം.

85. പ്രസവംനടന്നാലുടൻ കുട്ടിക്കു ജീവനുണ്ടെങ്കിൽ ബ്രാഹ്മണക്ഷത്രിയ കുടുംബങ്ങളിലെങ്കിൽ, ജാതകർമ്മം നടത്തണം.

86. ഇരുപത്തെട്ടു കെട്ടുന്നതിനു്, ആൺശിശുവാണെങ്കിൽ പഞ്ചലോഹങ്ങൾകൊണ്ടു്, നാരായം, വാൾ, കലപ്പ, തുമ്പ, പരിച എന്നിവയുടെ മാതൃകയിൽ ചെറിയ ആഭരണങ്ങൾ ഉണ്ടാക്കി അരയിൽ തൂക്കണം. പെൺ പൈതലെങ്കിൽ പഞ്ചലോഹം കൊണ്ടുള്ള അരമണിയും കിങ്ങിണിയും, അരത്താലിയും അരയിൽ തൂക്കണം. അന്നാൾതൊട്ടു ശിശുവിനെ കണ്ണെഴുതിക്കണം.

87. ഇരുപത്തെട്ടിൻശേഷം, നല്ല നേരവും, മറ്റും നോക്കി കുഞ്ഞിനെ ആദ്യമായി തൊട്ടിലിൽ കിടത്തണം.

88. പെൺ പൈതലിനു് അഞ്ചാംമാസത്തിലും ആൺ പൈതലിനു് ആറാംമാസത്തിലും, അന്നപ്രാശം നടത്തണം.

89. നല്ല മുഹൂർത്തം നോക്കി, നല്ല മാസവും നല്ല ദിവസവും കല്പിച്ചു്, നാഴികവട്ടകവച്ചു്, സമയം നോക്കി അഞ്ചു കറിയും ഹവിസ്സും കൂട്ടി പിള്ളയൂണു നടത്തണം.

90. ക്ഷേത്രത്തിൽ ദേവസന്നിധിയിൽ വച്ചു് ഉണക്കൽ നിവേദ്യവും ഉപ്പും മുളകും ഗോരസങ്ങളും കൂട്ടിയും പിള്ളയൂണു നടത്താം.

91. പെൺ കുട്ടിയെങ്കിൽ നാലു വയസ്സിലും ആൺകുട്ടിയെങ്കിൽ അഞ്ചുവയസ്സിലും കർണ്ണവേധം ചെയ്യണം.

92. ആൺകുട്ടിയെ അഞ്ചാംവയസ്സിൽ വിജയദശമിയ്ക്കോ വിദ്യാരംഭസമയത്തു് ആദ്യമായി വിദ്യ ആരംഭിക്കണം. വാളും (വാളിന്റെ മാതൃകയിലുള്ള ചെറിയ പിച്ചാത്തി) നാരായ

(എഴുത്താണിയുടെയൊ കഠാരിയുടെയോ മാതൃകയിലുള്ള ഇരുമ്പാണി)യും കൂടി പിടിപ്പിക്കണം.

93. പെൺകുട്ടികൾ പന്ത്രണ്ടുവയസ്സുവരെയും ആൺകുട്ടികൾ പതിനാറുവയസ്സുവരെയും കുമ്പാളക്കൌപീനം ധരിക്കണം.

94. ആൺകുട്ടികളെ പതിനാറാംവയസ്സിൽ നല്ലനേരം നോക്കി ശീല (കൌപീനം) കെട്ടിക്കണം.

95. പെൺകുട്ടികളെ പന്ത്രണ്ടുവയസ്സിനു മുൻപു താലി കെട്ടിക്കണം.

96. താലികെട്ടു കല്യാണത്തിനു മുൻപു പെൺകുട്ടികൾ കോടിപ്പുടവ ധരിക്കരുതു്.

97. ആൺകുട്ടികളെ നല്ലനേരംനോക്കി പതിനാറുവയസ്സു കഴിഞ്ഞു കോടിവസ്ത്രം ധരിപ്പിക്കണം.

98. വിദ്യപഠിക്കുന്ന കാലമത്രയും ഗുരുപൂജ നടത്തണം.

99. കളരിയിൽ പഠിത്തം ആരംഭിക്കും മുൻപു ദേവീപൂജ നടത്തണം.

100. സകല സൽക്കർമ്മങ്ങളും ആരംഭിക്കുമ്പോൾ വിഘ്നേശ്വരനു (ഗണപതിക്കു്) ഒരുക്കുകൾ (വിളക്കും അവിൽ പഴം [illegible] മലർ തേങ്ങ എന്നിവയും) വയ്ക്കണം.

101. കന്യക ഋതുവാകുംമുൻപു താലികെട്ടു കഴിക്കണം.

102. ഋതുശാന്തി കല്യാണം നടത്തണം.

103. ഋതുസ്നാനത്തിനു വണ്ണാൻഅലക്കിയവസ്ത്രം, മാററു് ഉടുത്താലേ ശുദ്ധിവരികയുള്ളൂ.

104. രജസ്വലയായ സ്ത്രീകൾ മൂന്നുദിവസം സ്വസ്ഥരായി അശുദ്ധി ആചരിച്ചു നാലാംനാൾ രാവിലെ മഞ്ഞളും, എണ്ണയും തേച്ചും വണ്ണാന്റെ മാററുതൊട്ടും ഒഴുക്കുവെള്ളത്തിൽ സ്നാനം ചെയ്യണം.

105. രോഗശയ്യയിൽകിടക്കുന്നവരുടെമീതെ ഓലക്കൊട പിടിച്ചു് അതിന്മീതെ വെള്ളംതളിച്ചാൽ അശുദ്ധി നീങ്ങും.

106. ഗർഭിണിക്കു് ഏഴാംമാസമാകുമ്പോൾ മുതൽ വയററിൽ വാലായ്മ തുടങ്ങുമെന്നുള്ളതിനാൽ ക്ഷേത്രത്തിൽ നാലമ്പലക്കെട്ടിനകത്തു് അവർ പ്രവേശിച്ചുകൂടാ.

107. രക്തബന്ധമുള്ളവർ മരിച്ചാൽ പത്തു മുതൽ പതിനാറുവരെ ജാതി മര്യാദപ്രകാരം പുല ആചരിക്കണം.

108. മരണാനന്തരകർമ്മങ്ങൾക്കു ശേഷം പുണ്യാഹവും ഗൃഹശുദ്ധി യജ്ഞവും നടത്തണം.

109. സന്യാസികൾ മരണാനന്തരകർമ്മങ്ങളിൽ സംബന്ധിച്ചുകൂടാ.

110. സന്യാസികൾ മരിച്ചാൽ പുല ആചരിക്കേണ്ട.

111. നായക്കു പതിനഞ്ചാംദിവസം ശീനികനും 16-ാം ദിവസം എളയജ്ജും പിണ്ഡം മുഴകിക്കണം.

112. സ്വജനങ്ങൾ ശ്രാദ്ധസമയത്തു സാക്ഷിഭോജനം (ചാത്തം ഊണു്) നടത്തണം.

113. ഭാര്യയ്ക്കു ഗർഭോല്പാദനം ഉണ്ടായെന്നു കണ്ടാൽ നാലാംമാസത്തിനു മുൻപു ഭർത്താവു ദൂരദേശയാത്ര ചെയ്യരുതു്.

114. ഋതുസ്നാനംകഴിഞ്ഞു വരുന്ന സ്ത്രീകൾ തീണ്ടാനാഴി (മുക്കുറ്റി)ച്ചാറു് മെഴുക്കൽതറയിൽ വീഴ്ത്തികഴച്ചു് തിലകംതൊട്ട ശേഷംമാത്രമെ പുരുഷമുഖം ദർശിക്കുവാൻപാടുള്ളൂ. പരപുരുഷമുഖത്തു ദർശിക്കുവാൻ പാടില്ല.

115. തീണ്ടായിരിക്കുന്ന സ്ത്രീ, ഗോവനം, ബ്രാഹ്മണക്കളളി, കണ്ണൻ എന്നീ വാഴകൾക്കും, പാലുള്ള വൃക്ഷങ്ങൾക്കും അരത(ശതാവ്വ്)ച്ചെടിക്കും, മുലകുടിക്കുന്ന ശിശുക്കൾക്കും നിഴലേല്പിക്കരുതു്.

116. രജസ്വലകൾ അല്പാഹാരംകഴിച്ചു തറയിൽ ശയിക്കണം. മൂന്നാംനാൾ രാത്രിയിൽ ഉപവാസം അനുഷ്ഠിക്കണം. അവർ കിണർ മുതലായവ തൊട്ടാൽ അശുദ്ധപ്പെടും.

117. ഗ്രഹണസമയത്തു കവളന്മടൽകൊണ്ടു ഭൂമിയിൽ അടിച്ചു ശബ്ദം ഉണ്ടാക്കണം.

118. ഗ്രഹണസമയത്തു ഗർഭിണികൾ മുറിക്കകത്തുതന്നെ പുതച്ചുമൂടി ഇരിക്കണം. അമ്മിക്കുഴവിയും ഉലക്കയും സമീപത്തുവച്ചുകൊള്ളുകയും വേണം.

119. ഗ്രഹണസമയത്തു്, പചിച്ച സാധനങ്ങൾ അടുക്കളയിൽ ഉണ്ടായിരുന്നാൽ കരിക്കട്ടയും തുളസിയിലയും ഇട്ടുവച്ചുകൊണ്ടാൽ തീണ്ടൽ ഉണ്ടാകയില്ല.

120. പുല, വാലായ്മ മുതലായ ആശൂലങ്ങളാൽ അശുദ്ധിയുള്ള കാലത്തു ഭവനത്തിൽ ശർക്കര, വെളിച്ചെണ്ണ, നെയ്യ് മുതലായ സാധനങ്ങൾ ഇരിപ്പുണ്ടായിരുന്നാൽ ആശൂലം നീങ്ങിയ

ശേഷം അവയിൽ നസ്രാണിയെക്കൊണ്ടു സ്പർശിപ്പിച്ചാൽ അശുദ്ധി നീങ്ങും. (എ. ഡി. 1–ാംശതകം മുതൽ ആയിരിക്കണം ഈ ആചാരം.)

121. കുളിക്കുമ്പോൾ വസ്ത്രങ്ങൾ എല്ലാം നനച്ചു മുക്കി ജലത്തിൽ മുങ്ങി, ശുദ്ധിവരുത്തി കരയ്ക്കു കയറണം.

122. സ്നാനം കഴിയാത്തവരോ അശുദ്ധിയുള്ളവരോ, സ്പർശിക്കുകയോ വെള്ളം തെറിപ്പിക്കുകയോ ചെയ്താൽ (അശുദ്ധിയുണ്ടാകും) ശുദ്ധം മാറും.

123. സ്ത്രീകൾക്കു ആദ്യഗർഭകാലത്തു് ഏഴാംമാസത്തിനകം പുംസവനം (പുളിയൂണു) കഴിക്കണം.

124. ജന്മമാസത്തിൽ ദൂരയാത്ര പോകരുതു്.

125. ജന്മമാസത്തിൽ ക്ഷൌരം ചെയ്യിക്കരുതു്.

126. ജന്മനക്ഷത്രത്തിൽ ഗൃഹംവിട്ടു ദൂരയാത്രപോകരുതു്.

127. പുരുഷന്മാർ ശനിയും, ബുധനും, സ്ത്രീകൾ ചൊവ്വയും, വെള്ളിയും, ദിവസങ്ങളിൽ എണ്ണ തേച്ചുകുളിക്കണം.

128. ക്ഷൌരം കഴിക്കുന്നനാൾ അഭ്യംഗസ്നാനം ചെയ്യരുതു്.

129. എണ്ണതേച്ചുകുളികഴിഞ്ഞാൽ അന്നു ദധിക്കൂട്ടി ഊണു കഴിക്കരുതു്.

130. ക്ഷൌരമോ എണ്ണതേച്ചുകുളിയോ നടത്തിയനാൾ രാത്രിയിൽ മണവറയിൽ ശയനം പാടില്ല.

131. ക്ഷൌരമോ, എണ്ണതേച്ചുകുളിയോ, ശയ്യാഗൃഹവാസമോ കഴിഞ്ഞാലുടൻ ദൂരയാത്ര പുറപ്പെടരുതു്. വഴിയാത്ര കഴിഞ്ഞുവന്നാലുടൻ ആവകയിലൊന്നും പ്രവേശിക്കയുമരുതു്.

132. വഴിയാത്ര കഴിഞ്ഞു ക്ഷീണിച്ചു തിരിച്ചുവന്നാലുടൻ സുഖാഹാരം കഴിക്കരുതു്.

133. വെള്ളവസ്ത്രം ധരിക്കണം.

134. സ്ത്രീകൾ തററുടുക്കണം.

135. പുരുഷന്മാർ കച്ചകെട്ടിമുറുക്കിയേ പടയ്ക്കുപോകാവൂ.

136. ജാതിക്കു പുറമേയുള്ളവർ പാകംചെയ്ത അന്നം കഴിച്ചവനു ജാതിഭ്രഷ്ടും പതിത്വവും ഉണ്ടു്.

137. ബ്രാഹ്മണർ പതിതജാതികളുടെ വക നമസ്കാരാന്നം സ്വീകരിക്കരുതു്.

138. പതിതജാതികളുടെ അടിയന്തിരങ്ങൾക്കു പാചകത്തിനു സഹായിക്കുന്ന ഉൽകൃഷ്ടജാതികൾക്കും, പതിത്വം ഉണ്ടാകും.

139. ശുദ്ധം മാറിയിരിക്കുമ്പോൾ യാതൊന്നും ഭക്ഷിക്കരുതു്. ഭക്ഷിച്ചാൽ പതിതനാകും.

140. മലമൂത്രവിസർജ്ജനം കഴിച്ചാൽ മണ്ണുകൂട്ടി, ശുദ്ധജലംകൊണ്ടു ശുദ്ധിവരുത്തണം; ശുദ്ധി ചെയ്യാതെ ഏതെങ്കിലും ഭക്ഷിച്ചാൽ പതിത്വം ഉണ്ടാകും.

141. ചത്ത പശുമൃഗാദികളുടെ മാംസം വർജ്ജിക്കണം.

142. ഒരു യാമം പഴകിയ അന്നാദികൾ ഭക്ഷിക്കരുതു്.

143. ഗോരസം കൂട്ടി ആഹാരം കഴിച്ചാലേ ശുദ്ധിയുള്ളു.

144. ശുദ്ധജലത്തിനും, ഗോരസത്തിനും, അശുദ്ധിയില്ല.

145. വ്രതാനുഷ്ഠാനങ്ങൾക്കു് ആഹാരസാധനങ്ങളുടെ, ഗോരസം കൂടി ഉണ്ടായിരുന്നാലേ ശുദ്ധി ഉള്ളു.

146. മാസത്തിൽ രണ്ടു ഏകാദശി അനുഷ്ഠിക്കണം.

147. വ്രതാന്ത്യത്തിൽ മലരും തുളസിയിലയും, നെല്ലും ശുദ്ധജലത്തിൽ ഇട്ടു്, ആ ജലം സേവിച്ചു പാരണവീട്ടണം.

148. ശ്രാദ്ധാദികർമ്മങ്ങൾക്കു ഗോരസം ഒഴിച്ചുകൂടാവുന്നതല്ല.

149. വ്രതങ്ങൾ അനുഷ്ഠിക്കുമ്പോൾ ആഹാരസാധനങ്ങളുടെ കൂട്ടത്തിൽ ഉഴുന്നും ഉഴുന്നുചേൎന്ന വിഭവങ്ങളും ഉൾപ്പെടുത്തിക്കൂടാ.

150. വ്രതകാലത്തു ചുവന്നുള്ളിയും കപ്പൽമുളകും വർജ്ജിക്കണം. വ്രതദിവസങ്ങളിലും ഞായറാഴ്ച അമാവാസി എന്നീ ദിവസങ്ങളിലും ഉപ്പിലിട്ട പദാൎത്ഥങ്ങൾ അനുഭവിച്ചുകൂടാ.

151. ഞായറാഴ്ച നെല്ലിക്കാ ഉപ്പിലിട്ടതു ഉപയോഗിച്ചുകൂടാ.

152. ആണ്ടിൽ രണ്ടു പ്രാവശ്യമേ ക്ഷൌരം നടത്തിക്കാവൂ.

153. അമാവാസി, പൌൎണ്ണമി മുതലായ തിഥികളിൽ ക്ഷൌരം ചെയ്യിക്കരുതു്.

154. മാസത്തിൽ രണ്ടു പ്രാവശ്യത്തിൽ കൂടുതൽ മണവറയിൽ ശയിക്കരുതു്. അമാവാസി, പൌൎണ്ണമി, അഷ്ടമി മുതലായ

തിഥികളും ഞായറാഴ്ച ദിവസവും ശസ്ത്രഗൃഹവിധികൾക്ക വർജ്ജ്യങ്ങളാണ്.

155. ശകുനം നോക്കി യാത്ര പുറപ്പെടണം.

156. ഒററബ്രാഹ്മണനെ യാത്രാമുഖത്തിൽകണ്ടാൽ യാത്രയുടെ ഉദ്ദേശം സഫലമല്ലെന്നും, യാത്രയിൽ വൈഷമ്യമെന്നും സൂചനയാകുന്നു.

157. ഒററശൂദ്രൻ സുശകുനമാണ്.

158. കയറിട്ട കാള, കയറിട്ട പശു, വേശ്യാസ്ത്രീ, സുമംഗലി, ശവം, മണ്ണ്, ദധി എന്നിവ ക്ഷിപ്രമായ കാര്യസാദ്ധ്യത്തെ സൂചിപ്പിക്കുന്ന ശകുനങ്ങളാകുന്നു.

159. കയറ്, ആയുധങ്ങൾ, കോപിഷ്ഠൻ, കലഹം, കട്ടിലെ എടുത്തുകൊണ്ടുവരുന്ന സ്ത്രീ, രോദനംചെയ്തുകൊണ്ടുവരുന്ന സ്ത്രീ, കുളി കഴിഞ്ഞു നനഞ്ഞ വസ്ത്രവും, അഴിച്ചു പിന്നോക്കം ഇട്ടിരിക്കുന്ന കേശവുമായി വരുന്ന സ്ത്രീ, മുണ്ഡിതൻ, ഭിക്ഷു, അംഗഹീനൻ, വിധവ എന്നിത്യാദിപലതും ദുശ്ശകുനങ്ങളാണ്.

160. ഹോമാദി സൽക്കർമ്മങ്ങൾക്ക മേലരി (പിലാംവിറക) യും വഹ്നിച്ചമതവും വിറകിന് ഉപയോഗിക്കണം.

161. ശവസംസ്കാരത്തിന പച്ചമാവുമരം വെട്ടിയിട്ടു കീറിയ വിറക കൂടിയേതീരു.

162. ഗൃഹവളപ്പിൽ പാൽവൃക്ഷങ്ങൾ ഉണ്ടായിരിക്കണം. എന്നാൽ അവിടെ ആലും താന്നിമരവും വച്ചുപിടിപ്പിക്കരുത്.

163. ജലാശയങ്ങൾക്ക സമീപവും മനുഷ്യാധിവാസമുള്ള പ്രദേശങ്ങൾക്ക് അടുത്തും, പാതകളിലും മലമൂത്രവിസർജ്ജനം ചെയ്യരുത്.

164 ശ്രാദ്ധപിണ്ഡം കാകനു കൊടുക്കണം. ശ്വാവിനു കൊടുക്കരുത്.

165. തീണ്ടലും തൊടീലും ജാതിമര്യാദപ്രകാരം ആചരിക്കണം; ആചരിക്കാത്തയാളിനു പതിത്വം ഉണ്ട്.

166. ബ്രാഹ്മണൻ മദ്യപാനംചെയ്തുകൂടാ. പതിതനാകും.

167. ശനിയാഴ്ച കോടിവസ്ത്രം ധരിക്കരുത്.

168. ചാരിത്രദോഷശങ്കയുള്ള കേരളബ്രാഹ്മണസ്ത്രീയെ അഞ്ചാംപുരയിലിരുത്തി, സ്മാർത്തവിചാരംനടത്തി, കൈകൊട്ടി പുറത്താക്കി, പടിയടച്ചു പിണ്ഡം വയ്ക്കണം. ദോഷശങ്കയ്ക്കു ഹേതുവായ പുരുഷനും, പുറത്താക്കപ്പെട്ട സ്ത്രീക്കും ഭ്രഷ്ടുണ്ട്.

169. ഭ്രഷ്ടർക്ക് ഹിന്ദുസമൂഹത്തിൽ സ്ഥാനമില്ല. കുളം കിണറുകളും മറ്റും അവർ സ്പർശിച്ചുകൂടാ. ഹൈന്ദവഗൃഹങ്ങളിലും ക്ഷേത്രങ്ങളിലും അവർക്ക് പ്രവേശസ്വാതന്ത്ര്യം ഇല്ല.

170. സ്മാർത്തവിചാരം കഴിഞ്ഞുള്ള വൈദികവിധി നാട്ടുവാഴിയും അംഗീകരിക്കണം.

171 സ്മാർത്തവിചാരംകഴിഞ്ഞു ഭ്രഷ്ടയാക്കി ബഹിഷ്കരിക്കപ്പെട്ട "സാധനം" (ദോഷശങ്കിതയായ അന്തർജ്ജനം) ഉൾപ്പെട്ടിരുന്ന ഇല്ലത്തിലെ അംഗങ്ങൾക്കും ഭ്രഷ്ട് ഉണ്ട്. പരിഹാരപ്രായശ്ചിത്തങ്ങൾ ചെയ്തശേഷമേ, അവരുടെ ഭ്രഷ്ട് നീങ്ങുകയുള്ളൂ.

172. കേരളബ്രാഹ്മണകുടുംബങ്ങളിലെ മൂത്തപുരുഷന്മാത്രമേ "വേളി" (സജാതീയവിവാഹം) കഴിക്കുവാൻ പാടുള്ളൂ. മറ്റംഗങ്ങളായ പുരുഷന്മാർക്ക് വിഹിതവർണ്ണങ്ങളിൽ ഉൾപ്പെട്ട സ്ത്രീകളെ പരിഗ്രഹിക്കുവാൻ തടസ്സമില്ല. ഒരിക്കൽ വേളികഴിച്ച ബ്രാഹ്മണന്, ആ വേളി ജീവിച്ചിരിക്കുമ്പോൾതന്നെ എത്ര കന്യകകളെയെങ്കിലും ഒരോന്നായി വേളികഴിക്കാൻ പ്രതിബന്ധമില്ല. അന്തർജ്ജനങ്ങൾക്ക് പുനർവിവാഹം പാടില്ലാ.

173. കേരളത്തിലെ ക്ഷത്രിയവർഗ്ഗക്കാരുടെ ദായക്രമം മരുമക്കത്തായമാണ്. സജാതീയപുരുഷന്മാർ ക്ഷത്രിയസ്ത്രീകളെ വിവാഹം കഴിച്ചുകൂടാ.

174. നായർസ്ത്രീപുരുഷന്മാർക്ക് വിവാഹത്തിൽ പൂർണ്ണസ്വാതന്ത്ര്യങ്ങൾ ഉണ്ട്.

175. ഉമിക്കരികൊണ്ടു പല്ലുതേയ്ക്കണം. പഴുത്ത മാവിലയും ദന്തശോധനയ്ക്ക് ഉപയോഗിക്കണം. ഈർക്കിൽകൊണ്ടു നാക്കുവടിച്ചു വൃത്തിയാക്കണം. അടയ്ക്കാത്തൊണ്ടു പല്ലുതേയ്ക്കാനുപയോഗിക്കരുത്. കടലാടിത്തണ്ടു ദന്തശോധനയ്ക്കുത്തമം.

176. ശൌചത്തിന് ഉപയോഗിച്ച ജലത്തിന്റെ ഉച്ഛിഷ്ടംകൊണ്ടു മുഖപ്രക്ഷാളനം ചെയ്യരുത്.

177. പുതിയ മൺപാത്രങ്ങൾക്ക് ശുദ്ധി ഉണ്ട്.

178. ആശൂലമുള്ള ഗൃഹങ്ങളിൽ ബ്രാഹ്മണർ പ്രവേശിച്ചാൽ പൂണുനൂൽ മാറണം.

179. ബ്രാഹ്മണർ ബ്രാഹ്മണേതരരുടെ ഭവനങ്ങളിൽ ചെന്നാൽ തറയിൽ ഇരുന്നുകൂടാ.

180. പലക്കായി ഉണ്ടാക്കപ്പെടുന്ന മധുരപദാത്ഥങ്ങൾ ഒരാൾ തനിയേ മുൻകൂട്ടി ഭുജിക്കരുത്.

181. സ്വഭാനവിഭവങ്ങൾ പാകപ്പെടുത്തിയാൽ, ഉപയോഗിക്കുന്നതിനുമുൻപ് അല്പം അഗ്നിയിൽ നിക്ഷേപിക്കുകയൊ പുറത്തേക്ക കളയുകയോ വേണം.

182. ദൃക്‍ദോഷം നീക്കാൻ അന്നം ഉഴിയണം

183. അടിയന്തിരങ്ങൾക്ക് അരിവച്ച പാകപ്പെടുത്തി, കൂട്ടിയിട്ടു കഴിഞ്ഞാൽ അതിന്മീതെ നെയ്‌വിളക്കുവച്ച്, പൂമാല ചാർത്തി ആരാധിക്കണം.

184. പട്ടി അടുക്കളയിൽകടന്നാൽ അപ്പോൾ അവിടെ ഉള്ള ആഹാരവിഭവങ്ങൾ വജ്ജിക്കണം. പൂച്ചതൊട്ടാൽ അശുദ്ധിഇല്ല.

185. അടുക്കള ശുദ്ധമായിരിക്കണം.

186. സന്ധ്യയ്ക്കും പ്രഭാതത്തിലും ഗൃഹവും പരിസരങ്ങളും, തൂത്തുതളിച്ച അറവാതുക്കൽ വിളക്ക കത്തിച്ചുവയ്ക്കണം.

187. കന്നി, കക്കടകം എന്നീ മാസങ്ങൾ വിവാഹം അന്നപ്രാശനം മുതലായ ശുഭകമ്മങ്ങൾക്ക വിഹിതമല്ല.

188. ചൊവ്വ, വെള്ളി, എന്നീ ദിവസങ്ങളിലും സംക്രമദിവസവും ഓട്ടുപാത്രങ്ങൾ, സ്വൎണ്ണം, വെള്ളി ആഭരണങ്ങളും, നെല്ലും കൊടുക്കൽവാങ്ങലോ, ഇരവൽ കൊടുക്കൽവാങ്ങലോ നിഷിദ്ധമാണ്.

189. ശ്രാദ്ധാദിപിതൃകമ്മങ്ങൾ മുറപോലെ നടത്തണം.

190. ഓരോദേശത്തോ, കരയിലോ, ഉൗരകത്തോ, ഉള്ള പ്രധാനക്ഷേത്രത്തിൽ ഉത്സവകാലങ്ങളിലും, സാംക്രമികവ്യാധികൾ ഉള്ളകാലമത്രയും, സ്ത്രീപുരുഷന്മാർ ബ്രഹ്മചര്യം ദീക്ഷിക്കണം.

191. മംഗലകമ്മങ്ങളുടെ നിവ്വഹണത്തിൽ സ്ത്രീകൾ കുരവ ഇടുകയും പുരുഷന്മാർ ആർപ്പു വിളിക്കുകയും ചെയ്യണം.

192. കടിഞ്ഞൂൽഗഭകാലത്ത്, എപ്പോഴെങ്കിലും ഒരു മണ്ഡലം ഏഴാംമാസംവരെ സ്ത്രീകൾ അവരവരുടെകരയിലുള്ള ക്ഷേത്രത്തിൽ ഭജനംപാക്കണം.

193. ഗൃഹപരിസരത്തിനുള്ളിൽ വടക്കുവശത്തിരുന്നു കാക്കവിളിച്ചാൽ അതിഥിയുടെ വരവ് ഉണ്ടെന്ന സൂചനമാണ്.

194. വശകൻപക്ഷി ചിലച്ചുകൊണ്ടു ഗൃഹത്തിനുമീതെ കടന്നാൽ കലഹം ഉണ്ടാകുമെന്നു് സൂചനമാണു്.

195. നാറപ്പക്ഷികരഞ്ഞുകൊണ്ടു വടക്കോട്ടുപോയാൽ പുരുഷമരണം ഉണ്ടാകുമെന്നു സൂചനയാണു്.

196. രാത്രിയിൽ മൂങ്ങാമൂളുകയോ, ഊളൻക്രവുകയോ, ശ്വാനകൻമോങ്ങുകയോ ഭവനപരിസരങ്ങൾക്കുസമീപം കേൾക്കാൻ ഇടയാകുന്നതു ദുൎന്നിമിത്തങ്ങളുടെ സൂചനയാകുന്നു. ഭവനത്തിൽ രോഗശയ്യയിൽ ആരെങ്കിലും ഉള്ളപ്പോൾ ഈ ലക്ഷണങ്ങൾ മരണസൂചകമെന്നാണു ബോദ്ധ്യം.

197. മധുരപദാൎത്ഥങ്ങൾ പാകപ്പെടുത്തുമ്പോൾ അളുവങ്ങുകയോ, പ്രാണികൾ അതിൽപ്പെട്ടു ചാവുകയോ ചെയ്യുന്നതു ദുൎന്നിമിത്തസൂചകംതന്നെ.

198. മൃത്യുവശഗരായ രോഗികൾക്കും, പ്രായാധിക്യത്താൽ വിവശരായവൎക്കും, കുട്ടികൾക്കും അവർ ആശിക്കുന്നതെല്ലാം കൊടുക്കണം.

199. ഭിക്ഷ യാചിക്കുന്നവൎക്കു ഭിക്ഷ നൽകണം.

200. വിശന്നും തളൎന്നും വരുന്ന പഥികന്മാൎക്കു് ആവശ്യാനുസൃതം ആഹാരസൌകൎയ്യം നൽകണം.

201. ജന്മനക്ഷത്രത്തിൽ സ്നാനംകഴിഞ്ഞു കണ്ണെഴുതുകയും ക്ഷേത്രദൎശനം കഴിഞ്ഞു സുഖമായി അഞ്ചുകറികൂട്ടി ആഹാരം കഴിക്കുകയും വേണം.

202. സാംക്രമികരോഗങ്ങൾ ഉള്ള ഭവനങ്ങൾക്കു് ഏഴു പറമ്പിട അകലെക്കൂടെയേ വഴിപോകാവൂ.

203. മസൂരിരോഗം പ്രചരിച്ചിരിക്കുന്നകാലത്തു കടുകുവറുത്തും പപ്പടംകാച്ചിയും മുതിരവറുത്തും കശുവണ്ടിചുട്ടും മത്സ്യംചുട്ടും മററും വാസനഉണ്ടാക്കരുതു്. സുഗന്ധതൈലങ്ങൾ അക്കാലത്തു തേച്ചുകൊണ്ടു നടക്കയുമരുതു്. ശരീരശുദ്ധിയോടെ മാത്രമേ പുറമെ സഞ്ചരിക്കാവൂ.

204. ശുഭകൎമ്മങ്ങൾ ആചരിക്കുവാൻ ആരംഭിക്കുകയോ, അവ അനുഷ്ഠിക്കുകയോചെയ്യുന്ന ഗഡുവിൽ ആ ഭവനത്തിലെ അംഗങ്ങളുടെയോ പരികൎമ്മികളുടെ വസ്ത്രത്തിൽ തീ പിടിക്കുന്നതു ദുർല്ലക്ഷണമാകുന്നു.

205. ശുഭകൎമ്മരംഗങ്ങളിൽ വിലങ്ങെ(മറികടക്കുക) പോകരുതു്.

206. ശുഭകൎമ്മവേളയിൽ പാകപ്പെടുത്തുന്ന പായസം, ശൎക്കരപുരട്ടിഉപ്പേരി, വറുത്തുപ്പേരി, അരത്തം മുതലായവയ്ക്കു പാകപ്പിഴ വരുന്നതു ദുൎല്ലക്ഷണമാകുന്നു.

207. കാക്ക ശിരസ്സിലോ പുറത്തോ കാഷ്ഠിക്കുന്നതു് ആപൽസൂചനയാണു്.

208. കാക്ക കുളിക്കുന്നതുകണ്ടാൽ പുലവരുമെന്നുസൂചനയാകുന്നു.

209. യാത്രാവേളയിൽ പൂച്ച എതിരേവന്നാൽ യാത്ര പുറപ്പെട്ടുകൂടാ.

210. പട്ടി മൂത്രവിസൎജ്ജനംചെയ്യുന്നതുകണ്ടാൽ കാൎയ്യാൻ അടുത്തുതന്നെ സന്ദേശം ഉണ്ടാകും.

211. ശുനകമൈഥുനം ദൃഷ്ടിഗോചരമായാൽ കല്ലെറിഞ്ഞു് ഓടിക്കണം

212. ശയനമുറിയിൽ വേട്ടാവളിയൻ കൂടുവച്ചാൽ ഗൃഹിണി അടുത്തുതന്നെ ഗൎഭവതിയാകും.

213. നിദ്രക്കായി ശയിക്കുമ്പോൾ കിഴക്കോട്ടോ തെക്കോട്ടോ തലവച്ചുകിടക്കാം. വടക്കോട്ടോ പടിഞ്ഞാട്ടോ തലവച്ചു കിടന്നുകൂടാ.

214. രോഗി കട്ടിലിന്റെ വക്കിൽതന്നെ സദാ നീങ്ങിക്കിടക്കുന്നതും രണ്ടു കൈകളും കൂപ്പിക്കൊണ്ടു കിടക്കുന്നതും കൂടെക്കൂടെ കൈകൾകൊണ്ടു മുഖം തുടയ്ക്കുന്നതും ദുൎല്ലക്ഷണങ്ങൾ ആകുന്നു

215. രോഗി കൂടെക്കൂടെ ഗുഹ്യപ്രദേശത്തു കൈവച്ചുകൊണ്ടിരിക്കുന്നതിൽ താല്പൎയ്യം കാണിക്കുന്നതു ദുൎല്ലക്ഷണമാണു്.

216. രോഗിയുടെ മുൻപല്ലിന്മീതെ കുമിഴപോലെ ഇതൾ പിടിക്കുന്നതു ദുൎല്ലക്ഷണമാകുന്നു.

217. രോഗവിവരം പറയുവാൻ ദൂതൻ വൈദ്യന്റെ വസതിയിൽചെല്ലുമ്പോൾ വൈദ്യൻ ആഹാരംകഴിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അതു ശുഭലക്ഷണമല്ല.

218. രോഗി വൈദ്യനോടു തന്റെ രോഗത്തിന്റെ പേരു പറയുന്നതും ദുൎല്ലക്ഷണമാണു്.

219. ശുഭകാൎയ്യങ്ങൾ ആലോചിക്കുമ്പോഴോ, നടത്തുമ്പോഴോ മാൎജ്ജാരയുദ്ധകോലാഹലം ഉണ്ടാകുന്നതു അശുഭലക്ഷണമാണു്.

220. രോഗശയ്യയിൽ ആളുള്ള ഗൃഹത്തിലോ പരിസരങ്ങളിലോ ശ്വാനകരോദനം ഉണ്ടാകുന്നതു ദുർല്ലക്ഷണമാകുന്നു.

221. രോഗശയ്യയിൽ ആളുള്ളപ്പോൾ ഭവനപ്രാന്തങ്ങളിലോ പരിസരങ്ങളിലോ ജംബുകനിനാദം ഉണ്ടാകുന്നതു ദുർല്ലക്ഷണമാകുന്നു.

222. രോഗികിടക്കുന്ന മുറിയിലെ ദീപം പെട്ടെന്നു അണയുന്നതും ആ മുറിയിൽ വാവലോ തെരച്ചിലോ പാറുന്നതും ദുർല്ലക്ഷണങ്ങളാകുന്നു.

223. സദ്യയ്ക്കുള്ള വിഭവങ്ങളിൽ ജന്തുക്കൾ വീണു മരിക്കുന്നതു ശുഭലക്ഷണമല്ല.

224. സർപ്പവിഷമേറ്റവൻ "എ" മുതലായ സ്വരാക്ഷരങ്ങളിൽ ആരംഭിക്കുന്ന പദംകൊണ്ടു് ആ വൃത്താന്തം അറിയിക്കുവാൻ ആരംഭിക്കുന്നതു ദുർല്ലക്ഷണമാകുന്നു.

225. എന്തെങ്കിലും കാര്യത്തെക്കുറിച്ചു് ആലോചിക്കുകയോ സംസാരിക്കുകയോ ചെയ്യുമ്പോൾ ദക്ഷിണഭാഗത്തിരുന്നു ഗൗളി ശബ്ദിക്കുന്നതു അശുഭലക്ഷണമാകുന്നു.

226. ഗൗളി തലയിലോ പുറത്തോ വീഴുന്നതു അമംഗലമാകുന്നു.

227. ധരിച്ചിരിക്കുന്ന കോടിവസ്ത്രത്തിനു തീ പിടിക്കുന്നതു ശത്രുഭയസൂചനയാകുന്നു.

228. ഭവനത്തിൽ മരണം ഉണ്ടാകുമ്പോൾ സ്ത്രീകൾ മുറവിളിക്കണം. മരണവിവരം അറിഞ്ഞു് ബന്ധുജനങ്ങൾ മറ്റും ഭവനത്തിലേക്കു വരുമ്പോഴും സംസ്കാരത്തിനു ശവം എടുത്തു കൊണ്ടുപോകുമ്പോഴും മുറവിളിക്കണം.

229. ശ്രാർദ്ധപിണ്ഡം, തറയിൽ കൊണ്ടുവച്ചിട്ടു് കൈ നനച്ചു് കൈ കൊട്ടണം.

230. ഏകനായി പെരുവഴി നടന്നുപോകരുതു്.

231. ഏകനായി രാത്രിയിൽ ഉണർന്നിരിക്കരുതു്.

232. വിവശനായി രോഗി കിടക്കുന്ന ഘട്ടത്തിൽ നായു് പൂച്ച കന്നുകാലികൾ ഏതെങ്കിലും മരിച്ചാൽ രോഗി രക്ഷപെട്ടേയ്ക്കും.

233. പെരുവഴിക്കും പൊതുജലാശയങ്ങൾക്കും തൊട്ടടുത്തു കുടി പാർക്കരുതു്.

234. കോവിലകങ്ങൾക്കു തൊട്ടടുത്തും കുടിപാർത്തുകൂടാ.

235. വഴിയാത്രയിൽ പെരുവഴിയരുകിൽ കിടന്നു് ഉറങ്ങരുതു്.

236. ബ്രഹ്മസ്വവും ദേവസ്വവുംവക മുതലുകൾ എടുത്തു തനതുകാര്യങ്ങൾക്കു ഉപയോഗിക്കരുതു്. ക്ഷേത്രത്തിലെ വിളക്കിൽനിന്നു് ഒരു തിരിപോലും എടുക്കുകയോ ആ തിരിയിൽ നിന്നു തനതുദീപം കത്തിക്കുകയോ ചെയ്യുകൂടാ.

237. ബ്രാഹ്മണരുടെയും, സ്ത്രീകളുടെയും, ഗോക്കളുടെയും കണ്ണീർ ഏതു സ്ഥലത്തുപതിക്കുന്നു, ആ സ്ഥലത്തു നാശം അനുഭവമാകും.

238. പ്രസവത്തിനുസ്ഥലംകൊടുക്കുന്നില്ലെങ്കിലും,കിടന്നു മരിക്കുവാനും ശവദാഹത്തിനും സ്ഥലം കൊടുക്കണം.

239. ദാഹിച്ചുവലഞ്ഞുവരുന്നവർക്കു വെള്ളംകൊടുക്കണം.

240. മദ്ധ്യാഹ്നത്തിൽ ജലപാനതൃഷ്ണയോടെ വരുന്ന ഗോക്കൾക്കു ജലം നൽകണം.

241. നഗ്നത ഭവിച്ചവർക്കു നഗ്നതമറയ്ക്കുവാൻ വസ്ത്രം കൊടുക്കണം.

242. തൈലാഭ്യർത്ഥികൾക്കു് എണ്ണ കൊടുക്കണം.

243. അന്നാഭ്യർത്ഥികൾക്കു് അന്നംകൊടുക്കണം.

244. പട്ടിയെ ശകുനംകണ്ടുകൊണ്ടു യാത്ര പുറപ്പെട്ടാൽ അലച്ചിൽമാത്രമായിരിക്കും അനുഭവം.

245. രോഗിക്കു് ഔഷധം പാകപ്പെടുത്തുമ്പോൾ ഔഷധത്തിനു പാകപ്പിഴ സംഭവിക്കുന്നതു ദുർല്ലക്ഷണമാണു്.

246. കർക്കടകമാസത്തിലെ അമാവാസിക്കു പിതൃശ്രാദ്ധം നടത്തുന്നതിനുംപുറമേ ചാവൂട്ടും നടത്തണം.

247. അമാവാസി അഭ്യംഗസ്നാനത്തിനു യോഗ്യമായ ദിവസം അല്ല. എന്നാൽ ദീപാളി (നരകചതുർത്ഥി) അമാവാസിയിലോ പുണ്യകാലത്തിലോ ആണെങ്കിലും അന്നേദിവസം പ്രഭാതത്തിൽ എണ്ണതേച്ചു കുളിക്കണം.

248. അമാവാസി, പൌർണ്ണിമ, ഞായറാഴ്ച എന്നീ ദിവസങ്ങളിൽ രാത്രിയിൽ ഊണുകഴിക്കരുതു്.

249. സ്നാനം ശരീരശുദ്ധിക്കു് ആവശ്യമാണു്. ഏതു ശുഭകർമ്മത്തിനു് ആരംഭിക്കുംമുൻപും സ്നാനം കഴിച്ചിരിക്കണം.

"ഈഴള" എന്ന പേർ ദ്രാവിഡഭാഷയിൽ നൽകപ്പെട്ടിരിക്കുന്നതു്. "ഈഴള" എന്ന മദ്യം ഉണ്ടാക്കിവന്ന ദ്രാവിഡവർഗ്ഗക്കാർ "ഈഴളവർ" എന്നായിരുന്നു ജാതിനാമം. "ഈഴളവർ" എന്ന പദം "ഈഴവർ" എന്നു രൂപാന്തരപ്പെട്ടു്, ഒരു ദ്രാവിഡ [illegible] വിഭാഗത്തെ ദ്യോതിപ്പിക്കുന്നതായി തീർന്നിരിക്കയാണു്.

പൊരിക്കള്ളു്.

നെന്മലർ പൊടിച്ചെടുത്തു, പാളയങ്കോടൻ വാഴപ്പഴം കൂട്ടി കുഴച്ചു, ശർക്കരവെള്ളത്തിൽ ഇട്ടു് അടച്ചുകെട്ടി ഏഴു ദിവസം സൂക്ഷിച്ചുവച്ചാൽ ലഹരിയും വീര്യവും ഏറിയ മദ്യം ലഭിക്കും. ഇതും പുരാതനകേരളീയർ സാധാരണയായി ഉപയോഗിച്ചുവന്ന ഒരു മദ്യമാകുന്നു.

തെങ്ങു്, ചൂണ്ടപ്പന, കരിമ്പന എന്നീ വൃക്ഷങ്ങളുടെ കുലകൾ ചെത്തി, "അക്കാനിക്കള്ളു്" (അക്കായിനിപ്പുകള്ളു് = മധുരവും പ്രിയപ്പെട്ട ഇനിപ്പു് ഉള്ള കള്ളു്) ഉണ്ടാക്കി പുരാതനകേരളീയർ പാനംചെയ്യാറുണ്ടായിരുന്നു. അക്കാനിക്കള്ളിനു ലഹരിയില്ല. എന്നാൽ "ഈഴള"യ്ക്കു ഉന്മാദശക്തി ഉണ്ടു. ഈഴള വാറ്റിയാണു ചാരായം ഉണ്ടാക്കപ്പെടുക.

ഈഴളയും ചാരായവും ഉന്മാദകരമാകയാൽ അവ പാനം ചെയ്യുന്നവർ പതിതന്മാരും ഭ്രഷ്ടന്മാരും ആയിത്തീരുമെന്നു പുരാതനകാലത്തു ശൈവവൈദികബ്രാഹ്മണർ വിധിച്ചിരുന്നു. മദ്യലഹരിനിമിത്തം ഉന്മത്തചിത്തരായിത്തീർന്ന വ്യക്തികൾമുഖേന സമൂഹാന്തരാളത്തിൽ സദാചാരഭ്രംശം സംഭവിച്ചേക്കാൻ ഇടയുള്ളതുനിമിത്തമാണല്ലോ, അപേയമദ്യങ്ങൾ പാനം ചെയ്യുന്നവർക്കു ഭ്രഷ്ടു കല്പിക്കപ്പെടുവാൻ സംഗതിവന്നതു്.

കേരളീയർ, കാലാന്തരത്താൽ, അവരുടെ നിർദ്ദോഷങ്ങളും ആരോഗ്യസംവർദ്ധകങ്ങളുമായ മദ്യങ്ങൾ കൈവെടിഞ്ഞു, ആരോഗ്യക്ഷയകരങ്ങളും രോഗഹേതുക്കളുമായ മദ്യങ്ങൾ പാനംചെയ്യുവാൻ ശീലിച്ചു. ആധുനികകാലത്തു ജനങ്ങൾക്കു്, ഹാനികരങ്ങളായ മദ്യങ്ങൾ ആസ്വദിക്കുന്നതിൽ ഉണ്ടായ സ്ഥായിയായ ആസക്തി കുറയ്ക്കുവാനായി ഗവർമ്മെണ്ടുകൾ അബ്കാരി നിയമങ്ങൾ കർശനമായി നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും എത്രയും പരിതാപകരമായ നിലയിൽ, മദ്യപാനവും, അതിലേക്കുള്ള ആസക്തിയും വർദ്ധമാനമായിക്കൊണ്ടുതന്നെ ഇരിക്കുന്നു.

രാമരസം.

ശർക്കരകലക്കിയ ജലം, പാൽ, തേൻ, കദളിപ്പഴം തൊലി കളഞ്ഞ്, ചുക്കുപൊടി, ജീരകപ്പൊടി, ഏലക്കാപ്പൊടി, ഗ്രാമ്പൂ പൊടി, കുങ്കുമപ്പൂവ്, ജാതിപത്രി, കഞ്ചാവ് അരച്ച് ഉണ്ടാക്കിയ കുഴമ്പ്, ഇവ കലർത്തിഉണ്ടാക്കപ്പെട്ടുവന്ന പാനീയമാണു രാമരസം. ഇതിനു രുചിയും മധുരവും സാമാന്യം നല്ല ലഹരിയുമുണ്ട്. ഭക്തന്മാർ പൂജാസന്ദർഭങ്ങളിൽ "രാമരസം", പ്രാചീനകാലംമുതൽ പാകപ്പെടുത്തി അർപ്പിച്ചുവന്നു. ഇപ്പോഴും ശബരിമല തീർത്ഥാടകന്മാർ ഇതു് ഉപയോഗിക്കാറുണ്ടു്. കേരളത്തിലെ പ്രാചീന പാനകങ്ങളിൽ ഒന്നാണു് ഇതും.

൨൪-ാം അദ്ധ്യായം.

കേരളത്തിലെ ആഹാരസാധനങ്ങളും, ആഹാരക്രമവും, വിഭവങ്ങളും.

കേരളീയരുടെ പ്രധാനപ്പെട്ട ആഹാരസാധനം ചോറാണല്ലോ. മനുഷ്യനു മൂലമായി ആഹാരം പാകംചെയ്തു ഭുജിക്കുവാൻ ആരംഭിച്ചകാലംമുതൽ കേരളത്തിൽ നെല്ലുകുത്തി അരിയാക്കി, ജനങ്ങൾ, പചിച്ചുഭക്ഷിച്ചുതുടങ്ങിയതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ജനനത്തിനു് അനേകായിരം വർഷം മുമ്പു, മലയാളരാജ്യങ്ങളിൽ നെൽകൃഷിപ്രചാരത്തിന് ഇരുന്നതായി വിശ്വസിക്കുവാൻ ലക്ഷ്യങ്ങളുണ്ടു്. മലപ്രദേശങ്ങളിലും ഇടനാടുകളിലും നിമ്നപ്രദേശങ്ങളിലും കൃഷിചെയ്യപ്പെട്ടുവരുന്നതാകുന്നു നെല്ല്. മലയാളത്തെ ആദിമനിവാസികളുടെ സന്തതിപരമ്പരയെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്ന മലപ്രദേശങ്ങളിലെ അപരിഷ്കൃതവർഗ്ഗക്കാർ ആധുനികകാലത്തും, നെല്ലുപതച്ചു വെള്ളത്തിലിട്ടു പുളിപ്പിച്ചു, ഹൃദ്യമായ ഒരുതരംമദ്യം ഉണ്ടാക്കി ഉപയോഗിച്ചുവരുന്നുണ്ടു്. ഇതു് അനേകായിരം വർഷങ്ങൾക്കു മുമ്പുമുതൽക്കേ, പാരമ്പര്യം

മായി ശീലിച്ചുപോന്നിട്ടുള്ള ഒരു വ്യവസായമാണെന്നാവേ നിർണ്ണയിക്കുവാൻ. നെല്ലുകുത്തി ഉമിമാത്രംകളഞ്ഞും, തവിടുകളയാതെയുമാകുന്നു. കേരളത്തിലെ വനനിവാസികളായ അപരിഷ്കൃതവർഗ്ഗക്കാർ, അരിയാപി, ചോറുമുണ്ടാക്കി ഭക്ഷിച്ചുവന്നതു്. ഗ്രീക്കഭാഷയിൽ "അറിസ്സ്" ഒറിസ്സാ, (Oryza) എന്നാണു പേർ: യൂറോപ്യൻ ദേശങ്ങളിലേക്കു്, പ്രധാനമ് "അരി" കയററിക്കൊണ്ടുപോകപ്പെട്ട [illegible] പുരാതനകാലത്താകുന്നു, "ഒറിസ്സാ" പദം ഗ്രീക്കഭാഷയിൽ ഉണ്ടാവിച്ചതെന്നുള്ളതിനു സന്ദേഹമില്ല. "അരിസ്സി", "[illegible]" എന്നീ ദ്രാവിഡപദങ്ങളിൽനിന്നാണു "ഒറിസ്സാ" എന്ന പദം ഗ്രീക്കഭാഷയിലേക്കു പകർന്നിട്ടുള്ളതു്. ക്രി. മു. 2000-ന് മുമ്പുതന്നെ പുരാതന ഗ്രീക്കുകാർ കേരളതീരങ്ങളിൽ വാണിജ്യാർത്ഥം, അവരുടെ കപ്പലുകളിൽ വന്നിറങ്ങിക്കൊണ്ടിരുന്നു. ക്ഷേത്രങ്ങളിൽ നിവേദ്യത്തിന് ഉപയോഗപ്പെടുത്തിവരുന്നതു് ഉണക്കലരിയാണല്ലോ. ഹിന്ദുക്കളുടെ ശ്രാദ്ധാദികർമ്മങ്ങൾക്കും, ഉണക്കലരി പചിച്ചാണല്ലോ "ഹവിസ്സ്" ഉണ്ടാക്കപ്പെട്ടുവരുന്നതു്. മനുഷ്യർ അവരുടെ നിത്യോപയോഗത്തിനു ഉതകുന്നവയിൽ ഏററവും നല്ല സാധനങ്ങളെ സശ്രദ്ധം പാകപ്പെടുത്തിയാകുന്നു, ഈശ്വരാർപ്പണം ചെയ്തുവരുക. മനുഷ്യസമുദായചരിത്രം പരിശോധിച്ചാൽ ലോകത്തിൽ നാനാപ്രദേശങ്ങളിലും, നാനാകാലങ്ങളിലും, മനുഷ്യവർഗ്ഗം, പൂർവികാരാധനയും, ഈശ്വരാരാധനയും അനുവർത്തിച്ചിരുന്ന രീതി ഇപ്രകാരമായിരുന്നുവെന്നുകാണാം. ഈ നിലയിൽ ആദിമകാലങ്ങളിൽ, തീയിൽ ഇട്ടു ചുട്ടോ, വെള്ളത്തിൽ ഇട്ടു തിളപ്പിച്ചു വേവിച്ചോ പാകപ്പെടുത്താത്ത-കായ്കനികളും, ശുദ്ധജലവും മാത്രം കേരളനിവാസികൾ ആഹരിച്ചുവന്നിരുന്നു. അക്കാലത്തു അവരുടെ ആഹാരവിഭവങ്ങളിൽ ഏററവും ഹൃദ്യമായി തോന്നിയിട്ടുള്ളവ, ചിലതെല്ലാം പൂർവികന്മാർക്കായും ഈശ്വരന്മാർക്കും അർപ്പിച്ചുവന്നിരിക്കണം. ഫലമൂലനിവേദ്യം, ചുട്ട കായ്കനികൾ നിവേദ്യം, വറപൊടി (നെല്ലുവറുത്തുപൊടിച്ചു് ഉണ്ടാക്കുന്നതു്) നിവേദ്യം, മലർ (നെല്ലു ഒരു പ്രത്യേകപാകത്തിൽ വറുത്തു മലർത്തി, തയാറാക്കപ്പെടുന്നതും പൂവിന്റെ ആകൃതിയുള്ളതുമായ സാധനം) നിവേദ്യം, അവിൽ (നെല്ലു തിളപ്പിച്ചിടിച്ചുപരത്തി

ച്ചുണ്ടാക്കപ്പെടുന്ന സാധനം) നിവേദ്യം, ഗോരസനിവേദ്യം, മധുരസനിവേദ്യം, ന്താവം(അരിപ്പൊടിയും മഞ്ഞൾപ്പൊടിയും കൂടി കലത്തിൽ ഉണ്ടാക്കപ്പെടുന്ന ഒരു പേയസാധനം) പാലും, നിവേദ്യം, ഗുളം(ശർക്കര) നിവേദ്യം, പഞ്ചാമൃത (ശർക്കര, തേൻ, നെയ്യ്, പാൽ, കദളിപ്പഴം, എന്നീ സാധനങ്ങൾ, കലത്തിൽ ഉണ്ടാക്കപ്പെടുന്നു. മധുരമയമായ ഒരു പേയസാധനം) നിവേദ്യം, ഹവിസ്സ്(നെല്ല് പുഴുങ്ങാതെ കുത്തി ഉമികളഞ്ഞും തവിടുകളയാതെയും എടുത്തു വേവിച്ചുവററിച്ചെടുക്കപ്പെടുന്ന അന്നം) നിവേദ്യം, പൊങ്കൽ(ഉണക്കലരി തിളപ്പിച്ചു അതിൽ ചെറുപയറിന്റെ പരിപ്പുകൂടി കലത്തിൽവേവിച്ചുഅല്പം കുരുമുളകുപൊടിയും ഉപ്പും കൂടിച്ചേർത്തുഉണ്ടാക്കപ്പെടുന്ന അന്നം) നിവേദ്യം,കറിനിവേദ്യം, പായസനിവേദ്യം, വടനിവേദ്യം, വത്സൻനിവേദ്യം, മോദകനിവേദ്യം, പാൽപായസനിവേദ്യം, ഉണ്ണിഅപ്പനിവേദ്യം, അഞ്ചുകറിനിവേദ്യം മുതലായി കേരളത്തിൽഓരോപുരാതനക്ഷേത്രങ്ങളിൽ, അതിപുരാതനകാലം മുതൽ നടപ്പിലിരിക്കുന്ന നിവേദ്യനിത്യനിദാനങ്ങൾ സൂചിപ്പിക്കുന്നതു് ആഹാരകാര്യത്തിൽ അനേകായിരം സംവത്സരംകൊണ്ടു ക്രമാനുഗതമായി കേരളനിവാസികൾക്കു ഉണ്ടായിട്ടുള്ള അവസ്ഥാന്തരങ്ങളെയും പുരോഗതിയെയും ആകുന്നു. ശ്രാദ്ധത്തിനും അന്നപ്രാശനത്തിനും നിയതങ്ങളായ ചില വിഭവങ്ങൾ ഉണ്ടായിരിക്കണമെന്നുള്ള കേരളീയാചാരം പുരാതനകാലത്തെ (അതാവിതു് ഉണക്കലരിച്ചോറും കൂട്ടുവാനും ഉണ്ടാക്കി ഭക്ഷിക്കുവാൻ തുടങ്ങിയ പുരാതനഘട്ടത്തിലുള്ള) ആഹാരവിഭവങ്ങളെയാകുന്നു സൂചിപ്പിക്കുന്നതു്. ഷഡ്രസസംയുതമായ ആഹാരമായിരുന്നു, പുരാതന കേരളീയർക്കു ഹൃദ്യം. കേരളീയരുടെ ആധുനികകാലത്തെആഹാരരീതിയും ഷഡ്രസസംയുക്തംതന്നെ. ഉണക്കലരിവച്ചു വററിച്ചെടുത്ത ചോറും, തൈരു മോരു നെയ്യു് പാലു എന്നീ ഗോരസങ്ങളും ഇലക്കറിസ്സാധനങ്ങളും, കായ്കനികളും പക്വതസിദ്ധിച്ച ഫലങ്ങളുംകൊണ്ടു് ഉണ്ടാക്കപ്പെട്ടുവന്ന കറികളും, അവർ പുരാതനകാലംമുതൽ ഉപയോഗിച്ചുവന്നിരിക്കണം. ഉപ്പും കുരുമുളകും,വാളൻപുളി മുതലായ പുളിവര്‍ഗ്ഗങ്ങളും അവർ വളരെ പുരാതനമായ കാലംതൊട്ടു കറികൾക്കു് ഉപയോഗപ്പെടുത്തിത്തുടങ്ങിയിരിക്കണം. ശ്രാദ്ധാദികര്‍മ്മങ്ങൾക്കും ക്ഷേത്രങ്ങളിലെ നിവേദ്യാദി ആവശ്യങ്ങൾക്കും കുരുമുളകുതന്നെ ആധു

നികകാലത്തും ഇടരെ സ്വീകരിക്കപ്പെട്ടുപോരുന്നു, ഇഞ്ചിക്കറി കേരളീയരുടെ അതിപുരാതനമായ ഒരു കൂട്ടുവാൻ ആകുന്നു. ഇഞ്ചി പുരണ്ടിത്തൊലികളഞ്ഞു കൊത്തിഅരിഞ്ഞ് ഉപ്പും തൈരും ചേർത്തായിരുന്നു, ആദിമകാലങ്ങളിൽ ഇഞ്ചിക്കറി ഉണ്ടാക്കിവന്നതു്. ഇങ്ങനെ ഉണ്ടാക്കപ്പെട്ടിരുന്ന കറിക്കു് "ഇഞ്ചിത്തൈരു്" എന്നാകുന്നു പേര്. ശ്രാദ്ധാദികർമ്മങ്ങൾക്കു് ഇഞ്ചിക്കറി പാകപ്പെടുത്തുന്നതു് അദ്ധ്യാപി ഈ രീതിയിലാകുന്നു. തൈരിൽ അല്പം മഞ്ഞൾപ്പൊടിയും ഉപ്പും കുരുമുളകുപൊടിയും ചേർത്തു "കാളൻ" എന്ന കറി ഉണ്ടാക്കി നെയ്യിൽകടുകുവറുത്തു ഹൃദ്യതവരുത്തി, പുരാതനകേരളീയർ ഉപയോഗിച്ചുവന്നു. കാലാന്തരത്തിൽ "കാളൻ" തയ്യാറാക്കുന്നതിൽ ചില പരിഷ്കാരങ്ങൾ നടപ്പിലായി. ഇപ്പോൾ കേരളീയർ ഉപയോഗിച്ചുവരുന്ന "കാളൻ" പരിഷ്കരിക്കപ്പെട്ടതാണ്. കാളന്റെ പുരാതനനാമം "പുളിച്ചുകറി" എന്നായിരുന്നു. കാളൻ, വലിയ പുളിപ്പും എരിപ്പും ഉള്ള ഒരു വിഭവമാകയാൽ അതു് ഉപയോഗിക്കുമ്പോൾ രസനയ്ക്കു് ഉണ്ടാകാവുന്ന ദുസ്സഹതയ്ക്കു പരിഹാരം വരുത്തുവാൻ നിർജ്ജീവമാനമായ ഇനിപ്പുമാത്രമുള്ള "ഓലൻ" എന്ന വിഭവംകൂടി ഇടയ്ക്കു് ആസ്വദിക്കണമെന്നു് അവർ കണ്ടുപിടിച്ചു. പയറുവർഗ്ഗങ്ങളോ, കുമ്പളങ്ങയോ, മത്തൻകായോ, ചേമ്പോ നറുക്കി വേവിച്ചു് അല്പം ഉപ്പും തേങ്ങാപ്പാലും വെളിച്ചെണ്ണയും ചേർത്തു പാകപ്പെടുത്തി എടുക്കുന്ന വിഭവമാണല്ലോ "ഓലൻ". "എരിച്ചുകറി" എന്ന പുരാതനകാലങ്ങളിൽ പേർപറയപ്പെട്ടുവന്ന "എരിശ്ശേരി" പുരാതനകേരളീയരുടെ കറികളിൽ പ്രധാനപ്പെട്ടതായിരുന്നു. "മധുരക്കറി" എന്നായിരുന്നു, "പ്രഥമനു" ഉണ്ടായിരുന്ന പുരാതനനാമം. പപ്പടം, വററൽ, കൊണ്ടാട്ടം, അവിയൽ, കൂട്ടുകറി, സാംബാർ, പൊരിച്ചുകറി, പൊടിത്തൂവൽ, (തോരൻ) പച്ചടി, കിച്ചടി, രസം മുതലായ വിഭവങ്ങൾ, കേരളത്തിനു പുറമേനിന്നു് ഓരോ കാലങ്ങളിലായി ഇവിടെ ഉപവേശം ചെയ്തിട്ടുള്ള ഭാരതീയവർഗ്ഗക്കാരെ അനുകരിച്ചു കേരളീയർ തയ്യാറാക്കുവാൻ ശീലിച്ചിട്ടുള്ളതാകുന്നു. "വറുത്തുപ്പേരി", "മെഴുക്കുപുരട്ടി" ഉണ്ടാക്കി അനുഭവിച്ചുതുടങ്ങിയശേഷം ആരംഭിച്ചിട്ടുള്ളതാണ്.

കേരളീയരുടെ ആദിമപലഹാരം "കൊഴുക്കട്ട"യായിരുന്നു. അതിനു "മാടമ്പിപ്പലഹാരം" എന്ന നാമം ആധുനികകാല

ത്തും നിലനിന്നുപോരുന്നു. "ചട്ടട"യും, അതിനോടുതന്നെ "ഓട്ടടയും" പിന്നീട് "വത്സനം" "തിരളി"യും അവർ ഉണ്ടാക്കി അനുഭവിച്ചുതുടങ്ങി. "നെയ്യപ്പം" എന്ന പലഹാരം നായന്മാരുടെ സാമൂഹ്യാവശ്യങ്ങളായ താലികെട്ട്, നവോഢയുടെ ഭർത്തൃഗൃഹത്തിലേക്കുള്ള ആദ്യപ്രസ്ഥാനം, ആദിയായ ഘട്ടങ്ങളിൽ ഉണ്ടാക്കുക സാധാരണമായിരുന്നു. പരിഷ്കരിക്കപ്പെട്ട കൊഴുക്കട്ട; പുഴുങ്ങി എടുക്കുന്നതിനു പകരം വെളിച്ചെണ്ണയിൽ വറുത്ത് "മോദക"മായും, "സുഖിയൻ" ആയും ശീലിച്ചുതുടങ്ങി. തമിഴ്‌നാട്ടിലെ ജനങ്ങൾ ഉഴുന്നുപൊടിയും അരിപ്പൊടിയും ഉലുവാപ്പൊടിയും പനങ്കരിപ്പെട്ടിയും ജീരകപ്പൊടിയും ചേർത്ത് "ഉക്കാലി" എന്ന പലഹാരവും, കുട്ടനാടൻപ്രദേശങ്ങളിലെയും കരപ്പുറത്തെയും ജനങ്ങൾ, അരിപ്പൊടിയും ജീരകവും ഉപ്പും കൂടി തേങ്ങാപ്പാലിൽകുഴച്ച് "പിടിയൻ" എന്ന പലഹാരവും, ചമച്ച് അനുഭവിച്ചുവന്ന പതിവ് ആധുനികകാലത്തും നിലനിന്നുപോരുന്നു. ദോശ, ഇഡ്ഢലി, ഇണ്ടറി, സേവ; ഇടിയപ്പം, ഇഞ്ചെച്ചുരുൾ, ചുരുട്ട്, പുട്ട്, ചട്ടിയപ്പം, വെള്ളയപ്പം, മുറുക്ക്, മസാലവട, പോളി, ലാഡ്, സൂജി, കേസരി, ഹൽവാ, ബോണ്ട മുതലായ പലഹാരങ്ങൾ കേരളത്തിൽ ഓരോ ഘട്ടങ്ങളിലായി ഉപവേശംചെയ്തിട്ടുള്ള വർഗ്ഗക്കാരിൽനിന്ന് ഇവിടെ നടപ്പാക്കുവാൻ ഇടയായിട്ടുള്ളതാകുന്നു. "എള്ളുണ്ട" "ഉഴുന്നുവട" എന്നീ പലഹാരങ്ങൾ പുരാതനകേരളീയരുടെ സ്വന്തം പട്ടികയിൽ ഉൾപ്പെട്ടവതന്നെയാകുന്നു. അവൽ ഇടിച്ചുപാകപ്പെടുത്തുവാനും മലർ ഉണ്ടാക്കുവാനും പുരാതന കേരളീയർക്കു വശമായിരുന്നു. കേരളീയരുടെ തനതായ അവലിനു "അവൽക്കുട്ട്" എന്നാണു പേർ. ആധുനികകാലത്തു സാധാരണമായി കമ്പോളങ്ങളിൽ കിട്ടുന്ന അവൽ കേരളീയപൃഥുകം അല്ല. അതു "ഷട്ടംബി" എന്ന കൊങ്കണവർഗ്ഗക്കാർ കേരളത്തിൽ കൊണ്ടുവന്നു പ്രചരിപ്പിച്ചിട്ടുള്ള സാധനമാകുന്നു. കേരളീയരുടെ സാമൂഹ്യപരമായോ മതപരമായോ ഉള്ള ആവശ്യങ്ങൾക്കു "അവൽക്കുട്ട്"യാണു ആധുനികകാലത്തും ഉപയോഗപ്പെടുത്തിവരുക. "ഷട്ടംബി അവൽ" ഏതാദൃശാവശ്യങ്ങൾക്കു നിഷിദ്ധമായി പരിഗണിക്കപ്പെട്ടുപോരുന്നു. ഉണ്ടശ്ശർക്കര, നാളികേരം, എള്ള്, ജീരകം, നെയ്യ് മുതലായ സാധനങ്ങൾ കലർത്തിപ്പാകപ്പെടുത്തി അവൽ "നനച്ചു" എടുത്തു പുരാതന കേരളീയർ ഭക്ഷിച്ചുവന്നു.

അവലും വാഴപ്പഴവും കൂട്ടിക്കുഴച്ചും, അവലും തൈരും അല്പം ഉപ്പും കുരുമുളകുപൊടിയും ചേർത്തു മർദ്ദിച്ചും അവരൊക്കെ ഹൃദ്യാഹാരമായി അവർ പരിഗണിച്ചിരുന്നു.

കണ്ണിമാങ്ങ, ചെറുനാരങ്ങ, വിളഞ്ഞമാങ്ങ, മാമ്പഴം, നെല്ലിക്ക, അമ്പഴങ്ങ, ഇഞ്ചി എന്നിവ ഉപ്പിലിട്ടു പാകപ്പെടുത്തുവാൻ കേരളീയപുരാതനന്മാർക്കു പരിചയം ഉണ്ടായിരുന്നു. ഇഞ്ചിയിൽ സ്വാഭാവികമായ് തന്നെ ഷഡ്രസങ്ങളും ഒരേവേള കലർന്നിട്ടുണ്ടെന്നും, അവർക്കു ബോദ്ധ്യംവന്നിരുന്നതിനാൽ ഇഞ്ചി അത്യുത്തമമായ ഒരു കറിസ്സാധനമായി അവർ സ്വീകരിച്ചുപോന്നു. വറുത്ത കറിക്കൂട്ടുകൾ ചേർത്തു കറികൾ പാകപ്പെടുത്തുന്ന രീതി കേരളത്തിന് പ്രാരംഭത്തിൽ ഉപയോഗിച്ചിട്ടില്ല. ചില വർഗ്ഗക്കാർ മുഖാന്തരം ഇവിടെ നടപ്പായിട്ടുള്ളതാണ്. തേങ്ങ വെന്തു പാകപ്പെടുത്തി എടുക്കപ്പെടുന്ന "ഉരുക്കുവെളിച്ചെണ്ണ"യും, ചക്കിൽ ആട്ടിയെടുക്കുന്ന വെളിച്ചെണ്ണയെക്കാൾ രുചിയും ഗുണവും കൂടുതലാണെന്നും അവർ ധരിച്ചിരുന്നതിനാൽ വെന്തെടുത്ത വെളിച്ചെണ്ണ ഉപയോഗിക്കുന്നതിൽ അവർ തല്പരരായിരുന്നു. കാരെള്ളും പനങ്കരിപ്പെട്ടിയുംകൂടി ഇടിച്ച് അല്പം ചുക്കുപൊടിയും കുരുമുളകുപൊടിയുംകൂടി കലർത്തി ഉണ്ടാക്കപ്പെട്ടുവന്ന ഒരു ഗുളം, അവർ ഹൃദ്യവും പോഷകവുമായ ആഹാരമായി ഉപയോഗിക്കാറുണ്ടായിരുന്നു.

ആധുനികകാലത്തു പ്രചാരത്തിൽ വന്നിരിക്കുന്ന കാപ്പി, ചായ, കൊക്കോ ആദിയായ പാനീയങ്ങൾ പുരാതനകേരളീയർക്കു പരിചിതമായിരുന്നില്ല. അവരുടെ ലഘുഭക്ഷണത്തിനും പാനീയത്തിനും ഉപകരിച്ചിരുന്ന സാധനങ്ങൾ, ഇളനീർ (കരിക്ക്—ചെന്തെങ്ങിലെ കരിക്ക് അത്യുത്തമം) നൊങ്ക് (കരിമ്പനയുടെ കായ്) പനങ്കിഴങ്ങ് (കരിമ്പനയുടെ കായ് മണ്ണിൽകുഴിച്ചിട്ട് ഉണ്ടാക്കപ്പെടുന്ന കിഴങ്ങ്) വാഴപ്പഴങ്ങൾ, കാച്ചിൽ, ചേന, ചെറുകിഴങ്ങ്, നനകിഴങ്ങ്, മധുരക്കിഴങ്ങ് ആദിയായ കിഴങ്ങുകൾ, അവൽ, മലര്, പാല്, ചുക്കുവെള്ളം, ചക്കപ്പുഴുക്ക് (ചക്കച്ചുളയും അതിലെ കുരുവുംകൂടി അരിഞ്ഞു വേവിച്ചു നാളികേരം ചുരണ്ടി അരച്ചു കുരുമുളകും ഉള്ളിയും കറിവേപ്പിലയും കൂടി അരച്ചു കലർത്തി പാകപ്പെടുത്തപ്പെടുന്ന ആഹാരം) പാനകം (ശർക്കര, ശുദ്ധജലത്തിൽ കലക്കി ചുക്കും ജീരകവും

പൊടിച്ചു ചേൎത്തു് ഉണ്ടാക്കപ്പെടുന്ന ഒരു പാനീയം) പാൽക്കഞ്ഞി, (ഉണക്കലരി പാലിൽവേവിച്ച് ഉണ്ടാക്കപ്പെടുന്നതു്) പൊടിയരിക്കഞ്ഞി (നെല്ലു തിളപ്പിച്ചു വാട്ടികുത്തി ചെറിയ നുറുക്കരിയാക്കി എടുക്കപ്പെടുന്ന അരിയിട്ടുവച്ച കഞ്ഞി) (മധുപായം (പശുവിൻപാലിൽ കദളിവാഴപ്പഴം തെവടികലത്തി തയ്യാറാക്കപ്പെടുന്ന ഒരു പാനീയം) തിനമധു(തിന ഇടിച്ചു വൻന്തേനിൽ കുഴച്ചു മുളങ്കുഴലിൽ നിറച്ചു തീയിൽഇട്ടു ചുട്ടു് തയ്യാറാക്കപ്പെടുന്ന ഒരു ആഹാരസാധനം) എന്നിവ ആയിരുന്നു.

നെല്ലുപുഴുങ്ങികുത്തി, അരിയാക്കി പാകപ്പെടുത്തി അന്നം ഉണ്ടാക്കുന്ന സമ്പ്രദായം കാലക്രമത്താൽ കേരളത്തിൽ നടപ്പിൽവന്നിട്ടുള്ളതാണു്.

കേരളീയർ പുഴുക്കലരിച്ചോറു് ഉണ്ണുവാൻ തുടങ്ങിയകാലം ഏതെന്നു ഖണ്ഡിതമായി നിൎണ്ണയിക്കുവാനുള്ള തെളിവുകൾ അജ്ഞാതമാണെങ്കിലും, യൂറോപ്യൻസമുദായങ്ങളുടെ ആഗമനത്തെത്തുടൎന്നു, കേരളത്തിൽ സംഭവിച്ച രാഷ്ട്രീയവും, സാമൂഹ്യവും, സംസ്കാരപരവും ആയ അവസ്ഥാന്തരങ്ങളാൽ, കാലക്രമത്തിൽ, കേരളീയർ സൎവ്വസാധാരണമായി പുഴുക്കലരിച്ചോറു് ഉപയോഗിക്കുവാൻ ആരംഭിച്ചതാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. പുഴുക്കലരി, ശിശുക്കൾക്കും രോഗികൾക്കും മാത്രമേ, പുരാതനകേരളത്തിൽ ഉപയോഗത്തിൽ ഇരുന്നിട്ടുള്ളു. ആയുധപരിശീലനം, ആയോധനവിദ്യ എന്നിവയുടെ ആവശ്യം കേരളീയൎക്കു് ഇല്ലാതെവന്നതോടുകൂടി, പ്രായേണ കായികാഭ്യാസത്തിലുള്ള താല്പൎയ്യം കുറയുകയാൽ, കായികമായും ആരോഗ്യപരമായും വലുതായ അന്തരം അവൎക്കു സിദ്ധിക്കുകനിമിത്തം, ഗുരുത്വംകുറഞ്ഞ അന്നം ഉപയോഗിക്കുവാൻ അവർ നിർബ്ബന്ധരായി ഭവിച്ചതാകുന്നു

പുരാതനകേരളനിവാസികൾ സസ്യമാത്രഭുക്കുകളായിരുന്നില്ല. അവർ മത്സ്യമാംസാദികൾ ഉപയോഗിച്ചുവന്നു. പ്രസ്തുതവിഷയം സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ "പുരാതനകേരളീയരും മാംസാഹാരവും" എന്ന അദ്ധ്യായത്തിൽ ചേൎത്തിട്ടുണ്ടു്.

ശിശുക്കളുടെ ആഹാരവിശേഷങ്ങൾ.

അന്നപ്രാശനത്തിനു മുൻപുവരെയുള്ള മാസങ്ങളിൽ ശിശുക്കൾക്കു വിഹിതമായിരുന്ന ആഹാരവിഭവങ്ങൾ, പഞ്ഞ

പുല്ല്, കണ്ണൻകായ്, ഈന്തങ്ങ, (കണിക്കായ്) എന്നിവയിൽ ഏതെങ്കിലുംകൊണ്ട് ഉണ്ടാക്കപ്പെട്ടുവന്നു. പഞ്ഞപ്പുല്ല് കൂവരക്; കതിർത്ത് അരച്ചുകലക്കി, പിശിട് കളഞ്ഞു [illegible] എടുത്ത പാലിലോ ശുദ്ധജലത്തിലോ തിളപ്പിച്ചുകുറുക്കി പനംകൽക്കണ്ടുചേർത്ത് ശിശുക്കൾക്കുകൊടുക്കുക സാധാരണമായിരുന്നു. കണ്ണൻകായ് തൊലികളഞ്ഞ്, അരിഞ്ഞ് ഉണക്കിപ്പൊടിച്ചു മാവാക്കി ശുദ്ധജലത്തിൽഇട്ടു കാച്ചി കുറുക്കി. പഞ്ചസാരയും വെണ്ണയുംചേർത്ത് കുഞ്ഞുങ്ങൾക്കു കൊടുക്കാറുണ്ടായിരുന്നു. ഈന്തൽപ്പനയുടെകായ് വെള്ളത്തിലിട്ട് കുതിർത്തു, ഉണക്കിപ്പൊടിച്ചു മാവാക്കി ശുദ്ധജലത്തിൽകലക്കി, തിളപ്പിച്ചു കുറുക്കി, വെണ്ണയും പഞ്ചസാരയുംചേർത്തും കുട്ടികൾക്കുകൊടുത്തുവന്നു. ഈദൃശങ്ങളായ ആഹാരസാധനങ്ങളെ പശുവിൻനെയ്യുപകരം, ഉരുക്കുവെളിച്ചെണ്ണ ഏതാനുംഉള്ള കലത്തിലും, കൊടുക്കുക പതിവായിരുന്നു. ഇങ്ങനെയുള്ള ആഹാരവിശേഷങ്ങൾ കുഞ്ഞുങ്ങൾക്കു ഹൃദ്യവും പോഷകവും, കണ, ശൂല, കരപ്പൻ, ശൂലപ്പനി ആദിയായ ബാലാരിഷ്ടതകൾക്കു നിവാരണകരവും ആകയാൽ അവ കേരളത്തിൽ ഏറ്റവും വലിയ പ്രചാരത്തിൽ ഇരുന്നിരുന്നു. അക്കാലങ്ങളിൽ കേരളത്തിൽ ബാലരോഗങ്ങളും ബാലമരണങ്ങളും ആധുനികകാലത്തേപ്പോലെ അധികമായിരുന്നതുമില്ല.

൨൭-ാം അദ്ധ്യായം.

കേരളത്തിലെ ബ്രാഹ്മണയോദ്ധാക്കളും ബ്രാഹ്മണമാടമ്പിമാരും.

കല്ലന്താററ ഗുരുക്കൾ.

"കല്ലന്താററഗുരുക്കൾ" എന്ന വിശ്രുതനാമത്താൽ അറിയപ്പെട്ടുന്നവർ, കേരളത്തിലെ ഒരു മലയാളബ്രാഹ്മണകുടുംബക്കാരാണ്. ഈ കുടുംബക്കാർ രണ്ടു ശതവർഷത്തിൽപരം കാലമായി തിരുവിതാംകൂറിൽ തിരുവല്ലാത്താലൂക്കിൽ അധിവസി

ക്കുന്നു. കല്ലന്താററുമൂലകുടുംബം ബ്രിട്ടീഷുമലബാറിൽ ചിറയ്ക്കൽ താലൂക്കിലാണു്, പ്രസ്തുത ഇല്ലത്തെ ഒരു അംഗം, വളരെകാലം മുമ്പു കോഴിക്കോട്ടുരാജവംശത്തിലെ ഒരു ഇളയരാജാവിന്റെ അടുക്കൽ ആയുധവിദ്യ അഭ്യസിച്ചു. ആ ബ്രാഹ്മണൻ, ശിക്ഷാവൈശിഷ്ട്യത്താൽ അതിസമർത്ഥനായ ഒരു യോദ്ധാവായിത്തീർന്നു. അദ്ദേഹം വളരെക്കാലം പല കേരളരാജ്യങ്ങളിലും താമസിച്ചു, രാജകുമാരന്മാരെയും നായന്മാരെയും ആയുധാഭ്യാസം പരിശീലിപ്പിച്ചിട്ടുണ്ടു്. ഒടുവിൽ, തിരുവിതാംകൂർ രാജ്യസ്ഥാപകനായ മാർത്താണ്ഡവർമ്മ മഹാരാജാവിനെ, അദ്ദേഹം മുഖം കാണിക്കുകയും, ബ്രാഹ്മണന്റെ അന്യാദൃശമായ ശിക്ഷാവൈഭവത്തിൽ ബോദ്ധ്യംവരുകയാൽ, ആ തിരുമനസ്സുകൊണ്ടു്, അക്കാലത്തു് ഇളമുറരാജാവായിരുന്ന കാർത്തികതിരുനാൾ തമ്പുരാനെ ആയുധാഭ്യാസം ചെയ്യിക്കുവാൻ, അദ്ദേഹത്തെ നിയോഗിക്കുകയുംചെയ്തു. രാജഗുരുസ്ഥാനം ലഭിക്കുകയാൽ, മഹാരാജാവിന്റെ കല്പനപ്രകാരം അന്നുമുതൽ ആ ബ്രാഹ്മണനു "ഗുരുക്കൾ" എന്ന സ്ഥാനനാമം നൽകപ്പെട്ടു. കല്ലന്താററു ഗുരുക്കളുടെ നിസ്തുലവൈഭവത്താൽ കാർത്തികതിരുനാൾ ഇളയതമ്പുരാൻ അക്കാലത്തെവിഖ്യാതനായ യോദ്ധാവായിത്തീർന്നു. കേരളചരിത്രപ്രസിദ്ധമായ കായംകുളംയുദ്ധത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവിനു വിജയം സമ്പാദിക്കുവാൻ സഹായപ്രദമായിഭവിച്ചതു കാർത്തികതിരുനാൾ ഇളയതമ്പുരാന്റെനിസ്തുല പരാക്രമവും, ആയുധവിദ്യ, അശ്വവിദ്യ, ചാരതന്ത്രം, എന്നിത്യാദി ആയോധനപരങ്ങളായ വിഷയങ്ങളിൽ, അവിടത്തെക്കു "ഗുരുക്കളിൽ"നിന്നു സിദ്ധിച്ച നിപുണമായ ശിക്ഷാവൈശിഷ്ട്യവുമായിരുന്നു. അക്കാലത്തെ പരിതസ്ഥിതികളിൽ, അജയ്യമായിരുന്ന കായംകുളംകോട്ടയുടെമീതെക്കൂടി, കാർത്തികതിരുനാൾ തിരുമേനി, അവിടുന്നു് ആരോഹണംചെയ്തിരുന്ന അശ്വത്തെ അകത്തേക്കു ചാടിച്ച വസ്തുത, തിരുമനസ്സിലെ അനിതരസാധാരണമായ യുദ്ധനൈപുണ്യത്തെക്കുറിച്ചു് അറിവുള്ളയാളും "ഗുരുക്കളുടെ" കായംകുളത്തെ ശിഷ്യപരമ്പരയിൽ ഉൾപ്പെട്ടവനുമായ ഒരു ഭടൻ മനസ്സിലാക്കിക്കൊണ്ടു കൊത്തളത്തിൽകയറി പതിയിരുന്നു, തിരുമനസ്സിലെ അശ്വത്തിന്റെ ഒരു കാൽവെട്ടിയതും കുതിര വെട്ടേററു കോട്ടയ്ക്കപ്പുറമേ പതിച്ചുവെങ്കിലും, തിരുമേനി [illegible] കോട്ടയ്ക്കകത്തു നിശ്ചിതസ്ഥാനത്തു

സഹചാരിണിയായി എഴുന്നള്ളിനിന്നതുമായ മദ്ധ്യകാലവൃത്താന്തങ്ങൾ ഐതിഹ്യരൂപത്തിൽ, അദ്യാപി, തിരുവിതാംകൂറിലെ ജനങ്ങൾ അത്ഭുതാദരമാനപുരസ്സരം കീർത്തിച്ചുപോരുന്നു. കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ രാജ്യഭാരം കൈക്കൊണ്ടതോടുകൂടി ഗുരുക്കളുടെ പ്രാഭവം പൂർവ്വാധികം വർദ്ധിച്ചു. തിരുവിതാംകൂർ മഹാരാജകുടുംബത്തിലെ "ആയുധഗുരുസ്ഥാനം" കല്ലന്താറ്റുഗുരുക്കൾ മഠത്തിലേക്കു, കല്പിച്ചുനൽകിയതിനു പുറമേ പല അവകാശാനുഭവങ്ങളും ധനവും വസ്തുവകകളും, തിരുമനസ്സിലെ കാരുണ്യാതിരേകത്താൽ ഗുരുക്കന്മാർക്കു ലഭിക്കുകയുണ്ടായി. എന്നുമാത്രമല്ല, തിരുമനസ്സുകൊണ്ടു, തിരുവല്ലായിലുള്ള ഗുരുക്കൾ മഠത്തിൽ എഴുന്നള്ളുകയും തൃക്കൈച്ചെലവിന്മേൽ മഠം പുതുതായി പണികഴിപ്പിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു. ആ മഠം അദ്യാപി നിലനിന്നുവരുന്നുണ്ടു. മഠംവകയായുള്ള പുരാതനകാലത്തെ വാൾ, പരിച, മുതലായ ആയുധങ്ങൾ സൂക്ഷിക്കുന്നതും, വച്ചു പൂജനടത്തുന്നതും അവിടെയാണു. മഠത്തിലെ അംഗങ്ങളുടെ വാസത്തിനു ആധുനികകാലത്തു വേറെ കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ടു.

കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഗുരുക്കന്മാർക്കു സമ്മാനിച്ചിട്ടുള്ള സ്വർണ്ണക്കെട്ടും ശംഖുമുദ്രയടയാളവുമുള്ള ഒരു വടിയും, വെള്ളികെട്ടുള്ള ഒരു വടിയും, രണ്ടു ഉടവാളും, ഒരു കായങ്കുളംവാളു, ഒരു ഖഡ്ഗവും, മഠത്തിലെ ആയുധങ്ങളുടെ കൂട്ടത്തിൽ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ടു. തിരുവനന്തപുരത്തു പൂജപ്പുരയിൽ, ആണ്ടുതോറും നവരാത്രിപൂജ ആരംഭിക്കുമ്പോൾ, മഠത്തിൽനിന്നു ഗുരുക്കളിൽ ഒരാൾ തിരുവനന്തപുരത്തുചെന്നു മഹാരാജാവു തിരുമനസ്സിനെ മുഖംകാണിക്കുകയും തൃക്കൈയ്യിൽനിന്നു ദക്ഷിണവാങ്ങിക്കുകയുംചെയ്യുന്ന പതിവു് അദ്യാപി നിലനിന്നുവരുന്നു. മഠത്തിലേക്കു പ്രതിവർഷം സർക്കാരിൽനിന്നു വർഷാശനം ലഭിച്ചുവരുന്നുണ്ടു. ഗുരുക്കളിൽ ആരെങ്കിലും തിരുവനന്തപുരത്തു ചെല്ലുന്ന ഘട്ടങ്ങളിൽ, അടിയന്തിരകാലങ്ങളാണെങ്കിൽ, അവർക്കും നാലു ഭൃത്യന്മാർക്കും വേണ്ട വിഭവങ്ങളോടുകൂടിയ പകർച്ച കൊടുക്കുക പതിവാണു. എന്നുമാത്രമല്ല മഠത്തിലെ അംഗങ്ങൾ തിരുവിതാംകൂറിലെ പ്രധാന ക്ഷേത്രങ്ങളിൽ ദർശനത്തിനു പോകുമ്പോൾ അതതു ക്ഷേത്ര

ങ്ങളിൽനിന്നു് അവക്ക് പകച്ചുകൊടുക്കുവാനും വ്യവസ്ഥയുണ്ട്. കൂടാതെ ചങ്ങലവിളക്ക മുതലായ ബഹുമതികളും, രേഖകളിൽ പതിക്കുവാനുള്ള മുദ്രയും വലിയ കൊട്ടാരത്തിൽ നിന്നു് മഠത്തിലേക്കു് പുരാതനകാലംമുതൽ അനുവദിച്ചുകൊടുത്തിട്ടുള്ളതാകുന്നു.

ശ്രീകണ്ഠേശ്വരം കൂളരിയിലെ നിത്യനിദാനം വകയ്ക്കും മററുമുള്ള ചെലവുകൾ ഗുരുക്കൾ മഠത്തിലേക്കു് ഏല്പിച്ചു നടത്തിച്ചുവരുകയാണ പതിവു്.

മുറജപപരിഷ്കാരവ്യവസ്ഥകളനുസരിച്ചു മുറജപത്തിനു സംബന്ധിക്കുന്ന ബ്രാഹ്മണർ പ്രത്യേകപരീക്ഷകൾക്കു വിധേയരാകണമെന്നുള്ള നിബന്ധനയിൽനിന്നു ഗുരുക്കൾമഠത്തിലെ അംഗങ്ങളെ ഒഴിവാക്കിയിട്ടുണ്ടു്.

മുൻകാലങ്ങളിൽ ഗുരുക്കൾമഠത്തിൽ വേളി, പിണ്ഡം, ഉപനയനം മുതലായ അടിയന്തിരങ്ങൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശേരി എന്നീ താലൂക്കുകളിലെ തഹശിൽദാരന്മാർ ചെന്നിരുന്നു വെട്ടുമ്പുരകൾ മുതലായവകെട്ടിച്ചും, ദേവസ്വങ്ങളിൽനിന്നും ചെമ്പു, വാർപ്പു് മുതലായ പാത്രങ്ങൾ വേണ്ടുവോളം വരുത്തിയും അടിയന്തിരങ്ങൾ നടത്തിച്ചുകൊടുക്കത്തക്കവിധം സർക്കാരിൽനിന്നു ഉത്തരവുകൾ നൽകിവന്നിരുന്നപതിവു 1065–ാമാണ്ടുവരെ നടന്നുവന്നിരുന്നു. എന്നാൽ അടിയന്തിരങ്ങൾവകയ്ക്കു നിത്യച്ചെലവിൽനിന്നു മുമ്പിനാലെ വച്ചിട്ടുള്ള വേതനങ്ങൾ ഇക്കാലത്തും നൽകപ്പെട്ടുവരുന്നുണ്ടു്. കൂടാതെ വർഷാശനഅട്ടത്തുൺ പുരാതനകാലംമുതൽ അനുവദിച്ചുകിട്ടുന്ന മുറയ്ക്കു്, മാസംതോറും തിരുവല്ലാട്രഷറിമുഖാന്തരം ഇപ്പോഴും മഠത്തിൽനിന്നു വാങ്ങിപ്പോരുന്നു.

ബ്രിട്ടീഷുമലബാറിലും, തിരുവിതാംകൂറിൽ തിരുവല്ല, അമ്പലപ്പുഴ, ചങ്ങനാശേരി, കാർത്തികപ്പള്ളി, നെയ്യാററിൻകര, തിരുവനന്തപുരം എന്നീ താലൂക്കുകളിലും മഠംവക വസ്തുക്കൾ ഉണ്ടു്. ഈ വസ്തുക്കളിൽ കരംഒഴിവായുള്ള ഇനങ്ങളും അധികം ഉള്ളതാണു്. ബ്രിട്ടീഷിൽ മുന്നൂറുരൂപയ്ക്കുകവും തിരുവിതാംകൂറിൽ രണ്ടായിരം രൂപയ്ക്കുകവും ആണ്ടിനാൽ ഗുരുക്കൾമഠത്തിൽ നിന്നു സർക്കാർകരം തീർത്തുവന്നിരുന്നു.

ആയുധാഭ്യാസത്തിൻെറ ആവശ്യം ഇല്ലാതായിത്തീന്നതോടുകൂടി ഈ കുടുംബത്തിലെ അംഗങ്ങൾ ആയുധവിദ്യ പര

ശീലിക്കാതായി. എങ്കിലും അവർ 'അരോഗദൃഢഗാത്രരും സംസ്കൃതചിത്തരും ആകുന്നു. സമ്പത്തും പ്രാഭവവും ഉള്ള സ്ഥാനങ്ങളിൽ സാധാരണമായിട്ട് അഹങ്കാരം ബാധിക്കുന്നതായി കാണപ്പെടാറുണ്ട്. എന്നാൽ ഗുരുക്കൾ മഠത്തിലെ അംഗങ്ങൾ ആബാലവൃദ്ധം അനഹങ്കാരികളും സൌശില്യാദി സൽഗുണങ്ങളാൽകൂടി സമ്പന്നരും ആണെന്നു പ്രസ്താവിക്കുന്നത് അതിശയോക്തിയല്ലെന്ന് ഒരു പ്രാവശ്യം എങ്കിലും ആ മഠം സന്ദർശിക്കുവാൻ ഇടയായിട്ടുള്ളവർക്ക് അനുഭവമാകുന്നതാണ്. (1) മഠത്തിൽ വച്ചു പൂജിച്ചുവരുന്ന സാളഗ്രാമവും തേവാരവിഗ്രഹവും കാർത്തികതിരുനാൾ മഹാരാജാവു കല്പിച്ചു ദാനംചെയ്തിട്ടുള്ളവയാണ്. തിരുവിതാംകൂർ മഹാരാജാക്കന്മാർ ഹിരണ്യഗർഭം തുലാപുരുഷദാനം എന്നീ വിശിഷ്ടകർമ്മങ്ങൾ നടത്തപ്പെടാറുള്ള ഘട്ടങ്ങളിൽ ആ കർമ്മങ്ങൾക്ക് ഉപയോഗിക്കപ്പെടുന്ന സ്വർണ്ണത്തിന്റെ ഒരു നല്ല അംശം മഠത്തിലേക്കു ദാനംചെയ്യുക പതിവാണ്. ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഹിരണ്യഗർഭം ദീക്ഷിച്ചകാലത്തും, ഇപ്രകാരം, സ്വർണ്ണം, ഗുരുക്കൾ മഠത്തിലേക്കു ലഭിച്ചിട്ടുണ്ട്.

൨. മാമ്പള്ളിപ്പണ്ടാരത്തിൽ (വഞ്ചിപ്പുഴ പണ്ടാരത്തിൽ)

പുരാതനകാലത്തു കേരളത്തിലെ പ്രധാനപ്പെട്ട ബ്രാഹ്മണഗ്രാമങ്ങളിൽ ഒന്നായിരുന്ന ചെങ്ങന്നൂർ ഗ്രാമം. പ്രസ്തുത

(1) ഗുരുക്കൾമഠത്തിലെ രണ്ടു ബ്രഹ്മചാരികളുടെ ഛായകൾ അന്യത്ര ചേർത്തിട്ടുള്ളതാകുന്നു.

ഗ്രാമം ചെങ്ങന്നൂർ മുതൽ നെടുമങ്ങാട്ടുവരെ വ്യാപിച്ചിരുന്നു. അതുകൊണ്ടുകൂടി ആ ഗ്രാമത്തിൽ ആറായിരം ബ്രാഹ്മണാലയങ്ങൾ ഉണ്ടായിരുന്നു. ഈ ഭവനങ്ങൾ "അകത്തു മുവായിരം", "പുറത്തു മുവായിരം" എന്നിപ്രകാരം രണ്ടു സമൂഹങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ചെങ്ങന്നൂരും പരിസരങ്ങളും ഉൾപ്പെട്ടദേശം പ്രധാന ഗ്രാമമായിരുന്നു. ആററങ്ങൽ, മണ്ണടി, മണംപൂര മുതലായ പ്രദേശങ്ങൾ "പുറത്തു മുവായിരം" എന്ന ഉപഗ്രാമങ്ങളിൽ ഉൾപ്പെട്ടിരുന്നു. ചെങ്ങന്നൂർ ഗ്രാമത്തിലെ ഗ്രാമശ്രേഷ്ഠൻ വഞ്ഞിപ്പുഴ പണ്ടാരത്തിലായിരുന്നു. ആററങ്ങൽ മുതലായ ഉപഗ്രാമങ്ങളുടെ ദേശകാര്യസ്ഥസ്ഥാനം മാമ്പള്ളിപണ്ടാരത്തിലേക്കായിരുന്നു. അങ്ങനെ ഇരിക്കെ, വഞ്ഞിപ്പുഴമഠത്തിൽ സന്താനം ഇല്ലാതെ വരികയാൽ മാമ്പള്ളിമഠത്തിൽനിന്നു് ഒരു ബ്രാഹ്മണയുവാവിനെ ദ്വയമുഷ്യായന വിധിപ്രകാരം വഞ്ഞിപ്പുഴയിലേയ്ക്കു ദത്തെടുത്തു. ദ്വയമുഷ്യായനവിധിയനുസരിച്ചു് ആ യുവാവിനു, സ്വകുടുംബത്തിലെയും ദത്തച്ഛന്റെ കുടുംബത്തിലെയും സ്വത്തിനും പിന്തുടർച്ചാവകാശത്തിനും അധികാരം സിദ്ധിച്ചു. തന്നിമിത്തം കാലക്രമത്താൽ മാമ്പള്ളിമഠവും വഞ്ഞിപ്പുഴമഠവും ഒരേ കുടുംബമെന്ന നിലയിലായിത്തീർന്നു. ഈ പ്രകാരം ദത്തു നടത്തപ്പെട്ടകാലം ഏതെന്നു നിർണ്ണയിക്കുവാൻ ഉള്ള ലക്ഷ്യങ്ങൾ സുലഭമല്ലെങ്കിലും, അതു തെക്കുംകൂർരാജാക്കന്മാരുടെ കുലദേവതയായ ചെറുവള്ളിഭഗവതിയുടെ ക്ഷേത്രത്തിലെ ശാന്തി അവകാശം, മാമ്പള്ളിമഠത്തിലേക്കു് ആ രാജകുടുംബത്തിൽനിന്നു് നൽകുകയും, അനുഭോഗത്തിനും ക്ഷേത്രസംരക്ഷണത്തിനുമായി ചെറുവള്ളി ചിറക്കടവു് എന്നീ ദേശവഴികൾ തെക്കുംകൂറിൽനിന്നുമാമ്പള്ളിലേക്കു വിട്ടുകൊടുക്കുകയും ചെയ്തിട്ടുള്ള പുരാതനകാലസംഭവത്തിനു ശേഷമാണെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു.

വഞ്ഞിപ്പുഴപ്പണ്ടാരത്തിലേക്കു ഗ്രാമാധിപത്യവും, ദേശാധിപത്യവും, പ്രഭുത്വവും പൂർവ്വകാലം മുതല്ക്കുണ്ടായിരുന്നുവെന്നു മാത്രമല്ല വളരെ ജന്മവസ്തുക്കളും അവിടേക്കു ഉള്ളതാണു്. ചെങ്ങന്നൂർ ഗ്രാമക്കാരായ ബ്രാഹ്മണർ ആയുധാഭ്യാസം സ്വീകരിച്ചവരാകയാൽ അവർക്കു ശാസ്ത്രാങ്കക്കാർ എന്നു പേരുണ്ടു്. അവരുടെ വൃത്തി, കളരികൾ ഉണ്ടാക്കി ആയുധാഭ്യാസം ശീലിക്കുകയും ശീലിപ്പിക്കുകയും ചെയ്യുകയായിരുന്നു. തന്നിമിത്തം

ദേവസ്വബ്രഹ്മസ്വസംരക്ഷണവും അവരുടെ കൃത്യമായിരുന്നു. ഗ്രാമശ്രേഷ്ഠനായിരുന്ന വഞ്ഞിപ്പുഴപ്പണ്ടാരത്തിലെ വരുതിയിൽ അയ്യായിരം നായർ യോദ്ധാക്കൾ ഉണ്ടായിരുന്നു.

കൊല്ലവർഷം 870-നും 930-നും മദ്ധ്യേ വഞ്ഞിപ്പുഴപ്പണ്ടാരത്തിലെ മൂത്തതമ്പുരാൻ ഉഴുത്തിരുന്ന പണ്ടാരത്തിൽ ആയിരുന്നു. അദ്ദേഹം ബലിഷ്ഠനും കായികാഭ്യാസാദികളിൽ സമർത്ഥനും ഭിക്ഷുകാർക്കു സുമുഖനും അതിപ്രതാപിയും ആയിരുന്നു. ബുധനൂർ ദേശത്തുള്ള ഒരു ചെറിയ ജന്മിയായിരുന്ന വാളവക്കോട്ടുപോററി എന്ന പേരിനാൽ അറിയപ്പെട്ടുവന്ന ഒരു ബ്രാഹ്മണൻ, പണ്ടാരത്തിലോടു ശത്രുതയിൽ വർത്തിച്ചുവന്നു. വാളവക്കോട്ടുപോററി കായംകുളം രാജാവിന്റെ ഒരു സേവൻകൂടെ ആയിരുന്നു. കായംകുളം രാജാവിന്റെയും മററും സഹായത്തോടുകൂടി വഞ്ഞിപ്പുഴപ്പണ്ടാരത്തിലെ പ്രാഭവം ക്ഷയിപ്പിച്ചു കീഴടക്കുവാനായിരുന്നു, പോററിയുടെ ഉദ്യമം. ഇങ്ങനെ ഇരിക്കുന്ന ഘട്ടത്തിൽ, തിരുവിതാംകൂർ ചരിത്രപ്രസിദ്ധിയുള്ള ഒരു സംഭവം നടക്കുകയും മാവള്ളു (വഞ്ഞിപ്പുഴ)പ്പണ്ടാരത്തിലേക്കു തിരുവിതാംകൂർ രാജകുടുംബത്തിലെ പിതൃസ്ഥാനം ഉണ്ടെന്നുള്ള ഒരു ബഹുമാന്യപദവി നൽകപ്പെടുകയും ചെയ്തിട്ടുള്ളതാകുന്നു. തത്സംബന്ധമായ ചരിത്രമാകുന്നു ഇനിയും വിവരിക്കപ്പെടുന്നതു്.

കൊല്ലം 903-ൽ നാടുനീങ്ങിയ രാമവർമ്മമഹാരാജാവിന്റെ ഭരണദശയിൽ ചിലമാടമ്പിമാരും മഹാരാജാവിന്റെ പിൻതുടർച്ചകാംക്ഷിച്ച പുത്രന്മാരായ രണ്ടുതമ്പിമാരും നിമിത്തം രാജ്യത്തിൽ അന്തഃഛിദ്രം വളർന്നുകൊണ്ടിരിക്കവെ, രാജകുടുംബാംഗങ്ങൾ കൊട്ടാരത്തിൽ സൈരജീവിതം നയിക്കെ, ദുസ്സഹമായ തിരക്കയാൽ ഇളയ രാജാവായിരുന്ന മാർത്താണ്ഡവർമ്മ (വിശ്വവിഖ്യാതനായിത്തീർന്ന തിരുവിതാംകൂർ രാജ്യസ്ഥാപകൻ) വേഷപ്രച്ഛന്നനായി കാലയാപനം ചെയ്യുകയായിരുന്നു. അക്കാലത്തു മൂത്താറാണിയെയും മൂന്നുവയസ്സുപ്രായമുള്ള രാമവർമ്മ (കാർത്തികതിരുനാൾ) രാജകുമാരനെയും, കിളിമാനൂർ കോയിത്തമ്പുരാന്റെ മേൽനോട്ടത്തിൽ ആററിങ്ങലേയ്ക്കു ഗൂഢമായി കൊണ്ടുപോയമദ്ധ്യേ, അപ്രതീക്ഷിതമായി ശത്രുക്കളുടെ ആക്രമണം ഉണ്ടാകുകയും, കോയിത്തമ്പുരാനെ രാജദ്രോഹികൾ കൊലപ്പെടുത്തുകയും ചെയ്തു. ദൈവഗത്യാ, റാണി, രാജകുമാരനെയുംകൊണ്ടു്, അപകടംകൂടാതെ ആററിങ്ങൽ കൊട്ടാരത്തിൽ

ചെന്നെത്തി. എന്നാൽ അവിടെയും ആപൽശങ്കകളുണ്ടാകയാൽ, അടുത്തുതന്നെ മാവേലിക്കര കൊട്ടാരത്തിലേക്ക പുറപ്പെടുവാൻ, റാണി നിശ്ചയിച്ചുറച്ചു, രാജകുമാരനെയുംകൊണ്ടു വേഷപ്രച്ഛന്നയായി എഴുന്നള്ളത്ത് ആരംഭിച്ചു. ആ ഘട്ടത്തിൽ മാർത്താണ്ഡവർമ്മ (എളയരാജാ)തിരുമേനി ശത്രുക്കളെ ഭയന്നു മാവേലിക്കര കൊട്ടാരത്തിൽ എഴുന്നള്ളിപ്പാർക്കുകയായിരുന്നു. യുവരാജാവിനെയും മൂത്തറാണിയെയും ആരാഞ്ഞു, ശത്രുക്കൾ ആററങ്ങൽമുതലായ പ്രദേശങ്ങളിൽ സഞ്ചരിച്ചതിൽ കണ്ടുകിട്ടായ്കയാൽ, വടക്കൻ ദിക്കുകളിലേക്ക, അവർ ഗൂഢമായി ചാരന്മാരെ നിയോഗിക്കുകയും കായംകുളംരാജാവിനെയും വാളവക്കോട്ടുപോററിയെയും വസ്തുത ധരിപ്പിക്കുകയുംചെയ്തിരുന്നു. ഈ വൃത്താന്തം ചാരന്മാർ മുഖേന യുവരാജാവും ഗ്രഹിച്ചു. എങ്കിലും അപകടം ഒന്നുംകൂടാതെ, വിശ്വസ്തന്മാരായ വരിക്കോലിൽപിള്ള മുതലായ ചിലരുടെ അകമ്പടിയോടുകൂടി റാണിയും രാജകുമാരനും മാവേലിക്കര കൊട്ടാരത്തിൽ ചെന്നെത്തി. മാവേലിക്കരയിലെ വാസം രക്ഷാപ്രദമല്ലെന്നും വിശ്വസ്തനായ മാമ്പള്ളിയുടെ വഞ്ചിപ്പുഴമഠമാണ് ഏറ്റവും സമുചിതമായ അഭയസ്ഥാനമെന്നും, തീരുമാനിച്ചു, ഒരു ദിവസം പ്രഭാതത്തിൽ റാണിയേയും രാജകുമാരനെയും ഒരു മേനാവിൽ എടുപ്പിച്ചുകൊണ്ട്, അക്കാലത്തെ നടത്തയനുസരിച്ച്, ആയുധപാണിയായി, വേഷപ്രച്ഛന്നനായ യുവരാജാവ് അകമ്പടിയായി മേനാവിനരുകിൽ നടന്നുതുടങ്ങി. മാർഗ്ഗവൈഷമ്യങ്ങളും, സ്ഥലപരിചയവിഹീനതയും നിമിത്തം നാലഞ്ചു നാഴിക പുലർന്നപ്പോഴേക്ക ബുധനൂർപാടത്തിന്റെ കിഴക്കേ പ്രാന്തങ്ങളിൽചെന്നെത്തുന്നതിനേ സാധിച്ചുള്ളൂ. വാളവക്കോട്ടു പോററിയുടെ മഠം, അവിടെ നിന്നു വളരെ അകലെയല്ലായിരുന്നു. പാടത്തു പോററിയുടെ കുടിയാനവന്മാർ പലരും വേലകാര്യങ്ങളും ചെയ്തുകൊണ്ടുനിന്നിരുന്നു. വാളവക്കോട്ടു പോററിയുടെ ആധിപത്യമുള്ള ആ ദേശത്തുകൂടി അന്യന്മാർ മേനാവിൽ കയറി യാത്രചെയ്യുക പതിവില്ലായിരുന്നതിനാൽ, പ്രസ്തുത കാഴ്ച അവർക്ക രസമായില്ല. തന്നിമിത്തം അവരിൽ ചിലർ മൺകട്ടകളും പെറുക്കി, പോണ്ടന്മാരെയും അകമ്പടി സേവിച്ചുനടന്നുകൊണ്ടിരുന്ന യുവരാജാവിനെയും ലക്ഷ്യമാക്കി എറിയുവാൻ തുടങ്ങി. ക്രമേണ ഏറുകളും വർദ്ധിച്ചു, കൂക്കുവിളിയും ബഹളവും തുടർന്നു. പ്രച്ഛന്നത വെളിവാകാതെ അവിടം കട

കുവാൻ, നയകോവിദനായ യുവരാജാവു ചെയ്ത സർവ്വശ്രമവും വിഫലമായി. പ്രതിപക്ഷികളുടെ സംഖ്യാവിപുലവും, താനേ ഏകനായിരുന്നതിനാൽ ആയുധപ്രയോഗംകൊണ്ടു ഫലമുണ്ടാകയില്ലെന്നു് അവിടത്തേക്കു ബോദ്ധ്യമുണ്ടായിരുന്നതിനാൽ അല്പമൊന്നു പകച്ചുനിന്നപ്പോൾ, വയോധികനായ ഒരു നായർ പാതത്തിന്റെ ഒരു ഭാഗത്തുനിന്നു് അവിടെ ഓടിയെത്തി. ഇരുവശവും മൂടിയില്ലാത്ത ആ മേനാവിലേക്കു് ഒന്നു നോക്കിയിട്ടു്, ആളുകളെ ശാസനാരൂപത്തിൽ വിലക്കി നിർത്തി. സാഹസികന്മാരായ കടിയാനവന്മാർ ഭീതിയും അവജ്ഞയും പൂണ്ടു്, അവരുടെ ഗർഹ്യമായ നടപടിയിൽനിന്നു നിശ്ശേഷം വിരമിച്ചു. വയോധികന്റെ വിശ്വാസ്യതയിലും ആജ്ഞാശക്തിയിലും, മാന്യതയിലും വിശ്വാസം അങ്കുരിക്കയാൽ റാണി ആ വയോധികനോടു് ഇങ്ങനെ അരുളിച്ചെയ്തു. എന്റെ കാരണവരെ, ഇനിയും മാമ്പള്ളിക്കുള്ള വഴി കൂടെ കാണിച്ചു തന്നാൽ വലിയ ഉപകാരമായി.

ഉടൻതന്നെ ആ വയോധികൻ മേനാവിനു മുമ്പിൽ അകമ്പടിയായി നടന്നു, മാമ്പള്ളി (വഞ്ഞിപ്പുഴ) മഠത്തിലേക്കു്. ആ അപരിചിതരായ പാന്ഥരെ നയിച്ചു. എന്നാൽ അധികദൂരം പോയപ്പോൾ, വസ്തുതകൾ, കടിയാനവന്മാർമുഖേന കേട്ടറിഞ്ഞ വാളുവക്കോട്ടപ്പോറ്റി ഏതാനും അനുചരന്മാരുമായി അവിടെ എത്തി അവരുടെ മാർഗ്ഗം രോധിച്ചു. വയോധികൻ പ്രഹരാദിപീഡകൾ അനുഭവിച്ചുകൊണ്ടു് [illegible] പ്രയാണംചെയ്തു. അനന്തരം മേനാവു വാളുവക്കോട്ടേക്കു കൊണ്ടുപോകുവാൻ അനുചരന്മാർക്കു കല്പന കൊടുത്തിട്ടു യുവരാജാവിനെയും കൂട്ടിക്കൊണ്ടു പോറ്റി മുമ്പിൽ നടന്നുതുടങ്ങി. റാണിയെയും രാജകുമാരനെയും യുവരാജാവിനെയും ശത്രുക്കളുടെ കൈവശം ഏല്പിച്ചുകൊടുക്കണമെന്നും, അവർ ക്ഷീണം [illegible] നിന്നു വനാന്തരംവരെ, യുവരാജാവിനെയും മറ്റും വാളുവക്കോട്ടമഠത്തിൽ ബന്തവസ്സിൽ വയ്ക്കണമെന്നും ആയിരുന്നു പോറ്റിയുടെ ഉദ്ദേശം.

വാളുവക്കോട്ടു പോറ്റിയുടെ താഡനം ഏറ്റു ഭീതനായി ഓടിപ്പോയ വൃദ്ധൻ നായർ, വാസ്തവത്തിൽ ഭീരുതയാലോ ജരാപായചിന്തയോ നിമിത്തം ഓടിക്കളഞ്ഞതല്ല. അയാൾ കാര്യ

ഗൌരവം നിനച്ച്, നേരെ വഞ്ചിപ്പുഴ മഠത്തിലേക്ക് ഓടിപ്പോയതാണ്. മേനാവിലിരുന്ന മാതാവും ശിശുവും, അവർക്കു തുണയായി നടന്ന യുവാവും ആരെന്നു ആ നായർ പ്രഥമദൃഷ്ടിയിൽതന്നെ അനുമാനിച്ചുകഴിഞ്ഞിരുന്നു. അയാൾ വഞ്ചിപ്പുഴ മഠത്തിൽ എത്തി വൃത്താന്തം അറിയിച്ചപ്പോൾ പണ്ടാരത്തിൽ നിന്നു എണ്ണതേച്ചുകൊണ്ടു നിൽക്കുകയായിരുന്നു. ഉടൻതന്നെ അദ്ദേഹം കല്പടിയിൽ മടക്കിയിട്ടിരുന്ന തോർത്തുമുണ്ട് എടുത്തു ശിരസ്സിലെ എണ്ണ ഒന്നു തുടച്ചിട്ട്, ആ ചെറുവസ്ത്രം തന്നെ അരയിൽ ചുററി "എന്റെ ജനങ്ങൾ എവിടെ?" എന്നു ആർത്തട്ടഹസിച്ചുകൊണ്ടു പടിഞ്ഞാറോട്ടു ദ്രുതഗതിയിൽ പാഞ്ഞു. പുലിപ്രക്കുറുപ്പും, കണ്ണങ്കാട്ടുപണിക്കരുംകൂടി അപ്പോൾ വിളിച്ചുകൂട്ടിയ മുന്നൂറു നായർ യോദ്ധാക്കന്മാരോടൊന്നിച്ചു പണ്ടാരത്തിലെ അനുഗമിച്ചു ബദ്ധത്വരമേഗത്തെത്തി. പണ്ടാരത്തിലും ആൾക്കാരും വന്നുചേർന്നതോടുകൂടി മേനാവുംകൊണ്ടു വാഹകന്മാർ ധൃതിയിൽ മാർഗ്ഗംവിട്ടു ഒരു പുരയിടത്തിലേക്കു കയറി ഓട്ടംതുടങ്ങി. എന്നാൽ ധീരനും ദീർഘകായനും ബലിഷ്ഠനുമായ പണ്ടാരത്തിൽനിന്നു, മേനാവിനു ഓടിക്കടന്നു പിടിച്ചുനിർത്തി. ആ ഘട്ടത്തിൽ റാണിക്കു പരിഭ്രമം ഉണ്ടായേക്കുമെന്നു ശങ്കിച്ച് അദ്ദേഹം ഇങ്ങനെ വിളിച്ചു പറഞ്ഞു:—"മാമ്പള്ളിയാണ് ഭയം വേണ്ട".

റാണിക്കും യുവരാജാവിനും വലിയ ആശ്വാസമായി. "കുറുപ്പേ! ഇന്നത്തെ കളി വാളുവക്കോട്ടുതന്നെ." എന്നു പുലിപ്രക്കുറുപ്പിനോടു പറഞ്ഞിട്ട് മാമ്പള്ളി പണ്ടാരത്തിൽനിന്ന്, യുവരാജാവിനോടും റാണിയോടും രാജകുമാരനോടുംകൂടെ, ആൾക്കാരിൽ ചിലരുടെ അകമ്പടിയോടെ, വഞ്ചിപ്പുഴ മഠത്തിലേക്കു യാത്രയായി, അവിടെ ചെന്നെത്തി യുവരാജാവിനും മൂത്തറാണിക്കും രാജകുമാരനും, വിശ്രമത്തിനും, നീരാട്ട് അമൃതേത്തു മുതലായ ദിനചര്യകൾക്കും വേണ്ട സുഖസൗകര്യങ്ങൾ സജ്ജമാക്കിയശേഷം പണ്ടാരത്തിൽനിന്ന്, സ്നാനാദികൾ നിർവ്വഹിക്കാതെ അസ്വസ്ഥനായി ആരുടെയോ വരവു കാത്തു മുററത്തുതന്നെ ഇരുന്നു. ഏതാനും നാഴികകൾ ഇങ്ങനെ കഴിഞ്ഞപ്പോൾ, പുലിപ്രക്കുറുപ്പ് അവിടെ വന്നെത്തി. വാളുവക്കോട്ടുപോററിയേയും അനുചരന്മാരേയും ബന്ധിച്ചിരിക്കുന്നുവെന്നും, വാളുവക്കോട്ട് ഇല്ലം പൊളിച്ചു നശിപ്പിച്ചശേഷം,

ആ ഭവനം ഇരുന്ന സ്ഥാനത്തു സ്നാനയോഗ്യമായ ഒരു കുളം കുഴിച്ചു ശരിപ്പെടുത്തിയിരിക്കുന്നുവെന്നും അറിയിച്ചു. ഉടൻ തന്നെ പണ്ടാരത്തിൽനിന്നു വാളയാർകാട്ടു് എത്തി, പോററിയെ ബന്ധനത്തിൽനിന്നു മോചിപ്പിക്കയും മേലാൽ ചെങ്ങന്നൂർഗ്രാമത്തിൽ കണ്ടുപോകരുതെന്നു് ആജ്ഞാപിക്കയും ചെയ്തു. അവമാനവും പ്രാണഭീതിയും നിമിത്തം പോററി നാടുവിട്ടു് എങ്ങോട്ടോ പ്രയാണംചെയ്തു. അനന്തരം വാളയാർകാട്ടു * പുതുക്കുളത്തിൽ സ്നാനംചെയ്തു വൈരനിര്യാതനക്രിയ നിർവഹിച്ചശേഷം, പ്രസന്നചിത്തനായി പണ്ടാരത്തിൽനിന്നു വഞ്ചിപ്പുഴമഠത്തിലേയ്ക്കു തിരിച്ചെന്നു, നടന്ന വൃത്താന്തം സമസ്തവും യുവരാജാവിനെ ധരിപ്പിച്ചു.

യുവരാജാവും റാണിയും രാജകുമാരന്മാരും ഏഴുമാസക്കാലത്തോളം വഞ്ചിപ്പുഴമഠത്തിൽ, ഇപ്രകാരം എഴുന്നള്ളിപ്പാർത്തു. നാടുവാണുകൊണ്ടിരുന്ന രാമവർമ്മമഹാരാജാവിനു് അസ്വാസ്ഥ്യം കലശലായെന്നുള്ള വർത്തമാനം അറിഞ്ഞതിനുശേഷം മാത്രമാണു്. പണ്ടാരത്തിലുമൊന്നിച്ചു രാജകുടുംബാംഗങ്ങളും തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടതു്. വഞ്ചിപ്പുഴമഠത്തിലെ താമസകാലത്തു യുവരാജാവിന്റെ കുട്ടിപ്പട്ടരായി പണ്ടാരത്തിൽനിന്നു പ്രത്യേകം നിയമിച്ചിരുന്ന രാമയ്യനെക്കൂടി അവിടുന്നു തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോയി. രാമയ്യൻ ദീർഘകാലമായി മാമ്പള്ളിമഠത്തിലെ സംരക്ഷണയിലാണു പാർത്തുവന്നതു്. തെക്കുംകൂർ രാജാവിന്റെ കോവിലകത്തു താമസിച്ചിരുന്ന ബാലനായ രാമയ്യനെ, ആയുധാഭ്യാസവും കായികാഭ്യാസവും പരിശീലിപ്പിക്കുവാൻ ആ രാജാവു് മാമ്പള്ളിയെ ഏല്പിച്ചയച്ചതാണു്. യുവരാജാവു തിരുമനസ്സിലേയ്ക്കു രാമയ്യന്റെ ബുദ്ധിവൈഭവത്തിലും സ്വാമിഭക്തിയിലും ബോദ്ധ്യംവരുകയാൽ ആ ബാലനെ കൂടെ അയക്കണമെന്നു് അവിടുന്നു താല്പര്യപ്പെട്ടതനുസരിച്ചു്, പണ്ടാരത്തിൽനിന്നു് വഴിപ്പെട്ടതാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവു് മൂപ്പേൽക്കുകയും രാജ്യത്തു സമാധാനം പുനഃസ്ഥാപിക്കയും ചെയ്തശേഷം, ആപൽഘട്ടത്തുവച്ചു സഹായംനൽകിയ വയോധികൻ നായർക്കും മാമ്പള്ളി

* പ്രസ്തുത കുളവും പോററിയുടെ വകയായിരുന്ന കിഴക്കേമഠവും ക്ഷേത്രവും അദ്യാപി കാണപ്പെടുന്നുണ്ടു്.

പ്പണ്ടാരത്തിലേയ്ക്കും സ്ഥാനമാനങ്ങളും പദവികളും കല്പിച്ചു നൽകി. കായങ്കുളം, തെക്കുംകൂർ മുതലായ രാജ്യങ്ങൾ ജയിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തശേഷം, വസ്തുവകകളും ഇനാമായികൊടുത്തു. വയോധികൻനായരുടെ കുടുംബത്തേയ്ക്കു "കാരണവർ" എന്ന മാറാസ്ഥാനമായിരുന്നു, നൽകപ്പെട്ടതു. കാരണവരുടെ കുടുംബത്തിനും ചാർച്ചവഴി മററു ചില കുടുംബങ്ങൾക്കും ഈ സ്ഥാനം, ഇപ്പോഴും ഉള്ളതാകുന്നു. വള്ളിക്കാവു ഭഗവതിക്കു ചെറുപള്ളി ചിറക്കടവുദേശത്തെ കരം മുപ്പറയായും, ബുധനൂർ കിഴക്കുംമുറി വഞ്ചിപ്പുഴപണ്ടാരത്തിലേയ്ക്കു ഇടവകയായും കൊടുക്കയും, അവിടത്തെക്കു രാജകുടുംബത്തിലെ പിതൃസ്ഥാനം കല്പിക്കയുംചെയ്തു. ഈ പിതൃസ്ഥാനത്തെ അടിസ്ഥാനമാക്കി, രാജവംശത്തിൽ നടത്തപ്പെടുന്ന പള്ളിക്കെട്ടു, അന്നപ്രാശനം, തിരുമാടമ്പു മുതലായ പ്രധാന അടിയന്തിരങ്ങൾക്കു, പണ്ടാരത്തിലെ സാന്നിദ്ധ്യം അവശ്യം ഉണ്ടായിരിക്കേണ്ടതും, അതനുസരിച്ചു പല കർമ്മങ്ങൾക്കും മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വാഴ്ചകാലംമുതൽക്കേ, അവിടത്തേയ്ക്കു തന്നെ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നതും ആകകൊണ്ടു, ആ വഴക്കം വിഘ്നംകൂടാതെ ആചരിച്ചുവരുന്നതാകുന്നു.

കാരണവർക്കു കല്പിച്ചുകൊടുത്ത നീട്ടിന്റെ പകർപ്പു.

"തിരുവിതാംകൂർ സംസ്ഥാനത്തു മാവേലിക്കര വടക്കു മണ്ടപത്തുംവാതുക്കൽ ചെങ്ങന്നൂർ (പൊടിവു) കാരണവരുടെ ഭവനത്തു മൂത്തകാരണവർ കഴിഞ്ഞുപോയാൽ ആ ഭവനത്തു പുരുഷാന്തരം തീർന്നതിനു എന്റെ കാരണവർ ഒന്നേകാൽനെയ്യു കൊള്ളുന്ന കററിക്കകത്തു നെയ്യൊഴിച്ചു അടച്ചു എന്റെ അടുക്കൽ കൊണ്ടുവന്നു മൂത്ത കാരണവർ കഴിഞ്ഞു പോയെന്നു ബോധിപ്പിച്ചാൽ മൂത്ത കാരണവരെന്നു പേരുമിട്ടു മാടമ്പിസ്ഥാനവും ഓണക്കോടിയും കൊടുത്തു പറഞ്ഞയക്കുന്നതും അല്ലാതെ കാരണവരുടെ ഭവനത്തു പുരുഷാന്തരം തീരുകയും പർക്കാ പ്രായശ്ചിത്തം ചെയ്കയും ചെയ്യിപ്പിക്കുക ഉണ്ടായിട്ടില്ലാത്തതുകൊണ്ടും കാരണവർ ഇനിക്കു പ്രത്യേകം വേണ്ടുന്ന ആളാകകൊണ്ടും അവരുടെ കാരണവർ ഇനിക്കു കാലവേല ഉപകാരങ്ങൾ ചെയ്തവരാകകൊണ്ടും അവരുടെ ഭവനത്തേക്കു നിദാനം കഴിയുന്നതിനുമാത്രം കൊടുത്തിരിക്കുന്നതു അല്ലാതെ ഒന്നും സ്വീകരിക്കുകയുമില്ല. ഇപ്പോൾ മൂത്ത കാരണവർ കഴിഞ്ഞു

പോയെന്നും കാരണവരുടെ അനന്തിരവരു എന്റെ അടുക്കൽ വന്നു കാരണവരു കഴിഞ്ഞുപോയെന്നും കാരണവർ കഴിഞ്ഞു പോയതിനു (പൊടിവു്) മെന്നും ബോദ്ധ്യംചെയ്യുന്നപ്രകാരം കൊച്ചുരാമക്കാരണവരു എന്റെ അടുക്കൽ വന്നു സങ്കടംപറക കൊണ്ടു കാരണവരു പുരുഷാന്തരം ഉഴയവേലപരിക്ക പ്രായശ്ചിത്തം ചെയ്യണമെന്നുവച്ചാൽ അവരു (പൊടിവു്) ഇല്ല. എന്നതുകൊണ്ടു കാരണവരുടെ വേനത്തു ഈ വക ഒന്നിനും ബോദ്ധ്യം ചെയ്യരുതു് എന്നു ഇക്കാര്യം ചൊല്ലി തൂടിച്ചന്തൂടിച്ചൻ എഴുതി വിട്ടുവു എന്നു തിരുവളായ നീട്ടു."

946-ാമാണ്ടു മീനമാസം 15-ാംതീയതി ഈ നീട്ടു, വാളവക്കോട്ടെ ലഹളയിൽ അകപ്പെട്ട രാമവർമ്മ രാജകുമാരൻ മൂപ്പേറ്റതിന്റെശേഷം, ആദ്യ കാരണവരുടെ അനന്തരവർക്കു വീണ്ടും കല്പിച്ചു കൊടുത്തതാണ്.

---

൩. ആയിരെട്ടുപണിക്കർ.

“അയിരെട്ടുപണിക്കർ” എന്ന നാമത്താൽ അറിയപ്പെട്ടുവരുന്നതു് ഒരു മലയാളബ്രാഹ്മണകുടുംബമാണു്. ഇവർ നമ്പ്യാതി (എളയതു) വിഭാഗത്തിൽ ഉൾപ്പെട്ടവരാകുന്നു. പൂർവ്വകാലങ്ങളിൽ അസ്ത്രശസ്ത്രാദിപ്രയോഗത്തിലും ആയോധനത്തിലും, മാതംഗവിദ്യ മുതലായ ആഹവശാസ്ത്രസംബന്ധിതങ്ങളായ ഇതരശാസ്ത്രങ്ങളിലും പ്രാവീണ്യംഉള്ള വ്യക്തികൾ പ്രസ്തുതകുടുംബത്തിൽ ഉണ്ടായിരുന്നു; എന്നുമാത്രമല്ല, ആയുധവിദ്യയിൽ ഗുരുസ്ഥാനംകൂടി പ്രസ്തുതകുടുംബത്തേക്കു് ഉണ്ടായിരുന്നതായും, “പണിക്കർ” എന്നസ്ഥാനം അക്കാരണവശാൽ ആ കുടുംബത്തെക്ക സിദ്ധിച്ചിട്ടുള്ളതായും വിശ്വസിക്കപ്പെട്ടിരിക്കുന്നു. ചങ്ങനാശേരിതാലൂക്കിൽ ഉൾപ്പെട്ട കങ്ങഴ എന്ന ഗ്രാമത്തിലായിരുന്നു അയിരെട്ടുപണിക്കരുടെ മൂലകുടുംബം. കളരിയും ഇല്ലവും ഇരുന്നപറമ്പും ആ കുടുംബക്കാരുടെ പരദേവതയായ പത്തനാട്ടുഭഗവതിയുടെ വിഗ്രഹങ്ങളും, ക്ഷേത്രത്തിന്റെ നഷ്ടശിഷ്ടങ്ങളും, അദ്യാപി, കങ്ങഴ എന്ന പ്രദേശത്തു്, ആധുനികകങ്ങഴ മണിമലറോഡിനു സമീപം കാണപ്പെടുന്നുണ്ടു്. അയിരെട്ടുപണിക്കർകുടുംബക്കാരുടെ ആധുനിക വാസസ്ഥ

മല്ലപ്പള്ളിയിലുള്ള "അയിരേടത്തു" ഇല്ലത്തൊണു്. പ്രസ്തുത ഭവനവും വളരെ പുരാതനമാകുന്നു. അവിടെയും, ഒന്നുരണ്ടു ഗൃഹങ്ങളിൽ ജീൎണ്ണോദ്ധാരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു കളരിയും പഴയ ഇല്ലവും നിലനിന്നുപോരുന്നു. കളരിയുടെ പശ്ചിമാഗ്രത്തിൽ പൂർവാഭിമുഖമായി ഭഗവതിയെയും ഗുരുസ്ഥാനിയെയും പ്രതിഷ്ഠിച്ചിട്ടുണ്ടു്. പുരാതനങ്ങളായ ചില ആയുധങ്ങളും അവിടെ സൂക്ഷിച്ചിരിക്കുന്നു.

പാരമ്പൎയ്യങ്ങളായ വിദ്യകളിൽ മാതംഗവിദ്യ അയിരേടത്തു പണിക്കർ നിശ്ശേഷം കൈവെടിഞ്ഞിട്ടില്ല. ആധുനികകാലത്തും, മാതംഗചികിത്സയും, മത്തഗജനിയന്ത്രണവും അവിടത്തെ ഒരു അംഗം അത്യാവശ്യഗൃഹങ്ങളിൽ നടത്താറുണ്ടു്. ശിഷ്യന്മാരെ അഭ്യസിപ്പിക്കുവാൻ മാതൃകയായി വെങ്കലത്തിൽ പുരാതനകാലത്തു, വാൎത്തു ഉണ്ടാക്കപ്പെട്ടിട്ടുള്ളതും, മൎമ്മസ്ഥാനങ്ങളിൽ, അന്തർഭാഗത്തു മണിപ്പൂട്ടും വില്ലുംവച്ചു സജ്ജീകരിച്ചിരുന്നതുമായ ഒരു ആനയുടെ വിഗ്രഹം അയിരേടത്തു് ഇല്ലത്തു് ഉണ്ടായിരുന്നതായും, 1036-ാമാണ്ടത്തെ വെള്ളപ്പൊക്കക്കാലത്തു, മററു പല വിശിഷ്ടസാധനങ്ങളും നഷ്ടപ്പെട്ടകൂട്ടത്തിൽ ഈ വിഗ്രഹവും കൈമോശംവന്നതായും പറയപ്പെടുന്നു.

൨൩-ാം അദ്ധ്യായം.

പ്രാചീനകേരളീയരും മാംസാഹാരവും.

പുരാതനകാലത്തു്, കേരളീയർ മാത്രമല്ല, സമസ്ത ഭാരതീയരും മത്സ്യമാംസങ്ങളെ ആഹാരസാധനമായി ഉപയോഗപ്പെടുത്തിവന്നു. പ്രാചീനഹിന്ദുമതാചാരങ്ങളും, മാംസാഹാരത്തിനു പ്രതിബന്ധമായി നിന്നിരുന്നില്ല. ബ്രാഹ്മണമതത്തിൻെറ ആവിർഭാവവും ഉയൎച്ചയും സംഭവിച്ചതോടുകൂടി, ഉയൎന്ന ജാതിക്കാരായ ഹിന്ദുക്കളും മത്സ്യമാംസങ്ങളെ വൎജ്ജിക്കുവാൻ ആരംഭിച്ചതാണു്. വേദകാലങ്ങളിൽ ഭാരതീയര സമസ്തരും, മത്സ്യവും

മാംസവും ഉപയോഗിക്കുക സാധാരണമായിരുന്നു. ആഹാരത്തിന്ന് ഉപയുക്തങ്ങളായ മൃഗങ്ങളുടെയും പക്ഷികളുടെയും വിവരങ്ങൾ ധർമ്മസൂത്രഗ്രന്ഥങ്ങളിൽ സവിസ്തരം വിവരിച്ചിട്ടുള്ളതായി കാണുന്നു. അന്നപ്രാശനം ആദിയായ ഗാർഹ്യ (†) കർമ്മങ്ങൾക്കു, മാംസാഹാരം അപരിത്യാജ്യമായി പരിഗണിക്കപ്പെട്ടുപോന്നു. സാംഖ്യായനൻ, ആശ്വലായനൻ, പരാശരൻ ആദിയായ സ്മൃതികർത്താക്കൾ, വിവിധപക്ഷിമൃഗങ്ങളുടെ മാംസത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചു വിവരിച്ചിട്ടുണ്ട്. അജമാംസം ശരീരബലവും, കാടപ്പക്ഷിയുടെ മാംസം ഓജസ്സും, ഭരദ്വാജപ്പക്ഷിയുടെ മാംസം വാഗ്പാടവവും, മത്സ്യം ശീഘ്രതയും ഉളവാക്കുമെന്നു പറയപ്പെട്ടിരിക്കുന്നു. ഗോമാംസവും വർജ്ജിക്കപ്പെട്ടിരുന്നില്ല. "ശൂലഗവം" എന്നൊരു പരിശുദ്ധകർമ്മം, പ്രാചീനഹിന്ദുക്കൾ അനുഷ്ഠിച്ചുപോന്നു. ഗോമേധം ചെയ്തു, മറ്റേ താദൃശ കർമ്മങ്ങളും, ഓരോ വർഷവും ചില നിയതകാലങ്ങളിൽ നടത്തുക പതിവായിരുന്നു. യജുർവ്വേദബ്രാഹ്മണങ്ങളിൽ ആഹാരത്തിനുപയോഗിക്കപ്പെടുവാൻ യോഗ്യങ്ങളായ കന്നുകാലികളുടെ നിറവും ലക്ഷണങ്ങളും സമഗ്രമായി വിവരിച്ചിട്ടുണ്ട്.

എന്നാൽ ആദിമകാലംമുതൽ തന്നെ ഗോവധത്തിൽ ഒരു അപ്രസക്തി ജനഹൃദയങ്ങളിൽ വേരൂന്നിഉറയ്ക്കുവാൻ ഇടയായിട്ടുണ്ട്. ശതപഥബ്രാഹ്മണം എന്ന പ്രസിദ്ധബ്രാഹ്മണത്തിലെ ചില ഭാഗങ്ങൾ, ഈ അനുമാനത്തെ ബലപ്പെടുത്തുന്നു. കന്നുകാലികൾ ലോകത്തിലെ ഐശ്വര്യത്തിന്ന് അടിസ്ഥാനമാകയാൽ അവയെ വേണ്ടവിധം പരിപാലിച്ച് അവയുടെ പാൽ വെണ്ണ എന്നിവ ഭക്ഷിക്കുകയും; മൂത്രം ചാണകം എന്നിവ കൃഷികാര്യങ്ങൾക്കു വളത്തിനു ഉപയോഗപ്പെടുത്തുകയും ചെയ്യുണമെന്നും, ഗോവധം തുടർന്നാൽ ക്രമേണ ലോകത്തിലെ സമ്പത്തു ക്ഷയിക്കുമെന്നും, ഗോവധം പാപമാണെന്നും അതിനാൽ കന്നുകാലികളുടെ മാംസം വർജ്ജിക്കപ്പെടണമെന്നും ആകുന്നു "ശതപഥം" ഉപദേശിക്കുന്നത്. (*) ആപസ്തംബൻ, യാജ്ഞവൽക്യൻ എന്നീ സ്മൃതികാരന്മാർ മാംസാഹാരത്തിന്ന് അനുകൂലികളും ഗൌതമൻ പ്രതികൂലനുമാണ്.

(†) R. C. Dutt's Ancient India Vol. II

(*) The Sacred books of the East, XXVI

ബുദ്ധമതത്തിനു് അതിന്റെ പ്രാരംഭദശയിൽതന്നെ ദക്ഷിണഭാരതത്തിലും വിശിഷ്യാ, കേരളത്തിലും പ്രചുരപ്രചാരം സിദ്ധിച്ചിരുന്നതായി അനുമാനിക്കുവാൻ ന്യായങ്ങൾ കാണുന്നുണ്ടു്. ബുദ്ധമതപ്രചാരത്തിന്റെ പ്രത്യക്ഷഫലമായി മാംസാഹാരപ്രസക്തി കേരളീയസമുദായത്തിൽനിന്നു ക്രമേണ വിട്ടുമാറിത്തുടങ്ങി. കേരളത്തിലെ ആദിമവാസികളായിരുന്ന ചേരമർ ആദിയായവരും പില്ക്കാലം ഉപവേശംചെയ്ത നായന്മാരും മററും, മത്സ്യമാംസങ്ങൾ പ്രധാനപ്പെട്ട ആഹാരവിഭവമായി ഉപയോഗിച്ചുവന്ന പതിവിനു അല്പം ഒരു പ്രതിബന്ധം സംഭവിച്ചു. നാട്ടുവാഴികളുടെ അധികാരശക്തിയാൽ പരിപോഷിക്കപ്പെട്ടുപോന്ന ബുദ്ധമതത്തിന്റെ സിദ്ധാന്തങ്ങൾ സ്വീകരിക്കുന്നവിഷയത്തിൽ സമസ്തരും നിർബ്ബന്ധിതരായിത്തീൎന്നു. സമുദായാന്തരാളത്തിൽ മനസ്സംസ്കാരം സിദ്ധിച്ചവരെല്ലാം ബാഹ്യമായ യാതൊരു പ്രേരണാശക്തിയുംകൂടാതെ തന്നെ ബുദ്ധമതനിയമങ്ങൾ കൈക്കൊണ്ടു ജീവിതരീതി ക്രമപ്പെടുത്തുവാൻ ആരംഭിച്ചു. എന്നാൽ ഇതരന്മാരുടെ അവസ്ഥ ഇങ്ങനെ അല്ലായിരുന്നു. രാജകോപവും സാമൂഹ്യഭ്രഷ്ടും ഭയന്നു, വലുതായ വൈമനസ്യത്തോടുകൂടി മാത്രമേ അനാദികാലംമുതൽ നിത്യപരിചിതമായ മാംസാഹാരം വിട്ടൊഴിയുവാൻ അവൎക്കു സാധിച്ചുള്ളു. എങ്കിലും അവരുടെ മാംസാഹാരനിവൎത്തനം സ്ഥായിയായിരുന്നില്ല. ബുദ്ധപുരോഹിതന്മാരും രാജദൂതന്മാരും ഉദ്യോഗസ്ഥരും അറിവാൻ ഇടകൊടുക്കാതെ അവർ എത്രയും ഗൂഢമായി മത്സ്യമാംസങ്ങൾ ഭക്ഷിക്കുക പതിവായിത്തീൎന്നു. മാംസാഹാരപരിവൎജ്ജനം ജാതിശ്രേഷ്ഠതയുടെയും, മാംസാഹാരസ്വീകരണം പതിതത്വത്തിന്റെയും പ്രത്യക്ഷചിഹ്നമായി ക്രമേണ പരിഗണിക്കപ്പെട്ടുതുടങ്ങി. എങ്കിലും പ്രാചീനകേരളത്തിലെ സൈനികവൎഗ്ഗക്കാർ നിർഭയം പരസ്യമായി മത്സ്യമാംസാദിഭോജനങ്ങൾ ഭക്ഷിക്കുക സാധാരണമായിരുന്നു. ബുദ്ധമതാനുസാരികളായ നാട്ടുവാഴികൾ അവരെ, ഇക്കാരണവശാൽ ദ്വേഷിച്ചിരുന്നതുമില്ല. ഭടജനങ്ങൾക്കു മത്സ്യമാംസങ്ങൾ അവശ്യം വേണ്ടതായ ഭക്ഷ്യപദാൎത്ഥങ്ങളാണെന്നു പരക്കെ ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ ഗോവൎഗ്ഗത്തെക്കുറിച്ചുള്ള വാത്സല്യം കാലാന്തരത്തിൽ ഭക്തിയായി പരിണമിച്ചു. പ്രാചീനകേരളത്തിൽ ഗോഹത്യ വലുതായ ഒരു കുററമായി പരിഗണിക്ക

പ്പെട്ടുവന്നു. പല കേരളരാജ്യങ്ങളിലും ഗോഘാതിക്കുററക്കാൎക്കു മരണശിക്ഷ നൽകപ്പെട്ടുക സാധാരണമായിരുന്നു.

മദ്ധ്യകാലങ്ങളിൽ, അതായതു 16-ാംശതവർഷത്തിൽ കേരളരാജ്യങ്ങളിൽ, സൈനികവൎഗ്ഗക്കാരായ നായന്മാരെ വിസ്തരിക്കുവാനോ, മരണശിക്ഷയ്ക്കു വിധിക്കുവാനോ അനുവദിക്കുന്നതായ സാധാരണനിയമം ഉണ്ടായിരുന്നുമില്ല. എന്നാൽ ഒരുനായർ മറെറാരുനായരേയോ ഒരു പശുവിനേയോ കൊന്നതായി വെളിപ്പെട്ടാൽ, രാജാവു് ആ കുററക്കാരനു് മരണശിക്ഷ കൊടുക്കുവാൻ ഒരു നായർഭടനു് കല്പനകൊടുക്കും. ആ ഭടൻ മററു നായർ ഭടന്മാരോടുകൂടി ഘാതകനെ വെട്ടിക്കൊന്നു്, ഉടൻ ഏതെങ്കിലും ശൃംഗാടകത്തിലുള്ള വൃക്ഷശിഖരത്തിൽ കെട്ടിത്തൂക്കും. ആ കുററക്കാരൻ, ചെയ്ത കുററത്തിന്റെ സ്വഭാവവും (നായർഘാതി അല്ലെങ്കിൽ ഗോഘാതി) ശിക്ഷാവിധിയും കാണിക്കുന്ന രാജകീയ തീട്ടൂരവുംകൂടി ജഡത്തിൽ കെട്ടിത്തൂക്കുക പതിവാണു്. ഒരു ഭവനത്തിൽ, ഒരു ഗോവു് മരണം അടഞ്ഞാൽ, ഒരു മണ്ഡലകാലത്തേക്കു് അശുദ്ധിയുള്ളതായി 19-ാംശതവൎഷത്തിൽപോലും കേരളത്തിൽ വിശ്വസിക്കപ്പെട്ടുപോന്നു. * ബ്രാഹ്മണൎക്കും മരണശിക്ഷനൽകുന്നതിനു, പുരാതനകാലംമുതൽതന്നെ കേരളരാജ്യങ്ങളിൽ രാജനിയമം ഇല്ലായിരുന്നതിനാൽ, ഗോഘാതിചെയ്യുന്ന ബ്രാഹ്മണനെ ശിരസ്സു മുണ്ഡനംചെയ്യിച്ചും, പൂണൂൽപൊട്ടിച്ചും, കഴുതപ്പുറത്തു കഴുതയുടെ പൃഷ്ഠത്തിനഭിമുഖമായി ഇരുത്തി, മററുബ്രാഹ്മണർ കൂടിആട്ടി രാജ്യാതിൎത്തിക്കു പുറത്താക്കണമെന്നുള്ളതായിരുന്നു, നിയമം. ഗോവധത്തേയും ഗോമാംസഭക്ഷണത്തേയുംകുറിച്ചുള്ള രാജകീയനിയമങ്ങൾ ഏതുപ്രകാരമായിരുന്നാലും, പ്രാചീനകേരളരാജ്യങ്ങളിൽ, മാംസാഹാരത്തിനു ഗണ്യമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. മാൻ, മ്ലാവു് മുതലായ നായാട്ടുമൃഗങ്ങളുടേയും കോഴി, താറാവു, മാടപ്രാവു മുതലായ വളൎത്തുപറവകളുടേയും കാട, ചെങ്ങാലി ആദിയായ വേട്ടപ്പക്ഷികളുടേയും മാംസവും വിവിധ മത്സ്യങ്ങളും കേരളീയർ ഭക്ഷിച്ചുപോന്നു. ബുദ്ധമതപ്രചാരത്താലോ, ഹിന്ദുമതത്തിൽ കാലാന്തരത്തിൽ സംഭവിച്ച ആചാരവ്യത്യാസങ്ങളാലോ, പുരാതനകേരളത്തിലെ സമുദായ

* Purchas.

ങ്ങളുടെ മാംസാഹാരപ്രസക്തിക്ക, ഗണ്യമായഭേദം ഉണ്ടായിട്ടില്ല മദ്ധ്യഘട്ടത്തിലും, ആധുനികദശയിലും, കേരളീയരുടെ മാംസാഹാരശീലം പ്രാബല്യത്തിൽതന്നെ ഇരിക്കുന്നു. പുരാതനകേരളവൈദ്യശാസ്ത്രവും, ആയുർവേദവും, മാംസാഹാരം അപരിത്യാജ്യമെന്നുതന്നെ വിധിച്ചിരിക്കുന്നു.

രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങൾ രചിക്കപ്പെട്ടകാലത്തും, എല്ലാ ഹിന്ദുക്കളും വർണ്ണവ്യത്യാസമെന്യെ, മാംസം ഉപയോഗിച്ചുവന്നിരുന്നതായി, ആ ഗ്രന്ഥങ്ങളിലെ അന്തരംഗതെളിവുകളാൽ വ്യക്തമാകുന്നുണ്ട്. ശ്രീരാമൻ വനത്തിൽചെന്ന അവസരത്തിൽ, ആദ്യദിവസം ഒരു മാനിനെ എയ്തുകൊന്നു ചുട്ടു ഭക്ഷിച്ചതായി പറയപ്പെട്ടിരിക്കുന്നു. ആശ്രമവാസിനിയായ സീത, പർണ്ണശാലയുടെ പുരോഭാഗത്തുവച്ച് പച്ചമാംസം ഉണക്കിയതായി കാണുന്നുണ്ട്. ബാഹുകവേഷധാരിയായ നളമഹാരാജാവിനെ തിരിച്ചറിയുവാൻ, പല പരീക്ഷണങ്ങളും, ദമയന്തി നടത്തിയക്കൂട്ടത്തിൽ, ബാഹുകനാൽ പാകംചെയ്യപ്പെട്ട ഗോമാംസംവരുത്തി അനുഭവിച്ചതായും, അതിന്റെ രുചിയറിഞ്ഞ്, നളന്റെ പാചകഫലമെന്നു ബോദ്ധ്യപ്പെട്ടതായും, വ്യാസഭാരതത്തിൽ കാണുന്നു.

എന്നാൽ, ഗോമാംസത്തിന്റെ രുചിയും ഗുണവും ഇപ്രകാരം പ്രശംസാർഹമെന്നിരുന്നാലും, ആധുനികകാലത്തു കേരളത്തിൽ ലഭിക്കുന്ന ഗോമാംസം, ഏററവും നിഷിദ്ധമായിട്ടുള്ളതാണെന്നു പറയാതെ നിർവാഹമില്ല. വണ്ടിക്കുകെട്ടിയും, നിലത്തിൽ കലപ്പയിൽകെട്ടിയും, ക്ഷീണിച്ച ഓജസ്സററും, ശരിയായ പുല്ലും വെള്ളവും കിട്ടാതെ മെലിഞ്ഞും, ഇരിക്കുന്ന മൂരികാളകളേയും, പ്രസവാധിക്യവും, ആഹാരക്കുറവും, രോഗബാധയും, നിമിത്തം എല്ലും തോലുമായി ശേഷിച്ച പശുക്കളേയും, കശാപ്പുചെയ്തു ഉണ്ടാക്കുന്ന മാംസമാണ, ഇപ്പോൾ സാധാരണമായി കേരളത്തിൽ എങ്ങും ലഭിക്കുക. കന്നുകാലികൾക്കു സ്വാതന്ത്ര്യമായി മേയുന്നതിനുള്ള പുൽത്തകിടികളുടെ, അഭാവവും, ജനങ്ങൾക്കു ഗോസംരക്ഷണത്തിലുണ്ടായിരിക്കുന്ന അനാസ്ഥയും, ഉരുക്കളെ കെട്ടിയിട്ടു ഉണക്കക്കച്ചിയും, ചിലപ്പോൾ, അല്പം മിൽപ്പിണ്ണാക്കും നൽകിപ്പോരുന്ന ഭയങ്കരമായ നാല്ക്കാലിവളർത്തു സമ്പ്രദായവും, നിമിത്തം കേരളത്തിലെ കന്നുകാലികളുടെ

നില ഇല്ലാം അധഃപതിച്ചുപോയിരിക്കുന്നു. ഇത്തരം കന്നുകാലികളുടെ മാംസം ഭക്ഷിക്കുകയെന്നുള്ളതു, രോഗകാരണവും ആപൽക്കരവുമാകുന്നു. അതിനാൽ നിർവാഹമുള്ളേടത്തോളം ഇക്കാലത്തു ഗോമാംസഭക്ഷണം വർജ്ജിക്കുന്നതു ഗുണകരമായിരിക്കും. വനങ്ങളിൽ സ്വൈരസഞ്ചാരം ചെയ്തു ജീവിച്ചു വിഹരിക്കുന്ന പക്ഷിമൃഗാദികളുടെ മാംസം ലഭ്യമെങ്കിൽ, അതു ഭക്ഷിക്കുന്നതു് ഉത്തമമായിരിക്കും. ഇതിഹാസകാലത്തു ജീവിച്ചിരുന്ന മഹാവിദ്വാനായ വിദുരൻ മാംസഭക്ഷണം, "ഉത്തമാശനം" എന്നു വിധിച്ചിരിക്കുന്നതു് ഇപ്രകാരമുള്ള മാംസത്തെ ഉദ്ദേശിച്ചാണു്.

൨൭-ാം അദ്ധ്യായം.

കേരളത്തിലെ ജാതികളും വർഗ്ഗങ്ങളും അവാന്തരവിഭാഗങ്ങളും.

ജാതികളും അവയുടെ അവാന്തരവിഭാഗങ്ങളും, ഭാരതഖണ്ഡത്തിലേപ്പോലെ വർദ്ധിച്ചുവശമായിരിക്കുന്ന ഇതരഭൂഭാഗങ്ങളും ഇല്ലെന്നുള്ള വസ്തുത പ്രസിദ്ധമാണു്. ജാതികളുടെയും അവാന്തരവിഭാഗങ്ങളുടെയും ബഹുല്യത്തിനു കേരളം മകുടോദാഹരണമായിരിക്കുന്നു. ഓരോ വർഗ്ഗത്തിലും ഉള്ള ജാതികളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഹിന്ദുസമുദായം.

ബ്രാഹ്മണർ. *

നമ്പൂരിമാർ, പോററിമാർ, തുളുനാട്ടു എമ്പ്രാന്മാർ, പൂർവ്വദേശബ്രാഹ്മണർ, ചോഴിയബ്രാഹ്മണർ, തെലുങ്കുബ്രാഹ്മണർ, വൈഷ്ണവബ്രാഹ്മണർ എന്നിവരും ശിവബ്രാഹ്മണർ, (മൂത്തതന്മാർ) എളയന്മാർ (നമ്പ്യാതിരി) ആയ്ദ്ധ്യപ്പട (ഭട്ട)ന്മാർ എന്നിവരും ബ്രാഹ്മണവർഗ്ഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു

* വിശദമായ ചരിത്രം പ്രത്യേകം ഒരദ്ധ്യായത്തിൽ.

കാലാനുസൃതമായി ആചാരങ്ങൾ പരിഷ്കരിക്കപ്പെട്ടുവരുന്നുണ്ടെങ്കിലും, മേൽ പ്രസ്താവിക്കപ്പെട്ട ഓരോ അവാന്തരവർഗ്ഗക്കാരുടേയും ജാത്യാചാരങ്ങളിലും നടപടികളിലും വസ്ത്രധാരണക്രമത്തിൽ പോലും ഐകരൂപ്യം ഇല്ലതന്നെ. നമ്പൂരിമാർ കേരളത്തിൽ ജന്മവസ്തുക്കളുടെ ഉടമസ്ഥരാണ്. പാലക്കാട്ടുബ്രാഹ്മണർ ആധുനികവിദ്യാഭ്യാസവിഷയത്തിൽ ഇതരബ്രാഹ്മണരെക്കാൾ അത്യുന്നതമായ നിലയിൽ എത്തിയിരിക്കുന്നു. നമ്പൂരിമാരുടേയും പോററിമാരുടേയും മററും ഇടയിൽ ആധുനികവിദ്യാഭ്യാസപരമായ പുരോഗതി സിദ്ധിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്. എന്നാൽ പൂർവ്വദേശബ്രാഹ്മണർ സർക്കാർഉദ്യോഗവും കൃഷി വാണിജ്യവ്യവസായങ്ങളും തൊഴിലായി സ്വീകരിക്കുന്നതിലും ജീവിതമത്സരരംഗത്തിന്റെ മുന്നണിയിൽ എത്തുന്നതിലും ഉൽസുകരായി വർത്തിച്ചുപോരുന്നു.

നായന്മാർ.

നായന്മാർ പുരാതനകേരളത്തിലെ സൈനികവർഗ്ഗക്കാരായ യോദ്ധാക്കളായിരുന്നു; എന്നുമാത്രമല്ല, അവരിൽ പലരും നാടുവാഴികളായ രാജാക്കന്മാരും ദേശാധിപതികളായ മാടമ്പിമാരുംകൂടി ആയിരുന്നു. "നായർ" ഒരു ജാതിയെ ദ്യോതിപ്പിക്കുന്ന സംജ്ഞയല്ലെന്നും പുരാതനകേരളത്തിൽ അധിവസിച്ചും രാജ്യഭരണകാര്യകർത്തൃത്വം വഹിച്ചുംപോന്ന ഏകരാഷ്ട്രമെന്ന അർത്ഥത്തെയാണ്, ഈ സാങ്കേതികസംജ്ഞ വ്യക്തമാക്കുന്നതെന്നും ഉള്ള ഒരു പണ്ഡിതാഭിപ്രായം പ്രബലപ്പെട്ടിരിക്കയാണ്. കേരളത്തിലെ നായന്മാരുടെ ഉത്ഭവത്തേയും ഉപവേശത്തേയും മററുംപററി, അന്യത്ര പ്രതിപാദിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസവിഷയത്തിലും രാഷ്ട്രീയപ്രബുദ്ധതയിലും സാമൂഹ്യപരിഷ്കാരത്തിലും അഗ്രിമസ്ഥാനം, കേരളീയസമുദായങ്ങളിൽ, നായന്മാർ സിദ്ധിച്ചിട്ടുള്ളതും അവർ ഈ വിഷയങ്ങളിൽ ഇതരസമുദായങ്ങൾക്കു മാർഗ്ഗദർശികളായി തീർന്നിട്ടുള്ളതും ആകുന്നു. നായർവർഗ്ഗത്തിൽ കിരിയം (ശിരിയകം) ഇല്ലം, സ്വരൂപം, പാദമംഗലം, ഇടശ്ശേരി, ചക്കാല, പള്ളിച്ചാൻ, വെളുത്തേടത്തുനായർ, വിളക്കിത്തലനായർ, കശനായർ മുതലായി ഒട്ടധികം അവാന്തരവിഭാഗങ്ങൾ ഉണ്ടു്. വിവാഹം, പന്തിഭോജനം മുതലായ നടപടികൾ ഈ അവാന്തരവർഗ്ഗക്കാർക്കു പര

സ്പൃശ്യരം നിഷിദ്ധമായി പരിഗണിക്കപ്പെട്ടുവന്ന ഒരുകാലം ഉണ്ടായിരുന്നു. എന്നാൽ ആചാരപരിഷ്കാരത്തിന്റെ ഫലമായി ഏതാദൃശങ്ങളായ ദാമൂല്യകൾ മിക്കവാറും ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കയാണ്.

ഈഴവർ.

ഈഴവസമുദായം പ്രതിദിനം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ഒരു വർഗ്ഗവിഭാഗമാകുന്നു. ബ്രിട്ടീഷ്മലബാറിൽ ഇവർക്ക് "തീയർ" എന്നാണു ജാതിനാമം. ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും "ചോവർ" എന്നും "ഈഴവർ" എന്നും ഇവർക്കു ജാതിസംജ്ഞ ഉണ്ട്. കൃഷിയും, തെങ്ങുചെത്തും, കള്ള്, ചാരായം എന്നീ ഏതദ്ദേശീയ മദ്യങ്ങൾ സംബന്ധിച്ച വ്യവസായവുമായിരുന്നു, ആദികാലംമുതൽ ഈ വർഗ്ഗക്കാരുടെ പ്രധാനതൊഴിൽ. എന്നാൽ ബ്രാഹ്മണർ, നായന്മാർ എന്നീ വർഗ്ഗക്കാരായ ഹിന്ദുക്കളുടെ ഇടയിൽ പുരാതനകാലത്തു ഉണ്ടായിരുന്നതുപോലെ വൈദ്യം, ജ്യോതിഷം മുതലായ വിഷയങ്ങളിൽ പഴക്കവും പാണ്ഡിത്യവും സിദ്ധിച്ചിട്ടുള്ള പലരും ഈ വർഗ്ഗത്തിൽ ഉണ്ടായിരുന്നു. പുരാതനനായന്മാരെപ്പോലെ തന്നെ ഈഴവരിലും യുദ്ധവീരന്മാരായ പടയാളികൾ ധാരാളം ഉണ്ടായിരുന്നതായി അനുമാനിക്കുവാൻ ലക്ഷ്യങ്ങൾ ഉണ്ട്. ഇക്കാലത്ത് ഈഴവർ കേരളത്തിലെ പ്രബലസമുദായങ്ങളിൽ ഒന്നായിത്തീർന്നിട്ടുണ്ട്. ആധുനിക വിദ്യാഭ്യാസത്തിലും സാരമായ പുരോഗതി ഈ വർഗ്ഗത്തിനു സിദ്ധിച്ചിട്ടുള്ളതാകുന്നു. ശ്രീനാരായണഗുരുസ്വാമികളുടെ നിപുണവും പ്രശാന്തവുമായ നേതൃത്വത്തിൽ ആരംഭിച്ച മതപരവും സാമൂഹ്യപരവുമായ സംഘടനയുടെ പ്രത്യക്ഷഫലമാകുന്നു, ഈ അഭിവൃദ്ധിയെന്നുള്ളതു നിസ്തർക്കമാണ്.

അമ്പലവാസികൾ. *

ഈ ഹിന്ദുവിഭാഗത്തിൽ ഉൾപ്പെട്ടവരായി ഒട്ടധികം അവാന്തരവർഗ്ഗങ്ങൾ ഉണ്ട്. വാര്യർ, പുഷ്പവർ, (ഉണ്ണി) ഉണ്ണ്യാതിരി, ചാക്യാർ, നമ്പ്യാർ, മാരാർ, തീയാട്ടുണ്ണി, അടികൾ,

(*) ഇപ്പോൾ ഈ വർഗ്ഗക്കാർ ജാതിനാമം കൈവെടിഞ്ഞു നായർവർഗ്ഗത്തിൽ മിക്കവാറും സംക്രമിച്ചു ലയിച്ചു തുടങ്ങിയിരിക്കുന്നു.

ദൈവമ്പതി, ബ്രാഹ്മണി എന്നീ ജാതികൾ, പ്രധാനമായി ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

ക്ഷത്രിയർ *

രാജാക്കന്മാർ, (തമ്പുരാക്കന്മാർ) കോയിത്തമ്പുരാക്കന്മാർ, തമ്പാന്മാർ, തിരുമുല്പാടന്മാർ എന്നീ അവാന്തരജാതിക്കാർ കേരളക്ഷത്രിയവർഗ്ഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഈ വർഗ്ഗക്കാർ നാടുവാഴികളും ഭൂഖ്വന്മാരും ആയിരുന്നു. ഈ ക്ഷത്രിയവർഗ്ഗങ്ങൾ പരസ്പരവിവാഹാദികളിൽ ഏർപ്പെടുക പതിവില്ല. എന്നാൽ കേരളത്തിലെ സമസ്തക്ഷത്രിയരും ഒരേവർഗ്ഗക്കാരാണെന്നും, പരസ്പരവിവാഹാദികളിൽ ഉൾപ്പെടുന്നതിൽ ആക്ഷേപം ഇല്ലെന്നുമുള്ള, ക്ഷത്രിയസാമൂഹ്യപരിഷ്കാരകാരന്മാരുടെ അഭിപ്രായം, ഇപ്പോൾ പ്രബലപ്പെട്ടുവന്നിരിക്കുന്നതിന്റെ ഫലമായി, മാമൂൽ അതിലംഘിച്ചുള്ള വിവാഹാദികൾ നടത്തിത്തുടങ്ങിയിട്ടുണ്ട്. ആധുനികവിദ്യാഭ്യാസത്തിന് ഈ വർഗ്ഗക്കാരുടെ ഇടയിൽ അഭിരുചി ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. പണ്ഡിതന്മാരും കവികളും വിദ്വാന്മാരും സംഗീതരസികന്മാരും ചിത്രകലാപടുക്കളും ആയ ഒട്ടധികം സ്ത്രീപുരുഷന്മാരോടുകൂടിയ ഒരു പ്രശസ്തവർഗ്ഗമാകുന്നു, കേരളക്ഷത്രിയർ. സർവ്വകലാശാലാ ഡിഗ്രികൾ സമ്പാദിച്ചവരും വിദേശയാത്ര നടത്തിയിട്ടുള്ളവരുമായ സ്ത്രീപുരുഷന്മാരുടെ എണ്ണം ഈ വിഭാഗത്തിൽ ഇപ്പോൾ കുറവല്ല. കേരളക്ഷത്രിയരിൽ യൂറോപ്പ്, പൌരസ്ത്യദ്വീപ് മുതലായ വിദേശങ്ങളിൽ പര്യടനം നടത്തിയിട്ടുള്ള ഏകക്ഷത്രിയ സ്ത്രീരത്നം തിരുവിതാംകൂർ അമ്മമഹാറാണി ശ്രീ സേതു പാർവ്വതീബായി തിരുമനസ്സുകൊണ്ടും, യൂറോപ്പ് മുതലായ ദേശങ്ങളിലും ഭാരതഖണ്ഡം ഒട്ടുക്കും പ്രഥമൽ പര്യടനം നടത്തിയ കേരളക്ഷത്രിയ രാജാവ്, ശ്രീ ചിത്തിരതിരുനാൾ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടും മാത്രമാകുന്നു. ഈ തിരുമേനിമാരുടെ സംസ്കാരപ്രബുദ്ധതയുടെ ഫലമായി തിരുവിതാംകൂർ പ്രജാസഞ്ചയത്തിനു മാത്രമല്ല, കേരളക്ഷത്രിയസമുദായത്തിനും സാമൂഹ്യവും സംസ്കാരപരവുമായ പ്രബുദ്ധത വർദ്ധമാനമായിത്തീർന്നിരിക്കുന്നു എന്നുള്ള വസ്തുത പ്രസ്താവ്യമാകുന്നു.

* വിശദമായ ചരിത്രം മറ്റൊരു അദ്ധ്യായത്തിൽ

കേരളഹിന്ദുസമുദായത്തിലെ മററു അവാന്തരവൎഗ്ഗങ്ങൾ.

അളവൻ.

ഉപ്പളങ്ങളിൽ ജോലിചെയ്യുന്ന ജോലിക്കാരാകുന്നു ഇവർ. ഉപ്പ് ഉണ്ടാക്കുകയാണ് ഇവരുടെ ജോലി. "ഉപ്പളവർ" എന്നും ഈ ജാതിക്കാൎക്കു പേരുണ്ട്.

അകമുടയർ.

തമിഴ്നാട്ടിൽ കൃഷി ഇടപെട്ട കൂലിപ്പണികൾ ചെയ്യുന്ന ഒരു ജാതിക്കാരാകുന്നു ഇവർ. ഈ ജാതിക്കാൎക്കു കേരളത്തിൽ സംഘബലവും സംഖ്യാബലവും കുറവാണു്.

അമ്പട്ടൻ.

ക്ഷൌരം തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഒരു ജാതിക്കാൎക്കുള്ള ജാതിസംജ്ഞയാണിതു്. തമിഴ്നാട്ടിൽ "അമ്പട്ടൻ" എന്നും, മററു പ്രദേശങ്ങളിൽ "ക്ഷുരകൻ" എന്നും "ക്ഷൌരകൻ" എന്നും ഈ ജാതിക്കു പേരുകൾ ഉണ്ടു്. ഈ ജാതിക്കാൎക്കു "പ്രാണോപകാരി" എന്നൊരു ബിരുദസംജ്ഞ, ഒരു പുരാതന കേരളരാജാവു് നൽകിയിട്ടുള്ളതായി ക്ഷുരകന്മാരുടെ ഇടയിൽ ഒരു ഐതിഹ്യമുണ്ടു്. ആ ജാതിക്കാർ, പ്രമാണങ്ങളിലും, പ്രധാനപ്പെട്ട ഇതരരേഖകളിലും "ക്ഷുരകൻ" എന്ന ജാതിനാമത്തിനു പകരം "പ്രാണോപകാരി" എന്നു് എഴുതിച്ചേൎത്തുവരുന്നതായി കാണുന്നു. മലയാളക്ഷുരകന്മാർ എന്നും, പാണ്ടിക്ഷുരകന്മാർ എന്നും, രണ്ടു വിഭാഗക്കാർ ഈ വൎഗ്ഗത്തിലുമുണ്ടു്. ഇവർതമ്മിൽ വിവാഹാദികൾ പതിവില്ല. പരദേശിക്ഷുരകന്മാരിൽ ചിലർ പിൻകുടുമ വച്ചുകൊണ്ടിരുന്ന ഒരുകാലം ഉണ്ടായിരുന്നു. രണ്ടു വിഭാഗക്കാരുടെയും ആചാരങ്ങളിലും മംഗല്യസൂത്രത്തിൽ കോൎത്തിടാറുള്ള മിന്നു മുതലായ ആഭരണങ്ങളിലും, ഐകരൂപ്യം കാണുന്നില്ല. കൊല്ലം മുതൽതെക്കോട്ടുള്ള ക്ഷുരകന്മാൎക്കു "വിളക്കിത്തലനായർ" എന്നാണു പേർ.

അരയർ.

ഇവർ ഹിന്ദുസമുദായത്തിൽപെട്ട ഒരു ജാതിക്കാരാണു്. മത്സ്യം പിടിത്തവും വഞ്ചി ഊന്നും, ഇവരുടെ പ്രധാനപ്പെട്ട ഉപജീവനമാൎഗ്ഗങ്ങളാകുന്നു. പുരാതനകാലങ്ങളിൽ കേരളരാജാക്കന്മാർ, ഇവരെ ചേൎത്തു നാവികസൈന്യം സഞ്ചയിച്ചു

വന്നിരുന്നു. തിരുവിതാംകൂറിലെ "ചെമ്പിൽ അരയൻ" അരയവർഗ്ഗത്തിലെ ഒരു സ്ഥാനമാനിയാകുന്നു.

അടികൾ.

അമ്പലവാസിവർഗ്ഗത്തിൽ ഉൾപ്പെട്ട ഒരു ജാതിക്കാരാണു്. കേരളത്തിലെ പുരാതന കാളീക്ഷേത്രങ്ങളിൽ ഇവർ പൂജ നടത്തിവരുന്നുണ്ടു്. കേരളത്തിലെ ശാക്തേയന്മാരായിരുന്നു ഇവരുടെ പൂർവ്വികന്മാർ എന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. ഇവർ സാമന്തക്ഷത്രിയവർഗ്ഗക്കാരാണെന്നും ഒരു അഭിപ്രായമുണ്ടു്.

അടിയോടി.

അടിയോടിയും ഒരു പുരാതന സാമന്തജാതിക്കാരാകുന്നു.

ആതിച്ചൻ.

ഹിന്ദുസാമന്തന്മാരുടെ അവാന്തരവർഗ്ഗത്തിൽപെട്ട ഒരു ജാതി വിഭാഗമാണു്. കേരളത്തിൽ ഈ ജാതിക്കാർ സംഖ്യാബലത്തിൽ തുലോം കുറവായിരിക്കുന്നു.

ആരി.

"ആര്യ" ശബ്ദത്തിന്റെ ലുപ്തരൂപമാണു് "ആരി" ശബ്ദം. "ആരി" വർഗ്ഗക്കാർ ദക്ഷിണതിരുവിതാംകൂറിൽ തോവാളതാലൂക്കിൽ നിവസിച്ചു വരുന്നുണ്ടു്. ഇവർക്കു "ഭത്തൻ" എന്നും നാമസംജ്ഞയുള്ളതാണു്. ഇവർ പുരാതനകാലത്തു ക്ഷേത്രസംബന്ധികളായിരുന്നുവെന്നു്, ഒരു ഐതിഹ്യം ഉണ്ടു്.

ആര്യപ്പട്ടർ.

"ആര്യപ്പട്ടർ" എന്ന പദം, "ആര്യഭട്ടർ" എന്ന പദത്തിന്റെ ലുപ്തരൂപമാണു്. "ഭട്ടർ", "പട്ടർ" ആയി മാറി എന്നേ ഉള്ളു. പൌരസ്ത്യരാജ്യങ്ങളിൽ നിന്നു്, ഏററവും പുരാതനമായ ഒരു കാലത്തു കേരളത്തിൽ ഉപവേശം ചെയ്ത ആര്യന്മാരുടെ സന്താനപരമ്പരയാകുന്നു ഇവർ എന്നു അനുമാനിക്കപ്പെട്ടിരിക്കുന്നു. ബ്രാഹ്മണവർഗ്ഗത്തിലെ ഒരു അവാന്തരവിഭാഗം ആകുന്നു "ആര്യപ്പട്ടർ". കേരളക്ഷത്രിയരുടെയും നായന്മാരുടെയും ഇടയിൽ നടപ്പുണ്ടായിരുന്ന "താലികെട്ടു്" കല്യാണത്തിനു്, കന്യകയ്ക്കു സങ്കല്പ "മണവാളൻ" എന്ന സ്ഥാനത്തു മംഗല്യസൂത്രംകെട്ടി നാലുദിവസം "മണവറയിൽ" വധുവുമൊന്നിച്ചു കഴിച്ചുകൂട്ടുവാൻ, ആര്യപ്പട്ടന്മാർക്കു വലിയ പ്രതിഫലം കൊടുത്തു ക്ഷണിച്ചുവരുത്തുക, ഒരു മാമൂലായിരുന്നു. അച്ചാരം, ഈ 20ൽ ചില കുടുംബങ്ങളിൽ നിലനിന്നുപോരുന്നു.

ആശാരി.

കമ്മാളവിഭാഗത്തിൽപ്പെട്ട എല്ലാ അവാന്തരജാതികൾക്കും പൊതുവിൽ സംബന്ധിക്കുന്ന ജാതിപ്പേരാണ്, ഇതെങ്കിലും, കേരളത്തിൽ "ആശാരി" ശബ്ദം "മരപ്പണിക്കാൎക്ക്" പ്രത്യേകമായി ഉള്ളതാകുന്നു. പുരാണപ്രോക്തരായ "വിശ്വകൎമ്മാവു", "മയൻ" എന്നീ ദേവാസുരശില്പികളുടെ സന്താനപരമ്പരകളാണ്, കമ്മാളന്മാരായ അഞ്ചു ആശാരി ജാതികളെന്നത്രെ, ഐതിഹ്യം *

ഇലവാണിയൻ.

ഈ ജാതിക്കാർ ചില്ലറക്കച്ചവടങ്ങൾ നടത്തിവരുന്നു.

ഇളയതു്.

നായന്മാരുടെ പൌരോഹിത്യം വഹിച്ചുവരുന്നവരാണു് ഈ ജാതിക്കാർ. ഇളയന്മാർ മലയാളബ്രാഹ്മണരിൽ ഉൾപ്പെട്ട ഒരു അവാന്തരവിഭാഗമാകുന്നു. ചില ദേശങ്ങളിൽ ഇളയന്മാൎക്ക "നമ്പ്യാതിരി" എന്നും ജാതി നാമം ഉണ്ടു്.

ഇടയൻ.

ആട്ടുമാട്ടുകളെ വളൎത്തിയും ഗോരസവ്യവസായം നടത്തിയും ജീവിക്കുന്ന ഒരു ജാതിക്കാരാകുന്നു ഇവർ.

ഈഴവാത്തി.

ഈഴവൎക്ക ക്ഷൌരക്രിയ നടത്തുന്ന ജാതിക്കാരാണു് ഈഴവാത്തികൾ. ഈഴവാത്തികൾക്കു "കോമരം" എന്ന ജാതിപ്പേർ ഉണ്ടു്.

ഈറൻകൊല്ലി.

വെളുത്തേടത്തു നായന്മാരിൽ ഉൾപ്പെട്ട ഒരു അവാന്തരവിഭാഗക്കാരാണു്. ഇവൎക്കു് വെളുത്തേടത്തുനായന്മാരുമായി വിവാഹാദികൾ ഇല്ല.

ഉള്ളാടർ.

മലനാട്ടിലും, ഇടനാട്ടിലും, തീരങ്ങളിലും, നിവസിക്കുന്ന ഒരു അപരിഷ്കൃതജാതിക്കാരാണു് ഉള്ളാടർ. നെടുതായ പാരവും മഴുവും കൊണ്ടു നടന്നു, ജന്തുക്കളെയും വന്യമൃഗങ്ങ

* കേരളത്തിലെ ഭവനനിൎമ്മാണവിദഗ്ദ്ധരായ ആശാരിമാർ, അറേബ്യ, ലിബിയ ആദിയായ പ്രദേശങ്ങളിൽ നിലനിന്ന പുരാതന കാന്തക്കോട്ടരാജ്യ ഇതിനിന്നു ജൈനമതപ്രചാരകന്മാരുടെ ഉപദേശം ചെയ്ത തച്ചുശാസ്ത്രജ്ഞന്മാരായ കൎമ്മികളുടെ അനന്തരപരമ്പരകളായിരിക്കണം. (ഗ്രന്ഥകാരൻ.)

മൃഗം വേട്ടയാടിപ്പിടിച്ചു് ഇവർ മാംസം ഭക്ഷിച്ചുവരുന്നു. ചെറുതരം കൃഷിജോലികൾ ചെയ്യുന്നവരും, ഈ ജാതിക്കാരിൽ ചിലർ ഇല്ലാതില്ല

ഉപ്പാറന്മാർ.

പുരാതനകാലത്തു കേരളത്തിലെ ഉപ്പളങ്ങളിൽ ഉപ്പു വ്യവസായം നടത്തിക്കൊണ്ടിരുന്ന ജാതിക്കാരാണു് ഇവർ. ഇപ്പോൾ ഇവർ കുളം കുഴിക്കുക, നിലങ്ങളിൽ നിന്നു മണ്ണു വെട്ടിനീക്കം ചെയ്യുക മുതലായ ജോലികൾ നടത്തുന്നതിൽ വൈദഗ്ദ്ധ്യം ഉള്ളവരായി കാണപ്പെടുന്നു.

ഉറവാളൻ.

തച്ചർ സമുദായത്തിൽ ഉൾപ്പെട്ട ഒരു അവാന്തരജാതിയാണു് ഇവർ. മുരിക്കമരംകൊണ്ടു് പെട്ടികൾ ഉണ്ടാക്കി കച്ചത്തുണികൊണ്ടു് പൊതിഞ്ഞു് പശവച്ചു് ഇണക്കി, ചായങ്ങൾ തേച്ചു ശരിപ്പെടുത്തി, വില്പന നടത്തുക, ഇവരുടെ ജാതിത്തൊഴിലായിരുന്നു. ഇപ്പോൾ ഈ വ്യവസായം മിക്കവാറും ലുപ്തപ്രായമായി ഭവിച്ചിരിക്കയാണു്.

ഉരാളി.

കേരളത്തിലെ മലനാട്ടിലുള്ള ഒരു പ്രാചീനജാതിക്കാരാണു് ഉരാളികൾ. ഇവർ പ്രാചീനകേരളദേശം സൂക്ഷിപ്പുകാരായിരുന്നു. ഇവൎക്കു ആയുധാഭ്യാസവും യുദ്ധമുറകളും വശമുണ്ടായിരുന്നു. ഇപ്പോൾ ഈ ജാതിക്കാർ പല പ്രദേശങ്ങളിലും അധിവസിക്കുന്നു, ദക്ഷിണതിരുവിതാംകൂറിൽ തെങ്ങുകയററം, ഇവരിൽ ചിലർ നടത്തിവരുന്നു. പാണ്ഡ്യരാജാക്കന്മാരുടെ ആധിപത്യകാലത്തു പാണ്ഡ്യരാജ്യത്തു, ശ്മശാനസ്ഥലങ്ങളിൽ കാവലും, കൊലയാളിഉദ്യോഗവും ഈ വൎഗ്ഗക്കാൎക്കായിരുന്നു.

കാച്ചൻ.

തമിഴ്നാട്ടിൽ ക്ഷേത്രസിൽബന്ധികളായ മാരാന്മാൎക്കു് ഈ സംജ്ഞ ഉണ്ടു്. ശീതികപ്രവൃത്തി ചെയ്യുന്ന മാരാന്മാരുടെ വിഭാഗത്തിനും ഈ പേർ ഉള്ളതാണു്.

ഓടന്മാർ.

ഭാരതഖണ്ഡത്തിൽ നാനാപ്രദേശങ്ങളിലുമായി വ്യാപിച്ചിരിക്കുന്ന ഒരു വൎഗ്ഗക്കാരാണു് ഇവർ. ഇവരുടെ ഭാഷ തെലുങ്കാണു്. ചോളരാജാക്കന്മാരുടെ കേരളാക്രമണകാലത്തു ഇവർ കേരളത്തിൽ ഉപവേശം ചെയ്തിരിക്കണം. കേരളീയ ഓട

ന്മാർ ഇപ്പോൾ മലയാളഭാഷതന്നെ സംസാരിച്ചുവരുന്നു. വസ്ത്രധാരണത്തിലും ആചാരങ്ങളിലും ഇവർ നായന്മാരെപ്പോലെ തന്നെ അനുവർത്തിച്ചുവരുന്നു. ഈ ജാതിക്കാരും ഇപ്പോൾ നായർ സമുദായവുമായി സങ്കരിച്ചു ലയിച്ചുതുടങ്ങിയിരിക്കുന്നു.

കഷത്രി (ഛത്രി)

വളരെക്കാലംമുമ്പ് കേരളത്തിൽ ഉപവേശംചെയ്തിട്ടുള്ള ഒരു ക്ഷത്രിയജാതിക്കാരാണ് ഇവർ. ഇവർ പല തൊഴിലുകളും സ്വീകരിച്ചു ജീവിക്കുന്നു. തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ഈ ജാതിക്കാർ കാണപ്പെടുന്നു.

കാക്കാലൻ.

കേരളത്തിൽ പുരാതനകാലംമുതൽ തയ്യൽജോലി നിർവഹിച്ചുപോരുന്ന ജാതിക്കാരാണ് കാക്കാന്മാർ. വംശപാരമ്പര്യമായ തയ്യൽപണി ഇവർ തീരെ വിട്ടിട്ടില്ലെങ്കിലും, മിക്കവാറും ഉഴന്നസഞ്ചാരികളുടെ നില ഇവർ കൈക്കൊണ്ടിരിക്കയാണ്.

കല്ലൻ.

കമ്മാളന്മാരിൽ ഉള്ള ഒരു ജാതി, അവാന്തരവിഭാഗമാണു കല്ലന്മാർ. കല്പണിയാണ് ഇവരുടെ തൊഴിൽ.

കല്ലാശാരി.

കേരളീയകമ്മാളവർഗ്ഗത്തിൽ ഉൾപ്പെട്ട ഒരു അവാന്തരജാതിക്കാരാണ്. ഇവരുടെയും തൊഴിൽ ശില്പശില്പവൃത്തിയാകുന്നു.

കമ്മാളന്മാർ.

കേരളത്തിലെ പുരാതനമായ തൊഴിലാളിവർഗ്ഗക്കാരാകുന്നു ഇവർ. ആശാരി, മൂശാരി, കൊല്ലൻ, കല്ലൻ, തട്ടാൻ എന്നീ അഞ്ചു ജാതിക്കാരും കേരളത്തിലെ പുരാതന കമ്മാളവർഗ്ഗക്കാരാണ്. ഇവർക്ക് പരസ്പരം വിവാഹാദികൾ നടപ്പുണ്ട്.

കണ്ണായന്മാർ.

ഒരു തരം ആട്ടിടയജാതികളാണ് ഇവർ. ആട്ടുരോമം കൊണ്ടു നൂൽനൂക്കുക പുരാതനകാലത്ത് ഇവരുടെ തൊഴിലായിരുന്നു. ഇപ്പോൾ ഈ ജാതികൾ കേരളത്തിൽ വളരെ കുറവായിരിക്കുന്നു.

കാണിക്കാർ.

ഇവർക്കു കാണികൾ എന്നുംപേർ ഉണ്ട്. തിരുവിതാംകൂറിലെ മലകളിൽആകുന്നു ഇവരുടെ അധിവാസം. കേരളത്തിലെ ആദിമനിവാസികളായ ഒരു ജാതിക്കാരാകുന്നു ഇവർ.

ഇപ്പോഴും പരിഷ്കാരത്തിന്റെ ഉദയം ഇവക്കു സിദ്ധിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാവതല്ല.

കണിയാൻ.

കണിയാന്മാർ കേരളത്തിലെ അതിപുരാതനരായ ഒരു ജാതിക്കാരാണു്. അവരിൽ രണ്ടു അവാന്തരവിഭാഗങ്ങളുമുണ്ടു്. ജ്യോതിഷം തൊഴിലായി സ്വീകരിച്ചു പ്രവൎത്തിച്ചുവരുന്നവരാണു് ഒരു വിഭാഗക്കാർ. ഓലക്കൊടകെട്ടും, മന്ത്രവാദവും, കോലംതുള്ളലും നടത്തുന്ന ഗണികവൎഗ്ഗത്തിനു "തിന്ത" കണിയാന്മാർ എന്നും പേരുണ്ടു്.

കന്നാൻ.

കമ്മാളവൎഗ്ഗത്തിൽ ഉൾപ്പെട്ടവരും ഓട്ടുപാത്രങ്ങളും ചെമ്പുപണികളും ചെയ്യുന്നവരും ആയ ഒരു ജാതിക്കാരാകുന്നു.

കടമന്മാർ.

കൂട്ട നെയ്യുക, ചുണ്ണാമ്പു നീറുക, എന്നീ തൊഴിലുകൾ ചെയ്തു് ഉപജീവിച്ചുവന്ന ഒരു പുരാതനജാതിക്കാരാകുന്നു ഇവർ. ആധുനികകാലത്തു് ഇവർ സംഖ്യാബലത്തിൽ വളരെ കുറഞ്ഞിരിക്കുന്നു.

കട്ടിക്കാരൻ.

ദക്ഷിണതിരുവിതാംകൂറിൽ നിവസിച്ചുവരുന്ന ഒരു ജാതിക്കാരാകുന്നു. സംഖ്യാബലത്തിൽ ഇവരും വളരെകുറവുതന്നെ.

കൌണ്ടന്മാർ.

വെള്ളാളവൎഗ്ഗത്തിലെ ഒരു വിഭാഗക്കാർ ഈ സ്ഥാനം കൂടി പേരിനോടുചേൎത്തു ഉപയോഗിച്ചുവരുന്നു.

കാവരന്മാർ.

തെലുങ്കാണു് ഈ ജാതിക്കാരുടെ മാതൃഭാഷ. ഇവർ കേരളത്തിൽ ചുററിസഞ്ചരിച്ചു് സ്ഫടികവളകൾവിററു് ഉപജീവനം കഴിക്കുന്നു. ഈ വള നിൎമ്മിക്കുവാനും ഇവക്കു പരിചയമുണ്ടു്. ഇവക്കു വളച്ചെട്ടികൾ എന്നും പേർ ഉണ്ടു്. ഇവരിൽ തന്നെ നായിക്കന്മാർ എന്നൊരു അവാന്തരവിഭാഗം കാണുന്നു. അവർ വസ്ത്രങ്ങൾക്കു ചായം പിടിപ്പിക്കുവാൻ വൈദഗ്ദ്ധ്യം ഉള്ളവരാകുന്നു. ഇവർ യജ്ഞോപവീതം ധരിച്ചുവരുന്നു.

കാവടികൾ.

ചാന്നാന്മാരുടെ ക്ഷൌരകൎമ്മം നടത്തുന്നവരാണു് ഈ ജാതിക്കാർ.

തിങ്കളിയർ.

കല്ലജാതിയിൽ ഉൾപ്പെട്ട ഒരു അവാന്തരവിഭാഗക്കാരാകുന്നു ഇവർ. ഈ ജാതിനാമം ആധുനികകാലത്തു ക്രമേണ അസ്തപ്രായമായി വരുകയാണു്.

കുഡുമി.

കൊങ്കണശൂദ്രരാണു് ഇവർ. ഇവൎക്കു് ഇടിയന്മാർ എന്നും ജാതിനാമം ഉണ്ടു്. ഗൌഡസാരസ്വതബ്രാഹ്മണരുടെ ക്ഷേത്രങ്ങളിൽ, അമ്പലവാസികളുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതു കുഡുമികളാകുന്നു. ഇടിയൻ, മൂപ്പൻ എന്നിങ്ങനെ രണ്ടു് അവാന്തരവിഭാഗം ഈ ജാതിയിൽഉണ്ടു്. മൂപ്പന്മാർ വെടിമരുന്നു് വ്യവസായികളാണു്. ഇടിയന്മാർ നെല്ലുകുതിൎത്തു, തിളപ്പിച്ചു് എടുത്തു, പ്രത്യേകതരം ഉരലും ഉലക്കകളും ഉപയോഗപ്പെടുത്തി അവൽ ഉണ്ടാക്കുന്നു. കുഡുമികൾ ഉണ്ടാക്കി വരുന്ന അവലാകയാൽകേരളത്തിലെ കമ്പോളങ്ങളിൽലഭിച്ചുവരുന്ന അവലിനു "കുഡുമിഅവൽ" എന്നു പേർ സിദ്ധിച്ചു. "കുഡുമിഅവൽ" കേരളത്തിലെ പ്രധാനപ്പെട്ട ഒരു ആഹാരസാധനമാണല്ലൊ.

കുലാലർ.

കളിമൺവ്യവസായം, അനാദികാലം മുതൽ നടത്തിവരുന്ന ഒരു ജാതിക്കാരാകുന്നു കുലാലന്മാർ. ഇവൎക്കു കുംഭി എന്നും, ജാതിനാമംഉണ്ടു്. കുശമഹൎഷിയുടെ വംശപരമ്പരകളാണു്, ഇവർഎന്നും, തന്നിമിത്തമാണു് ഈ ജാതിക്കാൎക്കു "കുശവന്മാർ, എന്നു പേർ സിദ്ധിച്ചതെന്നും, "കുലാലചരിത്രത്തിൽ" ഒരു ഐതിഹ്യമുണ്ടു്. കുലാലവൎഗ്ഗം പുരാതനകാലത്തു ദക്ഷിണഭാരതത്തിന്റെനാനാപ്രദേശങ്ങളിലും വ്യാപിച്ചിരുന്നദ്രാവിഡവൎഗ്ഗക്കാരിൽ ഉൾപ്പെട്ട ഒരു വിഭാഗമാണു്. കേരളീയകുലാലന്മാൎക്കു "കുശനായർ" എന്നുംപേരുണ്ടു്. കുശനായന്മാർ മലയാളഭാഷ സംസാരിക്കുന്നവരും, മരുമക്കത്തായികളും ആകുന്നു. എന്നാൽ പാണ്ടിക്കുശവന്മാർ മക്കത്തായികളാണു്. അവർ തമിഴും മലയാളവും ഇടകലൎന്നു ദുഷിച്ച ഒരു ഭാഷ സംസാരിച്ചു വരുന്നു. ഈ രണ്ടുവൎഗ്ഗക്കാരും തമ്മിൽ വിവാഹാദിബന്ധങ്ങൾ നിഷിദ്ധമെന്നു പരിഗണിക്കപ്പെട്ടുപോരുന്നു.

കുഴവൻ.

കുഴവന്മാൎക്കു "കള്ളവന്മാർ" എന്നും പേർ ഉണ്ടു്. ഇവർ പാമ്പുപിടിത്തവും പാമ്പാട്ടവും നടത്തിജീവിക്കുന്ന ഉഴന്ന

സഞ്ചാരികളായ ജാതിക്കാരാകുന്നു. പെരുമ്പാമ്പു മുതലായ വൻതരം പാമ്പുകളെപ്പിടിച്ച് അവയ്ക്കു ജീവഹാനിതട്ടാതെ "നെയ്യ്" എടുക്കുവാനും, ഇവൎക്കു വൈഭവം ഉണ്ടു്. സൎപ്പവിഷത്തിനു പ്രത്യൌഷധാദികളായ പല ദിവ്യമൂലികകളും ചെടികളും ഇവൎക്കു സുപരിചിതമാണു്. ഇവർ ദ്രാവിഡവൎഗ്ഗക്കാരാണു്. ഇവരുടെ മാതൃഭാഷ തെലുങ്കാകുന്നു.

കുറവൻ.

കൃഷിസംബന്ധമായ വേലകാൎയ്യങ്ങൾ ചെയ്തു ജീവിക്കുന്ന ഒരു പുരാതനജാതിക്കാരാണു് ഇവർ.

കുരുക്കൾ.

അമ്പലവാസികളിൽ ഉൾപ്പെട്ട ഒരു ജാതിക്കാരാകുന്നു ഇവർ. ക്ഷേത്രപ്രവൃത്തിക്കായി തമിഴ്നാട്ടിൽനിന്നു് കൊണ്ടുവരപ്പെട്ടിട്ടുള്ള വൎഗ്ഗക്കാരുടെ സന്താനപരമ്പരകളാണു് ഇവർ എന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു.

കുറുപ്പ്.

മാരാൻ, ഈഴവൻ, ആശാരി, കണിയാൻ, എന്നീ ജാതികളിൽ ഉൾപ്പെട്ട ഓരോ അവാന്തരവിഭാഗങ്ങളായ ജാതിക്കാൎക്കു കുറുപ്പു് എന്നു ജാതിപ്പേരുണ്ടു്. മാരാക്കുറുപ്പു്, ഈഴക്കുറുപ്പു്, തച്ചക്കുറുപ്പു്, കണിക്കുറുപ്പു്, എന്നിങ്ങനെ ഇവൎക്കു യഥാക്രമം പേരാകുന്നു. നായന്മാരിൽ, ആയുധവിദ്യ ഗുരുസ്ഥാനം ഉള്ളവൎക്കു പ്രാചീനകേരളരാജാക്കന്മാർ നൽകിയിട്ടുള്ള ഒരു പ്രശസ്ത പദവിക്കും "കുറുപ്പു്" എന്നു സംജ്ഞയാകുന്നു.

കൂത്താടി.

കമ്പത്തിന്മേൽ (ഞാണിന്മേൽ) കയറി കൂത്താട്ടവിദ്യകൾ നടത്തുക, ഉപജീവനമാൎഗ്ഗമായുള്ള ഒരു പ്രാചീനവൎഗ്ഗക്കാർ ഇപ്പേരിനാൽ അറിയപ്പെട്ടുവരുന്നു.

കോനാൻ.

കമ്മാളവൎഗ്ഗത്തിൽപെട്ട ഒരു അവാന്തരവിഭാഗമാകുന്നു കോനാൻജാതികൾ എന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു.

കൊല്ലൻ.

ഇരുമ്പുപണി, പുരാതനകാലംമുതൽ ചെയ്തുവരുന്ന ഒരു ജാതിക്കാരാണു് കൊല്ലന്മാർ. ഇവർ കമ്മാളവൎഗ്ഗത്തിലെ ഒരു പ്രധാന വിഭാഗമാകുന്നു.

കോമട്ടികൾ.

ഇവരുടെ തൊഴിൽ കച്ചവടമാണു്. ദക്ഷിണഭാരതത്തിൽ ഇവർ പ്രബലന്മാരായ വണിക്കുകൾ ആയിരുന്നു.

കൊങ്ങിണി.

കൊങ്കണദേശത്തുനിന്നു കേരളത്തിൽ ഉപവേശംചെയ്തിട്ടുള്ള വർഗ്ഗക്കാരാണു്. ഗൌഡസാരസ്വതബ്രാഹ്മണർ എന്നുള്ള സംജ്ഞയാൽ ഇവർ ഇപ്പോൾ അറിയപ്പെടുന്നു. കച്ചവടം ആകുന്നു ഇവരുടെ പ്രധാനമായ തൊഴിൽ. ഇവൎക്കു കേരളത്തിൽ ചില പ്രധാനകേന്ദ്രങ്ങളിൽ പ്രത്യേക ക്ഷേത്രങ്ങൾ ഉണ്ടു്. "കുഡുമ്പി" ജാതിക്കാർ ഇവരോടൊന്നിച്ചു കേരളത്തിൽ ഉപവേശംചെയ്തിട്ടുള്ളവരാണു്.

കൃഷ്ണൻവകക്കാർ.

തിരുവിതാംകൂറിൽ ഇരണിയൽ കൽക്കുളം എന്നീ താലൂക്കുകളിൽ ഇവർ അധിവസിക്കുന്നുണ്ടു്. ശ്രീകൃഷ്ണവംശമായ ഇടയഗോത്രക്കാരാണു് ഇവർ എന്നു് ഒരു ഐതിഹ്യം ഉണ്ടു്. കൃഷ്ണൻവകക്കാരിൽ മക്കത്തായികളും മരുമക്കത്തായികളും ആയ ഓരോ വിഭാഗങ്ങൾ ഉള്ളതായിക്കാണുന്നു. ഇവർ കൃഷീവലന്മാരാണു്. ഇവരും ക്രമേണ നായർ സമുദായത്തിലേക്കു സങ്കമിച്ചു ലയിച്ചുവരുന്നു.

ഗുജറാത്തികൾ.

ഗുജറാത്തിൽനിന്നു കേരളത്തിൽ ഉപവേശംചെയ്തിട്ടുള്ള ജനങ്ങൾക്കു പൊതുവിൽ സിദ്ധിച്ചിട്ടുള്ള ഒരു സംജ്ഞയാകുന്നു ഇതു്. ഗുജറാത്തികൾ കേരളത്തിലെ പ്രസിദ്ധ വണിക്കുകൾ ആകുന്നു.

ഗോസായികൾ.

ഉത്തരഭാരതത്തിൽനിന്നു കേരളത്തിൽ ഉഴന്നു സഞ്ചരിക്കുന്ന ഭിക്ഷുക്കളായ വൈരാഗികൾ, "ഗോസായികൾ" എന്ന സാമാന്യസംജ്ഞയാൽ അറിയപ്പെട്ടുപോരുന്നു.

ചക്കാല.

കേരളത്തിൽ രണ്ടു വർഗ്ഗക്കാരായ ചക്കാലജാതികൾ ഉണ്ടു്, നായർവർഗ്ഗത്തിൽ ഉൾപ്പെട്ടുനില്ക്കുന്ന ചക്കാലനായന്മാരും, തമിഴു്, മാതൃഭാഷയും തമിഴരുടെ ആചാരങ്ങളും നടപടികളും സ്വീകരിച്ചിരിക്കുന്ന പാണ്ടിച്ചക്കാലകളും ആകുന്നു ഇവർ. ഇവർ ജാതിത്തൊഴിലായ എണ്ണയാട്ടുപ്രവൃത്തി മിക്കവാറും

വളരെക്കാലമായി നിത്തിക്കഴിഞ്ഞിരിക്കുന്നു. മലയാളചക്കാലക്കർ നായർസമുദായത്തിലും, പാണ്ടിചക്കാലക്കർ ശൈവസമുദായത്തിലും ലയിച്ചുവരുകയാണു്.

ചാക്യാർ.

കേരളത്തിൽ പുരാതനകാലംമുതൽ നാട്യകലാവിദഗ്ദ്ധന്മാരും പ്രഭാഷണവിരുതന്മാരുമായി ജീവിച്ചുപോരുന്ന അമ്പലവാസിവൎഗ്ഗത്തിൽപെട്ട ഒരു വിഭാഗമാകുന്നു ചാക്യാർജാതി. പുരാണകഥകൾ, പാഠകമായും, കൂത്തായും ക്ഷേത്രങ്ങളിൽ പ്രഭാഷണം ചെയ്യുകയാണ് ഇവരുടെ ജാതിത്തൊഴിൽ. ഈ കലയിൽ പ്രശസ്തിനേടിയ പല ചാക്യാന്മാരും കേരളത്തിലുണ്ടായിരുന്നു. ചാക്യാർ എന്ന പദം "ശ്ലാഘ്യവാക്കുകാർ" എന്ന പദം ലോപിച്ചു് ഉണ്ടായതാണെന്നു ചിലൎക്കു അഭിപ്രായമുണ്ടു്.

ചാമ്പർ.

ഇവൎക്കു "സാമ്പർ" "സാംബവർ" എന്നിങ്ങനെയും ജാതിപ്പേരുകൾ ഉണ്ടു്. പറയവൎഗ്ഗത്തിലെ ഒരു അവാന്തരജാതിക്കാരാകുന്നു ചാമ്പർ. (സാംബവർ) ഇവർ "കാളിയെ" ഉപാസന നടത്തിവന്ന പുരാതന ജാതിക്കാരായിരുന്നു.

ചാക്ക.

വണ്ണാർവൎഗ്ഗത്തിൽ ഉൾപ്പെട്ടഒരുവിഭാഗമാണു്. ഇപ്പോൾ തെങ്ങുകയററമാണ് പ്രധാനതൊഴിൽ.

ചണ്ഡാളന്മാർ.

ഇവരും "ചണ്ഡികാ" (കാളി) ദേവിയെ ഉപാസിച്ചുവന്ന ഒരു പുരാതനജാതിക്കാരാകുന്നു. ആധുനികകാലത്തു് ഈ ജാതിക്കാർ നാമാവശേഷരായിത്തീൎന്നിരിക്കയാണു്. "അസ്പൃശ്യരെന്നു" പരിഗണിക്കപ്പെട്ടുപോന്ന ഹൈന്ദവവൎഗ്ഗക്കാൎക്കു് സാമാന്യമായി, ഈ പേരു് ചില സനാതനികൾ ഉപയോഗിച്ചുവന്നിരുന്നു.

ചായക്കാരന്മാർ.

വസ്ത്രങ്ങൾക്കു ചായം പിടിപ്പിക്കുന്ന വ്യവസായം പുരാതനകാലങ്ങളിൽ നടത്തിവന്ന ഒരു ജാതിക്കാരാകുന്നു. ആധുനികകാലത്തു വസ്ത്രങ്ങൾ അലക്കുകയാണു് ഇവരുടെതൊഴിൽ.

ചായക്കുറപ്പു്.

വില്ലുകൾ, പെട്ടികൾ, കട്ടിൽക്കാലുകൾ, മരപ്പാത്രങ്ങൾ, മുതലായവയ്ക്കു വിവിധങ്ങളായ ചായങ്ങൾ ഇടുക, തൊഴിലായി

സ്വീകരിച്ചിരുന്ന ഒരു പുരാതന ജാതിക്കാരാകുന്നു ഇവർ. ഈ ചായങ്ങൾ, ചെടികളിലും, ചില മരപ്പട്ടകളിലും' കായ്കളിലുംനിന്നു' ഇവർതന്നെ ഉണ്ടാക്കി ഉപയോഗപ്പെടുത്തിവന്നു. എന്നാൽ വിദേശങ്ങളിൽനിന്നു വില കുറവുള്ള ചായങ്ങൾ സുലഭമായി • ഇവിടെ ഇറക്കുമതിചെയ്യപ്പെട്ടു തുടങ്ങിയതോടുകൂടി ഇവരുടെ പ്രാചീനവ്യവസായം അസ്തപ്രായമായി ഭവിച്ചിരിക്കുന്നു.

ചാലിയർ.

നെയിത്തും നൂൽനൂപ്പും തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഒരു ജാതിക്കാരാണു' ഇവർ. പുരാതനകേരളരാജാക്കന്മാർ ഇവരെ, ഈ തൊഴിലിൽ വേണ്ടവിധം പ്രോത്സാഹിപ്പിച്ചിരുന്നു.

ചേരമർ.

പ്രാചീനചേരരാജ്യത്തിലെ ആദിമനിവാസികളായിരുന്ന ഒരു പ്രബലസമുദായക്കാരായിരുന്നു ഇവർ. ചേരമർ ആധുനികകാലത്തും സംഖ്യാബലമുള്ള ഒരു ജാതിക്കാരാകുന്നു. ഉത്തരകേരളത്തിൽ "ചെറുമക്കൾ" എന്നും ഇവൎക്കു ജാതിനാമമുണ്ടു'. സാമുദായികോന്നമനശ്രമങ്ങൾ, ഇവരുടെ ഇടയിൽ നടത്തപ്പെട്ടുവരുന്നു.

ചെമ്മാൻ.

തുകൽവ്യവസായം നടത്തിവരുന്ന ഒരു തമിഴ്ജാതിക്കാരാകുന്നു ഇവർ. തുകൽ ഉറയ്ക്കു' ഇടുക, തുകൽ സാമാനങ്ങൾ നിൎമ്മിക്കുക, മുതലായ ജോലികൾ കുടിൽവ്യവസായമായി ഇവർ ഇപ്പോഴും നടത്തിവരുന്നു.

ചെമ്പുകൊട്ടികൾ.

ചെമ്പുപാത്രങ്ങൾ നിൎമ്മിക്കുന്ന തൊഴിൽ, കുടിൽവ്യവസായമായി, പുരാതനകാലംമുതൽ നടത്തിവരുന്ന ഒരു ജാതിക്കാരാകുന്നു ഇവർ. ഇവരിൽ മലയാംചെമ്പുകൊട്ടികൾ, പാണ്ടിച്ചെമ്പുകൊട്ടികൾ എന്നിങ്ങനെ രണ്ടുവിഭാഗങ്ങളുണ്ടു'. മലയാംചെമ്പുകൊട്ടികൾ മലയാളഭാഷയും, മലയാളാചാരങ്ങളും പാണ്ടിച്ചെമ്പുകൊട്ടികൾ തമിഴഭാഷയും, തമിഴരുടെ ആചാരങ്ങളും കൈക്കൊണ്ടിരിക്കുന്നു. മലയാംചെമ്പുകൊട്ടികൾ ആധുനികകാലത്തു ജാതിത്തൊഴിൽ കൈവെടിഞ്ഞു, മിക്കവാറും നായർസമുദായത്തിൽ ലയിച്ചുതുടങ്ങിയിരിക്കുന്നു.

ചെട്ടികൾ.

ചെട്ടികൾ ദക്ഷിണഭാരതത്തിലെ വിഖ്യാതരായ ഒരു ജാതിക്കാരാകുന്നു. ദ്രാവിഡഗോത്രക്കാരാണ് ഇവർ. കോട്ടാർചെട്ടി, പാറച്ചെട്ടി, ഏലൂർ(ഏഴൂർ)ചെട്ടി, ആറാങ്ങൽചെട്ടി എന്നിങ്ങനെ നാലുവിഭാഗങ്ങൾ ചെട്ടിവർഗ്ഗത്തിൽ ഉണ്ട്. ഇവരുടെയും തമിഴ്ശൂദ്രരുടെയും ആചാരങ്ങളും നടപടികളും തമ്മിൽ വളരെ ഐകരൂപ്യം ഉള്ളതായി കാണുന്നു. ഇവർ കേളികേട്ട വർത്തകജാതിയാണ്. പുരാതനകാലത്തു കേരളസമുദ്രങ്ങളിൽ നാവികവൃത്തിയിലും ഇവർ ഉൾപ്പെട്ടിരുന്നു.

ചോഴവൻ.

ചോളരാജ്യത്തുനിന്നും പുരാതനകാലങ്ങളിൽ കേരളത്തിൽ ഉപവേശം ചെയ്ത ഒരു ജാതിക്കാരാണ് ഇവർ, എന്ന് അനുമാനിക്കപ്പെട്ടിരിക്കുന്നു. നെയിത്താണ് ഇവരുടെ തൊഴിൽ. ഈ വൃത്തി കുടിൽവ്യവസായമായി ഇവർ നടത്തിപ്പോന്നു. ഈ ജാതിയുടെ വ്യക്തിത്വം ആധുനികകാലത്തു ക്രമേണ നാമാവശേഷമായി തീർന്നു വരികയാണ്. ഇവർ പലരും ഈഴവസമുദായത്തിൽ സങ്കരിച്ചു ലയിച്ചിരിക്കണം. കേരളത്തിലെ ഈഴവർ ചില പ്രദേശങ്ങളിൽ "ചോവൻ" എന്നു ജാതിനാമം ഉണ്ടാകാൻ ഹേതു ഇതായിരിക്കണം.

പള്ളാൻ.

(പല്ലാൻ) തമിഴ്നാട്ടിലുള്ള കൃഷീവലരായ ഒരു ജാതിക്കാരാണ് ഇവർ.

പാദയാച്ചി.

വെള്ളാളന്മാരിൽ ഉൾപ്പെട്ട ഒരു ജാതിക്കാരാണ് ഇവർ.

പാണൻ.

തയ്യൽപ്പണിക്കാരായ ഒരു ജാതിക്കാരാണ് പാണന്മാർ. പാണന്മാരിൽ, തമിഴരും, മലയാളരും, എന്നിങ്ങനെ രണ്ടു വർഗ്ഗക്കാരുണ്ട്. ഇവർ തമ്മിൽ വിവാഹാദികൾ പതിവില്ല.

പണ്ടാരം.

ശൈവന്മാരായ അബ്രാഹ്മണഹിന്ദുക്കളിൽ ഉൾപ്പെട്ട ഒരു ജാതിക്കാരാണ്. ഈ ജാതിക്കാരിൽ ഒട്ടധികം സ്ത്രീപുരുഷന്മാർ പുരാതനകാലങ്ങളിൽ സന്യാസവൃത്തി സ്വീകരിച്ചു ഭിക്ഷാടനം നടത്തി ജീവിച്ചുവന്നു. മലയാംപണ്ടാരം, പാണ്ടിപ്പണ്ടാരം എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ ഈ ജാതിയിൽ

ഉണ്ടു്. സന്യാസവൃത്തി സ്വീകരിച്ചു ജീവിക്കുന്നവർ പലരും ഇപ്പോഴും, ഈ വർഗ്ഗത്തിൽ കാണപ്പെടുന്നു. കേരളത്തിലെ പ്രധാന ഭിക്ഷുവർഗ്ഗക്കാർ ഇവരാകുന്നു. ഭിക്ഷയിച്ചുവരുന്ന പണ്ടാരത്തിനു ഭിക്ഷ നല്കാതിരിക്കുക, പാപമെന്നു് ആധുനികകാലത്തും കേരളീയർ വിശ്വസിച്ചു പോരുന്നു. പപ്പടം തീർത്തു വില്ക്കുക, മുതലായ പല തൊഴിലുകളും നടത്തി ഉപജീവനം കഴിച്ചുവരുന്നവരും, ഈ വർഗ്ഗത്തിൽ വളരെ ഉണ്ടു്.

പണ്ടാരി.

ഗോരസവ്യവസായം നടത്തിവരുന്ന ഒരു വർഗ്ഗക്കാരാണു് ഇവർ. യാദവകുലത്തിൽ ഉൾപ്പെട്ടവരാണു് ഇവരെന്നു് ഒരു ഐതിഹ്യം ഉണ്ടു്. ദക്ഷിണതിരുവിതാംകൂറിൽ ഇവർ ഒരു പ്രത്യേക വർഗ്ഗമായി നില്ക്കുകയാണു്. കേരളത്തിന്റെ ഇതര ഭാഗങ്ങളിൽ ഇവർ "ഇടശ്ശേരി" നായന്മാർ എന്ന പേരിനാൽ അറിയപ്പെട്ടുപോരുന്നു. നായർസമുദായത്തിന്റെ അവാന്തരജാതികളിൽ ഒന്നായി ഇടശ്ശേരിനായന്മാർ പരിഗണിക്കപ്പെട്ടുവരുന്നു.

പണിക്കൻ.

ഔപചാരികമായി, കൊല്ലൻ, ആശാരി, മലയാംതട്ടാൻ, പാണൻ, പുള്ളോൻ, കാക്കാൻ മുതലായ തൊഴിലുകാരെ സംബോധനചെയ്യാൻ, കേരളത്തിൽ ഈ പദം ഉപയോഗിച്ചുവരുന്നു. ഈഴവരിൽ ചിലക്കും ഈ സ്ഥാനം ഉണ്ടു്. ഇതു ജാതിപ്പേരല്ല.

പണിക്കർ.

പുരാതനകാലത്തു നായന്മാരിൽ സേനാധിപത്യം ഉണ്ടായിരുന്ന ചില കുടുംബക്കാർക്കു ബഹുമാനസൂചകമായ ഈ സ്ഥാനം നല്കപ്പെട്ടിട്ടുണ്ടു്. ആധുനികകാലത്തും ചില നായർ കുടുംബക്കാർ, ഈ സ്ഥാനം പേരിനോടുചേർത്തു ഉപയോഗിച്ചുവരുന്നു. ഇതു ജാതിപ്പേരല്ല. കേരളത്തിൽ ചില പ്രദേശങ്ങളിൽ വെളുത്തേടത്തുനായന്മാരും ഈ സ്ഥാനസംജ്ഞ ഉപയോഗിച്ചു വരുന്നതായി അറിയപ്പെടുന്നു.

പരവൻ.

* മുത്തുകൾ, ശംഖുകൾ, കവടികൾ മുതലായവ ശേഖരിച്ചു ശരിപ്പെടുത്തി കൊടുക്കുകയായിരുന്നു കേരളത്തിലെ പരവ

* "പരള" എന്ന പദത്തിനു മുത്തു് എന്നു അർത്ഥം ഉണ്ടു്.

ന്മാരുടെ തൊഴിൽ. കടലോരവും ചില നദീമുഖങ്ങളും സംബന്ധിച്ച പ്രദേശങ്ങളിലായിരുന്നു, ഇവരുടെ ആദിമ കുടീരസ്ഥാനങ്ങൾ. ഇപ്പോൾ ഇവർ ജാതിത്തൊഴിൽ മിക്കവാറും കൈവെടിയേണ്ടിവരികയാൽ, തെങ്ങുകയററം മുതലായ ഇതരതൊഴിലുകൾ സ്വീകരിച്ചു് ഉപജീവിക്കുന്നു. എങ്കിലും ജാതിനാമവും വ്യക്തിത്വവും നിലനിന്നുപോരുന്നു. ഇവർ വണ്ണാർസമുദായത്തിലെ ഒരു അവാന്തരവിഭാഗമാകുന്നു

പറയർ.

കൃഷിയും വ്യവസായങ്ങളും നടത്തി ഉപജീവനംകഴിച്ചുവരുന്ന ഒരു പ്രധാന ജാതിക്കാരാകുന്നു ഇവർ. കേരളത്തിലെ പൂർവനിവാസികളായ ഇവർ, ചൂരൽ മുതലായ വള്ളികൾകൊണ്ടും, മുളകൊണ്ടും കുട്ട, മുറം, പായ് മുതലായവ നെയ്തു് ഉണ്ടാക്കുന്നു. ഇവർ കുടിൽവ്യവസായികൾ ആണു്. ഇവർ കേരളത്തിലെ പൂർവനിവാസികളുടെ വംശപരമ്പരയിൽപെട്ടവരാകുന്നു. പുരാതനകാലത്തു്, ഇവർ പടക്കളത്തിൽ, നായന്മാർക്കു വേണ്ട ഒത്താശകൾ ചെയ്തുവന്നിരുന്നു. ഇവരിൽ പലർക്കും ആയുധാഭ്യാസവും യുദ്ധപരിശീലനവും സിദ്ധിച്ചിരുന്നു. ഈ ജാതിക്കാർക്കു, തന്നിമിത്തം കേരളത്തിൽ ചില പ്രത്യേകാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉണ്ടായിരുന്നു. പുരാതന കേരളത്തിൽ നിലനിന്നുപോന്ന അടിമത്വചട്ടവരികൾക്കു്, ഇവരും വിധേയരായിരുന്നുവെങ്കിലും ആണ്ടുതോറും ധനുമാസം 28-ാം തീയതി മുതൽ മേടമാസം 10-ാംതീയതിവരെയുള്ള കാലത്തു് ഇവർക്കു് സർവസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കപ്പെട്ടിരുന്നതായി അനുമാനിക്കാവുന്നതാണു്. *

പട്ടുനൂൽക്കാർ.

പട്ടുനൂൽവ്യവസായം കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ഒരു ജാതിക്കാരാണു് ഇവർ. ഇപ്പോൾ ഈ ജാതിക്കാർ കേരളത്തിൽ പല ഭാഗങ്ങളിലായി നിവസിക്കുന്നു. സംഖ്യാബലത്തിൽ വളരെ കുറവുള്ളവരാണു്. പട്ടുനൂൽവ്യവസായം കൈവെടിഞ്ഞിട്ടു കാലം വളരെ ആയിട്ടുണ്ടു്.

---

* പറപ്പേടിയെ (തെക്കൻതിരുവിതാംകൂറിൽ മണ്ണാപ്പേടി)ക്കുറിച്ചു നിലവിൽ ഇരിക്കുന്ന ഐതിഹ്യം. (ഗ്രന്ഥകാരൻ)

പിലാപ്പള്ളി.

പിലാപ്പള്ളി എന്നൊരു ജാതിക്കാർ കേരളത്തിൽ ഉണ്ടു്. ഇവർ "അമ്പലവാസികളെന്ന പട്ടികയിൽ, തിരുവിതാംകൂർ സെൻസസ്സ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇവർ സംഖ്യാബലത്തിൽ വളരെ കുറവായിരിക്കുന്നു. ഈ ജാതിയുടെ ഉത്ഭവത്തെക്കുറിച്ചു നിലവിലിരിക്കുന്ന ഒരു ഐതിഹ്യം അത്ര പഴക്കമുള്ളതല്ലെന്നു്, അതിനടിസ്ഥാനമായ സംഭവം നടന്നതായി പറയപ്പെടുന്ന കാലംകൊണ്ടു വ്യക്തമാകുന്നു. ചെമ്പകശ്ശേരിരാജ്യം നിലനിന്നിരുന്ന കാലത്തു് ഒരു ഘട്ടത്തിൽ ചെമ്പകശ്ശേരിരാജാവിനു് വന്നുകൊണ്ടിരുന്ന തിരുമുൽക്കാഴ്ചകൾ എടുത്തുകൊള്ളുവാനുള്ള അവകാശം, രാജാവിന്റെ ആശ്രിതനും ദരിദ്രനുമായ ഒരു നമ്പൂരിക്കു നൽകി. തിരുമുൽക്കാഴ്ചദ്രവ്യങ്ങൾ എടുത്തു വിററു ക്രമേണ ആ നമ്പൂരി സമ്പന്നനായി തീർന്നു. തന്നിമിത്തം സേവന്മാരായ മററു നമ്പൂരിമാർ അസൂയാലുക്കളായി ഭവിക്കുകയും തിരുമുൽക്കാഴ്ചാവകാശിയായ നമ്പൂരിയെ ബഹിഷ്കരിക്കുവാൻ ഒരു ഉപായം ആലോചിച്ചുറയ്ക്കുകയും ചെയ്തു. നമ്പൂരിമാർ ഒരു മുക്കുവനെ ഇതിലേയ്ക്കായുധമാക്കി. അടുത്ത ദിവസം വലയിൽ കിട്ടുന്ന ഏററവും വലിയ മത്സ്യത്തിനെ തിരുമുൽക്കാഴ്ചയായി രാജാവിന്റെ തിരുമുമ്പിൽ എത്തിക്കണമെന്നായിരുന്നു നിർദ്ദേശം. ആ അസൂയാലുക്കളുടെ ഇംഗിതത്തിനു അനുകൂലമായി, അസാമാന്യമായി വലിപ്പമുള്ളതും മുൻപെങ്ങും കണ്ടിട്ടില്ലാത്തതുമായ ഒരു മത്സ്യം മുക്കുവനു് അടുത്ത ഒരുനാൾ ലഭിച്ചു. അവൻ അതിനെ തണ്ടു കെട്ടി എടുപ്പിച്ചു രാജസന്നിധിയിൽ ഹാജരാക്കി. രാജാവു് അല്പം ദൂരെ നിന്നു് ആ തിരുമുൽക്കാഴ്ചയുടെ പണ്ടം എന്തെന്നു നോക്കി "ക്ഷ! ഇതു് ഒരു മത്സ്യമോ? ഇതിന്റെ വലിപ്പം! എന്തൊരു മത്സ്യം!" എന്നിങ്ങനെ അത്ഭുതപരവശനായി കല്പിച്ചു. അനന്തരം അല്പനിമേഷം ആലോചിച്ചു നിന്നിട്ടു് ഇങ്ങനെ വീണ്ടും കല്പിച്ചു. ഏതായാലും "മത്സ്യം ഇവിടെ ഇതിനുമുമ്പു് ആരും കൊണ്ടുവന്നിട്ടില്ലല്ലൊ. ഇവനു വല്ലതും കൊടുത്തയക്കു. ഇതിനെ വേഗം നമ്പൂരി എടുപ്പിച്ചുകൊള്ളു." നമ്പൂരി മത്സ്യത്തെ വില്പിച്ചു് പണം വസൂലാക്കി. ഈ സംഭവങ്ങൾ അത്രയും നടന്നു കഴിഞ്ഞശേഷം മററു നമ്പൂരിമാർ രാജസന്നിധിയിൽ എത്തി, തിരുമുൽകാഴ്ചനമ്പൂരിക്കു മത്സ്യസ്വീകരണത്താൽ

പതിത്വം സംഭവിച്ചിരിക്കുന്നുവെന്നും, കൊട്ടാരത്തിൽനിന്നു മാത്രമല്ല, ജാതിയിൽനിന്നുകൂടി ബഹിഷ്കരിക്കണമെന്നും അറിയിച്ചു. ആശ്രിതവത്സലനായ രാജാവിന്റെ നയോപായങ്ങൾകൊണ്ടു് ഒന്നും നമ്പൂരിയെ രക്ഷിക്കുവാൻ കഴിവില്ലാതെ വന്നു, വൈദികന്റെ വിധിഅനുസരിച്ച നമ്പൂരി ബലാൽ പുറത്താക്കപ്പെട്ടു. ഇങ്ങനെ ബലാൽ തള്ളപ്പെട്ട നമ്പൂരിയുടെ കുടുംബാംഗങ്ങളാണത്രേ, പിലാപ്പള്ളി ജാതിയുടെ പൂർവ്വികർ. തിരുമുൽക്കാഴ്ചവച്ചതു് ഒരു സ്വർണ്ണമത്സ്യമാണെന്നും പാഠാന്തരമുണ്ടു്.

പിഷാരടി.

പിഷാരടിജാതി അമ്പലവാസികളിൽ ഒരു അവാന്തരവിഭാഗമാകുന്നു.

പോണ്ടന്മാർ.

പുരാതന കേരളരാജാക്കന്മാരുടെയും മാടമ്പിമാരുടെയും മേനാവു്, പല്ലക്കു്, മഞ്ചൽ എന്നിത്യാദി വാഹനങ്ങൾ വഹിക്കുന്ന ജാതിക്കാരാകുന്നു പോണ്ടന്മാർ. ആധുനികകാലത്തു് ഈ വർഗ്ഗക്കാർ സംഖ്യാബലത്തിൽ തുലോം ശോഷിച്ചിരിക്കുന്നു.

പോററി.

നമ്പൂരിമാർ ഒഴികെയുള്ള മലയാളബ്രാഹ്മണർക്കു പോററി എന്നാണു ജാതിസംജ്ഞ, തുളുനാട്ടിൽനിന്നു കേരളത്തിൽ ഉപയോഗംചെയ്തിട്ടുള്ള ബ്രാഹ്മണർക്കും ഈ ജാതിസംജ്ഞതന്നെയാണു്, കേരളത്തിൽ സിദ്ധിച്ചിട്ടുള്ളതു്. ആധുനികകാലത്തു മലയാളദേശീയരായ പോററിമാരും എളയന്മാരും സാമാന്യേന "നമ്പൂരി" എന്ന ജാതിസംജ്ഞ രേഖകളിൽ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു.

പുതുവാൾ.

അമ്പലവാസികളിൽപെട്ട ഒരു അവാന്തരവിഭാഗമാണു പൊതുവാൾജാതി.

പുലയർ. *

കേരളത്തിലെ പുരാതന നിവാസികളായ ഇവർ കൃഷിജോലിക്കാരാണു്. ഇവർക്കു ചേരമരെന്നും നാമമുണ്ടു്. ബ്രിട്ടീഷ് മലബാറിൽ ഇവർ ചെറുമക്കൾ എന്നു വിളിക്കപ്പെട്ടുപോരുന്നു.

* പുലയമാടമ്പിമാരും സാമന്തനാട്ടുവാഴികളും കേരളത്തിൽ ഉണ്ടായിരുന്നു. തിരുവനന്തപുരത്തു പുലയനാർകോട്ടയിലും കൊക്കോതമംഗലം ഉഴമലയ്ക്കൽ ഒഴുക്കരനാട്ടു ചാത്തന്നൂർ എന്നിടങ്ങളിലും ഇവരുടെ സങ്കേതങ്ങൾ ഉണ്ടായിരുന്നു.

പുള്ളുവൻ (പുള്ളോൻ)

ഇവർ കേരളത്തിലെ പുരാതനരായ ആദിമനിവാസികളിൽ ഉൾപ്പെട്ട ഒരു വിഭാഗക്കാരാകുന്നു. സർപ്പാരാധകന്മാരായ ഇവർ, സർപ്പക്കാവുകളിൽ പൂജാനിവേദ്യങ്ങളും പലേ കർമ്മങ്ങളും പുരാതനകാലങ്ങളിൽ നിർവ്വഹിച്ചു വന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ ബ്രാഹ്മണമതത്തിന്റെ ഉയർച്ചയും പ്രതാപവും വർദ്ധിച്ചതോടുകൂടി, സർപ്പക്കാവുകളിൽ, അകലെനിന്നു വീണവായിച്ചു പാടുവാനും അനുഭവങ്ങൾ പറവാനും ഉള്ള അവകാശം മാത്രം ഇവർക്ക് അവശേഷിച്ചതായിരിക്കണം. ഇവർക്കു ജ്യൌതിഷം, വിഷചികിത്സ, സംഗീതം എന്നീ വിഷയങ്ങളിൽ വൈദഗ്ദ്ധ്യം ഉണ്ടായിരുന്നു. സർപ്പക്കാവുകളിൽ വീണവായിച്ചു സർപ്പപ്പാട്ടു പാടുവാനും വില്ലും കുടവും അടിച്ചു പാട്ടുവാനും നല്ല പരിജ്ഞാനം ഉള്ളവർ പുള്ളോന്മാരുടെ കൂട്ടത്തിൽ ആധുനികകാലത്തും ഉള്ളതാണു്.

പുഷ്പവൻ (പുഷ്പകൻ).

ഈ ജാതിക്കാർ അമ്പലവാസികളിൽ ഉള്ള ഒരു അവാന്തരവിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവർക്കു "ഉണ്ണി" എന്നും ജാതിനാമം ഉണ്ടു്.

ബനിയാൻ.

ഉത്തരഇൻഡ്യയിൽനിന്നു് കേരളത്തിൽ ഉപദ്രവശം ചെയ്തിട്ടുള്ള ഒരു വർഗ്ഗക്കാരാണു്. ഇവർ വലിയ വണിക്കുകളും പണവ്യാപാരികളുമാകുന്നു.

ബോയന്മാർ.

ദക്ഷിണഭാരതത്തിലെ ഷിക്കാരിവർഗ്ഗക്കാരാകുന്നു ഇവർ.

മലനായർ.

മലകളിൽ വിസ്തൃതമായ രീതിയിൽ കൃഷിക്കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു വർഗ്ഗക്കാരാകുന്നു ഇവർ. "കുന്നിലയന്മാർ" എന്നും ഇവർക്കു ജാതിപ്പേർ ഉണ്ടു്.

മലകുടികൾ.

മലകളിൽ നിവസിക്കുന്ന ഒരു ജാതിക്കാരാകുന്നു മലകുടികൾ. ഇവർക്കു സാമുഹ്യമായ ഉയർച്ച ലേശവും ഉണ്ടായിട്ടില്ല.

മലപണ്ടാരങ്ങൾ.

മലകളിൽ നിവസിക്കുന്ന ഒരു ജാതിക്കാരാകുന്നു ഇവർ. ഈ ജാതിക്കാർ തുലോം അപരിഷ്കൃതമായ അവസ്ഥയിൽ

ജീവിക്കുന്നു. ശരിയായ ഭാഷയോ സാമുഹ്യോൽക്കർഷപരമായ ആഭിനിവേശമോ ഇവക്കില്ല. വസ്ത്രധാരണസൌകര്യമോ, വസ്ത്രത്തിൻെറ അത്യാവശ്യകതയെക്കുറിച്ചുള്ള ബോധമോ സാധാരണമായി ഇവക്കില്ല.

മലവലൻ.

വേൽ എന്ന ആയുധം ഉപയോഗിച്ചുവന്ന ഒരു തരം വനജാതിക്കാരാകുന്നു ഇവർ. ഇവരും ശൈവദ്രാവിഡ ഗോത്രജന്മാരായ ആദിമനിവാസികളുടെ അനന്തരപരമ്പരകളാകുന്നു.

മലവേടൻ.

അപരിഷ്കൃതരായ വനചരജാതികളിൽ ഒരു വിഭാഗമാണ് ഇവർ. നായാട്ടിനു ഇവക്കു വൈദഗ്ദ്ധ്യമേറും.

മലയുള്ളത്തർ.

അപരിഷ്കൃതരായ ഒരു വനജാതിക്കാരാണ് വനയുള്ളത്തർ

മലയൻ.

മലകളിൽ നിവസിക്കുന്ന ഒരു ജാതി മനുഷ്യർ ആകുന്നു. ഇവരും അപരിഷ്കൃതരാകുന്നു.

മലഅരയർ.

വനത്തിൽ വന്യമൃഗങ്ങളുടെ താവളങ്ങളും, അവ തീററിയും വെള്ളവും തേടി പുറപ്പെടുന്ന സമയവും, വഴികളും, മറവും, നിശ്ചയമുള്ളവരും, മലകൾ സന്ദർശിക്കുന്ന മററു മനുഷ്യരോടു ഏറ്റവും ഔപചാരികമായി പെരുമാറുന്നവരും, സൽക്കാരപ്രിയന്മാരും ആയ മലജാതിക്കാരാകുന്നു മലയരയന്മാർ.

മാലികൾ.

ഇവക്കു പൂപ്പണ്ടാരങ്ങൾ എന്നും പേരുണ്ട്. ക്ഷേത്രങ്ങളിലേക്കും, കോവിലകങ്ങളിലേക്കും, കൊട്ടാരങ്ങളിലേക്കും, പുഷ്പമാല്യങ്ങൾ കെട്ടി ഒരുക്കി കൊണ്ടുചെന്നു കൊടുക്കുകയായിരുന്നു ഇവരുടെ ജാതിത്തൊഴിൽ. ഇപ്പോൾ ഇവരിൽ പലരും കൃഷീവലന്മാരായിത്തീർന്നിരിക്കുന്നു.

മണ്ണാൻ

ഇവക്കു "വണ്ണവർ"എന്നുംപേർ ഉണ്ടു്. "പതിയാന്മാർ" എന്നും ഇവർ വിളിക്കപ്പെട്ടുപോരുന്നു. വണ്ണവർ വർഗ്ഗത്തിൽ, പതിയാൻ, ചാക്ക, പരവൻ, നേരിയൻ എന്നിങ്ങനെ നാലു അവാന്തരവിഭാഗങ്ങൾ ഉണ്ടു്. ഈ നാലുജാതിക്കാർ തമ്മിൽ വിവാഹാദികൾ നടപ്പില്ലായിരുന്നുവെങ്കിലും, സാമുഹ്യപരി

ഷ്കാരശ്രമങ്ങളുടെ ഫലമായി "ആധുനികകാലത്തു പഴയ നില ഒന്നു മാറിവരികയാണ്. ആദിമകാലം മുതൽ മരുമക്കത്തായ കളായിരുന്നു ഇവർ. ഇപ്പോൾ മക്കത്തായം ആചരിച്ചുവരുന്നു. പ്രാചീനമധുരരാജ്യം നിലനിന്നിരുന്ന കാലത്തു്, ആ രാജ്യത്തിൽ ഈ വർഗ്ഗക്കാർക്ക് കഴുവുമരം കാവൽതൊഴിലുണ്ടായിരുന്നു. അതിലേക്ക് "മൂഷകപ്പിള്ള" എന്ന സ്ഥാനവും ഇവർക്കു നൽകപ്പെട്ടിരുന്നു. ഇവർ കാളീഭക്തന്മാരാണ്. ചുടലയിൽ ഉള്ള വധസ്ഥലത്തുവച്ചു, ദേവി ഈ വർഗ്ഗക്കാർക്കു പ്രത്യക്ഷയായി ഒരു ദിവ്യമന്ത്രവും ഒരു ഗ്രന്ഥവും നൽകിയനുഗ്രഹിച്ചുവെന്നു ഇവരുടെ ഇടയിൽ ഒരു ഐതിഹ്യം ഉണ്ടു്.

മാരയ്ക്കാൻ.

ഇവർ ഹിന്ദുവർഗ്ഗത്തിൽ ഉൾപ്പെട്ട മുക്കുവന്മാർ ആകുന്നു.

* മാരാൻ.

ക്ഷേത്രങ്ങളിൽ ചെണ്ട, എടയ്ക്ക, നാഗസ്വരം മുതലായ വാദ്യോപകരണങ്ങൾ ഉപയോഗിച്ചു കൊട്ടുകയും ഊതുകയും ചെയ്യുകയും, ശംഖുവിളിക്കുകയും ക്ഷേത്രസംബന്ധമായ മററു അത്യാവശ്യങ്ങളായ ചില ബാഹ്യജോലികൾ നിർവ്വഹിക്കുകയും ചെയ്യുന്ന ഒരു ജാതിക്കാരാകുന്നു ഇവർ. ഇവരിൽത്തന്നെ "കുരുപ്പ്" "പണിക്കർ" എന്നീ സ്ഥാനങ്ങൾ ഉള്ള കുടുംബക്കാർ ഉണ്ടു്. ഭദ്രകാളിക്ഷേത്രങ്ങളിൽ പൂജയും കളംഎഴുത്തും പാട്ടും നടത്തുന്നവരാണ മാരാക്കുറുപ്പന്മാർ.

മാരാന്മാരിൽതന്നെ, നായന്മാർക്കു ശീതികപ്രവൃത്തിനടത്തിവരുന്ന ഒരു അവാന്തര വിഭാഗം ഉണ്ടു്.

വ്യക്തിപരമായ ഏതാദൃശതൊഴിലുകൾ ഒഴിച്ചാൽ, മററു എല്ലാ ആചാരങ്ങളിലും, ഈ ജാതിക്കാർ നായർസമുദായത്തിലെ ഒരു അവാന്തരവിഭാഗമെന്ന നിലയിൽ എത്തിച്ചേർന്നിരിക്കയാണ്. കാലാന്തരത്തിൽ ഇവർ നായർസമുദായത്തിൽ സങ്കരിച്ചു നിശ്ശേഷം ലയിക്കുവാൻ ഇടയുണ്ടെന്നു്, ആധുനിക കാലത്തെ പരിതസ്ഥിതികളാൽ അനുമാനിക്കാവുന്നതാണ്.

* ഇവർ ജാതിനാമവും ജാതിത്തൊഴിലും ക്രമേണ കൈവെടിഞ്ഞു് നായർസമുദായത്തിൽ ക്രമേണ ലയിച്ചുതുടങ്ങിയിരിക്കുന്നു. നിയമപരമായ ഉദ്യോഗങ്ങൾ ... മുതലവകാശാദി ദായക്രമകാര്യങ്ങളിൽ "നായന്മാർ" എന്നുതന്നെ ഇവരും പരിഗണിക്കപ്പെട്ടുപോരുന്നു.

വിദ്യാഭ്യാസത്തിന്റെ വൎദ്ധനവും, സാമൂഹ്യപരിഷ്കാരജന്യമായ ഉൽക്കൎഷേച്ഛയും നിമിത്തം ഇവർ പലരും ജാതിത്തൊഴിലുകൾ കൈവെടിഞ്ഞു്, ഇതരതൊഴിലുകൾ, സ്വീകരിച്ചും നായന്മാരിൽനിന്നു് അഭേദരെന്ന നിലയിൽ ജീവിച്ചുപോരുന്നു.

മാർവാഡി.

മാർവാർരാജ്യത്തുനിന്നു കേരളത്തിൽ ഉപവേശംചെയ്തു്, വാണിജ്യം മുതലായ തൊഴിലുകളിൽ ഏൎപ്പെട്ടു ജീവിച്ചുപോരുന്ന ഒരു വൎഗ്ഗക്കാരാകുന്നു മാർവാഡികൾ.

* മുക്കവൻ.

കടലോരത്തു താമസിച്ചു, പുരാതനകാലം മുതൽ മത്സ്യം പിടിച്ചും, വിററും, ഉപജീവനം ചെയ്തുപോരുന്ന ഒരു ജാതിക്കാരാകുന്നു മുക്കവന്മാർ. മത്സ്യ വ്യവസായത്തിനു പുറമേ വഞ്ചിജോലിമുതലായ പല തൊഴിലുകളും ഇവർ സ്വീകരിച്ചിട്ടുണ്ടു്. മുക്കവന്മാർ തുമ്പപാണി (സിലോൺ)യിൽനിന്നു കേരളത്തിൽ കുടിയേറിപാർത്തവരാണെന്നു് ഒരു ഐതിഹ്യം ഉണ്ടു്.

മുതലിയാർ.

വെള്ളാളർ മുതലായ തമിഴു് ജാതിക്കാരിൽ ഉൾപ്പെട്ട ചില അവാന്തരവിഭാഗങ്ങൾക്കുള്ള ഒരു സ്ഥാനമാകുന്നു ഇതു്. "മുതലി"എന്നുള്ള രൂപവും മുതലിയാരെ നിർദ്ദേശിക്കുന്നുണ്ടു്.

മൂത്തതു്.

ഈ ദ്വിജവിഭാഗത്തിനു "ശിവബ്രാഹ്മണർ" എന്നു് സംജ്ഞയുണ്ടു്. ഇവരുടെ ആചാരങ്ങളും നടപടികളും നമ്പൂരിമാരുടെ ആചാരാദികളും തമ്മിൽ ലേശവും ഭേദം ഇല്ല. പയ്യന്നൂർ ഗ്രാമപരിധിക്കു സമീപമുള്ള കണ്ണിമംഗലം മുതൽ തെക്കു, ശുചീന്ദ്രം വരെ, പുരാതനകാലത്തു ശിവദ്വിജന്മാരുടെ ഇല്ലങ്ങൾ ഉണ്ടായിരുന്നു. ആധുനികകാലത്തു ആകെക്കൂടി ഒരുനൂററി അൻപതു ഇല്ലങ്ങളിൽ കൂടുതൽ ഇല്ല.

"നിത്യം സ്ഥിരലിംഗാൎച്ചനം
ശിവ നിൎമ്മാല്യ ഭക്ഷണം"

ഇത്യാദി സ്വീകരിച്ച ബ്രാഹ്മണർ ശിവബ്രാഹ്മണവിഭാഗമായിത്തീൎന്നു. ശിവദ്വിജന്മാർ ഷട്കൎമ്മാധികാരികൾ

* A census Report of the Siva Brahmins published by the Siva Dwija Samgam Eranacolam in 1103 M. E.

ആണെന്നും, എന്നാൽ ശൈവങ്ങളായ ഷട്കർമ്മങ്ങളെ മാത്രമേ അവർ പ്രധാനമായി പരിഗണിച്ചിട്ടുള്ളുവെന്നും "കാമികം" എന്ന ആഗമഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സമയദീക്ഷ, വിശേഷദീക്ഷ, നിർവാണദീക്ഷ എന്നീ ത്രിദീക്ഷകൾ അനുഷ്ഠിച്ച ശിവബ്രാഹ്മണർക്ക് ഭട്ടർ, ദീക്ഷിതർ, ഗുരു, (ശിവഗുരു) എന്നിപ്രകാരം മൂന്ന് അഭിസംജ്ഞകൾ സിദ്ധിക്കുന്നു. ഈ ദീക്ഷകൾ പരദേശത്തെ ശിവബ്രാഹ്മണർ, അദ്യാപി സാധാരണമായി നടത്തിവരുന്നുണ്ട്. ആധുനികഘട്ടത്തിൽ, പരദേശങ്ങളിൽ ശിവദ്വിജന്മാർക്ക്, ഭട്ടർ, ഗുരുക്കൾ, നമ്പ്യാൻ എന്നീ സംജ്ഞകൾ നടപ്പിലിരിക്കുന്നു. യാഗം ഒഴികെയുള്ള സകല വൈദികകർമ്മങ്ങളും ഇവർ അനുഷ്ഠിക്കുന്നുമുണ്ട്. അത്രോപദേശഘട്ടങ്ങളിൽ, ഈ ശിവദ്വിജന്മാരും കേരളത്തിൽ വന്നു സ്ഥിരവാസം ഉറപ്പിച്ചിട്ടുള്ളതാകുന്നു. മിക്കവാറും കേരളക്ഷേത്രങ്ങളിലെ മുതലുകളുടെ കൈകാര്യകർതൃത്വവും, കൈവശവും ഇവർക്കായിരുന്നു. ഉത്സവകാലങ്ങളിൽ ദേവനെ എഴുന്നള്ളിക്കുക മുതലായ ചടങ്ങുകളും ഇവർതന്നെ നിർവഹിക്കുകയാണു ആധുനികകാലത്തും പല ക്ഷേത്രങ്ങളിലെയും നടത്ത.

മുടവൻ.

പ്രാചീനമധുരരാജ്യത്തുനിന്ന്, പുരാതനകാലങ്ങളിൽ കേരളത്തിലെ മലകളിൽ കുടികയറി വാസം ഉറപ്പിച്ച ഒരു മലജാതിക്കാരാകുന്നു ഇവർ.

തണ്ടാൻ.

കേരളത്തിലെ ഒരു പ്രാചീനസമുദായക്കാരാണ് തണ്ടാന്മാർ. മധ്യകേരളപ്രദേശങ്ങളിൽ ചിറയിൻകീഴ്, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, കൊല്ലം, മാവേലിക്കര എന്നീ താലൂക്കുകളിൽ ഇവർ ധാരാളമായി കുടിപാർത്തു വരുന്നു. തെങ്ങുകയറ്റമാണ് ഇവരുടെ പ്രധാനതൊഴിൽ. വണ്ണവർഗ്ഗത്തിൽ നിന്നു ഭിന്നമായ ഒരു ജാതിയാണ "തണ്ടാൻ" എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു.

തട്ടാൻ.

രണ്ടു വർഗ്ഗക്കാരായ തട്ടാന്മാർ കേരളത്തിൽ ഉണ്ട്. മലയാംതട്ടാന്മാർ, പാണ്ടിത്തട്ടാന്മാർ, എന്നിങ്ങനെയാണു രണ്ടു വിഭാഗങ്ങൾ. പാണ്ടിത്തട്ടാന്മാർ, മധുരയിൽ നിന്നും പ്രാചീനകാലത്തു കേരളത്തിൽ കുടിയേറിപ്പാർത്തവരാണ്. അവരുടെ

മാതൃഭാഷ തമിഴാകുന്നു. ഈ രണ്ടു വർഗ്ഗക്കാരുടെയും ആചാരങ്ങൾക്കും നടപടികൾക്കും യാതൊരു ഐകരൂപ്യവുമില്ല. സ്വർണ്ണവും വെള്ളിയുംകൊണ്ടുള്ള പണികൾ രണ്ടുവർഗ്ഗക്കാരും നടത്തിവരുന്നു. പാണ്ടിത്തട്ടാന്മാർ വിശ്വബ്രാഹ്മണർ എന്നും ആധുനികകാലത്തു രേഖകളിൽ എഴുതിവരുന്നു. അവർ വ്യവസായ വാണിജ്യങ്ങളിൽ പുരോഗതിയെ പ്രാപിച്ചുവരുന്ന ഒരു വർഗ്ഗക്കാരാകുന്നു.

തീയാട്ടുണ്ണി.

അമ്പലവാസികളിൽ ഉൾപ്പെട്ട ഒരു അവാന്തരവിഭാഗക്കാരാണു് തീയാട്ടുണ്ണികൾ. ഭദ്രകാളിക്ഷേത്രങ്ങളിലും മററും ഭദ്രകാളിയുടെ വേഷംകെട്ടി പന്തം പിടിച്ചു തുള്ളുകയാണു് ഇവരുടെ പ്രധാനമായ ജാതിത്തൊഴിൽ. അഗ്നിതാണ്ഡവർ എന്നും ഇവർക്കു് സംജ്ഞയുണ്ടു്.

ദൈവംപതി.

"ബ്രാഹ്മണി" എന്നും ഇവർക്കു ജാതിനാമം ഉണ്ടു്. അമ്പലവാസികളുടെ ഒരു അവാന്തരവിഭാഗത്തിൽ ഉൾപ്പെട്ടവരാണു് ഇവർ. നായന്മാരുടെ അവാന്തരവിഭാഗത്തിൽ ഉൾപ്പെട്ടവരും ഇതേതൊഴിൽക്കാരുമായ മറെറാരു ജാതിക്കും ഇപ്പേർതന്നെയാണു്. ക്ഷേത്രങ്ങളിൽ പാട്ടുകയാണിവരുടെ പ്രധാനജോലി. കോവിലകങ്ങളിലും കൊട്ടാരങ്ങളിലും, സാമന്തപ്രഭുക്കളുടെ വസതികളിലും ഉണ്ടാകാറുള്ള കല്യാണം മുതലായ അടിയന്തിരങ്ങൾ സംബന്ധിച്ചും ഇവർ പാട്ടുക പതിവുണ്ടു്.

ദാസി.

ദേവദാസി, ദേവരടിയാർ, ദേവാടിയാർ എന്നിങ്ങനെ പേരുകളോടുകൂടിയ ഒരു ജാതിക്കാർ, ഭാരതഖണ്ഡത്തിൽ, നാനാപ്രദേശങ്ങളിലും അധിവസിച്ചുവരുന്നു. ഇവർ ശൈശവത്തിൽതന്നെ പെൺകുട്ടികളെ ഓരോ ക്ഷേത്രത്തിലെ ദേവനായി സമർപ്പിക്കുന്നു. ഈ ജാതിക്കാർക്കു ക്ഷേത്രത്തിലെ ഉപാസനാമൂർത്തിയുടെ സന്നിധിയിൽ, നിയതസമയങ്ങളിൽ നർത്തനം ചെയ്യുകയാണു തൊഴിൽ. ഈ ജാതിക്കാർ കേരളത്തിലും ഉണ്ടു്. ദക്ഷിണതിരുവിതാംകൂറിലെ ചില പ്രധാനക്ഷേത്രങ്ങളിൽ ഇവരുടെ നർത്തനം, പുരാതനകാലം മുതല്ക്കു നടത്തപ്പെട്ടുവരുന്നു. ആ ക്ഷേത്രങ്ങളിൽ ചില ദാസികുടുംബക്കാർക്കു, കുടുംബവൃത്തിയായി പതിവു് അനുഭവങ്ങളും ഉണ്ടു്. കേരളത്തിലെ

ദേവദാസി വർഗ്ഗക്കാർ തമിഴരാണെന്നു പറഞ്ഞുകൂടാ. എന്നാൽ പൂർണ്ണമലയാളികളാണെന്നും പറയാവതില്ല. തമിഴരുടെയും മലയാളികളുടെയും ആചാരനടപടികളുടെ സംകൃതമായ രീതിയിലാകുന്നു അവരുടെ നടത്തകൾ. ആധുനികകാലത്തു ജാതിത്തൊഴിലുകൾ നിർത്തി, ഇതരതൊഴിലുകളിൽ പ്രവേശിച്ചും, നായർസമുദായത്തിലെ ഒരു അവാന്തരവിഭാഗമെന്ന നിലയിൽ രൂപാന്തരപ്പെട്ടും പോരുന്നവർ ഈ ജാതിക്കാരിൽ പലരും ഉള്ളതാണു്. "നാടകശ്ശാല"ക്കാർ എന്നും ഇവർക്കു ജാതിനാമം സിദ്ധിച്ചിട്ടുണ്ടു്.

നായിഡു.

ഇതു് ഒരു ജാതിനാമം അല്ല. തെലുങ്കുദേശത്തു നിലവിൽ ഇരുന്ന ഒരു സ്ഥാനസംജ്ഞയാണു്. അബ്രാഹ്മണരായ പല തെലുങ്കുനാട്ടുകാരും, ഈ സ്ഥാനസംജ്ഞ പേരിനോടു ചേർത്തു്, ഉപയോഗിച്ചുവരുന്നു. ഇങ്ങനെയുള്ള ജാതിക്കാർ ഏതാനും ചിലർ കേരളത്തിൽ ഉണ്ടു്.

നാടാൻ.

ഈഴവരിലുള്ള ഒരു അവാന്തരവിഭാഗമാണു്. തമിഴ് നാട്ടാരാണു് ഇവർ.

നമ്പിടി.

ഇവർ സാമന്തന്മാരാണു്. പൂണുനൂൽ ഉള്ളവരും, പൂണുനൂൽ ഇല്ലാത്തവരുമായ രണ്ടു ജാതി നമ്പിടിമാർ ഉണ്ടു്. സ്വജനസദസ്സിൽ കുളിയാശുദ്ധത്തോടുകൂടി, സ്വജനങ്ങൾ സ്പർശിക്കുവാൻ ഇടയാകാതെ ഉമ്മറപ്പടിയിന്മേൽ കയറി ഇരുന്നു, "നാം പടിയിന്മേൽ" എന്നു പറഞ്ഞു്, അവരോടൊന്നിച്ചു് പലഹാരം കഴിച്ചതിനാൽ പതിതനായി കല്പിക്കപ്പെട്ട നമ്പൂരിയാണു് "നമ്പിടി" എന്നൊരു ഐതിഹ്യം ഉണ്ടു്.

നമ്പ്യാർ.

അമ്പലവാസികളിൽ ഉൾപ്പെട്ട ഒരു ജാതിക്കാരാണു്. ചാക്യാർ, ക്ഷേത്രങ്ങളിൽ കൂത്തു പറയുമ്പോൾ, മിഴാവു് അടിക്കേണ്ടതു് നമ്പ്യാരുടെ ജോലിയാണു്. ഉത്തരകേരളത്തിൽ "നമ്പ്യാർ" എന്ന സ്ഥാനം ഉള്ള നായന്മാർ ഉണ്ടു്.

നമ്പി (നമ്പ്യാൻ)

ക്ഷേത്രങ്ങളിൽ ശാന്തികഴിക്കുന്ന പോററിക്കു "നമ്പി" എന്നു കേരളത്തിൽ അഭിസംജ്ഞയുണ്ടു്. "നമ്പി" ശബ്ദം തമിഴാണു്.

"ദേവൻ" എന്നാകുന്നു അർത്ഥം. ക്ഷേത്രങ്ങളിൽ ശാന്തികഴിക്കുന്ന ബ്രാഹ്മണനു, പരദേശത്തു "നമ്പ്യാൻ" എന്നാണു് അഭിധാനം. "നമ്പ്യാൻ" ശബ്ദം "നമ്പി"യായി കേരളത്തിൽ രൂപാന്തരം പ്രാപിച്ചിട്ടുള്ളതാകുന്നു.

നമ്പീശ്ശൻ.

ഈ ജാതി അമ്പലവാസികളുടെ ഒരു അവാന്തരവിഭാഗം ആകുന്നു.

നമ്പൂരി.

നമ്പൂതിരി—നമ്പൂരിപ്പാട് എന്നിവ മലയാളബ്രാഹ്മണർക്കുള്ള ജാതിപ്പേരാണു്. "നമ്പൂതിരി"എന്നരൂപത്തിന്റെ ലുപ്തരൂപമാണു നമ്പൂരി. "നമ്പൂതിരിപ്പാടു്" എന്ന പദം പൂജകാർത്ഥത്തിൽ ബഹുമാനസൂചകമായി ഉപയോഗിക്കപ്പെട്ടനരൂപം തന്നെ. "നമ്പു"എന്ന പദത്തിനു "വേദം"എന്നാകുന്നു അർത്ഥം "വേദത്താൽപൂർണ്ണനാക്കപ്പെട്ടയാൾ"എന്നാകുന്നു "നമ്പൂതിരി" എന്ന പദത്തിന്റെ അർത്ഥം. നം+പൂരയതി ഇതി നമ്പൂരി എന്നുള്ള വിഗ്രഹാർത്ഥപ്രകാരം, നമ്പൂരിശബ്ദത്തിനു "വേദാദ്ധ്യയനം ചെയ്യുന്ന ആൾ" എന്നു അർത്ഥവും സിദ്ധമാണു്. *

നട്ടുവൻ.

ദാസി (തേവിടിശ്ശി) ആട്ടത്തിൽ, ദാസിയുടെ പിന്നിൽ നിന്നും മൃദംഗമോ, ജാലറയോ കൊട്ടിപ്പാടുന്ന ഒരു ജാതിക്കാരാകുന്നു നട്ടുവന്മാർ.

നായാടികൾ.

വേട്ടയാടി ഉപജീവനം കഴിച്ചു വരുന്ന ഒരു അപരിഷ്കൃത ജാതിക്കാരാകുന്നു ഇവർ.

നളയർ.

ഇവർ സംഖ്യാബലത്തിൽ തുലോം കുറഞ്ഞിരിക്കുന്ന ജാതിക്കാരാണു്. എങ്കിലും പരിശ്രമശീലന്മാരായി കാണപ്പെടുന്നു. ആധുനികകാലത്തും ഇവർ കൃഷീവലന്മാരായിത്തീർന്നിരിക്കുന്നു.

രാജു.

തെലുങ്കുദേശത്തിൽ നിന്നും കേരളത്തിൽ ഉപവേശംചെയ്തിട്ടുള്ള ഒരു ജാതിക്കാരാകുന്നു രാജുക്കൾ. ഇവർ കൃഷീവലവർഗ്ഗക്കാരായിരുന്നു. സംഖ്യാബലത്തിൽഅതിന്യൂനപക്ഷക്കാരാണു്

* കേരളത്തിലെ ബ്രാഹ്മണോപവേശം എന്ന അദ്ധ്യായത്തിൽ നമ്പൂരി ബ്രാഹ്മണചരിത്രം സമഗ്രമായി വിശദീകരിക്കുന്നതാണു്.

റെഡ്ഡികൾ.

തെലുങ്കുദേശങ്ങളിലെ കൃഷികജാതിക്കാരാണിവർ. ഇവർ പ്രാചീനകാലത്തു തന്നെ കേരളത്തിൽ കുടിയേറിപ്പാർത്തിട്ടുണ്ട്. സംഖ്യാബലം വളരെ കുറവുതന്നെ. ഈ വർഗ്ഗക്കാർ മധുര, തിരുനെൽവേലി മുതലായ സ്ഥലങ്ങളിൽ നിന്നും നെയ്യ് മുതലായ സാധനങ്ങൾ ശേഖരിച്ച കേരളത്തിൽ കൊണ്ടുവന്നു ചുരുങ്ങിയ തോതിൽ വാണിജ്യം നടത്തിവരുന്നു. ഇവർ കൊണ്ടുവരുന്ന "നെയ്യ്", "റെഡ്ഡിനെയ്യ്" എന്നു പേർ സിദ്ധിച്ചിരിക്കുന്നു.

വൈരവി.

(വൈരവി) പണ്ടാരങ്ങളുടെ വർഗ്ഗത്തിലേ, ഒരു അവാന്തരജാതിക്കാരാകുന്നു ഇവർ. ഇവരുടെ മാടൻകോവിൽ, ഭദ്രകാളീകോവിൽ മുതലായ ചെറുതരം ദേവാലയങ്ങളിൽ പൂജാദികൾ നടത്തുക തൊഴിലാണ്.

വൈശ്യർ.

ചതുർവർണ്ണങ്ങളിൽ തൃതീയവർണ്ണമാണല്ലോ വൈശ്യർ. ഭാരതഖണ്ഡത്തിലെ ഏററവും പ്രബലമായ വണിക്സമുദായമാകുന്നു ഇവർ. എന്നാൽ ഈ വർഗ്ഗത്തിന്ന് ഒരു വിശേഷവിധിയുള്ളത്, എന്തെന്നാൽ ഇതരവർണ്ണങ്ങളെപ്പോലെ ജാതിനാമത്താൽ ഇവരുടെ വ്യക്തിത്വം നിർണ്ണയിക്കുവാൻ സാധിക്കയില്ലെന്നുള്ളതാണ്. കേരളത്തിലും ഒട്ടധികം വൈശ്യന്മാർ ഉണ്ട്. എന്നാൽ വൈശ്യർ എന്ന ജാതിസംജ്ഞയാൽ, അവർ ആധുനികകാലത്ത് അറിയപ്പെടുന്നില്ല. പുരാതനകാലങ്ങളിൽ ഇവർ ജാതിനാമത്താൽ അറിയപ്പെട്ടിരുന്നുവെന്നുള്ളതിന്ന് മതിയായ ലക്ഷ്യം എന്തെന്നാൽ, "വൈശ്യൻപറമ്പ്" "വൈശ്യൻവിള" "വൈശ്യൻതൊടി" "വൈശ്യൻറവിടം" "വൈശ്യത്തു" "വശ്യത്തു" എന്നിപ്രകാരമുള്ള സംജ്ഞകൾ ഉള്ള പുരയിടങ്ങൾ കേരളത്തിൽ നാനാഭാഗങ്ങളിലും കാണപ്പെടുന്നുവെന്നുള്ളതു തന്നെയാണ്.

വാലൻ.

മത്സ്യം പിടിക്കുന്നവരായ ഒരു ജാതിക്കാരാകുന്നു ഇവർ. പുരാതനകേരളത്തിലെ ഉൾക്കടലുകളിൽ നാവികഗതാഗതത്തിനും ഇവർ വിദഗ്ദ്ധരായിരുന്നു. ആധുനികകാലത്തിലും, കേരളത്തിലെ കായൽ സഞ്ചാരത്തിന്ന വഞ്ചി നടത്തുവാൻ ഇവരോളം പഴക്കവും വൈഭവവും മറെറാരു ജാതിക്കും ഇല്ല. കായ

ലിൽ കോൾ ഇളക്കം ഉണ്ടാകാവുന്ന ഗന്ധുക്കൾ, ഇവർ നക്ഷത്രങ്ങളുടെയും കാററിൻെറയും മററും നിലയും ഗതിയും കണ്ടു മുൻകൂട്ടി നിശ്ചയിക്കും. കായലിൽ വച്ചു വഞ്ചി, ബോട്ടു മുതലായ യാനപാത്രങ്ങൾ കോളിൽപെട്ടു മുങ്ങുന്നപക്ഷം, ആപത്തൊന്നും ഉണ്ടാകാതെ യാത്രക്കാരെ രക്ഷിക്കുവാനും ചരക്കുകൾ വീണ്ടെടുക്കുവാനും ഇവക്കു് ഉള്ള സാമത്ഥ്യവും ധൈയ്യവും സന്നദ്ധതയും അന്യാദൃശം തന്നെയാണു്. "വാലന്മാരുടെ വഞ്ചി" എന്ന പ്രസിദ്ധി, നാട്ടൊട്ടുക്കു ഉള്ളതാകുന്നു.

വാളൻ.

തടികൾ കാമരംകയററി അറുക്കുന്ന തൊഴിലാണു് ഈ ജാതിക്കാരുടെ പ്രധാനമായ ഉപജീവനമാഗ്ഗം. അനേകം കണ്ടി ഭാരമുള്ള വലിയ തടികൾ, ചെറിയ അച്ചുകോലുകൾ കൊണ്ടു് കുത്തിപ്പൊക്കി, തോൾകൊടുത്തു, ഇവർ കാമരത്തിൽ കയററുന്ന രീതി കാണേണ്ടു ഒരു കാഴ്ചതന്നെയാണു്. വിഷമസ്ഥാനങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾ, അപകടം കൂടാതെ വെട്ടി മടവെച്ചു വീഴ്ത്തുവാൻ കഴിവുള്ള വിരുതന്മാരും വാളന്മാരിൽ ഉണ്ടു്. അറപ്പുവാൾകൊണ്ടു് കാമരത്തിൽവച്ചു് അരക്കാൽ അംഗുലം ഘനത്തിൽപോലും പലകകൾ അറുക്കുവാൻ വൈദഗ്ദ്ധ്യമുള്ള വാളന്മാർ പലരും കേരളത്തിൽ ഉണ്ടു്. ഈ ജാതിക്കാർ "തച്ചർ" എന്ന വഗ്ഗക്കാരുടെ അവാന്തരവിഭാഗമാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഗൃഹനിമ്മാണം പരിചയമുള്ള പലരും ഈ ജാതിയിൽ ഉള്ളതാണു്.

വള്ളുവൻ.

പറയന്മാരുടെ പുരോഹിതജാതിയാണു് വള്ളുവന്മാർ. "വള്ളുവൻതറ" "വള്ളോൻതറ" എന്നിങ്ങനെ നാമമുള്ള പല പുരയിടങ്ങൾ കേരളത്തിൻെറ നാനാഭാഗങ്ങളിലും കാണപ്പെടുന്ന സ്ഥിതിക്കു ഈ ജാതിക്കാക്കു്, പുരാതനകാലത്തു പ്രചുരപ്രചാരം ഉണ്ടായിരുന്നുവെന്നു അനുമാനിക്കാം.

വട്ടക്കൻ.

മലകളിൽ ജീവിച്ചുവരുന്ന ഒരു അപരിഷ്കൃതജാതിക്കാരാണു് ഇവർ.

വാണിയൻ.

വാണിഭം നടത്തിവന്ന ഒരു ജാതിക്കാരാകുന്നു വാണിയന്മാർ. ഇവർ തമിഴു് ദേശങ്ങളിൽനിന്നു കേരളത്തിൽ കുടിയേറി

പ്പാൎത്തിട്ടുള്ളവരാണു്. ആധുനികകാലത്തു് ഈ ജാതിക്കാർ എണ്ണക്കുരുക്കൾ നാടൻ ചക്കുകളിൽ ആട്ടി എണ്ണ എടുക്കുകയും എണ്ണകൾ വിൽക്കുകയും ചെയ്യുന്നു. സാമൂഹ്യപരിഷ്കരണോദ്യമങ്ങളുടെ ഫലമായി ഇവർ ജാതിനാമമായി "ചെട്ടിയാർ" എന്ന സ്ഥാനം പേരിനോടുചേൎത്തു ഉപയോഗിച്ചുവരുന്നുണ്ടു്. വാണിജ്യം പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്ന വ്യക്തികളും ഈ ജാതിയിൽ കുറവായിരിക്കുന്നില്ല.

വണ്ണാൻ.

വണ്ണവർ സമുദായത്തിലെ ഒരു പ്രധാനവിഭാഗമാണു് വണ്ണാൻ. ഈ ജാതിക്കാർ ചില പ്രദേശങ്ങളിൽ "മണ്ണാൻ" എന്നും വിളിക്കപ്പെട്ടുവരുന്നു. ഇവർ കേരളത്തിലെ പുരാതനശാക്തേയമതക്കാരാണു്.

വാരിയർ.

അമ്പലവാസികളിൽ ഉൾപ്പെട്ട ഒരു പ്രധാനജാതിക്കാരാണു് ഇവർ. പുരാതനകാലം മുതൽ വളരെ വിദ്വാന്മാർ ഈ ജാതിയിൽ ഉണ്ടായിരുന്നു. സംസ്കൃതപണ്ഡിതന്മാർ കവികൾ, ജ്യോതിശാസ്ത്രപണ്ഡിതന്മാർ, വൈദ്യശാസ്ത്രപണ്ഡിതന്മാർ, ലിപിവിദഗ്ദ്ധന്മാർ, ഭിഷഗ്വരന്മാർ, ആദിയായ വിദ്വജ്ജനങ്ങൾ, ഒട്ടുവളരെപ്പേർ ആധുനികകാലത്തും ഈ സമുദായത്തിലുണ്ടു്. ഇവർ മരുമക്കത്തായികളാണു്.

വേലൻ.

ഇവരും കേരളത്തിലെ ശൈവമതാവലംബികളാണു്. കാൎത്തികേയന്റെ ചിഹ്നമായ വേൽ ഇവർ ആയുധമായി ഉപയോഗിച്ചുവന്നു. പറകൊട്ടി ഓതുക, പള്ളിപ്പാന നടത്തുക, കഴിബലി, ശ്മശാനബലി മുതലായ ക്ഷുദ്രനിവാരണകൎമ്മങ്ങൾ, ചെയ്യുക, എന്നിവയെല്ലാം ഇവരുടെ ജാതിത്തൊഴിലാണു്. ഇവരുടെ സ്ത്രീകൾക്കും ഈ വക കൎമ്മങ്ങൾ നിശ്ചയമുണ്ടു്. വാതിരുമ്മുക, എന്നൊരു കൎമ്മവും ഇവർ നടത്താറുണ്ടു്. സ്ത്രീകൾ ചുണ്ണാമ്പു ചുരുങ്ങിയ തോതിൽ നീററിഎടുത്തു, വില്പന നടത്തിവരുന്നു.

വെള്ളാളർ.

തമിഴ്നാട്ടിലെ പ്രബലമായ കൃഷീവലവൎഗ്ഗത്തിൽ ഉൾപ്പെട്ടവരാണു വെള്ളാളർ. "വെള്ളർ" എന്നാൽ, തമിഴിൽ "സജ്ജനങ്ങൾ" എന്നു അൎത്ഥമാകുന്നു.

വേളാൻ.

കേരളത്തിൽ നാനാഭാഗങ്ങളിൽ നിന്നുമായി അധിവസിക്കുന്ന ഏതദ്ദേശീയരായ കുലാലന്മാരാണു വേളാന്മാർ. മൺപാത്രവ്യവസായം തന്നെ ഇവരുടെ പ്രധാനതൊഴിൽ.

വെളുത്തേടൻ.

കേരളത്തിലെ പുരാതനവർഗ്ഗക്കാരാണു് ഇവർ. വസ്ത്രം അലക്കാണു് ഇവരുടെ തൊഴിൽ. മരുമക്കത്തായികളാണു്. ആധുനികകാലത്തു്, ഇവർ നായർ സമുദായത്തിൻെറ അവാന്തരവർഗ്ഗമെന്നു സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

വെട്ടുവർ.

നിലങ്ങളിൽ വേല ചെയ്യുന്ന ഒരു ജാതിക്കാരാണു് ഇവർ. സംഖ്യാബലത്തിൽ ന്യൂനപക്ഷം തന്നെ.

വില്ക്കുറുപ്പു്.

കേരളകമ്മാളന്മാരുടെ പുരോഹിതജാതിക്കാരാണു് ഇവർ. പുരാതനകാലങ്ങളിൽ കേരളത്തിലെ നായന്മാൎക്കു മററും വില്ലും അസ്ത്രങ്ങളും ഉണ്ടാക്കിക്കൊടുക്കുന്ന തൊഴിൽ ഇവർ നടത്തിവന്നു.

ശക്തിളിയർ.

തമിഴ്നാട്ടിൽ ഉള്ള തമിഴരായ ചെമ്മാൻജാതിക്കാരാണു ശക്തിളിയന്മാർ.

ശില്പാശാരി.

വിഗ്രഹങ്ങൾ ലോഹങ്ങൾകൊണ്ടു വാൎത്തു് ഉണ്ടാക്കുകയും ശിലയിൽ കൊത്തി ഉണ്ടാക്കുകയും ചെയ്യുന്നവരാണു് ഇവർ. ശില്പാശാരികൾ കമ്മാളവർഗ്ഗത്തിലെ ഒരു വിഭാഗമാണു്.

ശൈവക്കുരുക്കൾ.

തമിഴരായ അബ്രാഹ്മണശൈവരുടെ പൌരോഹിത്യം നടത്തുന്ന ഒരു ജാതിക്കാരാണു ശൈവക്കുരുക്കൾ.

സാമന്തന്മാർ.

ക്ഷത്രിയവർഗ്ഗത്തിൻെറ അവാന്തരവിഭാഗങ്ങളാണു സാമന്തജാതികൾ എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. സാമന്തന്മാരിൽ പലരും ഓരോ കാലങ്ങളിലായി കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ളവരാണു്. മലയാളത്തിൻെറ ഉത്തരഭാഗങ്ങളിൽ നിന്നു പല സാമന്തജാതികളും കേരളത്തിൽ കുടിയേറി സ്ഥിരവാസം ഉറപ്പിച്ചിട്ടുണ്ടു്.

കൊട്ടിയർ.

ഇവർക്കു കൊട്ടിയർ എന്നും ജാതിപ്പേർ ഉണ്ടു്. ഇവർ തെലുങ്കു ദേശക്കാരാണു്. വളരെ പുരാതനമായ ഒരു കാലത്തു കേരളത്തിൽ ഉപവേശം ചെയ്തവരാണു് ഇവർ എന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. കൊട്ടിയന്മാർ തെലുങ്കുനാട്ടിലെ കർഷക ജാതിക്കാരാണു്. വിജയനഗരസാമ്രാജ്യത്തിന്റെ അധഃപതന കാലത്തു്, ഇവർ കുടിപുറപ്പെട്ടു് പലനാടുകളിലേക്കുംപോയ കൂട്ടത്തിൽ, ഏതാനും കുടുംബക്കാർ കേരളത്തിലും വന്നു വാസം ഉറപ്പിച്ചതായിരിക്കണം.

ഒടിയർ.

ഉത്തരകേരളത്തിൽ വള്ളുവനാട്ടു് കുറുമ്പ്രനാട്ടു് മുതലായ പ്രദേശങ്ങളിൽ നിവസിക്കുന്ന ഒരു ജാതിക്കാരാണു് ഒടിയർ. ഇവർ "ഒടിവിദ്യ" എന്ന കുപ്രസിദ്ധമായ ദുർമ്മന്ത്രപ്രയോഗങ്ങളിൽ വിരുതരാണു്. ഇവരുടെ ഭയങ്കരങ്ങളായ "ഒടിവിദ്യ" വിധങ്ങളെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ പലതും അദ്യാപി, ഉത്തരകേരളത്തിൽ നിലനിന്നുപോരുന്നു.

ഹരിജനങ്ങൾ.

ഹിന്ദുസമുദായത്തിൽ സാമൂഹ്യമായ അവശതകൾ ഉള്ള എല്ലാ അവാന്തരവർഗ്ഗങ്ങളും ഹരിജനങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ വിസ്തൃതവും വ്യാപകവുമായ വിഭാഗനാമം ആധുനികകാലത്തു മഹാത്മാഗാന്ധിയാൽ നൽകപ്പെട്ടിട്ടുള്ളതാണു്. അവശസമുദായങ്ങളിലെ വ്യക്തികൾക്കു്, അവരവർ ഉൾപ്പെട്ടിരിക്കുന്ന ജാതിയുടെ പേരിൽ അറിയപ്പെടുന്നതിനേക്കാൾ അഭിമാനകരവും പ്രിയകരവുമായിട്ടുള്ളതു്, "ഹരിജനങ്ങൾ" എന്ന സാമാന്യവിഭാഗസംജ്ഞയാൽ അറിയപ്പെടുന്നതാകുന്നു.

* ക്രൈസ്തവസമുദായം.

യേശുക്രിസ്തുവിന്റെ പന്ത്രണ്ടുശിഷ്യപ്രധാനന്മാരിൽ ഒരാളായ അപ്പോസ്തൽതോമസ്സെന്ന പുണ്യവാൻ ഗുരുവിന്റെ മതം പൌരസ്ത്യദേശങ്ങളിൽ പ്രചരിപ്പിക്കുവാനായി ഭാരതഖണ്ഡത്തിലേക്കു പുറപ്പെടുകയും എ. ഡി. 52-ാമാണ്ടു് പുരാതന വില്യാർവട്ടം രാജ്യത്തും പിന്നീടു് കൊടുങ്ങല്ലൂർ തുറമുഖത്തിനു

* കേരളക്രൈസ്തവസഭാചരിത്രം അന്യത്ര ചേർത്തിട്ടുള്ളതിനാൽ ഈ ഭാഗത്തു സംക്ഷേപം മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

സമീപമുള്ള "മലങ്കര" എന്ന ദ്വീപിലും ഇറങ്ങി ക്രിസ്തുമത പ്രചരണകർമ്മം ആരംഭിക്കുകയും ചെയ്തു. സെൻറുതോമസ്സിൻെറകൂടെ നസ്രയത്തു നഗരത്തിൽ നിന്നു് ഏതാനും ഏതദ്ദേശിയർകൂടി കേരളത്തിലേക്കു പോന്നിരുന്നു. ഇവരാണു കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളുടെ പൂർവികന്മാർ.

കേരളത്തിൽ അധിവസിച്ചുപോരുന്ന ക്രിസ്ത്യാനികളിൽ യൂറോപ്യന്മാർ, ആംഗ്ലോ ഇൻഡ്യന്മാർ, ഇൻഡ്യൻ ക്രിസ്ത്യാനികൾ, സിറിയൻ ക്രിസ്ത്യാനികൾ, റോമൻ കത്തോലിക്കു് ക്രിസ്ത്യാനികൾ, റോമോ സിറിയൻ ക്രിസ്ത്യാനികൾ, സിറിയൻജേക്കബൈററു ക്രിസ്ത്യാനികൾ, മാർത്തോമാ സിറിയൻ ക്രിസ്ത്യാനികൾ, സിറിയൻ ചാൽഡിയൻ ക്രിസ്ത്യാനികൾ, ലണ്ടൻമിഷൻകാർ, രക്ഷാസൈന്യക്കാർ യുയോമയക്കാർ, എന്നിങ്ങനെ പല വിഭാഗക്കാർ ഉണ്ടു്.

യുയോമയം.

എന്ന ക്രൈസ്തവവിഭാഗത്തിൻെറ ഉത്ഭവസ്ഥാനം തിരുവിതാംകൂറാണു്. എ. ഡി. 1875-ാമാണ്ടാണു് ഈ വിഭാഗം ഏർപ്പെടുത്തപ്പെട്ടതു്. "വിദ്വാൻകുട്ടി"എന്നു സുപ്രസിദ്ധനായി ഭവിച്ചിരിക്കുന്ന ഒരു ബ്രാഹ്മണക്രൈസ്തവയുവാവാണു് "യുയോമയം" ശാഖയുടെ സ്ഥാപകൻ. ഈ വിഭാഗക്കാർ സംഖ്യാബലത്തിൽ വലിയ ന്യൂനപക്ഷമായിത്തീർന്നിരിക്കുന്നു.

മഹമ്മദീയസമുദായം.

അറബികളും പൌരസ്ത്യദേശങ്ങളുമായി അതിപുരാതനകാലംമുതൽതന്നെ വാണിജ്യബന്ധം ഉണ്ടായിരുന്നു. ഈ നിലയിൽ ഭാരതീയരും വിശിഷ്യാ, പ്രാചീനകേരളീയരും അറബികളുമായി സാമീപ്യസഹവാസ സൌഹാർദ്ദങ്ങൾ ബലവത്തായി ഭവിച്ചിരുന്നു. മഹമ്മദുമതം, അറേബ്യയിൽ സ്ഥാപിതമായ കാലത്തോടുസമീപിച്ചുതന്നെ, മഹമ്മദുമതാവലംബികളായ അറബികൾ വാണിജ്യാർത്ഥവും മതപ്രചരണാർത്ഥവും കേരളത്തിൽ വന്നിട്ടുണ്ടു്. ഏതാദൃശങ്ങളായ പരിതസ്ഥിതികളിൽ പ്രാചീന കേരളത്തിലെ മുസ്ലീം മതപ്രചാരത്തിനും ഇതരമതങ്ങളെപ്പോലെതന്നെ ശരിയായ ഒരു പൂർവചരിത്രം ഉള്ളതാണെന്നുകാണാം.

പ്രാചീനകേരളത്തിലെ മഹമ്മദുമതപ്രചാരത്തെക്കുറിച്ചു് അന്യത്ര സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ടു്.

ഉത്തരകേരളത്തിലെ മുസ്ലിമീങ്ങൾക്കു "മാപ്പിളമാർ" എന്നാണു പേർ. മദ്ധ്യദക്ഷിണകേരളത്തിൽ റാവുത്തരന്മാർ, ജോനകന്മാർ എന്നിങ്ങനെ രണ്ടു വിഭാഗക്കാരായ മഹമ്മദീയര് അധിവസിക്കുന്നു. വാണിജ്യം കേരളത്തിലെ മുസ്ലിംസമുദായത്തിന്റെ പ്രധാന തൊഴിലാണു്. പ്രസിദ്ധ വണിക്കുകളായ ഏതാനും സേട്ടന്മാർ കേരളമുസ്ലീം സമുദായത്തിൽ ഉണ്ടു്. കേരളത്തിൽ ചില പ്രദേശങ്ങളിൽ നിവസിക്കുന്ന മഹമ്മദീയർ മരുമക്കത്തായക്രമക്കാരാകുന്നു. വിദ്യാഭ്യാസത്തിലും ആധുനിക പരിഷ്കാരത്തിലും കേരള മുസ്ലീം സമുദായം പുരോഗതിയെ പ്രാപിച്ചുവരികയാണു്.

൨൯-ാം അദ്ധ്യായം.

പുരാതനകേരളത്തിലെ വാഹനങ്ങൾ.

മഞ്ചൽ.

രാജാക്കന്മാർ, നാടുവാഴികൾ, മാടമ്പിമാർ, ജന്മികൾ ആദിയായി രാജത്വവും പ്രഭുത്വവുമുള്ളവർ സാധാരണയായി സുഖസഞ്ചാരത്തിനു് ഉപയോഗിച്ചുവന്ന വാഹനമാണു് "മഞ്ചൽ" ഇതിനു് ആച്ഛാദനം ഇല്ല.

മേനാവു്.

രാജസ്ത്രീകളും പ്രഭുകുടുംബങ്ങളിലെ സ്ത്രീജനങ്ങളും സഞ്ചാരത്തിനു് ഉപയോഗപ്പെടുത്തിവന്ന വാഹനം മേനാവായിരുന്നു. ഇതു മൂടി (ആച്ഛാദനം) ഉള്ള ഒരു വാഹനമാണു്. ആച്ഛാദനം ഇല്ലാത്തുള്ള മേനാവുകളും ഉപയോഗത്തിലിരുന്നിരുന്നു.

പല്ലക്കു്.

രാജകുടുംബങ്ങളിലും, പ്രഭുകുടുംബങ്ങളിലും ഉണ്ടാകാറുള്ള കല്യാണം മുതലായ മംഗലമഹങ്ങൾ സംബന്ധിച്ചു നടത്തപ്പെടുന്ന ഘോഷയാത്രകളിൽ, രാജത്വമോ പ്രഭുത്വമോ ഉള്ള വ്യക്തികളുടെയും, അവരുടെ സ്ത്രീകളുടെയും കുട്ടികളുടെയും, സഞ്ചാരത്തിനായി ഉപയോഗിക്കപ്പെട്ടുവന്ന വാഹനമാകുന്നു.

ചപ്രം.

ഇതു മനുഷ്യർ കയറി സഞ്ചരിക്കുവാൻ ഉപയോഗിക്കുന്ന ഒരു വാഹനമല്ല. മഞ്ചൽ, മേനാവു്, പല്ലക്കു് എന്നിവപോലെ ഉറപ്പും ബലവും ഉള്ളതുമല്ല. മുള, ഈറൻ, പരമ്പു് എന്നിവ ഉപയോഗപ്പെടുത്തി അപ്പോഴപ്പോൾ കെട്ടി ഉണ്ടാക്കപ്പെടുന്ന ഒരു വാഹനമാകുന്നു ചപ്രം. മൃതശരീരങ്ങൾ ശ്മശാനത്തിലേക്കു കൊണ്ടുപോകുവാനായി ഇതു് ഉപയോഗിച്ചു വരുന്നു. വീരപുരുഷന്മാരുടെയും, പ്രശസ്തന്മാരായ രാജാക്കന്മാരുടെയും മററും പ്രതിമകളോ, വിഗ്രഹങ്ങളോ ചപ്രത്തിൽ വച്ചു എഴുന്നള്ളിച്ചു ഘോഷയാത്രയായി പോകുന്ന പതിവു് ക്രമേണ നടപ്പിലായി. "ചപ്ര" ശബ്ദത്തിന്റെ ആഗമം, "ചാവു്+അപ്പുറം," അതാവിതു മരണത്തിനു ശേഷമുള്ളതു്—മരണശേഷമുള്ള വാഹനം എന്നാകുന്നു.

അത്തിക്കട്ടിൽ (ആറുകാൽ കട്ടിൽ).

ശവമഞ്ചം അത്തിമരത്തിന്റെ കമ്പുകൾ വച്ചുകെട്ടി ഉണ്ടാക്കിവന്നിരുന്ന ഒരു കാലം, കേരളത്തിൽ ഉണ്ടായിരുന്നു. രണ്ടു നെടിയ കമ്പുകളിൽ, വിലങ്ങെ ഒരു കുറിയ കമ്പുകൾ വച്ചുകെട്ടിയാണല്ലോ ശവമഞ്ചം ഉണ്ടാക്കുന്നതു്. ഇക്കാരണങ്ങളാൽ "അത്തിക്കട്ടിൽ" എന്നും "ആറുകാൽ കട്ടിൽ" എന്നും ശവമഞ്ചത്തിനു പേരുകൾ സിദ്ധിച്ചു.

ദേവവാഹനങ്ങൾ.

ക്ഷേത്രങ്ങൾ കേരളത്തിൽ സ്ഥാപിതമാകുകയും ശ്രീബലിയും ഉത്സവാദി ചടങ്ങുകളും എഴുന്നള്ളത്തും ആരംഭിക്കുകയും ചെയ്തതോടുകൂടി, ക്ഷേത്രത്തിലെ ഉപാസനാമൂർത്തിയായ ദേവനേയോ ദേവിയേയോ ക്ഷേത്രപരിസരങ്ങളിലും പുറമേയും എഴുന്നള്ളിക്കേണ്ട ആവശ്യം നേരിട്ടു. ആ ഘട്ടത്തിൽ "ഗരുഡവാഹനം," "വൃഷഭവാഹനം" "മൂഷികവാഹനം" "മയിൽവാഹനം" "സിംഹവാഹനം" "വ്യാഘ്രവാഹനം" "അശ്വവാഹനം" "പത്മവാഹനം" ആദിയായ വാഹനങ്ങൾ നിർമ്മിക്കപ്പെടുവാനും, അതതു ക്ഷേത്രത്തിലെ ആരാധനാമൂർത്തിയുടെ വാഹനക്രമമനുസരിച്ചു് എഴുന്നള്ളിപ്പിനു് ഉപയോഗിപ്പാനും ആരംഭിച്ചു, വൈദികബ്രാഹ്മണർ, ആദിമഘട്ടങ്ങളിൽ മാതംഗശാസ്ത്രവും, മാതംഗവിദ്യയും ആയുധവിദ്യയും അഭ്യസിച്ചിട്ടായിരുന്നതിനാലും, താദൃശങ്ങളായ അഭ്യാസങ്ങൾ ബ്രാഹ്മണോ

ചിതമല്ലെന്ന് അവർക്കാലത്തു വിശ്വസിച്ചിരുന്നതിനാലും, ആനപ്പുറത്തു കയറി ദേവനെ ഗജോപരി എഴുന്നള്ളിക്കുവാൻ അവർ ഒരുമ്പെട്ടിരുന്നില്ല. "ദ്രോണമ്പള്ളി" "ഉഗ്രമ്പള്ളി" എന്ന് പുരാതന കേരളത്തിലെ വിശ്രുതങ്ങളായ ഗുരുകുലങ്ങളിൽനിന്നു ധനുർവ്വിദ്യയും, മാതംഗശാസ്ത്രം മനശ്ശാസ്ത്രം ആദിയായ ശാസ്ത്രങ്ങളിൽ പ്രായോഗികപരിജ്ഞാനവും സമ്പാദിച്ച ദ്വിജന്മാർ മംഗലാപുരം മുതലായ ഉത്തരദേശങ്ങളിൽനിന്നും, ശിവദ്വിജന്മാർ പരദേശങ്ങളിൽനിന്നും കേരളത്തിൽ വന്നതോടുകൂടി ക്ഷേത്രങ്ങളിൽ എഴുന്നള്ളിപ്പിനു ഗജങ്ങളെ ഉപയോഗിച്ചു തുടങ്ങിയതിനാൽ "ദേവവാഹന"ങ്ങളുടെ ഉപയോഗം വളരെ കുറഞ്ഞിട്ടുണ്ട്.

വ്യോമചാരികളെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന ഗന്ധർവ്വന്മാർ, യക്ഷികൾ എന്നിത്യാദി മൂർത്തികളെ വച്ച് ആരാധിക്കുന്ന ക്ഷേത്രങ്ങളിൽ ഗന്ധർവൻപാട്ട്, പള്ളിപ്പാന മുതലായ കർമ്മങ്ങൾക്കു "വ്യോമവാഹനങ്ങൾ" (വിമാനമാതൃകകൾ) ഉണ്ടാക്കി, എഴുന്നള്ളത്തു നടത്തുക, പുരാതനകേരളത്തിൽ സാധാരണമായിരുന്നു.

രഥം.

ഇതു ഉരുളുകളോടുകൂടിയ ഒരു വാഹനമാണ്. രാജാക്കന്മാർ രാജകീയമായ ഘോഷയാത്ര നടത്തുന്ന ഘട്ടങ്ങളിൽ രഥത്തിൽ ആരോഹണം ചെയ്താണ് എഴുന്നള്ളുക. ഈ വാഹനത്തിൽ അശ്വങ്ങളെ കെട്ടിയാണു വലിപ്പിക്കുന്നതു. ഏഴു മുതൽ പതിനെട്ടുവരെ അശ്വങ്ങളെ പൂട്ടിയിട്ടുള്ള രഥങ്ങൾ ഉണ്ട്. തിരുവിതാംകൂർ മഹാരാജകുടുംബം വകയായി മനോഹരമായ ഒരു രഥം ഉള്ളതാകുന്നു.

ക്ഷേത്രങ്ങളിൽ ഉത്സവകാലത്തു ഉപയോഗിക്കുന്ന രഥങ്ങൾ ഉണ്ട്. ജനങ്ങൾ കൂട്ടംകൂടി ഈ രഥങ്ങളെ വടം കെട്ടി വലിച്ചുകൊണ്ടു പോകുന്നു. ശുചീന്ദ്രം, രഥോത്സവത്തിനു ഏററവും പ്രസിദ്ധപ്പെട്ട ഏകകേരളദേശമാകുന്നു.

വാഹകന്മാർ.

മഞ്ചൽ, മേനാവ്, പല്ലക്ക് എന്നീ വാഹനങ്ങളിൽ രാജാക്കന്മാരാദിയായവരെ വഹിച്ചുകൊണ്ടുപോകുന്ന തൊഴിൽ നടത്തി, ഉപജീവിച്ചുവന്ന "പോണ്ടന്മാർ" എന്നൊരു വർഗ്ഗ

ന്മാർ പുരാതന കേരളനാട്ടുകളിൽ ഉണ്ടായിരുന്നു. ഉത്തരദേശങ്ങളിൽ ഇവക്കു "അമാലന്മാർ" എന്നു പേരുണ്ടു്.

ജലസഞ്ചാരവാഹനങ്ങൾ.

"വള്ളം" അഥവാ "വഞ്ചി" എന്നറിയപ്പെടുന്ന യാനപാത്രമാകുന്നു, കേരളത്തിൽ ജലസഞ്ചാരത്തിനു സർവ്വസാധാരണമായി ഉപയോഗിക്കപ്പെട്ടുവരുന്നതു്. ചരിത്രാതീതമായ കാലംമുതൽ, കേരളത്തിൽ "വഞ്ചി" ഉപയോഗത്തിൽ ഇരുന്നുവരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. "പൊങ്ങുതടി" "പൊങ്ങുതടിച്ചങ്ങാടം" ഒററത്തടിവഞ്ചി, കോൽത്തുമ്പൻ (കൊതുമ്പു) വള്ളം, ഓരവഞ്ചി, കെട്ടുവള്ളം, ഓടിവള്ളം, ചുരുളൻവള്ളം, കരുവിത്തലയൻവഞ്ചി, ചുണ്ടൻവള്ളം, ചുണ്ടൻ (കളി) വള്ളം ഇപ്രകാരം പലതരം വള്ളങ്ങൾ കേരളത്തിൽ നടപ്പിലിരിക്കുന്നു. കടലുകളിൽ മത്സ്യംപിടിക്കുവാൻ മുക്കുവന്മാർ ഉപയോഗിക്കുന്ന വള്ളങ്ങൾക്കു "വഞ്ചി"യെന്നും "പാർ"എന്നും പേർ ഉണ്ടു്. "ചാള" മത്സ്യം പിടിക്കുവാൻ പോകുന്നവർ "ചാളത്തടി" എന്നു പേരുള്ള "പൊങ്ങുതടിച്ചങ്ങാടം" ഉപയോഗിക്കാറുണ്ടു്. സുഖസഞ്ചാരത്തിനു് ഉപയോഗിക്കപ്പെടുന്ന വള്ളങ്ങൾ, "പന്നഗംവള്ളവും", "കൂടാരവഞ്ചിയും" ആകുന്നു. "മഞ്ചൽപ്പാ" എന്ന പേരുള്ള നങ്കൂരമിട്ട യാനപാത്രം പുരാതനകാലം മുതൽ കഴിഞ്ഞ ഒരു പാദശതാബ്ദം മുൻപുവരെ രാജാക്കന്മാരും പ്രഭുക്കന്മാരും സഞ്ചാരത്തിനു് ഉപയോഗിച്ചുവന്നു. ഉൾനാട്ടു ജലമാർഗ്ഗങ്ങളിലും, കടലോരങ്ങളിലും ഏതാദൃശങ്ങളായ യാനപാത്രങ്ങളിൽ കേരളീയർ സഞ്ചരിക്കാറു പതിവുണ്ടു്.

പുരാതനകാലങ്ങളിൽ കേരളതീരങ്ങളിൽ "ഓടം" എന്നു പേരുള്ള ഒരുതരം ചെറിയ പാക്കപ്പൽ നടപ്പിലിരുന്നു.

ഏതാദൃശങ്ങളായുള്ള കേരളത്തിലെ എല്ലാ യാനപാത്രങ്ങളും, കഴുക്കോൽ, തുഴ, നയമ്പു്, അടനയമ്പു്, പാമരപ്പായ് എന്നിവയിൽ ഏതിന്റെയെങ്കിലും, അല്ലെങ്കിൽ ചിലതിന്റെയെങ്കിലും സഹായത്തോടുകൂടി ഓടിക്കപ്പെടുന്നവയാകുന്നു. സാധാരണ വള്ളങ്ങളും ചെങ്ങാടങ്ങളും കഴുക്കോൽകൊണ്ടു് ഊന്നി നീക്കിക്കൊണ്ടുപോകാം. "കഴുക്കുത്തു്" (കഴുക്കോൽകുത്തു് എല്ലാത്തവിധം ആഴമുള്ള ജലാശയങ്ങളിൽ) ഇല്ലാത്ത ജലങ്ങളിലും, ഒഴുക്കു് അധികം ഉള്ളേടത്തും, തുഴയോ നയമ്പോകൊണ്ടു തുഴഞ്ഞുവിടാം. നല്ല കാററുള്ളപ്പോൾ ഏതു

യാനപാത്രവും പാമരപ്പായു് നിവൎത്തുകെട്ടി ഓടിക്കാം. കളി വള്ളങ്ങളിൽ വിനോദസഞ്ചാരം ചെയ്യുന്നവർ, പന്ത്രണ്ടുമുതൽ മേല്പോട്ടു്, വള്ളത്തിന്റെ നീളത്തിനൊത്തവിധം എത്രയെങ്കിലും കൂടുതൽ തണ്ടുകൾ വച്ചു വലിച്ചു ശീഘ്രഗതിയിൽ വള്ളം മുമ്പോട്ടു കയറുന്ന കാഴ്ച എത്രയും രമണീയവും കൌതുകപ്രദവുമാകുന്നു. ആറന്മുള, ചമ്പക്കുളം എന്നീ ദേശങ്ങൾ വള്ളം കളിക്കു് ഏററവും പ്രസിദ്ധിയുള്ളവയാണു്. സുഖസഞ്ചാരത്തിനുള്ള യാനപാത്രങ്ങളിൽ തണ്ടുകളും, പാമരപ്പായും, ഉപയോഗിക്കാറുണ്ടു്.

"ഓടങ്ങൾ" ഓടിച്ചുവന്നതു തണ്ടുകളുടേയും പായുടേയും അവലംബത്തോടുകൂടിയായിരുന്നു.

ഉത്തരകേരളത്തിൽ "തോണി"യെന്നും, കടലോരം സംബന്ധിച്ച പ്രദേശങ്ങളിൽ "വഞ്ചി"യെന്നും മദ്ധ്യകേരളത്തിൽ "വള്ള"മെന്നും, യാനപാത്രങ്ങൾക്കു പൊതുവിൽ പേർ പറഞ്ഞുവരുന്നു.

കായൽ മുതലായ ഉൾനാട്ടു ജലാശയങ്ങളിൽ തോണി ജോലിക്കു വൈദഗ്ദ്ധ്യമുള്ളവർ വാലന്മാരാണു്. കടലിൽ വഞ്ചി ജോലി ചെയ്യുവാൻ വിരുതന്മാർ മുക്കുവന്മാരാകുന്നു.

വേനൽക്കാലത്തു വള്ളങ്ങൾക്കു "നെയ്യിടുക" എന്നൊരു സമ്പ്രദായമുണ്ടു്. "ചാള" മത്സ്യത്തിന്റെ കടൽ ഉരുക്കി ഉണ്ടാക്കപ്പെടുന്ന എണ്ണ തേച്ചു്, ഒരു മാസത്തോളം, വള്ളം കരയ്ക്കു കയററിവച്ചു സംരക്ഷിക്കപ്പെടും. ഇങ്ങനെ ചെയ്യുന്നതിനാൽ, ജലസമ്പൎക്കംകൊണ്ടു തടിക്കു് ഉണ്ടാകാവുന്ന ദോഷങ്ങൾ വള്ളത്തിനു സംഭവിക്കയില്ല. ആണ്ടുതോറും ശരിയായി നെയ്യു് ഇട്ടു സൂക്ഷിക്കുന്നപക്ഷം ഒരു വള്ളം മുന്നൂറും നാനൂറും വൎഷംവരെ നിലനില്ക്കുന്നതാണു്. തമ്പകം, ആഞ്ഞിലി വള്ളം ഉണ്ടാക്കുവാൻ എത്രയും സമുചിതമായ തടി. ആഞ്ഞിലിത്തടി ഇതിനു മദ്ധ്യമമാണു്. സാധാരണമായി ചെറുതരം വള്ളങ്ങൾ മരുതു്, മാവു്, മുതലായ പാഴ്ത്തടികൾകൊണ്ടും വെട്ടിച്ചു് ഇറക്കാറുണ്ടു്.

മരക്കഷണങ്ങൾ ചേൎത്തുവച്ചു്, ചരടും പശയും ഉപയോഗിച്ചു വലിയ വള്ളങ്ങൾ കെട്ടിയിണക്കി നിൎമ്മിക്കുവാൻ വൈദഗ്ദ്ധ്യമുള്ള പണിക്കാർ കേരളത്തിൽ ഉണ്ടു്. ഇപ്രകാരം ഉണ്ടാക്കപ്പെടുന്ന വള്ളങ്ങൾക്കാകുന്നു "കെട്ടുവള്ളങ്ങൾ" എന്നു പേർ പറയപ്പെട്ടുവരുന്നതു്. വള്ളങ്ങൾക്കു് ഉണ്ടാകാറുള്ള പൊട്ടൽ,

വിളക്ക്. സുഷിരം മുതലായ കേട്ടുപാടുകൾ തീർക്കുന്നതിന് "ഓടായം പണിയുക" എന്നാണു പേർ.

വണ്ടികൾ.

പുരാതനകാലം മുതല്ക്കുതന്നെ കേരളത്തിൽ ഉരുളുകളോടുകൂടിയ വണ്ടികൾ ഉണ്ടായിരുന്നു. പോത്തിനെ ഇണയായി അതു വണ്ടിയിൽ പൂട്ടിവന്നു. ഗോവർഗ്ഗത്തോടുള്ള ബഹുമാനവും താല്പര്യവും നിമിത്തം കാളകളെ വണ്ടിക്കുകെട്ടുക, ആദിമകാലങ്ങളിൽ പതിവല്ലായിരുന്നു. സവാരിക്കും സാമാനങ്ങൾ കൊണ്ടുപോകുന്നതിനും വണ്ടികൾ ഉപയോഗിച്ചുവന്നു. പോത്തുകൾക്കു പകരം കാലാന്തരത്താൽ കാളകളേയും വണ്ടിയിൽ കെട്ടിത്തുടങ്ങി. എങ്കിലും വണ്ടികളുടെ ഉപയോഗം അത്ര സാധാരണമല്ലായിരുന്നു.

വാഹനമൃഗങ്ങൾ

ആന.

രാജാക്കന്മാരുടെ പ്രധാനമായ വാഹനമൃഗം ആനയായിരുന്നു. ആനപ്പുറത്തു കയറി പല കേരളരാജാക്കന്മാരും യുദ്ധരംഗങ്ങളിൽ എഴുന്നള്ളിക്കൊണ്ടിരുന്നു. പുരാതന കാലത്തു കേരളത്തിൽ വെള്ള നിറമുള്ള ആനകൾ ഉണ്ടായിരുന്നതായും, രാജാക്കന്മാർ ഘോഷയാത്രക്കു വെള്ളാനകളെ ഉപയോഗപ്പെടുത്തിവന്നതായും ചില പ്രാചീനഗീതികളിൽനിന്നു വെളിപ്പെടുന്നുണ്ട്.

പോത്ത്.

സാധാരണ ജനങ്ങൾ പോത്തിന്റെ പുറത്തു കയറി ദീർഘയാത്രകൾ ചെയ്തുവന്നിരുന്ന ഒരുകാലം ഉണ്ടായിരുന്നു. സ്ത്രീകൾ എരുമപ്പുറത്തു കയറി യാത്ര ചെയ്യുകയും പതിവായിരുന്നു.

കഴുത, പോത്ത്, കാള എന്നിവയുടെ പുറത്തു സാമാനങ്ങൾ കെട്ടിയിട്ട് ദൂരസ്ഥലങ്ങളിലേക്കു പോക്കുവരത്തു നടത്തിവന്നു.

കുതിര.

കാലാന്തരങ്ങളിൽ, രാജാക്കന്മാർ അശ്വങ്ങളെ ഉപയോഗിച്ചു തുടങ്ങി. അറബികളായിരുന്നു, കേരളത്തിൽ കുതിരകളെ കൊണ്ടുവന്നു പ്രചരിപ്പിച്ചതു്.

ഇരുപത്തൊൻപതാം അദ്ധ്യായം.

പുരാതനകേരളത്തിലെ ജനകീയ സ്വയംഭരണം.

ചരിത്രാതീതമായ പുരാതനകാലം മുതൽക്കുതന്നെ കേരളത്തിലെ ജനങ്ങൾക്കു പ്രാദേശികമായും രാഷ്ട്രീയമായുമുള്ള സ്വയംഭരണത്തിനു വ്യവസ്ഥകൾ ഉണ്ടായിരുന്നു. വൈദികബ്രാഹ്മണർ ആദ്യമായി കേരളത്തിൽ ഉപനിവേശം ചെയ്തകാലത്തും, അതിനു എത്രയോ സംവത്സരങ്ങൾക്കു മുമ്പുപോലും കേരളീയരുടെ തനതായ സ്വയംഭരണസംഘടന നടപ്പിൽ ഇരുന്നതാണ്. വൈദികബ്രാഹ്മണർക്കു, കേരളത്തിൽ പൂജ്യതസിദ്ധിക്കുകയും, അവരുടെ നിസ്തുലമായ സ്വാധീനബലവും വൈഭവവും നയവൈശിഷ്ട്യവും നിമിത്തം കാലക്രമേണ അധികാരശക്തി വർദ്ധിക്കുകയും ചെയ്തകാലത്തും, കേരളീയരുടെ തറ(കര)ക്കൂട്ടങ്ങൾക്കും നാട്ടുയോഗങ്ങൾക്കും പെരുംകൂട്ടത്തിനും യാതൊരുവിധത്തിലും പ്രതിബന്ധം സംഭവിച്ചതില്ല. അവയുടെ അധികാരകർത്തൃത്വത്തിനു ഹാനിസംഭവിച്ചിരുന്നതുമില്ല.

നായന്മാരുടെ സൈനികസംഘടനകൾ

പ്രാചീനകേരളത്തിലെ നിവാസികളിൽ ബഹുഭൂരിപക്ഷക്കാരായിരുന്ന നായന്മാർ "നായക"വർഗ്ഗക്കാരായിരുന്നു. രാജ്യത്തിൽ സർവ്വത്ര നീതിയും ന്യായവും പുലർത്തിക്കുകയെന്നുള്ളതു അവരുടെ കൃത്യമായിരുന്നു. രാജ്യത്തെയും, രാജാവിനെയും ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രക്ഷിച്ചുകൊള്ളുകയെന്നുള്ളതും, അവരുടെ പ്രധാനകർത്തവ്യമായിരുന്നു. ഏതാദൃശങ്ങളായ കൃത്യങ്ങളുടെ നിപുണമായ നിർവ്വഹണത്തിനായി പ്രാചീനനായന്മാർ സംഘങ്ങളായി സംഘടിപ്പിക്കപ്പെട്ടിരുന്നു.

"പുറനാട്ട് നാന്നൂറും", വെമ്പലനാട്ട് അറുപതിനായിരം "കാതനാട്ടുസ്പത്തും" ഇപ്രകാരം ഓരോരോ ദേശത്തു ഓരോ സംഘങ്ങൾ ഉണ്ടായിരുന്നു. ഈ സംഘങ്ങളിൽ തന്നെ ഓരോ ആയുധപ്രയോഗത്തിനു പ്രത്യേക വൈദഗ്ദ്ധ്യം ഉള്ളവരുടെ പ്രത്യേക

സംഘങ്ങൾ രൂപീകരിക്കപ്പെട്ടിരുന്നു. "വാളർ"സംഘങ്ങളും "മഴവർ" (പരശ്ശുഉപയോഗിക്കുന്നവർ)സംഘങ്ങളും"വേലർ" (വേൽഉപയോഗിക്കുന്നവർ) സംഘങ്ങളും ഉണ്ടായിരുന്നു. "വാളൂർ" (വാഴൂർ) വേളൂർ (വേലൂർ) "മഴവന്നൂർ" മുതലായ കരനാമങ്ങൾ ഈദൃശങ്ങളായ പുരാതന നായർസംഘങ്ങളുടെ സങ്കേതങ്ങളേയാകുന്നു സൂചിപ്പിക്കുന്നതു്.

സൈനികസൌകര്യം പുരസ്കരിച്ചു് ഇപ്രകാരമുള്ള നായർസംഘങ്ങൾ ഉൾപ്പെട്ട കരകളോടുകൂടിയ സ്ഥലവിഭാഗത്തിനു "ദേശം" (ദേശവഴി) എന്നു പേരായിരുന്നു. ദേശത്തിലെ തലവനു ദേശവാഴി എന്നായിരുന്നു സ്ഥാനപ്പേർ. ഓരോദേശവഴിയിലും ദേശവാഴിയുടെ കീഴിൽ, കരതോറുമുള്ള നായന്മാരെ ചേർത്തു പടനയിക്കുവാൻ, "പണിക്കർ" എന്ന സ്ഥാനപ്പേരുള്ള സേനാപതിമാരും, ആയുധപരിശീലനം നൽകുവാൻ, കരതോറും, "കുറുപ്പു്" എന്ന സ്ഥാനമുള്ള ആയുധഗുരുക്കന്മാരും ഉണ്ടായിരുന്നു. നാട്ടിൽ പടയുണ്ടാകുന്ന കാലങ്ങളിലും, കരക്കാർതമ്മിൽ രാജ (നാടുവാഴി) സന്നിധിയിൽവച്ചു നമ്മദ്ധംനടത്തുവാനുള്ള നിയതകാലങ്ങളിലും, ദേശവാഴികളുടെ നേതൃത്വത്തിൽ സേനാപതികൾ നായർപടകളെ പടനിലങ്ങളിലേക്കു നയിച്ചുകൊണ്ടുപോകുകയാണു് പതിവു്. യുദ്ധത്തിൽ മുറിവേൽക്കുന്നവരുടെ ചികിത്സയ്ക്കുവേണ്ട ചെലവുകൾ രാജാവു വഹിക്കും. എന്നുമാത്രമല്ല പടയിൽ മൃതരായവരുടെ കുടുംബക്കാൎക്കു് അനുഭവവസ്തുക്കളും ധനധാന്യങ്ങളും രാജാവു നൽകും; അപ്രകാരം മൃതിയടഞ്ഞവരുടെ ജഡസംസ്കാരത്തിനു വേണ്ട പട്ടു്, മുതലായവയും രാജാവു ദാനംചെയ്യുകയായിരുന്നു നടപ്പ്. രാജാവിൻെറ ഉദ്യോഗസ്ഥന്മാരിൽ ആൎക്കുംതന്നെ ഒരു നായരുടെയും മേൽ, അധികാരം ഉണ്ടായിരുന്നില്ല. ഒരു നായർ മറ്റൊരു നായരെ കൊലപ്പെടുത്തിയാൽ, ഘാതകനെ പിടിച്ചു മരണശിക്ഷ നൽകുവാൻ, രാജാവു് ഏതാനും നായർഭടന്മാൎക്കു് കല്പനനൽകും. അവർ ഘാതകനെപിടിച്ചു ഖഡ്ഗപ്രയോഗം ചെയ്തു മരണശിക്ഷ നടത്തും. ഉറയില്ലാത്ത ഖഡ്ഗം കരമുഷ്ടിയിൽവഹിച്ചുകൊണ്ടായിരുന്നു, നായന്മാർ സഞ്ചരിച്ചുവന്നതു്. നാട്ടിൽ നീതിയും മര്യാദയും, സത്യവും ധൎമ്മവും പുലൎത്തുകയെന്നുള്ളതായിരുന്നു, അവരുടെ വൎഗ്ഗത്തിൻെറ മുദ്രാവാക്യം.

തറ (കര)

പൊതുഭരണ സൌകൎയ്യം പ്രമാണിച്ച് കുടുംബസമൂഹങ്ങളെ തറ (കര)കളായും, തറകളുടെ സമൂഹങ്ങളെ നാടായും സങ്കല്പിക്കപ്പെട്ടിരുന്നു. കുടുംബത്തിലെ (തറവാട്ട്) പ്രമാണി ഏറ്റവും പ്രായം കൂടിയ പുരുഷൻ (കാരണവൻ) ആയിരുന്നു.

തറ (കര)തോറും ഉള്ള തറവാട്ടുകാർ (കുടുംബക്കാർ) ചേൎന്നു ഒരു യോഗം ഉണ്ടായിരുന്നു. ആ യോഗത്തിനു "കൂട്ടം" എന്നായിരുന്നു പേർ. മാസത്തിൽ ഒരിക്കൽ "കൂട്ടം" കൂടണമെന്നു നിൎബ്ബന്ധം ഉണ്ടായിരുന്നു. ഓരോമാസത്തിലെയും സംക്രമദിനത്തിലോ, ഒന്നാംതിയ്യതിയോ തറക്കൂട്ടം (കരക്കൂട്ടം—കരയോഗം) നടത്തപ്പെട്ടുവന്നു. കരയിലെ ക്ഷേത്രസങ്കേതത്തിലോ, നിയതക്രമമനുസരിച്ച് ഓരോ തറവാട്ടുഭവനത്തിലോ വെച്ച് ആയിരുന്നു യോഗം കൂടിവന്നത്. ഓരോ വൎഗ്ഗക്കാർ മാത്രം അധിവസിച്ചിരുന്ന കരകളിൽ, ഓരോ കുടുംബഗൃഹത്തിലും വച്ചു മുറയ്ക്കു യോഗംകൂടും. അന്നു, തറ (കര)ക്കാൎക്കു ചെറുവലിയ വിഭവങ്ങളോടുകൂടിയ സദ്യ കൊടുക്കുക പതിവുണ്ട്. യോഗപ്പുരുക്കൾ, ഓരോകുടുംബക്കാരും നാണ്യമായോ, നെല്ലായോ, വരിസംഖ്യ കൊടുക്കണമെന്നു നിൎബ്ബന്ധമുണ്ടായിരുന്നു. ഈ വക ധനം കൂട്ടത്തിന്റെ പൊതു സമ്പത്തായി മുതൽ കൂട്ടിവന്നു. കുടുംബപ്രമാണികളിൽ ഒരാൾ മുഖ്യസ്ഥനായും, മറ്റൊരാൾ കണക്കനായും, വേറൊരു കാരണവൻ മുതൽ സൂക്ഷിപ്പുകാരനായും കൂട്ടത്തിന്റെ ഏകകണ്ഠമായ അഭിപ്രായപ്രകാരം നിശ്ചയിക്കപ്പെടുകയായിരുന്നു നടത്ത. "കൂട്ടം" വക ഭണ്ഡാരപ്പെട്ടി, കൂട്ടത്തിന്റെ "മുഖ്യസ്ഥൻ" (ഇതായിരുന്നു കൂട്ടത്തിലെ അദ്ധ്യക്ഷന്റെ ഔദ്യോഗികനാമം) കൈവശം വച്ചുസൂക്ഷിക്കും. ആ പെട്ടിയ്ക്കു മൂന്നുതാക്കോലുകൾ ഉണ്ടായിരിക്കും. താക്കോലുകളിൽ ഒന്നു കര(തറ) നാഥനായ മുഖ്യസ്ഥന്റെയും, മറ്റേ താക്കോലുകൾ മുതൽപിടിക്കാരന്റെയും കണക്കന്റെയും കൈവശവും ആയിരിക്കും. കരനാഥത്വം കാലക്രമേണ കുടുംബപാരമ്പര്യമായി ഭവിച്ചു.

കരയിലെ പൊതു ആവശ്യങ്ങൾ എന്തെല്ലാമെന്ന് ഓരോ മാസത്തിലും കൂട്ടം കൂടുമ്പോൾ നിശ്ചയിക്കും. അപ്പോൾ, മുഖ്യസ്ഥനുൾപ്പെടെയുള്ള മൂന്ന് ഉദ്യോഗസ്ഥന്മാരും, ഭണ്ഡാരപ്പെട്ടി,

താക്കോലുകൾ, കണക്ക് എന്നിവ "കൂട്ടം" മുമ്പാകെ ഹാജരാക്കണം. പെട്ടിതുറപ്പിച്ചു, മുതൽ തിട്ടപ്പെടുത്തുവാനും കണക്കു പരിശോധിക്കുവാനും തന്മാസച്ചെലവുകൾ നിശ്ചയിക്കുവാനും പൊതുപ്പെട്ട ആവശ്യങ്ങൾ നിർണ്ണയിക്കുവാനും, മുതൽ സംബന്ധമായ വീഴ്ചകൾ കണ്ടാൽ ചോദ്യം ചെയ്വാനും, പിഴചെയ്യിക്കുവാനും ഉദ്യോഗസ്ഥന്മാരെ നീക്കംചെയ്തു, പുതിയ ആളുകളെ നിയമിക്കുവാനും കൂട്ടത്തിന് അധികാരമുണ്ടായിരുന്നു. "കൂട്ടം" ഇതുദ്ദേശങ്ങളായ കൃത്യങ്ങൾ നിഷ്പക്ഷപാതമായും നിർദ്ദാക്ഷിണ്യമായും നിർവ്വഹിച്ചുവന്നു.

കരയിലെ ക്ഷേത്രത്തിലെ നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം, സംരക്ഷണം എന്നിവയും, ആയുധപൂജ, ആയുധാഭ്യാസത്തിനുള്ള കളരിയുടെ നടത്തിപ്പ്, വഴികളുടെ പരിപാലനം, വഴിക്കിണറുകൾ, വഴിയമ്പലങ്ങൾ, തണ്ണീർപ്പന്തൽ എന്നിവയുടെ സംരക്ഷണം, കന്നുകാലികൾക്കു ധർമ്മപ്പുല്ലു വിതരണം, ആതുരസംരക്ഷണം, ശവസംസ്കാരസഹായങ്ങൾ, ശേഷക്രിയാദി അപരകർമ്മസഹായങ്ങൾ, അങ്കംപോര് എന്നിവ കൂട്ടത്തിന്റെ ചുമതലയിലും മേലന്വേഷണത്തിലും നടത്തിപ്പോന്നു. കരയിലെ കുടുംബക്കാർ ആരെങ്കിലും തമ്മിൽ മുതലോ, ഭൂമിയോ സംബന്ധമായ തർക്കങ്ങൾ ഉണ്ടാകുന്നപക്ഷം, ആവക കാര്യങ്ങൾ "കൂട്ടം" കേട്ടു, വിചാരണചെയ്തു തീർപ്പു കല്പിച്ചുപോന്നു. "കൂട്ട"ത്തിന്റെ തീർപ്പിനെ അനാദരിച്ചോ, "കൂട്ട"ത്തെ വിട്ടോ, കരയിൽ ജീവിക്കുക ദുസ്സാധ്യമായിരുന്നതിനാൽ, "കൂട്ട"ത്തിന്റെ തീർച്ച അവസാനതീർച്ചയായി പരിഗണിക്കപ്പെട്ടിരുന്നു. "കൂട്ട"ത്തിന്റെ വിധി അസ്ഥിരപ്പെടുത്തുവാനോ ഭേദപ്പെടുത്തുവാനോ നാടുവാഴി ഉദ്യമിക്കുക പതിവില്ലായിരുന്നു.

നാട്.

അനേകം തറ(കര)കൾ ചേർന്ന ദേശവിഭാഗത്തിനു "നാട്ട്" എന്നു പേരായിരുന്നു. തറകളെ പൊതുവിൽ ബന്ധിക്കുന്ന കാര്യങ്ങളുടേയും ആവശ്യങ്ങളുടേയും നിർവ്വഹണത്തിനായി, "നാട്ടുകൂട്ടം" എന്നൊരു സംഘം രൂപീകരിക്കപ്പെട്ടിരുന്നു. ഈ സംഘടനയ്ക്കു ചില ദേശങ്ങളിൽ "നാട്ടാർയോഗം" എന്നും പേർ ഉണ്ടായിരുന്നു. തറ (കര)ക്കൂട്ടങ്ങളിലെ മുഖ്യസ്ഥന്മാരും മുതൽപിടിക്കാരും, കണക്കന്മാരും ആയിരുന്നു, നാട്ടുകൂട്ടത്തിലെ

അംഗങ്ങളും, അംഗങ്ങളിൽനിന്ന് അദ്ധ്യക്ഷനായി ഒരാളും, അതതു കാലങ്ങളിൽ വരണംചെയ്യപ്പെട്ടുവന്നു. നാട്ടുകൂട്ടത്തിന്റെ അദ്ധ്യക്ഷനു നല്കപ്പെട്ടുവന്ന ഔദ്യോഗികനാമം "നാടുവാഴി" എന്നായിരുന്നു. "നാടുവാഴി"ത്വം, കാലാന്തരത്തിൽ കുടുംബപാരമ്പര്യാവകാശമായി ഒരു കുടുംബത്തിനു സിദ്ധിച്ചു. എങ്കിലും കൂട്ടത്തിന്റെ അധികാരശക്തിക്കു, പിന്നീടും, വളരെക്കാലത്തേക്കു ഹാനി ഭവിച്ചിരുന്നില്ല. നാടുവാഴിയുടെ അദ്ധ്യക്ഷതയിൽ ആണ്ടുതോറും, ഒന്നോ രണ്ടോ ഗഡുക്കളിൽ നാട്ടുകൂട്ടംകൂടി, കാര്യാലോചനകൾ നടത്തുകയും, നാട്ടുകൂട്ടംവക മുതലുകൾ തിട്ടപ്പെടുത്തുകയും ചെലവിനങ്ങൾ നിശ്ചയിക്കുകയും, ചെയ്തുവന്നു.

കരപ്രമാണികളായിരുന്ന "മുഖ്യസ്ഥ"ന്മാരും, ദേശസഭാദ്ധ്യക്ഷന്മാരായിരുന്ന "ദേശവാഴി"കളും, "നാട്ടുകൂട്ടത്തിന്റെ" അദ്ധ്യക്ഷന്മാരായിരുന്ന നാടുവാഴികളും, കാലക്രമേണ പ്രതാപശാലികളും അമിതസമ്പന്നരും, സർവ്വാധികാരകേന്ദ്രങ്ങളും ആയി ഭവിച്ചതോടുകൂടി, അവരവരുടെ സ്ഥാനങ്ങളും കുടുംബപാരമ്പര്യാവകാശസിദ്ധമായി പരിണമിച്ചു. ഇപ്രകാരമുള്ള ഒരു അവസ്ഥ, ലോകചരിത്രത്തിൽ സർവ്വസാധാരണമായിരുന്നു. കേരളവും ഇതിൽനിന്നു വ്യത്യസ്തമായിരുന്നില്ല. തറകളിലെ ഭൂസ്വത്തുക്കളും ഏറിയകൂറും കരനാഥന്മാരുടേയും, ദേശവാഴി (ദേശവഴികളുടെ അധികാരപരിധി) യിലെ ഭൂമി മിക്കവാറും ദേശവാഴികളുടേയും, (നാട്ടിലെ ഭൂമിയിലുള്ള വിഭവങ്ങളുടെ ആറിലൊരംശം നാടുവാഴിയുടെ ഭോഗമായി വസൂൽചെയ്യുവാൻ ഓരോ നാടുവാഴിക്കും, നാട്ടുകൂട്ടം നല്കിയിരുന്ന അവകാശത്തിനു പുറമെ) നാട്ടിലെ ഭൂസ്വത്തിൽ ഒരു പ്രധാന ഭാഗം നാടുവാഴിയുടേയും സ്വന്തമായി പരിണമിച്ചു; നാടുവാഴികളുടെ പ്രാബല്യം വർദ്ധിക്കുകയും, "നാടുവാഴിത്വം" കുടുംബപാരമ്പര്യാവകാശമായിത്തീരുകയും ചെയ്തതോടുകൂടി, അവർ നാട്ടുകൂട്ടങ്ങളുടെ ആധിപത്യം വഹിക്കുന്നതിൽ വൈമനസ്യം പ്രദർശിപ്പിക്കുവാൻ ആരംഭിച്ചു. ഇതേ ഘട്ടത്തിൽതന്നെ, വൈദികബ്രാഹ്മണരുടെ ആധികാരശക്തി കേരളത്തിൽ സർവ്വസമ്മതമായിത്തീർന്നിരുന്നു.

ക്ഷേത്രയോഗങ്ങളും മണ്ഡപത്തുംവാതുക്കലും.

വൈദികകാര്യൈകപരരായി ജീവിച്ചുവന്ന കേരളത്തിലെ പുരാതന വൈദികബ്രാഹ്മണരുടെ നിത്യാവശ്യങ്ങൾക്കായും,

ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും നിത്യനിദാനാദി ആവശ്യങ്ങൾക്കായും, കേരളത്തിലെ ജനങ്ങൾ ധനധാന്യങ്ങളും ഭൂമിയും ദാനംചെയ്യുന്ന നടപ്പു ആരംഭിച്ചു. ഇപ്രകാരം കാലക്രമേണ ക്ഷേത്രങ്ങളിലേക്കും, ബ്രാഹ്മണകുടുംബങ്ങളിലേക്കും, വളരെ ഭൂസ്വത്തും ധനവും സിദ്ധിച്ചു. ഇങ്ങനെ "ദേവസ്വം" "ബ്രഹ്മസ്വം" എന്നീ രണ്ടു് ഇതരസ്വത്തുക്കൾ ഉണ്ടായി. വൈദികബ്രാഹ്മണരുടെ പക്കൽനിന്നു നാടുവാഴികൾ രാജഭോഗം വസൂലാക്കുക പതിവില്ലായിരുന്നു. കൃഷിദോഷവും, മററും നിമിത്തം വിളവുകുറയുന്ന കാലങ്ങളിൽ രാജഭോഗം കൊടുക്കുവാൻ നിർവ്വാഹമില്ലാതെ ജനങ്ങൾ വലയുന്ന ഘട്ടങ്ങളിൽപോലും, നാടുവാഴികളുടെ ദുരധികാരപ്രമത്തരായ ഉദ്യോഗസ്ഥന്മാർ ഭോഗം വസൂൽചെയ്യുന്നതിൽ ദാക്ഷിണ്യം പ്രദർശിപ്പിച്ചിരുന്നില്ല. എന്നു മാത്രമല്ല, രാജഭോഗം കൊടുക്കുന്നതിൽ കാലതാമസം വരുത്തുന്നവരെ അവർ പലപ്രകാരത്തിൽ പീഡിപ്പിച്ചും വന്നിരുന്നു. ഇങ്ങനെയുള്ള വൈഷമ്യങ്ങളിൽനിന്നും ഒഴിയുവാൻ വേണ്ടി സാധാരണന്മാർ, ഭൂസ്വത്തു, ബ്രാഹ്മണരിൽ ആർക്കെങ്കിലും ദാനംചെയ്തിട്ടു്, നാമമാത്രമായ ഒരു പാട്ടത്തിന്മേൽ ഒഴിവുപാട്ടമായോ കാണപ്പാട്ടമായോ തിരിച്ചുവാങ്ങി, ബ്രാഹ്മണന്റെ കുടിയാനവന്മാരായി ജീവിക്കുന്ന ഒരു സമ്പ്രദായം ക്രമേണ നടപ്പിൽവന്നു. ഈ വിധം ബ്രാഹ്മണർക്കും, പ്രായേണ ഭൂസ്വത്തും ധനവും വർദ്ധിച്ചു. കാലക്രമത്താൽ അവരും പ്രാഭവശാലികളായിത്തീർന്നു. ബ്രഹ്മധ്യാനനിരതരായിരുന്ന അവർ, ക്രമേണക്രമേണ, ലൗകികകാര്യങ്ങളിലും പ്രവേശിക്കുക സംധാരണമായി. രാജ്യഭരണം ഇടപെട്ട സംഗതികളിലും അവരുടെ ശ്രദ്ധ പതിച്ചു. ബ്രഹ്മധ്യാനപരങ്ങളായ വിഷയങ്ങളെക്കുറിച്ചു ചിന്തിക്കുവാനും, ആത്മികകാര്യങ്ങളിൽ പ്രവർത്തിക്കുവാനും ഉപയോഗപ്പെട്ടുവന്ന ക്ഷേത്രസങ്കേതങ്ങൾ, പ്രചായത്താ ഭരണകേന്ദ്രങ്ങൾകൂടെയായി ഭവിച്ചു. ക്രമേണ ബ്രാഹ്മണജന്മിമാർക്കു, നാട്ടിൽ, പ്രതാപവും പ്രാഭവവും വർദ്ധിച്ചു. നാടുവാഴികൾപോലും അവരുടെ ശക്തിവർദ്ധനയിൽ ആശങ്ക ഉദിച്ചിരുന്നുവെന്നുള്ളതിനു സന്ദേഹമില്ല. ദേവസ്വം, ബ്രഹ്മസ്വം, ജന്മവസ്തു മുതലായവ സംബന്ധിച്ച മുതലിടപെട്ട തർക്കങ്ങളുടേയും, ക്ഷേത്രസിൽബന്തികളേയും ജന്മികളുടെ കുടിയാന്മാരേയും സംബന്ധിച്ചുണ്ടാകുന്ന കുററങ്ങളുടേയും വിചാരണ,

ക്ഷേത്രസങ്കേതത്തിൽവച്ചു ബ്രാഹ്മണസഭായോഗംതന്നെ നടത്തി തീർപ്പുകളും ശിക്ഷകളും നൽകിവന്നു. ഈ ബ്രാഹ്മണസഭായോഗങ്ങളുടെ തീർപ്പുകളും വിധികളും ജനങ്ങൾ ഭയഭക്തിപുരസ്സരം അനുസരിച്ച് അവയ്ക്കു വിധേയരാവുകതന്നെ ചെയ്തു. നാടുവാഴികൾ ബ്രാഹ്മണരുടെ പ്രജായത്തഭരണത്തോടു പ്രാതികൂല്യം പ്രദർശിപ്പിച്ചതുമില്ല.

ഏവംവിധം ബ്രാഹ്മണരുടെ അധികാരശക്തി വർദ്ധിച്ചിരുന്നകാലത്തുമുതൽ നാട്ടുക്കൂട്ടത്തിന്റെ അദ്ധ്യക്ഷന്മാരായി ബ്രാഹ്മണരെ തെരഞ്ഞെടുത്തുവന്നു. അവർക്ക് "അവരോധിനമ്പി" യെന്നും "സഭാഞ്ജിതൻ" എന്നും ഔദ്യോഗികസംജ്ഞ നല്കപ്പെട്ടിരുന്നു. നാടുവാഴികൾ സ്വേച്ഛാപ്രഭുക്കളായിത്തീരാതിരിക്കുവാനും, പ്രജായത്തഭരണസ്ഥാപനമായ "കൂട്ട"ങ്ങളുടെ അധികാരം സീമാതീതമാകാതെയിരിക്കുവാനും തക്കവിധം, ഒരു തുലാസിന്റെ ഇരുതട്ടുകളെയും തുല്യനിലയിൽനിർത്തുന്ന തുല്യമാനസൂചിപോലെ ബ്രാഹ്മണർ "നാട്ടാർയോഗ"ത്തിനും "നാടുവാഴി"ക്കും മദ്ധ്യേനിന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു.

മാമാങ്കവും പെരുമാക്കന്മാരുടെ അവരോധവും.

കേരളം ഒട്ടുക്കുള്ള നാട്ടാർയോഗങ്ങളുടെ പ്രതിപുരുഷന്മാരും നാടുവാഴികളും ദേശവാഴികളും തറമുഖ്യസ്ഥരുംചേർന്നു വ്യാഴവട്ടത്തിലൊരിക്കൽ തിരുനാവായ്, ആലുവ, അയിരൂർ, ഓണാട്ടുകര മുതലായ മണപ്പുറങ്ങളിൽ എവിടെയെങ്കിലും മഹായോഗംകൂടി മലയാളരാജ്യത്തിന്റെ പൊതുവിലുള്ള പ്രധാന കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയും നിശ്ചയങ്ങൾ ചെയ്തു, നടപ്പിൽ വരുത്തുവാൻ വ്യവസ്ഥചെയ്യുകയും ചെയ്തുവന്നു. ഇപ്രകാരമുള്ള മഹായോഗത്തിനു "മഹാമഖം" എന്നു പേരായിരുന്നു. "മഖ" ശബ്ദത്തിനു യാഗം എന്നർത്ഥമാണ്. കേരളത്തിന്റെ പൊതുനന്മയ്ക്കും ശ്രേയസ്സിനും വേണ്ടി കൂടിയിരുന്ന മഹാസമ്മേളനമായിരുന്നതിനാൽ അതിനു "മഹാമഖം" എന്നു നൽകപ്പെട്ട സംജ്ഞ അന്വർത്ഥം തന്നെയായിരുന്നു. "മഹാമഖം" എന്ന പദം "മാമങ്ക"മായി ലുപ്തിഭവിച്ചിട്ടുള്ളതാകുന്നു.

ഓരോ മാമങ്കത്തിലും അദ്ധ്യക്ഷനായി അതതുകാലത്തു കേരളത്തിലുള്ള ഏററവും പ്രബലനായ രാജാവിനെ യോഗം ഐകകണ്ഠ്യേന തെരഞ്ഞെടുക്കുക സാധാരണമാണ്. മാമങ്കം

ഒരു മഹായോഗമായിരുന്നുവെങ്കിലും, കേരളത്തിന്റെ രാഷ്ട്രീയോത്സവം പോലെ ആഘോഷിക്കപ്പെട്ടുവന്ന ഒരു സമ്മേളനം ആയിരുന്നതിനാൽ, ഏഴുമുതൽ പന്ത്രണ്ടുവരെ ദിവസങ്ങളിൽ ആയി പലവിധ ചടങ്ങുകൾ നടത്തപ്പെട്ടുവന്നതാണു്.

വേനൽകാലത്തായിരുന്നു മാമാങ്കം നടത്തപ്പെട്ടുവന്നതു്. മണൽപ്പുറത്തു ഇതിലേക്കു പ്രത്യേക പന്തലുകളും രാജാക്കന്മാരുടെയും മററും വാസത്തിനായി താൽക്കാലികമഞ്ചങ്ങളും, സദ്യയ്ക്കുള്ള നെടുമ്പുരകളും, അട്ടക്കളക്കൊട്ടിലുകളും സാമന്തരുടെയും പരിജനങ്ങളുടെയും വാസത്തിനായുള്ള കുടീരങ്ങളും കെട്ടി സജ്ജമാക്കപ്പെട്ടിരിക്കും. മാമാങ്കം പൂർത്തിയാകുന്നതുവരെ സമസ്തർക്കും ചതുർവിധവിഭവങ്ങളോടുകൂടിയ സദ്യ നൽകപ്പെടുന്നതാണു്. ഈ വക ആവശ്യങ്ങൾക്കു വേണ്ട ധനധാന്യങ്ങൾ കേരളരാജാക്കന്മാരും ദേശവാഴികളും കൂട്ടങ്ങളും കൂടി ഉദാരമായി സംഭാവന ചെയ്തു സംഭരിക്കപ്പെടുകയായിരുന്നു പതിവു്. സമസ്തകേരളകലകളും കേരളീയരുടെ കായികാഭ്യാസങ്ങളും, ആയുധവിദ്യ, അശ്വചോദനം, ഗജമത്സരം ആദിയായ പ്രകടനങ്ങളും ചൂതു്, ചതുരംഗം മുതലായ വിഹാരങ്ങളും നിയതദിവസങ്ങളിൽ നടത്തപ്പെടുക സാധാരണമായിരുന്നു. അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുന്ന രാജശ്രേഷ്ഠൻ, മാമാങ്കദിവസം മുതൽ അടുത്ത മാമാങ്കംവരെ കേരളത്തിൽ ആകമാനം നിസ്തുലമായ അധികാരവും പ്രാഭവവും ഉള്ളതായി പരിഗണിക്കപ്പെട്ടുവന്നു. ഇപ്രകാരം അഗ്രിമസ്ഥാനം കൈക്കൊള്ളുന്നതിനു നിഴൽപാടുനില്ക്കുക ("നിലപാടു" എന്നു രൂപഭേദം വന്നിട്ടുണ്ടു്) എന്നാണു പറയുക; അതാവിതു് ഏതൽകാലികമായ "മാമങ്കം" മുതൽ അടുത്ത മാമങ്കംവരെ സമസ്തനാടുവാഴികളും ദേശവാഴികളും പ്രഭുക്കന്മാരും ജനവിഭാഗങ്ങളും ഉൾപ്പെടെയുള്ള കേരളം (മലയാളം) ആകമാനം "മാമാങ്കാതിരിയുടെ നിഴലിൽ അഭയം പ്രാപിച്ചു് അവിടത്തെ കല്പനകൾക്കു വിധേയരായി നില്ക്കുന്നു എന്നുള്ളതായിരുന്നു സങ്കല്പം. എന്നാൽ മാമാങ്കം പൂർത്തിയാകുന്നതുവരെ എല്ലായോഗങ്ങളിലും ചടങ്ങുകളിലും ആദ്ധ്യക്ഷം വഹിക്കുകയെന്നുള്ളതു മാമാങ്കാതിരി ആയ രാജശ്രേഷ്ഠനു് ശ്രമകരമായി വരുമെന്നുള്ളതിനെ പരിഗണിച്ചു മാമാങ്കാതിരിയെ അവരോധിക്കുന്നതോടുകൂടി അദ്ദേഹത്തിന്റെ പ്രതിപുരുഷനായി ഒരു ബ്രാഹ്മണനെക്കൂടി നിശ്ച

ഷിക്കുക സാധാരണമായിത്തീർന്നു. ഇപ്രകാരം പ്രതിപുരുഷനായി അവരോധിക്കപ്പെടുന്ന ബ്രാഹ്മണോപാദ്ധ്യക്ഷന് "ആവാരായ്നമ്പി" എന്നായിരുന്നു ഔദ്യോഗികസംജ്ഞ. മാമാങ്കാധിപതിക്കു കേരളപ്പെരുമാൾ എന്നുള്ള അഭിസംജ്ഞയും സിദ്ധിച്ചു. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കും പൊതുരക്ഷയ്ക്കും വേണ്ടതെല്ലാം പ്രവർത്തിക്കുവാനുള്ള അധികാരവും മുതലായവ കേരളപ്പെരുമാളിനു ഉണ്ടായിരുന്നു. ഈ നിലയിൽ വിദേശശത്രുക്കളുടെ ആക്രമണത്തിൽനിന്നു കേരളത്തെ രക്ഷിക്കേണ്ട ഭാരവും പെരുമാൾ വഹിക്കേണ്ടതായുവന്നു. ആദികാലങ്ങളിൽ ഏതാനും വ്യാഴവട്ടത്തോളം ഈ വ്യവസ്ഥകളനുസരിച്ചു കേരളത്തിന്റെ പൊതുവിലുള്ള കാര്യങ്ങൾ നിർവ്വിഘ്നമായും നിരാക്ഷേപമായും നടന്നുകൊണ്ടിരുന്നു. കേരളത്തിലെ പുരാതനരാജകുടുംബങ്ങളായ കോലത്തിരിരാജവംശം, പുരളിരാജവംശം, വേണാട്ടുരാജവംശം, ചേരരാജവംശം, പാണ്ഡ്യരാജവംശം, ചോളരാജവംശം എന്നീ രാജകുടുംബങ്ങളിലെ രാജാക്കന്മാർ ഓരോ വ്യാഴവട്ടക്കാലം കേരളപ്പെരുമാൾ എന്ന സ്ഥാനം വഹിച്ചിട്ടുള്ളതായും പ്രാചീനരേഖകളിൽനിന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കോലത്തിരി രാജാവായ 'ഉദയവർമ്മ കോലത്തിരിപ്പെരുമാളിന്റെ പൂർവ്വകുടുംബവും രാജ്യവും ഏഴിരാജ്യമായിരുന്നതിനാൽ അവിടത്തേക്കു ഏഴിപ്പെരുമാളെന്നും അഭിസംജ്ഞ ഉണ്ടായിരുന്നു. കോലത്തിരിരാജവംശത്തിന്റെ ഒരു ശാഖയായ പുരളിരാജകുടുംബത്തി (ത്രിപ്പരപ്പ് അല്ലെങ്കിൽ ത്രിപ്പാപ്പൂരു) ലെ വിഖ്യാതനായിരുന്ന കലശേഖരരാമവർമ്മപ്പെരുമാളിനു കുലശേഖരപ്പെരുമാൾ എന്നായിരുന്നു അഭിസംജ്ഞ.

ചില പെരുമാക്കന്മാര കാലാന്തരത്തിൽ സ്വേച്ഛാപരരായിത്തീരുകയാലോ, ചില കേരളരാജാക്കന്മാർ പെരുമാക്കന്മാരുടെ അധികാരശക്തിയിലും പ്രാഭവത്തിലും അസൂയാലുക്കളായി ഭവിക്കുകയാലോ, പെരുമാക്കന്മാരിൽ ചിലരുടെ നടപടികളെക്കുറിച്ചു മാമാങ്കത്തിൽ ചോദ്യം ഉണ്ടാകയാലോ, പ്രധാനപ്പെട്ട രാജാക്കന്മാരിൽ പലരും, ക്രമേണ മാമാങ്കത്തിൽ സന്നിഹിതരാകാതെ വിട്ടു ഒഴിഞ്ഞുതുടങ്ങി. ഇക്കാരണവശാൽ ദുർബ്ബലരും വൈഭവരഹിതരുമായ ചില നാടുവാഴികൾക്കു മുന്നണിയിൽ എത്തുവാനും, താദൃശന്മാർ "പെരുമാൾ" പദത്തിൽ അവരോധിക്കപ്പെടുവാനും ഇടവന്നു. ഇപ്രകാരം

അവരോധിക്കപ്പെട്ട പെരുമാക്കന്മാരെ കേരളത്തിലെ പ്രധാന രാജാക്കന്മാരും അവരുടെ നാട്ടുകളിലെ കൂട്ടങ്ങളും അംഗീകരിക്കായ്ക നിമിത്തം അവർ നാമമാത്രപെരുമാക്കന്മാരായി തീൎന്നു. തന്നിമിത്തം കേരളത്തിൽ പൊതുവേ കാൎയ്യദോഷം സംഭവിക്കുവാൻ ആരംഭിച്ചു. അക്കാരണവശാൽ, പൊതുരക്ഷയെ പുരസ്കരിച്ചു് എല്ലാ കേരളരാജാക്കന്മാരും, യോഗപ്രതിനിധികളും മാമങ്കം കൂടി വിദേശശക്തികളുടെ ആക്രമണത്തിൽനിന്നു കേരളത്തെ രക്ഷിക്കുവാനുള്ള സൎവ്വാധികാരത്തോടുകൂടി ഒരു രക്ഷാപുരുഷനെ അവരോധിക്കുവാൻ തീരുമാനിക്കുകയും, അതിലേക്കു നിൎവ്വാഹമുള്ളിടത്തോളം, കേരളത്തിനു പുറമേയുള്ള രാജ്യങ്ങളിൽനിന്നു് വൈഭവശാലിയായ ഒരു ക്ഷത്രിയനെ വരുത്തണമെന്നു നിശ്ചയിക്കുകയും, ആ മാമാങ്കത്തിൽ വച്ചു തന്നെ യോഗ്യത തികഞ്ഞ ഒരു വിദേശക്ഷത്രിയനെ കേരളരക്ഷാപുരുഷനായി, അവരോധിക്കുകയും ചെയ്തു. കൃത്യവിലോപത്തിനു കേരളരാജാക്കന്മാരോടും കൂട്ടങ്ങളോടും ഉത്തരവാദം ചെയ്യത്തക്ക വ്യവസ്ഥകളിന്മേലും, കേരളരാജ്യങ്ങളിലെ പടയാളികളുടെയും, ദേശവാഴികളായ പടനായകന്മാരുടെയും, സേനാപതികളായ പണിക്കർ കുറുപ്പു മുതലായവരുടെയും മേൽ സൎവ്വാധികാരത്തോടും, കേരളത്തിന്റെ പൊതുനന്മയ്ക്കാവശ്യമുള്ള കൃഷി, വാണിജ്യവ്യവസായങ്ങൾ പുഷ്ടിപ്പെടുത്തുവാൻ വിദേശശക്തികളും സമുദായങ്ങളുമായി സഖ്യത്തിൽ ഏൎപ്പെടുവാനും കേരളത്തിന്റെ പൊതുശ്രേയസ്സിനു് ആവശ്യമുള്ള മററു പ്രവൃത്തികൾ നടത്തുവാനും ഉള്ള സ്വാതന്ത്ര്യത്തോടുകൂടിയായിരുന്നു ഈ രക്ഷാപുരുഷന്റെ അവരോധം. ഉദ്യോഗകാലാവധി പന്ത്രണ്ടു വർഷമെന്നു് ക്ലിപ്തപ്പെടുത്തിയിരുന്നു. അടുത്ത മാമാങ്കത്തിൽ വച്ചു് സ്ഥാനം ഒഴിയണം എന്നും, കേരളരക്ഷാപുരുഷനായിരിക്കുന്ന കാലത്തോളം രാജാധികാരവും രാജപദവികളും "പെരുമാൾ" എന്നുള്ള സ്ഥാനവും ഉണ്ടായിരിക്കുമെന്നും ഉള്ള വ്യവസ്ഥകളിന്മേൽ മാമാങ്കത്തിൽവച്ചു അദ്ധ്യക്ഷനായ മാമാങ്കാതിരി "രക്ഷാപുരുഷപ്പെരുമാ"ളിനു് ഉടവാൾ നൽകിവന്നു. "രക്ഷാപുരുഷപ്പെരുമാൾ" ചെയ്യുന്ന പ്രധാനപ്പെട്ട ഉടമ്പാടുകൾ, കേരളത്തിലെ ഏതാനും നാട്ടുവാഴികളും യോഗപ്രതിനിധികളും സാക്ഷ്യം വഹിച്ചു വേണ്ടതാണെന്നു്, പെരുമാളിന്റെ അധികാരത്തെ നിയന്ത്രിക്കുന്ന

തായ ഒരു വ്യവസ്ഥകൂടി ഉണ്ടായിരുന്നു. ഈ വ്യവസ്ഥകൾ താൻ അനുസരിച്ചുകൊള്ളാമെന്നു മാമാങ്കത്തിൽവച്ചു പൊന്നും വിളക്കും പിടിച്ചു പെരുമാൾ സത്യപ്രതിജ്ഞ ചെയ്യണമെന്നുള്ളതു് അവരോധത്തിന്റെ പ്രധാനചടങ്ങുകളിൽ ഒന്നായിരുന്നു.

ഇപ്രകാരം അവരോധിക്കപ്പെട്ട പെരുമാക്കന്മാരിൽ ചിലർ സമർത്ഥരും, പലരും ദുർബ്ബലരും സ്വാർത്ഥപരരും ആഡംബരപ്രിയരും ആയിരുന്നു. ദുർബ്ബലന്മാരായ പെരുമാക്കന്മാർ കാലാവധി അവസാനിക്കും മുൻപു തന്നെ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടിട്ടുണ്ടു്. ബുദ്ധമതം സ്വീകരിക്കുകയും ബുദ്ധമതത്തെ പ്രചരിപ്പിക്കുവാൻ വേണ്ട ഒത്താശകൾ ചെയ്യുകയും ചെയ്ത ബാണപ്പെരുമാളും സ്ഥാനഭ്രഷ്ടനാക്കപ്പെട്ടിട്ടുണ്ടു്. ആ പെരുമാൾ മംഗലാപുരം ഉടുപ്പിദേശീയനായ ഒരു ബ്രാഹ്മണനായിരുന്നുവെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു. ബാണപ്പെരുമാളിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളും കേരളത്തിലെ പെരുമാക്കന്മാരുടെ ഭരണംസംബന്ധിച്ചും അന്യത്ര പ്രസ്താവിച്ചിട്ടുള്ളതാകുന്നു. രക്ഷാപുരുഷന്മാരായ കേരളപ്പെരുമാക്കന്മാർ, ചുരുക്കം ചില സിവിൽ അധികാരങ്ങളോടുകൂടിയ കേരളസർവ്വസൈന്യാധിപന്മാർ മാത്രമേ ആയിരുന്നുള്ളു. ഒടുവിലത്തെ പെരുമാളായ ചേരമാൻ രാമവർമ്മ അതിപ്രബലനും സമ്മതനും ആയിരുന്നതിനാൽ അദ്ദേഹം സ്ഥാനം ഒഴിയാതെ രണ്ടു വ്യാഴവട്ടകാലം സർവ്വാധികാരിയായി കേരളത്തിൽവാണിരുന്നതായും അദ്ദേഹത്തിന്റെ കാലത്തോടുകൂടി പെരുമാൾ ഭരണം അവസാനിച്ചതായും അനുമാനിക്കേണ്ടിയിരിക്കുന്നു. ചേരമാൻ രാമവർമ്മപ്പെരുമാൾ അന്ത്യകാലത്തിൽ സന്യാസവൃത്തി സ്വീകരിച്ചതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത പെരുമാളിന്റെയും പത്നിയുടെയും പ്രതിമകൾ തിരുവഞ്ചിക്കുളത്തു് അദ്യാപി കാണപ്പെടുന്നു. പ്രബലനായ ഉദയവർമ്മ കോലത്തിരിപ്പെരുമാളിന്റെ വിഗ്രഹം വച്ചു് ആരാധിക്കപ്പെടുന്ന ജീർണ്ണപ്രായമായ ഒരു ക്ഷേത്രം തിരുവിതാംകൂറിൽ തിരുവല്ലാ താലൂക്കിൽ ഉൾപ്പെട്ട കുന്നംതാനം എന്ന ദേശത്തു ഉണ്ടു്. ആ ക്ഷേത്രത്തിനു് "കൊലപ്പുക്കാവു്" (കോലഭൂപക്കാവു്) എന്നാണു നാമം. പ്രബലനായ കുലശേഖരരാമവർമ്മപ്പെരുമാളിന്റെ ഒരു പ്രതിമ തിരുവിതാംകൂറിൽ, ചങ്ങനാശേരി താലൂക്കിലു വെന്നിമല ക്ഷേത്രത്തിൽ ഉണ്ടു്. ഉത്സവകാലങ്ങളിൽ ദേവ

നോട്ടക്കൂടി പെരുമാളിനെയും എഴുന്നള്ളിക്കാറുപതിവു് വെന്നിമല ക്ഷേത്രത്തിൽ നടപ്പുള്ളതാണു്. മണികണ്ഠപ്പെരുമാൾ വേണാട്ടുരാജവംശത്തിലെ പ്രഖ്യാതനായ ഒരു പെരുമാളായിരുന്നു. അദ്ദേഹത്തിന്റെ അപദാനങ്ങൾനിമിത്തം സ്മാരകമായി മണികണ്ഠപുരം എന്നൊരു ക്ഷേത്രം, തിരുവിതാംകൂറിൽ, വാകത്താനം, ദേശത്തു സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഈ പെരുമാളും അന്ത്യകാലത്തു സന്യാസവൃത്തി സ്വീകരിച്ചതായിവിശ്വസിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹവും ബുദ്ധസന്യാസിയായിരുന്നു. മണികണ്ഠപ്പെരുമാൾ ശബരിമല ക്ഷേത്രസങ്കേതത്തിൽ അന്ത്യകാലത്തു താമസിച്ചു സമാധിഅടഞ്ഞുവെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ബുദ്ധമതാവലംബിയായ ബാണപ്പെരുമാൾ അന്ത്യദശയിൽ തിരുവിതാംകൂറിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി താലൂക്കിൽ നീലമ്പേരൂർ ക്ഷേത്രസങ്കേതത്തിൽ സമാധിയടഞ്ഞതായി അനുമാനിക്കുവാൻ തക്കതായ ലക്ഷ്യങ്ങളുണ്ടു്.

കേരളപ്പെരുമാക്കന്മാരുടെയും, രക്ഷാപുരുഷപ്പെരുമാക്കന്മാരുടെയും ഭരണം കേരളത്തിൽ എന്നു് ആരംഭിച്ചുവെന്നും, ഓരോ പെരുമാളിന്റെയും ഭരണകാലം ഏതെല്ലാം ആണ്ടുകളിൽ ആയിരുന്നുവെന്നും, നിർണ്ണയിക്കുവാനുള്ള രേഖകളും ലക്ഷ്യങ്ങളും അജ്ഞാതങ്ങളായിരിക്കുന്നതേയുള്ളു. "കേരളോല്പത്തി" "കേരളമാഹാത്മ്യം" എന്നി പുരാതനഗ്രന്ഥങ്ങളിലെ ഐതിഹ്യാദി തെളിവുകളും, 1875-76-ാംവർഷത്തിൽ കൊച്ചീഗവൺമെണ്ടു പ്രസിദ്ധംചെയ്തിട്ടുള്ള രാജ്യഭരണറിപ്പോർട്ടും, പ്രശസ്തങ്ങളായ ചില കലിദിനസംഖ്യകളും ആസ്പദമാക്കി, ഏതാനും പെരുമാക്കന്മാരുടെ പേരുവിവരം ലിസ്റ്റും ഭരണകാലവും ചില പണ്ഡിതന്മാർ തയ്യാറാക്കിയിട്ടുള്ളതു് എത്രകണ്ടു വിശ്വാസയോഗ്യമെന്നു് തൽക്കർത്താക്കൾക്കുതന്നെ നിശ്ചയം ഇല്ലാതെയായിരിക്കുന്നതു്.

കേരളോല്പത്തിപ്രകാരം ഇരുപത്തഞ്ചു പെരുമാക്കന്മാർ കേരളം വാണിരുന്നതായി കാണുന്നു. അവരുടെ പേരുവിവരം അവരോധമുറയ്ക്കു ചുവടേ ചേർത്തിരിക്കുന്നു:—

1. ചേരമാൻകേരളൻ
2. ചോളപ്പെരുമാൾ
3. പാണ്ഡ്യപ്പെരുമാൾ
4. ഭൂതരായപ്പെരുമാൾ
5. കേരളപ്പെരുമാൾ
6. ചെങ്കലപ്പെരുമാൾ
7. ചോഴിയപ്പെരുമാൾ
8. കുലശേഖരപ്പെരുമാൾ

9. ബാണപ്പെരുമാൾ.
10. തുളുവപ്പെരുമാൾ
11. ഇന്ദ്രപ്പെരുമാൾ
12. ആര്യപ്പെരുമാൾ
13. കണ്ടപ്പെരുമാൾ
14. കോട്ടിപ്പെരുമാൾ
15. മാടപ്പെരുമാൾ
16. ഏഴിപ്പെരുമാൾ
17. കോമ്പപ്പെരുമാൾ
18. വിജയപ്പെരുമാൾ
19. വല്ലഭപ്പെരുമാൾ
20. ഹരിശ്ചന്ദ്രപ്പെരുമാൾ
21. മല്ലപ്പെരുമാൾ
22. കുലശേഖരപ്പെരുമാൾ
23. ആദിരാജപ്പെരുമാൾ
24. പാണ്ഡ്യപ്പെരുമാൾ
25. ചേരമാൻ (രാമവർമ്മ)പെരുമാൾ

രചനാകാലത്തു നിലവിലിരുന്ന ഗ്രന്ഥവരികളെയും കേട്ടുകേൾവികളെയും അടിസ്ഥാനമാക്കി ഉണ്ടാക്കപ്പെട്ടിട്ടുള്ളതായിരിക്കണമല്ലോ കേരളോല്പത്തി. "കേരളമാഹാത്മ്യം", ഇതിനേക്കാൾ പഴക്കംകുറഞ്ഞ കൃതിയാണു്. കൊച്ചീറിപ്പോർട്ടിനു്, ഇവയേക്കാൾ പഴക്കംകുറവാണെന്നുള്ളതു പ്രത്യക്ഷമാകുന്നു. അതിനാൽ "കേരളോല്പത്തി"പ്രകാരമുള്ള പെരുമാക്കന്മാരുടെ പട്ടിക കൂടുതൽ വിശ്വാസയോഗ്യമായിരിക്കണം. എന്നാൽ എല്ലാ കേരളപ്പെരുമാക്കന്മാരുടെയും, രക്ഷാപുരുഷപ്പെരുമാക്കന്മാരുടെയും, പേരുകൾ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു വിശ്വസിക്കാവുന്നതല്ല. ഗ്രന്ഥകാരന്റെ അറിവിലും അന്വേഷണത്തിലും ലഭിച്ചിടത്തോളം പേരുകളും വസ്തുതകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുമെന്നു വിചാരിക്കുവാനല്ലേ തരമുള്ളൂ. എങ്കിലും മലയാളത്തിലെ പ്രധാനരാജ്യങ്ങളുടെ പേരുകൾ, ഈ പട്ടികയിലെ ഭൂരിപക്ഷം പെരുമാക്കന്മാരുടെ പേരുകളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു്, ആദിമാമാങ്കങ്ങളിലെ നിശ്ചയപ്രകാരം അവരോധിക്കപ്പെട്ടിട്ടുള്ള രാജപ്പെരുമാക്കന്മാരായിരുന്നു, അവർ എന്നു് അനുമാനിക്കാവുന്നതാണു്. ജൂത സിറിയ താമ്രശാസനങ്ങളുടെ ദാതാക്കളായ ഭാസ്കരരവിവർമ്മപ്പെരുമാളിന്റെയും, സ്ഥാണുരവിഗുപ്തപ്പെരുമാളിന്റെയും വീരരാഘവചക്രവർത്തിയുടെയും പേരുകൾ കേരളോല്പത്തി മുതലായ പുരാതനഗ്രന്ഥങ്ങളിലും, രേഖകളിലും പെരുമാക്കന്മാരുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇതിന്റെ ഹേതു, അവർ കേരളപെരുമാക്കന്മാരായി മാമാങ്കത്തിങ്കൽ അവരോധിക്കപ്പെട്ടിരുന്നവർ അല്ലായ്കയാൽ ആയിരി

ക്കണം. കൊല്ലംരാജ്യം അത്യുന്നതാവസ്ഥയെ പ്രാപിച്ചിരുന്ന കാലത്തു് ആ രാജ്യസീമകൾ തെക്കു് ഇടവാ മുതൽ വടക്കു കോഴിക്കോട്ടുവരെയും കിഴക്കു സഹ്യാദ്രിമുതൽ പശ്ചിമസമുദ്രം വരെയും, ഉള്ള മിക്ക പ്രദേശങ്ങളിലും വ്യാപിച്ചിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. അക്കാലം ഏതു ശതവർഷമെന്നു ഖണ്ഡിതമായി അഭിപ്രായപ്പെടുവാൻ നിർവാഹമില്ലെങ്കിലും, "അഞ്ചുവനം"എന്ന മലനാട്ടുപ്രദേശം ജോസഫ്റബ്ബാനു വിട്ടുകൊടുക്കുന്നതായി ഭാസ്കരരവിവർമ്മപ്പെരുമാൾ നൽകിയിട്ടുള്ള താമ്രശാസനത്തിന്റെ പഴക്കത്തെക്കുറിച്ചുള്ള പണ്ഡിതന്മാരുടെ അഭിപ്രായം തുലനംചെയ്തതിൽ എ. ഡി. 7-ാംശതകത്തിന്റെ ആദ്യഘട്ടമാണു് അതിന്റെ കാലമെന്നു്, സാമാന്യേന അഭിപ്രായപ്പെടാവുന്നതാണു്. "മണിഗ്രാമം" കൊട്ടങ്ങല്ലൂരെ ഇരവികോർട്ടനു നൽകുന്നതായ ഒരു ശാസനം വീരരാഘവചക്രവർത്തി തുല്യംചാർത്തിയിട്ടുള്ളതായികാണുന്നു. പ്രസ്തുത ശാസനത്തിന്റെകാലവും എ. ഡി. 8-ാംശതകത്തിന്റെ മദ്ധ്യഘട്ടം അതിക്രമിച്ചിട്ടുള്ളതല്ലെന്നും നിർണ്ണയിക്കാവുന്നതാകുന്നു. സ്ഥാണുരവിഗുപ്തൻ എന്ന രാജാവിന്റെ അംഗീകാരം സിദ്ധിച്ചിട്ടുള്ളതും, കടലോരത്തുള്ള ഒരു ഗ്രാമത്തെ ആ ക്രൈസ്തവകുടിപാർപ്പുകാരുൾപ്പെടെ, ഏതദ്ദേശിയക്രൈസ്തവദേവാലയത്തിനു നൽകുന്നതും ആയ മർവൻസാപീറിന്റെ സപകാര്യശാസനം പരിശോധിച്ചതിൽ 9-ാംശതകത്തിന്റെ പ്രാരംഭഘട്ടത്തോടടുത്താണു് അതിന്റെ കാലമെന്നും നിർണ്ണയിക്കുന്നതു് അബദ്ധമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.* അതായിതു് എ. ഡി. എട്ടാംശതവർഷത്തിനും ഒൻപതാം ശതവർഷത്തിനും ഇടയ്ക്കായി കൊല്ലംരാജ്യംഭരിച്ചിരുന്ന രാജാക്കന്മാരിൽ ഭാസ്കരരവിവർമ്മപ്പെരുമാൾ,വീരരാഘവചക്രവർത്തി, സ്ഥാണുരവിഗുപ്തപ്പെരുമാൾ എന്നീ മൂന്നു നാടുവാഴികൾ ഉൾപ്പെട്ടിരുന്നതായി അനുമാനിക്കാം. പെരുമാൾഭരണം കേരളത്തിൽ നിലച്ചശേഷം, പല കേരളരാജാക്കന്മാരും "പെരുമാൾ" എന്ന അഭിസംജ്ഞ രാജകീയ നാമാവശേഷമായി ഉപയോഗിച്ചു വന്നിരുന്നു എന്നു വിശ്വസിക്കുവാൻ മതിയായ തെളിവുകൾ ഉള്ളതാണു്.

* Logan's Malabar
History of Kerala—Padmanabh Menon.

അതിനാൽ, പ്രതാപികളും പ്രബലരുമായിരുന്ന പ്രാചീന കൊല്ലംരാജാക്കന്മാർ "പെരുമാൾ" എന്ന സ്ഥാനംകൂടി ചേരിനോട് ഘടിപ്പിച്ചുപയോഗിച്ചുവന്നതും അത്ഭുതമല്ലല്ലോ. ആധുനികകാലത്തു, എല്ലാ പ്രമാണങ്ങളിലും, നിലയും വിലയുമുള്ള ഏതാനും സമീപസ്ഥരെ സാക്ഷികളായിച്ചേർക്കുന്ന പതിവു പുരാതനകാലത്തും നടപ്പുണ്ടായിരുന്നു. രാജകീയശാസനങ്ങളിൽ സാധാരണന്മാരെ സാക്ഷികളായി ചേർക്കുക ഭംഗിയല്ലല്ലോ. അതിനാൽ, മേൽപ്രസ്താവിക്കപ്പെട്ട താമ്രശാസനങ്ങളിൽ അക്കാലത്തു കേരളത്തിൽ പേരും പെരുമയും ഉണ്ടായിരുന്നുള്ള ഇതര രാജാക്കന്മാരിൽ ചിലരെക്കൂടി സാക്ഷിസ്ഥാനത്തു ചേർപ്പാൻ ഇടയായിട്ടുള്ളതാണ്. അല്ലാതെ, കൊല്ലംരാജാവിന്റെ രാജ്യത്തിൽ ചില സ്ഥലങ്ങൾ ചിലർക്കു ദാനമായി വിട്ടുകൊടുക്കുന്നതിനോ പ്രത്യേക താല്പര്യമുള്ള ആർക്കെങ്കിലും സ്ഥാനമാനാവകാശങ്ങൾ നൽകുന്നതിനോ, കേരളത്തിലെ ഇതരരാജാക്കന്മാരുടെ അറിവോ, അംഗീകാരമോ, സമ്മതമോ, ആവശ്യമുണ്ടെന്നു വിചാരിക്കുവാൻ ന്യായം ഇല്ല. ഈ മൂന്നു രാജാക്കന്മാരും കേരളപ്പെരുമാക്കന്മാരായിരുന്നുവെന്ന് ഒരു ധാരണ പലർക്കും ഉള്ളതാണ്. അതു കേവലം തെററിദ്ധാരണയാണെന്ന് അല്പം ആലോചിച്ചാൽ വെളിവാകുന്നതാണ്.

പെരുമാക്കന്മാരുടെ തലസ്ഥാനം.

കേരളപ്പെരുമാക്കന്മാരായി, പ്രാബല്യമുള്ള കേരളരാജാക്കന്മാർ അവരോധിക്കപ്പെട്ടുവന്ന കാലങ്ങളിൽ, അവർ സ്വരാജ്യവും രാജധാനിയുംവിട്ടു, പന്തിരാണ്ടു് ആകലെ ഒരു നഗരത്തിൽ താമസിച്ചു, കേരളത്തിന്റെ പൊതുക്കാര്യങ്ങൾ അന്വേഷിച്ചുവന്നുവെന്നു വിശ്വസിക്കാവുന്നതല്ല. അക്കാലങ്ങളിലും പെരുമാളിനു് ഒരു പ്രത്യേക തലസ്ഥാനം ഉണ്ടായിരുന്നില്ലെന്നും പറഞ്ഞുകൂടാ. പ്രത്യേക തലസ്ഥാനവും പ്രത്യേക ഉദ്യോഗസ്ഥന്മാരും പരിവാരങ്ങളും അവർക്കു് ഉണ്ടായിരുന്നുവെന്നുള്ളതിനു സന്ദേഹമില്ല. അവർ മിക്കവാറും സ്വരാജ്യത്തെ തലസ്ഥാനങ്ങളിൽ താമസിച്ചു സ്വരാജ്യഭരണം മുറപോലെ നടത്തുകയും, അത്യാവശ്യ ഘട്ടങ്ങളിൽമാത്രം പെരുമാൾവാടത്തിൽ എഴുന്നള്ളി കേരളകാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തുവന്നിരിക്കുവാനേ ഇടയുള്ളു. എന്നാൽ പെരുമാളിന്റെ ഉദ്യോഗസ്ഥന്മാർ പലരും, ഒരു പക്ഷേ പെരുമാളിന്റെ പ്രതി

പുരുഷനായ അവരോധിനമ്പിയും, തലസ്ഥാനത്തിലെ കോവിലകത്തു താമസിച്ചു കൃത്യനിർവഹണംചെയ്തുവന്നുവെന്നു് അനുമാനിക്കാവുന്നതാണു്. പെരുമാളിൻെറ ഔദ്യോഗിക തലസ്ഥാനം കൊടുങ്ങല്ലൂരും, വാസത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കോവിലകം തിരുവഞ്ചിക്കളവും ആയിരുന്നു. "ശ്രീവഞ്ചി കോവിലകം" കൊട്ടാരം പെരുമാക്കന്മാരുടെ വാസത്തിനായി പണികഴിപ്പിച്ചതു കുലശേഖരപ്പെരുമാൾ പ്രഥമൻ ആയിരുന്നുവെന്നു "ശ്രീവഞ്ചി" എന്ന തൃപ്പാപ്പൂരു സ്വരൂപസംജ്ഞയാൽ ആ കോവിലകം അറിയപ്പെട്ടുവന്നതിൽനിന്നു് അനുമാനിക്കുവാൻ കഴിവുണ്ടു്. രക്ഷാപുരുഷപ്പെരുമാക്കന്മാരുടെ കാലം മുതൽ അവർ തിരുവഞ്ചിക്കളത്തു സ്ഥിരവാസം ആരംഭിച്ചു; എന്തുകൊണ്ടെന്നാൽ കാലാവധിയായ ഒരു വ്യാഴവട്ടം മുഴുവൻ രക്ഷാപുരുഷൻെറ ഔദ്യോഗികകൃത്യങ്ങൾ നിർവഹിച്ചും, അതിലേക്കുള്ള വേതനവും അനുഭവങ്ങളും പദവികളും കൈക്കൊണ്ടും, പെരുമാളിൻെറ വസതിയായ തിരുവഞ്ചിക്കളത്തു കാലാവധിവരെ സ്ഥിരവാസംചെയ്യാൻ അവർ ബാധ്യസ്ഥരായിരുന്നു.

പെരുമാക്കന്മാരുടെ ഭരണകാലം.

ഇപ്പോൾ അറിയപ്പെട്ടിട്ടുള്ള പെരുമാക്കന്മാരിൽ, ഏതാനും പേരെ ഒഴിച്ചു ഭൂരിപക്ഷത്തിൻെറയും വംശഭേദാദികൾ നിർണ്ണയിക്കുവാൻ മാർഗ്ഗം സുലഭമായിരിക്കുന്നില്ല. പെരുമാക്കന്മാരുടെ ഭരണം ഏതൊരുകാലത്തു ആരംഭിച്ചുവെന്നും, ഭരണകാലക്രമം അനുസരിച്ചുള്ള അവരുടെ പേരുവിവരം എങ്ങനെയെന്നും, ഓരോ പെരുമാളിൻെറയും ഭരണകാലം ഏതേതെന്നും, പെരുമാക്കന്മാരുടെ ഭരണം കേരളത്തിൽ അവസാനിച്ച കാലം ഏതെന്നും നിർണ്ണയിക്കുവാൻ വിശ്വാസയോഗ്യമായ തെളിവുകൾ ഇല്ലാതെയാണിരിക്കുന്നതു്. പെരുമാക്കന്മാരുടെ ഭരണകാലവിവരം സംബന്ധിച്ചു് മി. പത്മനാഭമേനവൻ, അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ആണ്ടുകൾ കേവലം ഊഹാസ്പദങ്ങളാണെന്നു് അദ്ദേഹം തന്നെ സമ്മതിച്ചിട്ടുണ്ടു്. പട്ടികയിലെ ആദ്യത്തെ പെരുമാളിൻെറ

(1) Notes on Visscher's Letters from Malabar by Mr. K. P. Padmanabha Menon Vol 1 Page 40.

അവരോധകാലം ഏ. ഡി. 216 ആണെന്നു കേരളോല്പത്തിപ്രകാരമുള്ള കലിദിനസംഖ്യയിൽ നിന്നു് നിർണ്ണയിച്ചിട്ടുള്ളതാകുന്നു. ആ പെരുമാളിൻെറ പേർ കേരളോല്പത്തിപ്രകാരം "ചേരമാൻ കേരളൻ" എന്നാണെന്നു കാണുന്നു. കേരളമാഹാത്മ്യത്തിലും ഈ നാമം തന്നെയാണു ചേർത്തിട്ടുള്ളതു്. കൊച്ചീരാജ്യഭരണറിപ്പോർട്ടിൽ "കേയപ്പെരുമാൾ" എന്നു സംജ്ഞ ചെയ്തിരിക്കുന്നു. "കേയ" എന്നതു "കേരള" ശബ്ദത്തിൻെറ ഗ്രാമ്യലുപ്തരൂപമായിരിക്കണം. കേരളശബ്ദത്തിനു് "കേള" എന്നും "കേയ" എന്നും ലുപ്തരൂപങ്ങൾ ഉണ്ടു്.

ചേരമാൻ കേരളപ്പെരുമാൾ "ചേരകേരള" രാജ്യങ്ങൾ അടക്കി ഭരിച്ചിരുന്ന ഒരു രാജാവായിരിക്കുവാനേ തരമുള്ളു. ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതിൻവണ്ണം, ആ പെരുമാൾ, കോയമ്പത്തൂർ സ്വദേശിയായ ഒരു രാജാവായിരിക്കുവാൻ ഇടയില്ല. പട്ടികയിലുള്ള രണ്ടാമത്തെ പെരുമാൾ അക്കാലത്തു പ്രബലനായിരുന്ന ചോളരാജാവാണെന്നും, ചോളരാജ്യം മലയാളനാട്ടിനുള്ളിലും വ്യാപിച്ചിരുന്നതായും അനുമാനിക്കേണ്ടിയിരിക്കുന്നു. മൂന്നാമത്തെ പെരുമാൾ പാണ്ഡ്യരാജാവായിരിക്കുവാനേ മാർഗ്ഗമുള്ളു. മലനാട്ടും ദക്ഷിണകേരളത്തിൽ പല ഭാഗങ്ങളും പാണ്ഡ്യരാജ്യസീമകൾക്കുള്ളിൽ ഉൾപ്പെട്ടിരുന്ന കാലം ഉണ്ടായിരുന്നു എന്നുള്ളതു നിസ്തർക്കമാണല്ലോ. ഭട്ടാര്യപ്പെരുമാളുടെ രാജ്യവംശാദികൾ നിർണ്ണയിക്കുവാൻ മതിയായ ലക്ഷ്യങ്ങൾ സുലഭമല്ലെങ്കിലും, "ഭട്ട" ശബ്ദം നാമത്തോടുകൂടി സംഘടിതമായിരിക്കുന്നതിനാൽ ബ്രഹ്മക്ഷത്രിയനായ ഒരു കേരളരാജാവായിരുന്നു ഈ പെരുമാൾ എന്നു അനുമാനിക്കാവുന്നതാണു്. ക്ഷത്രിയവൃത്തി കൂടി സ്വീകരിച്ചുവന്ന ബ്രാഹ്മണർ, "ഭട്ടർ" എന്ന ഉപസംജ്ഞ അവരുടെ നാമത്തോടുകൂടി പുരാതനകാലംമുതൽ ഉപയോഗപ്പെടുത്തിവന്നതായിക്കാണാം. പുരാതനകേരളത്തിലെ ഏററവും പ്രബലനായ ബ്രഹ്മക്ഷത്രിയ രാജാവു ഇടപ്പള്ളിരാജാവായിരുന്നു. "ഇളങ്ങല്ലൂർ" എന്ന വംശനാമത്താൽ അദ്യാപി അറിയപ്പെട്ടുപോരുന്ന ഈ രാജവംശത്തിൻെറ ഭരണത്തിലിരുന്ന രാജ്യത്തിൻെറ സീമകൾ ഉത്തരഭാഗത്തു ആധുനിക കൊച്ചീരാജ്യം ഉൾപ്പെട്ടിരിക്കുന്ന ചില പ്രദേശങ്ങളിലും ദക്ഷിണഭാഗത്തു മദ്ധ്യതിരുവിതാംകൂറിലെ മലനാടുകളിലും, ഇടനാടുകളിൽ ചില പ്രദേശങ്ങളിലുംകൂടി

വ്യാപിച്ചിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. "കലി വർഷം 4521-ാമാണ്ടു ഇളങ്ങല്ലൂർതമ്പുരാൻ, കൊച്ചി, പെരുമ്പടപ്പിൽതമ്പുരാനു കൊടുത്തു" എന്നു് ഒരു പുരാതന ഗ്രന്ഥവരിയിൽ കാണുന്നുണ്ടു്; അതാവിതു് കൊല്ലവർഷം 325-മാണ്ടാണു് ഇപ്രകാരം കൊടുത്തിട്ടുള്ളതെന്നു വ്യക്തമാകുന്നു. ഈ ഗ്രന്ഥവരിപ്രകാരംനോക്കുമ്പോൾ കൊച്ചിഎന്ന ദേശവിഭാഗം ആക്കാലംവരെ എളങ്ങല്ലൂർസ്വരൂപംവകയായിരുന്നുവെന്നാണല്ലോ അനുമാനിക്കേണ്ടതു്. "കേരളമാഹാത്മ്യം" എന്ന സംസ്കൃതഗ്രന്ഥത്തിൽ കൊച്ചിയുടെ "ബാലപുരി" എന്നാണു സംജ്ഞനൽകിക്കാണുന്നതു്, എന്നുള്ള വസ്തുതയും പ്രത്യേകം സ്മരണീയമാണു്. കൊച്ചീരാജ്യചരിത്രത്തെക്കുറിച്ചു് അന്യത്ര പ്രസ്താവിക്കുന്നതാകയാൽ കൂടുതൽ വിവരങ്ങൾ ഇവിടെ ചേർക്കുന്നതു അപ്രകൃതമാകകൊണ്ടു് അതിനു് ഉദ്യമിക്കുന്നില്ല.

"കേരളപ്പെരുമാൾ" എന്ന പട്ടികയിൽ അഞ്ചാമതായി പേർ ചേർക്കപ്പെട്ടിരിക്കുന്ന രാജാവു് എ. ഡി. 4-ാംശതവർഷത്തിൽ കേരളരാജ്യം ഭരിച്ചിരുന്ന പ്രശസ്തനായ മന്നരാജാവു ആയിരുന്നുവെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. സമുദ്രഗുപ്തന്റെ ഭയങ്കരമായ ആക്രമണത്തിൽ നിന്നു കേരളനാടുകളെ രക്ഷിക്കുകയും, പ്രതാപവാനും, ബലപരാക്രമശാലിയുമായിരുന്ന ആ വിദേശശത്രുവിനാൽ ബന്ധനസ്ഥരാക്കപ്പെട്ട കേരളനാട്ടുവാഴികളെ മോചിപ്പിച്ചു അവരുടെ അഭിമാനസംരക്ഷണം ചെയ്കയും ചെയ്തതു്, മന്നരാജകേരളപ്പെരുമാളായിരുന്നു.

ചെങ്കലപ്പെരുമാൾ എന്ന കേരളോൽപ്പത്തിയിൽ കാണുന്നതു് "ചെങ്കുട്ടവൻ" എന്ന പേരിനാൽ അറിയപ്പെടുന്ന ചേരരാജാവായിരിക്കണം. എ. ഡി. രണ്ടാംശതകത്തിൽ ചേരരാജ്യത്തിന്റെ ആധിപത്യം ചെങ്കുട്ടവനു് ആയിരുന്നു. ചെങ്കുട്ടവൻ ചേരരാജ്യം ജയിച്ചടക്കി ഭരണം തുടങ്ങിയ ഒരു വിദേശരാജവംശജൻ ആയിരിക്കണം. എന്തുകൊണ്ടെന്നാൽ ദക്ഷിണഭാരതം ഒട്ടുക്കു് ചെങ്കുട്ടവന്റെ സാർവ്വാധികാരം അംഗീകരിക്കപ്പെട്ടിരുന്നതായി "ചിലപ്പതികാരം" "മണിമേഖല" എന്നീ പുരാതന തമിഴ് ഗ്രന്ഥങ്ങളിൽ നിന്നു് വെളിപ്പെടുന്നുണ്ടു്. ഈ രാജാവിന്റെ ജാതി നാമം ആയിരിക്കാം "ചെങ്കുട്ടവൻ" എന്നതു്. കേരളീയരായ തമിഴരുടെയും ഇതരവർഗ്ഗക്കാരുടെയും

ഇടയിൽ ഇപ്രകാരം ഒരു പേർ നടപ്പില്ല. ചെങ്കുട്ടവന്റെ പുത്രനായിരുന്ന തൊണ്ടിദേശാധിപന്റെ പേരു്, "യാനൈക്കണ്ണൻ" എന്നു് ആയിരുന്നു. ഇപ്പേരും മലയാളദേശത്തു പരിചിതമല്ല. ചെങ്കുട്ടവൻ ചെങ്കൽപട്ടയുടെ സ്ഥാനത്തു ഉണ്ടായിരുന്ന ഒരു രാജ്യത്തിലെ രാജവംശജനായിരിക്കാം. ദക്ഷിണ ഇൻഡ്യയെ ആകമാനം ഭുജബലം കൊണ്ടു കിടുകിടെ വിറപ്പിച്ചുകൊണ്ടും, ചേരരാജ്യം അടക്കി ഭരിച്ചും പ്രതാപിയായി ജീവിച്ച ചെങ്കുട്ടവനെ മാമാങ്കത്തിൽ വച്ചു പെരുമാളായി ആവരോധിച്ചുവെന്നു അനുമാനിക്കാവുന്നതാണു്. ആ രാജാവിന്റെ രാജകീയനാമം ഉദയവർമ്മ എന്നായിരുന്നു. എങ്കിലും "ചെങ്കലപ്പെരുമാൾ" എന്ന പേരിലാണു് കേരളോല്പത്തിയാൽ അറിയപ്പെടുന്നതു്. "ചെങ്കലപ്പെരുമാൾ" എന്നസംജ്ഞ കൊണ്ടുതന്നെ ധ്വനിക്കുന്നതു്, ആ പെരുമാൾ ചെങ്കൽപട്ട ദേശക്കാരനാണെന്നാകുന്നു. അദ്ദേഹം മലയാളദേശീയനല്ലെന്നുള്ളതിനു ഭാഷാപരമായും മററുമുള്ള ഇതരതെളിവുകളും അനുകൂലമായിരിക്കുന്നു. ചെങ്കലപട്ടണം എന്നു കൊടുങ്ങല്ലൂരിനു പേരു സിദ്ധിച്ചതു്, ചെങ്കലപ്പെരുമാൾ അവിടം രാജസ്ഥാനമാക്കി വാണിരുന്നതിനാലാകുന്നു. "ജെങ്കലി" "ജിങ്കലെ", "സിങ്കിലൻ", "ഷിങ്കലി", "ചിങ്കലി", "ജിങ്കലി", "സിങ്കലി", "ഷെങ്കല" എന്നിങ്ങനെയെല്ലാം പുരാതനസഞ്ചാരികൾ മുയിരിക്കോടിനു് (ആധുനിക കൊടുങ്ങല്ലൂർ) സംജ്ഞ നൽകിയിട്ടുള്ളതായി കാണുന്നു. "ഷേങ്കല" എന്ന പുരാതന കേരളവാദ്യോപകരണവും, അർദ്ധചന്ദ്രാകൃതിയിലുള്ള മൂർച്ചയേറിയ വാത്തലയോടുകൂടിയ "ചെങ്കൊട്ടവാൾ" എന്ന പുരാതനകേരളഖഡ്ഗവും ആദ്യമായി നിർമ്മിക്കപ്പെട്ടതു ചെങ്കലപട്ടണത്തിൽ വച്ചും, ചെങ്കൊട്ടവന്റെ കാലത്തും ആയിരുന്നുവെന്നു അനുമാനിക്കാം.

ചെങ്കലപ്പെരുമാളിന്റെ ആധിപത്യകാലം കുലശേഖരപ്പെരുമാളിന്റെ കാലശേഷമാണെന്നു നിർണ്ണയിക്കുവാൻ ന്യായമുണ്ടു്. ശ്രീവഞ്ചികോവിലകം എന്ന "പെരുമാൾ സദനം" പണികഴിപ്പിച്ചതു കുലശേഖരപ്പെരുമാൾ (പ്രഥമൻ) ആയിരുന്നുവെന്നു് മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചെങ്കുട്ടവന്റെ വാസ

---

* വടക്കൻ പറവൂർ ഏതാനും മൈൽ തെക്കു മാറി "കൊട്ടവക്കോട്"* എന്നൊരു പ്രദേശമുണ്ടു്.

സ്ഥലവും "വഞ്ചി" ആയിരുന്നുവെന്നു കാണുന്നു. കൊടുങ്ങല്ലൂർ പട്ടണത്തിൽ ചെങ്കലപ്പെരുമാളിന്റെ ഉദ്യോഗസ്ഥന്മാർ കാൎയ്യവിചാരം ചെയ്തുവന്നു. പെരുമാൾ തിരുവഞ്ചിക്കളത്തുള്ള കൊട്ടാരത്തിലും താമസിച്ചുവന്നു. ചെങ്കുട്ടവന്റെ കനിഷ്ഠസഹോദരനായ ഇളംകുർ ("ഇങ്കൻ" എന്ന പേരോ, "ഇളംകൂർ" എന്ന കിരീടാവകാശമുറയുടെ സ്ഥാനസംജ്ഞയോ ആയിരിക്കണം.) അടികൾ (പൂജകമായ "തിരുവടികൾ" എന്ന പദത്തിന്റെ ലുപ്തരൂപം ആയിരിക്കണം, ജാതിനാമമായും വരാം). സന്ന്യാസവൃത്തി അവലംബിച്ചു തിരുവഞ്ചിക്കളത്തിനു സമീപം "കുണവായിൽ" എന്ന സ്ഥലത്തു താമസിച്ചിരുന്നു.

ചോഴിയപ്പെരുമാൾ ചോളരാജാവായിരുന്നു എന്നുള്ളതിനു ഇതരതെളിവുകൾ ആവശ്യമില്ല. ചോളരാജാവു പെരുമാളായി ചില ഘട്ടങ്ങളിൽ അവരോധിക്കപ്പെട്ടിട്ടുള്ളതായി പട്ടികകൊണ്ടു് കാണാവുന്നതാകയാൽ രണ്ടു സന്ദൎഭങ്ങളിൽ ചോളരാജ്യത്തിനു കേരളത്തിൽ പ്രാബല്യം ഉണ്ടായിരുന്നുവെന്നു് അനുമാനിക്കാം.

കുലശേഖരപ്പെരുമാൾ എന്നപേർ ഉള്ള രണ്ടുപേർ ഓരോ ഘട്ടങ്ങളിലായി കേരളത്തിൽ ആധിപത്യം നടത്തിയിട്ടുണ്ടെന്നു കേരളോൽപ്പത്തിയിൽ കാണുന്നു. ഇതിൽനിന്നു വെളിവാകുന്നതു കേരളത്തിൽ പെരുമാക്കന്മാരുടെ വാഴ്ച നടന്നു് ഏതാനും ശതവൎഷങ്ങൾക്കിടയിൽ രണ്ടുപ്രാവശ്യം തൃപ്പാപ്പൂരു രാജവംശം അത്യുന്നതാവസ്ഥയെ പ്രാപിച്ചിരുന്നു, എന്നാകുന്നു. തൃപ്പാപ്പൂരുസ്വരൂപം രാജവംശത്തിന്റെ രാജ്യമായ പുരളി അഥവാ ശ്രീവാഴുംകോടിനു (ശ്രീവാഴുംകോടിന്റെ ലുപ്തരൂപമാകുന്നു തിരുവിതാംകോടു്, ഇതിനു Travancore എന്ന ഇംഗ്ലീഷു പരിഭാഷാരൂപം ഉണ്ടാകുകയും തദനന്തരം അതിനെ അനുകരിച്ചു "തിരുവിതാംകൂർ" എന്ന രൂപം സിദ്ധിക്കുകയുംചെയ്തിട്ടുള്ളതാകുന്നു) വഞ്ചിഭൂമി അഥവാ വഞ്ചിനാടു്, വഞ്ചിരാജ്യം എന്നിങ്ങനെ അപരനാമങ്ങൾ ഉള്ളതാണല്ലോ. ഈ വക ന്യായങ്ങളാൽ തിരുവഞ്ചിക്കളം നഗരം നിൎമ്മിച്ചതു കുലശേഖരപ്പെരുമാൾ (ഒന്നാമൻ) ആയിരിക്കണമെന്നു തീൎച്ചയാക്കാവുന്നതാണു്.

ആയ്പ്പെരുമാൾ തെൻകൊല്ലംരാജാവും, ആദിരാജ (ആതൻ) പ്പെരുമാൾ വടകൊല്ലം രാജാവും ആണെന്നു് അനുമാനിക്കേണ്ടിയിരുന്നു. ഇവരുടെ ജീവിതകാലം എ. ഡി. ഒന്നാം

ശതകത്തിന്റെ ആദിമഘട്ടത്തിൽ ആയിരുന്നു. തെൻകൊല്ലം വാണ ആയ്യരാജാവിന്റെ പുത്രിയെ വടകൊല്ലം വാണിരുന്ന ആതിയരാജാവിന്റെ പുത്രനായ "പാലകൻ" കല്യാണം കഴിച്ചുവായും മററുമുള്ള പലേ വിവരങ്ങളും, അന്യത്ര ചേർത്തിട്ടുള്ള ഒരു പഴയപാട്ടിലെ അഭ്യന്തരതെളിവുകളാൽ വ്യക്തമാകുന്നുണ്ടു്.

"കണ്ടപ്പെരുമാൾ" വെമ്പലനാടു വാണിരുന്ന വിശ്രുതനായ മണികണ്ഠരാജാവാണെന്നു് അനുമാനിക്കുവാൻ ന്യായം ഉണ്ടു്.

"മാടപ്പെരുമാൾ" "ഏഴിപ്പെരുമാൾ" എന്നിവർ ഏഴിരാജവംശജരായ കോലത്തിരി രാജാക്കന്മാർ ആയിരിക്കണം. നിസ്തുലപ്രതാപശാലിയായിരുന്ന ഉദയവർമ്മ കോലത്തിരി ഈ പെരുമാക്കന്മാരിൽ ഒരാളായിരുന്നു. ഏഴി രാജാക്കന്മാരുടെ പരദേവത "മാടായി" ഭഗവതിയാണു്. കോലത്തിരി വംശക്കാരായ രാജാക്കന്മാർ അദ്യാപി "മാടായി" ഭഗവതിയുടെ ക്ഷേത്രം അവരവരുടെ വാസസ്ഥലങ്ങളിൽ പണികഴിപ്പിച്ചു് പ്രതിഷ്ഠിച്ചു് ആരാധിച്ചുവരുന്നുണ്ടു്. കോലത്തിരി വംശത്തിൽ പ്രശസ്തന്മാരായി ഉദയവർമ്മ എന്ന പേരിൽ രണ്ടു രാജാക്കന്മാർ പുരാതനകാലത്തു നാടുവാണിട്ടുണ്ടു്.

ബാണപ്പെരുമാൾ, ഇളവപ്പെരുമാൾ, ഇന്ദ്രപ്പെരുമാൾ, കുട്ടിപ്പെരുമാൾ, മല്ലപ്പെരുമാൾ, വല്ലഭപ്പെരുമാൾ, ഹരിശ്ചന്ദ്രപ്പെരുമാൾ, വിജയപ്പെരുമാൾ, കോമ്പപ്പെരുമാൾ എന്നിവർ കേരളസർവ്വസൈന്യാധിപന്മാരായി അവരോധിക്കപ്പെട്ടിട്ടുള്ള രക്ഷാപുരുഷന്മാർ മാത്രമായിരുന്നു. ഇവരിൽ ചിലർ ബ്രാഹ്മണരും ചിലർ ശിവദ്വിജന്മാരും ആയിരുന്നിരിക്കാൻ ഇടയുണ്ടു്.

ബാണപ്പെരുമാൾ മംഗലാപുരത്തു ഉടുപ്പിദേശീയനായ ബ്രാഹ്മണനായിരുന്നുവെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത പെരുമാൾ തിരുവഞ്ചിക്കുളത്തു കോവിലകത്തു വാഴുന്ന കാലത്തു ചീനത്തുകാരായ ചില ബുദ്ധസന്യാസികൾ അവിടെ എത്തി പെരുമാളിനെ ബുദ്ധമതത്തിലേക്കു തിരിച്ചു. അദ്ദേഹം കേരളരാജ്യങ്ങളിൽ ബുദ്ധമതം പ്രചരിപ്പിക്കുവാൻ തീവ്രയത്നംചെയ്തു. ബാണൻ വൈഭവശാലിയായിരുന്നതിനാൽ, അദ്ദേഹത്തിന്റെ ബുദ്ധമതപ്രചരണോദ്യമങ്ങൾ ഫലപ്രദമായി ഭവിച്ചു. വൈദികബ്രാഹ്മണരുടെ ശക്തിയായ പ്രതിഷേധം,

ഈ വിഷയത്തിൽ ഉണ്ടായി. അവർ പെരുമാളിനെ സ്ഥാനഭ്രഷ്ടനാക്കുവാൻ ശ്രമിച്ചു. എങ്കിലും ബാണന്റെ അധികാരശക്തിനിമിത്തം അതു ദുസ്സാധ്യമായിരുന്നു. ഏതായാലും അദ്ദേഹം തിരുവഞ്ചിക്കുളത്തുനിന്നു സർവസന്നാഹങ്ങളോടുകൂടി മധ്യകേരളത്തിൽ വെമ്പലനാടിന്റെ ഒരു വിഭാഗമായ തെക്കുംകൂറ് രാജ്യാതിർത്തിയിൽ ഉൾപ്പെട്ട "നീലംപേരൂർ" എന്ന ഗ്രാമത്തിലേക്കു വാസം മാററി. പെരുമാൾ വാടം പണികഴിപ്പിച്ച്, സന്യാസവൃത്തിയിൽ അന്ത്യകാലംവരെ അവിടെ താമസിച്ചു. ബുദ്ധൻ, മായാദേവി മുതലായവരുടെ വിഗ്രഹങ്ങൾ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച് ആരാധിച്ചുവരുകയും ചെയ്തു. അക്കാലത്തു വെമ്പലനാട്ടിലും തെക്കുംകൂറിലും ബുദ്ധമതത്തിനു രാജകീയമായ അംഗീകാരം സിദ്ധിച്ചിരുന്നതിനാൽ സനാതനികളായ നമ്പൂരിബ്രാഹ്മണർക്ക് അവിടെ പ്രതിഷേധിക്കുവാൻ കഴിവില്ലായിരുന്നു. തന്നിമിത്തം നീലംപേരൂർ ക്ഷേത്രത്തിലെ മഹാദേവ (ശിവ) വിഗ്രഹം എടുത്തുംകൊണ്ട് ബ്രാഹ്മണർ സമീപസ്ഥമായ വാഴപ്പള്ളി ഗ്രാമത്തിലേക്കു മാറി, ക്ഷേത്രം പണിയും ശിവപ്രതിഷ്ഠയും നടത്തി, അവിടെ വാസം ഉറപ്പിച്ചു. വാഴപ്പള്ളിക്ഷേത്രത്തിലെ ശിവവിഗ്രഹം, നീലംപേരൂർനിന്ന് ഇപ്രകാരം കൊണ്ടുവന്നിട്ടുള്ളതാണെന്ന് ഒരു ഐതിഹ്യം നിലവിലിരിക്കുന്നുമുണ്ട്. *

കോമ്പപ്പെരുമാൾ കമ്പംകൂടല്ലൂർ ദേശീയനായ സാമന്തവൈശ്യക്ഷത്രിയനായിരുന്നുവെന്ന് അനുമാനിക്കപ്പെട്ടിരിക്കുന്നു. ഈ പെരുമാളിന്റെ അനന്തരാവകാശികൾ പുരാതനമധ്യകേരളത്തിൽ ചില ഗ്രാമങ്ങളിലെ ദേശാധിപമാടമ്പിമാരായിരുന്നു. പ്രസ്തുത കുടുംബം അദ്യാപി നിലനിന്നുപോരുന്നുണ്ട്. "കോമ്പൻ" എന്ന മാറാപ്പേരും സാമന്തവൈശ്യക്ഷത്രിയൻ എന്ന ജാതിവിവരവും ഈ കുടുംബക്കാർ ഒരു ശതവർഷംമുൻപുവരെ ഉപയോഗിച്ചുവന്നതായി അറിയപ്പെട്ടിരിക്കുന്നു. കോമ്പപ്പെരുമാളിനു "പയിങ്ങോട്ട്" എന്നൊരു ചീഫ്രാജ്യം സ്വായത്തമാക്കുവാൻ സാധിച്ചു.

പെരുമക്കന്മാരുടെയും, നാടുവാഴികളുടെയും ദേശാധിപന്മാരുടെയും മററും സ്മാരകമായി അവരുടെ നാമത്തോടുസംഘ

*) കൂടുതൽവിവരങ്ങൾ 'നീലംപേരൂർ' സ്ഥലവിശേഷങ്ങളിൽ ചേർത്തിട്ടുണ്ട്.

ടിപ്പിച്ചിട്ടുള്ള പേരുകളോടുകൂടിയ പൂർവ്വനഗരങ്ങൾ ഒട്ടധികം, കേരളത്തിൽ ഉണ്ട്. കേരളചരിത്രസംബന്ധമായി ഉപരിഗവേഷണങ്ങൾ നടത്തുവാൻ ഉത്സുകരാകുന്ന ചിന്തകരുടെ സൌകര്യംപ്രമാണിച്ച്, ഇപ്രകാരമുള്ള ഏതാനും ജനസ്ഥാനങ്ങളുടെ പേരുവിവരം ചുവടേ ചേർത്തിരിക്കുന്നു.

അഴകിയപാണ്ഡ്യപുരം; അനന്തപുരം; കുലശേഖരപുരം; അഗസ്തീശ്വരത്തെ ഇരവിപുത്തൂർ; ധർമ്മപുരം; കോതനല്ലൂർ; അതിയന്നൂർ; മാരനല്ലൂർ; മണ്ണൂർ (മന്നോർ)കര; മെനാകുളം (മന്നോർകോവിലകം); (നെടുമങ്ങാട്ട്) വാമനപുരം; ചെറുണി (ണ്ണി)യൂർ; ആദിച്ചനല്ലൂർ; ഇരവിപുരം; ഇമ്മന്നൂർ (ഇമയണ്ണൂർ); ചടയമംഗലം; ഏനാദി(ആതനാദി) മംഗലം; ശൂരനാട്; പാണ്ട (പാണ്ഡ്യ)നാട്; ചെറു (ചേര)കോൽ (കോവിലകം; കണ്ട (ന)ല്ലൂർ; മണികണ്ഠപുരം കൃഷ്ണപുരം; കുലശേഖരപുരം; (കരുനാഗപ്പള്ളിയിലെ) വീയ (വിജയ)പുരം; കോതമംഗലം; കുലശേഖരമംഗലം; ഇരവിപേരൂർ; വിജയപുരം; രാമപുരം; മാടപ്പള്ളി; മല്ലപ്പള്ളി; ചേരനല്ലൂർ; കോതകുളങ്ങര; രാമമംഗലം; കോതമംഗലം; ബാലപുരി ഇത്യാദി ദേശനാമങ്ങൾ ശ്രദ്ധേയങ്ങളാകുന്നു.

തളികൾ അഥവാ ബ്രാഹ്മണപ്രമുഖജനസമിതികൾ

കേരളത്തിൽ, നമ്പൂരിബ്രാഹ്മണർക്കു, ധനശക്തിയും പ്രാഭവവും വർദ്ധിച്ചതോടുകൂടി, അവർ പുരാതനകേരളരാജ്യങ്ങളിലെ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിച്ചു പ്രവർത്തിക്കുവാൻ ആരംഭിച്ചതായി മുൻ പ്രസ്താവിച്ചുവല്ലോ. സർവ്വദാ നായർഭൂരിപക്ഷത്തോടുകൂടിയ കൂട്ടങ്ങളിൽനിന്ന്, അവർ വിട്ടൊഴിഞ്ഞു, ഓരോ ബ്രാഹ്മണഗ്രാമങ്ങൾതോറും 'തളി' എന്ന പേരിനാൽ അറിയപ്പെടുന്ന സമിതികൾ ഏർപ്പെടുത്തി. ക്ഷേത്രസങ്കേതങ്ങളിൽവച്ച് രാഷ്ട്രീയാദികാര്യങ്ങൾ കൂടിആലോചിക്കുന്ന പതിവു ക്രമേണ ഭേദപ്പെടുത്തുകയും തളിവകയായി, ഗ്രാമത്തിലെ പ്രധാന ക്ഷേത്രത്തിനുസമീപത്തുതന്നെ പ്രത്യേകം ഒരു പറമ്പും കെട്ടിടവും തയ്യാറാക്കുകയും ചെയ്തു. "തളി"യുടെ യോഗങ്ങൾ, തളിയിൽമഠത്തിൽവച്ചു കൂടിവന്നു. തളിയുടെ അദ്ധ്യക്ഷനായി മൂന്നുവർഷത്തിൽ കവിയാത്ത ഒരു കാലത്തേക്ക്, അവിവാഹിതനായ ഒരു നമ്പൂരി തെരഞ്ഞെടുക്കപ്പെടുകയെന്നുള്ളതായിരുന്നു നടത്ത. ഗ്രാമംതോറുമുള്ള ദേവസ്വം, ബ്രഹ്മസ്വം

എന്നി വിഭാഗങ്ങളിൽപ്പെട്ട മുതലുകൾ ഇടപെട്ട സകല ഭരണവും, കാര്യവിചാരവും, അതതുഗ്രാമത്തിലെ "തളി" നടത്തിപ്പോന്നു. എന്നുമാത്രമല്ല, പൊതുഭരണസംബന്ധമായി നാട്ടുവാഴിക്കു യഥാകാലംവേണ്ട ഉൽബോധനംനൽകുവാനും തളികൾ ഉദ്യമിച്ചുകൊണ്ടിരുന്നു. മേലേതളി, കീഴ്തളി, ചിങ്ങപുരത്തുതളി, നെടിയതളി, കോഴിക്കോട്ടുതളി, ചങ്ങനാട്ടു (ചങ്ങനാശേരിയിലെ തളി) തളി,കോട്ടയകന്നത്തുതളി (കോട്ടയംതളി) നിലേശപുരത്തുതളി ഇപ്രകാരം കേരളംകട്ടുകടു്, അനേകംതളികൾ ഉണ്ടായിരുന്നു. (1) തളികളുടെ പ്രതിനിധികൾ ചേന്നു "കലക്കം" എന്നപേരിൽ മറെറാരു സംഘടന ഉണ്ടാക്കപ്പെട്ടിരുന്നു. കലക്കങ്ങൾ, ആകെ നാലുമാത്രമേ ഉണ്ടായിരുന്നുള്ളു. അവ, പയ്യന്നൂർകലക്കം, പെരിഞ്ചെല്ലൂർകലക്കം, പരപ്പൂരുകലക്കം, (പറവൂർ) ചെങ്കന്നിയൂർ (ചെങ്ങന്നൂർ)കലക്കം എന്നിവയായിരുന്നു. കലക്കം'വക പുരയിടവും മററും ഓരോ കലക്കവിഭാഗത്തിനും തനതായി ഉണ്ടായിരുന്നു. മാമാങ്കങ്ങളിൽ സന്നിഹിതരാകുവാൻ ഈ കലക്കങ്ങളിലെ പ്രതിനിധികളും ക്ഷണിക്കപ്പെടുക സാധാരണമായിരുന്നു. "കേരളപ്പെരുമാൾ'' എന്ന സ്ഥാനത്തേക്കു, കേരളരാജാക്കന്മാരിൽ ഏതുകാലത്തു് ഏററവും പ്രബലനായ ഒരു രാജാവു് അവരോധിക്കപ്പെടുകയെന്നുണ്ടായിരുന്ന പതിവു കാലക്രമത്താൽ തിരെ നിലച്ചുതോടുകൂടി കലക്കങ്ങൾ മുന്നിട്ടുനിന്നു, "രക്ഷാപുരുഷന്മാ"രുടെ അവരോധത്തിനു് ഉത്സാഹിച്ചു തുടങ്ങി. തന്നിമിത്തം "രക്ഷാപുരുഷ"പ്പെരുമാളുടെ വാഴ്ച്ചക്കാലത്തു കലക്കങ്ങളുടെ ശക്തി അസാമാന്യമായി വർദ്ധിച്ചു. കേരളരാജപ്പെരുമാക്കന്മാരുടെ കാലത്തു്, അവരുടെ തലസ്ഥാനവസതിയായി നിശ്ചയിക്കപ്പെട്ടിരുന്ന ശ്രീവഞ്ചി കോവിലകം എന്ന രമ്യഹർമ്മത്തിനു് രക്ഷാപുരുഷപ്പെരുമാക്കന്മാരുടെ കാലം ആയപ്പോഴേക്കു്, "അല്ലൽപെരുകും കോവിലകം" എന്ന സംജ്ഞ നൽകപ്പെട്ടു. രക്ഷാപുരുഷപ്പെരുമാളിന്റെ അധികാരശക്തി വർദ്ധിക്കാതെ നിയന്ത്രിക്കുവാനും, കൃത്യവിലോപംവരുത്താതെ നിക്ഷിപ്തകർത്തവ്യങ്ങൾ, പെരുമാളിനെക്കൊണ്ടു് അനുഷ്ഠിപ്പിക്കുവാൻ അപ്പപ്പോഴപ്പോൾ ഉപദേശം നൽകുവാനുമായി,

(1) കേരളോല്പത്തി.

നാലു കഴകങ്ങളുടെ പ്രതിനികൾക്ക വാസത്തിനായി "അല്ലൽ" പെരുംകോവിലകത്തിനു നാലുപുറം, നാലു തളീമങ്ങൾ പണിയിക്കപ്പെട്ടു. ഈ തളീമങ്ങളിൽ സ്ഥിരവാസം ചെയ്യുന്ന കഴകപ്രതിനിധികളാൽ നിയന്ത്രിതനായി "അല്ലൽ പെരുംകോവിലകത്തു രക്ഷാപുരുഷപ്പെരുമാൾ വാണു. കഴകത്തു്, തളിയിൽ എന്നീ പേരുകളോടുകൂടിയ പുരയിടങ്ങൾ അദ്യാപി കേരളത്തിൽ ചില പ്രദേശങ്ങളിൽ ഉള്ളതാകുന്നു.

കേരളത്തിലെ കൂട്ടങ്ങൾ, വിശിഷ്യ, നായർ ബഹുഭൂരിപക്ഷമുള്ള പ്രദേശങ്ങളിലെ "കൂട്ടങ്ങൾ", ഒരു അർദ്ധശതവർഷത്തിനു് ഇപ്പുറം വരെ നിലനിന്നു പോന്നു. ആ ഗ്രാമീണസംഘടനകൾ ആധുനിക ഗ്രാമപ്പഞ്ചായത്തുകളുടെ കൃത്യങ്ങൾ അലിഖിതനിയമങ്ങൾ അനുസരിച്ചു് അക്കാലത്തു് നടത്തുന്ന സംഘങ്ങളായി, കാലാന്തരത്തിൽ രൂപാന്തരം പ്രാപിച്ചു. കേരളത്തിലെ നായർ സാമൂഹ്യപരിഷ്കരണപരിശ്രമങ്ങളുടെ ഫലമായി കൂട്ടങ്ങളുടെ നഷ്ടശിഷ്ടാംശങ്ങൾ ആധുനിക നായർ കരയോഗങ്ങളിൽ ഇതിനകം ലയിച്ചിരിക്കയാണു്.

൩൧-ാം അദ്ധ്യായം.

പ്രാചീനസംയുക്തകേരളം.

പ്രാചീനകേരളം, ഒരു ഫെഡറേഷൻ.

ഫെഡറൽ ഭരണസമ്പ്രദായം ഫലപ്രദമായി കേരളത്തിൽ നിലവിലിരുന്ന ഒരു കാലം ഉണ്ടായിരുന്നു. കുമാര്യാഗ്രം (പ്രാചീനകന്യാകുമാരി) മുതൽ ഗോകർണ്ണം വരെ വ്യാപിച്ചിരുന്ന പ്രാചീന കേരളത്തിലെ, അന്യത്ര ദുർല്ലഭമായ വിഭവസമൃദ്ധി നിമിത്തം, വാണിജ്യപരവും വ്യാവസായികവുമായ ചിന്തകളാൽ വ്യാപൃതരായ ഫിനീഷ്യർ ആദിയായ പുരാതനപാശ്ചാത്യസമുദായക്കാരും, ചീനർ തുടങ്ങിയ പ്രാചീനവർഗ്ഗക്കാരും കേരളവുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. പ്രാചീനകേരളത്തിലെ വിശ്രുത നൗകാശ്രയ നഗരങ്ങളായിരുന്ന

മുസ്രീക്കോട്ടം (കൊടുങ്ങല്ലൂർ) നീലകണ്ഠത്തിലും (കൊല്ലം കല്ലട) കൊരട്ടിയിലും വിദേശശക്തികളുടെ സ്ഥാനപതികൾ അധിവസിച്ചുപോന്നു. സംസ്കൃതഭാഷാസാഹിത്യത്തിലെ പുരാതന കൃതികളായ മഹാഭാരതം, രാമായണം, വായുപുരാണം, മത്സ്യപുരാണം, മാർക്കണ്ഡേയപുരാണം, ഭാഗവതം, സ്കാന്ദപുരാണം, പദ്മപുരാണം, ഹരിവംശം, എന്നിവയിൽ പ്രസ്താവിക്കത്തക്കവിധം പ്രശസ്തമായിരുന്ന കേരളദേശത്തെ, ഭാരതീയരും ദക്ഷിണഭാരതീയരുമായ ദിക്ജയകാംക്ഷികൾ, സകൌതുകം വീക്ഷിക്കുകയും, ഇവിടത്തേക്കു യുദ്ധയാത്രകൾ ചെയ്യുകയും സർവസാധാരണമായിരുന്നു. ധനവും പ്രതാപവും രാജ്യവിസ്താരവും മോഹിച്ചു പ്രബലരും പ്രതാപികളുമായ പല രാജാക്കന്മാരും കേരളത്തെ ആക്രമിച്ചു, കൂടെക്കൂടെ, പീഡിപ്പിച്ചുകൊണ്ടിരുന്നു. കേരളത്തിന്റെ അവസ്ഥയോ, രാജാക്കന്മാരും സാമന്തന്മാരും മാടമ്പിമാരും ഉൾപ്പെടെ ഇരുന്നൂറിൽപരം സ്വതന്ത്രനാടുവാഴികളാൽ ഭരിക്കപ്പെട്ടുപോന്ന ഇരുന്നൂററിച്ചില്വാനം ചെറു രാജ്യങ്ങൾ; കേവലം കെട്ടഴിഞ്ഞ ഒരു ഗ്രന്ഥത്തിന്റെ മട്ടുതന്നെ ആയിരുന്നു. ഇക്കൂട്ടത്തിൽ, ചുരുക്കം ചില രാജാക്കന്മാർ പ്രബലരായി ഭവിച്ചു. കേരളം മിക്കവാറും ഏകഛത്രത്തിൻകീഴിലാക്കി ഭരിച്ചു ശോഭനഘട്ടങ്ങൾ ചിലതെല്ലാം പ്രാചീനകേരളചരിത്രത്തിൽ ഉദയംചെയ്തിട്ടുണ്ടെന്നു വരികിലും, അവ കേവലം അപൂർവസംഭവങ്ങൾ മാത്രമാകുന്നു. രാജത്വം ദൈവീകമെന്നും, കൊട്ടുവാളിന്റെ മുനയിലാണു് ഭരണത്തിന്റെ വിജയം സ്ഥിതിചെയ്യുന്നതെന്നുമുള്ള ആദർശത്തോടുകൂടിയ പ്രാചീനകേരളരാജാക്കന്മാരെ നിയന്ത്രിക്കുന്നതിനു പര്യാപ്തമായ ജനസംഘടന അക്കാലത്തു ഓരോ രാജ്യത്തും ഇല്ലാതിരുന്നില്ല. കലക്കങ്ങൾ, തളികൾ, കൂട്ടങ്ങൾ, എന്നിങ്ങനെ സ്ഥാനഗൌരവത്തിന്റെ അവസ്ഥാന്തരം അനുസരിച്ചു ഭിന്നനാമങ്ങൾ ഉള്ളജനസമിതികളും അവയുടെ അധ്യക്ഷന്മാരായി അവരോധിനമ്പികളും, നാടുവാഴികളുംകൂടി, ആലോചിച്ചിട്ടും, പൊതുസംഘടനയുടെ അഭാവം നിമിത്തം വിദേശശത്രുക്കളുടെ ആക്രമണങ്ങളെ രോധിക്കുവാൻ നിർവാഹം ഇല്ലാതെ വരുകയാൽ, കേരളത്തിലെ ജനകീയസമിതികളായ പെരിഞ്ചെല്ലൂർ, പയ്യന്നൂർ, പറവൂർ, ചെങ്ങന്നൂർ എന്നീ കലക്കങ്ങളിലെ ജനപ്രതിനിധികളായ ബ്രാഹ്മണപ്രമുഖർ തിരു

നാവായ് മണപ്പുറത്തു യോഗം കൂടി നാടുവാഴികളുടെ സമ്മതം വാങ്ങി, കേരളം ഒട്ടുക്കു ഭരണാധികാരമുള്ള ഒരു രക്ഷാപുരുഷനെ വാഴിക്കുവാൻ തീരുമാനിച്ചു. ഓരോ രക്ഷാപുരുഷന്റെയും ഭരണകാലം പന്ത്രണ്ടു സംവത്സരമെന്നും ക്ലിപ്തം ചെയ്തു. കേരളത്തിന്റെ അയൽ രാജ്യങ്ങളായ ചേരം, ചോളം, പാണ്ഡ്യം എന്നീ ദേശങ്ങളിൽ നിന്നു സമർത്ഥരായ ഓരോരോ ആളുകളെ കേരളരക്ഷാപുരുഷസ്ഥാനത്തേക്കു ക്ഷണിച്ചുകൊണ്ടുവന്നു അവരോധിക്കുക, സാധാരണമായിത്തീർന്നു. കേരളത്തിലെ പ്രധാനനാടുവാഴികളും സാമന്തന്മാരും മാടമ്പിമാരും ജനപ്രതിനിധികളും അവരോധത്തിൽ സംബന്ധിക്കുകയെന്നുള്ളതു പതിവായിരുന്നു. രക്ഷാപുരുഷൻ ഹിന്ദുമതാവലംബിയായിരിക്കണമെന്ന് നിർബ്ബന്ധമുണ്ടായിരുന്നു. അതതു രാജ്യങ്ങളിലെ ആഭ്യന്തരഭരണത്തിനു ചുമതലക്കാർ നാടുവാഴികൾ ആണെങ്കിലും കേരളത്തിന്റെ പൊതുഭരണവും സംരക്ഷണവും രക്ഷാപുരുഷന്റെ ചുമതലയിലും നിയന്ത്രണത്തിലും ആയിരുന്നു. പെരുമാൾ എന്ന സംജ്ഞ കേരളരക്ഷാപുരുഷന്മാരുടെ ഉദ്യോഗനാമം തന്നെ. പെരുമാക്കന്മാരുടെ ഭരണത്തിൽ കേരളത്തിനു പൊതുവിൽ ക്ഷേമംവർദ്ധിച്ചു വന്നിരുന്നു എന്നുള്ളതിനു സന്ദേഹമില്ല. ദുർബ്ബലന്മാരായ പെരുമാക്കന്മാർ കാലാവധിക്കു മുമ്പുതന്നെ സ്ഥാനത്യാഗം ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അവരോധസമയത്തു ചെയ്യാറുള്ള പ്രതിജ്ഞയ്ക്കു വിപരീതമായി ബുദ്ധമതം അവലംബിക്കുകയും കേരളത്തിൽ ബുദ്ധമതപ്രചരണത്തിനായി അക്ഷീണപരിശ്രമംചെയ്കയും ചെയ്തു പ്രബലനായ ബാണപ്പെരുമാൾ, ജനക്ഷോഭം ദുസ്സഹമായിത്തീരുകയാൽ തലസ്ഥാനനഗരിയായ തിരുവഞ്ചിക്കുളംവിട്ടു ദക്ഷിണദിക്കിലേയ്ക്കു പ്രയാണംചെയ്ത്, അക്കാലത്തു മികച്ച ബുദ്ധമതസങ്കേതമായിരുന്ന തെക്കുംകൂർ രാജ്യാതിർത്തിക്ക് ഉള്ളിൽ നീലംപേരൂർ എന്ന ദേശത്തു് എത്തി, ശേഷിച്ച ജീവിതകാലമത്രയും അവിടെ കഴിച്ചുകൂട്ടിയ വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. പെരുമാക്കന്മാരുടെ ഭരണംഎന്ന് ആരംഭിച്ചുവെന്നും, എപ്പോൾ അവസാനിച്ചുവെന്നും, ഉള്ളകാര്യം വാദവിഷയമാണെങ്കിലും പെരുമാൾ ഭരണം അവസാനിച്ചശേഷവും ചില കേരളരാജാക്കന്മാർ അഭിമാനത്തിനായി "പെരുമാൾ" എന്ന സംജ്ഞ രാജകീയനാമത്തോടു് അനുബന്ധിച്ചു് രേഖകളിലും

മാറവും ഉപയോഗിച്ചുവന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ആദ്യത്തെ പെരുമാളിനെ എ. ഡി. 212-ാമാണ്ടത്തു് കോയമ്പത്തൂർനിന്നു് ക്ഷണിച്ചുകൊണ്ടുവന്നിട്ടുള്ളതായി ചില ഭാഗങ്ങളിൽനിന്നു പുറപ്പെട്ടിട്ടുള്ള അഭിപ്രായം എത്രത്തോളം അടിസ്ഥാനവത്താണെന്നു ബലമായി സന്ദേഹിക്കേണ്ടിയിരിക്കുന്നു. കേരളചരിത്രം സംബന്ധിച്ചു ദീർഘകാലമായി ഞാൻ നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണങ്ങൾക്കിടയിൽ ലഭിച്ച ഒരു പഴയ രേഖകൊണ്ടു കാണുന്നതു് കേരളത്തിൽ പെരുമാക്കന്മാരുടെ ഭരണം നിശ്ശേഷം നിലച്ചതു് അതായിതു് ഒടുവിലത്തെ പെരുമാളുടെ സ്വർഗ്ഗാരോഹണം "സ്വർഗ്ഗസന്ദേഹപ്രാപ" എന്ന കലിദിനസംഖ്യയാൽ അറിയപ്പെടുന്നു എന്നാണു്. പെരുമാൾ സന്യാസത്തിനു പുറപ്പെടുംമുമ്പു് തന്റെ കൈവശത്തിലിരുന്ന ചില ദേശങ്ങൾ ആശ്രിതന്മാൎക്കും ബന്ധുക്കൾക്കുമായി വീതിച്ചു് ഏല്പിച്ച കലിദിനം "കരുതി സാമ്രാജ്യം" ആണെന്നു കാണുന്നുണ്ടു്. ഈ വിഷയത്തെക്കുറിച്ചു സമഗ്രമായി അടുത്തഭാഗങ്ങളിൽ പ്രതിപാദിക്കുന്നതാണു്.

൩൧-ാം അദ്ധ്യായം.

ചേരമാൻ പെരുമാളിന്റെ മതപരിവൎത്തനവും

കേരളവിഭജനവും യഥാൎത്ഥമോ?

ഒടുവിലത്തെ ചേരമാൻ പെരുമാൾ മഹമ്മദുമതം സ്വീകരിച്ചു മക്കത്തേക്കു നിൎഗ്ഗമിച്ചുവെന്നു ഒരു ചൊല്ലുണ്ടു്. അപ്പെരുമാൾ തന്നെ ഹൈന്ദവ വൃത്തിയിൽ സുന്ദരമൂൎത്തിപ്പെരുമാൾ എന്ന നാമം കൈക്കൊണ്ടു് ജീവിച്ചു, അന്ത്യകാലത്തു് ഉടലോടെ മുക്തിപ്രാപിച്ചുവെന്നു്, തമിഴരുടെ ഇടയിൽ ഒരു ഐതിഹ്യവുമുണ്ടു്. ഒടുവിലത്തെ പെരുമാൾ ബുദ്ധസന്യാസിയായി ജീവിച്ചു സമാധിയടഞ്ഞതായി ബുദ്ധമതക്കാരുടെ ഇടയിലും ഒരു വിശ്വാസം ഇല്ലാതില്ല. സെൻറ തോമസ്സ് അപ്പോസ്സലന്റെ അനുയായികളായ ക്രിസ്ത്യാനികളോടു പെരുമാളിനു

ച്ചുണ്ടായിരുന്ന അനല്പമായ പ്രതിപത്തി നിമിത്തം അദ്ദേഹം അന്ത്യകാലത്തിൽ ക്രിസ്തുമതം സ്വീകരിച്ചു, മൈലാപ്പൂരുള്ള പള്ളിയിൽ വൈദികവൃത്തി അവലംബിച്ചു ജീവിച്ചശേഷം, മരണം അടഞ്ഞുവെന്നും അദ്ദേഹത്തിന്റെ ജഡമാണ് അപ്പോസ്തലിന്റെ ജഡത്തിനു സമീപത്തായി കാണപ്പെട്ട ജഡങ്ങളിൽ ഒന്നെന്നും, പെരിയായിസൂസാ എന്ന ഫോനീഷ്യൻ ചരിത്രകാരൻ പ്രസ്താവിച്ചിട്ടുണ്ടെന്നു മാത്രമല്ല, ബത്തലഹേമിൽ ചെന്നു യേശുക്രിസ്തുവിനെ സന്ദർശിച്ച മൂന്നു രാജാക്കന്മാരിൽ ഒരാൾ, ഈ ചേരമാൻ പെരുമാളായിരുന്നുവെന്നു കൂടി സമർത്ഥിച്ചിട്ടുമുണ്ട്. ഇപ്രകാരം ഹിന്ദുക്കളും ക്രിസ്ത്യാനികളും മഹമ്മദീയരും ബൌദ്ധരും പെരുമാളിന്റെ മതപരിവർത്തനത്തെക്കുറിച്ചു, ചെയ്തുംഅവകാശവാദ അവരവരുടെ പക്ഷം സ്ഥാപിച്ചു കഴിഞ്ഞിരിക്കയാണു്.

ചേരമാൻപെരുമാളിന്റെ മതപരിവർത്തനകാര്യം കേരളചരിത്രത്തിൽ ഏററവും വലുതായ ഒരു വാദവിഷയമായിട്ടാണു പരിണമിച്ചിരിക്കുന്നതെന്നു മേൽ പ്രസ്താവിച്ച സംഗതികളിൽനിന്നു വെളിവാകുന്നുണ്ടല്ലോ. ഇപ്രകാരം താന്താങ്ങളുടെ മതത്തിലേക്കാണു പെരുമാൾ മതാന്തരപ്പെട്ടതെന്നു് ലക്ഷ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഓരോ മതക്കാരും അവകാശവാദം ചെയ്തിരിക്കുന്നതു മതപരമായ സ്വാതന്ത്ര്യപ്രതിപത്തിനിമിത്തം, കേവലം അടിസ്ഥാനരഹിതമായിട്ടാണെന്നു്, തീരുമാനിക്കുന്നതു യുക്തിയുക്തമായിരിക്കുകയില്ല. വിശ്വാസയോഗ്യങ്ങളായ ഏതോ ചില തെളിവുകളെ ആസ്പദമാക്കിയായിരിക്കണം, ഓരോരുത്തരും ഏതാദൃശമായ പ്രസ്താവന ചെയ്യാൻ ഇടയായിട്ടുള്ളതെന്നു വേണം, അനുമാനിക്കുവാൻ. എന്നാൽ കേരളരാജ്യത്തിൽ പുരാതനമായ ഒരു കാലത്തു നിലവിലിരുന്ന "പെരുമാൾഭരണ"ത്തിന്റെ യഥാർത്ഥരൂപം ശരിയായി മനസ്സിലാകാത്തവരായ ചില ചരിത്രകാരന്മാരാണല്ലോ പ്രസ്തുത ഭിന്നാഭിപ്രായങ്ങളുടെ രൂപീകരണം ചെയ്തിട്ടുള്ളതു്. "ചേരമാൻ പെരുമാൾ" എന്നതു കേരളത്തിൽ ഏകഛത്രാധിപതിയായി വാണിരുന്ന ഒരു പ്രബലനായ രാജാവിന്റെ വ്യക്തിപരമായ സംജ്ഞയാണെന്നു വിദേശീയചരിത്രകാരന്മാർ തെററിദ്ധരിച്ചാണു് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു്. ഈ തെററിദ്ധാരണ ആധുനികദശയിൽപോലും കേരളീയ

...ായ നാമിൽ പലക്കം തന്നെ, ഉള്ളതാകുന്നു. ഒടുവിലത്തെ പെരുമാളായ ചേരമാൻ പെരുമാൾ കന്യാകുമാരി ഗോകർണ്ണപര്യന്തമുള്ള കേരളം തന്റെ ആശ്രിതന്മാൎക്കും ബന്ധുക്കൾക്കും വിഭജിച്ചുകൊടുത്തിട്ടു, സ്ഥാനപരിത്യാഗം ചെയ്തു സന്യാസവൃത്തി കൈക്കൊണ്ടുവെന്നോ, മതപരിവർത്തനം ചെയ്തുവെന്നോ ഉണ്ടായിട്ടുള്ള ധാരണ, കേവലം പ്രമാദപരമാകുന്നു.

“ചേരമാൻ” എന്ന മാറാപ്പേരുണ്ടായിരുന്ന ചേരരാജാവിനു, കേരളരാജാക്കന്മാരുടെ ഗണനയിൽ പ്രാമാണ്യമുണ്ടായിരുന്ന ഒരു ഘട്ടത്തിൽ, ചില പ്രത്യേക പരിതസ്ഥിതികളുടെ പ്രേരണാശക്തിനിമിത്തം രൂപീകൃതമായിട്ടുള്ളതാകുന്നു, “ചേരമാൻസഖ്യം” എന്ന സാങ്കേതികസംജ്ഞയാൽ അറിയപ്പെട്ടുവന്നിരുന്ന കേരളരാജാക്കന്മാരുടെ സംഘടന. ചേരമാൻസഖ്യത്തിന്റെ അദ്ധ്യക്ഷനും, പ്രധാന കൈകാൎയ്യകർത്തൃത്വാധികാരിയും, അതതുകാലത്തു കേരളരാജാക്കന്മാരുടെ കൂട്ടത്തിൽ കൂടുതൽ പ്രാബല്യമുണ്ടായിരുന്ന രാജാവായിരുന്നു. ഇപ്രകാരം അദ്ധ്യക്ഷപദം കൈക്കൊള്ളുന്ന രാജാവിനുള്ള ഔദ്യോഗികസംജ്ഞയായിരുന്നു, “ചേരമാൻപെരുമാൾ” എന്നപദം. എന്നാൽ ഇങ്ങനെ ചേരമാൻപെരുമാളായി അവരോധിക്കപ്പെടുന്ന രാജാവിനു, പെരുമാളിന്റെ ഔദ്യോഗികകൃത്യങ്ങൾ നിൎവ്വഹിക്കുവാൻ, പെരുമാളിന്റെ തലസ്ഥാനനഗരിയായി നിശ്ചയിക്കപ്പെട്ടിരുന്ന കൊടുങ്ങല്ലൂർകോട്ടയിൽചെന്നു താമസിക്കുകയെന്നുള്ളതു ദുഷ്കരമായിരുന്നതിനാൽ, ചിലർ അവരവരുടെ രാജ്യതലസ്ഥാനങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ, “പെരുമാൾഭരണം” നടത്തിവന്നു. തന്നിമിത്തം പലേ അസൌകൎയ്യങ്ങളും പോരായ്മകളും സംഭവിച്ചുവന്നതായി അനുഭവപ്പെടുകയാൽ, ചേരമാൻ പെരുമാളിനെ അവരോധിക്കുന്നതോടുകൂടി പ്രതിപുരുഷനായി കാൎയ്യനിൎവ്വഹണാൎത്ഥം, വൈഭവശാലിയായ ഒരു ക്ഷത്രിയനെയോ, ആയുധാഭ്യാസാദികാൎയ്യങ്ങളിൽ നൈപുണ്യമുള്ള ഒരു ബ്രാഹ്മണനെയോ കൂടി അവരോധിച്ചു. തിരുവഞ്ചിക്കുളം കോവിലകത്തു താമസിപ്പിച്ചുവന്നു. ചേരമാൻപെരുമാക്കന്മാരുടെ പ്രതിപുരുഷന്മാരായ അവരോധിനമ്പിമാർ കൊടുങ്ങല്ലൂർ കോട്ടയിലുള്ള കോവിലകത്തിരുന്നു് ഔദ്യോഗികകൃത്യങ്ങൾ നിൎവ്വഹിക്കണമെന്നായിരുന്നു വ്യവസ്ഥ. “ചേരമാൻപെരുമാൾ”

എന്ന നാമത്തിലായിരുന്നു, ഇവർ ഔദ്യോഗികകർമ്മങ്ങൾ നട ത്തിപ്പോന്നതു്. തന്നിമിത്തം കാലാന്തരത്താൽ ചേരമാൻപെ രുമാൾ എന്ന സംജ്ഞ ഇവർക്കു സിദ്ധിച്ചു. കേരളത്തിലെ പെ രുമാൾഭരണം നിശ്ശേഷം നിലച്ചശേഷവും ഈ താവഴിയാധി നാഥികളുടെ വംശജന്മാരും കേരളരാജാക്കന്മാരിൽ പലരും, പെരുമാൾഎന്ന അഭിസംജ്ഞ വ്യക്തിനാമത്തോടുകൂടിച്ചേർത്തു ഉപയോഗിച്ചുപോന്നു. ഈവിധം, സ്ഥാനത്തിലും അസ്ഥാന ത്തിലും, "പെരുമാൾസ്ഥാനനാമ"ധാരികളായ പല രാജാക്ക ന്മാരും സാമന്തനാട്ടുവാഴികളും കേരളത്തിൽ ഉണ്ടായിരുന്ന പുരാതനകാലങ്ങളിലും, മദ്ധ്യകാലങ്ങളിലും, വിദേശീയരായ സഞ്ചാരികന്മാർക്കും, വിദേശീയചരിത്രകാരന്മാർക്കും, പെരുമാൾ വിവേചനത്തിൽ വിഭ്രാന്തിസംഭവിക്കത്തക്കതും സംഭവിച്ചിട്ടു ള്ളതും ആകുന്നു.

കേരളരാജ്യങ്ങൾ ആകമാനം, യഥേഷ്ടം സ്വജനങ്ങൾക്കും ആശ്രിതന്മാർക്കും മറവുമായി വിഭജിച്ചുകൊടുക്കത്തക്കവിധം, കേരളഭൂമി മുഴുവൻ സ്വായത്തമാക്കി ഏകഛത്രാധിപതിയായി യാതൊരു രാജാവും കേരളം വാണിട്ടുള്ളതായി അനുമാനിക്ക വാൻ ലക്ഷ്യങ്ങളില്ല. കേരളത്തെ പലഘട്ടങ്ങളിലും ആക്രമിച്ചു കേരളരാജാക്കന്മാരെ തോല്പിച്ചു ബന്ധനത്തിൽപാർപ്പിച്ചിട്ടുള്ള സമുദ്രഗുപ്തപ്രഭൃതികളായ ഭാരതീയ രാജാക്കന്മാർക്കുപോലും ഒരു വ്യാഴവട്ടത്തോളമെങ്കിലും കേരളത്തിൽ ഏകഛത്രാധിപത്യം സ്ഥാപിച്ചു വാഴുവാൻ സാധിച്ചിട്ടില്ല. കേരളഭൂമിയോളംതന്നെ പഴക്കമുള്ള കോലത്തിരി രാജവംശം, പുരളി (തൃപ്പാപ്പൂർ) രാജ വംശം, വേണാട്ടുരാജവംശം, കേരളം, ചേരം, പാണ്ഡ്യം, ദേവ രാഷ്ട്രം മുതലായ രാജവംശങ്ങൾ കേരളത്തിൽ പ്രത്യേകം പ്രത്യേകം രാജ്യസ്ഥാപനംചെയ്തു, അതിപുരാതനകാലംമുതൽ സ്വസ്വാതന്ത്ര്യമായ ഭരണംനടത്തിവന്നിരുന്ന നിലയ്ക്കു സ്ഥാന പരിത്യാഗകാലത്തു് ഒരു പെരുമാളിനു് (ആ പെരുമാൾ എത്ര തന്നെബാഹുബലവും പ്രാഭവവുമുള്ള ആളായിരുന്നുകൊള്ളട്ടെ) ആ രാജാക്കന്മാർ കേരളമാകെ വിഭജിച്ചു കൊടുക്കുവാനുള്ള സന്ദർഭമോ അർഹതയോ ആവശ്യമോ ഉണ്ടാകുവാനിടയില്ല. ഒടു വിലത്തെ ചേരമാൻപെരുമാളായിരുന്ന ദേവരാഷ്ട്രരാജാവു്. "രാമവർമ്മ" എന്നായിരുന്നു അവിടത്തെ തിരുനാമം എന്നൂഹി ക്കാവുന്നതാണു്. തൃപ്പൂണിത്തുറ രാജവംശജനായ അദ്ദേഹം

ദേവരാഷ്ട്രംകൂടി സ്വാധീനപ്പെടുത്തി സ്വരാജ്യത്തോടുചേൎത്തു ഭരിച്ചുവന്നു. "ചേരമാൻ രാമവൎമ്മ" എന്നാണു് ആ രാജാവു അറിയപ്പെട്ടിരുന്നു. പ്രായാധിക്യം നിമിത്തം ദേവരാഷ്ട്രത്തിന്റെ രാജസ്ഥാനം പരിത്യാഗംചെയ്തശേഷം സന്യാസം വരിക്കുകയും സ്ഥാനത്യാഗത്തിനു മുമ്പായി ദേവരാഷ്ട്രം അവിടത്തെ ആറു ശാഖക്കാൎക്കായി വീതിച്ചു വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ടു് എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. കൊച്ചിരാജവംശം, പ്രസ്തുത പെരുമാളിന്റെ വംശമായ തൃപ്പൂണിത്തുറ രാജവംശത്തിലെ ഒരു പ്രധാനശാഖയായിരുന്നു. പറപ്പൂക്കോവിൽ, പാപ്പുക്കോവിൽ, പരപ്പുക്കോവിൽ, കോട്ടയത്തു (പുറനാട്ടുകര) കോവിൽ (വടക്കൻ) എന്നിവ ഇതരശാഖകളാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഏറനാട്ടുരാജവംശത്തിൽ നിന്നായിരുന്നു രാമവൎമ്മപ്പെരുമാൾ വിവാഹംകഴിച്ചിരുന്നതെന്നും, അവിടത്തെ സന്താനങ്ങളായ രണ്ടു രാജകുമാരന്മാൎക്കാണു കോഴിക്കോടു എന്ന പ്രദേശം ദാനംചെയ്തിട്ടുള്ളതാണെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. അന്ത്യകാലത്തു് ആ രാജശ്രേഷ്ഠനാൽ നൽകപ്പെട്ട ഖഡ്ഗം അദ്യാപി സാമൂതിരിക്കോവിലകത്തു ഭക്തിപുരസ്സരം പൂജിക്കപ്പെട്ടുപോരുന്നു. സാമൂതിരിയുടെ സ്ഥാനാരോഹണസമയത്തു് ഈ ഖഡ്ഗത്തിനു പൂജനടത്തുന്നതു് ഒരു പ്രധാനചടങ്ങാകുന്നു.

പെരുമാൾ നടത്തിയതായി വിശ്വസിക്കപ്പെട്ടിരിക്കുന്ന കുലവിഭജനത്തിന്റെ മാഹാത്മ്യം ഇത്രത്തോളമേ ഉള്ളൂവെന്നു് അനുമാനിക്കുവാൻ ഇതരലക്ഷ്യങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കൊച്ചിരാജവംശക്കാർ പ്രസ്തുത പെരുമാളിന്റെ അനന്തരാവകാശികളാണെന്നു് ആധുനികകാലത്തും അഭിമാനിച്ചുപോരുന്നതുപോലെ പാപ്പു, പറപ്പു, ചാപ്പിനങ്ങാടി, കോട്ടയം (പുറാട്ടുകര) കോവിലകക്കാരും അതതു ശാഖകളിൽ ഓരോന്നാണെന്നു് അഭിമാനിച്ചു വരുന്നുണ്ടു്. ഇവരുടെ ഈ അഭിപ്രായം അടിസ്ഥാനവത്തുതന്നെയെന്നു് ഇതരലക്ഷ്യങ്ങളാലും വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈ ശാഖകൾക്കു് തമ്മിൽ പുരാതനകാലത്തു പുല, വാലായ്മാചാരങ്ങൾ ഉണ്ടായിരുന്നതായും കാലക്രമത്തിൽ അകൽച്ച സംഭവിച്ചതാണെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. അദ്യാപി ചില ശാഖകൾ തമ്മിൽ പുല, വാലായ്മകൾ ആചരിച്ചു പോരുന്നുണ്ടു്.

ഒരേ വംശക്കാരാകയാൽ ഈ ശാഖകൾ തമ്മിൽ വിവാഹം നിഷിദ്ധമായി വിചാരിക്കപ്പെട്ടിരിക്കുന്നു.

പ്രസ്തുത വിഖ്യാതനായ ചേരമാൻ രാമവൎമ്മപ്പെരുമാൾ സ്ഥാനപരിത്യാഗംചെയ്തശേഷം സന്യാസവൃത്തി കൈക്കൊണ്ടു തിരുവഞ്ചിക്കുളത്തിനു സമീപമുള്ള വന്നേരി ചിത്രകൂടത്തിൽ കാലയാപനംചെയ്തു, അദ്ദേഹം പുണ്യസ്ഥലങ്ങൾ ദൎശിക്കുകയും സുന്ദരമൂൎത്തിസ്വാമി എന്ന ചതുൎത്ഥാശ്രമനാമം സ്വീകരിച്ചു്, ലോകൎക്കു ജ്ഞാനോപദേശം നൽകി, സഞ്ചാരങ്ങൾ നടത്തിക്കൊണ്ടിരിക്കയും ചെയ്തിരിക്കണമെന്നു, തമിഴ്സാഹിത്യഗ്രന്ഥങ്ങളിൽനിന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. വന്നേരിയിലുള്ള ചിത്രകൂടത്തിൽവച്ചു് അദ്ദേഹം സമാധി അടഞ്ഞതായും വിശ്വസിക്കപ്പെട്ടിരിക്കുന്നു.

ഇപ്പെരുമാളാണു മുസ്ലിംമതം സ്വീകരിച്ചു മക്കത്തേക്കു പുണ്യയാത്ര നടത്തിയതെന്നുള്ള, മുസ്ലിംചരിത്രകാരന്മാരുടെ അഭിപ്രായവും, കേരളോല്പത്തി മുതലായ ഗ്രന്ഥങ്ങളിൽ ചെയ്യപ്പെട്ടിരിക്കുന്ന പ്രസ്താവനകളും, കേരളീയരുടെ ഇടയിൽ അനേക തലമുറകളായി അങ്കുരിച്ചു വേരൂന്നി പ്രചാരത്തിൽ വന്നിട്ടുള്ള ധാരണയും അബദ്ധമാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. മുസ്ലീംമതം സ്വീകരിച്ചു ഹജ്ജിനുപോയശേഷം മുസ്ലീംസ്ത്രീയെ വിവാഹംകഴിച്ചു് അറേബ്യയിൽതന്നെ വസിച്ചു ചരമംപ്രാപിച്ച ഒരു കേരളീയരാജാവു് ഉണ്ടു്. അദ്ദേഹം സാമൂതിരിവംശത്തിലെ ഒരു അംഗവും, നാടുവാണുകൊണ്ടിരുന്ന സാമൂതിരിയും, ആയിരുന്നുവെന്നു പല ലക്ഷ്യങ്ങളാലും സ്ഥാപിക്കാവുന്നതാണു്.

ബൗദ്ധമതം സ്വീകരിച്ചു ബുദ്ധസന്യാസിയായി ചരമം പ്രാപിച്ച ഒരു കേരളപ്പെരുമാൾ ഉണ്ടായിരുന്നു. അദ്ദേഹം ബാണപ്പെരുമാളായിരുന്നുവെന്നും സ്ഥാപിച്ചിട്ടുള്ളതാണു്.

ക്രിസ്തുമതം സ്വീകരിച്ചു മൈലപ്പൂർ പള്ളിയിൽ (മൈലാപ്പൂർ) വൈദികവൃത്തിയിൽ ഏൎപ്പെട്ടു ജീവിതാന്ത്യംവരെ കഴിച്ചുകൂട്ടിയ കേരളരാജാവു് ആരായിരുന്നുവെന്നുള്ളതാണു്, ആലോചനാവിഷയമായി തീരുവാനുള്ളതു്.

സെൻറ തോമസ് കേരളം സന്ദർശിച്ച ഏ. ഡി. 1-ാം ശതകത്തിൽ വില്ലാർവട്ടം (വില്യാർ വട്ടം എന്നും പറയപ്പെട്ടിരുന്നു.) എന്നൊരു രാജസ്വരൂപം ഇവിടെ ഉണ്ടായിരുന്നു. ഈ രാജവംശത്തിൻെറ നേരിട്ടുള്ള ഭരണത്തിൽ ഒരു രാജ്യവും രാജസ്വരൂപം വകയായി പ്രത്യേകം വസ്തുവകകളും ഉണ്ടായിരുന്നതിനു പുറമേ വില്യാർവട്ടത്തു കുറുപ്പ്, വില്യാർവട്ടത്തു കൈമൾ, വില്യാർവട്ടത്തു പണിക്കർ, വില്യാർവട്ടത്തു കാരണവ്, എന്നിപ്രകാരം* സ്ഥാനമുള്ള ഏതാനും മാടമ്പി കുടുംബങ്ങളും നിലനിന്നിരുന്നു. പോർട്ടുഗീസുകാർ കേരളത്തിൽ ആദ്യമായി വന്നിറങ്ങിയ കാലത്തു് വില്യാർവട്ടം രാജവംശം അന്യംനിന്നുപോയിരുന്നു. എങ്കിലും, അദ്ദേശത്തെ പ്രബല രായ ചില മാടമ്പിമാർ ആ രാജവംശത്തിൻെറ നാമത്തിൽ സ്വത്തുക്കൾ വിഭജിച്ചു കൈവശം വച്ചു് ധനപുഷ്ടിയിലും പ്രാബല്യത്തിലും ജീവിച്ചുപോന്നു. ഈ മാടമ്പിമാരുടെ വംശജരായ ചിലരുടെ കുടുംബങ്ങൾ അദ്യാപി കേരളത്തിലെ പശ്ചിമ പ്രാന്തപ്രദേശങ്ങളിൽ ചിലേടത്തെല്ലാം നിലനിന്നുപോരുന്നുണ്ട്.

വില്യാർവട്ടം രാജ്യത്തിൻെറ ശരിയായ സ്ഥാനമോ, ആ രാജ്യസീമകൾക്കു് ഉള്ളിൽ ഉൾപ്പെട്ടു കിടന്ന പ്രദേശങ്ങളോ, ആ രാജ്യത്തിൻെറ തലസ്ഥാനമോ, രാജാവിൻെറ കോവിലകങ്ങൾ നിലനിന്ന പ്രദേശമോ ഏതെന്നും എവിടെയെന്നും സൂക്ഷ്മമായി നിർണ്ണയിക്കുവാനുള്ള ലക്ഷ്യങ്ങൾ അസുലഭമായിട്ടാണ് ഇരിക്കുന്നതു്. എങ്കിലും ഏ. ഡി. 1-ാംശതാബ്ദത്തിൽ കേരളത്തിൻെറ പശ്ചിമസമുദ്രത്തിൽ ദ്വീപങ്ങളായി നിലനിന്നിരുന്ന പ്രദേശങ്ങളുടെ ആധിപത്യമായിരുന്നു, വില്യോർവട്ടം രാജവംശത്തിനു് ഉണ്ടായിരുന്നതെന്നു് അനുമാനിക്കാവുന്നതാണ്. അതായിതു്, ആധുനിക കരപ്പുറംപ്രദേശവും കായൽ പ്രദേശവും ഉൾപ്പെടെ ഇടനാട്ടിൻെറ പടിഞ്ഞാറെ അതിരുവരെ സമുദ്രം വ്യാപിച്ചിരുന്നതിനാൽ കരപ്പുറത്തും കായൽ പ്രദേശത്തും ഉണ്ടായിരുന്ന ഉയൻ കരകൾ ദ്വീപുകളുടെ രൂപം അവലംബിച്ചു കിടന്നിരുന്നു. കടൽ പിൻവാങ്ങിയ കാലത്തു, കയസ്ഥാനങ്ങളിൽ സമുദ്രം അവശേഷിച്ച കായൽ ഉണ്ടായിട്ടുള്ളതാകുന്നു. "വേല്ലോർ വട്ടം" എന്നൊരു പ്രദേശം ആധുനിക

---

* വെള്ളൂർ വട്ടം (വെള്ള + ഊർ വട്ടം) എന്നും ആയിരിക്കാം.

കാലത്തും കരപ്പുറത്തു് (ചേർത്തല താലൂക്കിൽ) നിലനിന്നിരുന്നതാണു്. അവിടം വെള്ളോർവട്ടം (വില്യാർവട്ടം) രാജാക്കന്മാരുടെ കോവിലകങ്ങൾ നിലനിന്ന സ്ഥാനമോ, രാജധാനിയോ ആയിരുന്നിരിക്കാം. അവിടെ ചരിത്രപരമായ ഉൽഖനനഗവേഷണങ്ങൾ നടത്തുന്നപക്ഷം ഉപയോഗപ്രദങ്ങളായ ഏതെങ്കിലും ലക്ഷ്യങ്ങൾ ലഭിച്ചേക്കാം.

വില്യാർവട്ടം, നാവികവിദ്യാനിപുണന്മാരായ ജനസമുദായങ്ങൾ അധിവസിച്ചിരുന്ന ഒരു രാജ്യമായിരുന്നു. ആ രാജ്യവും ഏഷ്യ, (ഇപ്പോഴത്തെ ഏഷ്യ മൈനർ) കാന്തകോട്ട (അറേബ്യ) പാരസീകം, (പേർഷ്യ) മുതലായ രാജ്യങ്ങളുമായി സ്ഥിരമായ നാവികവാണിജ്യഗതാഗതങ്ങൾ നടപ്പിലിരുന്നു. പ്രസ്തുത രാജ്യത്തിൽ ബുദ്ധജയിന മതങ്ങൾ പ്രചാരത്തിൽ ഇരുന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ബത്ലഹേമിൽ ചെന്നു യേശുക്രിസ്തുവിനെ സന്ദർശിച്ച മൂന്നു പൌരസ്ത്യരാജാക്കന്മാരിൽ ഒരാൾ വെള്ളോർവട്ടം രാജാവായിരുന്നുവെന്നു അനുമാനിക്കുവാൻ വളരെ ന്യായങ്ങൾ കാണുന്നുണ്ടു്. ആ കേരളീയരാജാവിനു അക്കാലത്തു തന്നെ ക്രിസ്തുവിന്റെ അമാനുഷവൈഭവത്തിലും, നിസ്തുലാദർശങ്ങളിലും പൂർണ്ണമായ വിശ്വാസവും ബഹുമാനവും ഉദിച്ചിരിക്കണമെന്നുള്ളതിനു സന്ദേഹമില്ല. ക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യപ്രധാനന്മാരിൽ ഒരാളായിരുന്നു അപ്പോസ്തൽ തോമസ്സു്, വെള്ളോർവട്ടം രാജാവിനെക്കുറിച്ചു കേട്ടെങ്കിലും അറിഞ്ഞിരിക്കണം. ആ പുരാതന പ്രവാചകൻ, ആ രാജാവിന്റെ രാജ്യത്തായിരിക്കും ആദ്യമായി കേരളക്കരയിൽ ഇറങ്ങിയിട്ടുള്ളതു്. കൊടുങ്ങല്ലൂരിനു സമീപമുണ്ടായിരുന്ന മലങ്കരയിൽ അദ്ദേഹം വന്നിറങ്ങിയതായിട്ടാണു് ഐതിഹ്യം. മലങ്കര ദ്വീപും വെള്ളോർവട്ടം രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ഒരു ദ്വീപായിരിക്കണം. വെള്ളോർവട്ടത്തിന്റെ രാഷ്ട്രസീമകൾക്കു് അകത്തു ഉൾപ്പെട്ടു കിടന്ന ദ്വീപുകൾക്കു്, ചുററുമുണ്ടായിരുന്ന അഗാധമായ സമുദ്രാംശത്തിന്റെ പേരായ (കായൽ=കയമുള്ള ജലാശയം' കായൽ) "കായൽക്കര" എന്നും "കായൽ" എന്നുതന്നെയും പേരു സിദ്ധിച്ചിരുന്നു. ഈ ദ്വീപുകൾ പുരാതനകേരളത്തിന്റെ അംശങ്ങളായിരുന്നുവെങ്കിലും, മലയാളദേശത്തോടു് ഏററവും അടുത്തു

കിടന്ന തുറമുഖമാണു് "മലങ്കര" എന്ന നാമം വിദേശസഞ്ചാരികൾ നൽകിയിട്ടുള്ളതു്. സെൻറ തോമസ്സ് ആദ്യമായി കരിയ്ക്കു നാട്ടിൽ ക്രിസ്തുമതപ്രചരണം ആരംഭിച്ചതു കൊക്കോതമംഗലം എന്ന ജനസ്ഥാനത്തായിരുന്നു. വെള്ളോർവട്ടം രാജ്യത്തിലെ ഒരു പ്രധാന നഗരമായിരുന്നിരിക്കണം കൊക്കോതമംഗലം. കായൽ തുരുത്തുകളിൽ നിന്നു ക്രൈസ്തവീകരിക്കപ്പെട്ട ജനങ്ങൾക്കു നിത്യാരാധനയ്ക്കുള്ള ഏക ദേവാലയമായിരുന്നു കൊക്കോതമംഗലം, സെൻറ തോമസ്സ് ദേവാലയം. തന്നിമിത്തം അതിനു "കായൽപള്ളി" എന്നു പേർ സിദ്ധിച്ചു. കാലാന്തരത്താൽ ഗ്രാമ്യലുപ്തരൂപമായോ, പാശ്ചാത്യ ഭാഷകളിലേക്കും അവയിൽ നിന്നും കൈരളിയിലേക്കും സംഭവിച്ച പരിഭാഷാന്തരത്താലോ, "ചായൽപള്ളി" എന്നു് അതിനു നാമാന്തരം സംഭവിച്ചിരിക്കുവാൻ ഇടയായതാണു്. വില്യാർവട്ടം (വെള്ളോർവട്ടം) രാജാവിൻെറ ആത്മാർത്ഥമായ സഹായസഹകരണങ്ങളോടുകൂടിയായിരിക്കണം, അപ്പോസ്സൽ കൊടുങ്ങല്ലൂർ, മുതലായ സ്ഥലങ്ങളിൽ പള്ളി സ്ഥാപിക്കുകയും മതപ്രചരണം ചെയ്യുകയും ചെയ്തിട്ടുള്ളതു്. സെൻറ തോമസ്സിൻെറ വധത്തിനു ശേഷം, അദ്ദേഹത്തിൻെറ അനുയായികൾ പണിയിച്ച മൈലപ്പൂരം (മൈലാപ്പൂരു) പള്ളിയിൽ വൈദികവൃത്തി സ്വീകരിച്ചു്, അവിടെത്തന്നെ ചരമം പ്രാപിച്ചതായി വിശ്വസിക്കപ്പെട്ടിരിക്കുന്ന കേരളീയരാജാവു വില്യാർവട്ടം രാജാവല്ലാതെ മറ്റാരും ആയിരിക്കുവാൻ ഇടയില്ല. സെൻറതോമസ്സിൻെറ ശവകടീരസ്ഥാനത്തിനു സമീപത്തായി കാണപ്പെട്ട ജഡം പ്രസ്തുത രാജാവിൻെറതായിരിക്കണം. വില്യാർവട്ടം രാജവംശം, എ. ഡി. 1-ാംശതകംമുതൽ 15-ാംശതകംവരെ രാജ്യാധിപത്യനിലയ്ക്കു പുറമേ കേരളത്തിലെ ക്രിസ്ത്യാനികളുടെ സാമുഹ്യമായും വൈദികപരമായും ഉള്ള കാര്യങ്ങളുടെ, മേലധികാരംകൂടി വഹിച്ചുവന്നിട്ടുള്ളതാകുന്നു. രാജവംശത്തിലെ ഒരു ശാഖമാത്രമേ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെട്ടിട്ടുള്ളുവോ, അഥവാ, ആ വംശക്കാർ ആകമാനം ക്രിസ്തുമതം സ്വീകരിച്ചുവോ എന്നു നിശ്ചയിക്കുവാൻ മാർഗ്ഗമില്ല.

ഹെറിയായിസൂസാ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ, അതായതു്, ഒടുവിലത്തെ ചേരമാൻപെരുമാൾ ക്രിസ്തുമതം

...കൊണ്ടു, പുരോഹിതവൃത്തിയിൽ മൈലപ്പൂരപള്ളിയിൽ കാലയാപനംചെയ്തു മൃതിയടഞ്ഞുവെന്നും, അദ്ദേഹത്തിന്റെ ഭൌതികാവശിഷ്ടമാണു്, സെന്റ്തോമസ്സിന്റെ ശവകുടീരസ്ഥാനത്തിനാസമീപത്തു കാണപ്പെട്ടതെന്നുമുള്ള അഭിപ്രായം യുക്തിയുക്തമോ സ്വീകാര്യമോ ആയിരിക്കുന്നില്ല.

പെരുമാൾ കേരളവിഭജനംചെയ്തു്, ആശ്രിതന്മാൎക്കും സ്വജനങ്ങൾക്കും മറ്റുമായി വീതിച്ചുകൊടുത്തു, രാജ്യങ്ങൾ ഉണ്ടാക്കിയിട്ടുള്ളതാണെന്നുള്ള കേരളോല്പത്തിയിലെയും മിസ്റ്റർ ലോഗൻ മുതലായ ചില ചരിത്രകാരന്മാരുടെയും പ്രസ്താവനകൾ അബദ്ധമാണെന്നുള്ളതിനു് ഇതരതെളിവുകൾ ആവശ്യമല്ലെങ്കിലും, ഈ വിഷയത്തിൽ ഡാക്ടർ ഗുണ്ടർട്ടുമുതലായ പണ്ഡിതന്മാരും കാംബോയിവ്‌ലർ മുതലായ ചരിത്രകാരന്മാരും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ആദരണീയങ്ങളായിരിക്കുന്നുവെന്നു കൂടി പ്രസ്താവിച്ചുകൊള്ളട്ടെ.

ചേരമാൻപെരുമാളിന്റെ മതപരിവൎത്തനത്തെക്കുറിച്ചു് ഉണ്ടായിട്ടുള്ള ചരിത്രകാരന്മാരുടെ അഭിപ്രായങ്ങൾകൂടി, രേഖപ്പെടുത്തി ചൎച്ചചെയ്യേണ്ടതു് ഈ ഘട്ടത്തിൽ അത്യാവശ്യമായിരിക്കുന്നു.

കേരളോല്പത്തിയിൽ ഇപ്രകാരം കാണുന്നു:—പെരുമാൾ രാജ്യം വീതിച്ചുകൊടുത്തശേഷംഗൂഢമായി കൊടുങ്ങല്ലൂർനിന്നു മൂറന്മാരുടെ ഒരു കപ്പലിൽകയറി. തുറമുഖത്തുനിന്നു, മററു കപ്പലുകൾ, ദ്രുതഗതിയിൽ അദ്ദേഹത്തെ അനുധാവനംചെയ്തു. എന്നാൽ നിപുണമായി അവയുടെ ലക്ഷ്യത്തിൽനിന്നു് ഒഴിഞ്ഞു, പെരുമാളിന്റെ കപ്പൽ അറേബ്യൻതീരത്തുള്ള സാഹർ മുഖൽ തുറമുഖത്തു് അടുത്തു. പെരുമാൾ അവിടെഇറങ്ങി. മഹമ്മദുനബിക്കു് അക്കാലം 57 വയസ്സു് ഉണ്ടായിരുന്നു. അവിടുന്നു ജിഡ്ഡാനഗരത്തിൽ ആയിരുന്നു. പെരുമാൾ അങ്ങോട്ടു പുറപ്പെട്ടുചെന്നു നബിയെ സന്ദൎശിച്ചു. അവിടുന്നു പെരുമാളിനെ മഹമ്മദിന്റെ മതത്തിൽ ചേൎത്തു. "തിയാജുജ്‌ഉദീൻ" (വിശ്വാസകിരീടം) എന്ന പേർ നൽകി. അനന്തരം, പെരുമാൾ അറേബ്യയിലെ രാജാവായ ഹബീബുദീന്റെ സോദരിയായ "റെജിയാദി"നെ കല്യാണംകഴിച്ചു് അഞ്ചുവൎഷംവരെ അവിടെ സുഖമായിപാൎത്തു. അനന്തരം ഹബീബുദീനോടും,

സപുത്രനായ ശിഷ്യവിനോടുംകൂടി പെരുമാൾ മലയാളത്തെ വിട്ടു പുറപ്പെട്ടു. ഇസ്ലാംമതപ്രചാരാർത്ഥം ആയിരുന്നു, ആ യാത്ര. മാർഗ്ഗമദ്ധ്യേ, സാഫർമുഖലിൽവച്ചു പെട്ടെന്നു് പെരുമാൾ ചരമംപ്രാപിച്ചു. അദ്ദേഹത്തിന്റെ ജഡം അവിടെത്തന്നെ അടക്കപ്പെട്ടു.

“ഹാക്ലൂയിറ്റ്സൊസൈററി”ക്കാർപ്രസിദ്ധംചെയ്തിട്ടുള്ള “ഈസ്റ്റ്ആഫ്രിക്ക ആന്റ്മലബാർകോസ്റ്റ്” എന്ന ഗ്രന്ഥത്തിൽ ബാർബോസാഎന്ന ചരിത്രകാരന്റെ ചരിത്രത്തിൽ നിന്നു് ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:—“കോഴിക്കോട്ടുനഗരം നിർമ്മിക്കപ്പെട്ടിട്ടുള്ള സ്ഥാനത്തുനിന്നാണു് പെരുമാൾ കപ്പൽ കയറിയതു്. ഈ സ്ഥലം, മൂറന്മാർ വലിയ ഭക്തിയോടുകൂടി വിശുദ്ധമായി പരിഗണിച്ചുപോരുന്നു. മൂർമതത്തിൽ ചേർന്നശേഷം രാജാവു മെക്കയിൽപോയി ചരമം പ്രാപിക്കാനായി ഇവിടെനിന്നു കപ്പൽ കയറിയതിനാൽ, കരുമുളകും മററും മറെറാരുസ്ഥലത്തുനിന്നും അവർ കപ്പൽകയററുകയില്ല.”

ലഫ്ടനന്റ റോളണ്ട്സൺ “തോഫത്ത്ഉൽമുജാഹിദീൻ” എന്ന അറബിഭാഷയിലുള്ള, മലയാളത്തെ ആദ്യമുസ്ലിം ഉപദ്രവത്തെ വിവരിച്ചിരിക്കുന്ന ചരിത്രത്തിൽ ചെയ്തിട്ടുള്ള പരിഭാഷയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—“പ്രസ്തുത രാജാവു് ഇസ്ലാംമതം സ്വീകരിച്ചതിനെക്കുറിച്ചു മലയാളത്തെ മഹമ്മദീയരുടെ ഇടയിലുള്ള വിശ്വാസം, അദ്ദേഹം സ്വപ്നത്തിൽ ചന്ദ്രബിംബം രണ്ടായി വിഭജിക്കപ്പെട്ടതായി കാണുകയാൽ നബിയെ സന്ദർശിക്കുവാനായി പുറപ്പെടുവാൻ ഇടയായിയെന്നാണു്. നബിയെകണ്ടു് അനുഗ്രഹം വാങ്ങിയശേഷം മലയാളത്തേയ്ക്കു തിരിച്ചുപോരുവാൻ, മുൻപറയപ്പെട്ട ആളുകളോടുകൂടി അദ്ദേഹം അറേബിയാ തീരത്തുവന്നു. അപ്പോൾ അദ്ദേഹം മരിച്ചു. മലയാളത്തു മഹമ്മദുമതപ്രചരണം സംബന്ധിച്ചു് നിലവിലിരിക്കുന്ന ഏററവും പുരാതനവും സാധാരണവുമായ ഐതിഹ്യമാണു് ഇതു്. നമ്മുടെ പൂർവ്വപിതാമഹനായ സിലോണിലെ ആദാമിന്റെ തൃപ്പാദസ്ഥാനം കണ്ടു വന്ദിക്കുവാൻ പുറപ്പെട്ട ഒരു സംഘം മുസ്ലീം ഭക്തന്മാരും അവരുടെ നായകനായ ഷെയിക്കുംകൂടി യാത്രാമദ്ധ്യേ കൊടുങ്ങല്ലൂർ ഇറങ്ങി രാജാവിനെ സന്ദർശിച്ചു. ഷെയിക്ക നബിയെക്കുറിച്ചും ഇസ്ലാം മതത്തിന്റെ ആദർശങ്ങളെക്കുറിച്ചും രാജാവിനോ

പറഞ്ഞു. നബി തിരുമനസ്സിലെ അമാനുഷവൈഭവത്താൽ ചന്ദ്രബിംബം രണ്ടായി ഭേദിച്ചുകാണപ്പെട്ടവസ്തുതയും, പറഞ്ഞുകേൾപ്പിച്ചു. രാജാവിനു നബിയിൽ വിശ്വാസം അങ്കുരിച്ചു. ഷെയിക്കും അനുയായികളും സിലോണിൽ നിന്നു തിരിച്ചുവരുമ്പോൾ കൊടുങ്ങല്ലൂർ വരണമെന്ന് ആവശ്യപ്പെട്ടു. ഷെയിക്കു, രാജാവിൻെറ താല്പര്യപ്രകാരം തിരിച്ചുവന്ന ഗഡുവിൽ കൊടുങ്ങല്ലൂർചെന്നു വീണ്ടും രാജാവിനെകണ്ടു. രാജാവു് ഒരു കപ്പലേർപ്പാടുചെയ്യുവാൻ ഷേക്കിനെ ചുമതലപ്പെടുത്തി. രാജാവു ഇല്ലാതിരിക്കുന്ന ഗഡുവിൽ രാജ്യംഭരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും കൊടുത്തിട്ടു അദ്ദേഹം ഷേക്കിനോടുകൂടി ഒന്നിച്ചു കപ്പലിൽ കയറി യാത്രതിരിച്ചു."

മേൽ ഉദ്ധരിച്ച രണ്ടു പ്രസ്താവനകളും, നടപ്പിലിരിക്കുന്ന ഐതിഹ്യങ്ങളെമാത്രം ആസ്പദമാക്കിചെയ്യപ്പെട്ടിട്ടുള്ളവയാണു്. ഇതുസംബന്ധിച്ചു സമ്മതന്മാരായ യൂറോപ്യൻചരിത്രകാരന്മാരുടെ അഭിപ്രായം ചുവടെ ഉദ്ധരിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. "ഡേ" എന്ന ചരിത്രകാരൻ രചിച്ചിട്ടുള്ള "ലാൻഡ് ഓഫ് പെരുമാൾസ്" എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു. "ചേരമാൻപെരുമാൾ എന്ന പേരുള്ള ഒരു വ്യക്തി ഉണ്ടായിരുന്നില്ല. "ചേരമാൻ പെരുമാൾ" എന്നുവച്ചാൽ ചേരരാജ്യത്തെ ഭരണാധിപൻ എന്നേ അർത്ഥമുള്ളു."

"ചേരമാൻപെരുമാൾ എന്നൊരാളിൻെറ പേർ മലയാളത്തിലുള്ള ജനങ്ങളിൽ ഓരോരുത്തരുടേയും ജിഹ്വാഗ്രത്തു് ഉണ്ടെങ്കിലും, ഇപ്പേരുള്ള ഒരു വ്യക്തി ഒരിക്കലും ഉണ്ടായിരുന്നില്ല" എന്നു ഡാക്ടർ ഗുണ്ടർട്ട് അഭിപ്രായപ്പെട്ടിട്ടുണ്ടു്.

കേരളോല്പത്തി ഗ്രന്ഥത്തിൻെറ മംഗലാപുരം പതിപ്പിൻപ്രകാരം, പെരുമാളിൻെറ മക്കായാത്ര എ. ഡി. നാലാം ശതവർഷത്തിൻെറ മദ്ധ്യഘട്ടത്തിലായിരുന്നുവെന്നു, കണക്കാക്കപ്പെടാം. സുസമ്മതന്മാരായ യൂറോപ്യൻചരിത്രകാരന്മാരുടെ അഭിപ്രായപ്രകാരമാണെങ്കിൽ, ഒടുവിലത്തെ പെരുമാളിൻെറ കാലം എ. ഡി. ഒൻപതാംശതകത്തിലുമായിരുന്നു. മഹമ്മദുനബിയുടെ കാലം എ. ഡി. ആറാംശതകത്തിലും ആയിരുന്നുവല്ലോ. ഈ സ്ഥിതിക്കു്, ഒടുവിലത്തെ പെരുമാൾ ജിഡയിൽ

വച്ചു നബിയെ സന്ദർശിച്ചുവെന്നു പറയുന്നതിൽ അസാംഗത്യദോഷം ഉണ്ടെന്നു പ്രത്യക്ഷമാകുന്നു. അതിനാൽ നിലവിലിരിക്കുന്ന ഐതിഹ്യം ശരിയല്ലെന്നു പലേ പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. അവരുടെ കൂട്ടത്തിൽ "തോഹ്ഫത്തുൽമുജാഹിദീൻ" ഗ്രന്ഥത്തിന്റെ രചയിതാവായ ഷെയ്ക്കു സിനുദ്ദീനും ഉൾപ്പെടുന്നുണ്ടു്. എ. ഡി. 825-ൽ കേരളം സന്ദർശിച്ച സുലൈമാൻ എന്ന അറബി വണിക് രേഖപ്പെടുത്തിയിട്ടുള്ളതു്, ചീനനോ ഭാരതീയനോ ആയ യാതൊരാളും കേരളത്തിൽ മഹമ്മദുമതം കൈക്കൊണ്ടതായോ, അറബി പഠിച്ചിരുന്നതായോ തനിക്കു കേട്ടുകേൾവിപോലും ഇല്ലെന്നാണു്. ഹെജിറായ്ക്കുശേഷം 237-ാംവർഷത്തിലാണു സുലൈമാൻ കേരളത്തിൽ വന്നിട്ടുള്ളതു്. പെരുമാളിന്റെ മതപരിവർത്തനം എ. ഡി. 825-ൽ ആയിരുന്നുവെന്നുള്ള വസ്തുത ശരിയെങ്കിൽ, കാൽശതാബ്ദം കഴിഞ്ഞു കേരളത്തിൽവന്ന അറബി മഹമ്മദീയൻ, നിശ്ചയമായും ആ പ്രസിദ്ധസംഭവത്തെക്കുറിച്ചു്, ആരിൽനിന്നെങ്കിലും കേട്ടറിയാതിരിക്കുവാൻ ഇടയില്ല. തിയാഉദ്ദ് ഉദീൻ എന്ന പ്രസിദ്ധനായ ആ കേരളരാജമതപരിവർത്തിതനെക്കുറിച്ചു പ്രാചീന അറബി ഗ്രന്ഥകാരന്മാർ ആരും തന്നെ യാതൊന്നും പ്രസ്താവിച്ചിട്ടില്ലാത്തതായിക്കാണുന്നതും സംശയാസ്പദമായിരിക്കുന്നു.

മതപരിവർത്തനശേഷം മെക്കായിൽപോയ പെരുമാൾ അറേബ്യയിൽ താമസിച്ച കാലത്തു, കേരളത്തിൽ ഇസ്ലാം മതപ്രചാരത്തിനായി കേരളരാജാക്കന്മാരുടെപേർക്കു ശുപാർശക്കത്തുകൾ സഹിതം മാലിക്കിബ്നുദീൻ എന്ന പ്രചാരകനെ സന്നദ്ധസംഘത്തോടുകൂടി അയച്ചതായി മി. ലോഗൻ, അദ്ദേഹത്തിന്റെ മലബാർഡിസ്ട്രിക്ട് മാനുവൽ എന്ന ഗ്രന്ഥത്തിന്റെ പ്രഥമവാല്യത്തിൽപ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഗ്രന്ഥപ്രകാരം, മാലിക്ദീനു കേരളരാജാക്കന്മാർ ഹൃദയപൂർവ്വം സ്വാഗതം അരുളിയെന്നും കൊടുങ്ങല്ലൂർ നഗരത്തിൽ മുസ്ലീംപള്ളി പണിയിപ്പിച്ചു, ദീനർതന്നെ ആദ്യത്തെ കാസിയായി അവിടെ വാണുവെന്നും കാണുന്നുണ്ടു്. എന്നാൽ ഈ സംഭവങ്ങളും നടന്നു് അധികകാലം കഴിയുന്നതിനുമുമ്പു, കേരളത്തിൽ വന്ന സുലൈമാൻ ഈ വസ്തുതകൾ ഒന്നും അറിഞ്ഞില്ലെന്നു വരുന്നതു് അത്ഭുതമല്ലേ? സുലൈമാന്റെ ഗ്രന്ഥ

ന്നിട്ട് ഈ കാര്യങ്ങളെക്കുറിച്ചു യാതൊന്നും പ്രസ്താവിച്ചിട്ടില്ല. പത്തും പതിനൊന്നും ശതവർഷങ്ങൾക്കിടയിൽ ജീവിച്ചിരുന്ന അൽബിറൂണിയോ, 12-ാം ശതവർഷത്തിൽ ജീവിച്ചിരുന്ന അൽ ഇദ്രീസിയോ, ട്യൂഡലായിലെ ബെഞ്ചമിനോ 13-ാം ശതവർഷത്തിൽ ജീവിച്ചിരുന്ന റാസ്ബിഡ്ഉദ്ദീനോ, അൽകാർവിനിയോ, മാർക്കോപോളോയോ 13-ം, 14-ം ശതവർഷങ്ങൾക്കിടയിൽ ജീവിച്ചിരുന്ന അബുൽഫെഡായോ, ഫ്രയർഒഡോറിക്കോയോ, ഫ്രയർജാർഡാനസോ, ഇബ്നുബത്തൂത്തായോ, 14-ം 15-ം ശതവർഷങ്ങൾക്കിടയിൽ ജീവിച്ചിരുന്ന അബ്ദുർറസാക്കോ, നിക്കൊളോകോണ്ടിയോ ഈ സംഭവത്തെക്കുറിച്ചു യാതൊന്നുംതന്നെ അവരുടെ ഗ്രന്ഥങ്ങളിൽ സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. ഇവർ ഓരോരുത്തരും കേരളം സന്ദർശിച്ചിട്ടുള്ള ഗ്രന്ഥകാരന്മാരായ സഞ്ചാരികളായിരുന്നു. ഇബ്നുബത്തൂത്തായും അബ്ദുർറസാക്കും കേരളത്തിൽ കുറേക്കാലം താമസിച്ചു സൂക്ഷ്മവിവരങ്ങൾ മനസ്സിലാക്കിയിട്ടുള്ള മഹമ്മദീയ ഗ്രന്ഥകാരന്മാരാണ്. ഇവർ കേരളത്തിലെ മഹമ്മദീയരുടെ വർദ്ധമാനമായിക്കൊണ്ടിരുന്ന വാണിജ്യാഭിവൃദ്ധിയേയും പ്രാഭവത്തെയും കുറിച്ചു വിസ്തരിച്ച് എഴുതിയിട്ടുണ്ട്. വടകൊല്ലം (പന്തലായനി) ദേശത്തെ ഇസ്ലാംപള്ളിയിൽ ന്യായാധിപനും വേദപ്രസംഗകനുമായ ഒരു മൗലവി ഉണ്ടായിരുന്നുവെന്നും, കൊല്ലത്തും കോഴിക്കോട്ടും മഹമ്മദീയ വണിക്കുകൾ വളരെ ഉണ്ടെന്നും, കോഴിക്കോട്ടുള്ള മഹമ്മദീയർ അവിടെ അടുക്കുന്ന കപ്പലുകളിലെ ചരക്കുകൾ മുഴുവൻ വിലയ്ക്കു എടുക്കുവാൻ കഴിവുള്ള സമ്പന്നന്മാരാണെന്നും, അവരുടെവക ചരക്കുകൾകൊണ്ടുതന്നെ എല്ലാ കപ്പലുകളും നിറച്ച് അയയ്ക്കുക സാധാരണമാണെന്നും, മഹമ്മദീയരെക്കുറിച്ചു കേരളീയർക്കു വലിയ ബഹുമാനമാണെന്നും മറ്റും ആ സഞ്ചാരി വിവരിച്ചിരിക്കുന്നു. "ധക്കണം" (ദുക്കണ) എന്ന ദേശത്തെ രാജാവിന്റെ പൂർവികൻ അറബിഭാഷ പഠിച്ചിട്ടുണ്ടായിരുന്നുവെന്നും, അത്തിക്കാവുപോലെയുള്ള കാഴ്ചയോടുകൂടിയ രക്തസാക്ഷിവൃക്ഷത്തിന്റെ ഇല പൊഴിയുന്ന ഋതുവിൽ അതിൽ ഒരു ഇല എടുത്തു പരിശോധിച്ചപ്പോൾ, അതിന്മേൽ പ്രാകൃതമായി അറബിയിൽ ലിഖിതം ചെയ്യപ്പെട്ടിരുന്ന "ഏകദൈവമല്ലാതെ മറ്റൊരു ദൈവമില്ല; മഹമ്മദ് ദൈവത്തിന്റെ പ്രവാചകൻ" എന്നുള്ള മഹമ്മദുമതാദർശം വായിക്കുവാൻ

അദ്ദേഹത്തിനു സാധിച്ചുവെന്നും, തന്നിമിത്തം അദ്ദേഹം മുഹമ്മദുമതം സ്വീകരിച്ചുവെന്നും അദ്ദേശത്തു രക്തസാക്ഷി വൃക്ഷത്തിന്റെ ഇലപൊഴിയുന്നകാലം, ആകെയുള്ള ഇലകളിൽ ഒന്നുപകുതി മഹമ്മദീയരും, മറ്റേ അംശം ഹിന്ദുക്കളും വീതിച്ചു എടുക്കമെന്നും, ഹിന്ദുക്കൾക്കു ഉള്ള വീതം രാജാവിന്റെ ഭണ്ഡാരത്തിൽ നാണ്യങ്ങളോടുകൂടെ സൂക്ഷിക്കപ്പെടുകയാണു പതിവെന്നും, പ്രസ്തുത ഇലയുടെ ഒരു ലഘുവായ അംശംകൊണ്ടു പല വ്യാധികളും പീഡകളും ശമിപ്പിക്കുവാൻ സാധിക്കാറുണ്ടെന്നും മറ്റുംകൂടി ഇബ്ബുബാററായുടെ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ പെരുമാളിന്റെ സുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന മതപരിവർത്തനത്തെക്കുറിച്ചു യാതൊരു വസ്തുതയും ആ സഞ്ചാരിയുടെ ഗ്രന്ഥത്തിൽ കാണുന്നില്ല. * അതിനാൽ ഇപ്രകാരം ഒരു ഐതിഹ്യം ഇബ്ബുബാററായുടെ കേരളസന്ദർശനഘട്ടത്തിൽ നിലവിലിരുന്നിരുന്നില്ലെന്നു് അനുമാനിക്കാവുന്നതാണല്ലോ.

ഇബ്ബുബാററായുടെ ആഗമനംകഴിഞ്ഞു് ഒരു ശതാബ്ദത്തിനു ശേഷം കേരളത്തിൽവന്ന അബ്ദുറസാക്കും പ്രസ്തുത ഐതിഹ്യത്തെക്കുറിച്ചു കേട്ടിട്ടില്ല. കോഴിക്കോട്ടു സാമൂതിരിയെ ഇസ്ലാംമതത്തിലേക്കു ചേർക്കണമെന്നുള്ള ഉദ്ദേശത്തോടു പേർഷ്യായിലെ ഷാ (ചക്രവർത്തി) യുടെ സ്ഥാനപതി എന്ന നിലയിലാണു ആ സഞ്ചാരി കോഴിക്കോടുസന്ദർശിച്ചതു്. അക്കാലത്തു കോഴിക്കോടു വലിയൊരു ഇസ്ലാംകേന്ദ്രമായിരുന്നു. എങ്കിലും ഷായുടെ പ്രതിനിധി ഉദ്ദേശസാദ്ധ്യംവരാതെ, നൈരാശ്യത്തോടെ ആ നഗരം വിടേണ്ടിവന്നു. എ. ഡി. 1442-ാമാണ്ടായിരുന്നു അബ്ദുറസാക്കു കോഴിക്കോട്ടുവന്നതു്. അക്കാലത്തും ചേരമാൻ പെരുമാളിന്റെ മതപരിവർത്തനത്തെക്കുറിച്ചു ഒരു കേട്ടുകേൾവിയും ഉണ്ടായിരുന്നതായി ആ സഞ്ചാരി രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ പിന്നീടു അൻപതുവർഷംകഴിഞ്ഞു പോർട്ടുഗീസുകാർ കോഴിക്കോട്ടുവന്നപ്പോഴും അവർ ചേരമാൻപെരുമാളിനെ സംബന്ധിച്ചുള്ള ഐതിഹ്യത്തെക്കുറിച്ചു കേട്ടറിഞ്ഞതായിട്ടാണു് അവർ രേഖപ്പെടുത്തിയിരിക്കുന്നതു്.

* The Travels of Ibubatta—Lee's Translation.

§ Canven's Lusiad. Barbosa-quoted in the Description at the coast of East Africa and Malabar.

"ലൂസിയദ്" എന്ന പോർട്ടുഗീസുകാവ്യത്തിലാണ് ഈ ഐതിഹ്യത്തെക്കുറിച്ചു പ്രധാനമായി വർണ്ണിച്ചിട്ടുള്ളത്. അതു 1553-നും 1559-നും ഇടയ്ക്കു മിക്കവാറും ഇന്ത്യയിൽവച്ചു തന്നെയാണു രചിക്കപ്പെട്ടിട്ടുള്ളത്, എന്നു വിശ്വസിക്കുവാൻ മതിയായ രേഖകളുമുണ്ട്. പോർട്ടുഗീസുകാർക്കു പെരുമാളിന്റെ ഇസ്ലാംമതപരിവർത്തനത്തെക്കുറിച്ചുള്ള അറിവുകൾ സിദ്ധിച്ചതു്, "മൊങ്കായിദ്" എന്നു പേരുണ്ടായിരുന്ന ഒരു മുഹമ്മദീയനിൽ നിന്നായിരുന്നുവെന്നും ട്യൂണിസ് ദേശീയനായ അയാൾക്കു സ്പാനിഷ് ഭാഷ പരിചയം ഉണ്ടായിരുന്നതിനാൽ കോഴിക്കോട്ടു നഗരത്തിൽവച്ചു അയാളും അവരുടെ പ്രധാന സഹചാരിയും ദ്വിഭാഷിയും ആയിരുന്നുവെന്നും അയാളും വാസ്കോഡിഗാമായോടുകൂടി യൂറോപ്പിലേക്കുപോയി ക്രിസ്തുമതം സ്വീകരിച്ചു് അവിടെവച്ചുതന്നെ നിര്യാതനായെന്നും "വൈറ്റ്വേ"യുടെ "പോർട്ടുഗീസ്റൈസ് ഇൻ ഇൻഡ്യ" എന്ന ഗ്രന്ഥത്തിൽ കാണുന്നു. ഡേ, ആസ്റ്റ്ലി മുതലായ ഗ്രന്ഥകാരന്മാർ പ്രസ്തുത മഹമ്മദീയന്റെ പേരു "ബോണൈബോ" എന്നാണെന്നു പ്രസ്താവിച്ചിരിക്കുന്നു.

പെരുമാളിന്റെ മതപരിവർത്തനം വെറും കെട്ടുകഥയാണെന്നു 15-ാംശതവർഷത്തിൽ കേരളം സന്ദർശിച്ചിട്ടുള്ള സിദ്ദീൻ മുക്കടം എന്ന ഈജിപ്റ്റുദേശീയനായ സഞ്ചാരി അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. പതിനാറാംശതാബ്ദത്തിൽ "ടാഫ്ഫത്തുൽമുജാഹിദീൻ" ഗ്രന്ഥകർത്താവായ ഷേയിക്കു സീനദ്ദീൻ പ്രസ്താവിച്ചിരിക്കുന്നതും ഇങ്ങനെ തന്നെയാണ്, പ്രസ്തുത ഗ്രന്ഥകാരൻ അറബി ഗോത്രജനും മലയാളത്തുജനിച്ചു ആളും ആയ ഒരു മഹമ്മദീയനാകുന്നു. 17-ാംശതകത്തിൽ ഫേറിയായിസൂസാ എന്ന സ്പാനിഷ് ചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നതും ഇതേപ്രകാരംതന്നെയാകുന്നു. 18-ാംശതകത്തിൽ ജേക്കബ് കാൻറർവിസ്ച്ചേർ * അഭിപ്രായപ്പെട്ടിരിക്കുന്നതും ഇതേരൂപത്തിൽ തന്നെ. + പ്രസിദ്ധ ചരിത്രകാരനായ ടാൽബോയിവീലറുടെ അഭിപ്രായവും ഇതേപ്രകാരം ആകുന്നു. ‖ പെരുമാൾ ഇസ്ലാംമതം കൈക്കൊണ്ടു മക്കത്തു

* A New collection of voyages and travels vol. I
+ Viscoer's Letters from Malbar-
‖ History of India vol. III.

പോയി എന്നുള്ള ഐതിഹ്യം അടിസ്ഥാനരഹിതമാണെന്നു മേജർ ഡ്യൂറി അദ്ദേഹത്തിന്റെ "അക്കൌണ്ട് ഒഫ് ട്രാവൻകൂർ" (Account of Travancore) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പ്രസിദ്ധ ചരിത്രകാരനും പണ്ഡിതനുമായ മി. സുന്ദരം പിള്ളയും ഇതേ അഭിപ്രായക്കാരനാകുന്നു.

ജൈനശ്വേതാംബരന്മാരെ കേരളീയർ "ബൌദ്ധന്മാർ" എന്നു വിളിച്ചു പോന്നു. ബുദ്ധമതക്കാർക്കും ജയിനന്മാർക്കും മഹമ്മദിയർക്കും ഈ സംജ്ഞയാണ് അവർ നൽകിവന്നതു്. ക്രിസ്ത്യാനികളെയും ഇതേ നാമംകൊണ്ടു അവർ നിർദ്ദേശിച്ചു വന്നിരിക്കാം. ബാണപ്പെരുമാൾ " ബൌദ്ധമതം " സ്വീകരിച്ചു് മെക്കായിക്കു പോയതായി കേരളോൽപ്പത്തിയിലും കേരളമാഹാത്മ്യത്തിലും വിവരിച്ചിട്ടുണ്ടു്. അറേബിയാ മുതലായ ദേശത്തും ചീനത്തും സിംഹളദേശത്തും ബുദ്ധജയിനമതങ്ങൾ പ്രചരിച്ചിരുന്നു എന്നുള്ളതു സർവസമ്മതമാണ്. ചീനത്തോ അറേബിയായിലോ നിന്നു വന്ന, ബുദ്ധന്മാരോ, * ജയിനന്മാരോ, ആയ സന്യാസിമാരായിരിക്കണം ബാണപ്പെരുമാളിനെ ആ മതത്തിലേക്കു മാനസാന്തരംചെയ്തിട്ടുള്ളതു്. മതഭേദം സംഭവിച്ചശേഷം ബാണൻ കൊടുങ്ങല്ലൂർ കോട്ടവിട്ടു ദേശാടനം ചെയ്തിട്ടുള്ളതായി അനുമാനിക്കുവാൻ ലക്ഷ്യങ്ങളുണ്ടു്. ഒടുവിൽ അദ്ദേഹം നീലംപേരൂർ ഗ്രാമത്തിൽ ചെന്നു് സ്ഥിരവാസംചെയ്തുവെന്നും ജീവിതാന്തംവരെ അവിടെത്തന്നെ കാലയാപനംചെയ്തുവെന്നും മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇക്കാരണങ്ങളാൽ ചേരമാൻ പെരുമാൾ ബൌദ്ധമതം സ്വീകരിച്ചു മക്കത്തുപോയെന്ന ഒരു തെറ്റിദ്ധാരണ ജനസാമാന്യത്തിന്റെ ഇടയിൽ പിൽക്കാലം ഉദിച്ചുയർന്നതായി വരാം.

അറേബ്യൻ തീരത്തുള്ള സാഫ്റർ നഗരത്തിൽ "അബ്ദുൽറഹിമാൻ സാമിറി" എന്ന ലിഖിതത്തോടു കൂടിയ കേരളരാജശവകുടീരം കാണപ്പെടുന്നതായി ലോഗന്റെ "ഇൻഡ്യൻ ആന്റിക്വറി", "മലബാർ മാനുവൽ" എന്നീ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഹെജിറായ്ക്കു ശേഷം 213-ാം വർഷത്തിൽ ആ രാജാവു് അറേബ്യയിൽ വന്നതായും 216-ാം വർഷത്തിൽ ചരമം പ്രാപിച്ചതായും കൂടി കുടീരശിലയിൽ ലിഖിതം

* Day's Land of Perbmals.

ചെയ്തിട്ടുണ്ടെന്നു മി. ലോഗൻ പറഞ്ഞിരിക്കുന്നു. വിപരീതങ്ങളായ ഇതരതെളിവുകളുടെ അഭാവത്താൽ പ്രസ്തുത ശവകുടീരം ചേരമാൻ പെരുമാളുടേതു തന്നെയെന്നു് ലോഗൻ തീർമാനിക്കുകയാണു ചെയ്തിരിക്കുന്നതു്. എന്നാൽ ഷെയിക്കുസീനദിൻ പ്രസ്തുത ലിഖിതത്തെക്കുറിച്ചു് അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ യാതൊന്നും പ്രസ്താവിച്ചിട്ടില്ല. അപ്രകാരം എന്തെങ്കിലും ഒരു രേഖ ഉണ്ടായിരുന്നെങ്കിൽ, ആ ചരിത്രകാരൻ അതിനെ വിഗണിച്ചുകളയുമെന്നു വിശ്വസിക്കാവുന്നതല്ല.

ചേരമാൻ പെരുമാളിനു നബി നൽകിയ നാമം "തിയാജ് ഉൾഉദീൻ" എന്നാണല്ലോ പറയപ്പെട്ടിരിക്കുന്നതു്. ആ സ്ഥിതിക്കു് "അബ്ദുൽ റഹിമാൻ സാമിറി" എന്ന ശവകുടീരലിഖിതം ആ പെരുമാളിൻെറ ഇസ്ലാം നാമത്തെയല്ല, ദ്യോതിപ്പിക്കുന്നതെന്നു് വ്യക്തമാകുന്നതല്ല. പ്രസ്തുത രാജാവിൻെറ ദേശത്തെ ജനങ്ങളും അദ്ദേഹത്തെ "സാമൂറി" എന്നാണു വിളിച്ചുവരുന്നതെന്നു് ടാഫ്ഫത്തുൾഗ്രന്ഥം പ്രസ്താവിച്ചിരിക്കുന്നു. കോഴിക്കോട്ടുരാജാവിൻെറ രാജകീയനാമം "സാമൂതിരി" ("സാമൂരി" എന്നു ലുപ്തരൂപം. "താമൂതിരി" എന്നു ഗ്രാമ്യമലയാളം) എന്നാണല്ലോ. ഇബ്നു, ബാററാ, കോഴിക്കോട്ടു രാജാവിൻെറ രാജകീയ നാമം, "അൽസാമറി" എന്നും, അബ്ദുൽറസാക്കും ഷെയികുസീനദീനും "സാമൂരി" എന്നും ആണെന്നു പ്രസ്താവിച്ചിരിക്കുന്നു. ഭാഷാപരമായ തെളിവുകളെയും സാമൂതിരിക്കോവിലകത്തു സാമൂതിരിയുടെ അവരോധംസംബന്ധിച്ചു നിലവിലിരുന്ന പുരാതനമായ "താംബൂല സ്വീകരണാ"ചാരത്തെയും മററും പരിഗണിക്കുന്നതായാൽ, പ്രസ്തുതശവകുടീരം ഇസ്ലാം മതം കൈക്കൊണ്ടു് അറേബ്യയിൽ ചെന്നു ജീവിച്ചു് കാലംചെയ്ത ഒരു സാമൂതിരിയുടേതാണെന്നു് നിർണ്ണയിക്കാവുന്നതാണു്. ലോഗൻ, മലബാറിലെ മാഹമ്മദീയരുടെ ഇടയിൽ നിലവിലിരിക്കുന്ന ഐതിഹ്യത്തെ ആസ്പദമാക്കി പ്രസ്തുതാഭിപ്രായത്തെ * പരോക്ഷമായി സ്ഥിരീകരിച്ചിരിക്കുന്നു. ഫെറിസ്റ്റാ എന്ന ഇസ്ലാംചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നതു് ഒരു സാമൂതിരിപ്പാട്ടു് മഹമ്മദുമതം സ്വീകരിച്ചു, മക്കത്തേക്കുപോയിട്ടുണ്ടെന്നാണു്. അക്കാലംമുതൽക്കാണു് മലയാളത്തിൽ വിശേഷ്യ † കോഴിക്കോട്ടു തുറമുഖത്തിൽ,

* Logans' Malabar Vol. 1 P. 196.
† Crigg's Feriste.

ഇസ്ലാം വർഗ്ഗക്കാർക്ക് അഭൂതപൂർവ്വമായ പ്രാബല്യമുണ്ടായിട്ടുള്ളതെന്നും, "നവറോജി" എന്ന വർഗ്ഗനാമം ചില ഇസ്‌ലാംങ്ങൾക്കു സിദ്ധിച്ചതു് പ്രസ്തുത സംഭവത്തിന്റെ തുടർച്ചയായിട്ടാണെന്നും കൂടി ആ ചരിത്രകാരൻ പറഞ്ഞിരിക്കുന്നു. പോർട്ടുഗീസുകാരുടെ ആഗമനഘട്ടത്തിൽ മഹമ്മദീയർ സാമൂതിരിയുടെ രാജധാനിയിൽ അപരിമിതമായ സ്വാധീനബലമുള്ള പ്രബലരായ വണിക്കുകൾ ആയിരുന്നുവെന്നുള്ളതിനു്, ഇതരതെളിവുകൾ ആവശ്യമുണ്ടെന്ന തോന്നുന്നില്ല. സാമൂതിരിരാജകുടുംബത്തിൽ ആധുനികകാലത്തുപോലും, മൂപ്പേൽക്കുന്ന സമയത്തു് "അമ്മാവൻ തിരിച്ചു വരുംവരെ ഞാൻ ഈ സ്ഥാനം വഹിക്കും" എന്നു സാമൂതിരിപ്പാട്ടു് പ്രതിജ്ഞചെയ്തുവരുന്നുണ്ടു്. * ഇതും പുരാതനഘട്ടത്തിൽ ഒരു സാമൂതിരിപ്പാടു് മതപരിവർത്തനംചെയ്തു മക്കത്തുപോയെന്നുള്ള സംഭവത്തെയല്ലയോ സൂചിപ്പിക്കുന്നതു്?

പല വിദേശീയ സഞ്ചാരികളും, വിദേശീയഗ്രന്ഥകാരന്മാരും, പ്രബലരായ കേരളരാജാക്കന്മാർക്കു് ചേരമാൻ പെരുമാൾ എന്ന സംജ്ഞ പ്രമാദപരമായി നൽകിയിട്ടുണ്ടു്. ¶ കേരളത്തിൽ പെരുമാൾ.ഭരണം നിലച്ചശേഷവും സാമൂതിരിയുടെ മാമാങ്കങ്ങൾ നടത്തപ്പെട്ടിട്ടുണ്ടു്. കേരളരാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ബ്രാഹ്മണപ്രധാനന്മാരുടെയും ഒരു മഹാസമ്മേളനമായിരുന്നു ഈ മാമാങ്കങ്ങൾ. തന്നിമിത്തം മാമാങ്കാദ്ധ്യക്ഷനായ സാമൂതിരിക്കു "ചേർമാൻ പെരുമാൾ" എന്നുള്ള സ്ഥാനംസിദ്ധിച്ചതായി, സമകാലികർപോലും, വിശ്വസിച്ചിരുന്നു. ആ സ്ഥിതിക്കു സാമൂതിരിയെ ചേരമാൻപെരുമാളെന്നു വിദേശീയഗ്രന്ഥകാരന്മാരും, വിദേശീയസന്ദർശകന്മാരും, തെറ്റിദ്ധരിച്ചിട്ടുള്ളതു് അത്ഭുതമല്ലല്ലൊ.

ഏതാദൃശങ്ങളായ പല ന്യായങ്ങളാലും അറേബിയൻ തീരത്തു് സാഫറിൽ കാണപ്പെടുന്ന ശവകുടീരം, ഇസ്ലാം മതം സ്വീകരിച്ചു മക്കത്തുപോയ ശേഷം, അറേബിയിൽവച്ചു് ചരമം പ്രാപിച്ച ഒരു സാമൂതിരിയുടേതാണെന്നു നിർണ്ണയിക്കാവുന്ന

---

* 1947-ലെ സാമൂതിരി അവരോധറിപ്പോർട്ടു് മദ്രാസിലെ ഹിന്ദുപത്രം.

¶ Furiay Suza as quoted by Wheeler in his History of India Vol III.

Ancient Commerce of India Dr. Eppert.

താണു്. ഇപ്രകാരം ഒരു മതപരിവർത്തനവും മെക്കായാത്രയും നടത്തപ്പെട്ടിട്ടുള്ളതു് എ. ഡി. 1442-ം 1458-നും മദ്ധ്യേ ആയിരിക്കണമെന്നു് മി. കെ. പി. പത്മനാഭമേനവൻ, അദ്ദേഹത്തിന്റെ കേരളചരിത്രം ഒന്നാംവാല്യത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. അതാവിതു് അബ്ദുൽ റസാക്കിന്റെ കേരള സന്ദർശനശേഷം, പോർട്ടുഗീസുകാരുടെ ആഗമനകാലത്തിനകം ആ സംഭവം നടന്നിരിക്കണം, എന്നുതന്നെ.

സെന്റ്തോമസ്സ് ക്രിസ്ത്യാനികളോടു പ്രത്യേകതയും ക്രിസ്തുമതപ്രചരണത്തിൽ പരിചയവും ഉണ്ടായിരുന്ന പെരുമാൾ, ക്രിസ്തുമതം അവലംബിച്ചു മൈലാപ്പൂരുപള്ളിയിൽ സേവനം നടത്തുവാൻ പോയി താമസിച്ചുവെന്നും, അവിടെ വച്ചുതന്നെ നിർവ്വാണം പ്രാപിച്ചുവെന്നും, ഫെറായിസൂസാ പ്രസ്താവിച്ചിരിക്കുന്നതു്, വില്യാർവട്ടംരാജാവിനെ ഉദ്ദേശിച്ചായിരിക്കണം. വാസ്കോഡിഗാമാ കോഴിക്കോട്ടുവന്നിറങ്ങിയ സമയം, കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ ഗാമായെ ചെന്നുകാണുകയും അന്നുംനിന്ന വില്യാർവട്ടം രാജാവിന്റെ ചെങ്കോൽ ഗാമായെ ഏല്പിക്കുകയും ചെയ്തിട്ടുണ്ടു്. അതിനാൽ പോർട്ടുഗീസുകാർ, എ. ഡി. 15-ാംശതകത്തിൽ ജീവിച്ചിരുന്ന പ്രസ്തുത രാജാവിനെക്കുറിച്ചുള്ള വിവരങ്ങൾ, അവരിൽനിന്നു നേരിട്ടു ഗ്രഹിച്ചിരിക്കുവാൻ ഇടയുണ്ടു്. എങ്കിലും അപ്രകാരം ലഭിച്ച വസ്തുതകൾ, പതിനഞ്ചു ശതവർഷങ്ങളോളമായി, വില്യാർവട്ടത്തിലെ പ്രശസ്തനായ ഒന്നാംശതകത്തിലെ രാജാവിനെസംബന്ധിച്ചു നിലനിന്നിരുന്ന ഐതിഹ്യങ്ങൾ ആയിരിക്കണമല്ലോ.

സെന്റ്തോമസ്സിന്റെ ശവകുടീരത്തിനുസമീപം കാണപ്പെട്ട ഒരു ജഡാംശം പെരുമാളിന്റെതാണെന്നു "ഏഷ്യാപോർട്ടുഗീസാ" എന്ന പോർട്ടുഗീസുചരിത്രഗ്രന്ഥത്തിന്റെ ഒന്നാം വാല്യത്തിൽ പ്രസ്താവിച്ചിട്ടുള്ളതു, യേശുക്രിസ്തുവിനും, സെന്റ്തോമസ്സിനുംസമകാലികനായിരുന്ന വില്യാർവട്ടംരാജാവിന്റെ ഭൌതികാവശിഷ്ടങ്ങളെ ഉദ്ദേശിച്ചായിരിക്കണം. പൌരസ്ത്യരാജ്യങ്ങളിൽനിന്നു ബതലഹമിൽചെന്നു ദിവ്യശിശുവായിരുന്ന ജീസസ്സിനെ സന്ദർശിച്ച മൂന്നു രാജാക്കന്മാരിൽ ഒരാൾ, ചേരമാൻപെരുമാളെന്നു "ഇബിഡം" 2-ാംവാല്യത്തിൽ പ്രസ്താവി

ച്ചിരിക്കുന്നതും, പ്രസ്തുത വില്യാർവട്ടംരാജാവിനെ ഉദ്ദേശിച്ചുള്ളതായിരുവാൻ ഇടയില്ല.

ചേരമാൻപെരുമാൾ 73-വർഷം രാജ്യംഭരിച്ചതായും ഒരു നൂറുവയസ്സുവരെ ജീവിച്ചിരുന്നതായും സ്ഥാനപരിത്യാഗംചെയ്തതിനുശേഷം ശേഷിച്ചജീവിതകാലം അത്രയും, തിരുവഞ്ചിക്കുളത്തുതന്നെ കഴിച്ചുവെന്നും, പാച്ചുമൂത്തതു് "കേരളവിശേഷമാഹാത്മ്യ"ത്തിൽ,രേഖപ്പെടുത്തിയിരിക്കുന്നു. പെരുമാൾ ഹിന്ദുവായിരുന്നുതന്നെ മരണം പ്രാപിച്ചുവെന്നു, മി. ശങ്കുണ്ണിമേനവനും അഭിപ്രായപ്പെട്ടിരിക്കുന്നു. * പെരുമാൾ വലിയ ഭക്തനായ ഹിന്ദുവായിരുന്നുവെന്നു, ഹാലാസ്യമാഹാത്മ്യം തിരുവിളയാട്ടൽപുരാണം, പെരിയപുരാണം, മുതലായ സാഹിത്യഗ്രന്ഥങ്ങളിൽനിന്നു വെളിവാകുന്നുണ്ടു്. ഏതോഒരു ചേരരാജാവു് അന്ത്യകാലത്തിൽ സന്യാസംവരിച്ചു, രാജധാനിയിൽനിന്നു് അപ്രത്യക്ഷനായതു സംബന്ധിച്ചു് ഉത്ഭൂതമായ ഒരു ഐതിഹ്യമാകുന്നു, പെരുമാളിന്റെ മതപരിവർത്തനമെന്നരൂപത്തിൽ പര്യവസാനിച്ചിരിക്കുന്നതെന്നാണു, പ്രൊഫസ്സർ സുന്ദരൻപിള്ളയുടെ അഭിപ്രായം.

മേജർ ഡ്രൂറി പ്രസ്താവിച്ചിരിക്കുന്നതു, പെരുമാൾ വാൎദ്ധക്യദശയിൽ സ്ഥാനപരിത്യാഗംചെയ്തുകൊണ്ടു, കൊച്ചിരാജ്യാതിൎത്തിയിൽ ഉള്ള ഒരു ക്ഷേത്രസങ്കേതത്തിൽ ധ്യാനനിരതനായി ജീവിച്ചു പരമംപ്രാപിച്ചുവെന്നും, അദ്ദേഹത്തിന്റെ നിൎയ്യാണകാലം എ. ഡി. 352 ആയിരിക്കണമെന്നും ആകുന്നു. കൊച്ചിയിലെ ഡച്ചുഗവൎമ്മെന്റിന്റെ രേഖകളും ഈ അഭിപ്രായത്തോടു് ഏതാണ്ടു് അനുകൂലിച്ചിരിക്കുന്നു. തിരുവഞ്ചിക്കുളത്തു ക്ഷേത്രസങ്കേത"ത്തിൽ അദ്യാപി കാണപ്പെടുന്ന "ചേരമാൻ പെരുമാളിന്റെയും ചേരോത്തിഅമ്മയുടെയും വിഗ്രഹങ്ങൾ പ്രസ്തുതരാജാവിന്റെയും നേത്യാരമ്മയുടെയും പ്രതിമകൾ ആണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുതപെരുമാൾ ദേവരാഷ്ട്രത്തിലെ രാജാവായിരുന്നുവെന്നും പെരുമ്പടപ്പു രാജവംശം പെരുമാളിന്റെ താവഴിക്കാരാണെന്നും മററും മുൻ അദ്ധ്യായങ്ങളിൽ ചിലഭാഗങ്ങളിലും, ഈ അദ്ധ്യായത്തിന്റെ പ്രാരംഭത്തിൽ ചില ഭാഗങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ള അഭി

* തിരുവിതാംകൂർചരിത്രം.

കൂട്ടക്ഷരത്തിനു, പകരമുള്ള അക്ഷരത്തിന്റെ കൂട്ടക്ഷരരൂപം, "ന" യും "റ";

ൽ	ൻ	ർ	ൾ
പ്	മ്	ഷ്	ക്ഷ്

അനുസ്വാരത്തിനു അനുസ്വാരം തന്നെ.

ഉദാ. പത്മനാഭപുരം.

തസ്കരാധത്ഥം

രാമൻ	അലങ്കാര
ഷാനമ്	കാക്ക്ഖൂഷ്

വിശ്വവിഖ്യാതനായിരുന്ന തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവും അവിടത്തെ ചാരന്മാരും ഈ ഗൂഢഭാഷ സംസാരിക്കുകയും, എഴുത്തുകുത്തിനു ഉപയോഗിക്കുകയും ചെയ്തിരുന്നു.

൧൫-ാം അദ്ധ്യായം.

കേരളത്തിലെ പ്രാചീനരാജ്യങ്ങൾ.

1. കോല്ലം (ദേശിങ്ങനാട്)

പുരാതനകേരളത്തിൽ, കൊല്ലം അതിപ്രബലമായ ഒരു രാജ്യമായിരുന്നു. ഈ രാജ്യം അത്യുന്നതാവസ്ഥയെ പ്രാപിച്ചിരുന്ന ഘട്ടത്തിൽ, ഇതിന്റെ സീമകൾ സഹ്യപർവ്വതം മുതൽ പശ്ചിമസമുദ്രം വരെയും, വടക്കു വടകൊല്ലം വരെയും വ്യാപിച്ചിരുന്നുവെന്നു. അനുമാനിക്കത്തക്കതായ ലക്ഷ്യങ്ങൾ ഉണ്ടു്. അധുനികകാലത്തു തിരുനൽവേലി ഡിസ്ത്രിക്കിൽ ഉൾപ്പെട്ടിരുന്ന ചില പ്രദേശങ്ങളിൽ കൂടി കൊല്ലം രാജാവിന്റെ ആധിപത്യവീചികൾ എത്തിയിരുന്നതായി നിർണ്ണയിക്കാവുന്നതാണു്. പുരാതനകാലത്തു കൊല്ലം രാജ്യത്തിന്റെ തലസ്ഥാനം നീലകണ്ഠപുരം (കല്ലട) ആയിരുന്നുവെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തുവൎഷത്തിന്റെ ആദിമഘട്ടത്തിലും, ക്രിസ്തുവൎഷത്തിനു മുൻപുള്ള കാലങ്ങളിലും കേരളതീരങ്ങളിൽ വന്നിട്ടുള്ള വിദേശനാവികന്മാരും സഞ്ചാരികളും കൊല്ലത്തെക്കുറിച്ചു പറഞ്ഞുകാണുന്നില്ല; എന്നാൽ നീലകണ്ഠത്തെക്കുറിച്ചു പ്രസ്താവനകൾ ചെയ്തിട്ടുമുണ്ടു്. കൊല്ലം നഗരം രൂപീകരിച്ചു്, അതിനെ രാജ്യത്തിന്റെ തലസ്ഥാനമാക്കിത്തീൎത്തതിന്റെ സ്മാരകമായിട്ടാണു കൊല്ലവൎഷം ഏൎപ്പെടുത്തിയിട്ടുള്ളതെന്നു, കേരളത്തിലെ ജനങ്ങളുടെ ഇടയിൽ ഒരു വിശ്വാസം അങ്കുരിച്ചു പരന്നിട്ടുള്ളതാകുന്നു. ഈ ധാരണയ്ക്കു് എത്രത്തോളം അടിസ്ഥാനമുണ്ടെന്നു നിൎണ്ണയിക്കുവാൻ വേണ്ട ലക്ഷ്യങ്ങൾ ഒന്നും സ്വാധീനമല്ലെങ്കിലും, കന്യാകുമാരി ഗോകൎണ്ണപൎയ്യന്തമുള്ള കേരളത്തിലും പ്രാന്തപ്രദേശങ്ങളിൽ ചിലേടത്തും, ജനങ്ങൾ അനേകതലമുറകളിലായി 1112സംവത്സരം മുൻപു മുതൽ അംഗീകരിച്ചു് ഉപയോഗിച്ചു വരുന്ന കൊല്ലവൎഷം കാലഗണനയിൽ നിന്നു് അനുമാനിക്കേണ്ടതു, പ്രസ്തുതാബ്ദം ഏൎപ്പെടുത്തിയ ഘട്ടത്തിൽ കൊല്ലം രാജാവിന്റെ അധികാരശക്തി കേരളം ഒട്ടുക്കും പ്രാന്തപ്രദേശങ്ങളിലും സൎവ്വസമ്മതമായി അംഗീകരിക്കപ്പെട്ടിരുന്നു എന്നാകുന്നു. കൊല്ലം രാജ്യത്തിനു ദേശിങ്ങനാട്ടു് എന്നൊരു പുരാതനനാമം കൂടി ഉണ്ടെന്നുള്ള വസ്തുത പ്രസിദ്ധമാണു്. കൊല്ലവൎഷത്തിനു ദേശിങ്ങവൎഷം എന്നും പേരുണ്ടായിരുന്നു. "ദേശിങ്ങ" പദം "ഉദയസിംഹ" പദത്തിന്റെ ലുപ്ത പ്രാകൃതരൂപമാണു്. "ജയസിംഹ" പദത്തിന്റെ ഗ്രാമ്യരൂപമാണു് "ദേശിങ്ങ"മെന്നും ചില പണ്ഡിതന്മാൎക്കു് അഭിപ്രായം ഉണ്ടു്. എന്നാൽ ദേശിങ്ങപദം, ഉദയസിംഹപദത്തിന്റെ ലുപ്തപ്രാകൃതമായിവരാനാണു കൂടുതൽ ന്യായം ഉള്ളതു്. അതിനാൽ കേരള രാജ്യവും പ്രാന്തപ്രദേശങ്ങളും തന്റെ അനിഷേധ്യമായ ആധിപത്യത്തിൻ കീഴിലാക്കി എ. ഡി ഒൻപതാം ശതകത്തിന്റെ ആദിമഘട്ടത്തിൽ, കൊല്ലം നഗരം രാജ്യസ്ഥാനമാക്കിക്കൊണ്ടു നാടുവാണിരുന്ന "ഉദയസിംഹൻ" എന്ന കൊല്ലംരാജാവിന്റെ കല്പനപ്രകാരം ഏൎപ്പെടുത്തപ്പെട്ട കേരളാബ്ദമാകുന്നു കൊല്ലവൎഷമെന്നു അനുമാനം ചെയ്യുന്നതു പ്രമാദമായ്വരുവാൻ ഇടയില്ല. കേരളീയൎക്കു് ഏറ്റവും അഭിമാനകരവും ആഹ്ലാദപ്രദവുമായ ഓണകാലമായ ശ്രാവണമാസം "ഉദയസിംഹാബ്ദ"മായ കൊല്ലവൎഷത്തിന്റെ പ്രാരംഭ മാസമായി പരിഗണിക്കപ്പെടുകയും, ആ

മാസത്തിനു "ചിങ്ങമാസം" (സിംഹമാസം) എന്നനാമം നൽകപ്പെടുകയും ചെയ്തതും ഏറ്റവും അത്ഥവത്തായിരിക്കുന്നു.

എ. ഡി. 9-ാം ശതവഷം മുതൽ രാഷ്ട്രകൂടരാജാക്കന്മാക്കു പ്രാബല്യം ഉണ്ടായതോടുകൂടി അവർ ദിക്ജയാകാംക്ഷയാൽ യുദ്ധപ്രസ്ഥാനങ്ങളിൽ ഏപ്പെട്ടുകൂട്ടത്തിൽ കേരള നാടുകളെയും ആക്രമിച്ചിട്ടുണ്ട്. എ. ഡി 813 നു ശേഷം ഗോവിന്ദരാജാവു് എന്ന രാഷ്ട്രകൂടരാജാവു കേരളത്തെ ആക്രമിച്ചു രാജാക്കന്മാരെ യുദ്ധത്തിൽ തോല്പിച്ചതായി കാണുന്നുണ്ട്. ഈ രാജാവു എ. ഡി. 815 വരെരാജ്യഭാരം വഹിച്ചതായി അനുമാനിക്കപ്പെട്ടിരിക്കുന്നു. ഈ ഗോവിന്ദരാജ (ഷഷ്ഠൻ)ന്റെ കാലശേഷവും രാഷ്ട്രകൂടരാജാക്കന്മാർ കേരളം മുതലായരാജ്യങ്ങൾ കൂടെക്കൂടെ ആക്രമിച്ചുകൊണ്ടിരുന്നു. തന്നിമിത്തം, അക്കാലത്തു് ഏററവും പ്രബലനായിരുന്ന കൊല്ലം രാജാവിന്റെ നേതൃത്വത്തിൽ, കേരളത്തിലെ ഇതര രാജാക്കന്മാർ കൂടി ചേന്നു, രാഷ്ട്രകൂടന്മാരോടു് എതിരിട്ടു് അവരെ കേരള സീമകളിൽ നിന്നു പലായനം ചെയ്യിച്ചിരിക്കാം. ഉദയസിംഹനെന്ന രാജാവായിരുന്നിരിക്കണം, അക്കാലത്തു കൊല്ലം രാജ്യം വാണിരുന്നതു്. കേരള സംയുക്ത രാജശക്തി രാഷ്ട്രകൂടന്മാരോടു ചെയ്ത യുദ്ധത്തിൽ കേരളത്തിനുസിദ്ധമായ വിജയത്തിന്റെ സ്മാരകമായിട്ടു് അക്കാലത്തു കേരളരാജപ്രവരനായിരുന്ന ഉദയസിംഹന്റെ രാജ്യത്തിന്റെയും അദ്ദേഹത്തിന്റെ നൂതനരാജധാനിയുടെയും നാമത്തിൽ ആ രാജമൌലിയുടെ നാമത്താൽ അങ്കിതമായ ശ്രാവണം ആദ്യമാസമായി ഗണനം ചെയ്തു് ഉദയസിംഹാബ്ദം ഏപ്പെടുത്തുവാൻ ഇടയായിട്ടുള്ളതാകുന്നു.

"കോലംബം"എന്നായിരുന്നു കൊല്ലത്തിന്റെ അഭിനാമം എന്നു ചില പ്രാചീന സംസ്കൃത ഗ്രന്ഥങ്ങളിലെ ആഭ്യന്തരതെളിവുകളാൽ അനുമാനിക്കേണ്ടിയിരിക്കുന്നു. കോലരാജവംശജരായ കൊല്ലംരാജാക്കാന്മാരുടെ പ്രാബല്യസൂചകമായ സ്മാരകമാകുന്നു, "കോലംബ" പദം ദ്യോതിപ്പിക്കുന്നതു്. എട്ടാംശതവഷത്തിൽ വിക്രമാദിത്യചാളൂക്യന്റെ പുത്രനായ കൃതിവമ്മചാളൂക്യൻ കേരളംജയിച്ചു് അടക്കിയശേഷം, തീരസ്ഥലങ്ങളിൽ വിജയ സ്മാരകമായി ഒരോ നഗരങ്ങൾ നിർമ്മിച്ചതുപോലെ

*ഉദയസിംഹൻ "കോലംബം" നഗരം പരിഷ്കരിച്ചു രൂപീകരിച്ചു രാജ്യത്തിന്റെ തലസ്ഥാനമാക്കിയിട്ടുള്ളതാണെന്നു വേണം വിശ്വസിക്കുവാൻ. കൊല്ലംരാജ്യം പുരാതനകാലത്തേ വിശ്രുതമായ വാണിജ്യകേന്ദ്രമായിരുന്നു; ചീനത്തെ മംഗോൾസാമ്രാട്ടായിരുന്ന കുബ്ളഖാന്റെ രാജധാനിയിൽ കൊല്ലം രാജാവിന്റെ പ്രതിപുരുഷനും കൊല്ലം രാജധാനിയിൽ, ആ ചീനസാമ്രാട്ടിന്റെ സ്ഥാനപതിയും താമസിച്ചിരുന്നതായും പ്രസ്തുത രാജ്യങ്ങൾ തമ്മിൽ സ്ഥായിയായ വാണിജ്യബന്ധവും രാഷ്ട്രീയസഖ്യവും നിലവിലിരുന്നതായും അനുമാനിക്കാവുന്നതാണു്.

പ്രാചീനകൊല്ലം നഗരം, അതിമനോഹരവും ആകർഷകവും ആയിരുന്നു. കൊല്ലത്തെ നൌകാശയം ഭാരതഖണ്ഡത്തിലെ തുറമുഖങ്ങളിലുള്ള നൌകാശയങ്ങളിൽ വച്ചു മെച്ചമേറിയതായിരുന്നുവെന്നു്, സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ആധുനികകാലത്തു് അഷ്ടമുടിക്കായലായി അവശേഷിച്ചിരിക്കുന്ന ജലാശയം, കടൽ പിൻവാങ്ങിയതോടുകൂടി ഉണ്ടായിട്ടുള്ളതാണെന്നും, കൊല്ലത്തെ ആദി തുറമുഖവും നൌകാശയവും അഷ്ടമുടിക്കായലിന്റെ തീരം സംബന്ധിച്ചു് എവിടെയോ ആയിരുന്നുവെന്നും അനുമാനിക്കാം. ഭൂഗർഭീയമായ കാരണത്താൽ അഷ്ടമുടിയിലെ ജലനിരപ്പു താഴുകയും, യാനപാത്രങ്ങളുടെ ആകൃതിയും പ്രകൃതവും സംബന്ധിച്ചും മററും, നാവികലോകത്തിൽ വരുത്തപ്പെട്ട പരിഷ്കാരങ്ങളാൽ വലിയതരം കപ്പലുകൾക്കു അഷ്ടമുടി ദുസ്സഞ്ചാരമായും അഴിമുഖം ദുസ്തരമായും ഭവിക്കുകയും ചെയ്തതുനിമിത്തം ആദിമനൌകാശയത്തുറമുഖം നിഷ്പ്രയോജനമായിത്തീർന്നിട്ടുള്ളതാകുന്നു. പിന്നീടായിരിക്കണം, ആധുനികതുറമുഖത്തിന്റെ രൂപീകരണം എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ചീനദേശവുമായുമുണ്ടായിരുന്ന വാണിജ്യബന്ധംപ്രാബല്യത്തിൽ ഇരുന്നകാലംഅത്രയുംകൊല്ലം തുറമുഖത്തിന്റെ പ്രശസ്തിയും വ്യാപാരബഹുലതയും നിലനിന്നു. അറബികളുടെയും പോർട്ടുഗീസുകാരുടെയും വാണിജ്യം മലയാളതീരത്തിൽ, വിശിഷ്യ കോഴിക്കോട്ടു സ്ഥാപിതമായ

* "ജയംബം" ആധുനികകാലത്തു ചൈകം "ചെമ്പു" എന്ന പ്രദേശത്തിന്റെ സ്ഥാനത്തുണ്ടായിരുന്ന നഗരം. ആ നഗരനിർമ്മാണകാലത്തു "ചെമ്പു" കടൽതീരത്തായിരുന്നു.

തോട്ടുകൂടി കൊല്ലം, ഭാരതതുറമുഖങ്ങളുടെ ഗണത്തിൽ പിന്നണിയിലായിത്തീൎന്നു. തിരുനെൽവേലി ദേശക്കാരായ ചിലവൎത്തകന്മാർ, അയ്യായിരംകാളവണ്ടി നിറച്ചുള്ള അരി വിലയായി കൊടുത്തു; പകരം കൊല്ലത്തുനിന്നു വാങ്ങി ആര്യങ്കാവു പാത മാൎഗ്ഗേണ പൂൎവ്വതീരത്തേക്കു കൊണ്ടുപോവാൻ സജ്ജമാക്കിയ അയ്യായിരം വണ്ടികുരുമുളക്, കൊല്ലം രാജ്യത്തെ മുളകുകുത്തക തങ്ങൾക്കാണെന്നുള്ളന്യായംപറഞ്ഞു. പോർട്ടുഗീസുകാർ പിടിച്ചടക്കിയതുമുതൽ, പോർട്ടുഗീസുകാരുടെ വാണിജ്യത്തിനു കൊല്ലം തുറമുഖത്തിൽ വലുതായക്ഷീണം സംഭവിച്ചുവെന്നും, പോർട്ടുഗീസുകാരെക്കുറിച്ചുള്ള ഭീതിനിമിത്തം കച്ചവടക്കാർ പുറസ്ഥലങ്ങളിൽ നിന്നും ചരക്കുംകൊണ്ടു വരാതായിത്തീൎന്നുവെന്നും, ദേശിങ്ങനാട്ട് അക്കാലം വാണിരുന്നതു ഒരു റാണിയായിരുന്നുവെന്നും മലബാറിലെ പോർട്ടുഗീസുചരിത്രത്തിൽ കാണുന്നു.

എ. ഡി. 825-ാമാണ്ടാണു കൊല്ലവൎഷം ആരംഭിച്ചതെന്നുള്ളതു പ്രത്യക്ഷമാണല്ലോ. കൊല്ലവൎഷാരംഭത്തിനുമുമ്പു കൊല്ലം നഗരം, നിലനിന്നിരുന്നില്ലെന്നു ചിലൎക്ക് ഉണ്ടായിട്ടുള്ള അഭിപ്രായം അടിസ്ഥാനരഹിതമാണ്. രാജ്യത്തിനും, നഗരത്തിനും മിക്കവാറും ഒരു നാമം തന്നെയായിരുന്നുവെന്നു പ്രാചീനസഞ്ചാരികളുടെ ലിഖിതങ്ങൾ കൊണ്ടു കാണാവുന്നതാകുന്നു.

എ. ഡി. 6-ാംശതകത്തിൽ മലയാളതീരങ്ങളിൽ വന്നെത്തിയിട്ടുള്ള കാസ്മസ് 'കൊസ്മലൈ' അല്ലെങ്കിൽ 'മലേ' എന്നു കൊല്ലത്തിനു നാമകരണംചെയ്തിരിക്കുന്നു. "കൊല്ലമല" എന്നു കൊല്ലത്തിനുണ്ടായിരുന്ന പുരാതന സംജ്ഞയെയാകുന്നു ഇതു സൂചിപ്പിക്കുന്നതു്. ആധുനിക ദശയിൽപോലും, "കിഴക്കേകൊല്ലം" "പടിഞ്ഞാറെകൊല്ലം" എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ കൊല്ലത്തിനു നിലനിന്നുവരുന്നതുപോലെ പുരാതനകാലത്തു, ഭൂപ്രകൃതിപ്രമാണിച്ചു "കീഴേകൊല്ലം" "മേലേക്കൊല്ലം" എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ടായിരുന്നതാണ്. കടലോരം സംബന്ധിച്ചപ്രദേശങ്ങൾക്കു കീഴേകൊല്ലമെന്നും, പൂൎവ്വോത്തരപ്രദേശങ്ങളായ ഉന്നതഭാഗങ്ങൾക്കുമേലേകൊല്ലമെന്നും പേരായിരുന്നു. ചീനസാമ്രാജ്യം താങ്രാജവംശത്തിന്റെഭരണത്തിലിരുന്ന കാലത്തും അതായിതു് എ. ഡി. 7-ാംശതകത്തിന്റെ ആരംഭദശമുതൽക്കുതന്നെ ചീനനാവികർ കൊല്ലവുമായി വാണിജ്യംനടത്തിവന്നിരുന്നതായി ചീനചരിത്രംകൊണ്ടു കാണാവു

ന്നതാണു്. അക്കാലത്തു കൊല്ലത്തിനു ചീനന്മാർനൽകിക്കാണുന്ന നാമം "കൌലോം" എന്നാണു്. ബാബിലോണിയായിലെ നെസ്റ്റോറിയൻ ആർച്ചുബിഷപ്പായിരുന്ന ജേസുജാബുവിന്റെ ലിഖിതങ്ങളിൽ "കോലോൺ എന്നു സംജ്ഞ ചെയ്തിരിക്കുന്നു. ഈ ആർച്ചു ബിഷപ്പിന്റെ കാലം ഏ. ഡി. 7-ാംശതകത്തിന്റെമദ്ധ്യമഘട്ടത്തിലാകുന്നു.

ഏ. ഡി. ഒൻപതാംശതകത്തിൽ കേരളതീരങ്ങൾ സന്ദർശിച്ചിട്ടുള്ള സോലിമാൻ, "കൌലംമലേ" എന്നു കൊല്ലത്തിനു നാമം കൊടുത്തിരിക്കുന്നു. ഒൻപതാം ശതകത്തിന്റെ ആദിമദശയിൽ കൊല്ലത്തുവന്നു, പള്ളി വയ്ക്കുവാൻ രാജാവിന്റെ അനുമതി വാങ്ങിയിട്ടുള്ളതു മാർസാപ്പർ, മാർവേറോജ്, എന്നീ സിറിയൻ മിഷനറിമാരുടെ ലിഖിതങ്ങളിൽ "കൌലാം" എന്നു പേർ കൊടുത്തിരിക്കുന്നു.*

ഏ. ഡി. എട്ടും ഒൻപതും ശതകങ്ങളിൽ കൊല്ലം രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാർ "ചക്രവർത്തി" എന്ന അഭിസംജ്ഞ രാജകീയനാമത്തോടുകൂടി ചേർത്തു ഉപയോഗപ്പെടുത്തി വന്നിരുന്നു. അവർകൊല്ലം രാജ്യം വാണിരുന്നു എന്നുമാത്രമല്ല, കേരളമൊട്ടുക്കു് ഉണ്ടായിരുന്ന നാടുവാഴികളും, രാജാക്കന്മാരും, ദേശാധിപന്മാരും ജന്മികളും ഉൾപ്പടെയുള്ള സമസ്തരും, കൊല്ലം രാജാവിന്റെ മേൽകോയ്മ അംഗീകരിച്ചിരുന്നതായും അനുമാനിക്കേണ്ടിയിരിക്കുന്നു. കൊല്ലം രാജ്യതലസ്ഥാനം അക്കാലങ്ങളിൽ ആദിയിൽ കല്ലട(നീലകണ്ഠപുര)യും പിന്നീടു് കൊല്ലം നഗരവും ആയിരുന്നുവെങ്കിലും, കേരളത്തെ പൊതുവിൽബന്ധിക്കുന്ന കാര്യങ്ങളെക്കുറിച്ചു് ആലോചിക്കുവാനും ആ വിഷയങ്ങളിൽ കൈകാര്യകർത്തൃത്വം നടത്തുവാനുമായി കെരളരാജപ്പെരുമാളിന്റെ തലസ്ഥാനമായി സങ്കല്പിക്കപ്പെട്ടിരുന്ന (കേരളരാജപ്പെരുമാൾ അഥവാ ചിലർ ഉപയോഗപ്പെടുത്തിവന്ന "ചേരമാൻപെരുമാൾ" എന്ന സംജ്ഞ ഒരു സ്ഥാനസംജ്ഞ മാത്രമാകുന്നു. അതു് ഒരു പ്രത്യേക വ്യക്തിയെക്കുറിക്കുന്നില്ല. ഈ സ്ഥാനം ആദികാലങ്ങളിൽ മററുള്ള രാജാക്കന്മാരും മററും കൂടി പ്രബലനായ ഒരു കേരളരാജാവിനു നൽകിയിരുന്നു. കാലാന്തരത്താൽപ്രാബല്യവും പ്രാധാന്യവുമേറിയ രാജാവു് ഈ

* Land's Anecdote Syriacu.

സ്ഥാനം സ്വയം സ്വീകരിച്ചു് അധികാരം നടത്തിപ്പോന്നു.) തിരുവഞ്ചിക്കുളം കോവിലകത്തും കൊടുങ്ങല്ലൂരുമായി ചില ദിവസങ്ങൾ കഴിച്ചു കൂട്ടുകയെന്നുള്ളതും അസാധാരണമല്ലായിരുന്നു.

വിശ്രുതമായ ഒന്നാം സിറിയൻ താമ്രശാസനം നൽകിയ വീര രാഘവചക്രവർത്തിയും, രണ്ടാം താമ്രശാസനദാതാവായ സ്ഥാണുരവി ഗുപ്തനും കൊല്ലം രാജാക്കന്മാരായിരുന്നു. സ്ഥാണുരവി ഗുപ്തനും "ചക്രവർത്തി" എന്ന ഉപസംജ്ഞ ഉപയോഗിച്ചു വന്നിരുന്നതായി, മേൽ ഖണ്ഡികയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന സിറിയൻ ലിഖിതങ്ങളിൽ നിന്നും അനുമാനിക്കാവുന്നതാണു്.

ചീനരാജ്യവും കൊല്ലവും തമ്മിലുള്ള വാണിജ്യബന്ധം നടപ്പായതു അതിപുരാതനമായ കാലംമുതൽക്കായിരുന്നുവെന്നും, ഏ. ഡി. 7-ാം ശതകത്തിന്റെ ആദിമദശമുതൽ ചീനത്തെ മുഗൾസാമ്രാട്ടായിരുന്ന കുബ്ളഖാന്റെ കാലാന്ത്യംവരെയും ഈ വാണിജ്യബന്ധം നിലനിന്നിരുന്നതായും മററും, ചീനദേശചരിത്രങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടു്. * ചീനരുടെ കപ്പലുകൾ സാമാന്യം വലിപ്പമുള്ളവയായിരുന്നു. അവ, പേഷ്യ ഉൾക്കടലിലെ സിറാഫ് തുറമുഖത്തുനിന്നു ചരക്കുകൾ കയററിക്കൊണ്ടു കൊല്ലം തുറമുഖത്തു അടുക്കുകയായിരുന്നു നടപ്പ്. ചീനക്കപ്പലുകളുടെ അടിവശം പരപ്പുള്ളവയായിരുന്നതിനാൽ കൊല്ലത്തെ അഴിമുഖം നിഷ്പ്രയാസം കടന്നു് ഉൾക്കടലിലുള്ള (ഇപ്പോഴത്തെ അഷ്ടമുടിക്കായൽ പ്രദേശം) നൌകാശയത്തിൽ അവ ചെന്നടുത്തുകൊണ്ടിരുന്നു. കൊല്ലം തുറമുഖത്തു ചീനക്കപ്പലുകൾ ഓരോ പ്രാവശ്യവും അടുക്കുമ്പോൾ 1000 "ദിനർ" വീതം ചുങ്കം കൊടുത്തുവന്നു. ‡ അക്കാലത്തു കൊല്ലം തുറമുഖവും നൌകാശയവും ഭാരതഖണ്ഡത്തിലേക്കു ഏററവും പ്രധാനപ്പെട്ടതും അത്യന്തം മനോഹരവും ആയിരുന്നു.

മാലിക്ക ബെൻഹബീബ് എന്ന മുസ്ലീം പുരോഹിതൻ കൊടുങ്ങല്ലൂർവന്നു് ഇറങ്ങി പള്ളി സ്ഥാപിച്ചശേഷം കൊല്ലത്തു വന്നു മുസ്ലീം സങ്കേതവും പള്ളിയും വച്ചിച്ചതു് ഇക്കാലത്തായിരുന്നുവെന്നു്, തോഹ്ഫത്തുൾമുജാഹിദിൻ എന്ന അറബി

* Chinese Annals—By Pauthier

‡ Solymans "Chaine De Chroniques" (A. D. 852)

ചരിത്രത്തിന്റെ പരിഭാഷപ്രകാരം അനുമാനിക്കേണ്ടിയിരിക്കുന്നു. കൊല്ലംമതപ്രചരണകേന്ദ്രമാക്കിക്കൊണ്ടു് ആ നേതാവു മദ്ധ്യകേരളത്തിൽ മുസ്ലീംമതം പ്രചരിപ്പിക്കുവാൻ വേല ആരംഭിച്ചു.

എ. ഡി. 12-ാംശതകത്തിന്റെ മദ്ധ്യഘട്ടത്തിൽ കേരളം സന്ദർശിച്ചിട്ടുള്ള ബെഞ്ചമിൻറ്റുഡലാ (Benjamin of Tudala) "കുല്ലം" എന്നു കൊല്ലത്തിനു സംജ്ഞ ചെയ്തിരിക്കുന്നു. ഈ സഞ്ചാരിയുടെ പ്രസ്താവനകളനുസരിച്ചു വെളിവാകുന്നതു് ഇപ്രകാരമാണു്. "കൊല്ലം സപ്താരാധകന്മാരായ ജനങ്ങളുടെ രാജ്യമാകുന്നു. ജനങ്ങൾ പ്രായേണ കൃഷ്ണവർണ്ണന്മാരാണു് ഇവരിൽ ജ്യൌതിഷം പരിചയമില്ലാത്തവർ വളരെ കുറയും. ഇവർ കുശന്റെ ഗോത്രക്കാരാകുന്നു. വാണിജ്യവിഷയത്തിൽ ഇവർ കണിശക്കാരും വിശ്വസ്തരും ആണു്. ഏതെങ്കിലും ഒരു വിദേശകപ്പൽ കൊല്ലംതുറമുഖത്തു് അടുത്താൽ ഉടൻ, രാജാവിന്റെ ഉദ്യോഗസ്ഥന്മാർ മൂന്നുപേർ കപ്പലിൽചെന്നു, കപ്പൽക്കാരുടെയും അതിലെ ചരക്കുകളുടെയും വിവരങ്ങൾ പനയോലയിൽ വെള്ളികെട്ടുള്ള നാരായംകൊണ്ടു കുറിക്കും. അനന്തരം ചുങ്കംവസൂലിച്ചുകഴിഞ്ഞാലുടൻ, കപ്പലിന്റെയും ചരക്കുകളുടെയും ചുമതല ആ ഉദ്യോഗസ്ഥന്മാർ ഏററു സൂക്ഷിച്ചുകൊള്ളും. ചരക്കുകളും മററും കൈമോശംവരുമെന്നോ മറേറാ ഭീതിവേണ്ട. ഇതാണുരാജ്യം ഒട്ടുക്കുള്ള നടത്ത. ജനുവരിമുതൽ ഏപ്രിൽവരെയുള്ളകാലം അത്യുഷ്ണം തന്നെ. രാവിലെ 8, 9 നാഴികചെല്ലുമ്പോൾമുതൽ വൈകുന്നേരംവരെ വലിയചൂടാണു്. അതിരാവിലെയുംവൈകുന്നേരവുമാണുവലുതായആൾസഞ്ചാരം. കടകമ്പോളങ്ങളിലുംമററുംരാത്രിയിൽ വിളക്കുവെച്ചുവ്യാപാരങ്ങൾ* നടത്തിവരുന്നു. കുരുമുളകു, നഗരത്തിനുചുററുമുള്ള പ്രദേശങ്ങളിലാണു വിളയുന്നതു്. നല്ലമുളകുകായ്ക്കുന്നചെടി(വള്ളി)ചെറിയമരങ്ങളിലാണു കയററിപ്പടർത്തുന്നതു്. നല്ലമുളകു പറിക്കുമ്പോഴുള്ള നിറമല്ല, അതു് ഉണങ്ങുമ്പോൾ ഉണ്ടാകുന്നതു്. മുളകുപറിച്ചു വലിയപാത്രങ്ങളിൽഇട്ടു് അതിനുമീതെ, തിളച്ചവെള്ളം ഒഴിച്ചു, വാർത്തു വെയിലത്തു് ഉണക്കുന്നു. അപ്പോൾ മുളകിനു്

* പുരാതനകാലത്തു കേരളരാജ്യങ്ങളിൽ രാത്രിയിൽ വ്യാപാരങ്ങളും കച്ചേരികളും നടത്തിവന്നിരുന്നു. ഈ പതിവു മദ്ധ്യകാലം വരെ നിലനിന്നിരുന്നു.

ഉറപ്പും, കറുപ്പും, ഉണ്ടാകുന്നു.*വാട്ടിഉണക്കുന്നതിനാൽ കാലപ്പഴക്കംകൊണ്ടു ദ്രവിച്ചുപോകുന്നുമില്ല. * മുളകുകൃഷി എല്ലാ ജനങ്ങൾക്കും അറിയാം. കറുവാ, ഇഞ്ചി മുതലായ മററുപല സുഗന്ധദ്രവ്യങ്ങളും ഇവിടെ സുലഭമാണ്. ഈ രാജ്യത്തെ ജനങ്ങൾ മരിച്ചവരെ കുഴിച്ചിട്ടുന്നില്ല. എണ്ണപ്പൂശി പീഠത്തിൽ ഇരുത്തി, വസ്ത്രങ്ങൾധരിപ്പിച്ചുണക്കുന്നു. ഓരോകുടുംബക്കാരും, അവരവരുടെ പൂർവികന്മാരെ, ഇങ്ങനെ പ്രത്യേകം പ്രത്യേകം സൂക്ഷിച്ചു രക്ഷിച്ചുവരുന്നു. ഓരോ പട്ടണത്തിൽനിന്നും അര മൈൽ അകലെ ഒരു സ്ഥാനത്തു് ആരാധനസ്ഥലം ഉണ്ടു്. സൂര്യോദയമാകുമ്പോൾ ജനങ്ങൾ അങ്ങോട്ടു ദ്രുതഗതിയിൽ പോകുന്നു. ഓരോ ആരാധനസ്ഥലത്തും സൂര്യന്റെ പ്രതിമ വച്ചിട്ടുണ്ടു്. അതു് ഒരു യന്ത്രത്തിൽ ഘടിപ്പിച്ചിട്ടുള്ളതാണു്. വലുതായ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു്, അതു രാവിലെ കറങ്ങിത്തുടങ്ങുമ്പോൾ സ്ത്രീപുരുഷന്മാർ ധൂപസാധനങ്ങൾ ധൂപക്കുററികളിൽ കത്തിച്ചു പുകച്ചുതുടങ്ങുന്നു. ഈ ജനങ്ങളുടെ രാജ്യങ്ങളിൽ ആകെക്കൂടി ഒരുന്തുറു ജൂദന്മാർ കുടിപാർക്കുന്നുണ്ടു്. അവർ കറുത്ത വർഗ്ഗക്കാരാണു്.

ബെഞ്ചമിന്റെ ഈ പ്രസ്താവനകളിൽ പലേ അസാംഗത്യങ്ങളും ഉണ്ടെന്നും, ആ സഞ്ചാരി കൊല്ലത്തു വന്നിരിക്കാൻ ഇടയില്ലെന്നും, കുരുമുളകു വളരുന്നുവെന്നും മററും പറയപ്പെട്ടിരിക്കുന്ന പ്രദേശം, അറേബ്യയിലെ ഹൂള എന്ന സ്ഥലമാണെന്നും, "എൽകാററിഫിൽ" നിന്നു ഹൂളയിലേക്കാണു ബെഞ്ചമിൻ പോയതെന്നും, "എൽ കാററിഫിൽ" നിന്നു കൊല്ലത്തു് ഏഴു ദിവസത്തിനുള്ളിൽ എത്തിയെന്നു പറഞ്ഞിരിക്കുന്നതു് അസംഭാവ്യമാണെന്നും ഒരു അഭിപ്രായം ചില ചിന്തകന്മാർക്കു് ഉള്ളതാണു്. ഈ അഭിപ്രായം അടിസ്ഥാനരഹിതമാണെന്നും ¶ബെഞ്ചമിൻ കൊല്ലത്തു രണ്ടുപ്രാവശ്യം വന്നിട്ടുണ്ടെന്നും വിശ്വസിക്കുവാനാണു ന്യായംകാണുന്നതു്. എ. ഡി. 1163 മുതൽ 1173 വരെ പൌരസ്ത്യപ്രദേശങ്ങളിൽ ദീർഘസഞ്ചാരം നടത്തിയ

* ആധുനികകാലത്തു നല്ലമുളകു വാട്ടിഉണക്കാറു പതിവില്ല.

¶ Jewish chronicle (19th octoder 1906) History of Kerala Vol. 1 dy K. P. Padmanadha Menon Page 275- 276.

പ്രസ്തുത ജൂതസഞ്ചാരിയുടെ സഞ്ചാരവിവരക്കുറിപ്പുകളിൽ നിന്നു വെളിവാകുന്നതു്, ഇങ്ങനെയാണു്:—

നവേറയായിൽ, ട്യൂഡലാക്കാരനായ ബെഞ്ചമിൻ ജഫ്ഫമെൻറ ആസിയാ സഞ്ചാരവിവരം.

ഫലാബിൽനിന്നു്	ബലിസിലേക്കും കാലജാബറിലേക്കും
കാലജാബറിൽനിന്നു്	ബലിക്, ഹ്രാറസ് എന്നീ നദികളുടെ സംഗമസ്ഥാനത്തുള്ള റാക്കായിലേക്കു്
റാക്കായിൽനിന്നു്	കാരൻ, നിസീബിൻ, ജാസിറ, മോസൽ എന്നീ സ്ഥലങ്ങളിലേക്കും.
മോസലിൽനിന്നു്	റാബാബാ കാർകീസിയ, ജൂബാ, കാർദാ, ഓക്കു്ബെറാ, ബാഗ്ദാദ് എന്നീ സ്ഥലങ്ങളിലേക്കു്.
ബാഗ്ദാദിൽനിന്നു്	റാസ്, ആൽഎയിൻ, ഫില്ലാബു്, ക്രൂഫാ, സൂറാ, ഷാഫ്ജാതിഫ്, അൽയീമെൻ, ദാനെയിം, തെൽമാസ്സ്, ഖെയിബർ, വാത്തിത്തു്, ബസ്രാ എന്നീ സ്ഥലങ്ങളിലേക്കും.
ബസ്രയിൽനിന്നു്	കോമ്മ, ഷൂസാൻ, റൂദ്ബർ, മൂലിബെത്ത്, ഹമേദൻ, എന്നീ സ്ഥലങ്ങളിലേക്കു്.
ഹമേദനിൽനിന്നു്	തബരിസ്ഥാൻ, ഇസ്പഹാൻ, ഫാർസ്സ് പേർഷ്യ എന്നീ സ്ഥലങ്ങളിലേക്കു്.
പേർഷ്യയിൽനിന്നു്, (ഷിറാസ്സ്)	ഖിവായിലേക്കും സമരഖണ്ഡിലേക്കും.
സമക്കണ്ഡിൽനിന്നു്	കാസചിനിലേക്കു്.
"കാസചിൻ" എന്നസ്ഥലത്തുനിന്നു്	ഖുസിസ്ഥാനിലേക്കു്.

ഖുസിസ്ഥാനിൽനിന്നു്	കിഷിലേക്കു് (I- kish)
കിഷ്ദ്വീപിൽനിന്നു്	(കടൽമാർഗ്ഗം) എൽ കാററിഫീലേക്കു് (ഏഴിമലനാടു്)
എൽ കാററിഫീ (എന്ന വിദേശീയർ വിളിച്ചുവന്ന പുരാതനകേരളനാടായ ഏഴിമലനാട്ടി)ൽ നിന്നു്.	കല്ലത്തേക്കു (കൊല്ലം)
കാണ്ടിയിൽ നിന്നു (തിരിച്ചു മടങ്ങി)	കാണ്ടിദ്വീപിൽ നിന്നു കൊല്ലത്തേക്കു്.
കൊല്ലത്തുനിന്നു്	സാബിഡ് (അബിസീനിയയിലെ) തുറമുഖത്തിലേക്കു്.
സാബിഡിൽനിന്നു്	മിഡിൽ ഇൻഡ്യയിലേക്കു 'ന്യൂബിയാ'യിലേക്കു് എന്നായിരിക്കാം ഉദ്ദേശിച്ചിരിക്കുന്നതു്;
അവിടെനിന്നു്	അശ്വാതിലേക്കു്
അശ്വാതിൽനിന്നു്	ഈജിപ്റ്റിലേക്കു്
ഈജിപ്റ്റിൽനിന്നു്	യൂറോപ്പിലേക്കു്. *

ഈ രേഖയെ അവിശ്വസിക്കുവാൻ കാരണം കാണുന്നില്ല. നേരേ മറിച്ചു ഇതു ഏററവും വിശ്വാസയോഗ്യമായ ഒരു രേഖയാണെന്നു വേണം വിശ്വസിക്കുവാൻ. ഈ രേഖ അനുസരിച്ചു നോക്കുമ്പോൾ ബെഞ്ചമിൻ രണ്ടു പ്രാവശ്യം കൊല്ലം സന്ദർശിച്ചിട്ടുണ്ടെന്നു കാണാവുന്നതാണു്.

ഏഴിനാടു സന്ദർശിച്ചശേഷം കൊല്ലത്തേക്കു വന്ന പ്രസ്തുത സഞ്ചാരി, കൊല്ലത്തെ ജനങ്ങളെക്കുറിച്ചു് ചെയ്തിരിക്കുന്ന പ്രസ്താവനകൾ കേരളത്തെ ഒട്ടാകെ പരാമർശിക്കുന്നുണ്ടു്. ബെഞ്ചമിൻ കേരളം സന്ദർശിച്ചഘട്ടത്തിൽ, ജൂതന്മാർ കേരളത്തിൽ ഇല്ലായിരുന്നുവെന്നു വിചാരിച്ചുകൂടാ. "ജൂതക്കുളം" എന്നൊരു വലിയ ജലാശയം ഏഴിനാട്ടിൽ അദ്യാപി ഉള്ളതാണു്. പുരാതന കേരളത്തിലെ വ്യാപാരകേന്ദ്രങ്ങളായിരുന്ന കൊടുങ്ങല്ലൂരും കൊല്ലത്തും ജൂതന്മാരുടെ സങ്കേതങ്ങൾ ഉണ്ടായിരുന്നിരി

* Discovery in Special Branches Exploration and Settlement "Ten Centuries of European Progress" Page 67. Lowis Jackson.

കടാന്ന തരമുള്ള. ഏഴിനാടായിരിക്കണം കേരളത്തിൽ ജൂദന്മാരുടെ ആദ്യസങ്കേതം. അവിടെ നിന്നു് കൊടുങ്ങല്ലൂരേക്കും കൊല്ലത്തേക്കും, അവർ നിർമ്മിച്ചിരിക്കണം. പതിനാലാം ശതകത്തിൻെറ അന്ത്യഘട്ടത്തിൽ ആയിരിക്കണം, ജൂദന്മാർ കൊച്ചിയിൽ ആദ്യമായി സങ്കേതം ഉറപ്പിച്ചതെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

കൊല്ലം രാജ്യവാസികൾ സൂര്യാരാധകന്മാരാണെന്നു ബെഞ്ചമിൻ പ്രസ്താവിച്ചിരിക്കുന്നതു അത്ഭുതമല്ല. ഹിന്ദുക്കൾ സമസ്തരും സൂര്യാരാധകന്മാർ കൂടെയാണു്. കേരളത്തിലും ആധുനികകാലത്തുപോലും ഹിന്ദുക്കൾ സൂര്യാരാധന നടത്തി വരുന്നുണ്ടു്. ആദിത്യനമസ്കാരം സൂര്യോദയത്തിങ്കൽ ചെയ്യുക പുരാതനകാലത്തു എല്ലാ ഹിന്ദുക്കളുടെയും ഇടയിൽ സാധാരണമായിരുന്നു. സ്നാനം കഴിഞ്ഞു സൂര്യനെനോക്കിതൊഴാത്ത ഹിന്ദുക്കൾ, ആധുനികകാലത്തുപോലും വളരെ കുറവാണു്. രവിവാരവ്രതം ആചരിക്കുന്ന ഹിന്ദുക്കളും, ഞായറാഴ്ച ഒരുനേരം മാത്രമേ ആഹാരം കഴിക്കുകയുള്ളുവെന്നും ആയതു സ്നാനാദി കഴിഞ്ഞു ശരീരശുദ്ധിയോടുകൂടി വേണമെന്നും, നിർബ്ബന്ധമുള്ള ഹിന്ദുക്കളും ആധുനികകാലത്തു ധാരാളം ഉണ്ടു്. സൂര്യൻ പ്രത്യക്ഷചൈതന്യമൂർത്തിയാകയാൽ, സൂര്യാരാധകന്മാർ ക്ഷേത്രങ്ങളിൽ സൂര്യബിംബത്തിൻെറ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു, സാധാരണമായി, ആരാധിക്കുക, ആധുനികകാലത്തു് പതിവില്ലെങ്കിലും, പുരാതനകാലത്തു് സൂര്യക്ഷേത്രങ്ങൾ കേരളത്തിൽ നിലനിന്നിരുന്നു എന്നുള്ളതിനു ആയാംകുടിയിൽ ഇരവിമംഗലം എന്ന ഗ്രാമത്തിലുള്ള "ആദിത്യപുരം"* ക്ഷേത്രം ഒരു ഉത്തമലക്ഷ്യമാകുന്നു. ഈ പുരാതനക്ഷേത്രത്തിൽ സൂര്യനെ പ്രതിഷ്ഠിച്ചു് ആരാധിച്ചുവരുന്നു. പ്രഭാതത്തിൽ ആരാധനാസ്ഥലംതോറും യന്ത്രസഹായത്താൽ ശബ്ദത്തോടുകൂടി തിരിയുന്ന സൂര്യപ്രതിമ ഉണ്ടെന്നു ബെഞ്ചമിൻ പ്രസ്താവിച്ചിരിക്കുന്നതു ഹിന്ദുക്ഷേത്രങ്ങൾതോറും നാഴികനിർണ്ണയത്തിനു പണിയിക്കപ്പെട്ടിരുന്ന സൂര്യകാന്തിഘടികാരത്തെ ഉദ്ദേശിച്ചായിരിക്കണം. സൂര്യോദയമാകുമ്പോൾ(നേരം പ്രഭാതമാകുമ്പോൾ)മണിഅടിക്കുന്നതിനും, സൂര്യപ്രകാശം ഇല്ലാത്തുള്ള ദിനങ്ങളിലും, രാത്രിയിലും വിനാ

* 'ആദിത്യപുരം' ക്ഷേത്രത്തെക്കുറിച്ചുള്ള വിവരങ്ങൾ അന്യത്രചേർത്തിരിക്കുന്നു.

ഴികകളും, നാഴികകളും നിർണ്ണയിക്കുവാനുമുള്ള രാശിമണിപ്പട്ടും നാഴികവട്ടകയും ഈ സൂര്യകാന്തിഘടികാരത്തിൽ സംഘടിപ്പിച്ചിരുന്നു. സൂര്യോദയമാകുമ്പോൾ ക്ഷേത്രങ്ങളിലേക്കു പോകുക, ഹിന്ദുക്കളുടെ ഇടയിൽ പുരാതനകാലംമുതൽ(ക്ഷേത്രങ്ങൾ ആദ്യമായി നടപ്പായകാലം) സാധാരണമായ നടത്തയാണ്. സൂര്യോദയത്തിൽ ആരാധനസ്ഥലത്തു യന്ത്രംകറങ്ങി വലിയശബ്ദം പുറപ്പെടുമ്പോൾ, സ്ത്രീപുരുഷന്മാർ ഉണർന്നു ധൂപദീപങ്ങൾ കത്തിക്കുന്നുവെന്നു സഞ്ചാരി പ്രസ്താവിച്ചിരിക്കുന്നതും യഥാർത്ഥം തന്നെ. ഹിന്ദുക്കൾ രാവിലെ ഉണർന്നു (സൂര്യോദയത്തിനു വളരെ മുമ്പേ തന്നെ) ഗൃഹവും പരിസരങ്ങളും ശുചിയാക്കി ധൂപങ്ങൾ പുകയ്ക്കുകയും ദീപം കത്തിച്ചുവയ്ക്കുകയും ചെയ്യുന്ന പതിവ് അതിപുരാതനകാലംമുതൽ ഉള്ളതാണ്. മരിച്ചവരെ കുഴിച്ചിടാറില്ലെന്നും തൈലംപൂശി പീഠത്തിന്മേൽവച്ചു വസ്ത്രാദികൾ ധരിപ്പിച്ചു ഉണക്കുകയാണെന്നും ഉള്ള പ്രസ്താവനയിൽ സഞ്ചാരിക്കു അല്പം പ്രമാദംപററിയിരിക്കാം. മൃതശരീരങ്ങൾ സമാധിയിൽ ഇരുത്തി അടക്കണമെന്നു നിർബന്ധമുള്ള ചില വർഗ്ഗക്കാർ കേരളത്തിൽ ഉണ്ട്. കേരളത്തിൽ സന്യാസിമാരെ അടക്കുന്നതും ഈ രീതിയിലാണ്. മധുരയിൽനിന്നു കേരളത്തിൽ ഉപവേശംചെയ്തിട്ടുള്ള വിശ്വബ്രാഹ്മണവർഗ്ഗക്കാരിൽ ചിലരും കുലാലവർഗ്ഗക്കാരിൽചിലരും വൈദികബ്രാഹ്മണവർഗ്ഗത്തിൽ ഉൾപ്പെട്ട സ്വാമിയാരന്മാരും മരിച്ചാൽ അടക്കപ്പെടുന്നതു? പത്മാസനത്തിലോ മറേറാ ഒരു പീഠത്തിൽ ഇരുത്തി? വസ്ത്രാദികൾ ധരിപ്പിച്ചു (ചിലരുടെ ജഡം നഗ്നമായും ഇരുത്തുക പതിവുണ്ട്) കിണറുപോലെ തയ്യാറാക്കപ്പെടുന്ന കുഴിയിൽ ഇറക്കിവച്ചു കർപ്പൂരം, സാമ്പ്രാണി, ഉപ്പ് എന്നിവ ഇട്ടു നിറയ്ക്കുന്നു. ജഡത്തിൽ തൈലവും ഭസ്മചന്ദനാദികളും പൂശുകയും പതിവുണ്ട്. ഈവിധമുള്ള ശവസംസ്കാരം ബെഞ്ചമിൻ കണ്ടിരിക്കും. കേരളത്തിലെ സാധാരണമായ ശവസംസ്കാരചടങ്ങു ഇങ്ങനെയെന്നു ആ വിദേശി തെററിദ്ധരിച്ചിരിക്കും; അഥവാ വല്ലവരും ആ സഞ്ചാരിയെ തെററിദ്ധരിപ്പിച്ചിരിക്കാം. ജനങ്ങൾ കുശവന്റെ അനന്തരപരമ്പരകളാണെന്നു ബെഞ്ചമിൻ പ്രസ്താവിച്ചിരിക്കുന്നതു, കുലാലവർഗ്ഗക്കാരിൽ ആരിൽനിന്നെങ്കിലും കിട്ടിയ അറിവിനെ ആസ്പദമാക്കി ആയിരിക്കാൻ ഇടയുണ്ട്. കുശവന്മാ

"കശ്യപ"മഹർഷിയുടെ ഗോത്രക്കാരാണെന്നു ആ വർഗ്ഗക്കാർ അദ്യാപി അഭിമാനിച്ചുപോരുന്നുണ്ടു്.

കൊല്ലം രാജ്യത്തെ രാജാക്കന്മാരുടെ ഭരണസംബന്ധമായ വ്യവസ്ഥകളേയും അവ പാലിക്കപ്പെട്ടുന്നതിൽ പ്രദർശിപ്പിച്ചു വന്ന നിഷ്കർഷയെയുംകുറിച്ചു, വേറെയും ചില വിദേശസഞ്ചാരികൾ പ്രശംസാരൂപത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. എൽകാററിഫിൽ (ഏഴി-(ഏലി) മലനാട്ടു്) നിന്നു്, നല്ല കാററുള്ളപ്പോൾ പുരാതനകാലങ്ങളിൽ പാക്കപ്പലുകളിൽ യാനം ചെയ്തു ഏഴു ദിവസംകൊണ്ടു് കൊല്ലത്തു് എത്തുക ദുഷ്കരമായിരുന്നില്ല.

ഏ. ഡി. 13-ാംശതകത്തിൽ അൽ കാസ്വിനി എന്ന മുസ്ലിം ഭൂമിശാസ്ത്രകാരൻ പൂർവരേഖകളെ ആസ്പദമാക്കി തയ്യാറാക്കിയ ഭൂവിവരണഗ്രന്ഥത്തിൽ ദേശത്തെക്കുറിച്ചു് പ്രസ്താവിച്ചിട്ടുള്ള കൂട്ടത്തിൽ "കലാം" ഇൻഡ്യയിലെ ഒരു വലിയ നഗരമാണെന്നു വിവരിച്ചിട്ടുണ്ടു്. അൽകാസ്വിനിയുടെഗ്രന്ഥത്തിനു് ആസ്പദമായ വിവരങ്ങളിൽ പലതും നൽകിയിട്ടുള്ള സഞ്ചാരിയായ മീസർ മഹൽഹിൽ കേരളം സന്ദർശിച്ചു രേഖപ്പെടുത്തിയിട്ടുണ്ടു്. ആ സഞ്ചാരി കൊല്ലത്തു ചെന്നു പല വിവരങ്ങളും നേരിട്ടു കണ്ടറിഞ്ഞും, ചോദിച്ചറിഞ്ഞും എഴുതിയിട്ടുള്ളതാകുന്നു. മീസർ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—
"കൊല്ലം നഗരത്തിൽ ഒരു ക്ഷേത്രമോ വിഗ്രഹമോ ഞാൻ കണ്ടില്ല. ജനങ്ങൾ മാംസം ഭക്ഷിക്കാറില്ല. ഇവിടത്തെ ഭവനങ്ങൾ വളരെ വിശേഷപ്പെട്ട രീതിയിലാണു് പണിയിച്ചിരിക്കുന്നതു്. തൂണുകളിൽ ചിപ്പി പതിച്ചു മൂടി ഇണക്കിയിരിക്കുന്ന കാഴ്ച വളരെ കൌതുകകരമായിരിക്കുന്നു. ഇവിടെ മൺപാത്രവ്യവസായം വളരെ പുഷ്ടിപ്പെട്ടിരിക്കുന്നു. എങ്കിലും ചീനപ്പാത്രങ്ങളോടു സാദൃശ്യം ഇല്ല. തേക്കു വൃക്ഷങ്ങൾ നിറഞ്ഞ കാടുകൾ ഈ രാജ്യത്തു വളരെ ഉണ്ടു്. ഈ നഗരത്തിലല്ലാതെ വേറൊരു രാജ്യത്തും ഒരു വൈദ്യനെ നിയമിച്ചിട്ടില്ല.

കൊല്ലത്തെ രാജാവു നാടുനീങ്ങിയാൽ ചീനയിൽ നിന്നു രാജാവിനെ കൊണ്ടുവന്നു വാഴിക്കുകയാണു് നടപ്പു."*

മഹമ്മദമതാവലംബിയായ ആ വിദേശസഞ്ചാരി കൊല്ലം നഗരത്തിലെ ക്ഷേത്രങ്ങളോ വിഗ്രഹങ്ങളോ കാണുവാൻ ഇട

---

* Malabar.

യില്ലല്ലോ. കൊല്ലത്തെ രാജവംശത്തിൽ അന്യം നിൽപ്പുണ്ടാകുമെന്നു ബോധ്യപ്പെട്ടുന്ന ഘട്ടങ്ങളിൽ ചിറവായ് സ്വരൂപം എന്ന രാജവംശത്തിൽ നിന്നു ദത്തു എടുക്കുന്ന പതിവുണ്ടെന്നു പ്രസ്തുത സഞ്ചാരിയെ ആരെങ്കിലും ഏതദ്ദേശീയർ ധരിപ്പിച്ചിരിക്കാം. അഥവാ, കൊല്ലം സന്ദർശിച്ച ഘട്ടത്തിൽ, ചിറവായ് സ്വരൂപത്തിൽനിന്നു്, കൊല്ലം രാജവംശത്തിലേക്കു് ഒരു ദത്തു നടത്തപ്പെട്ടതായും വരാം.

എ. ഡി. 13-ാംശതകത്തിന്റെ അന്ത്യഘട്ടത്തിൽ കേരള തീരങ്ങൾ സന്ദർശിച്ച മാർക്കോപോളോ കൊല്ലത്തെക്കുറിച്ചു് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.—"ഇവിടത്തെ ജനങ്ങൾ വിഗ്രഹാരാധകന്മാരാണു്. കൊയിലംരാജ്യത്തിൽ ക്രിസ്ത്യാനികളും ജൂദന്മാരുമുണ്ടു്. ഈ രാജ്യത്തെ ജനങ്ങൾ സ്വന്തമായ ഒരു ഭാഷ സംസാരിക്കുന്നു. അവക്കു പ്രത്യേകം ഒരു രാജാവും ഉണ്ടു്. രാജാവു് മറ്റൊരു കോയ്മയുടെയും അധികാരത്തിൻ കീഴിലല്ല. ചപ്പെങ്ങും, ഇഞ്ചിയും, കുരുമുളകും ഈ രാജ്യത്തു ധാരാളം വിളയുന്നു ചപ്പെങ്ങളിൽനിന്നു വിശേഷപ്പെട്ട ചായംകിട്ടുന്നു. നീലം എടുക്കാവുന്ന അമരിച്ചെടി ഇവിടെ ഉണ്ടു്. പനവർഗ്ഗത്തിലുള്ള വൃക്ഷങ്ങളിൽനിന്നു ഇവർ പഞ്ചസാരയും ലഹരിയുള്ള മദ്യവും ഉണ്ടാക്കുന്നു. കോതമ്പു്, യവം മുതലായധാന്യങ്ങൾ ഇവിടെ ഇല്ല. നെല്ലു് ഇവിടെ വിളയുന്നു. ഇവിടത്തെ പക്ഷികളും മൃഗങ്ങളും വളരെ കൌതുകകരങ്ങളാണു്. കറുത്ത സിംഹങ്ങളും (കരിമന്തികളെയൊ കരടികളെയൊ ഉദ്ദേശിച്ചായിരിക്കാം ഇങ്ങനെ എഴുതിയിരിക്കുന്നതു്) വിശേഷപ്പെട്ട മയിലുകളും തത്തകളും ഇവിടെ കാണപ്പെടുന്നു. മനുഷ്യന്റെ ജീവിതത്തിനു് ആവശ്യമുള്ളവ, സമസ്തവും ഇവിടെ സുലഭമാണു്. ചൂട്ടു മാത്രം വളരെ ദുസ്സഹം. ഇവിടത്തെനദിയുടെ മണൽത്തിട്ടയിൽ ഒരു മുട്ട കുഴിച്ചിട്ടാൽ അല്പസമയത്തിനകം വെന്തു പാകപ്പെട്ടും. അത്ര അധികം ചൂടു് ഉണ്ടു്.

സ്ത്രീപുരുഷന്മാർ അരയിൽ മാത്രം ഒരു വെള്ളവസ്ത്രം ധരിക്കുന്നു. എല്ലാവരും കൃഷ്ണവർണ്ണരാണു്. സഹോദരന്റെ പുത്രിയെ സഹോദരിയുടെ പുത്രൻ വിവാഹംകഴിക്കുന്നതാണു് ഇവിടത്തെ നടത്ത. സഹോദരന്റെ മരണശേഷം അയാളുടെ വിധവയെ, അയാളുടെ മറ്റൊരു സഹോദരൻ ഭാര്യയായി സ്വീകരിക്കുന്നതും ഇവിടെ നിഷിദ്ധമല്ല.

നല്ല വൈദ്യന്മാരും ജ്യോതിഷക്കാരും ഇവിടെ അധികം ഉണ്ട്. അറേബ്യ, മാൻസി, ലിവാൻറ് എന്നീ ദേശങ്ങളിൽ നിന്നു വർത്തകന്മാർ, കപ്പലുകളിൽ ഇവിടെവന്നു വാണിജ്യം നടത്തുന്നു. അവർക്കു നല്ലലാഭം കിട്ടുന്നുമുണ്ട്. രാജാവിനും ചീനരുടെ കച്ചവടംനിമിത്തം വലിയ മുതലെടുപ്പുണ്ട്. ഈ രാജ്യം താമ്രവർണ്ണിനദിയുടെ മുഖംവരെ വ്യാപിച്ചിരിക്കുന്നു.

"മാൻസി" എന്നുള്ളതു, ചൈനയുടെ പുരാതനമായ പേരാകുന്നു. പതിമൂന്നാം ശതവർഷത്തിൻെറ അന്ത്യഘട്ടത്തിലും കൊല്ലംരാജാവിൻെറ മേൽക്കോയ്മസ്ഥാനം കേരളത്തിലെ ഇതര രാജാക്കന്മാരും നാടുവാഴികളും ആദിയായവരും അംഗീകരിച്ചിരുന്നതായി മാർക്കോപൊളോയുടെ രേഖകളിൽനിന്നു വെളിവാകുന്നുണ്ട്.

പതിമൂന്നാം ശതാബ്ദത്തിൻെറ അന്ത്യദശയിൽ കൊല്ലം രാജാവിൻെറ പ്രതിപുരുഷന്മാർ വിവിധങ്ങളായ ഉപഹാരങ്ങളോടുകൂടി ചീനാസമ്രാട്ടായ കുബ്ളഖാൻെറ അരമനയിൽ ചെന്നിട്ടുള്ളതായും ആ ചക്രവർത്തി, മൂന്നു പ്രാവശ്യം സ്ഥാനപതികളെ കൊല്ലംരാജാവിൻെറ സന്നിധിയിലേക്കു അയച്ചിട്ടുള്ളതായും ചീനചരിത്രരേഖകളിൽ കാണുന്നു. ചീനത്തേക്കു ആ കപ്പലോടെ കൊണ്ടുപോകപ്പെട്ട സമ്മാനങ്ങളുടെ കൂട്ടത്തിൽ ഒരു മനുഷ്യനോളം വലിപ്പമുള്ള ഒരാൾക്കുരങ്ങും ഉൾപ്പെട്ടിരുന്നുവെന്നും വിവരിച്ചിട്ടുണ്ട്. രാജാവിൻെറ കൊട്ടാരം ഇരിക്കുന്ന സ്ഥാനത്തിനു "ആ—പ്പു—ഹോട്ട—" (പാർപ്പു കോട്ട—"തിരുപാർപ്പു കോട്ട" എന്നായിരിക്കണം) എന്നും രാജാവിനു "കൌല്ലംബെനെററി—ഡേരി"(കൊല്ലം—വേണാട്ടുതിരുവടി) എന്നും പേരായിരുന്നതായി ചീനചരിത്രരേഖകളിൽ കാണുന്നുണ്ട്. * ബാർബോസായും കൊല്ലം രാജാവിൻെറ സ്ഥാനനാമം ഇങ്ങനെ തന്നെയെന്നു പ്രസ്താവിച്ചിരിക്കുന്നു. "വേണാട്ടടികൾ തിരുവടികൾ" എന്നുള്ള വ്യാഖ്യാനമാകുന്നു ഡാക്ടർ കാൾഡ്വെല്ലും ഇതിനു നൽകിക്കാണുന്നതു. ആദിമകൊല്ലം രാജകുടുംബം "വേണാട്ടുസ്വരൂപം" എന്ന പേരിനാൽ അറിയപ്പെട്ടിരുന്നു; എന്തുകൊണ്ടെന്നാൽ ആ രാജവംശത്തിൻെറ ആദിമൂലസ്ഥാനം "വേണാടു" എന്ന ഗ്രാമത്തിലായിരുന്നു. †

* Panthier. † Caldwell—Comparative Grammar of Dravidian Languages.

ഈ ശതാബ്ദത്തിന്റെ അന്തിമദശയായപ്പോഴേക്ക, കൊല്ലത്തു മഹമ്മദീയവണിക്കുകൾ പ്രബലന്മാരായിത്തീന്നു. ചീനർ, ക്രൈസ്തവർ, ജൂതന്മാർ, ചെട്ടികൾ എന്നിവക്ക വാണിജ്യവിഷയത്തിൽ ക്ഷതി ഉണ്ടായി. ചീനത്തെ ആദ്യറോമൻകത്തോലിക്ക ആർച്ചു ബിഷപ്പും; ചീനത്തു പ്രഥമതഃ കത്തോലിക്ക സഭാവക മതപ്രചരണം ആരംഭിച്ച മിഷണറിയുമായ ജാൺ. മോണ്ടികാർവിനോ ചീനത്തേക്ക പോകുംവഴി കൊല്ലം സന്ദർശിച്ചു രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ നിന്നാകുന്നു, ഈ വാണിജ്യപരിവത്തനത്തെക്കുറിച്ചു അറിവു ലഭിക്കുന്നതു്.

എ. ഡി. 1273-ൽ കേരളം സന്ദർശിച്ചു ആബുൽഫേദാ കൊല്ലം നൌകാശയത്തെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതു് ഈ പ്രകാരമാണു്:—

മുളകുനാടിന്റെ പരമാന്ത്യത്തിലാണു് "കൊയിലോൺ." (കൊയിലം) മുളകുനാട്ടു് "കൊയില" ത്തിനു് കിഴക്കാകുന്നു. കൊയിലത്തുനിന്നു് ഏഡനിലേക്കു് നേരെ കപ്പലോടിക്കുന്നു. ഒരു ചെറിയ ഉൾക്കടലിന്റെ പുറവും മണൽ പ്രദേശമായ ഒരു സമതലത്തിൽ അനേകം തോട്ടങ്ങളോടുകൂടിയുള്ളതാണു് ഈ നഗരം. ഇവിടെ മഹമ്മദീയക്കും മനോഹരമായ ഒരുപള്ളിയും ഒരു പ്രത്യേക തെരുവും ഭവനപങ്‌ക്തിയും ഉണ്ടു്.

ഫ്രയർ ഓഡറിക്ക് കൊല്ലത്തിനു "പൊളുംബം" എന്നു സംജ്ഞ നൽകിയിരിക്കുന്നു. ലോകത്തിലേക്കു് ഏറ്റവും നല്ല ഇഞ്ചി ഇവിടെ സുലഭമാണെന്നും, മുളക വിളയുന്ന രാജ്യത്തിന്റെ ദക്ഷിണാഗ്രത്താണു "പൊളുംബം" എന്നും പറഞ്ഞാൽ ആക്കും വിശ്വാസം തോന്നാത്ത വിധത്തിൽ ഈ നഗരം അത്ര വലുതാണെന്നും ആ മിഷണറി പ്രസ്താവിച്ചിരിക്കുന്നു. *

ഇൻഡ്യയിലെ ആദ്യ കത്തോലിക്ക മെത്രാനായി കൊല്ലത്തേക്ക, പോപ്പുജാൺ 22-ാമനാൽ നിയമിക്കപ്പെട്ട ജോർഡാനസ്സ് കൊല്ലത്തിനു "കോലംബം" എന്ന നാമകരണം ചെയ്തിരിക്കുന്നു. "കോലംബ" ത്തിലെ രാജാവിന്റെ പേർ "ലിംഗ" എന്നാണു്. ആ രാജാവിന്റെ രാജ്യത്തിന്റെ പേരു "മലബാർ" എന്നാകുന്നു. രാജാവിന്റെ പുത്രന്മാക്ക രാജ്യാവകാശം

* History of Kerala Vol I. K. Padmanabha Menon Page 281.

ഇല്ല; സഹോദരിയുടെ പുത്രന്മാക്കാണ് അവകാശം. രാജാവിൻെറ പ്രജകൾ ശുചിത്വമുള്ളവരും, സത്യസന്ധരും നീതി നടത്തുന്നതിൽ ബദ്ധശ്രദ്ധരുമാകുന്നു. ഇവരുടെ ഇടയിൽ ക്രിസ്തുവിൻെറ മതം പ്രചരിപ്പിക്കാൻ പ്രതിബന്ധം യാതൊന്നുമില്ല. വിഗ്രഹാരാധകന്മാരായ ഇവരെ ജ്ഞാനസ്നാനം ചെയ്യിക്കുന്നതിനും ആക്കും വിരോധമില്ല.. ഇവിടെ ക്രിസ്ത്യാനികൾ എന്നൊരു കൂട്ടം ജനങ്ങൾ അങ്ങുമിങ്ങുമായി കുടിപാർക്കുന്നു. സെൻറ് തോമസു തന്നെ ക്രിസ്തുവെന്നു അവർ വിശ്വസിക്കുന്നു. *

കൊല്ലം രാജാവിനു "ലിംഗ" എന്നു ജോർഡാനസ് നാമകരണം ചെയ്തിരിക്കുന്നതു ശിവപ്രധാനമായ രുദ്രാക്ഷമാല്യം കണ്ഠത്തിൽ ധരിച്ചിരുന്നതിനാലായിരിക്കണമെന്ന് യൂർ അഭിപ്രായപ്പെടുന്നു. രാജ്യത്തിൻെറ പേർ "മലബാർ" എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ, അക്കാലത്തും കൊല്ലം രാജ്യത്തിൻെറ മേൽക്കോയ്മ കേരളം ഒട്ടുക്ക് അംഗീകരിക്കപ്പെട്ടിരുന്നതായി അനുമാനിക്കാവുന്നതാണ്. സെൻറ് തോമസ് ക്രിസ്ത്യാനികളെ റോമൻ കത്തോലിക്ക് സഭയിൽ ഉൾപ്പെടുത്തുവാൻ ജോർഡാനസ് ഉററു ശ്രമിക്കുകയും, അവക്കായി "കോലംബം" ത്തിൽ സെൻറ് ജാർജ്ജ് പള്ളി പണിയിക്കുകയും ചെയ്തതായി പറയപ്പെട്ടിരിക്കുന്നു. പ്രസ്തുത പള്ളിയോ, അതിൻെറ നഷ്ടശിഷ്ടങ്ങളോ, ആധുനികകാലത്തു നിലനിൽക്കുന്നില്ല. എങ്കിലും അനേകം മിഷണറിമാർ പിൽക്കാലങ്ങളിൽ അവിടെ വൈദികപൂജകൾ നടത്തിവന്നതായി പറയപ്പെട്ടിരിക്കുന്നു. 1502-ൽ പോർട്ടുഗീസുകാർ ആദ്യമായി കൊല്ലം സന്ദർശിച്ചപ്പോൾ കണ്ടതായ പള്ളി, ഇതായിരിക്കാം എന്നു മി. കെ. പി. പത്മനാഭമേനവൻ അദ്ദേഹത്തിൻെറ കേരളചരിത്രം ഒന്നാംവാല്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

എ. ഡി. 1343-ൽ കൊല്ലം സന്ദർശിക്കുവാൻ അവസരം ലഭിച്ച ആളായ ഇബ്നുബാററാ "കൌലം" എന്നാണു നാമകരണം ചെയ്തിരിക്കുന്നതു്. അക്കാലത്തു കൊല്ലത്തെ വാണിജ്യം മിക്കവാറും ചീനരുടെ കൈവശത്തിൽ നിന്നു വിട്ടുപോയിരുന്നു. മഹമ്മദീയരുടെ വാണിജ്യം പ്രബലീഭവിച്ചിരുന്നതായും

---

* Yules Translation of "Mirabibia Description" by Jordanus.

അവൎക്ക പ്രത്യേക വാസസങ്കേതവും മററും ഉണ്ടായിരുന്നതായും ബാറബററാ പ്രസ്താവിച്ചിട്ടുണ്ട്. കൊല്ലം രാജാവിനെക്കുറിച്ചു പ്രശംസാരൂപത്തിൽ ആ സഞ്ചാരി രേഖപ്പെടുത്തിയിരിക്കുന്നതാവിതു:—"രാജാവിൻെറ പേരു "തിരുവരി" (തിരുവടി—വേണാട്ടു തിരുവടി എന്ന സ്ഥാനം ആയിരിക്കണം) എന്നാകുന്നു. അദ്ദേഹത്തിൻെറ നീതിനിഷ്ഠ വളരെ പ്രസിദ്ധമാണ്. ഒരു ദിവസം രാജാവും, ജാമാതാവുംകൂടി കതിരസ്സവാരിചെയ്യുകയായിരുന്നു. അപ്പോൾ അടുത്ത പുരയിടത്തിൽനിന്നും ഒരു മാമ്പഴം വഴിയിൽവീണു. രാജാവിൻെറ ജാമാതാവു കുതിരയെ നിൎത്തി താഴെ ഇറങ്ങി ആ മാമ്പഴം എടുത്തു. രാജാവിനു ആ പ്രവൃത്തി ഹിതമായില്ല. അവിടുന്നു ഉടൻതന്നെ മരുമകനെ വധിക്കുവാൻ കല്പനകൊടുത്തു. കല്പന അപ്പോൾ അവിടെവച്ചുതന്നെ നടത്തപ്പെട്ടു. ജാമാതാവിൻെറ ജഡം രണ്ടു കഷണമാക്കി വഴിയുടെ ഇരുവശങ്ങളിലും കെട്ടിത്തൂക്കി. ശിക്ഷയ്ക്കു ഹേതുവായ അപഹരിക്കപ്പെട്ട മാമ്പഴവും രണ്ടായി മുറിച്ചു ജഡാംശങ്ങളുടെ താഴെ വഴിയരുകിൽ വയ്ക്കപ്പെട്ടു. ഇതാണു തിരുവടിയുടെ ഭയങ്കരമായ രാജനീതി. ഞാൻ ആ നഗരത്തിൽ താമസിച്ചകാലത്തു പേൎഷ്യാക്കാരനായ ഒരു വില്ലാളിമറെറാരു വില്ലാളിയെ കൊന്നു. ഘാതകൻ സ്വാധീനബലമുള്ളവനും സമ്പന്നനും ആയിരുന്നു. അയാൾ അൽവെഡ്ജി എന്ന ഒരു വൎത്തകൻെറ ഭവനത്തിൽ ഒളിച്ചിരുന്നു. വധിക്കപ്പെട്ടവൻെറ ജഡം അടക്കംചെയ്വാൻ മുസൽമാന്മാർ ധൃതികൂട്ടി. എന്നാൽ രാജാവിൻെറ ഉദ്യോഗസ്ഥന്മാർ അതു സമ്മതിച്ചില്ല. ഘാതകൻ ഒളിച്ചിരിക്കുന്നസ്ഥലം അവർ അന്വേഷിച്ച് അറിഞ്ഞു. അൽവെഡ്ജിയോടു അവനെ സൎക്കാരിൽ ഏല്പിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടതിൽ അയാൾ ഒഴികഴിവു പറഞ്ഞു. അതിനാൽ ഉദ്യോഗസ്ഥന്മാർ മൃതശരീരം എടുപ്പിച്ച് അൽവെഡ്ജിയുടെ ഭവനത്തിൻെറ വാതുക്കൽഇട്ടു. അതു അവിടെക്കിടന്ന് അഴുകിനാറിത്തുടങ്ങി. അപ്പോൾ മററുമാൎഗ്ഗം കാണാതെ അൽവെഡ്ജി ഘാതകനെ ഉദ്യോഗസ്ഥന്മാൎക്കവിട്ടുകൊടുത്തു. അയാൾ ഉദ്യോഗസ്ഥന്മാൎക്ക വലിയ നാണ്യത്തുക കൈക്കൂലി കൊടുക്കാമെന്നുപറഞ്ഞു. എങ്കിലും അവർ അതിനുവഴിപ്പെട്ടില്ല. കൊലക്കുററത്തിനു പേൎഷ്യനെ വിസ്തരിച്ചു മരണശിക്ഷയ്ക്കുവിധിച്ചു.

ശിക്ഷയും ഉടനെ നടത്തപ്പെട്ടു. അയാളാൽകൊല്ലപ്പെട്ടവൻെറ ജഡം സമീപത്തു ഇട്ടുംകൊണ്ടാണു ഘാതകൻെറമേൽ മരണ ശിക്ഷ നടത്തുകയുണ്ടായതു്."

ജാമാതാവിൻെറ മേൽ കൊല്ലംരാജാവു വധശിക്ഷ നടത്തിച്ച വൃത്താന്തം ഇബ്നബാററായുടെ കേട്ടറിവായിരിക്കണം. പേർഷ്യക്കാരൻ വില്യാളിയുടെ വധം സഞ്ചാരി കൊല്ലത്തുതാമസിച്ച കാലത്തു നടന്നതായിട്ടാണല്ലൊ വിവരിച്ചിരിക്കുന്നതു്. ഏതായാലും വേണാട്ടുതിരുവടികൾ 'എന്ന സ്ഥാനനാമത്താൽ അറിയപ്പെട്ടുവന്ന ആ രാജാവിൻെറ ന്യായപരിപാലനരീതി അത്യന്തം ശ്ലാഘാർഹംതന്നെ ആയിരുന്നു. ഉത്തരകേരളത്തിൽ അക്കാലത്തു സാമൂതിരിയുടെ പ്രാബല്യം വർദ്ധിച്ചുവന്നിരുന്നുവെന്നും, അറബികളായ വണിക്കുകൾക്കു കോഴിക്കോട്ടു പ്രത്യേകാനുകൂല്യങ്ങൾ നൽകപ്പെട്ടിരുന്നതിനാൽ കൊല്ലത്തുനിന്നു ക്രമേണ അറബികളുടെ വാണിജ്യകേന്ദ്രം കോഴിക്കോട്ടേക്കു മാററുതുടങ്ങിയതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. പതിനഞ്ചാം ശതാബ്ദത്തിൻെറ മദ്ധ്യദശയിൽ നിക്കൊലോകാണ്ടിയും 16-ാംശതകത്തിൻെറ ആദിമഘട്ടത്തിൽ വർത്ഥമനും കൊല്ലം സന്ദർശിച്ചപ്പോഴും, ആ നഗരത്തിൽ വാണിജ്യം അഭിവൃദ്ധിയിൽതന്നെ ഇരുന്നിരുന്നു. എന്നാൽ ചീനവർത്തകന്മാരുടെ അധഃപതനവും അറബികളുടെ നിർഗ്ഗമനവുംനിമിത്തം കൊല്ലം നഗരത്തിലെ വാണിജ്യം പെട്ടെന്നു ക്ഷയോന്മുഖമായി തീരുകയാൽ അക്കാലത്തു കൊല്ലം രാജ്യംവാണിരുന്ന റാണി പോർത്തുഗീസു ഗവർണ്ണരായിരുന്ന കബ്രാലിനെ കോഴിക്കോട്ടുനിന്നു കൊല്ലത്തേക്കു ക്ഷണിക്കുകയും പോർട്ടുഗീസുകാർ കൊല്ലവുമായി വാണിജ്യം തുടങ്ങണമെന്നും അവക്കു വേണ്ട ആനുകൂല്യങ്ങളും പ്രത്യേകാവകാശങ്ങളും നൽകാമെന്നും വാഗ്ദാനം ചെയ്കയും ചെയ്തു. എന്നാൽ കബ്രാൽ റാണിയുടെ ക്ഷണം നിരസിച്ചുകളഞ്ഞു. വാസ്കോഡിഗാമയുടെ ആഗമനത്തോടുകൂടി റാണി വീണ്ടും പോർട്ടുഗീസുകാരെ കൊല്ലത്തേക്കു ക്ഷണിച്ചു. ഗാമാ ക്ഷണം സ്വീകരിച്ചു വാണിജ്യത്തിനു കൊല്ലംനഗരത്തിൽ ഏർപ്പാട്ടുകൾ ചെയ്തു. ഇങ്ങനെ വാണിജ്യം നടന്നുവരവെ ഹെയിററ് റൊഡ്രിക്സ് എന്ന പോർത്തുഗീസുഉദ്യോഗസ്ഥൻ പണ്ടകശാല പുതുക്കിപ്പണിയിക്കുന്നുവെന്നുള്ള വ്യാജേന തങ്കശ്ശേരിയിൽ ഒരു

കോട്ടകെട്ടിച്ച് അവിടെ ആയുധങ്ങൾ സജ്ജീകരിച്ചു. അനന്തരം ദുരധികാരപരങ്ങളായ പല പ്രവൃത്തികളും പോൎത്തുഗീസുകാർ കൊല്ലത്തു നടത്തിത്തുടങ്ങി. മുമ്പൊരുഘട്ടത്തിൽ പ്രസ്താവിച്ചപ്രകാരം നല്ലമുളക ചുമടുകൾ ബലാൽക്കാരമായി പിടിച്ചടക്കുവാനും മററും അവർ ആരംഭിച്ചതോടുകൂടി അവരെക്കുറിച്ചുള്ള മതിപ്പിനും വിശ്വാസത്തിനും ഭംഗം നേരിട്ടു. ക്രമേണ അവരുടെവാണിജ്യം ക്ഷയിച്ചു. എങ്കിലും തങ്കശ്ശേരി കോട്ട അവരുടെ അധീനത്തിൽതന്നെ ഇരുന്നു. 1661-ൽ റയിക്ലാഫ് വാൻഗോവൽസ് എന്ന ഡച്ച് അഡ്മിറൽ ആ കോട്ട പിടിച്ചടക്കി. അനന്തരം 1795 വരെ അതു ഡച്ചുകാരുടെ ആധിപത്യത്തിലും കൈവശത്തിലും ഇരുന്നു.

ക്യാപ്ററൻ ന്യൂഹോഫ്, ആദ്യത്തെ ഡച്ച് ഈസ്റ്റിൻഡ്യാക്കമ്പനിയുടെ പ്രധാനഡയറക്ടരായി കൊല്ലത്തുവന്നു, കോട്ടയും പണ്ടകശാലകളും കേടുപാടുകൾതീൎത്തു വാണിജ്യംഉറപ്പിച്ചു. ആ ഡച്ച് ഉദ്യോഗസ്ഥൻ എഴുതിയിട്ടുള്ള കുറിപ്പുകളിൽനിന്നു കൊല്ലത്തെക്കുറിച്ചു കൂടുതലായി പലവിവരങ്ങളും നമുക്കു ലഭിക്കുന്നുണ്ട്. വിവരണം ഏകദേശം ഇപ്രകാരമാണ്. "നഗരത്തിനുചുററും 18 മുതൽ 20 വരെ അടിപൊക്കമുള്ള കൽക്കോട്ടഉണ്ട്. അതിൽ എട്ടുകൊത്തളങ്ങളും പണിയിച്ചിരിക്കുന്നു. കോട്ടയ്ക്കുചുററുമുള്ള സ്ഥലങ്ങൾക്കു "കൊല്ലംചൈന" എന്നാണ് പേര്. എന്തെന്നാൽ കൊല്ലത്തിനു രണ്ടുഭാഗങ്ങളുണ്ട്— ഒന്നു മേലെകൊല്ലം അല്ലെങ്കിൽ മലയാംകൊല്ലം; മററതു കീഴെ കൊല്ലം അല്ലെങ്കിൽ കൊല്ലംചീന. മേലേകൊല്ലത്തിൽ രാജാവും റാണികളും വസിക്കുന്ന കൊട്ടാരങ്ങളുണ്ട്. കൊല്ലംചീന പോൎത്തുഗീസുകാരുടെ കൈവശമായിരുന്നു. അവിടെ അവരുടെ വകയായി അനേകം പള്ളികളും, സെൻറുതോമസ്സ്ക്രിസ്ത്യാനികളുടെ ഒരു പള്ളിയും ഉണ്ടായിരുന്നു. അറുപതുവൎഷം കൊല്ലത്തെപോൎത്തുഗീസു ഗവർണരായിരുന്ന ഒരു പോർട്ടുഗീസുകാരന്റെ ശവകുടീരം ആ പള്ളിയ്ക്കിൽഉണ്ടു്. ജനങ്ങളുടെ ഭവനങ്ങൾ വളരെ ഭംഗിയും മോടിയും ഉള്ളവയാണ്. അവ മരവും കല്ലുംകൊണ്ടു പണിയിച്ചിട്ടുള്ളവയാണ്. പോൎട്ടുഗീസുഗവർണരുടെ കോട്ടയും കൊട്ടാരവുമാണ് അതിവിശേഷം. കടലോരത്താണ് അതു നിൽക്കുന്നതു്. അതിനു മൂന്നുനിലയുണ്ടു്. രണ്ടു നിലകളിലെ മേൽക്കൂരയും തേക്കാലകൊണ്ടും മൂന്നാമത്തെ

നില മാടോടുകൊണ്ടും മേഞ്ഞിരിക്കുന്നു. കടപ്പുറത്തുതന്നെ ഒരുസൌധത്തിൽ ഞാൻ കമ്പനിയുടെ കൊടി ഉയർത്തിരിക്കുന്നു.

* * * * *

ചെറിയ കപ്പലുകൾക്കു് അടുക്കുവാൻകൊള്ളാവുന്നതാണു് ഈ നഗരത്തിലെ തുറമുഖം. വലിയ കപ്പലുകൾ ഇവിടെ കടത്തികൊണ്ടുവരാൻ പ്രയാസം. തെക്കൻകാററു് ഊക്കോടേ നേരേ തീരത്തേയ്ക്കു് അടിക്കുന്നു. അതിനാൽ അലയടിപ്പിനു വലിയ ശക്തിയാണു്. ഇതിനു "കോയിത്തോടു്" എന്നാണു ജനങ്ങൾ പറയുന്നതു്. "കൌലാങ്ങിനു്" ഏകദേശം ഒരു ലീഗുപടിഞ്ഞാറുമാറി എകപിക്കു് (ഇത്തിക്കരയാറു്) നദി സമുദ്രത്തിൽ പതിക്കുന്നു. കൌലാങ്ങു് ചീനത്തു കടലോരത്തായി ജസ്യൂട്ടുപാദ്രിമാർ, പാവിജാതികളായ മുക്കുവന്മാർക്കു് ഒരു സങ്കേതം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു്. ഇതിനുസമീപത്താണു് തിരുവിതാംകൂർ രാജാവിന്റെ ഗവർണ്ണരുടെയും "വടയാററുപിള്ള" എന്ന രാജസ്ഥാനിയുടെയും വാസസ്ഥലം. ഇതിനുചുററും വടയാററുകോട്ട എന്ന ഒരു മൺകോട്ട ഉണ്ടു്. കോട്ടയ്ക്കു് അകത്തു് ഒരുമൈൽവിസ്താരംവരും. കൊത്തളങ്ങൾ, ഈ കോട്ടയിൽ ചില സ്ഥാനങ്ങളിൽഉണ്ടു്. അവയിൽ വലിയപീരങ്കികൾ നിരത്തി വച്ചിരിക്കുന്നു. പീരങ്കിമുഖം രാജവീഥികളിലേക്കാണു്. ഈ ലക്ഷ്യംവിട്ടു ഗതാഗതത്തിനു മാർഗ്ഗമില്ല. ഏററവും നല്ല ഭവനങ്ങൾ നദിയുടെ ഇരുകരകളിലും ആകുന്നു. രണ്ടുനിലയിൽ കൂടുതലുള്ള കെട്ടിടങ്ങൾ ഇല്ല. കോവേണി കല്ലുകൊണ്ടും രണ്ടാംനിലത്തട്ടു തേക്കുതടികൊണ്ടും പണിഞ്ഞിരിക്കുന്നു. മുറികളിൽ നാനാവർണ്ണമുള്ള തറയോടുകൾ പാകപ്പെടുത്തിയിരിക്കുന്നു. പലവിധ പുഷ്പങ്ങളും പഴങ്ങളും കായ്കളുംനിറഞ്ഞ തോട്ടങ്ങൾ ഓരോ ഗൃഹത്തിനുചുററും കാണപ്പെടുന്നു. ഓരോ ഗൃഹത്തിലും ആററരുകിൽ ഓരോ കാവുകൾഉണ്ടു് * വേനൽക്കാലത്തു ഗൃഹത്തിലുള്ളവർ ഈ കാവുകൾക്കുസമീപം ഇരുന്നു വിശ്രമിക്കാറുണ്ടു്."

ദേശിങ്ങനാട്ടുരാജ്യം 1743ൽ മാർത്താണ്ഡവർമ്മ മഹാരാജാവു ജയിച്ചടക്കി തിരുവിതാംകൂറിനോടു് ചേർത്തു. 1841-ൽ തങ്കശ്ശേരി, പാരീസ്സിലെ ഉടമ്പടിപ്രകാരം ഡച്ചുകാരിൽനിന്നു ബ്രിട്ടീഷുഗവർണ്മെണ്ടിനു സിദ്ധിച്ചു.

* സർപ്പക്കാവുകളായിരിക്കാം.

18-ാംശതവർഷത്തിന്റെ ആദ്യഘട്ടമായപ്പോൾ കൊല്ലം രാജാവിന്റെ പ്രാബല്യം തീരെ ക്ഷയോന്മുഖമാകുകയും രാജ്യത്തിന്റെ വിസ്താരം കുറയുകയും ചെയ്തു. ഡച്ചുകാരുടെ പ്രാബല്യം ആ രാജ്യത്തിൽ വർദ്ധിച്ചുവരുകയും അവരും, അയൽരാജ്യമായ തിരുവിതാംകൂർ അതിർത്തിയിൽനിന്നു പലരും ഡച്ചുകൊല്ലത്തിൽ പ്രവേശിച്ചു, തിരുവിതാംകൂറിലേക്കു കൊടുക്കേണ്ട നികുതികൾ കൊടുക്കാതെ കഴിച്ചുകൂട്ടുവാൻ ആരംഭിക്കുകയും ചെയ്തു. ഇങ്ങനെയിരിക്കെ, ദേശിങ്ങനാട്ടു, മാർത്താണ്ഡവർമ്മമഹാരാജാവ് തിരുവിതാംകൂറിനോടു ചേർത്തു.

തങ്കശ്ശേരി ബ്രിട്ടീഷുഗവൺമെണ്ടിനു സിദ്ധിച്ചശേഷം തിരുവിതാംകൂറും ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയും തമ്മിൽ ഉണ്ടായ ഉടമ്പടിയനുസരിച്ചു. രാജ്യരക്ഷയ്ക്കായി, തിരുവിതാംകൂറിൽ പാർപ്പിക്കപ്പെടേണ്ടിവന്ന ബ്രിട്ടീഷുസൈന്യത്തിന്റെ സങ്കേതത്തിനു സമുചിതമായ സ്ഥാനം കൊല്ലംതന്നെയെന്നു നിശ്ചയിക്കപ്പെട്ടു. പ്രസ്തുത സംഭവത്തോടുടൻ കൊല്ലംനഗരം തിരുവിതാംകൂർ ഗവൺമെണ്ടിന്റെ ചുമതലയിൽ പൂർവ്വാധികം പരിഷ്കരിക്കപ്പെട്ടു. വേലുത്തമ്പി ദളവാ കൊല്ലത്തു വാണിജ്യം പുനരുദ്ധാരണം ചെയ്വാനായി കടകമ്പോളങ്ങൾ കെട്ടിക്കുകയും മധുര, തിരുനെൽവേലി മുതലായ പ്രദേശങ്ങളിൽ നിന്നും കച്ചവടക്കാരെ വരുത്തി താമസിപ്പിക്കുകയും, കച്ചേരികൾ, ക്ഷേത്രം, കൊട്ടാരം മുതലായവ പണികഴിപ്പിക്കുകയും ചെയ്തു. തിരുവിതാംകൂറിന്റെ തലസ്ഥാനനഗരം, പിന്നീട് ഏറിയകാലത്തേക്ക് കൊല്ലം തന്നെയായിരുന്നു. തലസ്ഥാനം തിരുവനന്തപുരത്തേക്കു വീണ്ടും മാറിയശേഷവും കൊല്ലത്തിന്റെ പ്രാധാന്യത്തിനു വലുതായ ഹാനി സംഭവിച്ചിട്ടില്ല. കാലാന്തരത്താൽ ദുസ്സഞ്ചാരവും ദീർഘവും ഗതാഗതവർജ്ജിതവുമായിരുന്ന ആര്യങ്കാവു പാതയുടെ സ്ഥാനത്തോട്ട് അടുപ്പിച്ച് കൊല്ലത്തുനിന്നു ചെങ്കോട്ടയ്ക്കുള്ള തീവണ്ടിപ്പാത തുറന്നതോടുകൂടി കൊല്ലത്തെ വ്യാപാരത്തിനു പൂർവ്വാധികം ഉയർച്ച ഉണ്ടായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, തീവണ്ടിപ്പാതയുടെ പൂർത്തീകരണം നിമിത്തം വാണിജ്യാഭിവൃദ്ധിക്കു ഗണ്യമായ മികവു സംഭവിച്ചിരിക്കുന്നു. സ്വാഭാവികനൗകാശയസൗകര്യമുള്ള കൊല്ലം തുറമുഖം പരിഷ്കരിക്കുന്നപക്ഷം വാണിജ്യത്തിന് ഉത്തരോ

തരം അഭിവൃദ്ധി ഉണ്ടാകുവാൻ ഇടയുണ്ട്. എന്നാൽ കൊച്ചി ഹാർബറിൻെറ പൂർത്തീകരണത്താൽ കൊല്ലത്തെ, ഒരു ഒന്നാം തരം തുറമുഖമാക്കേണ്ടതായ അത്യാവശ്യം ഇല്ലാതെ വരുന്നതാണല്ലോ.

തിരുവിതാംകൂറിലെ മേജർ മുനിസിപ്പൽ നഗരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാകുന്നു കൊല്ലം എന്നുള്ളതു പ്രസ്താവ്യമാണ്. കളിമൺ വ്യവസായം നടത്തിവരുന്ന പ്രസിദ്ധിയേറിയ രണ്ടു യൂറോപ്യൻ കമ്പനികൾ ഇവിടെ ഉണ്ട്. മററനേകം വ്യവസായശാലകളും കേരളത്തിലെ പ്രസിദ്ധപ്പെട്ട അച്ചുടിശാലകളും, പുസ്തകപ്രസിദ്ധീകരണശാലകളും, വർത്തമാനപ്പത്രശാലകളും ഒട്ടധികം വിദ്യാലയങ്ങളും ആസ്പത്രികളും വിശ്രുതങ്ങളായ ചില ബാങ്കുകളും മററു പല പൊതുസ്ഥാപനങ്ങളും പബ്ളിക്കാഫീസുകളും വിമാനസങ്കേതവുംകൊണ്ടു ആധുനിക കൊല്ലംനഗരം പരിലസിക്കുന്നു. നാനാപ്രകാരേണയും ശോഭനതരമായ ഒരു ഭാവി ഈ നഗരത്തിനു ഉണ്ടാകുമെന്നാശിക്കുവാൻ തക്കതായ പരിതസ്ഥിതികൾ ഇപ്പോൾ ഉള്ളതാകുന്നു.

൩൭-ാം അദ്ധ്യായം.

---

2. വെമ്പലനാട്.*

വെമ്പലനാട് പ്രാചീന കേരളത്തിലെ ഒരു പുരാതന രാജ്യമായിരുന്നു. ഈ നാടിനെയും ഈ നാടുവാണിരുന്ന ചില രാജാക്കന്മാരെയും, കുറിച്ചു പ്രാചീനകൃതികളിൽ പ്രസ്താവങ്ങൾ കാണപ്പെടുന്നുണ്ട്. എങ്കിലും ഈ രാജ്യത്തിൻെറ ചരിത്രരക്ഷയ്ക്ക് ആസ്പദങ്ങളായ തെളിവുകൾ സുലഭമല്ലാതെയാണിരിക്കുന്നതു്. "ബിംബലി" എന്നും "ബിംബളി" എന്നും "ബിംബളം" "ബിംബലം" എന്നും ഈ നാട്ടിനു്, കവികൾ സംജ്ഞ നൽകിക്കാണുന്നു. ആധുനികകാലത്തു് വേമ്പനാട്ടു കായൽ വ്യാപിച്ചു കിടക്കുന്ന ഭൂപ്രദേശങ്ങളും അതിൻെറ

* വെമ്പലനാട്ടിനെക്കുറിച്ചുള്ള മററു ചില വിവരങ്ങൾ "പ്രാചീന കേരളരാജ്യവിഭാഗങ്ങൾ" എന്ന അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

നാലുപാട്ടുമുള്ള ദേശങ്ങളും വെമ്പലനാട്ടിൽ ഉൾപ്പെട്ടവയായിരുന്നു. പെരുമ്പളം, പള്ളിപ്പുറം മുതലായ ദ്വീപുകൾ പ്രസ്തുത രാജ്യത്തിൽ ചേർന്നവയായിരുന്നുവെന്നു് പ്രത്യേകിച്ചു പ്രസ്താവിക്കേണ്ടതില്ലല്ലോ. "ബീംബെള" ത്തിൻെറ ലുപ്തപ്രാകൃതരൂപമാണു് "പെരുംബളം," എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. "വെമ്പാല" എന്നൊരു ദേശം മദ്ധ്യതിരുവിതാംകൂറിൽ തിരുവല്ലാ താലൂക്കിൽ ഉണ്ടു്. അതിനാൽ വെമ്പലനാട്ടിൻെറ ദക്ഷിണസീമയുടെ പരമാഗ്രം അവിടമായിരുന്നുവെന്നു് നിർണ്ണയിക്കാവുന്നതാണു്. ഉത്തരഭാഗത്തു ദേവരാഷ്ട്രവും, പൂർവ്വഭാഗത്തു "കീഴ്മലനായിരിയുടെ കീഴ് മലനാട്ടും, സഹ്യപർവ്വതനിരയുടെ അംശവും, പശ്ചിമഭാഗത്തു് പശ്ചിമസമുദ്രവും, ഈ നാട്ടിൻെറ സീമകളായിരുന്നു. ദക്ഷിണാതിർത്തി മദ്ധ്യതിരുവിതാംകൂറിൽ ഓമല്ലൂരിനു സമീപമുള്ള കൈപ്പട്ടൂർകടവായിരുന്നുവെന്നു ചില രേഖകളിൽ നിന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.* വെമ്പലനാട്ടിൻെറ തെക്കുഭാഗത്തു നിലനിന്നിരുന്ന രാജ്യം ഓടനാട്ടായിരുന്നു. ഈ രാജ്യത്തിൻെറ സീമകളിൽക്കൂടി ഉന്നതമായ മൺകോട്ടയും അഗാധമായ കിടങ്ങും അനേകം മൈൽ നീളത്തിൽ ഉണ്ടാക്കപ്പെട്ടിരുന്നു. നിമ്നപ്രദേശങ്ങളായ വയലുകളിലും മററും കോട്ടയ്ക്കുപകരം അഗാധങ്ങളായ ചാലുകൾ (വാടകൾ) കഴിച്ചു് ഉണ്ടാക്കപ്പെട്ടിരുന്നതായി അനുമാനിക്കാം. വെമ്പലനാട്ടുരാജ്യത്തിൻെറ പ്രാബല്യം ക്ഷയോന്മുഖമാകുകയും, രാജകുടുംബത്തിൽ അന്തഛിദ്രങ്ങൾ ആരംഭിക്കുകയും ചെയ്തതോടുകൂടി, ആ രാജ്യം, ആ രാജകുടുംബക്കാർ, "വടക്കുംകൂർ" "തെക്കുംകൂർ" എന്നിങ്ങനെ രണ്ടു രാജ്യങ്ങളായി വിഭജിച്ചു ഭരിക്കുവാൻ തുടങ്ങിയ പുരാതനകാലത്തു്, ആ രണ്ടു വിഭാഗങ്ങളെ തമ്മിൽ തിരിക്കുന്നതിനായി കെട്ടിഉണ്ടാക്കിയ അതിരുകോട്ടയായിരുന്ന "നെടുങ്കോട്ട"യുടെ നഷ്ടശിഷ്ടങ്ങൾതന്നെ, ആധുനികകാലത്തു് 60 മൈൽ ദൂരത്തോളം വ്യാപിച്ചിട്ടുള്ളതായി കാണാവുന്നതാണു്.

തൃക്കുന്നപ്പുഴ, പെരുമ്പളം, കല്ലറ (വൈക്കത്തിനു സമീപം ഉള്ള ഒരു ഗ്രാമം) കടുത്തുരുത്തി, മറിയാത്തുരുത്തു്, കോട്ടയം,

* വെമ്പലനാട്ടു രാജവംശത്തിൻെറ ഒരു ശാഖയായ തെക്കുംകൂർ രാജകുടുംബത്തിൽനിന്നു "കാരാപ്പുഴക്കണിയാൻ" എന്ന ഗണകപ്രമാണിക്കു 907-ൽ കൊടുത്തിട്ടുള്ള ഒരു നീട്ടു്.

ചങ്ങനാശേരി, തൃക്കൊടിത്താനം, വാകത്താനം (മണികണ്ഠ പുരം) വെന്നിമല, പൂവരണി, മുതലായ പല സ്ഥലങ്ങളിലും വെമ്പലനാട്ടു രാജാവിന്റെ കോവിലകങ്ങൾ ഉണ്ടായിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. തലസ്ഥാനനഗരി, ആദിമഘട്ടത്തിൽ കല്ലറയും പിന്നീടു കടുത്തുരുത്തിയും ആയിരുന്നു. ഈ രണ്ടു പ്രദേശങ്ങളിലും ഉൽഖനനഗവേഷണങ്ങൾ നടത്തുന്ന പക്ഷം, വെമ്പലനാട്ടിന്റെയും കേരളത്തിന്റെയും പുരാതന ചരിത്രം സംബന്ധിച്ചുള്ള ഉപയോഗപ്രദങ്ങളായ കൂടുതൽ വിവരങ്ങൾക്കു് ആസ്പദങ്ങളായ ലക്ഷ്യങ്ങൾ ലഭിക്കാൻ ഇടയുണ്ടു്.

എ. ഡി. 4-ാം ശതകം മുതൽ 11-ാം ശതകം വരെയുള്ള ഘട്ടങ്ങളിൽ കേരളരാജ്യങ്ങളിൽ ഉണ്ടായ വിദേശീയാക്രമണങ്ങൾക്കു വെമ്പലനാടും വിധേയമായിരുന്നു. അക്കാലങ്ങളിൽ ഈ രാജ്യത്തുനിന്നു് അനേകം ജനങ്ങൾ പ്രാണരക്ഷാർത്ഥം സഹ്യപർവതപ്രാന്തങ്ങളിലേക്കു കുടിപുറപ്പെട്ടുപോന്നിട്ടുണ്ടു്. ചാലൂക്യരാജവംശത്തിലെ പ്രതാപശാലിയായിരുന്ന വിക്രമാദിത്യരാജാവിനു വെമ്പലനാട്ടുരാജാവു കപ്പം കൊടുത്തുകൊണ്ടു മൈത്രീബന്ധത്തിൽ കാലയാപനം ചെയ്തിട്ടുള്ളതായി അനുമാനിക്കേണ്ടിയിരിക്കുന്നു. 11-ാം ശതകത്തിന്റെ ആദിമഘട്ടത്തിൽ ചോളരാജാവു കേരളം ആക്രമിച്ച കൂട്ടത്തിൽ, വെമ്പലനാടിന്റെ തലസ്ഥാനമായിരുന്ന കടുത്തുരുത്തി ആക്രമിച്ചു കൊള്ളയും പല നാശങ്ങളും ചെയ്തു. കൂടാതെ ഈ രാജ്യത്തു ഉൾപ്പെട്ടിരുന്ന കല്ലറ, പെരുമ്പളം, മുതലായ പല ദ്വീപുകളിലും ശത്രുക്കൾ നാനാപ്രകാരത്തിലുള്ള അക്രമപ്രവൃത്തികൾ നടത്തി, വളരെ പണം കവർന്നുകൊണ്ടുപോയി. ചോളാക്രമണത്തോടുകൂടി വെമ്പലനാടു ശിഥിലിഭവിച്ചു. ആ സംഭവത്തെ തുടർന്നു് രാജ്യത്തിനു വലുതായ അധഃപതനം ഉണ്ടായി, ആ രാജവംശത്തിലും അന്തശ്ഛിദ്രങ്ങൾ ആരംഭിച്ചു. എങ്കിലും വെമ്പലനാട്ടിന്റെ തെക്കും വടക്കും ഉള്ള അംശങ്ങൾ ഭരിച്ചുകൊണ്ടിരുന്ന വെമ്പലനാട്ടു രാജവംശത്തിലെ ശാഖകൾ തെക്കുംകൂർ, വടക്കുംകൂർ എന്നീ നാമങ്ങളിൽ സ്വാതന്ത്ര്യഭരണം തുടർന്നു.

ഉത്തരപ്രാന്തത്തിലുണ്ടായിരുന്ന ദേവരാഷ്ട്രത്തെ രാജാവു വെമ്പലനാട്ടിന്റെ പശ്ചിമപ്രദേശമായ കരപ്പുറം മുതലായ പ്രദേശ

ജങ്ങളും, ഉത്തരഭാഗങ്ങളും ആക്രമിച്ചു സ്വരാജ്യത്തോടുചേർത്തു. ഇപ്രകാരം "വെമ്പലനാട്" എന്നുള്ള പുരാതന സംജ്ഞ തിരസ്കൃതമായി. പ്രാചീന കവികളിൽ ചുരുക്കം ചിലരുടെ കൃതികളിൽ മാത്രം ആ പദം അവശേഷിച്ചിട്ടുണ്ട്. എങ്കിലും ആധുനികകാലത്തെ കേരളീയർക്ക് പ്രസ്തുത രാജ്യത്തെക്കുറിച്ച് യാതൊരു അറിവും ഇല്ലാത്ത നില വന്നു.

ഈ രാജവംശത്തിൽ പ്രബലന്മാരായി നാടുവാണിരുന്ന രാജാക്കന്മാരുടെ പേരുവിവരംപോലും ശരിയായും സൂക്ഷ്മമായും കണ്ടുപിടിക്കുവാനുള്ള മാർഗ്ഗങ്ങൾ സുലഭങ്ങളല്ല. "മണികണ്ഠരാജാവു" എന്ന നാമത്തോടുകൂടിയ പ്രഖ്യാതനായ ഒരുരാജാവു് ഒരുകാലത്തു വെമ്പലനാടുഭരിച്ചിരുന്നതായി അദ്യാപി നിലവിലിരിക്കുന്ന ചില ഐതിഹ്യങ്ങളാൽ അനുമാനിക്കേണ്ടിയിരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ ചങ്ങനാശേരിത്താലൂക്കിന്റെ പൂർവ്വോത്തരപ്രാന്തത്തിലുള്ള വാകത്താനം എന്ന ഗ്രാമത്തിലെ "മണികണ്ഠപുരം" എന്ന ക്ഷേത്രം പ്രസ്തുത രാജാവിനാൽ സ്ഥാപിതമാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. അന്തിമദശയിൽ മണികണ്ഠരാജാവു ബുദ്ധയതിവൃത്തിയെകൈക്കൊണ്ടു ദേശാടനംചെയ്തു നിവൃതിഅടഞ്ഞതായിട്ടാകുന്നു ഐതിഹ്യം. വെമ്പലനാടു ഛിന്നഭിന്നമായിത്തീർന്നശേഷവും, തെക്കുംകൂർരാജാക്കന്മാരും വടക്കുംകൂർരാജാക്കന്മാരും വളരെക്കാലം "ബിംബലഭൂപതി" എന്നുള്ള അഭിസംജ്ഞ രാജകീയനാമത്തോടുകൂടി ഉപയോഗിച്ചുവന്നിരുന്നു.

വെമ്പലനാട്ടിൽ "പയിങ്ങോട്ടു്" നായിരി എന്നൊരു സാമന്തരാജാവും രാജ്യവും നിലനിന്നിരുന്നു.

വെമ്പലനാട്ടിൽ നിലനിന്നിരുന്ന പരിഷ്കാരത്തിന്റെ രീതിയെക്കുറിച്ചു യാതൊരു വിവരവും സുലഭമല്ല. എങ്കിലും അൻപതിനായിരം നായർയോദ്ധാക്കന്മാരെ ചേർത്തു പടകൂട്ടുവാനുള്ള സൌകര്യം, ആരാജ്യത്തു ഉണ്ടായിരുന്നതായി ഒരു ഗ്രന്ഥവരികൊണ്ടു് കാണുന്നുണ്ടു്. വെമ്പലനാട്ടുരാജാവിന്റെ സ്ഥാനനാമം "വെമ്പലനായിരി" എന്നായിരുന്നു. "നായിരി" പദത്തിന്റെ പൊരുൾ "നായകത്തിരി" അതാവിതു "നായകന്മാരിൽ ശ്രേഷ്ഠൻ" എന്നാകുന്നു.

* കൂടുതൽ വിവരങ്ങൾ പെരുമാക്കന്മാരോടു ബന്ധമുള്ള ക്ഷേത്രങ്ങൾ 'പെരുമാക്കന്മാർ' എന്ന വിഭാഗത്തിൽ ചേർത്തിട്ടുണ്ട്.

൩൩-ാം അദ്ധ്യായം.

൩. കോഴിക്കോട്ടുരാജ്യം.

കോഴിക്കോട്ടുരാജ്യം വാണിരുന്നതു, സാമൂതിരിരാജസ്വരൂപമായിരുന്നു. "സാമൂതിരി" എന്നപദത്തിനു "താമോതിരി" എന്നും "താമൂതിരി" എന്നും ഗ്രാമ്യരൂപങ്ങൾ ഉണ്ടു്. സാമ്രാട്ടു് സമൂഹത്തിലെ തിരി * അതാവിതു് സമൂഹത്തിലെ ശ്രേഷ്ഠൻ എന്നായിരിക്കണം, "സാമൂതിരി" എന്നപദത്തിന്റെ അർത്ഥം. എന്തുകൊണ്ടെന്നാൽ, കേരളത്തിലെ ചില രാജാക്കന്മാരുടെ മേൽ, സാമൂതിരിക്കു രാഷ്ട്രീയമായും സാമൂഹ്യമായും മേലധികാരം ഉണ്ടായിരുന്നു. ഏറനാടു് (ഏറളുനാടു്) എന്ന പ്രദേശമായിരുന്നു, സാമൂതിരിയുടെ കാരണത്തിലിരുന്ന ആദ്യരാജ്യം. ഗിറിയൻ ജൂതതാമ്രശാസനങ്ങൾ ലിഖിതംചെയ്യപ്പെട്ട കാലങ്ങളിൽ കോഴിക്കോടും പരിസരങ്ങളും സാമൂതിരിയുടെ ആധിപത്യത്തിൻകീഴിൽ വന്നിട്ടുള്ളതായി വിചാരിക്കുവാൻ ന്യായമില്ല. അക്കാലത്തു്, ഏറനാട്ടുരാജ്യാധിപന്റെ രാജകീയനാമം "ഏറാൾപ്പാടു്" എന്നായിരുന്നു. കോഴിക്കോടും പരിസരങ്ങളും ഏറളനാട്ടുരാജാവിനു് അധീനമാകുകയും, ഒരു തുറമുഖവും വ്യാപാരകേന്ദ്രവുമെന്ന നിലയിൽ കോഴിക്കോട്ടുനഗരം വളർന്നു പ്രാധാന്യതയിൽ എത്തിച്ചേരുകയും ചെയ്തതോടുകൂടിയായിരിക്കണം, "സാമൂതിരി" എന്ന ബഹുമാന്യപദവി, ആ രാജാവിനു സിദ്ധിച്ചിട്ടുള്ളതു്.

ഒരു ചേരമാൻ പെരുമാളിന്റെ സന്താനങ്ങളായിരുന്ന ഏറളനാട്ടുസ്വരൂപത്തിലെ രണ്ടു രാജാക്കന്മാർക്കായി, ആ കേരളരാജപ്പെരുമാൾ വിട്ടുകൊടുത്തതാണു് കോഴിക്കോട്ടു നഗരമിരിക്കുന്ന സ്ഥലവും പരിസരങ്ങളും, എന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു. കേവലരാഷ്ട്രം വാണിരുന്ന രാജാവും, കേരളരാജപ്പെരുമാളും ആയിരുന്ന ഒരു രാജശ്രേഷ്ഠൻ ആയിരിക്കണം, ദാതാവു്. കോഴിക്കോട്ടു രാജ്യത്തിന്റെ ഉത്ഭവത്തെപ്പറ്റി കേരളോല്പത്തിയിൽ വിവരിച്ചു കാണുന്ന ഐതിഹ്യം അതുപടി സ്വീകരിക്കുന്നതു യുക്തിയുക്തമായിരിക്കയില്ല. കൊച്ചീ

* 'തിരി' ശബ്ദത്തിനു 'ആഢ്യൻ' എന്നും 'ദീപം' എന്നും അർത്ഥം ഉണ്ടു്.

ഗ്രന്ഥവരിയിലും, സാമൂതിരി ചേരമാൻ പെരുമാളിന്റെ പുത്രനെന്നു വിവരിച്ചു കാണുന്നു. സാമൂതിരി രാജവംശത്തിലെ ഇളമുറക്കാർക്ക് *"ഏറാൾപ്പാട്" എന്നാണു ആധുനികകാലത്തും നിലവിലിരിക്കുന്ന സ്ഥാനസംജ്ഞ.

കോഴിക്കോട്ടിന്റെ പ്രാന്തങ്ങൾവരെ, പോളനാട്ടുരാജാവായിരുന്ന പോളത്തിരിയുടെ രാജ്യം വ്യാപിച്ചിരുന്നുവെന്നും, പോളനാട്ടു, വളരെ ഐശ്വര്യത്തിലും പ്രാബല്യത്തിലും നിലനിന്നിരുന്ന ഒരു രാജ്യമായിരുന്നുവെന്നും, സാമൂതിരി പോളത്തിരിയുമായി പുരാതനമായ ഒരു കാലത്തു്, അൻപതുവർഷത്തോളം തുടരെ യുദ്ധം നടത്തിയെന്നും കോഴിക്കോട്ടിനും പോളനാട്ടിന്റെ സീമയ്ക്കും മദ്ധ്യത്തിലായി വേലപുരം എന്ന സ്ഥലത്തു് പ്രസ്തുത യുദ്ധസംബന്ധമായ ആവശ്യത്തിനു്, ഒരു കോട്ട കെട്ടിച്ചുവെന്നും ഒരു ഐതിഹ്യം ഉണ്ടു്. പുരാതന കോഴിക്കോട്ടുനഗരം, അംബരേശച്ചെട്ടി എന്ന സമ്പന്നനായ ഒരു നാവിക വർത്തകൻ സ്വന്ത ധനം വ്യയം ചെയ്തു് പണികഴിപ്പിച്ചു; വാണിജ്യകേന്ദ്രമാക്കിയിട്ടുള്ളതാണെന്നും, അക്കാലത്തു നാടുവാണിരുന്ന സാമൂതിരിയുടെ അന്യാദൃശമായ സത്യസന്ധതയിൽ സന്തുഷ്ടനായിട്ടു് അയാൾ അപ്രകാരം ചെയ്തിട്ടുള്ളതാണെന്നും കേരളോല്പത്തിപ്രകാരം കാണുന്നു. മസ്കറ്റിലെ ഒരു മുസ്ലീം വർത്തകൻ, സാമൂതിരിയുടെ ഭരണത്തിൽ സംതൃപ്തനായി, കോഴിക്കോട്ടു വാസം ഉറപ്പിച്ചു അവിടെ വാണിജ്യപുഷ്ടി വരുത്തിയതാണെന്നും, കോഴിക്കോട്ടെ ആദ്യമുസ്ലീം പുരോഹിതൻ ആയിത്തീർന്നതും ആ വർത്തകൻ തന്നെയെന്നും, മറ്റൊരു ഐതിഹ്യവും കേരളോല്പത്തിയിൽ ഉണ്ടു്. ഏതായാലും സ്വന്ത പേരിലല്ലാതെ "ചേരമാൻ പെരുമാൾ" എന്ന സ്ഥാനനാമത്താൽ വ്യക്തിപരമായി അറിയപ്പെട്ടുപോന്ന ആ പ്രശസ്ത കേരളരാജപ്പെരുമാളിന്റെ സ്ഥാനപരിത്യാഗകാലം മുതൽക്കാണു് കോഴിക്കോട്ടു്, ഏറളനാട്ടു രാജകുടുംബത്തിനു് സിദ്ധിച്ചിട്ടുള്ളതെന്നു് അവർ തന്നെ അഭിമാനിച്ചു പോരുന്ന സ്ഥിതിക്കു്, അക്കാലം ഏതെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. എന്നാൽ "ചേരമാൻ പെരുമാൾ" എന്ന സ്ഥാനസംജ്ഞയാൽ അറിയപ്പെടുന്ന പ്രതാപിയായിരുന്ന ആ പെരുമാൾ മഹാ 223

* മി. കെ. പി. പത്മനാഭമേനവന്റെ കേരള ചരിത്രം.

മതം സ്വീകരിച്ചു മക്കത്തേക്കു പോയി; നിർവ്വാണം അടഞ്ഞിട്ടില്ലെന്നും, ആ പെരുമാൾ ദീർഘകാലത്തെ ഭരണശേഷം ലൌകികവിഷയങ്ങളിൽ വിരക്തനായി സന്യാസം സ്വീകരിച്ചു തിരുവഞ്ചിക്കുളത്തു തന്നെ അന്ത്യകാലംവരെ ജീവിച്ചുവെന്നും, കരുതി "സമാശ്രയ" എന്ന കലിദിനത്തിൽ മരണം ഒഴിഞ്ഞുവെന്നും "സ്വർഗ്ഗസന്ദേഹപ്രാപ" എന്ന കലിദിനത്തിൽ നിർവ്വാണം പ്രാപിച്ചുവെന്നും, നിലവിലിരിക്കുന്ന പല രേഖകളാലും വിശ്വസിക്കേണ്ടിയിരിക്കുന്നു. ആ പെരുമാൾ വളരെ ചെറുപ്പത്തിൽതന്നെ രാജ്യഭാരം വഹിക്കുവാൻ ആരംഭിച്ചുതായും, ദീർഘകാലം കേരളപ്പെരുമാളായി വാണതായും, ഭരണത്യാഗം ചെയ്തശേഷവും വളരെക്കാലം ജീവിച്ചിരുന്നതായും, അനുമാനിക്കാവുന്നതാണ്. "കരുതി സമാശ്രയ" എന്ന കലിദിനം, എ. ഡി. 392-ം "സ്വർഗ്ഗസന്ദേഹപ്രാപ" എന്ന കലിദിനം, എ. ഡി. 478-ം ആണെന്നു കാണാം. * പ്രസ്തുത പെരുമാൾ സ്ഥാനത്യാഗം ചെയ്തതു എ. ഡി. 825-ാമാണ്ടാണെന്നുള്ള ചില പണ്ഡിതന്മാരുടെ അനുമാനം യുക്തിയുക്തമായിരിക്കുന്നില്ല. ഈദൃശങ്ങളായ പരിതഃസ്ഥിതികളിൽ ഏറാളനാട്ടുരാജ്യത്തേക്കു കോഴിക്കോട്ടു ലഭിച്ചതു് എ. ഡി. 4-ാംശതകത്തിന്റെ അന്ത്യഘട്ടത്തിലാണെന്നു നിർണ്ണയിക്കാവുന്നതാണ്. എ. ഡി. 4-ാംശതകത്തിന്റെ ആദിമഘട്ടത്തിലും മദ്ധ്യഘട്ടത്തിലും മലയാളത്തിലെ ഏററവും പ്രബലനായിരുന്ന രാജാവു കേരളരാജ്യാധിപതിയായിരുന്ന മന്നരാജൻ ആയിരുന്നു. അക്കാലത്തെ കേരള (ചേരമാൻ) പെരുമാൾ മന്നരാജാവു് ആയിരുന്നുവെന്നുള്ളതു നിസ്സന്ദേഹം തന്നെ. ആ രാജശ്രേഷ്ഠന്റെ കാലാനന്തരം, കേരളരാജ്യത്തിന്റെ ശക്തി ക്ഷയോന്മുഖമാകുകയും ദേവരാഷ്ട്രം പ്രാബല്യത്തിലും ദ്രുതമായ പുരോഗതിയിലും എത്തിച്ചേരുകയും ചെയ്തിരിക്കണം. എ. ഡി. 392-ൽ സ്ഥാനത്യാഗം ചെയ്ത വിശ്രുതനാമാവായ "ചേരമാൻ പെരുമാൾ" ദേവരാഷ്ട്രത്തിലെ രാജാവായിരുന്നുവെന്നു് അനുമാനിക്കുന്നതു് പല കാരണവശാലും യുക്തിയുക്തമായിരിക്കും.

---

* പെരുമാളിന്റെ മതപരിവർത്തനത്തെക്കുറിച്ചു് നിലവിലിരിക്കുന്ന അഭിപ്രായങ്ങളെപ്പററി വിമർശനഗ്രന്ഥത്തിൽ മറെറാരു ഭാഗത്തു സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.

അറബികളും മൂറന്മാരും കോളതീരങ്ങളിൽ വാണിജ്യാർത്ഥം സമുദ്രസഞ്ചാരം തുടങ്ങുന്നതിനുമുൻപു, കേരളത്തിലെ നാവികവാണിജ്യം ചെട്ടികളുടെ അധീനത്തിലായിരുന്നു. വാണിജ്യത്തിലും നാവികത്വത്തിലും, അതിപുരാതനകാലം മുതല് ചെട്ടികൾ വിദഗ്ദ്ധന്മാരായിരുന്നു. മറ്റൊരു അദ്ധ്യായത്തിൽ ചേർത്തിട്ടുള്ള പഴയപാട്ടിൽ, അറബികളെയൊ മൂറന്മാരെയൊ കുറിച്ചു സൂചനകൾ, യാതൊന്നും ചെയ്യപ്പെട്ടിട്ടുള്ളതായികാണുന്നില്ല. എന്നാൽ "എമർച്ചയിൽനോക്കുന്ന ചെട്ടിയാനെയും" "അമ്മരേശച്ചെട്ടിയാൻെറ ആൾക്കാരെ"യുംകുറിച്ചു സൂചനകൾ കാണുന്നുമുണ്ടു്. തമിഴ സാഹിത്യഗ്രന്ഥങ്ങളിലെ ആഭ്യന്തരതെളിവുകളും, കേരളവാണിജ്യത്തിൽ അതിപുരാതനകാലത്തു ചെട്ടികൾക്കു മേധാവിത്വം ഉണ്ടായിരുന്നുവെന്നുള്ള അനുമാനത്തെ ബലപ്പെടുത്തുകതന്നെചെയ്യുന്നു. അതിനാൽ കോഴിക്കോട്ടു നഗരരൂപീകരണത്തിലും, അവിടെ നാവികവാണിജ്യസങ്കേതം ഉറപ്പിച്ചവിഷയത്തിലും ചെട്ടികൾ പ്രാരംഭകർത്താക്കളായിരുന്നുവെന്നുവേണം വിചാരിക്കുവാൻ. അംബരേശച്ചെട്ടിയേയും പുരാതന കോഴിക്കോട്ടുനഗരത്തെയും സംബന്ധിച്ചുള്ള ഐതിഹ്യം കേവലം അടിസ്ഥാനരഹിതമെന്നു നിനയ്ക്കാവുന്നതല്ല.

ചെട്ടികളിൽനിന്നായിരിക്കണം, മൂറന്മാരും അറബികളും, കേരളത്തിലെ വാണിജ്യസൌകര്യങ്ങളെക്കുറിച്ചു് അറിഞ്ഞതു തന്നെയെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. മദ്ധ്യകാലങ്ങളിൽ നാവികസഞ്ചാരികൾ കേരളം സന്ദർശിച്ചകാലത്തും, കോഴിക്കോട്ടുനഗരത്തിൽ ചെട്ടികൾക്കു വാണിജ്യവിഷയത്തിൽ കൈകാര്യകർത്തൃത്വം ഉണ്ടായിരുന്നതായി, അവരുടെ രേഖകളിൽനിന്നു കാണാവുന്നതാണു്.

എ. ഡി. 1234-ൽ ഇബ്നുബാററയും, 1403-ൽ മാഹ്വൻ എന്ന ചീനദേശീയനായ മഹമ്മദീയനും, 1442-ൽ അബ്ദുററസാക്കും, 1444-ൽ ഇററലിദേശീയനായ നിക്കൊളോകോണ്ടിയും, 1470-ൽ അതനേഷ്യസ്നികിട്ടൻ എന്ന റഷ്യനും, 1498-ൽ ഹൈറോയിണ്ടിമോ ഡിസാൻസ്റ്റിഫാനോ എന്ന ജിനിവാദേശീയനും, 1503-ൽ വർത്മനും 1588-ൽ റാൽഫ്ഫിച്ച് എന്ന ആംഗ്ലേയനും, ബാർബോസയും, കാസ്റ്ററൻബീഡായും, ഫാറിയാ വൈ സൂസായും ലിംസ്കോടനും, 1607-ൽ പിറാഡ് ഡിലാവലും ഈസ്റ്റിൻഡ്യാ കമ്പനി മേധാവിയും, 1615-ൽ

സർ തോമസ് റോയും, ക്യാപ്ററൻ കീലതും, 1623—ൽ സിഞ്ഞോറ പൈട്രോഡെല്ലി വെല്ലി എന്ന റോമൻ പൌരനും, 1672-നുശേഷം ഡാക്ടർ ഫ്രയറും കോഴിക്കോട്ടു സന്ദർശിച്ചു, രാജ്യത്തെയും സാമൂതിരിയെയും ജനങ്ങളെയുംകുറിച്ചു പലേ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. 1772-ൽ മിസ്റ്റർ ഫോർബ്സും പ്രസ്തുത രാജ്യത്തെപ്പററി പലേ വിവരങ്ങളും എഴുതിയിരിക്കുന്നു.

സഞ്ചാരികളും, വർത്തകന്മാരും ആയ വിദേശികളുടെ രേഖകളെയും ഇതരലക്ഷ്യങ്ങളെയും ആസ്പദമാക്കി കോഴിക്കോട്ടുരാജ്യത്തെ പുരാതനപരിഷ്കാരം സംബന്ധിച്ചു് അറിവിൽപെട്ടന്നെടത്തോളം വിവരങ്ങൾ ഇവിടെ ചേർത്തുകൊള്ളുന്നു.

രാജ്യവിസ്തീർണ്ണം.

പതിനാലാംശതവർഷത്തിൻെറ ആദിമഘട്ടത്തിൽ കോഴിക്കോട്ടുരാജ്യം പശ്ചിമസമുദ്രം മുതൽ കിഴക്കു് മലംപ്രദേശങ്ങൾ ഉൾപ്പടെ 170 മൈലോളം വ്യാപിച്ചിരുന്നു. ഉത്തരഭാഗത്തു കണ്ണൂർ രാജ്യവും, ദക്ഷിണഭാഗത്തു് കൊച്ചിയും, പൂർവ്വഭാഗത്തു "കോയമ്പടി" രാജ്യവും നിലനിന്നിരുന്നു. "കോയമ്പടി" കോയമ്പത്തൂരിൻെറ പുരാതനനാമമാണു്. എ. ഡി. 4-ാംശതകത്തിൽ കോയമ്പത്തൂർ രാജ്യത്തിനു "എറണ്ടുപ്പുള്ള" എന്ന പേരായിരുന്നു. ആ രാജ്യം പൂർവ്വകാലത്തു നെയിത്തിനും, പട്ടുനൂൽ വ്യവസായത്തിനും പ്രസിദ്ധിയേറിയതായിരുന്നതിനാൽ, കോഴിക്കോട്ടു തുറമുഖത്തിൻെറ പുരോഗതിക്കും, കോഴിക്കോട്ടു രാജ്യത്തെ വ്യവസായാഭിവൃദ്ധിക്കും, ഒരു സഹകാരിയായി ഭവിച്ചിരുന്ന കോയമ്പത്തൂരിലെ "ചിലിപ്പു" ചേലകളുടെയും, "സപ്തവർണ്ണപ്പട്ടുകളുടെയും" പ്രശസ്തി ആധുനികകാലത്തും അസ്തപ്രായമായിട്ടില്ല.

16-ാംശതകത്തിൻെറ അന്ത്യഘട്ടമായപ്പോഴേക്കു, കൊച്ചീരാജ്യാതിർത്തി മുതൽ വടക്കോട്ടു് സാമൂതിരിയുടെ ആധിപത്യത്തിൻ കീഴിലായിത്തീർന്നു. എന്നാൽ 17-ാംശതവർഷത്തിൻെറ മദ്ധ്യഘട്ടം കഴിഞ്ഞപ്പോഴേക്കു്, പ്രസ്തുത രാജ്യത്തിൻെറ വിസ്തീർണ്ണം, "തൃക്കൊടി മുതൽ ചേററുവാവരെ ആയി ലഘൂഭവിച്ചു.

കോഴിക്കോട്ടുനഗരം.

ഭാരതഖണ്ഡത്തിൻെറ നാനാഭാഗങ്ങളിലും, അറേബ്യ, പേർഷ്യാ, അബിസിനിയാ, സർബാട്, സാൻസിബാർ, മുത

ളായ പ്രദേശങ്ങളിലും നിന്നു വാണിജ്യാർത്ഥം, വണിക്കുകൾ വിവിധങ്ങളായ ചരക്കുകൾ നിറച്ച കപ്പലുകളിൽ ഈ തുറമുഖത്തു വന്നുചേർന്നുകൊണ്ടിരുന്നു. മഹമ്മദീയവണിക്കുകൾ വലിയ സമ്പന്നന്മാരായിരുന്നു. ഒരു കപ്പലിലെ ചരക്കുകൾ ഒരാൾ ഒന്നാകെ വിലയ്ക്കെടുക്കുവാൻ തക്ക സമ്പത്സമൃദ്ധിയുള്ള മുസ്ലീംങ്ങളുടെ സംഖ്യ അനല്പമായിരുന്നു. കപ്പൽ തുറമുഖത്തു് അടുത്താലുടൻ, സാമൂതിരിയുടെ ചുങ്കം ഉദ്യോഗസ്ഥനും ഒരു ചെട്ടിയുംകൂടി കപ്പലിൽ ചെന്നു സാമാനങ്ങൾ പരിശോധിച്ചു് പട്ടിക തയാറാക്കുന്നു. അനന്തരം വില ഒതുക്കി, ഇടപാടു് തീർക്കുവാൻ, ഒരു ദിവസം നിശ്ചയിച്ചു് അവർ തിരിച്ചു പോരുന്നു. നിശ്ചിതദിവസം പട്ടുചരക്കുകൾക്കു ആദ്യമായി വില നിശ്ചയിക്കും. ചെട്ടിയാണു വില പേശുന്നതു്. ചരക്കുകളുടെ ആകെയുള്ള വില ക്ലിപ്തപ്പെടുത്തിക്കഴിഞ്ഞാൽ, ഉഭയകക്ഷികളും ഹസ്തദാനം ചെയ്തു പിരിയും. പിന്നീടു് ചരക്കു്, കരയ്ക്കു്, ഇറക്കിയിടും. രാജാവിന്റെ ഉദ്യോഗസ്ഥന്മാർ, അവ സൂക്ഷിച്ചു കൊള്ളും. ചോരന്മാരിൽ നിന്നും തുറമുഖത്തു ഭീതി വേണ്ട. എന്നാൽ കോഴിക്കോട്ടു പുറങ്കടലുകളിൽ കടൽക്കള്ളന്മാരുടെ ശല്യം ഉണ്ടായിരുന്നു. ഒരു കപ്പലിന്റെ സാമാനങ്ങളുടെ ആകെയുള്ള വിലയിൽ നാലിലൊരംശം സാമൂതിരിയുടെ സർക്കാരിനു ചുങ്കം കൊടുക്കേണ്ടിയിരുന്നു. സാമാനങ്ങൾ വിൽക്കപ്പെട്ടില്ലെങ്കിൽ ചുങ്കം കൊടുക്കേണ്ടതുമില്ല. പവിഴം, രത്നങ്ങൾ മുതലായവ നോക്കി വില നിശ്ചയിക്കുവാൻ വിദഗ്ദ്ധന്മാരായ മൈനാകിച്ചെട്ടികൾ ആ നഗരത്തിൽ ഉണ്ടായിരുന്നു. ചരക്കുകളുടെ വിലവിവരം എഴുതിക്കൂട്ടുവാൻ കണക്കെഴുത്തു പലകകൾ അവർ ഉപയോഗിച്ചിരുന്നില്ല. കൈവിരലുകളുടെ സഹായത്താൽ മാത്രം, ചെട്ടികൾ എത്രവലിയകണക്കുകളും ദ്രുതഗതിയിൽ, ശരിപ്പെടുത്തി തിട്ടപ്പെടുത്തിക്കൊണ്ടിരുന്നു. "പണം" (കലിപണം) "അടവിരാശി" എന്നീ നാണ്യങ്ങൾ അവിടെ പ്രചാരത്തിൽ ഇരുന്നു. ഇടങ്ങഴി എന്ന അളവുപാത്രവും നടപ്പായിരുന്നു. നാണ്യങ്ങൾ സ്വർണ്ണത്തിലാണു അടിക്കപ്പെട്ടിരുന്നതു്.

നഗരത്തിനു എട്ടു ചതുരശ്രമൈൽ വിസ്തീർണ്ണം ഉണ്ടായിരുന്നു. 15-ാംശതകത്തിലെ ഭാരതത്തിലെ അതിപ്രധാനമായ ഒരു തുറമുഖമായിരുന്നു, കോഴിക്കോട്ടു്. കോലരാജാക്കന്മാർക്കും,

മാടമ്പിമാൎക്കും, പുരാതനകാലങ്ങളിൽ ഉണ്ടായിരുന്ന പല അവകാശാധികാരങ്ങളിൽ ഒന്നായ "തെന്നിവരവു്" എന്ന അവകാശം, കോഴിക്കോട്ടു തുറമുഖത്തിൽ ദുരുപയോഗപ്പെടുത്തിവന്നില്ല. കോളിൽപെട്ടോ, വഴിപിഴച്ചോ, മറെറന്തെങ്കിലും ആകസ്മിക സംഭവങ്ങൾ നിമിത്തമോ, ആ തുറമുഖത്തു വന്നുചേരാൻ ഇടവരാറുള്ള കപ്പലുകൾക്കും, ചരക്കുകൾക്കും അവയുടെ ഉടമസ്ഥൎക്കും, രക്ഷയും അഭയവും സാമൂതിരി നൽകിവന്നു. ഉദ്യോഗസ്ഥന്മാർ എത്രയും ഉപചാരപൂൎവ്വമായിരുന്നു പെരുമാറി വന്നതു്.

കോഴിക്കോട്ടു തുറമുഖത്തിൽ കടലോരത്തു തുറമുഖവും അതിനെ തുടൎന്നു സാമൂതിരിയുടെ കോവിലകം ആസ്ഥാനമണ്ഡപം ഉദ്യോഗസ്ഥന്മാൎക്കുള്ള കച്ചേരികൾ മുതലായ കെട്ടിടങ്ങളും സ്ഥാപനങ്ങളും ഉണ്ടായിരുന്നു.

ആദിമപോൎത്തുഗീസു നാവികപ്രധാനിയായ വാസ്കോഡിഗാമാ വന്നിറങ്ങിയ കോഴിക്കോട്ടു തുറമുഖം ആധുനികകാലത്തു് എന്നുമാത്രമല്ല 18-ാംശതകത്തിന്റെ അന്ത്യഘട്ടമായപ്പോഴേക്കുതന്നെ നഷ്ടീഭവിച്ചു പോയിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. പ്രാകൃതമായ ഹേതുവാൽ ആ തുറമുഖാംശം കടലിൽ ആണ്ടുപോയിരിക്കണം. മിസ്റ്റർ ഫോർബ്സിന്റെ രേഖകൾ പ്രസ്തുതാനുമാനത്തെ ബലപ്പെടുത്തുന്നുണ്ടു്. *

വിളവുകൾ.

കുരുമുളകും തെങ്ങും ആയിരുന്നു പ്രധാനപ്പെട്ട കൃഷി. അനേകം വലിയ മുളകുകൊടിത്തോട്ടങ്ങളും നാളികേരത്തോട്ടങ്ങളും അവിടെ ഉണ്ടായിരുന്നു. കൎഷകന്മാരിൽ, ആയിരം തെങ്ങുകളിൽ കുറവായി കൃഷി ചെയ്യുന്നവർ, അസാധാരണം ആണു. മൂവായിരം നാളികേരവൃക്ഷങ്ങളോടുകൂടിയ തോപ്പുകളുടെ ഉടമസ്ഥർ ധനവാന്മാരായി പരിഗണിക്കപ്പെട്ടുവന്നു. ഇഞ്ചിയും ഇവിടെ ധാരാളം കൃഷി ചെയ്തുവന്നു. സൌരഭ്യമുള്ള പശകളും സുഗന്ധദ്രവ്യങ്ങളും, അവിടെ സുലഭമായിരുന്നു. ഏലവും, ഗ്രാംബൂവും നവനീണ്ടിയും മലകളിൽ വളൎന്നുകൊണ്ടിരുന്നു. ചായങ്ങൾ ഉണ്ടാക്കാവുന്ന ചാറും പശയുമുള്ള ചെടികൾ കോഴിക്കോട്ടു രാജ്യത്തെ മലകളിൽ ക്രമാതീതമായി ഉണ്ടാ

* Oriental Memories Vol 1.

യിരുന്നു. മന്ത്രങ്ങൾ മുതലായ വിലയേറിയ വനവിഭവങ്ങൾ കോഴിക്കോട്ടെ പ്രദേശങ്ങളിൽ നിന്നും ലഭിച്ചുപോന്നു.

വാണിജ്യവും വ്യവസായവും.

രാജ്യത്തെ പ്രധാനപ്പെട്ട ഉല്പന്നങ്ങളായ കരുമുളക്, ഇഞ്ചി, കരയാമ്പൂ, ഏലം, കറുവാപ്പട്ട, നാളികേരം മുതലായ സാധനങ്ങളും, കുന്തിരിക്കം വെരുകിൻ ചട്ടം, മന്തം, കലമ്പൊമ്പ്, പുലിത്തോൽ, തടികൾ, അവരി, ചപ്പൊങ്ങ്, മുതലായവന വിഭവങ്ങളും പട്ടുനൂൽ, പട്ടുകൾ പശയും ചായവും പിടിപ്പിച്ചു തുണിത്തരങ്ങൾ, രത്നങ്ങൾ പവിഴം ആദിയായ സാധനങ്ങളും കോഴിക്കോട്ടുനിന്നു ധാരാളം കയററുമതി ചെയ്യപ്പെട്ടു വന്നു. ചൈന, അറേബിയാ, പെർഷ്യാ, സാൻസിബാർ ആദിയായ ദൂരദേശങ്ങളുമായി വാണിജ്യബന്ധം നില നിന്നു പോന്നു. വാണിജ്യബന്ധത്തിൻെറ സുദൃഢതയെ നിലനിത്തുവാനായി ചിനാ ചക്രവത്തിയുടെയും പെർഷ്യയിലെ ഷായുടെയും മററും സ്ഥാനപതികൾ സാമൂതിരിയെ സന്ദശിച്ചുകൊണ്ടിരുന്നു. കോയംപടി ദേശത്തു നിന്നു, "ചില്ലിപ്പു" മേലും സപ്തവണ്ണപ്പട്ടും നിമ്മിക്കുവാൻ വശമുള്ള ചെട്ടികൾ പലരും കോഴിക്കോട്ടു വന്നു താറിളം ഉറപ്പിക്കുകയാൽ, നെയിത്തും, വസ്ത്രങ്ങളിൽ ചായം പിടിപ്പിക്കുന്ന വിദ്യയും, അദ്ദേശിയക്കും വശമായി, അങ്ങനെ നെയിത്തും പട്ടുനൂൽ വ്യവസായവും കോഴിക്കോട്ടു രാജ്യത്തു് അഭിവൃദ്ധിയെ പ്രാപിച്ചു. അഞ്ചടി. വീതിയും പന്ത്രണ്ടടി നീളവുമുള്ള ഒരു പട്ടിനു നൂറു അടവിരാശി വില ഉണ്ടായിരുന്നു.

സാമൂതിരിയുടെ ഭരണരീതി.

ജനങ്ങൾ സാമൂതിരിയുടെ ഭരണത്തിൽ സന്തുഷ്ടരായിരുന്നുവെന്നും, ഇത്ര സന്തുഷ്ടരും സംതൃപ്തരുമായ പ്രജാസമൂഹത്തെ മറെറാരു ദേശത്തും കാണുവാൻ സാധിച്ചില്ലെന്നും ചില സഞ്ചാരികൾ രേഖപ്പെടുത്തിയിരിക്കുന്നു. രാജ്യഭരണത്തിൻെറ പ്രധാനമമ്മമായ നീതിന്യായപരിപാലനം ഏത്രയും നിപുണമായി നടത്തപ്പെട്ടു വന്നിരുന്നു. രാജാവിൻെറ ഉദ്യോഗസ്ഥന്മാർ കണിശക്കാരും കൃത്യനിഷ്ഠ ഉള്ളവരും സത്യസന്ധന്മാരും ആയിരുന്നു. ചീന ചക്രവത്തിയുടെയും പെർഷ്യയിലെ ഷായുടെയും സ്ഥാനപതികൾ സാമൂതിരിയെ സന്ദശിച്ചിട്ടു തിരിയെ

പോകുമ്പോൾ വിലയേറിയ സമ്മാനങ്ങൾ, അവരുടെ രാജാക്കന്മാൎക്കായി അവരെ ഏല്പിച്ചയക്കുക സാധാരണമായിരുന്നു. ഒരു സന്ദൎഭത്തിൽ, അനേകം വില പിടിച്ച രത്നങ്ങൾ പതിച്ചിട്ടുള്ള ഒരു വലിയ സ്വൎണ്ണ ഒഢ്യാൺ ചീനചക്രവൎത്തിക്കു, സാമൂതിരി കൊടുത്തയച്ചിട്ടുള്ളതായിപറയപ്പെട്ടിരിക്കുന്നു. സൎവ്വമതക്കാൎക്കും കോഴിക്കോട്ടു ആരാധനാസ്വാതന്ത്ര്യം ഉണ്ടായിരുന്നു.

ജനങ്ങൾ.

കോഴിക്കോട്ടു തുറമുഖത്തിലെ വണിക്‌സമുദായങ്ങൾ മഹമ്മദീയരും ചെട്ടികളും ആയിരുന്നു. കാലക്രമേണ ചെട്ടികളുടെ വാണിജ്യം മന്ദീഭവിച്ചു. മൂറന്മാരുടെ വാണിജ്യം അഭിവൃദ്ധിപ്പെട്ടുവന്നു. മഹമ്മദീയർ പ്രായേണ സമ്പന്നരായ വണിക്കുകളായിരുന്നു. അവരുടെ വകയായി നാല്പതിൽപരം പള്ളികൾ കോഴിക്കോട്ടു് ഉണ്ടായിരുന്നു. സാമൂതിരിയുടെ പ്രജാവൎഗ്ഗത്തിൽ നാനാജാതിക്കാരും നാനാമതാവലംബികളും ഉൾപ്പെട്ടിരുന്നു.

രാജാവിന്റെ പ്രധാന ഉദ്യോഗസ്ഥന്മാരും, നീതിന്യായനിൎവ്വഹണത്തിനു ചുമതലക്കാരും, അംഗരക്ഷകന്മാരും നായന്മാരായിരുന്നു. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമായ നായന്മാർ, ഗൃഹത്തിനുപുറമേ സഞ്ചരിക്കുമ്പോൾ മനോഹരമായിത്തിളങ്ങുന്ന പരിചയും, ഒളളായമാനമായി പ്രകാശിക്കുന്നതും മൂൎച്ചയേറിയതുമായ ഖഡ്ഗവും (ഉറകൂടാതെ) കൊണ്ടു നടക്കുക സാധാരണമായിരുന്നു.

നായർ പുരുഷന്മാരും സ്ത്രീകളും മുട്ടുവരെ എത്തുന്നവസ്ത്രം മാത്രമേ ധരിച്ചിരുന്നുള്ളു. പുരുഷന്മാരും സ്ത്രീകളും തലമുടി മൂൎദ്ധാവിൽ കെട്ടിവച്ചുകൊള്ളുക പതിവായിരുന്നു. പുരുഷന്മാർ ചിലർ ഒരു വശത്തു്, കൎണ്ണത്തിനു സമീപത്തേക്കു ചരിച്ചും മുടി കെട്ടി വയ്ക്കാറുണ്ടായിരുന്നു. ചിലർ മുടിയുടെ അഗ്രം കെട്ടി പിന്നോക്കം തള്ളി, ശിരസ്സിനു് ഒരു കിരീടംപോലെ ധരിച്ചിരുന്നു. നായർ സ്ത്രീകളും പുരുഷന്മാരും സ്വൎണ്ണം കൊണ്ടുള്ള തോൾവളകളും കൈവളകളും ഉപയോഗിച്ചുവന്നു. സ്ത്രീകൾ സ്വൎണ്ണം കൊണ്ടു ഉണ്ടാക്കപ്പെട്ട ഓലച്ചുരുളും, പുരുഷന്മാർ സ്വൎണ്ണക്കടുക്കനും, രത്നം പതിച്ച കടുക്കനും ധരിക്കാറുണ്ടായിരുന്നു. രാജകീയഘോഷയാത്രകളിലും ചില പ്രത്യേകഗദ്ധ്യക്കളിലും, നായർ പുരുഷന്മാർ ലങ്കോട്ടിമാതിരിയിലുള്ള അരക്കച്ചകൾ,

ധരിച്ചുകൊണ്ടായിരുന്നു അവരുടെ നിത്യസഹചാരിയായ ഖഡ്ഗം കരമുഷ്ടിയിൽ ഗ്രഹിച്ചു നടക്കുക. പുരുഷന്മാരിൽ പലരും ശിരസ്സിൽ നിറമുള്ള ഒരു വസ്ത്രം തലക്കെട്ടായി ധരിക്കാറുണ്ടായിരുന്നു.

ഭവനങ്ങൾ പൊക്കം കുറഞ്ഞവയും തെങ്ങോല മേഞ്ഞവയും, മണ്ണോ, കല്ലോ കൊണ്ടു ചുവരു കെട്ടി, കുമ്മായം തേച്ചിട്ടുള്ളവയും ആയിരുന്നു. കമ്പോളങ്ങളിൽ നിന്നു അകലെ മാറിയുള്ള വലിയ പുരയിടങ്ങളിലായിരുന്നു, അവരുടെ ഭവനങ്ങൾ സ്ഥിതിചെയ്തിരുന്നതു്. വളപ്പുകളിൽ ധാരാളം വലിയ വൃക്ഷങ്ങൾ ഉണ്ടായിരുന്നു. വീഥികളിൽനിന്നു നോക്കിയാൽ, വളപ്പിനകത്തെ അവസ്ഥകൾ അറിയാനും കാണാനും സാധിക്കയില്ല. സാമൂതിരിയുടെ കൊട്ടാരവും വിസ്താരമേറിയ ഒരു വളപ്പിലായിരുന്നു. അവിടെയുള്ള ചില വന്മരങ്ങളുടെ ശാഖോപശാഖകളിൽ (ആലുകളും മററും ആയിരിക്കണം) കുരങ്ങുകൾ കൂട്ടംകൂട്ടമായി ഇരുന്നു വിഹരിച്ചുവന്നു.

ഹിന്ദുദേവാലയങ്ങളും സ്നാനസൌകര്യമുള്ള വൻകുളങ്ങളും കുളങ്ങളോടുകൂടിയ ശ്മശാനസ്ഥലങ്ങളും, ഒട്ടധികം മുസ്ലിംപള്ളികളും, വിവിധസാധനങ്ങൾ വാണിജ്യാർത്ഥം പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ള ആപണവീഥിയും സർവദാ വ്യാപാരബഹുലമായ തുറമുഖവും നിരവധി കപ്പലുകളാലും, ഓടങ്ങളാലും മററു യാനപാത്രങ്ങളാലും സമൃദ്ധമായ നൌകാശയവും, പുരാതന കോഴിക്കോട്ടു നഗരത്തിന്നു അനന്യസാധാരണമായ ചൈതന്യവും ആകർഷണശക്തിയും നൽകിക്കൊണ്ടിരുന്നു.

സാമൂതിരിക്കു ഉണ്ടായിരുന്ന പ്രത്യേക പദവികളും അധികാരങ്ങളും.

സാമൂതിരി കോവിലകത്തുനിന്നു പുരാതനകാലങ്ങളിൽ എഴുതി അയച്ചുവന്ന നിനവുകൾക്കു, മററും "ഡണ്ടർകോന നീട്ടു" എന്നായിരുന്നു സംജ്ഞ, എന്നു പാശ്ചാത്യസഞ്ചാരികളുടെ രേഖകളിൽനിന്നു വ്യക്തമാകുന്നു. ഈ പ്രസ്താവനയ്ക്കു ഹേതുവായ പദവിയുടെ ആഗമനത്തെക്കുറിച്ചു് ഒരു വിവരവും നമുക്കു ലഭ്യമല്ല. "കുന്നലക്കോൻ" എന്ന അഭിസംജ്ഞ സാമൂതിരിയെ ഉദ്ദേശിച്ചു ചില കവികളുടെ കൃതികളിൽ പ്രയോഗിച്ചിട്ടുള്ളതായി കാണുന്നു. "പൂന്തലകോൻ" എന്ന പദവിയാണു് ഉപയോഗിച്ചു വന്നതെന്നും, "പൂന്തുറക്കോൻ" എന്ന

പദം ദുഷിച്ചു "പൂന്തല"യായി "പൂന്തലക്കോൻ" ആയതാകുന്നുവെന്നും "പൂന്തുറ" എന്നായിരുന്നു സാമൂതിരി രാജ്യത്തിന്റെ ആദി നാമം എന്നും ചിലർ അഭിപ്രായപ്പെടുന്നു. "പൂന്തലക്കോൻ" പദത്തിനു തന്നെ മററുവിധത്തിൽ ശരിയായ അർത്ഥവ്യാപ്തി ഉള്ളതിനാലും, സാമൂതിരിക്കു ചില കാലങ്ങളിൽ ഏതാനും ചില കേരളനാട്ടുവാഴികളുടെ മേൽ രാജാധിരാജാധികാരം ഉണ്ടായിരുന്നുവെന്നുള്ള വസ്തുതയാലും, അതുതന്നെയായിരുന്നു, പദവിയുടെ സാക്ഷാൽ രൂപമെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. പൂന്തലക്കോൻ എന്ന പദത്തിനെ പൂം + തലകോൻ എന്നു പദച്ഛേദം ചെയ്യാവുന്നതാണു്. "പൂം" ശബ്ദത്തിനു "പുരുഷൻ" എന്നും "മനുഷ്യൻ" എന്നും അർത്ഥമുണ്ടു്. "തല"യ്ക്കു "ശിരസ്സ്" എന്നും ഉത്തമാംഗമെന്ന നിലയിൽ "പ്രധാനി" എന്നും "നായകൻ" എന്നും "പാലകൻ" എന്നും. അർത്ഥം ആകുന്നു. "കോൻ" ശബ്ദം "നാഥൻ" "നായകൻ" "രാജാവു്" എന്നിത്യാദി അർത്ഥങ്ങളെ ദ്യോതിപ്പിക്കുന്നു. ഇങ്ങനെ "പൂന്തലക്കോൻ" പദത്തിനു മനുഷ്യരുടെ നായകന്മാരുടെ രാജാവു്" അതായതു് "രാജാധിരാജൻ" എന്ന അർത്ഥവിവക്ഷ സിദ്ധിക്കുന്നു. "കുന്നലക്കോൻ" എന്ന അർത്ഥമുള്ള "ശൈലാബ്ധിനാഥൻ" "ശൈലാംബുരാശിപതി" "ഗിരിജലധിക്ഷ്മാമണാളൻ" എന്നിത്യാദി പദങ്ങളാൽ ഓരോ കാലങ്ങളിലും കവികൾ പ്രാഭവമുള്ള രാജാക്കന്മാരെ കീർത്തിക്കുക സാധാരണമാണു്. "സൈ്വരക്കേടോത്തു കാടേറിയ ഗിരിജലധിസ്വാമി" എന്നു "രാജാകേശവദാസ ചരിതം" മണിപ്രവാളം എന്ന കൃതിയിൽ മി. കൊട്ടാരത്തിൽ ശങ്കുണ്ണി പ്രയോഗിച്ചിരിക്കുന്നതു സാമൂതിരിയെ ഉദ്ദേശിച്ചായിരിക്കുവാൻ ഇടയില്ല. ടിപ്പുവിന്റെ പടയോട്ടക്കാലത്തെയും, മൈസൂർ സുൽത്താനെ രോധിക്കുവാൻ രാജാകേശവദാസൻ ചെയ്ത തീവ്രപരിശ്രമങ്ങളെയും കുറിച്ചു വർണ്ണിക്കുന്ന ഘട്ടത്തിലാണു് ഈ പ്രയോഗം. ആ പടക്കാലത്തു മലബാറിലെ പല രാജാക്കന്മാരും, നാടുവിട്ടു പ്രച്ഛന്നതയിൽ നിർഗ്ഗമനം നടത്തിയിട്ടുണ്ടു്. എന്നാൽ സാമൂതിരി അപ്രകാരം പ്രവർത്തിച്ചിട്ടില്ല. മലബാറിലെ കോട്ടയം രാജാവിനെ ഉദ്ദേശിച്ചാകുന്നു, "ഗിരിജലധിസ്വാമി" എന്നു നിർദ്ദേശിച്ചിരിക്കുന്നതെന്നാണു അറിയപ്പെടുന്നതു്.

സാമൂതിരിയുടെ അവരോധം, നാടുനീങ്ങുന്ന ഘട്ടത്തിൽ ആചരിക്കപ്പെടുന്ന ചടങ്ങുകൾ മുതലായവയിൽ അനുവർത്തിക്കപ്പെട്ടുപോന്ന മാമൂലുകൾ, എല്ലാ പുരാതനരാജ്യങ്ങളിലും നിലവിലിരുന്നപ്രകാരം തന്നെയായിരുന്നു. എന്നാൽ സാമൂതിരിക്കു ഭരണാധികാരം ഉണ്ടായിരുന്ന കാലങ്ങളിൽ, അവരോധത്തിനുശേഷം, താംബൂലസ്വീകരണം എന്നൊരു ചടങ്ങു ആചരിക്കപ്പെട്ടിരുന്നതായി ലോഗന്റെ "മലബാർ" ഗ്രന്ഥത്തിൽ 1-ാംവാല്യം 245-ാംവശത്തു വിവരിച്ചിരിക്കുന്നു. ആ വിവരണം ഇപ്രകാരമാണു".

"പുതിയ സാമൂതിരി കോഴിക്കോട്ടിനു സമീപമുള്ള കല്ലായി പുഴയുടെ കരയിൽ വരുന്നു. അവിടെ വച്ചു അവിടത്തോടു ചില പ്രശ്നങ്ങൾ ചെയ്യപ്പെടുന്നു. അനന്തരം അവിടുന്നു പാലത്തിൽ കയറി മറുകരയിൽ പോകാതെ ഒരു ക്രൂരാവസ്ഥയിൽ കയറി എതിർ കരയിൽ എത്തുന്നു. കോഴിക്കോട്ടുപ്രദേശത്തു എത്തിയാലുടൻ മുസ്ലീം സ്ത്രീ (മാപ്പിള സ്ത്രീ) വേഷധാരിയായ ഒരു പുരുഷനിൽ നിന്നു അദ്ദേഹം താംബൂലം സ്വീകരിക്കുന്നു. ഒരു മാപ്പിള സ്ത്രീയിൽനിന്നുതന്നെയാണു പാൻസുപ്പാരി സ്വീകരിച്ചു ഉപയോഗിക്കുന്നതെന്നും ചിലർ പറയുന്നു. താംബൂലസ്വീകരണാനന്തരം അദ്ദേഹം ഇങ്ങനെ പറയുന്നു. "നാം സാമൂതിരി സ്ഥാനം കൈയേറ്റിരിക്കുന്നു. നമ്മുടെ അമ്മാവൻ തിരിച്ചുവരുംവരെ നാം രാജ്യഭാരം വഹിക്കും. "ഇങ്ങനെ മുസ്ലിമിൽ നിന്നു താംബൂലം വാങ്ങി ഉപയോഗിക്കുന്നതിനാൽ മൂപ്പേററ സാമൂതിരിപ്പാട്ടിലേക്കു ഭ്രഷ്ടുഭവിച്ചുവെന്നാണു സങ്കല്പം. ഈ ചടങ്ങുകഴിഞ്ഞശേഷം, അവിടുന്നു ബ്രാഹ്മണ്യം ഭിക്ഷിക്കുകയാണെന്നും പരിഗണിക്കപ്പെട്ടുവരുന്നു.

രാജ്യഭരണാധികാരം നഷ്ടപ്പെട്ട ശേഷവും സാമൂതിരിസ്ഥാനത്തേക്കുള്ള അവരോധക്രിയ(സാമൂതിരിയുടെ മൂപ്പേൽപ്പു്) മുറപോലെ നടന്നുവരുന്നുണ്ടു്. ആധുനികകാലത്തു്, അതാവിതു് എ. ഡി. 1937-ാമാണ്ടു സെപ്തംബർ മാസം 7-ാംതീയതി കോഴിക്കോട്ടു സാമൂതിരി രാജകുടുംബത്തിൽ ഒരു മൂപ്പേൽപ്പു നടന്നിട്ടുണ്ടു്. തത്സംബന്ധമായി നടന്ന ചടങ്ങുകളെ വിവരിച്ചു മദ്രാസിലെ "ഹിന്ദു"പത്രത്തിന്റെ കോട്ടയ്ക്കൽ ലേഖകൻ ആ പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ലേഖനം ഇവിടെ ഉദ്ധരിക്കുന്നതു സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"കുട്ടി ഏട്ടൻ രാജാവെന്ന സംജ്ഞയാൽ കൂടി അറിയപ്പെട്ടുവരുന്ന മാനവിക്രമരാജാവിനെ കോഴിക്കോട്ടു സാമൂതിരിയായി അവരോധിച്ചതു സംബന്ധിച്ചുള്ള ചടങ്ങുകൾ. തീപ്പെട്ടുപോയ സാമൂതിരിപ്പാട്ടിലെ പിണ്ഡകർമ്മങ്ങൾ നടത്തിയശേഷം, മാനവിക്രമരാജാവു് അദ്ദേഹത്തിൻെറ സ്നാനത്തിനായി പ്രത്യേകം ഒഴിച്ചിടപ്പെട്ടിട്ടുള്ളതും ക്ഷേത്രസമീപത്തുള്ളതുമായ നീരാഴിയിൽ അതിരാവിലെ സ്നാനം കഴിഞ്ഞു് "വൈരാടം" എന്ന കർമ്മം അനുഷ്ഠിച്ചു. അനന്തരം "നിത്യശ്രാദ്ധം" നിർവ്വഹിച്ചു. പിന്നീടു കളരിയിലെ അഭ്യാസങ്ങൾ അവിടുന്നു സന്ദർശിച്ചു. സാമൂതിരി കുടുംബത്തിലെ കായികാഭ്യാസ ഗുരുസ്ഥാനം വഹിച്ചുപോരുന്ന ധർമ്മോത്തു പണിക്കരുടെ കൈയിൽ നിന്നു്, അവിടുന്നു് കളരിയിൽ വച്ചു വാൾ സ്വീകരിച്ചു. അനന്തരം കുടുംബാംഗങ്ങളാൽ അനുഗതനായി അവിടുന്നു ക്ഷേത്രത്തിൽ എഴുന്നള്ളി സ്വാമി ദർശനം കഴിച്ചു. ക്ഷേത്രത്തിൽവച്ചു് ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ, അവിടത്തെ അനുഗ്രഹിക്കുകയും ഗോക്കളെയും ബ്രാഹ്മണരെയും രക്ഷിച്ചുകൊള്ളണമെന്നു അവിടുത്തോടു ഹിതോപദേശം ചെയ്യുകയും ചെയ്തു.

അനന്തരം രാജാവു കോവിലകത്തേക്കു് തിരിച്ചെഴുന്നള്ളി "വൈരത്തളം" എന്ന ഭാഗത്തേക്കു പുറപ്പെട്ടു. അവിടെ പ്രത്യേകം ഒരു അവരോധവേദി ഉണ്ടാക്കപ്പെട്ടിരുന്നു. ആദ്യം സാമൂതിരിക്കു ചേരമാൻ പെരുമാൾ നൽകിയിട്ടുള്ള ഖഡ്ഗത്തിനു പൂജ നടത്തിയശേഷം രാജാവു നമ്പൂരിമാർക്കു ദക്ഷിണ നൽകി. അനന്തരം പൂമുള്ളി വലിയ നമ്പൂരിപ്പാട്ടും, ദേശമംഗലം നമ്പൂരിപ്പാട്ടു്, എന്നിവർ സാമൂതിരിയുടെ ശിരസ്സിൽ അരിയും പൂവും അർപ്പിച്ചു് അനുഗ്രഹിച്ചു. പിന്നീടു രാജാവു് അവർക്കു ദക്ഷിണ നൽകി. അതിൻെറശേഷം സ്ഥാനാരോഹണം ചെയ്ത വിവരത്തിനു് സാമൂതിരിപ്പാടു ഒരു പനയോലയിൽ നിനവു എഴുതി. ഈ ചടങ്ങുകൾ പൂർത്തിയായശേഷം അവിടുന്നു് ഒരു പല്ലക്കിൽ ആരൂഢനായി ഘോഷയാത്രയായി പട്ടണപ്രദക്ഷിണം ചെയ്തു.

സാമൂതിരിയുടെ സ്ഥാനാരോഹണത്തിനു മുമ്പുള്ള ഏററവും പ്രധാനമായ കർമ്മം "അരിയിട്ടു വാഴ്ച" എന്നുള്ളതാണു്. പൂമുള്ളി, മഠിക്കല്ലൂരി, ദേശമംഗലം എന്നീ നമ്പൂരിപ്പാടന്മാരാണു്, പ്രസ്തുത കർമ്മത്തിനു പ്രധാന പുരോഹിതസ്ഥാനം വഹി

ക്കുന്നത്. മാമൂവനെ ഒരിച്ച സനാതനികളായ വൈദികരുടെ സാന്നിദ്ധ്യസഹകരണങ്ങളോടുകൂടി നടത്തപ്പെടുന്ന ഈ അടിയന്തിരം പ്രമാണിച്ച മലബാറിലെ രാജാക്കന്മാരും ജന്മികളും മററും ഉൾപ്പെടെ പതിനായിരത്തിൽപരം പുരുഷാരം സന്നിഹിതമായിരുന്നു. ഈ പ്രാവശ്യം സന്നിഹിതരായിരുന്നവരിൽ പുന്നത്തൂർ നമ്പൂരിപ്പാട്, വരിക്കശ്ശേരിനമ്പൂരിപ്പാട്, പൂമുള്ളി നമ്പൂരിപ്പാട്, നിലമ്പൂർ മൂത്തരാജാ, മണക്കാട്ടുരാജാ, വടക്കം കൂർരാജാ, എളങ്ങാട്ടുരാജാ, മണക്കുളംരാജാ, എന്നിവരുടെയും മഹാകവി വള്ളത്തോളിൻെറയും പേരുകൾ പ്രസ്താവ്യമാണ്.

ഇന്നലെ രാത്രിയിൽ അയ്യായിരംപേർക്ക് മൃഷ്ടാന്നമായസദ്യ നൽകപ്പെട്ടു. ഇന്നത്തെ സദ്യയിൽ നാനാജാതിക്കാരായ പതിനായിരം പേർ സംബന്ധിച്ചിരുന്നു.

ക്ഷേത്രത്തിൽ എഴുന്നള്ളി സ്വാമി ദർശനം കഴിച്ചശേഷം, സാമൂതിരി രാജാവു രാജകീയാഡംബരങ്ങളോടുകൂടി ഘോഷയാത്രയായി അവിടത്തെ കൊട്ടാരത്തിലേക്ക എഴുന്നള്ളുകയുണ്ടായി......

ഇപ്പോൾ സ്ഥാനാരോഹണം ചെയ്ത സാമൂതിരിപ്പാടായ കെ. സി. മാനവിക്രമരാജാവു 1860-ാമാണ്ടു മേമാസത്തിൽ കോട്ടയ്ക്കൽകോവിലകത്തു ഭൂജാതനായി അദ്ദേഹം മദ്രാസ് പ്രസിഡൻസി കാളേജിൽ വിദ്യാഭ്യാസം ചെയ്തു. അദ്ദേഹം വലിയ സംസ്കൃതപണ്ഡിതനാണ്. അവിടുന്നു കുറേക്കാലം കോഴിക്കോട്ട സാമൂതിരി കാളേജിൻെറ മാനേജർ ആയിരുന്നു. "കേരളമഹാജനസഭയുടെ" സ്ഥാപനത്തിലും പ്രവൃത്തിയിലും ഇദ്ദേഹം ഒരു പ്രധാന ഭാരം വഹിച്ചിട്ടുണ്ട്. വിശ്രുതപത്രമായ "കോഴിക്കോട്ട മനോരമയുടെ" ജനയിതാവും ഇദ്ദേഹം തന്നെ. മുൻകാലങ്ങളിൽ കാൺഗ്രസ്സ് പ്രസ്ഥാനങ്ങളിലും അവിടുന്ന് അനല്പമായ താല്പര്യം പ്രദർശിപ്പിച്ചുപോന്നു.

മി ലോഗൻെറ ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള "താംബൂലസ്വീകരണം" എന്ന ചടങ്ങിനെ കുറിച്ച് "ഹിന്ദു"ലേഖകൻ യാതൊന്നും പ്രസ്താവിച്ചു കാണുന്നില്ല. ആ മാമൂൽ ആധുനികകാലത്തു നിലവിലിരുന്നുവെങ്കിൽ ചരിത്രദൃഷ്ട്യാ പ്രാധാന്യമുള്ളതും രസപ്രദവുമായ ആ ചടങ്ങിനെക്കുറിച്ചുകൂടി പ്രസ്താവിക്കാതെ ഇരിക്കാൻ ഇടയില്ല.

അറബികളുടെയും മൂറന്മാരുടെയും സാന്നിദ്ധ്യസഹകരണങ്ങളാൽ പരിപുഷ്ടമാക്കപ്പെട്ട വാണിജ്യസമ്പത്തോടും, രാജ്യശ്രീയോടുംകൂടിയ കോഴിക്കോട്ടുരാജ്യം പോർട്ടുഗീസുകാരായ വർത്തകരുടെ ആഗമനത്തോടുകൂടി കേരളത്തിൽ ഉത്ഭവിച്ച രാഷ്ട്രീയപരിവർത്തനത്തിൽപെട്ട് ക്രമേണ ക്ഷയോന്മുഖമായി ഭവിച്ചു. സാമൂതിരിയാൽ നിരാകൃതരായ പോർട്ടുഗീസ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ കൊച്ചീരാജാവിന്റെ പ്രത്യേക തിരുവുള്ളത്തിനു പാത്രീഭവിച്ചു. പോർട്ടുഗീസു വണിക്‌സംഘത്തിന്റെ എതിരാളികളായിരുന്ന ഡച്ച് ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ അവസരോചിതമായി കോഴിക്കോടിന്റെ പക്ഷവും പിടിച്ചു. കോഴിക്കോട്ടും കൊച്ചിയും തമ്മിൽ ഭയങ്കരമായ ഒരു യുദ്ധം ആരംഭിക്കുവാനുള്ള പരിതസ്ഥിതികൾ ഒത്തുകൂടി. പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും പൌരസ്ത്യദേശവാണിജ്യതാല്പര്യങ്ങൾക്ക്, പ്രസ്തുത യുദ്ധത്തിൽ കക്ഷിപിടിച്ചു രണോദ്യമങ്ങളിൽ ആകണ്ഠം മുഴുകുവാൻ അത്യാവശ്യമുണ്ടായിരുന്നു. കേരളത്തിലെ രാജാക്കന്മാരും നാടുവാഴികളും മാടമ്പിമാരും ജനസാമാന്യവും രണ്ടു കക്ഷികളായി പ്രസ്തുത മഹായുദ്ധത്തിൽ ഭാഗഭാക്കുകളായി ഭവിച്ചു. സുമാർ രണ്ടരശതവർഷത്തോളം പ്രസ്തുത യുദ്ധം തുടർന്നു. പ്രത്യക്ഷമായോ, പരോക്ഷമായോ ആ യുദ്ധത്തിൽ സഹകരിക്കാത്തവരായി, കേരളരാജാക്കന്മാരിലും മാടമ്പിമാരിലും, അധികം ആളുകൾ ഉണ്ടായിരിക്കയില്ല. ആ പടയോട്ടക്കാലം കേരളചരിത്രത്തിലെ അതിഗംഭീരമായ ഒരു പരിവർത്തനഘട്ടമായിരുന്നു. കേരളത്തിനു രാഷ്ട്രീയമായും ധനപരമായും ശക്തിമത്തായ പക്ഷഘാതം സംഭവിപ്പിക്കയെന്നുള്ളതായിരുന്നു, പ്രസ്തുത യുദ്ധത്തിന്റെ പരിണാമം. കൊച്ചീരാജവംശത്തിൽ രാജ്യാവകാശം സംബന്ധിച്ചുണ്ടായ അവകാശത്തർക്കങ്ങളും, തത്സംബന്ധമായുത്ഭവിച്ച യുദ്ധങ്ങളും, മഹായുദ്ധവുമായി അനുബന്ധിക്കപ്പെട്ടിട്ടുള്ളവയാകുന്നു. പോർട്ടുഗീസുകാർക്കും ഡച്ചുകാർക്കും കേരളതീരങ്ങളിൽ സിദ്ധിച്ചിരുന്ന വാണിജ്യാധിപത്യം നഷ്ടപ്രായമാകുവാൻകൂടി ഈ യുദ്ധം ഹേതുവായിത്തീർന്നു. ദീർഘകാലത്തെ നിരന്തരസമരംനിമിത്തം രാജ്യശക്തിയും ധനബലവും, ക്ഷയിച്ചിരുന്ന കേരളത്തിന്റെ ഉത്തരഭാഗങ്ങൾ, മഹായുദ്ധപരിണാമഘട്ടത്തിനു മുൻപായി

മൈസൂർസുൽത്താനായ ടിപ്പു ആക്രമിച്ചതോടുകൂടി, പരിതസ്ഥിതികൾ പൂർവ്വാധികം വിഷമതരങ്ങളായിഭവിച്ചു. ടിപ്പുവിന്റെ ആക്രമണത്തെത്തുടൎന്നുണ്ടായ രാഷ്ട്രീയപരിവൎത്തനത്തിന്റെ ഫലമായി സാമൂതിരി ഉൾപ്പെടെയുള്ള ഉത്തരകേരള രാജാക്കന്മാൎക്കു ഭരണാധികാരം നഷ്ടപ്പെട്ടു. ധീരോദാത്തനും രണശൂരനും; ദീർഘാലോകനപടുവുമായിരുന്ന തിരുവിതാംകൂർ മാർത്താണ്ഡവൎമ്മമഹാരാജാവിന്റെ അനിഷേധ്യമായ പ്രാഭവവും കരബലവും നിമിത്തം, "രണ്ടരശതവൎഷത്തോളം", കേരളത്തിനു് ഉപരിനാശങ്ങൾക്കു് ഇടവരുത്താതെ നിലപ്പിക്കുവാൻ സംഗതിവരുത്തി. ദിനംപ്രതി വൎദ്ധമാനമായിക്കൊണ്ടിരുന്ന ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ശക്തിയും സന്മനസ്സും നിമിത്തം, ടിപ്പുവുമായി ഇടപെടുവാനും, സുൽത്താൻനിമിത്തം ഉത്തരകേരളത്തിൽ രാജ്യഭ്രഷ്ടരായ രാജാക്കന്മാൎക്കു് അവരുടെ പദവികളും സ്വകാൎയ്യസ്വത്തുക്കളും തിരിച്ചു കിട്ടുവാനും, ബ്രിട്ടീഷുഗവൺമെന്റിൽനിന്നു യഥായോഗ്യം മാലിഖാൻ ലഭിക്കുവാനും സാധിച്ചു.

സാമൂതിരിരാജകുടുംബത്തിനു രാജ്യവും രാജ്യഭരണാധികാരവും നഷ്ടപ്പെട്ടുപോയെങ്കിലും പ്രശസ്തിക്കും പ്രാഭവത്തിനും ധനശക്തിക്കും, പദവികൾക്കും, യാതൊരു കുറവും സംഭവിച്ചിട്ടില്ലെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

Important Ref. 1. Farier Y Sousa—The Portugues Asia
2. Edge—The Description of the seaports of Malabar
3. Horton—Ralph Fitch, Engaland's Pioneer of India
4. Eurchas—Oriental Memoirs
5. Barbosa—Description of the coasts of Africa and Malabar in the beginning of the 16th century
6. Fadcette—Bulletine on the people of Malabar
7. Logan's A Manual of the Malabar District
8. Lee's Translation of Ibubata
9. Major's India in the 15th centuary

൩൧-ാം അദ്ധ്യായം.

4. ഓടനാട്ടു് (ഓണനാട്ടു്)

അഥവാ

കായംകുളംരാജ്യം.

കായംകുളം നാട്ടു് കേരളത്തിലെ പുരാതനരാജ്യങ്ങളിൽ ഒന്നായിരുന്നു. കായംകുളത്തിനു കാളി കൊല്ലം എന്നായിരുന്നു പ്രാചീനനാമം. ചിറവായി സ്വരൂപം രാജവംശമാണു്, ഈ നാട്ടുവാണിരുന്നതു്. ഇപ്പോഴത്തെ മദ്ധ്യതിരുവിതാംകൂറിൽ ഉൾപ്പെട്ട മാന്നാറിനു സമീപമുള്ള കുരട്ടി എന്ന പ്രദേശത്തു നിന്നുമല്പം കിഴക്കുമാറിയായിരുന്നു ഈ രാജവംശത്തിന്റെ മൂലകുടുംബം. ഇപ്പോൾ ആ പ്രദേശം കാടായിക്കിടക്കുന്നു. ശ്രായിക്കോട്ട് എന്ന പേരിനാൽ അറിയപ്പെടുന്ന സ്ഥലത്തായിരുന്നു ആ രാജകുടുംബം വക കോവിലകം നിലനിന്നിരുന്നതു്. ഇപ്പോൾ ഓണാട്ടുകര എന്ന പേരിനാൽ അറിയപ്പെടുന്ന മണൽപ്രദേശങ്ങൾ കായംകുളത്തു ഉൾപ്പെട്ടിരുന്നു. കൊല്ലംരാജ്യത്തിന്റെ പ്രാഭവം അത്യുച്ചമായിരുന്ന കാലങ്ങളിൽ, കായംകുളം രാജാവു കൊല്ലം രാജാവിന്റെ മേൽക്കോയ്മ അംഗീകരിച്ചിരുന്ന ഒരു സാമന്തരാജാവായിരുന്നു. കൊല്ലം രാജ്യം ക്ഷയോന്മുഖമായതോടുകൂടി, കായംകുളത്തിന്റെ പ്രതാപം വർദ്ധമാനമായി ഭവിച്ചു. കായംകുളം രാജ്യത്തിനു "ഓടനാട്ടു്" എന്നും "ഓണനാട്ടു്" എന്നും പേരുകൾ ഉണ്ടായിരുന്നു. ആണ്ടിൽ ഒന്നിടവിട്ടു രണ്ടു പൂവു വീതം നെല്ലും എള്ളും ആകെ നാലു പ്രാവശ്യം കൃഷിചെയ്യപ്പെട്ടുവന്ന നിലങ്ങളായിരുന്നു, കായംകുളം രാജ്യത്തുള്ളവ. ഇപ്പോഴും ഓണാട്ടുകരയിലെ കൃഷി സമ്പ്രദായം ഇങ്ങനെ തന്നെ. അവിടത്തെ ഭൂമി വളരെ ഫലപ്രദവും ജനങ്ങൾ അത്യന്തം പരിശ്രമശീലന്മാരുമായിരുന്നു. വിശിഷ്യ കായംകുളം മലയാളതീരത്തെ വിശ്രുതമായ ഒരു പ്രാചീനതുറമുഖവുമായിരുന്നു. ഇക്കാരണങ്ങളാൽ ആ നാട്ടു സമ്പൽസമൃദ്ധമായിരുന്നതുകൊണ്ടു ആ പ്രദേശത്തിനു "ഓണനാട്ടു്" എന്നു

സംജ്ഞ സിദ്ധിച്ചതു അത്ഭുതമല്ല. ആധുനികകാലത്തു കായംകുളം കായൽ വ്യാപിച്ചു കിടക്കുന്ന പ്രദേശത്തിന്റെ പശ്ചിമഭാഗത്തു് "അഴീക്കൽ" എന്നൊരു സ്ഥലവും ഉണ്ടു്. ഈ രണ്ടു സ്ഥലങ്ങളും ഉൾപ്പെട്ടതായിരുന്നു. "കാളികൊല്ലം" തുറമുഖം. അഴീക്കൽ പ്രദേശം പൂർവകാലത്തു വലിയ വാണിജ്യകേന്ദ്രമായിരുന്നു. ആധുനിക കായംകുളം കായലിന്റെ പൂർവഭാഗങ്ങൾ നിമ്നങ്ങളായ നെൽകൃഷി നിലങ്ങളായിരുന്നുവെന്നും, അനുമാനിക്കേണ്ടിയിരിക്കുന്നു. ഭൂഗർഭീയങ്ങളായ കാരണങ്ങളാൽ തുറമുഖപ്രദേശത്തു ജലനിരപ്പു കുറയുകയും, പൂർവപ്രദേശങ്ങളിലേക്കു സമുദ്രജലം വ്യാപിച്ചു നെൽവയലുകൾ നഷ്ടപ്പെട്ടുപോകയും, ചെയ്തിരിക്കണം. ഇപ്രകാരം തുറമുഖവും നെന്നിലങ്ങളും കായംകുളം നാട്ടിനു നഷ്ടമായതോടുകൂടി ആ നാട്ടിന്റെ ഐശ്വര്യത്തിനു ഗണ്യമായ ഹാനി സംഭവിച്ചു. എ. ഡി. 1-ാംശതകത്തിൽ "അയോറം റീജിയോ" അഥവാ "അയോയിരാജ്യം" എന്നു ടോളമി പ്രസ്താവിച്ചിരിക്കുന്നതു്. അഴീക്കൽ (അഴിക്കര) പ്രദേശത്തെക്കുറിച്ചാണെന്നു മി. പത്മനാഭമേനോവൻ, അദ്ദേഹത്തിന്റെ ചരിത്രം 1-ാംവാല്യത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. * അഴീക്കൽ തുറമുഖത്തിന്റെ അധഃപതനത്തിനുശേഷം, കായംകുളംനാട്ടിൽനിന്നു നല്ലമുളകു മുതലായ വിഭവങ്ങൾ പുറക്കാട്ടു തുറമുഖംവഴിയായി വിദേശവർത്തകന്മാർ കയറ്റുമതിചെയ്തുവന്നു. പുറക്കാട്ടു് ആദിമകാലത്തു പുരാതന "വെമ്പലനാട്ടി"ലെ ഒരു പ്രധാനതുറമുഖമായിരുന്നു. വെമ്പലനാട്ടിന്റെ പ്രാഭവം ക്ഷയോന്മുഖമാകുകയും, ആ രാജ്യംഭരിച്ചിരുന്ന നെടുവിരിപ്പിൽ സ്വരൂപം രാജവംശക്കാർ, ആ രാജ്യത്തിൽ ഉൾപ്പെട്ടപ്രദേശങ്ങളെ "വടക്കുംകൂർ" "തെക്കുംകൂർ" എന്നിങ്ങനെ രണ്ടു വിഭാഗമായി തിരിച്ചുഭരിക്കുവാൻ ആരംഭിക്കുകയും ചെയ്തതോടെ പുറക്കാട്ടുതുറമുഖം തെക്കുംകൂർ അതിർത്തിയിലെ പ്രധാന[illegible]മായി ഭവിച്ചു. എന്നാൽ "ചെമ്പകശ്ശേരി" രാജ്യത്തിന്റെ സ്ഥാപനശേഷം, ചെമ്പകശ്ശേരിരാജാക്കന്മാരുടെ പ്രാബല്യഘട്ടത്തിൽ "പുറക്കാട്ടു്" ചെമ്പകശ്ശേരി രാജ്യത്തേക്കു സിദ്ധിച്ചു. ഈ ഘട്ടങ്ങളിൽ എല്ലാം പ്രസ്തുത തുറമുഖംവഴിയായിത്തന്നെ, കായംകുളംനാട്ടിലെ വിഭവങ്ങൾ കപ്പൽ

* History of Kerala, Vol. 1, page 292

കയററി അയക്കപ്പെട്ടുവന്നു. ഇക്കാരണവശാൽ തെക്കുംകൂറും ചെമ്പകശ്ശേരിയുമായി കായങ്കുളം കോയ്മ, വല്യതായ മൈത്രീബന്ധത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ഈ രാജ്യങ്ങളും, എടപ്പള്ളി, പറവൂർ, ആലങ്ങാട്ട് എന്നീ രാജ്യങ്ങളുംകൂടി ;മദ്ധ്യകാലങ്ങളിൽ രാഷ്ട്രീയമായ ഒരു സംയുക്തബന്ധത്തിൽ ഉൾപ്പെട്ടുകയും, രണ്ടുശതവർഷത്തോളം കൊച്ചിയും കോഴിക്കോട്ടും തമ്മിൽ നടത്തപ്പെട്ടുകൊണ്ടിരുന്ന യുദ്ധത്തിൽ അവസരോചിതമായി പക്ഷംചേർന്ന്, ആ യുദ്ധത്തിന്നു പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ട്.

മദ്ധ്യകാലങ്ങളിൽ കായംകുളം രാജാക്കന്മാരുടെ ശക്തി അത്യധികം വർദ്ധിച്ചിരുന്നു. കായംകുളം വകയായി ഒട്ടധികം പടയാളികൾ ഉൾപ്പെട്ട ഒരു വലിയ സൈന്യവും, കോട്ടകൊത്തളങ്ങളും പരിഷ്കൃതരീതിയിലുള്ള യുദ്ധസാമഗ്രികളും ഉണ്ടായിരുന്നു. ഓണാട്ടുകരദേശങ്ങളിലെ അനേകം നായർ പ്രഭുക്കന്മാർ കായംകുളത്തെ സേനാധിപന്മാരും ഉദ്യോഗസ്ഥന്മാരുമായി സേവനം നടത്തിക്കൊണ്ടിരുന്നു. മാവേലിക്കര, മുട്ടം, ഉഴവ, കൃഷ്ണപുരം മുതലായി പലേ പ്രദേശങ്ങളിലും കായംകുളം രാജാവിൻെറ വക കോവിലകങ്ങളും, സൈനികസജ്ജീകരണനിലയങ്ങളും നിന്നിരുന്നതിൻെറ ലക്ഷ്യങ്ങൾ ഉണ്ട്. കായംകുളം ആയിരുന്നു തലസ്ഥാനം.

വിശ്രുതയോദ്ധാവും രാജഷർഭന്മായിരുന്നതിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിന്നു കായംകുളം രാജ്യം പിടിച്ചടക്കുവാൻ സാധിച്ചതു നാലു കൊല്ലത്തെ ഭയങ്കരയുദ്ധത്തിന്നു ശേഷം മാത്രമായിരുന്നുഎന്നുള്ളതു പ്രസ്താവ്യമാണ്. കായംകുളം രാജവംശക്കാർ ഇപ്പോൾഉള്ളതായി അറിയപ്പെടുന്നില്ല. മാർത്താണ്ഡവർമ്മ മഹാരാജാവു കായംകുളം ജയിച്ചടക്കിയതോടുകൂടി, അവിടത്തെ രാജവംശത്തിൽ ശേഷിച്ചിരുന്ന ഒരു രാജാവും ഒരു റാണിയും, ഗൂഢമായി ഉത്തരദേശങ്ങളിലേക്കു പ്രയാണംചെയ്തതായി ഒരു ഐതിഹ്യം നിലവിൽ ഇരിക്കുന്നുണ്ട്. കേരളത്തിലെ ജനങ്ങളുടെ പൊതുരക്ഷയെ പുരസ്കരിച്ചു മാർത്താണ്ഡവർമ്മമഹാരാജാവ്, അനേകം ചെറിയ രാജ്യങ്ങൾ പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തതാണെങ്കിലും, പരമകാരുണികനായ അവിടുന്നും, അവിടത്തെ പ്രിയഭാഗിനേയനും

"ധർമ്മരാജാവ്" എന്ന അന്വർത്ഥനാമയുതനമായിരുന്ന കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവും, രാജ്യഭ്രഷ്ടരായ രാജാക്കന്മാരെയും അവരുടെ വംശജരെയും തിരുവിതാംകൂറിൽവരുത്തി, കാലോചിതമായ പെൻഷനും, ചില ബഹുമതികളും അവർക്ക് അനുവദിച്ചുകൊടുത്ത് യഥേഷ്ടം തിരുവിതാംകൂറിൽ താമസിച്ചുകൊള്ളുവാൻ കല്പനനൽകിയിട്ടുള്ളതാകുന്നു. എന്നാൽ കായംകുളം രാജവംശജന്മാരെക്കുറിച്ച് അക്കാലത്ത് നടത്തപ്പെട്ട അന്വേഷണങ്ങൾ വിഫലീഭവിച്ചതായി അറിയപ്പെട്ടിരിക്കുന്നു. കായംകുളം രാജാക്കന്മാരുടെ കോവിലകങ്ങളിൽ ഒന്നായ കൃഷ്ണപുരംകൊട്ടാരം അദ്യാപി സംരക്ഷിക്കപ്പെട്ടുപോരുന്നു. കായംകുളം യുദ്ധകാലത്തു, പല പ്രധാന സംഭവങ്ങളുടെയും സ്ഥാനമായിരുന്ന പ്രസ്തുതസങ്കേതം, ചരിത്രപരമായി പ്രാധാന്യമുള്ള ഒരു വിശിഷ്ടാവശിഷ്ടമാകുന്നു. കായംകുളം നഗരത്തെക്കുറിച്ചു, മദ്ധ്യകാലങ്ങളിൽ കേരളം സന്ദർശിച്ചിട്ടുള്ള ബാർബോസാ, ഡിബാറോസ് ആദിയായ വിദേശീയസഞ്ചാരികൾ പ്രശംസാരൂപത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നു. ഡച്ചുകാർ, ആണ്ടിനാൽ കേരളത്തിൽനിന്നു കയററിക്കൊണ്ടുപൊയ്ക്കൊണ്ടിരുന്ന ഇരുപതുലക്ഷം പൌണ്ടു കുരുമുളകിൽ, അഞ്ചിലൊരംശം, കായംകുളത്തുനിന്നു ലഭിച്ചുവന്നതായിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു.

കായംകുളം ആധുനികകാലത്തും, കേരളത്തിലെ പ്രസിദ്ധിയുള്ള വ്യാപാരകേന്ദ്രങ്ങളിൽ ഒന്നാണ്. മഹമ്മദീയരും, ഈഴവരും, ഗൌഡസാരസ്വതബ്രാഹ്മണരും ആകുന്നു അവിടത്തെ പ്രധാന വണിക്‌വർഗ്ഗക്കാർ. മെത്തപ്പായ് വ്യവസായത്തിനു പ്രസിദ്ധിയേറിയ ഒരു സ്ഥാനമാകുന്നു കായംകുളം. "തഴവ" എന്ന സ്ഥലത്തു നെയ്തുണ്ടാക്കപ്പെട്ടുവന്ന മെത്തപ്പാകൾ കായംകുളം പ്രദേശത്തു ധാരാളമായി വ്യവസായം ചെയ്യപ്പെട്ടുവരുന്നു. കായംകുളം, തിരുവിതാംകൂറിലെ മുനിസിപ്പൽ നഗരങ്ങളിൽ ഒന്നാകുന്നു. കേരളത്തിലെ വിശ്രുതമായ "ഓച്ചിറപ്പടനിലം" ഇവിടെനിന്നു നാലുമൈൽ തെക്കുമാറിയാണ്.

കായംകുളം കായലിലെ മത്സ്യങ്ങൾ വളരെ വിശേഷപ്പെട്ടവയാകുന്നു. മത്സ്യവ്യവസായം ഇവിടെ വിസ്തൃതമായ തോതിൽ നടത്തപ്പെട്ടുവരുന്നുണ്ട്. ചകിരി, കയറ് എന്നീ വ്യവസായങ്ങളും, പുരാതനകാലംമുതൽ ഇവിടെ നിലനിന്നുവരുന്നു.

പ്രാചീനകാലങ്ങളിൽ കായങ്കുളത്തു നെയിത്തുവ്യവസായം അഭിവൃദ്ധിയിൽ ഇരുന്നിരുന്നതായി അനുമാനിക്കേണ്ടിയിരുന്നു. "പൊഴുത്തൻ കായംകുളം ചേല" യുടെ പ്രസിദ്ധി ചില പ്രാചീന ഗീതികളിൽനിന്നു വെളിവാകുന്നുണ്ടു്. (1) പ്രാചീന കായംകുളത്തെ ഏതദ്ദേശീയ വണിക്കുവർഗ്ഗക്കാർ ചെട്ടികളായിരുന്നു. കായംകുളം പട്ടണത്തിൽ നിന്നു രണ്ടു മൈൽ വടക്കുമാറി "ചെട്ടികുളങ്ങര" എന്നു പ്രസിദ്ധിയേറിയ ഒരു ദേവീക്ഷേത്രം അദ്യാപി നിലനിന്നുപോരുന്നു. ഈ ക്ഷേത്രത്തിൽ പുരാതന കാലം മുതൽ നടപ്പുണ്ടായിരുന്ന "കുത്തിയോട്ടം" "പടേണി" ഉത്സവവിശേഷങ്ങളായ ചടങ്ങുകൾ, ജനങ്ങൾ ആധുനിക കാലത്തും ഭക്തിവിശ്വാസപുരസ്സരം നടത്തിവരുന്നുണ്ടു്.

"ചെട്ടികുളങ്ങരെ മാധവിഅമ്മേടെ
എട്ടു വയസ്സിലെ കുത്തിയോട്ടം"

എന്നിത്യാദി "കുത്തിയോട്ടപ്പാട്ടിന്റെ" പ്രാരംഭം, ചെട്ടികുളങ്ങര ക്ഷേത്രത്തിൽ "കുത്തിയോട്ടം" എന്ന വഴിപാടു് ആരംഭിച്ചതു് "മാധവിഅമ്മ" എന്നു പേരായ കായംകുളം രാജപുത്രിയുടെ എട്ടാം ജന്മനക്ഷത്രത്തിൽ ആയിരുന്നുവെന്നു് അല്ലയോ സൂചിപ്പിക്കുന്നതു്?

"നായകൻ" "നനയർ" (നയനർ) "താൻ" ആദിയായ സ്ഥാനങ്ങളോടുകൂടിയ യുദ്ധവീരന്മാരായ നായന്മാരുടെ കുടുംബങ്ങൾ, കായംകുളം രാജ്യാതിർത്തിക്കുള്ളിൽ ഉണ്ടായിരുന്നു.

വാണിജ്യം പ്രമാണിച്ചു് അറബികളും, മൂറന്മാരും, ചീനരും, ഭാരതീയദേശീയവർഗ്ഗക്കാരിൽ പലരും കായംകുളം നഗരത്തിൽ, പ്രാചീനകാലത്തു് ഉപവേശം ചെയ്തിരുന്നതായിഅനുമാനിക്കാവുന്നതാണു്.

ഏ. ഡി. 1748-ാംവർഷത്തോടുകൂടി കായംകുളം രാജ്യം തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു.

പേരകം, ചിറവായി, പുതിയേടം, പഴേടം എന്നിങ്ങനെ നാലു ശാഖകളോടുകൂടിയ ഒരു രാജകുടുംബമായിരുന്നു, കായംകുളം രാജവംശം എന്നും, ഈ നാലു ശാഖകളിലെയും, രാജാക്കന്മാരിൽനിന്നു് മൂപ്പുമുറ അനുസരിച്ചു ഓടനാട്ടു രാജാവായി ഓരോരുത്തർ വാഴിക്കപ്പെട്ടുകയെന്നുള്ളതായിരുന്നു നടത്തയെന്നും, (2) ഒരു ഗ്രന്ഥവരിപ്രകാരം കാണുന്നു.

---

(1) ഓണപ്പാട്ടു്. (2) ചെങ്ങന്നൂർ ക്ഷേത്രമാഹാത്മ്യം—വംശം—നമ്പ: (ശ്രീ. കല്ലൂർ നാരായണപിള്ള) (മാമ്പള്ളിഗ്രന്ഥവരി)

൯൨-ാം അദ്ധ്യായം

5. തെക്കുംകൂർനാട്.

തെക്കുംകൂർ രാജവംശം, വെമ്പലനാട്ടുടയവരായ വെമ്പലനാട്ടു സ്വരൂപത്തിന്റെ ഒരു ശാഖയാണ്. വെമ്പലനാടിന്റെ ആദിമകാലംമുതൽതന്നെ, ആ രാജ്യത്തിന്റെ ദക്ഷിണവിഭാഗം "തെക്കുംകൂർ" എന്ന പേരിൽ പ്രസ്തുത രാജവംശം ഭരിച്ചുകൊണ്ടിരുന്നു. "തെക്കുംകൂർ" എന്നാൽ "തെക്കേ അംശം" എന്നു അർത്ഥമാകുന്നു. "കൂർ" എന്ന പദത്തിനു "പങ്ക്" "അംശം" "സ്നേഹം" "രക്തബന്ധം" എന്നീ അർത്ഥങ്ങളും ഉള്ളതാണല്ലോ. വെമ്പലനാട്ടു രാജവംശം "നെടുവിരിപ്പിൽ" സ്വരൂപത്തിൽ ഉൾപ്പെട്ടതായിരുന്നു. വെമ്പലനാട്ടിന്റെ പ്രാബല്യകാലങ്ങളിലും തെക്കുംകൂർ ശാഖക്കാർ പ്രതാപികളായിരുന്നു. തിരുനാവായ് മണപ്പുറത്തുവച്ചു നടത്തപ്പെട്ട ഒരു മാമാങ്കത്തിനു അക്കാലത്തെ തെക്കുംകൂർ രാജാവും സന്നിഹിതനായിരുന്നുവെന്നും, ആ മാമാങ്കത്തിനായി ഉത്തരദേശത്തു താമസിച്ചിരുന്ന കാലത്തു രാജാവിനു "ആയിരം കണ്ണി" എന്നു പറയപ്പെടുന്ന പ്രമേഹക്കുരുവിന്റെ പീഡ ഉണ്ടായി എന്നും, ഏറനാട്ടു ദേശത്ത് ഉണ്ടായിരുന്ന ചിരട്ടമൺ മൂസ്സ് വൈദ്യൻ ആ രോഗത്തിനു ചികിത്സചെയ്ത് എളുപ്പത്തിൽ ഭേദപ്പെടുത്തിയെന്നും. തന്നിമിത്തം സന്തുഷ്ടനായ രാജാവു, രാജധാനിയിലേക്കു തിരിച്ചു മടങ്ങിയപ്പോൾ ആ വൈദ്യനെക്കൂടെ കൂട്ടിക്കൊണ്ടുവന്നു, കോട്ടയത്തെ തെക്കുംകൂർ കോവിലകത്തിനു അടുത്തുള്ള ഒളശ്ശ എന്ന ഗ്രാമത്തിൽ താമസിപ്പിക്കുകയും അനുഭവവസ്തുക്കൾ വിട്ടുകൊടുക്കുകയും ഇല്ലം പണിയിച്ചുകൊടുക്കുകയും മറ്റും ചെയ്തുവെന്നും ഒരു ഐതിഹ്യം ഉണ്ട്. *

പുരാതന കേരളത്തിലെ പ്രധാന തളികളിൽ ഒന്നായ "കോട്ട(ക്ക)യക്കുന്നത്ത്" തളി, തെക്കുംകൂർ രാജാക്കന്മാരുടെ ഒരു രാജധാനിയായിരുന്ന കോട്ടയത്താകുന്നു. "തളിയിൽ

---

* ഐതിഹ്യമാല — കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

കോട്ടയുടേയും മററും നഷ്ടശിഷ്ടങ്ങൾ, കോട്ടയം സി. എം. എസ്സ്. കാളേജിനു സമീപത്തുകൂടി പടിഞ്ഞാറോട്ടു പോകുന്ന താഴത്തങ്ങാടി റോഡിൽ വടക്കരുകിൽ തളിഭാഗത്തു് അദ്യാപി കാണപ്പെടുന്നുണ്ടു്.

തെക്കുംകൂറും വടക്കുംകൂറുമായി വേർതിരിക്കുന്ന കോട്ടയ്ക്കു "നെടുംകോട്ട" എന്നാണു പേർ. പ്രസ്തുത മൺകോട്ടയുടെ നഷ്ടശിഷ്ടങ്ങൾ അദ്യാപി നിലനിന്നുപോരുന്നു. ഈ കോട്ടയ്ക്കു് ഏകദേശം അറുപതു മൈലോളം ദൈർഘ്യം ഉണ്ടു്. നെടുംകോട്ട, പൂഞ്ഞാററു് ഇടവകയുടെ വടക്കുകിഴക്കെ മൂലയിൽ സഹ്യപർവതത്തിൽനിന്നു് ആരംഭിച്ചു്, തൊടുപുഴത്താലൂക്കും പൂഞ്ഞാർ ഇടവകയും തമ്മിൽ തിരിക്കുന്ന അതിരിൽകൂടി പടിഞ്ഞാറോട്ടുവന്നു, കിടങ്ങുംമറി മുകളിൽകൂടി ഉത്ഭവിച്ചു് ഒഴുകിക്കൊണ്ടിരിക്കുന്ന ചുണങ്ങാററു വിലങ്ങി, പൂഞ്ഞാറിടവകയുടെ പരമോത്തരാഗ്രദേശമായ മങ്കൊമ്പിൻേറയും കോട്ടക്കൽ മലഞ്ചെരിക്കലിൻേറയും ഉത്തരസീമകളിൽകൂടി ദക്ഷിണാഭിമുഖമായി, കടവുപുഴയാററും ചുണങ്ങാററുംകൂടി സംഗമിക്കുന്ന സ്ഥാനത്തിനു് അല്പാ താഴെ കടവുപുഴയാററുവിലങ്ങി, മീനച്ചിൽ താലൂക്കിൽചേന്ന കൊണ്ടൂർ, ഭരണങ്ങാനം, ളാലം, പുലിയന്നൂർ, കിടങ്ങൂർ എന്നീ ദേശങ്ങളിലും ഏറ്റുമാന്നൂരും കൂടി വന്നു. കൈപ്പുഴ, മാഞ്ഞൂർ, കുമരകം, വെച്ചൂർ ഈ ദേശങ്ങൾ തമ്മിൽ തിരിയുന്ന അതിരുവഴി വേമ്പനാട്ടുകായലിൻെറ തീരം വരെ എത്തുന്നു. കിടങ്ങൂരിനു പടിഞ്ഞാറുള്ള കടച്ചിറവരെയും, പാലാ ഏററുമാന്നൂർ റോഡിൻെറ സമീപത്തും, റോഡിനു സമരേഖയായും ഈ കോട്ടവന്നു കടച്ചിറയ്ക്കു പടിഞ്ഞാറുവച്ചു റോഡു വിലങ്ങനെ കോട്ടകടന്നു റോഡിനു് ഉദ്ദേശം ഒരു മൈൽ വരെ ദൂരം തെക്കോട്ടു ചെന്നു്, അവിടെ നിന്നും വടക്കു പടിഞ്ഞാറായി വടക്കോട്ടു തിരിഞ്ഞു ഏററുമാന്നൂർ ക്ഷേത്രത്തിനു സമീപം വച്ചു് റോഡു വിലങ്ങി വടക്കോട്ടു കടന്നും, ക്ഷേത്രത്തിനു ഒരു ഫർലാങ്ങു് കിഴക്കുകൂടി വടക്കോട്ടു ഒരു മൈലോളം ചെന്നു് അവിടെനിന്നു് പടിഞ്ഞാറോട്ടു തിരിഞ്ഞു്, കാണക്കാരി കുന്നിൽകൂടി .തെക്കുപടിഞ്ഞാറായി പോയി, ഏററുമാന്നൂർ ക്ഷേത്രത്തിൽ നിന്നു പടിഞ്ഞാറുമാറി നീണ്ടുകിടക്കുള്ള റോഡുസംബന്ധിച്ചു നേരേ പടിഞ്ഞാറോട്ടു ചെന്നു്, മാഞ്ഞൂർ കൈപ്പുഴ എന്നീ ദേശങ്ങൾക്കിടയിലുള്ള അതിരു

മാർഗ്ഗം പുഞ്ചപ്പാടത്തു എത്തി വാടച്ചിറ എന്നു പറയപ്പെടുന്ന കോട്ടച്ചിറയായി രൂപാന്തരപ്പെട്ട്, എട്ടു മൈലോളം ദൂരം ചെന്നു്, കുടവച്ചൂരിന്റെ അതിരുമാർഗ്ഗം കായൽക്കരയിൽ എത്തുന്നു.

തെക്കുംകൂറിന്റെ കിഴക്കേ അതിരു സഹ്യപർവതവും, തെക്കേ അതിരു കൈപ്പട്ടൂർ കടവും പടിഞ്ഞാറു വേമ്പനാട്ടു കായലും ആയിരുന്നു. ചെമ്പകശ്ശേരി രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളും കരപ്പുറം ദേശവും ഒരു കാലത്തു തെക്കുംകൂറിന്റെ വകയായിരുന്നു. കൊച്ചിരാജാവും തെക്കുംകൂർ രാജാവും തമ്മിൽ നടത്തിയ ചതുരംഗമത്സരത്തിൽ, തെക്കുംകൂർ രാജാവിനു വിജയം സിദ്ധിക്കുകയാൽ കരപ്പുറം തെക്കുംകൂറിലേക്കു വിട്ടുകൊടുത്തിട്ടുള്ളതാണെന്നു്, ഒരു ഐതിഹ്യം ഉണ്ടു്. അമ്പലപ്പുഴ താലൂക്കിൽ ഉൾപ്പെട്ട പുളിങ്കുന്നു്, കാവാലം മുതലായ ദേശങ്ങളും തെക്കുംകൂറിൽ ഉൾപ്പെട്ടിരുന്നു.

കൊല്ലവർഷം 907-ാമാണ്ടു, കോട്ടയത്തുള്ള കാരാപ്പുഴകണിയാക്കു തെക്കുംകൂർ രാജാവു കൊടുത്തിട്ടുള്ള ഒരു "നീനവിൽ" ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:—"ഇഞ്ചക്കാട്ടിൽ കണിമെച്ചുരു രാമൻ രാമൻ കണ്ടെന്നാൽ—നിന്നെക്കൊണ്ടു് കണികളിടെ വകയ്ക്കു വലിയകണ്ണാണമായും മെച്ചുരെന്നു വേണ്ടും നെടിയ കൊട ചങ്ങലവിളക്ക്, പൊന്നും പിശ്ശാത്തി നാരായവും തൊട്ടിക്കട്ടക്കനാ മുരശ്ശും തൊപ്പി കുപ്പായവും വെള്ളി വടിയും രണ്ടു കൈക്കും വീരചങ്ങലയും ഇപ്പടി പതവികൾ നിനക്കും നിന്റെ അനന്തരവർക്കും ഇട്ടുംകൊണ്ടു നടക്കുന്നതിനും നിന്റെ കോട്ടക്കൽ ഉണ്ടാകുന്ന പെൺകിടാങ്ങടെ കഴുത്തുകെട്ടു മുതലായ അടിയന്തിരങ്ങൾക്കും മററും ആറുകാലേൽ പന്തൽ പട്ടുകൊണ്ടു വിതാനവും ആർപ്പു കുരവ പാണ്ടിവാദ്യം കുഴൽ കൊമ്പുകളോടുകൂടി അലങ്കാരപ്പെട്ടു കഴിക്കുന്നതിനും നിന്റെ കോട്ടക്കൽ ചത്താൽ മാവുവെട്ടി ചുടുകയും പട്ടുമൂടി പട്ടുകൊടയും പിടിച്ചു പിണ്ണം മുഴുക്കുന്നതിനും മുൻ ചേരമാന സഖ്യത്തിൽ നിന്നു കല്പിച്ചുതിന്മണ്ണം—കൈപ്പട്ടുകടവിനു വടക്കെവശം കാണക്കാരിക്കുന്നിനു തെക്കു കഴുകുത്തിനും കിഴക്കു തലമലക്കെട്ടിനും പടിഞ്ഞാറു ഒരായിരത്തി മുന്നൂറു കണികളിടെ കോട്ടക്കലേക്കു നമ്മതിന്നു ഗുണദോഷാദികൾ നടത്തിനും

മുടക്കിനും ഇല്ല ചൊല്ലും മുറവാളും നിനക്കും നിന്റെ അനന്തരവർക്കും നടത്തുന്നതിനും അരുളിച്ചെയ്തപടി അടിയറ അടുക്കുവതു കലി പണം ഒരുന്തുററി ഇരുപത്തഞ്ചും, ഒടുക്കിയുംകൊണ്ടു വലിയ കണ്ണാണവർക്കു വച്ചിരിക്കുന്ന സ്ഥാനമാനങ്ങളിൻപടി നടന്നുകൊള്ളുകയും വേണം. എന്നു കൊല്ലം തൊള്ളായിരത്തി ഏഴാമാണ്ടു മേടഞായർ പത്താം തീയതി കാരാപ്പുഴ ഇടത്തിൽ ഇരുന്നു അരുളി കല്പിച്ചമെയ്ക്കു മേനവൻ കൈയെഴുത്തു" (ഒപ്പു്)

ഈ താമ്രശാസനംകൊണ്ടു കാണുന്നതു 907-ാമാണ്ടു തെക്കുംകൂർരാജ്യം, കൈപ്പട്ടൂർകടവിനു വടക്കും കാണക്കാരിക്കു നിന്നു തെക്കും, കഴക്കത്തിനും (വേമ്പനാട്ടുകായലിൽ കഴക്കത്തുള്ള ഭാഗം) കിഴക്കു, തലമല(സഹ്യപർവ്വതം)ക്കട്ടിനും പടിഞ്ഞാറു എന്നീ അതിരുകൾക്കുള്ളിൽ ഉൾപ്പെട്ട പ്രദേശമായിരുന്നുവെന്നു് അനുമാനിക്കാവുന്നതാണല്ലോ. "ചേരമാൻ സഖ്യ" ത്തിൽ നിന്നും വ്യക്തികൾക്കു നൽകിവന്ന സ്ഥാനമാനാവകാശങ്ങൾ പോലും, അതതു വ്യക്തികൾ ഉൾപ്പെട്ടിരിക്കുന്ന പ്രജാവിഭാഗത്തിന്റെയും രാജ്യത്തിന്റെയും ഉടയവരായ രാജാവു് അംഗീകരിച്ചു പ്രത്യേക "നിനവു" കൊടുക്കേണ്ടതു് ആവശ്യമായിരുന്നുവെന്നും, ഇതിൽനിന്നു വ്യക്തമാകുന്നു. "ചേരമാൻസഖ്യം" എന്നു വിവക്ഷിക്കപ്പെട്ടിരിക്കുന്നതു കേരള ഫെഡറൽ ഗവർമെണ്ടിനെ ഉദ്ദേശിച്ചാകുന്നു. "ചേരമാൻപെരുമാൾ" എന്ന സംജ്ഞ, കേരള ഫെഡറൽ ഗവർമെണ്ടിന്റെ പ്രധാനമന്ത്രിയുടെ ഔദ്യോഗികനാമം മാത്രമാകുന്നു. ആ മന്ത്രി കേരളരാജാക്കന്മാരുടെ മേൽക്കോയ്മ ആയിരുന്നില്ല. എന്നാൽ കേരളരാജപ്പെരുമാക്കന്മാരുടെ നില ഇങ്ങനെയല്ലായിരുന്നു. അവർ കേരളചക്രവർത്തിസ്ഥാനം ഉള്ളവരായിരുന്നു.

കേരളത്തിലെ വിവിധസമുദായങ്ങളിൽനിന്നും പ്രമാണികളെ മാടമ്പിമാരായി അവരോധിച്ചുവന്ന പുരാതനമര്യാദ നടത്തയെയും, ഈ "നിനവു്" വ്യക്തമാക്കുന്നുണ്ടു്. ഓരോ മാടമ്പിയുടെയും കീഴിലുള്ള ജനങ്ങളുടെ രക്ഷാശിക്ഷകൾക്കു മാടമ്പി രാജാവിനോടു ഉത്തരവാദം ചെയ്യുവാൻ ബാദ്ധ്യസ്ഥനായിരുന്നു. ഇതിലേക്കായി മാടമ്പിക്കു അനുഭവവസ്തുക്കളും പ്രത്യേക സ്ഥാനമാനാദി ബഹുമതികളും അധികാരാവകാശങ്ങളും, രാജാവു് അനുവദിച്ചുകൊടുത്തുവന്നു എല്ലാ പുരാതനകേരളരാജ്യങ്ങളിലെയും നടത്ത, ഇതുതന്നെ ആയിരുന്നു. അവശസമു

ദായങ്ങൾക്കു സ്വർണ്ണം, വെള്ളി, രത്നങ്ങൾ എന്നിവ ഉപയോഗിച്ചു ഉണ്ടാക്കിയ ആഭരണങ്ങൾ ധരിക്കുന്നതിനോ, അവരുടെ ഭവനങ്ങളിൽ ഉണ്ടാകാറുള്ള അടിയന്തിരങ്ങൾ സംബന്ധിച്ചു വാദ്യഘോഷങ്ങളോ പന്തൽ അലങ്കാരം മുതലായ ആഡംബരങ്ങളോ വ്യവസ്ഥപ്പെടുത്തുന്നതിനോ, ശവദാഹം നടത്തുന്നതിനോ കൊല്ലം പത്താംശതകത്തിന്റെ അന്ത്യഘട്ടംവരെ നാട്ടുവാഴികളുടെ അനുവാദം സിദ്ധിച്ചിരുന്നില്ല. മാടമ്പിമാർ സാമൂഹ്യമായ ചടങ്ങുകളിൽ സംബന്ധിക്കുവാനായി അവരുടെ "ഇല്ലം" വിട്ടു പുറമേ സഞ്ചരിക്കുമ്പോഴും, രാജപ്രതിനിധികൾ എന്ന നിലയിൽ കുടുംബപാരമ്പര്യമായ അധികാരങ്ങൾ നടത്തുമ്പോഴും, വീരശൃംഖല, ഉടവാൾ, മുത്തുക്കുട, ചങ്ങലവിളക്ക്, മേനാവു മുതലായ പദവികൾ ഉപയോഗപ്പെടുത്തുക, സാധാരണമായിരുന്നു. യുദ്ധകാലങ്ങളിൽ പടയാളികളെ അയച്ചു രാജ്യസംരക്ഷണം ചെയ്യേണ്ട ചുമതല മാടമ്പിമാർക്കും പ്രഭുക്കന്മാർക്കും ഉള്ളതായിരുന്നു. യുദ്ധച്ചെലവും അവർ വഹിക്കേണ്ടിയിരുന്നു. ഈ വകയ്ക്കു പ്രതിഫലമായി അവർക്കു വിരുത്തി മുതലായ ഇനം സ്ഥാവരവസ്തുക്കൾ വിട്ടുകൊടുക്കപ്പെട്ടിരുന്നു. വധശിക്ഷ കൂടി കൊടുപ്പാനുള്ള അധികാരം മാടമ്പിമാർക്കും മററു പ്രഭുക്കന്മാർക്കും അനുവദിച്ചുകൊടുത്തിരുന്നു. ദേശംതോറും രാജാവു എഴുന്നള്ളി രാജ്യഭരണത്തിന്റെ മേലന്വേഷണം നടത്തിവന്നു. സഞ്ചാരകാലത്തു വാസത്തിനായി രാജ്യത്തിൽ പല ഭാഗങ്ങളിലും "ഇടം" എന്ന പേരിനാൽ അറിയപ്പെട്ടിരുന്ന കോവിലകങ്ങൾ ഉണ്ടായിരുന്നു. യുദ്ധകാലങ്ങളിൽ 27000 പടയാളികളെ ചേർത്തു തെക്കുംകൂറിലെ പ്രഭുക്കന്മാരും മാടമ്പിമാരുംകൂടി പടവിളിച്ചുകൂട്ടിപ്പോന്നു.

വയസ്ക്കരമൂസ്സ കുടുംബത്തെ, കോവിലകത്തെയും, പ്രജകളുടെയും രോഗചികിത്സാർത്ഥം തെക്കുംകൂർ രാജാക്കന്മാർ കോട്ടയത്തു വരുത്തി താമസിപ്പിച്ചിട്ടുള്ളതാണു്. വഞ്ഞിപ്പുഴ ഇടവകയിൽ ഉൾപ്പെട്ടുകിടക്കുന്ന ചെറുവള്ളി ചിറക്കടവു മുതലായ പ്രദേശങ്ങൾ, തെക്കുംകൂർ രാജകുടുംബത്തിന്റെ ഭരദേവതയായ ചെറുവള്ളി ഭഗവതിയുടെ ദേവസ്വത്തിലെ നിത്യനിദാനങ്ങൾക്കും മററുമായി തെക്കുംകൂറിൽനിന്നു മാമ്പള്ളിമഠത്തിലേക്കു ദാനമായി വിട്ടുകൊടുക്കപ്പെട്ടിട്ടുള്ളവയാകുന്നു.

പുരാതനകാലത്തു മൂന്നു രാജമാടമ്പിമാർ ഉൾപ്പെടെ തെക്കുംക്കൂർരാജ്യത്തു് ആകെ പതിനെട്ടു പ്രബലന്മാരായ രുന്ന മാടമ്പിമാർ ഉണ്ടായിരുന്നു. ഇവരുടെ പേരുവിവരം ഒരു ഗ്രന്ഥവരിയിൽ കണ്ടപ്രകാരം അന്യത്ര ചേർത്തിട്ടുണ്ടു്.

മണികണ്ഠപുരം, തിരുനക്കര, ചോററി, തളിയിൽക്ഷേത്രം വാഴപ്പള്ളിക്ഷേത്രം, ഏററുമാനൂർക്ഷേത്രം, ആദിത്യായി മുപ്പത്തിമൂന്നിൽപരം പ്രസിദ്ധക്ഷേത്രങ്ങളും കോട്ടയം ചെറിയ പള്ളി, വലിയപള്ളി, ചങ്ങനാശേരിപള്ളി, കാഞ്ഞിരപ്പള്ളി പള്ളി മുതലായ ചില പുരാതന ക്രിസ്ത്യൻപള്ളികളും, ചങ്ങനാശേരി മുസ്ലീം പഴയപള്ളി മുതലായ മുസ്ലീംപള്ളികളും ഈ രാജ്യാതിർത്തിയിലായിരുന്നു; എന്നുമാത്രമല്ല ഇവയിൽ ചിലതെല്ലാം തെക്കുംക്കൂർ രാജാക്കന്മാർ പണികഴിപ്പിച്ചിട്ടുള്ളവയും ആകുന്നു. ക്ഷേത്രങ്ങളേയും പള്ളികളേയുംകുറിച്ചു പ്രതിപാദിക്കുന്ന ഘട്ടത്തിൽ കൂടുതൽ വിവരങ്ങൾ പ്രസ്താവിക്കുന്നതാണു്.

ഈ രാജവംശത്തിൽ നാടുവാണിരുന്ന രാജാക്കന്മാരുടെ എല്ലാം പേരുവിവരങ്ങൾ ലഭിക്കുവാനുള്ള രേഖകൾ അറിയപ്പെടാതിരിക്കയാണു്. എന്നാൽ കൊല്ലം 723-ാമാണ്ടിടയ്ക്കു് ആദിച്ചവൎമ്മ എന്ന രാജാവും 872 മുതൽ 891 വരെ ഉദയമാർത്താണ്ഡവൎമ്മ എന്ന രാജാവും 892 മുതൽ 925-ാമാണ്ടു വരെ ആദിത്യവൎമ്മ രാജാവും ഈ നാടു വാണിരുന്നതായി ഒരു താമ്രശാസനത്താലും ഒരു ഗ്രന്ഥവരിയാലും നിർണ്ണയപ്പെട്ടുതേണ്ടിയിരിക്കുന്നു.

കൊല്ലം 925-ൽ തെക്കുംക്കൂർരാജ്യംതിരുവിതാംക്കൂറിനോടു ചേൎക്കപ്പെട്ടു. അനന്തരം കൊല്ലം 940 വരെ രാജകുടുംബാംഗങ്ങൾ കോഴിക്കോട്ടു സാമൂതിരി കോവിലകത്തു താമസിച്ചു. അവൎക്കു തിരുവിതാംക്കൂറിൽ പെൻഷൻ അനുവദിച്ചുകൊടുക്കുകയും തിരുവിതാംക്കൂറിൽ താമസിച്ചുകൊള്ളുവാൻ അനുവാദം സിദ്ധിക്കുകയും ചെയ്കതിനാൽ കൊല്ലം 940-ൽ അവർ കോഴിക്കോട്ടുനിന്നു മാവേലിക്കരവന്നു വാസം ആരംഭിച്ചു. കുറേക്കാലം മാവേലിക്കരയും, പിന്നീടു വെട്ടിക്കവല, മാലക്കര എന്നീ സ്ഥലങ്ങളിലും ഒടുവിൽ ഇപ്പോൾ താമസിച്ചുവരുന്ന കോട്ടയത്തു നെട്ടാശേരിയിലും, പാപ്പായി. വാൾ, പരിച, ചങ്ങല

വാട്ടുക, മുതലായ അവകാശങ്ങളും പെൻഷനും വിശേഷാൽ അടിയന്തിരച്ചെലവുകളും ഈ രാജകുടുംബക്കാൎക്കു തിരുവിതാംകൂർസൎക്കാരിൽനിന്ന് അനുവദിച്ചുകൊടുത്തിട്ടുള്ളതാകുന്നു.

൩൯-ാം അദ്ധ്യായം.

---

6. അയിരൂർരാജ്യം (പന്തളം രാജ്യം)

(കൈപ്പുഴ സ്വരൂപം—ചെമ്പഴന്നൂർ രാജവംശം)

മദ്ധ്യതിരുവിതാംകൂറിൽ തിരുവല്ലാത്താലൂക്കിൽ ആധുനികകാലത്ത് ഉൾപ്പെട്ടിരിക്കുന്ന അയിരൂർ തടിയൂർമുതലായ പ്രദേശങ്ങളും പന്തളം ദേശവും മലനാട്ടിൽ ചില ഭാഗങ്ങളും ചേൎന്നതായിരുന്നു അയിരൂർനാട്. ഈ രാജ്യം വാണിരുന്നതു കൈപ്പുഴ സ്വരൂപം എന്ന രാജവംശമായിരുന്നു. അയിരൂർ കോവിലന്മാർ പ്രസ്തുത രാജ്യത്തിലെ സാമന്തപ്രഭുക്കളായിരുന്നു. തിരുവല്ലാ കോതേക്കാട്ടുമേനവന്മാർ കൈപ്പുഴ രാജാവിന്റെ മന്ത്രിമാരായിരുന്നു.

കൈപ്പുഴ രാജകുടുംബം സന്താനരഹിതമായിത്തീരുകയാൽ ഒടുവിൽശേഷിച്ചരാജാവ് അക്കാലത്ത് തിരുവിതാംകൂർഅതിർത്തിയിൽ കോന്നിയൂർ അധിവസിച്ചിരുന്ന പാണ്ഡ്യരാജവംശത്തിന്റെ ചെമ്പഴന്നൂർശാഖയിൽ ഉൾപ്പെട്ട രാജാവിനെ അവധാനപുരുഷനായി ദത്ത് എടുത്തു. ഇപ്രകാരം പാണ്ഡ്യരാജവംശം കൈപ്പുഴ സ്വരൂപത്തിന് അവകാശികളായിത്തീൎന്നു. പന്തളം ആ രാജ്യത്തിന്റെ തലസ്ഥാനനഗരമാക്കപ്പെടുകയും ചെയ്തു.

പന്തളം രാജ്യം.

കൈപ്പുഴസ്വരൂപത്തിലേക്കു ദത്ത് എടുക്കപ്പെട്ട ചെമ്പഴന്നൂർ കോവിലധികാരികൾ "അയിരൂർ ശ്രീവീരശ്രീധരകോവിലധികാരികൾ" എന്ന മാറാപ്പേരു രാജകീയസംജ്ഞയായി

ഉപയോഗിക്കുവാൻ ആരംഭിച്ചു. രാജ്യത്തിനു "പന്തളംരാജ്യം" എന്നു നാമവും സിദ്ധിച്ചു. പന്തളം, കോന്നിയൂർ, മലയാലപ്പുഴ, ആറാക്കുളം, കക്കാട്ട്, ഇടമറുക്, എലത്തൂർമണിയം, ചെന്നണംപെരുന്തൂർ, വഴക്കപ്പാറ, കടപ്പുറ എന്നീ ദേശങ്ങൾ ഉൾപ്പെടെ ഏഴുനൂറിൽപരം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള പ്രദേശം ഈ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ടിപ്പുസുൽത്താൻ മലയാളദേശം ആക്രമിച്ചകാലത്തിൽ, തിരുവിതാംകൂർ മഹാരാജാവു തിരുവിതാംകൂറിന്റെയും, തിരുവിതാംകൂറിനോടു സംബന്ധിച്ചു കിടന്നിരുന്ന മറ്റു രാജ്യങ്ങളുടെയും പൊതുരക്ഷക്കായി ടിപ്പുവിനോടു യുദ്ധത്തിൽ ഏർപ്പെടേണ്ടിവന്ന വസ്തുത ചരിത്രപ്രസിദ്ധമാണല്ലൊ. യുദ്ധത്തിന്റെ പരിണാമം മലയാളത്തിനു പൊതുവിലും തിരുവിതാംകൂറിനു പ്രത്യേകവും അഭിമാനകരമായി ഭവിച്ചുശേഷം യുദ്ധച്ചെലവിൽ ഓരോ അംശം ചെറുതരം രാജ്യാധിപന്മാർ തിരുവിതാംകൂറിലേക്കു കൊടുക്കുവാൻ ബാദ്ധ്യസ്ഥരായിരുന്നതിനാൽ പന്തളംരാജാവു രണ്ടുലക്ഷത്തിൽപരം രൂപ ആ രാജ്യത്തിൽനിന്നുമുള്ള ഓഹരിയായി കൊടുക്കേണ്ടിവന്നു. ആ സംഖ്യ കൊടുത്തുതീർക്കുവാൻ തൽക്കാലം സൌകര്യമില്ലാതിരുന്നതിനാൽ പന്തളം രാജാവു ചെന്നപട്ടണ (മദ്രാസ്)ത്തിലെ ഒരു പ്രബല വർത്തകനായിരുന്ന മുരളീദാസു ബാലകൃഷ്ണദാസിനു, പന്തളം രാജ്യത്തിൽ ഉൾപ്പെട്ട പല പ്രദേശങ്ങളും അടമാനക്കരണം (പണയാധാരം) എഴുതിക്കൊടുത്തു രണ്ടുലക്ഷത്തിനും, മാത്തുത്തരകനോടു വായ്പയായി ഇരുപതിനായിരവും രൂപ വാങ്ങി യുദ്ധക്കടം അടച്ചു തീർത്തു. എന്നാൽ കടക്കാർക്കു ക്ലിപ്തസമയത്തു ഈ സംഖ്യ കൊടുത്തുതീർക്കുവാൻ സാധിക്കാതെ വരുകനിമിത്തം, പന്തളംരാജാവു 969-ാമാണ്ടു, കണ്ടയിലാറ്റു കണക്കു നാരായണൻ കാളിയൻ എന്ന ധനാഢ്യനായ നായർപ്രഭുവിനു പന്തളംവക ഒട്ടധികം ദേശങ്ങൾ അടമാനം എഴുതി, പലിശവകയ്ക്കായി വസ്തുക്കൾ മുതലെടുത്തു് അനുഭവിക്കുവാൻ വിട്ടുകൊടുക്കുകയുണ്ടായി. എന്നാൽ പന്തളംവക ദേശങ്ങളിൽനിന്നു മുതലെടുത്തു് ആണ്ടിനാൽ പലിശ 26400 രൂപയും വസൂൽചെയ്യാൻ കണ്ടയിലാറ്റു കണക്കു നാരായണൻ കാളിയനു സാദ്ധ്യമല്ലാതെ വരുകയാൽ, തിരുവിതാംകൂറിൽനിന്നുതന്നെ പന്തളംരാജാവു് ആ സംഖ്യ കാളിയനു

കൊടുപ്പിച്ചു കടപരിഹാരംവരുത്തി. ഇങ്ങനെ തിരുവിതാംകൂർ സക്കാരിലേക്കുള്ള കടം തീരാതെ കിടന്നു. പന്തളംരാജ്യത്തെ കുടികളിൽനിന്നു നികുതിയും ചുങ്കങ്ങളും മററും വസൂൽ ചെയ്തു പന്തളം രാജ്യാവശ്യങ്ങളും, കോവിലകംവക ആവശ്യങ്ങളും, നിർവഹിക്കുകയും, തിരുവിതാംകൂർ സക്കാരിലേക്കു അടയ്ക്കുവാനുള്ള കടം കൊടുത്തുതീർക്കുകയും ചെയ്വാൻ, ക്രമേണ ശക്യമല്ലാതെവരുകയാൽ, കൊല്ലം 10-ാംശതകത്തിന്റെ അന്ത്യഘട്ടത്തിൽ പന്തളം വാണിരുന്ന ശ്രീവീര ശ്രീധരരു കോതവർമ്മ കോവിലധികാരികൾ, ഈ ആവശ്യങ്ങളുടെ സുഗമമായ നിർവഹണത്തിനായി. പന്തളംരാജ്യത്തെ തിരുവിതാംകൂർ ഗവൺമെണ്ടിനു വിട്ടൊഴിഞ്ഞുകൊടുക്കുവാൻ ആലോചിച്ചുറച്ചു. അക്കാലത്തു തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന മഹാറാണി തിരുമനസ്സുകൊണ്ടു, പന്തളംരാജാവിന്റെ അപേക്ഷയെ കല്പിച്ചു അനുവദിച്ചു. അപ്രകാരം കൊല്ലം 995-ാമാണ്ടു ആടിമാസം 29-ാംനു- ഇതിലേക്കുള്ള നീട്ടു ദിവാൻ ജനാർദ്ദനറാവു വെങ്കിട്ടറാവുവിനു നൽകപ്പെട്ടു. ഇതുസംബന്ധിച്ചു പന്തളംരാജാവിനു, തിരുവിതാംകൂർ മഹാറാണി തിരുമനസ്സുകൊണ്ടു കല്പിച്ചു അയച്ചിട്ടുള്ള 995 മീനമാസം 10-ാംതീയതിയിലെ നീട്ടിൽനിന്നു ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു

“പന്തളംരാജ്യംവകയിൽനിന്നു അടപ്പാനുള്ള ദ്രവ്യത്തിൽ ഏറിയ രൂപ ഉള്ളതു ശരിയായി ചെലുത്താതെ മുടക്കമായി വന്നിരിക്കുന്നു. ആവക രൂപ അടച്ചുതീരുവതിനു ചെമ്പഴന്നൂർ ഉള്ളവരാൽ കഴികയില്ലെന്നുവരികിൽ ചെമ്പഴന്നൂർ വകയായുള്ള പന്തളംരാജ്യവും അതിൽചേർന്ന പ്രദേശങ്ങളും ഇലത്തൂർ മണിയവും പണ്ടാരവകയിൽനിന്നു ആളാക്കി മുതലെടുപ്പിച്ചു ചെമ്പഴന്നൂർ ഉള്ളവർക്കു ചെലവിനു കൊടുപ്പിക്കത്തക്കവണ്ണം ചെമ്പഴന്നൂർ ഉള്ളവർ പണ്ടാരവകയിലേക്കു എഴുതിത്തന്നുകഴിഞ്ഞാൽ ചെമ്പഴന്നൂർ വകയായിട്ടുള്ള പന്തളം രാജ്യവും അതിൽചേർന്ന പ്രദേശങ്ങളും മലകളും ഇലത്തൂർ മണിയവും പണ്ടാരവകയിൽനിന്നു ആളാക്കി മുതലെടുപ്പിച്ചു ഇപ്പോൾ ചെമ്പഴന്നൂർഉള്ളവരെയും ആ വകയിൽ ഉണ്ടാകുന്ന സന്താനങ്ങളെയും അവരവരുടെ മാനമര്യാദപ്രകാരം വേണ്ടുംവണ്ണംഒക്കെയും വിചാരിച്ചു യാതൊരു ബുദ്ധിമുട്ടുംകൂടാതെ ഇരിപ്പാൻവേണ്ടുന്നതൊക്കെയും തന്നു അർത്ഥപുരുഷാരം

അഴിച്ചുരക്ഷിച്ചുകൊള്ളുകയും ആം. പന്തളംരാജ്യത്തിലുള്ള ഊഴിയംനായന്മാരെക്കൊണ്ടു ചെമ്പഴന്തൂർ വകയുണ്ടാകുന്ന കല്യാണം മുതലായ അടിയന്തിരങ്ങൾക്കു ഊഴിയംചെയ്യിച്ചു തന്നാകൊള്ളുകയും ആം. പന്തളംരാജ്യംവകയിൽനിന്നും ആണ്ടു തോറും ചെലുത്തിവരുന്ന കപ്പം എടുത്തുകൊള്ളുകയും ആം. ഇതുകൾക്കു യാതൊരു ഭേദപ്പാടും വരുത്തുന്നതും അല്ല. ഈ അവസ്ഥയെല്ലാം തെയാരിവായിച്ചു ചെമ്പഴന്തൂർ കോവിലിനെ കേൾപ്പിച്ചുവയ്ക്കുകയും വേണം. എന്നു ഇപ്പടിക്കു 995-ാമാണ്ടു മീനമാസം 10-ാനു- തിരുവുള്ളത്തിൻപടി നിന്ന വെഴുതിയ വലിയ മേലെഴുത്തു കണക്കു ഉടയാൻ പരപ്പൻ എഴുത്തു (ഉമ്മാട്ടിൽഒപ്പു്)

അക്കാലംമുതൽ പ്രസ്തുതരാജകീയവാഗദാനം അനുസ്സരിച്ചു തിരുവിതാംകൂർ സർക്കാരിൽനിന്നു, പന്തളം രാജകുടുംബത്തിലേക്കു് ആളവസ്ഥയനുസരിച്ചുള്ള ജീവനാംശവും, മററു തക്ക യോഗ്യാവശ്യങ്ങളും നൽകിയും നിർവ്വഹിച്ചും പോരുന്നു.

പാണ്ഡ്യരാജവംശത്തിൻെറ ഒരു ശാഖയായ ചെമ്പഴന്തൂർ കോവിലധികാരികൾവംശം, പൂർവ്വകാലംമുതൽ തൃപ്പാപ്പൂരുസ്വരൂപവുമായി ബന്ധുതയിൽ വർത്തിച്ചുവന്ന ഒരു രാജകുടുംബമാകുന്നു. 1036-ൽ നാടുനീങ്ങിയ വിശ്രുതയായ റാണി ഗൌരിപാർവ്വതീബായി തിരുമനസ്സിലേക്കു പന്തളംകൊട്ടാരത്തിലെ ഒരു തമ്പുരാൻകുട്ടിരുന്നതായി അറിയപ്പെട്ടിരിക്കുന്നു.

പാണ്ഡ്യരാജാക്കന്മാരുടെ കുടുംബപ്രതിമന്ത്രിമാരും സർവ്വസൈന്യാധിപന്മാരുമായിരുന്ന തിരുമലനായകന്മാരുടെ ശക്തി ക്രമാതീതമായി വർദ്ധിച്ചുതോടുകൂടി അവർ യഥാർത്ഥത്തിൽ രാജ്യാധിപന്മാരായിത്തീരുകയാൽ പാണ്ഡ്യരാജവംശത്തിലെ ഓരോ ശാഖകൾ കാലക്രമേണ സൈ്വരജീവിതത്തിനായി ദേശാന്തരഗമനംചെയ്തകൂട്ടത്തിൽ കൊല്ലവർഷം ഒന്നാംശതകത്തിൽ ചെമ്പഴന്തൂർശാഖ അച്ഛൻകോവിലിലും കോന്നിയൂരുമായി വാസം ഉറപ്പിച്ചു. രാജസ്ത്രീജനങ്ങളും കുട്ടികളും കോന്നിയൂരും, രണ്ടു രാജാക്കന്മാർ അച്ഛൻകോവിൽകൊട്ടാരത്തിലും താമസിച്ചിരുന്നഘട്ടത്തിൽ മൂത്തരാജാവിനെ ഒരുദിവസം രാത്രിയിൽ ശത്രുക്കൾ നിഗ്രഹിച്ചു. തന്നിമിത്തം ഇളയരാജാവു വധിക്കപ്പെട്ടരാജാവിൻെറ മരണാനന്തരകർമ്മങ്ങൾ അനുഷ്ഠിച്ചശേഷം രക്ഷസ്സിനെ ആവാഹിച്ചു് അച്ഛൻകോവിലിൽ ഒരു

ക്ഷേത്രം പണിയിച്ച് അവിടെ പ്രതിഷ്ഠിച്ചു പൂജ മുതലായ നിത്യനിദാനങ്ങൾക്ക വസ്തുവകകൾ വിട്ടുകൊടുത്തശേഷം കോന്നിയൂരേക്ക പോന്നിട്ടുള്ളതായിട്ടാകുന്നു ഐതിഹ്യം. പ്രസ്തുത ക്ഷേത്രം "രാജകോവിൽ" എന്നപേരിൽ അദ്യാപി നിലനിന്നുപോരുന്നുണ്ട്. ചെമ്പഴന്നൂർ രാജകുടുംബം കുറേക്കാലം കോന്നിയൂരും പിന്നീട് പന്തളത്തും താമസിച്ചു, ദേവതയായ ശബരിമലശാസ്താവിൻെറ ദേവസ്വംവകകാര്യങ്ങൾ അന്വേഷിച്ചുവരവേ, ആയിരുന്നു കൈപ്പുഴസത്രപത്തിലെ അവധാനപുരുഷനായി അക്കാലത്തെ മൂത്തരാജാവു ഉണ്ണി എടുക്കപ്പെട്ടതു്. ഇതാകുന്നു ചെമ്പഴന്നൂർ കോവിലധികാരികൾ വംശത്തിൻെറ പൂർവ്വചരിത്രം. ശബരിമലക്ഷേത്രത്തിൻെറ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം അന്യത്ര ചേർത്തിരിക്കുന്നു.

അച്ചൻകോവിൽ "രാജകോവിൽ" ക്ഷേത്രപ്രതിഷ്ഠയ്ക്കു ഹേതുവായ സംഭവത്തെക്കുറിച്ചും മററും കൊല്ലവർഷം 345-ാം മാണ്ടു മീനമാസം 17ാം- പൊടിവുതീർത്തുമാറി എഴുതപ്പെട്ടതായികാണുന്ന ഒരു രേഖ പന്തളംകൊട്ടാരത്തിൽഉണ്ടു്. ആ രേഖയിൽ ഇപ്രകാരം കാണുന്നു.

"അച്ചൻകോവിൽ ആദിമണികണ്ഠൻതുണ. മധുര മീനാക്ഷിഅമ്മൻതുണ. പഴനി സുബ്രഹ്മണ്യസ്വാമിതുണ രാജരാജവർമ്മ എഴുതുന്നതു്.

ഞാനും ജ്യേഷ്ഠനും തെൻകാശികോയിക്കലും സ്ത്രീജനങ്ങളും കുഞ്ഞുങ്ങളും ഇലത്തൂർകോയിക്കലും ആയങ്ങുപാർത്തു പാണ്ഡ്യരാജ്യംവാണിരിക്കുമ്പൊഴ കള്ളന്മാരുടെ ശല്യംകൊണ്ടു അവിടെ പാക്കാൻസങ്കടമായിരിക്കുമ്പൊഴ നാം വേണാട്ടുപെരുമാളുമായി കല്യാണംചെയ്തുവരുന്ന ബന്ധം ഹേതുവായിട്ടു അവരുടെ സഹായംകൊണ്ടു മലയാളത്തിൽവന്നു അച്ചൻകോവിലിലും കോന്നിയൂരിലും പാത്തും ഓരോകോയിക്കലുംവച്ചു സ്ത്രീജനങ്ങളെയും കുഞ്ഞുങ്ങളെയും കോന്നിയൂരും പന്തളത്തുമായി പാപ്പിച്ചു ഞാനും ജ്യേഷ്ഠനും അച്ചൻകോവിൽകോയിക്കൽ ഇരുന്നു പാണ്ഡ്യരാജ്യംവിചാരിച്ചു കുടിയാരൊക്കെയും അവിടെ വന്നു എണ്ണുകണ്ടു പാത്തിരിക്കുമ്പൊഴ രാത്രിയിൽ മുൻപു ശല്യം ചെയ്തുവന്ന കള്ളന്മാരു ആയുധങ്ങളും ശേഖരിച്ചു കാട്ടുവഴിവന്നു അന്നേദിവസം ഞാൻ കോന്നിയൂർപാത്തിരിക്കുമ്പൊഴ അച്ചൻകോവിൽ കോയിക്കലിനുചുററും വളഞ്ഞു കോയിക്കൽ പാത്ത

ആളുകളെയും ജ്യേഷ്ഠനെയും കൊലചെയ്ത പ്രകാരം കേട്ട ഞാൻ ശേഷക്രിയാദികളുംചെയ്തു കരുതി പാർത്തിരിക്കുമ്പോഴ രാജാവിന്റെ വിയോഗംകൊണ്ടു് അവിടെ രാജാകോവിൽ എന്നു പേരായിട്ടു ഒരു കോവിലുംതീർപ്പിച്ചു ജ്യേഷ്ഠനെ അവിടെ ഇരുത്തി പൂജകളും ചെയ്യിച്ചു അച്ഛൻകോവിൽ ഉൾപ്പെട്ട മലകളും പന്തളത്തുംമററും പല ദേശങ്ങളിലും നിലംകരികളും വില തെടിയിരക്കുന്നു. ശാസ്താവിനെയും മധുര മീനാക്ഷിഅമ്മയെയും പഴനി സുബ്രഹ്മണ്യസ്വാമിയെയും ഇങ്ങനെ നമ്മുടെ ദേവതകളായ പൂജാവിഗ്രഹങ്ങളെവച്ചു പൂജിച്ചു ഭജിച്ചുകൊണ്ടാൽ മേൽ രാജ്യപ്രാപ്തിവന്നു സൌഖ്യമായിരിക്കാമെന്നും ശാസ്താവിന്റെ നിയോഗമുണ്ടാകകൊണ്ടു അപ്രകാരംചെയ്തു പന്തളത്തുവന്നു പാർക്കുകയുംചെയ്തു. 345-ാമാണ്ടു മീനം 17ാംനു."

ഇപ്രകാരം, പന്തളത്തുവന്നു താമസംഉറപ്പിച്ചശേഷമാണു കൈപ്പുഴ സ്വരൂപത്തിലേ അവധാനപുരുഷത്വവും "അയിരൂർനാട്ടു്", എന്നു് അറിയപ്പെട്ടുവന്ന പന്തളംരാജ്യത്തിന്റെ ആധിപത്യവും, ചെമ്പഴന്തൂർ കോവിലധികാരിവംശത്തിനു ലഭിച്ചതെന്നു, പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

ചെമ്പഴന്തൂർ രാജവംശം അനേകം വിദ്വാന്മാരായ രാജാക്കന്മാരെ ജനിപ്പിച്ചിട്ടുള്ള ഒരു കുടുംബമാണു്. 1064—ൽ പരേതനായ കേരളവർമ്മരാജാവു്, ആക്കാലത്തേ പ്രസിദ്ധനായ ഒരു കവിയും ജോതിശാസ്ത്രജ്ഞനും വീണവായനയിൽ വൈദഗ്ദ്ധ്യമുള്ള സംഗീതവിദ്വാനും ആയിരുന്നു. അദ്ദേഹത്തിന്റെ പ്രധാനകൃതി, "ഭൂതനാഥോത്ഭവം" തുള്ളലാണു്. കൂടാതെ ചില ആട്ടക്കഥകളും അദ്ദേഹം രചിച്ചിട്ടുണ്ടു്. 1079—ൽ ദിവംഗതനായ കേരളവർമ്മരാജാവു ഒരു രസവാദിയും തന്ത്രിയും ആയിരുന്നു. അദ്ദേഹം നിർമ്മിച്ച ഒരു (1) രാശിമണിയും (2) ചക്രവള്ളവും ഇപ്പോഴും കൊട്ടാരത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ആധുനികകാലത്തെ പ്രശസ്ത കവിയായിരുന്ന പരേതനായ പന്തളം കേരളവർമ്മ തമ്പുരാൻ പന്തളം കൊട്ടാരത്തിലെ ഒരംഗമായിരുന്നു.

---

(1) നാഴികയും വിനാഴികയും കാണിക്കുന്ന സൂചികളോടുകൂടിയതും നാഴികതോറും മണിഅടിക്കുന്നതുമായ ഒരു ഭാരതീയ ഘടികാരം.

(2) വെള്ളത്തിൽകൂടി നടത്താവുന്ന ഒരു സൈക്കിൾ.

ഹൈക്കോടതിയിൽ തിരുവനന്തപുരത്തു വ്യവഹരിച്ചു വന്ന പി. കേരളവമ്മരാജാ ബി. ഏ, ബി. എൽ., ആദിയായി ഏതാനും സർവ്വകലാശാലാ ബിരുദധാരികളായ തമ്പുരാക്കന്മാർ ഈ കോവിലകത്തു് ഉള്ളതാകുന്നു.

ആധുനികകാലത്തെ പന്തളം മൂത്തരാജാവു് ശ്രീവീര ശ്രീധരരു രാഘവവമ്മ കോവിലധികാരികൾ ആകുന്നു. വയോധികനായ അദ്ദേഹം വലിയ ഭക്തനാണു്. മൂന്നാംമുറ പുണർതം നാൾ കേരളവമ്മരാജാ സംസ്കൃതപണ്ഡിതനും ജ്യോതിശ്ശാസ്ത്രം, തക്കം, വ്യാകരണം എന്നീ വിഷയങ്ങളിൽ അപാരപാണ്ഡിത്യം ഉള്ള ദേഹവും, കോവിലകം ഇടപെട്ട കാര്യങ്ങളിൽ മൂത്ത രാജാവിന്റെ പ്രധാന സഹായിയും ആകുന്നു.

൪൧-ാം അദ്ധ്യായം.

---

7. മററു കേരളരാജ്യങ്ങൾ മുതലായവ.

മുൻ അദ്ധ്യായങ്ങളിൽ വ്യവരിക്കപ്പെട്ടിട്ടുള്ളവ കൂടാതെ, വേറെയും ഒട്ടധികം കേരളരാജ്യങ്ങൾ നിലനിന്നിരുന്നു. അവയിൽ പ്രാധാന്യമുള്ള കൊച്ചിരാജ്യം മാത്രമേ ആധുനികകാലത്തു നിലനിന്നുപോരുന്നുള്ളു. കൊച്ചിരാജ്യ ചരിത്രം മറെറാരു ഭാഗത്തു വിശദമായി ചേത്തിട്ടുണ്ടു്. മററു രാജ്യങ്ങളെക്കുറിച്ചാകുന്നു ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതു്.

൧. നാഞ്ചിനാട്ടു്.

മദ്ധ്യകാലങ്ങളിൽ, തിരുമലനായ്ക്കൻവംശക്കാർ പാണ്ഡ്യരാജ്യാധിപന്മാരായിത്തീന്നശേഷം; ദക്ഷിണതിരുവിതാംകൂറിലെ തമിഴ്നാട്ടിന്മേൽ പാണ്ഡ്യാധികാരം ചെലുത്തുവാൻ അവർ ഉദ്യമിക്കുകയും, പാണ്ഡ്യപ്രതിപുരുഷന്മാരെന്ന നിലയിൽ, നാഞ്ചിക്കുറവൻ രാജവംശത്തെ അവിടെ വാഴിക്കുകയും ചെയ്തു. എന്നാൽ നാഞ്ചിക്കുറവന്മാരുടെ അധികാരം ദീർഘ

കാലത്തേയ്ക്കു നിലനിന്നില്ല. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു നാഞ്ചിനാട്ടു, തിരുവിതാംകൂറിനോടു് പരിപൂർണ്ണമായി ചേർക്കപ്പെട്ടു. തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകൾ ഉൾപ്പെട്ട പ്രദേശത്തിനാകുന്നു നാഞ്ചിനാട്ടു് എന്ന സംജ്ഞ ഉള്ളതു്.

൨. ഇളയിടത്തുനാട്.

ഇളയിടത്തുസ്വരൂപം രാജവംശത്തിന്റെ ഭരണത്തിലായിരുന്നു, ഇളയിടത്തുനാട്ടു്. ചെങ്കോട്ട, ക്ലാക്കാട്ടു്, കാരക്കുടി, നെടുമങ്ങാട്ടു്, കൊട്ടാരക്കര, പത്തനാപുരം എന്നീ പ്രദേശങ്ങൾ ഈ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. നെടുമങ്ങാട്ടു്, കൊട്ടാരക്കര മുതലായ ദേശങ്ങളിൽ ഈ രാജസ്വരൂപംവക കോവിലകങ്ങളും കോട്ട കൊത്തളങ്ങളും ഉണ്ടായിരുന്നു. എ. ഡി. 1742-ൽ മാർത്താണ്ഡവർമ്മ മഹാരാജാവു് ഈ രാജ്യം ജയിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തു.

൩. കരുനാഗപ്പള്ളിനാട്.

പടനായർകുളങ്ങര ആയിരുന്നു ഈ നാടിന്റെ തലസ്ഥാനം. പോർട്ടുഗീസുകാർ കരുനാഗപ്പള്ളിയിൽ ഒരു കോട്ട കെട്ടിച്ചിരുന്നു. ഡച്ചുകാർ അതു കൈവശപ്പെടുത്തി. പോർട്ടുഗീസുകാർ ഈ നാടുമായി വാണിജ്യം നടത്തിവന്നു. ഡച്ചുകാർ പോർട്ടുഗീസുകാരെ തോല്പിച്ചശേഷം കരുനാഗപ്പള്ളിയിലെ വാണിജ്യാവകാശം കൈക്കലാക്കി. ഈ രാജ്യം തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു.

൪. ചെമ്പകശ്ശേരി.

(അമ്പലപ്പുഴരാജ്യം) ചെമ്പകശ്ശേരി രാജ്യത്തിന്റെ ഉത്ഭവത്തെക്കുറിച്ചു് ഇപ്പോഴും നിലവിലിരിക്കുന്ന ചില ഐതിഹ്യങ്ങളിൽ കൂടുതലായ വിവരങ്ങൾ സ്വാധീനമല്ലാതിരിക്കുന്നു. ചെമ്പകശ്ശേരി രാജാവു കുമാരനല്ലൂർ ഗ്രാമക്കാരനായ ഒരു നമ്പൂരിബ്രാഹ്മണനായിരുന്നുവെന്നുള്ളതു നിസ്സന്ദേഹംതന്നെ. പുളിക്കൽ ചെമ്പകശ്ശേരി എന്നായിരുന്നു അദ്ദേഹത്തിന്റെ ഇല്ലപ്പേർ. കുമാരനല്ലൂർ ഊരാണ്മയോഗത്തിൽ ഉൾപ്പെട്ട ഒരു ഇല്ലമായിരുന്നു പുളിക്കൽ ചെമ്പകശ്ശേരി എന്നും അനുമാനിക്കാവുന്നതാണു്. പ്രസ്തുത ക്ഷേത്രത്തിന്റെ വടക്കേമതിൽക്കെട്ടിനോടു തൊട്ടു വടക്കുവശത്തു "പുളിക്കൽ ചെമ്പകശ്ശേരിമഠം"

എന്ന പേരിനാൽ അറിയപ്പെടുന്ന ഒരു പുരയിടം ഇക്കാലത്തും ഉള്ളതാകുന്നു. ഈ പുളിക്കൽചെമ്പകശ്ശേരിഇല്ലം ഒരു കാലത്തു വലിയ ധനപുഷ്ടിയിലും പ്രാഭവത്തിലും ഇരുന്നിരുന്നതായും എ. ഡി. 14-ാംശതകത്തിന്റെ അന്ത്യഘട്ടത്തിൽ തീരെ ദാരിദ്രാവസ്ഥയിൽ എത്തിയതായും വിശ്വസിക്കേണ്ടിയിരിക്കുന്നു. അക്കാലത്തു കൊച്ചിയും കോഴിക്കോടും തമ്മിൽ മഹായുദ്ധം നടന്നുകൊണ്ടിരുന്നു. യുദ്ധരംഗങ്ങളായ പ്രദേശങ്ങളിൽനിന്നും എന്തോ കാരണവശാൽ ദക്ഷിണദിക്കിലേക്കു നിർഗ്ഗമിച്ച ഒരു കൂട്ടം യോദ്ധാക്കൾ (ആ സംഘത്തിൽ നായന്മാരും നമ്പ്രാണികളും ഏതാനും ഈററാല്യന്മാരും ഉണ്ടായിരുന്നു). ഒരു ദിവസം മദ്ധ്യാഹ്നത്തിൽ, കുമാരനല്ലൂർ ഗ്രാമത്തിൽ വന്നുചേർന്നു. ക്ഷുൽപിപാസാപീഡിതന്മാരായ അവർക്കു, ഗ്രാമവാസികളായ ധനാഢ്യന്മാർ ആരുംതന്നെ യാതൊന്നും നൽകിയില്ലെന്നും, പുളിക്കൽ ചെമ്പകശ്ശേരി മഠത്തിലെ ഉണ്ണിനമ്പൂരി, കഴിവില്ലായിരുന്നുവെങ്കിലും മഠത്തിൽ ഉണ്ടായിരുന്ന ഒരു സ്വർണ്ണാഭരണം വിററു് ആ പഥികർക്കു് ആഹാരാദികൾ നൽകിയെന്നും ആ മഠത്തിലെ ദയനീയമായ ദാരിദ്ര്യവും, ഉണ്ണിനമ്പൂരിയുടെ സൌശീല്യവും ഔദാര്യവും കണ്ടും അറിഞ്ഞും സന്തുഷ്ടരായ യോദ്ധാക്കൾ, അവരുടെ അന്നദാതാവായി ഭവിച്ച "പുളിക്കൽ ചെമ്പകശ്ശേരിയിലെ കൊച്ചുതമ്പുരാന്റെ "ചാവീര"രായി ചേർന്നു, കുമാരനല്ലൂർ താമസിച്ചുവെന്നും ആകുന്നു ഐതിഹ്യം. ഈ യോദ്ധാക്കൾ, ചെമ്പകശ്ശേരിമഠത്തിൽ തമ്പുരാനു, സ്വത്തു് ഉണ്ടാക്കിക്കൊടുത്തു് അദ്ദേഹത്തിന്റെ പ്രാബല്യം വർദ്ധിപ്പിച്ചു. ഉണ്ണിനമ്പൂരിയുടെ അത്ഭുതകരമായ വൃത്താന്തംകേട്ടു സന്തുഷ്ടനായ തെക്കുംകൂർ രാജാവു്, ഉണ്ണിക്കു് ഒരുദിവസംകൊണ്ടു വെട്ടിപ്പിടിക്കാവുന്നിടത്തോളം ഭൂമി കൈവശപ്പെടുത്തിക്കൊള്ളുവാൻ അനുവദിച്ചു. രാജകല്പന ആസ്പദമാക്കി, ചെമ്പകശ്ശേരിതമ്പുരാൻ ഒരു കൊടുവാളുംപിടിച്ചു ഭടന്മാരാൽ അനുഗതനായി ഒരുദിവസം രാവിലെ പുറപ്പെട്ടു, കുമാരനല്ലൂരിനടുത്തുള്ള പ്രദേശങ്ങൾ ചുററി സായാഹ്നംവരെ സഞ്ചരിച്ചു്, ആവശ്യമുള്ള സ്ഥലത്തിന്റെ സീമകൾ കൊടുവാൾകൊണ്ടു രേഖപ്പെടുത്തി. ചാവീരപ്പടയാളികൾ ആ അതിരുകളിൽ കൂടി ഒരു മൺകോട്ട പണിയുതീർത്തു. ഇപ്രകാരം ഉണ്ടാക്കപ്പെട്ട ചെമ്പകശ്ശേരിമഠംവക ആദ്യ ഭൂസ്വത്തിനു "കൊടുമ

ളൂർ" എന്നു പേർ സിദ്ധിച്ചു. "കൊടുവാളൂർ", "കൊടുമാളൂർ" "കൊടുമാളൂർ" എന്നു കാലാന്തരത്തിൽ രൂപാന്തരം പ്രാപിച്ചതാണു്. ഇപ്രകാരം ചെമ്പകശ്ശേരിത്തമ്പുരാൻ തെക്കുംകൂറിലെ പ്രധാനപ്പെട്ട ഒരു ബ്രാഹ്മണമാടമ്പിയായിത്തീർന്നു. ക്രമേണ ഉണ്ണിനമ്പൂരി തെക്കുംകൂർ രാജാവിന്റെ സ്നേഹാദരങ്ങൾക്കു പ്രത്യേകം പാത്രമായി ഭവിച്ചു. എന്നാൽ പുളിക്കൽ ചെമ്പകശ്ശേരിമഠത്തിനു്, ആകസ്മികമായി ഉണ്ടായ ഉയർച്ച നിമിത്തം കുമാരനല്ലൂർ ഗ്രാമക്കാരായ നമ്പൂരിബ്രാഹ്മണരിൽ ചിലർ അസൂയാലുക്കളായിത്തീരുകയും, ഉണ്ണിനമ്പൂരിയെ ഊരാണ്മയോഗത്തിൽ നിന്നു് ഒഴിക്കുകയും, ക്ഷേത്രവിരോധം ചെയ്യുകയും ചെയ്തു. കുമാരനല്ലൂർ ക്ഷേത്രം, തെക്കുംകൂർ കോയ്മയുടെ നിയന്ത്രണത്തിനു വിധേയമായിരുന്നില്ലെന്നുമാത്രമല്ല, മലയാളബ്രാഹ്മണസഭായോഗത്തെ നിയന്ത്രിക്കുവാനുള്ള അധികാരശക്തി, പൂർവകാലങ്ങളിൽ കേരളത്തിലെ രാജാക്കന്മാൎക്കു് ഉണ്ടായിരുന്നതുമില്ല. തന്നിമിത്തം ചെമ്പകശ്ശേരിത്തമ്പുരാനു പററിയ അവജ്ഞയ്ക്കു പരിഹാരം വരുത്തുവാൻ, തെക്കുംകൂർ രാജാവു് ഒരു നൂതനമായ തന്ത്രം കണ്ടുപിടിച്ചു.

പുരാതനകാലങ്ങളിൽ, കുട്ടനാടൻ പ്രദേശങ്ങൾ, കരിയും, കാടും പിടിച്ച ചതുപ്പു നിലങ്ങളായിരുന്നു. ആ പ്രദേശങ്ങളിൽ മിക്കവാറും ഭാഗങ്ങൾ കേവലം വിജനമായിരുന്നു. കൃഷിയോഗ്യമെങ്കിലും മനുഷ്യാധിവാസസൗകര്യങ്ങൾ കേവലം കുറവായിരുന്ന ആ ദേശങ്ങളിൽ, പല നാടുകളിൽനിന്നും ജനങ്ങളെ വരുത്തി കുടിപാർപ്പിക്കുവാനും, കൃഷികാര്യങ്ങൾ ചെയ്യിക്കുവാനും തെക്കുംകൂർ രാജാക്കന്മാർ ഉദ്യുക്തരായിരുന്നുവെന്നും, അവരുടെ വകയായ കോവിലകങ്ങൾ തന്നെ കുട്ടനാടൻ ദേശങ്ങളിൽ ചിലേടത്തെല്ലാം പണിയിച്ചു രാജസ്ത്രീകളെയും മററും താമസിപ്പിച്ചിരുന്നതായും ചില ഗ്രന്ഥവരികളിൽനിന്നുവെളിവാകുന്നുണ്ടു്. കുട്ടനാട്ടു മുഴുവനും തെക്കുംകൂർ രാജ്യാതിർത്തിയിൽ ആയിരുന്നു. പുറക്കാട്ടു തെക്കുംകൂറിലെ തുറമുഖനഗരവും ആയിരുന്നു. ആധുനികകാലത്തു് അമ്പലപ്പുഴത്താലൂക്കിൽ ഉൾപ്പെട്ടു കിടക്കുന്ന കുട്ടനാടൻ പ്രദേശങ്ങളിൽ പല ഭാഗങ്ങളിലായി, ചെമ്പകശ്ശേരിത്തമ്പുരാന്റെ ചാവേർന്മാരെ കുടിപാർപ്പിച്ചു്, അദ്ദേശങ്ങളിൽ നെൽകൃഷിയും തെങ്ങു കൃഷിയും നടപ്പാക്കുവാൻ തെക്കുംകൂർ രാജാവു നിശ്ചയിക്കുകയും മിക്കവാറും കാടും

കരിയും ചുറ്റുപാടായി കിടന്നിരുന്ന അദ്ദേശങ്ങളും, പുളിക്കൽ ചെമ്പകശ്ശേരിത്തമ്പുരാന്ന ബ്രഹ്മസ്വമായി ദാനം ചെയ്യുകയും ചെയ്തു.

ഇപ്രകാരം രൂപീകരിക്കപ്പെട്ടതാണ ചെമ്പകശ്ശേരിരാജ്യം. ചെമ്പകശ്ശേരി രാജാവിന്റെ വാസത്തിനുള്ള ഒരു മഠവും അവിടെ പണിയിക്കപ്പെട്ടു. ഇററാല്യന്മാരുടെ മേൽനോട്ടത്തിൽ പുറക്കാട്ടു കടലോരത്തു ഓടങ്ങളും പണിയിക്കപ്പെടുകയും തോക്കുമുതലായ യുദ്ധസാമഗ്രികൾ നിർമ്മിക്കപ്പെടുകയും ചെയ്തു. ക്രമേണ ഏതാനും മലയാളബ്രാഹ്മണരും പരദേശബ്രാഹ്മണരും ചെമ്പകശ്ശേരി രാജ്യത്തു് ഉപവേശംചെയ്തു വാസം ഉറപ്പിച്ചു. രാജാവു അമ്പലപ്പുഴ കോവിലകത്തു (മഠം) താമസിച്ചു രാജ്യകാര്യങ്ങൾ അന്വേഷിച്ചുവന്നു. സ്ത്രീജനങ്ങൾ കൊടുവാളൂർ കോട്ടക്കകത്തുള്ള മഠത്തിൽതന്നെ താമസിക്കുവാൻ വ്യവസ്ഥചെയ്തു. അവൎക്കു തുണയായി ഏതാനും ബ്രാഹ്മണരെയും, നായന്മാരെയും നസ്രാണികളെയും കോട്ടയ്ക്കുള്ളിൽ പാർപ്പിച്ചു. നസ്രാണികളുടെ ആരാധനാദി സൌകൎയ്യങ്ങൾക്കായി ഒരു പള്ളിയും രാജാവു പണിയിച്ചുകൊടുത്തു. പ്രസ്തുതപള്ളിയാണ ആധുനികകാലത്തും നിലനിന്നുവരുന്ന കൊടുമാളൂർപള്ളി. കൊടുമാളൂർ കോട്ടയ്ക്കുപുറമേയുള്ള "പാണ്ഡവം" എന്ന*വിശ്രുതമായ കരിങ്കൽക്ഷേത്രം, തെക്കുംകൂർരാജാവു പണിയിച്ചിട്ടുള്ളതാണ്.

ചെമ്പകശ്ശേരി രാജ്യസ്ഥാപകനായ നമ്പൂരിരാജാവിന്റെ നാമം "ദേവനാരായണൻ" എന്നായിരുന്നു പ്രസ്തുത സംജ്ഞ അനന്തരഗാമികൾ മാറാപ്പേരായി ഉപയോഗപ്പെടുത്തിവന്നു. തെക്കുംകൂർരാജാവിന്റെ രാജ്യത്തിൽ ഉൾപ്പെട്ട ദരിദ്രനായ ഒരു ബ്രാഹ്മണവ്യക്തി എന്ന നിലയിൽ ഭാഗ്യവിലാസത്താലും, സ്വഭാവഗുണത്താലും, രാജാവിന്റെ നിസ്തുലമായ ബ്രാഹ്മണഭക്തിയാലും ആശ്രിതവാത്സല്യത്താലും ക്രമേണ ഉയൎന്നു് ഒരു മാടമ്പിയുടെ നിലയിൽ എത്തി അചിരേണ ഒരു നൂതനരാജ്യസ്ഥാപകനായ രാജാവിന്റെ സ്ഥാനത്തു് എത്തിച്ചേൎന്ന ചെമ്പകശ്ശേരി രാജാവു് അവിടത്തെ അഭ്യുദയത്തിനു് അസ്ഥിവാ

---

* പ്രസ്തുത ക്ഷേത്രത്തിന്റെ ഉത്തരം, കഴുക്കോൽ, പുരപ്പലക മുതലായ ഉപകരണങ്ങൾ കരിങ്കല്ലുകൊണ്ടു തീൎപ്പിച്ചിട്ടുള്ളതാണ്.

രമറപ്പിച്ചു ചാവീരന്മാരെയും അഭ്യുദയകാംക്ഷിയായി ഭ്രദാനം ചെയ്തു തെക്കുംകൂർരാജാവിനെയും യഥായോഗ്യം സമ്മാനിക്കുകയും ബഹുമാനിക്കുകയും അത്യന്തംകൃതജ്ഞതയോടുകൂടി അവരോടു വർത്തിച്ചുപോരുകയും ചെയ്തു. പുളിങ്കുന്നു് എന്ന കുട്ടനാടൻദേശം തെക്കുംകൂർരാജ്യത്തിൽഉൾപ്പെട്ടതായിരുന്നു. തെക്കുംകൂർ രാജകുടുംബത്തിൻെറ ഒരു ശാഖ പുളിങ്കുന്നിൽ വാസം ആരംഭിച്ചതു ചെമ്പകശ്ശേരി രാജ്യത്തിൻെറ ഉത്ഭവകാലം മുതൽക്കായിരുന്നു. ആ ശാഖയിലെ റാണിമാരിൽ ചിലർക്ക്, ചെമ്പകശ്ശേരി രാജാക്കന്മാർ "കൂട്ടിരിക്കുക" സാധാരണമായി തീർന്നു. ഇങ്ങനെ ആദ്യന്തം ചെമ്പകശ്ശേരിയും തെക്കുംകൂറും ദൃഢമായ മൈത്രീബന്ധത്തിൽതന്നെ കാലയാപനം ചെയ്തു.

ചെമ്പകശ്ശേരിരാജ്യത്തിലെ ഭരണരീതി, ഇതരകേരളരാജ്യങ്ങളിൽ നടപ്പുണ്ടായിരുന്ന "മാടമ്പിഭരണം", തന്നെയായിരുന്നു ഓരോരോദേശത്തിനും പ്രത്യേകം മാടമ്പിയും, അവരുടെ വരുതിയിൽ സേനാധിപന്മാരായ 'പണിക്കർകുടുംബക്കാരും' ആയോധനവിദ്യാഗുരുക്കന്മാരായ "കുറുപ്പു" കുടുംബക്കാരും ഉണ്ടായിരുന്നു.

അമ്പലപ്പുഴക്ഷേത്രം ചെമ്പകശ്ശേരിരാജാവിൻെറകാലത്തു സ്ഥാപിക്കപ്പെട്ടിട്ടുള്ളതു് ആണു്. ആദ്യരാജാവിൻെറ കാലശേഷം അദ്ദേഹത്തിൻെറ പുത്രനായ പൂരാടംനാൾ രാജാവു ക്ഷേത്രസംബന്ധമായ പല പരിഷ്കാരങ്ങളും നടപ്പിൽവരുത്തി. ആ രാജാവു വലിയ പണ്ഡിതനും ജനസമ്മതനുമായിരുന്നു. തെക്കേടത്തു ഭട്ടതിരിമാർ ചെമ്പകശ്ശേരിയിലെ കുടുംബപ്രതിമന്ത്രിമാരായിരുന്നു.

പണ്ഡിതന്മാർക്കും കവികൾക്കും ചെമ്പകശ്ശേരിരാജാക്കന്മാർ പ്രോത്സാഹനം നൽകിയിട്ടുണ്ടു്. പ്രസിദ്ധകവിയായ കുഞ്ചൻനമ്പ്യാരുടെ തുള്ളൽ എന്ന കവിതാപ്രസ്ഥാനം ആരംഭിച്ചതു ചെമ്പകശ്ശേരിരാജ്യത്തിൻെറ തലസ്ഥാനമായിരുന്ന അമ്പലപ്പുഴെവച്ചായിരുന്നു നമ്പ്യാരുടെ വസതിയിരുന്ന ഒരു പുരയിടം ക്ഷേത്രത്തിനുസമീപത്തുതന്നെ ഉള്ളതാണു്.

പൂരാടംനാൾരാജാവിൻെറ പിൻഗാമികൾ ക്രമേണ ദുർബലന്മാരായി ഭവിച്ചു. ഒടുവിലത്തെ രാജാവു വിഷയാസക്തനും ചതുരംഗത്തിൽ അപരിമിതമായ ഭ്രമംഉള്ള ആളും ആയിരുന്നു

എ. ഡി. 1754—ൽ മാർത്താണ്ഡവൎമ്മമഹാരാജാവു ചെമ്പകശ്ശേരിരാജ്യം പിടിച്ചു് അടക്കി തിരുവിതാംകൂറിനോടു ചേൎത്തു. രാജ്യഭ്രഷ്ടരായശേഷം, ചെമ്പകശ്ശേരിരാജകുടുംബം കൊടുമാളൂർ ചെമ്പകശ്ശേരിമഠത്തിൽ താമസിക്കുവാൻ അനുവദിക്കപ്പെട്ടു. ഏതാനുംവൎഷംമുൻപു് ആ വംശം അന്യംനില്ക്കുകയാൽ "വേലിയാംകോൽ" നമ്പൂരിയുടെ ഇല്ലത്തുനിന്നു ചെമ്പകശ്ശേരി മഠത്തിലേക്കു ദത്തു് എടുക്കപ്പെട്ടു. ചെമ്പകശ്ശേരിമഠത്തിലേക്കു് അദ്യാപി, തിരുവിതാംകൂർ ഗവൺമെണ്ടിൽനിന്നു് അടുത്തൂൺ നൽകിവരുന്നുണ്ടു്.

കൊടുമാളൂർകോട്ടയുടെ നഷ്ടശിഷ്ടങ്ങൾ ആധുനികകാലത്തും നിലനിന്നുപോരുന്നു. അമ്പലപ്പുഴക്ഷേത്രത്തിലെ ഉത്സവകാലത്തും മററും ചെമ്പകശ്ശേരിരാജാവു് അനുഷ്ഠിക്കേണ്ട ചടങ്ങുകൾ തെക്കേടത്തുഭട്ടതിരിയാണു നിൎവഹിച്ചുവരുന്നതു്.

ചെമ്പകശ്ശേരിയിലെ ആദ്യരാജാവും കുമാരനല്ലൂർ ഗ്രാമക്കാരായ നമ്പൂരിബ്രാഹ്മണരും തമ്മിലുണ്ടായിരുന്ന അഭിപ്രായവ്യത്യാസങ്ങൾ തീൎക്കുവാനായി, കുമാരനല്ലൂർക്ഷേത്രസന്നിധിയിൽവച്ചു് ആ രാജാവു സൎവപ്രായശ്ചിത്തം ചെയ്യുകയും, പൊൻനെററിപ്പട്ടുകൊണ്ടു്, അലങ്കരിച്ച ഒരു ആനയെ നടയ്ക്കു ഇരുത്തുകയും ചെയ്തതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. * "ചെമ്പകശ്ശേരിവക" എന്ന ലിഖിതത്തോടുകൂടിയ പ്രസ്തുത സ്വൎണ്ണനെററിപ്പട്ടം ആധുനികകാലത്തും കുമാരനല്ലൂർക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടുപോരുന്നു.

ഠ ആററങ്ങൽരാജ്യം

ആററങ്ങൽനാടു് പുരാതനമായ "പുരളി" രാജ്യത്തോളം തന്നെ പ്രാചീനതയുള്ള ഒരു രാജ്യമായിരുന്നു. പുരളിരാജ്യം വാണിരുന്ന തൃപ്പാപ്പൂരുസ്വരൂപത്തിന്റെ ഒരു ശാഖതന്നെ ആയിരുന്നു ആററിങ്ങൽനാടു ഭരിച്ചിരുന്നതു്; എന്നാൽ ആററങ്ങൽരാജ്യത്തിനു് ഉണ്ടായിരുന്ന ഒരു പ്രത്യേകത, അവിടത്തെ രാജ്യാവകാശം, രാജകുടുംബത്തിലെ മൂത്തറാണിക്കായിരുന്നു, എന്നുള്ളതാണു്. അതിവിദൂരമായ പൂൎവകാലങ്ങളിൽ കേരളത്തിലെ സ്ത്രീകൾക്കു, കുടുംബത്തിൽ ഉണ്ടായിരുന്ന അധികാരാ

* പ്രസ്തുത നെററിപ്പട്ടും ആനയും തെക്കുംകൂർരാജാവു ചെമ്പകശ്ശേരിക്കു സമ്മാനിച്ചിരിക്കുന്നു എന്നു് ഒരു ഐതിഹ്യം ഉണ്ടു്.

വകാശങ്ങളുടെയും പരിപൂജ്യമായ അവസ്ഥയുടെയും പ്രതിഷ്ഠയാകുന്ന ആററങ്ങൽനാട്ടിലെ "പെൺവഴി" ഭരണം എന്നുള്ളതു നിസ്തർക്കമാകുന്നു. എങ്കിലും, ഇതരകേരളരാജ്യങ്ങളിൽനിന്നു വിഭിന്നമായ പ്രസ്തുതമാമൂലിന്റെ, ആഗമം എങ്ങനെയെന്നും ഏതുകാലത്തെന്നും അറിവാനുള്ള ജിജ്ഞാസ വായനക്കാർക്ക് ഉണ്ടാകാവുന്നതാണ്. എന്നാൽ ഈ വിഷയം സംബന്ധിച്ച ഖണ്ഡിതമായ ഒരു അഭിപ്രായം രൂപീകരിക്കുവാൻ ഉപയുക്തങ്ങളായ തെളിവുകൾ അസുലഭമായിട്ടാണിരിക്കുന്നതു്.

പുരാതനകാലത്തു പാണ്ഡ്യരാജാവിനു കേരളത്തിൽ ചില പ്രദേശങ്ങളിൽക്കൂടി ആധിപത്യം ഉണ്ടായിരുന്നുവെന്നും, ആററങ്ങൽനാടു പാണ്ഡ്യരാജ്യസീമകൾക്കു് ഉള്ളിലായിരുന്നുവെന്നും, തൃപ്പാപ്പൂരുസ്വരൂപത്തിലെ ഒരു തമ്പുരാട്ടിയെ പാണ്ഡ്യരാജാവു പള്ളിക്കെട്ടുകഴിച്ചിരുന്നുവെന്നും, ആ തമ്പുരാട്ടിക്കായി, ആ രാജാവു വിട്ടുകൊടുത്ത പ്രദേശമാണു് ആററങ്ങൽനാടെന്നും, ആ നാട്ടിലെ ഭരണത്തിനും, രാജകുടുംബത്തിലെ മുതലവകാശത്തിനും, റാണിമാർക്കുമാത്രമേ അവകാശമുണ്ടാകുവാൻ പാടുള്ളൂ വെന്നുള്ളതു്, ഭരണവ്യവസ്ഥകളിൽ ഒന്നായിരുന്നുവെന്നും, അത്രെ, ആററങ്ങലിനെക്കുറിച്ചു നിലവിലിരിക്കുന്ന ഒരു ഐതിഹ്യം.

കൊച്ചിയിലെ ഡച്ചുഗവർണറായിരുന്ന വാൻറീഡു് 1677-ൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.—"ആററങ്ങൽ റാണി തിരുവിതാംകൂർരാജകുടുംബത്തിലെ അംഗങ്ങളുടെ അമ്മറാണിയാണെന്നു മാത്രമല്ല, തിരുപ്പാപ്പൂരുസ്വരൂപത്തിലെ മൂത്തറാണിക്കൂടെയാകുന്നു. ആററങ്ങൽറാണിക്കു, തിരുവിതാംകൂർ രാജാധികാരത്തിനു വിധേയമല്ലാതുള്ള സ്വതന്ത്രമായ ഒരു വലിയരാജ്യം ഉണ്ടു്. അവർ ബഹുമാനപ്പെട്ട കമ്പനി (ഡച്ചു് ഈസ്റ്റ് ഇന്ത്യാകമ്പനി)യുമായി സഖ്യത്തിലിരിക്കയുമാണു്."

എ. ഡി. 1330-ൽ ആദിത്യവർമ്മ(പ്രഥമൻ) മഹാരാജാവു തിരുവിതാംകൂർ ഭരിച്ചിരുന്നതായി അനുമാനിക്കാം. ആ മഹാരാജാവിന്റെ ഭരണകാലത്തിൽ കോലത്തുനാട്ടു(കോലസ്വരൂപ) രാജവംശത്തിൽനിന്നു രണ്ടു രാജകുമാരികളെ തിരുവിതാംകൂർ രാജകുടുംബത്തിലേക്കു ദത്തു് എടുക്കുകയും, അവരെ ആററങ്ങൽ റാണിമാരായി അവരോധിക്കുകയും ചെയ്തിട്ടുണ്ടു്. ആദിത്

വൎമ്മയുടെ കാലശേഷം തിരുവിതാംകൂർരാജ്യംവാണ മഹാരാജാവു വീരമാർത്താണ്ഡവൎമ്മയായിരുന്നു. അവിടുന്നു എ. ഡി. 1337 മുതൽ 40 സംവത്സരം രാജ്യഭരണംനടത്തിയിട്ടുള്ളതായി കാണുന്നു. കോലസ്വരൂപത്തിൽനിന്നുമുള്ള ദത്തിലെ ഇളയ റാണിയുടെ മൂത്തരാജകുമാരനായിരുന്നു അവിടുന്നു്. അടുത്ത പിൻഗാമി, ചേരഉദയമാർത്താണ്ഡവൎമ്മ ആയിരുന്നു. അവിടുന്നു, കോലസ്വരൂപത്തിൽ നിന്നുമുണ്ടായ ദത്തിലെ മൂത്തറാണിയുടെ പൌത്രൻ ആയിരുന്നു. ആ മഹാരാജാവു് 62 സംവത്സരം രാജ്യഭാരം വഹിച്ചു. അക്കാലത്തു പാണ്ഡ്യരാജ്യത്തിലെ പല പ്രദേശങ്ങളും തിരുനെൽവേലി ഡിസ്ട്രിക്റ്റ് അവിടത്തെ അധീനത്തിലായിരുന്നു. ആ മഹാരാജാവു് വള്ളിയൂർ കൊട്ടാരത്തിൽ സ്ഥിരമായി എഴുന്നള്ളി പാൎത്തു. രാജ്യകാൎയ്യങ്ങൾ നിൎവ്വഹിച്ചുപോന്നു. കുറേക്കാലം കൊട്ടാരക്കരയും അധിവസിച്ചിട്ടുണ്ടു്. തിരുനെൽവേലി ഡിസ്ട്രിക്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന ചേരമർദേവി ക്ഷേത്രത്തിൽ കാണപ്പെടുന്ന ശിലാരേഖ പ്രസ്തുത മഹാരാജാവിൻെറ കല്പനപ്രകാരം ചെയ്യപ്പെട്ടിട്ടുള്ളതാണെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു.

എ. ഡി. 1700-ാമാണ്ടിനു സമീപകാലത്തു് കേപ്റ്റൻ ബിഡൾഫ് ആററങ്ങലെ വാഴ്ചയെക്കുറിച്ചു് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:—

"ആററങ്ങൽ നാട്ടിൽ റാണിമാരേ, നാടുവാഴുവാൻ പാടുള്ളുവെന്നുള്ളതു് ഒരു മാമൂലാണു്. എന്നാൽ അശ്വതി (അശ്വതി തിരുനാൾ റാണി) യുടെ പിൻഗാമിനി സ്വാധികാരം പ്രയോഗിക്കുവാൻ അശക്തയായിരുന്നു."

ആററങ്ങൽ രാജകുടുംബത്തിലെ മൂത്തറാണിക്കു് ആകുന്നു ആററങ്ങൽ രാജ്യഭരണം നടത്തുവാനുള്ള അവകാശം എന്നുള്ള മാമൂൽ മാർത്താണ്ഡവൎമ്മ മഹാരാജാവിൻെറ രാജ്യഭരണഘട്ടം വരെ നടപ്പിലിരുന്നു. കേരളരാജ്യങ്ങളുടെ രാഷ്ട്രചരിത്രത്തിൽ അഭൂതപൂൎവ്വമായ ഒരു പരിവൎത്തനം ഉൽഭൂതമാക്കിയ ആ പ്രശസ്തനായ ആ രാജഷ്ടൻ തന്നെ, ആററങ്ങൽ രാജ്യഭരണം സംബന്ധിച്ചു് റാണിമാരിൽ ലയിച്ചിരുന്ന രാജാധികാരം അവരിൽ നിന്നു എടുക്കുകയും കീഴ്മൎയ്യാദപോലെ ആ ദേശവഴിയുടെ മുതലെടുപ്പും വിനിമയവും സംബന്ധിച്ചുള്ള അധികാരാവകാശങ്ങൾ അവരിൽതന്നെ നിക്ഷിപ്തമാക്കുകയും, ആററ

ങ്ങൽ റാണിമാരുടെ പുരുഷസന്താനങ്ങൾ മുറപ്രകാരം ആററിങ്ങൽ ഉൾപ്പെടെയുള്ള തിരുവിതാംകൂർ രാജ്യത്തിന്റെ ഭരണം നടത്തുന്നതാണെന്നു വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഈ സംഭവം കൊല്ലം 912-ൽ ആയിരുന്നു.

പുരാതനകേരളരാജ്യങ്ങളിൽ നിലവിലിരുന്ന, മാടമ്പിമാർ മുഖാന്തിരമുള്ള ഭരണക്രമം, ആററിങ്ങൽ നാട്ടിലും നടപ്പിലിരുന്നു. നാട്ടിന്റെ നാലുവിഭാഗങ്ങളിലായി, വെഞ്ഞാറമൂട്ടം പ്രമുഖന്മാരായ നാലുപിള്ള (മാടമ്പികൾ)മാർ ദേശാധിപത്യം വഹിച്ചു. ഓരോ ദേശങ്ങളിലെയും നികുതി വസൂൽചെയ്യുന്ന വിഷയത്തിലും നീതിന്യായപരിപാലനത്തിലും ഓരോ പിള്ളയ്ക്കും റാണിയോട്ട് ഉത്തരവാദിത്വം ഉണ്ടായിരുന്നു. ഡച്ചുകാർ, പോർട്ടുഗീസുകാർ, ഇംഗ്ലീഷുകാർ എന്നി യൂറോപ്യസമുദായങ്ങൾ വാണിജ്യാർത്ഥം, കേരളതീരങ്ങളിൽവന്നെത്തിയ കാലംമുതൽ ആററിങ്ങൽ നാട്ടിന്റെ പ്രശസ്തി പാശ്ചാത്യദേശങ്ങളിലും വ്യാപിക്കുവാൻ ആരംഭിച്ചു. ആ നാടുഭരിച്ചിരുന്ന റാണിമാർ സ്വഭാവനൈർമ്മല്യം, സൌശീല്യം, ഭരണവൈഭവം, എന്നിത്യാദി ഗുണങ്ങളാൽ വിശ്രുതകളായിരുന്നു. ആററിങ്ങൽ നാടു സന്ദർശിച്ചിട്ടുള്ള വിദേശീയഗ്രന്ഥകാരന്മാർ അവരെക്കുറിച്ച് ഉൽകൃഷ്ടാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. "അശ്വതിതിരുനാൾ അമ്മറാണി" എന്ന നാമത്താൽ അറിയപ്പെട്ടിരുന്ന ആററിങ്ങൽ റാണിയാണ്, വാണിജ്യാർത്ഥം, ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരെ ആററിങ്ങലേക്ക് ക്ഷണിച്ചു വരുത്തി, അവൎക്ക് ആദ്യവാണിജ്യസങ്കേതങ്ങൾ, അഞ്ചുതെങ്ങിൽ നിന്ന് അല്പം തെക്കുമാറി രണ്ടു സ്ഥാനങ്ങളിൽ പണിയിച്ചുകൊടുത്തിട്ടുള്ളതു് എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. (1) അഞ്ചുതെങ്ങിൽ ഈസ്റ്റിൻഡ്യാക്കമ്പനിവക വാണിജ്യകേന്ദ്രം ഉറപ്പിച്ചതു് എ. ഡി. 1673-ൽ ആയിരുന്നു. ആ റാണി എ. ഡി. 1700-ാംമാണ്ടോടടുത്തു നാടുനീങ്ങി. (2) അനന്തരം ആററിങ്ങൽ നാടുവാഴുവാൻ ആരംഭിച്ച റാണി ദുർബ്ബലയായിരുന്നു. ഈ റാണിയുടെ കാലത്തു് ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയുമായി നൂതനമായ ഒരു വാണിജ്യഉടമ്പടി ചെയ്യപ്പെട്ടിട്ടുണ്ട്.

---

(1) Pinkerton, Vol. III

(2) Col. Biddulph.

ആററങ്ങൽ നാടിന് ആംഗലസാഹിത്യത്തിലും ഒരു മികച്ച സ്ഥാനം ഉണ്ട്. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പെനിയുടെ ബോംബെ കൗൺസിൽ പ്രതിനിധിയായി അഞ്ചുതെങ്ങിൽ താമസിച്ചിരുന്ന പണ്ഡിതനും സാഹിത്യകാരനുമായ ഫോർബ്സിൻെറ "ഓറിയൻറൽ മെമ്മോയഴ്സ്" (പൌരസ്ത്യസ്മരണകൾ) എന്നുള്ള ഗ്രന്ഥത്തിലെ വിവരണവിമർശനങ്ങൾക്ക് ഈ നാടു വിധേയമായിട്ടുണ്ട്. ആംഗലസാഹിത്യനഭോമണ്ഡലത്തിലെ ഒരു ഉജ്ജ്വലതാരവും, "ബ്രിട്ടനിലെ ത്യൂസിഡൈഡസ്സ്" എന്നുള്ള അപരപ്രശസ്തനാമത്താൽ സാഭിമാനം സംജ്ഞചെയ്യപ്പെട്ടുവരുന്ന കവിയുമായ "റോബർട്ട് ഓൺ" എന്ന വിശ്രുതൻെറ ജന്മദേശം ആററങ്ങൽ രാജ്യത്തുൾപ്പെട്ട അഞ്ചുതെങ്ങ് ആകുന്നു. എ. ഡി. 1728-ൽ ആയിരുന്നു ഓർണിൻെറ ജനനം അദ്ദേഹത്തിൻെറ പിതാവ് അഞ്ചുതെങ്ങിലെ ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ഗവർണരായ ഡാക്ടർ അലക്സാണ്ഡർ ഓർൺ ആയിരുന്നു. അബ്രെയിനലിൻെറ പ്രശസ്തകൃതിയായ (പൌരസ്ത്യപാശ്ചാത്യന്ത്യകളിലെ വാണിജ്യോപവേശങ്ങൾ) History of the Settlement and trade of the East and West India എന്ന ഗ്രന്ഥത്തിൽ പ്രകീർത്തിതമായിരിക്കുന്ന "എലിസ" എന്ന മഹിളാമണിയുടെ ജനനസ്ഥലവും അഞ്ചുതെങ്ങായിരുന്നു. ആററങ്ങൽ വലുതായ ഒരു വ്യവസായകേന്ദ്രമായിരുന്നു. "ആററങ്ങൽകച്ച" എന്നു വിശ്രുതമായ ജവുളിത്തരം അവിടെ ധാരാളം നെയ്തുണ്ടാക്കപ്പെട്ടുവന്നു. ചൂരൽകൊണ്ടു പെട്ടികൾ, കുട്ടകൾ, മുതലായ പലേ സാമഗ്രികളും നിർമ്മിക്കുകയും, അവിടെ സാധാരണമായിരുന്നു. ചൂരൽപ്പെട്ടികളിൽ ചിരട്ടക്കരി, ചുണ്ണാമ്പ്, മോരു, പാലക്കറ എന്നിവ കലർത്തി കമനീയമായ ചായം പിടിപ്പിച്ചു മോടി വരുത്തുവാൻ അവിടത്തെ വ്യവസായികൾക്കു പ്രത്യേക വൈദഗ്ദ്ധ്യം ഉണ്ടായിരുന്നു. നല്ലമുളകു മുതലായ വിഭവങ്ങൾക്കും പുറമേ ആററങ്ങൽനിന്നു "കച്ചയും" ചൂരൽസാമഗ്രികളും വിപുലമായ തോതിൽ കപ്പൽകയററി അയക്കപ്പെട്ടുവന്നു. * അഞ്ചുതെങ്ങു പ്രസ്തുത രാജ്യത്തെ പ്രധാന തുറമുഖവും വാണിജ്യകേന്ദ്രവും ആയിരുന്നു. ഇംഗ്ലീഷ്

---

* Forbe's Oriental Memories.

ഇൗസ്റ്റിൻഡ്യാക്കമ്പെനിക്കാർ അവിടെ ഒരു കോട്ട കെട്ടിച്ചിരുന്നു. അതു ജീർണ്ണപ്രായമായി അദ്ര്യാപി നിലനിന്നുപോരുന്നു.

ആററങ്ങൽ, രാജ്യഭരണസംബന്ധമായകാൎയ്യങ്ങളിൽ തിരുവിതാംകൂറിലേക്കു ചേർക്കപ്പെട്ടുവെങ്കിലും ആ ദേശവഴി തിരുവിതാംകൂർ മഹാരാജകുടുംബത്തിലെ റാണിമാരുടെ തനതു് എന്നുള്ള നിലയിൽതന്നെ ഇരിക്കുന്നു; എന്നുമാത്രമല്ല, തൃപ്പാപ്പൂരു സ്വരൂപത്തിലെ തമ്പുരാട്ടിമാൎക്കു് "ആററങ്ങൽ റാണിമാർ" എന്നുള്ള സ്ഥാനസംജ്ഞയുമാണു് ഉള്ളതു്. തിരുവിതാംകൂർ മഹാരാജവംശത്തിൽ ദത്തു് എടുക്കേണ്ട ആവശ്യം നേരിട്ടസന്ദർഭങ്ങളിൽ ഒക്കെയും അപ്രകാരം ദത്തു് എടുക്കപ്പെട്ടിട്ടുള്ള രാജകുമാരികൾക്കു് "ആററങ്ങൽമൂത്ത (റാണി) തമ്പുരാൻ", "ആററങ്ങൽ ഇളയ (റാണി) തമ്പുരാൻ" എന്നീ സ്ഥാനസംജ്ഞകൾ നൽകപ്പെട്ടിട്ടുള്ളതും ആകുന്നു.

൩. വടക്കുംകൂർ നാട്ടു്.

വടക്കുംകൂർരാജവംശം, വെമ്പലനാട്ടു രാജവംശത്തിന്റെ ഒരററാരു ശാഖയാണെന്നു മുൻപു ഒരു ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ രാജ്യത്തിന്റെ തലസ്ഥാനം ആധുനിക വൈക്കം ടൌണിൽനിന്നു് അല്പംവടക്കുമാറിയുള്ള "വട്ടതല" എന്ന പ്രദേശത്തായിരുന്നു. കൊച്ചിയും കോഴിക്കോട്ടുംതമ്മിൽ നടന്ന മഹായുദ്ധത്തിൽ കൊച്ചീ രാജപക്ഷംചേൎന്നു യുദ്ധംനടത്തിക്കൊണ്ടിരുന്ന വടക്കുംകൂർ രാജാവിന്റെ കോവിലകങ്ങളും തലസ്ഥാനനഗരം ഉൾപ്പടെയുള്ള പലദേശങ്ങളും ശത്രുസൈന്യങ്ങൾ തീവച്ചും കൊള്ളയിട്ടും നശിപ്പിച്ചു. തന്നിമിത്തം വടക്കുംകൂർരാജ്യത്തിന്നു വലുതായ ശക്തിക്ഷയംനേരിട്ടു. മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ ദിക്ജയപ്രസ്ഥാനത്തെ തുടൎന്നു്, വടക്കുംകൂറും തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു. രാജകുടുംബാംഗങ്ങൾക്കു പെൻഷൻ നൽകപ്പെട്ടുപോരുന്നു. ഈ രാജവംശക്കാർ ആധുനികകാലത്തു വൈക്കത്തു താമസിച്ചുവരുന്നുണ്ടു്.

൪. പയിങ്ങാട്ടുനാട്ടു്.

വെമ്പലനാട്ടു രാജാവിന്റെ മേൽക്കോയ്മയ്ക്കു അധീനമായി "പയിങ്ങാട്ടു നായിരി" എന്നൊരു സാമന്തരാജാവും ഉണ്ടായിരുന്നു. പയിങ്ങാട്ടു് അനവധി ദേശങ്ങൾ ഉൾപ്പെട്ടിരുന്നു. വെമ്പലനാട്ടു ക്ഷയോന്മുഖമായശേഷം "പയിങ്ങാട്ടു

നായിരി"യുടെ ദേശങ്ങളും വടക്കുംകൂർ പിടിച്ചടക്കി. തന്നിമിത്തം വടക്കുംകൂറിനു പോർട്ടുഗീസുകാരുടെ ആഗമനകാലത്തു് "പൈങ്ങോട്ടുരാജാ" എന്നും നാമംഉണ്ടായിരുന്നു. ഈ രാജവംശജർ തെക്കുംകൂർ മാടമ്പിമാരായിരുന്നു. തെക്കുംകൂർ പിടിച്ചടക്കപ്പെട്ടതുവരെ പയിങ്ങോട്ടു ഇല്ലത്തിൽ കൈമ്മളന്മാരുടെ പ്രാബല്യം നിലനിന്നു.

വ. ഇടപ്പള്ളിരാജ്യം.

ഈ രാജ്യത്തിൻെറ പുരാതനനാമം "കീഴ്മലനാട്ടു്" എന്നായിരുന്നു. രാജാവിനു് "കീഴ്മലനായിരി" എന്നു സ്ഥാനംഉണ്ടായിരുന്നു. വെമ്പലനാട്ടിനു കിഴക്കും, ഗിരിയകത്തുനാടിനു പടിഞ്ഞാറുമായി വ്യാപിച്ചുകിടക്കുന്ന ഇടനാട്ടുൾപ്പെട്ട രാജ്യമായിരുന്നു ഇതു്. തന്നിമിത്തം"ഇടപ്പള്ളി"എന്നുള്ള അന്വർത്ഥസംജ്ഞയും ഈ രാജ്യത്തിനു സിദ്ധിച്ചു. ഇടപ്പള്ളി രാജവംശം ബ്രഹ്മക്ഷത്രിയർ (ക്ഷത്രിയവൃത്തി കൈക്കൊണ്ട ബ്രാഹ്മണർ) ആകുന്നു. ചെമ്പകശ്ശേരിയും ഇടപ്പള്ളിയും പറവൂരും മാത്രമായിരുന്നു, കേരളത്തിലെ ബ്രഹ്മക്ഷത്രിയ കുടുംബങ്ങൾ. പറവൂരിനേയും ചെമ്പകശ്ശേരിയേയുംകാൾ തുലോം പുരാതനമായ രാജ്യമാകുന്നു ഇടപ്പള്ളി. ഇടപ്പള്ളി രാജാവിനെ ഉദ്ദേശിച്ചു് ഒരു പ്രാചീനഗ്രന്ഥവരിയിൽ "കീഴ്മലനായിരി" എന്നു അഭിസംജ്ഞ ചെയ്തിട്ടുള്ളതായി കാണുന്നുണ്ടു്. എ. ഡി. അഞ്ചാംശതകത്തിൽ ക്ഷയോന്മുഖങ്ങളായിഭവിച്ച "കേരളം" "ദേവരാഷ്ട്രം" മുതലായ രാജ്യങ്ങളുടെ അംശങ്ങളിന്മേൽ സ്വകരബലവും പ്രതാപവും സ്വാധീനബലവും നിമിത്തം രാജ്യവിസ്താരം വരുത്തുവാൻ കഴിഞ്ഞ ഇടപ്പള്ളി രാജ്യം അക്കാലംമുതൽ അക്ഷീണപ്രഭാവത്തോടുകൂടി കേരള മഹാ (കൊച്ചിയും കോഴിക്കോടും തമ്മിൽ രണ്ടര ശതവർഷത്തോളം നടത്തിക്കൊണ്ടിരുന്ന) യുദ്ധത്തിൻെറ പരിണാമഘട്ടം വരെ കേരളത്തിലെ ഒരു പ്രബലരാഷ്ട്രമായി നിലനിന്നു. "ദേവരാഷ്ട്രം" എന്ന സംജ്ഞയിൽ പുരാതനകാലങ്ങളിൽ അറിയപ്പെട്ടിരുന്ന കൊച്ചിരാജ്യവുംഎടപ്പള്ളിരാജ്യവുംതമ്മിൽ ബലവത്തായ ബന്ധവും സഖ്യവും ഉണ്ടായിരുന്നതായി ഐതിഹ്യം ഉണ്ടു്. എടപ്പള്ളിരാജവംശത്തിനു് "എളങ്ങല്ലൂർ സ്വരൂപം" എന്നാണല്ലോ വംശനാമം. "കലിവർഷം 4251-ൽ "കൊച്ചി" (കൊച്ചീ നഗരം ഇരിക്കുന്ന പ്രദേ

ശവും പരിസരങ്ങളും ആയിരിക്കണം) എളങ്ങല്ലൂർ തമ്പു
രാൻ പെരുമ്പടപ്പിൽ തമ്പുരാനു കൊടുത്തു." എന്നു് ഒരു
ഗ്രന്ഥവരികൊണ്ടു കാണുന്നു. പ്രസ്തുത ദാനം എ. ഡി.
1150-നു് അടുത്ത കാലത്തു് ആയിരിക്കണമല്ലോ. കേരള
ത്തിൽ ആകമാനം സംഭവിച്ചതായി വിശ്വസിക്കപ്പെട്ടിരി
ക്കുന്ന വെള്ളപ്പൊക്കത്തിനു (എ. ഡി. 1341) രണ്ടു ശതാബ്ദം
മുൻപായിരുന്നു, ആ രാജ്യകൈമാററം. ആ പ്രദേശത്തിനു്
"ബാലാപുരി" എന്നുഗ്രന്ഥഭാഷയിലും, "കൊച്ചുരാജ്യം"എന്നു
ഗ്രാമ്യഭാഷയിലും സംജ്ഞസിദ്ധിച്ചതു എ. ഡി. 1150-ാമാണ്ടാ
യിരിക്കണം. കൊച്ചിയെ സംബന്ധിച്ചുള്ള കൂടുതൽ വിവര
ങ്ങൾ മറെറാരുഭാഗത്തു് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്.
കൊച്ചി, ഇടപ്പള്ളി രാജ്യം വകയായിരുന്നുവെന്നും, അതു
വീണ്ടെടുത്തു കൊടുക്കാമെന്നു പറഞ്ഞു്, ആയിരുന്നു 14-ാം
ശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ സാമൂതിരി എടപ്പള്ളി
രാജാവിനെ, സ്വപക്ഷത്തേയ്ക്കു് ആനയിച്ചു, കൊച്ചിയുമായി
യുദ്ധം ആരംഭിച്ചതു് എന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. ആ
മഹായുദ്ധത്തിൽ ആദ്യന്തം എടപ്പള്ളിരാജാക്കന്മാർ സാമൂതിരി
പക്ഷത്തുനിന്നുയുദ്ധംനടത്തി. യുദ്ധരംഗങ്ങൾ കൊച്ചിരാജ്യത്തും
വടക്കുംകൂറിലും,എടപ്പള്ളിരാജ്യത്തും ആയിരുന്നു. പ്രസ്തുതയുദ്ധം
നടന്നകാലങ്ങളിൽഎടപ്പള്ളിരാജാക്കന്മാർ,കൊച്ചിരാജപക്ഷം
നിന്ന മിത്രരാജാക്കന്മാരുടെ രാജ്യങ്ങളിലും പ്രവേശിച്ചു പല
യുദ്ധങ്ങളുംനടത്തി രാജ്യവിസ്തീർണ്ണം വരുത്തിയിട്ടുണ്ടു്. കല്ലൂപ്പാറ
മുതലായ മദ്ധ്യകേരളപ്രദേശങ്ങളായ തെക്കുംകൂർവക ദേശങ്ങ
ളിൽ എടപ്പള്ളി രാജാക്കന്മാർ പ്രവേശിച്ചു് ആക്രമണം നട
ത്തുകയും വളരെസ്ഥലം കൈവശപ്പെടുത്തി സ്വരാജ്യത്തോടു
ചേർക്കുകയും ചെയ്തിട്ടുള്ളതായി ഐതിഹ്യങ്ങൾ ഉണ്ടു്.

എടപ്പള്ളി രാജാക്കന്മാർക്കു് "ഇളംകോവിൽ" എന്ന സ്ഥാ
നസംജ്ഞ ഉണ്ടായിരുന്നു. * അതിപുരാതന കേരളരാജ്യങ്ങ
ളിൽ ഒന്നായ "ഇളമുരുകനാടു്" (ആംഗലചരിത്രകാരന്മാരാൽ
അഭിസംജ്ഞ ചെയ്യപ്പെട്ടിട്ടുള്ള (Lymurick) വാണിരുന്ന രാജ
വംശത്തിന്റെ അനന്തരപരമ്പരയായിരിക്കണം, ഈ രാജ
വംശം എന്നായിരിക്കുമോ ഈ സ്വരൂപസംജ്ഞ ദ്യോതിപ്പി

---

* കേരള പഴമ.

ക്കുന്നതെന്നു്, നിർണ്ണയിക്കുവാനുള്ള ലക്ഷ്യങ്ങൾ ഇല്ലാതെയാണു് ഇരിക്കുന്നതു്. എങ്കിലും പുരാതനകേരളരാജ്യത്തിൽ പ്രധാന നഗരങ്ങളായിരുന്ന തൃക്കാരിയൂർ, തൃക്കാക്കര മുതലായ പ്രദേശങ്ങൾ ഇടപ്പള്ളിരാജ്യത്തിന്റെ സീമകളിൽആയിരുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്ജയപ്രസ്ഥാന ഘട്ടത്തിൽ ഇടപ്പള്ളി ഒരു രാഷ്ട്രീയശക്തി എന്നുള്ള നില കൈവെടിഞ്ഞു. അക്കാലംമുതൽ രാജ്യഭരണാവകാശം ഇല്ലാത്ത ഒരു ചീഫിന്റെ സ്ഥാനമാണു് ഇടപ്പള്ളി രാജാവിനു് ഉള്ളതു്. എ. ഡി. 4-ാംശതകത്തിൽ നിലനിന്നിരുന്നതും "സ്വാമിദത്തൻ" എന്ന രാജാവിന്റെ ഭരണത്തിൽ ഇരുന്നിരുന്നതുമായ രാജ്യം എടപ്പള്ളിയുടെ പൂർവികരാജ്യം ആയിരിക്കണം.

വ്യ. ദേവരാഷ്ട്രം.

കൊച്ചീരാജ്യത്തിന്റെ പുരാതനനാമം ദേവരാഷ്ട്രം എന്നായിരുന്നു. എ. ഡി. 4-ാംശതകത്തിൽ ദക്ഷിണഭാരതത്തിൽ നിലനിന്നിരുന്ന രാജ്യങ്ങളുടെക്കൂട്ടത്തിൽ ഈ രാജ്യവും ഉൾപ്പെട്ടിരിക്കുന്നു. കൊച്ചിയുടെ ആധുനിക തലസ്ഥാനമായ എറണാകുളം പട്ടണത്തിൽ "തേവര" എന്നൊരു പ്രദേശം അദ്യാപി ഉള്ളതാണു്. "തേവര" എന്നരൂപം "ദേവരാഷ്ട്ര" പദത്തിന്റെ ഗ്രാമ്യലുപ്തരൂപമാകുന്നു. എ. ഡി. 4-ാംശതകത്തിൽ ദേവരാഷ്ട്രം കാവിരൻ എന്നൊരു രാജാവു ഭരിച്ചിരുന്നതായി കാണുന്നു. 'കാവലൻ' എന്നായിരിക്കണം ഇതു്. "കാവീരൻ" എന്നതു ലിഖിതപാരായണത്തിൽ വന്നിട്ടുള്ള പ്രമാദമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. "കാവലൻ" എന്ന രൂപത്തിനു രാജാവു് എന്നാണു് അർത്ഥം. ദേവരാഷ്ട്രം കാവലൻ ഭരിച്ചിരുന്ന കാലത്തു കേരളം വാണിരുന്നതു മന്ത (മന്ന) രാജാവായിരുന്നു. എന്നാൽ ദേവരാഷ്ട്രത്തെപ്പററി എ. ഡി 4-ാംശതവർഷത്തിനുമുൻപും, പിൻപും യാതൊരു അറിവും ലഭിക്കുവാൻ മാർഗ്ഗം കാണുന്നില്ല. എത്രയും പുരാതനങ്ങളായ കാലഘട്ടങ്ങളിൽ കേരളതീരത്തുകൂടി കപ്പൽസഞ്ചാരംനടത്തുകയും കേരളരാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുള്ള പാശ്ചാത്യ സഞ്ചാരികൾ "തൃപ്പൂണി" എന്ന കടൽതീരനഗരത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. ഈ "തൃപ്പൂണി", തൃപ്പൂണിത്തുറായെ ഉദ്ദേശിച്ചു ചെയ്യപ്പെട്ടിട്ടുള്ള പ്രസ്താവനയാണു്. തിരു+(ശ്രീ)

പൂൺ + തുറ എന്നാൽ, ശ്രീയുടെ ഭൂഷണമായ തുറമുഖം എന്ന് അർത്ഥമാകുന്നു. തൃപ്പൂണിത്തുറ ദേവരാഷ്ട്രത്തിൻെറ ആദ്യ തലസ്ഥാനനഗരവും രാജാവിൻെറ അധിവാസസ്ഥാനവും ആയിരുന്നു. തേവര മുതലായ പ്രദേശങ്ങൾ പിൽക്കാലം അധിവാസയോഗ്യമായി തീൎന്നിട്ടുള്ള നൂതനഭൂഭാഗങ്ങളായിരിക്കണം. എ. ഡി. 1341-ൽ ഉണ്ടായ പ്രളയത്തിൻെറ ഫലമായി പ്രാകൃതമായ ഹേതുക്കളാൽ "പുതുവയ്പ്" രൂപീകൃതമായിട്ടുള്ളതാണെന്ന വസ്തുത നിസ്തൎക്കമാണല്ലൊ. ആ വെള്ളപ്പൊക്കത്തിൻെറ ഫലമായി കേരളത്തിൻെറ നാനാഭാഗങ്ങളിലും നൂതനഭൂഭാഗങ്ങൾ ഉത്ഭവിച്ചിരിക്കാവുന്നതാണ്. കൊച്ചിയിലെ പ്രാകൃതനൌകാശയം (Natural Harbour) രൂപീകൃതമായതും ആ സംഭവത്തോടുകൂടിയാണല്ലൊ. തേവരയ്ക്കു പ്രാധാന്യം സിദ്ധിച്ചതു പിൽക്കാലം മാത്രമായിരിക്കുവാനേ തരമുള്ളൂ. കലിവൎഷം 4251-ൽ (എ. ഡി. 1150) ആധുനികകൊച്ചി നഗരമിരിക്കുന്ന പ്രദേശവും പ്രാന്തങ്ങളുംകൂടി ഇടപ്പള്ളിരാജാവു പെരുമ്പടപ്പു രാജാവിനു കൊടുത്തിട്ടുള്ളതാണെന്നും, ഒരു ഗ്രന്ഥവരിപ്രകാരം കാണുന്നുവെന്നു മുൻപ്രസ്താവിച്ചിട്ടുണ്ടല്ലൊ. 1150-നു ശേഷം അപ്രദേശത്തിനു "ബാലാപുരി"*എന്നുസംജ്ഞനല്കപ്പെട്ടിരുന്നു. "ബാല"രൂപത്തിനു "ചെറിയ" എന്നും "ചെറിയ പെൺകുട്ടി" എന്നും അൎത്ഥം ഉണ്ട്. "പുരി" ശബ്ദത്തിനു നഗരമെന്നും ദേശമെന്നും പൊരുളും ഉള്ളതാണ്. ബാലപുരിക്കു ഗ്രാമ്യരൂപത്തിൽ "കൊച്ചുദേശം" എന്ന പേർ സിദ്ധിച്ചു. "കൊച്ചുദേശം" കാലാന്തരത്തിൽ "കൊച്ചീദേശം" എന്നു രൂപാന്തരം പ്രാപിച്ചു. 1341-ൽ സംഭവിച്ച പ്രളയത്തിൻെറ പരിണാമഫലമായി, പ്രകൃതി, കൊച്ചിയിൽ ഒരു നൌകാശയം നിൎമ്മിച്ചു. തന്നിമിത്തം കൊച്ചി, വാണിജ്യത്തിൽ ദ്രുതഗതിയോടെ അഭിവൃദ്ധിപ്പെട്ടു തുടങ്ങി. പൌരസ്ത്യരാജ്യങ്ങളിലെ ആദിമ നാവികവൎത്തകന്മാരായിരുന്ന ചീനരുടെ ശ്രദ്ധയ്ക്ക്, കൊച്ചിയിലെ നൌകാശയവും വാണിജ്യസൌകൎയ്യങ്ങളും വിഷയീഭവിച്ചു. ചീനചക്രവൎത്തിയായിരുന്ന യാങ്ലോയുടെ വിദേശസ്ഥാനപതികളിൽ ഒരാളായ, ചെങ്ഹോയുടെ ഒരു അനുചരനായ മാഹ്വാൻ എന്ന ചീനദേശീയൻ മുസൽ

* കേരളമാഹാത്മ്യം: സംസ്കൃതഗ്രന്ഥം.

മാൻ ആകുന്നു, കൊച്ചിയെക്കുറിച്ചു ചില വിവരങ്ങൾ രേഖ
പ്പെടുത്തിയിട്ടുള്ള ആദ്യ വിദേശസഞ്ചാരി, എന്നു് ഇതരതെളി
വുകളുടെ അഭാവത്താൽ വിശ്വസിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത
സഞ്ചാരി, കൊച്ചി സന്ദർശിച്ചതു ഏ. ഡി. 1409-നോടു്
സമീപിച്ചകാലത്തായിരിക്കണം. പിന്നീടു് കൊച്ചിയെക്കുറിച്ചു
രേഖപ്പെടുത്തിയിട്ടുള്ള സഞ്ചാരി നിക്കൊളോകോണ്ടിയാണു്.
ആ ഇററലിദേശീയൻ, മലയാളതീരത്തിൽ എത്തിയതു പതി
നഞ്ചാംശതകത്തിന്റെ മദ്ധ്യഘട്ടത്തിലായിരുന്നു. ആ ശതാ
ബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ പോർട്ടുഗീസുകാരുടെ വാണിജ്യ
സന്നദ്ധബുദ്ധി മലയാളതീരത്തു സ്ഥായിയായി പതിയുകയും,
പോർട്ടുഗീസ് ഈസ്റ്റ്ഇൻഡ്യാക്കമ്പനിക്കാർ സാമൂതിരിയു
മായി പിണങ്ങിപ്പിരിഞ്ഞു കൊച്ചിയിൽചെന്നു വാണിജ്യസ
ങ്കേതം ഉറപ്പിക്കുകയും ചെയ്തു. അപ്പോഴേക്കു, നൌകാശയ
ത്തിന്റെ ഉല്പത്തിക്കുശേഷം ഒന്നരശതവർഷത്തോളം കാലം
കഴിഞ്ഞിരുന്നു. അത്രയും കാലത്തിനകം നൌകാശയനഗരത്തി
ന്റെ പ്രാധാന്യം ക്രമോൽക്കർഷമായി വർദ്ധിക്കുകയാൽ "ദേവ
രാഷ്ട്രം" അഥവാ ഗ്രാമ്യഭാഷയിലെ "തേവര" എന്ന രാജ്യ
നാമം ക്രമേണ തിരസ്കൃതമാവുകയും, കൊച്ചി എന്ന വിശ്രു
തമായ നൌകാശയസംജ്ഞ, രാജ്യനാമമായി സ്വീകരിക്കപ്പെടു
കയും ചെയ്തതാകുന്നു. കൊച്ചീരാജ്യചരിത്രം മറെറാരു അദ്ധ്യാ
യത്തിനു വിഷയീഭവിച്ചിരിക്കുന്നതിനാൽ ഇവിടെ കൂടുതലായി
ഒന്നും പ്രസ്താവിക്കുന്നില്ല.

ദേവരാഷ്ട്രം വാണിരുന്ന രാജവംശത്തിലെ ഒരു രാജാവു
കേരളരാജപ്പെരുമാളായി അവരോധിക്കപ്പെട്ടിട്ടുണ്ടു്. അക്കാ
ലത്തു് പ്രസ്തുതരാജ്യം, അത്യുന്നതാവസ്ഥയെപ്രാപിച്ചിരുന്നു,
എന്നുള്ളതിനു സന്ദേഹമില്ല. ചേരമാൻ പെരുമാളിന്റെ വംശ
ജരാണു്, അതാവിതു് മരുമക്കളാണു്, ആധുനികകൊച്ചീവം
ശക്കാരെന്നും, സാമൂതിരി കോവിലകത്തുകാർ ആ പെരുമാ
ളിന്റെ സന്താനങ്ങളാണെന്നും ഉള്ള ഐതിഹ്യത്തെ ആസ്പ
ദമാക്കി ചിന്തിക്കുമ്പോൾ, ദേവരാഷ്ട്രരാജവംശത്തിൽ നിന്നു
പെരുമാൾ പദം വഹിച്ചുവന്ന ഒരു രാജാവു് ഒരുകാലത്തുണ്ടാ
യിരുന്നുവെന്നുള്ള അനുമാനം ബലപ്പെടുന്നുണ്ടു്. എന്നാൽ
പ്രസ്തുത ചേരമാൻപെരുമാളിന്റെ വാഴ്ചക്കാലം ഏതെന്നും,

ചില ഭാഗങ്ങളിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നതിന്മണ്ണം അദ്ദേഹം ഒട്ടുവിലത്തെ പെരുമാൾ ആയിരുന്നുവോയെന്നും, ഖണ്ഡിതമായി പ്രസ്താവിക്കുവാനുള്ള ലക്ഷ്യങ്ങൾ സുലഭമല്ലാതിരിക്കുന്നു. കോഴിക്കോട്ടു സാമൂതിരി കൊച്ചീരാജാവുമായി നടത്തിയ മഹായുദ്ധത്തിന്റെ ഹേതു, രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ മാത്രമല്ലെന്നും, പൂർവികനായ പെരുമാളിന്റെ അന്തിമവാസമന്ദിരമായ ചിത്രകൂടത്തെയും അതിരിക്കുന്ന വന്നേരി എന്ന പ്രദേശത്തെയും മറ്റും സംബന്ധിച്ചുള്ള അവകാശതർക്കങ്ങളും, ഉഭയരാജകുടുംബങ്ങളും തമ്മിൽ ആ പെരുമാളിന്റെ കാലം മുതൽ തുടരെ നിലനിന്നുപോന്ന അന്തഃഛിദ്രങ്ങളും കൂടെയാണെന്നും സംഭവഗതി സൂക്ഷ്മമായി പരിശോധിച്ചാൽ ബോദ്ധ്യപ്പെടുന്നതാണ്.

൫. പറപ്പൂക്കാവിൽ. (പരപ്പനങ്ങാടി രാജവംശം.)

ഈ രാജവംശവും ചേരമാൻ പെരുമാളിന്റെ അഞ്ചുശാഖകളിൽ ഒന്നാകുന്നുവെന്ന് ഐതിഹ്യമുണ്ട്. ഈ രാജവംശം പരപ്പനങ്ങാടി മുതലായ ദേശങ്ങൾ ഉൾപ്പെട്ട ഒരു ചെറിയ രാജ്യം ഭരിച്ചുകൊണ്ടിരുന്നു. മൈസൂർ സുൽത്താനായ ടിപ്പു മലയാളദേശം ആക്രമിച്ച ഘട്ടത്തിൽ കൊല്ലം 973-ാമാണ്ടു മേടമാസം 27-ാംതീയതി പരപ്പനങ്ങാടി കോവിലകത്തെ രണ്ടു രാജാക്കന്മാരും ഒരു റാണിയും, രണ്ടു നായർ യോദ്ധാക്കളുടെ അകമ്പടിയോടുകൂടി പാലിയക്കരെ (തിരുവല്ലായിൽ) എത്തി താമസിച്ചു. അക്കാലത്തു തെക്കുംകൂർരാജ്യം തിരുവിതാംകൂറിന്റെ അധീനത്തിൽ ആയിരുന്നതിനാലും, രാജ്യഭ്രഷ്ടരാക്കപ്പെട്ട തെക്കുംകൂർ രാജാക്കന്മാരുടെ കോവിലകങ്ങളും മറ്റും ചങ്ങനാശ്ശേരിയിൽ നിരുപയോഗമായി കിടന്നിരുന്നതിനാലും, പാലിയക്കരെയേക്കാൾ കൂടുതൽ സൌകര്യമുണ്ടായിരുന്ന ചങ്ങനാശ്ശേരി നീരാഴിക്കോവിലകത്തേയ്ക്കു, തിരുവിതാംകൂർ മഹാരാജാവിന്റെ കല്പനയനുസരിച്ച് അവർ പാർപ്പുമാറ്റി. ആ കോവിലകവും സ്ഥലങ്ങളും അനുഭോഗമായി അവർക്കു വിട്ടുകൊടുക്കപ്പെടുകയും ചെയ്തു. ഇപ്രകാരം പരപ്പനാട്ടു രാജാക്കന്മാർ ചങ്ങനാശ്ശേരിയിൽ താമസിച്ച കാലത്ത്, അവരിൽ ഇളയരാജാവായിരുന്ന രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുവിതാംകൂർ രാജകുടുംബത്തിലെ റാണി ലക്ഷ്മീഭായി തിരുമനസ്സിനെ പള്ളികെട്ടുകഴിച്ചു. അനന്തരം ആ തിരുമേനിയിൽ സ്വാതി തിരു

നാൾ, ഉത്രംതിരുനാൾ എന്നീ മഹാരാജാക്കന്മാർ തിരുവവതാരംചെയ്തു. ലക്ഷ്മീറാണി തിരുമനസ്സുകൊണ്ടു പരപ്പനങ്ങാടി രാജകുടുംബത്തിലേയ്ക്കു പണിയിച്ചുകൊടുത്തതാണു ചങ്ങനാശേരിയിലെ ലക്ഷ്മീപുരത്തുകൊട്ടാരം. കൊല്ലം 1052-ൽ ഈ രാജവംശത്തിൻെറ ഒരു ശാഖ ഹരിപ്പാട്ടേയ്ക്കു മാറിപ്പാർപ്പായി. ഹരിപ്പാട്ടുള്ള അനന്തപുരത്തുകൊട്ടാരം അവരുടെ കോവിലകമാണു്. വിദ്വാന്മാരും കവികളുമായ കോയിത്തമ്പുരാക്കന്മാർ പലരും ഈ രാജവംശത്തിൽ ഉണ്ടായിരുന്നു. കേരളകാളിദാസനെന്നു വിശ്രുതനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ജനിച്ചതും വളർന്നതും ചങ്ങനാശേരി ലക്ഷ്മീപുരത്തായിരുന്നു. കേരളപാണിനിയെന്നു വിശ്രുതനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻെറ ജനനവും വളർച്ചയും അനന്തപുരംകൊട്ടാരത്തിലായിരുന്നു. പ്രസിദ്ധ കവിയായിരുന്ന രവിവർമ്മ കോയിത്തമ്പുരാൻ ലക്ഷ്മീപുരത്തുകൊട്ടാരത്തിലെ അംഗമാണു്. ഇദ്ദേഹത്തിൻെറ ഭാഗിനേയനാണു പാശ്ചാത്യപൌരസ്ത്യ വൈദ്യപണ്ഡിതനും സാഹിത്യരസികനുമായ ഡാക്ടർ രവിവർമ്മ കോയിത്തമ്പുരാൻ. തിരുവിതാംകൂർ സീനിയർ മഹാറാണി തിരുമനസ്സിലെ പള്ളിക്കെട്ടുകഴിച്ചിരിക്കുന്ന രാമവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ ഭാഗിനേയനാണു്.

ലക്ഷ്മീപുരത്തുകൊട്ടാരത്തിൽനിന്നു ഹരിപ്പാട്ടു ചെമ്പ്രാൽ കൊട്ടാരത്തിലേയ്ക്കു, പരപ്പനാട്ടു രാജാക്കന്മാരുടെ മറെറാരു ശാഖയും മാറിപ്പാർത്തിട്ടുണ്ടു്. ആധുനികകാലത്തു പരേതയായിഭവിച്ച സരസകവിയിത്രിയായ സ്വാതിതിരുനാൾ അംബാദേവിത്തമ്പുരാട്ടി ചെമ്പ്രാൽകൊട്ടാരത്തിലെ ഒരംഗമായിരുന്നു.

ബെയിപ്പൂർ*"ആലിയക്കോട്ട" രാജകുടുംബത്തിൽ നിന്നു് പരപ്പനങ്ങാടി കോവിലകത്തേക്കു ദത്തു ഉണ്ടായിട്ടുണ്ടു്.

ആധുനികകാലത്തും രാജകീയമായ ചില മാമൂലുകളും പദവികളും, ബ്രിട്ടീഷു് ഗവമ്മെൻറിൽനിന്നു മലീഖാനും ഈ രാജവംശത്തിനു ഉള്ളതാകുന്നു. മൂത്തരാജാവിനു "പരപ്പനാട്ടു വലിയരാജാ" എന്ന സ്ഥാനനാമം ഉപയോഗിക്കുവാനും അനുവദിക്കപ്പെട്ടിട്ടുണ്ടു്.

---

* കവികളെയും പണ്ഡിതന്മാരെയും മററും കുറിച്ചു് "കേരളഭാഷാചരിത്രം" എന്ന വിഭാഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

൫൦. താനൂർ (വെട്ടത്തുമന്നൻ) രാജ്യം.

ഉത്തരകേരളത്തിലെ പല പുരാതനരാജ്യങ്ങളിൽ ഒന്നായിരുന്നു വെട്ടത്തുനാട്ടുരാജ്യം. വെട്ടത്തുനാട്ടും പരിസരങ്ങളും ഈ രാജവംശത്തിന്റെ ഭരണത്തിലായിരുന്നു. കൊച്ചിരാജ്യത്തെ രാജസ്ഥാനത്തിനായി കൊച്ചിരാജവംശത്തിലുള്ള മൂത്തതാവഴിയും ഇളയതാവഴിയും തമ്മിൽ മത്സരിച്ചുകൊണ്ടിരുന്ന കാലത്ത്, ഇളയതാവഴിക്കാർ മാടത്തുംകൂർ, വില്യാർവട്ടം, കരുസ്വരൂപം, താനൂർ രാജവംശം മുതലായ പ്രബലങ്ങളായ സ്വരൂപങ്ങളിൽനിന്നു ദത്തെടുത്തു ആ താവഴിയുടെ സ്വാധീനബലം വർദ്ധിപ്പിച്ചിട്ടുണ്ട്. താനൂർ രാജവംശത്തിൽനിന്നു ദത്തെടുക്കപ്പെട്ടിട്ടുള്ള വെട്ടത്തുരാജാക്കന്മാരിൽനിന്നു കൊച്ചിരാജസ്ഥാനത്തേക്കു വാഴിക്കുവാൻ, കോഴിക്കോട്ടു കൊച്ചി യുദ്ധകാലത്തു പോർട്ടുഗീസുകാർ, താനൂർ വംശത്തിന്റെ പക്ഷത്തു ചേർന്നു ശ്രമം നടത്തുകയുണ്ടായി. അക്കാലത്തു രാജ്യാവകാശം ചാലിയൂർ ശാഖക്കു ലഭിക്കേണ്ടതാണെന്നു ഡച്ചുകാർ വാദിച്ചു. തന്നിമിത്തം ഡച്ചുകാരും പോർട്ടുഗീസുകാരും തമ്മിൽ കൊച്ചിയിൽവച്ചു യുദ്ധം ഉണ്ടാകുകയും ഡച്ചുകാർ കോവിലകത്തു പ്രവേശിച്ചു വെട്ടത്തുരാജാക്കന്മാരെ നിഗ്രഹിക്കുകയും ചെയ്തു. *

ആക്കാലങ്ങളിൽ വെട്ടത്തു രാജകുടുംബം വളരെ പ്രാബല്യത്തിൽ നിലനിന്നിരുന്നതാണു്. കൊച്ചി കോഴിക്കോട്ടുയുദ്ധത്തിൽ ഈ രാജവംശത്തിനു വലുതായ ഒരു പങ്ക് ഉണ്ടായിരുന്നു. ടിപ്പുവിന്റെ ആക്രമണത്തോടുകൂടി മലബാറിലെ നാട്ടുവാഴികൾക്കു ബഹുഭൂരിപക്ഷത്തിനും രാജ്യം നഷ്ടമായിപ്പോയി. അക്കൂട്ടത്തിൽ വെട്ടത്തുരാജകുടുംബത്തിനും രാജ്യാവകാശം നഷ്ടപ്പെട്ടു.

൫൧. അത്രൂർനാട്.

"കരപ്പുറം" എന്ന പേരിനാൽ അറിയപ്പെട്ടുവരുന്നതും, പശ്ചിമസമുദ്രത്തിനും വേമ്പനാട്ടുകായലിനും ഇടയ്ക്കു ഉൾപ്പെട്ടുകിടക്കുന്നതുമായ മണൽപ്രദേശങ്ങളിൽ പുരാതനകാലത്തു് രാജാധികാരം നടത്തിക്കൊണ്ടിരുന്ന ഒരു രാജവംശമാണു് അത്രൂർരാജകുടുംബം. പ്രാചീനവെമ്പലനാട്ടു രാജാക്കന്മാരുടെ

---

* ഗ്രന്ഥവരിപ്രകാരം കൊല്ലവർഷം ൮൨൦-മാണ്ടു മകരമാസം ൨൦-ാം തീയതി.

മേൽകോയ്മയിൻ കീഴിൽ ഉൾപ്പെട്ട രാജ്യങ്ങളിൽ ഒന്നായിരുന്ന "അത്രർനാട്" എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. അത്രരിന്റെ തലസ്ഥാനം "അത്രക്കറി" യായിരുന്നു. മദ്ധ്യകാലങ്ങളിൽ കൊച്ചീരാജ്യത്തിലെ ഒരു സാമന്തരാജ്യമായിരുന്നു അത്രർ.

൫൨. കോട്ടയത്തുരാജാ (പുറനാട്ടുകര).

ബ്രിട്ടീഷ് മലബാറിന്റെ ഉത്തരഭാഗത്ത് "കോട്ടയം" എന്ന നാമത്തിൽ ആധുനികകാലത്ത് അറിയപ്പെട്ടുവരുന്ന പ്രദേശത്തും പരിസരങ്ങളിലും നിലനിന്നിരുന്ന ഒരു രാജ്യമാകുന്നു, കോട്ടയം അഥവാ പുറനാട്ടുകര. കോട്ടയം രാജകുടുംബം വിദ്വാന്മാരും കവികളും, രണശൂരന്മാരും ആയ പല രാജാക്കന്മാരുടെയും ജന്മസ്ഥാനമായിരുന്നു. തിരുവിതാംകൂറിൽ ഉമയമ്മറാണി നാടുവാണിരുന്ന കാലത്ത് ."മുകിലൻ" തിരുവിതാംകൂർ ആക്രമിച്ചപ്പോൾ "കേരളവർമ്മ" എന്ന വിശ്രുതനായ കോട്ടയം രാജാവു, റാണിക്കു വേണ്ട സഹായങ്ങൾ നൽകിയിട്ടുണ്ടു്. "ബകവധം", "കിമ്മീരവധം", "കല്യാണസൌഗന്ധികം", "നിവാതകവചവധം" എന്നീ ആട്ടക്കഥകൾക്കു "കോട്ടയം കഥകൾ" എന്നാണു പേർ പറയപ്പെടുക. ഈ കൃതികളുടെ രചയിതാവായി ഒരു മഹാവിദ്വാനായിരുന്ന കോട്ടയത്തുരാജാവു് ഉണ്ടായിരുന്നു. അദ്ദേഹം മേല്പത്തൂർ ഭട്ടതിരിയുടെ സമകാലികനായിരുന്നു എന്നും, ആ സ്ഥിതിക്കു് ജീവിതകാലം മൂന്നിൽപരം ശതവർഷങ്ങൾക്കു മുമ്പായിരുന്നിരിക്കണമെന്നും 28 സംവത്സരംമുമ്പു മി. കൊട്ടാരത്തിൽശങ്കുണ്ണി അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നു.

കോട്ടയം രാജ്യത്തു "കുമാരധാര" എന്നൊരു അരുവിയും വെള്ളച്ചാട്ടവും ഉണ്ടു്. അതിലെ ജലത്തിനു പ്രത്യേക ഗുണങ്ങൾ ഉണ്ടെന്നും ബാല്യത്തിൽ മന്ദബുദ്ധിയും അലസനും വിദ്യാരഹിതനുമായിരുന്നു, ആട്ടക്കഥാകർത്താവു് എന്നും, "കുമാരധാര" നിപാതസ്ഥാനത്തുള്ള കയത്തിൽകെട്ടിഇടപ്പെട്ട ശേഷമാണു കുമാരനു ബുദ്ധിതെളിഞ്ഞതും സരസ്വതീപ്രസാദം ഉണ്ടായതുമെന്നും * ഐതിഹ്യം ഉണ്ടു്.

ടിപ്പുവിന്റെ പടയോട്ടക്കാലത്തു കോട്ടയത്തു രാജകുടുംബം നാടും നഗരവും ഉപേക്ഷിച്ചു തിരുവിതാംകൂറിൽവന്നു താമ

* ഐതിഹ്യമാല—കൊട്ടാരത്തിൽ ശങ്കുണ്ണി.

സിച്ചിരുന്നു. ഇവർ ചങ്ങനാശേരിപട്ടണത്തിൽ വാഴപ്പള്ളി യിലുള്ള "പൂവക്കാട്ടചിറ" എന്ന വലിയ ജലാശയത്തിനു സമീപം "കോട്ടയത്തുമഠം" എന്നും ആധുനികകാലത്തും സം ജ്ഞചെയ്യപ്പെട്ടുവരുന്ന കോവിലകത്താണു താമസിച്ചിരുന്നതു്. പഴയകെട്ടിടങ്ങൾ ഒന്നും ഇപ്പോൾ അവിടെ ഇല്ല. കോവി ലകത്തിന്റെ പേരോടുകൂടിയ പുരയിടം ഇപ്പോഴും ഉണ്ടു്.

൪൭. കുരുവനാട്ടു്.

കുരുവനാടു്, കൊടുങ്ങല്ലൂരിനും പൊന്നാനിയ്ക്കും ഇടയ്ക്കു് ഉള്ള പ്രദേശത്തു നിലനിന്നുപോന്ന ഒരു രാജ്യമായിരുന്നു. ഈ നാട്ടിനു "കൌരരാഷ്ട്രം" എന്ന നാമം ഒരു കാലത്തു് ഉണ്ടായിരുന്നു. "കുരുസ്വരൂപം" അഥവാ "കുരുവകോയിൽ" എന്ന രാജവംശമാണു് പ്രസ്തുതരാജ്യം വാണിരുന്നതു്. കൊച്ചി കോഴിക്കോടു യുദ്ധകാലത്തും ഈ രാജ്യം നിലനിന്നിരുന്നു. ടിപ്പുവിന്റെ ആക്രമണത്തോടുകൂടി കുരുവസ്വരൂപ രാജാക്ക ന്മാർക്കു രാജ്യം നഷ്ടമായിത്തീർന്നു.

൪൮. അയനിക്കാനാട്ടു്.

ഈ രാജ്യം പൊന്നാനിയും പരിസരങ്ങളും ഉൾപ്പെട്ട ഒരു പ്രദേശമായിരുന്നു. ഒരു കാലത്തു അയനിക്കരരാജാവു വലിയ പ്രബലനായിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്തു് ഈരാജ്യ ത്തെ രാജാവും നായർ യോദ്ധാക്കളും ധീരധീരം പോർചെയ്തു ശത്രുക്കളെ നിരോധിച്ചതായി പല ഐതിഹ്യങ്ങളും ഉണ്ടു്. പൊന്നാനിക്കായലിൽ അയനിക്കര രാജാക്കന്മാർ കെട്ടിച്ചിരു ന്ന ഒരു അണയുടെ അവശിഷ്ടങ്ങൾ അദ്യാപി കാണപ്പെടുന്നു.

൪൯. കൊടുങ്ങല്ലൂർ രാജവംശം.

(പടിഞ്ഞാറേടത്തു കോവിൽ) കൊടുങ്ങല്ലൂർ രാജവംശ ത്തിനു് രാജ്യാധിപത്യം, പുരാതനകാലങ്ങളിൽ ഉണ്ടായിരുന്നു. കൊടുങ്ങല്ലൂരും പരിസരങ്ങളും ആ രാജ്യത്തിൽഉൾപ്പെട്ടിരുന്നു. എന്നാൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം തുറമുഖമെന്ന നില യിൽ വർദ്ധിച്ചുവന്നതോടുകൂടി ആ നഗരം കേരളരാജപ്പെരുമാ ക്കന്മാരുടെ തലസ്ഥാനമായിത്തീർന്നു. പെരുമാക്കന്മാരുടെ വാ സസ്ഥാനം തിരുവഞ്ചിക്കുളത്തും ആയി; അക്കാലം മുതൽ കൊടുങ്ങല്ലൂർ രാജ്യപ്രാഭവം ഌനമായിത്തുടങ്ങി. പലവിദേശ രാജാക്കന്മാരുടേയും ചേര, ചോള, പാണ്ഡ്യാദി കേരളരാജാ ക്കന്മാരുടേയും, കേരളത്തിൽ സ്ഥായിയായ പ്രസക്തി ഉത്ഭവി

പ്പിച്ചു ഇതരരാജാക്കന്മാരുടെയും ആക്രമണങ്ങൾ കൊടുങ്ങല്ലൂർ രാജ്യം വിധേയമായി. സാമൂതിരിയുടെ ശക്തി വൎദ്ധിച്ചതോടു കൂടി കോഴിക്കോട്ടു രാജ്യത്തിൻെറ സാമന്തരാജത്വമെന്ന നില കൊടുങ്ങല്ലൂർ രാജാവിനു വന്നു. കൊച്ചിരാജാവിൻെറ പ്രാബല്യംവൎദ്ധിച്ചുവന്നകാലത്തു് പ്രസ്തുത രാജ്യം മിക്കവാറും കൊച്ചീരാജ്യത്തിൻെറ അധികാരത്തിൻകീഴിലായി; എങ്കിലും കൊച്ചിയും കോഴിക്കോടും തമ്മിൽ നടന്നുകൊണ്ടിരുന്ന മഹായുദ്ധകാലത്തു കൊടുങ്ങല്ലൂർ രാജാവിനു് ഒരു സാമന്തരാജാവെന്ന നില ഉണ്ടായിരുന്നു. ടിപ്പുവിൻെറ ആക്രമണത്തോടെ കൊടുങ്ങല്ലൂർ രാജാവിൻെറരാജ്യം നഷ്ടപ്പെട്ടു. കൊടുങ്ങല്ലൂർ രാജാക്കന്മാർ പടിഞ്ഞാറേടത്തുകോവിൽ തമ്പുരാക്കന്മാർ എന്നു് ആധുനികകാലത്തും അറിയപ്പെടുന്നു. പ്രസിദ്ധകവികളായ * കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്നിവർ ഈ രാജവംശത്തിലെ അംഗങ്ങളായിരുന്നു.

൫൩. വെങ്ങനാടു്.

(കൊല്ലങ്കോട്ടുരാജാ) എ. ഡി. 4-ാംശതവൎഷത്തിൽ ദക്ഷിണേൻഡ്യയിൽ നിലനിന്നിരുന്ന രാജ്യങ്ങളുടെ പട്ടികയിൽ "വെങ്ങി" എന്ന രാജ്യം "ഹസ്തിവൎമ്മ" എന്ന രാജാവു് വാണിരുന്നതായി കാണുന്നുണ്ടു്. "വെങ്ങി" വെങ്ങനാടു് ആണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ രാജ്യം സാമൂതിരി കൊച്ചി യുദ്ധകാലത്തും നിലനിന്നിരുന്നു. ആ മഹായുദ്ധത്തിൽ വെങ്ങനാടു (കൊല്ലങ്കോട്ടു) രാജാവും സഹകരിച്ചിട്ടുണ്ടു്. ചരിത്രാതീതമായ വിദൂരകാലത്തു "വടകൊല്ലം" എന്ന നഗരം ഈ രാജ്യത്തിൻെറ തലസ്ഥാനമായിരുന്നു. കൊല്ലങ്കോടു് എന്ന രാജവംശസംജ്ഞ അക്കാരണവശാൽ സിദ്ധിച്ചതായിരിക്കണം. ഉത്തരകേരളത്തിലെ രാജാക്കന്മാൎക്കു ടിപ്പുവിൻെറ ആക്രമണം നിമിത്തം പൊതുവിൽ സംഭവിച്ച രാജ്യകാരനഷ്ടം ഈ രാജകുടുംബത്തിനും നേരിട്ടു. പ്രസിദ്ധനായ കൊല്ലങ്കോട്ടുരാജാ വാസുദേവരാജാവു് ഈ രാജവംശത്തിലെ അംഗമാകുന്നു.

൫൪. മങ്ങാട്ടുനാടു്.

ഉത്തരതിരുവിതാംകൂറിൽ ആലങ്ങാട്ടു താലൂക്കിൽ നിലനിന്നിരുന്ന ഒരു പുരാതനരാജ്യമായിരുന്നു മങ്ങാട്ടുനാടു. മങ്ങാട്ടു

* ഇവരേക്കുറിച്ചു "കേരളഭാഷാചരിത്രം" എന്ന വിഭാഗത്തിൽ കൂടുതൽ വിവരങ്ങൾ ചേൎത്തിട്ടുണ്ടു്.

രാജാവിനു "മങ്ങാട്ടുമൂത്തേരിപ്പാട്ട്" എന്നായിരുന്നു രാജകീയ സംജ്ഞ. ഇളംകൂർ (ഇളമുറ) രാജാവിനു "മങ്ങാട്ടുകൈമൾ" എന്നായിരുന്നു സ്ഥാനം. ഈ രാജവംശത്തിന്റെ മൂലകുടുംബം, പുരാതനകാലത്തു "ദേശം" എന്ന സ്ഥലത്താണ്. അവരുടെ പുരാതനതലസ്ഥാനവും അവിടെത്തന്നെ ആയിരുന്നു. വേറെയും ചില കേരളരാജ്യങ്ങളിൽ ഇളമുറ രാജാവിനു കൈമൾ എന്ന സ്ഥാനം ഉണ്ടായിരുന്നതായി അനുമാനിക്കത്തക്ക ഐതിഹ്യങ്ങൾ ഉണ്ട്. "കൈമൾ" ശബ്ദം ഒരു ജാതിയെയോ അവാന്തരവിഭാഗത്തെയോ പുരാതനകാലത്തു ദ്യോതിപ്പിച്ചിരുന്നില്ല. അതു രാഷ്ട്രീയമായ ഒരു പദവി മാത്രമായിരുന്നു. പാശ്ചാത്യരാജ്യങ്ങളിൽ "ഡ്യൂക്ക്" മുതലായ പദവികൾ രാജകുടുംബാംഗങ്ങൾക്കു നൽകപ്പെട്ടുപോരുന്ന പതിവ് ആധുനികകാലത്തും നിലനിന്നുപോരുന്നുണ്ടല്ലോ.

മങ്ങാട്ടുനാട്ട് പുരാതനകാലം മുതല്ക്ക് ദേവരാഷ്ട്രവുമായി സഖ്യത്തിലായിരുന്നു. ഒരുപക്ഷേ ദേവരാഷ്ട്രത്തിന്റെ പ്രാബല്യദശയിൽ മങ്ങാട്ടുരാജാവ് ആ രാഷ്ട്രത്തിന്റെ അധീശതയെ അംഗീകരിച്ചിരുന്ന ഒരു സാമന്തനായിരുന്നിരിക്കണം. കേരളത്തിൽ യൂറോപ്യൻ വണിക്കുകൾ പ്രവേശിച്ച മദ്ധ്യകാലങ്ങളിലും, ഈ നാട്ടു കൊച്ചിയുമായി സഖ്യത്തിലും സാമന്തബന്ധത്തിലും, വർത്തിച്ചിരുന്നു. അക്കാലത്ത് കൊച്ചിയുടെ പ്രധാനമിത്രങ്ങളായിരുന്ന മങ്ങാട്ട്, വടക്കുംകൂർ, അന്നൂർ, ചെമ്പകശ്ശേരി, ഇടപ്പള്ളി എന്നീ രാജ്യങ്ങളെ ഓരോ നയോപായങ്ങൾ പ്രയോഗിച്ചു സ്വപക്ഷത്തേയ്ക്ക് ആനയിക്കുവാൻ കോഴിക്കോട്ടു സാമൂതിരി ശ്രമിച്ചുകൊണ്ടിരുന്നു. കൊച്ചീരാജാവിന്റെ മിത്രരാജാക്കന്മാരെ അകററിയും, നിർവാഹമുള്ളേടത്തോളം സ്വപക്ഷത്തിൽ ചേർത്തുംകൊണ്ട്, കൊച്ചിയുമായി യുദ്ധം ആരംഭിക്കണമെന്നുള്ളതായിരുന്നു സാമൂതിരിയുടെ ഉദ്ദേശം. ഈ ഉദ്ദേശസാദ്ധ്യത്തിനായി ഒരു മങ്ങാട്ടു കൈമളെ സ്വാധീനപ്പെടുത്തി, കോഴിക്കോട്ടു രാജ്യത്തെ മന്ത്രിസ്ഥാനം കുടുംബ പാരമ്പര്യാവകാശമായി സാമൂതിരി ആ കൈമൾക്കു നൽകി. "മങ്ങാട്ട് അച്ചൻ" എന്ന പദവിയും കൈമൾക്കു കൊടുത്തു. തന്നിമിത്തം മൂത്തേരിപ്പാട്ടും ഇളംകൂറും തമ്മിൽ വൈരമായി. ഇളംകൂറിനും പ്രാബല്യത്തിനും, ജനസ്വാധീനത്തിനും കുറവില്ലാതിരുന്നതിനാൽ ദേശാധിപതികൾ രണ്ടു

കക്ഷികളായി തിരിഞ്ഞു, ചിലർ രാജപക്ഷത്തിലും ചിലർ അച്ഛന്റെ പക്ഷത്തും ചേർന്നു. ഇപ്രകാരം മങ്ങാട്ടുനാട്ടിൽ ആഭ്യന്തരകലഹം ആരംഭിക്കുകയും രാജ്യശക്തി ക്ഷയോന്മുഖമാകുകയും ചെയ്തു. മൂത്തേരിപ്പാട്ട് കൊച്ചിയുടെ ഭാഗത്തു തന്നെ നിലവിടാതെ നിന്നു. എന്നാൽ പ്രബലനും പ്രതാപിയുമായ സാമൂതിരിയുടെ സഹായസഹകരണങ്ങൾ നിമിത്തം, മങ്ങാട്ടച്ചന്റെ ശക്തി പൂർവ്വാധികം വർദ്ധിച്ചുകൊണ്ടിരുന്നു. കൊച്ചീ കോഴിക്കോട്ടുയുദ്ധകാലത്തു് മൂത്തേരിപ്പാട്ട് കൊച്ചീരാജാവിന്റെ സംയുക്തശക്തികളിൽ ഉൾപ്പെട്ടിരുന്നു. അക്കാലത്തു മൂത്തേരിപ്പാടിന്റെ വാസവും രാജസ്ഥാനവും തിരുവാലൂരേയ്ക്കു മാററി. ക്രമേണ ഇളംകൂറിന്റെയും മൂത്തേരിപ്പാടിന്റെയും ശാഖകൾ രണ്ടു സ്വതന്ത്രരൂപങ്ങളുടെ നിലയിലായി. മൂത്തേരിപ്പാടിന്റെ കാലശേഷം മങ്ങാട്ടുനാട്ടിന്റെ ആധിപത്യം, സാമൂതിരിയുടെ സഹായത്തോടുകൂടി മങ്ങാട്ടു കൈമൾ സ്വാധീനമാക്കി. മൂത്തേരിപ്പാടിന്റെ ശാഖയുടെ അവകാശം സ്ഥാപിക്കുവാൻ കൊച്ചിയും ശ്രമിച്ചു. കൊച്ചീ കോഴിക്കോട്ട് മഹായുദ്ധത്തിന്റെ പരിണാമഫലത്തോടുകൂടി മങ്ങാട്ടുനാടിന്റെ ശക്തി തീരെ ക്ഷയിച്ചു. ആ രാജ്യത്തിനു് കൊച്ചീരാജ്യത്തിന്റെ ഒരംശം എന്ന നില വന്നുകൂടി. പറവൂർ രാജ്യത്തിന്റെ ഒരു അംശം എന്ന നിലകൂടി വന്നു. പറവൂർ രാജ്യത്തിന്റെ അനുഭവവും ഇതേ തരത്തിലായി. കോഴിക്കോട്ടുമായി നടന്ന യുദ്ധത്തിന്റെ പരിണാമഫലത്തിൽ ടിപ്പുവിന്റെ കേരളാക്രമണവും ഉണ്ടായി. തന്നിമിത്തം കൊച്ചീരാജാവു തിരുവിതാംകൂറിന്റെ സഹായം അഭ്യർത്ഥിച്ചതനുസരിച്ചു തിരുവിതാംകൂർ മഹാരാജാവു കൊച്ചിയെ സഹായിക്കുവാൻ വലിയൊരു സേനയോടുകൂടി പുറപ്പെട്ടു കൊച്ചിയിൽചെന്നു് സാമൂതിരിയെയും ടിപ്പുവിനേയും നേരിട്ടു കൊച്ചിയെ രക്ഷിച്ചു. പ്രസ്തുത സഹായസഹകരണങ്ങൾക്കു് ആസ്പദമായ സഖ്യവ്യവസ്ഥകളിൽ ഒന്നു് ആലങ്ങാട്ടും പറവൂരും, തിരുവിതാംകൂറിലേക്കു് കൊച്ചീരാജാവു വിട്ടുകൊടുക്കുന്നതാണെന്നായിരുന്നു. ഇപ്രകാരം ആ രണ്ടു രാജ്യങ്ങളിന്മേലും തിരുവിതാംകൂറിനു് അവകാശം സിദ്ധിച്ചു. അക്കാലശേഷം ആലങ്ങാട്ടുരാജാവിനു് (മങ്ങാട്ടുനാട്ടു്) രാജ്യാധിപത്യാവകാശം തീരെ നിലച്ചു. മങ്ങാട്ടുനാട്ടുരാജാക്കന്മാരുടെ കോട്ടകൊത്തളങ്ങളുടെ നഷ്ടശിഷ്ടങ്ങൾ,

അദ്യാപി, "ദേശം" എന്ന സ്ഥലത്തും "തിരുവാലൂരും" കാണപ്പെടുന്നുണ്ടു്. ആലങ്ങാട്ടു രാജവംശവും, മങ്ങാട്ടു കൈമ്മളുടെ വംശവും അദ്യാപി നിലനിന്നുപോരുന്നു. മങ്ങാട്ടുനാടും ഇടപ്പള്ളി രാജ്യവും അയൽരാജ്യങ്ങളായിരുന്നു.

൧൮. പറവൂർരാജ്യം.

തിരുവിതാംകൂറിന്റെ ഉത്തരസീമയിലുള്ള പറവൂർത്താലൂക്കും പരിസരങ്ങളും പറവൂർ രാജ്യത്തു ഉൾപ്പെട്ടിരുന്നു. മങ്ങാട്ടുനാടും പറവൂരും അയൽ രാജ്യങ്ങളായിരുന്നു. പറവൂർരാജ്യം വാണിരുന്ന രാജവംശക്കാർ നമ്പൂരിമാരാണു്. അവരുടെ മൂലകുടുംബം പാറക്കടവു് എന്ന സ്ഥലത്താകുന്നു. കൊച്ചീരാജാവിന്റെ കീഴിലുള്ള ഒരു സാമന്തരാജാവിന്റെ നിലയാണു് പറവൂർ രാജവംശത്തിനു് ഉണ്ടായിരുന്നതു്. കോഴിക്കോട്ടു യുദ്ധകാലത്തു് പറവൂർ രാജാവും കൊച്ചിയുടെ പക്ഷത്തുനിന്നു യുദ്ധത്തിൽ സഹകരിച്ചിരുന്നു. ടിപ്പുവിന്റെ പട കൊച്ചീരാജ്യത്തു പ്രവേശിച്ചു് അക്രമങ്ങൾ നടത്തിയ കൂട്ടത്തിൽ ഒരു സേനാവിഭാഗത്തോടുകൂടി ടിപ്പു, പറവൂർ രാജാവിന്റെ കോട്ടയിൽ പ്രവേശിച്ചു കോവിലകവും ക്ഷേത്രവും തീവച്ചു് നശിപ്പിക്കുക മുതലായ പ്രവൃത്തികൾ ചെയ്തിട്ടുണ്ടു്. മങ്ങാട്ടു നാട്ടിൽ ഉൾപ്പെട്ടിരുന്നതും ആലുവാപ്പുഴയുടെ മദ്ധ്യസ്ഥാനത്തായി ഇപ്പോൾ കാണപ്പെടുന്നതുമായ പുരാതനശിവക്ഷേത്രത്തിന്റെ സങ്കേതം വരെ കരയുണ്ടായിരുന്നുവെന്നും 'ടിപ്പുവിന്റെ ഭടന്മാർ ക്ഷേത്രവും, ഉപഗ്രഹങ്ങളും അവ ഇരുന്ന തറപോലും, പൊളിച്ചും, വെട്ടിക്കിളച്ചുതകത്തും നദിയുടെ മണൽത്തിട്ടയുടെ നിരപ്പോടു് ഒപ്പിച്ചതാണെന്നും, ഇപ്രകാരം ചെയ്വാൻ ഹേതു, ക്ഷേത്രത്തിലെ വിഗ്രഹം ഇളക്കി പിഴുതെടുക്കുവാൻ ചെയ്ത ശ്രമം വിഫലീഭവിക്കുകയാലായിരുന്നുവെന്നും അദ്യാപി വിശ്വസിക്കപ്പെട്ടിരിക്കുന്നു. പറവൂർ രാജാവിന്റെ കോട്ടയുടെയും കോട്ടയ്ക്കകത്തുണ്ടായിരുന്ന ക്ഷേത്രത്തിന്റെയും നഷ്ടശിഷ്ടങ്ങൾ ആധുനികകാലത്തും കാണപ്പെടുന്നുണ്ടു്. പറവൂർ രാജ്യാതിർത്തിക്കകത്തും, രാജധാനിയോടു സമീപിച്ചും, നിലനിന്നിരുന്ന "പെരുവാരം" "മൂകാംബി" മുതലായക്ഷേത്രങ്ങൾ തിരുവിതാംകൂർ ഗവണ്മെന്റിൽ നിന്നു ജീർണ്ണോദ്ധാരണം ചെയ്തു സംരക്ഷിച്ചു വരുന്നുണ്ടു്. രാജ്യാധികാരം നശിച്ച പറവൂർ രാജാവു, പെരുവാരത്തു ക്ഷേത്രത്തിലെ

ഉത്സവത്തിന്ന വന്നു, ആധുനികകാലത്തും ചില മാമൂലുകൾ നിർവ്വഹിക്കുവാൻ വ്യവസ്ഥയുണ്ട്. ഈ രാജവംശക്കാർ പാറക്കടവിലുള്ള കോവിലകത്തു പാൎത്തുവരുന്നു.

എൻ. വള്ളുവനാട്.

"അരങ്ങോട്ട" രാജവംശം, പുരാതനകാലത്തു വള്ളുവനാട്ടും പരിസരപ്രദേശങ്ങളിലും രാജാധികാരം നടത്തിവന്നിരുന്നു. "വള്ളുവനായിരി" എന്നായിരുന്നു, ആ നാട്ടുവാഴിയുടെ രാജകീയനാമം. "ഭാസ്കരരവിവൎമ്മ" എന്ന കേരളരാജപ്പെരുമാൾ ജോസഫ് റബ്ബാന്ന് "അഞ്ചുവനം" എന്ന പ്രദേശം ദാനംചെയ്തു കൊടുത്തതിൽ നൽകിയ താമ്രശാസനത്തിൽ വള്ളുവനാട്ടുരാജാവായിരുന്ന "രായിരൻ ചാത്തൻ" സാക്ഷിസ്ഥാനത്ത് ഒരാളായിരുന്നു. ആ രാജാവു വേണാട്ടു രാജാവായിരുന്ന ഗോവൎദ്ധനമാൎത്താണ്ഡന്റെയും "വേണവഴി" (ഓടനാട്) രാജ്യത്തിന്റെ അധിപനായിരുന്ന കോതശ്രീകാന്തന്റെയും ഏറളനാട്ടു രാജാവായിരുന്ന മാനവേപലമാനവീരന്റെയും നെടുമ്പ്രയാർ (പാലക്കട—പാലക്കാട്ടു) രാജാവായിരുന്ന കോതഇരവിയുടെയും സമകാലികനായിരുന്നു. "വീരരാഘവപ്പെരുമാൾ" എന്ന കേരളരാജപ്പെരുമാൾ, കൊടുങ്ങല്ലൂർ നിവാസിയായിരുന്ന ഇരവി കോരൻ തിന്ന മണിഗ്രാമം ഇടവകയും കേരളത്തിലെ വാണിജ്യമേലധികാരവും നൽകിയതായ താമ്രശാസനത്തിലും സാക്ഷിസ്ഥാനത്തു വള്ളുവനാട്ടു രാജാവിന്റെ പേർകാണുന്നുണ്ട്. കോഴിക്കോട്ടു യുദ്ധാപരിണാമംവരെ ഈ രാജവംശത്തിന്ന രാജാധികാരം ഉണ്ടായിരുന്നു.

പുരാതനകേരളത്തിലെ മറ്റുസ്വരൂപങ്ങളും, രാജവംശങ്ങളും, മാടമ്പിമാരും, പ്രഭുകുടുംബങ്ങളും.

കക്കാട്ടുരാജവംശം, പാപ്പുകോവിൽ (ചാലിയാത്തുനാട്) വന്നലശ്ശേരി (നമ്പിടി) പറപ്പുകോവിൽ (ബെയ്പ്പൂരുരാജവംശം) മാടത്തുംകൂർ, വില്യാർ (വില്ലർ) വട്ടം, ഗിരിയകത്തു (കിരിയത്തു) മാമലഞ്ചേരി നാട്ടുവാഴി, വാടവക്കോട്ട, കരുമല, (കരുനാട്ടു) ചോളനാട് (ചോളത്തിരി) പയിങ്ങോട്ട് (നായിരി) പൂഞ്ഞാർസ്വരൂപം, വഞ്ചിപ്പുഴ (മാമ്പള്ളി) പണ്ടാരത്തിൽ, വാക്കവഞ്ചിപ്പുഴ പണ്ടാരത്തിൽ, ആഴ്വാഞ്ചേരി, പേങ്ങാട്ടു ഇല്ലത്തിൽ കൈമ്മൾ, വൈക്കത്തില്ലത്തിൽ കൈമ്മൾ, അമ്പഴത്തുങ്കൽകൎത്താ, റാന്നിയിൽകൎത്താ; പറമ്പത്തു കുറുപ്പ്

ആകസ്ഥാനത്തുകുറുപ്പ്, ആകസ്ഥാനത്തുകൈമ്മൾ, ഞാവു ക്കാട്ടുകൈമ്മൾ, കണ്ണനഴിയത്തു തറമേൽ പണിക്കർ, വടയാ റപ്പിള്ള, കണ്ടയിലാറപ്പിള്ള, വെഞ്ഞമുട്ടംപിള്ള, ചെറു ശേരിതാൻ, കഴക്കൂട്ടത്തുപിള്ള, കുടമൺപിള്ള, രാമനാമഠ ത്തിൽപിള്ള, മാത്താണ്ഡമഠത്തിൽപിള്ള, വെങ്ങാനൂർപിള്ള, ചെമ്പഴന്തിപിള്ള, പള്ളിച്ചൽപിള്ള, നന്ദിയാട്ടുപിള്ള, നന്ദി യാട്ടുകുറുപ്പ്, നന്ദിയാട്ടുപണിക്കർ, കൊല്ലത്തുകുറുപ്പ്, നെടുമ്പ്ര ത്തുകുറുപ്പ്, പടയാരത്തിൽപിള്ള, നാലേകാട്ടിൽനായർ, ഇണ്ട ന്തുരുത്തികൈമ്മൾ, പുറനാട്ടുപണിക്കർ, വാഴവേലിപണി ക്കർ, എടത്തിൽമേനവൻ, പഴൂർ (ചാലയിൽ) പണിക്കർ, മാറ്റൂർപണിക്കർ, പയിങ്ങോട്ട് ഇല്ലത്തിൽ (നായിനരിത്ത് —നൈനാടത്തു) കൈമ്മൾ.

പാലിയത്തച്ചൻ.

പാലിയം പുരാതനകാലത്തു രാജ്യാധിപത്യം ഉണ്ടായി രുന്ന ഒരു നായർരാജകുടുംബം ആയിരുന്നു. പാലിയത്തച്ചൻ സ്വതന്ത്രരാജാവായിരുന്നതാനും. മണക്കോട്ട്, മള്ളൂർക്കര മുത ലായ ചില പ്രാചീനദ്വീപുകളായിരുന്നു ആ രാജ്യത്തിന്റെ പ്രധാന വിഭാഗങ്ങൾ. മണക്കോട്ടച്ചൻ പാലിയത്തെ ഒരു പൂവ് ശാഖയിൽ ഉൾപ്പെട്ട നാടുവാഴിയായിരുന്നു. വില്യാർവട്ടം നായർരാജവംശത്തിലെ ഒരു രാജാവ് ക്രിസ്തുമതംസ്വീകരിക്ക യാൽ, ആ രാജാവ് രാജ്യത്തിന്റെ ഒരു വിഭാഗവും മുതലുകളും കൊണ്ടു വേർപിരിഞ്ഞശേഷം, ബാക്കിരാജ്യം വില്യാർവട്ടം നായർരാജവംശത്തിൽതന്നെ ലയിച്ചിരുന്നു. പതിനഞ്ചാം ശതാബ്ദമായപ്പോഴേക്കു വില്യാർവട്ടം നായർരാജകുടുംബവും, ക്രിസ്ത്യൻരാജകുടുംബവും അന്യം നില്ക്കകയാൽ ആ രാജ്യങ്ങ ളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ കൊച്ചിരാജ്യത്തിൽ അടങ്ങി. കൊച്ചിയുടെ ഉത്തരഭാഗത്തുള്ളതും വില്യാർവട്ടം എന്ന പേരി നാൽ അദ്യാപി അറിയപ്പെട്ടുപോരുന്നതുമായ ഒരു ദ്വീപു കൊച്ചിരാജാവിൽനിന്നു പാലിയത്തേക്കു സിദ്ധിച്ചു. ഇപ്രകാരം അവിടെയും പാലിയത്തെ ആധിപത്യം സ്ഥാപിക്കുവാൻ സാധിച്ചു. പാലിയത്തെ മൂലകുടുംബവും പൂവ്സ്വത്തുക്കളും ചേന്നോട്ട് (ചേന്നമംഗലം) ആയിരുന്നു. ആധുനികകാലത്തും ചേന്നമംഗലത്താണല്ലൊ പാലിയംവക കെട്ടിടങ്ങളും സ്ഥാവര ജംഗമങ്ങളും അധികവും നിലനിന്നുവരുന്നതു്.

കൊച്ചിരാജ്യത്തെ മന്ത്രിപദവും, സർവസൈന്യാധിപത്യവും, പാലിയത്തച്ഛൻ പൂർവകാലം മുതൽ പാരമ്പര്യാവകാശമായി സിദ്ധിച്ചിരുന്നു. കൊച്ചിയിലെ സർവസൈന്യാധിപത്യം, നായിക്കർ വീട്ടിൽ കുടുംബക്കാർക്ക പാരമ്പര്യമായി ഉണ്ടായിരുന്ന അവകാശമായിരുന്നുവെന്നും, എന്തു കാരണവശാലോ ആ അവകാശം, ആ കുടുംബത്തെക്ക നഷ്ടപ്പെട്ടതുമുതൽ പാലിയത്തെക്ക സിദ്ധിച്ചതാണെന്നും വിസ്ച്ചർ പ്രസ്താവിച്ചിരിക്കുന്നു. പോർട്ടുഗീസുകാർ, ഡച്ചുകാർ ആദിയായ (1) ഐറോപ്യസമുദായങ്ങൾ കേരളതീരങ്ങളിൽ വാണിജ്യാർത്ഥം; ആദ്യമായി വന്നകാലത്തു് കൊച്ചിരാജ്യത്തിൽ പാലിയത്തച്ഛന് ഉണ്ടായിരുന്ന മന്ത്രിപദത്തിനും പുറമേ, മണക്കോട്ട മുള്ളൂർക്കര വില്യാർവട്ടം മുതലായ പ്രദേശങ്ങളിൽ സ്വാതന്ത്ര്യാധിപത്യമുള്ള രാജാവെന്ന നിലക്കുടി പാലിയത്തു അച്ഛന് ഉണ്ടായിരുന്നതായി ഐറോപ്യചരിത്രരേഖകൾ വ്യക്തമാക്കുന്നുണ്ടു്. കൊച്ചിയിലെ ഡച്ചുഗവമ്മെൻറ രേഖകളും ഇതിലേക്കു് സാക്ഷ്യം വഹിക്കുന്നുണ്ടു്. (2) "വയ്പ്പു്" ദ്വീപിലും പാലിയത്തെക്ക സർവസ്വാതന്ത്ര്യമായ ആധിപത്യം ഒരുകാലത്തു് നിലനിന്നിരുന്നു. പോർട്ടുഗീസുകാർ കേരളത്തിൽ ഒരു രാഷ്ട്രീയശക്തിയായി വർത്തിക്കുന്ന വിഷയത്തിൽ പാലിയത്തച്ഛന്മാർ വൈപരീത്യം പ്രദർശിപ്പിച്ചുവന്നു. കൊച്ചിരാജാവു് പോർട്ടുഗീസുകാക്കു്, കൊച്ചിയിൽ സർവസ്വാതന്ത്ര്യങ്ങളും അനുവദിച്ചുകൊടുക്കുന്നതു കേരളരാജാക്കന്മാരുടെ താല്പര്യങ്ങൾക്കും, വിശിഷ്യ കൊച്ചി മുതലായ രാജ്യങ്ങളുടെ പ്രസക്തിക്കും ദോഷകരമാണെന്നുള്ള അഭിപ്രായം ആയിരുന്നു പാലിയത്തച്ഛന്മാർക്ക ഉണ്ടായിരുന്നതു്. ഡച്ചുകാരെ കൊളമ്പിൽ നിന്നും കൊച്ചിയിലേക്കു് ആനയിക്കുവാനുണ്ടായ ആലോചനയിലും, അതിനെ തുടന്നു നടത്തപ്പെട്ട പ്രവൎത്തനങ്ങളിലും, പാലിയം നേരിട്ടു നിന്നു് ഏപ്പെട്ടുവാൻ ഹേതു, ഡച്ചുകാരുടെ സഹായത്തോടുകൂടി പോർട്ടുഗീസുകാരുടെ ശക്തിയെ കൊച്ചിയിൽ നാമാവശേഷമാക്കി, കൊച്ചിരാജ്യത്തിൻെറയും രാജവംശത്തിൻെറയും അഭിമാനം പുലത്തണമെന്നായിരുന്നു. ഡച്ചുകാർ പാലിയത്ത

(1) Visschers Letters from Malabar.

(2) മി. കെ. പി. പത്മനാഭമേനവൻ — Notes on Visschers Letterse from Vol. 1

ച്ചനോട്ട് അളവററ ബഹുമാനം ഉണ്ടായിരുന്നു. വാണിജ്യസംബന്ധമായ കാൎയ്യങ്ങളിൽ ചില കേരളീയരാജാക്കന്മാരുമായി ഇടപാടുകൾ നടത്തുന്ന വിഷയത്തിൽ പാലിയത്തു രാജാവിന്റെ സഹായം അവൎക്ക അത്യാവശ്യമായിരുന്നു. കേരളത്തിലെ ഇതരരാജാക്കന്മാരിൽ നിന്നു് പാലിയത്തെ രക്ഷിച്ചുകൊള്ളാമെന്നു, ഡച്ചുകാർ പാലിയത്തു രാജാവുമായി ഉടമ്പടിചെയ്തിരുന്നു. താന്ത്രി കോവിലകത്തുനിന്നുമുണ്ടായിരുന്ന ദത്തിലേ രാജാക്കന്മാൎക്ക, രാജ്യാധിപത്യം സ്വാധീനമാക്കുവാൻ വേണ്ടി പോർട്ടുഗീസുകാരുടെ സഹായത്തോടുകൂടി അവർ മൂത്തതാവഴിക്കാരായ യഥാൎത്ഥരാജ്യാവകാശികളായ രാജാക്കന്മാരെ രാജ്യഭ്രഷ്ടരാക്കിയ കാലത്തു, പാലിയത്തച്ഛനും അവരെ അനുഗമിച്ചു, ചെമ്പകശ്ശേരി, തെക്കുംകൂർ, കായംകുളം, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിൽ ഓരോരോ ഘട്ടത്തിൽ വാസം ഉറപ്പിച്ചുകൊണ്ടു രാജ്യാവകാശം മൂത്ത താവഴിരാജാക്കന്മാൎക്ക വീണ്ടെടുത്തു കൊടുക്കുവാനായി ദക്ഷിണകേരളത്തിലെ രാജാക്കന്മാരുമായി സഖ്യാലോചനകൾ നടത്തുകയും തദ്വിഷയകമായിപ്പല ഉദ്യമങ്ങളിലും ഏൎപ്പെടുകയും ചെയ്തിട്ടുണ്ടു്. മൂത്തതാവഴി രാജാക്കന്മാരുടെയും പാലിയത്തച്ഛന്റെയും വിരാജ്യപ്രച്ഛന്നവസതികളുടെ സ്മരണയെ നിലനിൎത്തുമാറു്, ആധുനികതിരുവിതാംകൂറിൽ ചില പ്രദേശങ്ങളിൽ അദ്യാപി "കൊച്ചി", "പെരുമ്പടപ്പു്", "പാലിയം" മുതലായ നാമങ്ങളോടുകൂടിയ പുരയിടങ്ങൾ നിലനിന്നുപോരുന്നുണ്ടു്.

രാജ്യാധികരത്തെപ്പോലും മ്ലാനമാക്കത്തക്കവിധം, ഒരുകാലത്തു് കൊച്ചിരാജ്യത്തു അപരിചിതമായ പ്രഭാവവും പ്രാബല്യവും, പാലിയത്തേക്കു് ഉണ്ടായിരുന്നു. കൊച്ചിരാജാവിനെ സ്വാധീനപ്പെടുത്തിക്കൊണ്ടു് കൊച്ചിയുടെ സഹകരണത്തോടു തിരുവിതാംകൂറിനെ ആക്രമിക്കുവാൻ ഉദ്ദേശിച്ച സാമൂതിരിയുടെ ഉദ്ദേശം വിഫലീഭവിപ്പിക്കുവാൻവേണ്ടി, രാജ്യതന്ത്രജ്ഞനായ കോമിഅച്ചൻ കൊല്ലം 928-ാമാണ്ടടുത്തു് കൊച്ചിരാജ്യത്തിനു പ്രയോജനകരമായ ഒരു ഉടമ്പടി കൊച്ചിയും, തിരുവിതാംകൂറുമായി ചെയ്യിക്കുവാൻ ഹേതുവായി ഭവിച്ചു. തിരുവിതാംകൂറിന്റെ സഹായത്തോടുകൂടികൊച്ചിയിൽനിന്നു സാമൂതിരിയെ പലായനം ചെയ്യിക്കുവാൻ സാധിച്ചുവെന്നുള്ളതു് പ്രസിദ്ധമാണല്ലോ.

കേരളമഹാചരിത്രം

രണ്ടാം ഭാഗം.

ഗ്രന്ഥകർത്താ

കരപ്പുംവീട്ടിൽ

കെ. എൻ. ഗോപാലപിള്ള.

(കേരളചരിത്രോപഹാരം, വിദേശീയർകണ്ട കേരളം, പോർക്കളത്തിന്റെ
പിന്നിൽ, ശാരദ (രണ്ടാംഭാഗം), വിജയസൌധം മുതലായ
ഗ്രന്ഥങ്ങളുടെ രചയിതാവു്)

പ്രകാശകൻ

ഠഠl. സുബ്ബയ്യാ റെഡ്യാർ,
റെഡ്യാർ പ്രസ്സ് & ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

1949.

ഒന്നാംപതിപ്പ്
കാപ്പി 1000

THE REDDIAR PRESS TRIVANDRUM

1124.

വില ൩ ഇൻ. ക്രം

പകർപ്പവകാശം
പ്രകാശകന്

രണ്ടാംഭാഗത്തിന്റെ

മുഖവുര.

കേരളത്തിന്റെ പ്രാചീനകാലത്തെയും മദ്ധ്യകാലത്തിലെയും ചരിത്രമാണു്, കേരളമഹാചരിത്രം ഒന്നാംഭാഗത്തിലും, ഈ രണ്ടാംഭാഗത്തിലും ആയി പ്രതിപാദിച്ചിട്ടുള്ളതു്. വായനക്കാരുടെ സൌകര്യംപ്രമാണിച്ചു പ്രസ്തുതഗ്രന്ഥം രണ്ടു ഭാഗങ്ങളായി പ്രസിദ്ധംചെയ്തു എന്നേ ഉള്ളൂ. ഒന്നാംഭാഗത്തിൽ ഒന്നു മുതൽ 41 വരെ അദ്ധ്യായങ്ങളും 22-ൽപരം ചരിത്രപ്രധാനങ്ങളായ ചിത്രങ്ങളും ഉൾക്കൊണ്ടിട്ടുണ്ടു്. 42 മുതൽ 63 വരെ അദ്ധ്യായങ്ങളും 1 മുതൽ 20 വരെയുള്ള പ്രധാന അനുബന്ധങ്ങളും 62 പ്രാചീനരേഖകളുടെ പകർപ്പുകളും അടിമവ്യാപാരം സംബന്ധിച്ച രേഖകളായ 3 ഓലക്കരണങ്ങളും, 69 അനുബന്ധ്യുപവകുപ്പുകളും ഉൾപ്പെടെ ആകെ 154 അനുബന്ധങ്ങളും, പ്രാചീനകേരളത്തിന്റെ ഭൂപ്രകൃതി, കടൽത്തീരം, രാജ്യങ്ങൾ, പ്രാചീന നഗരങ്ങൾ എന്നിങ്ങനെ പല വിവരങ്ങളും വെളിപ്പെടുത്തുന്ന രണ്ടു ഭൂപടങ്ങളും, പുരാതന ശിലാരേഖകൾ ഉൾക്കൊള്ളുന്ന ഏതാനും ബ്ലോക്കുചിത്രങ്ങളും, കേരളത്തിലെ പ്രാചീന ലിപിമാതൃകകളും ചെന്തമിഴ് കരിന്തമിഴ് അക്ഷരമാലകളും ഈ രണ്ടാംഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു. ഈ ചരിത്രരചനയെ ലക്ഷ്യീകരിച്ചുംമററും പൌരാണിക ചരിത്രലക്ഷ്യശാസ്ത്രവും തത്സംബന്ധമായി ബന്ധപ്പെട്ടതായ ഇതരശാഖകളും പരാമർശിച്ചു കേരളത്തിൽ വിവിധപ്രദേശങ്ങളിലായിട്ടു ദീർഘകാലമായി ഞാൻ നടത്തിവരുന്ന ഗവേഷണങ്ങളുടെ റിക്കാർഡുകളിൽ ഒരു അംശം മാത്രമാകുന്നു ഈ ചരിത്രഗ്രന്ഥവും അനുബന്ധങ്ങളും. ഗവമെന്റുകളുടെയും സർവകലാശാലകളുടെയും, പ്രസിദ്ധീകരണസ്ഥാപനങ്ങളുടെയും, സർവോപരി പൊതുജനങ്ങളുടെയും ഉദാരവും മുക്തഹസ്തവുമായ സഹായസഹകരണങ്ങളിലാണു് എന്റെ ഈ പരിശ്രമത്തിന്റെ ഫലപ്രാപ്തിയും വിജയവും സ്ഥിതിചെയ്യുന്നതെന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ 1-ം 2-ം ഭാഗങ്ങളിലായി കേരളത്തിന്റെ പ്രാചീന ചരിത്രവും മദ്ധ്യകാലചരിത്രവും സമഗ്രമായി പൂൎത്തിയാക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ടെന്നുമാത്രം അഭിമാനിക്കുന്നതേയുള്ളു. കേരളത്തിന്റെ ആധുനികചരിത്രം എഴുതുവാനുള്ള ഉദ്യമവും ഞാൻ ഇതിനകം ആരംഭിച്ചിട്ടുള്ളതാണു്. നിഷ്പക്ഷവും സത്യപരിപൂൎണ്ണവുമായി ഒരു ആധുനികചരിത്രം എഴുതി ഫലിപ്പിക്കുന്നതിനു സാങ്കേതികങ്ങളായ പ്രതിബന്ധങ്ങൾ പലതും ഉള്ളതാണല്ലോ. ഇൻഡ്യക്കു് ആധുനികകാലത്തു സിദ്ധിച്ച രാഷ്ട്രീയസ്വാതന്ത്ര്യത്തെത്തുടൎന്നു കേരളരാജ്യങ്ങളിലും ആസന്നഭാവിയിൽ രൂപമെടുക്കുവാൻ ഇടയുള്ള രാഷ്ട്രീയങ്ങളായ സംഭവവികാസങ്ങൾ സ്വതന്ത്രമായ ഒരു കേരളചരിത്രരചനയ്ക്കു വഴിതെളിച്ചു സംഭാവന ചെയ്യുമെന്നാണു് എന്റെ പ്രത്യാശ. ഏതാദൃശങ്ങളായ ചുററുപാടുകളിൽ കേരളത്തിന്റെ യഥാൎത്ഥമായ ഒരു ആധുനികചരിത്രം എഴുതി പ്രസിദ്ധംചെയ്യുവാൻ അചിരേണ സാധിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ രണ്ടാംഭാഗം പ്രാചീനകേരളചരിത്രത്തെ ലോകസമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താവു്,

തിരുവനന്തപുരം, 1124—8—20.

കുറുപ്പുംവീട്ടിൽ
കെ. എൻ. ഗോപാലപിള്ള.

KERALA-MAHA CHARITRAM

PART I

BY K. N. GOPALA PILLAI.

Rs. 3.

Sufficient attention is given to the geological and traditional history of Kerala; political geography is treated in more than one place; Kerala and Chera are distinguished; the basic blend in culture is emphasised. The kingdom of the Itihasic hero Udayana was called Chotturajyam or Perunchotti because of his fame as an almoner. It is said that contrary to the usual belief, the Zamorins of Calicut belonged to a very ancient family; that Satyaputra ruled over north Kerala; that the term Tiya is derived from Tissa, King of Ceylon; and that the centuries, 3rd to 7th A.D., were a golden age, and that the capital of Kerala was Tiruvanchikula—Karur. Why not refer to the neighbouring locality of Karuvapatana, near Irinjalakuda. Relying on the mention of Mannaraja and Samudragupta in the Oana-pattu and identifying Kottura with Mannadu and Devarashtra with Tevara near Ernakulam, the author envisages the invasion of Kerala by Samudragupta and the greateful Mannaraja instituted the national festival called

Onam. The fortunes of Buddhism and Jainism are followed by accounts of St. Thomas and Sankara. Much space is given to the snakes of Kerala, snake-shrines, materia medica, marriage untouchability, omens, drinks, food, castes and vehicles. The popular assemblies functioned well: Desam, Tara (Kara), Nadu and Mamangam (Mahamakham), the last being an all - Kerala gathering once in twelve years. It lasted from eleven to twelve days during summer under the presidency of the most powerful Prince of Kerala, whose position as President of Mamangam continued till its next session. The Nambudiris had their own assembly called Tali. The author discusses the Perumals and their chronology. He contends that ancient kerala was a federation and rejects the story of the last Perumal's partition of kerala and of his conversion to Islam...

So Says HINDU. 13—2—1949

REDDIAR PRESS & BOOK-DEPOT, TRIVANDRUM.

കേരളമഹാചരിത്രം രണ്ടാംഭാഗം

ഉള്ളടക്കം.

—•—

(അദ്ധ്യായങ്ങൾ 1 മുതൽ 41 വരെ 1-ാംഭാഗത്തിൽ)

അദ്ധ്യായം

42. പോർത്തുഗീസുകാരുടെ ആഗമനകാലത്തെ കേരളരാജ്യങ്ങൾ.
43. എ. ഡി. 18-ാംശതവർഷത്തിൽ നിലനിന്നിരുന്ന കേരളരാജ്യങ്ങൾ.
44. കേരളത്തിൽ വാണിജ്യത്തിനു വന്ന യൂറോപ്യൻ സമുദായങ്ങൾ.
45. കേരളചരിത്രത്തിലെ പരിവർത്തനഘട്ടം.
46. പുരാതനകേരളത്തിലെ ജനസമൂഹങ്ങൾ.
47. നായന്മാർ.
48. ഈഴവർ.
49. ക്രിസ്ത്യാനികൾ.
50. മഹമ്മദീയർ.
51. കേരളക്ഷത്രിയർ.
52. അബ്രാഹ്മണതമിഴർ.
53. തമിഴ്ബ്രാഹ്മണർ മുതലായവർ.
54. കേരളത്തിലെ പ്രാചീനനായർകളരികൾ.
55. ചാവേരന്മാർ.
56. പ്രാചീനകേരളത്തിലെ ശിക്ഷാസമ്പ്രദായങ്ങൾ.
57. കേരളത്തിലെ അഞ്ചലിന്റെ ചരിത്രം.
58. പ്രാചീനകേരളത്തിലെ വാണിജ്യവും വ്യവസായവും.
59. പ്രാചീനകേരളതീരങ്ങളിലെ കടല്ക്കള്ളന്മാർ.
60. കേരളത്തിലെ മത്സ്യങ്ങളും ജലജന്തുക്കളും.
61. പ്രാചീനകേരളത്തിൽ കേരളവൈദ്യപദ്ധതിയിൽ ഔഷധത്തിനുപയോഗിക്കുന്ന മൃഗങ്ങൾ, ജന്തുക്കൾ മുതലായവ.
62. കേരളത്തിലെ മൃഗങ്ങൾ മുതലായവ.
63. ദേശനാമപരങ്ങളായ ചില ഗവേഷണക്കുറിപ്പുകൾ.

64. അനുബന്ധങ്ങൾ.

(1) ചില പ്രധാന ക്ഷേത്രങ്ങളുടെ സ്ഥാപനകാലം—കേരളചരിത്രപ്രസിദ്ധിയുള്ള മററു ചില സംഭവങ്ങളുടെ കാലം—ഗ്രന്ഥവരി.

(2) പ്രാചീനകേരളമാടമ്പിയുടെ സ്ഥാനമാനാവകാശങ്ങൾ (ഗ്രന്ഥവരി)

(3) പ്രാചീന ഓലക്കരണങ്ങളുടെ പകൎപ്പുകൾ, പ്രാചീനകേരളഭാഷയായിരുന്ന വട്ടെഴുത്തു് ലിപിമാതൃകയിൽ എഴുതപ്പെട്ടിട്ടുള്ള നാനംമൂനം, ചെന്തമിഴ് കരിന്തമിഴ് മുതലായ ഭാഷാലിപികളിൽ ഉള്ള 62 കരണങ്ങളുടെ തൎജ്ജിമ.

(4) കുടിയിരുത്തുനിനവു് (താമ്രശാസനപ്പകൎപ്പു്)

(5) ഒരു ഗണകനു മാടമ്പിപദം നല്കുന്ന നിനവു്.

(6) പന്തളം അടമാനം (പകൎപ്പു്) കൊ: ൯൩൦.

(7) മലയാളഭാഷയുടെ പ്രാചീന സാഹിത്യത്തിലെ ഗദ്യമാതൃക.

(8) ഒരു പ്രാചീന കേരള മാടമ്പിയുടെ മൂപ്പേല്പു് (ഗ്രന്ഥവരി)

(9) പണ്ടാരവക വക്കീലിനുത്തരവു (നിനവുപകൎപ്പു്)

(10) പണ്ടാരവക വക്കീലിന്റെ നിയമനനിനവിന്റെ പകൎപ്പു്

(11) പ്രാചീനകേരളത്തിലെ അടിമ വ്യാപാര ങ്ങൾ പ്പണയക്കരണം—ആളൊററി ഓലക്കരണം.

(12) പരിശപ്പാട്ടഓലക്കാരിയം.

(13) കേരളത്തിലെ ആൎയ്യോപവേശം സംബന്ധിച്ച ഗ്രന്ഥവരി.

(14) ചരിത്രപ്രാധാന്യമുള്ള പ്രാചീനകേരളഗീതികൾ.

(a) രാജമണവാളന്റെ കപ്പൽയാത്ര.

(b) ഏഴാമത്തുകളിപ്പാട്ടു്.

(c) വാതൽതുറപ്പാട്ടു്.

(d) മുച്ചട്ടപ്പാട്ടു്.

(e) പൊലിവുപാട്ടു്.

(f) ഉലകനീതി.
(g) നക്ഷത്രമാല.
(h) മാണിക്യമാല.
(i) പോരിമ്പക്കാതൽ.
(j) പാലത്യാനം.
(k) തിരുപ്പുകഠ.
(l) മാൎഗ്ഗംകളിപ്പാട്ടു്.
(m) ഭദ്രകാളിപ്പാട്ടു്.
(n) തെൻകൊല്ലകന്നിയാവിന്റെ ഓമനമാല.
(o) ഒരു ഓണപ്പാട്ടിന്റെ അംശം (ഒരു പഴയ ഗ്രന്ഥത്തിൽനിന്നു്)
(p) മറെറാരു ഓണപ്പാട്ടു്.
(q) പഴയ കുറത്തിപ്പാട്ടു്.
(r) കുറിശ്ലോകങ്ങളും പാട്ടുകളും.

(15) കട്ടനാടൻ മതശ്രുതികളിലെ ഉപദേശം (ഗ്രന്ഥവരി)

(16) തിരുവിതാംകൂറിലെ ആദിമനിയമഗ്രന്ഥം (ചില ഭാഗങ്ങഠ)

(17) ചിലപുരാതനക്ഷേത്രങ്ങളും ഇതരദേവാലയങ്ങളും സംബന്ധിച്ച ചില ഗവേഷണക്കുറിപ്പുകഠ.

൧. അനന്തശയനം. ൨ ആദിത്യപുരം ക്ഷേത്രം. ൩. കന്യാകുമാരി ക്ഷേത്രം. ൪. ശുചീന്ദ്രം ക്ഷേത്രം. ൫ വൎക്കല ക്ഷേത്രം. ൬. ശ്രീവല്ലഭം (തിരുവല്ലം) ക്ഷേത്രം. ൭. തൃക്കൊടി ക്ഷേത്രം. ൮. ശുകപുരം ക്ഷേത്രം. ൯. പന്നിയൂർ വരാഹമൂൎത്തി ക്ഷേത്രം. ൰. തിരുവല്ലാതേലേശ്വരിക്ഷേത്രം ൰൧. ചെങ്ങന്നൂർ പുത്തൻതെരുവുപള്ളി. ൰൨. ശ്രീവല്ലഭപുരം ക്ഷേത്രം. (തിരുവല്ല), ൰൩. തിരുച്ചെങ്ങന്നൂർ ക്ഷേത്രം. ൰൪. വൈക്കം ക്ഷേത്രം. ൰൫. ഉദയനാപുരം. ൰൬. കുമാരകോവിൽക്ഷേത്രം. ൰൭. ഉദയംപേരൂർക്ഷേത്രം. ൰൮. ഏറ്റുമാനൂർക്ഷേത്രം. ൰൯. കടുത്തുരുത്തിക്ഷേത്രം. ൨൰ തകഴിക്ഷേത്രം. ൨൧. തൃച്ചിറ്റാറ്റുക്ഷേത്രം. ൨൨. തൃശ്ശിവപേരൂർ. ൨൩ തൃപ്പൂണിത്തുറക്ഷേത്രം ൨൪. തൃക്കൊടിത്താനം ക്ഷേത്രം. ൨൫. കുറിച്ചിക്ഷേത്രം. ൨൬ കുറിച്ചിഭഗവതി. ൨൭. മുത്തൂർക്ഷേത്രം. ൨൮. കട്ടംപേരൂർ

ക്ഷേത്രം. ൩൯. കൊരട്ടിക്ഷേത്രം. ൪൦. കവിയൂർക്ഷേത്രം. ൪൧. ഇഴിഞ്ഞില്ലംശാസ്താംകോവിൽ. ൪൨. നീലമ്പേരൂർക്ഷേത്രങ്ങൾ ൪൩. മയ്യാത്തുരുത്തു പാണ്ഡവക്ഷേത്രം. ൪൪. വേദഗിരി. ൪൫. വെന്നിമല ക്ഷേത്രം. ൪൬. തിരുവഞ്ചിക്കുളം ക്ഷേത്രം. ൪൭. തൃക്കാക്കരക്ഷേത്രം. ൪൮. തൃക്കാരിയൂർക്ഷേത്രം. ൪൯. കൊടുങ്ങല്ലൂർ ക്ഷേത്രം. ൫൦. കൊലപ്പുക്കാവു്. ൫൧. വള്ളിയാങ്കാവു്. ൫൨. മലയാലപ്പുഴക്കാവു്. ൫൩. മണ്ടയ്ക്കാട്ടു്. ൫൪. തിരുവിതാംകോട്ടു മുസ്ലീംപള്ളി. ൫൫. ശബരിമലക്ഷേത്രം. ൫൬. കൊടമാളൂർ ക്രൈസ്തവപള്ളി. ൫൭. കങ്ങഴക്ഷേത്രം. ൫൮. ഏഴിമലക്ഷേത്രം. ൫൯. മാടായിപ്പള്ളി (മുസ്ലീം) ൬൦. രാമന്തളിക്ഷേത്രം. ൬൧. പുതിയകോട്ടക്ഷേത്രം.

(18) പ്രാചീനക്ഷേത്രങ്ങളുടെ ഒരു പട്ടിക.

(1൯) പ്രാചീനബുദ്ധവിഹാരങ്ങൾ.

(20) പലവക ക്ഷേത്രങ്ങൾ.

ബ്ളാക്കുകളുടെ വിവരം.

1. പ്രാചീനകേരളത്തിന്റെ ഭൂപടം. മുഖചിത്രം. No 1. (ബി. സി. ൪000) പ്രാചീനരാജ്യങ്ങൾ.
2. പ്രാചീനകേരളത്തിന്റെ കടലോരം മുതലായവയും പ്രാചീനരാജ്യങ്ങളും. (ക്രി. ഡി. 1-ാംശതകം)
മുഖചിത്രം No 2.
3. പ്രാചീനകേരളലിപി. സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, ഹ്രസ്വദീർഘാക്ഷരങ്ങൾ മുതലായവ 4 വശങ്ങൾ. 10 ബ്ലോക്കുകൾ
4. ചെങ്ങന്നൂർ പുത്തൻതെരുവു പള്ളി ശിലാരേഖകൾ (വശം 276—277)
5. കൊടമാളൂർ ശിലാരേഖകൾ (വശങ്ങൾ 305-306)

കേരളമഹാചരിത്രം

രണ്ടാം ഭാഗം.

൪൨-ാം അദ്ധ്യായം.

* പോർട്ടുഗീസുകാരുടെ ആഗമനകാലത്തെ കേരളരാജ്യങ്ങൾ.

1. കണ്ണൂർ—കോലത്തുനാട്ടുസ്വരൂപം
2. താനൂർ—വെട്ടത്തുസ്വരൂപം.
3. മുരിങ്ങൂർ.
4. കൊടുങ്ങല്ലൂർ.
5. പറവൂർ.
6. മങ്ങാട്ടു്.
7. ഇടപ്പള്ളി.
8. കൊച്ചി.
9. ഭയ (ഉദയമ്പേരൂർ)ബേർ (പന്തിങ്ങോട്ടു്)പൈങ്ങണ പയിങ്ങോട്ടു കൈമ്മളുടെ ദേശം കൂടി അടക്കിയ വടക്കംകൂർ.
10. തറങ്ങൂൽ (തെക്കംകൂർ).
11. കാളികൊയ്ലം (കായംകുളം)—(കാളികൊല്ലം).
12. കൊയ്ലം (കൊല്ലം) ശെങ്ങർനാട്ടു് (ദേശിങ്ങനാട്ടു്)
13. ഗുണ്ടറ (കുണ്ടറ) ഇളയിടത്തു സ്വരൂപത്തിന്റെ ആദി തലസ്ഥാനം.
14. തിരുവിതാംകൂർ (തിരുവിതാങ്കോട്ടു്).
15. മാറവർട്ടു്—(വ്യക്തമാകുന്നില്ല. മരുത്തൂർവട്ടം (കരപ്പുറം നാട്ടു് ആയിരിക്കാം.)

---

* Portuguese Asia Vol. I.

16. പിടെമെൻ— (വ്യക്തമാകുന്നില്ല.)—(പെരുവന്താനം ആയിരിക്കണം).

ഇവയിൽ പ്രധാനപ്പെട്ട സ്വാതന്ത്ര്യരാജ്യങ്ങൾ.

1. കണ്ണൂർ രാജ്യം (കോലത്തുനാട്).

കോലത്തു നാട്ടിലെ പ്രധാനപട്ടണങ്ങൾ കോട്ട, കൊല്ലം (വടകൊല്ലം), നീലീചലം(നീലേശ്വരം), മറാബിയ(മാടായി—മാധവി പട്ടണം), ബൊലിയ (വലിയ) പട്ടണം, കണ്ണൂർ, (തലസ്ഥാന നഗരം ഇതുതന്നെ.) ത്രേമപട്ടണം; ചെമ്പു, മെയിറ, പുരി (തി) യപട്ടണം എന്നിവയാണ്.

2. കോഴിക്കോട്ടുരാജ്യം.

ഇവിടത്തെ പ്രധാനപട്ടണങ്ങൾ കോഴിക്കോട്ട് (തലസ്ഥാനം), കൌളത്ത്, ചാല, പറങ്ങോലി താന്തൂർ. (താന്തൂർ രാജാവു സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിച്ചിരിക്കുന്നു). ചെറുവായാണു കോഴിക്കോടിന്റെ ദക്ഷിണസീമയ്ക്കുമേ കിടക്കുന്ന നാട്, കോഴിക്കോടിന്റെയും ചെറുവായുടെയും ചക്രവർത്തിയാണു സാമൂതിരി.

3. കൊടുങ്ങല്ലൂർ.

കൊച്ചിരാജ്യത്തോടു തൊട്ട് അടുത്തു കിടക്കുന്ന ഒരു ചെറിയ രാജ്യം.

4. കൊച്ചിരാജ്യം.

5. കൌലം (കൊല്ലം—ദേശിങ്ങനാട്ട്*)

6. തിരുവിതാംകൂർ

(നരസിംഹന്റെ മേൽകോയ്മയുണ്ട്. * ഈ പ്രസ്താവന ശരിയല്ല).

---

* വിജയനഗരവും കേരളവും എന്നഭാഗം നോക്കുക.

൪൩-ാം അദ്ധ്യായം.

* ഏ. ഡി. പതിനെട്ടാം ശതവർഷത്തിൽ നിലനിന്നിരുന്ന രാജ്യങ്ങൾ.

ഒന്നാം സ്ഥാനം.

കോഴിക്കോട്ട്—സാമൂതിരി.
കൊച്ചി—പെരുമ്പടപ്പിൽ രാജാ.
തിരുവിതാംകൂർ—തൃപ്പാപ്പൂരുസ്വരൂപം.

രണ്ടാംസ്ഥാനം.

താനൂർ—വെട്ടത്തുരാജാ.
കൊടുങ്ങല്ലൂർ.
പരപ്പനങ്ങാടി—(പരപ്പനാട്ട കോവിൽരാജാ—പാ
അയിരൂർ—(ഉത്തര)—(ആരൂർ) [പ്പുകോവിൽ)
കണ്ണൂർ.
ഇടപ്പള്ളി.
കായംകുളം.
ദേശിങ്ങനാട്ട്.
തെന്മല.
പറവൂർ.
പുനത്തൂർ.
ആലങ്ങാട്ട്.
അങ്കമാലി.
അയനിക്കര.
തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി, കൊട്ടാരക്കര, അയിരൂർ (പന്തളം രാജ്യം)
പന്നമുക്കാട്ട കത്താ.
നന്ദിയിലേട്ട കത്താ.
ശിങ്ങാരക്കോട്ട കത്താ.

* ഫ്ര. ബർത്തലമിയോ സഞ്ചാരമദ്ധ്യേ കണ്ടറിഞ്ഞ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ—പോർട്ടുഗീസ ഏഷ്യ—വാല്യം ൨.

പുത്തൂക്കോട്ടു കർത്താ.
മാപ്രാണത്തു കർത്താ.
മുരിയാത്തു് തമ്പാൻ.

മൂന്നാം സ്ഥാനം.

കന്നത്തേരി കർത്താ. (കന്നിഗിരി നാട്ടുവാഴി ആയിരിക്കുമോ?)
കോടശ്ശേരി കർത്താ.
ചിററാററൂർ കർത്താ.
പുത്തൻ പീടിക കർത്താ.
കരുമ്പിലകത്തു കർത്താ.
ചെട്ടിയാട്ടു കർത്താ.

൪൪-ാം അദ്ധ്യായം

കേരളത്തിൽ വാണിജ്യത്തിനുവന്ന യൂറോപ്യൻ സമുദായങ്ങൾ.

ക്രിസ്തുവർഷാരംഭത്തിന് അനേകായിരം സംവത്സരങ്ങൾക്കു മുൻപുതന്നെ പ്രാചീനയൂറോപ്യൻ വണിക്‌വർഗ്ഗക്കാരായ ഗ്രീക്കുകാരും റോമന്മാരും കേരളരാജ്യങ്ങളുമായി വാണിജ്യം നടത്തിവന്നിരുന്നതായി, മുൻപു ചില ഭാഗങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഗ്രീക്കരാജ്യങ്ങളും, അലക്സാണ്ഡരുടെ മാസിഡോണിയാമഹാരാജ്യവും, റോമൻസാമ്രാജ്യവും, ശിഥിലീഭവിക്കുകയും, ആ മഹാരാജ്യങ്ങളിൽ നിലനിന്നിരുന്ന പരിഷ്കാരവും സംസ്കാരവും നഷ്ടപ്രായമാകുകയും ചെയ്തതിന്റെശേഷം, യൂറോപ്യൻ സമുദായങ്ങൾ, പ്രസ്തുതസംസ്കാരാവശിഷ്ടങ്ങളെ അവലംബിച്ചു, ക്രമേണ സാമൂഹ്യവും സാമ്പത്തികവുമായ വിഷയങ്ങളിൽ അഭിവൃദ്ധിയെ പ്രാപിച്ചുതുടങ്ങി. ഉപവേശത്തേയും സാമ്പത്തികലക്ഷ്യത്തേയും പുരസ്കരിച്ചു്, അവർ പുതിയ ഭൂഭാഗങ്ങളെ ആരാഞ്ഞു കപ്പൽയാത്രകൾ ആരംഭിച്ചു. സ്പെയിൻ, നെതർലണ്ട് മുതലായരാജ്യങ്ങളിൽ കപ്പൽപണിയിൽ ജനങ്ങൾക്കു

ഔത്സുക്യം വർദ്ധിച്ചു. നാവികവിദ്യയിൽ യൂറോപ്യന്മാർക്ക് നൈപുണ്യം സിദ്ധിച്ചതോടുകൂടി, അക്കാലംവരെ അറിവിൽപെടാതെകിടന്ന ഫലപ്രദങ്ങളായ പല പ്രദേശങ്ങളും അവർ കണ്ടുപിടിച്ച്, ഉപവേശം ആരംഭിച്ചു. പൌരസ്ത്യദേശങ്ങളെയും, വിശിഷ്യ ഇൻഡ്യയെയും ലക്ഷ്യമാക്കി സന്നദ്ധബുദ്ധികളായ ഐറോപ്യ നാവികന്മാർ പലരും നാവികസഞ്ചാരം തുടങ്ങി. ആ കൂട്ടത്തിൽ പോർട്ടുഗീസു നാവികനായ വാസ്കോഡിഗാമായും, കോഴിക്കോട്ടു തുറമുഖത്തിൽ ചെന്നു ചേരുവാൻ സാധിച്ചു.

പോർട്ടുഗീസുകാർ

എ. ഡി. 1497-ാമാണ്ടു മേയ്മാസം 28-ാംനു-യാണു ഗാമാ കോഴിക്കോട്ടു തുറമുഖത്തു ചെന്നെത്തിയതു്. കോഴിക്കോട്ടുരാജ്യവുമായി വാണിജ്യം നടത്തിക്കൊള്ളുവാൻ, സാമൂതിരി വാസ്കോഡിഗാമായ്ക്കു അനുവാദം നല്കി. എന്നാൽ കേരളത്തിലെ ജനങ്ങൾക്കു കൌതുകപ്രദങ്ങളായ സാധനങ്ങൾ ഒന്നുംതന്നെ കപ്പലിൽ ഉണ്ടായിരുന്നില്ല. പോർട്ടുഗീസുകാർ കൊണ്ടുചെന്നിരുന്ന സാധനങ്ങളേക്കാൾ മെച്ചമേറിയ വ്യവസായോല്പന്നങ്ങൾ, അക്കാലത്തു കേരളരാജ്യങ്ങളിൽ ഉണ്ടാക്കപ്പെട്ടുവന്നിരുന്നു. "സ്വർണ്ണം, വെള്ളി, പവിഴം, നീലം മുതലായ വിലപ്പിടിപ്പുള്ള സാധനങ്ങൾ കൊണ്ടുവരുക. നമ്മുടെ രാജ്യത്തു് ഏലം, ഗ്രാമ്പൂ, ഇഞ്ചി, കുരുമുളകു, രത്നങ്ങൾ മുതലായ സാധനങ്ങൾ ധാരാളം ഉണ്ടു്. അവ നിങ്ങൾക്കു കൊണ്ടുപോകാം. നിങ്ങൾ കൊണ്ടുവന്നിട്ടുള്ളവയേക്കാൾ മെച്ചമേറിയ ചരക്കുകൾ ഇവിടെ വേണ്ടുവോളം ഉണ്ടു്." എന്നു സാമൂതിരി കല്പിച്ചതായി ഒരു പോർട്ടുഗീസു ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. കോഴിക്കോട്ടു തുറമുഖത്തെ വാണിജ്യാധിപന്മാരായിരുന്ന അറബികൾ, പോർട്ടുഗീസുകാരോടു് അസൂയയും വിദ്വേഷവുമുള്ളവരായിത്തീർന്നു. എങ്കിലും വലുതായ അഭിപ്രായവ്യത്യാസങ്ങൾക്കു് ഇടവരുത്തി ബഹളം ഉണ്ടാക്കാതെ, കേരളത്തിലെ വിശേഷപ്പെട്ട പട്ടുകളും ജവുളിത്തരങ്ങളും കുറേ സുഗന്ധദ്രവ്യങ്ങളും കപ്പലുകളിൽ കയററിക്കൊണ്ടു്, ഏതാനും മാസങ്ങൾക്കുള്ളിൽ ഗാമാ പോർട്ടുഗലിലേക്കു തിരിച്ചുപോയി. ഇപ്രകാരം പോർട്ടുഗീസുകാർ, കേരളത്തിലേയ്ക്കു ചെയ്ത ആദ്യ നാവികപ്രസ്ഥാനം, അവർക്കു ആദായകരമായി ഭവിച്ചില്ലെ

കിലും, പിൻഗാമികൾക്കും, ഇതര യൂറോപ്യൻസമുദായങ്ങൾക്കും പ്രയോജനകരമായിത്തീരത്തക്കവിധം ഇൻഡ്യയിലേക്കുള്ള ഒരു വാണിജ്യപഥം കണ്ടുപിടിക്കുവാൻ വാസ്കോഡിഗാമായ്ക്കു സാധിച്ചുവെന്നുള്ളതു, ലോകചരിത്രത്തിൽ പ്രത്യേകത ഉള്ള ഒരു സംഭവമാകുന്നു.

അധികം താമസിയാതെ വീണ്ടും ഒരു പോർട്ടുഗീസു കപ്പൽ വാണിജ്യാർത്ഥം കോഴിക്കോട്ടുതുറമുഖത്തു് വന്നുചേർന്നു. ഇൻഡ്യയുമായി വാണിജ്യം നടത്തുവാൻ രൂപീകരിക്കപ്പെട്ട ഒരു കമ്പനിയുടെ ആഭിമുഖ്യത്തിലായിരുന്നു നൂതനപ്രസ്ഥാനം. ആസന്ദർഭത്തിൽ അറബികൾ വൈമനസ്യത്തോടുകൂടിയാണെങ്കിലും പോർട്ടുഗീസുകാരെ സ്വാഗതം ചെയ്തു. കുറേക്കാലം വാണിജ്യം നടന്നു. എങ്കിലും അറബികൾക്കും മൂറന്മാർക്കും സാമൂതിരിയുടെരാജധാനിയിലുണ്ടായിരുന്ന അപരിമിതമായ സ്വാധീനബലം നിമിത്തം, സാമൂതിരിക്കു പോർട്ടുഗീസുകാരുടെ പേരിൽ ക്രമേണ വിദ്വേഷം അങ്കുരിച്ചു. പെട്ടെന്നു് അവർതമ്മിൽ വലിയശത്രുതയിൽ ആയിത്തീർന്നു. തന്നിമിത്തം പോർട്ടുഗീസുകാർ അവരുടെ കപ്പലുകളുംകൊണ്ടു, കൊച്ചിയിലേക്കു പുറപ്പെട്ടു. കൊച്ചിരാജാവു് അവർക്കു് ആ രാജ്യത്തിൽ കച്ചവട സ്വാതന്ത്ര്യങ്ങൾ നൽകി. കാലാന്തരത്തിൽ അവരുടെ വാണിജ്യം ആ തുറമുഖത്തിൽ വർദ്ധിച്ചു വന്നു. പോർട്ടുഗീസുകാർക്കു, കൊച്ചിരാജാവു് അഭയം നൽകിയതു സാമൂതിരിക്കുംകോഴിക്കോട്ടുരാജ്യത്തെ മാടമ്പിമാർക്കും സുഖപ്രദമായിതോന്നിയില്ല. ക്രമേണ അവരുടെ പ്രസ്തുത മനോഭാവം കൊച്ചിയിലെ മാടമ്പിമാരുടെയും മററും ഇടയിലും സംക്രമിച്ചു. കേരളതീരത്തെ പ്രധാന തുറമുഖമെന്ന നിലയെ പ്രാപിച്ചിരുന്ന കോഴിക്കോട്ടുനഗരത്തിലെ വാണിജ്യം മന്ദീഭവിക്കുകയും, കൊച്ചി പ്രതിദിനം ഉൽക്കർഷം പ്രാപിക്കുകയും, ചെയ്തു വന്നതോടുകൂടി സാമൂതിരിയുടെ ഹൃദയം ക്ഷുഭിതമായി. പോർട്ടുഗീസുകാരെ കൊച്ചിയിൽ നിന്നു ബഹിഷ്കരിക്കുവാൻ സാമൂതിരി ചതുരുപായങ്ങളും ഓരോന്നായി പ്രയോഗിച്ചു. മലയാളത്തിലെ മേൽക്കോയ്മയെ അഭിമാനിച്ചുകൊണ്ടു കൊച്ചിരാജാക്കന്മാരെ സാമൂതിരിമാർ വളരെ ക്ലേശിപ്പിച്ചിട്ടുണ്ടു്. പോർട്ടുഗീസുകാരുടെ സാന്നിദ്ധ്യം നിമിത്തം കൊച്ചിരാജാവിന്റെ ശക്തി വർദ്ധിച്ചേക്കുവാൻ ഇടയായേക്കുമെന്നും കോഴിക്കോട്ടുരാജാവു ശങ്കിച്ചിരിക്കണം. സാമൂതിരി

മാരും കൊച്ചീരാജാക്കന്മാരുമായി രണ്ടര ശതാബ്ദത്തിൽപരം കാലമായി മിക്കവാറും തുടരെ നടന്നുകൊണ്ടിരുന്ന യുദ്ധത്തിൽ കൊച്ചീരാജപക്ഷം നിന്ന പോർട്ടുഗീസുകാർക്കു പ്രധാനമായ ഒരു പങ്ക് ഉണ്ടായിരുന്നു. ആ യുദ്ധംനിമിത്തം അവർക്കു കൊച്ചിയിൽ വാണിജ്യശക്തിയും, അധികാര ബലവും, രാഷ്ട്രീയപ്രാഭവവും വർദ്ധിച്ചു. കൊച്ചീരാജാക്കന്മാരെ വാഴിക്കുവാനുള്ള അവകാശം, കൊച്ചിയിലെ പോർട്ടുഗീസ് ആധിപത്യകാലമത്രയും പോർട്ടുഗല്ലിലെ രാജാവിൽ നിക്ഷിപ്തമായിരുന്നുവെന്നുള്ളതും വിസ്മരണീയമല്ല. കൊച്ചിയിലെ പോർട്ടുഗീസുശക്തി ക്ഷയിപ്പിക്കുവാനായി ഡച്ചുകാരെ അവിടെ വരുത്തുവാൻ പ്രത്യക്ഷമായിട്ടെങ്കിലും, പരോക്ഷമായിട്ടെങ്കിലും സാമൂതിരി ഹേതുവായി ഭവിച്ചിട്ടുണ്ട്. ഡച്ചുകാർ അവരുടെ ഭുജബലത്താൽ പോർട്ടുഗീസുശക്തി, കൊച്ചിയിൽനിന്നും ഉന്മൂലനം ചെയ്തു.

കേരളത്തിലെ മിക്കവാറും പ്രചീനതുറമുഖങ്ങളിലെല്ലാം ഡച്ചുകാർക്കു പണ്ടകശാലകൾ ഉണ്ടായിരുന്നു. തേങ്ങാപ്പട്ടണം, കുളച്ചൽ, അഞ്ചുതെങ്ങ്, വിഴിഞ്ഞം, അഴീക്കൽ, കൊല്ലം, കൊച്ചി, കൊടുങ്ങല്ലൂർ മുതലായ തുറമുഖങ്ങളിൽ ആദിമഘട്ടം മുതൽ പോർട്ടുഗീസു വാണിജ്യസങ്കേതങ്ങൾ നിലനിന്നിരുന്നു. എങ്കിലും കേരളതീരത്തെ പ്രധാന സങ്കേതം കൊച്ചി ആയിരുന്നു.

കേരളത്തിലെ യൈറോപ്യവാണിജ്യത്തിൻ മാർഗ്ഗദർശികളായിഭവിച്ചതിനും പുറമേ, പാശ്ചാത്യപരിഷ്കാരത്തിന്റെ ബീജങ്ങൾ കേരളീയരുടെ ഇടയിൽ വിതയ്ക്കുവാനും പോർട്ടുഗീസുകാർ ഹേതുഭൂതരായി തീർന്നിട്ടുണ്ട്. പോർട്ടുഗീസ് ആധിപത്യത്തിന്റെ സ്മാരകചിഹ്നങ്ങളായി അവരുടെ സങ്കേതങ്ങളായിരുന്ന തുറമുഖങ്ങളിൽ പലേടത്തും അവർ പണിയിച്ചിട്ടുള്ള ചില കെട്ടിടങ്ങളും പള്ളികളും ആദ്യാപി നിലനിന്നുപോരുന്നുമുണ്ട്. ചില പോർട്ടുഗീസുഗവർണ്ണറന്മാരും പോർട്ടുഗീസു ചരിത്രകാരന്മാരും കേരളത്തെക്കുറിച്ച് എഴുതിയിട്ടുള്ള വിവരങ്ങൾ പലതും പ്രമാദപങ്കിലമെങ്കിലും കേരളചരിത്രരചനയ്ക്ക് ഏറെക്കുറെ സഹായപ്രദമായി ഭവിക്കാതെയുമിരിക്കുന്നില്ല.

ഡച്ചുകാർ

പോർട്ടുഗീസുകാരുടെ പ്രഭാവം നിമിത്തം മലയാളതീരങ്ങളിൽ വാണിജ്യാർത്ഥം വന്നെത്തുവാൻ നിർവാഹമില്ലാതെ 17-ാം

ശതകംവരെ കൊളമ്പിലും മററുമായി വാണിജ്യസങ്കേതങ്ങൾ ഉറപ്പിച്ചു കാലയാപനം ചെയ്തുവന്ന ഡച്ചുകാരെ കേരളതീരങ്ങളിലേക്ക് ആനയിക്കുവാൻ ഹേതു, വെട്ടത്തുകോവിലകത്തു നിന്നുമുള്ള ദത്തിലെയും ചാലിയൂർകോവിലകത്തു നിന്നുമുള്ള ദത്തിലെയും രാജാക്കന്മാർ തമ്മിൽ കൊച്ചിയിലെ രാജസ്ഥാനത്തിനുവേണ്ടി നടത്തിയ അവകാശവാദവും അഭ്യന്തരകലഹങ്ങളും ആയിരുന്നു. മൂത്തതാവഴിയുടെയും ചാലിയൂർ ശാഖയുടെയും അഭ്യർത്ഥന കൈക്കൊണ്ടു കൊളമ്പിൽനിന്നു പുറപ്പെട്ട ഡച്ചുഗവർണ്ണരും നാവികസേനയും കേരളത്തിൻെറ ദക്ഷിണാഗ്രം മുതൽക്കുള്ള പോർട്ടുഗീസുസങ്കേതങ്ങളെ ആക്രമിച്ചു കൈവശപ്പെടുത്തിയും കൊണ്ടായിരുന്നു, കൊച്ചിയിലേക്കു യാത്രചെയ്തതു്. സാമൂതിരിയുടെ ആധിമുഖ്യത്തിലും കോഴിക്കോട്ടെയും കൊച്ചിയിലെയും പ്രബലരായ പല മാടമ്പിമാരുടെയും ചെമ്പകശ്ശേരി മുതലായ ചില രാജാക്കന്മാരുടെയും സഹകരണത്തിലും പോർട്ടുഗീസുകാർക്കു് എതിരായ ഒരു സംഘടന കേരളത്തിൽ ഉത്ഭവിച്ചു ബലപ്പെട്ടിരുന്നതിനാൽ, പോർട്ടുഗീസുകാരുടെ എതിരാളികളായി കേരളക്കരയിൽവന്ന ഡച്ചുകാർക്കു തത്താട്ടുകകളിൽ നിന്നു പ്രോത്സാഹനം ലഭിച്ചു. തന്നിമിത്തം ചേററുവാ, കൊടുങ്ങല്ലൂർ മുതലായ കോട്ടകളും കൊച്ചീനഗരവും പോർട്ടുഗീസുകാരിൽ നിന്നു പിടിച്ചടക്കുവാനും, കൊച്ചിയിൽ വച്ചുണ്ടായ യുദ്ധത്തിൽ അവരെ നിശ്ശേഷം തോല്പിച്ചു ഗോവായിലേക്കു തിരിച്ചയക്കുവാനും ഡച്ചുകാർക്കു നിഷ്പ്രയാസം സാധിച്ചു. അനന്തരം ചെമ്പകശ്ശേരി മുതലായ രാജാക്കന്മാരോടും സാമൂതിരിയോടും ഉടമ്പടികൾ ചെയ്തുകൊണ്ടു മലയാളക്കരയിലെ സർവ്വാധിപതിയായ വിദേശിയക്കോയ്മ എന്ന നിലയിൽ ഡച്ചുഗവർണ്ണർ കൊച്ചിയിൽ സങ്കേതം ഉറപ്പിച്ചു. കൊച്ചിയിൽ ഡച്ചുകാരുടെ പ്രാബല്യമുണ്ടായി അക്കാലത്തെ അനുസ്മരിപ്പിക്കത്തക്കതായ മന്ദിരങ്ങൾ അവർ പണികഴിപ്പിക്കുകയും, കൊച്ചീരാജാവിനെ വാഴിക്കുക മുതലായി അധീശക്കോയ്മയുടെ കൃത്യങ്ങൾ സ്വച്ഛന്ദം നിർവ്വഹിച്ചു വരുകയും ചെയ്തു. എന്നാൽ ഡച്ച് ഈസ്റ്റ് ഇൻഡ്യാക്കമ്പനിവക കേരളസങ്കേതങ്ങളിലെ ഭരണവ്യയം, അവർ ഉൾപ്പെട്ടിരുന്ന യുദ്ധങ്ങൾനിമിത്തം ക്രമാതീതമായി വർദ്ധിച്ചതിനാൽ കൊടുങ്ങല്ലൂർ, കണ്ണൂർ, കൊച്ചി, അഞ്ചുതെങ്ങ് ആദിയായ

സ്ഥലങ്ങളിലെ ഡച്ചുകോട്ടകൾ കൈവെടിയുവാനും സൈന്യങ്ങളെയും ജീവനക്കാരെയും കുറവുചെയ്യുവാനും 1697-ൽ ബറേറവിയാ ഗവണ്മെണ്ടു നിശ്ചയിച്ചു. കേരളത്തിലെ കുരുമുളകു വ്യാപാരത്തെ ഉദ്ദേശിച്ചുമാത്രം കേരളത്തിലെ ഡച്ചുസങ്കേതങ്ങൾ; അവർ കൈവശംവച്ചുകൊള്ളുവാൻ ഇച്ഛിച്ചതേയുള്ളൂ. എങ്കിലും കേരളീയരാജാക്കന്മാരുടെ ആഭ്യന്തകാര്യങ്ങളിൽ അവർ ഇടപെടുവാനും സർവവല്ലഭത്വമുള്ള ഒരു വിദേശീയകോയ്മയുടെ സ്ഥാനംവഹിച്ചു് അധികാരം ചെലുത്തുവാനും ഉത്സുകരായിത്തീർന്നു. പ്രതാപിയും പ്രഭാവരാശിയുമായിരുന്ന തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മമഹാരാജാവിനു് എതിരായി കായംകുളം രാജാവിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു സംഘടനയിൽ ഡച്ചുകാർകൂടി ഉൾപ്പെട്ടു തിരുവിതാംകൂറുമായി യുദ്ധത്തിനു് അവർ ഉദ്യമിച്ചു. കൊല്ലം 909-ൽ ആരംഭിച്ച പ്രസ്തുത സംഘടന ക്രമേണ ബലപ്പെടുകയും കൊട്ടാരക്കര രാജാവിന്റെ കക്ഷിപിടിച്ച ഡച്ചുകാർ മാർത്താണ്ഡവർമ്മമഹാരാജാവിനെ, ആയോധനധ്വനമുഴക്കി ഭീഷണിപ്പെടുത്തുവാൻ മുതിരുകയും ചെയ്തു. "ഇവിടെയുള്ള ചില രാജാക്കന്മാരുടെ രാജ്യങ്ങൾമാത്രമല്ല നാം പിടിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു്. നമ്മുടെ മുക്കുവന്മാരുടെ കൈവശമുള്ള വഞ്ചികളും ഓടങ്ങളും കപ്പലുകളും നിറയെ സൈന്യങ്ങളേക്കയററി, ഡച്ചുകാരുടെ വക രാജ്യംമാത്രമല്ല, യൂറോപ്പിലെ പല രാജാക്കന്മാരുടെ രാജ്യങ്ങളുംകൂടി പിടിക്കുവാൻ ഭാവമുണ്ടു്," എന്നു്, ധീരോദാത്തനും ഊർജ്ജസ്വലനുമായ ആ മഹാരാജാവു, ഡച്ചുസ്ഥാനപതിയ്ക്കു നൽകിയ മറുപടി, ആ വിദേശിയ വണിക്കിനെ ഹതാശനാക്കിത്തീർത്തതായി ഒരു ചൊല്ലുള്ള വസ്തുത, ഇവിടെ പ്രസ്താവ്യമാകുന്നു. എങ്കിലും ചെമ്പകശ്ശേരി, കായംകുളം, തെക്കുംകൂർ, വടക്കുംകൂർ, ആലങ്ങാട്ടു്, ഇടയിടത്തുസ്വരൂപം ആദിയായ രാജാക്കന്മാരുടെ കക്ഷിപിടിച്ചു ഡച്ചുകാർ കൊല്ലം 925മുതൽ 933 വരെ തിരുവിതാംകൂറുമായി ഇടയ്ക്കിടെ യുദ്ധങ്ങൾനടത്തികൊണ്ടിരുന്നു. അതിന്റെ ഫലമായി അവരുടെ വാണിജ്യവൈഷമ്യങ്ങൾ വർദ്ധിച്ചുവെന്നുമാത്രമല്ല, കേരളത്തിലെ വിദേശിയ രാഷ്ട്രശക്തിയെന്നനിലയിൽ അവർക്കു് ഉണ്ടായിരുന്ന സ്ഥാനം നശിച്ചുപോകയുംചെയ്തു. കൊല്ലം 927—ൽ ഡച്ചുകാർ മാർത്താണ്ഡവർമ്മമഹാരാജാവുമായി ഒരു ഉടമ്പടിചെയ്യുവാൻ

നിർബ്ബന്ധരായിത്തീൎന്നു. ആ സന്ധിയിലെ വ്യവസ്ഥകൾ ഡച്ചുകാൎക്കു എത്രയും അഭിമാനക്ഷയകരമായിരുന്നുവെന്നു കാണാവുന്നതാണു്. തിരുവിതാംകൂറുമായി ശത്രുതയിൽവൎത്തിക്കുന്ന യാതൊരു കേരളീയരാജാവിനും ഡച്ചുകമ്പനിയാതൊരുസഹായവും ചെയ്യുകയില്ലെന്നും, മഹാരാജാവിന്റെശത്രുരാജാക്കന്മാർഏൎപ്പെടുന്നയുദ്ധങ്ങളിൽ ഡച്ചുകാർ ശത്രുപക്ഷത്തിലേക്കു യാതൊരുവിധമായസഹായസഹകരണങ്ങളും നല്കുകയോ, അവരുടെകാൎയ്യങ്ങളിൽ ഇടപെടുകയോ, അവരുമായി വാണിജ്യസംബന്ധമായ ഇടപാടുകൾ ചെയ്യുകയോ, അവരിൽ ആൎക്കെങ്കിലുമോ, അവരുടെ ആളുകൾക്കോ, ഡച്ചുകാർ അഭയം കൊടുക്കുകയോ ചെയ്യുന്നതല്ലെന്നും, തിരുവിതാംകൂറിൽ നിന്നും, തിരുവിതാംകൂർ മഹാരാജാവു മേലാൽ പിടിച്ചടക്കുന്ന രാജ്യങ്ങളിൽ നിന്നും, ഡച്ചുകമ്പനിക്കാൎക്കു വില്ക്കപ്പെടുന്ന കുരുമുളകിനു്, ഓരോ 25 പൌണ്ടു മുളകിനും 4 അണ വീതം മാത്രം ആദായം അവർ പററിക്കൊള്ളാമെന്നും ബാക്കി ലാഭം തിരുവിതാംകൂറിനു വിട്ടുകൊടുത്തുകൊള്ളാമെന്നും ഉള്ളതായിരുന്നു ഉടമ്പടിയിലെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ. ഈ വ്യവസ്ഥയിൽ തിരുവിതാംകൂറിലെ മുളകു കുത്തകപിടിച്ചു ഡച്ചുകാർ കുറേക്കാലം കൂടി കേരളതീരങ്ങളിൽ കാലയാപനം ചെയ്തു. ഇതരയൂറോപ്യൻ വണിക്സമുദായങ്ങളുടെ വ്യാപാരമത്സരം നിമിത്തം ദ്രുതഗതിയിൽ ഡച്ചുകാരുടെ വാണിജ്യം നശിച്ചു; അവർ കേരളതീരം വിടേണ്ടിവന്നു.

ഇംഗ്ലീഷുകാർ.

ഡച്ചുകാർ ഇൻഡ്യയും മററു പൌരസ്ത്യദേശങ്ങളുമായി വാണിജ്യം നടത്തി, അപരിമിതമായ ആദായം ഉണ്ടാക്കി വരുന്ന വസ്തുത അറിയുകയാൽ ഇംഗ്ലീഷുകാരായ ചില വണിക്കുകൾ ഇൻഡ്യയുമായി വാണിജ്യം നടത്തുവാൻ ഒരു കമ്പനി രൂപീകരിച്ചുകൊണ്ടു് ഇൻഡ്യയിൽ വന്നുചേൎന്നു. ഡച്ചു് ഈസ്റ്റു് ഇൻഡ്യാകമ്പനിക്കാൎക്കു ബറേറവിയൻ ഗവണ്മെൻറിൽനിന്നു് സൎവ്വവിധസഹായസഹകരണങ്ങളും പ്രോത്സാഹനവും ലഭിച്ചുവന്നു; എന്നു മാത്രമല്ല ഡച്ചുഗവണ്മെൻറു വകയായ ഒരുസ്ഥാപനത്തിന്റെ നിലയായിരുന്നു ഡച്ചു് ഈസ്റ്റിൻഡ്യാകമ്പനിക്കു് ഉണ്ടായിരുന്നതു്. എന്നാൽ ഇംഗ്ലീഷു് ഈസ്റ്റു് ഇൻഡ്യാ

കമ്പനി, ഇംഗ്ലണ്ടിലെ എലിസബെത്തുരാജ്ഞിയുടെ സന്മനസ്സുനിമിത്തം രൂപീകൃതമാകുവാൻ സാധിച്ചുവെങ്കിലും, വളരെ സംവത്സരത്തേക്കു് ഗ്രേറ്റുബ്രിട്ടണിലെ ഗവമ്മെൻറിൻെറ യാതൊരുവിധസഹായസഹകരണവും, അതിനു ലഭിക്കുവാൻ സംഗതിവന്നില്ല. തലശ്ശേരി, കോഴിക്കോട്, കൊച്ചി, അഞ്ചുതെങ്ങു് മുതലായ ചില പ്രധാനപ്പെട്ട കേരളത്തുറമുഖങ്ങളിൽ ഇംഗ്ലീഷു് ഈസ്റ്റിൻഡ്യാക്കമ്പനിക്കാക്കു് ആദിമഘട്ടം മുതൽ വാണിജ്യസങ്കേതങ്ങൾ ഉണ്ടായിരുന്നു. ഡച്ചുകാരും ഇംഗ്ലീഷുകാരും തമ്മിൽ യൂറോപ്പിൽ ഐക്യമായിരുന്നുവെങ്കിലും, ഇൻഡ്യയിൽ——വിശിഷ്യ കേരളതീരങ്ങളിൽ ഡച്ചു് ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ, ഇംഗ്ലീഷു ഈസ്റ്റിൻഡ്യാക്കമ്പനിക്കാക്കു നാനാപ്രകാരത്തിൽ ഉപദ്രവങ്ങൾ ഉണ്ടാക്കി, വാണിജ്യപ്രതിബന്ധങ്ങൾ വരുത്തിക്കൊണ്ടിരുന്നു. ഗ്രേറ്റുബ്രിട്ടനിലെ രാജാവിനോടും ഗവമ്മെൻറിനോടും അവർ മെമ്മോറിയലുകൾ മുഖേന സങ്കടം അറിയിച്ചതിൽ വലിയ പ്രയോജനം ഉണ്ടായിട്ടില്ല. കമ്പനിയുടെ പൊതുനന്മയെ അവഗണിച്ചു, കമ്പനിഉദ്യോഗസ്ഥന്മാർ പലരും സ്വകാര്യവാണിജ്യങ്ങൾ നടത്തി വളരെ ധനം ആർജ്ജിച്ചുവന്നു. തന്നിമിത്തം കമ്പനിയുടെ വ്യാപാരത്തിനു വലുതായ മാന്ദ്യം ഭവിച്ചു. അറേറങ്ങൽരാജ്യത്തെ ജനങ്ങളും കമ്പനിയിലെ ഉദ്യോഗസ്ഥന്മാരും തമ്മിൽ രസക്ഷയം ഉണ്ടാകയും അതു വദ്ധിച്ചു ബഹളത്തിലും കൂട്ടക്കൊലയിലും പൎയ്യവസാനിക്കുകയും ചെയ്തു. പ്രസിദ്ധ ആംഗലകവിയായ റോബർട്ടു് ഓർൺ എന്ന കേരളീയ ആംഗ്ലോഇൻഡ്യൻെറ പിതാവായ അലക്സാണ്ഡർഓർൺ എന്ന ഇംഗ്ലീഷുകാരൻ ധീര കമ്പനിയിലെ അറേറങ്ങൽ സങ്കേതത്തിൻെറ പ്രധാനോദ്യോഗസ്ഥനായി നിയമിക്കപ്പെട്ടതോടുകൂടി അഞ്ചുതെങ്ങുസെററിൽമെൻറിലെ കുഴപ്പങ്ങൾ പരിഹരിക്കപ്പെട്ടു.

തലശ്ശേരിയിലെ വാണിജ്യസങ്കേതം ഇംഗ്ലീഷുഈസ്റ്റിൻഡ്യാക്കമ്പനിക്കാരുടെ ഒരു പ്രധാന കോട്ടയായിരുന്നു. കോലത്തുനാട്ടുരാജ്യത്തിലെ ഉത്തരദേശങ്ങളുടെ രാജപ്രതിപുരുഷനായ ഉത്തരമലയാളവടക്കംകൂർ രാജാവിൻെറ അനുവാദപ്രകാരമായിരുന്നു പ്രസ്തുതകോട്ട കെട്ടപ്പെട്ടതെന്നു കാണുന്നു. മൈസൂർ യുദ്ധകാലത്തു് ഇംഗ്ലീഷുകാക്കു പ്രസ്തുതകോട്ട വളരെ പ്രയോജനകരമായി ഭവിച്ചിട്ടുണ്ടു്.

ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയുടെ നയവൈശിഷ്ട്യത്താൽ കമ്പനിക്കു ഒരു പ്രബലരാഷ്ട്രശക്തിയായി ഉയർച്ചയെ പ്രാപിക്കുവാൻ സാധിച്ചു; എന്നുമാത്രമല്ല കമ്പനിമുഖേന ബ്രിട്ടീഷ് ആധിപത്യം ഭാരതഖണ്ഡത്തിൽ സ്ഥാപിക്കുവാനും, ഏതദ്ദേശീയ രാജാക്കന്മാരുടെ മേൽക്കോയ്മ ഗ്രേറ്റബ്രിട്ടനിലെ രാജാവിൽ ലയിക്കുവാനും സംഗതിവന്നു എന്നുള്ളതു ലോകചരിത്രത്തിൽ എത്രയും പ്രധാനപ്പെട്ട ഒരു സംഭവവുമാണല്ലോ.

ഡെയിൻകാർ

കേരളത്തിൽ വാണിജ്യത്തിനു വന്നിട്ടുള്ള യൂറോപ്യവർഗ്ഗക്കാരിൽ ഏറ്റവും പ്രാബല്യം കുറഞ്ഞിരുന്നവർ ഡെയിൻകാരായിരുന്നു. അവർക്കു കുളച്ചലിലും ഏടവായിലും ഓരോ പണ്ടകശാല ഉണ്ടായിരുന്നു. കാലക്രമേണ കേരളക്കരയിൽ ഡെയിൻകാരുടെ വാണിജ്യം നിശ്ശേഷം നിലച്ചുപോയി.

പാശ്ചാത്യ സംസ്കാരവും പാശ്ചാത്യ പരിഷ്കാരത്തിന്റെ നാനാമുഖങ്ങളായ ഉപാധികളും ഏറ്റവും ക്രുടതലായി കേരളത്തിൽ പ്രചരിക്കുവാൻ ഇടയായതു ഇംഗ്ലീഷുകാർ മുഖേനയാകുന്നു.

൪-ാം അദ്ധ്യായം

കേരളചരിത്രത്തിലെ പരിവർത്തനഘട്ടം

കൊച്ചീകോഴിക്കോട്ടുയുദ്ധം

കോഴിക്കോട്ടും കൊച്ചിയും തമ്മിൽ എ. ഡി 15-ാം ശതവർഷംമുതൽ 17-ാം ശതവർഷത്തിന്റെ മദ്ധ്യഘട്ടംവരെ, വലിയ ശത്രുതയിൽ വർത്തിച്ചിരുന്നു. ആ ദീർഘകാലം അത്രയും, ആ രാജ്യങ്ങൾ മിക്കവാറും തുടരെ യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. കേരളത്തിലെ രാജാക്കന്മാരും മാടമ്പിമാരും, പ്രത്യക്ഷമായോ പരോക്ഷമായോ, യഥാവസരം കൊച്ചീരാജാവിന്റെയോ കോഴിക്കോട്ടുസാമൂതിരിയുടെയോ പക്ഷംപിടിച്ചു, പ്രസ്തുത യുദ്ധ

ത്തിൽ ഭാഗഭാക്കുകളായിക്കൊണ്ടിരുന്നു. അക്കാലത്തു മലയാളതീരത്തു വാണിജ്യാർത്ഥം സങ്കേതം ഉറപ്പിച്ചിട്ടുണ്ടായിരുന്ന യൂറോപ്യസമുദായങ്ങളിൽ പ്രബലരായിരുന്ന ഡച്ചുകാരും, പോർട്ടുഗീസുകാരും, ഓരോ പക്ഷത്തുചേർന്നു യുദ്ധത്തിനു പ്രോത്സാഹനം നല്കിക്കൊണ്ടിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണു്. കേരളീയരാജാക്കന്മാരുടെ സേനാബലത്തെയും, രാജ്യസമ്പത്തിനെയും കേരളീയരുടെ സ്വൈരജീവിതത്തെയും ചൂഷണംചെയ്തു ക്ഷയോന്മുഖമാക്കിയ ആ യുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ, മൈസൂർസുൽത്താനേ മലയാളത്തേക്കു് ആകർഷിക്കുവാനും അതു തല്ക്കാലഹേതുവായി ഭവിച്ചു. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ സഹായത്തോടുകൂടി മാത്രമേ, സാമൂതിരിയെ നിശ്ശേഷം തോല്പിച്ചു പിന്തിരിക്കുവാൻ കൊച്ചീരാജാവിനു സാധിച്ചുള്ളു. മൈസൂർയുദ്ധത്തിന്റെ പരിണാമത്തോടുകൂടി ബ്രിട്ടീഷുമേൽക്കോയ്മ കേരളത്തിൽ സ്ഥാപിതമായതുമുതൽ കേരളരാജാക്കന്മാരുടെ "പാളയപ്പട"യ്ക്കു് അറുതിസംഭവിക്കുകയും, കോഴിക്കോട്ടും കൊച്ചിയും തമ്മിലുണ്ടായിരുന്ന ശത്രുത നിലയ്ക്കുകയും ചെയ്തു.

കേരളരാജ്യങ്ങളുടെ പൊതുരക്ഷയ്ക്കു നിദാനമായ ഐക്യസ്ഥാപനയ്ക്കായി രൂപീകൃതമായിരുന്ന "ചേരമാൻസഖ്യം" എന്ന ഘടന ശിഥിലീഭവിച്ചശേഷം, ഏതാനും ശതാബ്ദം വരെ കോഴിക്കോട്ടുസാമൂതിരി പല കേരളരാജാക്കന്മാരുടെയും മേൽ അധീശാധികാരം നടത്തിവന്നു. ആ കൂട്ടത്തിൽ കൊച്ചിയും ഉൾപ്പെട്ടിരുന്നു. സാമൂതിരിയാൽ കോഴിക്കോട്ടുനിന്നു നിഷ്കാസനം ചെയ്യപ്പെട്ട പോർട്ടുഗീസും ഈസ്റ്റിൻഡ്യാക്കമ്പനിക്കാർക്കു കൊച്ചീരാജാവു കൊച്ചീത്തുറമുഖത്തു വാണിജ്യസൌകര്യം നല്കുകയാൽ, ക്രമേണ ആ തുറമുഖം അഭിവൃദ്ധിയെ പ്രാപിച്ചുവന്നു. തന്നിമിത്തം, കേരളത്തിലെ പ്രധാനതുറമുഖമെന്നനിലയിൽ കോഴിക്കോടിനു് ഉണ്ടായിരുന്ന പ്രാധാന്യം ക്ഷയോന്മുഖമായി. പോർട്ടുഗീസുകാരെ കൊച്ചിയിൽനിന്നു ധ്വംസനംചെയ്തില്ലെങ്കിൽ അറബികളുടെ വാണിജ്യശക്തി നശിച്ചുപോകുമെന്നുള്ള ഭീതി അവർക്കു ഉണ്ടാകാതെയുമിരുന്നില്ല. പോർട്ടുഗീസുകാരെ, കൊച്ചിയിൽനിന്നു പറഞ്ഞയക്കണമെന്നു സാമൂതിരി കൊച്ചീരാജാവിനോടു് ആവശ്യ

പ്പെട്ടു. കൊച്ചീരാജാവു് അതിനും അനുകൂലിച്ചില്ല. അധീശ ശക്തിയെന്ന നിലയിൽ സാമൂതിരിയിൽനിന്നു കൊച്ചിയ്ക്കു പലവിധ വൈഷമ്യങ്ങളും നേരിട്ടുകൊണ്ടിരുന്നു. വടന്നേരിയിലുള്ള "പെരുമ്പാളിന്റെ ചിത്രകൂടത്തെ" സംബന്ധിച്ചും കൊച്ചിയും കോഴിക്കോട്ടുംതമ്മിൽ സ്ഥായിയായ ഒരു അവകാശവാദം ഉണ്ടായിരുന്നു. പോർട്ടുഗീസുശക്തിയുടെ അവലംബത്തോടുകൂടി സാമൂതിരിയോടു നേക്കാനുള്ള ധൈര്യം കൊച്ചിക്കു് ഇല്ലാതിരുന്നുമില്ല. ഏതാദൃശങ്ങളായ പരിതഃസ്ഥിതികളിൽ രണ്ടുരാജ്യങ്ങളും തമ്മിൽ യുദ്ധം ആരംഭിക്കുവാനുള്ള സംഗതിവന്നു.

യുദ്ധപ്രഖ്യാപനം ചെയ്യുന്നതിനു മുൻപു സാമൂതിരി സാമന്തനാട്ടുവാഴികളിൽ പലരെയും മാടമ്പിമാരെയും മററും കോഴിക്കോട്ടു വരുത്തി യുദ്ധത്തിന്റെ അത്യാവശ്യകതയെക്കുറിച്ചു് അവരെ പറഞ്ഞു ധരിപ്പിച്ചു. അനന്തരം അവിടുന്നു പൊന്നാനിയിൽ ചെന്നു് 50,000 നായന്മാരെ വിളിച്ചു പടകൂട്ടിയ ശേഷം, കൊച്ചിയിൽ ഉള്ള പോർട്ടുഗീസുകാരെ കോഴിക്കോടിന്റെ അധീനത്തിലേക്കു വിട്ടുകൊടുക്കണമെന്നു കൊച്ചി രാജാവിനോടു് ആവശ്യപ്പെട്ടു. എന്നാൽ കൊച്ചീരാജാവു് ആ നിർദ്ദേശത്തിനു വഴിപ്പെട്ടില്ല. എങ്കിലും സാമൂതിരിയുടെ കല്പനയിൽ അനുകൂലാഭിപ്രായം ഉണ്ടായിരുന്ന മാടമ്പിമാരും പ്രഭുക്കന്മാരും കൊച്ചിയിൽ ഇല്ലാതിരുന്നില്ല. എന്തുകൊണ്ടെന്നാൽ, പോർട്ടുഗീസുകാരെക്കുറിച്ചു ജനങ്ങൾക്കു വെറുപ്പും നീരസവും വർദ്ധിച്ചിരുന്ന ഘട്ടമായിരുന്നു അതു്. തന്നിമിത്തം കൊച്ചിയിലെ ചിലമാടമ്പിമാരും മററും സാമൂതിരിയുടെ പക്ഷത്തുചേർന്നു. എടപ്പള്ളി രാജാവിനെ ആയുധം ആക്കിക്കൊണ്ടു യുദ്ധം ആരംഭിക്കാമെന്നു സമൂതിരി ഉറച്ചുംകൊണ്ടു് എടപ്പള്ളിയിലേക്കു പുറപ്പെട്ടു. കൊച്ചീനഗരം ഇരിക്കുന്ന പ്രദേശമായ "വയ്പ്പ്" എന്ന ദ്വീപു് എടപ്പള്ളി രാജാവിന്റെ പൂർവികർ പെരുമ്പടപ്പിലേക്കു വിട്ടുകൊടുത്തിട്ടുള്ളതാണെന്നും, ബ്രാഹ്മണരുടെയും ഗോക്കളുടെയും താല്പര്യങ്ങൾക്കു വിരോധമായി പോർട്ടുഗീസുകാരെ കൊച്ചിയിൽ താമസിപ്പിച്ചിരിക്കുന്ന കൊച്ചീരാജാവിനെ, ഇനിമേൽ ആ സ്ഥലം കൈവശംവച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കരുതെന്നും, അതിനെ വിട്ടൊഴിപ്പിക്കുവാൻ ഇടപ്പള്ളിക്കു് അധികാരവും അവകാശവും

ഉണ്ടെന്നും സാമൂതിരി എടപ്പള്ളിരാജാവിനെ ധരിപ്പിച്ചിരുന്നു. എടപ്പള്ളിയിലേക്ക സാമൂതിരി ചെയ്ത പ്രസ്ഥാന മദ്ധ്യേ എടപ്പള്ളിയിലെയും, ചെറുവയ്പ്പ, കമ്പളം മുതലായ പ്രദേശങ്ങളിലെയും മാടമ്പിമാർ സാമൂതിരിപക്ഷത്തിൽ ചേൎന്നു. കൊല്ലവർഷം 677-ാംമാണ്ടു വേനൽക്കാലത്തായിരുന്നു സാമൂതിരിയുടെ പുറപ്പാട്. കൊടുങ്ങല്ലൂർ ദ്വീപിനു സമീപത്തു വച്ചു ചേററുവാ പുഴകടക്കുവാൻ സാമൂതിരിയും പരിവാരങ്ങളും ഉദ്യമിക്കവേ, കൊച്ചിയിലെ ഇളമുറരാജാവായിരുന്ന വിശ്രുതനായ മരുമകൻ രാജാ നേരിട്ടു. എങ്കിലും സാമൂതിരിയും സൈന്യങ്ങളും അവിടം കടന്നു. എടപ്പള്ളി നദീമുഖത്തു വച്ചു ഭയങ്കരമായ യുദ്ധം ഉണ്ടായി. ആ രണമദ്ധ്യേ മരുമകൻ രാജാവും കൊച്ചിയിലെ മററു രണ്ടു രാജകുമാരന്മാരും വധിക്കപ്പെട്ടു. അനന്തരം കൊച്ചി നഗരത്തിലേക്ക നെല്ലും അരിയും മററും കടത്തിവിടാതെ ആ നഗരവാസികളെയും അവിടത്തെ സൈന്യങ്ങളെയും ഉപവാസം ചെയ്യിച്ചു വൈഷമ്യത്തിലാക്കുവാൻ ശത്രുക്കൾ ഉദ്യമിച്ചു. ആ ഉദ്യമം ഏറെക്കുറെ സഫലമായി. തന്നിമിത്തം സേനകളും മാടമ്പിമാരും വളരെ ദുരിതം അനുഭവിച്ചു. പലരും ആ പക്ഷം വിട്ടൊഴിഞ്ഞു എതിർകക്ഷിയിൽ ഉൾപ്പെട്ടു. പട്ടണത്തിൽ സാംക്രമികരോഗങ്ങൾ വ്യാപിച്ചു. ജനങ്ങൾ ദാരിദ്ര്യപീഡയും സാംക്രമികവ്യാധിയും നിമിത്തം ദീനരായി നഗരം വിട്ട് ഓടിത്തുടങ്ങി. ഇതിനിടയ്ക്ക സാമൂതിരി സാമദാനനയങ്ങൾ പ്രയോഗിച്ചു കൊച്ചിയെ വഴിപ്പെടുത്തുവാൻ ശ്രമിച്ചുവെങ്കിലും ഫലം ഉണ്ടായില്ല. അതിനാൽ സാമൂതിരിപക്ഷക്കാർ നഗരത്തിൽ കൊള്ളയും കൊലപാതകങ്ങളും തീവയ്പും മററും നടത്തി. കൊച്ചി രാജാവു ഏതാനും പോർട്ടുഗീസു യോദ്ധാക്കളോടെ അകമ്പടിയോടുകൂടി "വയ്പി"ലേക്ക നിർഗ്ഗമിച്ചു. സാമൂതിരിയുടെ സൈന്യങ്ങൾ കാട്ടു തീപോലെ കൊച്ചി രാജ്യത്തിലെങ്ങും വ്യാപിച്ചു നാശങ്ങൾ ചെയ്തു. സാമൂതിരിയുടെ അധികാരം കൊച്ചിയിൽ സ്ഥാപിതമായി. ആ രാജാവ് ഒരു വലിയ സേനയെ കൊച്ചിയിൽ പാർപ്പിച്ചു. മലയാളത്തെ രാജാധിരാജനായി കൊച്ചിരാജാക്കന്മാരുടെ പൂർവ്വികനും സാമൂതിരിയുടെ പ്രപിതാമഹനുമായ ദേവരാഷ്ട്രരാജാവ് അഭിഷേകം ചെയ്യപ്പെട്ട സ്ഥാനത്തു സ്ഥാപിച്ചിരുന്ന സ്മാരകശില, കൊച്ചിയിൽ

നിന്നു പിഴുതെടുത്തു, സാമൂതിരിയുടെ കല്പനപ്രകാരം എടപ്പള്ളിയിലേക്ക മാററിസ്ഥാപിക്കപ്പെട്ടു.

എന്നാൽ പോർട്ടുഗീസു ഗവൎണ്ണരായ ആൽബ്യൂക്കർക്ക് ആറു കപ്പൽ നിറയെ സേനകളുമായി വന്നുചേൎന്നതോടുകൂടി യുദ്ധത്തിൻെറ പ്രകൃതം ആകെ മാറി. സാമൂതിരിയുടെ സൈന്യങ്ങൾ കൊടുങ്ങല്ലൂരിലേക്ക പിൻമാറേണ്ടിവന്നു. തത്സമയംകൊച്ചീരാജാവും പോർട്ടുഗീസുകാരും കൂടി എടപ്പള്ളി രാജ്യം ആക്രമിച്ചു. ഇതു കൊല്ലവർഷം 678–ൽ ആയിരുന്നു. ഭയങ്കരമായ യുദ്ധം എടപ്പള്ളിയിൽ നടന്നു. കൊള്ളയും കൂട്ടക്കൊലയും തീവയ്പും എടപ്പള്ളിരാജ്യാതിൎത്തിക്കകത്തു സൎവ്വത്രനടനംചെയ്തു. തന്നിമിത്തം അദ്ദേശത്തെ ജനങ്ങൾ പലരും അഭയാൎത്ഥം ദക്ഷിണദിക്കുകളിലേക്ക നിൎഗ്ഗമനം ചെയ്തു. എടപ്പള്ളിയെ ഇപ്രകാരം ക്ഷീണിപ്പിച്ചശേഷം അവർ, കൊച്ചിയിൽ കിടത്തിയിരുന്നസാമൂതിരിസേനയോടു നേൎത്തു. ആ സൈന്യം മിക്കവാറും ചത്തൊടുങ്ങി; കൊച്ചി വീണ്ടെടുത്തു. അനന്തരം ജയഭേരി മുഴക്കിക്കൊണ്ടു പോർട്ടുഗീസു ഭടന്മാരും കൊച്ചീരാജാവിൻെറ സൈന്യങ്ങളും കൂടി എടപ്പള്ളി കുമ്പളം മുതലായ പ്രദേശങ്ങളിലും സാമൂതിരിയുടെ അതിൎത്തിയിലുൾപ്പെട്ട പല ദേശങ്ങളിലും കടന്നു പലവിധ നാശങ്ങൾ ചെയ്യുകയും അക്രമപ്രവൃത്തികൾ നടത്തുകയും ചെയ്തു. എടപ്പള്ളിയിൽനിന്നു് അഞ്ഞൂറു തടവുകാരെ ആൽബ്യൂക്കർക്ക കപ്പൽ കയററി.

ഈ വിജയം നിമിത്തം പോൎട്ടുഗീസുകാരോടുള്ള കൃതജ്ഞതയുടെ സൂചകമായി അവർ കൊച്ചിയിൽ ഒരു കോട്ടയും ഒരു പള്ളിയും കെട്ടിക്കൊള്ളുവാൻ കൊച്ചീരാജാവു് അനുവാദം നല്കി. ആൽബ്യൂക്കർക്ക് സാമൂതിരിയുമായി സന്ധിചെയ്തശേഷം യൂറോപ്പിലേക്ക പുറപ്പെട്ടു.

എന്നാൽ പോർട്ടുഗീസുനായകൻെറ യൂറോപ്പുയാത്രാവൃത്താന്തം അറിഞ്ഞ ഉടൻ സാമൂതിരി വീണ്ടും യുദ്ധസന്നാഹങ്ങൾ ആരംഭിച്ചു. വെട്ടത്തുമന്നൻ എന്ന വിശ്രുതനായ താന്നൂർ രാജാവും അദ്ദേഹത്തിൻെറ വക നാലായിരം നായന്മാർ ഉൾപ്പെട്ട ഒരു സേനയും, കക്കാട്ടു കണ്ണൻനമ്പിടി രാജാവും, ചന്തിരായിരം നായർ പടയും, കോട്ടയത്തു (പുറനാട്ടുകര) രാജാവും പതിനെണ്ണായിരം നായർ പടയും, കുരുവരാജാവും നാലായിരം

നായർ പടയും, പടിഞ്ഞാറേടത്തു (കൊടുങ്ങല്ലൂർ) രാജാവു, ഏളംകോവിൽ (എടപ്പള്ളി രാജാ) നമ്പ്യാതിരി, പാപ്പുകോവിൽ (ചാലിയത്തുരാജാ) വെരുനാട്ടു നമ്പ്യാതിരി (കൊല്ലങ്കോട്ടു രാജാ) പാപ്പുകോവിൽ (ബെയിപ്പൂർ രാജാ) പാപ്പുകോവിൽ (പരപ്പനങ്ങാടി രാജാ) മങ്ങാട്ടു കൈമ്മൾ (ആലങ്ങാട്ടുദേശാധിപൻ) വന്നലശ്ശേരി നമ്പിടി ആദിയായ രാജാക്കന്മാരുംസേനകളും, ഉൾപ്പെടെ രണ്ടുലക്ഷത്തിൽപരം സൈന്യങ്ങളും, അറബികളും മഹമ്മദീയരും ഉൾപ്പെട്ട മറ്റൊരു വലിയ സേനയും ആയി സാമൂതിരിയുദ്ധയാത്രയ്ക്കു് ഉദ്യമിച്ചു. 160 കപ്പൽനിറയെ നാവികസേനയെയും അവിടന്നു് സജ്ജമാക്കിയിരുന്നു. ഇരുപത്താറു പാറകൾ നിറയെ പഞ്ഞിക്കെട്ടുകൾ നിറച്ചു, കപ്പലുകളുടെ മുമ്പിൽ കൂട്ടിക്കെട്ടി ഇട്ടുകൊണ്ടാണു് പുറപ്പെട്ടതു്. പോർട്ടുഗീസു പാളയത്തിൽ നിന്നു തെറ്റി ഒഴിഞ്ഞ ചില ഇററാലിയന്മാർ പണിചെയ്തുകൊടുത്ത ഏതാനും പിച്ചള പീരങ്കികളും സാമൂതിരിയുടെ അധീനത്തിൽ ഉണ്ടായിരുന്നു കൊച്ചിയിലെ പോർട്ടുഗീസു സേനാനായകൻ പാച്ചക്കോ ആയിരുന്നു. കണ്ടൻകോരു, പെരുങ്കോരു എന്നീ പ്രസിദ്ധ യോദ്ധാക്കന്മാർ കൊച്ചിപ്പടയുടെ മേൽവിചാരം വഹിച്ചു.

പള്ളുരുത്തി, പഴിങ്ങാട്ടു്, കുമ്പളം, എടപ്പള്ളി എന്നീ പ്രദേശങ്ങളായിരുന്നു പ്രധാനപ്പെട്ട രണകേന്ദ്രങ്ങൾ. വർഷത്തിന്റെ കാഠിന്യവും പാളയത്തിലെ സാംക്രമികരോഗബാധയും നിമിത്തം സാമൂതിരി വിവശനായി, ക്ഷേത്രത്തിൽ ഭജനംപാർത്തുവെന്നും, ധീരയും ഉൗർജ്ജസ്വലയുമായ അമ്മറാണിയുടെ ഹിതോപദേശം നിമിത്തം ധൈര്യം അവലംബിച്ചുകൊണ്ടു സാമൂതിരി വീണ്ടും രണാങ്കണത്തിലേക്കു പുറപ്പെട്ടുവെന്നും ഒരു ഐതിഹ്യം ഉണ്ടു്.

പോർട്ടുഗീസുകാരുടെ പാളയത്തിലേക്കുള്ള ആഹാരസാധനങ്ങൾ തടയുവാനും മററും ശത്രുക്കൾചെയ്തശ്രമം വിഫലീഭവിച്ചതേയുള്ളു. ചങ്ങാടങ്ങൾകെട്ടി തീകൊളുത്തിവിട്ടു, പോർട്ടുഗീസുകപ്പലുകൾ തീവയ്ക്കുവാൻ ശത്രുപക്ഷത്തുനിന്നു് ഉദ്യമിച്ചുവെങ്കിലും പാമരക്കോലുകൾ ഉണ്ടാക്കി കപ്പലുകളുടെ പുരോഭാഗത്തു് അകലെനിർത്തി കപ്പലുകളെ പോർട്ടുഗീസുനാവികന്മാർ രക്ഷിച്ചതായി പറയപ്പെട്ടിരിക്കുന്നു. ചാരന്മാർ വിഷംകലർത്തിയ ആഹാരസാധനച്ചുമടുകൾ പേറിക്കൊണ്ടു ശത്രു

കളുടെ പാളയങ്ങളിൽ പ്രവേശിച്ചു വില്പനനടത്തിവന്നതായി സംശയം ജനിക്കയാൽ ആ വണിക്കുകളെത്തന്നെ ആ വിഭവങ്ങൾ തിററി പരിശോധന നടത്തിവന്നതായും ഒരു ഐതിഹ്യം ഉള്ളതാണു്. ഈ യുദ്ധത്തിന്റെ പരിണാമം കോഴിക്കോടിനു് അനുകൂലമായിരുന്നില്ല. തന്നിമിത്തം കൊച്ചിയുമായി സന്ധിചെയ്യുവാൻ സാമൂതിരി നിർബ്ബന്ധനായിത്തീൎന്നു. കൊല്ലവൎഷം 679-ൽ ആയിരുന്നു ഇതു്. യുദ്ധപൎയ്യവസാനത്തോടുകൂടി പോർട്ടുഗീസുസേനാധിപനായ പാച്ചുക്കൊ യൂറോപ്പിലേക്കു പുറപ്പെട്ടപ്പോൾ കൊച്ചിരാജാവു പോർട്ടുഗലിലെ രാജാവിനോടുള്ള കൃതജ്ഞതയുടെ സൂചനയായി വിശേഷപ്പെട്ട ഒരു പരിച, അദ്ദേഹത്തിന്റെപക്കൽ ഏല്പിച്ചയച്ചു. "കേരളഉണ്ണിരാമക്കോവിൽ തിരുമുല്പ്പാട്" എന്നായിരുന്നു അക്കാലത്തെ കൊച്ചിരാജാവിന്റെ തിരുനാമം എന്നു പോർട്ടുഗീസുചരിത്രംകൊണ്ടു വ്യക്തമാകുന്നു. അഞ്ചുസ്വർണ്ണക്കിരീടങ്ങൾ ആ പരിചയിൽ പണിത്തു ചേൎത്തിട്ടുണ്ടായിരുന്നു, ചരിത്രോപയുക്തങ്ങളായ മററു ചില ലിഖിതങ്ങളും അതിൽ ചെയ്യപ്പെട്ടിരുന്നു. (1)

യുദ്ധപൎയ്യവസാനത്തോടുകൂടി മങ്ങാട്ടുകൈമ്മൾ മുതലായ പല സാമന്തനാട്ടുവാഴികളും മാടമ്പിമാരും കൊച്ചിരാജപക്ഷത്തിൽചേൎന്നു. പിന്നീടു പതിനേഴു വൎഷത്തോളം കൊച്ചിയും കോഴിക്കോടും തമ്മിൽ സമാധാനമായി വൎത്തിച്ചു. എങ്കിലും വീരനായ മരുമകൻ രാജാവിനെയും മററു രണ്ടു രാജകുമാരന്മാരെയും സാമൂതിരിയുടെ പട നിഗ്രഹിക്കുകയും കൊച്ചിനഗരവും രാജ്യവും തീവച്ചു നശിപ്പിക്കുകയും ചെയ്തുനിമിത്തം ഉണ്ടായ വ്യസനവും പകയും കൊച്ചിരാജാവിന്റെയും മാടമ്പിമാരുടെയും ഹൃദയങ്ങളിൽ സജീവമായിത്തന്നെയിരുന്നു. അതിനാൽ കൊച്ചിരാജാവു യുദ്ധത്തിനു ഒരുക്കങ്ങൾ ചെയ്തു. ഇപ്പാവശ്യം കൊച്ചിരാജപക്ഷത്തു 50000 നായന്മാരും സാമൂതിരിയുടെ ഭാഗത്തു 20000 നായന്മാരും ഉൾപ്പെട്ട ഓരോ സൈന്യം ഉണ്ടായിരുന്നു. യുദ്ധത്തിന്റെ പൎയ്യവസാനം കൊച്ചിക്കു ദോഷകരമായിരുന്നു. കൊല്ലവൎഷം 698-ൽ ആയിരുന്നു യുദ്ധം. കൊച്ചിരാജാവു സാമൂതിരിയുമായി സന്ധിയിൽ ഏൎപ്പെട്ടു. (2)

(1) കേരള പഴമ.

(2) Dawer's Portuguese Asia Vol. 1.

അനന്തരം പതിനഞ്ചുസംവത്സരത്തേക്കു വല്ലതായ സമാധാനഭംഗം യാതൊന്നും സംഭവിച്ചില്ല. അങ്ങനെ ഇരിക്കെ, കൊല്ലം 713-ാമാണ്ടു കൊടുങ്ങല്ലൂർവച്ചു മാമാങ്കം നടത്തുവാൻ ഒരുക്കങ്ങൾ ചെയ്തുകൊള്ളണമെന്നു കൊടുങ്ങല്ലൂർരാജാവിനോടു സാമൂതിരി കല്പിച്ചു. തത്സംബന്ധമായി കൊടുങ്ങല്ലൂർ രാജാവു കൊച്ചീരാജാവുമായി ആലോചന നടത്തി. മാമാങ്കശിലയെടപ്പള്ളിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന നിലയ്ക്കു മഠം അവിടെ വച്ചാണു ആഘോഷിക്കേണ്ടതെന്നു കൊച്ചീരാജാവു് അഭിപ്രായപ്പെട്ടു: കൊടുങ്ങല്ലൂർ മാമാങ്കംനടക്കുവാൻ ഇടയാകുന്നപക്ഷം പോർട്ടുഗീസുകാർ അവിടെ ഒരു വാണിജ്യസങ്കേതം ഏർപ്പെടുത്തുവാൻ ഇടയായേയ്ക്കുമെന്നും, അക്കാരണവശാൽ ക്രമേണ കൊച്ചീയിലെ വാണിജ്യത്തിനു് മാന്ദ്യം സംഭവിച്ചേക്കുമെന്നും കൊച്ചീരാജാവിനു് ആശങ്ക ഉണ്ടായതിനാലാണു്, മാമാങ്കം കൊടുങ്ങല്ലൂർവച്ചു നടത്താതിരിക്കുവാൻ കഴിയുന്നത്ര ശ്രമിച്ചതു്. എന്നാൽ സാമൂതിരിയുടെ അഭിമതം പോലെ കൊടുങ്ങല്ലൂർവച്ചു മാമാങ്കം നടത്തുവാൻ പട്ടിത്തൊടേത്തുകോവിൽരാജാ വ്യവസ്ഥകൾചെയ്തു. ആ സന്ദർഭത്തിൽ, മാമാങ്കശില എടപ്പള്ളിയിൽനിന്നു മാമാങ്കസ്ഥാനത്തേക്കു കൊണ്ടുവരണമെന്നുള്ള വ്യാജേന കൊച്ചീരാജാവു പോർട്ടുഗീസുകാർ ഉൾപ്പെടെയുള്ള ഒരു വലിയ സൈന്യത്തെ എടപ്പള്ളിയിലേയ്ക്കു അയച്ചു. എളംകോവിൽരാജാവിന്റെ പക്ഷത്തു 6000 നായന്മാർ ഉൾപ്പെട്ട ഒരു സൈന്യം ഉണ്ടായിരുന്നു. ഭയങ്കരമായരണം നടന്നു. കൊച്ചീവക സൈന്യങ്ങൾ എടപ്പള്ളി നഗരവും രാജ്യവും കൊള്ളയിട്ടും തീവച്ചും നശിപ്പിച്ചു. മാമാങ്കശിലയും മലയാളത്തെ രാജാക്കന്മാരുടെ പേരുകൾ കൊത്തിയിട്ടുള്ളതും 3000 വർഷം പഴക്കമുള്ളതുമായ ഒരു മാർബിൾപ്പലകയും മററനേകം ലോഹശാസനങ്ങളും സപ്തകോട്ടയാളമുള്ള ഒരു സ്വർണ്ണക്കിരീടവും പോർട്ടുഗീസുകാർ എടപ്പള്ളി കോവിലകത്തുനിന്നു കൈവശപ്പെടുത്തി കൊച്ചിയിലേക്കു കൊണ്ടുപോയി.(1)

ഈ സംഭവങ്ങൾ നടന്നശേഷം പതിനാലു സംവത്സരം കഴിഞ്ഞപ്പോൾ വീണ്ടും; അന്തരീക്ഷം ആയോധനമേഘങ്ങളാൽ മ്ലാനമായിഭവിച്ചു. കോഴിക്കോട്ടും വടക്കുംകൂറുംതമ്മിൽ

(1) **Faria Y Suza Vol. 1.**

സഖ്യത്തിലേപ്പെട്ടു. അതു കൊച്ചീരാജാവിന്ന ഹിതമായില്ല. തന്നിമിത്തം വടക്കംക്രൂർ രാജാവിനെ ശാസിക്കുവാൻ ഒരു വലിയസൈന്യം വൈക്കത്തുള്ള വാട്ടതല എന്ന സ്ഥലത്തേക്കു പുറപ്പെട്ടു. ഇതു കൊല്ലം 726-ാമാണ്ടായിരുന്നു. (1) വാട്ടതല, വടക്കംക്രൂറിന്റെ തലസ്ഥാനമായിരുന്നതിനാൽ നഗരത്തിന്റെ സംരക്ഷണാൎത്ഥം, 10,000 നായർയോദ്ധാക്കന്മാരോടുകൂടി രാജാവു് അവിടെ ശത്രുക്കളെനേൎത്തു. അതിനിടയ്ക്കു 60 പോർട്ടുഗീസുഭടന്മാരോടുകൂടി കൊച്ചീരാജാവും അവിടെ വന്നു ചേൎന്നു. ഘോരമായ യുദ്ധം നടന്നു. വടക്കംക്രൂർ രാജാവു യുദ്ധമദ്ധ്യേ മുറിവേററു മരിച്ചു. രാജാവു മരിച്ചെന്നു് അറിഞ്ഞപ്പോൾ വടക്കംക്രൂർ സൈന്യം പലായനം ചെയ്തു. ഉടൻതന്നെ ശത്രുസൈന്യം പട്ടണത്തിൽ പലേ ദ്രോഹകൎമ്മങ്ങളും നടത്തി. കോവിലകവും കെട്ടിടങ്ങളും തീവച്ചു നശിപ്പിക്കുകയും, ജനങ്ങളെ നിഗ്രഹിക്കുകയുംചെയ്തു. അക്കാലത്തു പലരും പ്രാണരക്ഷയ്ക്കായി ദക്ഷിണദിക്കുകളിലേക്കു നിൎഗ്ഗമനം ചെയ്തിട്ടുണ്ടു്. വടക്കംക്രൂർ രാജാവിന്റെ ചാവേറന്മാരായ അയ്യായിരം ഭടന്മാർ കൊച്ചിയിൽ കടന്നു പല വിധഅക്രമങ്ങൾ പ്രവൎത്തിക്കുകയും ജനങ്ങളെ കൊന്നൊടുക്കുകയും ചെയ്തു. യുദ്ധം, ഈ പതനത്തിലായപ്പോൾ സാമൂതിരി 14000 നായന്മാരുൾപ്പെട്ട പടയുമായി ഒട്ടധികം രാജാക്കന്മാരിൽ അനുഗതനായി വടക്കംക്രൂറിൽ എത്തി. പതിനായിരം പേരുൾപ്പെട്ട സൈന്യത്തോടുകൂടി കോഴിക്കോട്ടുരാജാവു "ചെമ്മനം" എന്ന ജനസ്ഥാനത്തു പാളയം കെട്ടിതാമസിച്ചു. അദ്ദേഹത്തിന്റെ കല്പനയനുസരിച്ചു പതിനെട്ടു രാജാക്കന്മാരും 40, 000 ഭടന്മാരും വട്ടതല പാളയം കെട്ടി ആസ്ഥലം സൂക്ഷിച്ചു സംരക്ഷിച്ചു. ഇപ്രകാരം സാമൂതിരിയും സന്നദ്ധസൈന്യങ്ങളും കോഴിക്കോട്ടു നിന്നു വളരെ ദൂരെ ആയിരിക്കെ, തക്കംനോക്കി ഒരു ഭീമമായ പോർട്ടുഗീസുനാവികസേന, സാമൂതിരിരാജ്യത്തെ ഒരു പ്രധാന സമുദ്രതീരനഗരമായ തിക്കൊടി ആക്രമിച്ചു നശിപ്പിച്ചു. കൊച്ചിയെ സംരക്ഷിക്കുവാൻ വലിയ ഒരു നാവികസൈന്യം കൊച്ചിയിലും വന്നിറങ്ങി. ആ സന്ദൎഭത്തിൽ സന്ധിക്കു ആലോചന ഉണ്ടായി. പുതിയ പോർട്ടുഗീസുഗവൎണ്ണരുടെ അഭിപ്രായപ്രകാരം യുദ്ധം നിൎത്തിവച്ചു.

(1) കേരളപഴമ.

പതിന്നാലു സംവത്സരം കഴിഞ്ഞു വീണ്ടും (1) സാമൂതിരി ചില സാമന്തരാജാക്കന്മാരോടും സൈന്യങ്ങളോടുംകൂടി കൊച്ചീരാജ്യം ആക്രമിച്ചു. കൊല്ലം 740-ൽ ആയിരുന്നു ഇതു്. പ്രസ്തുതയുദ്ധത്തിൽ കൊച്ചീരാജാവും രണ്ടുരാജകുമാരന്മാരും ചരമം അടഞ്ഞു. പുതിയ കാവു പടനിലത്തു വച്ചു ഉണ്ടായ രണമദ്ധ്യേ കിരീടാവകാശിയായ രാജകുമാരനും വധിക്കപ്പെട്ടു. ഇപ്രകാരം കൊച്ചിക്കു വലുതായ അത്യാഘാതം സംഭവിച്ചു. (2)

അനന്തരം ഒരു ശതവർഷത്തോളം പ്രസ്താവ്യങ്ങളായ കലാപങ്ങൾ ഒന്നുംകൂടാതെ കഴിഞ്ഞു. അങ്ങനെ കൊച്ചിയിലെ മൂപ്പെല്പുസംബന്ധിച്ചു വീണ്ടും ചില അവകാശവാദങ്ങൾ ആരംഭിച്ചു. ആദ്യകാലങ്ങളിൽ മൂത്തതാവഴിയിലും പള്ളിവിരുത്തിത്താവഴിയിലുംനിന്നും കൊച്ചീരാജകുടുംബത്തിലേക്കു ദത്തു് എടുക്കപ്പെട്ടിരുന്നു. മൂപ്പിനേയും രാജ്യവാഴ്ചയേയും സംബന്ധിച്ചു, ദത്തെടുക്കപ്പെട്ടവർ തമ്മിൽ അവകാശവാദം ഉണ്ടായിട്ടുണ്ടു്. ഇക്കാര്യത്തിൽ കൊച്ചിയിലെ മാടമ്പിമാരും മററും ഓരോ പക്ഷംപിടിച്ചു ഭിന്നകക്ഷികളായി നിലകൊണ്ടിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനത്തിനുമുൻപു സാമൂതിരിയുടെ അഭിമതംപോലെ ഏതെങ്കിലും ഒരു താവഴിയിൽനിന്നുള്ള ദത്തിലെ രാജകുമാരനെ വാഴിച്ചുവന്നു. പോർട്ടുഗീസുകാരുടെ ശക്തി കൊച്ചിയിൽ വർദ്ധിച്ചുവന്നതോടുകൂടി പോർട്ടുഗലിലെ രാജാവിന്റെ നാമത്തിൽ പോർട്ടുഗീസുഗവർണർ അതതുകാലം കൂടുതൽപ്രാബല്യമുള്ള ശാഖയിൽനിന്നുള്ള ദത്തിലെ രാജകുമാരനെ വാഴിച്ചുതുടങ്ങി. തന്നിമിത്തം സാമൂതിരിക്കു കൊച്ചീരാജാവിനോടും പോർട്ടുഗീസുകാരോടും കഠിനമായ ഈർഷ്യ ഉണ്ടായിക്കൊണ്ടിരുന്നു. പോർട്ടുഗീസുകാർ പള്ളിവിരുത്തിശാഖക്കാരുടെ പക്ഷംചേർന്നുകൊണ്ടു, മൂത്തതാവഴിയിലെ രാജകുമാരന്മാരെ രാജ്യഭ്രഷ്ടരാക്കി. അങ്ങനെയിരിക്കെ പള്ളിവിരുത്തിശാഖയിലുൾപ്പെട്ട ദത്തുകുമാരന്മാർ എല്ലാവരും മരിച്ചുപോകയാൽ ചാലിയൂർ, അരൂർ, വെട്ടത്തു് എന്നീ രാജകുടുംബങ്ങളിൽനിന്നു ദത്തു് എടുക്കപ്പെട്ടു. നാടുവാണിരുന്ന രാജാവു ചരമം പ്രാപിച്ചപ്പോൾ, അക്കാലത്തെ തിരുവിതാംകൂർ മഹാ

(1) Dawver's Vol 1
(2) Day

രാജാവിന്റെ സഹായത്തോടുകൂടി വെട്ടത്തു കുടുംബത്തിലെ ഇളയത്തിലുള്ള ഒരു കുമാരനെ പോർത്തുഗീസുകാർ കൊച്ചീരാജാവായി വാഴിച്ചു. ആ ഘട്ടത്തിൽ, രാജ്യഭ്രഷ്ടനായിരുന്ന മൂത്ത താവഴിയിലെ ഒരു രാജകുമാരൻ കൊളമ്പിൽചെന്നു ഡച്ചുകാരുടെ സഹായം അഭ്യർത്ഥിച്ചു. സാമൂതിരിയുടെ അഭിപ്രായവും സമ്മതവും അനുസരിച്ചു, ഡച്ചുകാർ അഭ്യർത്ഥനസ്വീകരിച്ചു, ഒരു നാവികസേനയുമായി കൊളമ്പിലെ ഡച്ചുഗവർണർ മലയാളതീരത്തേക്കു പുറപ്പെട്ടു. മദ്ധ്യേമാർഗ്ഗം, സമുദ്രതീരത്തും ഉണ്ടായിരുന്ന പോർത്തുഗീസുസങ്കേതങ്ങളെ ഓരോന്നായി ആക്രമിച്ചും ചിലതെല്ലാം കൈവശപ്പെടുത്തിയും കൊണ്ടായിരുന്നു അവരുടെ പ്രസ്ഥാനം. കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന പോർത്തുഗീസുകോട്ട ഡച്ചുകാർ കൈവശപ്പെടുത്തി. പോർത്തുഗീസുകാരുടെ സഹായത്തോടുകൂടി ചാലിയൂർ രാജാക്കന്മാരുടെയും മാടമ്പിമാരുടെയും സഹകരണത്തിൽ, കൊച്ചീരാജാവായി അഭിഷേകം ചെയ്യപ്പെട്ടിരുന്ന ഗോദവർമ്മരാജാവു ഡച്ചുകാരെ നേരിട്ടു. ഭയങ്കരമായ യുദ്ധം ഉണ്ടായി. കൊല്ലവർഷം 837-ൽ ആയിരുന്നു പ്രസ്തുതസംഭവം.

അനന്തരം കൊച്ചിനഗരം പിടിച്ചടക്കുവാൻ ഡച്ചുകാർ ഉദ്യമം ആരംഭിച്ചു. മട്ടാഞ്ചേരി കൊട്ടാരത്തിന്റെ പുരോഭാഗത്തു വച്ചു കഠോരമായ പോർ നടന്നു. വെട്ടത്തു രാജാക്കന്മാർ മൂന്നുപേർ വധിക്കപ്പെട്ടു. കൊട്ടാരത്തിന്റെ വളപ്പിനുള്ളിലും സ്കന്ധാനസ്കന്ധമായ പോരു നടന്നു. വെട്ടത്തുരാജാവിന്റെ ചാവേറന്മാരായ അനേകശതം നായന്മാർ പ്രസ്തുതയുദ്ധത്തിൽ മൃതിയടഞ്ഞു. ഗോദവർമ്മ രാജാവു എറണാകുളത്തേക്കു പലായനം ചെയ്തു. എങ്കിലും പാലക്കാട്ടു രാജാവും ഒരു വലിയ സേനയുമായി സഹായാർത്ഥം വന്നുചേർന്നു. തന്നിമിത്തം ഡച്ചുകാർ വെട്ടത്തുരാജാവിനെ അനുധാവനം ചെയ്യാതെ കൊച്ചീ കോട്ട പിടിക്കുവാൻ ഉദ്യമിച്ചു. എന്നാൽ യുദ്ധസാമഗ്രികളുടെയും ഭടന്മാരുടെയും കുറവുംകാലവർഷത്തിന്റെകാഠിന്യവുംനിമിത്തം ഡച്ചുകാരിൽ ഒരുവിഭാഗംപൊടുന്നനവെ കൊച്ചിവിട്ടുപോയി. അതിനുമുമ്പുതന്നെ ഗൂഢമായി കൊച്ചീയഴിമുഖംവഴി കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചിരുന്ന പോർത്തുഗീസുകാർ, ഡച്ചുകാരുടെ നിർഗ്ഗമനവൃത്താന്തം മനസ്സിലാക്കിയതോടുകൂടി ആഹ്ലാദഭരിതരായി. എങ്കിലും വീരകേരളവർമ്മ രാജാവും ചാലിയൂർ കൂട്ട

ബത്തിലെ ഒരു രാജകുമാരനുംപൊലിയത്തു അച്ഛനുംകൂടി വീണ്ടും കൊളമ്പിലേക്കു പോയി, ഡച്ചുഗവൎണ്ണരെ കണ്ടു വേഗത്തിൽ കൊച്ചിയിൽ വന്നെത്തുവാൻ അഭ്യൎത്ഥിച്ചു. വഴിയിൽ പാളയം അടിച്ചു കിടന്നിരുന്ന ഡച്ചുസേനാവിഭാഗം അക്കാലത്തു് സ്വസ്ഥമായ് കാലയാപനം ചെയ്യാതെ കൊച്ചിനഗരത്തെ ലക്ഷ്യമാക്കി ഇടയ്ക്കിടെ പീരങ്കിപ്രയോഗം ചെയ്തുകൊണ്ടിരുന്നു. വൎഷകാലം കഴിഞ്ഞയുടൻ ഡച്ചുകാർ വീണ്ടും കൊച്ചിയിൽവന്നുചേൎന്നു. അവരുടെ സൈന്യം പള്ളുരുത്തിയിൽ ഇറങ്ങി. അനന്തരം അവർ വൈപ്പിലേക്കു പോയി കൊച്ചി ആക്രമിക്കുവാൻ ഒരുക്കങ്ങൾ ചെയ്തു. സന്നാഹങ്ങൾ പൂൎത്തിയാകുംമുൻപു അംബോയിനയിലും കൊളമ്പിലുംനിന്നു സൈന്യങ്ങളോടുകൂടിയ ഏതാനും കപ്പലുകൾകൂടിവന്നുചേൎന്നു. അനേകം ദിവസത്തെ ഘോരമായുള്ള യുദ്ധത്തിൻെറ ഫലമായി കൊച്ചിനഗരവും കോട്ടയും, ഡച്ചുകാൎക്കു് അധീനമായി. പോൎത്തുഗീസുകാർ ആയുധംവച്ചു്, സ്ഥലം വിട്ടു ഗോവായ്ക്കുപോയ്ക്കൊള്ളുവാൻ ഡച്ചുകമാൻഡർ അനുമതി നൽകിയതനുസരിച്ചു് അവർ നഗരത്തിൽ നിന്നുപോയി. അനന്തരം ഡച്ചുസേനാധിപൻ മൂത്തതാവഴിരാജാവിനെ കൊച്ചിരാജാവായി വാഴിച്ചു. പിന്നീടു്, കരാർ അനുസരിച്ചു് കൊടുങ്ങല്ലൂർ നഗരം സാമൂതിരിക്കു വിട്ടുകൊടുത്തു. എങ്കിലും അവിടത്തെ കോട്ട ഇടിച്ചുനിരത്തിയശേഷമാണു് കൈവശം ഏല്പിച്ചതു്. ആ പ്രവൃത്തി സാമൂതിരിക്കു ലേശവും രസമായില്ല. എന്നാൽ അദ്ദേഹം,നീരസം,തൽക്കാലം വെളിപ്പെടുത്തിയില്ല.

കൊച്ചിരാജാവും ഡച്ചുകാരും അവരുടെ പക്ഷശത്രുനിൻ യുദ്ധസഹായം ചെയ്ത ചെമ്പകശ്ശേരി രാജാവും തമ്മിൽ ഓരോ ഉടമ്പടികൾ ചെയ്തു.

സാമൂതിരി മുഖാന്തരം വീണ്ടും യുദ്ധകാരണങ്ങൾ ഉണ്ടായി. കൊടുങ്ങല്ലൂർ വിട്ടുകൊടുത്തശേഷം ഏതാനും സംവത്സരം കഴിഞ്ഞുചേററുവാദേശംകൂടിഡച്ചുകാർ സാമൂതിരിക്കു ദാനംചെയ്തു. സാമൂതിരി അവിടെ ഒരു കോട്ടകെട്ടി ഉറപ്പിച്ചു. ഈ പ്രവൃത്തി കൊച്ചിരാജാവിനും ഡച്ചുകാൎക്കും സുഖപ്രദമായിരുന്നില്ല. തന്നിമിത്തം കൊല്ലവൎഷം 871-ൽ വീണ്ടും യുദ്ധം ആരംഭിച്ചു. സാമൂതിരി കോട്ടപ്പുറംവിട്ടു് ഒഴിയുവാൻ നിർബ്ബന്ധനായി

ത്തിന്നു അതിന്റെശേഷം ഡച്ചുകാർ അഴിമുഖത്തിനു സമീപം ഒരു കോട്ടകെട്ടുവാൻ തുടങ്ങി. സാമൂതിരി ആ കോട്ട പിടിച്ചു് അടക്കുകയും ഡച്ചുകാരെ പിന്നോക്കം ഓടിക്കുകയും ചെയ്തു. അനന്തരം കോഴിക്കോട്ടു രാജാവു കാട്ടൂർ, മാപ്രാണം, പൂരകം, ഇരുമ്പാ(ഴി)ഞ്ഞി മുതലായ പല പ്രധാന കേന്ദ്രങ്ങളിലും കോട്ട കെട്ടി ഉറപ്പിച്ചു. പുതിയ ഡച്ചുസേനാധിപന്റെ ആഗമനത്തെ തുടർന്നുണ്ടായ യുദ്ധങ്ങളിൽ സാമൂതിരിക്കു പരാജയം നേരിട്ടുവാൻ ആരംഭിച്ചു. അനന്തരം ഡച്ചുകാരും കൊച്ചീരാജാവും സാമൂതിരിയുംകൂടി സന്ധിയിൽ ഏർപ്പെട്ടു. കൊല്ലം 891-ൽ ആയിരുന്നു ഇതു്.

ഇരുപത്തഞ്ചു സംവത്സരം കഴിഞ്ഞപ്പോൾ ഉടമ്പടിക്കു വിരോധമായി സാമൂതിരി കൊച്ചിയെ ആക്രമിച്ചു. എങ്കിലും ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാക്കമ്പനിക്കാരുടെ വർദ്ധമാനമായിക്കൊണ്ടിരുന്ന പ്രാബല്യം നിമിത്തം സാമൂതിരി പിന്തിരിയേണ്ടിവന്നു.

ഏതാനും സംവത്സരങ്ങൾ ശാന്തമായി കഴിഞ്ഞു. അനന്തരം പെരുമ്പടപ്പു മൂപ്പുസ്ഥാനം സംബന്ധമായി ചില തർക്കങ്ങൾ വീണ്ടും ഉത്ഭവിച്ചു. ചാലിയൂർ ശാഖക്കാരാണു് അവകാശവാദം ആരംഭിച്ചതു്. തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിനോടു് അവർ സഹായം അഭ്യർത്ഥിച്ചു. അവിടുന്നു് അവരുടെ അഭ്യർത്ഥന കൈക്കൊള്ളുകയും ചെയ്തു. കൊച്ചിയിലെ മാടമ്പിമാരിലും സാമന്തന്മാരിലും പലരും ചാലിയൂർ പക്ഷത്തുചേർന്നു. സാമൂതിരി, ആ സന്ദർഭംനോക്കി ഒരു വലിയ സൈന്യവുമായി കൊച്ചീരാജ്യത്തുവന്നു, തൃശ്ശിവപേരൂർ വാസം ഉറപ്പിച്ചു. അടുത്തുതന്നെ കൊച്ചിയിലെ സാമന്തന്മാരിൽ പറവൂർ ഇളയരാജാവു്, ആലങ്ങാട്ടു് മൂത്തേരിപ്പാട്ടു് കോടശ്ശേരിക്കൈമ്മൾ മുതലായ നാടുവാഴികളും ദേശാധിപന്മാരും കൊച്ചീരാജാവുമായുള്ള അധീശസാമന്തബന്ധം വിട്ടു, സാമൂതിരിയുടെ മേൽക്കോയ്മ അംഗീകരിച്ചു. സാമൂതിരി കൊച്ചീരാജാവുമായി യുദ്ധം തുടങ്ങി. കോഴിക്കോട്ടേ പട ചേന്ദമംഗലത്തു പ്രവേശിച്ചു് ആക്രമണം നടത്തുകയും പാലിയത്തു പല നാശങ്ങളും ചെയ്യുകയും ചെയ്തു. ഉടൻ തന്നെ ചേറ്റുവായ് ആക്രമിക്കണമെന്നു ഡച്ചുകാർ അഭിപ്രായപ്പെട്ടതു് അനുസരിച്ചു

ഡച്ചുസൈന്യവും കൊച്ചി രാജസൈന്യവുംകൂടി കൊടുങ്ങല്ലൂരേക്കു് ആയക്കപ്പെട്ടു. മാർത്താണ്ഡവമ്മ മഹാരാജാവു് വലിയൊരു പടയുമായി ഈ ഘട്ടത്തിൽ ഉത്തരദേശങ്ങളിൽ ദിക്ജയപ്രസ്ഥാനത്തിൽ ഏപ്പെട്ടിരിക്കുകയായിരുന്നു. വെള്ളത്തിവാടയിൽ വച്ചുണ്ടായ യുദ്ധത്തിൽ ഡച്ചുകാൎക്കും കൊച്ചിരാജാവിനും പരാജയം സംഭവിച്ചു. എങ്കിലും ഗംഭീരമായ യുദ്ധസന്നാഹം ചെയ്തുകൊണ്ടു ഡച്ചുപടയും കൊച്ചിപ്പടയും തിരുവഞ്ചിക്കുളത്തു പാളയം ഉറപ്പിച്ചു. ആ ഘട്ടത്തിൽ സാമൂതിരി ഡച്ചുകാരുമായി സന്ധിചെയ്തു. കൊച്ചിരാജാവുമായി ആലോചിക്കാതെ ഡച്ചുകാർ സന്ധിവ്യവസ്ഥകൾ അംഗീകരിച്ചതുനിമിത്തം അവിടെ അല്പം കണ്ഠിതമുണ്ടായി. കൊച്ചിരാജാവുമായിട്ടും ഒരു സഖ്യവ്യവസ്ഥചെയ്തുകൊണ്ടു തിരുവിതാംകൂർ ആക്രമിക്കുവാൻ സാമൂതിരി ആലോചന തുടങ്ങി. എന്നാൽ കൊച്ചിരാജാവു സാമൂതിരിയുമായി സഖ്യത്തിൽ ഏപ്പെടുവാൻ കാംക്ഷിച്ചില്ല. അവിടുന്നു തിരുവിതാംകൂർ മഹാരാജാവിനോടു സഹായം അപേക്ഷിച്ചു്, ആ രാജശ്രേഷ്ഠന്റെ സഹകരണത്തോടുകൂടി സാമൂതിരിയെ കൊച്ചിയിൽനിന്നു് ഒഴിവാക്കുവാൻ ആലോചന നടത്തി. കൊച്ചിരാജാവു തിരുവിതാംകൂർമഹാരാജാവിനെ ചെന്നു സന്ദർശിച്ചു് ഒരു ഉടമ്പടിചെയ്തു. പരിതസ്ഥിതികൾ ഇപ്രകാരം ഇരിക്കെ,സാമൂതിരിയും കൊച്ചിരാജാവും ചരമഗതിയെ പ്രാപിച്ചു. അനന്തരം നൂതനമായി അവരോധിക്കപ്പെട്ട സാമൂതിരിയും മൂപ്പേററ കൊച്ചിരാജാവും യുദ്ധം തുടന്നു. കൊല്ലം 935-ൽ ആയിരുന്നു ഇതു്. അന്നു പ്പൻമാർത്താണ്ഡപ്പിള്ളയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യം കൊച്ചിയിൽ എത്തി സാമൂതിരിയുമായി യുദ്ധം തുടങ്ങി. യുദ്ധത്തിൽ സാമൂതിരി പരാജിതനായി കോഴിക്കോട്ടേയ്ക്കു മടങ്ങിപ്പോയി. അതിന്റെ ശേഷം പത്മനാഭപുരത്തു എഴുന്നള്ളിയിരുന്ന തിരുവിതാംകൂർ മഹാരാജാവിനെ സാമൂതിരിചെന്നു സന്ദർശിച്ചു് ഒരു ഉടമ്പടി ചെയ്തു. കൊച്ചിയുമായി നടന്ന ഉടമ്പടിനിമിത്തം തിരുവിതാംകൂറിലേക്കു് ഏതാനും ദേശങ്ങളും യുദ്ധച്ചെലവും ലഭിച്ചു. സാമൂതിരി കൊച്ചിയെ

മേലാൽ ആക്രമിക്കുകയില്ലെന്നു തിരുവിതാംകൂർ മഹാരാജാവിനോട് ശപഥം ചെയ്തു.

ഇപ്രകാരം കോഴിക്കോട്ടു—കൊച്ചി മഹായുദ്ധം പര്യവസാനിച്ചു.

൪൯-ാം അദ്ധ്യായം

പുരാതനകേരളത്തിലെ ജനസമൂഹങ്ങൾ.

ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, നമ്പൂരിമാർ, മഹമ്മദീയർ, ജൂതന്മാർ എന്നീ നാലുപ്രധാനജനവിഭാഗങ്ങൾ ഇപ്പോൾ കേരളത്തിൽ നിവസിച്ചുവരുന്നുണ്ടല്ലോ. ഈ വർഗ്ഗക്കാരുടെ പൂർവ്വികന്മാർ ഏതേതുകാലത്തു കേരളത്തിൽ ഉപവേശംചെയ്തു എന്നും മററുമുള്ള വിഷയങ്ങളാകുന്നു; ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്നതു്.

ആദിമകാലത്തുതന്നെ ഹിന്ദുമതം, പുരാതന കേരളത്തിന്റെ ദക്ഷിണാഗ്രവും അതിക്രമിച്ചു്, ഇപ്പോൾ നഷ്ടപ്രായമായിരിക്കുന്ന ദക്ഷിണഭൂഖണ്ഡത്തിലും പ്രചരിച്ചിരുന്നു. ദക്ഷിണഭൂഖണ്ഡത്തിന്റെ അവശേഷങ്ങളായി നിലനിന്നുപോരുന്ന ഈസ്റ്റിൻഡ്യൻ ദ്വീപുകളിലും ചൈനയുടെ പൂർവ്വതീരങ്ങളിലും സയാം, പെഗു മുതലായ രാജ്യങ്ങളിലും ആഫ്രിക്കയുടെ പൂർവ്വതീരപ്രദേശങ്ങളിലും അമേരിക്കൻ തീരപ്രദേശങ്ങളിലും പുരാതന ഹൈന്ദവ പരിഷ്കാരത്തിന്റെ നഷ്ടശിഷ്ടങ്ങൾ അദ്യാപി കാണപ്പെടുന്നുണ്ടു്. ആര്യന്മാർ യഥാർത്ഥമായ സനാതനമതത്തെ പ്രചരിപ്പിച്ചുകൊണ്ടു് ദക്ഷിണ ഭൂഖണ്ഡംവരെ ഉപവേശം നടത്തിയിട്ടുണ്ടെന്നുള്ളതിനു സന്ദേഹമില്ല.

കേരളബ്രാഹ്മണരുടെ പ്രവേശം.

കേരളത്തിൽ നമ്പൂരിമാർ എന്നു പ്രവേശിച്ചു് ഉപവേശം ചെയ്തുവെന്നുള്ളതാണു പണ്ഡിതന്മാരുടെ ഇടയിൽ വാദവിഷയമായിത്തീർന്നിട്ടുള്ളതു്. ആര്യന്മാർ അവരുടെ ആദിമനിവാസസ്ഥാനമായ മദ്ധ്യഏഷ്യയിലെ ഓക്സസ് നദീപ്രദേശങ്ങളിൽ

നിന്നു നാനാശാഖകളായി പിരിഞ്ഞു നൂതനവാസഭൂമി തേടി പുറപ്പെട്ട കൂട്ടത്തിൽ ഒരു വിഭാഗക്കാർ പശ്ചിമാഭിമുഖമായി പ്രസ്ഥാനം തുടൎന്നു ക്രമേണ പേൎഷ്യമുതലായ രാജ്യങ്ങളിലും, അവിടെനിന്നു യൂറോപ്പിലേക്കും പ്രവേശിച്ചതായും ഇതരവിഭാഗം കാലക്രമത്താൽ ഭാരതഖണ്ഡത്തിൽ കടന്നു സിന്ധുനദീതീരങ്ങളിൽ നിവസിച്ചതായും മോണിയർവില്യംസ് അഭിപ്രായപ്പെട്ടിരിക്കുന്നു. ഇപ്രകാരം ആൎയ്യജനപ്രവാഹം സംഭവിച്ചതു, ഇറേനിയൻവൎഗ്ഗക്കാർ ഉപവേശത്തിനു പുറപ്പെട്ടു കുറേക്കാലം കഴിഞ്ഞശേഷം ആണെന്നും സിന്ധുവിന്റെ സപ്തനദീപ്രദേശങ്ങളിൽ കൃഷിവലരായ ആൎയ്യപുരാതനന്മാർ കുടികയറിവാസംഉറപ്പിച്ചതു ബി. സി. 2000-നും 1500-നും മദ്ധ്യേയാണെന്നും ആകുന്നു മാണിയർവില്യംസിന്റെ അഭിപ്രായം. അക്കാലത്തു സിന്ധുനദിക്കു സപ്തസിന്ധു എന്ന സംജ്ഞ അവർ നൽകിയതാണു്. പ്രസ്തുതനൂതനവാസ സ്ഥാനത്തുനിന്നു കാലക്രമേണ ആൎയ്യജനതരംഗങ്ങൾ ഗംഗാതീരങ്ങളിലേക്കും പ്രവഹിച്ചു. "ആൎയ്യാവൎത്തം" എന്നു പിന്നീടു് അറിയപ്പെട്ട പ്രദേശങ്ങളിൽ സൎവ്വത്ര, അവർവാസം ഉറപ്പിച്ചു. സമാധാനപരമായ ഈ ആൎയ്യപ്രവാഹഗതിയുടെ ഫലമായി, ഏതദ്ദേശീയർ മിക്കവാറും ആൎയ്യസമുദായാന്തരാളത്തിൽ ലയിച്ചു; ആൎയ്യപരിഷ്കാരത്തിനു വശ്യരാകാതെ ചിലർ മലകളിലേക്കും അരണ്യങ്ങളിലേക്കും പിൻവാങ്ങി. (1)

പുരാതനാൎയ്യന്മാരുടെ ആദിമനിവാസഭൂമി, ദക്ഷിണഭൂഖണ്ഡത്തിന്റെ ദക്ഷിണഭാഗത്തായിരുന്നുവെന്നും, അവിടെനിന്നു് ആ ജനസമുദായം ക്രമേണ ഉത്തരാഭിമുഖമായി പ്രസ്ഥാനംചെയ്തു ഭാരതഖണ്ഡത്തിലും ഇതരപൌരസ്ത്യ പാശ്ചാത്യദേശങ്ങളിലും ഉപവേശം ചെയ്തതായിരിക്കണമെന്നും അനുമാനിക്കുന്നതാണു് കൂടുതൽ യുക്തിയുക്തമെന്നും ഉള്ള ഒരു അഭിപ്രായവും ഇല്ലാതില്ല. (2) ഇതിഹാസ കാലത്തിൽനിന്നു് എത്രയും വിദൂരമായ അതീതകാലങ്ങളിൽ, ദക്ഷിണഭൂഖണ്ഡത്തിന്റെ പരമ ദക്ഷിണാഗ്രമായ ദക്ഷിണധ്രുവപ്രദേശങ്ങളോടു സമീപിച്ചുള്ള ആദിമജനസ്ഥാനത്തു നിന്നും, ആൎയ്യന്മാർ പ്രസ്ഥാനം ആരംഭിച്ചതാണെന്നു, രാമായണകാല

(1) **Hinduism**

(2) **Bala Gangadhara Tilake's History of India.**

ത്തു ഉത്തരഭാരതത്തിൽനിന്ന മലബാരത്തിൽക്കൂടി ലങ്ക(ഇളങ്കദേശം)(1)യിലേക്കുള്ള സഞ്ചാരപഥം ഉത്തരഭാരതീയക്ക സുപരിചിതമായിരിക്കാനുള്ള ഹേതു, ദക്ഷിണഭൂഖണ്ഡത്തിൽ നിന്നു് ഉത്തരദിക്കുകളിലേക്കു ആൎയ്യപൂൎവ്വികന്മാർ ഇതേമാൎഗ്ഗത്തിൽ കൂടി പ്രസ്ഥാനം ചെയ്തിട്ടുണ്ടെന്നുള്ള അറിവുതന്നെയാണെന്നും അനുമാനിക്കുന്നതിൽ യുക്തിഭംഗം ഉണ്ടെന്നു തോന്നുന്നില്ല. സമുദ്രമഗ്നമായിപ്പോയ ദക്ഷിണഭൂഖണ്ഡത്തിന്റെ അവശേഷമാണുദക്ഷിണേന്ത്യൻ ഉപദ്വീപം, ഇൻഡോചൈന ഉപദ്വീപം പൌരസ്ത്യദ്വീപസമൂഹവും, സിലോൺ ആദിയായ ഇതരദ്വീപുകളും എന്നുള്ള അഭിപ്രായം ആധുനികകാലത്തു പ്രബലപ്പെട്ടുവന്നു കൊണ്ടിരിക്കുന്നു. ഭാരതഖണ്ഡത്തിലേതിനേക്കാളുമേറ്റം പുരാതനമായ ഹൈന്ദവ പരിഷ്കാരത്തിന്റെ ലക്ഷ്യങ്ങളും ആകുന്ന പൌരസ്ത്യദ്വീപസമൂഹങ്ങളിലും മററും ദൃശ്യമായിക്കൊണ്ടിരിക്കുന്നതെന്നുള്ളതു നിസ്സന്ദേഹം തന്നെ. ത്രിശ്ശൂലം എന്ന ആയുധം പുരാതനഹിന്ദുക്കളുടെ പ്രധാനപ്പെട്ട മതാങ്കം ആയിരുന്നു. പ്രാചീനകാലത്തു ത്രിശ്ശൂലം, ഓരോ ഹിന്ദുവിന്റെയും നിത്യസഹചാരിയായ ആയുധമായിരുന്നുവെന്നുള്ളതു നിസ്തൎക്കംതന്നെ. ഈസ്റ്റ് ഇൻഡ്യൻ ദ്വീപുകളിലും മററും ഇപ്പോഴും ഈ ആയുധം പരിപാവനമായി പരിഗണിക്കപ്പെട്ടുപോരുന്നു. അവിടങ്ങളിലും സയാം, പെഗു മുതലായ ദേശങ്ങളിലും ഈ ആയുധം പ്രചാരത്തിൽ ഇരിക്കുന്നുമുണ്ടു്. ഇൻഡ്യയിലും, വിശിഷ്യ കേരളത്തിലും ത്രിശ്ശൂലം ഒരു പരിശുദ്ധായുധമായി കരുതപ്പെട്ടുപോരുന്നു. കേരളത്തിന്റെനാനാഭാഗങ്ങളിലും നിന്നു് എടുക്കപ്പെട്ടിട്ടുള്ള ശവകുടീരഘടങ്ങളിൽ ത്രിശ്ശൂലം കാണപ്പെട്ടിട്ടുണ്ടു്. ദ്രവിച്ചനെല്ലിന്റെ ഉമിയും തുരുമ്പു പിടിച്ച ചെറിയ ത്രിശ്ശൂലവും സാമാന്യേന എല്ലാ കുടങ്ങളിലും നിന്നു കണ്ടെടുക്കപ്പെട്ടിട്ടുണ്ടു് (2) കുടത്തിന്റെ വലിപ്പച്ചെറുപ്പം അനുസരിച്ചു് ആയിരിക്കും ഈ ആയുധത്തിന്റെ പരിമാണവും. ഒരു പ്രായപൂൎത്തിവന്നമനുഷ്യനെ ഈ ഘടത്തിനുള്ളിൽ ഇരുത്തി അടക്കത്തക്ക ഉയരവും വിസ്താരവും പ്രസ്തുത മണൽപാത്രത്തിനും

(1) Author's views on the subject.

(2) Author's own Archaeological Researches.

ഉണ്ടായിരിക്കം സാധാരണംതന്നെ. ഈ പരിതസ്ഥിതികളിൽ നിന്നു് അനുമാനിക്കേണ്ടതു് എന്തെന്നാൽ, പുരാതനഹിന്ദുമതം അതിന്റെ ആദിമദശയിൽ ഇതരഭൂഭാഗങ്ങളിൽ എന്നതിന്മണ്ണം കേരളത്തിലും പ്രചുരമായി പ്രചരിച്ചു എന്നാകുന്നു. മരിച്ചവരുടെ ജഡങ്ങൾ ഭൂഗർഭത്തിൽ അടക്കംചെയ്യുക പുരാതനഹിന്ദുക്കളുടെ ഇടയിൽ സർവ്വസാധാരണമായിരുന്നു. വേദങ്ങൾ ഏതാദൃശമായ സംസ്കാരത്തിനു് അനുകൂലിക്കുന്നുമുണ്ടു്.

ആര്യാവർത്തത്തിൽ നിവസിച്ച ആര്യജനപരമ്പര കാലക്രമത്തിൽ ദക്ഷിണഭാരതത്തിലേക്കു കടന്നു ഗോദാവരികൃഷ്ണാനദീതീരങ്ങളിൽ ആദ്യവാസം ഉറപ്പിച്ചു. ശ്രീരാമന്റെ ലങ്കാആക്രമണശേഷം അടുത്തുതന്നെ ഗോദാവരീജനസ്ഥാനത്തുനിന്നു ഒരു ആര്യവിഭാഗം ദക്ഷിണദിക്കിലേക്കു പ്രസ്ഥാനംചെയ്തു കേരളമലനാട്ടിൽ വാസം ഉറപ്പിച്ചു. അഗസ്ത്യൻ ആയിരുന്നു, ആ ജനസംഘത്തിന്റെ നായകൻ. പ്രസ്തുത അഗസ്ത്യൻവിശ്രുതനായ അഗസ്ത്യമഹർഷിയായിരുന്നു എന്നും അഗസ്ത്യജനസ്ഥാനം അഗസ്ത്യകൂടം ആയിരുന്നുവെന്നും അനുമാനിക്കപ്പെട്ടിരിക്കുന്നു. പാണ്ഡ്യചോളാദി പ്രാചീനദ്രാവിഡ രാജ്യങ്ങൾ അക്കാലത്തു നിലനിന്നിരുന്നു. അഗസ്ത്യന്റെ ഉപവേശഘട്ടം ബി. സി. 5-ാംശതവർഷത്തോടു സമീപിച്ചായിരുന്നു. (1)

എന്നാൽ രാമായണത്തിൽ കേരളോദ്ധാരകനായ പരശുരാമനെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതിനാൽ പുരാണകാലത്തിനു എത്രയോ മുൻകാലത്തുതന്നെ കേരളത്തിൽ വൈദികബ്രാഹ്മണർ പ്രവേശിച്ചു വാസം ഉറപ്പിച്ചിട്ടുള്ളതായി അനുമാനിക്കാവുന്നതാണു്.

വസ്തുത ഇപ്രകാരമാണെങ്കിലും വൈദിക ബ്രാഹ്മണർ എ. ഡി. 8-ാംശതകത്തിന്റെ ആദിമഘട്ടത്തിലാണു കേരളത്തിൽ ഉപവേശംചെയ്തതെന്നു ലോഗൻ സ്ഥാപിച്ചിരിക്കുന്നു. (2) ഈ അഭിപ്രായം സ്ഥിരീകരിക്കുവാൻ ലോഗൻ അവലംബിക്കുന്ന ന്യായങ്ങൾ രസാവഹങ്ങളാണു്. എ. ഡി 7-ാം ശതകത്തിന്റെ മദ്ധ്യഘട്ടത്തിൽ ദക്ഷിണഭാരതത്തിൽ പശ്ചിമപർവ്വതനിരയുടെ പൂർവ്വഭാഗത്തുള്ള പ്രദേശങ്ങളിൽ സഞ്ച

(1) Manual of Tanjore District,

(2) Logan s Manual of the Malabar District.

രിച്ച ചീനദേശീയനായ ഹ്യുവെൻസാങ്ങ് വൈദിക ബ്രാഹ്മണരെ ആരെയും തന്നെ കണ്ടിട്ടില്ലെന്നും, അപ്രദേശങ്ങളിൽ ധാരാളമായി കാണപ്പെട്ടതായി വിവരിക്കപ്പെട്ടിട്ടുള്ള നഗ്നരായ "അവിശപാസികൾ" ജയിന ദിഗംബരന്മാരാണെന്നും ഡാക്ടർ ബർണൽ പ്രസ്താവിച്ചിരിക്കുന്നു എന്നുള്ളതാണ് ലോഗൻ പുറപ്പെടുവിച്ചിരിക്കുന്ന ന്യായവാദങ്ങളിൽ ഒന്ന്.

എന്നാൽ ഹ്യുവെൻസാങ്ങ് പൂർവ്വതീരങ്ങൾ മാർഗ്ഗം സഞ്ചരിച്ചു കാഞ്ചീപുരം വരെ ചെന്നുവെന്നും, പിന്നീട് മദ്ധ്യേമാർഗ്ഗം പർവ്വതനിരയുടെ പശ്ചിമഭാഗത്തു ചെന്ന്, ഉത്തരാഭിമുഖമായി സഞ്ചാരം തുടർന്നുവെന്നും, ബുദ്ധജയിനവിഹാരങ്ങൾ ക്ഷയോന്മുഖമായിരിക്കുന്നുവെന്നും, അനേകശതം ക്ഷേത്രങ്ങൾ പ്രശസ്തരീതിയിൽ നിലനിന്നുപോരുന്നുവെന്നും അസംഖ്യം അസംഖ്യം "നഗ്നാവിശപാസികൾ" എല്ലായിടത്തും കാണപ്പെടുന്നുണ്ടെന്നും, ദക്ഷിണഭാഗത്തിൽ നിന്നുമുള്ള പ്രത്യാഗമനവിവരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (1) ഈ മടക്കത്തിൽ പ്രസ്തുത ചീനസന്യാസി തിരുവിതാംകൂർ മലബാർ ഉൾപ്പെടെയുള്ള കേരളദേശങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നുള്ളതു നിസ്സംശയമാകുന്നു. കേരളത്തിൽ ഹ്യുവെൻസാങ്ങ് കണ്ട ക്ഷേത്രങ്ങൾ ഹിന്ദുക്ഷേത്രങ്ങൾ ആകുന്നു. ബുദ്ധമതക്കാരനായ ആ സഞ്ചാരി "നഗ്നാവിശപാസികൾ" എന്നു സംജ്ഞ ചെയ്തിരിക്കുന്നതു കേരളത്തിലെ ഹിന്ദുക്കളെ ഉദ്ദേശിച്ചാകുന്നു. ഹിന്ദുക്കൾ ഏറ്റവും പരിമിതമായ രീതിയിൽ വസ്ത്രധാരണം ചെയ്യുന്നവരാണല്ലോ. വിശിഷ്യ കേരളത്തിലെ ജനങ്ങൾ അരയിൽ നഗ്നത മറയ്ക്കുവാൻ മാത്രം ഉദ്ദേശിച്ച് ഒററവസ്ത്രം ധരിച്ചുവരുന്നവരുമാണ്. കേരളബ്രാഹ്മണർ ഗുഹ്യപ്രദേശങ്ങൾ മാത്രം ആച്ഛാദനം ചെയ്യത്തക്കവിധം ഒരു ചെറുവസ്ത്രം തററുടുത്തു വൈദികകർമ്മങ്ങളും ക്ഷേത്രദർശനവും മററും നടത്തിപ്പോരുന്ന പുരാതന ചടങ്ങ്, അല്പാപി നിലനിന്നു വരുന്നുമുണ്ടല്ലോ. ബുദ്ധമതസന്യാസിയായ സഞ്ചാരി ബുദ്ധജൈനമതങ്ങൾക്കു ക്ഷയം സംഭവിച്ചിരിക്കുന്ന കേരളദേശത്തു പ്രാബല്യത്തിൽ ഇരിക്കുന്ന ഹിന്ദുമതത്തെയും, ഹിന്ദുമതസ്ഥാപനങ്ങളെയും ഹിന്ദുക്കളെ ആകമാനവും, വിശിഷ്യ വൈഷ്ണവവൈദികരെയും അവജ്ഞാവിദ്വേഷകലുഷങ്ങളായ

(1) Talboys wheeler's History of India Vol. III.

നേത്രങ്ങളോടുകൂടിയേ വീക്ഷണം ചെയ്വാൻ ഇടയുള്ളൂ എന്നുള്ളതും നിർവിവാദമാണ്. ആ സ്ഥിതിക്കു താൻ കണ്ടെത്തിയ ഹിന്ദുവൈദികന്മാരെ "നഗ്നാവിശ്വാസികൾ" എന്നു സംജ്ഞ ചെയ്തതു് അത്ഭുതമല്ല. "നഗ്നാവിശ്വാസികൾ" (Naked Heretics) ജൈനനിർഗ്രന്ഥികളാണെന്നുള്ള ഡാക്ടർ ബർണലിന്റെ അഭിപ്രായം "ആയാകൃപതമഗാഥ എന്ന ഗ്രന്ഥത്തിലെ ആഭ്യന്തര തെളിവുകളെ ആസ്പദമാക്കിയിട്ടുള്ളതാകുന്നു. എന്നാൽ പ്രസ്തുത കൃതിയുടെ രചനാകാലം ഏതെന്നു ഡാക്ടർ ബർണലിനു ഖണ്ഡിതമായി പറയുവാൻ സാധിച്ചിട്ടില്ല. (1) "നഗ്നാവിശ്വാസികൾ" എന്നു ഹ്യൂവെൻസാങ്ങിനാൽ സംജ്ഞ ചെയ്യപ്പെട്ടിട്ടുള്ളവർ ദിഗംബരജൈനന്മാർ അല്ലെന്നും, വൈദികബ്രാഹ്മണയതികളാണെന്നും ഉള്ള പണ്ഡിതാഭിപ്രായത്തിനാകുന്നു കൂടുതൽ പ്രാബല്യം സിദ്ധിച്ചിട്ടുള്ളതു്. (2) വിശേഷ്യ ഈ "നഗ്നാവിശ്വാസികൾ" വീണ്ടും അവരുടെ അധികാരം സ്ഥാപിച്ചുവരുകയാണെന്നും, (ബ്രാഹ്മണ) ക്ഷേത്രങ്ങളുടെ ഇടയ്ക്കു 2 തിരിച്ചു നിലനില്ക്കുവാൻ, ബുദ്ധവിഹാരങ്ങൾക്കു വളരെ വൈഷമ്യം ഉണ്ടെന്നും ഹ്യൂവെൻസാങ്ങ് തന്നെ മറ്റൊരു ഭാഗത്തു പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു്, അക്കാലത്തു ബ്രാഹ്മണമതത്തിനു കേരളത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചിരുന്നുവെന്നുള്ളതു വ്യക്തമാണല്ലോ.

ലോഗന്റെ മറ്റൊരു ന്യായം കൊടുങ്ങല്ലൂർ വച്ചു് ജൂദന്മാൎക്കു നൽകപ്പെട്ട "ജൂദപട്ടയം" എന്ന വിശ്രുതമായ ശാസനത്തിൽ ബ്രാഹ്മണരു സാക്ഷികളായി ഒപ്പു വച്ചിട്ടില്ലെന്നും, സിറിയൻ ക്രിസ്ത്യാനികൾക്കു നൽകപ്പെട്ടിട്ടുള്ള ശാസനത്തിനു ബ്രാഹ്മണസാക്ഷികൾ ഒപ്പുവെച്ചിട്ടുണ്ടെന്നും, അതിനാൽ ജൂദപട്ടയകാലത്തു, കേരളബ്രാഹ്മണർ കേരളത്തിൽ ഉപവേശം ചെയ്തിരിക്കാൻ ഇടയില്ലെന്നും, സിറിയൻ പട്ടയത്തിൽസാക്ഷിസ്ഥാനത്തു ബ്രാഹ്മണർ ഉള്ളതിനാൽ അക്കാലം സമീപിച്ചു ബ്രാഹ്മണർ കേരളത്തിൽ അധിവാസം തുടങ്ങിയിരിക്കണമെന്നും ആകുന്നു. ഈ അഭിപ്രായം ശരിയെന്നു വാദത്തിനു വേണ്ടി സമ്മതിക്കുന്നപക്ഷം, തന്നെയും ലോഗന്റെ അഭി

---

(1) The Indian Epic.

(2) Indian Antique Vol. I.
Bothlink and Roth.

പ്രായപ്രകാരം വൈദികബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തതു്, ഏ. ഡി. 8-ാംശതകത്തിന്റെ ആദിമഘട്ടത്തിലോ് ഏഴാംശതകത്തിന്റെ അന്ത്യഘട്ടത്തിലോ ആയിരുന്നുവെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ജൂതശാസനത്തിൽ കേരളത്തിലെ എല്ലാ പ്രധാനസമുദായങ്ങളുടെയും പ്രതിനിധികൾ സാക്ഷിസ്ഥാനത്തു ഒപ്പുവച്ചിട്ടുള്ളതായി കാണുന്നില്ല. സെന്റ തോമസ് ക്രിസ്ത്യാനികൾ ഏ. ഡി. 52 മുതൽ കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ളവരാണു്. അവർക്കു് അക്കാലത്തോടടുത്തഘട്ടംമുതൽ കേരളത്തിൽ പ്രാബല്യം സിദ്ധിച്ചിരുന്നുവെന്നും വിസംവദിക്കാവുന്നതല്ല. എന്നാൽ സെന്റ തോമസ് ക്രിസ്ത്യാനികൾ ജൂതപട്ടയത്തിൽ സാക്ഷികളല്ലാതിരിക്കുന്ന കാരണവശാൽ അവർ കേരളത്തിൽ വന്നു ചേർന്നതു ജൂതപട്ടയത്തിനുശേഷമെന്നു പറയത്തക്കതാകുമോ? ജൂതശാസനത്തിൽ കേരളബ്രാഹ്മണർ സാക്ഷിനിന്നിട്ടില്ലാത്തതുകൊണ്ടു് അക്കാലം വരെ അവർ കേരളഭൂമിയിൽ ഉപവേശം ചെയ്തിട്ടില്ലെന്നു പറയുന്നതു സാഹസമാണെന്നു് പ്രസ്താവിക്കാതെ തരമില്ല.

കർണ്ണാടകദേശത്തും, മഹാരാഷ്ട്രദേശത്തും നിലവിലിരിക്കുന്ന രണ്ടു ഐതിഹ്യങ്ങൾ മെക്കൻസി രേഖകളിൽ ഉണ്ടെന്നുള്ളതാണു് ലോഗന്റെ അഭിപ്രായത്തിനുള്ള മററൊരു അടിസ്ഥാനം. കർണ്ണാടകത്തെ ഐതിഹ്യം വനവാസിസ്ഥലമാഹാത്മ്യത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതാണു്. വനവാസി രാജ്യം വാണിരുന്ന കദംബരാജവംശത്തിലെ ഒരു രാജാവായിരുന്ന മയൂരവർമ്മയുടെ അതിഥിയായി ചെന്ന ഒരു ബ്രാഹ്മണൻ അദ്ദേശത്തു് മററു ബ്രാഹ്മണർ ആരും ഇല്ലെന്നു് അറിയുകയാൽ ഭക്ഷണം കഴിക്കുകയില്ലെന്നു് ശഠിച്ചുവെന്നും, തന്നിമിത്തം രാജാവു് ആ ബ്രാഹ്മണനെ തലസ്ഥാനനഗരിയിൽ കുടിപാർപ്പിക്കുകയും, ആ ഹിന്ദുക്ഷേത്രത്തിൽ നിന്നു ബ്രാഹ്മണരെ വരുത്തി അവിടെ ഒരു ബ്രാഹ്മണഗ്രാമം രൂപീകരിക്കുകയും ചെയ്തുവെന്നുമാണു് വനവാസിസ്ഥലമാഹാത്മ്യത്തിൽകാണുന്ന പ്രകാരമുള്ള കർണ്ണാടകൈതിഹ്യം. മയൂരവർമ്മയുടെ പുത്രനായ ചന്ദ്രാംഗദൻ, കേരളം, തുളുനാടു്, ഹയഗിരി (ഹൈഹയം ഏകയം—ഏഴിമലനാടു്) കൊങ്കണം, കോരകം എന്നീ രാജ്യങ്ങളിൽ ബ്രാഹ്മണരെ ഉപവേശം ചെയ്യിച്ചതായും പറയപ്പെ

ട്ടിട്ടുണ്ടു്. ഈ സംഭവത്തിനുശേഷമാണു് പരശുരാമൻ അറുപത്തിനാലു ഗ്രാമക്കാരായി തീൎന്ന അറുപത്തിനാലു ബ്രാഹ്മണകുടുംബങ്ങളെയും കൊണ്ടു കേരളത്തിൽ വന്നതെന്നു വനവാസിസ്ഥലമാഹാത്മ്യത്തിൽ വിവരിച്ചിട്ടുള്ളതായി കാണുന്നു.

മഹാരാഷ്ട്രദേശത്തെ ഐതിഹ്യം പരശുരാമൻ കേരളബ്രാഹ്മണസമുദായത്തിന്റെ സ്രഷ്ടാവാണെന്നാണു്; അതാവിതു് പരശുരാമമഹർഷി സഹ്യാചലം എന്ന പ്രാചീനജനസ്ഥാനത്തു് (ആദിമമലനാട്ടു്) തപസ്സു ചെയ്തു ജീവിച്ചകാലത്തു പശ്ചിമസമുദ്രം ആദിമ മലനാടായ സഹ്യാചലത്തിന്റെ പ്രാന്തങ്ങൾവരെ വ്യാപിച്ചിരുന്നുവെന്നും, ആ ബ്രാഹ്മണമഹർഷിയുടെ തപശ്ശക്തിമൂലം കടൽ പിൻവാങ്ങുകയും സഹ്യന്റെ പശ്ചിമപാർശ്വങ്ങളിൽ വളരെ വിസ്തീർണ്ണത്തിൽ കര ഉയരുകയും ചെയ്തുവെന്നും, ആ നൂതനദേശത്തു കുടിപാർപ്പിക്കുവാൻ ജനങ്ങൾ ഇല്ലെന്നുകണ്ടു പരശുരാമൻ വിഷാദിച്ചുവെന്നും, ആദിമ മലനാട്ടിൽ മത്സ്യംപിടിച്ചും മറ്റും ജീവിച്ചുവന്ന ഒരു വൎഗ്ഗക്കാൎക്കുതന്നെ യജ്ഞോപവീതം നൽകി ബ്രഹ്മർഷി കുടിപാർപ്പിച്ചുവെന്നും മറ്റുമാകുന്നു. പരശുരാമനാൽ കണ്ടുപിടിക്കപ്പെട്ട ദേശമായ ഭാൎഗ്ഗവക്ഷേത്രത്തിലെ ആദിമോപവേശകന്മാരായി ഭവിച്ച ദാശവൎഗ്ഗക്കാൎക്കു, ഭാൎഗ്ഗവരാമൻ വേദാദ്ധ്യയനം നൽകി അനുഗ്രഹിച്ചു. അനന്തരം മഹർഷി തപസ്സിനായി ഗോകർണ്ണത്തേക്കു പോയി. ഭാൎഗ്ഗവബ്രാഹ്മണൎക്കു എന്തെങ്കിലും സങ്കടം ഉണ്ടായാൽ, തന്നെ സ്മരിക്കണമെന്നും, ഉടൻതന്നെ താൻ തിരിച്ചുവന്നു അതിനു ശാന്തി വരുത്തിക്കൊള്ളാമെന്നും ഉറപ്പു നൽകിയിട്ടാണത്രെ പരശുരാമൻ ഭാൎഗ്ഗവക്ഷേത്രത്തിൽ നിന്നു ഗോകർണ്ണത്തേക്കു പുറപ്പെട്ടതു്. പരശുരാമബ്രാഹ്മണർ ആ നൂതനഭൂമിയിൽ അധിവസിച്ച കാലത്തു് അവർ അനാവശ്യമായി കൂടെക്കൂടെ കുലഗുരുവിനെ അവരുടെ ദേശത്തു വരുത്തുകയാൽ അദ്ദേഹം കുപിതനായി അവൎക്കു പതിതത്വം സംഭവിക്കട്ടെ എന്നു ശപിച്ചതായും, ശാപഫലമായി അവർ ശൂദ്രസ്ത്രീകളുമായി സഹവാസംചെയ്തു അധഃപതിക്കുവാൻ ഇടയായതായും മഹാരാഷ്ട്രദേശത്തെ ഐതിഹ്യത്തിൽ കാണുന്നു. ഇപ്രകാരം കേരളബ്രാഹ്മണർ പതിതരായിത്തീൎന്ന കാലത്താണു് കേരളകൈരാഷ്ട്രരാജ്യങ്ങളുടെ രാജാ

വായ മയൂരവമ്മ അഹിക്ഷേത്രത്തിൽ നിന്നു സനാതനബ്രാഹ്മണരെ വരുത്തി കേരളത്തിൽ കുടിപാൎപ്പിച്ചുതെന്നും ഈ ഐതിഹ്യം വിവരിച്ചിട്ടുണ്ടു്.

കേരളബ്രാഹ്മണർ എന്ന വിശ്രുതരായ നമ്പൂരിമാരുടെ സമുദായത്തെയും അവരുടെ കേരളോപപ്രവേശകാലത്തെയും സംബന്ധിച്ചേടത്തോളം, ഈ രണ്ടു ഐതിഹ്യങ്ങൾക്കും എന്തെങ്കിലും വിലയുള്ളതായി വിചാരിക്കാവുന്നതല്ല. കേരളത്തിൽ അനിഷേധ്യപ്രാബല്യത്തോടെ ജീവിച്ചുപോന്ന നമ്പൂരിസമുദായത്തോടു് ഇതരദേശീയരായ ബ്രാഹ്മണരിൽ ചിലൎക്കു് ഉണ്ടായ അസൂയയുടെയോ വിദ്വേഷത്തിന്റെയോ ഫലമായി, ഇടക്കാലത്തു് ആരോ എഴുതിച്ചേൎത്തുണ്ടാക്കിയവയാണു് ഈ രണ്ടു ഐതിഹ്യങ്ങളും എന്നു് അനുമാനിക്കാവുന്നതാണു്.

തുളുനാട്ടിൽ വൈദിക ബ്രാഹ്മണർ ഇല്ലെന്നുള്ള ന്യൂനത പരിഹരിക്കുവാൻ വേണ്ടിയാണു് മയൂരവമ്മ * അഹിക്ഷേത്രത്തിൽ നിന്നു് ബ്രാഹ്മണരെ വരുത്തി താമസിപ്പിച്ചതു്. ഈ അഹിക്ഷേത്രം കേരളം തന്നെയാണു്. പുരാതനകേരളം വൈദികബ്രാഹ്മണരുടെ നിവാസഗ്രാമങ്ങളാൽ നിബിഡിതമായിരുന്നു. കേരളബ്രാഹ്മണൎക്കു മാത്രമേ "നമ്പൂരി" എന്ന അഭിസംജ്ഞയുള്ളൂ. "നം" എന്നാൽ "വേദം" എന്നൎത്ഥം. നം + പൂരയതി ഇതി നമ്പൂതിരി. എന്നിപ്രകാരമാണു് "നമ്പൂതിരി" ശബ്ദത്തിന്റെ ആഗമം. വേദങ്ങളാൽ മലയാളബ്രാഹ്മണരും, മലയാളബ്രാഹ്മണരാൽ വേദങ്ങളും പരസ്പരം പൂൎത്തിയാക്കപ്പെട്ടു. ഇപ്രകാരം വേദസൎവ്വസ്വമയികളായ മലയാളബ്രാഹ്മണൎക്കു "നമ്പൂരി" എന്ന അഭിസംജ്ഞ സിദ്ധിച്ചു.

നമ്പൂരിമാരുടെ പ്രവേശത്തെക്കുറിച്ചു് കേരളത്തിൽ നിലവിലിരിക്കുന്ന ഐതിഹ്യങ്ങളും കണ്ണാടകമഹാരാഷ്ട്രദേശങ്ങളിലെ ഐതിഹ്യങ്ങളും പരസ്പരവിരുദ്ധങ്ങളായിരിക്കുന്നു. മയൂരവമ്മയുടെ ഭരണകാലം എ. ഡി. 7-ാംശതകത്തിന്റെ അന്ത്യഘട്ടത്തിലോ 8-ാംശതകത്തിന്റെ ആദ്യദശയിലോ ആയിരിക്കണം. ആ സ്ഥിതിക്കു ലോഗന്റെ അഭിപ്രായം പരശുരാമന്റെ ജീവിതകാലത്തിന്റെ മാനദണ്ഡമായി സ്വീകരിക്കുന്നപക്ഷം, ആ മഹർഷി കദംബമയൂരവമ്മയുടെ കാലശേഷം,

* Dr. Gundert's Malayalam Dictionary.

എ. ഡി. 8-ാംശതകത്തിൽ ജീവിച്ചിരുന്ന ആളാണെന്നു് സ്ഥാപിക്കേണ്ടിയിരിക്കുന്നു. എന്നാൽ രാമായണം മഹാഭാരതം എന്നീ ഇതിഹാസങ്ങളിൽ പരശുരാമനെക്കുറിച്ചു് പ്രസ്താവനകൾ ചെയ്തിട്ടുണ്ടു്. ഈ ഗ്രന്ഥങ്ങളുടെ രചനാകാലത്തെക്കുറിച്ചു് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നിരുന്നാലും ക്രിസ്തുവിന്റെ ജനനത്തിനു അനേകശതം വർഷങ്ങൾക്കു മുമ്പു് ഉണ്ടാക്കപ്പെട്ടിട്ടുള്ള കൃതികളാണു് ഇവയെന്നു് ആഭ്യന്തരതെളിവുകളാൽ അനുമാനിക്കാവുന്നതാണു്. അതിനാൽ പരശുരാമൻ ഇതിഹാസകാലത്തിനു തന്നെയും വളരെ മുൻപു ജീവിച്ചിരുന്ന ഒരു ബ്രാഹ്മണമഹർഷിയായിരുന്നു എന്നു തെളിയുന്നുണ്ടു്.

മയൂരവർമ്മയുടെ രാജ്യം ഇപ്പോഴത്തെ മൈസൂർരാജ്യത്തിന്റെ വടക്കുപടിഞ്ഞാറെ സീമകളിൽനിലനിന്നിരുന്ന കുന്തളം ആയിരുന്നുവെന്നു വിശ്വാസയോഗ്യമായ ഒരു രേഖയിൽ നിന്നു്, അടുത്തകാലത്തു വെളിപ്പെട്ടിട്ടുമുണ്ടു്. * ആ സ്ഥിതിക്കു മയൂരവർമ്മ ബ്രാഹ്മണരെ എവിടെ നിന്നെങ്കിലുമാവട്ടെ,വരുത്തി സ്വരാജ്യത്തിൽ കുടിയുറപ്പിച്ചു എന്നു പറയപ്പെടുന്നതു. കേരളത്തെ സംബന്ധിച്ചല്ലാ എന്നു നിശ്ചയം തന്നെ.

ആര്യബ്രാഹ്മണരുടെ പ്രവേശത്തിനു മുൻപു്, കേരളീയർ മരിച്ചവരുടെ ജഡങ്ങൾ കുഴിച്ചിടുകയായിരുന്നു പതിവു്, എന്നും ശ്രാദ്ധാദി അപരക്രിയകൾ നടത്താറില്ലായിരുന്നുവെന്നും, നമ്പൂരിബ്രാഹ്മണരുടെ ആഗമനശേഷമാണു ശവദാഹസമ്പ്രദായവും ശ്രാദ്ധാദികർമ്മങ്ങളും കേരളത്തിൽ നടപ്പായതെന്നും ലോഗൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തിന്റെ ബലഹീനത മുൻപു് വ്യക്തമാക്കിയിട്ടുണ്ടല്ലോ. ശ്രാദ്ധാദി ശേഷക്രിയകൾ മരിച്ചവരുടെ ആത്മശാന്തിക്കായി നടത്തുകയെന്ന ആചാരം ലോകത്തിൽ എല്ലാ കാലങ്ങളിലും, എല്ലാ ജാതിക്കാരുടെയും, വർഗ്ഗങ്ങളുടെയും സമുദായങ്ങളുടെയും, ഇടയിൽ നടപ്പുള്ള ഒരു കാര്യമാകുന്നു. ഹൈന്ദവവേദങ്ങളിലും ശവസംസ്കാരവിധങ്ങളെയും ഉദകക്രിയ, അപരക്രിയ, മുതലായവ അനുഷ്ഠിക്കേണ്ട ക്രമങ്ങളേയും കുറിച്ചു് സവിസ്തരം പ്രതിപാദിച്ചിട്ടുമുണ്ടു്. മരിച്ചവരുടെ ജഡം ഭൂമിയിൽ കുഴികുഴിച്ചോ വലിയ മൺകുടങ്ങളിൽ വെച്ചു മൂടിയിട്ടുറപ്പിച്ചോ, ഭൂഗർഭത്തിൽ

* Indian Antique Vol X. An Inscription (Fleet).

നിക്ഷേപിക്കുന്നതിനും, ശവത്തെ ചിതയിൽ വച്ചു ദഹിപ്പിച്ചു ചിതാഭസ്മം നദിയിൽ കലക്കുവാനും, അസ്ഥികൾ എടുത്തു് നീരൊഴുക്കിനരികെ ഭൂഗർഭത്തിൽ നിക്ഷേപിക്കുവാനും ഉള്ള വിധികൾ വേദപ്രോക്തങ്ങളാകുന്നു.*

ഋഗ്വേദരചനാകാലത്തു് ആര്യന്മാർ മൃതശരീരം മൺകുടങ്ങളിലാക്കി ഭൂഗർഭത്തിൽ നിക്ഷേപിക്കുകയായിരുന്നു പതിവു്. ഈ അനുഷ്ഠാനം വിവരിക്കുന്നതായ ഒരു ശ്ലോകം ഋഗ്വേദത്തിലുണ്ടു്. എന്നാൽ ഈ നടപടിക്കു പിൽക്കാലം മാററം വന്നതായി ഋഗ്വേദത്തിന്റെ അന്തിമഭാഗങ്ങളിലെ ചില ശ്ലോകങ്ങൾകൊണ്ടു അനുമാനിക്കേണ്ടിയിരിക്കുന്നു. ജഡം ചിതയിൽ വച്ചു ദഹിപ്പിച്ചു, ചിതാഭസ്മം കുടത്തിലാക്കി കുഴിച്ചുവയ്ക്കുന്ന ക്രമങ്ങളെക്കുറിച്ചുള്ള ശ്ലോകങ്ങൾ ഋഗ്വേദത്തിൽ കാണപ്പെടുന്നുണ്ടു്. എന്നാൽയജുർവേദകാലത്തു ഈനടപടിക്കുവ്യത്യാസം ഉണ്ടായി. ചിതയിൽവച്ചു് ജഡം ദഹിപ്പിക്കുകയും അസ്ഥികൾ എടുത്തു് കുടത്തിലാക്കി നീരൊഴുക്കിനു സമീപം ഭൂഗർഭത്തിൽ നിക്ഷേപിക്കുകയും, അതിന്മീതെ ജാനുവൽ പൊക്കത്തിൽ ഒരു മൺതിട്ടപിടിച്ചു പുൽക്കട്ടകൾ പിടിപ്പിച്ചു സംരക്ഷിക്കുകയും ചെയ്യുകയെന്നുള്ള സമ്പ്രദായം യജുർവേദത്തിൽ "ആരണ്യകം" എന്നഭാഗത്തിൽ വിവരിച്ചിരിക്കുന്നു. ഏതാദൃശങ്ങളായ ഹിന്ദുമതാചാരങ്ങൾ അനുഷ്ഠിച്ചുപോന്ന വൈദികബ്രാഹ്മണർ ക്രിസ്തുവിന്റെ ജനനത്തിനു് അനേകം ശതവർഷം മുമ്പു തന്നെ കേരളത്തിൽ അധിവസിച്ചിരുന്നുവെന്നുള്ളതിനു ഭൂഗർഭീയമായ തെളിവുകൾ സാക്ഷ്യം വഹിക്കുന്നുണ്ടു. $

---

* Religious Thought and Life in India (Monier Williams)

$ മുപ്പതു സംവത്സരംമുൻപു് വടക്കൻപുതുപ്പള്ളിയിൽകൊച്ചുപള്ളിക്കുന്നേൽ എന്ന പുരയിടത്തിൽ കല്ലുവെട്ടുവാൻ കുഴിച്ചപ്പോൾ നാലഞ്ചടി ഉയരം വരുന്ന മണ്ണുനിറഞ്ഞ മുപ്പതോളം മൺകുടങ്ങൾ അവയ്ക്കുള്ളിൽ ഓരോ ത്രിശൂലശിഷ്ടങ്ങളും ഉമിയും വെൺപൊടിയും സഹിതം കണ്ടുകിട്ടിയതായി ആ വസ്തു ഉടമസ്ഥനും ദേശവാസികളും ഈ ഗ്രന്ഥകാരനോടു നേരിട്ടുപറഞ്ഞിട്ടുണ്ടു്. (1092)

ഇരുപതു സംവത്സരം മുൻപു് ഇത്തരം ഇരുപതിൽപരം വലിയ കുടങ്ങൾ കല്ലുവെട്ടിക്കാൻ ഭൂമി കുഴിച്ച ഗഡുവിൽ പുതുപ്പള്ളി എന്ന ഗ്രാമത്തിൽ ഗ്രന്ഥകാരന്റെ തൽക്കാലവസതിയായിരുന്ന കെട്ടിടം ഇരുന്ന കാട്ടിൽ എന്ന പുരയിടത്തിൽ നിന്നു കണ്ടുകിട്ടി. ഓരോ ചെറിയ ദ്രവിച്ച ത്രിശൂലശിഷ്ടവും കുറേ ഉമിയും ചാരനിറത്തിലുള്ള കുറെ പൊടിയും മണ്ണും ഓരോ കുടത്തിലും കാണപ്പെട്ടു. (1092)

ചാലൂക്യരാഷ്ട്രകൂടാദിരാജാക്കന്മാർ കേരളം ആക്രമിച്ചടക്കിയശേഷം അവരുടെ അഭയച്ഛായയിൽ വൈദികബ്രാഹ്മണർ കേരളത്തിൽ ഉപവേശിച്ചതാണെന്നും ലോഗൻ അഭിപ്രായപ്പെട്ടിട്ടുണ്ട്: ചാലൂക്യന്മാർ വൈഷ്ണവരും രാഷ്ട്രകൂടന്മാർ ശൈവരും ആയിരുന്നതിനാൽ പന്നിയൂർ ഗ്രാമക്കാരായ നമ്പൂരിമാർ ചാലൂക്യരാജകുടുംബത്തിന്റെ ആശ്രയത്തിൽ ഉപവേശംചെയ്തവരും, ചൊവ്വരഗ്രാമക്കാർ രാഷ്ട്രകൂടാശ്രയത്തിൽ ഉപവേശിച്ചവരും ആണത്രേ. പന്നിയൂർ ഗ്രാമക്കാരുടെ ചിഹ്നമായ വരാഹം (വരാഹമൂർത്തി) വൈഷ്ണവചിഹ്നമാണെന്നും ലോഗൻ സൂചിപ്പിക്കുന്നുണ്ടു്. പശ്ചിമചാലൂക്യന്മാർ ആദ്യമായി കേരളം ആക്രമിച്ചതു പുലകേശിദ്വിതീയന്റെ കാലത്താണു്. അതാവിതു് എ. ഡി. 7-ാംശതകത്തിന്റെ ആദിമദശയിൽതന്നെ * ഈ ആക്രമണവേളയിൽ മലയാളികൾ ബ്രാഹ്മണരുടെ തുണയോടുകൂടി ചാലൂക്യരാജാവിനോടു് നേർത്തതായി ലോഗൻതന്നെ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ മറെറാരുഭാഗത്തു പ്രസ്താവിച്ചിരിക്കുന്നതിനാൽ ചാലൂക്യാക്രമണദശയിലും കേരളത്തിൽ ബ്രാഹ്മണർ ഉണ്ടായിരുന്നുവെന്നു പ്രത്യക്ഷമായി സമ്മതിക്കുകയാണല്ലോ ചെയ്യുന്നതു്. ആദിമഘട്ടം മുതൽ തന്നെ വൈദികബ്രാഹ്മണർ കേരളത്തിൽ പ്രവേശിച്ചു വാസം ആരംഭിച്ചിരിക്കണം; അല്ലാത്തപക്ഷം കേരളരാജ്യവിവരങ്ങൾ അതിപുരാതനങ്ങളായ സംസ്കൃതഗ്രന്ഥങ്ങളിൽ കാണപ്പെടുവാൻ ഇടയാകുന്നതല്ല. എന്നാൽ ഓരോ വിദേശഹിന്ദുരാജാവിന്റെ ആക്രമണവും കേരളത്തിലുണ്ടായ ഘട്ടത്തിലെല്ലാം അതിനെ തുടർന്നു വൈദികബ്രാഹ്മണരുടെ ഉപവേശവും സംഭവിച്ചിരിക്കുമെന്നുള്ളതു നിസ്സന്ദേഹമാകുന്നു.

എ. ഡി. 2-ാംശതകം മുതൽ 4-ാംശതകം വരെ ഗുപ്തരാജവംശം ഉത്തരദേശങ്ങളിൽ പ്രതാപസമന്വിതം ഭരിച്ചിരുന്നു. അക്കാലത്തിനിടയ്ക്കു് അവർ പലപ്പോഴും കേരളം ആക്രമിച്ചിട്ടുണ്ടു്. അവർ സനാതന ഹിന്ദുക്കളായിരുന്നുവെന്നുള്ളതു നിസ്തർക്കമാണു്. അവരുടെ കേരളാക്രമണത്തെ തുടർന്നു ബ്രാഹ്മണർ പലരും കേരളത്തിൽ കുടിയേറി പാർത്തിരിക്കാം. ഗുപ്തന്മാർ കേരളം ആക്രമിച്ചതിനു മുൻപു കേരളത്തിൽ നമ്പൂരി

+ Ibid. Vol I.

ബ്രാഹ്മണർ അധിവസിച്ചിരുന്നില്ലെന്നു പറഞ്ഞുകൂടാ. കേരളത്തിൽ വൈഷ്ണവർ എന്നും ശൈവർ എന്നും നമ്പൂരിബ്രാഹ്മണരുടെ ഇടയിൽ രണ്ടുവിഭാഗം ഉണ്ടെന്നുള്ള ലോഗന്റെ അഭിപ്രായംതന്നെ ശരിയല്ല. കേരളബ്രാഹ്മണരുടെ സമുദായപരിധികളിൽ ഇങ്ങനെയുള്ള യാതൊരുഭിന്നതയും ഇല്ല. നമ്പൂരിമാർ ദ്വൈതികളും അല്ല; ശിവനെയും വിഷ്ണുവിനെയും ഒരേ ഈശ്വരന്റെ രണ്ടു അവസ്ഥാഭേദങ്ങളായി സങ്കല്പിച്ചു് അവർ ഒരുപോലെ ആരാധിക്കുകയാണു ചെയ്യുന്നതു്. പരദേശങ്ങളിൽ വൈഷ്ണവ ശൈവ വിപ്ലവം നടന്നുകൊണ്ടിരുന്ന ഗഡുവിൽ രാഷ്ട്രകൂടന്മാരോടൊന്നിച്ചു കേരളത്തിൽ വന്നിട്ടുള്ളവരാണു കേരളത്തിലെ ശൈവവിഭാഗക്കാരായ ബ്രാഹ്മണർ എന്നുള്ള ലോഗന്റെ അഭിപ്രായം അസാധുവാകുന്നു. കേരളത്തിലെ നമ്പൂരിമാർ, പന്നിയൂർ, ചൊവ്വര എന്നീ രണ്ടു ഗ്രാമക്കാരാണു്. ഇവരാൽ ഉൾപ്പെട്ടവരാണു അറുപത്തിനാലു കുടുംബങ്ങൾ അഥവാ കേരളം ഒട്ടുക്കു പ്രചരിച്ച അറുപത്തിനാലു ഗ്രാമങ്ങൾ. പന്നിയൂർ ഗ്രാമക്കാരുടെ ഗ്രാമാങ്കം വരാഹവും (വരാഹമൂർത്തി) ചൊവ്വരഗ്രാമക്കാരുടെ ചിഹ്നം(ശരഭം)ഗരുഡനും(വിഷ്ണുവാഹനം) ആകുന്നു. ആകയാൽ ഈ വിഭാഗങ്ങൾ രണ്ടും പരദേശങ്ങളിലെ ശൈവവൈഷ്ണവപ്രാതിനിധ്യം വഹിക്കുന്നില്ല. പന്നിയൂർ ഗ്രാമക്കാർ കോഴിക്കോട്ടു സാമൂതിരിയുടെയും ചൊവ്വരഗ്രാമക്കാർ കൊച്ചീരാജാവിന്റെയും പരിധിയിൽ ജീവിച്ചുവന്നു. കൊച്ചിയും കോഴിക്കോട്ടും തമ്മിൽ നടന്നുകൊണ്ടിരുന്ന ദീർഘകാലസമരത്തിനിടയ്ക്കു് ഈ ഗ്രാമക്കാർ തമ്മിലും മത്സരമുണ്ടായി ഭിന്നിക്കുവാൻ ഇടയായിട്ടുള്ളതായിരിക്കണം. മലയാളികളുടെ രണപൌരുഷം സജീവമാക്കിക്കൊണ്ടിരിക്കുവാൻ വേണ്ടി ഇങ്ങനെ രണ്ടു വിഭാഗങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടുള്ളതായി അഭിപ്രായമുള്ളവരും ഇല്ലാതില്ല.

"സർവസ്വദാനം" എന്ന വിവാഹസമ്പ്രദായം പുരാതനഹിന്ദുക്കളുടെ ഇടയിൽ നടപ്പിലുണ്ടായിരുന്ന ഒരു ആചാരമായിരുന്നു. ഈ വിവാഹക്രമം കേരള ബ്രാഹ്മണരായ നമ്പൂരിമാരുടെ സാമൂഹ്യപരിധികളിൽ മാത്രമേ ഇപ്പോൾ നടപ്പുള്ളൂ. ഭാരതഖണ്ഡത്തിലെ ഹിന്ദുക്കളെ പൊതുവിൽ പരാമർശിക്കുന്ന "മിതാക്ഷര" നിയമത്തിൽ "സർവസ്വദാനം" അംഗീകരിക്കപ്പെട്ടിട്ടില്ല. ഒരു നമ്പൂതിരിക്കു പുരുഷസന്താനം ഇല്ലാതിരിക്കുകയും

സ്ത്രീസന്താനംമാത്രം ഉണ്ടായിരിക്കയും ചെയ്യുന്ന പരിതസ്ഥിതിയിൽ, ആ ബ്രാഹ്മണൻ കന്യകയെ സർവാഭരണവിഭൂഷിതയാക്കി വരനു നൽകുകയും പ്രസ്തുത ദാമ്പത്യഫലമായിജനിക്കുന്ന ആൺകുട്ടി കന്യകയുടെ അച്ഛന്റെ കുടുംബസ്വത്തിന് അവകാശിയും, പിൻവാഴ്ചക്കാരനുമാണെന്നു് ഉള്ള വാഗ്ദാനം നൽകുകയും ചെയ്യുന്നതാണു്, "സർവ്വസ്വദാന"ത്തിന്റെ പ്രധാനമായ ചടങ്ങു്. "ദ്വയമുഷ്യായനം" എന്ന ദത്തു സമ്പ്രദായവും നമ്പൂരിമാരുടെ ഇടയിൽ മാത്രമേ നടപ്പുള്ളു. പുരുഷസന്താനരഹിതനായ ഒരു നമ്പൂരി മറ്റൊരു ഇല്ലത്തെ നമ്പൂരിയുടെ പുത്രനെ സ്വകുടുംബത്തിലേക്കു ദത്തു് എടുത്തു തന്റെ അവകാശിയും പിൻവാഴ്ചക്കാരനും ആയ പുത്രനാക്കിത്തീർക്കുന്നു. ഇപ്രകാരം ദത്തു് എടുക്കപ്പെടുന്ന ഉണ്ണിനമ്പൂരിക്കു ദത്തു നിമിത്തം ദത്തച്ഛന്റെ കുടുംബത്തിനു് അവകാശം സിദ്ധിക്കുന്നതെന്നു മാത്രമല്ല, അതേ സന്ദർഭത്തിൽ തന്നെ സ്വപിതാവിന്റെ കുടുംബത്തിലുള്ള അവകാശവും സജീവമായിത്തന്നെ ഇരിക്കുന്നുണ്ടു്. ഇതാണു് "ദ്വയമുഷ്യായനം"ദത്തിനുള്ള ഒരു പ്രത്യേകത. കേരളത്തിനുപുറമെയുള്ള ദേശങ്ങളിൽ ഇപ്രകാരമുള്ള ദത്തു് അസാധുവായി പരിഗണിക്കപ്പെടുന്നതായിട്ടാണു മിതാക്ഷര നിയമം വിധിച്ചിരിക്കുന്നതു്. മിതാക്ഷരനിയമം ക്രോഡീകരിക്കപ്പെട്ടതു് എ. ഡി. 11-ാംശതകത്തിന്റെ അന്ത്യഘട്ടത്തിലോ 12-ാം ശതകത്തിന്റെ പ്രാരംഭദശയിലോ ആയിരിക്കണമെന്നു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ചാലൂക്യരാജാവായിരുന്ന വിക്രമാദിത്യന്റെകാലത്തു് ജീവിച്ചിരുന്ന വിജ്ഞാനേശ്വരൻഎന്ന പണ്ഡിതനാണു മിതാക്ഷര നിയമത്തിന്റെ സമ്പാദകൻ "ധർമ്മശാസ്ത്രം" എന്ന നിയമഗ്രന്ഥത്തിന്റെ ക്രോഡീകാരനായ യാജ്ഞവല്ക്യൻ ആ ഗ്രന്ഥത്തിൽ സംഭരിച്ചു ചേർത്തിട്ടുള്ള പുരാതന ഹിന്ദുക്കളുടെ ആചാരങ്ങളും വിജ്ഞാനേശ്വരൻ എടുത്തുചേർത്തു മിതാക്ഷരനിയമം രൂപീകരിച്ചുവെന്നേയുള്ളു. യാജ്ഞവല്ക്യന്റെ ജീവിതകാലം എ. ഡി. 4-ം 5-ം ശതകങ്ങൾക്കു് ഇടയിലായിരിക്കണം. "കല്യാണം" രാജസ്ഥാനമാക്കി വാണിരുന്ന വിക്രമാദിത്യ(ചാലൂക്യ)ന്റെ രാജസദസ്സിലെ നിയമോപദേഷ്ടാവായിരുന്നു യാജ്ഞവല്ക്യൻ എന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. ഈ യാജ്ഞവല്ക്യന്റെ "ധർമ്മശാസ്ത്രം" സ്വാതന്ത്ര്യകൃതിയായിരിക്കാൻ ഇടയില്ല. അദ്ദേഹത്തിന്റെ ജീവിതകാലത്തു നില

വിലിരുന്ന ഹൈന്ദവാചാരങ്ങൾക്കും നടപടികൾക്കും വിധേയമായ ഒരു നിയമനിർമ്മാണം അദ്ദേഹം ചെയ്തിരിക്കാനേ ഇടയുള്ളൂ. ഇതിഹാസകാലത്തു വിദേഹരാജ്യം വാണിരുന്ന ജനകമഹാരാജാവിന്റെ പുരോഹിതനായ ഒരു യാജ്ഞവല്ക്യൻ ഉണ്ടായിരുന്നുവത്രേ. ഈ യാജ്ഞവല്ക്യൻ "ധർമ്മശാസ്ത്ര" ഗ്രന്ഥത്തിന്റെ സമ്പാദകനാണെന്നു ചില പണ്ഡിതന്മാർക്കുള്ള അഭിപ്രായം യുക്തിയുക്തമായിരിക്കുന്നു.

മിതാക്ഷരനിയമത്തിൽ "സർവസ്വദാനം" എന്ന വിവാഹക്രമവും "ദ്വയാമുഷ്യായനം" എന്ന ദത്തുസമ്പ്രദായവും സ്വീകരിക്കപ്പെട്ടുകാണാത്തതിനാൽ, പ്രസ്തുതനിയമഗ്രന്ഥത്തിന്റെ രൂപീകരണകാലത്തു, ഈ രണ്ടു് ആചാരങ്ങളും കേരളത്തിനുപുറമേയുള്ള ബ്രാഹ്മണരുടെ ഇടയിൽ നടപ്പില്ലായിരുന്നു, എന്നു മാത്രമല്ല, ഇവയെക്കുറിച്ചു് അവർ കേട്ടുകേൾവിപോലും ഇല്ലായിരുന്നുവെന്നുവേണം അനുമാനിക്കുവാൻ. എന്നു തന്നെയുമല്ല, ഈ രണ്ടു നടപടികൾ ഹിന്ദുക്കളുടെ ഇടയിൽ പുരാതനമായ ഒരു കാലത്തു നിലനിന്നിരുന്നുവെന്നും അക്കാലത്താണു നമ്പൂരിമാർ കേരളത്തിൽ ഉപവേശംചെയ്തതെന്നും അനുമാനിക്കുന്നതിൽ യുക്തിഭംഗം ഉണ്ടെന്നും വരുന്നതല്ല. എന്നാൽ, കേരളവും ഇതരഭാരതദേശങ്ങളുമായി വിശിഷ്യ ഉത്തരദേശങ്ങളുമായി—അതിപുരാതനമായ കാലംതൊട്ടു, പരസ്പരംബന്ധിപ്പിക്കുന്നതായ വിശ്രുതങ്ങളായ സഞ്ചാരപഥങ്ങളും ജനഗതാഗതങ്ങളും ഉണ്ടായിരുന്നുവെങ്കിലും, കേരളത്തിൽ വൈദികബ്രാഹ്മണർ ആദ്യമായി ഉപവേശംചെയ്ത കാലത്തുണ്ടായിരുന്ന കൈരളികങ്ങളായ പ്രത്യേക പരിതസ്ഥിതികൾ നിമിത്തം, പ്രസ്തുതോപവേശകന്മാർ കേരളീയരുടെ വേഷഭാഷാദികളും ആചാരങ്ങളിലും നടപടികളിലും ചിലതൊക്കെയും സ്വീകരിക്കുവാൻ പ്രേരിതരായി ഭവിക്കുകയാൽ, ഇതരദേശീയരായ വൈദികബ്രാഹ്മണർ കേരളബ്രാഹ്മണരെ ഒരു പ്രത്യേക വിഭാഗമായി ആദിമകാലംമുതൽതന്നെ പരിഗണിക്കുവാൻ തുടങ്ങിയിട്ടുള്ളതാകുന്നു. രൂപഗുണത്തിലും സ്വഭാവഗുണത്തിലും ശീലഗുണത്തിലും മികവു സിദ്ധിച്ചവരായിരുന്ന ഈ ആദ്യോപവേശകന്മാർ യഥാർത്ഥത്തിൽ വേദാചാര്യന്മാരായിരുന്നു. തന്നിമിത്തം ബാഹ്യമായ യാതൊരു പ്രേരണാശക്തിയും കൂടാതെതന്നെ, കേരളത്തിലെ ഏതദ്ദേശീയർ അവരെ

ആചാര്യന്മാരായി സ്വീകരിച്ചു. ഐഹികവും പാരത്രികവും ആയ സമസ്തകാര്യങ്ങളിലും അവരുടെ ഉപദേശവും ആദേശവും, കേരളീയർ കൈക്കൊണ്ടുജീവിക്കുവാൻ ആരംഭിച്ചു. അവർ ഈ വൈദികഗുരുക്കന്മാരെ "നമ്പോള്ളി"മാർ എന്നു ബഹുമാനസൂചകമായി അഭിസംജ്ഞചെയ്തുവന്നു. "നമ്പി" ശബ്ദത്തിനു ദ്രവീഡഭാഷയിൽ "ഈശ്വരൻ" (ദേവൻ—ദൈവം) എന്നും "നമ്പു്" ശബ്ദത്തിനു വിശ്വാസ്യത എന്നും അർത്ഥമാണു്; യഥാർത്ഥമായതു അതാവിതു വിശ്വാസ്യതയുള്ളതു് യാതൊന്നാകുന്നു, അതുവേദംതന്നെ ആണല്ലോ. ഇങ്ങനെ "നമ്പു്" ശബ്ദത്തിനു വേദംഎന്നു് അർത്ഥം ഉണ്ടായി. "നമ്പു്-ഓളി" എന്നാൽ "നമ്പിനെ ഓതുന്നവൻ" എന്നർത്ഥമാകുന്നു. "ഓൾ" അല്ലെങ്കിൽ "ഓള്" ശബ്ദത്തിനു് അർത്ഥവ്യാപ്തി വളരെഉണ്ടു്. സ്വീകരിക്കുക, വരിക്കുക, രഹസ്യമായിരമിക്കുക, രഹസ്യമായി കർണ്ണത്തിൽ മന്ത്രിക്കുക, ഒളിവിൽ (മറവിൽ) വച്ചു പെരുമാറുക, തുല്യമായിരിക്കുക, എന്നിങ്ങനെയുള്ള അർത്ഥങ്ങൾ "ഓൾ"രൂപത്തിനു് ഉള്ളതാകുന്നു. "ഓൾ" ധാതുവിന്റെ ക്രിയാനാമരൂപങ്ങളാണു് "ഓളം" "ഓത്തു്" എന്നിവ. ഇവയ്ക്കു് "ഓളി", "ഓതി" എന്നിങ്ങനെ ഓരോ പുരുഷനാമരൂപങ്ങളും ഉണ്ടു്. "ഓതി" എന്ന പുരുഷനാമരൂപത്തിനു് "ഓതുന്നവൻ (വേദം ഉരുക്കഴിക്കുന്നയാൾ) എന്നർത്ഥം. ഉദാഹരണമായി "ഓതിക്കോൻ"എന്ന സമസ്തപദം നോക്കാം. ഇതിനു് "ഓതികളിൽവച്ചു കോൻ" (വേദാദ്ധ്യയനംചെയ്തിട്ടുള്ളവരിൽവച്ചു ശ്രേഷ്ഠൻ) പ്രമാണി, ഗുരു, പുരോഹിതൻ എന്നാണല്ലോ "ഓതിക്കോൻ" എന്ന പദത്തിന്റെ അർത്ഥം. "രി" "തിരി" എന്നീ ഉപസർഗ്ഗങ്ങൾ പദാന്ത്യത്തിൽ ബഹുമാനസൂചകമായി ദ്രാവിഡഭാഷയിൽ ഉപയോഗിക്കുക പതിവുണ്ടല്ലോ. നമ്പു് + ഓളി + രി = നമ്പോളിരി എന്നും നമ്പു് + ഓതി + രി = നമ്പോതിരി എന്നും രണ്ടു രൂപങ്ങൾ ആദിമഘട്ടത്തിൽ ഉണ്ടായി. അവ കാലാന്തരത്തിലായ ഉപയോഗസാധാരണത്വംനിമിത്തം "നമ്പൂതിരി" എന്നും പിന്നീടും ലോപിച്ചു "നമ്പൂരി" എന്നും, രൂപാന്തരീഭവിക്കുവാൻ ഇടയുണ്ടു്.

ഇപ്പോൾ മലയാളബ്രാഹ്മണരുടെ വർഗ്ഗീയനാമമായി പരിണമിച്ചിരിക്കുന്ന "നമ്പൂരി" ശബ്ദം അവർ സ്വയം സ്വീകരിച്ചു

തായിരിക്കുവാൻ ഇടയില്ല. പുരാതനകേരളത്തിലെ പ്രധാന ജനവിഭാഗക്കാരായിരുന്ന നായന്മാർ അവരേ ദേശഭേദം അനുസരിച്ച് നമ്പൂരി എന്നും നമ്പൂരിപ്പാട് എന്നും വിളിച്ചുവന്നിരിക്കണം. മലയാളബ്രാഹ്മണരുടെ പ്രാചീനകരണങ്ങളിൽ "നമ്പൂരി" എന്ന സംജ്ഞ കാണപ്പെടുന്നില്ല. "ആര്യബ്രാഹ്മണൻ"......ഇല്ലത്ത് (മനയ്ക്കൽ) നാരായണൻ കിരുട്ടര് അല്ലെങ്കിൽ കിരുട്ടര് കടംബരു" എന്നിങ്ങനെയാണു ഉപയോഗിച്ചുവന്നിട്ടുള്ളത്. ആധുനികകാലത്ത് അതായത് ഈ ഇരുപതാം നൂററാണ്ടിൽ, കുറഞ്ഞതു അൻപത്തുവർഷങ്ങൾക്കിപ്പുറമുള്ള കരണങ്ങളിൽ മാത്രമേ "നമ്പൂരി" ശബ്ദം നമ്പൂരിമാർസ്വയം ഉപയോഗിച്ചുവരുന്നതായിക്കാണുന്നുള്ളു. "നം + പൂരയതി ഇതി നമ്പൂതിരി (നമ്പൂരി) എന്നുള്ള ന്യായപ്രകാരമാണു "നമ്പൂരി" എന്ന പദത്തിന്റെ ആഗമമെന്നും ആധുനികന്മാർ ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

കേരളത്തിൽ നമ്പൂരിമാരുടെ പ്രാചീന സങ്കേതങ്ങളായ ഗ്രാമങ്ങൾ മിക്കവാറും "ഗുരുശ്രീ" എന്ന സംജ്ഞയാൽ അറിയപ്പെട്ടുപോന്നു. ഈ "ഗുരുശ്രീ" സംജ്ഞയുടെ തത്ഭവപ്രരൂപങ്ങളായ ദേശനാമങ്ങൾ അദ്യാപി കേരളത്തിൽ പല ഭാഗങ്ങളിലും പലസ്ഥലങ്ങൾക്കും നിലനിന്നുപോരുന്നുണ്ട്. ഉദാഹരണമായി "കിള്ളിക്കുറിച്ചി" കിള്ളിഗുരുശ്രീ (ചെറിയഗുരുശ്രീപുരം) "കല്ലടക്കുറിച്ചി (കല്ലട + ഗുരുശ്രീ) "കുറിച്ചി" "കുറിച്ചിത്താനം" ഗുരുശ്രീസ്ഥാനം പാലാ (കുറിച്ചി) (പാലാർ+ ഗുരുശ്രീ) എന്നീ ദേശനാമങ്ങളുടെ ആഗമം പരിശോധിച്ചാൽ മതിയാകും. ഈ ദേശങ്ങളിലും മററു പല സ്ഥാനങ്ങളിലും നമ്പൂരിമാരുടെ വേദാധ്യയന ശാലകളായ ഗുരുകുലങ്ങൾ നിലനിന്നിരുന്നതായി അനുമാനിക്കുവാൻ ലക്ഷ്യങ്ങൾ ഉണ്ട്. ചില പുരാതന വൈദികബ്രാഹ്മണസങ്കേതങ്ങൾക്ക് "ആര്യ" ശബ്ദം കൂടി ചേർത്തുള്ള സംജ്ഞയാണു നല്കപ്പെട്ടിട്ടുള്ളത്. ആയാംകുടി (ആര്യകുടി) ആയക്കരനാട് (ആര്യക്കര) ആര്യനാട്, ആര്യപുരം, ആര്യശാല എന്നിത്യാദി പേരുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. മററു ചില ഗ്രാമങ്ങൾക്ക് "ബ്രഹ്മ" ശബ്ദവുമായി സമാസിക്കപ്പെട്ട പേരുകൾ കാണുന്നു; "ബ്രഹ്മപുരം" "ബ്രഹ്മാഗരം" (മംഗാരം) എന്നിത്യാദി നാമങ്ങൾ ഇതിനു ഉദാഹരണങ്ങളാകുന്നു.

ഏതുകാലത്തു നമ്പൂരിബ്രാഹ്മണർ കേരളത്തിൽ പ്രഥമതഃ ഉപവേശംചെയ്തുവെന്നു ക്ലിപ്തമായി നിൎണ്ണയംചെയ്യാനുള്ള തെളിവുകൾ സുലഭങ്ങളായിരിക്കുന്നില്ല. എങ്കിലും ഇതിഹാസകാലത്തിനു വളരെ മുൻപുതന്നെ കേരളത്തിൽ നമ്പൂരിമാർ സ്ഥിരവാസം ആരംഭിച്ചുവെന്ന് അനുമാനിക്കാവുന്നതാണ്. അക്കാലത്തും മലയാളനാട്ടിൽ അരണ്യപ്രദേശങ്ങൾ ധാരാളം ഉണ്ടായിരുന്നുവെന്നും, ഈ വൈദികവൎഗ്ഗത്തിന്റെ കേരളോപവേശം ഏറ്റവും സമാധാനപരമായിരുന്നുവെന്നും, ജനാധിവാസം ഇല്ലാതെ കിടന്നിരുന്ന കാടുകളിൽ ആയിരുന്നു, അവർ ആശ്രമങ്ങൾകെട്ടി വാസം ആരംഭിച്ചതെന്നും അദ്യാപി നിലനിന്നുപോരുന്ന മലയാള ബ്രാഹ്മണ ഭവനങ്ങളായ ഇല്ലങ്ങളുടെയും മനകളുടെയും നാമങ്ങളിൽ നിന്ന് അനുമാനിക്കുവാൻ കഴിയുന്നതാണ്. മേക്കാട്ട്, പാമ്പുമേക്കാട്ട്, അണലിക്കാട്ട്, കാരക്കാട്ട്, കാഞ്ഞിരക്കാട്ട്, ഇടക്കാട്ട്, അത്തിക്കാട്ട്, ചീരക്കാട്ട്, തേഴക്കാട്ട്, കക്കാട്ട്, താന്നിക്കാട്ട്, മൂരക്കാട്ട്, പാറക്കാട്ട്, തേക്കുംകാട്ട്, തൈക്കാട്ട്, പൂഴിക്കാട്ട്, കഴിക്കാട്ട്, മുളങ്കാട്ട്, കാട്ടൂര്, മുളമ, (വ)ന, തലവന, വെളിയിൽ, നെട്ടുമങ്ങാട്ട്, ഇത്യാദി നാമങ്ങൾ ഇതിനു ലക്ഷ്യങ്ങളാകുന്നു. വേദാദ്ധ്യയനവും ദേവകാൎയ്യങ്ങളുമായിരുന്നു ഈ വൈദികന്മാരുടെ സൎവ്വപ്രധാനമായ ജീവിതോദ്ദേശം. ക്ഷേത്രസംരക്ഷണത്തിനും ദേവപൂജയ്ക്കും മുതലുണ്ടാക്കുവാനായി ഇവർ ഭിക്ഷാടനം ചെയ്യാറുണ്ടായിരുന്നു. ഇവരുടെ നിസ്സ്വാൎത്ഥ പരമായ ത്യാഗശീലത്തെ വെളിപ്പെടുത്തുവാൻ ഒരു പ്രാചീന ഗ്രന്ഥവരിയിൽ നിന്നു ചിലഭാഗങ്ങൾ ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു.

[ലിപി- പഴയമലയാളം ചതുരവടിവ്]

മുൻവരി കണ്ടു പൊടിവു നീക്കി എഴുതിയതിനു കാലവിവരം

ഫ. (പൊടിവ്) മെടവ്യാഴം—ധനഞായർ (ഫ) (പൊടിവ്) ധനവ്യാഴം കൎക്കടകഞായർ (ഝ) ഉൗഫ മേടഞായർ (ഠ)ന്നൗന്നധ—ംമണ്ടെ മിഥുനഞായർ ടി പൊടിവാകകൊണ്ട് ന്നൗന്നധ—ാമെടഞായർ ഫ—ാന്നം- മുൻവരി കണ്ടു പൊടിവു നിക്കി എഴുതിയതു:—

"ഇരിങ്ങാടിക്കൂടൽ സഭയിലുള്ള കാട്ടുക്കരദേശവും അവിടെ ഉള്ള മുക്കാൽ വട്ടം ഭദ്രേശപരവും കൊടിയാട്ടുകളങ്ങര ത്തുക്കൊ

വിലും * തൊലിയമലദെശവും തൊലിയ മല മുക്കാൽവട്ടവും അഗ്നിഹൊത്ര ബ്രഹ്മസ്വമായൊള്ള നിലങ്ങൾ കരിയൊടിനിലം ൩൨൰ പറയും ആലഞ്ചെരി വാഴം നിലം ൩൨൰ പറയും ഇട്ട്യാകരി നിലം ൩൨൰ പറയും വെഴഞ്ഞി നിലം ൩൨൰ പറയും വെയ്പൂക്കരി നിലം ൨൰൩ പറയും പെരിംപ്രാണാററുകാലാ നിലം ൩൰ പറയും + പൊരുന്നനാകരുനിലം ൩൰ പറയും ചെറിയ കെടങ്ങാറ പടവുനിലം ൨൰ പറയും അയ്യനാവെലി നിലം ൨൰൰ പറയും കൂടെ ബ്രഹ്മസ്വമായൊള്ള നിലങ്ങളും ൨൩൫൰ൻ പറ മെലെയും പാട്ടം നെല്ലും ദെശം രണ്ടിന്മെലെയും അട്ടക്കവേത്തും മുക്കാൽ വട്ടം നാലടത്തെയും ദെവസ്വങ്ങളും നടത്തി ബ്രഹ്മസ്വമായൊള്ള ദ്രവ്യം തെണ്ടിമുതലാക്കി ഇരിങ്ങാടിക്കൂടൽ കൊണ്ടു ചെന്ന അങ്ങെ ദിക്കിലെ ബ്രഹ്മസ്വങ്ങളും ഇതുംകൂടെ ഇരിങ്ങാടക്കൂടൽ അന്നമന്ത്രഅഗ്നിഹൊത്രികൾക്ക പടഹാരമായിട്ട പൊന്നിടന്ന ബ്രഹ്മസ്വം അതത്തു ദിക്കിൽ പ്രവൎത്തിക്കുന്നവർ ശങ്ങൾ തങ്ങൾ ഒട്ടൊട്ടുക്ക അടക്കിക്കൊൾകയും അതു ഹേതുവായി പടയാരം തുടങ്ങുകയും ചെയ്കടത്തു ഇങ്ങെ ദിക്കിലെത്തു നാം അടക്കി യാചിച്ചുകൊള്ളമാറു മറെറവററിന്റെ വഴി വരുവൊളവും എന്ന ഇരിങ്ങാലിക്കൂടൽ വാതൽ മാടത്തിൽ കയിതൊട്ട ഇല്ലങ്ങൾ ൧൰൨൦ ഇങ്ങുപൊന്ന അഞ്ചു ഗൃഹത്തിലായിരുയിട്ട നാല്പത്തിനാലില്ലം കാട്ടുകരവന്നുപുക്കിതു".

"ഇങ്ങനെ കാട്ടുക്കരെ ദെശംകൊണ്ടും തൊലിയമലദെശം കൊണ്ടും നാലുമുക്കാൽവട്ടം കൊണ്ടും അഗ്നിഹൊത്രബ്രഹ്മസ്വംകൊണ്ടും ഇ ൩൧൰൨ ഇല്ലവും ഒരുമ്പെട്ടു യാചിച്ചു പൊന്നെടത്തു ൧൰൨ ഇല്ലവും കൂടെനല്ലൂർ മൂത്തമറുകിൽ കഴിക്കാട്ടെക്കം കിഴക്കെ ശങ്കരമംഗലത്തേക്കം അയററുപുരത്തു കഴിക്കാട്ടെക്കംകൂടി ഇവർ നാലരെയും അദ്ധ്യക്ഷന്മാരായി ദെവസ്വവും തെണ്ടി മുതലാക്കി ബ്രഹ്മസ്വവും തെണ്ടി മുതലാക്കുവാനും കല്പിച്ചു ദെവസ്വം നാലുമുക്കാൽ വട്ടത്തെയും തെണ്ടി അഴിവു കഴിഞ്ഞ

---

* തൊലിയ മലദേശം എന്നതു് തിരുവല്ലായിലെ തുകലശ്ശേരിയുടെ പുരാതനനാമം.

+ ചങ്ങനാശേരിയിൽ "പെരുന്ന" ദേശത്തിന്റെ പുരാതനനാമം "പൊരുന്ന നാകരുദേശം" എന്നായിരുന്നു.

ശേഷം സഭയെ കണക്കൊപ്പിച്ചു ശ്രീഭണ്ഡാരം വസ്തുമാറം ബ്രഹ്മസ്വം തെണ്ടിമുതലാക്കി ഭദ്രേശപുരത്തു വാതൽ മാടത്തിൽ താൻ തൊലിയമലെ വാതൽമാടത്തിൽ നെല്ലുവരുത്തി അഗ്നി ഹോത്രികളായവരെ ര ധ വ ഇല്ലത്തിൽ നിന്നു വരുത്തി സമൂഹീകരിച്ചു ഇരുത്തി ഇവർ നാലരും പ്രദിക്ഷണംവച്ചു നമസ്കരിച്ചും ഞങ്ങളം അഗ്നിഹോത്രബ്രഹ്മസ്വത്തിലേക്ക നെല്ലു വരുത്തിട്ടെണ്ടു് അതിനെ കീഴ്മരിയാദക്കു ഒത്തവണ്ണം പടയാരമിടാമല്ലി എന്നചോദിച്ചു അതെതവ്വണ്ണം ഇടാമല്ലി ചെയ്യാലും എന്നു സഭ അനുജ്ഞ ചെയ്യുവൂ ഇവർ നാലരും......

1. തൊലിയ മലതെവക്കു് നെല്ലു് ൨ പറയും
2. ഭദ്രേശപുരത്തു തെവക്കു് നെല്ലു് ൨ പറയും
3. കൊട്ടികാട്ടുകളങ്ങര തേവിക്ക ൫ പറയും
4. പുതിയടത്തു തെവിക്ക ൫ പറയും

അദ്ധ്യക്ഷന്മാക്കും അളവും കൈക്കൂലിയും ആകെ നെല്ലു ൨൧൫ ധന്നു പറ ഇടങ്ങഴി ഒന്നുംകൊണ്ടും" ഇത്യാദി.

പ്രത്യക്ഷമായോ പരോക്ഷമായോ, അഭ്യന്തരമായോ ബാഹ്യമായോ ഹിംസാപരമായുള്ള യാതൊരു കമ്മവും, അപ്രകാരമുള്ള കമ്മങ്ങളം സദുദ്ദേശത്തോടുകൂടി ചെയ്യപ്പെടുന്നതായാൽ തന്നെയും, അനുഷ്ഠിക്കരുതെന്നുള്ള ദൃഢവ്രതം, ഈ വൈദീകവൎഗ്ഗത്തിനു് ഉണ്ടായിരുന്നു. അഥൎവ്വവേദം, വൈദ്യശാസ്ത്രം, ആദിയായവ അഭ്യസിച്ചു തൊഴിലായി സ്വീകരിച്ചു പ്രവൎത്തിക്കുന്ന ബ്രാഹ്മണർ വേദാദ്ധ്യയനത്തിനു അയോഗ്യരെന്നു് അവർ ഒരുകാലത്തു വിധിച്ചിരുന്നതു് അനുസ്മരിക്കുമ്പോഴും, ആ വൈദീകവൎഗ്ഗർ എത്രത്തോളം വേദമാത്രപരരായിരുന്നുവെന്നു് ഊഹിക്കാവുന്നതാണല്ലോ. അഥൎവ്വവേദപ്രോക്തങ്ങളായ മന്ത്രങ്ങളേ ആസ്പദമാക്കിയിട്ടുള്ള ആഭിചാരകമ്മങ്ങളും, വൈദ്യശാസ്ത്രാസ്പദങ്ങളായുള്ള ശസ്ത്രക്രിയകളും ധർമ്മശാസ്ത്രപ്രകാരമുള്ള രാജ്യരക്ഷാപരങ്ങളായ രാജകീയകൃത്യങ്ങളും നടത്തുകയെന്നുള്ളതു് തൽക്കൎത്താക്കളുടെ ആത്മീയജീവിതത്തിനു സ്വരഭംഗം സംഭവിപ്പിക്കുന്നതാണെന്നുള്ള ബോധത്താൽ പുരാതനകാലത്തു് അവരേ, വേദാദ്ധ്യയനത്തിൽനിന്നു് ഒഴിവാക്കിനിൎത്തുവാൻ ഇടയായിട്ടുള്ളതാകുന്നു.

വൈദികബ്രാഹ്മണരായ നമ്പൂരിമാർ കേരളത്തിൽ ആദ്യമായി ഉപവേശംചെയ്ത കാലത്തിനവളരെമുൻപുതന്നെ ദ്രാവിഡർ ഈ ദേശത്തു കുടിഉറച്ചിരുന്നു. പാണ്ഡ്യം, ചോളം, കേരളം എന്നീ പ്രാചീനദ്രാവിഡരാജ്യങ്ങൾ മലയാളദേശത്ത് അക്കാലത്തു നിലനിന്നിരുന്നുവെന്നുള്ളതു നിസ്സന്ദേഹമാകുന്നു. ഈ ദ്രാവിഡരാജാക്കന്മാരുടെ കുലഗുരുസ്ഥാനം വൈദികബ്രാഹ്മണരിൽ ചിലർ വഹിച്ചു. തന്നിമിത്തം വൈദികബ്രാഹ്മണവർഗ്ഗത്തിന് ആകമാനം കേരളത്തിൽ വിശേഷാൽ സ്ഥാനമാനാവകാശങ്ങൾ സിദ്ധിച്ചു. പുരാതനകേരളത്തിലെ പടയാളികളും സാമന്തനാടുവാഴികളുമായിരുന്ന നാഗ (നായക)ന്മാരുടെ സ്നേഹാദരങ്ങൾക്കും ഈ നൂതനോപവേശകവർഗ്ഗം പാത്രീഭവിച്ചു. ഈ നിലയിൽ മലയാളബ്രാഹ്മണർക്ക് ആത്മീയമായും ലൌകികമായും, കേരളത്തിൽ അത്യുന്നതസ്ഥാനം സിദ്ധിച്ചു. കേരളത്തിലെ ബ്രാഹ്മണോപവേശത്തെ പരാമർശിച്ചുള്ള ഒരു പ്രാചീന ഗ്രന്ഥവരിയിൽനിന്ന് ഏതാനുംഭാഗം ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു.

‘തിരുവിറകു് ആതിക്കിരിയകത്തുനാടുവാഴി മാമലഞ്ചെരി ഇല്ലത്തു ഇണ്ടിക്കണ്ടക്കൈമ്മളച്ചനും നാകന്മാരും പടച്ചെവകരൊത്തു കൂടികൊണ്ടു പൊന്നൊരുനാൾ ഉഴരുതെടിവന്റ പരതെശികൾ സകിയനകംപൂകി കിരിമെക്കുപുകിത്തുഇരവു വെളയിൽ പെടിപൊക്കപെറ്റംകൊള്ളത്തിയെരിച്ചു തപ്പടിച്ചുപടിച്ചിരിക്കും വെളയിൽ അരശരുടെ കല്പനക്കെതിരാന തപ്പുകൊട്ടുകെട്ടു തെടിവന്റു വിലക്ക അരശന്നുകമാനവാളും പരിശയും ഏന്തിവന്റു വിലക്കശെയ്തു അരശരൈ അടിപണിന്തു ആശാരംശെയ്തു പരദേശികളെ ഏറവുവന്റു ശൊറവുശമയലിനു അരികോപ്പു ശട്ടവട്ടം ശെയ്തു കുടിപാർപ്പുശെയ്തിരിക്കും കാലം പരദേശികളൊ മറയൊത്തുകെൽപ്പുകൊണ്ട അരശരെയും നാകരെയും പാട്ടിലാക്കി, അവരെ തെടി വന്റ പരദേശികടെ എണ്ണം അടിക്കടി പെരുത്തെന്നു തിട്ടമാകെ ഒരു മറിമായം വെണ്ണമെന്നു തിട്ടമാക്കി നാകരുടെ ഒത്തു പരതെശികളെ പിൻകുടുമ വെടിഞ്ഞു മുൻകുടുമ വെയ്പിച്ചു നാകരുടെ മലയാമ്മയും പേശിവിട്ടടയും ആശാരവും മരിയാദകളും ഏറവുനാകരൊപ്പം ഒരു പരിഷയായി തനതു ശ്രുതി സ്മൃതി വേദാങ്കങ്ങളും നൂലാക്കി ശാത്താവിനെയും നാകത്താന്മാരെയും വച്ചു പൂജശെയ്തു

നാകരോടൊത്തു വാഴും വെളയിൽ ചെരികളും ദേശങ്ങളും അടക്കിവൈദികരായി ദേശപാലകങ്ങളും വെണ്ടികമാരികൊകർ ണ്ണമാനമൊള്ള മലയാഴ മരുപൂമിക്കൊടയവരെന്നും നിനച്ചു നാട്ടുവാഴി ഗ്രഹങ്ങളും പരത്തി” എന്നിത്യാദി.

ഇതു വൈദികബ്രാഹ്മണരുടെ ഒരു ഉപവേശതരംഗത്തിന്റെ ചരിത്രത്തെ സൂചിപ്പിക്കുന്ന സ്മാരകരേഖയെന്നേയുള്ളു. ഈ ഉപവേശതരംഗം പ്രവഹിച്ചകാലത്തു് കേരളത്തിൽനായന്മാർ പ്രധാനജനസമുദായമായിരുന്നുവെന്നും. അക്കാലത്തു കേരളത്തിൽ ബുദ്ധമതം പ്രചരിച്ചിരുന്നുവെന്നും അനുമാനിക്കാം. “ശാസ്താ” എന്ന ശബ്ദം ശ്രീബുദ്ധന്റെ അപരാഭിധാനമാണല്ലോ. ശാസ്താവിന്റെ വിഗ്രഹം നിർമ്മിച്ചു, ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചുകേരളീയബുദ്ധർ ആരാധിച്ചുവന്നിരുന്നതിനെ ഉപവേശകന്മാരായ വൈദികബ്രാഹ്മണർ അംഗീകരിച്ചതും, കേരളീയരുടെ പൂവശിഖ, വിട്ടുടുപ്പു്, മലയാളഭാഷ എന്നിവയും മററു ചില ആചാരമര്യാദകളും കൈക്കൊണ്ടതും അസാധാരണസംഭവങ്ങളല്ല. കേരളത്തിൽ വെള്ളവസ്ത്രം വിട്ടുടുക്കുകയായിരുന്നു, പുരാതനമായ നടത്ത. തററുടുപ്പു് നടപ്പായതു് മലയാളബ്രാഹ്മണരുടെ ആഗമനശേഷം അവരിൽനിന്നു് അനുകരിച്ചതാണു്. മലയാളബ്രാഹ്മണപുരുഷന്മാർ വൈദികകർമ്മങ്ങൾ കഴിക്കുന്ന സമയം മാത്രം തററുടുക്കുകയും മററു സന്ദർഭങ്ങളിൽ വിട്ടുടുക്കുകയും അദ്യാപി ചെയ്തു വരുന്നു. മലയാളബ്രാഹ്മണസ്ത്രീകളായ അന്തർജ്ജനങ്ങളുടെ തററുട എന്ന വസ്ത്രധാരണരീതി എത്രയും മനോഹരമാണല്ലോ. ഈ ക്രമം നായന്മാരുടെ സ്ത്രീകൾ അനുകരിക്കുകയും, തററുടയ്ക്കു പുറമേ പുടവയുടെ ഒരു പാളി ചുററി വിട്ടുടുക്കുകയും അവർ ചെയ്തുവരുന്നു. നായർ സ്ത്രീകളും നായർ പുരുഷന്മാരും തലമുടി മൂർദ്ധാവിൽ വിരിച്ചു കെട്ടിവയ്ക്കുക പതിവായിരുന്നു. ഈ സമ്പ്രദായം മലയാളബ്രാഹ്മണരും അന്തർജ്ജനങ്ങളും സ്വീകരിച്ചു. തലമുടി പിന്നിൽ കെട്ടിവയ്ക്കുകയായിരുന്ന വൈദികവർഗ്ഗക്കാരുടെ സ്ത്രീജനങ്ങളുടെ പൂർവാചാരം. അതു നായർ സ്ത്രീകളും ക്രമേണ അനുകരിച്ചു. കേരളത്തിൽ കാണപ്പെടുന്ന പുരാതനനാഗവിഗ്രഹങ്ങളിൽ നിന്നു് ഈ വസ്ത്രധാരണക്രമങ്ങളും കേശബന്ധക്രമങ്ങളും വെളിവാകുന്നുണ്ടു്.

ബി. സി. 3-ാംശതവർഷം മുതൽ കേരളത്തിൽ ബുദ്ധമതം പ്രചുരപ്രചാരത്തിൽ ആയിട്ടുണ്ടു്. അദ്ദശയിലാണു് മുൻപ്രസ്താവിച്ച വൈദികോപവേശതരംഗം പ്രവഹിച്ചതെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ അക്കാലത്തിനുമുൻപും ബ്രാഹ്മണോപവേശം ഉണ്ടായിട്ടുണ്ടു്. ബി. സി. 600-ൽ മഗധയിലെ വിജയൻ സിംഹളദ്വീപു് ആക്രമിച്ചു് അടക്കി സാമ്രാജ്യം സ്ഥാപിച്ചകാലത്തും.(ബി. സി. 543)(1)അക്കാലത്തിനു വളരെ മുൻപും പലേ ഗഡുക്കളിലായി വൈദികബ്രാഹ്മണർ കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ളതാണു്.

രഘു, കേരളാദിരാജ്യങ്ങൾ ആക്രമിച്ചകാലത്തു പാണ്ഡ്യരാജാവു യുദ്ധത്തിൽ പരാജിതനായി, രാജ്യത്തെ വിശിഷ്ടധനങ്ങളായ താമ്രവർണ്ണീനദീമുഖത്തു(2) വിളയുന്ന വിലയേറിയമുത്തുകൾ. ഇതരോപഹാരങ്ങളുടെ കൂട്ടത്തിൽ രഘുവിനു തിരുമുൽക്കാഴ്ചവെച്ചു് അഭയം അർത്ഥിച്ചതായി കാളിദാസൻ രഘുവംശകാവ്യത്തിൽ വർണ്ണിച്ചിട്ടുണ്ടു്. കാളിദാസന്റെ ജീവിതഘട്ടം എ.ഡി. 5-ാം-6-ാം ശതകങ്ങൾക്കു മദ്ധ്യേ ആയിരിക്കണം.(3) രഘുവംശകാവ്യരചനയ്ക്കു് ആസ്പദമായ പൂർവകൃതികളും ഐതിഹ്യങ്ങളും കാളിദാസ കവിക്കു ലഭിച്ചിരിക്കണമെന്നും അനുമാനിക്കാവുന്നതാണു്. എന്നുമാത്രമല്ല, കാവ്യത്തിൽ നിന്നു ഗ്രഹിക്കേണ്ടതു് എന്തെന്നാൽ കാളിദാസകാലത്തു് കേരളത്തിൽ വൈദിക ബ്രാഹ്മണർക്കു് ഉറച്ച കുടിപാർപ്പു് ഉണ്ടായിക്കഴിഞ്ഞിരുന്നുവെന്നാണല്ലോ. ഇത്രമാത്രവുമല്ല, മഹാഭാരതത്തിൽ ആരണ്യപർവത്തിൽ കേരള താമ്രവർണ്ണീനദിയുടെ മാഹാത്മ്യത്തേയും അതിന്റെ തീരത്തുള്ള ഋഷ്യാശ്രമങ്ങളേയും കുറിച്ചു വർണ്ണിച്ചിട്ടുള്ളതായി കാണുന്നു. അതിനാൽ മഹാഭാരത രചനാകാലത്തു തന്നെയും കേരളത്തിൽ വൈദികബ്രാഹ്മണർ സ്ഥിരവാസമായി, കഴിഞ്ഞിരുന്നുവെന്നാണല്ലോ അനുമാനിക്കേണ്ടിയിരിക്കുന്നതു്. ഇന്ത്യയും ചരിത്ര കാലത്തിലേക്കു പ്രവേശിക്കുന്ന പക്ഷം തന്നെയും ഗ്രീക്കുകാരുടെ ഭാരതാക്രമണകാലമായ - ബി. സി. 4-ാം ശതകത്തിൽ ചന്ദ്രഗുപ്തമൌര്യ രാജാവിന്റെ രാജധാനിയിൽ

(1) Ibid Vol. i & ii.
(2) A History of Tinnevelly. രഘുവംശം കാവ്യം.
(3) R. C. Dutt;—Ancient India.

വന്നിട്ടുള്ള ഗ്രീക്കസ്ഥാനപതിയായ മെഗസ്തനീസും എഴുതിയിട്ടുള്ള രേഖകളിൽ പാണ്ഡ്യരാജാവിന്റെ പ്രതാപത്തെക്കുറിച്ചു വിവരിച്ചിരിക്കുന്ന മദ്ധ്യേ പാണ്ഡ്യരാജാവിനെ ഭാരതത്തിലെ "ഹെറാക്കിൾസ്" ആണെന്നു പ്രസ്താവിക്കുകയും പാണ്ഡ്യൻ ശ്രീകൃഷ്ണസമാനനാണെന്നു വർണ്ണിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ശ്രീകൃഷ്ണൻ വിഷ്ണുവിന്റെ അവതാരമെന്നു സങ്കല്പിച്ചു ദ്വാപരയുഗാന്ത്യം മുതൽ ഹിന്ദുക്കൾ കൃഷ്ണവിഗ്രഹം നിർമ്മിച്ചു ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചും ആരാധിച്ചു വരുകയാണല്ലോ. മെഗസ്തനീസിന്റെ രേഖകളെ ആസ്പദമാക്കി, പാണ്ഡ്യർ പെൺവഴി അവകാശികളെന്നും, പെൺവഴി ഭരണക്കാരെന്നും പ്രസ്താവിച്ചിരിക്കുന്നു. മധുര രാജാക്കന്മാരായിരുന്ന പാണ്ഡ്യരാജാക്കന്മാരെ സംബന്ധിച്ചിടത്തോളം ഈ അഭിപ്രായം സ്വീകാര്യമല്ലെന്നും, മലയാളദേശത്തെ സാമൂഹ്യാവകാശക്രമത്തെ സംബന്ധിച്ചായിരിക്കാം പ്ലിനിയും മെഗസ്തനീസും ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതെന്നും മിസ്റ്റർ പത്മനാഭമേനവൻ അഭിപ്രായപ്പെട്ടിരിക്കുന്നു.(1)പ്രാചീന ആറങ്ങൾ നാട്ടു പെൺവഴി ഭരണത്തിലും പെൺവഴി അവകാശത്തിലും നിലനിന്നുപോന്ന ഒരുരാജ്യമായിരുന്നു.(2)മലയാളികൾ സാമാന്യേന മക്കത്തായി (നമ്പൂരി സന്താനങ്ങൾക്ക് അവകാശം നൽകുന്നതായക്രമം) കളുമാണല്ലോ ഈ വസ്തുതകൾ തെററിദ്ധരിച്ചോ, ഒരുപക്ഷേ മലയാളരാജ്യത്തിൽ ചില ഭാഗങ്ങളിൽ അക്കാലത്തു പാണ്ഡ്യരാജാവിനു മേൽക്കോയ്മ ഉണ്ടായിരുന്നതിനാലോ, പ്ലിനിയും മെഗസ്തനീസും പാണ്ഡ്യർ പെൺവഴിക്കാരെന്നു രേഖപ്പെടുത്തിയതായേ വരുവാൻ തരമുള്ളൂ.

കന്യകകളെ ശൈശവത്തിൽതന്നെ വിവാഹം കഴിച്ചു കൊടുക്കണമെന്നുള്ള നിർബ്ബന്ധാചാരം കേരളത്തിനു പുറമേയുള്ള ബ്രാഹ്മണർ അദ്യാപി കൈക്കൊണ്ടു അനുഷ്ഠിച്ചുവരുന്നു. എന്നാൽ നമ്പൂരിമാരുടെ ഇടയിൽ ശൈശവവിവാഹം നടപ്പില്ല. ബി. സി. 6-ാം ശതകംമുതൽ അനേകശതവർഷക്കാലത്തോളം തുടരെ ഭാരതഖണ്ഡം വിദേശിയരുടെ നിരന്തരമായ

1. AHistory of Kerala written in the form of notes on Vischer's Letters from Malabar page. 65 (Vol I.)

2. Pinkerton Vol VIII.

ആക്രമണങ്ങൾക്കു വിധേയമായിരുന്നതിനാൽ സ്വൈരജീവിതത്തിനു സൌകര്യമല്ലാതെ ശൈശവത്തിൽ തന്നെ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കേണ്ട ഭാരം മാതാപിതാക്കന്മാർക്കു് ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ കേരളത്തിൽ പുരാതനകാലം മുതൽ അധിവാസം ചെയ്തിരുന്നതിനാൽ നമ്പൂരിമാരുടെ ഇടയിൽ കന്യകകളെ ശൈശവത്തിൽതന്നെ വിവാഹം കഴിപ്പിക്കുന്നതിനുള്ള അത്യാവശ്യം നേരിട്ടിരുന്നില്ല. അതിനാൽ ഭാരതഖണ്ഡത്തിൽ ബ്രാഹ്മണരുടെ സമുദായാന്തരാളത്തിൽ ശൈശവവിവാഹം നടപ്പായകാലത്തിനു മുൻപു് നമ്പൂരിമാർ കേരളത്തിൽ ഉപവേശം ചെയ്തുകഴിഞ്ഞിരിക്കണമെന്നു അനുമാനിക്കേണ്ടിയിരുന്നു. കന്യാകുമാരി, തിരുവല്ലം (ശ്രീവല്ലഭപുരം) ശുചീന്ദ്രം, തിരുവനന്തപുരം, ശ്രീപത്മനാഭസ്വാമിക്ഷേത്രം, തൃച്ചിററാററു്, തൃപ്പറയിങ്ങാട്ടു്, കണ്ടിയൂർ, കുരട്ടി, തിരുവല്ല, തൃക്കൊടിത്താനം, തൃപ്പൂണിത്തുറ, മൂകാംബി ഗോകർണ്ണം മുതലായി ഇപ്പോൾ നിലവിലിരിക്കുന്ന പല കേരളക്ഷേത്രങ്ങളും കുറഞ്ഞതു് സാമാന്യേന അയ്യായിരത്തിൽപരം വർഷങ്ങൾക്കു മുൻപു സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണു്. വൈദികഹിന്ദുമതം കേരളത്തിൽ പ്രചരിച്ചതോടുകൂടി ഈ ക്ഷേത്രങ്ങളുടെ സ്ഥാപനയും നടന്നിരിക്കണമെന്നാണല്ലോ അനുമാനിക്കേണ്ടിയിരിക്കുന്നതും.

മേൽ പ്രസ്താവിച്ച കാരണങ്ങളാലും മററു പല പരിതസ്ഥിതികളാലും, കേരളബ്രാഹ്മണർ വിദൂരമായ അതീതകാലത്തു കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ളതാണെന്നും, അല്ലാതെ ലോഗൻ അഭിപ്രായപ്പെടുന്നതുപോലെ അവർ എ. ഡി. 7-ാം ശതകത്തിലോ അഥവാ 8-ാംശതകത്തിലോ കേരളത്തിൽ, കുടി കയറിയിട്ടുള്ളവർ ആണെന്നു, വിചാരിക്കുവാൻ ന്യായം ഇല്ലെന്നും, കാണാവുന്നതാണു്.

ഏതദ്ദേശീയരായ ഒരു അപരിഷ്കൃതവർഗ്ഗക്കാരെ മതപരിവർത്തനം ചെയ്തു, പരശുരാമൻ മലയാളബ്രാഹ്മണസമുദായത്തെ രൂപവൽക്കരിച്ചിട്ടുള്ളതാണെന്നു വിവരിക്കുന്ന മഹാരാഷ്ട്രൈതിഹ്യം, കേവലം അടിസ്ഥാനരഹിതവും, വിദ്വേഷബുദ്ധിയോടുകൂടി കഥാകൃത്തുകൾ ആരോ എഴുതിച്ചേർത്തിട്ടുള്ളതുമാണെന്നും, ആ നിലയിൽ അതിനു ചരിത്രപരമായ യാതൊരു

വിലയും കല്പിക്കേണ്ടതായിട്ടില്ലെന്നും വിശേഷിച്ചു പ്രസ്താവിക്കേണമെന്നില്ല.

ഇതിഹാസരചനാകാലത്തിന്' എത്രയോ മുൻപു; കേരളത്തിൽ ഉപവേശം ചെയ്ത ഒരു ആര്യബ്രാഹ്മണപരമ്പരയുടെ നായകനായ ഒരു യതിവര്യനായിരുന്നു ശ്രീപരശുരാമൻ. ആ യതിവര്യനും അവിടത്തെ ജനങ്ങളായ ആര്യബ്രാഹ്മണസമൂഹവും കേരളത്തിൽ ഉപവേശം ചെയ്ത വിദൂരമായ ആ അതീതഘട്ടത്തിൽ(അതായതു ബി. സി. 5000-നുമുൻപു ആയിരിക്കാം;) കേരളഭൂമി സഹ്യപർവ്വതനിരയോടു സംബന്ധിച്ചു കിടക്കുന്ന മലനാടു മാത്രമായിരുന്നിരിക്കണം; ഉപവേശഘട്ടത്തിനുശേഷം ഭൂഗർഭീയങ്ങളായ ഹേതുക്കളാൽ കടൽ പിൻവാങ്ങി കര തെളിഞ്ഞതോടുകൂടി ഇപ്രകാരം രൂപീകൃതങ്ങളായ നൂതനപ്രദേശങ്ങളിലും ആ ആര്യസമൂഹപരമ്പര ക്രമേണ നിവാസം ആരംഭിച്ചതായി വരാൻ ഇടയുണ്ടല്ലോ. പരശുരാമമഹർഷി തപോനിഷ്ഠയാലും അനുഷ്ഠാനവിശേഷത്താലും ഒന്നിലധികം പുരുഷായുസ്സുവരെ ജീവിച്ചിരുന്നു', കേരളത്തിലെ ആര്യബ്രാഹ്മണോപവേശകന്മാരുടെ നേതൃത്വവും കുലഗുരുസ്ഥാനവും വഹിച്ചതിനാൽ അദ്ദേഹത്തിന്', അനശ്വരമായ പ്രശസ്തിയും, "കേരളഭൂസ്രഷ്ടാവു്" എന്ന സ്ഥാനവും സിദ്ധിച്ചിട്ടുള്ളതായിരിക്കാം. അഥവാ, ഇപ്പോഴും ശൃംഗേരി മുതലായ വിദ്യാപീഠങ്ങളിലേ നടത്തപോലെ, പരശുരാമവിദ്യാപീഠത്തിലും "പരശുരാമ"നെന്ന മാറാപ്പേരുള്ള ഗുരുപരമ്പര നിലനിന്നിരുന്നതായും അനുമാനിക്കുന്നതു യുക്തിയുക്തമായിരിക്കും.

൪൭-ാം അദ്ധ്യായം

നായന്മാർ.

നമ്പൂരിബ്രാഹ്മണർ കേരളത്തിൽ ആദ്യമായി ഉപവേശം ചെയ്ത പുരാതനഘട്ടത്തിൽ കേരളത്തിലെ ഏററവും പ്രബലരായ ജനസമുദായക്കാർ നായന്മാരായിരുന്നു. അവർ അഭ്യസ്തയോദ്ധാക്കളായിരുന്നുവെന്നു മാത്രമല്ല, രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കുകയും, രാജ്യത്തിൽ നീതിനടത്തുകയും നടത്തിക്കുകയും ചെയ്കയെന്നുള്ളതു് അവരുടെ ജീവിതകൃത്യമായിരുന്നു.

നായന്മാർ, ദ്രവിഡവർഗ്ഗക്കാരുടെ ഒരു വിഭാഗമാണെന്നും, അങ്ങനെയല്ല ആര്യജനപ്രവാഹത്തിനു മുൻപു ഭാരതഖണ്ഡത്തിലും യൂറോപ്പിന്റെ പൌരസ്ത്യഭാഗങ്ങളിലും വ്യാപിച്ചിരുന്ന കൊലാര്യന്മാരിൽ ഒരു വിഭാഗമാണെന്നും, പണ്ഡിതന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ ഉള്ളതാണു്. പ്രാചീന ഗ്രീസിലെ സ്പാർട്ടാദേശീയരുടേയും, നേപാളത്തെ നീവാറികളുടേയും രജപുത്രസ്ഥാനത്തെ നാഗറന്മാരുടേയും നായന്മാരുടേയും പൂർവ്വികന്മാർ ഒരേ വർഗ്ഗക്കാരായിരുന്നു എന്നു അനുമാനിക്കുന്ന മനുഷ്യവർഗ്ഗശാസ്ത്രപണ്ഡിതന്മാരും ഇല്ലാതില്ല. ഈ അനുമാനത്തിന്റെ യഥാർത്ഥ്യം ഏതു പ്രകാരമാണെങ്കിലും നായന്മാരുടെയും സ്പാർട്ടന്മാർ, നീവാറികൾ നാഗറന്മാർ എന്നീ വർഗ്ഗക്കാരുടെയും സാമുദായാചാരങ്ങളിലും ജീവിതക്രമത്തിലും, വലുതായ ഐകരൂപ്യം കാണുന്നുണ്ടെന്നുള്ളതു നിർവ്വിവാദമാകുന്നു. ഏതായാലും ആര്യന്മാരും അവരുടെ പിൽക്കാലം ഇതര വർഗ്ഗക്കാരും കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ളതുപോലെ ആര്യന്മാൎക്കു് മുൻപു് നായന്മാരുടെ പൂർവ്വികന്മാർ കേരളത്തിൽ കുടിയേറി പാർത്തവരാണെന്നും, അവരുടെ ഉപവേശപ്രവാഹത്തിന്റെ ദുർന്നിവാരമായ ശക്തിനിമിത്തം അക്കാലത്തെ കേരളദേശവാസികൾ പുരാതനനായന്മാൎക്കു് അടിമപ്പെടുകയും വൈമനസ്യം കാണിക്കുകയോ എതിർത്തുനിൽക്കുകയോ ചെയ്തവർ കൊല്ലപ്പെടുകയോ ആരണ്യങ്ങളിലേക്കു പലായനംചെയ്യിക്കപ്പെടുകയോ ചെയ്തിരിക്കണമെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നു

കൊണ്ടെന്നാൽ നായന്മാരുടെ ഉപവേശം, ആര്യോപവേശം പോലെ സമാധാനപരമായ ഒരു പ്രസ്ഥാനം ആയിരിക്കുവാൻ ഇടയില്ല.

"നായർ" എന്ന വർഗ്ഗനാമത്തിന്റെ ആഗമത്തെക്കുറിച്ചും അഭിപ്രായവ്യത്യാസം ഉള്ളതാകുന്നു. അതു ജാതിനാമമാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. രാജ്യരക്ഷാപരമായ കൃത്യങ്ങൾ നിർവ്വഹിച്ചുവന്ന ഒരു പ്രത്യേക വർഗ്ഗക്കാരായിരുന്ന ഈ സമുദായത്തിനു സിദ്ധിച്ച രാഷ്ട്രീയസങ്കേതമാണു് "നായർ"ശബ്ദമെന്നു ചില പണ്ഡിതന്മാർക്കു് അഭിപ്രായമുണ്ടു്. അതായിതു ദേശനായകന്മാരായിരുന്ന ഇവർക്കു "നായക" ശബ്ദം ലോപിച്ചു സിദ്ധിച്ചതാകുന്നു, "നായർ" സംജ്ഞ എന്നുതന്നെ. ഇവർ നാഗാരാധകന്മാരായിരുന്നുവെന്നും, തന്നിമിത്തം "നാഗന്മാർ" എന്നു് ഇവരെ ഇതരവർഗ്ഗക്കാർ സംബോധന ചെയ്തുവന്നുവെന്നും, അപ്രകാരം "നാഗർ" ശബ്ദം കാലാന്തരത്താൽ ഉപയോഗസാധാരണത്വം നിമിത്തം "നായർ" ശബ്ദമായി തീർന്നതാണെന്നും ആകുന്നു മറെറാരുപക്ഷം.

നായന്മാർ പുരാതനകേരളത്തിലെ നായകന്മാർ ആയിരുന്നുവെന്നു് അനുമാനിക്കുവാനുള്ള ലക്ഷ്യങ്ങൾ വളരെയുണ്ടു്. കേരളം സന്ദർശിച്ചിട്ടുള്ള പ്രാചീനവിദേശിയരുടെ രേഖകളും ഈ അനുമാനത്തിനു സഹായപ്രദമായിരിക്കുന്നു. അവർ നാഗാരാധകരായിരുന്നുവെന്നുള്ളതു നിസ്തർക്കംതന്നെ. നായർ സ്ത്രീകളും നായർപുരുഷന്മാരും നാഗഫണം കണക്കെ തലമുടി മൂർദ്ധാവിൽകെട്ടിവിരിച്ചുവയ്ക്കുന്ന പുരാതന സമ്പ്രദായം, നാഗാരാധനയുടെ പ്രത്യക്ഷചിഹ്നമായി അവർ പരിഗണിച്ചുവന്നിരിക്കണം. നായർ സ്ത്രീ പുരുഷന്മാർ തലമുടി പിന്നോട്ടു കെട്ടിയിടുകയും കെട്ടിവയ്ക്കുകയും ചെയ്യുന്ന രീതി ബ്രാഹ്മണരുമായുള്ള സാമീപ്യസഹവാസഫലമായി അവരിൽനിന്നു കണ്ടു പഠിച്ചിട്ടുള്ളതാകുന്നു.

നായന്മാർ കേരളത്തിൽ ഏതുകാലത്തു ഉപവേശം ആരംഭിച്ചുവെന്നു് ഏകദേശമായെങ്കിലും നിർണ്ണയിക്കുവാനുള്ള മാർഗ്ഗം സുലഭമല്ലാതെയാണു് ഇരിക്കുന്നതു്. ത്രിമൂർത്തികളുടെ ഉപാസന, ഹിന്ദുമതാന്തരാളത്തിൽ നടപ്പായ കാലത്തിനു മുമ്പു് തന്നെ നായന്മാർ കേരളത്തിൽ കുടിയേറിപ്പാർത്തിരിക്കണം.

പുരാണരചനാകാലത്തിനു വളരെ മുമ്പാകുന്നു പ്രസ്തുതകാലം. വിഷ്ണുവിന്റെ തല്പമായിട്ടും ശിവന്റെ ഭൂഷണമായിട്ടും നാഗങ്ങൾക്കു സ്ഥാനം നൽകപ്പെട്ട പുരാതനകവി മനോധർമ്മം നാഗാരാധകന്മാരും- ആര്യന്മാരും തമ്മിലുണ്ടായ ദീർഘകാലസഹവാസസൌഹാർദ്ദങ്ങളുടെ ഫലമാകുന്നു.

പ്രാചീന നായന്മാർ ഹിന്ദുക്കൾതന്നെ ആയിരുന്നു. രാജ്യരക്ഷാപരമായ ആയുധാഭ്യാസവും രാജ്യസംരക്ഷണവും അവരുടെ കൃത്യമായിരുന്നതിനാൽ അവർ ക്ഷത്രിയവർഗ്ഗക്കാരായിരുന്നുവെന്നു വ്യക്തമാകുന്നു. കേരളത്തിൽ ഉപവേശംചെയ്തശേഷം അവർ നാഗാരാധനചെയ്യാൻകൂടി ആരംഭിച്ചിട്ടുള്ളതാണു്. എന്തുകൊണ്ടെന്നാൽ കേരളത്തിലെ ഭൂപ്രകൃതി സർപ്പനിവാസത്തിനു് എത്രയും അനുകൂലമായിരുന്നു. ഇപ്പോഴും ആ അവസ്ഥയ്ക്കു വലിയ വ്യത്യാസം സംഭവിച്ചിട്ടില്ല. തന്നിമിത്തം അവർ ഭവനസങ്കേതങ്ങൾതോറും സർപ്പക്കാവുകൾ ഉണ്ടാക്കി അവയുടെ സൈപരജീവിതത്തിനും വിഹാരാദികൾക്കും സൌകര്യം നൽകി; ക്രമേണ സർപ്പാരാധന ഉറച്ചുവശായി. നാഗരാജാവു്, നാഗയക്ഷി, എന്നിത്യാദി ഉപാസനാമൂർത്തികളെയും ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രചണ്ഡാലാദിയായ വർഗ്ഗങ്ങളെയും നാഗങ്ങളുടെ കൂട്ടത്തിൽ അവർ തരംതിരിച്ചു. നായന്മാർക്കു് മുൻപു കേരളത്തിലെ പൂർവ്വനിവാസികളായിരുന്ന വർഗ്ഗക്കാർ നാഗാരാധകന്മാർ മാത്രമായിരുന്നു. അവരിൽ ഒരു പ്രധാന വർഗ്ഗക്കാരാണു പുള്ളോന്മാർ. അദ്യാപി, പുള്ളോന്മാർ പല പ്രധാന സർപ്പക്കാവുകളിലെയും ഗായകന്മാരാണു്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിശ്രുതങ്ങളായ രണ്ടു സർപ്പാരാധനാകേന്ദ്രങ്ങളാണു മണ്ണാർശാലയും, പാമ്പുമേക്കാട്ടും.

നായന്മാരുടെ പൂർവ്വികാചാരങ്ങൾ.

ലോകത്തിൽ എല്ലാ പ്രാചീനസമുദായങ്ങളും ആചരിച്ചുപോന്ന ഒരു ആചാരമാകുന്നു "ലിംഗശസ്ത്രം." പുരുഷപ്രജകളുടെ ലിംഗാഗ്രത്തിൽഉള്ള ബാഹ്യചർമ്മം ഛേദിച്ചുകളയുന്ന ക്രിയയാകുന്നു ലിംഗശസ്ത്രം. കേരളത്തിൽ നായന്മാരുടെയിടയിൽ പുരാതനകാലങ്ങളിൽ ഈ ആചാരം നടപ്പുണ്ടായിരുന്നു. ദക്ഷിണതിരുവിതാംകൂറിൽ ചില പ്രദേശങ്ങളിലെ നായന്മാർ

ഒരു പാദശരവർഷം മുൻപുവരെ ഈ കർമ്മം നടത്തിവന്നു. ഇതിനു ചേലാകർമ്മം എന്നും പേരുണ്ട്. ആൺകുട്ടിയെ കൌപീനം ധരിപ്പിക്കുന്നതിൻെറ പ്രാരംഭകർമ്മമായിട്ടാണ് ഈ ശസ്ത്രക്രിയ നടത്തിപ്പോന്നതു്. തന്നിമിത്തം ഈ ക്രിയയ്ക്കു ചേലാകർമ്മം എന്ന പേർ സിദ്ധിച്ചു.

ശുഭമുഹൂർത്തത്തിൽ ആൺകുട്ടിയെ വസ്ത്രം ധരിപ്പിക്കുക എന്നുള്ളതും വൈദികകർമ്മമായി പരിഗണിച്ചു ആചരിച്ചുവന്നു.

വിദ്യാരംഭം.

ശുഭമുഹൂർത്തത്തിൽ ആൺകുട്ടിയ്ക്കു ആയുധാഭ്യാസത്തിനു പ്രാരംഭം നടത്തുകയെന്നുള്ളതും വൈദികകർമ്മമായി നായന്മാർ പരിഗണിച്ചു ആചരിച്ചിരുന്നു. ആണ്ടുതോറും കന്നിമാസത്തിലെ വിജയദശമിക്കാകുന്നു വിദ്യ ആരംഭിക്കുക. വിദ്യയുടെ ദേവിയായ സരസ്വതിയെ ഉദ്ദേശിച്ചു് ചെയ്യപ്പെടുന്ന പൂജ സമാപനം ചെയ്യുന്ന ഘട്ടമാണ് വിദ്യാരംഭത്തിനുള്ള സമുചിതമായ കാലം എന്നു അവർ വിശ്വസിച്ചുവന്നു. ലിപിനിർമ്മാണം ഉണ്ടായ ഘട്ടംമുതൽ ആയുധവിദ്യാരംഭത്തോടുകൂടി ഓലയും നാരായവും കൂട്ടിപ്പിടിപ്പിച്ചു്, അക്ഷരവിദ്യയും ഗുരുവിനാൽ നടത്തപ്പെട്ടുപോന്നു. അക്ഷരവിദ്യാരംഭം എന്ന ചടങ്ങ് വിജയദശമിയിൽ കേരളത്തിലെ സമസ്തസമുദായങ്ങളും, ആധുനികകാലത്തു ജാതിമതഭേദമെന്യേ ആചരിച്ചുപോരുന്നുണ്ട്.

ഗർഭകാലത്തും പ്രസവത്തെ തുടർന്നുമുള്ള ആചാരങ്ങൾ.

ഒരു നായർ സ്ത്രീ ഗർഭവതിയായെന്നു ബോദ്ധ്യപ്പെട്ടാൽ അഞ്ചാംമാസത്തിനും ഏഴാംമാസത്തിനും ഇടയ്ക്കായി, അവളുടെ കുടുംബഗൃഹം ഇരിക്കുന്ന കരയിലുള്ള ക്ഷേത്രത്തിൽ ഒരു മണ്ഡലം വരെ ഭജനം പാർപ്പിക്കുക പൂർവ്വകാലങ്ങളിലെ നടത്തയായിരുന്നു. സ്ത്രീ, അടുത്ത സ്വജനങ്ങളായ സ്ത്രീകളുടെ സഹകരണത്തോടുകൂടി ഒരു മണ്ഡലക്കാലമത്രയും ക്ഷേത്രസങ്കേതത്തിനകത്തുതന്നെ താമസിക്കുകയായിരുന്നു പതിവ്. സ്നാനം, ജപം, പ്രദക്ഷിണം, ഭക്ഷണം എന്നിവയെല്ലാം ക്ഷേത്രസങ്കേതത്തിൽതന്നെ നടത്തി മണ്ഡലപൂർത്തിവരുത്തി, പ്രത്യേക വഴിപാടുകൾ കഴിച്ചു പ്രസന്നചിത്തയായി, സ്വഗൃഹത്തിലേക്കു ഗർഭിണി തിരിച്ചുപോകുന്നു.

പുംസവനം.

ഗർഭം ഏഴാം മാസമാകുമ്പോൾ നായർ സ്ത്രീക്കു പുംസവനം എന്ന മംഗളകർമ്മം നടത്തപ്പെടുന്നു. ശുഭമുഹൂർത്തത്തിൽ ഗർഭിണിക്കു പുളിയൂണു നടത്തുകയെന്നുള്ളതാണു് ഈ കർമ്മത്തിൽ പ്രധാനചടങ്ങ്. വാളൻപുളി, കുടംപുളി, ഞെരിഞ്ഞൻപുളി, ഇലമ്പിപ്പുളി, പുളിയാറില മുതലായ ഏഴുതരം പുളിയുള്ള കായ്കളും ഇലകളും അരച്ചുരുട്ടി ഏഴു ഗുളികകളാക്കി പാളമേൽവച്ചു് കരക്കാരും ബന്ധുജനങ്ങളും കൂടിയിരിക്കവെ ആർപ്പു കുരവ നാഗസ്വരമേളം മുതലായ ചടങ്ങുകളോടുകൂടി ഗർഭിണിയുടെ ഭർത്താവോ, മററു അടുത്ത ബന്ധത്തിൽ പെട്ടവരിൽ ആരെങ്കിലുമോ ലോകസാക്ഷികൾക്കായി ആറു ഗുളികകൾ സങ്കല്പിച്ചു് വീതിച്ചു് അർപ്പിച്ചശേഷം, ഒരു ഗുളിക വാളിന്മേൽനിന്നു് ഗർഭിണിയുടെ വായിലേക്കു അണിവിരൽമോതിരം കൊണ്ടു തള്ളി നീക്കിക്കൊടുക്കുമ്പോൾ സ്ത്രീ അതു ഭക്ഷിക്കുന്നു.

പുംസവനത്തിൻെറ തലേന്നാൾ രാത്രിയിൽ പുളികുത്തൽ കൊള്ളുക എന്നൊരു ചടങ്ങു് പതിവുണ്ടു്. ഗർഭിണിയുടെ വാസഗൃഹത്തിനു സമീപത്തു് ഏതെങ്കിലും ഒരു ഗൃഹവളപ്പിൽ നിൽക്കുന്ന വാളൻപുളിമരത്തിൻെറ ചുവട്ടിലേക്കു് ഗർഭിണി, കരക്കാരും ബന്ധുക്കളും ഉൾപ്പെടെയുള്ള സ്ത്രീപുരുഷന്മാരുടെ അകമ്പടിയോടും ദീപയഷ്ടിനാഗസ്വരം ആർപ്പു് കുരവ മുതലായ മേളങ്ങളോടുംകൂടി ഘോഷയാത്രയായി ചെന്നു് ആ നിർദ്ദിഷ്ടവൃക്ഷത്തിൽ ഒരു ഇരുമ്പു്ആണി അടിച്ചു കയററുകയും അനന്തരം ആവൃക്ഷത്തേ ഒരു കോടിവസ്ത്രം ധരിച്ചു പ്രദക്ഷിണം ചെയ്തു തിരിച്ചു ഘോഷയാത്രയായി സ്വഗൃഹത്തിലേക്കു പോകുകയും ചെയ്യുന്നു. പുളികുത്തൽ കൊള്ളുന്ന രാത്രിയും പുളികുടി ദിവസവും കരക്കാർക്കു സദ്യയും, വെററിലക്കെട്ടും പുകയിലയും സംഭാവനയും, ഉണ്ടായിരിക്കുക സാധാരണമായിരുന്നു.

ആധുനികകാലത്തു് ഈ ചടങ്ങുകൾ മിക്കവാറും നിശ്ശേഷം നായന്മാർ കൈവെടിഞ്ഞിരിക്കുന്നുവെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

പൊന്നും തേനും കൊടുക്കുക

പ്രസവം കഴിഞ്ഞാൽ ഉടൻ, പ്രജ ആണാണെങ്കിൽ സ്ത്രീകൾ മൂന്നുമൊഴി കുരവ ഇടുക പൂർവ്വകാലത്തും ആധുനികദശയിലും സാധാരണംതന്നെ. ഈ കുരവയ്ക്കു പകരം തറയിൽ

തെങ്ങോലമടൽ കൊണ്ടു് അടിച്ചു ശബ്ദം ഉണ്ടാക്കുന്ന സമ്പ്രദായം ചില പ്രദേശങ്ങളിൽ നടപ്പുണ്ടു്.

അനന്തരം ശിശുവിനെ, പുരുഷപ്രജയായാലും സ്ത്രീ പ്രജയായാലും കുളിപ്പിച്ചു പിതാവിൻെറയോ കാരണവൻെറയൊ ഹസ്തങ്ങളിൽ ഗൃഹത്തിലെ മൂത്ത സ്ത്രീ കൊണ്ടുചെന്നു് അപ്പിക്കുന്നു. അപ്പോൾ സ്വർണ്ണം തേനിൽ ഉരച്ചു്, തയാറാക്കപ്പെട്ടിട്ടുള്ള ദ്രവ്യം അയാൾ അംഗുലിയാൽ തോണ്ടിയെടുത്തു മൂന്നു തുള്ളി തറയിൽ തെറിപ്പിച്ചുശേഷംവീണ്ടും എടുത്തു മൂന്നു പ്രാവശ്യം ശിശുവിൻെറ നാവിൽ തേച്ചുകൊടുക്കുന്നു. ചില ദേശങ്ങളിൽ വയമ്പുകൂടി തേനിൽ ഉരച്ചുകൊടുക്കാറുണ്ടു്. കേരളത്തിലുള്ള മിക്കവർഗ്ഗക്കാരും ആധുനികകാലത്തു ഇപ്രകാരം പൊന്നും തേനും കൊടുക്കുക എന്ന കർമ്മം ആചരിച്ചു വരുന്നുണ്ടു്.

അന്നപ്രാശനം.

പെൺപൈതങ്ങൾക്കു് അഞ്ചാംമാസത്തിലും ആൺപൈതലുകൾക്കു് ആറാംമാസത്തിലും ആകുന്നു, അന്നപ്രാശനകാലം. പുരാതനകാലങ്ങളിൽ "നാഴികവട്ടക"യുടെ സഹായത്തോടുകൂടി മുഹൂർത്തനിർണ്ണയം ചെയ്തു, കുഞ്ഞുങ്ങളുടെ "ചോറൂണു്" നടത്തി വന്നു. പിള്ളയൂണിനു ക്ഷണിക്കപ്പെടുന്ന അതിഥികൾ യഥായോഗ്യം ആഭരണമായും നാണ്യമായും ശിശുവിനു ധനസംഭാവന നൽകുന്ന സമ്പ്രദായം മുമ്പിനാലേ കേരളത്തിൽ നടപ്പുണ്ടായിരുന്നു.

കർണ്ണവേധം.

ഹിന്ദുസമുദായാന്തരാളത്തിൽസർവ്വസാധാരണമായ "കാതുകുത്തു്" എന്ന ക്രിയയ്ക്കു കർണ്ണവേധം എന്നു പറയപ്പെടുന്നു. സാധാരണമായി കുട്ടികൾക്കു നാലോ അഞ്ചോ വയസ്സു പ്രായമാകുമ്പോൾ ആകുന്നു, ഈ കർമ്മം നടത്തപ്പെടുക. സ്വർണ്ണക്കമ്പിയോ, ചെമ്പുകമ്പിയോ, നാരകത്തിൻമുള്ളോ കൊണ്ടു് കാതുകളുടെ അന്തിമാഗ്രത്തെ മദ്ധ്യഭാഗം കുത്തിത്തുളയ്ക്കപ്പെടുന്നു. കർണ്ണവേധം ചെയ്യാൻ പരിചയമുള്ള ആളുകൾ എല്ലാക്കാലത്തും ഉണ്ടായിരിക്കും. ഈ കർമ്മത്തിനു ശുഭമുഹൂർത്തം നോക്കി മുൻകൂട്ടി നിശ്ചയിക്കാറുണ്ടു്. ഇതും ഒരു വൈദികകർമ്മമായി പരിഗണിക്കപ്പെട്ടിരിക്കുന്നു. അവിൽ, ശർക്കര, പഴം,

കൊട്ടത്തേങ്ങ, അരി വറുത്തതു്, കരിക്ക മുതലായ സാധനങ്ങളും ജ്വലിച്ച ദീപവും വച്ചുകൊണ്ടാണു് കണ്ണവേധം നടത്തപ്പെടാറുള്ളതു്.

താലികെട്ടു്.

നായന്മാരുടെ ഇടയിൽ പുരാതനകാലംമുതല്ക്കു നടപ്പുണ്ടായിരുന്ന വിവാഹച്ചടങ്ങാണു താലികെട്ടു കല്യാണം. ഏത്രയും അതീതമായ കാലത്തു നായന്മാരുടെ ഇടയിൽ പെൺകുട്ടികളെ ശൈശവത്തിൽ തന്നെ വിവാഹം കഴിച്ചു കൊടുക്കുന്ന പതിവു് ഉണ്ടായിരുന്നുവെന്നും, ഭാരതഖണ്ഡത്തിലെ ഇതരദേശങ്ങളിലെന്നപോലെ കേരളത്തിലും ദ്രവിഡദേശങ്ങളിലും നിരന്തരമായി സംഭവിച്ചുകൊണ്ടിരുന്ന പടയോട്ടങ്ങൾ നിമിത്തം രാജ്യരക്ഷാപരരായ നായന്മാക്കു് സൈ്വര ജീവിതം അസാദ്ധ്യമായി വന്നിരുന്നതിനാൽ, അവർ അവരുടെ പെൺകുട്ടികളെ ശൈശവത്തിൽതന്നെ വിവാഹംകഴിച്ചു കൊടുത്തുവന്നിരുന്നുവെന്നും, കാലാന്തരത്തിൽ പരിതസ്ഥിതികൾക്കു് ഗുണകരമായ അന്തരം സംഭവിച്ചതോടുകൂടി, ശൈശവവിവാഹസമ്പ്രദായത്തിന്റെ ആവശ്യം ഇല്ലാതെവന്നുവെങ്കിലും, ആ ചടങ്ങു് ആഘോഷിക്കുകയെന്നുള്ളതു് ഒരു മാമൂലായി പരിണമിച്ചുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

* നായന്മാരുടെ ഇടയിൽ മാത്രമല്ല മലയാളദേശത്തിലുള്ള എല്ലാവർഗ്ഗക്കാരുടെയുംഇടയിൽ പുരാതനകാലം മുതൽ നടപ്പുണ്ടായിരുന്ന താലികെട്ടുകല്യാണം പണ്ടു നടപ്പുണ്ടായിരുന്ന ശൈശവവിവാഹത്തിന്റെ അവശേഷമായ ഒരാചാരമാണെന്നു വിചാരിച്ചുകൂടെന്നും, ദ്രാവിഡവർഗ്ഗക്കാരുടെ ഇടയിൽ നടപ്പുണ്ടായിരുന്നതും സ്ത്രീകളെ കുലസ്ത്രീകളാക്കി വിവാഹത്തിനു് യോഗ്യരാക്കിത്തീർക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്നതുമായ മംഗല്യധാരണക്രിയയാണെന്നും, അതു നിരർത്ഥകമായ ഒരാചാരമല്ലെന്നും ഒരു മികച്ച സമുദായചിന്തകനായ മി. കണ്ണൻനായർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും, മുപ്പത്തിരണ്ടു സംവത്സരങ്ങൾക്കുമുൻപു് പുറപ്പെടുവിച്ച പ്രസ്തുതാഭിപ്രായത്തിനു്, ആധുനികഘട്ടത്തിൽ പ്രാബല്യം ഉള്ളതായി തോന്നുന്നില്ല. മി. കണ്ണൻ നായരുടെ ഈ അഭിപ്രായത്തിനു് ആസ്പദങ്ങളായി അദ്ദേഹം

* കെട്ടുകല്യാണം:— തങ്കച്ചേരി മനോരമോഹനം മുദ്രാലയം 1080. കാം കണ്ണൻനായർ.

വിരചിച്ചിട്ടുള്ള ന്യായങ്ങൾ തന്നെ, ആ അഭിപ്രായത്തിന്റെ അസാധുതയെ തെളിയിക്കുവാൻ മതിയാകുന്നതാണ്.

ഉൽകൃഷ്ടമായ വൈദീകകാലപരിഷ്കാരത്തെ നാനാപ്രകാരേണയും വെല്ലത്തക്കവിധം പ്രഭാവസംയുതമായിരുന്ന പ്രാചീന ദ്രാവിഡ പരിഷ്കാരത്തിന്റെ നിലയെക്കുറിച്ച് ചിന്തക്കിമ്പോൾ, ആ പരിഷ്കാരകേന്ദ്രമായിരുന്ന ദ്രാവിഡദേശങ്ങളിലെ ആദിദ്രാവിഡർ അവരുടെ കന്യകകളെ "അമ്മ" യാക്കുവാൻ അതാവിതു്, മി. കണ്ണൻനായർ പറയുന്നപ്രകാരം വിവാഹയോഗ്യതയുള്ളവരെന്നു പ്രഖ്യാപനം ചെയ്‌വാൻ "മംഗല്യധാരണം" എന്നൊരു ക്രിയ നടത്തിവന്നുവെന്നു പറയുന്നതുതന്നെ, അത്യുൽകൃഷ്ടമായിരുന്ന, ആ പ്രാചീനപരിഷ്കാരത്തോടും, ആത്മീയവിഷയങ്ങളിലും ലൌകീകകാര്യങ്ങളിലും സാമൂഹ്യജീവിതത്തിലും നിസ്തുലസംസ്കാരം സിദ്ധിച്ചിട്ടുള്ളവരായിരുന്ന പ്രാചീനദ്രാവിഡരുടെ വർഗ്ഗത്തോടും വലുതായ ഒരപരാധം ചെയ്യുകയായിരിക്കും. പുരാതനകാലങ്ങളിൽ അനേകം ശതവർഷങ്ങളോളം നിരന്തരമായി ഭാരതഖണ്ഡത്തെ പീഡിപ്പിച്ചുകൊണ്ടിരുന്ന വിദേശീയാക്രമണവും,തത്സംബന്ധമായസൈപരഹീനതയും ശത്രുഭീതിയും, ദ്രാവിഡർ ഉൾപ്പെടെയുള്ള ഭാരതീയരെ ഒന്നുപോലെ വിഷമപ്പിച്ചിരുന്നതാണ്. അക്കാരണവശാൽ പെൺകുട്ടികളെ കഴിയുന്നതും മുൻകൂട്ടിത്തന്നെ വരന്മാരുടെ ചുമതലയിൽ ഏല്പിച്ചുകൊടുക്കുവാൻ മാതാപിതാക്കന്മാരും ബന്ധുജനങ്ങളും ആശിക്കുകയും, അതിന്നായി, വേണ്ട പ്രവൃത്തികൾ ചെയ്യുകയും ചെയ്കയെന്നുള്ളതു് സ്വാഭാവികമാണു്. ഇപ്രകാരമുള്ള ഒരു ഉത്തരവാദബോധത്തിന്റെ തീക്ഷ്ണമായ വ്യാപാരം നിമിത്തം, ഭാരതീയരുടെ സമുദായാന്തരാളത്തിൽ ശൈശവവിവാഹസമ്പ്രദായം നടപ്പിലായി. ഇതുഭാരതഖണ്ഡം ഒട്ടുക്കു സംഭവിച്ചു ഒരു ആചാരമാകുന്നു. ആ കൂട്ടത്തിൽ കേരളത്തിലെ നായന്മാരും ഒഴിവായിരുന്നില്ല. കേരളത്തിലെ പ്രാചീനരാജാക്കന്മാർ തന്നെ അശരണരായ കുടുംബങ്ങളുടെ വിവാഹം അവരവരുടെ കോയ്മകളുടെ ചെലവിലും ചുമതലയിലും നടത്തിച്ചു വന്നിരുന്നു. യുദ്ധം ജീവിതകൃത്യമായി വരിച്ചിരുന്ന പ്രാചീന നായന്മാരുടെ ജീവിതക്രമത്തിനു്, അവരുടെ കുടുംബങ്ങൾ പലതും പുരുഷസഹായമില്ലാതെ നിരവലംബങ്ങളായിത്തീർന്നിരിക്കാൻ ഇടയുള്ളതാണല്ലോ. അല്ലാതെ അവ

രുടെ കന്യകകളെ "അമ്മ"മാരാക്കി വിവാഹയോഗ്യത പ്രഖ്യാപനം ചെയ്‌വാൻ കേരളരാജാക്കന്മാർ "ധർമ്മത്താലികെട്ടി"നു നെല്ലും പണവും നായർ കുടുംബങ്ങൾക്കു സംഭാവനചെയ്തു എന്നു വിചാരിക്കുന്നതു യുക്തിയുക്തമായിരിക്കുന്നില്ല. താലികെട്ടു കല്യാണത്തിൽ വരന്റെ സ്ഥാനത്തു കന്യകയെ മംഗല്യസൂത്രം അണിയിക്കുന്ന പുരുഷൻ നെല്ലു മുറിച്ചോ, കൈകഴുകിയോ, നൂൽപൊട്ടിച്ചോ, ഉടൻതന്നെ ബന്ധം പിരിയുന്ന ചടങ്ങുകൂടി ഉള്ള നിലയ്ക്കു് പൂർവ്വകാലത്തു്, ഇതു ശരിയായ വിവാഹമായിരുന്നുവെന്നും, ശൈശവവിവാഹത്തിന്റെ അത്യാവശ്യം നിലച്ചതോടുകൂടി, ക്രമേണ "താലി"കെട്ടു് കേവലം മാമൂലനുസരിച്ചുള്ള ഒരു നടപടിയായി അവശേഷിച്ചതാണെന്നും അനുമാനിക്കുന്നതിൽ യുക്തിഭംഗം ഇല്ല തന്നെ. താലികെട്ടുന്ന പുരുഷൻ മരിച്ചാൽ താലികെട്ടപ്പെട്ട കന്യക,പിന്നീടു വിവാഹിതയായിരുന്നാലും, പുല ആചരിക്കുക പതിവുണ്ടായിരുന്ന വസ്തുത, ഈ അനുമാനത്തെ ബലപ്പെടുത്തുകയാകുന്നു ചെയ്യുന്നതു്.

താലികെട്ടു കല്യാണത്തിന്റെ ചടങ്ങുകൾ.

ബന്ധുജനങ്ങളും കരക്കാരും കൂടി താലികെട്ടുകല്യാണം, നിശ്ചയിക്കുകയും, ജ്യോത്സ്യനായ കരയിലെ അവകാശിക്കണിയാനെ വരുത്തി മുഹൂർത്തം നിർണ്ണയിച്ചു ദിവസം നിശ്ചയിക്കുകയും ചെയ്യുന്നു. അനന്തരം ഒരു സുദിനത്തിൽ കരക്കാരുടെയും ബന്ധുമിത്രാദികളുടെയും ജ്യോത്സ്യന്റെയും സാന്നിദ്ധ്യത്തിൽ "കല്യാണക്കൊട്ടിലിനു്" തൂണു് ഇടുക എന്ന ക്രിയ നടത്തുന്നു. ഇപ്രകാരം തൂണു് ഇടുന്നതു കല്യാണദിവസത്തിനു ഏഴോ, പതിനൊന്നോ, പതിനെട്ടോ ദിവസം മുമ്പായിരിക്കും. പാൽ ഉള്ള ഏതെങ്കിലും വൃക്ഷത്തിന്റെ ഒരു തടി ചെത്തിയായിരിക്കും തൂണിനു് ഉപയോഗിക്കുക. മിക്കവാറും പിലാവിന്റെ ഒരു ശിഖരത്തടിയാണു്, ഇതിലേക്കു തിരിഞ്ഞെടുക്കുക. കർക്കടകം, കന്നി എന്നീ മാസങ്ങളിൽ താലികെട്ടു കല്യാണം നടത്തുക പതിവില്ല: കൊട്ടിലിന്റെ മൂലത്തൂണുകളിൽ ഒന്നാണു ആദ്യമായി ഇടുക. അഷ്ടദിക്പാലന്മാരുടെ സ്ഥാനങ്ങളിൽ, ഏതെങ്കിലും ഒന്നു കണക്കാക്കി ആ സ്ഥാനത്താണു തൂൺ നാട്ടപ്പെടുന്നതു്. താലികെട്ടു നടത്തപ്പെടുന്ന മാസത്തിന്റെയും

മററും അവസ്ഥയ്ക്കു്, അനുയോജ്യമായ ദിധധിപസ്ഥാനത്തു് ഇണ്ണിട്ടവാൻ ജോത്സ്യൻ കണിയാൻ വിധിക്കുന്നതനുസരിച്ചു്, വാഷ്ടമംഗല്യം, നിറപറ, ഗണപതി ഒരുക്കു്, ആർപ്പു്, കുരവ മുതലായ ചടങ്ങുകൾ ഇണനാട്ട സംബന്ധിച്ചു ഉണ്ടായിരിക്കും. താലികെട്ട നടത്തപ്പെടുന്ന കുടുംബക്കാരുടെ ധനസ്ഥിതിയും സ്ഥാനമഹിമയും അനുസരിച്ചു് അന്നേദിവസം മുതൽ കരക്കാർക്കും മററും സദ്യ ആരംഭിക്കുകയാണു പുരാതനകാലത്തെ പതിവു്. കൊട്ടിൽകെട്ടു്, വിദാനം മുതലായ ഒരുക്കങ്ങൾ പിന്നീടു് ധൃതിയിൽ നടത്തപ്പെട്ടു തുടങ്ങും. താലികെട്ടിനു് തലേദിവസം ആകുമ്പോഴേക്കു, ദൂരസ്ഥലങ്ങളിൽ നിന്നു് വന്നു ചേരുവാനുള്ള ബന്ധുജനങ്ങളും സ്വജനങ്ങളും അതിഥികളും വന്നു് എത്തും. അന്നു് അത്താഴസദ്യയാണു്. പിറേറദിവസത്തേക്കു കറികൾക്കു വേണ്ട സാധനങ്ങൾ നുറുക്കി കഷണമാക്കുകയും പാചകത്തിനു ഒരുക്കങ്ങൾ തുടങ്ങുകയുമാകുന്ന അത്താഴസദ്യയ്ക്കു മുൻപോ, ചിലപ്പോൾ പിൻപോ, നടത്തപ്പെടുക. താലി കെട്ടിയ്ക്കുവാനുള്ള കന്യകയെ അല്ലെങ്കിൽ കന്യകകളെ നേരത്തെതന്നെ അഭ്യംഗസ്നാനം കഴിച്ചു വിശേഷവസ്ത്രാഭരണാദികൾ ധരിപ്പിച്ചു പ്രത്യേകം ഒരു മുറിയിൽ ഇരുത്തും. അവരുടെ സാഹചര്യങ്ങൾക്കായി സ്വജനങ്ങളായ ഏതാനും സ്ത്രീകളെയും, അവരുടെ ആഹാരാദി സൌകര്യങ്ങളും ആവശ്യങ്ങളും നിറവേററിക്കൊടുക്കുവാൻ "തോഴ്മ"ക്കാരായ ഏതാനും പുരുഷന്മാരെയും നിയോഗിക്കും. കന്യകകൾക്കായി നിശ്ചയിക്കപ്പെടുന്ന മുറിയ്ക്കു "മണവറ" എന്നാണു പേർ. എത്രയും അടുത്ത ബന്ധത്തിൽപെട്ട പുരുഷന്മാർക്കാണു തോഴ്മസ്ഥാനം നൽകപ്പെടുക. മണവറയിൽ ഒരു കെടാവിളക്കും നിറപറയും തെങ്ങിൻപൂവു് മുതലായവയാൽ അലങ്കരിക്കപ്പെട്ട ഒരു കലശവും ഏതാനും പഴക്കുലകളും താംബൂലാദികളും, പനിനീർ കളഭം ആദിയായ സുഗന്ധലേപനാദി വിഭവങ്ങളും സംഭരിച്ചിരിക്കും. കുടുംബത്തിൻെറ അവസ്ഥാനുസരണം "മണവറ"യിലെ ശയ്യോപകരണങ്ങൾക്കു മെച്ചവും മോടിയും ഉണ്ടായിരിക്കുന്നതാണു്.

താലി കെട്ടുവാനുള്ള മണവാളൻ ആയി, ചില ദേശങ്ങളിൽ കന്യകാകുടുംബക്കാരുടെ സ്വജന(ഇണങ്ങർ) ളിൽനിന്നു ഒരാളെയോ, കന്യകകളുടെ എണ്ണം അനുസരിച്ചു്, ആവശ്യാ

നുസരണം കൂടുതൽ ആളുകളെയൊ നിശ്ചയിച്ചിരിക്കും. ചില പ്രത്യേകകുടുംബങ്ങളിൽ വരസ്ഥാനം വഹിച്ചു താലി കെട്ടു ക്രിയ നടത്തുവാൻ ചുമതലപ്പെട്ടവർ, ആയ്മപ്പട്ടരോ, തിരുമുല്പ്പാടോ, എളയതോ, മൂത്തതോ ആയിരിക്കും.

താലികെട്ടുകല്യാണം ആരംഭിക്കുന്ന ദിവസം മുതൽ അഞ്ചുനേരം ആർപ്പു, കുരവ, അവസ്ഥാനുസരണം വാദ്യഘോഷങ്ങൾ മുതലായ ചടങ്ങുകൾ ഉണ്ടായിരിക്കും. രണ്ടുനേരം ചതുർവിധവിഭവങ്ങളോടുകൂടി സദ്യയും ഉണ്ടായിരിക്കുമെന്നുള്ളതു തീച്ചതന്നെ. രാവിലെ കഞ്ഞിസദ്യയും നടത്തപ്പെട്ടു വന്നു.

മാപ്പിളപുറപ്പാട്.

"മണവാളപ്പിള്ള പുറപ്പാടു്" എന്ന സമസ്തപദം ലോപിച്ചു "മാപ്പിളപുറപ്പാടു്" ആയിത്തീന്നിട്ടുള്ളതാകുന്നു. മണവാളനോടുള്ള വാത്സല്യവും ബഹുമാനവും പുരസ്കരിച്ചു പൂവ്വകാലങ്ങളിൽ "മണവാളപ്പിള്ള" (പിള്ള—കുട്ടി) എന്നുസംബോധനചെയ്തുവന്നതാണു്. ഈ "മാപ്പിളപുറപ്പാടു്" താലികെട്ടുകല്യാണത്തിലെ ആഘോഷസമന്വിതമായ ഒരു ചടങ്ങാകുന്നു. കെട്ടുകല്യാണം നടത്തിക്കുന്ന കുടുംബക്കാരുടെ ധനസ്ഥിതിയും കുലമഹിമയും ആശ്രയിച്ചിരിക്കും, മണവാളപ്പിള്ളയുടെ വേഷമോടികളും ഘോഷയാത്രയും. ആന, മുത്തുക്കുട, കൊടിതഴ മുതലായ സന്നാഹങ്ങളോടുകൂടിയായിരിക്കും മാടമ്പിമാരുടെയും നാട്ടിൽ പെരുമയുള്ള മററു കുടുംബക്കാരുടേയും ഭവനങ്ങളിലെ താലികെട്ടു കല്യാണത്തിന്റെ മണവാളൻപുറപ്പാടു്. ആനപ്പുറത്തോ, പല്ലക്കിലോ ആരോഹണംചെയ്തും വലത്തുകരത്തിൽ ഉറയില്ലാതെ വാൾപിടിച്ചും ആയിരുന്നു നായർ മണവാളന്റെ പുറപ്പാടു്. വാദ്യഘോഷങ്ങളും ആർപ്പുകുരവ മുതലായ ഇതരമംഗലധ്വനികളും ഒത്തിണങ്ങിയ ഈ ഘോഷയാത്ര, കല്യാണഗൃഹത്തിന്റെ പടിവാതുക്കൽ എത്തുമ്പോൾ അഷ്ടമംഗല്യസമന്വിതം, അതാവിതു് കത്തിജ്ജ്വലിക്കുന്ന കുത്തുവിളക്കും അലക്കിമടക്കി താലത്തിൽ വച്ചിട്ടുള്ള വസ്ത്രം, സ്വണ്ണാഭരണം, വാൽക്കണ്ണാടി, കുങ്കുമാദികൾ അടക്കംചെയ്ത മരച്ചെപ്പു് താംബൂലം, അക്ഷതം, എന്നിവ അടങ്ങിയ താലവും വഹിച്ചുംകൊണ്ടു മംഗല്യവതികളും (വിധവകൾ ഈ ചടങ്ങിൽ സംബന്ധിച്ചുകൂടാ എന്നു നിർബന്ധം ഉണ്ടു്)

വിശേഷവസ്ത്രാഭരണാദികളാൽ വിഭൂഷിതകളും ആയ സ്ത്രീകൾ കരവരവം പുറപ്പെടുവിച്ചുകൊണ്ടു മണവാളനെ എതിരേററു കൊട്ടിലിലേക്കു കൂട്ടിക്കൊണ്ടുവരുന്നു. മണവാളൻ കല്യാണക്കൊട്ടിലിൽ പ്രവേശിച്ചു നിർദ്ദിഷ്ടമായ ആവണിപ്പലകയിൽ ഇരിക്കണം. അപ്പോൾ കന്യകയുടെ സഹോദരൻ പാൽനിറച്ചിട്ടുള്ള കിണ്ടി എടുത്തു മണവാളന്റെ പാദങ്ങൾ പ്രക്ഷാളനം ചെയ്തു, അലക്കിയ തോർത്തുകൊണ്ടു തുടയ്ക്കണം; സഹോദരൻ ജീവിച്ചിരിപ്പില്ലാത്തപക്ഷം അടുത്ത രക്തബന്ധമുള്ള പുരുഷന്മാർ ആരെങ്കിലും ഈ ക്രിയ നടത്തണമെന്നാണു വ്യവസ്ഥ. പാദപ്രക്ഷാളനം കഴിയുന്നതോടുകൂടി കുടുംബത്തിലെ മൂത്ത സ്ത്രീ "അരത്തം ഉഴിയുക" (മഞ്ഞളും ചുണ്ണാമ്പും കൂടി ഒരു താലത്തിൽ കലക്കി, രക്തനിറം വരുത്തിയിട്ടുള്ള ജലവും അതിന്മീതെ ഇലനറുക്കകളിൽ കത്തിച്ചുവച്ചിട്ടുള്ള തിരികളും മണവാളന്റെ മുഖത്തു മൂന്നുപ്രാവശ്യം ഉഴിഞ്ഞു ദൂരെ കമഴ്ത്തുകയാണു ഈ ക്രിയയുടെ ചടങ്ങു്. ദൃഷ്ടിദോഷാദിബാധകളിൽ നിന്നു മണവാളനെ അകററുവാനായി ഉദ്ദേശിച്ചാണു ഈ കർമ്മം ആചരിക്കുക) എന്ന ആചാരം നിർവഹിക്കുന്നു. അനന്തരം മണവാളൻ കല്യാണക്കൊട്ടിലിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള മുല്ലപ്പന്തലിലേക്കാനയിക്കപ്പെടും. (മുല്ലപ്പന്തൽ എന്നാൽ വിവാഹവേദി എന്നത്രേ. ഈ പന്തൽ കല്യാണക്കൊട്ടിലിന്റെ പ്രധാനഭാഗത്തു പൂർവാഭിമുഖമായി കെട്ടി ഒരുക്കപ്പെട്ടിരിക്കും. മുല്ലപ്പൂവു മുതലായ പുഷ്പങ്ങളാൽ ചെയ്യപ്പെട്ടിട്ടുള്ള മാല്യങ്ങളാൽ ഇതിന്റെ മേൽക്കൂടം നിർമ്മിക്കപ്പെടുക സാധാരണമാകയാൽ ഇതിനു "മുല്ലപ്പന്തൽ" എന്ന പേർ സിദ്ധിച്ചതാണു്.) അവിടെ വിരിച്ചു ഒരുക്കപ്പെട്ടിട്ടുള്ള പലകയുടെ ഇടത്തെ അർദ്ധഭാഗത്തു മണവാളൻ പത്മാസനത്തിൽ ഉപവിഷ്ടനാകും. നെൽപ്പറ, അരിപ്പറ, മലർപ്പറ, അവൽപ്പറ, വാഴപ്പഴപ്പറ, താമ്പൂലക്കെട്ടുകൾ, ധൂപം, എഴുതിരികൾ വീതം ഇട്ടു കത്തിച്ചിട്ടുള്ള നിലവിളക്കുകൾ, പുഷ്പങ്ങൾ ഗണപതി ഒരുക്കായി ഒരു വിളക്കിന്റെ അരികിൽ ഒരു തൂശൻ വാഴയിലയിൽ അവൽ, ശർക്കര, വാഴപ്പഴം, ഉണക്കലരി, കൊട്ടത്തേങ്ങ എന്നിവ ഉൾപ്പെടെ പലവിധങ്ങളായ ഒരുക്കങ്ങൾ മുല്ലപ്പന്തലിന്റെ പുരോഭാഗത്തു ചെയ്യപ്പെട്ടിരിക്കും. ഒരു ചെറിയ നാൽക്കാലിപ്പീഠത്തിൽ പട്ടുവിരിച്ചു് അതിന്മീതെ

നായന്മാരുടെ വർഗ്ഗീയായുധമായ ഖഡ്ഗം പുഷ്പാദികളാൽ സഹിതം വച്ചിരിക്കും.

മുഹൂർത്തം ആയെന്നു, ജോത്സ്യൻ കരയിലെ ഊരിടക്കണിയാൻ അറിയിക്കുമ്പോൾ ത്രുത്താലി, കന്യകയുടെ കാരണവരോ അച്ഛനോ എടുത്തു മണവാളന്റെ കൈകളിൽ നൽകും. വരൻ എഴുന്നേററു കന്യകയ്ക്കു അഭിമുഖമായി ഇരുന്നു, താലി കെട്ടാനായി ഉദ്യമിക്കും. കോടിവസ്ത്രം ഞൊറിഞ്ഞു തററുടുത്തും, മറെറാരു കോടിവസ്ത്രം ശിരസ്സിൽക്കൂടി ഘോഷാസമ്പ്രദായത്തിൽ മുഖം മിക്കവാറും ആച്ഛാദനം ചെയ്യത്തക്കവിധം ഇരു പാർശ്വങ്ങളിലേക്കും ഇട്ടും, കൈലതകളിൽ മുടുകു മുതലായ പലവിധ സ്വർണ്ണവളകളും കഴുത്തിൽ നാലുപന്തിയിൽ താലി, പുലിനഖം മോതിരമാല, മുതലായ പ്രാചീനാഭരണങ്ങളും കർണ്ണങ്ങളിൽ സ്വർണ്ണത്തക്ക (ആതങ്ക=കർണ്ണാഭരണം തക്ക എന്നതു പ്രാചീനമായ കർണ്ണാഭരണം)കളും, മൂക്കിൽ മൂക്കുത്തിയും ഞാത്തും, വിരലുകളിൽ മോതിരങ്ങളും പാദങ്ങളിൽ പാദസരങ്ങളും തളകളും ധരിച്ചും, കണ്ണുകളിൽ മഷി എഴുതിയും ഗണ്ഡങ്ങളിലും നെററിയിലും ചന്ദനംകൊണ്ടു പത്തിക്കീറു ഇട്ടും, ഇരിക്കുന്ന കന്യകയുടെ പിന്നിൽ, മംഗല്യസൂത്രബന്ധനത്തിനു മണവാളനെ സഹായിക്കുവാൻ കന്യകയുടെ മാതാവു് ചെന്നിരിക്കുക സാധാരണമാണു്. താലിച്ചരടു മണവാളൻ കന്യകയുടെ കഴുത്തിൽ വയ്ക്കുന്നതോടുകൂടി മാതാവു് അതിന്റെ അഗ്രങ്ങൾ പിടിച്ചു കഴുത്തിന്റെ പിന്നിൽ കെട്ടിക്കഴിയും. ആ സന്ദർഭത്തിൽ ആർപ്പും കുരവയും വാദ്യഘോഷങ്ങളും അത്യുച്ചത്തിൽ മുഴങ്ങിക്കൊണ്ടിരിക്കും. ആ നിമേഷത്തിൽ താംബൂലപത്രം, പുഷ്പം, എന്നിവ കല്യാണക്കൊട്ടിലിൽ വർഷിപ്പിച്ചുകൊണ്ടിരിക്കും.

താലികെട്ടു് എന്ന ക്രിയ കഴിഞ്ഞാലുടൻ കന്യകയുമായുള്ള ബന്ധം അവസാനിപ്പിക്കുന്നതായി സങ്കല്പിച്ചു, മണവാളൻ കൈ കഴുകുകയോ, നെന്മണി മുറിക്കുകയോ, നൂൽ പൊട്ടിക്കുകയോ ചെയ്യാറുണ്ടു്. എങ്കിലും നാലു ദിവസം രാപകൽ തുടരെ കന്യകയുടെ മണവറയിൽ മണവാളൻകൂടി ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുള്ളതാണു്.

താലികെട്ടോടുകൂടി കെട്ടുകല്യാണത്തിന്റെ ചടങ്ങുകൾ നിലയ്ക്കുന്നില്ല. നാലാംദിവസത്തെ സ്നാനം കഴിയുന്നതോടു

കൂടിയേ പൂർത്തിയാകുന്നുള്ളു. ഈ ദിവസങ്ങളിൽ രണ്ടുനേരത്തിൽ കുറയാതെ ദിവസംതോറും സദ്യയും, രാവിലെ കഞ്ഞിസദ്യയും. രാവും പകലും പലവിധവിനോദങ്ങളും വാദ്യഘോഷങ്ങളും ഉണ്ടായിരിക്കും. രണ്ടാംദിവസം രാവിലെ പാൽക്കഞ്ഞിസദ്യയാണു്. അതിനു് അവൽ നനച്ചതു്, വത്സൻ, നേന്ത്രപ്പഴം നുറുക്കു്, കാളൻ പപ്പടം മുതലായ വിഭവങ്ങൾ ഉണ്ടായിരിക്കും. മൂന്നാംദിവസം അമ്മാവിമാരുടെ അപ്പവും കൊണ്ടുള്ള പുറപ്പാടാണു്. രണ്ടും മൂന്നും ചെമ്പുകിടാരം നിറയെ നെയ്യപ്പം എന്ന പലഹാരം തണ്ടുകെട്ടി എടുപ്പിച്ചു വാദ്യഘോഷങ്ങളോടുകൂടി അമ്മാവിമാർ ഓരോരുത്തരും സ്ത്രീജനങ്ങളുടെ അകമ്പടിയോടെ, കല്യാണക്കൊട്ടിലിലേയ്ക്കു ചെല്ലുന്ന പുറപ്പാടു ദൃശ്യമായ ഒരു ചടങ്ങാകുന്നു. ഓരോ അമ്മാവിമാരുടേയും കുടുംബനിലയ്ക്കു് അനുരൂപമായി അപ്പച്ചെമ്പിന്റെ എണ്ണവും, അലങ്കാരങ്ങളുടെ മോടിയും വർദ്ധിച്ചിരിക്കും. അമ്മാവിമാർ തമ്മിൽ ഈ വിഷയത്തിൽ വലുതായ അഹമഹമികയും ഉണ്ടായിരിക്കുക സാധാരണമാണു്. അന്നേദിവസം രാത്രിയിൽ "വാതിൽ തുറപ്പാട്ടു്" നടത്തപ്പെടും. താലികെട്ടപ്പെട്ട കന്യക അല്ലെങ്കിൽ കന്യകകൾ (ഒന്നിലധികം കന്യകകളെ ഒരേ മുഹൂർത്തത്തിൽ താലികെട്ടിക്കുക സാധാരണമായിരുന്നു) തോഴിമാരായ സ്ത്രീകളും, ഏതാനും പുരുഷന്മാരുംകൂടി മണവറയിൽ വാതൽ ബന്ധിച്ചു് ഇരുത്തും. ഏതാനും പുരുഷന്മാർ അടങ്ങിയ ഒരു സംഘം "പാട്ടുകാർ" കൊട്ടിലിലും സ്ഥാനം ഉറപ്പിക്കും. അനന്തരം മൃദംഗം ജാലറ മുതലായ മേളങ്ങളോടുകൂടി "വാതിൽ തുറപ്പാട്ടു്" ആരംഭിക്കും. "പാട്ടുകാരുടെ" സാമർത്ഥ്യം കൊണ്ടു മണവറവാതൽ തുറപ്പിക്കണമെന്നുള്ളതാണു നിർദ്ദിഷ്ടകാര്യം. സാമദാനഭേദനയങ്ങൾ കലരുന്ന പാട്ടുകൾ പുറമേ ഇരിക്കുന്നവർ, ഓരോന്നായി പാടിച്ചുനോക്കും. "മണവറ"യിൽ നിന്നു് മറുപടിപ്പാട്ടുകളും അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കും. ഏതുവിധവും വാതൽ തുറപ്പിക്കുന്നതിലാണു പാട്ടുകാരുടെ വൈദഗ്ദ്ധ്യത്തിന്റെ മാനദണ്ഡം വ്യക്തമാകേണ്ടതു്. മിക്കവാറും പ്രഭാതമാകുമ്പോഴേക്കു്, അനുഭാവംകൊണ്ടെങ്കിലും, മണവറവാതൽ തുറക്കപ്പെടും. ഈ പാട്ടുകളുടെ രീതിയും പ്രകൃതവും കാണിക്കുവാൻ മറ്റൊരു ഭാഗത്തു ചേർത്തിട്ടുണ്ടു്. കരക്കാരുടെയും സുഹൃത്തുക്കളുടെയും സൽക്കാരത്തിനായി ഈ നാലു

ദിവസത്തിൽ ഏതെങ്കിലും ഒരു ദിവസം പ്രത്യേകം നിശ്ചയിക്കപ്പെടുക പതിവുണ്ടു്. അന്നേദിവസം അതിഥികൾക്കു് പ്രത്യേകം സദ്യയും, താംബൂലാദിദാനവും ഉണ്ടായിരിക്കും. അതിഥികൾ ഓരോരുത്തരും പിരിയും മുമ്പു് കല്യാണക്കൊട്ടിലിൽ വയ്ക്കപ്പെടുന്ന തട്ടത്തിൽ യഥാശക്തി നാണ്യംപൊലിവുനടത്താറും പതിവായിരുന്നു. "തക്കരിക്കുക" എന്നാണു് ഈ ചടങ്ങിന്റെ പേർ.

നാലാംദിവസം കന്യകയും മണവാളനും സ്ത്രീപുരുഷന്മാരുടെ അകമ്പടിയോടും വാദ്യഘോഷങ്ങളോടും കൂടി അടുത്തുള്ള ഏതെങ്കിലും കുളത്തിലേക്കോ ആററിലേക്കോ ചതുർത്ഥസ്നാനത്തിനായി പുറപ്പെടും. സ്നാനം കഴിഞ്ഞു വിശിഷ്ടവസ്ത്രാദികൾ ധരിച്ചു തിരിച്ചുള്ള യാത്രയാണു ഘോഷിക്കുന്നതു്. ആ ഘോഷയാത്ര ശരിയായ ഒരു ഉത്സവച്ചടങ്ങിനെയും വികല്പിനില്ക്കാറുണ്ടായിരുന്നു. സ്നാനം കഴിഞ്ഞു സാധാരണ കുടുംബങ്ങളിലെങ്കിലും, കന്യകയെ "ഞണങ്ങരി"ൽ ഒരു പുരുഷൻ സ്കന്ധത്തിൽ വഹിച്ചുകൊണ്ടാണു ഘോഷയാത്ര. വാദ്യഘോഷം, മുത്തുക്കൊടകൾ, ആന, പല്ലക്കു്, അഷ്ടമംഗല്യം, ആർപ്പുവിളിച്ചും, താംബൂലം, ആലില ആദിയായ പത്രങ്ങൾ വഹിച്ചുംകൊണ്ടു നടക്കുന്ന പുരുഷന്മാർ, കുരവയിട്ടും അമ്മാനം ആടിയും കൊണ്ടു നടക്കുന്ന സുമംഗലകളായ സ്ത്രീകൾ, കരക്കാരും കാഴ്ചക്കാരുമായ ആബാലവൃദ്ധം പുരുഷാരം, എന്നീവിധമൊരു "നാലാംകളിവരവു്" കാണേണ്ട കാഴ്ചതന്നെ ആയിരുന്നു. വെടിപടഹാദികളും ഉണ്ടായിരിക്കുക അപൂർവമല്ല. നാലാംകളിയോടുകൂടി കെട്ടുകല്യാണത്തിന്റെ ചടങ്ങുകൾ നിലയ്ക്കുന്നു. എങ്കിലും "വന്നുറി" എന്ന സദ്യ അടുത്തദിവസം നടത്തപ്പെടുന്നു. ബന്ധുമിത്രാദികളെയും കരക്കാരെയും "വന്നുറി" കഴിഞ്ഞു യാത്ര പറഞ്ഞു അയയ്ക്കുന്ന ചടങ്ങും ശ്രദ്ധേയമാണു്. വിളക്കും ഗണപതി ഒരുക്കും വച്ചു്, ദീപത്തിനു ചുററും ബന്ധുമിത്രാദികളും കരക്കാരും, ഇരിക്കും. അപ്പോൾ ഗൃഹാധിപൻ ഓരോ കെട്ടു വെററിലപാക്കും,(പുകയിലയും ഉണ്ടായിരിക്കും) ചന്ദനം, വരുത്തുപ്പേരി മുതലായ സാധനങ്ങൾ അടങ്ങിയ ഓരോ പൊതിയും ഓരോ ആളിന്റെയും മുൻപിൽ കൊണ്ടുചെന്നു കൊടുക്കും. അനന്തരം "സമസ്താപരാധങ്ങളും ക്ഷമിക്കണം" എന്നു വിളിച്ചുപറഞ്ഞു സദസ്സിൽ സാഷ്ടാംഗപ്രണാമം ചെയ്യും.

പിന്നീട് എല്ലാവരും യാത്രപറഞ്ഞു പുറപ്പെടുകയായി.

ഇപ്രകാരമുള്ള താലികെട്ടടിയന്തിരത്തിനു് അപരിമിതമായ ധനവ്യയം വേണ്ടിവന്നു. സമ്പത്തുള്ളവൎക്കും, ക്ഷയിച്ചവൎക്കും താലികെട്ട് മോടിപിടിപ്പിക്കുവാനുള്ള ഔത്സുക്യവും സന്നദ്ധതയും ഒന്നുപോലെ ആയിരുന്നു. തന്നിമിത്തം പല നായർ കുടുംബങ്ങളിലും ദുർവ്വഹമായ ഋണഭാരം വന്നുകൂടി. നിത്യാനുഭവത്തിനുള്ള സ്ഥാവരവസ്തുക്കൾ പണയപ്പെടുത്തിയും, ഒറ്റികൊടുത്തും, തീറെഴുതിയും "താലികെട്ട്" കല്യാണം ആഘോഷിച്ചു നശിച്ച നായർകുടുംബങ്ങൾ കേരളത്തിൽ ഒട്ടധികം ഉണ്ട്. സാമുദായപരിഷ്കരണശ്രമങ്ങളുടെ ഫലമായി താലികെട്ടുകല്യാണം നായന്മാരുടെ ഇടയിൽ മിക്കവാറും നിശ്ശേഷം നിലച്ചുപോയിരിക്കുന്നുവെന്നുതന്നെ പറയാവുന്നതാണ്. ഋതുസ്നാനം താലികെട്ടുകല്യാണത്തോളം പ്രാധാന്യവും ധനവ്യയവും കൂടാതെ നടത്തപ്പെട്ടുവന്നതാണെങ്കിലും, ലേശവും അപ്രധാനമല്ലാതായി നായന്മാർ പരിഗണിച്ചുവന്ന മറ്റൊരു "കല്യാണം" കൂടെ ആയിരുന്നു അത്. കന്യക ആദ്യമായി പുഷ്പിണിയാകുമ്പോൾ നാലു ദിവസത്തേക്കോ ഏഴു ദിവസത്തേക്കോ തുടരെ അനുഷ്ഠിച്ചുവന്ന ചില ക്രിയകൾ ഉൾപ്പെടെ ഉള്ള ആഘോഷമാകുന്നു "തെരണ്ടുകല്യാണം."

ആദ്യമായി ഒരു കന്യക ഋതുവാകുമ്പോൾ അവൾക്കു വലുതായ അശുദ്ധിസംഭവിക്കുന്നുവെന്നും, മഹാലക്ഷ്മിയുടെ ജ്യേഷ്ഠസഹോദരിയും അനിഷ്ടങ്ങളുടെയും അധഃപതനത്തിന്റെയും നാശത്തിന്റെയും നാഥയുമായ ജ്യേഷ്ഠ, ആ കന്യകയിൽ ആവേശം ചെയ്യുമെന്നും ഹിന്ദുക്കൾ പ്രായേണ വിശ്വസിച്ചുവരുന്നു. നായന്മാരും ഇതിനു വ്യത്യസ്തരല്ല. തന്നിമിത്തം അവർ പെൺകുട്ടികളുടെ ഋതുശാന്തികല്യാണം നടത്തേണ്ടതും ഗാർഹികമായ ഒരു കൃത്യമായി കരുതി പ്രവർത്തിച്ചുവന്നു.

ഏതെങ്കിലും ഒരു ഗൃഹത്തിലെ ഒരു പെൺകുട്ടി ഋതുവായെന്നു കണ്ടാലുടൻ ആ ഭവനത്തിലെ സ്ത്രീകൾ കുരവയിട്ട് അയൽക്കാരെ അറിയിക്കും. ഉടൻതന്നെ അയൽക്കാരായ സ്ത്രീകൾ വന്നുകൂടി കരഒട്ടുകള്ള സ്ത്രീകളെ ക്ഷണിച്ചു വരുത്തും. അനന്തരം ഋതുവായ പെൺകുട്ടിയെ സ്നാനംകഴിപ്പിച്ചു പ്രത്യേകം ഒരു മുറിയിൽ ഇരുത്തും. അവൾക്കു സഹായത്തിനായി, ഒരു കന്യകയെയോ മറ്റാരെയെങ്കിലുമോ "കൂട്ടിരിക്കുവാൻ"

ഏർപ്പാടുചെയ്യും. ആ മുറിയിൽ ഒരു ചെമ്പുകുട(കലശം)ത്തിന്മേൽ അരിമാവുകൊണ്ടു കോലം അണിഞ്ഞു് അതിന്റെ വായിൽ തെങ്ങിൻചൊട്ട വിടർത്തിവച്ചു് അലങ്കരിച്ചു് ആ മുറിയിൽ സൂക്ഷിക്കും. അരകല്ലിന്റെ പിള്ളക്കല്ലു്, ഉലക്ക, ചൂൽ മുതലായ ചില അശുഭസാധനങ്ങളിൽ ചിലതെല്ലാംകൂടി ചിലപ്രദേശങ്ങളിൽ, ഋതുകന്യകയുടെ ഉറക്കറയിൽ വയ്ക്കാറുണ്ടായിരുന്നു. ഋതുവായ ദിവസം, കോഴിമുട്ടയുടെ കരുവും നല്ലെണ്ണയും കൂടിച്ചേർത്തു കന്യകയ്ക്കു കഴിക്കുവാൻ കൊടുക്കാറുണ്ടു്. ഏതായാലും പിന്നീടു്, കുളിക്കായി നിശ്ചയിക്കപ്പെടുന്നനാലാം ദിനം അല്ലെങ്കിൽ ഏഴാം ദിനം വരെ കന്യകയ്ക്കു സ്നാനം അനുവദിക്കാറില്ല. എന്നാൽ പോഷകസാധനങ്ങൾ അടങ്ങിയ ആഹാരങ്ങൾ അവൾക്കു കൂടെക്കൂടെ ഭക്ഷിക്കുവാൻ കൊടുത്തുകൊണ്ടിരിക്കും. ബന്ധുജനങ്ങളും സുഹൃത്തുകളും അവൾക്കു ഹൃദ്യങ്ങളായ പലഹാരങ്ങൾ ഉണ്ടാക്കിക്കൊണ്ടുചെന്നു കൊടുക്കാറുണ്ടു്. മൂന്നാംദിവസം പകൽ മദ്ധ്യാഹ്നത്തിനു മുൻപു ഋതുവതിക്കു "ചക്കര"ച്ചോർ കൊടുക്കുക എന്നൊരു ക്രിയയുണ്ടു്, ഉണക്കലരി വേവിച്ചു ചക്കര ചേർത്തു തേങ്ങയും ചുരണ്ടി ഇട്ടു്, ചുക്കു ജീരകം എന്നിവയും പൊടിച്ചു ചേർത്തു തയ്യാറാക്കി എടുക്കുന്നു. മധുരമനമായ ഒരാഹാരസാധനമാകുന്നു ഇതു്. കുടുംബത്തിന്റെ നിലയും അവസ്ഥയും അനുസരിച്ചു്, ചുരുങ്ങിയതു് ഇടങ്ങഴിമുതൽ അനേകം പറവരെ ഉണക്കലരികൊണ്ടു "ചക്കരച്ചോറു"ണ്ടാക്കുകയാണു നടത്ത. അമ്മാവിമാരും നാത്തൂന്മാരും "ചക്കരച്ചോർ" വച്ചു കൊണ്ടുകൊടുക്കുക എന്നുള്ള ലൌകികവും പതിവുണ്ടു്. അതിനുള്ള ദിവസവും പ്രായേണ മൂന്നാംദിനം തന്നെ. ഇപ്രകാരം കുടുംബത്തിൽ തയ്യാറാക്കപ്പെടുന്ന ചക്കരച്ചോറും, പുറമേ ബന്ധുക്കളുടെ കുടുംബങ്ങളിൽ നിന്നു കൊണ്ടുവരപ്പെടുന്നതുമുൾപ്പെടെ അനേകംപറ അരിയുടെ "മധുരാന്നം" ഋതുമതിയുടെ ഭവനത്തിലുണ്ടായിരിക്കും. തന്നിമിത്തം കരയിലുള്ള നായർസ്ത്രീകളെയും ബാലികാബാലന്മാരെയും "ചക്കരച്ചോർ ഉണ്ണാൻ" ക്ഷണിക്കുകയും അവർ ക്ഷണം സ്വീകരിച്ചു മധുരാന്നസദ്യയിൽ പങ്കു കൊള്ളുകയും പതിവുണ്ടു്. സദ്യയ്ക്കു പതിവുള്ള വിഭവങ്ങൾ സമസ്തവും ഇതിനുണ്ടായിരിക്കും. എന്നാൽ ചോറിന്റെ സ്ഥാനം ചക്കരച്ചോറിനായിരിക്കുമെന്നേ ഉള്ളൂ. പുഷ്പിണിക്കു സ്നാന മൂന്നാംദിനം പകൽ ചക്കരച്ചോർ

നൽകുന്നതല്ലാതെ രാത്രിയിൽ ആഹാരം യാതൊന്നും കൊടുക്കാറില്ല. ശുദ്ധസ്നാനത്തിനുള്ള ദിനം നാലാമത്തേതാണു്. ചിലർ കളിച്ചെലവിന്റെ സൌകര്യംപ്രമാണിച്ചും ശരീരശുദ്ധിയുടെ പരിപൂർത്തിയെ പുരസ്കരിച്ചും "തെരണ്ടുകളി" ഏഴാംദിവസത്തേക്കു മാററിവയ്ക്കാറും ഉണ്ടായിരുന്നു. കളിദിവസം കേമമായ സദ്യയ്ക്കു ഒരുക്കങ്ങൾ ചെയ്യപ്പെട്ടിരിക്കും. ക്ഷണപ്രകാരം ബന്ധുക്കളും സ്വജനങ്ങളും കരക്കാരായ സകല സ്ത്രീ പുരുഷന്മാരും വന്നുകൂടും. അനന്തരം പുഷ്പിതയെ എണ്ണതേപ്പിച്ചശേഷം "മണ്ണാൻപാട്ടു" ആരംഭിക്കും. കരയിലെ അവകാശികളായ മണ്ണാന്മാരും മണ്ണാത്തികളുംകൂടി കിണ്ണം ഉടുക്കുംകൊട്ടി "മൂച്ചേട്ട" അകററുവാൻ പാററും പാട്ടും നടത്തുന്ന സന്ദർഭത്തിൽ "ഒലപ്പെണ്ണയും പാത്തി" പുഷ്പിണി ഏതാനും ചില നാഴികകൾ പിണിയാളായി പാട്ടുകാരുടെ മുൻപിൽ നില്ക്കണം. എന്നുമാത്രമല്ല കോടിവസ്ത്രം, അലക്കിയവസ്ത്രം, എണ്ണ, ഇഞ്ച, വാകപ്പൊടി, താളി മുതലായ അനേകം സാധനങ്ങൾ പുഷ്പിണി ക്രമാനുഗതമായി ഉടലിൽസ്പർശിച്ചു് "ചേട്ടയെ" ആവാഹിച്ചു മണ്ണാന്മാരുടെ മുമ്പിലേക്കു് എറിഞ്ഞുകൊടുക്കണം. അനന്തരം മണ്ണാത്തിയുടെ ഹസ്തത്തിൽനിന്നു "മാററു" എന്നു പറയപ്പെടുന്ന ഒരു വസ്ത്രം വാങ്ങിക്കൊണ്ടുസ്നാനത്തിനു പുറപ്പെടുകയായി. സ്ത്രീകൾ കുരവയിട്ടും അമ്മാനം ആടിയും കൊണ്ടു ധ്രുതഗതിയിൽ പുഷ്പിണിയോടുകൂടി അല്പം അകലെ ഉള്ള ഒരു ജലാശയത്തിലേക്കു പോകും. അവിടെച്ചെന്നു അവളെ എണ്ണ, ഇഞ്ച, വാകപ്പൊടി, മഞ്ഞൾ മുതലായവ ഉപയോഗിച്ചു് അഭ്യംഗസ്നാനം ചെയ്യിച്ചു ശരീരശുദ്ധിവരുത്തിയശേഷം, വിശിഷ്ടവസ്ത്രങ്ങളും കുറി തിലകാദികളും വിശിഷ്ടാഭരണങ്ങളും ധരിപ്പിക്കുന്നു. കൊട, തഴ, കൊടി, വാദ്യഘോഷം, വെടി മുതലായ സന്നാഹങ്ങളോടും കരക്കാരായ സ്ത്രീപുരുഷന്മാരുടെയും ബന്ധുക്കളുടെയും അകമ്പടിയോടുംകൂടി ഗൃഹത്തിലേക്കു ഘോഷയാത്ര ആരംഭിക്കും. വളരെ സാവധാനത്തിലും മന്ദഗതിയിലുംആയിരിക്കും ഈ പ്രസ്ഥാനം. "കളികയറി" വീട്ടിൽ എത്തിക്കഴിഞ്ഞാൽ വീണ്ടും മണ്ണാൻപാട്ടു് ആരംഭിക്കും. നാളികേരപ്പരിപ്പു കൈവളകളുടെയും തോൾവളകളുടെയും ആകൃതിയിലും വലിപ്പത്തിലും വത്തുളമായി കഷണിച്ചു, മണ്ണാന്മാർ തയ്യാറാക്കി വച്ചിരിക്കും. ക്രമാതെ പാണൽച്ചെടി

യുടെ ബലമുള്ള രണ്ടു കമ്പുകൾ ചെത്തിത്തോലികളഞ്ഞു്, അവയുടെ അഗ്രത്തിൽ ഏതാനും പാണൽകഴകൾ വച്ചുകെട്ടി, രണ്ടു ശരക്കോലും അവർ സജ്ജമാക്കിയിരിക്കും. കുരുത്തോല കൊണ്ടു് സപ്പ്ക്കെട്ടുമാല മുതലായ ചില ആഭരണമാല്യങ്ങളും അവരുണ്ടാക്കി വച്ചിരിക്കും. വർത്തുളമായ നാളികേരക്കഷണങ്ങൾ, പുഷ്പിതയുടെ കൈത്തണ്ടുകളിലും, തോളുകളിലും, കണ്ഠലസ്ഥാനത്തു കണ്ണുകളിലും, പാദസ്വരങ്ങളുടെ സ്ഥാനത്തു പാദങ്ങളിലും ധരിച്ചും, കുരുത്തോല മാലകൾ കഴുത്തിൽ ധരിച്ചും ഓരോ കൈയിലും "ശരക്കോൽഖണ്ഡുകൾ" വഹിച്ചും തറയിൽ വെച്ചിരിക്കുന്ന ഒരുക്ക നെല്ലരിതാലങ്ങളിലും കുങ്കുമസിന്ദൂരപാത്രങ്ങളിലും, മാറിമാറി ഉഴിഞ്ഞിപ്പിടിച്ചും, ശിരസ്സു് ഘോഷാസന്ത്രമായത്തിൽ ഒരു കോടിവസ്ത്രത്താൽ ആവരണം ചെയ്തും, പിണിയാളായി മണ്ണാൻപാട്ടുകാർക്കു് അഭിമുഖയായി "തിരണ്ടുപാട്ടു്" അകലെ നിൽക്കണം. ഈ പാട്ടു് ഏകദേശം രണ്ടു മൂന്നു മണിക്കൂർവരെ ഉണ്ടായിരിക്കും. ഗണപതി, സരസ്വതി, മൂച്ചെട്ടുപ്പാട്ടു്, പൊലിവുപാട്ടു മുതലായ "തിരണ്ടുകല്യാണപ്പാട്ടുകൾ" പാടിക്കേട്ടു്, സ്വജനങ്ങളുടേയും "മാളോരുടേയും പൊലിവുകൾ കഴിഞ്ഞശേഷമേ പുഷ്പിണിക്കു് മണ്ണാന്മാരുടെ മുമ്പിൽനിന്നു ഗൃഹാന്തർഭാഗത്തേയ്ക്കു പോകുവാൻ അനുവാദം ഉണ്ടായിരുന്നുള്ളു. *"മൂച്ചെട്ടുപ്പാട്ടിന്റെ ഓരോ ഘട്ടത്തിലും അവയവപ്രതിയുള്ള മൂച്ചെട്ടു ഇറക്കുവാനായി അതതു് അവയവത്തിനെ ആച്ഛാദിക്കുന്ന വസ്ത്രമെന്നു് സങ്കല്പിച്ചു് ഓരോ കോടിവസ്ത്രവും, ആഭരണമെന്നു സങ്കല്പിച്ചു തേങ്ങാക്കഷണവും മണ്ണാന്മാരുടെ മുമ്പിലേക്കു് ആവാഹിച്ചു് ഉഴിഞ്ഞു പുഷ്പിണി എറിഞ്ഞുകൊണ്ടിരിക്കണം. മൂച്ചെട്ടുപ്പാട്ടിന്റേയും പൊലിവുപാട്ടിന്റേയും രീതിയും സ്വഭാവവും കാണിക്കുവാൻ ഏതാനും ചില ഭാഗങ്ങൾ അന്യത്ര ചേർത്തിട്ടുണ്ടു്.

പാട്ടു കഴിഞ്ഞാൽ, സദ്യയ്ക്കു് ഇലവയ്ക്കുകയായി. സ്ത്രീപുരുഷന്മാർ മിഷ്ടാന്നഭോജനം കഴിച്ചു സന്തുഷ്ടരായി താംബൂലം (പുകയില പ്രധാനം) കളഭം നാരങ്ങ പനിനീർ മുതലായവ സ്വീകരിച്ചു പിരിഞ്ഞുപോകുന്നു. ഒരുക്കസാധനങ്ങൾ, നെല്ലു്,

* മൂച്ചെട്ടുപ്പാട്ടു് മുതലായ പ്രാചീന ഗീതികൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ടു്. (ഗ്രന്ഥകർത്താ)

അരി, വസ്ത്രം, എണ്ണ, ഇഞ്ച, വാകപ്പൊടി, പൊലിവുപണത്തിന്റെ അംശാംശം, പാട്ടപണം, പകച്ച് മുതലായ അനുഭവങ്ങൾ മണ്ണാന്മാൎക്കും ഉള്ളതാണു്. താലികെട്ടു കല്യാണത്തിനുള്ളതുപോലെ ശീതികനായ തളിപ്പൻ മാരാന്നും, ആചാൎയ്യനായ എളയതിനും, ജ്യോത്സ്യനായ കണിയാനും ഈ ചടങ്ങുകളിൽ യാതൊരു ബന്ധവും ഇല്ലാത്തതിനാൽ, തെരണ്ടുകല്യാണത്തിനു മണ്ണാന്മാൎക്കല്ലാതെ മററാൎക്കും "അനുഭവങ്ങൾ" നല്കപ്പെട്ടുന്നില്ല.

സാമൂഹ്യപരിഷ്കരണോദ്യമങ്ങളുടെ ഫലമായി "തെരണ്ടുകല്യാണം" ആഘോഷിക്കുകയും ആചരിക്കുകയും ചെയ്യുന്ന പതിവും ആധുനികകാലത്തു മിക്കവാറും നിലച്ചുപോയിരിക്കുന്നു.

നായന്മാരുടെ പൂൎവ്വികാചാരങ്ങൾ പലതും ആധുനികകാലത്തു് നാമാവശേഷമായിത്തീൎന്നിരിക്കുന്നു. അവർ വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും രാഷ്ട്രീയപ്രബുദ്ധതയിലും, സാമൂഹ്യപരിഷ്കരണസന്നദ്ധതയിലും, പൌരകാൎയ്യപ്രവൎത്തനാത്മാൎത്ഥതയിലും ഇതരവൎഗ്ഗക്കാൎക്കു മാതൃകയായിത്തീൎന്നിട്ടുള്ള കേരളത്തിലെ ഭൂസ്വത്തുടമസ്ഥരായ ഒരു പ്രബലസമുദായക്കാരാകുന്നു. അൎദ്ധശതവൎഷകാലമായി നായർസമുദായാഭ്യുന്നതിയെ ലക്ഷീകരിച്ചാരംഭിക്കപ്പെട്ടിട്ടുള്ള സാമൂഹ്യപരിഷ്കരണശ്രമങ്ങളുടെ പരിവീചികൾ ഇതരസമുദായക്കാൎക്കും, പ്രയോജനകരമായ ഉൽബോധനം നൽകത്തക്കവിധം പ്രേരകമായി ഭവിച്ചിട്ടുണ്ടു്. എന്നുമാത്രമല്ല, ഏതാദൃശങ്ങളായ ഉദ്യമങ്ങളുടെ പ്രത്യക്ഷഫലമായി വൎഗ്ഗീയാഭ്യുന്നതിയെ പുരസ്കരിച്ചു ഒട്ടധികം നിയമനിൎമ്മാണങ്ങൾ ആധുനികകേരളത്തിലെ ഗവണ്മെന്റുകൾ, വിശിഷ്യ തിരുവിതാംകൂർ ഗവൎമ്മെന്റു നടത്തി നാനാവൎഗ്ഗങ്ങളുടെയും പുരോഗതിയെ സഹായിച്ചിട്ടുമുണ്ടു്.

ബി. സി. 317-മുതൽ 312-വരെ ഭാരതത്തിലെ മൌൎയ്യചക്രവൎത്തിയായിരുന്ന ചന്ദ്രഗുപ്തന്റെ രാജധാനിയിൽ ചീനത്തെ സ്ഥാനപതിയായി താമസിച്ചിരുന്ന മെഗസ്തനീസ് എന്ന ചീനപണ്ഡിതൻ രേഖപ്പെടുത്തിയിരിക്കുന്നു, ഇന്ത്യയുടെ തെക്കേഅററത്തെ രാജ്യം "ചേരമേ" ആണെന്നും അവിടത്തെ ജനങ്ങൾ "നായരേ" ആണെന്നും. മെഗസ്തനീസ്സിന്റെ ഗ്രന്ഥമായ "ലാഇൻഡിക്ക"യിൽ പ്രസ്താവിച്ചിരിക്കുന്നു:—"ചേരമേയിലെ ജനങ്ങളായ "നായരേ" മൂന്നു മുഴത്തിൽ കൂടുതൽ നീളം

ഇല്ലാത്തതും, വളരെ വീതി ഉള്ളതുമായ ഖഡ്ഗംകൊണ്ടു നടക്കുന്നു. ഉറയില്ലാത്തവാളാണ്, അവർ അടുത്തടുത്തു നിന്നു പൊരുമ്പോൾ രണ്ടു കൈകളിലും കൂടി ഈ വാൾ കൂട്ടിപ്പിടിച്ച് ഉയരത്തോടെ വെട്ടുകയാണു പതിവ്. "അരിശ്യഫേപ്ത" ആകുന്നു അവരുടെ ആഹാരസാധനം.

*"ചോരമേ"എന്നു പറഞ്ഞിരിക്കുന്നതു ചേരരാജ്യത്തെ ഉദ്ദേശിച്ചാണ്. ബി. സി. 4-ാംശതവൎഷത്തിലും മൂന്നാംശതവൎഷത്തിന്റെ പ്രാരംഭദശയിലും കേരളം ചേരരാജവംശത്തിന്റെ ഭരണത്തിലായിരുന്നു. കേരളത്തിൽ അക്കാലത്തെ പ്രബലസമുദായം "നായരേ" നായന്മാർ ആയിരുന്നു. ഗ്രീക്കുഭാഷയിൽ അദ്ധ്ര ശ്യ" എന്നാൽ അരി-നെല്ലരി എന്നാണൎത്ഥം. ഫേപ്ത" എന്നാൽ "പചിച്ച" "വേവിച്ച" എന്നു അൎത്ഥമാകുന്നു. "അരിശ്യഫേപ്ത" എന്നാൽ ചോർ എന്നു മനസ്സിലാക്കണം. അതിനാൽ അക്കാലത്തെ കേരളീയരുടെ ആഹാരം ചോറു തന്നെ ആയിരുന്നു. കേരളത്തിലെ ആവശ്യം കഴിഞ്ഞു വളരെ അധികം നെല്ലും അരിയും ഗ്രീക്കരാജ്യങ്ങളിലേയ്ക്കു കയററുമതി ചെയ്തുവന്നു. നായന്മാർ കേരളത്തിലെ യോദ്ധാക്കളായിരുന്നു. രാജ്യസംരക്ഷണമായിരുന്നു അവരുടെ തൊഴിൽ. അവർ സദാ ഉറയില്ലാത്ത വാൾ വലതുകരത്തിൽധരിച്ചുകൊണ്ടു നടന്നുവന്നു.

A. D. 14-ാംശതവൎഷത്തിൽ കേരളത്തിൽ സഞ്ചരിച്ചിട്ടുള്ള ഫ്രയർജോർഡാനസ് എന്ന റോമൻ കത്തോലിക്ക്മിഷണറിയാണ് കേരളത്തിലെ ജനങ്ങൾ മരുമക്കത്തായികളാണെന്നു പ്രഥമതഃ രേഖപ്പെടുത്തിയിട്ടുള്ള വിദേശ സന്ദൎശകൻ. എ. ഡി. 15-ാം ശതവൎഷത്തിന്റെ പ്രാരംഭഘട്ടത്തിൽ ചീനത്തെ യോങ്ലോ ചക്രവൎത്തിയുടെ സ്ഥാനപതിയായി ഇൻഡ്യയിൽ പല പ്രധാനരാജ്യങ്ങളും സന്ദൎശിച്ച മാഹ്വൻ കേരളരാജ്യങ്ങളിൽ സഞ്ചരിച്ചശേഷം എഴുതിയിരിക്കുന്നു:—"നായന്മാർ രാജാവിനോടൊപ്പം അന്തസ്സും ആഭിജാത്യവും ഉള്ളവരാണ്."

16-ാംശതവൎഷത്തിൽ കേരളം സന്ദൎശിച്ച ബാർബോസാ എന്ന പോർട്ടുഗീസു സഞ്ചാരി നായന്മാരേക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:— "മലബാറിലെ" രാജ്യങ്ങളിൽ

\+ Plyni the Elder.
Wonders of the East—Friar Gordanus.

"നായന്മാർ" എന്നൊരു വർഗ്ഗക്കാർ ഉണ്ടു്. അവർ യുദ്ധം തന്നെ തൊഴിലായുള്ള ഒരു പ്രഭുവർഗ്ഗക്കാരാണു്. അവർ പുറമെ സഞ്ചരിക്കുമ്പോൾ കൈയിൽ അവരുടെ ആയുധങ്ങളായ വാൾ, വില്ലു്, അമ്പു്, കുന്തം, ഉടക്കളി ആദിയായവ കൂടെ കൊണ്ടുപോകുന്നു. അവർ രാജാവിനോടൊന്നിച്ചു താമസിക്കുന്നു. മററു ചിലർ രാജാവിന്റെ ബന്ധുക്കളായ പ്രഭുക്കന്മാരോടൊന്നിച്ചു താമസിക്കുന്നു. "നായർ" എന്നതു കുലീനരായ യുദ്ധവീരന്മാർക്കു മാത്രം ഉള്ള ഒരു പേരാണു്. അവർ വളരെ പുണ്യവും പ്രസിദ്ധിയും ആഭിജാത്യവും ഉള്ളവരാണു്. പരസ്യമായി പന്തിഭോജനം നടത്തുമെങ്കിലും അന്യവർഗ്ഗക്കാരുടെ ആഹാരം അവർ ഭക്ഷിക്കാറില്ല. മററുള്ളവരുടെ ഭവനങ്ങളിൽ നിന്നു ഒരു തുള്ളി വെള്ളംപോലും അവർ കുടിക്കുകയില്ല. ഇവർ കുടുംബപാരമ്പര്യമറയ്ക്കുതന്നെ ഉൽകൃഷ്ടയോദ്ധാക്കളാണെങ്കിലും രാജാവോ നാടുവാഴികളോ ഇവരിൽ ഓരോ വ്യക്തിയെയും "നായര" ആയി അവരോധിക്കണം. നഗരത്തിനു പുറമേയാണു് ഇവരുടെ ഭവനങ്ങൾ. മററു വർഗ്ഗക്കാരുടെ ഇടയിൽ ഇവർ താമസിക്കുക പതിവില്ല. ഒററതിരിഞ്ഞുള്ള ഭവനങ്ങളിൽ ഇവർ താമസിക്കുന്നു. ഓരോ നായരും ഓരോ തോട്ടത്തിന്റെ ഉടമസ്ഥനാണു്. തോട്ടപ്പുരയിടത്തിലാണു് അവരുടെ വാസഗൃഹം. അവർക്കു വേണ്ട വിഭവങ്ങൾ എല്ലാം അവനവന്റെ തോട്ടത്തിൽ ഉണ്ടായിരിക്കും. സൈനികവർഗ്ഗക്കാരാണെങ്കിലും ഇവർ മദ്യം ഉപയോഗിക്കുകയില്ല. ഇവരുടെ സ്ത്രീകൾ വളരെ ശുചിത്വവും ശുദ്ധിയും ഉള്ളവരാണു്. അവരുടെ വസ്ത്രം വളരെ വെണ്മയും നിർമ്മലതയും ഉള്ളതാണു്. പുരുഷന്മാരെ സന്തോഷിപ്പിക്കുവാനുള്ള വിധങ്ങൾ എല്ലാം താന്താങ്ങൾക്കു വശം ഉണ്ടാനുള്ളതു തന്നെ വലിയൊരു അഭിമാനമായി അവർ കരുതുന്നു."

നായർപുരുഷന്മാർ നിത്യബ്രഹ്മചാരികളായിരുന്നുവെന്നും നായന്മാർ മരുമക്കത്തായികളായിത്തീരുവാനും, അവരുടെ സ്ത്രീകൾക്കു ബ്രാഹ്മണബാന്ധവം നടപ്പിലാകുവാനും ഹേതു ഇതാണെന്നും താമസ്സ് ലോപ്പസ് കസ്റ്റൺഹിഡാ പറഞ്ഞിരിക്കുന്നു.

പുരാതന നായന്മാരുടെ "അങ്കംവെട്ടു്," "പടയൊരുക്കം,", സാമൂഹ്യാചാരങ്ങൾ, വസ്ത്രധാരണരീതി എന്നിവയെക്കുറിച്ചു്

* Thomas Loppez Costen Hedae.

സൂക്ഷ്മമായ വസ്തുതകൾ മനസ്സിലാക്കുവാൻ ഉപയുക്തങ്ങളായ അനേകം രേഖകൾ വിദേശസഞ്ചാരികളുടെ ഡയറികളിലും കൊണ്ടിട്ടുണ്ടു്. ഏതാദൃശവിഷയങ്ങളെക്കുറിച്ചു് സവിസ്തരം "കേരളലഘുചരിത്രം എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളതാകുന്നു.

൰൮-ാം അദ്ധ്യായം

ഈഴവർ.

"ഈഴവർ" എന്നും "ചോവന്മാർ" എന്നും "തീയന്മാർ" എന്നും ഉള്ള ജാതിനാമങ്ങൾ ഒരേ വർഗ്ഗത്തിന്റെ പര്യായശബ്ദങ്ങളായിട്ടാകുന്നു ഇരിക്കുന്നതു്, തമിഴ് നാട്ടിലും തമിഴ് നാട്ടിനോടു സമീപിച്ചുള്ള പ്രദേശങ്ങളിലും ഈഴവരെത്തന്നെ "നാടാർ" എന്നു പൂജകമായും സംബോധനചെയ്തുവരുന്നുണ്ടു്. എന്നാൽ തമിഴ്‌വർഗ്ഗത്തിൽപെട്ട നാടാന്മാരും കേരളീയ ഈഴവസമുദായവുമായി "കൂടിക്കഴിയുക" പതിവില്ല.

ഈഴവർ ഇതരസമുദായങ്ങളേപ്പോലെ തന്നെ പുരാതനമായ ഒരുകാലത്തു കേരളത്തിൽ സിംഹളദ്വീപിൽനിന്നു് ഉപവേശം ചെയ്തിട്ടുള്ളതാണെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ പുരാതനകേരളരാഷ്ട്രചരിത്രം എന്ന അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണു. 'ഇമ്പാപണി* അഥവാ ഈഴം സിംഹളദ്വീപു "തീസൻ" എന്ന പ്രസിദ്ധനായ സിംഹളരാജാവിന്റെ ഭരണത്തിലിരുന്ന കാലത്തുണ്ടായ രാഷ്ട്രീയങ്ങളായ ഹേതുക്കളാൽ, തീസവാന്മാർ, (തീസരാജ്യനിവാസികൾ) പലരും കേരളാദിരാജ്യങ്ങളിൽ ഉപവേശം ചെയ്തിട്ടു

* സിലോണിന്റെ പുരാതന നാമം "ഇമ്പാപണി" എന്നായിരുന്നു. സിലോൺ, ദക്ഷിണതിരുവിതാംകൂർ; ഈസ്റ്റിൻഡ്യാദ്വീപുകൾ, ദക്ഷിണഭൂഖണ്ഡം മുതലായ പ്രദേശങ്ങളിലെ കരിമ്പനയിൽനിന്നു് ഉണ്ടാക്കപ്പെടുന്ന 'ഇമ്പു' സാരവ്യവസായത്തിന്റെ പ്രധാനപ്പെട്ട പൌരസ്ത്യദേശ ആപണി (മാർക്കറ്റ്) സിലോൺ ആയിരുന്നു. (ഗ്രന്ഥകർത്താ).

ള്ളതും, അവർ ചിലർ അദ്യാപി പ്രാചീന നാമമായ "തീസർ" (തീസർ–തീയർ) എന്ന പദത്തിന്റെ ലുപ്തപ്രാകൃതരൂപമായ "തീയർ" എന്ന പേരിനാൽ അറിയിക്കപ്പെട്ടുവരുന്നവരുമാകുന്നു. എന്നാൽ തീയർക്കു സിദ്ധിച്ചിട്ടുള്ള മറെറാരു ജാതിനാമമായ "ഈഴവ" പദത്തിന്റെ ആഗമത്തെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ ഇല്ലാതില്ല. "ഈള" എന്ന ശബ്ദത്തിനു ദ്രാവിഡഭാഷയിൽ "മദ്യം" എന്നു അർത്ഥം ഉണ്ടു്. "ഇള" ശബ്ദത്തിനു "ഭൂമി" എന്നും "സേനാ" എന്നും പൊരുളും ഉള്ളതാകുന്നു. "ഈള" (മദ്യം) ഉണ്ടാക്കുക തൊഴിലായി അവർ സ്വീകരിച്ചതിനാൽ "ഈളവർ" എന്ന ജാതിനാമം തീയർക്കു സിദ്ധിച്ചതാണെന്നു് ഒരുപക്ഷം ഉണ്ടു്. "ഈളവ" ശബ്ദം "ഈഴവ" ശബ്ദമായി രൂപാന്തരം പ്രാപിച്ചിട്ടുള്ളതാകുന്നു. കേരളത്തിലെ പുരാതനകർഷകവർഗ്ഗക്കാർ ഈഴവർ ആയിരുന്നു. നായന്മാർക്കു നാട്ടിന്റെ സംരക്ഷണം സംബന്ധിച്ചുള്ള സൈനികവൃത്തിയിലും യുദ്ധങ്ങളിലും, ഏർപ്പെടേണ്ടിയിരുന്നതിനാൽ, ഇതരകാര്യങ്ങളിൽ ശ്രദ്ധയെ വ്യാപരിപ്പിക്കുവാൻ അവർക്കവസരം ഉണ്ടായിരുന്നില്ല. അതിനാൽ "ഇള"യിൽ ജോലിചെയ്തു കൃഷികാര്യങ്ങളുടെ മേലന്വേഷണം വഹിച്ചുവരുന്ന വർഗ്ഗക്കാർക്കു "ഈളവർ" എന്ന ജാതിസംജ്ഞ സിദ്ധിച്ചുവെന്നും, കാലക്രമേണ "ള" കാരം "ഴ" കാരമായി "ഈഴവ" സംജ്ഞ ഉണ്ടായി എന്നും ഉള്ള അനുമാനവും ഇല്ലാതില്ല. "ഇള"യുടെ "സേനാ" പക്ഷാർത്ഥം സംബന്ധിച്ചാണെങ്കിൽ, സൈനികവർഗ്ഗക്കാരായ നായന്മാർക്കു പടക്കളത്തിലും, യുദ്ധയാത്രകളിലും വേണ്ട സഹായസഹകരണങ്ങൾ നൽകി, അവരുടെ അംഗരക്ഷകകൃത്യം നിർവ്വഹിച്ചുപോന്ന തീയവിഭാഗത്തിനു് "ഈളവർ" എന്നും "ചേവകർ" എന്നും ഉള്ള സാങ്കേതികസംജ്ഞകൾ സിദ്ധിച്ചതാണെന്നും, അവ ക്രമേണ ജാതിസംജ്ഞകളായി പരിണമിച്ചതാണെന്നും, അനുമാനിക്കുന്നതിനും അസാംഗത്യം ഉണ്ടെന്നു തോന്നുന്നില്ല. ഏതാദൃശങ്ങളായ പക്ഷാന്തരങ്ങൾ എതുപ്രകാരമിരുന്നാലും ഈഴവർ കേരളത്തിലെ ഒരു പുരാതനവർഗ്ഗക്കാരാണെന്നും, ഈഴവവർഗ്ഗം കേരളരാഷ്ട്രത്തിന്റെ അപ്രധാനമല്ലാത്ത ഒരംഗം ആയിരുന്നുവെന്നും നിസ്സംശയമായി അഭിപ്രായപ്പെടാവുന്നതാകുന്നു.

ഈഴവരും നായന്മാരും തമ്മിൽ മതപരമായോ സാമുദായാചാരപരമായോ, വസ്ത്രധാരണാദി നടപടികൾ സംബന്ധമായോ, യാതൊരുവിധ പ്രത്യക്ഷവ്യത്യാസങ്ങളും ഉണ്ടായിരുന്നില്ല; ആധുനികകാലത്തും ഈ വക അന്തരങ്ങൾ ഈ വർഗ്ഗങ്ങൾക്കു തമ്മിൽ ഇല്ലതന്നെ. ശ്രീ നാരായണഗുരുവിന്റെ നിപുണമായ നേതൃത്വത്തിൽ കേരളത്തിലെ ഈഴവസമുദായം വിദ്യാഭ്യാസവിഷയത്തിലും സംസ്കാരത്തിലും പൌരപ്രബുദ്ധതയിലും സാമുദായ പരിഷ്കരണ പ്രസ്ഥാനങ്ങളിലും ഗണ്യമായ പുരോഗതിയെ പ്രാപിച്ചിട്ടുണ്ടു്. കേരളത്തിലെ ഈഴവരിൽ മികച്ച ഭൂരിപക്ഷത്തിന്റെയും നിവാസഭൂമിയായ തിരുവിതാംകൂറിൽ ഈഴവരുടെ വിവാഹം പിന്തുടർച്ചാവകാശം മുതലായവയെ വ്യവസ്ഥപ്പെടുത്തുന്നതായ ഒരു റെഗുലേഷൻ തിരുവിതാംകൂർ ഗവർമെന്റിൽനിന്നു നടപ്പാക്കപ്പെട്ടിട്ടുള്ളതാകുന്നു.

ഈഴവർക്കു കേരളത്തിൽ ദീർഘകാലമായി നിലവിലിരിക്കുന്ന സാമുദായവശതകൾ പ്രജാവത്സലരും, സംസ്കാരചിത്തരുമായ തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ കരുണാമസൃണമായ ഭരണവൈശിഷ്ട്യത്തിന്റെ ഫലമായി പടിപടിയായി നീക്കംചെയ്തുവരുകയായിരുന്നു. എന്നു മാത്രമല്ല ഈ വിഷയത്തിൽ തിരുവിതാംകൂർ ഇതരകേരളരാജ്യങ്ങൾക്കു മാതൃകയായി അന്നും ഇന്നും ഭവിച്ചിരിക്കുകയുമാകുന്നു. ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു് കൊല്ലം 1112-ാമാണ്ടു തുലാമാസം 27-ാംതീയതി കല്പിച്ചു തുല്യംചാർത്തി പ്രഖ്യാപനം ചെയ്ത ക്ഷേത്രപ്രവേശനവിളംബരം സാമുദായാവസ്ഥയിൽ പിന്നണിയിൽ നിന്നിരുന്ന ഈഴവർ ഉൾപ്പെടെയുള്ള സമസ്തഹിന്ദുവിഭാഗങ്ങളുടെയും സാമുദായവശതകളെ പാടേ വിപാടനംചെയ്തു കഴിഞ്ഞിരിക്കുന്നു. പ്രസ്തുത രാജനിയമത്തിന്റെ പ്രഭാവം തിരുവിതാംകൂറിൽ മാത്രമല്ല, കേരളം ഒട്ടുക്കുമാത്രമല്ല, ഭാരതഖണ്ഡം ആകമാനം സാമുദായമായുള്ള ശക്തിമത്തായ പ്രബുദ്ധതയെ പ്രദാനം ചെയ്തിട്ടുണ്ടു്.

൪൯-ാം അദ്ധ്യായം

ക്രിസ്ത്യാനികൾ.

ഭാരതഖണ്ഡത്തിലെ മററു പ്രദേശങ്ങളിലുള്ളതിനേക്കാൾ കൂടുതലായി ക്രിസ്ത്യാനികൾ അധിവസിക്കുന്നതു കേരളത്തിലാണ്. വിശിഷ്യ, തിരുവിതാംകൂറിലെ ജനങ്ങളിൽ ചതുർത്ഥാംശവും ക്രിസ്ത്യാനികൾ ആകുന്നു. തിരുവിതാംകൂർ ഹൈന്ദവരാജ്യമാണെങ്കിലും തിരുവിതാംകൂർ മഹാരാജാക്കന്മാർ പുരാതനകാലം മുതൽ, ഇതരമതസ്ഥരോട് അനുകമ്പാമസൃണമായ ഭരണനയം കൈക്കൊണ്ടുവരുന്നതുതന്നെയാണ്, ഇതരമതങ്ങൾക്ക് ഇവിടെ ഇത്ര വലുതായ പ്രചാരം സിദ്ധിക്കുവാനുള്ള ഹേതു.

കേരളത്തിലെ ക്രൈസ്തവചരിത്രം ആരംഭിക്കുന്നതു 1875 സംവത്സരം മുമ്പുമുതൽക്കാകുന്നു. എ. ഡി. 52-ൽ അപ്പോസ്തൽ * സെൻറുതോമസ് ക്രിസ്തുമതപ്രചരണാർത്ഥം, ഏതാനും സുറിയാനി ക്രിസ്ത്യാനികളായ അനുചാരന്മാരോടുകൂടി കൊടുങ്ങല്ലൂരിനു സമീപമുള്ള "മലങ്കര" എന്ന തുരുത്തിൽ വന്നിറങ്ങി. പകലോമററം, ശംഖുപുരി കാളികാവ് ആദിയായ ഏതാനും പ്രാചീനകുടുംബങ്ങളിലെ അംഗങ്ങൾ ഉൾപ്പെടെ പല കേരളീയരെയും ഇദ്ദേഹം ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തുകയും കേരളത്തിലെ പ്രധാന സ്ഥാപനങ്ങൾ എല്ലാം സന്ദർശിക്കുകയും ചെയ്തു. കൂടാതെ കൊടുങ്ങല്ലൂർ, പാലൂർ, കോക്കമംഗലം കോട്ടക്കാവു്, കായൽ, കൊല്ലം, നിരണം എന്നീ പ്രാചീനനഗരങ്ങളിൽ, അദ്ദേഹം കുരിശും ആരാധനാസ്ഥാനങ്ങളും സ്ഥാപിച്ചു. മലയാററൂരെ പള്ളി പണിയിക്കപ്പെട്ടിരിക്കുന്ന മലയുടെ മുകളിൽ, ഈ അപ്പോസ്തൽ ഏതാനും ദിവസം ധ്യാനനിഷ്ഠനായി ഇരുന്നിട്ടുണ്ടെന്നും, അക്കാലത്തു് അവിടെ പാറപ്പുറത്തു് ഒരു കുരിശു കൊത്തി രൂപപ്പെടുത്തിയിട്ടുണ്ടെന്നും വിശ്വസിക്ക

* സെൻറുതോമസിൻെറ മതപ്രചരണചരിത്രം സംബന്ധിച്ച് അദ്യാപി നിലവിലിരിക്കുന്ന ഐതിഹ്യം ഇങ്ങനെയാണ്. സെൻറ് തോമസിൻെറ ചരിത്രസംക്ഷേപം ഒന്നാംഭാഗത്തിൽ ചേർത്തിട്ടുണ്ട്.

പ്പെട്ടുവരുന്നു. കേരളത്തിലും പുറമെയും ഉള്ള ക്രിസ്ത്യാനികൾ ആണ്ടുതോറും മലയാറ്റൂർ പെരുനാൾ ദിവസങ്ങളിൽ പുണ്യയാത്രയായി ആ പരിശുദ്ധസ്ഥലം സന്ദർശിക്കാറുണ്ട്. "മലയാറ്റൂർ മുത്തപ്പൻ" എന്നു ക്രിസ്ത്യാനികൾ, ഭക്തിപുരസ്സരം സെൻറുതോമസ്സിനെ ഉദ്ദേശിച്ചു് അദ്യാപി അഭിസംബോധന ചെയ്തുപോരുന്നു.

എന്നാൽ ഈ അപ്പോസ്തലിന്റെ ആത്മത്യാഗമരണശേഷം രണ്ടു സംവത്സരം കഴിഞ്ഞപ്പോൾ കേരളത്തിൽ ക്രിസ്തുമതാവലംബികളായി എട്ടു കുടുംബക്കാർ മാത്രമേ ശേഷിച്ചിരുന്നുള്ളൂ. അങ്ങനെ ഇരിക്കെ മലയാളദേശങ്ങളിൽ ഒരു പ്രസിദ്ധനാവിക വണിക്ക് എന്ന നിലയിൽ സുപരിചിതനായിരുന്ന ക്നാനായതോമ്മാ എന്ന ക്രിസ്തീയ നേതാവിനോടൊന്നിച്ചു ജറുസലം, ബാഗ്ഡാഡ് നിനവേ, ചാൽഡിയ മുതലായ ദേശങ്ങളിൽനിന്നു് ഒട്ടധികം ക്രിസ്തീയോപദേശകന്മാർ കേരളത്തിൽ വന്നുചേർന്നു. അക്കാലത്തെ കേരളനാടുവാഴികൾ പ്രസ്തുത ക്രിസ്തീയോപദേശകന്മാർക്കു് അനല്പമായ സഹായസഹകരണങ്ങൾ നൽകി. ക്രമേണ സുറിയാനിക്രിസ്ത്യാനികൾ സംഖ്യാബലത്തിലും, സ്വാധീനശക്തിയിലും, ധനസ്ഥിതിയിലും, പ്രഭാവത്തിലും പുരോഗതിയെ പ്രാപിച്ചു.

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കു്, അവർ കേരളത്തിൽ ഉപദേശം ആരംഭിച്ചകാലം മുതൽതന്നെ, കേരളരാജാക്കന്മാർ ചില പ്രത്യേകാവകാശങ്ങൾ നൽകിയിട്ടുണ്ടു്. അവർ വിശ്വസ്തന്മാരും രാജഭക്തന്മാരും ആയിരുന്നതിനാൽ, നാടുവാഴികൾ അവരോടു വാത്സല്യപൂർവം പെരുമാറിവന്നു. ആത്മീയകാര്യങ്ങളിൽ സുറിയാനിക്രിസ്ത്യാനികളുടെ മേൽ പരിപൂർണ്ണാധികാരവും ലൗകികകാര്യങ്ങളിൽ ഏതാനും ചില അധികാരങ്ങളും ഉണ്ടായിരുന്ന "വില്ല്യാർവട്ടം * നസ്രാണി രാജാവിന്റെ" നേരിട്ടുള്ള ഭരണത്തിൽ അവർ ഇരുന്നുകൊള്ളുവാൻ കേരളരാജാക്കന്മാർ അവരെ അനുവദിച്ചിരുന്നു. അതായതു വില്ല്യാർവട്ടംരാജാവു കേരള സുറിയാനി ക്രിസ്ത്യാനികളുടെ സ്വയംഭരണകൂടത്തിന്റെ അദ്ധ്യക്ഷനായിരുന്നു;

* വില്ല്യാർവട്ടം രാജാവിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ടു്.

എന്നാൽ ഈ അദ്ധ്യക്ഷസ്ഥാനം വില്ല്യാർവട്ടം രാജസ്വരൂപത്തിലേക്ക വംശപാരമ്പൎയ്യമായി സിദ്ധമായിരുന്നു. പോൎത്തുഗീസുകാർ കേരളത്തിൽ ആദ്യമായി പ്രവേശിച്ച കാലത്തിന് കുറെമുൻപുവരെ പ്രസ്തുത രാജവംശം നിലനിന്നിരുന്നതായും, വാസ്കോഡിഗാമാ കേരളത്തിൽ വന്നിറങ്ങിയ സന്ദർഭത്തിൽ വില്ല്യാർവട്ടം രാജാവിന്റെ ചെങ്കോൽ സുറിയാനിക്രിസ്ത്യാനികൾ ഗാമായ്ക്കു സമൎപ്പിക്കുകയും, അവരെ പോൎത്തുഗീസുകാരുടെ ഭരണത്തിൽ ഉൾപ്പെടുത്തിക്കൊള്ളണമെന്ന് അഭ്യൎത്ഥിക്കുകയും ചെയ്തതായും അനുമാനിക്കപ്പെട്ടിരിക്കുന്നു. *പോൎത്തുഗീസുകാരുടെ ശക്തി കേരളത്തിൽ വർദ്ധിച്ചുവന്നതോടുകൂടി അവർ സുറിയാനിക്രിസ്ത്യാനികളുടെപുരോഗതിക്കായിപല പുതിയ വ്യവസ്ഥകളും നടപ്പിലാക്കി. റോമൻസഭയുടെ നേരിട്ടുള്ള ആധിപത്യത്തിലേക്ക കേരളക്രിസ്ത്യാനികൾ ആനയിക്കപ്പെട്ടതു പോൎത്തുഗീസുകാർമുഖേന ആയിരുന്നു. കൊടുങ്ങല്ലൂർ റോമാ ആൎച്ച് ബിഷപ്പിന്റെ ആസ്ഥാനം ആയിരുന്നുവെന്നു കാണുന്നു. സുറിയാനിക്രിസ്ത്യാനികളെ വൈദികവൃത്തിക്കു സജ്ജരാക്കുവാൻ വേണ്ട അഭ്യസനം നൽകുന്നതിനുള്ള ഒരു സെമിനാരിയും കൊടുങ്ങല്ലൂർ സ്ഥാപിക്കപ്പെട്ടിരുന്നു. കൊടുങ്ങല്ലൂരിൽ ഡച്ചുകാൎക്ക പ്രാബല്യം ഉണ്ടായിരുന്ന ഘട്ടത്തിൽ അവിടം ജസ്യൂട്ട് ആൎച്ച്ബിഷപ്പിന്റെ സങ്കേതമായിരുന്നു. അക്കാലത്തു മതപരമായും ശാസ്ത്രീയമായും അഭ്യസനം നൽകുന്ന ഒരു മഹാപാഠശാലയും അതിനോടു അനുബന്ധിച്ചു ഒരു മഹാഗ്രന്ഥശാലയും ജസ്യൂട്ട പുരോഹിതന്മാരുടെ വകയായി നടത്തപ്പെട്ടുവന്നിരുന്നു. പള്ളിപ്പോർട്ടിലായിരുന്നു സെൻറുതോമസ്സ് ക്രിസ്ത്യാനികൾക്കായുള്ള സുറിയാനി മഹാപാഠശാല പണിയിക്കപ്പെട്ടിരുന്നതു്. പിൽക്കാലം, പ്രസ്തുത മഹാപാഠശാലയാണു ചങ്ങനാശേരിയിലേക്ക മാററി സ്ഥാപിക്കപ്പെട്ടതു്. പള്ളിപ്പോർട്ടിലെ കെട്ടിടം കുഷ്ഠരോഗചികിത്സാലയമായി ഉപയോഗിക്കുവാനും ആരംഭിച്ചു. പള്ളിപ്പോർട്ടിലുണ്ടായിരുന്ന കാൎമ്മലീത്താ സന്ന്യാസികൾ വരാപ്പുഴയിലേക്ക മാറി, അവിടെ ഒരു സെമിനാരി സ്ഥാപിച്ചു.

പോർട്ടുഗീസുകാരുടെ പ്രാബല്യം അസ്തപ്രായമായതോടുകൂടി, റോമാസഭയുടെ ആധിപത്യവലയത്തിൽനിന്നു കേരളീയസുറിയാനി ക്രിസ്ത്യാനികൾ ക്രമേണ പിൻതിരിയുവാൻ

ആരംഭിച്ചു. തന്നിമിത്തം അവർ രണ്ടുകക്ഷികളായി പിരിഞ്ഞു. പോർട്ടുഗീസുപുരോഹിതന്മാരെ അഭ്യവകർഷണംചെയ്തു ചിലർ സ്വതന്ത്രരായി. അവർ "പുത്തൻകൂറ്റുകാർ" എന്നു പേരിനാൽ അറിയപ്പെട്ടുതുടങ്ങി. റോമാസഭയുടെ അധികാരത്തിനു വിധേയരായി നിന്നവർ "പഴയകൂറ്റുകാർ" എന്നും സംജ്ഞചെയ്യപ്പെട്ടുവന്നു. അവർ യൂറോപ്യൻ ബിഷപ്പന്മാരുടെ ഭരണത്തിൽതന്നെ തുടർന്നു. പുത്തൻകൂറ്റുകാർ ഏഷ്യാമൈനറിലുള്ള പേട്രിയാർക്കന്മാരിൽ പലരുടേയും അടുക്കൽ ഒരു സിറിയൻ ബിഷപ്പിനെ മലയാളത്തിലേയ്ക്കയക്കണമെന്നഭ്യർത്ഥിച്ചു. തൽഫലമായി ഗ്രിഗറി എന്ന ഒരു ജെക്കൊബൈറ്റു ബിഷപ്പു കേരളത്തിലേയ്ക്കു അയക്കപ്പെട്ടു. അദ്ദേഹം "ഒന്നാമത്തെ മാർത്തോമ്മാസ്സ്" എന്ന പേരിൽ മലങ്കര മെത്രാനായി അവരോധിക്കപ്പെട്ടു. അക്കാലംശേഷം അദ്യാപി പുത്തൻകൂറു സുറിയാനിക്രിസ്ത്യാനികൾ ഏതദ്ദേശീയമെത്രാന്മാരുടെ വൈദികമേലദ്ധ്യക്ഷത്തിലാകുന്നു ജീവിച്ചുപോരുന്നതു്.

പഴയകൂറ്റുകാരായ സുറിയാനിക്രിസ്ത്യാനികൾ വളരെക്കാലം യൂറോപ്യൻ മെത്രാന്മാരുടെയും യൂറോപ്യൻ ബിഷപ്പന്മാരുടെയും വൈദികമേലധ്യക്ഷത്തിലായിരുന്നു. എന്നാൽ ഏതദ്ദേശീയമെത്രാന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ടിരിക്കുവാൻ, കാലാന്തരത്താൽ അവർ അഭിലഷിച്ചതിന്റെ ഫലമായി, ആധുനികകാലത്തു് ഏതദ്ദേശീയഭരണം നൽകപ്പെട്ടിരിക്കുന്നു. ഏതദ്ദേശീയരായ ബിഷപ്പന്മാരും ആർച്ചുബിഷപ്പന്മാരും ഇപ്പോൾ കേരളകത്തോലിക്കസുറിയാനി ക്രിസ്ത്യാനികളുടെ വൈദികാദ്ധ്യക്ഷം വഹിച്ചുവരുന്നു.

റോമൻകത്തോലിക്കസഭയിൽ ഉൾപ്പെട്ടവരായി ലത്തീൻ ക്രിസ്ത്യാനികൾ എന്നൊരു കത്തോലിക്ക വിഭാഗവുമുണ്ടു്. ഇവർക്കു പ്രത്യേക മെത്രാന്മാർ ഉള്ളതാകുന്നു.

1806-ൽ ഡാക്ടർ ക്ലാഡിയസ്സ് ബുക്കാനൻ അങ്കമാലിപ്പള്ളി സന്ദർശിച്ച അവസരത്തിൽ സുറിയാനി ക്രിസ്ത്യാനികൾ അവരുടെ അധീനത്തിലുണ്ടായിരുന്നതും സുറിയാനിഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതും 1000 വർഷം പഴക്കം ഉള്ളതുമായ ബൈബിൾ അദ്ദേഹത്തിനു സമ്മാനിച്ച വസ്തുത കേരളസുറിയാനി സഭാചരിത്രത്തിലെ ഒരു പ്രധാന സംഭവമാകുന്നു. പ്രസ്തുത ബൈബിൾ ഇംഗ്ലണ്ടിൽ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ടു്.

1816-ൽ മാർഡയനീഷ്യസ് മൂന്നാമൻ മലങ്കരമെത്രാനായി അവരോധിക്കപ്പെട്ടു. ചർച്ചുമിഷ്യൻ സഭയും മലങ്കര സുറിയാനിസഭയും തമ്മിൽ യോജിക്കുവാൻ, അക്കാലത്തെ തിരുവിതാംകൂർ കൊച്ചി ബ്രിട്ടീഷു റസിഡണ്ടായിരുന്ന കേണൽ മണ്രോയുടെ നേതൃത്വത്തിൽ ആലോചന നടക്കുകയും ആ രണ്ടു സഭകളും തമ്മിൽ സൌഹാർദ്ദത്തിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ പ്രസ്തുതബന്ധം സ്ഥായിയായി നിലനിന്നില്ല. കോട്ടയം സെമിനാരിക്കുള്ള "വട്ടിപ്പണം" സംബന്ധിച്ചു ആംഗ്ലിക്കൽകക്ഷികളായ സുറിയാനികളും മാർഡയനീഷ്യസ്സിന്റെ കക്ഷികളും തമ്മിൽ നടന്ന വ്യവഹാരം മാർഡയനീഷ്യസ്സിന്റെ കക്ഷിക്കനുകൂലമായ ഒരു ഡിക്രിയിൽ കലാശിച്ചു. അതിന്റെ ശേഷം ആംഗ്ലിക്കൽ കക്ഷികളായ സുറിയാനികൾ നവീകരണസിറിയൻ ക്രിസ്ത്യാനികൾ എന്നൊരു പ്രത്യേക വിഭാഗമായി പിരിഞ്ഞു. അവരുടെ വൈദികാദ്ധ്യക്ഷൻ മാർ തോമ്മാ മെത്രാൻ എന്ന പേരിനാൽ അറിയപ്പെടുന്നു.

ചർച്ചുമിഷൻ ക്രിസ്തീയവിഭാഗം കേരളത്തിൽ ഉണ്ടായതു കേണൽമണ്രോ എന്ന പ്രഖ്യാതനായ കൊച്ചീതിരുവിതാംകൂർ ബ്രിട്ടീഷ് റസിഡണ്ടിന്റെ കാലത്താണ്. സിറിയൻ ക്രിസ്തീയ ഡീക്കന്മാരെ, സമുദായസേവാപരങ്ങളായ ശവിദ്യാരപാഠശാലകളും, പ്രാഥമികപാഠശാലകളും നടത്തുന്നതിനു പരിശീലിപ്പിക്കുവാൻ, കേണൽമണ്രോ ചർച്ചുമിഷൻകാരെ യൂറോപ്പിൽ നിന്നു വരുത്തിയിട്ടുള്ളതാകുന്നു. ചർച്ചുമിഷന്റെ കേരളത്തിലെ ആദ്യനേതാവു് മി. തോമസ് നോർട്ടൻ ആയിരുന്നു. അദ്ദേഹം 1815-ൽ തിരുവിതാംകൂറിൽ വന്നുചേർന്നു ഈ സംഘത്തിന്റെ പ്രവർത്തനം ആദ്യമായി ആരംഭിച്ചതു തിരുവിതാംകൂറിലാണു്. പ്രസ്തുതസംഘത്തിന്റെ ചുമതലയിൽ കോട്ടയത്തു സെമിനാരി ആരംഭിച്ചു. ഈ മഹാപാഠശാലയുടെ നടത്തിപ്പിനായി തിരുവിതാംകൂർ ഗവർമ്മെണ്ടിൽനിന്നു 20,000 രൂപയും കല്ലടയുള്ള ഒരു തുരുത്തും സംഭാവന ചെയ്തു. പ്രസ്തുത തുരുത്താകുന്നു, "മണ്രോ തുരുത്തു" എന്ന പേരിനാൽ അറിയപ്പെടുന്ന പ്രദേശം. അടുത്ത കാലം വരെ മണ്രോതുരുത്തു ചർച്ചുമിഷനകാരുടെ കൈവശത്തിലും, കരം പിരിച്ചു് എടുക്കുവാനുള്ള സ്വാതന്ത്ര്യാവകാശത്തിലും ആയിരുന്നു. പ്രതി

ഫലം പററിക്കൊണ്ടു മിഷൻകാർ ഈ തുരുത്തിനെ ഇപ്പോൾ തിരുവിതാംകൂർ ഗവർമ്മെൻറിനെ തിരിച്ചേല്പിച്ചിരിക്കുകയാണു്. മേൽ പ്രസ്താവിച്ച ഉദാരമായ സംഭാവനകൾക്കും പുറമേ, ബൈബിൾ മലയാളത്തിൽ തർജ്ജമചെയ്തു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാനായി 8000 രൂപാ തിരുവിതാംകൂർ ഗവർമ്മെൻറ ചർച്ചുമിഷനു സഹായധനം നൽകിയിട്ടുണ്ടു്. ഓണറബിൾ ഈസ്റ്റിൻഡ്യാകമ്പനി, സുറിയാനിക്രിസ്ത്യാനികളുടെ വിദ്യാഭ്യാസകാര്യങ്ങൾക്കായി 3000 രൂ വരാഹൻ മൂലധനം നൽകുകയും ഉണ്ടായി. കേരളത്തിലെ ചർച്ചുമിഷൻകാരുടെ തലസ്ഥാനം കോട്ടയത്താണു്. അവരുടെ വകയായി അനേകം വിദ്യാലയങ്ങൾ കേരളത്തിൽ ഉണ്ടു്. പ്രശസ്തന്മാരും വൈഭവശാലികളുമായ പല മിഷനറിമാരും കേരളത്തിൽ സേവനം നടത്തിയിട്ടും ഉണ്ടു്.

ലണ്ടൻമിഷൻകാരുടെ പ്രവൃത്തനം കേരളത്തിൽ പ്രഥമതഃ ആരംഭിച്ചതും തിരുവിതാംകൂറിലാണു്. വേദമാണിക്കം എന്നു പേരായ ഒരു ഹിന്ദുവിനെ അവർ ആദ്യമായി ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തി. വേദമാണിക്കത്തിൻെറ ഉത്സാഹത്തിൽ ആകുന്നു, ലണ്ടൻ മിഷൻകാരുടെ ക്രിസ്തുമതപ്രചരണശ്രമങ്ങൾ പിന്നീടു നടത്തപ്പെട്ടതു്. റവറണ്ടു ടോബിയാസു് വില്യംസുറിങ്ങിൾടാസു് എന്ന ഒരു മിഷണറി, 1806-ൽ ടാങ്കചിബാറിൽ നിന്നു വരുത്തപ്പെട്ടു. മയിലാടിയിൽ ലണ്ടൻ മിഷൻകാരുടെ ആദ്യത്തേപള്ളി സ്ഥാപിച്ചു. അക്കാലത്തു തിരുവിതാംകൂറിൽ നാടുവാണിരുന്ന ലക്ഷ്മീറാണി തിരുമനസ്സുകൊണ്ടു് ഒരുനൂറു് ഏക്കർനിലം ഈ മിഷനിലേക്കു ദാനം ചെയ്തു. ഈ നിലത്തിലെ ആദായം, നാഗരുകോവിൽ ലണ്ടൻ മിഷൻ കാളേജിൻെറ നടത്തിപ്പിനായി ഉപയോഗപ്പെടുത്തിവരുന്നു. റവറണ്ടുടോബിയാസിൻെറ പിൻഗാമിയായി മി. മീഡു് 1816-ൽ തിരുവിതാംകൂറിൽ വന്നു. അദ്ദേഹത്തിനു സർക്കാർ വക ഒരുകെട്ടിടവും അതിരിക്കുന്ന വലുതായ ഒരു പുരയിടവും, 5000 രൂപയും റാണി സംഭാവന നൽകി. മിഷനിലേക്കു നല്കപ്പെട്ട നിലത്തിൻെറ ഭൂനികുതിയിലും സാരമായ കുറവുചെയ്തുകൊടുത്തു. ഇപ്രകാരം അനേകസ്വാമസ്വണവും മുക്തഹസ്തവുമായി, തിരുവിതാംകൂർ മഹാരാജകുടുംബത്തിൽ നിന്നു

സിദ്ധിച്ചു ആനുകൂല്യങ്ങൾ നിമിത്തം മിഷൻകാൎക്കു ക്രിസ്തുമതപ്രചരണവും സമുദായസേവാപരങ്ങളായ ഇതരപ്രസ്ഥാനങ്ങളും, തുടൎന്നു ഫലപ്രദമാക്കുവാൻ സാധിച്ചു.

ലണ്ടൻ മിഷൻവകയായ സ്ഥാപനങ്ങൾ നാഗർകോവിൽ, നെയ്യൂർ, തിരുവനന്തപുരം, പാറശ്ശാല മുതലായ പലകേന്ദ്രങ്ങളിലും ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടു്.

രക്ഷാസൈന്യമിഷൻ, ലൂഥർമിഷൻ, ബ്രദർമിഷൻ, സെനാനാമിഷൻ മുതലായ പലേ ക്രിസ്തീയസംഘങ്ങളും തിരുവിതാംകൂറിൽ വന്നു പ്രവൎത്തനം നടത്തിവന്നു.

ക്രിസ്തീയമിഷണറിസംഘങ്ങളുടെയും റോമ, സിറിയൻ കത്തോലിക്ക സമുദായത്തിന്റെയും ലത്തീൻറോമൻകത്തോലിക്കസമുദായത്തിന്റെയും സിറിയൻക്രൈസ്തവസമുദായത്തിന്റെയും വകയായി കേരളത്തിൽ പ്രത്യേകം പ്രത്യേകം നടത്തപ്പെടുന്ന അനേകം വിദ്യാലയങ്ങളും ഇതരസ്ഥാപനങ്ങളും ഉള്ളതാകുന്നു.

പ്രാഥമിക വിദ്യാലയങ്ങൾ ഹൈസ്കൂളുകൾ, കാളേജുകൾ ആദിയായ വിദ്യാലയങ്ങളും, അനാഥശാലകൾ, ആശുപത്രികൾ, വായനശാലകൾ, മുതലായ സ്ഥാപനങ്ങളും നടത്തി സമുദായസേവ ചെയ്യുകയും, ജനങ്ങളുടെ മാനസികമായ സംസ്കാരത്തിനു് ആവശ്യമായ ഇതര ശ്രമങ്ങളിൽ ഏൎപ്പെടുകയും ചെയ്യുകയെന്നുള്ളതു് എല്ലാ ക്രൈസ്തവസ്ഥാപനങ്ങളുടെയും പ്രധാനമായ ഒരു ആദൎശമാകുന്നു.

കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ അനേകം വിഭാഗങ്ങളും, അവാന്തരവിഭാഗങ്ങളും ഉണ്ടു്., ഇരുപതോളം വിഭാഗങ്ങളും 185 അവാന്തരവിഭാഗങ്ങളും ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ജീവിതസമ്പ്രദായത്തിലും ആചാരങ്ങളിലും, നടപടികളിലും മലയാളത്തെ സുറിയാനിക്രിസ്ത്യാനികൾക്കു് ഇതരക്രിസ്തീയവൎഗ്ഗങ്ങളോടു യാതൊരു സാദൃശ്യവും ഇല്ല.

൧൦-ാം അദ്ധ്യായം.

മഹമ്മദീയർ.

ക്രിസ്തുവർഷത്തിന് അനേകശതംവർഷം മുൻപുമുതൽതന്നെ അറബികൾ മലയാളദേശങ്ങളുമായി വാണിജ്യം നടത്തിവന്നിരുന്നു എന്നുള്ള വസ്തുത നിർവിവാദമാകുന്നു. ഗ്രീക്കുകാർ, ഫെനീഷ്യന്മാർ, റോമന്മാർ ആദിയായ പുരാതനജനസമുദായങ്ങൾക്കു കേരളവുമായുള്ള വാണിജ്യത്തിനു മാർഗ്ഗദർശികളായിത്തീർന്നിട്ടുള്ളവർ അറബികളല്ലാതെ മറ്റാരുമല്ല. എന്നാൽ ലോകസംപൂജ്യനായ മഹമ്മദനബിയുടെ സുപ്രസിദ്ധമായ ആ വിശിഷ്ടമതം മലയാളദേശത്തു് ആദ്യമായി പ്രചരിപ്പിക്കുവാൻ ആരംഭിച്ചകാലത്തെ സംബന്ധിച്ച് ചരിത്രപണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും ഇടയിൽ ഭിന്നാഭിപ്രായങ്ങൾ ഉള്ളതാകുന്നു. ഈ വിഷയത്തെക്കുറിച്ചു നിലവിലിരിക്കുന്ന ഐതിഹ്യങ്ങളിൽ അസാംഗത്യം ഉണ്ടെന്നു കണ്ടുപിടിക്കുവാൻ വിഷമം ലേശവും ഇല്ല. കേരളത്തിൽ മഹമ്മദുമതപ്രചാരം തുടങ്ങിയതു് ഒടുവിലത്തെ പെരുമാളായ "ചേരമാൻപെരുമാൾ" ഇസ്ലാംമതത്തിലേയ്ക്കു മതാന്തരപ്പെട്ടതു മുതൽക്കാകുന്നു എന്നാണു കേരളോല്പത്തിയും നിലവിലിരിക്കുന്ന മറ്റു ഐതിഹ്യങ്ങളുംപ്രകാരം കാണുന്നതു്. ഒടുവിലത്തെ പെരുമാളിന്റെ കാലം എ. ഡി. 9-ാംശതവർഷമെന്നു് സമ്മതന്മാരായ ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇസ്ലാംമതം കൈക്കൊണ്ടു മെക്കയിലേക്കു പുറപ്പെട്ടതായി വിശ്വസിക്കപ്പെട്ടിരിക്കുന്ന ഒടുവിലത്തെ "ചേരമാൻപെരുമാൾ" ജിദ്ദായിൽവച്ചു മഹമ്മദുനബി തിരുമേനിയെ ദർശിച്ച് അനുഗ്രഹംവാങ്ങിയതായി ഐതിഹ്യപ്രകാരം കാണുന്നുണ്ടു്. എന്നാൽ നബിതിരുമനസ്സുകൊണ്ടു് ക്രിസ്ത്വാബ്ദം 6-ാംശതവർഷത്തിൽ നിര്യാണം പ്രാപിച്ചിരിക്കുന്നസ്ഥിതിയ്ക്കു, 9-ാംശതവർഷത്തിൽ ഇസ്ലാംമതം സ്വീകരിച്ചു, ഒടുവിലത്തെപെരുമാൾ ആ പുണ്യാത്മാവിനെ ദർശിച്ചു എന്നുള്ളതു്, അസംഭാവ്യമാണല്ലോ. കേരളോല്പത്തിയുടെ മംഗലാപുരം മുദ്രണപ്രകാരം

നോക്കുമ്പോൾ പെരുമാളിന്റെ മാനസാന്തരവും മെക്കായാത്രയും എ. ഡി. 355-ൽ ആണെന്നു കാണുന്നു. എ. ഡി. (4-ാം ശതവർഷം) 355-ാംവർഷമെന്നതു നബിഅവതാരത്തിനു രണ്ടുശതവഷത്തോളം മുൻപാണു് എന്നുള്ളതും സ്പഷ്ടമാണല്ലോ. അതിനാൽ മഹമ്മദുനബിതിരുമേനിയുടെ ദർശനസൌഭാഗ്യം പ്രസ്തുത പെരുമാളിനു സിദ്ധിച്ചിട്ടുണ്ടെന്നുള്ള ചൊല്ലു്, അബദ്ധമാണെന്നു വ്യക്തമാകുന്നു. പ്രസ്തുത ഐതിഹ്യങ്ങൾ അത്ര വിശ്വാസയോഗ്യങ്ങളല്ലെന്നു "ടോഫത്തു് ഉൾമുജാഹിദീൻ" എന്ന അറബിചരിത്രഗ്രന്ഥത്തിൽ തൽകർത്താവായ ഷെയിക്കസ്സിനുദീൻ പ്രസ്താവിച്ചിരിക്കുന്നു. എ. ഡി. 851—ൽ മലയാളം സന്ദർശിച്ച സുലൈമാൻ എന്ന അറബിമുസ്ലീം വർത്തകൻ പ്രസ്താവിച്ചിരിക്കുന്നതു, മലബാറിൽ മഹമ്മദുമതം ആരെങ്കിലും കൈക്കൊണ്ടിട്ടുള്ളതായോ അറബിഭാഷ പഠിച്ചിട്ടുള്ളതായോ അറിവിൽ പെട്ടിട്ടില്ലെന്നാകുന്നു, എന്നു മിസ്റ്റർ ലോഗൻ, അദ്ദേഹത്തിന്റെ മലബാർഡിസ്ട്രിക്റ്റുമാന്വൽ 1-ാംവാല്യത്തിൽ പ്രസ്താവിച്ചുകാണുന്നു. എ. ഡി. 825—ൽ ചേരമാൻപെരുമാളിന്റെ മതപരിവർത്തനവും മെക്കായാത്രയും നടത്തിട്ടുള്ളപക്ഷം, അത്ര പ്രധാനപ്പെട്ട ആ സംഭവത്തെക്കുറിച്ചുള്ള കേട്ടുകേൾവിയെങ്കിലും, 26 സംവത്സരംകഴിഞ്ഞു മലയാളത്തുവന്ന അറബിമുസൽമാൻവർത്തകനു ലഭിക്കാതിരിക്കുവാൻ തരമില്ല. പെരുമാൾ "ഹജിനു" (മെക്കായിലേക്കുള്ള പുണ്യയാത്രയ്ക്കു്) കപ്പൽകയറിയതു രാത്രിയിലായിരുന്നുവെന്നും വസ്തുത ഗ്രഹിച്ച കൊടുങ്ങല്ലൂർനിന്നു, കപ്പലുകളിൽ പലരും പെരുമാൾ കയറിയിരുന്ന ഓടത്തെ അനുധാവനംചെയ്തുവെന്നും, അടുക്കുവാൻസാധിക്കുംമുൻപു് ആ കപ്പൽ ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞുവെന്നും കേരളോല്പത്തിയുടെ മംഗലാപുരംപതിപ്പിൽ കാണുന്നുണ്ടു്. * മലയാളത്തെ നാടുകളിൽ മഹമ്മദുമതപ്രചാരത്തിനായി കഴിയുന്നത്രസഹായങ്ങൾ നൽകണമെന്നുള്ള അഭ്യർത്ഥനയോടുകൂടി കേരളരാജാക്കന്മാരുടെപേർക്കുള്ള സന്ദേശങ്ങൾസഹിതം, സാഫർമുഖലിൽനിന്നു പെരുമാളിനാൽ മലയാളരാജ്യങ്ങളിലേക്കു നിയോഗിക്കപ്പെട്ട മാലിക് ഇബ്നുഡിനർ എ. ഡി. 839-ാമാണ്ടിനോടു സമീപിച്ചകാലത്തു കേരള

* ലഫ്ടനന്റു് റോളൻഡ്സൺ ചെയ്തിട്ടുള്ള തർജ്ജമഗ്രന്ഥം.

ത്തിൽ വന്നെത്തിയിട്ടുള്ളതായും, പെരുമാളിന്റെ സന്ദേശത്തിലെ താൽപര്യപ്രകാരം കേരളരാജാക്കന്മാർ, ആ മുസ്ലീം മതപ്രചാരകന്ന പലേ ഒത്താശകൾ ചെയ്തുകൊടുത്തതിനും പുറമേ, കൊടുങ്ങല്ലൂർ നഗരത്തിൽ ഒരു പള്ളി പണികഴിപ്പിച്ചു കൊടുക്കുകയും, ആ സ്ഥാപനത്തിന്റെ നടത്തിപ്പിനായി വസ്തുവകകൾ വിട്ടുകൊടുക്കുകയും, ചെയ്തതായും ഐതിഹ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു. കൊടുങ്ങല്ലൂർ പള്ളിയിലെ ആദ്യത്തെ കോയസ്ഥാനം മാലിക് ഇബ്നു ഡിനാർ വഹിച്ചതായും കേരളോല്പത്തി പ്രസ്താവിക്കുന്നു. ഈ സംഭവങ്ങൾ എന്തെങ്കിലും, സുലൈമാന്റെ അറിവിൽ പെടാതെ വന്നുവെന്ന് വിചാരിക്കാമോ? അറിവിൽ പെട്ടിരുന്നുവെങ്കിൽ നിശ്ചയമായും സുലൈമാൻ അഭിമാനപുരസ്സരം, ആ വസ്തുതകൾ സഞ്ചാരക്കുറിപ്പിൽ രേഖപ്പെടുത്താതെ മൌനം അവലംബിക്കുമെന്നു കരുതുവാനും ന്യായം ഇല്ലല്ലോ. മഹമ്മദീയരോ, ഇതരവർഗ്ഗക്കാരോ, ആയ സഞ്ചാരികൾ ആരുംതന്നെ, ഇങ്ങനെയുള്ള ഐതിഹ്യവൃത്താന്തത്തെക്കുറിച്ച് അവരുടെ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. "ഇബ്നുബാററാ" എന്ന അപരനാമത്താൽ അറിയപ്പെടുന്ന അബ്ദുള്ള മഹമ്മദ്, അബ്ദുർറസാക്ക് എന്നീ മുസ്ലീം സഞ്ചാരികൾ മലയാളദേശത്തു കുറേക്കാലം താമസിക്കുകകൂടി ചെയ്തിട്ടുണ്ട്. അവർ കേരളത്തിലെ മുസ്ലിമിങ്ങളെ സംബന്ധിച്ച പല വസ്തുതകളും രേഖപ്പെടുത്തിയിട്ടുണ്ടെന്നും ചേരമാൻ പെരുമാളിന്റെ മതപരിവർത്തനത്തെയോ, അദ്ദേഹം മെക്കായിലേക്കു ചെയ്ത തീർത്ഥയാത്രയെയോകുറിച്ചു യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്നും ഇബ്നുബാററായുടെ സഞ്ചാരചരിത്രം കൊണ്ടു വ്യക്തമാകുന്നു. *

എന്നാൽ, മഹമ്മദുമതം ആദ്യമായി സ്വീകരിച്ചു മാനസാന്തരം പ്രാപിച്ച കേരളീയൻ, ഒരു കേരള രാജാവായിരുന്നുവെന്ന്, ഇതരതെളിവുകൾകൊണ്ടു കാണുവാൻകഴിയും. ഫെറിഷ്ടാ എന്ന മുസ്ലിം ചരിത്രകാരന്റെ അഭിപ്രായം, പ്രസ്തുത കേരളരാജാവ് ഒരു സാമൂതിരി ആണെന്നാകുന്നു. ആ സാമൂതിരി, മഹമ്മദുമതാവലംബിയായിത്തീർന്ന ശേഷം, മെക്കായിലേക്കു പുണ്യയാത്ര ചെയ്തിട്ടുമുണ്ട്. അക്കാലം മുതൽ, ഇസ്ലാം

* ഫെറിഷ്ടാ (ബ്രിഗ്ഗിന്റെ പരിഭാഷ)

മതത്തിനു കേരളത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചു; ജനങ്ങളും നാട്ടുവാഴികളും പലരും ഇസ്ലാം മതം കൈകൊണ്ടു; മുസ്ലീം പള്ളികൾ കേരളത്തിൽ നാനാഭാഗങ്ങളിലും പണിയിക്കപ്പെടുകയും ഉണ്ടായി. *

"ചേരമാൻപെരുമാൾ" എന്നുള്ള പേരോടുകൂടിയ ഒരു പെരുമാൾ ഉണ്ടായിരുന്നില്ലെന്നും, ചേരരാജ്യത്തു നിന്നു പെരുമാൾ സ്ഥാനത്തേക്കു് അവരോധിക്കപ്പെട്ട ഒരു രാജാവോ, രക്ഷാപുരുഷൻ മാത്രമായ ഒരു അവരോധിനമ്പിയോ ആയിരിക്കണം "ചേരമാൻപെരുമാൾ" എന്നപേരിനാൽ വിവക്ഷിക്കപ്പെടുന്നതെന്നും, ഇങ്ങനെയുള്ള ഒരു പെരുമാൾ മഹമ്മദുമതത്തിലേക്കു മാത്രമല്ല, മററു് ഒരു മതത്തിലേക്കും മാനസാന്തരം പ്രാപിച്ചിട്ടില്ലെന്നും, ബുദ്ധമതം സ്വീകരിച്ച ബാണപ്പെരുമാളിനെ ഉദ്ദേശിച്ചായിരിക്കണം കേരളോല്പത്തിയിൽ "പെരുമാൾ ബൌദ്ധനായി" എന്നുള്ള അർത്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതെന്നും, "ഹീതൻ" എന്നും "അവിശ്വാസികൾ" എന്നും മററും ഉള്ള സംജ്ഞകൾ ചില മതക്കാർ മററുമതാവലംബികൾക്കു നൽകിയിരുന്നതുപോലെ "ബൌദ്ധ" ശബ്ദത്തിനു അന്യമതവിശ്വാസി അല്ലെങ്കിൽ ഹിന്ദുമതത്തിനു പുറമേ നില്ക്കുന്നവൻ എന്നുള്ള അർത്ഥം ഭാരതഖണ്ഡത്തിൽ കാലാന്തരത്തിൽ ഉണ്ടായിട്ടുണ്ടെന്നും, ബുദ്ധമതവിശ്വാസികൾക്കാണു് ആദിമകാലത്തു "ബൌദ്ധ" സംജ്ഞ നൽകിയിരുന്നതെന്നും, ഉള്ള പണ്ഡിതാഭിപ്രായം ആധുനികകാലത്തു പ്രബലീഭവിച്ചിരിക്കുകയാണു്. സാഫർമുഖലിൽ കാണപ്പെടുന്ന ശവകുടീരം "ചേരമാൻ പെരുമാളിന്റേതാണെന്നുള്ള ധാരണ മിത്ഥ്യയാണെന്നും "അബ്ദുൽറഹിമാൻ സാമിറി" എന്നാണു് ഖബറിന്റെ മീതെയുള്ള ശിലയിൽ ലിഖിതം ചെയ്തിട്ടുള്ളതെന്നും, അതു മുസ്ലിംമതം സ്വീകരിച്ചു മക്കത്തേക്കുപോയശേഷം, സാഫർനഗരത്തിൽ വച്ചു നിര്യാണം പ്രാപിച്ച ഒരു സാമൂതിരിയുടെ ശവകുടീരമാണെന്നും ആകുന്നു ചില പണ്ഡിതന്മാരുടെ അഭിപ്രായം. മലബാറിലെ മഹമ്മദീയരുടെ ഇടയിൽ ചേരമാൻ പെരുമാളിന്റെ മതപരിവർത്തനത്തെയും മെക്കായാത്രയെയും പററി നിലവിലിരിക്കുന്ന ഐതിഹ്യത്തിന്റെ അടിസ്ഥാനം

* (ഇബ്നുബത്തൂത്തയുടെ സഞ്ചാരചരിത്രം) ലീയുടെ പരിഭാഷാഗ്രന്ഥം.

"സാഫറിലെ കബർ" ആയിരിക്കണം. ലോഗന്റെ "ഇൻഡ്യൻ ആന്റിക്വാറി" 11-ാം വാല്യത്തിലും "മലബാർ ഡിസ്ത്രിക്ട് മാനുവലി"ലും ഈ കബറിനെക്കുറിച്ച് വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത ശവകുടീരം മതപരിവർത്തനശേഷം അബ്ദുൽറഹ്മാൻ സാമിരി എന്ന മുസ്ലിം പേർ എടുത്ത ഒരു കേരളരാജാവിന്റേതാണെന്നും ആ രാജാവ് ഹിജറ 212-ാം വർഷത്തിൽ അറേബിയയിൽ വന്നെത്തിയെന്നും ഹിജറാ 216-ാം വർഷത്തിൽ നിര്യാണം പ്രാപിച്ചുവെന്നും കുടീരശിലയിൽ ലിഖിതം ചെയ്തിട്ടുണ്ടെന്നും, മലയാളത്തുനിന്നു മഹമ്മദുമതം സ്വീകരിച്ച ഒരു ഹിന്ദുരാജാവിന്റെ കബർ എന്നുള്ള നിലയിൽ ഭക്തിപുരസ്സരം ആ കബർ ആചരിക്കപ്പെട്ടുവരുന്നുണ്ടെന്നും ഇൻഡ്യൻ ആന്റിക്വാറിയിൽ മി. ലോഗൻ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഷെയിക്കുസൈനുദ്ദീൻ കുടീശിലാരേഖയെക്കുറിച്ച് യാതൊന്നും പ്രസ്താവിച്ചിട്ടുള്ളതായി അറിയപ്പെട്ടിട്ടില്ല. സാമൂതിരി രാജകുടുംബത്തിലെ മൂപ്പേല്പ് സംബന്ധിച്ച അദ്യാപി നിലവിലിരിക്കുന്ന ചില പ്രത്യേകാചാരങ്ങളെ ആസ്പദമാക്കി അനുമാനം ചെയ്യുന്നപക്ഷം തന്നെയും സാമൂതിരിമാരിൽ ഒരു പുരാതനൻ മുസ്ലിംമതം കൈക്കൊണ്ടിരിക്കണമെന്നുള്ള അനുമാനം അടിസ്ഥാനരഹിതമാവാൻ ഇടയില്ലെന്ന് അഭിപ്രായമുള്ളവരും ഇല്ലാതില്ല. കേരളത്തിലെ പല രാജാക്കന്മാരും "പെരുമാൾ" എന്ന അഭിസംജ്ഞ രാജകീയനാമത്തോട് അനുബന്ധിച്ച് ഉപയോഗിക്കാറുണ്ടായിരുന്ന പതിവനുസരിച്ചു സാമൂതിരിമാർ "ചേരമാൻപെരുമാൾ" എന്ന സ്ഥാനംകൂടി ഉപയോഗിച്ചു വന്നിരുന്നു എന്നും ചിലർക്ക് അഭിപ്രായം ഉണ്ട്. "സാമൂതിരി" എന്ന പദംതന്നെ "സമുദ്രഗിരീശൻ" (സമുദ്രംമുതൽ ഗിരിവരെയുള്ള ദേശത്തിന്റെ അധിപൻ) എന്ന അഭിസംജ്ഞാപദത്തിന്റെ ലുപ്തരൂപമാണെന്നും, "സാമൂതിരി" "താമൂതിരി" എന്നിപ്രകാരമുള്ള ഗ്രാമ്യരൂപങ്ങളും "സാമൂതിരി പദത്തിന് ഉണ്ടായിട്ടുണ്ടെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

(1) ഹജ്ജായിബിൻ യൂസഫിന്റെ ഭരണകാലത്ത് അറേബിയയിൽനിന്ന് ഏ. ഡി. 710-ാമാണ്ട് ഏതാനും മഹമ്മദീയർ

ലഫ്ടനന്റ് റോളൻഡ്സൺ ചെയ്ത പരിഭാഷാഗ്രന്ഥം

മലയാളദേശത്തുവന്നു മതപ്രചാരണം ആരംഭിച്ചിട്ടുള്ളതായി "ടേഫെററു" ചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. * കൊല്ലം പന്തലായനിയിലുള്ള ഒരു മഹമ്മദീയകബറിന്റെ ഉപരിശിലയിൽ "അലിഇബ്നുഉധർമാൻ" ഹെജിറ 166-ാമാണ്ടു് മരിച്ചുപോയതായും മററും രേഖപ്പെടുത്തിയിരിക്കുന്നതായി മി. ലോഗനംസമ്മതിക്കുന്നുണ്ടു്. ഏ. ഡി. 747-ലാണു പ്രസ്തുത ലിഖിതം ചെയ്യപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാണല്ലൊ. മംഗലാപുരത്തു മാലുകുമൈതിൻ എന്നൊരു മുസ്ലിം വത്തകനും ഏതാനും മുസ്ലിം പുരോഹിതന്മാരുംകൂടി ഏ. ഡി. 7-ാം ശതവർഷത്തിൽ താമസിച്ചിരുന്നുവെന്നു കൊച്ചിയിലെ ഡച്ചുഗവർണ്ണർ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

ഏതാദൃശങ്ങളായ തെളിവുകളാൽ വെളിവാകുന്നതു് മഹമ്മദീയർ വളരെ പുരാതനമായകാലത്തുതന്നെ കേരളത്തിൽ ഉപവേശം ചെയ്തു എന്നാകുന്നു.

കേരളത്തിലെ വിദേശവാണിജ്യം, പോർട്ടുഗീസുപ്രവേശം വരെ മഹമ്മദീയരുടെ കൈവശം തന്നെയായിരുന്നു. എന്നു മാത്രമല്ല, സാമൂതിരിയുടെ രാജ്യത്തിൽ മുസ്ലീം വത്തകന്മാക്കു അനന്യസാധാരണമായ സ്വാധീനബലം ഉണ്ടായിരുന്നുവെന്നുള്ളതും നിസ്സന്ദേഹം തന്നെ.

കേരളത്തിലെ മഹമ്മദീയരെ അവരുടെ മൂലകുടുംബത്തിന്റെ ആഗമം പ്രമാണിച്ചു രണ്ടു വിഭാഗമായി തിരിക്കാം. കച്ഛ്, ഗുജറാത്ത്, സിൻധു എന്നീ ദേശങ്ങളിൽ നിന്നു കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ളവരാണു സേട്ടുകൾ. ഇവക്കു 'കച്ചുകാർ' എന്നും 'മെമൺസു്' എന്നും പേർ ഉണ്ടു്. റാവുത്തർ, ലബ്ബ, എന്നിങ്ങനെ സ്ഥാനങ്ങൾ ഉള്ള മഹമ്മദീയര മധുര, തിരുനെൽവേലി ഡിസ്ത്രിക്റ്റുകളിൽ നിന്നു കുടിയേറിപ്പാർത്തിട്ടുള്ളവരാകുന്നു. അറേബ്യ മുതലായ വിദേശങ്ങളിൽ നിന്നു കേരളത്തിൽവന്നു താമസം ആയിട്ടുള്ളവരാകുന്നു തങ്ങളന്മാർ, ധനികർ എന്നിവർ. ഇവക്കു "പഠാണികൾ" എന്നു

Malabar Vol 1.

* കൊല്ലം പന്തലായനിയുടെ സ്ഥാനം കൊല്ലംരാജ്യത്തു് ഒരു കാലത്തു് ഉൾപ്പെട്ടിരുന്ന പന്തളമായിരിക്കുമോ? ഏതായാലും ആ കബറിന്റെ സ്ഥാനം എവിടെയെന്നു വ്യക്തമാകുന്നില്ല. മി. ലോഗന്റെ കേട്ടറിവായിരിക്കണം പ്രസ്തുത പ്രസ്താവനയുടെ അടിസ്ഥാനം.

പൊതുവായ വര്‍ഗ്ഗീയനാമം ഉണ്ട്. ബ്രിട്ടീഷുമലബാറിലെ മഹമ്മദീയര്‍ ജോനകരാണ്. അവക്ക് മാപ്പിളമാര്‍ എന്നും ശ്രേണീയനാമം ഉള്ളതാകുന്നു. മഹമ്മദുനബിയുടെ വംശപരമ്പരയില്‍ ഉള്‍പ്പെട്ടവരായ തങ്ങളന്മാരും ധനികളും പുരോഹിതവര്‍ഗ്ഗക്കാരാണ്. മററു മുസ്ലിമിങ്ങള്‍ കൃഷി വാണിജ്യങ്ങളില്‍ ഏര്‍പ്പെട്ടിരിക്കുന്നു. എങ്കിലും വാണിജ്യം പ്രധാന തൊഴിലായി അവര്‍ അഭിമാനിക്കുന്നു. തിരുവിതാംകൂര്‍ മഹാരാജാവു തിരുമനസ്സിലെ കൊട്ടാരത്തോടു അനുബന്ധിച്ച ചില സ്ഥാപനങ്ങളില്‍ ധനികമുസ്ലിമിങ്ങളില്‍ ചിലക്ക് ഉദ്യോഗങ്ങള്‍ ഉണ്ടായിരുന്നു. മഹാരാജാവു തിരുമനസ്സിലെ അംഗരക്ഷകസേനാവിഭാഗത്തില്‍ അവരില്‍ ചിലക്ക് ഭാഗം ഉണ്ട്. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവം പൂര്‍ത്തിയാകുന്ന ദിവസം പതിവുള്ള വിശ്വവിശ്രുതമായ ആറാട്ട് എഴുന്നള്ളത്തിന്റെ തലയ്ക്കല്‍ വിശേഷവസ്ത്രാലംകൃതനായ ഒരു പഠാണികൂടെ പോകുക പതിവാണ്. തിരുവനന്തപുരത്തുള്ള ഒരു പുരാതന മുസ്ലീംകുടുംബത്തിലെ അംഗമാണു ഇങ്ങനെ ഘോഷയാത്ര എഴുന്നള്ളത്തിനു സംബന്ധിക്കുന്നതു. ആ പഠാണി "ആറാട്ടുപഠാണി" എന്നു വിളിക്കപ്പെട്ടുപോരുന്നു.

സുന്നികള്‍, ഷിയാകള്‍ എന്നിങ്ങനെ മഹമ്മദിയരുടെ ഇടയില്‍ രണ്ടു വിഭാഗക്കാരുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലൊ. സുന്നികളില്‍തന്നെ ഹനഫികള്‍, ഷാഫികള്‍, മാലിക്കികള്‍, ഹമ്പലികള്‍ എന്നിങ്ങനെ നാലു വര്‍ഗ്ഗങ്ങള്‍ ഉണ്ട്. ഷിയാവിഭാഗക്കാരില്‍ ഒട്ടധികം വര്‍ഗ്ഗങ്ങള്‍ ഉള്ളതാണ്. കച്ചിമെമണ്‍കാരും വക്കലെ മുതലായ ചില പ്രദേശങ്ങളിലുള്ള ചില മുസ്ലീമിങ്ങളും മരുമക്കത്തായദായക്രമം ആചരിച്ചു വരുന്നുണ്ട്.

മാലിക്ഇബ്നു ഡീനറിനാല്‍ സ്ഥാപിതമായ കൊടുങ്ങല്ലൂര്‍ പള്ളി കേരളത്തിലെ ഏററവും പുരാതനമുസ്ലീം ആരാധനാലയം ആണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. ഡീനറുടെ നിര്‍ദ്ദേശപ്രകാരം മാലിക്ഇബ്നു ഹബീബു സകുടുംബം തിരുവിതാംകൂറില്‍ വന്നു. അക്കാലത്തു തിരുവിതാംകൂര്‍ നാടുവാണിരുന്ന മഹാരാജാവിന്റെ കാരുണ്യാതിരേകത്താല്‍ ഒരു പള്ളി പണിയിക്കുവാന്‍ സ്ഥലവും ധനസഹായവും ലഭിച്ചു. കേരളത്തില്‍ രണ്ടാമതായി സ്ഥാപിക്കപ്പെട്ട പള്ളി "തിരുവാങ്കോട്ട്" പള്ളി

യാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. കൊല്ലത്തെ മുസ്ലീം പള്ളിയും ചങ്ങനാശേരി മുസ്ലീംപള്ളി(പഴയപള്ളി)യുംമേൽ പ്രസ്താവിക്കപ്പെട്ട പള്ളികളുടെ സ്ഥാപനകാലമായ എ. ഡി. 9-ാംശതകത്തിന്റെ പ്രാരംഭദശയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളവ ആയിരിക്കണം. ഏഴിമല മുകളിലും ഒരു പുരാതന മുസ്ലീം പള്ളിയുണ്ട്. അതിനു "മാടായിപ്പള്ളി" എന്നാണു പേർ.

മഹമ്മദീയർ പ്രായേണ ബലിഷ്ഠരും ആരോഗ്യദൃഢഗാത്രരുമാകുന്നു. കേരളത്തിലെ മഹമ്മദീയരും ഇതിൽനിന്നു വ്യത്യസ്ഥരല്ല. വാണിജ്യത്തിൽ ഗണ്യമായ പുരോഗതി സിദ്ധിച്ചിട്ടുള്ള ഒരു സമുദായക്കാരാകുന്നു ഇവർ. വിദ്യാഭ്യാസവിഷയത്തിൽ, ആധുനികകാലത്തു കേരളത്തിലെ മഹമ്മദീയരുടെ ഇടയ്ക്കു വലുതായ ഉണർച്ച ഉണ്ടായിട്ടുണ്ട്. മദ്രാസ്സ് കൊച്ചി. തിരുവിതാംകൂർ ഗവണ്മെണ്ടുകൾ മഹമ്മദീയ വിദ്യാഭ്യാസ സംബന്ധമായ പല പ്രത്യേകാനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. ഇംഗ്ലീഷു വിദ്യാഭ്യാസം ചെയ്തു സർവ്വകലാശാല ബിരുദങ്ങൾ സമ്പാദിച്ച ഒട്ടധികം മഹമ്മദീയ പുരുഷന്മാരും ഏതാനും മുസ്ലീം വനിതകളും കേരളത്തിൽ ഉണ്ടെന്നുള്ള വസ്തുത പ്രസ്താവ്യമാകുന്നു.

ആലിരാജാവ്

കണ്ണൂർ(കാനഞ്ഞൂർ)റിൽ ആലിരാജാവു എന്ന പേരിൽ അറിയപ്പെട്ടുവന്ന ഒരു മുസ്ലീംരാജകുടുംബത്തിനു രാജാധിപത്യമുണ്ടായിരുന്നു. *കോലത്തിരിരാജാവിന്റെ മന്ത്രിയായിരുന്ന ആര്യകുളങ്ങരനായരുടെ വംശം ഇതായിരുന്നുവെന്നും മുസ്ലീം മതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ട ആ നായർമന്ത്രിയായിരുന്നു, ഈ രാജവംശത്തിലെ ആദ്യരാജാവെന്നും നിലവിലിരിക്കുന്ന ഐതിഹ്യങ്ങളാൽ വെളിവാകുന്നു. മഹമ്മദാലി എന്നായിരുന്നു പ്രസ്തുതനായരുടെ മുസ്ലീംനാമം. മതപരിവർത്തനത്തിനുശേഷവും കോലത്തിരിയുടെ മന്ത്രിപദം, നായർവഹിച്ചുകൊണ്ടിരുന്നതായി പറയപ്പെട്ടിരിക്കുന്നു. ആര്യകുളങ്ങരനായർ ജീവിച്ചിരുന്നതു എ. ഡി. 11-ാംശതകത്തിന്റെ ഒടുവിലോ 12-ാംശതകത്തിന്റെ ആദിമഘട്ടത്തിലോ ആയിരുന്നു എന്ന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. മഹമ്മദാലിരാജാവിന്റെ പിൻഗാമികൾ മമ്മാലികിടാവുകൾ എന്ന പേരിനാൽ അറിയപ്പെ

ട്ടുന്നു. കോലത്തിരിരാജാക്കന്മാരുടെ മന്ത്രിസ്ഥാനം ഈ കുടുംബത്തിലേക്ക വംശപാരമ്പൎയ്യാവകാശസിദ്ധമായിരുന്നു. *

ഈ രാജവംശം സ്വാതന്ത്ര്യാധിപത്യംസ്ഥാപിച്ചശേഷം, ഈ വംശത്തിലെ രാജാക്കന്മാർ പ്രജാഭിപ്രായം ആദരിച്ചു ഭരണംനടത്തിക്കൊണ്ടിരുന്നതായി പറയപ്പെട്ടിരിക്കുന്നു. അക്കാലത്തു കേരളതീരങ്ങളിൽ പ്രബലരായിരുന്ന ഡച്ചുകാർക്കു കണ്ണൂർ ആലിരാജാവിന്റെമേൽ അധികാരം ചെലുത്തുവാൻ സാധിച്ചിരുന്നില്ല. ആലിരാജാക്കന്മാർ സ്വേച്ഛാപ്രഭുക്കളായിരുന്നില്ല. നികുതിയും ചുങ്കവും ആയിരുന്നു രാജ്യത്തെ പ്രധാനപ്പെട്ട മുതലെടുപ്പിനങ്ങൾ. ഭണ്ഡാരത്തിന്റെ താക്കോലുകൾ നാലായിരുന്നു. ഒന്നു രാജാവിന്റെയും മറ്റൊന്നു വാണിജ്യസൎവ്വാധികാരിയുടെയും, മൂന്നാമത്തേതു പ്രധാന ന്യായാധിപന്റെയും നാലാമത്തേതു് ഖജാൻജിയുടെയും കൈവശമായിരുന്നു. വഞ്ചികളുടെ മാതൃകയിൽ, മേൽമൂടിയിൽ നാണയനിക്ഷേപരന്ധ്രത്തോടുകൂടിയ ഭണ്ഡാരപ്പെട്ടികളാണു ഭണ്ഡാരത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നതു്. പെട്ടികൾ തുറന്നു നാണ്യം എടുക്കേണ്ടിവരുന്ന ഗഡുക്കളിൽ, രാജാവും, പ്രധാന ന്യായാധിപനും, വാണിജ്യസൎവ്വാധികാരിയും ഖജാൻജിയും ഒരുമിച്ചുകൂടി അവരവരുടെ താക്കോൽകൊണ്ടു് അതതു പൂട്ടു തുറക്കുകയെന്നുള്ളതായിരുന്നു പതിവു്. $

ആൎയ്യപുരത്തുനിന്നു, (ഒടുവിലത്തെ) ചേരമാൻപെരുമാൾ ഒരു മഹമ്മദീയകുടുംബത്തെ ക്ഷണിച്ചുവരുത്തി കണ്ണൂർരാജാവായി വാഴിച്ചതാണെന്നു ലോഗൻ ചെയ്തിരിക്കുന്ന പ്രസ്താവനയുടെ അടിസ്ഥാനം എന്തെന്നു വ്യക്തമാകുന്നില്ല.

ഏതായാലും ആലിരാജാവു് പുരാതന കേരളത്തിലെ ഏകമുസ്ലീംരാജാവാണെന്നുള്ള വസ്തുത അനിഷേദ്ധ്യമാകുന്നു.

---

* Logans Manual ef the Malabar District.

$ Hamilton

൩൫-ാം അദ്ധ്യായം

കേരളക്ഷത്രിയർ

രാജാക്കന്മാർ, കോയിത്തമ്പുരാക്കന്മാർ, തമ്പാന്മാർ, തിരുമുല്പാടന്മാർ, എന്നീ അവാന്തര വിഭാഗങ്ങൾ കേരളക്ഷത്രിയ വർഗ്ഗത്തിൽ ഉള്ളതാകുന്നു. രാജത്വം വംശപാരമ്പര്യാവകാശമായി സിദ്ധിച്ചിട്ടുള്ള വർഗ്ഗക്കാരാകുന്നു ക്ഷത്രിയർ. ക്ഷത്രിയരുടെ കുലധർമ്മം പ്രജാപരിപാലനവും യുദ്ധവുമാണെന്നു പ്രാചീനഭാരതത്തിൽ പരിഗണിക്കപ്പെട്ടുവന്നു. ക്ഷത്രിയരുടെ സമുദായത്തിൽ സജാതീയ വിവാഹം മാത്രമേ പുരാതന കാലങ്ങളിൽ നടപ്പുണ്ടായിരുന്നുള്ളൂ. എന്നാൽ ചരിത്രാതീതങ്ങളായ പൂർവ്വകാലങ്ങളിലും ചരിത്രകാലങ്ങളിലും നിരന്തരമായി പലേ ഘട്ടങ്ങളിലും ഭാരതഖണ്ഡത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന പടയോട്ടങ്ങൾ നിമിത്തം, ക്ഷത്രിയസമുദായത്തിൽ പുരുഷന്മാരുടെ സംഖ്യ തീരെ കുറവായിവെച്ചതോടുകൂടി ബ്രാഹ്മണർ ക്ഷത്രിയകന്യകകളെ വിവാഹം കഴിക്കുക സാധാരണമായിത്തീർന്നു. ക്ഷത്രിയർക്കു സംഖ്യാബലത്തിൽ നേരിട്ട ക്ഷയം നിമിത്തവും, ഇതരസമുദായങ്ങൾക്ക് അധികാരശക്തിയും പ്രഭാവവും വർദ്ധിക്കുകയും ആയോധന പരിശീലനം സിദ്ധിക്കുകയും ചെയ്കതിനാലും പലനാടുകളിലും സംഭവിച്ച രാഷ്ട്രീയപരിവർത്തനങ്ങളുടെ ഫലമായുണ്ടായ അവസ്ഥാന്തരങ്ങളാലും, ഇതരസമുദായങ്ങളിൽ ഉൾപ്പെട്ട ചില വ്യക്തികൾ ക്ഷത്രിയരുടെ കുലവൃത്തി കൈക്കൊള്ളുവാൻ ആരംഭിച്ചു. ക്രമേണ രാജത്വം അവർക്കും വംശപാരമ്പര്യാവകാശമായി സിദ്ധിച്ചു. ഇപ്രകാരം ബ്രാഹ്മണരിലും വൈശ്യരിലും ശൂദ്രരിലും, കേരളത്തിലെ നായന്മാരിലും ക്ഷത്രവൃത്തിമാത്രത്താൽ ചില ക്ഷത്രിയകുടുംബങ്ങൾ ഉണ്ടാകുവാൻ ഇടയായി. ബ്രാഹ്മണപുരുഷന്മാരുമായുള്ള ദാമ്പത്യബന്ധം നിമിത്തം ക്ഷത്രിയകന്യകകളിൽ ജനിച്ച സന്താനങ്ങൾ കാലാന്തരത്താൽ ക്ഷത്രിയരിൽ ഒരു അവാന്തരവിഭാഗമായിത്തിരിഞ്ഞു. *ക്ഷത്രിയവ്യക്തിത്വം കൈവെടിയാതെയും ബ്രാഹ്മണരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ട രക്തസങ്കരം

വരുത്താതെയും ജീവിച്ച ജാതിക്ഷത്രിയകുടുംബങ്ങളും ചിലതു് നിലനിന്നുപോന്നു. എന്നാൽ ബ്രാഹ്മണപ്രാഭവത്തിന്റെ ഉജ്ജ്വലപ്രകൃതത്താൽ, ബ്രാഹ്മണരുമായി വേഴ്ചയുള്ള ക്ഷത്രിയർക്ക് ജാതിശ്രേഷ്ഠതയുള്ളതായിപരിഗണിക്കപ്പെടുവാൻതുടങ്ങി. ഇങ്ങനെ കുറേക്കാലം ചെന്നപ്പോൾ ബ്രാഹ്മണസന്താനങ്ങളായ ക്ഷത്രിയർ ജാതിക്ഷത്രിയരുമായി സഹഭോജനം മുതലായവ വെടിഞ്ഞുവെന്നുമാത്രമല്ല അവരെ "തൊട്ടാൽകുളി" കൂടി വേണമെന്നുള്ള കർക്കശമായ ആചാരനിയമശൃംഖലയാൽ നിബദ്ധരാക്കുകകൂടി ചെയ്തു. ഈ നിലയിൽ ബ്രാഹ്മണസന്താനങ്ങളായ ക്ഷത്രിയരെക്കൊണ്ടു ക്ഷത്രിയകന്യകകളെ വിവാഹം കഴിപ്പിക്കുന്നതു സമുചിതമായിരിക്കുമെന്നു ജാതിക്ഷത്രിയർ നിശ്ചയിക്കുകയും അപ്രകാരം നടത്തിച്ചുതുടങ്ങുകയും ചെയ്തു. കാലക്രമേണ കേരളക്ഷത്രിയരുടെ ഇടയിൽ സജാതീയവിവാഹം നടപ്പില്ലാതായി. അപ്രകാരമുള്ള ബന്ധം നിഷിദ്ധമെന്നുകൂടി ഒരു ധാരണ ഉണ്ടായിത്തീർന്നു.

മേൽ പ്രസ്താവിച്ച എല്ലാ അവാന്തരവിഭാഗങ്ങളും കേരളത്തിൽ അധിവസിക്കുന്നുണ്ടു്. ഈ വിഭാഗങ്ങളിൽ, മിക്കവാറും ഇനങ്ങളിൽഉൾപ്പെട്ടവർക്കും പുരാതനകേരളനാടുകളിൽ വാഴ്ച ഉണ്ടായിരുന്നു.

ജാതിക്ഷത്രിയസ്ത്രീകളും വൈദിക ബ്രാഹ്മണരുമായുള്ള വിവാഹബന്ധത്താൽ ജനിച്ച സന്താനങ്ങളുടെ പരമ്പരയിൽ ഉൾപ്പെട്ടവരാകുന്നു. "കോയിത്തമ്പുരാൻ" എന്ന പേരിനാൽ അറിയപ്പെടുന്ന ക്ഷത്രിയവിഭാഗം; ജാതിക്ഷത്രിയർ ഇവരെ പൂജകമായി "കോയിപ്പണ്ടാല" എന്നു് അഭിസംബോധന ചെയ്തുവന്നിരുന്നു. ജാതിക്ഷത്രിയകുടുംബങ്ങളിലെ കന്യകകളെ കോയിത്തമ്പുരാക്കന്മാർ വിവാഹംകഴിക്കുകയാണു സാധാരണമായ നടത്ത. കോയിത്തമ്പുരാക്കന്മാർക്കും സജാതീയവിവാഹം പതിവില്ല. കോയിത്തമ്പുരാക്കന്മാരുടെ സ്ത്രീജനങ്ങളെ ജാതിക്ഷത്രിയപുരുഷന്മാർ വിവാഹംകഴിക്കാൻ ആചാരവും മാമൂലും അനുവദിച്ചിരുന്നില്ല. ഈ പതിവിനു് ആധുനികഘട്ടത്തിൽ ചില മാററങ്ങൾ സംഭവിച്ചുവരുന്നുണ്ടു്. സാമൂഹ്യപരിഷ്കരണശ്രമങ്ങൾ കേരളക്ഷത്രിയരുടെ ഇടയിലും ആരംഭിച്ചിട്ടുള്ളതിന്റെ ഫലമാകുന്നു ഈ ആചാരപരിഷ്കാരമെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കോയിത്തമ്പുരാക്കന്മാർ, ജാതിക്ഷത്രിയർ എന്നിവരുടെ സ്ത്രീജനങ്ങൾക്ക "തമ്പുരാട്ടിമാർ" എന്നും പുരുഷന്മാൎക്ക "തമ്പുരാക്കന്മാർ" എന്നുമാണ് അഭിസംജ്ഞ. എന്നാൽ "രാജാ" എന്നുള്ള വൎഗ്ഗനാമം എല്ലാ ക്ഷത്രിയപുരുഷന്മാരും ഉപയോഗപ്പെടുത്തിവരുന്നു.

"തമ്പാൻ" "തിരുമുൽപ്പാട്" എന്നീ അവാന്തരവിഭാഗ ക്ഷത്രിയർ, കോയിത്തമ്പുരാക്കന്മാരോടു സജാതീയത്വം ഉള്ളവരായി പരിഗണിക്കപ്പെട്ടിരിക്കുന്നു. തമ്പാന്മാരുടെയും തിരുമുൽപ്പാടന്മാരുടെയും സ്ത്രീകൾക്ക "തമ്പാട്ടിമാർ" എന്നാകുന്നു സ്ഥാനനാമം. ജാതിക്ഷത്രിയരുടെ ബാലികകൾക്കും "തമ്പാട്ടിമാർ" എന്നുള്ള സ്ഥാനസംജ്ഞയാണു ഉള്ളതു്.

കേരളക്ഷത്രിയർ എല്ലാവരും സജാതീയരാണെന്നും, സജാതീയവിവാഹവും മററു് ആചാരപരിഷ്കാരങ്ങളും അവശ്യം നടപ്പിൽവരുത്തുവാനുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്നും, ഉള്ള അഭിപ്രായം ഉൽപ്പത്തിഷ്ണുകളും സംസ്കൃതചിത്തരുമായ ചില ക്ഷത്രിയചിന്തകന്മാൎക്കു് ഉണ്ടായതിന്റെ ഫലമായി, സാമുദായപരിഷ്കരണശ്രമങ്ങൾ ആധുനികകാലത്തു കേരളത്തിൽ ആരംഭിച്ചിട്ടുള്ളതാകുന്നു.

൫൬-ാം അദ്ധ്യായം

അബ്രാഹ്മണതമിഴർ

കേരളത്തിലെ അബ്രാഹ്മണരായ തമിഴരിൽ വെള്ളാളർ, ചെട്ടിയാരന്മാർ, റെഡ്ഡികൾ, നായിഡുകൾ, കരയാളന്മാർ, യാദവന്മാർ, മുതലിയാരന്മാർ, മറവന്മാർ, സൌരാഷ്ട്രർ, കൃഷ്ണവകക്കാർ എന്നിങ്ങനെ പലവൎഗ്ഗക്കാരുംഉൾപ്പെടുന്നുണ്ടു്. ഇവരിൽ നാഞ്ചിനാട്ടുവെള്ളാളർ കേരളത്തിലെ അബ്രാഹ്മണതമിഴരുടെ ശരിയായ മാതൃകയാകുന്നു. പാണ്ഡ്യതമിഴരുടെയും കേരളീയരായ നായന്മാരുടെയും ആചാരങ്ങളുടെയും നടപടികളുടെയും സങ്കരമാകുന്നു ഇവരുടെ ആചാരമൎയ്യാദകൾ.

കേരളത്തിലെ അബ്രാഹ്മണതമിഴർ, മറെറാരോ വർഗ്ഗക്കാരും പ്രവേശം ചെയ്തിട്ടുള്ളതുപോലെ തന്നെ പുരാതനകാലത്തു കോയമ്പത്തൂർ, സേലം, മധുര, തിരുനെൽവേലി എന്നീ പ്രദേശങ്ങളിൽനിന്നു പ്രവേശം ചെയ്തിട്ടുള്ളവരാകുന്നു. അഗസ്തീശ്വരം, തോവാള എന്നീ താലൂക്കുകൾ ഉൾപ്പെട്ട നാഞ്ചിനാട്ടിൽ അധിവസിച്ചുവരുന്ന വെള്ളാളർ ആദിയായ തമിഴർ ആരുവാമൊഴിപാതമാർഗ്ഗേണയും മദ്ധ്യതിരുവിതാംകൂറിൽ അധിവസിച്ചുവരുന്ന തമിഴർ ആര്യങ്കാവുപാതമാർഗ്ഗേണയും, ഉത്തരതിരുവിതാംകൂറിൽ അധിവസിക്കുന്നവർ കമ്പം കൂടല്ലൂർ മാർഗ്ഗമായും, കൊച്ചിയിലും ബ്രിട്ടീഷുമലബാറിലും അധിവസിക്കുന്നവർ പാലക്കാട്ടുപാതമാർഗ്ഗമായും മിക്കവാറും പ്രവേശം ചെയ്തിട്ടുള്ളതാണു്. അബ്രാഹ്മണതമിഴർ കണക്കശാസ്ത്രത്തിൽ വൈദഗ്ദ്ധ്യം ഉള്ളവരാകയാൽ പുരാതന കാലങ്ങളിൽ കേരളത്തിലെ രാജാക്കന്മാർ, പരദേശങ്ങളിൽനിന്നു്, ഇവരിൽ പലരെയും വരുത്തി അവരവരുടെ നാടുകളിൽ താമസിപ്പിച്ചു സർക്കാർവക കണക്കു സംബന്ധിച്ചു ജോലികൾ ചെയ്യുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളതായി അനുമാനിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ ഗവർമെന്റിൽ കണക്കു സംബന്ധമായുള്ള വലിയ ഉദ്യോഗങ്ങൾ അടുത്തകാലംവരെ അതായതു കണക്കു ഡിപ്പാർട്ടുമെന്റ് ആധുനികരീതിയിൽ വി. പി. മാധവറാവു ദിവാൻജി പരിഷ്കരിച്ച കാലംവരെ അബ്രാഹ്മണതമിഴർ മാത്രം വഹിച്ചു വരുകയായിരുന്നു. കണക്കു വയ്ക്കുന്ന ജോലിയിൽ നിയമിക്കപ്പെടുന്നവർക്കു "പിള്ള" എന്ന ഉദ്യോഗപ്പേരു സിദ്ധിക്കുവാൻ കാരണം തന്നെ ഇതാണു്. തിരുവിതാംകൂറിൽ പ്രാഥമികവിദ്യാഭ്യാസം ഗവണ്മെന്റു നടത്തിക്കുവാൻ ആദ്യമായി വ്യവസ്ഥ ചെയ്ത കാലത്തു മലയാളവും സംസ്കൃതവും അഭ്യസിക്കുവാൻ ഗ്രാമം ഒന്നിനു് ഒരു വാദ്ധ്യാരെയും കണക്കു പഠിപ്പിക്കുവാൻ ഒരു അബ്രാഹ്മണതമിഴനെയും നിയമിക്കുകയാണു ചെയ്തിട്ടുള്ളതു്. * സർക്കാർസംബന്ധമായി വളരെ ചുമതലയുള്ള ഉദ്യോഗങ്ങൾ പുരാതനകാലം മുതൽ വഹിച്ചുവന്ന പല കുടുംബക്കാരും അബ്രാഹ്മണതമിഴരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നതിനാൽ, അവർ പ്രബലരും സ്വാധീന

* നാലേക്കാട്ടിൽ യോഗീശ്വരൻ വലിയമലെഴുത്തു യോഗീശ്വരന്മാർ എന്നിവരുടെ ജീവിതചരിത്രം മറെറാരുഭാഗത്തു ചേർത്തിരിക്കുന്നു.

ശക്തിയും അധികാരബലവും ഉള്ളവരുമായിത്തീൎന്നു. കണക്കു വിഷയത്തിൽ മാത്രമല്ല, ജ്യോതിശ്ശാസ്ത്രം ആദിയായ ഇതരവിഷയങ്ങളിലും പാണ്ഡിത്യമുള്ള അനേകം വ്യക്തികൾ പ്രസ്തുത സമുദായത്തിനു ഭൂഷണങ്ങളായി ജീവിച്ചിരുന്നിട്ടുണ്ടു്.

അബ്രാഹ്മണതമിഴരിൽ, പുരുഷന്മാർ പിൻകുടുമയുള്ളവരും, സ്ത്രീകൾ നിറമുള്ളചേലധരിക്കുന്നവരും ആകുന്നു. എന്നാൽ പുരുഷന്മാർ പലരും പിൻകുടുമ എടുത്തിട്ടുണ്ടു്, മുൻകുടുമ ധരിച്ചുവരുന്നുണ്ടു്. നായർസ്ത്രീകൾ ധരിക്കുന്നതുപോലെ വെള്ളവസ്ത്രങ്ങൾ മലയാളരീതിയിൽ ഉടുക്കുന്നസ്ത്രീകളും ധാരാളമുണ്ടു്. എന്നാൽ ചിലസ്ത്രീകൾ വൎണ്ണവുംവരകളുംഉള്ള ചേലകൾ, മംഗല്യവതികളായിരിക്കുന്നകാലത്തോളം ധരിക്കുകയും, വൈധവ്യംഭവിക്കുന്നകാലംമുതൽ വെള്ളവസ്ത്രംധരിക്കുകയും ചെയ്തുപോരുന്നു.

തമിഴർ മക്കത്തായികളാണെങ്കിലും കേരളത്തിലെ അതിദീൎഘകാലമായുള്ള സ്ഥിരാധിവാസത്താലും മരുമക്കത്തായികളായ നായന്മാരാദിയായവൎഗ്ഗങ്ങളോടുള്ള സംസൎഗ്ഗത്താലും മരുമക്കത്തായാചാരങ്ങളും, അവകാശക്രമങ്ങളും അവരുടെയിടയിൽ, പുരാതനകാലംമുതൽ സംക്രമിച്ചിട്ടുണ്ടു്. എന്നാൽ മക്കത്തായംതന്നെ ആചരിച്ചുപോന്നവരും ഇല്ലാതില്ല. പിതൃവഴി അവകാശപ്പെടുന്നസ്വത്തിനു് "ഉഗന്തുടമ" എന്നും മാതൃവഴി അവകാശപ്പെടുന്ന സ്വത്തിനു് "നങ്കുടമ" എന്നുമാകുന്നുപേർ.

സാമൂഹ്യപരിഷ്കരണോദ്യമങ്ങൾ കുറേക്കാലമായി വെള്ളാളസമുദായത്തിൽ നടത്തപ്പെട്ടുവരുന്നുണ്ടു്. വിദ്യാഭ്യാസവിഷയത്തിലും അബ്രാഹ്മണതമിഴൎക്കു താല്പൎയ്യംവൎദ്ധിച്ചുവരുന്നതിന്റെ ലക്ഷ്യങ്ങൾ കാണപ്പെടുന്നു.

൫൩-ാം അദ്ധ്യായം

തമിഴ്ബ്രാഹ്മണർമുതലായവർ

തമിഴ്ബ്രാഹ്മണർ, കർണ്ണാടകബ്രാഹ്മണർ, തെലുങ്കുബ്രാഹ്മണർ, മഹാരാഷ്ട്രബ്രാഹ്മണർ എന്നീ വിഭാഗക്കാരായ ബ്രാഹ്മണരെക്കുറിച്ചാകുന്നു ഈ അദ്ധ്യായത്തിൽ പ്രസ്താവിക്കുന്നതു്. കേരളത്തിലേക്കു് ഇവർ ഉപവേശംചെയ്ത കാലത്തു് ഇവർ അധിവസിച്ചിരുന്ന ദേശവിഭാഗങ്ങളും, സംസാരിച്ചുവന്ന മാതൃഭാഷയും പുരസ്കരിച്ചാകുന്നു, ഇപ്രകാരമുള്ള വിഭാഗം ഉണ്ടാകുവാൻ ഇടയായിട്ടുള്ളതു്. പേരുകളിലും ആചാരങ്ങളിലും ഇവർ നമ്പൂരിമാരിൽനിന്നു വിഭിന്നരാണു്, ഇവക്കു "പരദേശബ്രാഹ്മണർ" എന്നു പൊതുവായ ഒരുവർഗ്ഗനാമം കേരളത്തിൽ സിദ്ധിച്ചിട്ടുണ്ടു്. നമ്പൂരിമാരുടെ ഉപവേശാനന്തരം കുറേക്കാലംകൂടി കഴിഞ്ഞു്, ഇവർ കേരളത്തിൽ കുടിയേറിപ്പാർക്കുവാൻ ഇടയായതിനാൽ, ഇപ്പേരിൽ ഇവർ അറിയപ്പെടുവാനു സംഗതി വന്നിട്ടുള്ളതാകുന്നു. ഇവരിൽ സംഖ്യാബലം കൂടുതലുള്ളവർ തമിഴ് ബ്രാഹ്മണരാണു്. തെലുങ്കർ, കർണ്ണാടകർ, മഹാരാഷ്ട്രർ എന്നിവർ തമിഴ് ബ്രാഹ്മണോപവേശത്തിനു ശേഷം കേരളത്തിൽ വന്നിട്ടുള്ളവരാകുന്നു.

ഈ ബ്രാഹ്മണർ സമൂഹങ്ങളായി കേരളത്തിൽ അധിവസിച്ചുപോരുന്നു. ഇവരുടെ സാമൂഹ്യസമിതികൾക്കു "സമൂഹം" എന്നാണു് പേർ. കേരളത്തിന്റെ നാനാഭാഗങ്ങളിലുമായി ഒട്ടധികം സമൂഹങ്ങൾ ഉണ്ടു്. ഓരോ സമൂഹവും തനതായ പൊതു മന്ദിരവും സ്വത്തുകളും ആർജ്ജിച്ചിരിക്കുന്നു. സമൂഹത്തിലെ പ്രധാനകൈകാര്യകർത്തൃത്വം "കിഴി"ക്കാരൻ എന്ന ഉദ്യോഗസ്ഥാംഗം വഹിക്കുന്നു. കിഴിക്കാരൻ മുതൽപിടി പാട്ടുകാരൻകൂടെയാണു്. സമൂഹംവക പൊതുമന്ദിരത്തിനു സമൂഹത്തും മഠം എന്നാണു് പേർ. ആണ്ടുതോറും മിക്ക സമൂഹത്തും മഠത്തിലും "ശാസ്താപ്രീതി" "ഭഗവതിസ്സേവ" എന്നീ കർമ്മങ്ങൾ ആഡംബരപുരസ്സരം നടത്തപ്പെടാറുണ്ടു്. മലമേൽ കാവു് സമൂഹം, കരുന്ദർപാളയം സമൂഹം, വൈക്കം സമൂഹം, പാക്കിൽ

സമൂഹം ആദിയായി കേരളത്തിൽ അനേകം സമൂഹങ്ങളും ശാഖാസമൂഹങ്ങളും ഉള്ളതാകുന്നു.

കേരളത്തിലെ രാജാക്കന്മാരുടെക്ഷണം പ്രമാണിച്ചും, കേരളത്തിലെ ആകർഷകമായ ഭൂപ്രകൃതിയാലും കാലാവസ്ഥയാലും സമ്പത്സമൃദ്ധിയാലും ആകർഷിതരായും, ഉദാരമതികളും ബ്രാഹ്മണപ്രതിപത്തിയുള്ളവരുമായ കേരളനാടുവാഴികളുടെ സൗജന്യാനുകൂല്യങ്ങളും ദാനധർമ്മങ്ങളും, കേരളത്തിലെ നായന്മാർക്ക് ബ്രാഹ്മണവർഗ്ഗത്തോടുള്ള ബഹുമാനഭാവങ്ങളും നിമിത്തവും ഓരോഘട്ടങ്ങളിലായി, കേരളത്തിൽ ഈ ബ്രാഹ്മണവർഗ്ഗങ്ങൾ ഉപവേശിച്ചിട്ടുള്ളതാകുന്നു. കേരളരാജാക്കന്മാരും നാടുവാഴിക്കന്മാരും ഇവർക്ക് ഓരോകാലങ്ങളിലായി വളരെ വസ്തുവകകളും ധനധാന്യങ്ങളും ദാനം ചെയ്തിട്ടുമുണ്ട്. "ധർമ്മരാജ്യം" എന്നു വിശ്രുതമായ തിരുവിതാംകൂറിൽ സർക്കാർവകയായും മഹാരാജ കൊട്ടാരംവകയായും ബ്രാഹ്മണർക്ക് നൽകപ്പെടുന്ന അന്നാദി ദാനങ്ങളുടെ പ്രശസ്തി ലോകപ്രസിദ്ധവുമാണല്ലോ. ജവുളി മുതലായ സാധനങ്ങൾ വാണിജ്യം നടത്തുവാൻ മധുര, തിരുനെൽവേലി ആദിയായ പൌരസ്ത്യദേശങ്ങളിൽനിന്നു കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ളവരായ ബ്രാഹ്മണരും ഇല്ലാതില്ല. വൈദികന്മാരും, ശാസ്ത്രജ്ഞന്മാരും, പണ്ഡിതന്മാരുമായ അനേകം വ്യക്തികൾ ഈ ബ്രാഹ്മണവർഗ്ഗങ്ങളിൽ എല്ലാക്കാലത്തും ഉണ്ടായിരിക്കുക സാധാരണമാണ്. തിരുവിതാംകൂർ രാജ്യവിസ്താരം വരുത്തുവാൻ ശ്രീവീരമാർത്താണ്ഡവർമ്മമഹാരാജാവു ചെയ്ത യുദ്ധപ്രസ്ഥാനങ്ങളിൽ സൎവ്വസൈന്യാധിപത്യംവഹിച്ചും അവിടത്തെമന്ത്രിപദം അലങ്കരിച്ചും സേവനം ചെയ്തവിഖ്യാത പൌരുഷശാലിയായ "രാമയ്യൻദളവ" പൌരസ്ത്യദേശീയനായ ഒരു ബ്രാഹ്മണനായിരുന്നുവെന്നുള്ള വസ്തുത പ്രസ്താവ്യമാണ്. രാമയ്യൻദളവായുടെ ചരിത്രസംക്ഷേപം അന്യത്ര ചേർത്തിട്ടുണ്ട്. കേരളരാജ്യങ്ങളിലെ ഭരണകാര്യങ്ങളിൽ ഈ ബ്രാഹ്മണർക്ക് വളരെക്കാലമായി പ്രധാനമായ ഒരു കൈയുണ്ട്. വിശിഷ്യ തിരുവിതാംകൂറിലെ ദിവാൻജിമാരിലും വലിയ ഉദ്യോഗസ്ഥന്മാരിലും ബഹുഭൂരിപക്ഷം പേരും, വളരെക്കാലത്തേക്കു ഈ ബ്രാഹ്മണർ തന്നെയായിരുന്നു. ഇവർ മതനിഷ്ഠയ്ക്കും വർഗ്ഗീയാചാരങ്ങൾക്കും ബാധകമാകാത്തരീതിയിൽ പരിതസ്ഥിതികളോട് അനുകൂലിച്ചു ജീവിക്കുവാൻ സമർത്ഥരും, കൃത്യനിഷ്ഠ,

മിതവ്യയം, രാജഭക്തി, പരിശ്രമശീലം എന്നിവയിൽ പ്രശസ്തരും ആകുന്നു. വിദ്യാഭ്യാസവിഷയത്തിൽ കേരളത്തിൽ മുന്നണിയിൽ നില്ക്കുന്നവരും ഇവർ തന്നെയാകുന്നു.

തമിഴ്ബ്രാഹ്മണരിൽ ചോളദേശീയരായ ഒരു വിഭാഗക്കാരുണ്ട്. അവക്കു ചോഴിയബ്രാഹ്മണർ എന്നാണ് വർഗ്ഗനാമം. കേരളത്തിൽ അവർ മുക്കാണിബ്രാഹ്മണർ എന്നപേരിനാലും അറിയപ്പെടുന്നു. കേരളത്തിൽ ചോളാധിപത്യം ഉണ്ടായിരുന്ന കാലങ്ങളിൽ ഇവർ ഉപവേശം ചെയ്തിട്ടുള്ളവരാകുന്നു. നമ്പൂരിബ്രാഹ്മണരോളം തന്നെ ഏകദേശം കേരളവുമായി പഴകിയിട്ടുള്ളവരാണ് ഇവർ. ഇവർ പൂർവ്വശിഖയുള്ളവരാണ്. കേരളവുമായി ഇവക്കുള്ള ദീർഘകാലബന്ധത്തെയാണ് ഇതു സൂചിപ്പിക്കുന്നതു്. എന്നാൽ അവരുടെ മാതൃഭാഷയായ തമിഴിനെ അവർ വിസ്മരിച്ചിട്ടില്ല ഇവക്കു കേരളരാജ്യങ്ങളിൽ സ്ഥായിയായ പ്രസക്തി ഉണ്ടായിരിക്കത്തക്ക പരിതസ്ഥിതികൾ ഉണ്ടായിരുന്നിരിക്കണമെന്നുള്ളതിനു സന്ദേഹമില്ല. തിരുവിതാംകൂറിൽ മുക്കാണിമാടമ്പിമാർ ഉണ്ടായിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. "തിരുമുഖസ്ഥാനം" ചില മുക്കാണികുടുംബങ്ങൾക്കു് ഉണ്ടായിരുന്നു. തിരുവിതാംകൂർ ദിവാൻജിയായിരുന്ന ശങ്കുഅണ്ണാവിയുടെ വംശജന്മാക്കു് ഇപ്പോഴും ഈ സ്ഥാനംുള്ളതായി അറിയപ്പെട്ടിരിക്കുന്നു.* ഇവരുടെ പ്രത്യേകോപാസനാമൂർത്തി ദേവസേനാനായകനായ സുബ്രഹ്മണ്യനാണ്. ഇവരിൽ യുദ്ധവീരന്മാരും രാജ്യതന്ത്രജ്ഞന്മാരുമായ പല വ്യക്തികളും ഉണ്ടായിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ദായക്രമം മക്കത്തായമാണ്. മിതാക്ഷരനിയമാനുസാരികളാകുന്നു ഇവർ. പാശ്ചാത്യവിദ്യാഭ്യാസഫലമായി ഉണ്ടായിട്ടുള്ള ബലതരമായ സംസ്കാരം നിമിത്തം ആചാരാദികളിലുള്ള യാഥാസ്ഥിതികത്വത്തിനു ഗണ്യമായ ശക്തിക്ഷയം സംഭവിച്ചിട്ടുണ്ടെങ്കിലും, സാമൂഹ്യപരിഷ്കരണ ശ്രമങ്ങൾ നിമിത്തം ഇതര സമുദായങ്ങളിൽ ആചാരപരിഷ്കാരപരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ പോലെയുള്ള അവസ്ഥാന്തരങ്ങൾ ഈ ബ്രാഹ്മണവർഗ്ഗങ്ങളുടെ ഇടയിൽ ഉണ്ടായിട്ടില്ല. കന്യകകളുടെ ശൈശവ

* Indian States Services—Progressive Travancore (Mr. S. Ramanathaier F. S. Se. (Lendon).

വിവാഹവും വിധവകളുടെ ആയുരന്തവൈധവ്യജീവിതവും പ്രസ്തുതബ്രാഹ്മണവർഗ്ഗങ്ങൾക്കുള്ള ഒരു പ്രത്യേക വ്യക്തിതയാമാകുന്നു. വിധവകളുടെ പുനർവിവാഹം ആവശ്യമെന്നുള്ള പ്രക്ഷോഭണധ്വനികൾ പുറദേശങ്ങളിൽനിന്നു കേരളത്തിലും എത്തിയിട്ടുണ്ടെങ്കിലും അതിന്റെ ശക്തി ഇവിടത്തെ തമിഴ്ബ്രാഹ്മണപ്രമുഖന്മാരെ ലേശവും ബാധിച്ചിട്ടില്ല. എന്നാൽ ചുരുക്കം ചില വിധവകൾ മുണ്ഡനവ്യവസ്ഥയ്ക്കു വിപരീതമായി തലമുടിവളർത്തിവരുന്നുണ്ടെന്നുള്ള വസ്തുത പ്രസ്താവ്യമാണ്. പാശ്ചാത്യവിദ്യാഭ്യാസത്തിൽ ഈ വർഗ്ഗക്കാരായ ബ്രാഹ്മണസ്ത്രീകളും അഭിരുചി പ്രദർശിപ്പിച്ചുവരുന്നതായി കാണുന്നുണ്ട്.

൫൫-ാം അദ്ധ്യായം

കേരളത്തിലെ പ്രാചീന നായർ കളരികൾ.

പ്രാചീനകാലത്തെ നായന്മാർ നിസ്തുല വൈഭവശാലികളായ യോദ്ധാക്കൾ ആയിരുന്നു. നാടുഭരിച്ചതും നാട്ടിൽ നീതിപുലർത്തിയതും, വാസ്തവത്തിൽ അവർതന്നെ ആയിരുന്നു. ആയിരവും അതിലധികവും വർഷം മുൻപു മലയാളദേശം സന്ദർശിച്ചിട്ടുള്ള വിദേശ സഞ്ചാരികളുടെ രേഖകളും അദ്യാപി നിലനിന്നുപോരുന്ന ഇതരങ്ങളായ ചരിത്ര ലക്ഷ്യങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. രാജാവിനും രാജ്യത്തിനും സത്യത്തിനും നീതിക്കും പൌരരക്ഷത്തിനും വേണ്ടി അവരവർക്കുള്ള സമസ്തവും ത്യജിക്കുവാനും, വേണ്ടിവന്നാൽ മരണംതന്നെ വരിക്കുവാനും അവർ സർവ്വദാ സന്നദ്ധരായിരുന്നു. "ചാവീരർ" "അമോചികൾ" എന്നിങ്ങനെ പ്രശസ്തരായ അംഗരക്ഷകന്മാർ പ്രാചീന കേരളരാജാക്കന്മാർക്കു ഉണ്ടായിരുന്നു. ഈ അംഗരക്ഷകപ്പട നായർപ്പടയായിരുന്നു. "ചാവിരുത്തി" "അമോചിവിരുത്തി" "ഇറൈലി" എന്നീ വിരുത്തി വസ്തുക്കൾ; പ്രസ്തുത യുദ്ധവീരന്മാർക്കും അനന്തരാവകാശികൾക്കും അനുഭവത്തിനായി കരമിളവായിട്ടു രാജാക്കന്മാർ നൽകിയിട്ടുള്ളവയാണു്.

നായന്മാരുടെ യുദ്ധവീൎയ്യത്തിനു പരിരക്ഷനൽകുവാനായി, പ്രാചീനനാട്ടുവാഴികൾ വിവിധങ്ങളായ നമ്മയുദ്ധസമ്പ്രദായങ്ങൾ നടപ്പിലാക്കി അവരെ പ്രോത്സാഹിപ്പിച്ചുപോന്നു. അവയിൽ ഒന്നായിരുന്നു ദ്വന്ദ്വയുദ്ധം. ദ്വന്ദ്വയുദ്ധത്തിൽ ഏൎപ്പെടുവാൻ ഇച്ഛിക്കുന്നവരിൽനിന്നു ഒരു രാജഭോഗം ഈടാക്കുക പതിവായിരുന്നു. അതിനു് "അങ്കം" എന്നാണു് പേർ. ദ്വന്ദ്വമത്സരത്തിനിടയ്ക്കു ഉഭയകക്ഷികളിൽ, ആരെങ്കിലും കൊല്ലപ്പെട്ടാൽ, അയാളുടെ അവകാശികൾക്കു വലുതായ ഒരു സംഖ്യ, വേതനമായി രാജാവു നൽകും. അംഗവൈകല്യമോ ഭയങ്കരമായ ക്ഷതമോ ഏല്ക്കുന്നവനും വേതനം ലഭിക്കുന്നതാണു്.

അയൽക്കരക്കാർ തമ്മിൽ നമ്മയുദ്ധങ്ങൾ നടത്തുകയെന്നുള്ളതും, അക്കാലത്തെ നടത്തയായിരുന്നു. അതിനും രാജാവിൽനിന്നു പ്രോത്സാഹനങ്ങൾ ലഭിച്ചുപോന്നു. ഓരോരോ കരയിലും പടനിലം ഉണ്ടായിരുന്നു. പടനിലം എന്നു പേരുള്ള ഒരു പുരയിടമെങ്കിലും ഇല്ലാത്ത ഒരു കര ഇക്കാലത്തു വളരെ ചുരുക്കമാണെന്നു നമുക്കു അറിയാമല്ലോ. രണ്ടു കരക്കാർ പടയൊരുക്കത്തിനായി അതതുകരയിലുള്ള ഏതെങ്കിലും ഒരു പ്രധാനഭവനത്തിൽ കൂടും. അന്നു് അവിടെ വലിയ സദ്യമേളമായിരിക്കും. സദ്യവട്ടം ഇന്നത്തേപ്പോലെ, ഉപ്പേരിയും പുളിശ്ശേരിയും, ഉപ്പിലിട്ടതും മററും മാത്രമെന്നു കരുതേണ്ടാ, പലതരം മാംസങ്ങൾ പ്രത്യേകം പാകപ്പെടുത്തിയിട്ടുള്ളതും, പ്രധാനവിഭവങ്ങളിൽ ഉൾപ്പെടും. മൃഷ്ടാന്നഭോജനം കഴിഞ്ഞു് അന്നത്തെ നായന്മാർ കളരി പൂശി വിശ്രമിച്ചു് കച്ചകെട്ടി ഒരുങ്ങും. അനന്തരം "വേട്ടകാണിക്കൽ" എന്നൊരു ചടങ്ങുണ്ടു്. പടയ്ക്കു ഇറങ്ങുംമുമ്പു രക്തം കാണിക്കുകയെന്നുള്ളതാണു് ഇതിൽനിന്നു ധ്വനിക്കുന്നതു്. വേട്ടകാണിക്കാൻ വീരന്മാരായ നായന്മാർ അഹമഹമികയോടെ മുമ്പോട്ടു വരും. അതിനു് അവസരം പലൎക്കുംകൂടി ലഭിക്കുകയില്ല. ഒരുവീരൻെറ ഗളം മറെറാരുവീരൻെറ വാളുമായി സംഗമിക്കും. ഉടൻതന്നെ അററുവീഴുന്ന നായർ ശിരസ്സ്, മറെറാരു നായർകുന്തത്തിന്മേൽ കുത്തിഉയർത്തിപ്പിടിക്കും. അടുത്തനിമേഷത്തിൽ, ആൎപ്പുവിളിച്ചും, അട്ടഹസിച്ചും, കൊട്ടിയും പട ഇളകി പടനിലത്തിലേക്കു തിരിക്കും. രണ്ടു കരക്കാരും അവിടെ എത്തി അണിനിരന്നു യുദ്ധം തുടങ്ങും. നായർ സ്ത്രീകളും ഈ ആയോ-

ധനം കാണാൻ പടനിലങ്ങളിൽ അകലെ ചെന്നു നിൽക്കുക സാധാരണമായിരുന്നു. രാജാവും അവിടെ എഴുന്നള്ളി നില്ക്കും. ഇപ്രകാരമുള്ള ഒരു നമ്മയുദ്ധം എങ്കിലും, ആണ്ടിൽ ഒരിക്കൽ ഓരോ കരയിലും നടക്കും. നായർസർവീസ് സൊസൈററിയുടെ തലസ്ഥാനമായ പെരുന്നയിലും ഈവിധമുള്ള പട പണ്ടു നടന്നുവന്നു; ഒരു പടനിലവും ഉണ്ടായിരുന്നു. പടനിലം എന്നൊരു പുരയിടം ഇപ്പോഴും ഉണ്ട്. വേട്ടകാണിക്കാൻ മുമ്പോട്ടു പാഞ്ഞു വന്ന മൂലയിൽ നായരുടെ തല പരവഞ്ചേരി നായർ വെട്ടിയതും, മറെറാരു നായർ ആ ഉഗ്രമസ്തകത്തെ കുന്തത്തിൽ ഉയർത്തിപ്പിടിച്ചു വേട്ടകാണിച്ചതും, സംബന്ധിച്ചുള്ള ഐതിഹ്യവും ലക്ഷ്യങ്ങളും ഇന്നും നിലനിന്നു പോരുന്നുണ്ട്. പത്തൊൻപതാംശതവർഷം വരെ ഏതാദൃശങ്ങളായ നമ്മയുദ്ധങ്ങൾ കേരളത്തിൽ പല ഭാഗങ്ങളിലും നടപ്പിലിരുന്നതായി അനുമാനിക്കുവാൻ മതിയായ രേഖകൾ ഉണ്ട്. പ്രാചീനനായന്മാരുടെ അന്യാദൃശമായ ധൈര്യവും വീരപരാക്രമങ്ങളും എത്രമാത്രമായിരുന്നു എന്നു കാണിക്കുവാൻ വേണ്ടി മാത്രം ഇത്രയുംപ്രസ്താവിച്ചതാണ്. പ്രാചീനനായന്മാരെ ഉത്തമയോദ്ധാക്കളാക്കിത്തീർത്തു്, പാരമ്പര്യമായി അവർ ശീലിച്ചുപോന്ന നിപുണമായ ശിക്ഷാക്രമം തന്നെയായിരുന്നു. ശിക്ഷാക്രമത്തിലേയ്ക്കുള്ള ഒരുക്കം ആയിരുന്നു അഭ്യാസമുറ. അഭ്യാസങ്ങൾ കളരിയിൽ വച്ചു തന്നെ. നായന്മാരുടെ രണശൂരത നിലനിത്തി പോററാനുള്ള സ്ഥാപനങ്ങളത്രേ, പ്രാചീന കളരികൾ. കരതോറും കളരി ഉണ്ടായിരുന്നു. കരയിലെ ഭഗവതിക്ഷേത്രത്തോടു് അനുബന്ധിച്ചിട്ടുള്ളതായിരിക്കും മിക്കവാറും കളരികൾ. ചില കളരികളിൽത്തന്നെ ഭഗവതിയെ പ്രതിഷ്ഠിച്ചു് ആരാധിച്ചു വന്നിട്ടുള്ളതായും കാണപ്പെടുന്നുണ്ട്. ഓരോ കളരിക്കു് ഓരോ ആശാൻ കാണും. "കുറുപ്പു്" എന്നോ "പണിക്കർ" എന്നോ സ്ഥാനമുള്ളവരാണു് ആശാന്മാരിൽ ഭൂരിപക്ഷവും; "ആശാൻ" "താങ്കൾ" എന്നിത്യാദി സ്ഥാനമുള്ളവരും ഉണ്ടായിരുന്നു. കച്ചകെട്ടും, തിരുമ്മും നടത്തി ശിഷ്യന്മാരെ അഭ്യാസത്തിനു ഒരുക്കിയശേഷം, ഗുരുനാഥൻ അടിയും, തടയും, ചോട്ടുവയ്പും, അവക്കു വശമാക്കി കൊടുക്കും; മമ്മവിദ്യയും മറുപുറം കൊട്ടി രക്ഷപ്പെടുത്തുന്ന ചികിത്സാമുറയും ശിഷ്യനെ പഠിപ്പിക്കും. അമ്പും, വില്ലും, വാളും, പരിചയും, കുന്തവും

വേലും കൊണ്ടുള്ള ആയോധനക്രമവും, ഗുരു ശിഷ്യൎക്കു മനസ്സിലാക്കിക്കൊടുക്കും. പ്രാഭവമുള്ള "പടവിചാരക്കാർ" അവരുടെ ഭവനങ്ങളിൽ ഏൎപ്പെടുത്തി നടത്തിവന്ന കളരികളിൽ ഈ വക അഭ്യാസങ്ങൾ ഓരോന്നും പരിശീലിപ്പിക്കുവാൻ പ്രത്യേകം പ്രത്യേകം ആശാന്മാരെ നിയോഗിച്ചിരുന്നു. ഒരു ശരിയായ കളരിക്കു 20 അടിയിൽ കുറയാത്ത നീളവും പതിനഞ്ചടിയിൽ കുറയാത്ത വീതിയും ഉണ്ടായിരിക്കും. മേൽപ്പുര ഉറപ്പായി പണികഴിപ്പിച്ചിരിക്കും. തറയിൽ ആറടിയോളം താഴ്ചയുള്ള ഒരു വലിയ കുഴി കാണും. ഇപ്പോഴത്തെ നാടകശാലകളിലെ കുഴിയുടെ സമ്പ്രദായം തന്നെ. എന്നാൽ കളരിയുടെ കുഴിയുടെ തറ കവടി നിരത്തി, ഉറപ്പിച്ചു്, എണ്ണയും മററും പൂശി സ്നിഗ്ദ്ധമാക്കിയിട്ടിരിക്കും. ഇങ്ങനെയുള്ള കുഴിയിൽ വച്ചാണു് അഭ്യാസപരിശീലനം. തിരുമ്മിനു പററിയ കാലം ഇടവപ്പാതിയുടെ ഘട്ടം തന്നെ. കൎക്കടകമാസം പൂൎത്തിയാകുന്നതോടുകൂടി കളരിയിലെ പ്രവേശം നിലയ്ക്കും. പിന്നീടു ചേരാൻ ആഗ്രഹിച്ചു വരുന്നവർ ആരുതന്നെയായാലും, പ്രവേശമനുവദിക്കുകയില്ല. അഭ്യാസം തുടങ്ങുന്ന ദിവസം ശിഷ്യന്മാർ, അവരവരുടെസ്ഥിതിക്കു് അനുരൂപമായി,മുണ്ടും കച്ചയും പണവും വെററിലപാക്കും ഗുരുവിനു ദക്ഷിണയായി നൽകും. പരിശീലനവേളയിൽ ഗുരുശിഷ്യന്മാർ അരക്കച്ച മാത്രമേ ധരിക്കാറുള്ളു. ആശാനും ശിഷ്യന്മാരും ഉടലാകെ എണ്ണ തേച്ചുകൊണ്ടാണു് അഭ്യാസം ആരംഭിക്കുക. കൈകൾ രണ്ടും ഉയൎത്തിപ്പിടിച്ചുകൊണ്ടു്, ഓരോ കാൽ പൊക്കി കൈയിൽ മുട്ടിക്കുവാനുള്ള വൈഭവം ശിഷ്യൎക്കു നൽകുവാൻ ആശാൻ ആദ്യം തന്നെ ശ്രമിക്കും. അതു സാധിച്ചുകഴിഞ്ഞാൽ, തലപിന്നോക്കം ചായിച്ചു്, നടുവു വളച്ചു്, തറയിൽ ശിരസ്സു് ഊന്നുവാൻ പഠിപ്പിക്കുകയായി. അതും വശമായാൽ, പിന്നീടു് ദണ്ഡനമസ്കാരക്രിയയാണു് പഠിപ്പിക്കുന്നതു്. പിന്നോക്കം തല ചായിച്ചു്, ഉടൽ വളച്ചും ക്രമേണ തറയോടു ചേൎന്നു് മലൎന്നു കിടന്നും, അതേ ക്രമത്തിൽ മുന്നോട്ടു് ആഞ്ഞുയൎന്നും, കമഴ്ന്നു കിടന്നും, അതേ ക്രമത്തിൽ ഇടത്തും വലത്തും വശങ്ങളിലേക്കു ചരിഞ്ഞു തറയോടു പററിയും ഗുരുവന്ദനം നടത്തുകയെന്നുള്ളതാണു് "ദണ്ഡനമസ്കാരം" എന്ന അഭ്യാസം. തിരുമ്മു പലതരമുണ്ടു്. ശിഷ്യനെ ധാരത്തോണിയിൽ കിടത്തി ഉള്ള

തിരുമ്മും, ആശാൻ കളരിയുടെ മോന്തായത്തിൽ കെട്ടിയിട്ടുള്ള കയറിൽ പിടിച്ചു് തൂങ്ങിക്കിടന്നുകൊണ്ടു്, ചുവട്ടിൽ നില്ക്കുന്ന ശിഷ്യരെ മാറി മാറി ചവുട്ടി പാദാംഗുലികളാൽ നടത്തപ്പെടുന്ന തിരുമ്മും, അവയിൽ പ്രധാനപ്പെട്ടവയാണു്. തേക്കുതടി ചെത്തി ഉരുട്ടി ഉണ്ടാക്കിയിട്ടുള്ള കുറുവടികൾ ശിഷ്യരുടെ കൈകളിൽ കൊടുത്തിട്ടാണു്, ആശാൻ അടിയും തടയും അവരെ അഭ്യസിപ്പിക്കുന്നതു്. ശിഷ്യർ പരസ്പരം ഓങ്ങി അടിക്കുമ്പോൾ, അടിയേല്ക്കാതെ തെറ്റി ഒഴിയുവാനുള്ള ചോടുകൾ വയ്ക്കുവാനും, അടിക്കും, തടയ്ക്കും ഇടയ്ക്കു് വശമാക്കും. തടകളും ചോടും പലപ്രകാരമുണ്ടു്. രണ്ടുപേർ തമ്മിൽ അടിക്കുമ്പോൾ അപ്രതീക്ഷിതമായി അന്യർ, അവരിൽ ഒരാളുടെ പിന്നിൽ ചെന്നു, തലയുടെ പിറകിൽ ഏല്പിക്കുവാൻ ഉദ്യമിക്കുന്ന അടി തടുക്കുവാൻ, പിന്തിരിയാതെ ചെയ്യുന്ന ദണ്ഡപ്രയോഗവും ഗുരുനാഥൻ ശിഷ്യർക്കു വശമാക്കിക്കൊടുക്കും. ഇങ്ങനെ പലേ പല കായികവിദ്യകളും ആയുധമുറകളും, മർമ്മവിദ്യാപരങ്ങളായ പ്രയോഗങ്ങളും, പണ്ടത്തെ നായന്മാരെ അവരുടെ ഗുരുക്കന്മാർ അഭ്യസിപ്പിച്ചുവന്നു. അഭ്യാസകാലം കുറഞ്ഞതു അഞ്ചുവർഷം വരെ ഉണ്ടായിരിക്കും. കളരിയിൽ ചില പ്രത്യേകചട്ടങ്ങളും നിഷ്കർഷകളും ഉണ്ടായിരുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതു് അദ്ധ്യയനകാലമത്രയും, ശിഷ്യർ ബ്രഹ്മചര്യം അനുഷ്ഠിക്കണമെന്നുള്ളതായിരുന്നു. യൂറോപ്യന്മാരുടെ ആഗമനത്തെ തുടർന്നുണ്ടായ അവസ്ഥാന്തരങ്ങളാൽ, നായർ കളരികൾ നാമമാത്രങ്ങളായി അവശേഷിച്ചു. ജീർണ്ണം ഭവിച്ച ചില കളരി കെട്ടിടങ്ങളും അവയിലെ പരദേവതാവിഗ്രഹങ്ങളും കേരളത്തിൽ പലേ പ്രദേശങ്ങളിലും ഇന്നും കാണാനുണ്ടു്. പണ്ടു് തിരുമ്മിനും കച്ചകെട്ടിനും ഉപയോഗിക്കപ്പെട്ടിട്ടുള്ള സാധനസാമഗ്രികളും സ്ഥാനങ്ങളും ചുരുക്കം ചില കളരികൾക്കകമേ കണ്ടെത്തിയെന്നുവരാം. ആനിക്കാട്ടു് ചെറുകരക്കുറുപ്പു് എന്ന നായർ പ്രഭുവിന്റെ കുടുംബം വക കളരികെട്ടിടവും ചില സാമഗ്രികളും ഭഗവതിയും നിലനിന്നുപോരുന്നുണ്ടു്. കരപ്പുറത്തും, കുട്ടനാട്ടിലും മദ്ധ്യതിരുവിതാംകൂറിലും, ദക്ഷിണതിരുവിതാംകൂറിലും ചില പ്രാചീനകളരിസ്ഥാനങ്ങളിൽ നിത്യവും ഭഗവതി പൂജയും ആട്ടവിശേഷങ്ങളും മാത്രം ഇക്കാലത്തു നടത്തപ്പെട്ടുവരുന്നുണ്ടു്.

കൊച്ചിമുതൽ വടക്കോട്ടുപോയാലും ഈ വക ആചാരങ്ങൾ ചുരുങ്ങിയമട്ടിൽ നിലവിൽ ഇരിക്കുന്നതായി കാണാവുന്നതാണ്. ഉത്തരമലയാളദേശത്തു പ്രാചീനകളരി സമ്പ്രദായം തീരെ അസ്തമിച്ചുപോയെന്നു പറഞ്ഞുകൂടാ. എങ്കിലും പ്രാചീന നായന്മാരുടെ കളരിയും അഭ്യാസക്രമവും, തൽസ്വരൂപത്തിൽ ഇപ്പോൾ മലയാളദേശത്തു എങ്ങും തന്നെ നിലനില്ക്കുന്നില്ലെന്നു ഖണ്ഡിതമായി പറയാം. നേപാളരാജ്യത്തെ നീപാളികളുടെ ആയുധശാലകളെയും പ്രാചീന സ്പാർട്ടന്മാരുടെ ജെമ്നേഷ്യങ്ങളേയുംകാൾ മികച്ച സ്ഥാപനങ്ങളായിരുന്നു, പ്രാചീന നായർകളരികളെന്നുള്ളതിൽ പക്ഷാന്തരം ഇല്ലതന്നെ.

൩൩-ാം അദ്ധ്യായം

ചാവീരന്മാർ

പ്രാചീനകാലംമുതല്ക്കുതന്നെ കേരളീയർ രാജഭക്തിക്ക് അദ്വിതീയരാണു്. രാജാവിനെ, കാണപ്പെട്ട ദൈവമായി പരിഗണിച്ചു് ആരാധിക്കുകയെന്നുള്ളതു് അവൎക്കു് ജന്മസിദ്ധമായിട്ടുള്ള ഒരു ഗുണമാകുന്നു. രാജാവിനു് ഒരിക്കലും ഒന്നിലുംപ്രമാദം സംഭവിക്കുകയില്ലെന്നും, രാജാവിന്റെ ആജ്ഞാവർത്തികളായ ഉദ്യോഗസ്ഥന്മാൎക്കു് അമളി പററാവുന്നതാണെന്നും, അതിനു രാജാവിനോടും ജനങ്ങളോടും അവർ ഉത്തരം പറയേണ്ടതാണെന്നുമുള്ള മഹത്തായ രാഷ്ട്രതത്വം പ്രാചീനകേരളീയൎക്കും സുപരിചിതമായിരുന്നു. രാജാവിനും രാജ്യത്തിനും വേണ്ടി അവനവനുള്ള സമസ്തവും ത്യജിക്കുവാനും വേണ്ടിവരുമ്പോൾ മരണംതന്നെ വരിക്കുവാനും അവർ സന്നദ്ധരായിരുന്നു. ഇതു സർവസാധാരണമായ കേരളീയവൈശിഷ്ട്യം ആയിരുന്നുവെങ്കിലും, നാടുവാഴിയുടെ സ്ഥാനാരോഹണവേളയിൽ രാജകരത്തിൽനിന്നു് അന്നവും ഉപ്പും വാങ്ങി ഭക്ഷിച്ചു് ഉഗ്രശപഥംചെയ്തു, വൈരാഗ്യത്തോടു കൂടി രാജാവിനുവേണ്ടി ജീവിക്കുന്ന ഒരുകൂട്ടം പ്രത്യേക രാജഭക്തന്മാർ പണ്ടു് ഉണ്ടായിരുന്നു. "ചാവുവീരർ" അഥവാ "ചാവീരർ" എന്ന സംജ്ഞ

യാൽ അവർ അറിയപ്പെട്ടുപോന്നു. കാലാന്തരത്താൽ "ചാവീർ" എന്നപദം ലോപിച്ചു "ചാവർ" എന്നായിട്ടുണ്ട്. രാജാവിനുവേണ്ടി ജീവിതം അർപ്പണം ചെയ്തിരുന്ന ഇവർ, അവിടത്തെ അംഗരക്ഷകന്മാരായിരുന്നുവെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. കേരളരാജാക്കന്മാരിൽ ചിലർക്കു നൂറും അഞ്ഞൂറും അതിലധികവും "ചാവർ" അംഗരക്ഷകന്മാർ ഉണ്ടായിരുന്നതായി, ആയിരത്തിൽപരം വർഷങ്ങൾക്കു മുൻപു മലയാളദേശം സന്ദർശിച്ചിട്ടുള്ള സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാദൃശന്മാരായ യോദ്ധാക്കൾക്കും, അവരുടെ മരണശേഷം അനന്തരഗാമികൾക്കും അനുഭവത്തിനായിട്ടു കരമൊഴിവായി രാജാവു നൽകിയിട്ടുള്ള ഭൂമിയാണു് "ചാവിരുത്തി" എന്നും "ഇറേലി" എന്നുംഉള്ള പേരിനാൽ ഇപ്പോൾ അറിയപ്പെട്ടുവരുന്ന ഇനം വിരുത്തി വസ്തുക്കൾ. ഇത്തരം വിരുത്തി വസ്തുക്കൾ മലയാളരാജ്യത്തിൽ എല്ലായിടത്തും ചില കുടുംബക്കാർക്കു അനുഭവത്തിലിരുന്നിട്ടുള്ള ഒരു കാലം ഉണ്ടായിരുന്നു. ദേശഭേദം അനുസരിച്ചു വിരുത്തിയിനത്തിന്റെ പേരിൽ അല്പം ചില വ്യത്യാസങ്ങൾ കാണുമെന്നേയുള്ളൂ. കൊച്ചി മുതലായ വടക്കൻരാജ്യങ്ങളിൽ ഈ യോദ്ധാവീരന്മാർക്കു "അമോചികൾ" എന്നും "അമൃചികൾ" എന്നും പേരുണ്ടായിരുന്നു. "ചാവീരുത്തി"യുടെ അർത്ഥം വിശദമാണല്ലോ. തെക്കൻതിരുവിതാംകൂറിൽ ചാവിരുത്തിയ്ക്കു ഇറൈലി എന്നാണു പേർ. "ഇറൈ" "ഇളൈ" എന്നതമിഴ സമസ്തപദത്തിൽ നിന്നാണു് ഇറൈലിയുടെ ആഗമം "ഇറൈ" എന്നാൽ "മരണം" എന്നും, ഇളൈ എന്നാൽ "ഭൂമി" എന്നുമർത്ഥമാണല്ലോ. "ചാവിരുത്തി" ഇനംവസ്തുക്കൾ കുട്ടനാട്ടിൽ സാധാരണമാണു്. ഓരോപ്രത്യേക ഉദ്ദേശത്തിന്മേലും പ്രത്യേക സേവനങ്ങൾക്കായും മററു പ്രാചീനകാലത്തു രാജാക്കന്മാർ പ്രജകളിൽ ചിലർക്കെല്ലാം കരമൊഴിവായി വിരുത്തി, വസ്തുക്കൾ നൽകിയിട്ടുള്ളതായി കാണാം. തേവരുവിരുത്തി, ശംഖുവിരുത്തി, വിളക്കുവിരുത്തി, കററവിരുത്തി, കാകറിവിരുത്തി, സംഭാരവിരുത്തി, പുല്ലുവിരുത്തി, വഞ്ചിവിരുത്തി, വാളുവിരുത്തി, വെള്ളവിരുത്തി, മീനുവിരുത്തി, ഓലവിരുത്തി, നാരായവിരുത്തി, കരുവേലവിരുത്തി, അനുഭോഗവിരുത്തി, വണ്ടിവിരുത്തി, മുതലായ അനേകം ഇനം വിരുത്തികൾ പണ്ടു് ഉണ്ടായിരുന്നവ ക്രമേണ ഇപ്പോൾ മിക്ക

വാറും അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു. കാലം അതിക്രമിച്ചതോടുകൂടി ഉദ്ദിഷ്ടങ്ങളായ ഉഴവുകൾക്ക് ആവശ്യം ഇല്ലാതെ വരികയാൽ പകരം മററ് ഉഴവുകൾ നടത്തിച്ചു വന്ന പതിവും, വിരുത്തി വസ്തുക്കൾ പൊതുവിൽ പാട്ടം ഇനത്തിൽ കൊള്ളിച്ചതോടുകൂടി മിക്കവാറും നിലച്ചു പോയിരിക്കുന്നു.

ഒന്നു-ാം അദ്ധ്യായം

പ്രാചീന കേരളരാജ്യത്തിലെ ശിക്ഷാ സമ്പ്രദായങ്ങൾ.

പ്രാചീനകാലത്തു കേരളരാജ്യങ്ങളിൽ നിലവിലിരുന്ന ശിക്ഷാനിയമങ്ങൾ കഠിനവും ഭയങ്കരവുമായിരുന്നു. വലിയ കററങ്ങൾചെയ്യവരെ കല്ലറകളിൽ അടക്കുക സാധാരണമായിരുന്നു. ഇപ്രകാരമുള്ള കല്ലറകളുടെ സ്ഥാനങ്ങളും അവശിഷ്ടങ്ങളും അദ്യാപി പലഇടങ്ങളിലും കാണപ്പെടുന്നുണ്ട്. കററവാളികളെക്കൊണ്ടു ക്ഷേത്രസന്നിധിയിൽവച്ചു സത്യംചെയ്യിക്കുകയും, തിളച്ചുകൊണ്ടിരിക്കുന്ന നെയ്യിലും എണ്ണയിലും കൈമുക്കിച്ചു, സത്യപരീക്ഷനടത്തിക്കുകയും, അസാധാരണമല്ലായിരുന്നു. നക്രങ്ങൾ ധാരാളം കുടിയാണ്ടുകിടക്കുന്ന കിടങ്ങുകളിലും കയങ്ങളിലും കററക്കാരെ ചാടിക്കുകയും രക്ഷപ്പെട്ടുകയറിവരുകയാണെങ്കിൽ നിരപരാധി എന്നു നിർണ്ണയിച്ചു വിട്ടയക്കുകയും പതിവായിരുന്നു. കൊലചെയ്യുന്നവനെ, മരണമാണ്ടവൻെറ ബന്ധുക്കൾതേടിപിടിച്ചു കൊല്ലുവാൻ ആദിമകാലങ്ങളിൽ അനുവാദമുണ്ടായിരുന്നു, എന്നുമാത്രമല്ല, കൊലയടഞ്ഞവൻെറ ജഡം ഘാതകൻെറ ഭവനത്തിനകത്തുകൊണ്ടുചെന്നിട്ടു, ആ ഭവനത്തോടുകൂടി തീവെച്ചുകളയുന്ന സമ്പ്രദായവും നടപ്പുണ്ടായിരുന്നു. ഈവക ശിക്ഷകൾ, ജനങ്ങൾ "കുടിപ്പകയായി" പകരംചെയ്യുന്നമട്ട് കാലക്രമേണ നീങ്ങി: രാജപ്രതിപുരുഷന്മാർ തന്നെ ഇത്തരം ശിക്ഷാവിധികൾ നടത്തിത്തുടങ്ങി. കൊലക്കററത്തിന് മാത്രമല്ല മരണശിക്ഷ നൽകപ്പെട്ടുവന്നതു്. രാജാ

വിനോടും രാജ്യത്തോടും ചെയ്യുന്ന ദ്രോഹത്തിനും, മോഷണം വ്യഭിചാരം മുതലായ ഹീനകർമ്മങ്ങൾക്കും മരണംതന്നെ ആയിരുന്നു ശിക്ഷ. എന്നാൽ ഓരോരാകുററത്തിന്റെയും ഗുരുലഘുതാമോ പ്രകൃതാന്തരമോ അനുസരിച്ചു മരണശിക്ഷ നടത്തുന്നരീതി മാറിമാറി സ്വീകരിച്ചുവന്നു. കഴുത്തുവെട്ടിയും, കഴുവിന്മേൽ കിടത്തിയും, ദേഹമാസകലം എണ്ണതേപ്പിച്ചു് തുണിചുററി തീ കൊളുത്തിയും, ആനക്കാലിൽകെട്ടി ഓടിച്ചും, വാണംകെട്ടി കത്തിച്ചുചറപ്പിച്ചും, അവയവം പ്രതിവെട്ടിമുറിവേല്പിച്ചും ഖണ്ഡിച്ചും, മരണശിക്ഷനടത്താറുണ്ടായിരുന്നു. ചെറുതായുള്ള കുററങ്ങൾക്ക ശിക്ഷയ്ക്കായി കുററക്കാരനെകൊണ്ടു ക്ഷേത്രങ്ങളിൽ വഴിപാടുകഴിപ്പിച്ചും, കാണിക്കകൾ ഇടുവിച്ചുംവന്നു. കൊലചെയ്യുവന്റെ മുതലുകൾ കണ്ടുകെട്ടി രാജകോയ്മയിലേക്ക മുതൽക്കൂട്ടിയും കൊലനടന്നസ്ഥലം ദേവസ്വത്തിലേയ്ക്കു ദാനം ചെയ്യും പോന്നു. അടിശിക്ഷക്ഷേത്രസങ്കേതങ്ങളിലെ കളത്തട്ടുകൾക്ക സമീപംവെച്ചു പരസ്യമായി നടത്തുകയായിരുന്നു പതിവു്. ഓരോരാജ്യത്തും മരണശിക്ഷനടത്തുവാൻ അധികാരമുള്ള കുടുംബങ്ങൾ ഉണ്ടായിരുന്നു. ഇവൎക്ക ഈ ജോലിക്കായി കരമൊഴിവായ വസ്തുക്കൾ അനുഭവത്തിനു കൊടുക്കപ്പെട്ടിരുന്നു. ജീവാപായം വരാത്തവിധം അടിമകളെ ശിക്ഷിക്കുവാൻ ഉടമസ്ഥൎക്ക അധികാരമുണ്ടായിരുന്നു.

രാജഭോഗമോ ജന്മിഭോഗമോ കൊടുക്കാത്തവരെ വെയിലത്തു കുനിച്ചുനിൎത്തുകയും മുതുകിൽ വലിയ കല്ലുകയററിവച്ചു് നിൎത്തുകയും ആമങ്ങളിൽ ഇടുകയും; പുളിതീററുകയും, തെരണ്ടിമത്സ്യത്തിന്റെ വാൽകൊണ്ടു മുതുകിൽ അടിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഓരോരാജാവിന്റെയും രാജ്യാതൃത്തിയിൽ ഓരോ മരവാതൽ പണിയിച്ചുവച്ചിരിക്കും. ഇന്നരാജ്യത്തെ രാജാവിന്റെ "പിഴവാതൽ" എന്നു് അതിൽ കൊത്തിച്ചുകാണും. ഏതു കുററക്കാരനും വല്ലപ്രകാരത്തിലും "പിഴവാതൽ" കടന്നുപോയാൽ അവനെ രാജാവിന്റെ കിങ്കരന്മാൎക്കു് പിടിച്ചു ബന്ധിക്കുവാൻ അധികാരമില്ല.

കുററക്കാരെ കഴുവിന്മേൽകിടത്തിത്തറച്ചു്, വെയിലും ചൂടുംഏല്പിച്ചു്, നാവുവരളുമ്പോൾ വെള്ളംകൊടുക്കാതെ സങ്കടപ്പെടുത്തിയും, കഴുകൻ, കാക്ക, പരുന്തു് മുതലായ പക്ഷികളെയും, എറുമ്പുമുതലായ പ്രാണികളുടെ ആക്രമണങ്ങൾക്ക

വിധേയരാ ം രണ്ടുമൂന്നുദിവസംകൊണ്ടു പരമദുരിതം അനുഭവിപ്പിച്ചു കൊല്ലുന്ന ഒരു സമ്പ്രദായം ചില രാജ്യങ്ങളിൽ നടപ്പുണ്ടായിരുന്നു. കുററംചെയ്തവരെ, ചക്രംകറങ്ങുമ്പോൾ ചക്രപ്പത്താഴത്തേൽ തള്ളിഇട്ടു ഞെരിച്ചുകൊല്ലുന്നപതിവും ചുരുക്കം ചില രാജ്യങ്ങളിൽ സ്വീകരിച്ചിരുന്നു മനുഷ്യസമുദായത്തിന്റെ പരിഷ്കാരത്തിനു പുരോഗതി സിദ്ധിക്കുംതോറും ശിക്ഷകളുടെരീതിയിലും സാരമായ അന്തരംസംഭവിച്ചുകൊണ്ടിരുന്നതാണെന്നു ആധുനികചരിത്രം മനസ്സിലാക്കിത്തരുന്നുണ്ടു.

൩൭-ാം അദ്ധ്യായം

കേരളത്തിലെ അഞ്ചലിന്റെ ചരിത്രം.

തിരുവിതാംകൂറിലെ പ്രസിദ്ധപ്പെട്ട പുനലൂരിനു സമീപം അഞ്ചൽ എന്ന ഒരുപ്രദേശമുണ്ടു. കൊച്ചിയിലും തിരുവിതാംകൂറിലും തപാൽ ജോലി നടത്തിക്കുന്ന ഏതദ്ദേശീയ വകുപ്പുകൾക്കുള്ള നാമവും അഞ്ചൽ എന്നാണു. ഈ ഡിപ്പാർട്ടുമെന്റിനു അഞ്ചൽ എന്നുപേർ നൽകുവാൻ ഇടയായതു എന്തുകാരണവശാലാണെന്നു, സധാരണയായി ആരുംതന്നെ ചിന്തിക്കാറില്ല. അഞ്ചൽ എന്ന പദത്തിന്റെ ആഗമത്തെക്കുറിച്ചു തന്നെയും അധികംപേർ ആലോചിച്ചിരിക്കുവാൻ ഇടയില്ല. അഭ്യാഗതനായ സന്ദേശവാഹകന്റെ ദർശനമാത്രയിൽതന്നെ സന്ദേശവിവരം അറിവാനുള്ള ജിജ്ഞാസയും ഔൽസുക്യവും ഏതു രീതിയിലുള്ള സന്ദേശമാകുന്നു ലഭിക്കുവാൻ പോകുന്നതെന്നുള്ള ചിന്തനിമിത്തമുണ്ടാകുന്ന ഒരു അമ്പരപ്പും, നമുക്കു ഉണ്ടാകുക സാധാരണമാകയാൽ സന്ദേശവാഹകകൃത്യം നിറവേററുന്നതിനു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത വകുപ്പിനു "അഞ്ചൽ" എന്ന സാർത്ഥസംജ്ഞ (അഞ്ചൽ പരിഭ്രാന്തി,സംഭ്രമം, ഉൽക്കണ്ഠ ഇത്യാദി) ബുദ്ധിമാനായ ഒരു രാജ്യതന്ത്രജ്ഞൻ നൽകിയിട്ടുള്ളതാണെന്നു വളരെ വർഷം മുൻപു ഒരു മലയാള പണ്ഡിതർ അദ്ധ്യേതാക്കൾക്കു പറഞ്ഞുകൊടുത്തതു സന്ദർഭവശാൽ എനിക്കു കേൾക്കുവാൻ ഇടയായിട്ടുണ്ടു. പണ്ഡിത

രുടെ ഈ അഭിപ്രായം യുക്തിയുക്തമാണെങ്കിലും, അഞ്ചൽ എന്ന പ്രസ്തുതവകുപ്പിനു പേരിടുവാൻ ഉള്ള അടിസ്ഥാനം ഇങ്ങനെയാണെന്നു പറയുവാൻ നിവൃത്തിയില്ല. പ്രാചീനകാലങ്ങളിൽ സന്ദേശവാഹകകൃത്യം എല്ലാ പൌരസ്ത്യരാജ്യങ്ങളിലും അതതു രാജ്യകോയ്മയുടെ ചുമതലയിൽ സംസ്കൃതമായ രീതിയിൽ നിർവഹിക്കപ്പെട്ടുപോന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. പ്രാചീനകേരളരാജ്യങ്ങളിലും, കാശ്മീരം, നേപാളം, മഗധ തുടങ്ങിയുള്ള പുരാതന ഭാരതരാജ്യങ്ങളിലും ചീനസാമ്രാജ്യത്തിലും ചരിത്രപ്രസിദ്ധന്മാരായ അശോകൻ, മുസ്ലീം ചക്രവർത്തിമാരായ ഷാജിഹാൻ, അക്ബർ പ്രമുഖന്മാരുടെ ഭാരതസാമ്രാജ്യങ്ങളിലും സന്ദേശവാഹകകൃത്യം അതതുസർക്കാരിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിപുണമായി നിർവഹിക്കപ്പെട്ടു പോന്നു. ഭാരതീയർക്കു തപാൽ ഏർപ്പാടു പുത്തരിയല്ല. ഭാരതീയ സാഹിത്യത്തിനു പ്രത്യേകമായുള്ള സന്ദേശകാവ്യപ്രസ്ഥാനം പ്രത്യക്ഷമായി സൂചിപ്പിക്കുന്നതുതന്നെ, സന്ദേശവാഹകകൃത്യത്തിന്റെ പരിപൂർണ്ണവികാസത്തെ പരാമർശിക്കുന്ന വികസ്വരമായ കവിമനോധർമ്മത്തെയാകുന്നു.

പാശ്ചാത്യദേശങ്ങളിൽ സന്ദേശവാഹകസമ്പ്രദായം സംബന്ധിച്ച വ്യവസ്ഥാപിതമായ ഏർപ്പാടുകൾ നടപ്പിലായതു്, പൌരസ്ത്യരാജ്യങ്ങളെ അപേക്ഷിച്ചു് വളരെ താമസിച്ചു മാത്രമാണു്. സർക്കാർ ആവശ്യം പ്രമാണിച്ചു് എഴുത്തുകളും മറ്റും സന്ദേശവാഹകന്മാർ മുഖാന്തരം ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്കു് അയക്കുവാൻ ഇംഗ്ലണ്ടിൽ ആദ്യമായി ആരംഭിച്ചതു് ക്രിസ്തുവർഷം 1253 മുതല്ക്കാണു്. ഈ സന്ദേശവാഹകന്മാർക്കു എയിൻജൽസ് (angels) എന്നും, അവർ നടത്തിവന്ന സന്ദേശവാഹകവൃത്തിക്കു ആഞ്ജെറിയ എന്നും പേരായിരുന്നു. അവർ കുതിരപ്പുറത്തോ കാളവണ്ടിയിലോ കയറിയാണു് എഴുത്തു സഞ്ചിയുമായി സഞ്ചരിച്ചുവന്നതു് കവുടികോർത്തുഇണക്കിയ ഒരുതരം അരപ്പട്ടകൾ സ്ഥാനചിഹ്നമായി ഇവർ ധരിച്ചുപോന്നതിനാൽ ഇവർക്കു കവുടിയാരസ്ത്രാരെന്നും നാമം സിദ്ധിച്ചു. സാമൂഹ്യാവസ്ഥയിൽവളരെ താണപടിയിൽ നിന്നിരുന്ന ആളുകൾ മാത്രമേ അക്കാലങ്ങളിൽ ഈ ജോലികയ്യേറ്റിരുന്നുള്ളു. പൌരസ്ത്യദേശങ്ങളിൽ സന്ദേശവാഹകവൃത്തി അഭിമാനകരമായ തൊഴി

ലായി പരിഗണിക്കപ്പെട്ടിരുന്നു. ഭാരതരാജ്യങ്ങളിൽ ബ്രാഹ്മണരാണു്, ഈ കൃത്യം നിർവഹിച്ചു വന്നതെന്നുള്ളതിനു ലക്ഷ്യങ്ങളും ഉണ്ടു്, കേരളത്തിൽ സന്ദേശവാഹകവൃത്തി നടത്തുന്നവൎക്കു "കുറിച്ചിയത്തി" എന്ന പേരിൽകരം ഒഴിവായി അനുഭവവസ്തുക്കൾ നൽകിവന്നിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു.

ഇംഗ്ലണ്ടിലെ അംജേറിയ വ്യവസ്ഥ, ആ ജോലി സാധാരണമായി കയ്യേറ്റുവന്നവരുടെ ന്യൂനത നിമിത്തം ക്രമേണ അധഃപതിച്ചു. 15-ാംശതവൎഷത്തിന്റെ മദ്ധ്യഘട്ടത്തിലാണു് ഇപ്പോഴത്തെ പോസ്റ്റൽ ഏൎപ്പാടു നടപ്പായതു്. ആദ്യമായി പോസ്റ്റാഫീസുകൾ സ്ഥാപിക്കപ്പെട്ടതു് പാരീസിലാണു്; ചരിത്രപ്രധാനമായ ആ സംഭവം നടന്നതു് 1462-ൽ ആകുന്നു. 1681-ൽ ലണ്ടൺപട്ടണത്തിൽ പ്രൈവററു സ്ഥാപനമായി ഒരു പെനി പോസ്റ്റാഫീസു ഏൎപ്പെടുത്തി. 1840-ാമാണ്ടു ഗ്രേററു ബ്രിട്ടനിലും അയൎലണ്ടിലും സൎവ്വത്ര പെനിപോസ്റ്റേജു് നടപ്പാക്കപ്പെട്ടു. ലോകമാസകലം പോസ്റ്റോഫീസുകളാൽ സംഘടിപ്പിക്കത്തക്കവിധം ഇൻറർനാഷണൽ പോസ്റ്റൽ സമ്പ്രദായം 1874-ൽ നടപ്പായി; അഞ്ചലിന്റെ ചരിത്രം ആരായുമ്പോൾ പോസ്റ്റൽ വ്യവസ്ഥയെ കുറിച്ചുകൂടി ഇത്രയും പ്രസ്താവിക്കേണ്ടതു് അത്യാവശ്യമാണു്.

തിരുവിതാംകൂർ രാജ്യസ്ഥാപകനെന്നു പ്രഖ്യാതനായ ശ്രീവീരമാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ കാലം മുതൽ വിരുത്തി അനുഭവക്കാരായ ചാരന്മാർ മുഖാന്തരം സൎക്കാർവക സാധനങ്ങളും കൊട്ടാരംവക നീട്ടുകളും കച്ചേരികളിൽ എത്തിച്ചുകൊടുക്കുവാൻ ഉള്ള വ്യവസ്ഥ ആരംഭിച്ചു. ഇവരുടെ സ്ഥാനചിഹ്നമായി വെള്ളിക്കെട്ടും ശംഖുമുദ്രയും പത്മനാഭൻ തുണ എന്ന ലിഖിതവും ഉള്ള വെള്ളിത്തടികൾ നൽകപ്പെട്ടിരുന്നു. ഈ പതിവു് മൺറോ സായ്പിന്റെ, ഔദ്യോഗികഭരണകാലം വരെ മുറപോലെ നടന്നുവന്നു. രാജ്യഭരണസംബന്ധമായി എല്ലാ തുറകളിലും പരിഷ്കാരങ്ങൾ വരുത്തിയ മൺറോ ദിവാൻ സന്ദേശവാഹകത്തുറയ്ക്കു് "അഞ്ചൽ" എന്ന സംജ്ഞ നൽകി. സൎക്കാർ വക ഉരുപ്പടികൾ തലസ്ഥാനത്തുനിന്നു എല്ലാ മണ്ഡപത്തുംവാതുക്കൽ കച്ചേരികൾക്കും എല്ലാ മണ്ഡപത്തുംവാതുക്കൽ കച്ചേരികളിൽനിന്നും തലസ്ഥാനനഗരിയിലേക്കും എത്തിച്ചുകൊടുക്കുകയെന്നുള്ളതു മാത്രമായ ഒന്നു

അഞ്ചൽ തുറയുടെ പ്രവൃത്തി. ഉരുപ്പടികൾ അടങ്ങിയ തോൽസഞ്ചി വഹിച്ചുകൊണ്ടു് ഓടിപ്പോകേണ്ട ജോലിക്കാരൻ അഞ്ചൽ (Angel എന്നും ഇംഗ്ലീഷു ശബ്ദത്തിന്റെ ഒരു രൂപാന്തരം) എന്നും ഓരോ സ്ഥലത്തും ഓട്ടക്കാരന്റെ പക്കൽനിന്നും ഉരുപ്പടികെട്ടു് ഏററു വാങ്ങി അതതു കച്ചേരിയിൽ ഏല്പിച്ചു കൊടുക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനു് അഞ്ചൽക്കാരൻ എന്നും ആയിരുന്നുപേർ. വിരുത്തിക്കാർ അഞ്ചലുംകൊണ്ടു ഓടണമെന്നുള്ള പതിവു് മൺട്രോ ദിവാൻ നിർത്തലാക്കുകയും ഓട്ടക്കാരനു തുച്ഛമായ ഒരു മാസശമ്പളവും ചൂട്ടപാളവകക്കു ചെറുതായ ഒരലവൻസും അനുവദിച്ചുകൊടുക്കുകയും ചെയ്തു. ഒരഗ്രം കുന്തംപോലെ മുന വാർത്തുകെട്ടി ശംഖുമുദ്രപതിച്ച മണിത്തടികളും മണികൾ കോർത്തിണക്കിയ അരപ്പട്ടയും ധരിച്ചുകൊണ്ടു് അഞ്ചൽഓട്ടക്കാരൻ ഉരുപ്പടച്ചുമടുമായി ഓടുവാൻ വ്യവസ്ഥ ചെയ്തു. ഇംഗ്ലണ്ടിൽ നടപ്പിലിരുന്ന പുരാതനമായ "അംജേറിയാ" എന്ന തുറയെ ആദർശമാക്കിയാണു് ഇവിടെ ഈ വകുപ്പു് രൂപീകരിച്ചതെന്നു വ്യക്തമാണല്ലോ. അയംഞ്ജൽ (എയിഞ്ജൽ) (Angel) എന്നുവെച്ചാൽ ദൂതൻ എന്നാണല്ലോ അർത്ഥം. ഇപ്രകാരം (Angel) വകുപ്പു് ഇംഗ്ലീഷു ഭാഷ ഏററവും അനഭിജ്ഞമായിരുന്ന അക്കാലത്തു മലയാളഭാഷയിൽ അഞ്ജൽ എന്നും ക്രമേണ അഞ്ചൽ എന്നും രൂപാന്തരപ്പെട്ടതാണു്. അഞ്ചൽ വകുപ്പിന്റെ രൂപീകരണം നടത്തപ്പെട്ട ആദിമഘട്ടത്തിൽ Angel എന്നും കാലാന്തരത്തിൽ Anjel എന്നും പിൽക്കാലം Unjel എന്നും ബോർഡുകളിലും മററും ലിഖിതംചെയ്യപ്പെട്ടിരുന്നതായി കാണാം: ക്രി. വ. 1848-വരെ തിരുവിതാംകൂറിലെ അഞ്ചൽ തുറ സർക്കാരിന്റെ തനതു ഉപയോഗത്തിനു മാത്രമേ ഉദ്ദേശിക്കപ്പെട്ടിരുന്നുള്ളു. പ്രസ്തുത വകുപ്പു് പൊതുജനങ്ങളുടെ ഉപയോഗാർത്ഥം കൂടെ തുറന്നു കൊടുത്തതോടുകൂടി അഞ്ചൽക്കാരൻ എന്ന ഉദ്യോഗസ്ഥന്റെ ഔദ്യോഗികസംജ്ഞ അഞ്ചൽപിള്ള എന്നു ഭേദപ്പെടുത്തി. 1068-ാം (കൊല്ലം) മാണ്ടത്തെ അഞ്ചൽ റെഗുലേഷൻ എന്ന നിയമത്തിന്റെ നിർമ്മാണത്തോടുകൂടി അഞ്ചൽവകുപ്പു് പൂർവാധികം പരിഷ്കൃതമായി. അഞ്ചൽ പിള്ള എന്നും അഞ്ചൽ എന്നുമുള്ള ഉദ്യോഗപ്പേരുകൾ യഥാക്രമം അഞ്ചൽമാസ്ററർ എന്നും മെയിൽ റണ്ണർ എന്നും രൂപാന്തരപ്പെടുത്തി. ക്രി. വ. 1882-ൽ അഞ്ചൽ ഒരു

പ്രത്യേകവകപ്പാക്കി വേർതിരിച്ചു, ബ്രിട്ടീഷ് പോസ്റ്റൽസർവീസിലിരുന്നു പരിചയം സിദ്ധിച്ച ഒരു ഉദ്യോഗസ്ഥന്റെ ഭരണത്തിലാക്കി. പിന്നീട് ഈ വകുപ്പിൽ ക്രമാനുഗതമായി നടപ്പിൽ ആയിട്ടുള്ള പരിഷ്കാരഗതി സുപ്രസിദ്ധമാകയാൽ ഇവിടെ വിശദീകരിക്കേണ്ട ആവശ്യം ഉണ്ടെന്നുതോന്നുന്നില്ല.

൨൨-ാം അദ്ധ്യായം

പ്രാചീനകേരളത്തിലെ വാണിജ്യവും വ്യവസായവും.

ചരിത്രാതീതഘട്ടം.

മനുഷ്യർ ജീവിതഗതിയിൽ താഴ്ചയും ഉയർച്ചയും ഓരോ ഘട്ടങ്ങളിൽ സംഭവിക്കാറുള്ളതുപോലെതന്നെ, കേരളഭൂമിക്കും, പ്രശസ്തമായ കേരളപരിഷ്കാരത്തിനും താഴ്ചയുയർച്ചകൾ ഉണ്ടായിട്ടുണ്ട്. ചരിത്രാതീതമായ പുരാതനകാലത്തു കേരളം സമ്പൽസമൃദ്ധവും വാണിജ്യവ്യവസായവിശ്രുതവുമായിരുന്നു. അക്കാലങ്ങളിൽ വിശ്രുതനാവികന്മാരായിരുന്ന ഫെനീഷ്യർ, ഈജിപ്റ്റുകാർ, ഗ്രീക്കുകാർ, റോമൻകാർ, ആദിയായ സമുദായങ്ങൾ കേരളവുമായി നാവികവാണിജ്യം നടത്തിവന്നിരുന്നു. ദന്തം, സ്വർണ്ണം, ചന്ദനം ആദിയായ വിലയേറിയ കേരളവിഭവങ്ങളും, മയൂരം, ആൾക്കുരങ്ങ്, ആദിയായ കേരളത്തിലെ വിശിഷ്ടജീവികളെയും അവർകപ്പലിൽകയററി പാശ്ചാത്യദേശങ്ങളിൽ കൊണ്ടുപോയി കച്ചവടംചെയ്തുപോന്നു. പ്രസ്തുത നാവികന്മാരുടെ മാതൃഭാഷയായിരുന്ന ഹിബ്രൂവിൽ മയിലിനു "തുക്കി" എന്നു പറയപ്പെടുന്നു. പുരാതനതമിഴിൽ മയിലിനു "തോകൈ" എന്നാണു് പേർ. ആനക്കൊമ്പിനു "ഹാബിം" എന്നാണു ഹിബ്രൂപദം. ഇതു സംസ്കൃതത്തിലെ "ഇഭം" രൂപാന്തരപ്പെട്ടു് ഉണ്ടായതാണു്. കുരങ്ങിനു ഹിബ്രൂഭാഷയിൽ "കഫീം" എന്നാണുപദം. സംസ്കൃതത്തിലെ "കപി"ശബ്ദം യവനാദിനാവികന്മാർ രൂപാന്തരപ്പെടുത്തി "കംഫീ" ശബ്ദം

ഉണ്ടാക്കിയിട്ടുള്ളതാകുന്നു. ചന്ദനത്തിന്നു പ്രാചീന യവനഗ്രന്ഥങ്ങളിലും, ബൈബിളിലും "ആൽമഗ്ഗം" എന്നും "ആൽഗം" എന്നും നാമകരണംചെയ്തുകാണുന്നു. "വൽഗു" എന്നും "വൽഗുക" എന്നുമാകുന്നു സംസ്കൃതത്തിൽ ചന്ദനത്തെ കുറിയ്ക്കുന്ന ശബ്ദങ്ങൾ. "വൽഗു" അല്ലെങ്കിൽ "വൽഗുക" "ആൽഗം" "ആൽമഗ്ഗം" എന്നിപ്രകാരം യഹൂദ യവനാദിനാവികന്മാർ രൂപാന്തരപ്പെടുത്തിയിട്ടുള്ളതാകുന്നു. * ഈ ശബ്ദങ്ങൾ ദ്രാവിഡഭാഷയുടെ സ്വന്തമാണെന്നും സംസ്കൃതത്തിലേക്കു കലർന്നിട്ടുള്ളവയാണെന്നും ഡാക്ടർ കാർഡ്വെൻ അഭിപ്രായപ്പെടുന്നു. ബി. സി. 1000-ാമാണ്ടടുത്തു് സോളമൻ രാജാവിന്റെ കപ്പൽസമൂഹത്തിൽ ഓഫിറിൽനിന്നു കയററികൊണ്ടുപോകപ്പെട്ടിട്ടുള്ള സാധനങ്ങളുടെ പട്ടികയിൽ "ദന്തം" ചന്ദനം, ആൾക്കുരങ്ങു്, മയൂരം, എന്നിത്യാദി ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ഈ സാധനങ്ങൾ സമുദ്രസാമീപ്യമുള്ള കേരളരാജ്യത്തിൽസുലഭങ്ങളാണല്ലോ. സോളമന്റെ കപ്പൽസമൂഹം ഫെനീഷ്യന്മാരുടെ വാണിജ്യയാനപാത്രങ്ങളുടെ ഒരുവിഭാഗംമാത്രമായിരുന്നു. പ്രാചീനഫെനീഷ്യനാവികന്മാരുടെ നാവികസഞ്ചാരപരിധിയിൽ ഇൻഡ്യയെസംബന്ധിച്ചിടത്തോളം കേരളതീരമെ ഉൾപ്പെടുത്തുന്നുള്ളു. പ്രാചീനകാർത്തേജ്ജുനഗരത്തിന്റെ ഗോപുരകപാടം, കേരളത്തിൽനിന്നു കയററികൊണ്ടുവരപ്പെട്ടിട്ടുള്ള ചന്ദനമരംകൊണ്ടു പണിചെയ്യപ്പെട്ടിട്ടുള്ളതായിരുന്നു എന്നു മി. ഗോസ്‌വർത്ത്സ്മിത്തു് $ പ്രസ്താവിച്ചിരിക്കുന്നു. കേരളത്തിൽ സുലഭമായ കുന്തിരിക്കവും കരുവാപ്പട്ടയും പ്രാചീനയഹൂദക്ഷേത്രങ്ങളിൽ ധൂപാവശ്യാർത്ഥം ഉപയോഗപ്പെടുത്തിവന്നതായി മോസസ്സിന്റെ സുവിശേഷംകൊണ്ടു കാണാം. കേരളത്തിൽ യഹൂദന്മാർ ആദ്യമായി ഉപവേശംചെയ്തുകാലം ബി. സി. 6-ാം ശതവർഷമാണെന്നു കേരളത്തിലെ യഹൂദന്മാരുടെ ചരിത്രം വ്യക്തമാക്കുന്നതാണു്. സൈഗസ് ചക്രവർത്തിയുടെ സ്വേച്ഛാപരമായ ഭരണശൃംഖലയിൽ കുടുങ്ങി അടിമത്വം വരണംചെയ്യേണ്ടിവന്ന യഹൂദർ, ബന്ധനവിമുക്തരായി, അഭയസ്ഥാനങ്ങൾ ആരാഞ്ഞു പുറപ്പെട്ടു ബി. സി. 600-ാമാണ്ടു് അടു

* Lectures on the Source of Language vol. 1. P. 322.
$ Carthage and Carthageneans.

ത്താണല്ലോ. "കറുവ"യ്ക്കു ഹിബ്രുഭാഷയിൽ "കറുപ്പ" എന്നാണു പേർ." പുരാതന തമിഴ്ഭാഷയിൽ "കറുവ"യ്ക്കു "കറുപ്പ" എന്നായിരുന്നു രൂപം. ഋഗ്വേദത്തിൽ "മാണ" ശബ്ദം സ്വർണ്ണത്തിന്റെ ഒരുപരിമാണത്തെ ദ്യോതിപ്പിക്കുന്നു. ചാൽഡിയായിലും പിൽക്കാലം ഗ്രീസിലും ഗണിതശാസ്ത്രത്തിൽ ഈ പദം കടന്നുകൂടിയിട്ടുള്ളതായി കാണുന്നു. ഇപ്പോൾ ഈ പദം രൂപാന്തരം ഭവിച്ചു ലത്തീൻഭാഷയിൽ "മിനാ" എന്നു് ആയിത്തീർന്നിരിക്കുന്നു. ഈ പ്രാചീനനാവിക സമുദായങ്ങളും കേരളവുമായി ഉണ്ടായിരുന്ന വാണിജ്യബന്ധത്തെയാകുന്നു ഈപദം വ്യക്തീഭവിപ്പിക്കുന്നതു്. തമിഴിൽ ഗ്രാമത്തിനു "ഊർ" എന്നാണല്ലോ പദം. "ഊർ" ശബ്ദം പ്രാചീന ചാൽഡിയന്മാരും യഹൂദന്മാരും ഗ്രാമങ്ങളോടുചേർത്തു ഉപയോഗിച്ചു വന്നിരുന്നു. പുരാതന "ഊർ ചാൽഡി" ആയിരുന്ന മുഘീർ ഗ്രാമത്തിന്റെ നഷ്ടശിഷ്ടങ്ങളുടെ സ്ഥാനത്തു ഭൂഗർഭഗവേഷണങ്ങൾ നടത്തപ്പെട്ടതിന്റെ ഫലമായി ഒരുതേക്കുതടിക്കഷണം കണ്ടുകിട്ടുക ഉണ്ടായിട്ടുണ്ടു്. പ്രസ്തുത ഗ്രാമം സംയുക്തബാബിലോണിയായിൽ ആദ്യമായി നാടുവാണ ഒരു രാജാവു പണികഴിപ്പിച്ചിട്ടുള്ളതാണു്. ആ കാലം, ബി. സി. 3000-ാമാണ്ടടുത്തു് ആണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. തേക്കുവൃക്ഷം ദക്ഷിണഭാരതത്തിനു പ്രത്യേകമായുള്ള ഒരു വിഭവമാണു്. പ്രത്യേകിച്ചും കേരളത്തിൽ സഹ്യപർവ്വത പ്രദേശത്തും പരിസരങ്ങളിലും മാത്രമേ ഈവൃക്ഷം സമൃദ്ധിയായി വളരുന്നുള്ളു. ഹിബ്രുഭാഷയിൽ മസ്ലിനു "സിന്ധു" എന്നാണു രൂപം. കേരളവുമായി വാണിജ്യം നടത്തിക്കൊണ്ടിരുന്ന പ്രാചീനബാബിലോണിയന്മാരാദിയായ നാവികന്മാർ, കേരളരാജ്യത്തു നിന്നു ലഭിച്ചുവന്ന വിശിഷ്ട മസ്ലിനു "സിന്ധു" എന്നു അവർ പേർ വിളിക്കുവാൻ ഹേതു എന്തെന്നു് ആരായുന്നതു രസാവഹമായിരിക്കും. സിന്ധുനദീതീരവാസികളായിരുന്ന ആര്യന്മാർ അക്കാലത്തു തന്നെ ദക്ഷിണഭാരതത്തിലും വിശിഷ്യ കേരളത്തിന്റെ ദക്ഷിണാഗ്രം വരെയും കുടിയേറിപ്പാർത്തിരുന്നു. അവർ വിദഗ്ദ്ധരായ വ്യവസായികൾ ആയിരുന്നു. നാവികത അവർക്കു തീരെ പരിചയമില്ലായിരുന്നു. സമുദ്രതീരവാസികൾ ആയിരുന്ന കേരളദ്രാവിഡവർഗ്ഗക്കാർ ആര്യസഹോദരന്മാരുടെ വ്യവസായഫലങ്ങളായ വിശിഷ്ട വസ്ത്രാദികൾ അവരിൽ നിന്നു് ഏറ്റെടുത്തു വാണിജ്യം

നടത്തിപ്പോന്നു. സിന്ധുതീരനിവാസികളായിരുന്ന ആര്യന്മാർ നിർമ്മിച്ചുവന്ന വിശിഷ്ടാംബരങ്ങൾ അവരുടെ ആദിമദേശത്തിന്റെ നാമമായ "സിന്ധു" ശബ്ദത്താൽ തന്നെ അറിയപ്പെട്ടു വന്നു * ആ കാലത്തു കേരളത്തിൽ നെൽകൃഷി അഭിവൃദ്ധിയിൽ ഇരുന്നുവെന്നും കേരളീയർ നെല്ലുകുത്തി അരിയാക്കി വിദേശനാവികന്മാർക്കു വിററുവന്നുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അരിയ്ക്കു ഗ്രീക്കുഭാഷയിൽ "ഒറിസ" എന്നാണു പേർ, തമിഴിൽ "അരിശി" എന്നും പറയപ്പെടുന്നു. "അരിശി" ശബ്ദം യവനന്മാർ "ഒറിസ്സം" എന്നു രൂപാന്തരപ്പെടുത്തിയതായിരിക്കാനേ മാർഗ്ഗമുള്ളൂ. "ഒറിസ്സ്" എന്നു ഗ്രീക്കുശബ്ദത്തിൽ നിന്നാണ്, "റൈസ്സ്" എന്ന രൂപം ഇംഗ്ലീഷുഭാഷയിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളതു്. "സ്സിഞ്ജിബെർ" എന്നാണു ഇഞ്ചിക്കു യവനഭാഷയിലുള്ള പേർ. മലയാളഭാഷയിൽ "ഇഞ്ചി"യെന്നും "ഇഞ്ചിവേരെന്നും" ഇഞ്ചികിഴങ്ങിനു പേരുണ്ടായിരുന്നു. "ജിഞ്ജബേർ", എന്ന ഗ്രീക്കുരൂപത്തിൽനിന്നു "ജിഞ്ജർ" എന്ന ആംഗലഭാഷാശബ്ദമുണ്ടായി. ¶

പ്രാചീന കേരളം പുരാതന നാവികവർഗ്ഗക്കാരുടെ അതിപ്രധാനമായ വാണിജ്യകേന്ദ്രമായിരുന്നുവെന്നുള്ള അനുമാനം ഏതാദൃശങ്ങളായ തെളിവുകളാൽ ബലപ്പെടുകതന്നെ ചെയ്യുന്നു. എങ്കിലും അക്കാലങ്ങളിലെ കേരളചരിത്രത്തിന്റെ രചനയ്ക്കു ആസ്പദങ്ങളായ ഇതര തെളിവുകൾ ഇനിയും ലഭിച്ചിട്ടില്ല. എങ്കിലും ഏലിമലനാട്ടു ടിൻഡിസ്, (കടലുണ്ടി) മുജിറിസ് (മുയിരി-മുച്ചിറി-മുശ്രി), നീലകണ്ടം (കൊല്ലം-കല്ലട) എന്നീ പ്രാചീനകേരള നഗരങ്ങൾ മാർഗ്ഗമായി പ്രാചീനകാലത്തു വിദേശനാവികർ കേരളരാജ്യവുമായി വാണിജ്യം നടത്തി വന്നതായും ഫെനിഷ്യന്മാരുമായി കേരളീയർക്കു സിദ്ധിച്ച സംസർഗ്ഗത്തിന്റെ ഫലമായി ഭാരതഭാഷകൾക്കുള്ള ലിപികൾ രൂപപ്പെടുത്തുവാൻ സാധിച്ചതായും അനുമാനിക്കപ്പെട്ടിരിക്കുന്നു. "മുജിറിസ്സ്" കൊടുങ്ങല്ലൂർ ആണെന്നുള്ളതു സർവസമ്മതമാകുന്നു. പവിഴം, പവിഴപ്പുററു്, അഞ്ജനക്കല്ലു്, സ്വർണ്ണനിറ

---

* Vedie India. ɪ Ancient Commerce of India.

¶ Indian Antiquary Vol. i

മുള്ള ആമയോട്ടി, പാഷാണം, വെള്ളത്തീയം, കറുത്തീയം, ചെമ്പു്, സ്ഫടികം, കറിവേപ്പു്ചെടി, എന്നിത്യാദി സാധനങ്ങൾ വിദേശനാവികർ കേരളത്തിൽ ഇറക്കുമതി ചെയ്യുകയും വിശിഷ്ടങ്ങളായ മുത്തുകൾ, പുഷ്യരാഗം, വജ്രം, രത്നങ്ങൾ മുതലായ വിഭവങ്ങൾ കേരളത്തിൽ നിന്നു കയററിക്കൊണ്ടു പോകയും ചെയ്തുവന്നു. (1) പ്രാചീനഗ്രീക്കുരാജ്യങ്ങളുടെ അധഃപതനശേഷം റോമാസാമ്രാജ്യത്തിന്റെ സ്ഥാപനത്തോടുകൂടി റോമന്മാർ കേരളവുമായി വാണിജ്യം ആരംഭിച്ചു. അഗസ്റ്റസ്സ ചക്രവർത്തിയുടെ കാലംവരെയുള്ള ഘട്ടങ്ങളിലെ റോമൻനാണ്യങ്ങൾ കേരളത്തിൽ നാനാഭാഗങ്ങളിലും പ്രചാരത്തിൽ ഇരുന്നിരുന്നതായി അദ്യാപി കേരളീയരുടെ ഇടയിൽ അവശേഷിച്ചിട്ടുള്ള ആ നാണ്യങ്ങൾകൊണ്ടു് അനുമാനിക്കാവുന്നതാണു്. ബി. സി. 37 നും ഏ. ഡി 69 നും ഇടയ്ക്കുള്ള ദശയിലാണു റോമൻവാണിജ്യം കേരളരാജ്യതീരങ്ങളിൽ പ്രാബല്യത്തിൽ ഇരുന്നതെന്നു നിർണ്ണയിക്കാം.

൭൯-ാം അദ്ധ്യായം

പ്രാചീനകേരളതീരങ്ങളിലെ കടൽക്കള്ളന്മാർ

പുരാതനകാലത്തു കേരളതീരങ്ങളിൽ കടൽക്കള്ളന്മാരുടെ ശല്യം കലശലായിരുന്നു. ഗ്രീക്കുകാർ ആദിയായ പ്രാചീനനാവികന്മാർ കേരളവുമായി നാവികവാണിജ്യം നടത്തിക്കൊണ്ടിരുന്നകാലംമുതൽക്കുതന്നെ, സമുദ്രതസ്കരന്മാരുടെ പീഡ ഉണ്ടായിരുന്നതായി അവർ രേഖപ്പെടുത്തിയിട്ടുണ്ടു്. (1)പ്രാചീനകേരളതീരങ്ങളിൽ അസംഖ്യം സമുദ്രമുഖങ്ങളും ഉൾക്കടലുകളും ദ്വീപു

(1) Indian Artiquary vol. I.

(2) Mac Crindle's Commerce and Navigation of the Erythrean sea

Ref Pinkerton's Collection of Voyage and Travels

(1) പുരാതന. കേരളത്തിന്റെ സമുദ്രതീരങ്ങളും മററും വ്യക്തമാക്കുന്ന ഭൂപടം അനുബന്ധിച്ചിട്ടുണ്ടു്. (ഗ്രന്ഥകർത്താ).

കളും ഉണ്ടായിരുന്നതിനാൽ പ്രസ്തുതചോരന്മാരുടെ സ്വൈരമായ അധിവാസത്തിനും, അക്രമപരമായ വ്യാപാരത്തിനും, വേണ്ടുവോളം സൌകര്യംസിദ്ധിച്ചുവന്നു. കന്യാകുമാരിമുതൽ ബോംബെവരെയുള്ള പശ്ചിമതീരംമുഴുവനും, ഈ കള്ളന്മാരുടെ അധിവാസസ്ഥാനങ്ങളാൽ നിറഞ്ഞിരുന്നു. തന്നിമിത്തം പ്രാചീനനാവികന്മാർ, കപ്പലുകളിൽ, പടയാളികളെ, യുദ്ധോപകരണങ്ങൾസഹിതം കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. ഏഴിമലകളിലും, മംഗലപുരത്തും, കൊടുങ്ങല്ലൂരും, കള്ളർകോട്ടം, പിറക്കാട്ടം, മംഗോരത്തും മററുപല തീരസ്ഥാനങ്ങളിലും ഇവരുടെ സങ്കേതങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു. നൂറും, ഇരുന്നൂറും, അഞ്ഞൂറും, ആയിരവും കടൽകള്ളന്മാരൊരുമിച്ചുകൂടിയ തസ്കരപ്രമാണികൾ തീരദേശങ്ങളിലുള്ള ചില ദ്വീപുകളിലും മുനമ്പുകളിലും സങ്കേതം ഉറപ്പിച്ചു സമ്പന്നന്മാരായി കാലയാപനം ചെയ്തുപോന്നു. ആഫ്രിക്കൽതീരത്തുള്ള മാഡഗസ്കര (മാഡഗാസ്കർ) ദ്വീപും ഗോവാതീരത്തിനു സമീപത്തുള്ള "അഞ്ചുദ്വീപു"കളും, കൊടുങ്ങല്ലൂരിനു സമീപത്തുണ്ടായിരുന്ന "നൈത്ര" ദ്വീപും, അമ്പലപ്പുഴത്തീരത്തുള്ള "പോക്കാ" (പറക്കാട്ട്—പോക്കാട്ട് എന്നീ പേരുകളാൽ അറിയപ്പെട്ടിരുന്ന "പുറക്കാട്ട്") എന്ന മുനമ്പും കടൽക്കള്ളപ്രമാണികളുടെ അധിവാസസ്ഥാനങ്ങളായിരുന്നു.

വർഷകാലത്തു മത്സ്യംപിടിച്ചും, വേനൽക്കാലത്തു വഞ്ചികളിൽകയറി കപ്പലുകളെസമീപിച്ചു് ആക്രമിച്ചു കൊള്ളയും കൊലയും നടത്തിയും മുതലുണ്ടാക്കി, പങ്കിട്ടു ഉപജീവിക്കുകയായിരുന്നു ഈ കടൽക്കള്ളന്മാരുടെ നടത്ത. അവർക്കു വില്ലുകളും വിഷലിപ്തങ്ങളായ അസ്ത്രങ്ങളും ഉണ്ടായിരുന്നു. പ്ലിനി, ഏറിയൻ, ടോളമി മുതലായ പ്രാചീനനാവികസഞ്ചാരികൾ ഇവർക്കു "മൊളണ്ടന്മാർ" (Molandis) എന്നു സംജ്ഞനൽകിയിരിക്കുന്നു. ഇവർ തസ്കരവൃത്തിക്കു് ഉപയോഗപ്പെടുത്തിവന്ന വഞ്ചികൾക്കു് "തുമ്പ്" എന്നു പേരായിരുന്നു.

മദ്ധ്യകാലങ്ങളിൽ, കേരളത്തിലെ കായൽപ്രദേശങ്ങളിലും ഈ തസ്കരവർഗ്ഗത്തിന്റെ ഭയങ്കരവ്യാപാരകേന്ദ്രങ്ങൾ ഉണ്ടായിരുന്നു.

Ref. Churchill— Collection of Voyages and travels

പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടി കടൽക്കള്ളന്മാരെ ഉന്മൂലനംചെയ്യാൻ അവർ പലഗഡുക്കളിലും ശ്രമിച്ചിട്ടുണ്ട്. എങ്കിലും അവരുടെ ശ്രമം സഫലീഭവിച്ചില്ല. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പെനിക്കാരുടെ നേതൃത്വത്തിൽ പലഗഡുക്കളിലും കടൽക്കള്ളന്മാരെ നശിപ്പിക്കുവാൻ പ്രസ്ഥാനങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. അഡ്മിറൽവാട്സനും, ക്ലൈവുംകൂടി പശ്ചിമസമുദ്രങ്ങളിൽ, ഈ ഭയങ്കരജാതികളെ ഉന്മൂലനംചെയ്തു. അവിടെനിന്നു തെററിഒഴിഞ്ഞവർ പലരും കേരളത്തിലെ കായൽപ്രദേശങ്ങളിൽ കടന്നു സ്വൈരവിഹാരം ആരംഭിച്ചു. കായലുകളിലും കുട്ടനാടൻപ്രദേശങ്ങളിലും പിന്നെയും കുറേക്കാലം ഇവരുടെ അക്രമരംഗങ്ങൾ നിത്യവും ആവിർഭവിച്ചുകൊണ്ടിരുന്നു. തിരുവിതാംകൂറിലെ മന്ത്രിയായിരുന്ന ശൂരപുരുഷനായ വേലുത്തമ്പിദളവായുടെ നിരന്തരശ്രമത്തിൻെറഫലമായി, കാങ്കുളം, വേമ്പനാട്ട് മുതലായ കായലുകളിലെയും, കുട്ടനാടൻ പുഞ്ചപ്പാടങ്ങളിലെയും "കടൽക്കള്ള"ന്മാരുടെ ചോരവൃത്തികൾക്കു നിശ്ശേഷം നിലവുവരുത്തി.

കടൽക്കള്ളന്മാരുടെ സാഹസികങ്ങളായ ഹീനകർമ്മങ്ങളുടെ ഭയങ്കരതയേ വെളിപ്പെടുത്തുന്നവയായ ചില ഐതിഹ്യങ്ങൾ, അദ്യാപി കേരളത്തിൽ പലഭാഗങ്ങളിലും നിലനിന്നുപോരുന്നുണ്ട്.

൩൦-ാം അദ്ധ്യായം.

കേരളത്തിലെ മത്സ്യങ്ങളും മററു ജലജന്തുക്കളും.

കേരളത്തിലെ മത്സ്യങ്ങളെ കടൽമീൻ, കായൽമീൻ, ആററുമീൻ എന്നിങ്ങനെമൂന്നുതരമായിവിഭജിക്കാവുന്നതാണ്.

ആറുകൾ, പുഞ്ചനിലങ്ങൾ മുതലായ ജലാശയങ്ങളിൽ വളരുന്ന പ്രധാനപ്പെട്ട മത്സ്യങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

Ref. Hackluyits' Voyages Vol. V
Mac Crin the's Ptolomy

വരാൽ, കരിമീൻ, ചേർമീൻ, വാകമീൻ, കരുവാപ്പരൽ, കടിയൻപരൽ, പള്ളത്തി, ക്രൂരി (മഞ്ഞക്രൂരി, വെള്ളക്രൂരി) വാള, നരിമീൻ, കൊഞ്ച്, കണമ്പ്, ആരകൻ, കാരി, ചില്ലാൻ മുശി, മുരശ്ശ്, കോല. നന്തൻ, ചേരപ്പിയാൻ.

കായൽമീൻ:—കായൽമാലാ, തെരണ്ടി. കൊമ്പൻസ്രാക്ക്, കായൽകൊഞ്ച്, നച്ചകരിമീൻ, പൂമീൻ.

കടൽമീൻ: – മത്തി. (ചാള) അയില, കരുച്ചി, പാമ്പാട, കുട്ടൻ, മണങ്ങ്, ചെമ്മീൻ, മുരൽ, കണവ, നൊണ്ണ്, നെത്തോലി, പരവ, നെന്മീൻ, ആവോലി, ചൂര, വങ്കട, കടൽ തെരണ്ടി, നങ്ക്, വയമ്പ്, തേട്ടക്രൂരി(ഏട്ടക്രൂരി)പാൽസ്രാവ്.

ആമകൾ:—കാരാമ, കടലാമ, വെള്ളാമ.

൬൧-ാം അദ്ധ്യായം.

പ്രാചീനകേരളത്തിൽ കേരളവൈദ്യപദ്ധതിയിൽ ഔഷധത്തിനു ഉപയോഗിക്കുന്ന മൃഗങ്ങളും, ജന്തുക്കളും.

മത്സ്യങ്ങൾ, പ്രാണികളും, പറവകകൾ, ഇഴജന്തുക്കൾ, ദന്തങ്ങൾ, കൊമ്പുകളും. അണ്ഡങ്ങൾ, കാഷ്ഠങ്ങൾ ഇത്യാദി.

ദന്തം, ആനവാൽ, പുലിമീശ, പുലിപ്പല്ല്, ആനപ്പല്ല്, കലംകൊമ്പ്, വെരുകിൻ പുഴു, വെരുകിൻ ചട്ടം, ഗോരോചന, പുലിനഖം.

ഗോമൂത്രം, ചാണകം, പാൽ, തൈരിൻവെള്ളം, വെണ്ണ, പശുവിൻനെയ്യ്, എരുമനെയ്യ്, എരുമപ്പാൽ, ആട്ടിൻ വെണ്ണ, ആട്ടുമാംസം, ആട്ടിൻതല, ആട്ടിൻ കരൾ, ആട്ടിൻ കുടൽ, ആട്ടിൻ കാൽ, ആട്ടിൻ നട്ടെല്ല്, പന്നിത്തേററ, ചീങ്കണ്ണിമാംസം, സ്രാവിൻനെയ്യ്, തെരണ്ടി മാംസം, തെരണ്ടി വാൽ, മത്തി, മത്തിനെയ്യ്, ഞാഞ്ഞൂൽ, ചെളിഞര, മരമാക്രി, തവളമാംസം, തവളനെയ്യ്, ചേരമാംസം, ചേരനെയ്യ്, പെരുമ്പാമ്പിൻനെയ്യ്, മയിൽ എണ്ണ, മയിൽപീലി, മാടപ്രാവ്, മാടപ്രാവിൻ മുട്ട, മാടപ്രാവിൻ കാഷ്ഠം, കാക്കമാംസം, കാക്ക

കരൾ, കോഴിമാംസം, കോഴിമുട്ട, താറാമ്മുട്ട, നരമൂത്രം, നരമലം, നീറിൻക്കൂട്, നീറിൻമുട്ട, ചോനൽ, നെയ്യുറുമ്പ്, കുളയട്ട, അട്ടകഷായം, കൊക്കരണി, ഞണ്ട്, കാടപ്പക്ഷി, പരന്തിൻ കാഷ്ഠം, കുരുവിക്കൂട്, വേട്ടാവെളിയൻക്കൂട്, കരുത്തട്ട, കാരാമ, വെള്ളാമ, ആമത്തോട്, അണ്ണാൻ, മുയൽ, ഓന്തിൻ ചോര, ഉടുമ്പ്മാംസം, വാവൽച്ചോര, (മാംസം) ഞെരച്ചിൽ, വൻതേൻ, ചെറുതേൻ, കടന്നൽക്കൂട്, പാമ്പിൻമുട്ട, പാമ്പിൻ പടം, കുഴിയാന, മൂട്ട, കരിമ്പൂച്ച (മാംസം) കരിമന്തി (മാംസം) ഞാറപ്പക്ഷി, കരടിനെയ്യ്, പന്നിനെയ്യ്, ആട്ടിൻമൂത്രം, കണ്ടിവെണ്ണ.

൱൨-ാം അദ്ധ്യായം.

കേരളത്തിലെ മൃഗങ്ങൾ മുതലായവ.

വളൎത്തുമൃഗങ്ങൾ:—പശു, കാള, പോത്തു, എരുമ, ആട്, ആന, കുതിര, കഴുത, പോക്ക്, പട്ടി, പൂച്ച, മുയൽ, വെരുക്, കുരങ്ങ്.

കാട്ടുമൃഗങ്ങൾ:—ആന, പുലി, കടുവ, കരടി, പന്നി, കാട്ടുപോത്ത്. മാൻ, കല, മുള്ളൻപന്നി, അണ്ണാൻ, കരങ്ങ്, കരിമന്തി, കുറുക്കൻ (കുറുനരി) മുയൽ, വെരുക്, കാട്ടുപട്ടി.

മററു വന്യജന്തുക്കൾ:—ഉടുമ്പ്, ഓന്ത്, അരണ, പാമ്പ്, വണ്ട്, കടന്നൽ, തേനീച്ച, വാവൽ, കാനാവള്ളി, പെരുന്തേരട്ട, കുറുത്തട്ട, ഭ്രാന്തനട്ട.

വീട്ടിലും നാട്ടിലുമുള്ള പ്രാണികൾ:—ഈയൻ, ഈച്ചകൾ, കൊതുക്, ചീവിട്, വെട്ടുകിളി, ഓണപ്പക്ഷി, നീറ്, നെയ്യുറുമ്പ്, കാട്ടുറുമ്പ്. കട്ടുറുമ്പ്, കൂനൻഉറുമ്പ്, ചോനൽ, ചിതൽ, വെഞ്ചിതൽ, ഗൌളി, അരണ, ഇരുതലമൂരി, പെരുച്ചാഴി, വീട്ടെലി. ചുവന്നട്ട, മാക്രി.

ഭവനങ്ങളിലെ കയ്യേറക്കാരായ ജന്തുക്കൾ:—എട്ടുകാലി, ചിലന്തി. അരണ, പല്ലി, ചിതൽ, മൂട്ട, ഞെരച്ചിൽ, വണ്ട്, ഈച്ച, എറുമ്പ്. ചെവിപ്പൂരം, വീട്ടെലി, ചുവന്നട്ട (നമ്പൂരിയട്ട എന്നും പേരുണ്ട്.)

മനുഷ്യരുടെ തലയിൽ വളരുന്ന പ്രാണികൾ;—പേൻ, ഈരു്, ചാരികൊണ്ടു്.

പശു പട്ടി പൂച്ച മുതലായ ജന്തുക്കളുടെ ഉടലിൽ ജീവിക്കുന്ന പ്രാണികൾ:—ചെള്ളു്, വട്ടൻ.

വളർത്തുപക്ഷികൾ:—കോഴി, (നാടൻകോഴി, തുക്കിക്കോഴി, പാത്ത, താറാവു്, തത്തമ്മ, മൈനാ, (മാടത്ത) പഞ്ചവണ്ണക്കിളി.

വന്യപക്ഷികൾ;—കാക്ക, കടൽക്കാക്ക, കുരുവി, കുരിയിൽ, ആടയ്ക്കാക്കുരിയിൽ, കുവി, കരിയിലപ്പക്ഷി, മണ്ണാത്തിപ്പക്ഷി, കൊക്കു്, ഞാറ, മുണ്ടി, ചെങ്ങാലി, പൊൻമാൻ, ഇരട്ടത്തലച്ചി, വാലുകുണുക്കി, തുക്കണാംകുരിയിൽ, ഉപ്പൻ, മരംകൊത്തി, നാരായണപ്പക്ഷി, ചില കാലങ്ങളിൽ മാത്രം കേരളത്തിൽ ചേക്കേറി "അച്ചൻ കൊമ്പത്തു്" "അച്ചൻ പെൺകട്ടു"—"അമ്മ വരമ്പത്തു്," ഇത്യാദി ഓരോരുത്തരുടെ മനോധർമ്മം പോലെ തോന്നിക്കുന്ന ധ്വനിയിൽ കൂജനം ചെയ്യുന്ന പക്ഷി, (വേഴാമ്പൽ) പരുന്തു്, മാടപ്രാവു്, മഞ്ഞപ്പക്ഷി, പഞ്ചവണ്ണക്കിളി, തത്ത, മാടത്ത, കാട, കുയിൽ, കാക്കത്തമ്പുരാട്ടി, കഴുകൻ, കാട്ടുകോഴി, ഓലയിൽ ഞാലി.

വെള്ളത്തിൽ മുട്ട ഇടുന്ന ജന്തുക്കൾ:—ദാണ്ടൻകാക്ക, പൊൻമാൻ, താറാവു്.

ജലജന്തുക്കൾ:—ജളൂകം, (നീരട്ട) നീർപ്പുളവൻ (നീർക്കോലി) ആമ, മത്സ്യം, കഴുനായു്, നീർക്കുതിര, ചീങ്കണ്ണി, മുതല, കാനാവളി, കയപ്പാമ്പു്, തവള, കടൽപ്പന്നി.

൩൩-ാംഅദ്ധ്യായം.

ദേശനാമപരങ്ങളായ ചില ഗവേഷണക്കുറിപ്പുകൾ.

ചങ്ങനാശേരി.

"ചങ്ങനാശേരി" എന്ന ദേശനാമത്തിന്റെ ആഗമം അതിപുരാതനമായ ചരിത്രകാര്യങ്ങളുമായി വളരെ ബന്ധപ്പെട്ടതാണ്, എന്നുമാത്രമല്ല, മനുഷ്യസമുദായ ചരിത്രത്തോടും, ഇപ്പേരിനു വളരെ വലുതായ ബന്ധം ഉണ്ട്. മലയാളദേശത്തെ പുരാതനവർഗ്ഗക്കാരായ നായന്മാരുടെ ആചാരങ്ങൾക്കും, നടപടികൾക്കും എന്നുമാത്രമല്ല, അവരുടെ ഗൃഹങ്ങൾക്കുപോലും, നേപാളത്തെ നീവാറി വർഗ്ഗക്കാരുടെയും രാജപുട്ടാണയിലെ നീഗരവർഗ്ഗക്കാരുടെയും ആചാരമര്യാദകളും, ഭവനങ്ങളുമായി അത്ഭുതകരമായ ഐകരൂപ്യം ഉണ്ടെന്നുള്ള നിസ്തർക്കമായ അവസ്ഥയ്ക്കു് ആസ്പദമായിരിക്കുന്ന അജ്ഞാതമായ ഹേതു അനാച്ഛാദനം ചെയ്‌വാനും, "ചങ്ങനാശേരി" ദേശനാമത്തിന്റെ ആഗമചരിത്രം സഹായപ്രദമായി ഭവിക്കുന്നതാണ്.

ചങ്ങനാശേരിദേശത്തിന്റെപുരാതനനാമം "ചങ്ങനാട്" എന്നായിരുന്നു, (1) "ചേരി" എന്നാൽ "ദേശം" എന്നാകുന്നു അർത്ഥം. കാലാന്തരത്താൽ "നാട്" എന്ന ശബ്ദത്തിന്റെ സ്ഥാനത്തു "ചേരി" എന്ന തമിഴ് ശബ്ദം ഉപയോഗത്തിലായി. നമ്പൂതിരി ബ്രാഹ്മണരുടെ സാമീപ്യത്തിന്റെ ഫലമായി "ചേരി"കൾ എല്ലാം "ശ്ശേരി"കളായിരൂപാന്തരപ്പെട്ടു. "ചങ്ങനാട്ടു ചേരി" (അതാവിതു് ചങ്ങനാട്ടുകാരുടെ ചേരി എന്നർത്ഥം) ഉച്ചാരണസൌകര്യം പ്രമാണിച്ചു് "ചങ്ങനാചേരിയായി ലോപിച്ചു. ക്രമേണ "ചങ്ങനാശേരി" എന്ന രൂപം സിദ്ധിച്ചു. ഇതാണു പദത്തിന്റെ ചരിത്രം.

ഇനിയും ചിന്തിക്കുവാനുള്ളതു്, "ചങ്ങനാട്" ഏതെന്നും "ചങ്ങനാട്ടുകാർ" ആരെന്നും, അവർ ഏതൊരുകാലത്തു് എന്തു കാരണവശാൽ ചങ്ങനാശേരി എന്ന നാമത്താൽ അറിയപ്പെടുന്ന പ്രദേശത്തു വന്നെത്തിയെന്നും, ഈ വർഗ്ഗക്കാരുടെ ഉപവേശപ്രവാഹതരംഗങ്ങൾ, കേരളത്തിൽ മറേറതെങ്കിലും പ്രദേശ

(1) കേരളോല്പത്തി.

ങ്ങളിലും പൂർവ്വകാലത്തു വ്യാപിച്ചിട്ടുണ്ടോയെന്നും, മററുമുള്ള വാദമുഖങ്ങളെക്കുറിച്ചാകുന്നു. അശോകചക്രവർത്തിയാൽ സ്ഥാപിതമായ മൌര്യസാമ്രാജ്യത്തിൻെറ സീമകൾക്കുള്ളിൽ കേരളം മുതലായ ചുരുക്കം ചില പ്രദേശങ്ങൾ ഒഴിച്ചുള്ള ഭാരതഖണ്ഡവും പ്രാന്തദേശങ്ങളും ഉൾപ്പെട്ടിരുന്നുവല്ലോ. അതിവിസ്തൃതമായ പ്രസ്തുതസാമ്രാജ്യം, കരബലം കൊണ്ടു സ്ഥാപിച്ച് സമസ്തജനങ്ങൾക്കും സ്വീകാര്യവും ഹിതകരവുമായിരുന്ന ബുദ്ധമതതത്വങ്ങളുടെ പ്രചരണവും, ഗുണകരവും, ക്ഷേമസംവർദ്ധകവുമായ ഭരണസമ്പ്രദായവും കൈക്കൊണ്ടു്, ഉറപ്പിച്ചു. അനശ്വരപ്രതാപശാലിയായി സർവ്വജനസമാരാധ്യനായി ചെങ്കോൽ നടത്തിവന്ന അശോകചക്രവർത്തിയുടെ അധീശത്വം അയൽ രാജാക്കന്മാർപോലും സമ്മതിച്ചിരുന്നുവെന്നുള്ള വസ്തുതയും നാം പ്രത്യേകം ഓർമ്മിക്കേണ്ടതാകുന്നു. അക്കാലത്തു ഉത്തരദേശീയരും ദക്ഷിണദേശീയരും തമ്മിൽ സ്ഥായിയായ സാഹചര്യങ്ങൾ ഉണ്ടായിരുന്നു. മതപരമായും സാമ്രാജ്യപരമായും സംഭവിച്ചിരുന്ന നൂതനമായ ഐക്യം പ്രസ്തുത സാഹചര്യങ്ങളെ വളർത്തിക്കൊണ്ടുതന്നെ ഇരുന്നു.

അശോകൻെറ കാലശേഷം ആ സാമ്രാജ്യം കുറേക്കാലം കൂടി പൂർവ്വപ്രതാപത്തോടേതന്നെ നിലനിന്നു വരവെ, ഒടുവിലത്തെ ചക്രവർത്തി അദ്ദേഹത്തിൻെറ സർവ്വസൈന്യാധിപനായ പുഷ്യമിത്രനാൽ വധിക്കപ്പെട്ടു. ആ സർവ്വസൈന്യാധിപൻ സംഗവംശജനായ ഒരു ക്ഷത്രിയൻ ആയിരുന്നു. പുഷ്യമിത്രൻ മഗധാസാമ്രാജ്യചക്രവർത്തിയായി ഭരണം തുടങ്ങി. ഇപ്രകാരം സംഗരാജവംശത്തിനു സാമ്രാജ്യം അധീനമായി. പുഷ്യമിത്രസംഗചക്രവർത്തിയുടെ ഭരണകാലത്തു്, ഗ്രീക്കുരാജാവായ മെനന്ദർ, പശ്ചിമഭാഗത്തുകൂടി ഭാരതഖണ്ഡത്തെ ആക്രമിച്ചു. പഞ്ചനദീപ്രദേശത്തു മെനന്ദർ പലേയുദ്ധങ്ങൾനടത്തി. യമുനാതീരത്തുള്ള മധുരാപുരി ഗ്രീക്കുകാർക്ക് സ്വാധീനമായി. എങ്കിലും പുഷ്യമിത്രൻ മേനന്ദരെ മഗധാസാമ്രാജ്യപ്രാന്തങ്ങളിൽ വച്ചു പരാജിതനാക്കി പലായനം ചെയ്യിച്ചു. ആ ഘട്ടത്തിൽ കലിംഗരാജ്യം സാമ്രാജ്യബന്ധത്തിൽനിന്നു വിരമിച്ചു. കലിംഗരാജ്യത്തിൽ പുഷ്യമിത്രചക്രവർത്തി സംസ്ഥാനാധിപതിയായി നിയമിച്ചിരുന്ന കരവേലൻ സൈന്യസഹായത്തോടുകൂടി സ്വതന്ത്രനായിത്തീരുകയാലാണു് ഇങ്ങനെസംഭവിച്ചതു്.

കരവേലൻ മഗധാചക്രവത്തിയുടെ ഒരു സേനാവിഭാഗത്തെ യുദ്ധത്തിൽ തോല്പിച്ചു. പുഷ്യമിത്രന്റെ പുത്രനായ അഗ്നിമിത്രൻ വിദർഭരാജാവിനെ യുദ്ധത്തിൽ ജയിക്കുകയും, പിതാവും പുത്രനും കൂടി സംഗരാജവംശത്തിന്റെ നില ഭാരതത്തിൽ സുസ്ഥിരമാക്കുകയും ചെയ്തു. അനന്തരം അശ്വമേധം എന്ന മഹായജ്ഞം നടത്തപ്പെട്ടു. യജ്ഞവിയത്തെയുംകൊണ്ടു യുദ്ധസന്നാഹങ്ങളോടുകൂടി രാജ്യങ്ങൾതോറും സഞ്ചരിച്ചതുചക്രവത്തിയുടെ പുത്രനായ വസുമിത്രൻ ആയിരുന്നവത്രെ. അശ്വമേധമഖത്തിനു സന്നിഹിതരായിരുന്ന പണ്ഡിതന്മാരുടെകൂട്ടത്തിൽ പതഞ്ജലികൂടി ഉണ്ടായിരുന്നതായി അനുമാനിക്കപ്പെട്ടിരിക്കുന്നു. സംഗരാജാക്കന്മാരുടെ കാലത്തു് ബുദ്ധമതത്തിനുക്ഷയം സംഭവിക്കുവാൻ ആരംഭിച്ചുവെന്നു് അശ്വമേധദീക്ഷയിൽനിന്നു പ്രത്യക്ഷമാണല്ലോ. പുഷ്യമിത്രന്റെ കാലം ബി. സി. 184-ാമാണ്ടിനു സമീപിച്ചായിരുന്നു. ബ്രാഹ്മണക്ക ചക്രവത്തിയിൽ ഉണ്ടായിരുന്ന അമിതമായ സ്വാധീനശക്തിനിമിത്തം, ബുദ്ധമതാവലംബികൾക്കു സാമ്രാജ്യങ്ങളിൽ പലവിധസങ്കടങ്ങൾ നേരിട്ടുകൊണ്ടിരുന്നു. രാജകീയമതത്തിന്റെ സ്ഥാനം, വീണ്ടും ഹിന്ദുമതത്തിനു സംഗരാജാക്കന്മാർ നൽകിയതോടുകൂടി, ബുദ്ധന്മാരെ ഹിംസിക്കുവാനും ആരംഭിച്ചിരുന്നു. തന്നിമിത്തം സംഗസാമ്രാജ്യത്തിൽനിന്നും പലരും പ്രാന്തരാജ്യങ്ങളിലേക്കു പ്രയാണം ചെയ്തിട്ടുണ്ടു്. ഒരു ശതവർഷത്തിൽ കൂടുതലായ കാലത്തേക്കു സംഗരാജവംശത്തിന്റെ മഗധാധിപത്യം നിലനിന്നില്ല. ബി. സി. 72-ാമാണ്ടോടടുത്തകാലത്തു മഗധാസാമ്രാജ്യം വാണിരുന്ന ദേവഭൂതി "(ദേവഭൂമി" എന്നും പാഠാന്തരം കാണുന്നു.) എന്ന സംഗചക്രവത്തിയെ വാസുദേവൻ എന്ന ബ്രാഹ്മണമന്ത്രിയുടെ ദുഷ്പ്രേരണപ്രകാരം ഒരു വേശ്യ വധിച്ചു. അനന്തരം "വാസുദേവൻ" മഗധാചക്രവത്തിയായിതീൻനു. വാസുദേവന്റെ പൂൎവ്വികൻ "കണ്വൻ" എന്ന ബ്രാഹ്മണനായിരുന്നു. അദ്ദേഹം ചതുൎത്ഥാശ്രമം സ്വീകരിച്ചു ഭാരതഖണ്ഡത്തിൽ പലേ സ്ഥലങ്ങളിലും തപോനിഷ്ഠനായി താമസിച്ചിരുന്നു. അന്ത്യഘട്ടത്തിൽ അദ്ദേഹം മദ്ധ്യകേരളത്തിൽ ഇപ്പോൾ "കണ്ടശ്ശ" എന്നറിയപ്പെട്ടുവരുന്ന പ്രദേശത്തുള്ള "കരിമല" എന്ന ശൈലത്തിൽ ഒരു ഗുഹയിൽ തപസ്സുചെയ്തും

അവിടെ ഒരു ശിവലിംഗം വച്ചു പൂജിച്ചും സമാധിയടഞ്ഞതായി ഒരു ഐതിഹ്യം ഉണ്ടു്. വാസുദേവൻ മഗധരാജ്യാധിപതിയായി തീൎന്ന (1) ശേഷം, പിതാമഹൻെറ സമാധി സ്ഥാനം കണ്ടുപിടിച്ചു്, അതിൻെറ സമീപത്തായുള്ള ജനസ്ഥാനത്തു് ഇപ്പോൾ കാണപ്പെടുന്ന കണ്ടഴക്ഷേത്രം പണികഴിപ്പിച്ചു് ശിവപ്രതിഷ്ഠ നടത്തിച്ചു, ക്ഷേത്രത്തിലെ പൂജാദികൾക്കവേണ്ട വസ്തുവകകളും ഒരു ബ്രാഹ്മണനെ ഏല്പിച്ചിട്ടു തിരിച്ചുപോയി. പിതാമഹൻെറ പേരായ "കണ്വ" എന്നുള്ള അഭിസംജ്ഞയാലാണു വാസുദേവൻെറ വംശം അറിയപ്പെടുന്നതു്. കണ്വരാജവംശം അൎദ്ധശതവൎഷത്തോളം സാമ്രാജ്യം ഭരിച്ചു. ഒടുവിലത്തെ രാജാവായ സുശൎമ്മൻ കണ്വ സമാധിസ്ഥാനം സന്ദൎശിക്കവാൻ മദ്ധ്യകേരളത്തിൽ വന്നു, "കണ്ടഴ" ക്ഷേത്രസങ്കേതത്തിൽ താമസിച്ചിരുന്നു. അക്കാലത്തു് ആന്ധ്രരാജാവു മഗധ ആക്രമിച്ചു. സുശൎമ്മരാജാവിനെ ആരാഞ്ഞു പുറപ്പെട്ട ആന്ധ്രചാരന്മാർ, കണ്ടഴ ക്ഷേത്രസങ്കേതത്തിൽ വച്ചു്, അദ്ദേഹത്തെ നിഗ്രഹിച്ചു. അപമൃത്യു ഭവിച്ച സുശൎമ്മൻെറ ബ്രഹ്മരക്ഷസ്സിനെ കണ്ടഴ ക്ഷേത്രസങ്കേതത്തിൽ തന്നെ ഒരുഭാഗത്തു പ്രതിഷ്ഠിച്ചു പൂജാദികൾ അദ്യാപി നടത്തിപ്പോരുന്നു.

ഇത്രയും പ്രസ്താവിച്ചതു് എന്തിനെന്നാൽ, അശോകൻെറ ബുദ്ധസാമ്രാജ്യത്തിൽ, സംഗരാജാക്കന്മാരുടെ ആധിപത്യം ആരംഭിച്ചതോടുകൂടി നേരിട്ടുകൊണ്ടിരുന്ന അസ്വസ്ഥതകളും, സൈ്വരജീവിതവൈഷമ്യങ്ങളും എത്രമാത്രമായിരുന്നുവെന്നു് കാണിക്കവാൻ വേണ്ടിയാകുന്നു. സംഗരാജാക്കന്മാരുടെ ഭരണകാലത്തു മഗധസാമ്രാജ്യത്തിൽ നിന്നു് ബുദ്ധജനങ്ങൾ പല സംഘങ്ങളായി സംഗപ്രാബല്യം കുറവായിരുന്ന ദക്ഷിണദേശങ്ങളിലേക്ക ദേശാന്തരഗമനം ചെയ്തിട്ടുണ്ടു്. അക്കൂട്ടത്തിൽ സ്വതന്ത്ര രാജ്യങ്ങളായ കേരളനാടുകളിലേയും സംഗബുദ്ധ സമൂഹങ്ങൾ ഉപവേശം ചെയ്തു. അക്കാലത്തിനു വളരെ മുൻപു തന്നെ കേരളത്തിൽ ബുദ്ധമതത്തിനു പ്രചാരം സിദ്ധിച്ചിരുന്നതിനാൽ സംഗരാജ്യജനങ്ങൾക്ക കേരളമണ്ഡലത്തിനുള്ളിൽ മുക്തകണ്ഠമായ സ്വാഗതവും അഭയവും ലഭിക്കമെന്നു പ്രതീക്ഷിക്കപ്പെടാവുന്നതുമാണല്ലൊ. ഇപ്രകാരം ബി. സി. 184-ൽ

(1) കണ്ടഴക്ഷേത്രസ്ഥലപുരാണം.

ശേഷം, ഒരു ശതവർഷത്തിനകം പല ഗഡുക്കളിലായി കേരളത്തിൽ ഉപവേശം ചെയ്ത "സംഗനാട്ടുകാർ" യുദ്ധവീരന്മാരായ നീവാറികളുടെയോ നീഗറന്മാരുടെയോ വർഗ്ഗത്തിൽപ്പെട്ടവരായിരിക്കണമെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ പ്രാചീനകാലം മുതൽ ഉപവേശം ചെയ്തിട്ടുള്ള ജനസമൂഹങ്ങൾ, അവരുടെ വർഗ്ഗനാമത്താലല്ല, അവരുടെ രാജനാമത്തോടു സംഘടിതമായ നാമത്താലാകുന്നു അറിയപ്പെട്ടുവന്നത്. തന്നിമിത്തം പ്രസ്തുത ഉപവേശകന്മാർക്കു "സാംഗനാട്ടു"കാർ എന്ന് ഏതദ്ദേശീയർ സംജ്ഞ നൽകി. സംഗനാട്ടുകാർ വന്നു താമസിച്ച ദേശത്തിനു "ചങ്ങനാട്ടുചേരി" എന്നു നാമം സിദ്ധിച്ചു. ആ പദത്തിന്റെ ഗ്രാമ്യരൂപമാകുന്നു ചങ്ങനാചേരി, അഥവാ ചങ്ങനാശേരി. "സംഗരാജ്യക്കാർ" ഉപവേശം ചെയ്തിട്ടുള്ള മററു സ്ഥലങ്ങളിൽ ചിലവ, അദ്യാപി നിലനിന്നുപോരുന്ന ദേശസംജ്ഞകളിൽ നിന്നു നിശ്ചയിക്കാവുന്നതാണ്. ചങ്ങലപുരം (ചങ്ങവലയപുരം അതാവിതു ചങ്ങന്മാരാൽ വലയപ്പെട്ടിരിക്കുന്ന പുരം) ചെങ്ങമനാട് (ചങ്ങ-മന-നാട്) ചിങ്ങവനം (ചങ്ങ-മനയം-ചെങ്ങമനം-ചിങ്ങമനം-ചിങ്ങവനം - ഇങ്ങനെ രൂപഗതി) ചെങ്ങഴശ്ശേരി (ചങ്ങ + വഴി + ചേരി-ചെങ്ങവഴിച്ചേരി-ചെങ്ങഴശ്ശേരി) ചങ്ങൻകരി; മുതലായ ദേശനാമങ്ങൾ ഈ വർഗ്ഗക്കാരുടെ പുരാതനോപവേശത്തിന്റെ അവശിഷ്ടലക്ഷ്യങ്ങളാകുന്നു. ഇവരുടെ വർഗ്ഗത്തിൽപ്പെട്ട പല സമൂഹങ്ങളും പൂർവ്വകാലങ്ങളിൽ കേരളനാടുകളിൽ ഉപവേശംചെയ്തു, നാഗാരാധകന്മാരായ ഏതദ്ദേശീയരിൽ സങ്കരിച്ചു ലയിച്ചിട്ടുള്ളതുപോലെ, ഇവരും നായർ വർഗ്ഗത്തിൽ ലയിച്ചിരിക്കുകയാണ്. ഉദ്ദേശം അർദ്ധശതവർഷം മുൻപുവരെ, കേരളത്തിൽ ചില പ്രദേശങ്ങളിൽ "ചങ്ങ" എന്ന പദം പൂജകമായി പേരിനോടു ചേർത്തു, നായന്മാരെ, മററു ചില സമുദായക്കാർ സംബോധനം ചെയ്തുവരാറുണ്ടായിരുന്നു.

ഈ സ്ഥലത്തു് പട്ടണമദ്ധ്യത്തിൽ "ചങ്ങനാശേരിക്കാവു്" എന്ന പേരിൽ പുരാതനമായ ഒരു ഭഗവതിക്ഷേത്രംഉണ്ട്. ഇവിടം വെമ്പലനാട്ട് ഉടയവരായിരുന്ന തെക്കുംകൂർരാജാക്കന്മാരുടെ തലസ്ഥാനനഗരമായിരുന്നു. കൊല്ലവർഷം 923-ൽ തെക്കുംകൂർരാജ്യം തിരുവിതാംകൂറിലേക്കു് അടക്കപ്പെട്ടു. അതിനുശേഷം, കിഴക്കു പീരുമേടുമുതൽ, പടിഞ്ഞാറു വേമ്പനാട്ടു

കായൽവരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ചങ്ങനാശേരി എന്ന പേരിൽ ഒരു മണ്ഡപത്തുംവാതൽ രൂപീകരിക്കപ്പെട്ടു. "മണ്ഡപത്തുംവാതൽ" എന്നു രാജ്യഭരണസൌകര്യംപ്രമാണിച്ച് ചെയ്യപ്പെട്ടിട്ടുള്ള ദേശവിഭാഗത്തിനു, കാലാന്തരത്തിൽ "താലൂക്കു" എന്ന സംജ്ഞ നൽകപ്പെട്ടിരിക്കുന്നു. തിരുവിതാംകൂറിലെ ഏററവും പഴകിയ എട്ടു കൺസർവെൻസി പട്ടണങ്ങളിൽ ഒന്നാകുന്നു ചങ്ങനാശേരി. തെക്കുംകൂർരാജാക്കന്മാരുടെ പഴയ മൺകോട്ടകളുടെയും കിടങ്ങുകളുടെയും നഷ്ടശിഷ്ടങ്ങൾ ഒരു പാദശതാബ്ദംമുൻപുവരെ വ്യക്തമായി കാണപ്പെടാനുണ്ടായിരുന്നു. ആധുനികകാലത്തു് അവ മിക്കവാറും നഷ്ടപ്രായമായി തീർന്നുവരികയാണു്.

ചങ്ങനാശേരി സാമാന്യം ധനപുഷ്ടിയുള്ള ഒരു മുനിസിപ്പൽ നഗരമാകുന്നു. നായന്മാരും റോമൻകത്തോലിക്കക്രിസ്ത്യാനികളും മുസൽമാന്മാരുമാണു് ഇവിടത്തെ പ്രധാനവർഗ്ഗക്കാർ. ഏതാനും ഈഴവരും, ഗൌഡസാരസ്വതരും, നമ്പൂരിമാർ ഉൾപ്പെടെയുള്ള മററു ഹിന്ദുക്കളുംഉണ്ടു്. നമ്പൂതിരിമാരുടെ വകയായി "ഉമ്പിഴി" എന്ന പേരിൽ ഒരു പുരാതനഗ്രാമം ഉണ്ടായിരുന്നു. ആ ഗ്രാമം ഇപ്പോൾ നാമാവശേഷമായിത്തീർന്നിരിക്കുന്നു. "ഉമ്പർഉഴി"(ദേവന്മാരുടെ ഭൂമി)എന്ന പദമാണു്."ഉമ്പിഴി" ആയതു്. പ്രസിദ്ധ മാന്ത്രികന്മാരുടെ ജന്മസ്ഥാനമായിരുന്ന കുമാരമംഗലത്തു് ഇല്ലം ചങ്ങനാശേരിയിലാണു്. കുമാരമംഗലത്തുനമ്പൂരിപ്പാടന്മാർ ഭദ്രകാളിഉപാസകരാണു്. ഈ മനയും ഉമ്പിഴിഗ്രാമക്കാരും തമ്മിൽ എന്തോ കാര്യവശാൽ രസക്ഷയം ഉണ്ടായി. അതുസംബന്ധിച്ച ചുവടേ ചേർത്തിരിക്കുന്ന ഒരു ഐതിഹ്യംഉണ്ടു്. തന്നിമിത്തം ഉമ്പിഴിഗ്രാമക്കാരായ നമ്പൂരിമാർ കൂടി ആലോചിച്ചു ഗ്രാമക്കാരിൽ ഒരാളായിരുന്ന വേഴാന്തി നമ്പൂരിയുടെ ഇല്ലത്തുവച്ചു ഗൂഢമായി ക്ഷുദ്രഹോമം നടത്തി. ഹോമകുണ്ഡത്തിൽ ഭദ്രകാളിയെ ആവാഹിച്ചുവരുത്തി കുമാരമംഗലത്തുഇല്ലം നശിപ്പിക്കണമെന്നു പ്രാൎത്ഥിച്ചു. ഈ വസ്തുതയെല്ലാം അറിഞ്ഞു് പൂൎണ്ണഗൎഭിണിയായിരുന്ന ഒരു നായർസ്ത്രീ, ഗൂഢമായി അൎദ്ധരാത്രിയിൽ കുമാരമംഗലത്തുചെന്നു നമ്പൂരിപ്പാടിനെ വിവരംഅറിയിച്ചു. ഉടൻതന്നെ, വലിയനമ്പൂരിപ്പാടു് കുളിച്ചു തറ്റുടുത്തു, ആനന്ദപുരത്തു ചക്രപാണിവാര്യരെകൊണ്ടു കുത്തുവിളക്കുംപൊടിപ്പിച്ചു ഭദ്രകാളിയെ മാന്ത്രമദ്ധ്യേ കണ്ടു തടയു

വാനായി പുറപ്പെട്ടു. വഴിയിൽനിന്നു്, ഇടയ്ക്കിടെ പലേ സ്ഥലങ്ങളിലും കരുതി തർപ്പണംചെയ്തുംകൊണ്ടായിരുന്നു നടന്നതു്. ചാത്തവട്ടംഭാഗത്തായപ്പോൾ ഭദ്രകാളിയുടെ വരവു മന്ത്രശക്തിനിമിത്തം നമ്പൂരിപ്പാടിനു പ്രത്യക്ഷമായി കാണാൻകഴിഞ്ഞു. എന്നാൽ വാദ്ധ്യർ കണ്ടതുമില്ല. ഭയങ്കരരൂപിണിയും കോപകലുഷചിത്തയുമായി പ്രത്യക്ഷയായ കാളിയെ പ്രീണിപ്പിക്കുവാൻ നരരക്തം ആവശ്യമെന്നുകണ്ടു സ്വയം അംഗുലിമുറിച്ചു രക്തം ദേവിക്കു് അർപ്പിക്കുവാൻ നമ്പൂരിപ്പാടു മുതിരുന്നതുകണ്ടു സ്വാമിഭക്തനായ വാദ്ധ്യർ തടുത്തുകൊണ്ടു് അയാളുടെ വിരൽതന്നെ മുറിച്ചു. രുധിരംഗളിച്ചു വാദ്ധ്യർ മൃതദേഹനായി. രക്തപാതംനിമിത്തം സന്തുഷ്ടയായ ദേവി പ്രസന്നയായി "എന്താണു് ഇനി വേണ്ടതു്" എന്നു നമ്പൂരിപ്പാടിനോടു ചോദിച്ചതിനു് "ഇങ്ങോട്ടയച്ചവരെത്തന്നെ നശിപ്പിക്കണം. പിന്നീടു് ആ മാരണഹോമകുണ്ഡത്തിന്റെ സ്ഥാനത്തുതന്നെ എന്നും എഴുന്നള്ളിയിരിക്കണം" എന്നു മറുപടി അറിയിച്ചു. ദേവി നേരെ ഉമ്പിഴിഗ്രാമത്തിലേയ്ക്കുപോയി. അപ്പോൾ അവിടെ ദേവിയുടെ ശക്തിനിമിത്തം ഭൂകമ്പവും അഗ്നിവർഷവും സംഭവിച്ചു. ഗ്രാമവാസികളായ നമ്പൂരിമാരും അവരുടെ ഇല്ലങ്ങളും നശിച്ചു. ക്ഷുദ്രകർമ്മത്തിൽ ഗ്രാമക്കാരോടു സഹകരിക്കുവാൻ വൈമനസ്യംഭാവിച്ച ഒരു നമ്പൂരിക്കു് ആപത്തുസംഭവിക്കയുണ്ടായില്ല. തന്നിമിത്തം അദ്ദേഹം അടുത്തദേശമായ ഇഴിഞ്ഞില്ലം എന്ന സ്ഥലത്തേക്കു് പലായനംചെയ്തു; ഇപ്പോഴും ആ കുടുംബക്കാർ* ഇഴിഞ്ഞില്ലത്തു കുടിപാർത്തുവരുന്നു.

മത്സരത്തിൽ വിജയിയായ കുമാരമംഗലത്തു നമ്പൂരിപ്പാടു ഭദ്രകാളിയെ ഹോമകുണ്ഡസ്ഥാനത്തുതന്നെ പ്രതിഷ്ഠിച്ചു. ആ ഭദ്രകാളിക്ഷേത്രം അദ്യാപി നിലനിന്നുപോരുന്നു. ഇതാണു പെരുന്ന എൻ. എസ്സ്. എസ്സ്. കെട്ടിടപ്രദേശത്തിനുള്ളിൽ ഇപ്പോൾ പുതുക്കിപ്പണികഴിപ്പിച്ചിട്ടുള്ള "മാരണത്തുകാവു്." കുമാരമംഗലത്തു നമ്പൂരിപ്പാടു് ആധുനികകാലത്തു് ഈ ക്ഷേത്രവും പരിസരങ്ങളും നായർസർവീസ്‌സൊസൈററിക്കു വിട്ടുകൊടുത്തിട്ടുള്ളതാണു്.

---

* ഉമ്പിഴിമുതലായ പ്രദേശങ്ങളിൽ ഭൂഗർഭീയഹേതുക്കളാൽ സംഭവിച്ച ഭൂകമ്പത്തിനും ദക്ഷിണഭാഗങ്ങളിലെ കടൽകയററത്തിനും ശേഷം ഉയർന്നഭൂമിയായിരിക്കണം ഇഴിഞ്ഞില്ലം; (എഴുന്നില്ലം).

കുമാരമംഗലത്തു നമ്പൂരിപ്പാടന്മാർ തിരുവനന്തപുരത്തു വലിയ കൊട്ടാരത്തിൽ തേവാരത്തു കോയിക്കൽ നിത്യവും ഹോമാദികർമ്മനടത്തുവാൻ പതിവുകാർ ഉള്ളതാണു്. ഇവരുടെ വകയായ "വേട്ടടി" ക്ഷേത്രസങ്കേതത്തിൽ ചരിത്രപ്രസിദ്ധരായ "എട്ടുവീട്ടിൽപിള്ള"മാരുടെ ആത്മാക്കളെ ആവാഹിച്ചു പ്രതിഷ്ഠിച്ചിട്ടുണ്ടു്. ഈ എട്ടുവീടർക്ഷേത്രത്തിൽ ആണ്ടുതോറും കുരുതിയും പൂജയും സർക്കാർചെലവിന്മേൽ നൽകിവരുന്നുണ്ടു്. ഈ വക പൂജകൾ നടത്തിക്കുന്ന വകയ്ക്കു കരം ഒഴിവായ നിലങ്ങൾ കുമാരമംഗലത്തു മനയ്ക്കലേക്കു തിരുവിതാംകൂർ സർക്കാരിൽനിന്നു വിട്ടുകൊടുത്തിട്ടുണ്ടു്.

ചങ്ങനാശേരിയിൽ അതിപുരാതനമായ ഒരു റോമൻ കത്തോലിക്കപ്പള്ളിയും ഒരുപുരാതന മുസ്ലീം പള്ളിയും ഉണ്ടു്. ഈരണ്ടു പള്ളികളും പുരാതന തെക്കുംകൂർ രാജാവിൻെറകോട്ടയ്ക്കകത്തും കോവിലകത്തോടു എത്രയും സമീപിച്ചും രാജസഹായത്താൽ ആദികാലത്തു പണിയിക്കപ്പെട്ടിട്ടുള്ളവയുമാണു്. പുരാതനകാലത്തു സർവ്വമത മൈത്രി ഇവിടെ പരിപാലിക്കപ്പെട്ടിരുന്നുവെന്നുള്ളതിനു പ്രധാനതെളിവു് മേൽ പ്രസ്താവിക്കപ്പെട്ട രണ്ടു പള്ളികളും ചങ്ങനാശേരിക്കാവു ഭഗവതിക്ഷേത്രവും ഉദ്ദേശം ഇരുപത്തഞ്ചു നീളമുള്ള ഒരു സമപാർശ്വത്രികോണത്തിൻെറകോണസ്ഥാനങ്ങളിലെന്നവണ്ണം അടുത്തടുത്താണു സ്ഥിതി ചെയ്യുന്നതു് എന്നുള്ളതുതന്നെ. സന്ധ്യാകാലങ്ങളിൽ ക്ഷേത്രത്തിലെ ശംഖനാദവും, കത്തോലിക്കദേവാലയപ്പള്ളിയിലെ മണിനാദവും, മുസ്ലീംപള്ളിയിലെ വാങ്കുനാദവും ഒരേ നിമിഷത്തിൽ ശ്രാവ്യമാകുന്നുണ്ടു്.

ചങ്ങനശേരി പട്ടണത്തിൽ റോമൻകത്തോലിക്ക മെത്രാൻെറ വാസസ്ഥാനമായ അരമനയും, പ്രസ്തുത സമുദായംവക ഒരു ഒന്നാം ടൂഗ്രേഡുകാളേജും, രണ്ടു് ഹൈസ്ക്കൂളുകളും മററനേകം പാഠശാലകളും ശിക്ഷാക്രമപാഠശാലകളും ഉണ്ടു്.

നായർസർവീസുസൊസൈററിയുടെ ഹെഡാഫീസും ഒരു ഹൈസ്ക്കൂളും * വിശേഷ രീതിയിലുള്ള ഒരു വലിയ വിദ്യാർത്ഥിസത്രവും മററു് ഏതാനും പാഠശാലകളും ഇവിടെ ഉള്ളതാണു് കേരളത്തിൽ എങ്ങും വിശ്രുതമായ ചങ്ങനാശേരിചന്ത ഈ

* ഒരുകാളേജും ഇപ്പോൾഉണ്ടു്.

പട്ടണത്തിലാണു്. ഇത്രവലുതും വ്യാപാരബഹുലവുമായ ഒരു ചന്ത കേരളത്തിൽ മറെറങ്ങുമില്ല. ഈ ചന്ത ഏർപ്പെടുത്തിയതു വേലുത്തമ്പിദളവായാണു്. ആദ്യം ഈ ചന്തയിൽ വ്യാപാരം നടത്തിയതു് ഒരാനയെ ആയിരുന്നു. ഈ ചന്തയുടെ ശതവർഷം ആഘോഷിക്കപ്പെട്ടിട്ടു് ഇപ്പോൾ * 34 സംവത്സരം കഴിഞ്ഞിരിക്കുന്നു.

തെക്കുംകൂർരാജാക്കന്മാരുടെ കോട്ടകൊത്തളങ്ങളുടെ നഷ്ടശിഷ്ടങ്ങൾ ഈ പട്ടണത്തിലും പരിസരഗ്രാമങ്ങളിലും അദ്യാപി കാണപ്പെടുന്നുണ്ടു്.

പുരാതനകേരളത്തിൽ വാണിജ്യവ്യവസായങ്ങളിലും കപ്പലോട്ടത്തിലും പ്രധാന കൈകാര്യകർത്താക്കളായിരുന്ന ചെട്ടികളുടെ വാസസ്ഥാനമായിരുന്ന "നഗര"ത്തിന്റെ ലക്ഷ്യങ്ങൾ പട്ടണത്തിന്റെ പൂർവ്വപ്രാന്തങ്ങളിലുള്ള "ഉമ്പിഴി"ക്കുന്നുകളിൽ അദ്യാപികാണാവുന്നതാണു്. ഈ പട്ടണത്തിനുള്ളിൽ സ്വാഭാവിക ജലസൌകര്യങ്ങൾ കറവായിരുന്നുവെങ്കിലും പുരാതനകാലത്തു് ഈ പട്ടണത്തിലും പരിസരങ്ങളിലുമായി ചിത്രകുളം, പൂവക്കാട്ടുചിറ, കുന്നക്കാട്ടുചിറ, കരമാൻചിറ, ഉമ്പിഴിച്ചിറ എന്നിങ്ങനെ പേരുകളോടുകൂടി അഞ്ചു വലിയ ജലാശയങ്ങളും പട്ടണത്തിന്റെ ചുററും അണ്ഡാകൃതിയിൽ ഒഴുകുന്ന ഒരു തോടും ഉണ്ടാക്കപ്പെട്ടിരുന്നു. ഈ കുളങ്ങളിൽ ചിത്രകുളം പൂവക്കാട്ടുചിറ എന്നിവ ഇപ്പോഴും നിലനിന്നുപോരുന്നു. മററു ജലാശയങ്ങൾ മിക്കവാറും നികന്നും നികത്തി, ഓരോരുത്തർ കൈവശപ്പെടുത്തിയും പോയിരിക്കുന്നു. അണ്ഡാകൃതിയിലുള്ള തോടു് പട്ടണത്തിന്റെ ദക്ഷിണപൂർവ്വ ഭാഗങ്ങളിൽ മിക്കവാറും നികത്തപ്പെട്ടിരിക്കുന്നു.

പുരാതന കേരളചരിത്രത്തിൽ പ്രസിദ്ധിയുണ്ടായിരുന്ന നീലപേരൂർ, കറച്ചി(കുന്നപുരം), പെരുഞ്ചൊററിക്കര, ഇറകാടു്, വെണ്ണിമല, മണികണ്ഠപുരം, ചെറുപള്ളി, കൂപപ്പുഴദേശം, ചിറ(ചേര)ക്കടവു്, പൂവത്തുദേശം, പെരുന്നയിൽദേശം, വാഴപ്പള്ളി, തൃക്കൊടിത്താനം എന്നിഗ്രാമങ്ങൾ ഈ താലൂക്കിൽ ഉൾപ്പെട്ടവയാകുന്നു.

---

* ഈ ഗ്രന്ഥം രചിച്ചകാലത്താണു് പ്രസിദ്ധീകരണകാലമല്ല. ഇപ്പോൾ 46 സംവത്സരം ആയിട്ടുണ്ടു്.

പുഴവാത്ത്.

ചങ്ങനാശ്ശേരിടൌണിലുള്ള പ്രധാന ഭാഗങ്ങൾ പലതും ഈ വിഭാഗത്തിലുൾപ്പെടുന്നു. ഈ സ്ഥലവിഭാഗത്തിന്റെ(കര) പുരാതനനാമം "പിഴവാതിൽ" എന്നോ "പിഴവാതൽ" എന്നോ ആയിരുന്നുവെന്നു പഴയരേഖകളിൽനിന്നു കാണാം. ഒരു അൻപതുവർഷം മുൻപുവരെ "പിഴവാത്തു്" എന്നും ചില രേഖകളിൽ ഉപയോഗിച്ചു വന്നിരുന്നു. ഇപ്പോഴും വായ്മൊഴിയിൽ "പിഴവാത്തു് (പിഴത്തു്) എന്നാണു് ഉപയോഗിച്ചു പോരുക. ഇക്കഴിഞ്ഞ കണ്ടെഴുത്തുകാലത്താണു് പുഴവാത്തു് എന്ന നാമാന്തരം ഉണ്ടായിട്ടുള്ളതെന്നു കാണാം. "പിഴവാതിൽ" എന്നഈ സംജ്ഞ പുരാതനചരിത്രപരമായ ഒരു നൂതന വിവരം വെളിവാക്കുകയാകുന്നു ചെയ്യുന്നതു്. ബ്രിട്ടീഷു് ആധിപത്യകാലത്തു് ഇൻഡ്യാ വൈസ്രോയിക്കു സിംല്ലാ നഗരത്തിൽ ഉള്ള പ്രത്യേകാധികാരാവകാശങ്ങളും ഉപചാരങ്ങളും പോലെയൊ അതിലും ഉപരിയായ രീതിയിലോ പുരാതനകാലത്തെ ഇദ്ദേശാധിപനു് ഈ സ്ഥലത്തു് പ്രത്യേകാധികാരാവകാശങ്ങളും ഉപചാരങ്ങളും ഉണ്ടായിരുന്നു. ദേശാധിപന്റെ വാസസ്ഥാനമായിരുന്ന "ചങ്ങനാഗരുചേരി" എന്ന ഉയന്ന പ്രദേശത്തിന്റെ പരിസരങ്ങൾ പിഴവാതലിൽ ഉൾപ്പെട്ടിരുന്നു. പിഴവാതലിനെ ചുററിയുണ്ടായിരുന്ന ഒരു തോടിന്റെ അവശേഷം അല്പാപി കാണപ്പെടുന്നുണ്ടു്. ഈ സിമയ്ക്കുള്ളിൽ കടക്കുന്നവർ ചില പ്രത്യേകാചാരങ്ങളും നടപടികളും അനുസരിക്കണമെന്നായിരുന്നു പുരാതനകാലത്തെ രാജനിയമം. ഈ സീമകൾക്കുള്ളിൽ ദേശാധിപനു് അല്ലാതെ മററാക്കും കുതിരസ്സവാരി ചെയ്യാനോ, മഞ്ചൽ, മേനാവു്, പല്ലക്കു് മുതലായ പുരാതന വാഹനങ്ങളിൽ കയറി സഞ്ചരിക്കുവാനോ അവകാശം ഉണ്ടായിരുന്നില്ല. ഇതര നാട്ടുവാഴികൾക്കൊ അവരുടെ പ്രജകൾക്കൊ, ഇവിടത്തെ നാട്ടുവാഴികളുടെ കല്പനകൂടാതെ പിഴവാതിൽകടന്നു് അകമേവരാനും അനുവാദം ഇല്ലായിരുന്നു. പിഴവാതലിനു് ഒൻപതു പ്രവേശദ്വാരങ്ങൾ ഉണ്ടായിരുന്നവയിൽ രണ്ടു കപാടങ്ങളിൽ സംരക്ഷകഭടന്മാർ മാറിമാറി കാവൽ നിന്നുകൊണ്ടിരിക്കും. പുറത്തുനിന്നു വരുന്നവരെയും അകത്തുനിന്നു വരുന്നവരെയും പരിശോധിച്ചു നിയമങ്ങൾക്കു വിധേയരാക്കിയും പുറത്തേക്കു വിടുകയും അകത്തേക്കു് കയററുകയും ഇവർ ചെയ്യുന്നതുകൂടാതെ രാജ

ധാനിയെ ശത്രുബാധയിൽനിന്ന കാത്തുരക്ഷിക്കകയും ഇവരുടെ കൃത്യമായിരുന്നു. സങ്കടക്കാരെ അകത്തേക്ക വിടുന്നതിനും, പുറത്തേക്കു് വിടുന്നതിനും ഓരോ വാതൽ പ്രത്യേകമായുണ്ടായിരുന്നു. ആഹാരവിഭവങ്ങൾ മുതലായ സാധനങ്ങൾ അകത്തേക്ക കൊണ്ടുവരുവാനും, മററും രണ്ടു പ്രത്യേക വാതലുകൾ ഉദ്ദേശിക്കപ്പെട്ടിരുന്നു. കററവാളികളെ വധസ്ഥലത്തെക്ക കൊണ്ടുപോകുവാനും, മൃതശരീരങ്ങളും മററും പുറത്തേക്ക കൊണ്ടുപോകുവാനും ഓരോ വാതലുകൾ ഉണ്ടായിരുന്നു. നാടുവാഴി സവാരിഎഴുന്നള്ളത്തിന്ന പുറപ്പെടാനും തിര്യെ വരാനും ഒരു പ്രത്യേക ഗോപുരം ഉണ്ടാക്കപ്പെട്ടിരുന്നു. ഈ ഓരോ പ്രവേശനദ്വാരങ്ങളിലും മരയഴിവാതൽ വച്ചു് ദൃഢമായി ഉറപ്പിച്ചിട്ടുണ്ടായിരുന്നു. രാജനിയമങ്ങൾക്ക വിരോധമായി ഈ വാതലുകളിൽ ഏതിലെങ്കിലും ഒന്നിൽക്കൂടി അകത്തു പ്രവേശിക്കുന്നയാൾ ആരായിരുന്നാലും, കററത്തിന്റെ ഗുരുലഘുത്വം അനുസരിച്ചുള്ള "പിഴ" ചെയ്യേണ്ടതായും അനുഭവിക്കേണ്ടതായും വന്നുകൂടും. ഇപ്രകാരമുള്ള പിഴവാതലുകൾ പുരാതന കേരളരാജ്യങ്ങളിൽ സാധാരണമായിരുന്നു. പുരാതനകാലത്തു കേരളം സന്ദർശിച്ചിട്ടുള്ള ചില വിദേശസഞ്ചാരികൾ ഈ വസ്തുത രേഖപ്പെടുത്തിയിട്ടുണ്ടു്. *

പുഴവാതിൽ അതിപുരാതനമായ ഒരു ദുർഗ്ഗാക്ഷേത്രംഉണ്ടു് അ ക്ഷേത്രത്തിൽ വിഗ്രഹസ്ഥാനത്തു് പഴക്കമേറിയ ഒരു നാൽക്കാലിപ്പീഠമേ ഉള്ളൂ. തെക്കൻതിരുവിതാംകൂറിലെ അമ്മൻകോവിലുകളുടെ ഒരുഭാഗത്തും മാടൻകോവിലുകളിലും കാണപ്പെടുന്നരീതിയിലുള്ള നീളൻകല്ലു ക്ഷേത്രപുരോഭാഗത്തു നടയ്ക്കു നേരെ നിർത്തിയിട്ടുണ്ടു്. ഇവിടെ ഒരു പുരാതനനായർ കളരിയുണ്ടായിരുന്നുവെന്നും കളരിയോടു് അനുബന്ധിക്കപ്പെട്ടിരുന്ന ഒരു വിധദുർഗ്ഗാക്ഷേത്രമായിരുന്നു ഇതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. "വഴനാകുളങ്ങര" എന്നാണു് ഈ ക്ഷേത്രത്തിന്റെ പേർ. "വഴനാകുളം" എന്നപേരിൽ ഈ ക്ഷേത്രത്തിനു സമീപം ഒരു പഴയ കുളവും കാണപ്പെടുന്നുണ്ടു്. "വാഴുനാഗര കോവിലകം" എന്നപദം ലോപിച്ചു വഴനാകുളങ്ങര ആയിത്തീർന്നിട്ടുള്ളതായികാണാം. പുരാതനകേരളത്തിലെ നായന്മാർ

* Purchas

രണംതൊഴിലായിസ്വീകരിച്ചിരുന്ന യുദ്ധവീരന്മാരടങ്ങിയ ഒരു വർഗ്ഗക്കാരായിരുന്നു. ആയുധാഭ്യാസത്തിൽ മികച്ച നായന്മാരിൽ വാൾ, വില്ല്, വേല് ഇത്യാദി ഓരോആയുധവും പ്രയോഗിക്കുന്നതിനു വിശേഷാൽ വൈദഗ്ദ്ധ്യംസമ്പാദിച്ച പ്രത്യേകവിഭാഗക്കാർ ഉണ്ടായിരുന്നു. അവർക്ക് പ്രത്യേക കളരികളും രണപരിശീലനത്തിനു കളങ്ങളും ഏർപ്പെടുത്തപ്പെട്ടിരുന്നു. ഇപ്രകാരമുള്ള പോർക്കളങ്ങളും കളരിയും ക്ഷേത്രവും കുളവും കേരളത്തിൽ മിക്കവാറും കരകൾതോറും നിലനിന്നിരുന്നതിന്റെ ലക്ഷ്യങ്ങൾ പലസ്ഥലങ്ങളിലും അദ്യാപി കാണപ്പെടുന്നുണ്ട്. കുളം കാലാന്തരത്താൽ വരമൊഴിയിലും വായ്മൊഴിയിലും "കുളം" എന്നു രൂപാന്തരപ്പെട്ടുപോയതാണ്. ഇപ്രകാരം "വാളനാഗർകുളം" "മഴനാകുളം" ആയിത്തീർന്നതാണ്. ഇപ്രകാരമുള്ള വാളൻകുളങ്ങളും വാളൂ(ളൂ)ർ, വേലൂ(ളൂ)ർ മുതലായ ദേശങ്ങളും കേരളത്തിൽ ഒട്ടുവളരെഉണ്ട്. കോവിലകം കുളങ്ങരയായും രൂപാന്തരം പ്രാപിച്ചിട്ടുണ്ട്.

പൊരുന്ന

ഈ സ്ഥലം ചങ്ങനാശേരി ടൌണിന്റെ ദക്ഷിണാംശമാണ്. "പൊരുന്നനാഗരുദേശം" (യുദ്ധവീരന്മാരായ ഒരുക്കൂട്ടം നായന്മാരുടെ അധിവാസസ്ഥാനം) എന്നായിരുന്നു ഈ സ്ഥലത്തിന്റെ പ്രാചീനനാമം. രണശൂരന്മാരായ നായന്മാരുടെ പ്രാചീനകളരിയും "വള്ളിക്കാവ്" എന്നൊരു ദുർഗ്ഗാക്ഷേത്രവും കളരിയും പടനിലവും ഇവിടെ ഉണ്ടായിരുന്നു. വള്ളിക്കാവു ക്ഷേത്രം ഇപ്പോൾ നാമാവശേഷമായിട്ടുണ്ട്. പടനിലപ്പറമ്പ് എന്ന ഒരു പുരയിടം ഇപ്പോഴും ഉള്ളതാണ്.

പുരാതനകാലത്തു പടപ്പയിററും നമ്മയുദ്ധവും ഇവിടെ സാധാരണമായിരുന്നു. രണശൂരത നിലനിർത്തുവാൻ നിയതകാലങ്ങളിൽ ഇവിടത്തെ നായന്മാർ നടത്തിവരാറുണ്ടായിരുന്ന പടയ്ക്കു മൂലയിൽനായർ എന്നൊരാളെ അയാളുടെ സമ്മതപ്രകാരം പരവമ്പേരിനായർ പരശുകൊണ്ടുവെട്ടിക്കൊന്നു കുന്തത്തിൽതറച്ചു ഉയർത്തിപ്പിടിച്ചു പ്രദർശിപ്പിച്ചതായി ഒരു ഐതിഹ്യം ഉണ്ട്. പ്രസ്തുത മൂലയിൽനായരുടെ രക്ഷസ്സിനു അദ്യാപി ആ കുടുംബത്തിലെ പിൻഗാമികൾ പൂജാദികൾ നടത്തിവരുന്നുണ്ടത്രേ.

മുമ്പ് ഒരു ഘട്ടത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള മാരണത്തു കാവ് ഈ സ്ഥലത്താണ്. ഇവിടെ നമ്പൂരിബ്രാഹ്മണർ പ്രാചീനകാലത്തു ഉപവേശംചെയ്തിട്ടുള്ളതാകുന്നു. തൃക്കണ്ണപുരം എന്നൊരു പുരാതനക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളും, ജീർണ്ണപ്രായമായ "കീഴ്ക്കുളങ്ങര" എന്നൊരു പുരാതനശിവക്ഷേത്രവും, ഇപ്പോഴും പ്രശസ്തിയിൽഇരിക്കുന്ന ഒരു സുബ്രഹ്മണ്യക്ഷേത്രവും ഇവിടെ ഉണ്ട്.

ഈ ദേശത്തു ബുദ്ധമതം പ്രചാരത്തിലിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അതിപുരാതനമായ ഒരു ശാസ്താക്ഷേത്രം ഇവിടെ നിലനിന്നിരുന്നു. അതിന്റെസ്ഥാനം നായർസർവ്വീസുസൊസൈററി ആഫീസു വളപ്പിന്റെ പുരോഭാഗത്തു മെയിൻസെൻട്രൽ റോഡരുകിലായിരുന്നു. റോഡ് വെട്ടിയകാലത്തു ജീർണ്ണപ്രായമായികിടന്ന പ്രസ്തുതക്ഷേത്രത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ നീക്കംചെയ്കയും, ശാസ്താവിഗ്രഹം അടുത്തുള്ള "വാസുദേവപുരം" എന്ന വിഷ്ണുക്ഷേത്രവളപ്പിലേക്കു മാററിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത "വാസുദേവപുരം" വിഷ്ണുക്ഷേത്രത്തിനാണ് ഇപ്പോൾ "ചാത്തവട്ടം" ക്ഷേത്രംഎന്നു പേർപറയപ്പെട്ടുപോരുന്നതു്. ശാസ്താക്ഷേത്രമിരുന്ന പ്രദേശത്തിനും പരിസരങ്ങൾക്കും "ചാത്തവട്ടം" എന്നുള്ള സ്ഥലനാമം അദ്യാപി നിലനിന്നുപോരുന്നു. "ചാത്തവട്ടം" എന്നു് ഇപ്പോൾ അറിയപ്പെടുന്ന വിഷ്ണുക്ഷേത്രം കൊല്ലവർഷം 300-ാമാണ്ടു് അടുത്തു കോതവർമ്മ വീരകേരളപ്പെരുമാൾ എന്ന തെക്കുംകൂർരാജാവു പണികഴിപ്പിച്ചിട്ടുള്ളതാണെന്നു് ശിലാരേഖകളാൽ വ്യക്തമാകുന്നുണ്ടു്. *

നായർസർവ്വീസുസൊസൈററിയുടെ ഹെഡ്ആഫീസും, വിദ്യാലയങ്ങളും മററു പലേ സ്ഥാപനങ്ങളും ചാത്തവട്ടത്തിനു സമീപമാകുന്നു സ്ഥിതിചെയ്യുന്നതു്.

പെരുന്നയുടെ ഉത്തരഭാഗത്തു തമ്പകംകാവ് എന്നും, ദക്ഷിണഭാഗത്തു "ഇളായിക്കാട്" എന്നും രണ്ടുവനങ്ങൾ ഉണ്ടായിരുന്നു. ഇപ്രദേശങ്ങൾ അദ്യാപി ഈ പേരുകളാൽ അറിയപ്പെടുന്നു. ഇളായിക്കാട് ലോപിച്ചു "ഇറയിക്കാട്" ആയിട്ടുണ്ട്. സമുദ്രഗമായിപ്പോയ "ഇളമുരുകനാടിന്റെ അവശേ

* ചാത്തവട്ടം ശിലാരേഖ.

ഷമാണ് "ഇള്ളായിക്കാട്ട്" എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ "ഇള്ളായിക്കാട്ടി"നു ദക്ഷിണഭാഗത്തുള്ള അതിവിസ്തൃതമായ പുഞ്ചപ്പാടങ്ങൾ സംബന്ധിച്ചു കിടക്കുന്ന പ്രദേശങ്ങളുടെ ആധുനികഭൂപ്രകൃതിയും, ദേശസംജ്ഞകളും പരിഗണിക്കുമ്പോൾ, സമുദ്രം അവിടെല്ലാം വ്യാപിച്ചിരുന്നതായി നിർണ്ണയിക്കുവാൻ കഴിയുന്നതാണ്. തിരുനെല്ലിക്കര, പെരുന്തുരുത്ത്, ഇഴി(എഴുന്നില്ലം)ഞ്ഞില്ലം, ആലന്തുരുത്ത്, അഴിയടത്തുചിറ, വാമനപുരം എന്നീ ദേശനാമങ്ങളും അപ്രദേശങ്ങളുടെ ഭൂപ്രകൃതിയും ഈ അനുമാനത്തിനു സാക്ഷ്യം വഹിക്കുന്നുണ്ട്. "ഉമ്പിഴി" ഗ്രാമത്തിൽ അഗ്നിവർഷം (അഗ്നിപർവ്വതവ്യാപാരനിമിത്തമോ മറ്റോ സംഭവിച്ച ഭൂകമ്പം ആയിരിക്കണം) ഉണ്ടായി അവിടം നശിച്ചകാലത്ത് അവിടെ ശേഷിച്ച ബ്രാഹ്മണർ എഴുന്നില്ല (ഇഴിഞ്ഞില്ലം) ത്തിലേക്കു വാസംമാറ്റിയതായിട്ട് ഐതിഹ്യം ഉണ്ട്.

പൂവത്തൂദേശം

ആധുനികകാലത്തു പരിതസ്ഥലങ്ങളായ പുഞ്ചപ്പാടങ്ങളേക്കാൾ എത്രയും ഉന്നതവും ഭൂപ്രകൃതിയിൽ വ്യത്യസ്തവുമായ ഒരു തുരുത്താകുന്നു ഇതു്. ഈ ദേശത്തിന്റെ സമീപത്തുകൂടി മണിമലയാറ് ഒഴുകുന്നുണ്ട്. ആധുനികനിവാസികൾ മത്സ്യം പിടുത്തക്കാരായ മരക്കാന്മാരും ചില ക്രൈസ്തവരും ആകുന്നു. വിദൂരമായ അതീതകാലത്തു വളരെ പ്രശസ്തിയിലും പ്രാധാന്യതയിലും നിലനിന്നു പോന്ന ഒരുപ്രദേശമായിരുന്നു ഇവിടം.

വൈദികന്മാരായ ബ്രാഹ്മണരുടെ ഒരു ഗ്രാമമായിരുന്നു ഇതെന്ന് അനുമാനിക്കുവാൻ മതിയായ ലക്ഷ്യങ്ങൾ പൂവത്തൂ ദേശത്തിൽ കാണപ്പെടുന്നുണ്ട്. ഇവിടെ പുരാതനമായ ഒരു ക്ഷേത്രവും കൊട്ടാരവും ഉണ്ടായിരുന്നു. ഇപ്പോൾ അവശേഷിച്ചിരിക്കുന്ന പുരാതന പുരയിടനാമങ്ങൾ പൂർവ്വചരിത്രാന്വേഷണത്തിനു സഹായപ്രദമായിഭവിക്കുന്നുണ്ട്. രാജാവിന്റെ വകയായി രാജ്യക്ഷേമം പുരസ്കരിച്ചു പ്രത്യേകമായി വൈദികകർമ്മങ്ങൾ നടത്തപ്പെട്ടുവന്നതു് ഇവിടെ വച്ചായിരുന്നു. പൂവത്തൂ ദേശത്തിന്റെ പുരാതനനാമം "ഭൂപയോത്തൂ ദേശം" എന്നായിരുന്നു. "ഓത്ത്"എന്നപദത്തിനു "വേദം" എന്നും "വേദോച്ചാരണം" എന്നുംഅർത്ഥമുണ്ടല്ലോ. ചരിത്രപരമായ ഉൽഖനന

ഗവേഷണങ്ങൾക്കു് സമുചിതമായ ഒരു സ്ഥാനമാകുന്നു ഇതു്. ഭൂമിക്ക വിളക്കായദേശം എന്നർത്ഥമുള്ള "ഭൂവത്തി" എന്നപദം ദുഷിച്ചു "പൂവത്തൂർ" എന്നായതാണെന്നും ചിലർ പറഞ്ഞുവരുന്നു.

തോവാള

സഹ്യാദ്രിപ്രദേശങ്ങൾ ഒഴിച്ചുള്ള മിക്കവാറും കേരളഭാഗങ്ങളിൽ പുരാതനകാലത്തു വ്യാപിച്ചു കിടന്നിരുന്ന സമുദ്രം പിൻവാങ്ങുകയും തൽസ്ഥാനത്തു കരദൃശ്യമാകുകയും ചെയ്തു എന്നുള്ളതിനു ഭൂഗർഭീയമായും ഭാഷാപരമായും ഉള്ള ലക്ഷ്യങ്ങൾ ഉണ്ടല്ലൊ. "തോവാള" എന്ന കേരളദക്ഷിണാഗ്രപ്രദേശത്തിന്റെ ദക്ഷിണപശ്ചിമഭാഗങ്ങൾ അലകളാൽ നനയ്ക്കപ്പെട്ടുകൊണ്ടിരുന്നു. അല (തിരമാല)കളാൽ തൊകയ്ക്കപ്പെട്ടുകൊണ്ടിരുന്ന സ്ഥലമായിരുന്നതിനാൽ ഇതിനു "തോവാള" എന്ന നാമം സിദ്ധിച്ചു. "തൊകയ്ക്കുക" എന്നപദത്തിനു "പാകപ്പെടുത്തുക" "സ്നിഗ്ദ്ധതവരുത്തുക" "കാച്ചിഅടിച്ചു മയം വരുത്തുക" മുതലായ പലഅർത്ഥങ്ങളും ഉണ്ടു്. തിരുവിതാംകൂറിലെ ദക്ഷിണാഗ്രമായ താലൂക്കാകുന്നു ഇതു്. അതിപുരാതനമായ ആരുവാമൊഴിപ്പാത ഇവിടെയാണു്. തിരുവിതാംകൂറിൽനിന്നു തിരുനൽവേലിയിലേക്കു കടക്കുവാനുള്ള പുരാതനമാർഗ്ഗം ഇതാകുന്നു. തിരുവിതാംകൂറിൽനിന്നു നാടുകടത്തപ്പെടുന്ന കുററക്കാരെഅതിർത്തികടത്തിവിടുന്നതു് ഈ മലമ്പാതയിൽ കൂടിയാകുന്നു. ചരിത്രാതീതകാലത്തു സഹ്യന്റെ പൂർവ്വപശ്ചിമപാർശ്വങ്ങളിൽ വ്യാപിച്ചു കിടക്കുന്ന സമുദ്രം ഈ പാതവഴി പൊഴിയായി ഒഴുകി സഹ്യനെ ഭേദിച്ചു കിടന്നിരുന്നുവെന്നും, തന്നിമിത്തം സഹ്യസ്ഥാനനിവാസികൾ ഇതിനെ "ആഴിവായ്പൊഴി" എന്നു വിളിച്ചു വന്നുവെന്നും കാലാന്തരത്തിൽ "ആഴിവായ് പൊഴി" "ആരുവാമൊഴി"യായി ലുപ്തീഭവിച്ചതാണെന്നും അനുമാനിക്കാവുന്നതാണു്.

ഭൂതപ്പാണ്ടി

ദക്ഷിണകേരളത്തിന്റെ ദക്ഷിണപ്രദേശത്തുള്ള ഒരു പുരാതനനഗരമാണു ഭൂതപ്പാണ്ടി. ഈ സ്ഥലത്തിന്റെ പ്രാചീനനാമം "ഭൂതലിംഗപാണ്ഡ്യപുരം" എന്നായിരുന്നു. പ്രബലനായ ഭൂതലിംഗനെന്നപാണ്ഡ്യരാജാവു് ഇപ്രദേശങ്ങൾ ആക്രമിച്ചു സ്വാധീനപ്പെടുത്തി ആധിപത്യം സ്ഥാപിച്ചതിന്റെ സ്മാരകമായി

പുരാതനകാലത്തു് പ്രസ്തുത നാമത്തിൽ ഒരു ജനസ്ഥാനം രൂപീകരിച്ചിട്ടുള്ളതാകുന്നു. ഇവിടവും തിരുവിതാംകൂറിൽ തോവാള ത്താലൂക്കിൽ ഉൾപ്പെട്ടതാകുന്നു.

തിരുപ്പതിസാരം

"തിരുപ്പതീശപുരം" എന്നപൂർവനാമം ലോപിച്ച കാലാന്തരത്തിൽ തിരുപ്പതിസാരം എന്നായിത്തീർന്നിട്ടുള്ളതാകുന്നു. ചരിത്രാതീതകാലത്തു് ഈ സ്ഥലം വൈദിക ബ്രാഹ്മണരുടെ ഉറച്ചസങ്കേതമായിരുന്നു, "ശ്രീപതീശപുരം എന്ന പദത്തിന്റെ ഗ്രാമ്യരൂപമാകുന്നു "തിരുപ്പതീശപുരം" ഈ സ്ഥലവും ദക്ഷിണ തിരുവിതാംകൂറിൽ തോവാളത്താലൂക്കിൽ ഉൾപ്പെട്ടതാകുന്നു.

ഈശാന്ത്യമംഗലം

ഈ ഗ്രാമവും ചരിത്രാതീതമായ പുരാതനകാലത്തു വൈദികബ്രാഹ്മണസങ്കേതമായിരുന്നു. ഈ സ്ഥലവും ദക്ഷിണ തിരുവിതാംകൂറിൽ തോവാളത്താലൂക്കിൽ ഉൾപ്പെട്ടതാണു്.

ദർശനംകോപ്പു്

ഇതും തോവാളത്താലൂക്കിലുള്ള ഒരു പുരാതനഗ്രാമമാണു്. ഇവിടെ വച്ചു തൃപ്പതീശപുരൻ നമ്പൻ എന്നചേരമൻ ഒരുക്തനു ദർശനംനൽകിയതായി ഒരുഐതിഹ്യമുണ്ടു്. "ദർശനം കൊടുപ്പു നിമിത്തം പ്രസിദ്ധമായ ഈസ്ഥലത്തിനു "ദർശനംകൊടുപ്പു്" എന്നു പേർസിദ്ധിച്ചു. കാലക്രമത്താൽ "ദർശനം കൊടുപ്പു്" "ദർശനംകോപ്പു്"ആയി ലോപിച്ചതാണു്. പ്രാചീനപാണ്ഡ്യരാജാവും പുരളിരാജാവും കൂടിയുദ്ധം ഉണ്ടായശേഷം തമ്മിൽ സംഖ്യം ഉണ്ടായതും, പരസ്പരം ദർശനംനല്കിയതും ഇപ്രദേശത്തു വച്ചായിരുന്നുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

അഴകിയപാണ്ഡിപുരം

പുരാതനകാലത്തു് ചരിത്രാതീതമായ ഒരു ഘട്ടത്തിൽ പാണ്ഡ്യരാജാവു പുംഴിരാജ്യം ആക്രമിച്ചു് കുറേക്കാലം അധികാരം നടത്തിയതിന്റെ സ്മാരകമായി. അഴകിയപാണ്ഡ്യൻ എന്ന പാണ്ഡ്യരാജാവു് സ്ഥാപിച്ച ജനസ്ഥാനമാണു് ഈ പ്രദേശം എന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു. ഇതും തോവാള താലൂക്കിലാണു്.

അനന്തപുരം

ചരിത്രാതീതമായ പുരാതനകാലത്തു് കേരളത്തിനംവിശിഷ്യദക്ഷിണകേരളത്തിന്റെ ദക്ഷിണാഗ്രമായി ആധുനികകാലത്തു് ദക്ഷിണതിരുവിതാംകൂറിൽ ഉൾപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾക്കും, അഹിക്ഷേത്രം എന്നു വൈദീക ബ്രാഹ്മണരായ ഉപവേശകന്മാർ സംജ്ഞനല്കിയിരുന്നു. സർപ്പാരാധന ഇപ്രദേശങ്ങളിൽ പ്രചുരമായി പ്രചരിച്ചിരുന്നു. വൈദീകബ്രാഹ്മണർ പുരാതന കേരളത്തിൽ വാസം ആരംഭിച്ചതോടുകൂടി സർപ്പാരാധനയ്ക്കും ഹൈന്ദവമതത്തിൽ സ്ഥാനം സിദ്ധിക്കുകയും ഹൈന്ദവമതഗ്രന്ഥങ്ങളിൽ സർപ്പങ്ങൾക്കും സർപ്പപൂജയ്ക്കും ഗണ്യമായ സ്ഥാനം നല്കപ്പെടുകയും ചെയ്തു. ഈ സ്മരണയെ നിലനിർത്തുകയാണു് പ്രസ്തുത നാമം ചെയ്യുന്നതു്. പാണ്ഡ്യാധികാരം തമിഴ്നാട്ടിൽ നിലവായശേഷം പുരളി രാജ്യശ്രേഷ്ഠനായ "അനന്തരാമവർമ്മയാൽ സ്ഥാപിതമായ ഒരു പ്രാചീനജനസ്ഥാനമായിരിക്കണം ഇതു്.

കന്യാകുമാരി.

അതിപുരാതനവും എത്രയും പ്രശസ്തവുമായ ഒരു പ്രാചീനനഗരമാകുന്നു കന്യാകുമാരി. ഭാരതഖണ്ഡത്തിന്റെ ദക്ഷിണാഗ്രമായ ഒരു കോടിയിലാകുന്നു ആധുനിക നഗരം സ്ഥിതിചെയ്യുന്നതു്, ചരിത്രാതീതകാലങ്ങളിൽ ഈ സ്ഥാനത്തുനിന്നു തെക്കോട്ടു ഏതാനും യോജന നീളത്തിലും വിസ്താരത്തിലും കര വ്യാപിച്ചിരുന്നതായും (ഇലങ്കാലയ) തമ്പാപണി (ആധുനികകാലത്തെ സിലോൺ) മുതലായ വിശ്രുതദ്വീപങ്ങളും, നഷ്ടീഭവിച്ചുപോയിരിക്കുന്ന ദക്ഷിണഭൂഖണ്ഡവും കേരളവുമായി ബന്ധം ഉണ്ടായിരുന്നതായും അനുമാനിക്കുവാൻ ന്യായമുള്ളതാണു്. "കുമാരി" എന്നു കന്യാകുമാരിക്കു സംജ്ഞ ഉണ്ടു്. വിശ്രുതമായ പ്രാചീന "കുമാരി"യുടെ സ്ഥാനം ആധുനികകന്യാകുമാരിയിൽ നിന്നു അനേകം യോജന തെക്കുമാറിയായിരുന്നുവെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു. ആധുനികകന്യാകുമാരിയും പ്രാചീനകുമാരിയും പുരളിരാജ്യത്തിൽ ഉൾപ്പെട്ടവയായിരുന്നു. കുമാരികോട്ടു് എന്നൊരു ദേശവിഭാഗം തന്നെ പ്രാചീനപുരളി രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. പുരളിരാജ്യം വാണിരുന്നതു തിരുവിതാംകൂർ രാജവംശമായ തൃപ്പാപ്പിയൂരു് (തൃപ്പാപ്പൂരു്, സ്വരൂപം രാജവംശം ആയിരുന്നു. തൃപ്പാ

പ്പുരു സ്വരൂപത്തിലേക്ക കേരളരാജ്യങ്ങളുടെ പൊതുവിലുള്ള ആധിപത്യം ഒരുകാലത്തു സിദ്ധിച്ചിരുന്നു. ഇപ്രകാരം കേരളപ്പെരുമാളായി രാജ്യഭാരം വഹിച്ച രാജർഷികൾ "കുലശേഖരപ്പെരുമാൾ" എന്നു അറിയപ്പെട്ടുവരുന്ന വിഖ്യാതരാജാവായിരുന്നു.

"കുമാരി" വൈദികബ്രാഹ്മണരുടെ പ്രധാനപ്പെട്ട ഒരു അധിവാസഗ്രാമമായിരുന്നു. കന്യാകുമാരിയെക്കുറിച്ച് എല്ലാ പ്രാചീനജനസമുദായങ്ങൾക്കും അറിവുണ്ടായിരുന്നു. ചരിത്രാതീതങ്ങളായ പുരാതനകാലങ്ങളിൽ ഉത്തരഭാരതീയർ കന്യാകുമാരിസമുദ്രത്തിൽ സ്നാനംചെയ്യാനായി അനേകായിരംമൈൽ പാദചാരേണ സഞ്ചരിച്ചു അവിടെവന്നു എത്തിക്കൊണ്ടിരുന്നു. കുമാരിയിലും ഇതരദക്ഷിണദേശങ്ങളിലും നിന്നു ജനങ്ങൾ വാരാണസി, ഹരിദ്വാരം മുതലായ പുണ്യക്ഷേത്രങ്ങളിൽ ദശനത്തിനും സ്നാനത്തിനുമായും സഞ്ചാരം നടത്തുക സാധാരണമായിരുന്നു. ആധുനികകന്യാകുമാരിക്ഷേത്രം കുലശേഖരപ്പെരുമാളിന്റെ കാലത്തു് ആദ്യമായി ജീർണ്ണോദ്ധാരണം ചെയ്യപ്പെട്ടിരിക്കണം.

അഗസ്തീശ്വരം.

ദക്ഷിണകേരളത്തിന്റെ ദക്ഷിണാഗ്രപ്രദേശമായ ദക്ഷിണതിരുവിതാംകൂറിലുള്ള ഒരു താലൂക്കും, ഒരു ഗ്രാമവും ഈ പേരിനാൽ അറിയപ്പെടുന്നു. പ്രഥമതഃ കേരളത്തിൽ ഉപദേശം ചെയ്ത വൈദികബ്രാഹ്മണരുടെ ഗുരുവായ അഗസ്ത്യൻ ഇവിടെ അധിവസിച്ചു തപസ്സുചെയ്തിരുന്നതായി അനുമാനിക്കപ്പെട്ടിരിക്കുന്നു. അഗസ്ത്യമഹർഷിയുടെ ആദിയാശ്രമം "അഗസ്ത്യക്രൂടം" എന്നു അറിയപ്പെട്ടുവരുന്ന ശൈലശൃംഗത്തിലായിരുന്നു. തമിഴ്ഭാഷാസാഹിത്യത്തിന്റെയും സിദ്ധവൈദ്യചികിത്സയുടേയും പിതൃസ്ഥാനം അഗസ്ത്യക്കുള്ളതായിരുന്നു. മഹാപണ്ഡിതനും ഭക്തശിരോമണിയുമായ ഇദ്ദേഹം, കുറേക്കാലം, മാദ്രാപുരിക്ക സമീപമുള്ള "പോതിയ" കുന്നിലും തപോനിഷ്ഠനായിജ്ജീവിച്ചിട്ടുള്ളതായി തമിഴർവിശ്വസിച്ചുപോരുന്നു.

താമരക്കുളം.

കേരളത്തിലെ പ്രാചീന ലവണവ്യവസായകേന്ദ്രമായിരുന്നു ഈ പ്രദേശം. ദക്ഷിണതിരുവിതാംകൂറിൽ അഗസ്തീശ്വരം

താലൂക്കിൽ ഉൾപ്പെട്ടതാണ് ഈ ഗ്രാമം. താമരക്കുളത്തു് ആധുനികകാലത്തും ഉപ്പുവ്യവസായം നടത്തപ്പെട്ടുവരുന്നു. പുരാതനകാലത്തു മുത്തു വിളഞ്ഞുകൊണ്ടിരുന്ന പുരളിനദിയുടെ ഒരംശം അദ്യാപി താമരക്കുളത്തിനു സമീപത്തുകൂടി ഒഴുകുന്നുണ്ടു്. പ്രസ്തുതനദിയിലെ ലവണസംപൃഷ്ടമായ ജലം ചാലുകൾമാർഗ്ഗം ഉപ്പുപാത്തികളിൽ കെട്ടിനിർത്തി സ്വാഭാവികമായി ആവിഷ്കരിച്ചാകുന്നു ഉപ്പു വിളയിച്ചു വരുന്നതു്. പുരാണകാലത്തും പ്രസിദ്ധിയുണ്ടായിരുന്ന മരുത്വാമല താമരക്കുളത്തിനു സമീപത്താകുന്നു.

മരുത്വാമല.

"മരുന്തുവാഴും മലൈ" എന്നു് ഈ ശൈലത്തെ പുരാതനർ വിളിച്ചുവന്നുവെന്നും കാലാന്തരത്തിൽ പ്രസ്തുതനാമം "മരുത്വാമല" എന്നു രൂപാന്തരപ്പെട്ടുവെന്നും അനുമാനിക്കപ്പെട്ടിരിക്കുന്നു. അനേകം ദിവ്യമൂലികകൾ ഈ മലയിൽ ഉണ്ടെന്നുള്ള വസ്തുത പ്രസിദ്ധമാകുന്നു. ഇവിടെകരിങ്കല്ലാറയിൽ വെട്ടിയുണ്ടാക്കപ്പെട്ടിട്ടുള്ള ഒട്ടധികം ഗുഹാമണ്ഡപങ്ങളും ക്ഷേത്രങ്ങളും അദ്യാപി കാണപ്പെടുന്നു. കേരളത്തിൽ ബുദ്ധജയിനമതങ്ങൾ പ്രചാരത്തിൽ ഇരുന്നകാലത്തു് ഇവിടെ ബുദ്ധന്മാരുടെയും ജയിനന്മാരുടെയും വിഹാരങ്ങൾ ഉണ്ടായിരുന്നുവെന്നും അവയുടെ അവശേഷങ്ങളാണു പ്രസ്തുത ഗുഹാമണ്ഡപങ്ങൾ എന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ശ്രീരാമന്റെ ലങ്കാക്രമണകാലത്തു്, യുദ്ധമദ്ധ്യേ മൃതരായ പ്ലവഗയോദ്ധാക്കളെയും, ലക്ഷ്മണനെയുംമററും ജീവിപ്പിക്കുവാൻ ഹനുമാൻ ഉത്തരഭാരതത്തിൽനിന്നു് മൃതസഞ്ജീവിനി വളരുന്ന ശൈലം കുത്തിയെടുത്തു്ലങ്കയിലേക്കു കൊണ്ടുപോകുന്ന മദ്ധ്യേമാർഗ്ഗം ആ വിശിഷ്ട ശൈലത്തിന്റെ ഒരംശം കുമാരിയിൽനിന്നു് ഏതാനും യോജന വടക്കുവച്ചു് അടൎന്നു് ഭൂമിയിൽ പതിച്ചുവെന്നും, അപ്രകാരം, ഉണ്ടായ ശൈലമാണു മരുത്വാമല എന്നുമാകുന്നു മരുത്വാന്റെ സ്ഥലപുരാണം. മരുത്വാമലയിലെ ചില ഗുഹാമണ്ഡപങ്ങളിൽ ആധുനികകാലത്തും ചില മുനികൾ അധിവാസം ചെയ്തു വരുന്നുണ്ടു്.

കുലശേഖരപുരം.

തൃപ്പാപ്പു സ്വരൂപം രാജവംശത്തിലെ പ്രശസ്തനായ കുലശേഖരവർമ്മരാജാവു് കേരളപ്പെരുമാളായി അവരോധിക്കപ്പെട്ടിട്ടുണ്ടെന്നു് മുൻ പ്രസ്താവിച്ചുവല്ലോ. പ്രസ്തുത കുലശേഖരപ്പെരുമാൾ കേരളം ഭരിച്ചുകൊണ്ടിരുന്നകാലത്തു്, അദ്ദേഹത്തിന്റെ സ്മാരകമായി സ്ഥാപിതമായ ഒരു ജനസ്ഥാനമാകുന്നു കുലശേഖരപുരം.

ശുചീന്ദ്രം.

അതിപുരാതനമായവൈദികബ്രാഹ്മണസങ്കേതമായിരുന്നു ശുചീന്ദ്രം. അവിടത്തെ ക്ഷേത്രം വളരെ പുരാതനമാണു്. തേരോട്ടത്താൽ പ്രശസ്തിയുള്ള ഒരു ക്ഷേത്രമാകുന്നു ഇവിടെ ഉള്ളതു്. ഗൌതമപത്നിയായ അഹല്യയെ പ്രാപിക്കുകയാൽ ഗൌതമശാപംനിമിത്തം പതിതനായിഭവിച്ച ദേവേന്ദ്രനെ ശുദ്ധീകരിക്കുവാൻ ദേവകൾ രഹസ്യമായി യാഗം അനുഷ്ഠിച്ചുവെന്നും, അതു് ഈ സ്ഥലത്തുവെച്ചാണെന്നും, രഥോത്സവം അതിന്റെ സ്മാരകമായ ഉത്സവച്ചടങ്ങാണെന്നും ആകുന്നു ശുചീന്ദ്രം സ്ഥലപുരാണം. ബുദ്ധമതം സ്വീകരിച്ച ഇന്ദ്രപ്പെരുമാളിനെ ബ്രാഹ്മണർ ശുദ്ധികർമ്മം ചെയ്തു ഹിന്ദുവാക്കിയതും ഇവിടത്തെ ക്ഷേത്രസന്നിധിയിൽ വച്ചാകയാൽ ഈ പേർ സിദ്ധിച്ചതായും അഭിപ്രായമുണ്ടു്. അത്രിമഹർഷിയുടെ പത്നിയും പതിവ്രതാശിരോമണിയും ആയ അനസൂയാദേവിയുടെ പാതിവ്രത്യം പരീക്ഷിക്കുവാൻ ത്രിമൂർത്തികൾ ബ്രാഹ്മണവേഷം അവലംബിച്ചു് ആത്രേയാശ്രമത്തിൽ വന്നു ഭിക്ഷ ചോദിച്ചതും, നഗ്നരൂപത്തിൽ ഭിക്ഷ നൽകണമെന്നു് അനസൂയയോടു് അവർ ആവശ്യപ്പെടുകയാൽ അതിഥികൾ മൂവരേയും തപശ്ശക്തിയാൽ ശിശുക്കളാക്കിയശേഷം, വസ്ത്രം അഴിച്ചുകളഞ്ഞു മടിയിൽ ഇരുത്തി ഭിക്ഷ നൽകിയതും ഇവിടെവച്ചാണെന്നും ഐതിഹ്യം ഉണ്ടു്.

നാഗരുകോവിൽ.

പുരാതനകേരളത്തിലെ അതിപ്രസിദ്ധമായ നാഗാരാധനാകേന്ദ്രമായിരുന്നു ഇവിടം. ഈ ജനസ്ഥാനം അഹിക്ഷേത്ര

തിന്റെ പ്രധാനസ്ഥലമായിരുന്നു എന്നു് അനുമാനിക്കാം. തിരുവിതാംകൂറിലെ പ്രശസ്തപുരാതനനഗരങ്ങളിൽ ഒന്നാകുന്നു ഇതു്. ലണ്ടൻമിഷൻ ക്രിസ്ത്യസംഘക്കാരുടെയും രക്ഷാസൈന്യവകുപ്പുകാരുടെയും സ്ഥാപനങ്ങൾ കേരളത്തിൽ പ്രഥമതഃ ആരംഭിച്ചതു് ഈ നഗരത്തിലാണു്. ആധുനികകാലത്തും ഈ ക്രിസ്തീയസംഘങ്ങളുടെ കേരളത്തിലെ തലസ്ഥാനം ഇവിടെയാകുന്നു. ലണ്ടൻമിഷൻ സംഘം വക പുരാതനമായ ഒരു രണ്ടാം ഗ്രേഡു്കാളേജും, അവരുടെയും രക്ഷാസൈന്യങ്ങളുടെയും മററു ചില സ്ഥാപനങ്ങളും ഇവിടെ ഉണ്ടു്. ഇവിടത്തെ ഏതദ്ദേശിയർ ഭൂരിപക്ഷവും തമിഴരാണു്.

അനുബന്ധങ്ങൾ.

1

ചില പ്രധാന ക്ഷേത്രങ്ങളുടെ സ്ഥാപനകാലവും കേരളചരിത്രപ്രസിദ്ധിയുള്ള മറ്റു ചില സംഭവങ്ങളുടെ കാലവും.

(ഗ്രന്ഥവരി)

"കൊല്ലം 991-ാമത്തു മേടമാസത്തിലേക്കു കലിയുഗം തുടങ്ങിയിട്ടു 4917 സംവത്സരം ചെന്നു. കലിയുഗം തുടങ്ങി 51 ദിവസം ചെന്നപ്പോൾ തൃപ്പൂണിത്തുറ ദേവരെ അർജ്ജുനൻ പ്രതിഷ്ഠിച്ചു. അന്നേക്കലി പത്മ എന്നു. 11-ാം സംവത്സരം മിഥുനമാസം 12-ാം തീയതി ശ്രീകൃഷ്ണസ്വാമിയുടെ സ്വർഗ്ഗാരോഹണം. അന്നേക്കലി ബാലാഞ്ചലമെന്നു. പിന്നെ 26 ദിവസം ചെന്നപ്പോൾ ധർമ്മപുത്രരുടെ സ്വർഗ്ഗാരോഹണം. ധർമ്മസ്വർഗ്ഗം എന്നു അന്നത്തെക്കലി. കലിയുഗം തുടങ്ങി 248-ാം സംവത്സരം മകരമാസം 25-ാനു വില്വമംഗലത്തു ശിവാങ്ങള തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിയെ പ്രതിഷ്ഠിച്ചു. അന്നേക്കലി നൊരാമനള്ളിൽ. 1106 സംവത്സരം മേടത്തിൽ തിരുവല്ലാ പ്രതിഷ്ഠിച്ചു. അന്നേക്കലി പാലകൊൽവെലിക്കാകാ 3444-ാം സംവത്സരം ഇടവമാസത്തിൽ മലയാളത്തിൽ ഉള്ള രാജാക്കന്മാർക്കു ചേരമാൻപെരുമാൾ തമ്പുരാൻ രാജ്യത്തിനു വാളുകൊടുത്തു. അന്നേക്കലി കരുതി സമാശ്രയം. 3529 സംവത്സരം കർക്കടകമാസത്തിൽ ചേരമാൻപെരുമാളുടെ സ്വർഗ്ഗാരോഹണം അന്നേക്കലി സ്വർഗ്ഗസന്ദേഹപ്രാപ്യഃ, 4251 സംവത്സരം ചെന്നപ്പോൾ കൊല്ലം 325-ാമതിൽ കൊച്ചി എളങ്ങല്ലൂർ തമ്പുരാൻ പെരുമ്പടപ്പിൽ തമ്പുരാനു കൊടുത്തു. അന്നേക്കലി കൊടുത്തു ബ്രാഹ്മണാഢ്യൻ. കൊല്ലം 522-ാമത്തു പറങ്കി കൊച്ചിയിൽ വന്നു. അന്നേക്കലി ഗോകുലഹരിതാപം. കൊല്ലം 590-ാമത്തു പറങ്കി കൊച്ചിയിൽ കോവിലകം പണിയിച്ചു. അന്നേക്കലി മഹർഷിനിർമ്മിതം പൊൽ. കൊല്ലം 827-ാമത്തു മകരമാസം 27-ാം തീയതി ആയില്യം വെള്ളിയാഴ്ച പ്രതിപദം അന്നു കൊച്ചിയിൽ കോവിലകത്തു ലന്തപ്പടകേറി വെട്ടത്തു

(1) തലമുറകളുമായി ഗ്രന്ഥപകർത്തിൽ പറ്റിയ പ്രമാദങ്ങളാൽ കലിസംഖ്യാപദങ്ങളിൽ ചിലതെല്ലാം പ്രമാദം പരമായിതീർത്തിട്ടുണ്ടെന്നു കാണുന്നു.

രാജാക്കന്മാരെ വെട്ടികൊന്നു. കൊല്ലം 923-ാമാണ്ടു തെക്കുംകൂറിൽ ഇളയതമ്പുരാനായിരുന്ന തമ്പുരാൻ നെടുവിരിപ്പിൽ ചെന്നു അവിടെനിന്നു ദത്തുവെയ്ക്കണമെന്നും പറഞ്ഞു് ആൺവഴിയിൽ രണ്ടുതമ്പുരാക്കന്മാരും പെൺവഴിയിൽ അമ്മതമ്പുരാട്ടിമാരും ഉള്ളതല്ലാതെ സന്തതി ഉണ്ടാകുന്നതിനു ബോധിപ്പിച്ചാറെ അതിനുവണ്ണം ദത്തുവെക്കാമെന്നും നെടുവിരിപ്പിൽ തമ്പുരാൻ കല്പിക്കകൊണ്ടു കൊട്ടയത്തുവന്നതിന്റെശേഷം ഈ അവസ്ഥ കല്പന ഉണ്ടായതിന്റെശേഷം അന്നു കാൎയ്യമായിട്ടു ഏറാടികാൎയ്യക്കാരും നമ്പൂരികാൎയ്യക്കാരും ചെങ്ങളം കൊച്ചുവക്കിമാപ്പിളക്കു് ഓരൊ പൊന്നരഞ്ഞാണം സമ്മാനമായിട്ടു പെരുമ്പടപ്പിൽനിന്നും ചെമ്പകശ്ശേരിയിൽനിന്നും വടക്കുംകൂർനിന്നും കൊണ്ടു ദത്തുവേണ്ടാ എന്നു ഇളയതമ്പുരാനെ സമ്മതംവരുത്തി വടക്കുംകൂറനിന്നും ദത്തുവയ്ക്കയെന്നും നിശ്ചയിച്ചു വലിയതമ്പുരാനെ അറിയിച്ചാറെ......... വച്ചുകൂടായെന്നും കല്പനഉണ്ടായി. പിന്നത്തതിൽ വലിയതമ്പുരാനു ശീലാവസ്ഥയായിട്ടു കിടക്കുമ്പോൾ വടക്കുംകൂറനിൽനിന്നു ദത്തുവച്ചതിന്റെശേഷം 923-ാമാണ്ടു ഇടവമാസത്തിൽ വലിയതമ്പുരാൻ നാടുനീങ്ങുകകൊണ്ടു ദത്തുവച്ചതിൽ ഇളയതമ്പുരാൻ ഇപ്പുറപ്പിൽ സ്വരൂപത്തിങ്കൽ സേവിച്ചപാൎക്കുമ്പോൾ ഇളയതമ്പുരാൻ കൎക്കടകമാസത്തിൽ നാടുനീങ്ങിയതിനു മാസത്തിനു 924-ാമാണ്ടു കൎക്കടകമാസത്തിൽ ഇളയതമ്പുരാൻ പുള്ളിയോടുകൂടിവന്നു തമ്മിൽ രസക്ഷയമായിട്ടു് ഉണ്ടായ ഹിംസനിമിത്തം രാജ്യഭ്രഷ്ടംവന്നു.

പുരാതനകേരളരാജാക്കന്മാർ

1. കുന്നലക്കോൻ
2. വള്ളുവക്കോൻ
3. കോലത്തിരി
4. കുറുമ്പനാതിരി
5. വെൺപലനായിരി
6. കിഴമലനായിരി
7. ഓണാട്ടടികൾ
8. വേണാട്ടടികൾ
9. കാതനാട്ടു
10. കാതാകാട്ടു

വെൺപലനായിരിയുടെ വെൺപലനാട്ടിൽ ജനസംഖ്യ അൻപതിനായിരം നായർകുടുംബം. ഏററവും വലിയരാജ്യം.

ഈ ഗ്രന്ഥവരിയുടെ മൂലത്തിൽ ഉപയോഗിച്ചിട്ടുള്ള അക്ഷരലിപികൾക്കു ടൈപ്പുകൾ ഇല്ലാത്തതിനാൽ ഇംഗ്ലീഷക്ഷരങ്ങൾ ഇവിടെ ചേർത്തിട്ടുള്ളതാകുന്നു.

കാതനാട്ടും കൊതകാട്ടും ഏററവും ചെറിയ രാജ്യങ്ങൾ അൻപത്തിരണ്ടു നായർകുടുംബം.

ചിലപുരാതന മാടമ്പിമാർ

പൂഞ്ഞാറു്, പെരിയാറു് പന്തളം, ചെമ്പലങ്ങാട്ടു, ഏലങ്ങാന്താ, തുളിശ്ശാല, വാക, മട്ടിപ്പറമ്പു്, നന്ത്യാർകോട്ടു്, ഞാമക്കാട്ടു്, അമ്പാട്ടു്, കൊളങ്ങരില്ലം, കയ്പുഴ, ചെറുശ്ശേരി, കാരച്ചള്ളി, കടിയക്കുറത്തിൽ, പൈങ്ങാട്ടു, പെങ്ങാട്ടു, ഇങ്ങനെ പതിനെട്ടു്. തറമേൽവാക്കൈമ്മൾ, ആകത്താനത്തുകൈമ്മൾ, ഞാമക്കാട്ടുകർത്താവു്, വൈക്കത്തില്ലത്തിൽകൈമ്മൾ, പെങ്ങാട്ടില്ലത്തിൽകൈമ്മൾ, തൈച്ചേഴത്തുകൈമ്മൾ, തെറ്റാലിക്കരകൈമ്മൾ, പാട്ടത്തില്ലത്തിൽകൈമ്മൾ എന്നിവർ എട്ടു ചിറമാടമ്പിമാർ

2

പ്രാചീനകേരള മാടമ്പിയുടെ സ്ഥാനമാനാവകാശങ്ങൾ

കേരളാദിമാടമ്പു, കൊല്ലു, കൊല, ഇല്ലച്ചൊല്ലു്, ഇടവിലക്കു, തെണ്ടിവരവു്, തേട്ടകാണം അഞ്ചുമല, ചെങ്കൊമ്പു, കൊമ്പുചക്ക, കലയടക്കാ, വെട്ടുമടൽ, കടിപ്പത്തു, രംഗവിളക്കു, ണവിലക്കു, അടിയറ, അന്തവാടം ആകെക്കോയിമ്മ ഇങ്ങനെ പതിനെട്ടു ഇതുകൾക്കു വിവരമാക

ഒന്നാമതു്— കേരളാദിമാടമ്പു്= കേരളഭൂമിയുടെ ആദിമമായ നാട്ടുവാഴി സ്ഥാനം

രണ്ടാമതു—കൊല്ലു്= ആരെയും കൊല്ലിക്കുക.

മൂന്നാമതു്—കൊല= ആരെയും കൊല്ലുക

നാലാമതു്—ഇല്ലച്ചൊല്ലു്= പരുതിയിൽ തെറ്റുന്നവർ ദേശം വിട്ടു പോകുവാൻ ആജ്ഞാപിച്ചു് അയയ്ക്കുക.

അഞ്ചാമതു്—ഇടവിലക്കു= ധിക്കരിക്കുന്നവരിൽ ആരും സംബന്ധപ്പെടാതിരിക്കുവാൻ ദേശാവകാശികളെ വിരോധിച്ചിരുത്തുക.

ആറാമത്തു്—തെന്നിവരവു=ഉതുക്കം തടാകം മുതലായി ഉടമസ്ഥന്മാരില്ലാതെ ഓടിയും ഒഴുകിയും വരുന്നവകകൾ തങ്ങൾ എടുത്തുകൊൾക.

ഏഴാമത്തു്—തോട്ടക്കാണം= ആരെങ്കിലും ആധാരമുഖേന ഭൂമികൾ കൈമാറിയാൽ ആധാരവും ഒരുരാശിയും കൂടെമുൻപാകെ കൊണ്ടുവന്നു വെക്കുക. രാശിഎടുത്തുകൊണ്ടു ആധാരത്തലയ്ക്കൽ അറിവെന്നു കൈപ്പട പതിച്ചു കൊടുക്കുക.

എട്ടാമത്തു—അഞ്ചുമുല=ആരുടെ എങ്കിലും എരുമ പശു മുതലായതിന്നനാലിലധികം മുലയോമററു വിശേഷലക്ഷണമോ ഉണ്ടെങ്കിൽ അതിനെ തങ്ങൾ അപഹരിച്ചുകൊള്ളുക.

ഒൻപതാമത്തു—ചെങ്കൊമ്പു്= ആന പോത്തു വൃഷഭം മുതലായ കൊമ്പുള്ള ജന്തുക്കൾ മനുഷ്യരെയോ മററുജന്തുക്കളെയോ കൊമ്പേശികൊമ്പിൽ രക്തം പുരട്ടിയാൽ പിന്നത്തതിൽ ആ ഉരുവിനെ തങ്ങൾ അപഹരിച്ചുകൊള്ളുക.

പത്താമത്തു്—കൊമ്പുചക്ക= ആരുടെഎങ്കിലും കുടിയിരിപ്പിൽ പ്ലാവുണ്ടായികായിച്ചാൽ ആണ്ടിനാൽ ഒരുപ്ലാവിന്നൊരു ചക്കവീതം ഉടയവൻ കൊണ്ടുവന്നു തന്നുകൊള്ളുക.

പതിനൊന്നാമത്തു്—കുലയടക്കാ=കമുങ്ങുകായിക്കുന്നഎല്ലാ നാറയിടത്തിൽ നിന്നുംആണ്ടിനാൽ ഒരുകുലപഴുക്കാവീതം ഉടയവൻ കൊണ്ടുവന്നുതന്നുകൊള്ളുക.

പന്ത്രണ്ടാമത്തു്—വെട്ടുമടൽ= ദേശത്തുള്ള എല്ലാകുടികളും കുടിഒന്നുക്കു് പത്തുമടൽ ഓലവീതം തന്നുകൊള്ളുക.

പതിമൂന്നാമത്തു്— കടിപ്പുത്തു=കുടിഒന്നുക്കു ആണ്ടിനാൽ പത്തു നാളികേരംവീതം തന്നുകൊള്ളുക.

പതിന്നാലാമത്തു—രംഗവിളക്കു്=ആട്ടം മുതലായ അരങ്ങു നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ ഉടമസ്ഥൻ പകലെ വന്നു് വെററിലകെട്ടുവെച്ചു വിവരം പറയുക. ശിഷ്യനും ചങ്ങല വിളക്കുമായി അവിടെ ചെന്നു് ചങ്ങലവിളക്കിൽനിന്നും തിരി എടുത്തു രംഗവിളക്കിൽ കൊളുത്തി അനുവാദവും കൊടുത്തു് പോരിക.

പതിനഞ്ചാമത്തു—രണവിലക്ക=ഇടക്കുടിയിലും തേവർ സന്നിധിയിലും ശണ്ഠതുടങ്ങി നിശ്ചിതസമയത്തു് തങ്ങൾക്കുള്ള വാളും പരിചയും എടുത്തു്, നടുവിൽ ഇറങ്ങി ഇരുപുറവും വിലക്കിനിർത്തികൊൾക.

പതിനാറാമത്തു—അടിയറ=തങ്ങളുടെ അധികാരാതിർത്തിക്കുള്ളിൽ എവിടെയെങ്കിലും നൂതനമായി കുടിപാർക്കാൻ തുടങ്ങുന്നവൻ ഒരു രാശി അടിയറവെച്ചു കണ്ടു അനുവാദം വാങ്ങി ഗൃഹപ്രവേശനം ചെയ്തുകൊൾക.

പതിനേഴാമത്തു്—അനുവാദം=നടക്കേണ്ടും സകല കാര്യത്തിനും, ആപ്പു, കുരവ, ആഭരണം ധരിക്ക, പിന്നെ പുലകളി ഇതുകൾക്കു വെററിലകെട്ടുവച്ചു് അനുവാദം വാങ്ങി നടത്തി കൊൾക. പെൺകെട്ടു കല്യാണം വെററിലക്കെട്ടും പെണ്ണൊന്നുക്കു ഒരു രാശി വീതവും വെച്ചുകണ്ടു് നടത്തികൊൾക.

പതിനെട്ടാമത്തു—കോയിമ്മ=ആമേൽക്കൊപ്പം ദേശമടക്കി പോന്ന പോരായ്മതീർത്തു കോയിമ്മ ആളെന്ന കൈമ്മൾ സ്ഥാനം ഭരിച്ചുകൊള്ളുക.

3

പ്രാചീനഓലക്കരണങ്ങളുടെ പകപ്പുകൾ.

ഓല ൧

കൊല്ലം ൯൨൯-ാമാണ്ടു കർക്കടക ഞായർ 28-ാംനു-എഴുതിയ തീറുവോലക്കരണമാവിതു, ചെറുവള്ളിതെശത്തുപുള്ളപ്പുറമ്പിവീട്ടിൽ കുടിയിരിക്കും നെരിപ്പിള്ള നാരാ നാരായണന്തനിക്കു ചെന്നൊത്തു പണിക്കരൊടു തെട്ടുമുള്ള പാറവുകാട്ടുചെരിക്കലിൽഅപ്പാട്ടുപുരയിടം ഒററിഓലയുംവച്ചു ഒററിഓലെൽപെട്ട കാണവും വാങ്ങിക്കെളെങ്ങു തീറുവും എഴുതിക്കൊടുത്താൻ നെരിപ്പിള്ള നാരായണനു ഇമ്മാക്കമേ പാറവുകാട്ടുച്ചെരിക്കലിൽ ചെന്നൊത്തുപണിക്കരൊടുതെട്ടമൊള്ള അപ്പാട്ടുപുരയിടം ഒററിഓലയും വപ്പിച്ചു ഒററിഓലയിൽപെട്ട കാണവും കൈയിൽകൊടുത്ത തീറുവും വപ്പിച്ചു കൊണ്ടാൻ. ചെമ്പപ്പാടി തെശത്തു മറെറക്കാട്ടു നാരായണൻ കുടുത്തക്കളേമ്മാക്കമെ ഈ തീറുവോലെ കടഅറിയും താക്ഷെയിയും മഴവഞ്ചെരിൽ കൊവിന്ദൻ നാരായണനും പാതിരമ്പള്ളിൽ കുടുത്ത എരവിയുംഇവർകളും അറികെ തീറുവൊലെ കൈ എഴുതിയ മുടന്തു ആദിച്ചൻ രാമൻ കൈയെഴുത്തു.

കൊല്ലം ൻധ൯ ൧൰൨ാമാണ്ടു ഇടവഞായർവരെ തീൎത്തുവാങ്ങി കൊണ്ടു തിരുകുറി എഴുതികൊടുത്ത മെക്കു ഇത്തിട്ടുകുറിക്കു എഴുതിയ ചെരിയിൽ രാമൻ രാമൻ കൈഎഴുത്തു.

കാരുപെള്ളിൽ പെരുമ്പിരാ ഇല്ലത്തിൽ പെരുമ്പിരാൻ നാകവൻ ഇരവി കുറി പള്ളിയിൽ കോവുന്ദൻ ശങ്കരൻ കണ്ടു എന്നാൽ താങ്കൾക്കു നമ്മൊടു ഒഴവുപാട്ടമൊള്ള നിലം വിത്തും കുരിതെശത്തു കിഴക്കുംപുറത്തു കാച്ചാണിക്കരി നിലം ൧൰൨ധ പറയടെ അടയാളത്തിപ്പെട്ട നിലം കല്ലുക്കാടൻ പറയ്ക്കു ൧൰൯ധ പറ പഞ്ഞിപ്പുഴ പണ്ടാരത്തിൽ വകയിൽ തേട്ടമൊള്ള പാടപ്പുറമ്പികിഴക്കെപ്പുറത്തു മുണ്ടടിനിലത്തിൻെറ വടക്കെ അരികിൽതടി......൨ധ പറയും വകരണ്ടുംക്കൂടെ നിലം ൧൰ൻധ പറവിത്തു പാട്ടനിലത്തേൽ കാലമൊന്നിനു തന്നിരിക്കമൊറു കപ്പിച്ചക്കുലി അടക്കവത്തു അലങ്കാരം ൨൨റപറമെലളവുംപ്പടെ കല്ലുക്കാടൊത്തപറയ്ക്കു ൨൰൨ധ൩പറ ഇടങ്കഴി ൧-യിൽ ടി ഒഴവുപാട്ടത്തേൽ വായിപ്പയെള്ള നെൽ ൫൯ പറയ്ക്കുംപലിശ കഴിയും നെല്ലു കല്ലുക്കാടൊത്തപറയ്ക്കു ൨൨൧ പറയും കഴിച്ചു നീക്കിവരവെണ്ടും പാട്ടനെൽ കല്ലുക്കാടൻ പറയ്ക്കു ൪ പറ ഇടങ്ങഴി ൻ-ം തീൎത്തു വാങ്ങികൊണ്ടു് കൊല്ലം ൻധ൯ ൧൰൨.

ഓല ൨

കൊല്ലം ൻധ൯൨ധ൧-ാമാണ്ടു തുലാഞായർ ൨ധ൧-ാനു- എഴുതിയ വെപ്പുമുറി കൊല്ലം ൻധ൯ ൧൰൫-ാമാണ്ടു മകരഞായർ ......കരണമാവിതു്. ചെനപ്പാടിതെശത്തു മടപ്പാട്ടുവീട്ടിൽകുടിയിരിക്കും കടുത്താനൻ കൊവുന്ദൻ തനിക്കു ചെറക്കൽ നായരൊടു തേട്ടമുള്ള നപ്പാട്ടു ചെരിക്കലിൽ പട്ടുപ്പുറണ്ടും പൂതക്കുഴിപ്പുരെടവും തെടിയ ഒററിഓലയും വെച്ചു ഒററിഓലയിൽ പെട്ട കാണവും വാങ്ങിച്ചുകൊണ്ടു ....
ചെനപ്പാടി പകവതിയുടെ നാരാളരായ മററക്കാട്ടു നാരായണൻ കടുത്തക്കു ഇമ്മാർകമെ കടുത്താനൻ..................
ചെറക്കൽ നായരൊടു തെട്ടമൊള്ള വഴപ്പുറമ്പുംപൂതക്കുഴിപപ്പു തെടിയ ഒററിഓലയും വപ്പിച്ചു ഒററിഓലയിൽപെട്ടകാണവും കൊടുത്തു തീരുവും എഴുതി വപ്പിച്ചു കൊണ്ടാൻ നാരായണൻ കടുത്ത കടുത്താനൻ കൊവുന്നനെക്കൊണ്ടു ഇമ്മാക്കു മെകല്പിച്ചു മെക്കു ഈ തീരുവെലെക്കു അറിവും താകഴിയും............ന്ന്

നാമെന്നും മാതിരമ്പള്ളിൽ കട്ടത്താനൻ ഇവർകളമറികെ ഇൗ തിരുവൊല കൈ എഴുതിയ പട്ടവെടത്തു മട്ടത്തു ആരിച്ചൻ രാമൻ കൈ എഴുത്തു.

ഓല ൬.

കൊല്ലം (*) ൻവ്വെ-ാമാണ്ട വൃശ്ചികഞായർ ൧൨-ാം൹ എഴുതിയഒററിയൊലക്കരണമാവിതു്. വെള്ളിയെ പൊത്തകപ്പു റത്തും നാരായെണൻ നാരായെണൻ കൈയാൽ ൫൫ രാശി പണം കടം കൊണ്ടാൻ. ചെനപ്പാടി ദെശത്തു മരുത്തുവീട്ടിൽ കുടിയിരിക്കും രാമെൻ കിരുട്ടിണനു് കൊണ്ടാൻ കൊണ്ട. ഇമ്മാ ത്രമേ ഇപ്പണം രാമൻ കിരുട്ടണനു് തനിക്ക വാകെക്കാട്ട നായ രൊട്ട തെട്ടമൊള്ള മങ്ങരപ്പറമ്പു.........എഴുതിവച്ചു അധികാ രമെററി കൊടുത്താൻ രാമൻ കിരുട്ടിണൻ നാരായെണൻ നാരായെണെന്നു ഇപ്പണം ൫൫-ം കൊടുത്ത രാമൻ കിരുട്ടി ണൻ തനിക്ക വാകെക്കാട്ട നായരൊട്ട തെട്ടമൊള്ള........ പുരയുംക്കൂടി ഒററിയാകെ എഴുതിപ്പിടിപ്പിച്ചു അധികാരമെററി കൊണ്ടാൻ നാരായെണൻ.........രാമൻ കിരുട്ടിണനെക്കൊണ്ട ഇമ്മാക്കമെ. ഇപ്പറമ്പിന്ന കാലം ഒരാണ്ടാൽ കൊടുത്തിരിക്ക കല്പിച്ച മിച്ചവാരം രാശി പണം ൧ കാലും ആണ്ടുവരെയും കൊ ടുത്തിരിപ്പു നാരായെണൻ നാരായെണൻ.........രാമെൻ കിരു ട്ടെനു ഇമ്മാക്കമെ ഇപ്പറമ്പിന്ന കാലം ഒരാണ്ടാൽതന്നിരിക്കും മററു കല്പിച്ച വാരം രാശി പണം ൧ കാലും ആണ്ടുവരെയും വാങ്ങിക്കൊൾവു രാമൻ കിരുട്ടിനൻ നാരായെണൻ നാരാ യെണെനു..........അതിനു കിഴക്ക കാവതി കൊഞ്ചെപ്പറമ്പി നും പടിഞ്ഞാറു് തെക്കമങ്ങരെ എറത്തുപറമ്പിനും വടക്കുപടി ഞ്ഞാറ......ററത്തിൽ പറമ്പിനും തെക്ക ഇന്നാലതിക്കെത്തു അകപ്പെട്ട മങ്ങരെപ്പറമ്പു ഒററി എററിരുന്ന നാ........... കുഴിച്ച കിണററിനും പഴയ പലം നീക്കി തന്നത്താൻ നട്ടത്താൻ നട്ട ശകീൾ മെക്കാവലം എപ്പെർപ്പെട്ടതിന്നും............വും കൂടെ കൊടുത്തു ഒററിയൊഴിച്ചുകൊൾവു രാമൻ കിരുട്ടിനനു നാരായെണൻ നാരായെണനെക്കൊണ്ട ഇമ്മാക്കമെ ഇപ്പ രിശെ കാണവും വെററിയും വാങ്ങിക്കൊണ്ട ഒററിവച്ചുകൊ ടുപ്പു. നാരായെണൻ നാരായെണനു രാമൻ കിരുട്ടിണനു

* പുരാതന അക്ഷലിപിക്ക ടൈപ്പുകൾ ഇല്ല.

ഇമ്മാക്കലെക്കു് ഈ ഒററിഓലക്കു അറിവും താട്ടു ച്ചീയും മാതിരം പള്ളിൽ കടുത്താളൻ കടുത്തയും മഴവൻചെരിൽ കൊവുന്നൻ കെരളൻവർകൾ അറികെ ഒററി ഓല കൈഎഴുതിയ ചെ. നപ്പാളിൽ നടുവെഴുത്തു മുട്ടത്തു ആതിച്ചെൻ രാമെനു് കൈ എഴുത്തു.

ഓല ൩.

കൊല്ലം ൯൱൭-ാമാണ്ടു ഇടവഞായറു ൲൬-ാന്തു എഴുതിയ ആൾവിലെയൊലക്കരണമാവിതു്. തിരിക്കൊടിത്താനത്തു് വടക്കുമ്പാകത്തു് നാച്ചെരിൽ വീട്ടിൽ കുടിയിരിക്കും കൊവുന്നെൻ രാമൻ തന്നടിയാർ പുലെയരു് വകയിൽ പിലാത്താനത്തില്ലത്തിൽ പാനാക്കൽ കണ്ണപൊററ മക്കളിൽ നല്ലെആലെന്ന പുലയിയെയും അവൾ പൊററ മക്കളെയും ആയ നാലരക്രുടിക്കണ്ടവരെഞ്ഞമെണ്ണം മൊടി ഒത്ത നെമ്മവില അത്തവും കൈയിൽ വാങ്ങിക്കൊണ്ടു വില ആകെ എഴുതിക്കൊടുത്താൻ കൊവുന്ദൻ രാമനെ കുട്ടകപയിൽ ഈച്ചെരനു് ആതിച്ച. കൊവുന്ദെൻ രാമെൻ തന്നടിയാർ പുലയരവകയിൽ പിലാത്താനത്തില്ലത്തിൽ പാനാക്കൽ കണ്ണപൊററ മക്കളിൽ നല്ലആലെന്ന പുലയിയെയും അവൾ പൊററ മക്കളെയും ആയനാലര്ക്രുടിക്കണ്ട വരെഞ്ഞമെണ്ണമൊടിയൊത്ത നെമ്മവില അത്തവും കൈയിൽ കൊടുത്തു് വിലെ ആകെ എഴുതിച്ചുകൊണ്ടാൻ ഈച്ചെരെനു് ആതികൊവുന്ദെൻ രാമനെക്കൊണ്ടു ഇമ്മാക്കമെ ഈ ആൾവിക്കിൽ വിലെക്കും കൊല്ലകിൽ കൊലെയ്ക്കുമാമാറു് വിലെ ആകെ എഴുതിക്കൊടുത്താൻ കൊവുന്ദെൻ രാമെനു് ഈച്ചെരെൻ ആതിച്ചു ഇമ്മാക്കമെ ആൾവിക്കിൽ വിലെക്കും കൊലെക്കുമൊമാറുവില ആകെ എഴുതിച്ചുകൊണ്ടാൻ ഈച്ചെരനു് ആതികോവുന്ദെൻ രാമെനെക്കൊണ്ടു ഇമ്മാക്കമെ ഈ ആൾക്കു ഒരുത്തരാലൊരു—ലപ്പുണ്ടാകിൽ—ലപ്പു തീത്തു് നടത്തിക്കൊടുക്കുമാറു്—ലപ്പുതീത്തു് നടത്തിച്ചുകൊള്ളുമാറും കല്പിച്ചു ഈ ആൾ വില ഓലെക്കു് അറിവും താഴഴി നെരിണചെരിൽ കെളെൻ രാമെനും കിഴക്കെടത്തിൽ രാമെൻ നാരായെണെനും ഇവർകൾ നാൽവെരും അറികെ ഈ ആൾ വിലയൊല കൈഎഴുതിയ കൊവുന്നിക്കെ എഴുതിയ കൈ എഴുത്തു്.

ഓല ൨.

കൊല്ലം (*) ൯൱൬-ാമാണ്ടു മീനമാസം ൧൭-ാംനു-
എഴുതിയ—ക്കാരാണ്മ ഓലക്കരണമാവിതു്........നതെശത്തു
കുടിയിരിക്കും പാട്ടത്തിൽ ഇരവി ഇരവി തന്നടിയാർ പറവർ
വകെയിൽ കൊയിപ്പാറെപറെ എർവകെയിൽ കൊയിക്ക
മാണി പെററ മക്കെളിൽ ചക്കിയെയും അവൾപെററ മക്ക
ളിൽ ഇപ്പുവിനെയും മാണിയെയും..............നാലരകണ്ടവപെറെ
ഞ്ഞ വെണ്ണമൊടിഞ്ഞ, കാരാഴ്മ
പൊന്നും വിലയും കൊടുത്ത ആൾക്കാരാഴ്മയും എഴുതിക്കൊ
ടുത്താൻ ഇരവി ഇരവി........................ദെശത്തു കിഴക്കും
പാകത്തു വലിപ്പറമ്പിൽ വന്നുകുടിരിക്കും ചെറിയത്തു ചാക്കൊ
യിക്കു ഇമ്മാക്കമെ ഇ നാലരകണ്ടുവരഞ്ഞ
വണ്ണം മൊഴി ഒത്ത വിലക്കും വില കാരാഴ്മ പൊന്നുംകൊ
ടുത്തു ആൾക്കാരാഴ്മെയും എഴുതിച്ചുകൊണ്ടാൻ ചെറിയത്തു
ചാക്കൊ. ഇരവി ഇരവിഎകൊണ്ടു ഇമ്മാക്കമെ ഈ ആൾ
കൊല്ലുകിൽ കൊലെയ്ക്കുമ്മാറ വിക്കിൽ വിൽക്കയും മാറ തന്ന
വകക്കു കാരാഴ്മ പൊന്നുംകൊടുത്ത ആ കാരാഴ്മ ആകെ
എഴുതിക്കൊടുത്താൻ ഇരവി ഇരവി ചെറിയത്തു ചാക്കൊയിക്കു.
ഇമ്മാക്കമെ ഈ ആൾ വിക്കിൽ വിലക്കുമായി കൊല്ലുകിൽ
കൊലക്കുമായി തന്ന വകക്കു കാരാഴ്മ പൊന്നും കൊടുത്തു
ആ കാരാഴ്മ എഴുതിച്ചുകൊണ്ടാൻ ചെറിയത്തു ചാക്കൊ ഇരവി
ഇരവിഎക്കൊണ്ടു ഇമ്മാക്കമെ ഈ കാരാഴ്മ ഓലക്കഅറിവും
തകറിഷിയും വക്കെയിൽ കോശിയും പുത്തുശെരിൽ.

ഓല ൩.

കൊല്ലം ൧൦൩൩ (*) -ാമാണ്ടു വൃശ്ചികഞായർ
൧൮-നു- എഴുതിയ ഒററിഓലക്കരണമാവിതു്. ചെനപ്പാടി
തെശത്തു മററക്കാട്ടുവീട്ടിൽ കുടിയിരിക്കും നാരായണെൻ നാരാ
യെണന കൈയാൽ ൩൦ (*) രാശിപണം കടംകൊണ്ടാൻ
ചെനപ്പാടി പകവതിയുടയ കൊങ്ങരപ്പള്ളി കെശവൻ ശ്രീവാത്തു
തേവരു് കൊടുക്കാൻ കൊണ്ട ഇമ്മാക്കമെ ഈ രാശി പണം
മുപ്പത്തും വാങ്ങിക്കൊണ്ടു കെശവൻ ശ്രീവാത്തുതെവർ തങ്കൾ
ക്കൊള്ള ചെനപ്പാടി തെശത്തു മുളലെപ്പുത്തുപറമ്പിന്നു കാണം

---

* പെടിവു്.

രാശി പണം (*) ൨൦-ംകൊട്ടത്തു മളലെപ്പത്തുപറമ്പു ഒററി യാകെ എഴുതിച്ചുകൊണ്ടാൻ. ചെനപ്പാടിതെശത്തും മററക്കാട്ടു വീട്ടിൽ കുടിയിരിക്കും നാരായെണെൻ നാരായെണെനും ചെന പ്പാടിവക പതിയടയ കൊങ്ങരപ്പള്ളിൽ കെശവൻ ശ്രീവാത്തു തെവരെക്കൊണ്ടു ഇമ്മാക്കൈ! ഇപ്പറമ്പിന്നു കാലമൊരാണ്ടാൽ കൊട്ടത്തിരിക്കുമാറും കല്പിച്ചു പാട്ടം രാശിപണം ൧൦-ം ചക്കറം രണ്ടുക്കും പാട്ടത്തേൽ കാണം രാശി പണം ൩൦-കു പലിശ കഴിയും രാശിപണം ൩-ം നീക്കി മിച്ചുവാരം രാശി പണം ഒന്നും ചക്കറം രണ്ടും നാളികെരം ൪൦-ാ കൊട്ടത്തിരിപ്പു നാരാ യെണെൻ നാരായെണെൻ കെശവൻ ശ്രീവാത്തുതെവർക്കു ഇമ്മാ ക്കൈ ഇപ്പറമ്പിന്നു കാലമൊരാണ്ടാൽ കൊട്ടത്തിരിക്കുമാറും കല്പിച്ചു പാട്ടം രാശിപണം നാലും ചക്കരം രണ്ടും പാട്ടത്തെൽ കാണം രാശിപണം മുപ്പതിന്നും പലിശകഴിയും രാശി പണം മൂന്നും നിക്കി മിച്ചുവാരം രാശി പണം ഒന്നും ചക്കറം രണ്ടും നാളികെരം പത്തും വാങ്ങിക്കൊൾവു കെശവൻ ശ്രീവാത്തുതെ വരും നാരായെണെൻ നാരായെണെൻ നാരായെണെനൊട്ടു ഇമ്മാക്കൈ ഈ ഒററിഓലക്കു അറിവും സാക്ഷിയും കൊമര മങ്ങലത്തു രാമെൻ കിരുട്ടിണനും പുത്തച്ചെരിൽ ഇട്ടിയാതി കൊവിന്നനും ഇവരുകളും അറികെ ഈ ഒററിയൊല കൈ യെഴുതിയ കൊങ്ങരപ്പെള്ളിൽ നാരായെണെര കൈഎഴുത്തു.

ഓല ൭.

കൊല്ലം ൮൩൩ വിരിശ്ചികഞായർ ൧൭-ാംനു എഴുതിയ ഒററിയൊലക്കരെണമാവിതു. ചെനപ്പാട്ടിതെശത്തു മററക്കാട്ടുവീട്ടിൽകുടിയിരിക്കും നാരായെണെൻ നാരായെണെൻ കൈയാൽ (൧൫) രാശിപണം കടം കൊണ്ടാൻ. ചെനപ്പാട്ടി പകവതിയൊടയ കൊങ്ങരപ്പള്ളി കെശവൻ ശ്രീവാത്തുതെവരു കൊണ്ടാൻ കൊണ്ടു ഇമ്മാക്കൈ ഈ രാശിപണം (൧൫)-ം വാങ്ങിക്കൊണ്ടു കെശവൻ ശ്രീവാത്തുതെവരും തങ്കൾക്കൊള്ള ചെനപ്പാടി തെശത്തു കടക്കെത്തു പറമ്പും ളാകയിൽ പറമ്പും ഏറത്തുവീട്ടിൽ പറമ്പുംകൂടെ ഒററിയാകെ എഴുതിക്കൊട്ടത്താർ. കെശവൻ ശ്രീവാത്തുതെവരു നാരായെണെൻ നാരായെണെനു ഇമ്മാക്കൈ ഈ രാശിപ്പണം നാല്പതൊന്നും കൊട്ടത്ത കെശ വൻ ശ്രീവാത്തുതെവരു തങ്കൾക്കൊള്ള ചെനപ്പാടി തെശത്തു

കടക്കെഞ്ഞുപറമ്പും ളാകയിൽ പറമ്പും ഏറത്തുവിട്ടിൽപറമ്പും കൂടെ ഒററിയാകെ എഴുതിച്ചു കൊണ്ടാൻ. ചെനപ്പാടിതെശത്തു മററക്കാട്ടുവീട്ടിൽ കുടിയിരിക്കും നാരായെണൻ നാരായെണൻ ചേനപ്പാടി പകവതിയടയ കൊങ്ങൂരപ്പള്ളിൽ കെശവൻ ശ്രീവാസുതെവരെക്കൊണ്ടു ഇമ്മാക്കമൈ ഇപ്പുറമ്പുകൾക്കു കാലമൊരാണ്ടാൽ കൊടുത്തിരിക്കുമാറും കല്പിച്ചു പാട്ടം രാശി പണം ൩ അരക്കു പാട്ടത്തെൽ കാണം രാശിപണം (൬൫)ന്ന കാണപ്പലിശകഴിയം രാശി പണം (൬)-ം നീക്കി മിച്ചവാരം രാശിപണം ൧ അരയും കൊടുത്തിരിപ്പു. നാരായെണൻ നാരായെണൻ ശ്രീവാസുതെറ ക്കു ഇമ്മാക്കമെ ഇപ്പുറമ്പുകൾക്കു കാലമൊരാണ്ടാൽ.

ഓല ൮൪.

കൊല്ലം ൯൮൬-ാമാണ്ടു തുലാമാതം ൨൭-ാംനു എഴുതിയ നെരയനൊലക്കരണമാവിതു — മയ.കൊല്ലം ൬൭൭-ാമാണ്ടു മകരമാതത്തിൽ എഴുതിയ ഇറക്കൊരാഴമ്മ ഓലക്കരണമാവിതു...............നാരായെണൻ താമൊതിരന്നു തങ്കൾക്കൊള്ള മുരിക്കന്താനം ചെരിക്കലെിൽ കാരിലെ ഉഴവും........ ഇറക്കൊരാഴമ്മ പൊന്നും വാങ്ങിക്കൊണ്ടു ഇറെക്കൊരാഴമയാകെ എഴുതിക്കൊടുത്താൻ നാരായെണൻ താമൊതിരെൻ നാട്ടുകാലിതെശത്തു അമപ്പാട്ടുവീട്ടിൽ കുടിയിരിക്കും കടുത്താളൻ കെരുളന്നു ഇമ്മാക്കമെ താമൊതരൻ തങ്കൾക്കൊള്ള മുരിക്കന്താനം ചെരിക്കലെിൽ കാരിലെ ഉഴവും കൊവിയെട്ടുകലെ ഉഴവിന്നും കൂടെ നാലർ കണ്ട നെമ്മ വില ഇറക്കൊരാഴ്മയപൊന്നും കൊടുത്തു ഇറക്കൊരാഴമയാകെ എഴുതിച്ചുകൊണ്ടാൻ. കടുത്താളൻ കെരുളൻ നാരായെണൻ താമൊതിരെരെക്കൊണ്ടു ഇമ്മാക്കമെ ഈ ഉഴത്തിന്നു അതിരു കിഴക്കു പുഴക്കെന തൊട്ടിന്നും എലിനാരിക്കെൽ പുരയിടത്തിന്നും പടിഞ്ഞാറു തെക്കു പുഴിഞ്ഞപിലാക്കൽ പുരയിടത്തിന്നും വടക്കു പടിഞ്ഞാറെപറമ്പിന്നു ആയിനിക്കും കിഴക്കു വടക്കു നാലലെ പുററിന്നും പുതിരന്നെലെ ചെങ്കല്ലുമറികെ (*) കൊടുത്തിരിക്കുമാറു കല്പിച്ചു ഇറ (*) കൊടുത്തിരിപ്പൂ. കടുത്താളൻ കെരുളന്നു താമൊതരെൻ താമൊതരെന്നു ഇമ്മാക്കമെ

* ലിപി പുരാതനങ്കളുലിപി. പൊടിവു്

ഓല ൨൮.

കൊല്ലം ൯൬൨-ാമാണ്ടു കൎക്കടകമാസം ൨൫-ാം൹ എറക്കാരാഴ്മ ഓലക്കരണമാവിതു്. ചെമ്പ്പാടി............ക്കെൽ വീട്ടിൽ കുടിയിരിക്കും കപ്പിഴ കെരുളൻ കെരുളൻ മററക്കാട്ടു പണിക്കെരടെ എററെക്കാരാഴ്മ നെട്ട ഒള്ളമം.........ണ്ണമെണ്ണ............മൊഴി ഒത്ത നെയ്മവില ഇറെക്കാരാഴ്മ പൊന്നുംകൊടുത്തു ഇറെക്കാരാഴ്മയാകെ എഴുതിക്കൊടുത്താൻ............വീട്ടിൽ കുടിയിരിക്കും അമ്മെടിയാൻ ചിതംപെരെന്ന ഇമ്മാക്കമെ കെരുളൻ കെരുളെന്നു............മററെക്കാട്ടു പണിക്ക............പുരെടത്തിന്നു നാലു് ക്രൂടിക്കണ്ടുവരെഞ്ഞ............യൊത്ത നെമ്മ വില ഇറക്കാരാഴ്മ പൊന്നുംവാങ്ങിക്കൊണ്ടു ഇറെക്കാരാഴ്മയാകെ............കെരുളനെക്കൊണ്ടു ഇമ്മാക്കമെ ഇപ്പുരെടത്തിന്നു അതിരു കിഴക്കു പടിഞ്ഞാറു തെക്കു പള്ളത്തൊട്ടിന്നു വടക്കു പടി പ്പിലാക്കൽ പറമ്പിന്നു തെക്കു ഇവനാൽ പൂകകപ്പെട്ട പുരെടത്തിന്നു നാലര് ക്രൂടിക്കണ്ടുവരെഞ്ഞ അറു പറഞ്ഞ മൊഴിയൊത്ത നെമ്മവില എഴുതിക്കൊടുത്താൻ കെരുളൻ കെരുളെന്ന അമ്മെടിയാൻ ചിതംപരെന്ന ഇമ്മാക്കമെ ഈപുരെടത്തിന്നു അതിരു കിഴക്കു ആണെഞ്ചിപ്പറമ്പിന്നും പടിഞ്ഞാറു കൊല്ലമലപ്പറമ്പിന്നു കിഴക്കു് വടക്കു വലത്തിലാക്കൽ പറമ്പിന്നു നാലതിത്തിക്കകപ്പെട്ട പുരെടത്തിന്നു നാലര വാങ്ങിക്കൊണ്ടു ഇററക്കാരാഴ്മയാകെ എഴുതിച്ചു കൊണ്ടാൻ അമ്മെടിയാൻ ചിതംപരെന്നു കെരുളൻ കെരുളെനെക്കൊണ്ടു ഇമ്മാക്കമെ കൊടുക്കെണ്ടും കൊടുത്തിരിപ്പു അമ്മെടിയാൻ ചിതംപരെന്നു ഇമ്മാക്കമെ ഈ പുരെടത്തിന്നു ആളാൽ ഒരു മലപ്പു. ഒണ്ടാ ട്ടപ്പു കെരുളൻ കെരുളെന അമ്മടിയാൻ ചിതംപെരെന ഇമ്മാക്കമെ ഇപ്പുരെടത്തിന്നു ആളാൽ ഒരു തുലപ്പു് ഒണ്ടാകിൽ തുലപ്പു പറെഞ്ഞു് കെരുളെൻ കെരുളനെക്കൊണ്ടു ഇമ്മാക്കമെ കല്പിച്ചു മെട്ടു്. ഇതിന്നു അറിവുന്ന സാക്ഷി മാവാറപെള്ള കടുവെത്തയും തിരുത്തിക്കാട്ടു കമെരെൻ കമെരെന്നും ഇവർകാറ ഇരുവെരും അറിയെ കൈ എഴുതിയ താമരച്ചെരിയിൽ താമരച്ചെരിൽ കണ്ടെന കൈ എഴുത്തു.

ഓല ൮൦.

കൊല്ലം ൯൦൦-൩൦ മാണ്ടു മെടഞായററിൽ എഴുതിയ പരിശെപ്പാട്ടയോലക്കാരിയമാവിതു. ചെനപ്പാടി പകവതിക്ക മനാത്തരെതി ചെന്ന മഴവെന്നൂർ കുമെരെയും തെമ്മെളെയും അവെടെ മക്കളെയും കരിങ്ങണമ്പെള്ളി കൊവുന്തെന്ന കൊവുന്തെന്ന ഇളെച്ചിയെയുംകപ്പിടച്ചെത്താൻ. ആദിച്ചെനംകൂടെ ഇമ്മാക്കമെ കുമെരെന അവെടെ മക്കളെയും ഇളെച്ചിയെയും കൊവുന്തെന്ന ഇപ്പരിശെ

റെഴുതി ഏററിച്ചുകൊൾവു ചെനപ്പാടി പകവതിക്ക

ആകെ ഇറക്കി ഇമ്മാക്കമെ.

ഓല ൮൧.

൯-ാമാണ്ടു വിരിച്ചിക ഞായർ ൮൦-ാനു- എഴുതിയ തിരുവിള അഴ പാട്ടയൊലക്കരണമാവിതു്. വാഴൂർ വടക്കമ്മളക്കൽനിന്നും കലയിച്ചാക്കാൽ വലമ്പിരിമങ്ങലത്തു അക്കിരമൻ നാരായണൻ പാഴമള്ളൂൽ പെരുമ്പറ പറയർ അടിയാരു വകയിൽ മരത്തിനി നീലിപെററ മക്കളിൽ കുന്നത്തുമാണി പെററ മക്കളെയും കുന്നത്തു ചെന്നളയും ആകെ ആറും ഏഴിനെയുംകൂടെ തിരുവിള പാട്ടമാകെ എഴുതി കൊടുത്ത പാട്ടത്തെൽ (൯൮) ൯൮ അടവിരാശി പണം വായിപ്പുകൊണ്ടാൻ. നാരായണൻ ചെനപ്പാടി തെശത്തു കെഴക്കുംപാകത്തു പുത്തൻപറമ്പിൽ തറയിൽ കുടിയിരിക്കും നാരാണൻ കടുത്തയൊടു് ഇമ്മാക്കമെ കീഴവാമടത്തിൽ അക്കിരമൻ നാരായണൻ വാഴൂവടക്കമ്മളക്കലെ പെരുമ്പറ പറയർ വകയിൽ മരുത്തിനിലിപെററ മക്കളിൽ കുന്നത്തുവാണിയെയും അവൾ പെററ കുന്നത്തു ചെന്നളയും ആകെ ആറും ഏഴിനെയും കൂടെ തിരുവിളപ്പാട്ടമാകെ എഴുതിച്ചുകൊണ്ട പാട്ടത്തെൽ ൯൮ അടവിരാശിപ്പണം വായിപ്പുകൊടുത്താൻ, ഇന്നം നാരായണൻ അക്കിരമൻ നാരായണക്കു ഇമ്മാക്കമെ ഇന്ന ആറും ഏഴും പണിയിട്ടർച്ചിച്ചു പണിചേന്തിക്ക പാട്ടം കൊണ്ടു പണപ്പലിശ നീക്കി ആണ്ടുവരെയും അടവിരാശി ആരു

ത്തിരിപ്പു. ഇന്നം നാരാണൻ കടുത്ത അക്കിരമൻ നാരായണക്കു ഇമ്മാക്കമെ ഇന്ന ആറും ഏഴിനെയും പണിയിൽ ഇടീച്ചുകൊടുത്ത ആറും പാട്ടക്കാണംകൊണ്ടു ഇന്നപ്പണത്തിന്നു

പൊലിശ കഴിച്ചു മിച്ചവാരം അടവിരാശിപ്പണം ആരവീതം ആ ആണ്ടുവരെയും വാങ്ങിച്ചുകൊള്ളു. അക്കിരമൻ നാരായണനു് ഇൗഴം ഇമ്മാക്കമെ കല്പിച്ചു മെക്ക' ഇൗ തിരുവിളപ്പാട്ടയൊലക്ക അറിയും താഴച്ചി ചെങ്ങച്ചെരി താമൊതരൻ ശിറീതരനും മഴവച്ചേരി രാമൻ രാമൻ ഇരുവെരും അറികെ കൈ ഇൗ തിരുവിള പാട്ടയൊല കൈ എഴുതിയ കീഴവാ മടത്തിൽ കണക്കൻ നല്ലൂർ നാരായണൻ രാമൻ കൈമയെഴുത്തു.

ഓല ൮൨.

ഇടവഞായർ ൨൭൦൬-ാം എഴുതിയ നെന്നപ്പുന കൊല്ലം മാണ്ടു കൎക്കടകഞായിററിൽ എഴുതിയ നെരൊററിയൊലപാരണമാവിതു നെയിപ്പുറവീട്ടിൽ കടിയിരിക്കും ആമ്മെട്ടിയാൻ ചിതംവെരെൻകൈയാൽ ൩൦ രാശിപണം കടംകൊണ്ടാൻ ചെനപ്പാടിതെശത്തു........കൊലാരികട്ടത്താളൻ ഇരവികൊണ്ടാൻകൊണ്ട ഇമ്മാക്കമെ ഇരാശിപണ മൂപ്പതും......ഇരവിതനിക്കകൊണ്ടുറപ്പുള്ളി നമ്പൂതിരിയൊടും ഇലമ്പലാക്കാട്ടു ആനന്തിരവരോടും ക......കവെളുഴത്തിൻെറ മുതകരണവും വച്ചു ഇരിപ്പുഴികലെയുഴത്തിൽ പാതിയും വെളെളകലെയുഴത്തിൽ പാതിയും വാ......നാക്കഴിപ്പുറമ്പും കൂടെ നെർപൊലിശകഴിയുമാറു നെരൊററിയാകെ എഴുതികൊഴവും പാരയും ഇറക്ക .....നെൻ ഇരവി അമ്മെടിയാൻ ചിതംവെരെന ഇമ്മാക്കമെ ഇൗരാശിപണം ൩൦-ം കൊട്ടത്ത കട്ടത്താളൻ ഇരവ തനിക്കകൊണ്ടുറപ്പുള്ള......ഇംമ്പിലാക്കാട്ടു് ആനന്തിരവരൊടുകൂടെ തെട്ടമൊള്ള ഇരിപ്പുഴിക്കൽ ചെരിക്കലിൻെറ മുതക്കരണവും......ഇരിപ്പുഴക്കലെയുഴത്തിൽ പാതിയും കൂളെങ്കലെയുഴത്തിൽ പാതിയും നാരത്തൊട്ടെയുഴവു ഇടത്തിനാക്കഴിപറമ്പും......പൊലിശകഴയുമാറു നെരൊററിയാകെ എഴുതിച്ചുകൊഴവും പാരയും , ഇറക്കിച്ചുകൊണ്ടാൻ അമ്മെടിയാൻ ചിതംവെരെന കട്ടത്താളൻ ഇരവിയെകൊണ്ടു ഇമ്മാക്കമെ ഇൗയുഴവുകറം വെട്ടിവാഴംകാലം വരു......ചിതംവരൻ കട്ടത്താളൻ ഇരവിക്ക ഇമ്മാക്കമെ ഇപ്പരിശെവരെ നെല്ലും കറെറയും......അമ്മെടിയാൻ ചിതംവെരെനൊട്ട ഇമ്മാക്കംകല്പിച്ചു മെക്ക ഇതിന്നറിവും താഴച്ചിയും........ നെൽ കെരുളെങ്ങം. പാലെക്കാട്ടുരാമൻ രാമനും അറികെ.

ഓല ൧൬൩.

കൊല്ലം ൯൯൦-ാംമാണ്ടു മകരഞായർ ൨൩-നു എഴുതിയ നെരൊററിയൊലക്കരണമാവിതു ഇടമടെക്കു തെശത്തു പുത്തെനി ൧൦ പറനെല്ലു കടംകൊണ്ടാൻ ഇളമ്പുലാക്കാട്ടുകര തെശത്തു വാരിക്കാട്ടുവീട്ടിൽ കടിയിരിക്കും തെങ്ങിനാൻകെരളൻരാമൻ കൊണ്ടതനിക്കു കുററിക്കാട്ടുപണിക്കരൊട്ടു തെട്ടമൊള്ള കാര്യക്കരു.....ണെന്ന ഇമ്മാക്കമെ ഇവനെല്ലു ൧൦ പറയും കൊട്ടതകെരുളൻ രാമൻ തനിക്കുകുററിക്കാട്ടു പണിക്ക......തച്ചു കൊട്ടത്താൽ കരെകൊണ്ടാ പെരുനാശിനാരായണൻ കെരുളൻ രാമനെക്കൊണ്ടു ഇമ്മാക്കമെ ഇമ.....അതിരുതെക്കു കെഴക്കുവടക്കു പടിഞ്ഞാറായിട്ടു യിററു......കിഴക്കുവടക്കു മുത്തുരപ്പിന്നതെക്കു ഇന്നാലതിത്തിക്കകത്തകപ്പെട്ടു.....എഴുതി കൊഴവും പാരയും ഏററിക്കൊട്ടത്താൻ കെരുളൻരാമൻ നാരായരുനാശിനാരായണന്നു ഇമ്മാക്കമെ ഇവ—പരിഞ്ഞായാർ വിരവടെക്കു കിഴക്കുവടക്കു മുക്കുരപ്പിന്നുംതെക്കു ഇന്നാലതിത്തിക്കകത്തകപ്പെട്ടു .... കെരുളൻ രാമനെക്കൊണ്ടു ഇമ്മാക്കമെ ഇ൮ പുരെടത്തിന്ന വാഴങ്കാലം അമവതിയും ന്നങ്ങളാലൊരു തുലപ്പുണ്ടാകിൽ തുലപ്പു പറഞ്ഞു പൊക്കിക്കൊട്ടപ്പു കെരുളൻ രാമൻ പൊരു തിന്നു ങ്ങളാലൊരു ഇലപ്പുണ്ടാകിൽ ഇലപ്പുപറഞ്ഞു പൊക്കിക്കൊള്ളു പെരുനാശി നാരായണൻ കെരുളൻ രാമനെക്കൊണ്ടു. ഇമ്മാക്കമെ താഴ്ച്ചി കണ്ടൻ കണ്ടനുംമറിയ ഇ൮ നെരൊററിയൊല കൈഎഴുതി മുട്ടത്തു കട്ടത്താളനാതിച്ചു കൈയെഴുത്തു്

ഓല ൧൬൪.

കൊല്ലം ൯൯൩ മാണ്ടു് വിരിശ്ചിക ഞായിർ ൧-ാംനു എഴുതിയ ഒററിയൊലക്കരണമാവിതു തെശത്തു കടിയിരിക്കും വിലക്കുന്നത്തു ഞായത്തൻ രാമൻ കൈയ്യാൽ ൨൨ രാശി പാതിയുംക്കൂടെ നെർപൊലിശ കഴിയുമാറു് നെരൊററിയാകെ എഴുതികൊട്ടത്താൻ ഇപ്പുറമ്പുകടംക്കു് അതിരു കിഴക്കു കുഴിപ്പുറമ്പിനുംപടിഞ്ഞാറു് തെക്കെക്കെയ്യാലക്കും വടക്കു കത്തെൻപറമ്പിനും തെക്കു ഇന്നാലതിക്കകത്തകപ്പെട്ട വററയും കൊട്ടത്തി

രിപ്പു ഞായത്തൻ രാമൻ കെരളൻഇരവിക്ക ഇമ്മാക്കമെ ഇപ്പു ണം ൨൨-ാം   കുഴിപറമ്പിനും പടിഞ്ഞാറു് തെക്കെ കയ്യാ ലക്കും   തറെയടുക്കെപ്പുറവു തറെക്കും തെക്ക ഇന്നാലു അതിക്ക അകത്തുഅകപ്പെട്ട പറമ്പ   ത്തിരിപ്പു ഞായത്തൻ രാമൻ കെരളൻ രാമന ഇമ്മാക്കമെ ഇൗ ഒററിയൊലെക്ക അ റിയുന്ന താഴ്ച്ചിയും മാതിരം കട്ടത്താനൻ കെരളനും അറികെ ഇൗ ഒററിയൊല കൈയെഴുതിയ കല്പിച്ച മെക്ക കൈയെഴുത്തു്

ഓല ൪൯.

കൊല്ലം ൯൭൮-(   )മാണ്ടു് മെടഞായർ ൧൨-ാം ൹-എഴുതിയപണയ ഓലക്കരണമാവിതു. ചെനപ്പാട്ടിതെശത്തു് ഒററിക്കാട്ട തെവൻ ചെവാളൻ കൈയാൽ ൭൫ പറ നെല്ലുകടം കൊണ്ടാൻ ചെനപ്പാട്ടിതെശത്തു കാവുംപടിക്കൽ വീട്ടിൽ കുടി യിരിക്കും കുളത്തു കുമരൻ കെരളൻ കൊണ്ടാൻ കൊണ്ടിമ്മാ ക്കമെ ഇൗ നെല്ല എഴുപത്തൊന്നു പറയും വാങ്ങിക്കൊള്ള കുമരൻ കെരളൻ തനിക്ക   തെട്ടമുള്ള അത്തിപ്പാറ ചെരിക്കൽ ൨൦ പറയ്ക്കും വീട്ടിയാനിചെരിക്കൽ ൨൦-പറയ്ക്കും നട്ടവത്തുകാവു ചെരിക്കൽ ൩൦ പറയ്ക്കും ആകെ ൭൦ പറവിത്തു പാട്ടനിലം പണയമാകെ എഴുതികൊടുത്താൻ കുമരൻ കെരളൻ തെവർ ചെന്നണ ഇമ്മാക്കമെ ഇൗ നെല്ല് ൭൫ പറയും കൊടുത്ത കുമരൻ കെരളൻ തനിക്ക കൊടിക്കാ   കൊഴവു തെട്ടമുള്ള അത്തിപ്പാറ ചെരിക്കൽ ൨൦ പറയ്ക്കും വീട്ടിയാനിചെരിക്കൽ ൨൦ പറയ്ക്കും നടുവത്തുചെരി ക്കൽ ൩൦ പറയ്ക്കും ആകെ ൭൦ പറവിത്തു പാട്ടനിലം പണയ മാകെ എഴുതിച്ചു കൊണ്ടാൻ തെവൻ ചെന്നൻ കുമരൻ കെര ളനെക്കൊണ്ടു ഇമ്മാക്കമെ ഇൗ ഒഴവു പെട്ടിവാഴം കാലം ഒഴവു പണവും പുത്തരിവാണവും കല്യാണിയും അനുപവിച്ചുകൊണ്ടു തെവാരം നെല്ല്.........രിയത്തിൽ കൊടുത്തിരിപ്പു തെവൻ ചെന്നൻ ഇമ്മാക്കമെ ഇൗ ചെരിക്കൽ പെട്ടിവാഴം കാലം   കല്യാണിയും അനുപവിച്ചുകൊണ്ടു നെരുവാരം കൊടുത്തിരിപ്പു കല്പിച്ച മെക്ക ഇപ്പണയ ഓലക്ക അറിവു് താഴ്ച്ചി മുഴവന ചെരിക്കൽ കൊവുന്ദൻ   മാതിരമ്പള്ളിൽ കട്ടത്താനൻ കെരളനും ഇവർകളുമറികെ ഇൗ പണയ ഓല കൈയെഴുതിയ മുട്ടത്തു ആളിച്ചനാതിച്ചൻ കൈയഴുത്തു്.

ഓല ൧൩

കൊല്ലം ൯൮൯ാമാണ്ടു് മീനഞായർ ൧൨-ാന്തു എഴുതിയ തീറുവൊലക്കാരിയമാവിതു. ചെനപ്പാട്ടിതെശത്തു മറെറ കാട്ടുവീട്ടിൽ കുടിയിരിക്കും നാരായണൻ കടുത്താനനെക്കു ചെന്നൻപള്ളുിൽ നായരൊടു കാരാഴ്മ തെട്ടമുള്ളപറയരു...... കാരാഴ്മയൊലയിൽപെട്ടകാരം പൊന്നും വാങ്ങിക്കൊള്ളു കാരാഴ്മയൊലെയും കൊടുത്തുതുള്ളം ഒഴിഞ്ഞുതീറുവും എഴുതികൊടു ത്താൻ നാരായണൻ കടുത്ത കുററിക്കാട്ടു രാമൻ കെരളന്ന ഇമ്മാക്കമെ നാരായണൻ കടുത്ത തള്ളെക്കു ചെന്നൻപള്ളുിൽ നായരൊടു കാരാഴ്മതെട്ടമുള്ള പറയരടെ കാരാഴ്മയൊലയിൽ പെട്ടകാരാഴ്മ പൊന്നുംകൊടുത്തു കാരാഴ്മയൊലയും വാങ്ങി ച്ചുതുള്ളം ഒഴിപ്പിച്ചു തീറുവും എഴുതിച്ചുകൊണ്ടാൻ രാമൻ കെരളൻ നാരായണൻ കടുത്തയെക്കൊണ്ടു ഇമ്മാക്കം കല്പിച്ചുമെക്ക ഇതിന്നു അറിയും താഴ്ച്ചി ചെന്നൊത്തു രാമൻ കെരളനും കൊയില്പുറത്തു രാമൻ കൊവുന്നനും നീരെന്താനത്തു രാമൻ കൊവുന്നനും പടക്കയിൽ കൊവുന്നൻ രാമനും ഇവർ കള്ളമറി യെ ഇതീറുഓല എഴുതിയ ചെനപ്പാട്ടിൽ നടുവേഴത്തു മുട്ടത്തു ആതിച്ചനാതിച്ചൻ കൈയെഴുത്തു

ഓല ൧൭

കൊല്ലം ൯൭൦ാമാണ്ടു തനുമാതം ൨൫-ാന്തു എഴുതിയ ഒഴവുപാട്ടയൊലക്കരണമാവിതു തറമെലാക ഇല്ല ത്തിൽ പൊങ്ങാട്ടുക്കുററി പെരകത്തു നാരായണൻ ആതിച്ചെ ന്നൊമ്മെന്നു മുട്ടാറുതെശത്തു കിഴക്കമ്പാകത്തു തെക്കെവടക്കുള്ള മുട്ടതൊട്ടിന്നു കിഴക്കെക്കരെ ചെമ്പിലകത്തിൽ പടിഞ്ഞാറെ അരികിൽ തനിക്കൊള്ള നിലം പത്തുപറമെൽ ആപ്പാട്ടുപള്ളി ൧൩ വരാകൻ മെനി ൧൧൨ അടവിരാശി പണ വും വായിപ്പു കൊണ്ടാൻ കാലം മൂവാണ്ടെക്കു ഒാവു പാട്ടമാകെ എഴുതികൊടുത്താൻ നാരായണൻ ആദിച്ചൊമ്മന മീന്തുറക്കരി തെശത്തു കരിങ്ങണം പള്ളിവീട്ടിൽ കുടിയിരിക്കും പള്ളിൽ കൊവുന്നൻ നാരായണന്ന ഇമ്മാക്കമെ നാരായണൻ ആദിച്ചൊ മ്മന്നു മുട്ടാറുതെശത്തു കിഴക്കമ്പാകത്തു തെക്കെവടക്കുള്ള മുട്ട തൊട്ടിന്നു കിഴക്കെക്കരെ ചെമ്പിലകത്തിൽ പടിഞ്ഞാറെ അരി

വലിയ ഇടയം, നക്ഷത്ര അടയാളമോ കാണുന്നതെല്ലാം ഓലയിൽ പൊടിവാണ്.

കിൽ തനിക്കൊള്ളുനിലം ൧൦ പറമേൽ അപ്പാട്ടപുള്ളി ൧൩ വരാകൻമെനി...... ൧൧൫ അടവിരാശി പണവും വായാപ്പ കൊടുത്തു് കാലം മൂവാണ്ടേക്ക ഒഴവുപാട്ടമാകെ എഴുതിച്ചു കൊണ്ടാൻ കൊവുന്നൻ നാരായണൻ നാരായണൻ അളിച്ചോമ്മനെകൊണ്ടു ഇമ്മാക്കെമ ഇന്നിലത്തിന്ന കാലമൊരാണ്ടാൽ കൊടുത്തിരിക്കുമാറു കല്പിച്ച പാട്ടനെൽ കൈക്രൂലി അടുക്കവത്തു അലങ്കാരമുറപ്പെടെ കല്ലൂർക്കാടന്നൊത്ത പറയാൽ ൧൧ പറയും മെലുള്ളവുനെൽ ഇ. ൧ അരയുംകൂടെ നെൽ ൧൫ പറ ഇ. ൧ അരയിൽ മെൽപടിയാൻ ഒഴവു പാട്ടത്തെതൽ വായിപ്പയൊള്ള...... ന്നാപലിശകഴിയും നെല്ലു ൧൪ പറയും കഴിച്ചു് കൊടുക്കവെണ്ടും പാട്ടനെൽകല്ലൂക്കൊട്ടൊത്ത പറയാൽ ൧ പറ ഇടങ്ങഴി ൧ അരയും കൊടുപ്പിരിപ്പു കൊവുന്നൻ നാരായണൻ നാരായണൻ അളിച്ചോമ്മനും ഇമ്മാക്കെമ ഇന്നിലത്തിന്നു് കാലമൊരാണ്ടാൽ വാങ്ങിക്കൊണ്ടിരിക്കുമാ കല്പിച്ചപാട്ടനെൽ കൈക്രൂലി അടുക്കവത്തു്......ക്കാരം മെലുള്ളവുഴപ്പെടെ കല്ലുക്കൊട്ടൊത്തപറയാൽ ൧൫ ഇടങ്ങഴിയിൽ ൧ അരയിൽ ഒഴിവുപാട്ടത്തിന്നു വായിപ്പുള്ള പലിശകഴിയും നെല്ലു ൧൪ പറയുംകഴിച്ചു നീക്കിയുള്ള നെല്ലുഒരുപറ ഒന്നരഇടങ്ങഴിയും വാങ്ങിക്കൊണ്ടിരിപ്പു നാരായണൻ അളിച്ചോമ്മന കൊവുന്നൻ നാരായണനൊടു ഇമ്മാക്കെമ ഇൗഒഴവുപാട്ടയൊലെക്ക അറിയും താഴ്ച്ചി കുടിക്കാണം കൊടുത്ത രാശിപണം ൧൪-ലു കൈയിൽകൊടുത്തു രാശിപണം ൩൦-ം വകരണ്ടും കൂടെരാശിപണം ൧൧൫-ന്ന താഴ്ച്ചി കാക്കനാട്ടു് കണ്ടൻ കണ്ടനും ചെന്നൻപള്ളിയിൽ കെരളൻ കെരളെന്നും ഇവർകറം ഇതുവണ്ണം അറികെ ഇൗ ഒഴവുപാട്ടയൊല കൈയെഴുതിയ കൊഞ്ഞിരാക്കാട്ടു നാരായെണൻ രാമൻ കൈയെഴുത്തു്.

ഓല ൧൩.

കൊല്ലം ൯൫൧-ാമാണ്ടു കന്നിമാസം ൨൦-ാംനു- എഴുതിയ തീരവച്ചിട്ടി അവിത്തു്. വത്തുറ ദെശത്തു് പിലാത്താനത്തു വട്ടിൽ ഇരവി ഉണ്ണാന മെൽപടി ദെശത്തു കരിങ്ങണ്ണാപള്ളി പള്ളിയിൽ കണക്ക ഗോവിന്ദൻശങ്കരനു മുൻകൊല്ലം ൯൫൦-ാമാണ്ടുകർക്കടകമാസം ൨൦-ാംനു-എഴുതികൊടുത്ത അതാരം൧൩ പഞ്ഞിപ്പുഴ പണ്ടാരത്തിലെക്കു തെക്കുള്ള പള്ളിക്കൊര ഇടയിരാളിപ്പടവിൽ കത്തുവാക്ക നിലം ൩൦ പറയും ചെട്ടത്തിൽ

കണക്കപ്പിള്ളയൊടു തെട്ടമുള്ള കിഴക്കെ ഇടയ്ക്കാട്ടിപ്പടവിൽ കരിമാലിപ്പറമ്പിനും തെക്കെ നിലം ൧ പറയും വാക്കിട്ടിപ്പടവിൽ നാലടിപ്പകർച്ചയിൽ ഒരടിയാൽ വരും നിലം ൰൨ പറയും പാലക്കണ്ണെത്തു നായരവക രാമംകരപ്പടവിൽ അനുവിരുത്തി നിലം ൰൫ പറയും വക ൰-നാൽ നിലം ൭൰൪ പറക്കു പറക്കു പാട്ടം ഇ. ൭൰൪ പറ വ്യയെ അത്ഥം ഇ. ൧൱൰-ം ൪൰ പറ ഇതിൽപാട്ടത്തിൽകണക്കപ്പിള്ളവക നിലം ൰ൻ പറയും പാലക്കണ്ണെത്തു നായരു വക നിലം ൰൫ പറക്കും വക ൨-ൽ നിലം ഇ. ൰൪ പറക്കു മുതൽ പ്രമാണം കാണാഴിക കൊണ്ടു൦ ൯൰൪-ാമാണ്ടു വിളങ്ങിപ്പതിവ എഴുതുമ്പോൾ മെപ്പടി നിലം ഇ. ൰൪ പറയും ഒററയായിട്ടു വിളങ്ങിപ്പോകയാൽ മെപ്പടി നിലത്തിനു നിലവീതം കണ്ട പാട്ടവും അത്ഥവും നീക്കി പണ്ടിപ്പിഴ വക കെട്ടുംകെട്ടുവാക്കു നിലം ൨൭ പറക്കു നിലവീതങ്ങണ്ട പാട്ടം ഇ. ൨൧ പറ ഇ. ൭-ക്കു * നിലവീതങ്ങണ്ട അത്ഥം ഇ. ൪ ൰൭ പറക്കു ആണ്ടൊന്നുക്കു ഉഭയംകഴിവു ഇ. ൰൬ പറ ൨൫-യും നീക്കി ആണ്ടൊന്നുക്കു കല്ലുക്കാടൻ പറക്കു മിച്ചവാരം വരവേണ്ടും ഇ. ൱ പറ ൨ൻ ആകെ ൪൰൭-ാമാണ്ടു മുതൽ ൱൰-ാമാണ്ടു ഇടവഞായറുവരെ ശരിവരെ തീൎത്തു പററിയപ്രകാരം മെപ്പടി പിലാത്താനത്തു ഇരവി കെരുളൻ ൱൰-ാമാണ്ടു എഴുതിക്കൊടുത്ത തീൎവുകറി കണ്ടു ബൊധിക്കയിൽ മെപ്പടി ൱൰-ാമാണ്ടു ഇടവഞായറുവരെ തീൎത്തുപററിയതു നീക്കി ൱൰-ാമാണ്ടു മുതൽ ൱൰-ാമാണ്ടു ഇടവഞായറുവരെ ആണ്ടു ൨൦-ക്കു ആണ്ടൊന്നുക്കു കല്ലുക്കാടൻ പറക്കു മിച്ചവാരം ഇ. ൱ പറ ൨ൻ അര ആകെ ആണ്ടു ൪-ക്കു ഇ. ൰൱ ഇ. ൭ പറ ഇന്നെല്ലരുതററിരുപത്തഞ്ചുപറയും ൱൰൬-ാമാണ്ടുമുതൽ ൱൰-ാമാണ്ടു ഇടവഞായറു വരെ ആണ്ടുതോറും പള്ളിയിൽ കണക്കു ഗൊവിന്ദൻ രാമൻവശം തീൎത്തു പററിക്കൊണ്ടു തീരുവച്ചിട്ടു എഴുതിക്കൊടുത്ത പിലാത്താനത്തു ഇരവി ഇട്ടുണ്ണാൻ.

ഓല ൫൯.

കൊല്ലം ൯൱൪-ാമാണ്ടു ചിങ്ങഞായർ ൧൦-൨൨- എഴുതിയ ഉഴവുപാട്ടയൊലക്കരണമാവിതു്. മെപ്പുറാൽ തെരു

---

* ൨൦, ൩൦ മുതലായ സംഖ്യകൾക്കു മൂലഗ്രന്ഥത്തിൽ ചെൎത്തിരിക്കുന്ന ചിഹ്നങ്ങളെ വിചാരിക്കുമ്പോൾ തെറ്റു മാറുകയും ഇല്ല.

ഈ കിഴ്പ്പായതിമടത്തിൽ ഇരിക്കും കൊവിന്ദൻ മാതെവൻ കൈയാൽ പണയിപ്പുഴ തെട്ടമുള്ള നിലം മാമ്പഴക്കരി പുരിയിൽ കലപ്പുത്തറതോട്ടിന്ന തെക്കെപ്പുറം നിലം ൩൫ (൩൫) പറ നിലത്തെൽ വായിപ്പ വച്ച നെൽ ൫00 പറ. ചങ്ങങ്കരിയിൽ ഇരിക്കും ഇരപ്പൻ ഇരപ്പൻ കോവിന്ദൻ മാതേവന്ന ഇമ്മാക്കമെ ഇന്നിലത്തിന്ന കാലമോരാണ്ടാൽ കൊടുത്തിരിക്കുമാറു കല്പിച്ച പാട്ടനെൽ പാട്ടപ്പറയാൽ ൪൨ മുക്കാൽ പറയും ഉഴഴത്തെൽ വായിപ്പയൊള്ള നെൽ ൫00 പറയ്ക്കു കാലമൊന്നിന്ന പലിശ കഴിയും നെൽ ൪൦ പറയും കഴിച്ച പലിശ നീക്കിവരവെണ്ടും നെൽപാട്ടപ്പറയാൽ മുക്കാൽപറയും കൊടുത്തിരിപ്പു ഇരപ്പൻ ഇരപ്പൻ കൊവിന്ദൻ മാതെവന്ന ഇമ്മാക്കമെ കല്പിച്ച മെക്ക ഇപ്പടിക്ക ഇര ഉഴവുപാട്ടയൊലയ്ക്കു അറിയും താഴച്ചി കളരിക്കൽ തരകനം ചിറപെള്ളി നമ്പൂരി പൊററിയും ഇവർകെഴ ഇരുവരുമറികെ ഇര ഉഴവുപാട്ടയൊല എഴുതിയ രാമന രാമൻ കൈ എഴുത്തു.

ഓല ൨൦.

കൊല്ലം ൯൪൫-ാമാണ്ടു കക്കെകഞായററിൽ എഴുതിയ പാട്ടയൊലക്കരണമാവിതു. തിരുനക്കര തെവക്ക വെഴപ്പുറം തെശത്തു പടിഞ്ഞാറെപ്പുറത്തു മെൽപുള്ളപ്പെടവിൽ വടക്കെ അരികിൽ ഇമ്മൊത്തു പടവിന്നും കിഴക്കെപ്പുറത്തു. പള്ളിയിൽ കൂട്ടമെമൽ തൊട്ടിന്നും തെക്കെക്കരെ ചുണ്ടുകണ്ടം അടി ആറിനാൽ നിലം ൬൦ (.) പള്ളിയിൽ കൂട്ടമെമൽ കിഴക്കെ അരികിൽ കളത്തിൽ പറമ്പിന്ന ഒരു തടി ഇടയാട്ടുതടി ഒന്നിന്ന നിലം ൧ അര പറയും അതിന്നും വടക്ക മണലാടിയിൽ പടിഞ്ഞാറെപ്പുറത്തു ഓററിപ്പറമ്പിന്നപടിഞ്ഞാറെ തടിരണ്ട നിലം ൫൦ പറയും കൂടെ നിലം ൬൧ അര പറയും പാട്ടമാകെ എഴുതിക്കൊടുത്ത പാടത്തെൻ തെവർ കുററിപറയാൽ ൩൫ പറ ഒക്കമെനിനെല്ല വായിപ്പ കൊണ്ടാർ. തെവർ തമുതായത്തിലെ പറമിത്തറക്കരിതെശത്തു കരിങ്ങണമ്പള്ളി വീട്ടിൽ കുടിയിരിക്കും പള്ളിയിൽ കൊവുന്ദൻ കീരുട്ടണനൊടും ഇമ്മാക്കമെ തെവർ തമുതായത്തിലെ പറയ്ക്കു വെഴപ്പുരാതെശത്തു പടിഞ്ഞാറെപ്പുറത്തു മെൽപുള്ളടിപ്പുറവിൽ വടക്കെ അരികിൽ ഇളെടത്തു പറമ്പിന്ന കിഴക്കെപ്പുറത്തു, പള്ളിയിൽ കൂട്ടമെമൽ

തൊട്ടിന്നും തെക്കെക്കരെ ചുണ്ടകണ്ടം ൧൰ അയ്മ്പു പറയും പള്ളിയിൽ കൂട്ടമ്മെൽ കിഴക്കെ അരികിൽ കളത്തിൽ പാമ്പിന്ന ഒരു തടി ഇടയാട്ടു തടി ഒന്നിന്ന നിലം ൭ അര പറയും അതിന്നും വടക്കു മണലാടിയിൽ പടിഞ്ഞാറെപ്പിറത്തു ഒടററിപ്പറമ്പിന്ന പടിഞ്ഞാറു തടി രന്ന നിലം പത്തുപറയുംകൂടെ അൻപത്തുഎഴരപ്പറയും പാട്ടമാകെ എഴുതിച്ചുകൊണ്ടു പാട്ടത്തെൽ തേവർകുററിപ്പറയാൽ മുന്നൂററൊന്നുപറ നെല്ലു വായിച്ചുകൊടുത്താൻ കൊവുന്ദൻ കിരുട്ടിണൻ തെവർതമുതായത്തിലെ പറയ്ക്കു ഇമ്മാക്കമെ ഇന്നിലത്തിന്നകാലമൊരാണ്ടാൽ കൊടുക്കമാറു കല്പിച്ചു പാട്ടനെല്ലു നിറപറ അടുക്കുവതൊട്ടു കൂടെ തെവർകുററി പറയാൻനിലം കല്ലുക്കാടൻ പറയ്ക്കു ൩൰ അര പറയ്ക്കു വാശി കുറവു നിലം മൂന്ന പറ മുന്നെമുക്കാലും നിക്കി നിലവി കുററി പറയ്ക്കു ൩൰ പറ ൧കാലുക്കു നെല്ലു കുററിപ്പറയാൽ ൧൱൰ പറ ൩ അരയിൽ പാട്ടത്തെ വായിപ്പുള്ള നെല്ലു ൩൦൧ പറയ്ക്കു പലിശ കഴിയും നെല്ലു ൧൩ പറ അരയും നീക്കി ഉള്ള നെല്ലു ൧൧൰ പറ ആറും കൊടുത്തിരിപ്പു കൊവുന്ദൻ കിരുട്ടിണൻ തെവർതമുതായത്തിലെപറയ്ക്കു ഇമ്മാക്കമെ ഇന്നിലത്തിന്ന കാലമൊരാണ്ടാൽ വാങ്ങിച്ചുകൊള്ളമാറു കല്പിച്ചു പാട്ടനെല്ലു ൧൱൰ പറ ൩ അരയിൽ. വായിപ്പുള്ള നെല്ലു ൩൦൧ പറയ്ക്കു പലിശ കഴിയും നെല്ലു പതിനഞ്ചു പറ അരയും നിക്കി ഉള്ള നെല്ലു ൧൧൰ പറ ആറുംവാങ്ങിച്ചുകൊള്ള തമുദായത്തിലെ പറ കൊവുന്ദൻ കിരുട്ടിണനൊടു് ഇമ്മാക്കമെ ഇപ്പാട്ടയൊല എഴുതിയ മെക്കു കാരയ്ക്കാട്ടു തെവൻ കെരളൻ കൈഎഴുത്തു.

ഓല ൨൧.

കൊല്ലം ൯൱൭൰൦-ാമാണ്ടു് തുലാഞായർ ൨൨-ാനു-എഴുതിയ ഒററിയൊലക്കരണമാവിതു് ചെനപ്പാടിപകവതി തെവത്തം പടവു കൊങ്ങുറപ്പള്ളിൽ കെശവൻ ശ്രീവാസു തെവർ തന്നിക്കൊള്ള ചെനപ്പാടിതെശത്തു കാക്കനാട്ടുപറമ്പും മുളകപ്പുത്തു പറമ്പുംകൂടെ പറമ്പു മുരിങ്ങമ്മെൽ കാണം രാശി ൨൫ വാങ്ങിക്കൊണ്ടു ഒററിയാകെ എഴുതികൊടുത്താൻ കെശവൻ ശ്രീവാസു തെവർ ചെനപ്പാടി തെശത്തു മറെറക്കാട്ടു നാരായണൻ കട്ടരയ്ക്കു ഇമ്മാക്കമെ ചെനപ്പാടി പകവതി തെവത്തം പടവു കൊങ്ങുറപ്പള്ളി കെശവൻ ശ്രീവാസുതെവർ ചെന

ല്പാടി ഞെരളത്തു കാക്കനാട്ടു പറമ്പും മുളകുപ്പുറത്തു പറമ്പും കൂടെ പറമ്പുമുരിരണ്ടും മെൽകാണം രാശിപ്പണം മുപ്പത്തഞ്ചും കൊടുത്തു ഒററിയാകെ എഴുതിച്ചുകൊണ്ടാൻ നാരായണൻ കടുത്ത കെശവൻ ശ്രീവാളുതെവരെക്കൊണ്ടു ഇമ്മാക്കുമെ ഇപ്പറമ്പു മുരിരണ്ടിന്നുംകൂടെ കാലമൊരാണ്ടാൽ കൊടുത്തിരിക്കമാറു് കല്പിച്ചു പാട്ടം രാശിപ്പണം നാലരയും ചക്കറം ൨൰ക്കും. പാട്ടത്തെൻ കാണംരാശിപ്പണം (൩൫)ന്നും പലിശകഴിയും. രാശിപ്പണം മൂന്നരയും നീക്കി രാശിപ്പണം ഒന്നും ചക്കറം ൨൰ം ആണ്ടുവരെയും കൊടുത്തിരിപ്പു നാരായണൻ കടുത്ത കെശവൻ ശ്രീവാളുതെവർക്ക ഇമ്മാക്കുമെ ഇപ്പുറമ്പു മുരിരണ്ടിന്നുംകൂടെ കാലമൊരാണ്ടാൽ കൊടുത്തിരിക്കമാറും കല്പിച്ചു പാട്ടം രാശിപ്പണം മൂന്നര ചക്കറം രണ്ടും പാട്ടത്തെൻകാണം രാശിപ്പണം മുപ്പത്തഞ്ചിന്നും പലിശക്കഴിയും രാശിപ്പണം മൂന്നരയും നീക്കി രാശിപ്പണം ഒന്നും ചക്കറം രണ്ടും കൊടുത്തിരിപ്പു കെശവൻ ശ്രീവാളുതെവർ നാരായണൻ കടുത്തയൊടു ഇമ്മാക്കുമെ ഇഒററിയോലക്ക അറിയും സാക്ഷിയും കാളിപകവതിയും ഞാഞെതിലത്തു നാരായണൻ കിരിട്ടിണനും ഇവർകറം അറികെ. ഇഒററിയൊല കൈയെഴുതിയ മുട്ടത്തു ആതിച്ചൻ രാമൻ കൈയെഴുത്തു്.

ഓല ൨൨.

കല്ലറെയ്ക്കൽ ഇട്ടിച്ചാണ്ടി കുറി കരിങ്ങണംപള്ളി വീട്ടിക്കടിയിരിക്കും പിള്ളയിൽ കൊവുന്നൻ രാമൻ കണ്ടു തങ്കഴ്ക്കനമ്മൊടു ഉഴവുപാട്ടമുള്ള മാമ്പിഴകരികിക്കെപ്പുറത്തു പാണ്ടന പടവിൽ അടയരക്കാലരിക്കളത്തിന്നും കിഴക്കനിലം ൪൰ (൪൦) പറക്ക പതിനാഴിക്ക നിലം ൫ പറ ൫ ക്ക കാലമൊന്നിന്നു വരവെണ്ടും പാട്ടനെൽ പതിനാഴിപ്പുറക്ക (൧൪൦) പറ ഇ. ഇൽ [illegible] മെപ്പടിയാന്നു ഒഴവുപാട്ടത്തെൽ വായിപ്പയൊള്ള രാശിപ്പണം (൧൧൨)ന്നും പലിശ കഴിയും നെല്ലു പറ (൧൧) ഇ [illegible] കഴിച്ചു നീക്കിയൊള്ള നെല്ലു പറ.(൧൨൯) ഇ. ൽ പണ്ടാരവകയ്ക്കുടി നിലം. ൫ പറ അഞ്ചുക്ക പറെയ്ക്കു അരെക്കാൽ വീതം മിച്ചവാരം കൊടുക്കെണ്ടും നെല്ലു ൪ പറ ഇ. അഞ്ചെരയ്ക്കാലും ചാത്തക്കുളി ചക്കറം അടെച്ചു നെല്ലും പറഅഞ്ചും വകരണ്ടിൽ നെല്ലു ൧൰ പറ അരെ അരയ്ക്കാലും നീക്കിയൊള്ള നെല്ലു പതിനാഴിപ്പുറക്ക

ഉരുപ്പാറ ഇ. ഒന്നം വാങ്ങിക്കൊണ്ടിട്ടു് കൊല്ലം (൯൭൪) മാണ്ടു് ഇടവഞായറ്റൊട്ടക്കൂടെത്തീട്ടു് തീർത്തു എഴുതികൊടുത്ത ഒലക്കു് ഇതു് ഇട്ടിച്ചാണ്ടിഎഴുത്തു്

ഓല ൫൩

കൊല്ലം ൯൭൫ മാണ്ടു് കന്നിഞായർ ൯-ാം-എഴുതിയ ചിറ്റൊറ്റിയൊലക്കരണമാവിതു് ചെമ്പ്പാട്ടിതെക്കത്തുന്റെയിവു നടക്കൽ വീട്ടിൽ കുടിയിരിക്കും രാമൻ ചെന്നൻ കൈയാൽ ൯ രാശിപ്പണം കടം കൊണ്ടാൻ ചെമ്പ്പാട്ടിതെക്കത്തു വിലക്കൊത്തുവീട്ടിൽ കുടിയിരിക്കും കട്ടത്താളൻ കൊവുന്നൻ കൊണ്ടാൻ കൊണ്ട ഇമ്മാക്കമെ ഈ൯രാശിപണം എട്ടുംവാങ്ങിച്ചുകൊണ്ടു കട്ടത്താളൻ കൊവുന്ദൻ തനിക്കു കുററിക്കാട്ടുപണിക്കരൊടു് ഒററിതെട്ടമുള്ള കമ്മത്തൊട്ടത്തിൽപറമ്പു ചിററൊററിയാകെ എഴുതി കൊഴവും പാരയും ഇറക്കികൊടുത്താൻ ....കട്ടത്താളൻ കൊവുന്ദൻ രാമൻ ചെന്നന്നു് ഇമ്മാക്കമെ ഈ൯ രാശിപണം ൮-ം കൊടുത്തു് കട്ടത്താളൻ കൊവുന്നൻ തനിക്കു കുററിക്കാട്ട പണിക്കരൊട്ടു് ഒററിതെട്ടമൊള്ള കമ്മതൊട്ടത്തിൽ പറമ്പു ചിററൊററിയാകെ എഴുതി കൊഴവുംപാരയും ഇറക്കിച്ചുകൊണ്ടാൻ രാമൻചെന്നൻ കട്ടത്താനൻ കൊവുന്നനെക്കൊണ്ടു ഇമ്മാക്കമെ ഇപ്പുറമ്പിന്നു അതിരുകിഴക്കു പൂവത്തിൻക്കൽപറമ്പിന്ന പടിഞ്ഞാറു തെക്കു കൈയാലക്കും മൂപ്പരൊടത്തിന്നും വടക്കു പടിഞ്ഞാറു ആററിന്നു കിഴക്കു വടക്കുമടത്തിൽപറമ്പിന്നും പന്നിപ്പുറമ്പിന്നും തെക്കു ഇന്നാലതിക്കകത്തകപ്പെട്ട പറമ്പു വെട്ടിവാഴുംകാലും പറനെല്ലും കുററയും കൊട്ടത്തിരിപ്പു രാമൻ ചെന്നൻ കട്ടത്താനൻ കൊവന്നന്നു് ഇമ്മാക്കമെ ഇപ്പുറമ്പിന്നു അതിരു കിഴക്കു പൂവത്തിൻകൽപറമ്പിന്നു് പടിഞ്ഞാറു് തെക്കു കയ്യാലക്കും മൂപ്പരൊടന്നിന്നും വടക്കു പടിഞ്ഞാറു ആററിന്നു കിഴക്കു വടക്കു മടത്തിൽ പറമ്പിന്നും പന്നിപ്പുറമ്പിന്നും തെക്കു ഇന്നാലതിക്കകത്തകപ്പെട്ട പറമ്പു വെട്ടിവാഴുംകാലം ഒരുപറനെല്ലും ഒരുകുററയും കൊട്ടപ്പുരാമൻ ചെന്നൻ കട്ടത്താനൻ കൊവുന്നഇമ്മാക്കമെ ഇപ്പുരിടെ ചൊതിയമൊണ്ടെങ്കിൽ ചൊതിയവരെഞെരു നൊക്കിച്ചു കൊടുക്കു രാമൻ ചെന്നൻ കട്ടത്താനൻ കൊവുന്ദനെക്കൊണ്ടു്. ഇമ്മാക്കം കല്പിച്ചു മെക്കു ചിററൊററിയൊലയ്ക്കു അറിവു

താഴ്ച്ചി മാതിരപ്പെള്ളി കുത്താനൻ കെഞ്ഞളനം ചെരുതി കൊട്ടു രാമൻ രാമനും അരികെ ഇവകൈ എഴുത്തു്.

ഓല ൨൯

കൊല്ലം ൻ൭െ. മാണ്ടു് വിരശ്ചികഞായർ ൨൦-നു- എഴുതിയ അട്ടിപ്പെറാമ്മ ഓലക്കരണമാവിള..........മുതൽ ഏറ്റുമാനൂർ തെക്കുംതല കിഴക്കുംഭാഗത്തു വലിയപറമ്പിൽ വീട്ടിൽ ചാക്കൊ ചെരിയതു് തണ്ടിയാർ പറയർ വകയിൽ ....പറയരുവകയിൽ കൊയിക്കമാണിപ്പെറ്റ മക്കളിൽ ചക്കിയെയും അവർപെറ്റ മക്കളിൽ ഇട്ടിയെന്ന പറയനെയും ... ...കഞ്ചുനെമ്മവിലകാരാമപ്പൊന്നും വാങ്ങിക്കൊണ്ടു് അട്ടിപ്പെറാമ്മ അരുകെ എഴുതികൊടുത്താൻ ചാക്കൊ........ വടക്ക പുല്ലപ്പുറമ്പുംഭാഗത്തു മെക്കഴത്തിൽവീട്ടിൽ കുടിയിരിക്കും ശങ്കരൻ ശങ്കരന്ന ഇമ്മാക്ഷിമെ ... ... യാർ പറയർ വകയിൽ കൊയിക്കമാണി പെറ്റ മക്കളിൽ ചക്കിയാകുന്ന പറയിലെയും അവിടെ മക്കളിൽ ഇട്ടിയെയും ക്രുടെ... ...നെമ്മ വിലകാരാമപൊന്നും കൊത്തു അട്ടിപ്പെറാമ്മയാകെ എതിച്ചു കൊണ്ടാൻ ശങ്കരൻ ചാക്കൊ ചെറിയതിനെകൊണ്ടു ഇപ്പരിശെ ഇവ അട്ടിപ്പിക്കിൽ വിലെക്കാമാറു കൊല്ലുകിൽ കൊല്ലാമാറു തലെയും കലെയുമടക്കി അട്ടിപ്പെറാമ്മയാകെ എഴുതികൊടുത്താൻ ചാക്കൊ ചെറിയതു് ശങ്കരൻ ശങ്കരന്ന ഇമ്മാക്ഷിമെ അറിയും താഴ്ച്ചപൊന്നനെക്കൽ നാഴിച്ചാരൽ ചത്താനും വരക്കെയിൽ കൊര കൊരയും ഇവർകൾ ഇരുവരും അരികെ ഇകാരാമ്മയൊല കൈയ്യെഴുത്തു്.

ഓല ൨൧.

കൊല്ലം ൻ൭൨. മാണ്ടു് മെടഞായർ ൧൨൩-എഴുതിയ തീരുവൊലക്കാരിയമാവിള ചെനപ്പാടിതെശത്തു നെവിലെ വീട്ടിൽ കുടിയിരിക്കും നാരായണന്ന ചിതംവരന്ന കുറ്റിക്കാട്ടു പണിക്കരൊടു ഒററിതെട്ടമൊള്ള ഇഞ്ചത്താനം ചെരിക്കവെല്ലിയതടിക്കയും ചെരിക്കലും ചെറിയ തടിക്കയും ചെരിക്കലിനും ക്രൂടെഉള്ള ഒററിഓലയും വച്ചുകാണവും വാങ്ങിക്കൊണ്ടു തീറവും എഴുതികൊടുത്താൻ ചെനപ്പാളപകവതി തെവത്തും മറ്റെക്കാട്ടു നാരായണനു കടുത്തക ഇമ്മാക്ഷിമെ ചെനപ്പാടിതെശത്തു നെവിലെവീട്ടിൽ കുടിയിരിക്കും നാരായണൻ ചിതംവരന്ന

കുററിക്കാട്ടു പണിക്കരൊടു ഒററിതെട്ടുമൊള്ള ഇഞ്ചെത്താനം ചെരിക്കലിൽ വലിയ തടിക്കയും ചേരിക്കലിന്നും ചെറിയതടിക്കയും ചെരിക്കലിന്നു കൂടെഒള്ള ആതാരവും പപ്പികാണവും കൊടുത്ത തീറവും എഴുതിച്ചുകൊണ്ടാൻ ചെനപ്പാടിതെചത്തം മറെറക്കാട്ടു നാരായണൻ കടുത്ത നാരായണൻ ചിതംവരനെ കൊണ്ടു ഇമ്മാക്കമെ ഇ൱തീറവൊലക്കു അറിവും താഴ്ച്ചിയും മഴവരഞ്ചെരിൽ രാമൻ കൊവിന്നനും മാതിരംമ്പള്ളിൽ കട്ടത്താനൻ ഇരവിയും അരികെ ഇ൱തീറവൊല കൈയെഴുത്തു മുട്ടത്തുആതിച്ചൻ ആതിച്ചൻ കൈയെഴുത്ത്.

ഓല ൨൫.

കൊല്ലം ൯൱൭ കക്കടകമാതത്തിൽ എഴുതിയ തവണമുറിയൊലക്കാരിയമാവിതു. ചെനപ്പാടി തെശത്തു മറെറക്കാട്ടു വീട്ടിൽ കുടിയിരിക്കും കടുത്താളൻ കടുത്ത. കൈയാൽ ൩൲൦ പുത്തൻ കടം കൊണ്ടാൻ. ചെനപ്പാടി ദേശത്തു കക്കനാട്ടുവീട്ടിൽ കുടിയിരിക്കും കമെരെൻ ചെന്നെൻ കൊണ്ടാൻ ഇമ്മാക്കമെ ഇപ്പുത്തൻ തുലാമാതത്തിൻകൊടുപ്പു. കുമരന ചെന്നന കടുത്താളൻ കടുത്തക്കു ഇമ്മാക്കമെ മെചഴം പുത്തൻ ൨൦൦-ം കാലം കൊണ്ടുകൊടുപ്പു കുമരൻ കുമരൻ കടുത്താളൻ കടുത്തക്കു ഇമ്മാക്കമെഇപ്പണം ൩൲൦-നം കാലം മൂന്നുകൊണ്ടു വാങ്ങിക്കൊൾവു കടുത്താളൻ കടുത്ത. കുമരൻ ചെന്നനെകൊണ്ടു ഇമ്മാക്കമെ ഇപ്പവൃതികളിൽ കൊടുക്കയില്ലായിൽ പത്തിനൊന്നു പലിശയൊടുകൂടെ കൊടുപ്പു കുമരൻ ചെന്നൻ കടുത്താളൻ കടുത്തക്കു ഇമ്മാക്കമെ ഇപ്പവൃതികളിൽ കൊടുക്കയില്ലായിൽ പത്തിനൊന്നു പലിശയൊടു കൂടെ വാങ്ങിക്കൊൾവു കടുത്താളൻ കടുത്ത കുമരൻ ചെന്നനൊടു ഇ൱തവണ മുറിയൊലെക്കു അറിയും താക്ഷി മാതിരംപൊള്ളിൽ കെരളനും കുന്നത്തു കൊവുന്നനും രാമധരം ഇവർകളുമറികെ കൈ എഴുതിയ മുകത്തു ആടിച്ചൻ രാമൻ കൈ എഴുത്തു.

ഓല ൨൬.

കൊല്ലം ൯൱൮-ാമാണ്ടു ഇടവഞായർ ൧൨-ാം൹ എഴുതിയ നെരൊററിയൊലക്കരണമാവിതു. ചെനപ്പാടിതെശത്തു കുററിക്കാട്ടു വീട്ടിൽ കുടിയിരിക്കും ചെക്കൻ കൈ

യാൽ ൫൨ അടവീരാശിപ്പണം കടംകൊണ്ടാൻ ചെമ്പാടി തെക്കത്തു തെവിരെവീട്ടിൽ കുടിയിരിക്കും ഇമ്മാക്കമ്മെ ഈ രാശിപ്പണം പന്തിരണ്ടും വാങ്ങിക്കൊണ്ടു ചിതംപെരൻ കാണിക്കരെ ആഴ്കെത്തു പറമ്പുംകൂടെ നെർപലിശ കഴിയുമാറു നെരൊററിയാകെ എഴുതിക്കൊടുത്താൻ ചെന്നെന ഇമ്മാക്കമ്മെ ഈ രാശിപ്പണം ൫൨ം കൊടുത്ത ചിതാംപരെൻ താണ്ടവൻ തനിക്കു തെട്ടമൊള്ള നൂംനാട്ടു കാണിക്കര അഴകത്തുപറമ്പും കൂടെ നെർപലിശ കഴിയുമാറു നെരൊററിയാകെ എഴുതി ന്നെൻ ചിതംപരൻ താണ്ടവനെക്കൊണ്ടു ഇമ്മാക്കമ്മെ ഇപ്പറമ്പുകൾ മൂന്നും വെട്ടിവാഴും കാലം നെല്ലും ഒരു കററയുംകൊടുത്തിരിപ്പു തെവൻ ചെന്നൻ ഇമ്മാക്കമ്മെ ഇപ്പരിശെ തെള്ളിപ്പറമ്പും അണഞ്ചിപ്പറമ്പും വായിക്കുംകാലം ഒരു പറ നെല്ലും ഒരു കററയും നെവത്തുക്കൽ വാങ്ങിച്ചുകൊൾവു ഇമ്മാക്കമ്മെ പൊക്കിച്ചുകൊള്ളുമാറും കല്പിച്ചു മെക്കു ഈ നെരൊററി ഓലക്കു അറിവും കടുത്താനൻ ആതിച്ചനും അറിയമൂട്ടത്തു ആതിച്ചൻ ആതിച്ചൻ കൈ എഴുതി.

ഓല ൨൪.

കൊല്ലം ൯൪൭-ാമാണ്ടു മീനമാസം ൩-ാംനു- എഴുതിയ പണയമുറിയോലക്കാരിയമാവിതു. കൊരെക്കെണിക്കൊല്ലം മുതലായി കാഞ്ഞിരപ്പള്ളിൽ കുഞ്ഞാക്കൊ തൊമ്മിക്കു ഇല്ലെടത്തു പൊററിയൊടു താഴാങ്കടി നിലം ധെ൯ ( ) പറമെൽ ഈ രാശിപ്പണവും ( ) ൫൪൬ പറ നെല്ലും കൊടുത്തു എഴുതിച്ച കൂലി ഒന്നും പുറയാരടി കുരിയനൊടു ൫൨ പറ കണ്ടത്തെൽ ൨൪൬ പറ നെല്ലും ൩൨ (൩.൦൦) പുത്തനംകൂടെ കൊടുത്തു എഴുതിച്ച കരണം രണ്ടും കൂടെ പണയം വച്ചു പള്ളിയിൽ കൊവുന്ദൻ കുരുട്ടിണൻ വശം പണയത്തെൽ വായ്പകൊണ്ട വെള്ളിചക്രം ൭൦ (൭൦൦) ഈ ചക്രം എണ്ണൂററിനും ഇതിനടുത്ത മെടമാതം തലയിൽവിക്കുന്ന വില നെല്ലും പത്തുചക്രത്തിനു അരപ്പറ നെൽവീതം കണ്ടു പലിശയുംകൂടി ഒള്ള നെല്ലു കല്ലൊക്കാടെൻ പറയ്ക്കു ഒരുമെനി നെല്ലു അളചു കൊടുപ്പു കുഞ്ചാക്കൊ തൊമ്മി അപ്പാരിശെ വാങ്ങിക്കൊൾവു കൊവുന്ദൻ കിരുട്ടിണൻ ഈ എഴുതിയചെ

ച്ചെയുള്ള നെല്ലു കൊടുക്കയല്ലായികിൽ ൯൬൰-ാമാണ്ടുമുതൽക്ക കരണം രണ്ടിലും കറിയിലും കണ്ടനിലം ൨൰ പറയും വിത്തു പാതി ആചാരത്തിന്ന കൊവൃന്ദൻ കിരുട്ടിണൻ ഇറങ്ങിവാങ്ങി വിളവാങ്കാലം കഞ്ചാക്ക തൊമ്മിയെക്കൂട്ടി കൊയ്തു മെതിച്ചുകണ്ട വിളവിൽ പത്തും പലിശയും നീക്കി നെർ പാതി ഒക്കിക്കൊണ്ടു ൰ മുതൽ കൂടുന്ന നെല്ലിന്നു പത്തിന്നു രണ്ടു പലിശയുംകൂട്ടി ഒഴിച്ചുകൊള്ളുമാറും അപ്പരിശെ ഒഴിച്ചു കൊടുക്കുമാറും കല്പിച്ചു മെക്ക ഇപ്പടിക്ക ഇപ്പണയമുറി ഓല കൈ എഴുതിയ കാഞ്ഞിരക്കോട്ടു നാരായണൻ രാമൻ കൈഎഴുത്തു.

ഓല ൨൯.

കൊല്ലം ൯൭൰-ാമാണ്ടു കുംഭഞായർ ൰-ാംനു എഴുതിയ നെരൊററിയൊലക്കരണമാവിതു. കൊങ്ങൂരപ്പുള്ളൽ കെശവർ കെശവർ തങ്കൾക്ക ഒള്ള കലിൽ പാലത്തിനാപ്പുഴം ചെരിക്കൽ ൪൰ വരെയ്ക്കും തുമ്പിക്കെയ്യുനാനിയെ ഉഴവും കല്ലോലിയെ ഉഴവും കൂടെ ൰ ( ) പറയ്ക്കും കൂടെ നെർ പലിശകഴിയുമാറു കൈ എഴുതി കൊഴവും പാരയും ഇറക്കിക്കൊടുത്തു. ൨൰ പറയും കൊടുത്തു കെശവർ കെശവർ തങ്കൾക്കു ഒള്ള ചെനപ്പാടി ചെരിക്കലിൽ പാലത്തിനാപ്പു ഉഴാ നാൽപതുപറയ്ക്കും തുമ്പികൈയ്യുനാനിയെ ഉഴവും കല്ലോലിയെ ഉഴവുംകൂടെ അമ്പതുപറെയ്ക്കും നെർ പലിശ കഴിയുമാറു നേരൊററിയാകെ എഴുതി കൊഴവും പാരയും ഇറക്കിച്ചുകൊണ്ടാൻ രാമൻ കൊവുന്നൻ കെശവർ കെശവരെക്കൊണ്ടു ഇമ്മാക്കമെ ഈ ഉഴവു വെട്ടിവാങ്ങ വായിക്കുംകാലം ൨൰ പറ നെല്ലും രണ്ടു കററയും ചെനപ്പാടി തെവത്തത്തിൽ കൊടുപ്പു രാമൻ കൊവുന്നൻ ഇമ്മാക്കമെ ഈ ഉഴവു വെട്ടിവാങ്ങ വായിക്കുംകാലം രണ്ടു പറ നെല്ലും രണ്ടു കററയും ചെനപ്പാടി തെവത്തത്തിൽ വാങ്ങിച്ചു കൊൾവു രാമൻ കൊവുന്നനൊടു ഇമ്മാക്കം കൽപ്പിച്ചു മെക്ക ഇതിന്നു അറിയും തായ്ച്ചി മഴക്കെംചെരിൽ ചെന്നൻ കണ്ടനും മാതിരംപള്ളിൽ കട്ടത്താനൻ കെരളനും ഇവർകള്ളറിയെ ഈ നെരൊററിയൊല കൈ എഴുതിയ മുട്ടത്തു അമ്പിച്ചുനാമ്പിച്ചൻ കൈഎഴുത്തു.

ഓല ൯൰.

കൊല്ലം ൯൱൦-ാമാണ്ടു കുംഭഞായർ ൨൩-ാംനു- എഴുതിയ പണയഓലക്കാരിയമായിതു. ചെനപ്പാടി തെശത്തു മററക്കാട്ടുവീട്ടിൽ കുടിയിരിക്കും ഇളച്ചി കുട്ടത്ത കൈയാൽ ൯൯൧ പുത്തൻ പണം കടം കൊണ്ടാൻ കൊത്താഴതെശത്തു തെക്കിൻപാകത്തു വാണിയട്ടത്തു വീട്ടിൽ കുടിയിരിക്കും രാമൻ ആതിച്ചൻ കൊണ്ടാൻ കൊണ്ട ഇമ്മാക്കമെ വാങ്ങി ക്കൊണ്ടു രാമൻ ആതിച്ചൻ തങ്കൾക്കൊള്ള പറെർവകയിൽ തൊട്ടക്കാട്ടു ഇരവിയെ പണയമാകെ എഴുതി രാമൻ ആതിച്ചൻ ഇളച്ചി കുട്ടത്തക്കു ഇമ്മാക്കമെ പുത്തൻ പണം ൯൧-ം കൊട്ടുത്ത രാമൻ ആതിച്ചൻ തങ്കൾക്കൊള്ള തൊട്ടക്കാട്ടു ഇരവിയെ പണയമാകെ എഴുതിക്കൊണ്ടാൻ ഇളച്ചി കുട്ടത്ത രാമൻ ആതിച്ചനെക്കൊണ്ടു ഇമ്മാസമെ ഇപ്പണയഓല കറിവും വരെൻ കെരളനും ഇവർകളമറികെ കൈ എഴുതിയ മുട്ടത്തു ആതിച്ചൻ രാമൻ കൈ എഴുത്തു.

ഓല ൯൧

കൊല്ലം ൯൬൬ മാണ്ടു മിത്തുനമാതം ൧൧-ാംനു-എഴു തിയ കണക്കൊലക്കാരിയമാവിതു ക്രുപകപ്പും ശങ്കരൻ വാത്തു കൈയാൽ കല്ലൊക്കാട്ടൊത്ത പറയാൽ ... പറ(൧൨൪) ഒരു മെനിനെല്ലു കടം കൊണ്ടാൻ വെശപ്രാൻ തെശത്തു മുളയാററി വീട്ടിൽ കുടിയിരിക്കും നെരകത്തു ഇരവി കെരളൻ കൊണ്ടാൻ കൊണ്ടു പിരിശാവിള ഇമ്മാക്കമെ ഇന്നെല്ലു നൂററിഎഴുപ ത്തഞ്ചുപറയ്ക്കും ഇതിന്നടുത്ത ഇടവമാതത്തിൽ പത്തിനരണ്ടു പലിശ ക്രുട്ടി കൊടുപ്പു ഇരവി കെരളൻ ശങ്കരൻ വാത്തുവിന്ന ഇമ്മാക്കമെ ഇന്നെല്ലു ൧൯൪ പറെയ്ക്കും.ഇതിന്നടുത്ത ഇടവമാത ത്തിൽ പത്തിനരണ്ടു പലിശക്രുടി വാങ്ങികൊൾവു ശങ്കരൻ വാത്തു ഇരവി കെരളനോടു ഇമ്മാക്കമെ ഇന്നെല്ലു ൧൯൪ പറയും ഇതിന്നടുത്ത ഇടവമാതത്തിൽ കൊടുക്കയെല്ലാകിൽ ഇരവികെര ളൻ തനിക്കു പണ്ടാരതെട്ടമുള്ള നിലത്തിൽ വെഴപ്പുറാൽതെശ ത്തു വടക്കെപ്പുറത്തു ഇരുമ്പനം നിലം ൨൦പറയും ടി. തെക്കെ പ്പുറത്തു നേരച്ചൊരിക്കടവു നിലം ൧൪പറയും ക്രുടെനിലം ൩൪ പറയും വിത്തുപാതിക്കുറായിട്ടു ഇറങ്ങി ശങ്കരൻ വാത്തുവിന്ന പൊതിച്ചുആൾകളെകൊണ്ടു നടത്തിവിളവുംകാലംതൊറുമെൻറ

ആളെക്കൂട്ടി കൊയ്തമെതിച്ചു വിത്തുപലിശയും നീക്കി ചെഴമുള്ള വിളവിനാൽ ഇരവി കെരളന്റെ പാതി ഓകരിയിൽ ഇമ്മുതലും പലിശയും ഒഴിച്ചു കൊള്ളുമാറും കല്പിച്ചുമെക്ക ഇപ്പടിക്ക ഇക്കണക്കൊല കൈഎഴുതിയ കാഞ്ഞിരക്കാട്ടു നാരായണൻ രാമൻ കൈഎഴുത്തു.

ഓല ൩൨

൯൭൨-മാണ്ടു ഇടവമാതം ൧൩൩ എഴുതിയ കണക്കൊലക്കാരിയമാവിളപള്ളിയിൽ......നാരായണൻ കൈയാൽ കല്ലൊക്കൊട്ടൊത്ത പറയാൽ ൨൫പറ ഒരുമെനിനെല്ലു കടം കൊണ്ടാൻ തെശത്തു വിലക്കൊത്തുവീട്ടിൽ കുടിതിരിക്കും ആയ്യ്ക്കരെ നാരായണൻ അയ്യപ്പൻ കൊണ്ടാൻ കൊണ്ടുഇമ്മാക്കമെ ഇന്നെല്ലു ഇരുപത്തഞ്ചുപറയ്ക്കും ഇതിന്നടുത്തു ഇടവമാതത്തിൽ രണ്ടുപലിശ കൂടി കൊടുപ്പു നാരായണൻ അയ്യപ്പൻ കൊവുന്ദൻ നാരായണനു ഇമ്മാക്കമെ അപ്പരിശെവാങ്ങി കൊടുവു കൊവുന്ദൻ നാരായണൻ നാരായണൻ അയ്യപ്പനോടു ഇമ്മാക്കമെ കല്പിച്ചുപോലെ കൊടുത്തില്ലായെങ്കിൽ നാരായണൻ അയ്യപ്പൻ ടികല്പിച്ചു കുടുത്ത വരിയനാട്ടു നിലം മുണ്ടുവെലിപറയത്തു ഓലിക്കരെ ക്കപ്പിറത്തു ട്ടി൫-നിലം ൧൦പറയും കൊവുന്ദൻ നാരായണൻ ൩൭-മാണ്ടുമുതൽക്ക ചൊതിര ത്തുപാതിക്ക നടത്തവിളവായാൽ ടി യാനെ കൂട്ടി കൊയ്തമെതിച്ചുകണ്ടവിളവിൽ നാരായണൻ അയ്യപ്പന്റെ പാതി ഓകരിയിൽ പാതിക്കുള്ള വിത്തു പലിശയുംനീക്കി ചെഴമുള്ള മുതലും പലിശയും ഒഴിച്ചു കൊള്ളുമാറും കല്പിച്ചുമെക്ക ഇപ്പടിക്ക ഇക്കണക്കൊല എഴുതിയ നാരായണൻ രാമൻ

ഓല ൩൩

കൊല്ലം ൯൭൫-മാണ്ടു വിരിച്ചിക മാതം ൨൪-നു മുറിയിലെ കരണങ്ങൾക്കു പുറമെ എഴുതിയ കണക്കൊലക്കാരിയമാവിള പള്ളിയിൽ കൊവുന്ദൻ കിട്ടിണൻ കൈയാൽ ൩൫ വെള്ളിചക്കിറം കടംകൊണ്ടാൻ പവതികാട്ടു രാമൻ നാരായണൻ കൊണ്ട പരിശാവിത്തു ഇമ്മാക്കമെ ഇച്ചക്കിറം ൩൫നും മെൽപടി ആണ്ടുവരെ ആണ്ടുതൊറും പത്തിനൊന്നു പലിശ കൂടി കൊടുപ്പു രാമൻ നാരായണൻ കൊവുന്ദൻ കട്ടിണനു ഇമ്മാക്കമെഇച്ചക്കിറം മുണ്ടറററൻപതിനും മെൽപടിആണ്ടുമൊതൽ

ആണ്ടുതോറുംപാട്ടത്തിന്നു ൧൦ പലിശക്കുടി വാങ്ങിക്കൊൾവൂ കൊവു ന്ദൻ കിട്ടിണൻ രാമൻ നാരായണനൊടു ഇക്കല്പിച്ചപൊലെ ഒള്ള പലിശ മുണ്ടകൻ പുഞ്ചനിലം ൧൧൦ പറ ൧൦കരണംരണ്ടിൽ കണ്ടമിച്ചവാരത്തിൽ പലിശനീക്കി കൊടുക്കമൊരും സമ്മതിച്ചു മെക്ക ഇതു രാമൻ നാരായണൻ എഴുത്തു്.

ഓല നം

കൊല്ലം ൯൭൫-മാണ്ടു് തുലാഞായർ ൧൫-൨൮- എഴുതിയകണക്കൊലക്കാരിയമാവിതു. പള്ളിയിൽ കൊവുന്ദൻനാരായണൻ കൈയാൽ തൻ്റെ കല്ലാർക്കാട്ടുഒത്ത പറയാൽ ൧൦൦ പറനെല്ലു കടംകൊണ്ടാൻ കാരെക്കൽതെശത്തു വെള്ള പ്പാട്ടു വീട്ടിൽ കുടിയിരിക്കും വെടത്തുങ്കൽ രായിരൻ കെരളൻ കൊണ്ടാൻ കൊണ്ട പരിശെ പറവിതു ഇമ്മാക്കമെ ഇതെന്തൻ ഒരുത്തൂറുപണം ഇതിന്നടുത്ത ഇടവഞായററിൽ പത്തിന രണ്ടു പലിശയൊടുക്കൂടെ കൊടുത്തിരിപ്പു രായിരൻ കെരളൻ കൊവുന്ദൻ നാരായണന്നു ഇമ്മാക്കമെ ഇതെതൻ ൧൦൦ പറയ്ക്കും ഇതിന്നടുത്ത ഇടവഞായററിൽ പത്തിന രണ്ടു പലിശയൊടുക്കൂടെ വാങ്ങിക്കൊൾവു കൊവുന്ദൻ നാരായണൻ രായിരൻ കെരളനൊടു ഇമ്മാക്കമെ ഇമ്മാക്കമെ ഇന്നെല്ലു പത്തുപറയ്ക്കും പലിശക രായിരൻ കെരളന്ന തിരുവെ നൊടു കൊഴവും തിരുവിളവും ഒള്ള വിത്തുപാതിപൊക മായിട്ടു കൊവുന്ദൻ നാരായണൻ എറങ്ങിക്കിളെച്ചു ടിയാനെ ക്കൂട്ടികൊണ്ടു വിത്തുപാതി നീക്കി ഒള്ള നെർപാതികൊണ്ടുവായിപ്പുഒള്ള ഒരുമെനി നെല്ലു൧൦൦ പറയും പലിശയും ഒഴിച്ചുകൊള്ളു മാറു കല്പിച്ചു മെക്ക ഇപ്പടിക്കു ഇക്കണെയൊല എഴുതിയ പറവഞ്ചെരിൽ നാരായണൻ

ഓല നം ൬

കൊല്ലം ൯൭൬-മാണ്ടു് ചിങ്ങഞായർ ൧൫-൨൫-എഴുതിയ പണയ ഓലക്കരണമാവിതു ചെനപ്പാടി തെശത്തു മററത്തിൽ കൊവിപ്പുറത്തു വീട്ടിൽ കുടിയിരിക്കും രാമൻ കൊവുന്ദൻ കൈയ്യാൽ ൧൫൦ പറനെല്ലു കടംകൊണ്ടാൻചെനപ്പാടിതെശത്തു വെണ്ടങ്കൽവീട്ടിൽ കുടിയിരിക്കും പെരുനാശി നാരായണൻ കൊണ്ടാൻകൊണ്ട ഇമ്മാക്കമെഇന്നെല്ലു ഒരുനൂറെറാഴു് പറയും വാങ്ങിക്കൊണ്ട പെരുനാശി നാരായണൻ തെട്ടമുള്ള

പൊത്തനാന്നിയെ ഉഴവും പാലത്തിനാപ്പൂഴവുംക്കൂടെ ൨൫പറ വിത്തുപാട്ടനിലത്തിൽ ൧൦പറ പ്പം വച്ചു പണയ മാകെ എഴുതികൊട്ടത്താൻപെരുനാശി നാരായണൻ രാമെൻ കൊവുന്ദനു ഇമ്മാക്കമെ നാരായണൻ തന്നെക്കക്കുന്ന ത്തുനായെരൊട്ട തെട്ടമുള്ള പൊത്തനാന്നിയെ ഉഴവും പാലത്തിനായ ഉഴവും നീക്കി ൩൦പറവിത്തു പാട്ടനിലത്തിന്റെ പണയഓലെയും പിപ്പിച്ചു പണയമാകെ എഴുതിച്ചു കൊണ്ടാൻ നെല്ക്കൊണ്ടു ഇമ്മാക്കമെ ഇന്നെല്ല ൧൦൦പറ യ്യും ഇതിന്നടുത്ത തുലാഞായററിൽ യെണൻ രാമെൻ കൊവുന്ദനു ഇമ്മാക്കമെ ഇന്നെല്ല ൧൦൦പറയ്യും ഇതിന്നടുത്ത തുലാഞായററിൽ പത്തിന്നു ഒന്നുപലിശയൊട്ടക്കൂടെ വാങ്ങി ക്കൊൾവു രാമൻ കൊവുന്ദൻ പെരുനാശി നാരായണനൊട്ട ഇമ്മാക്കമെ ഇന്നെല്ല ൧൦൦പെറെയ്യും ഒരുപലിശ മുട്ടവരുന്ന നാൾ പണയമെഴുതിയ ഒഴുവുവച്ചു കൊട്ടക്കമൊവും പറെഞ്ഞു പ്പിച്ചു കൊള്ളുമാറും കല്പിച്ചമെക്ക ഇതിന്നറിയും താഴ്ച്ചി മഴകം ചെരിൽ കൊവുന്ദൻ രാമെനും കാണ്ണവത്താനത്തു കട്ട ത്താളെൻ ഇരവിയും ഇവർകളമരികെ എഴുതിയ ചെമ്പ്പ ട്ടിൽ പഴവെഴുത്തു മുട്ടത്തു ആതിച്ചനാമിച്ചൻ കൈഎഴുത്തു

ഓല ൩൩.

കൊല്ല ൯൫൩-ാമാണ്ടു ചിങ്ങഞായർ ൧൬-൩൰- എഴുതിയ പാട്ടയാധാരണമാവിതു. മെച്ചെരി നാരായണച്ചു വാമി കിരുട്ടെന്ന മാമ്പിഴക്കെരി തെശത്തു കിഴക്കംപൊറത്തു ഞായനിറെങ്ങി തൊട്ടിന്നും പടിഞ്ഞാറു ഇടച്ചെരിക്കരി പട വിൽ തനിക്കുള്ള തടി അഞ്ചു നിലം ൭൫ പറ വിത്തുപാട്ട നിലത്തെൽ മുൻ (൯൫൫) മാണ്ടു കരങ്ങണംപള്ളിൽ വീട്ടിൽ കടിയിരിക്കും പള്ളിയിൽ കൊവുന്നെൻ ചക്കന്ന കൊട്ടക്കെണ്ടും രാശി പണം ൩൦൰൦ നെൽ മെപ്പ്പടിയാമെറെടെ പാട്ടപ്പറയാൽ ൧൭൫ പറ മുൻകാട്ടുഴം നിലം എഴുതിക്കൊട്ടത്ത നാൽപത്തൊന്നാമാണ്ടു നെൽ ൩൫൦ പറെയ്യും രാശി പണം ൧൫൦ വകരണ്ടിനാൽ നാളിതു വില മുറിയ്യുക പാട്ടപ്പറെയാൽ ൭൫൰ പറെക്ക രാശിപണം ൧൦൩൦ ചക്കറം ഒന്നുംക്കൂടെ വക മൂന്നിനാൽ രാശി പണം ൫൩൧ ചക്കറം ഒന്നും വാങ്ങിക്കൊണ്ട കാലം മുവാണ്ടെക്ക ഒഴവുപാട്ടമാക്കെ

എഴുതിക്കൊടുത്താൻ നാരായണച്ചുവാമി കിരുട്ടൻ വിത്തുറ
ക്കരി തെശത്തു കരിങ്ങണംപള്ളി വീട്ടിൽ കുടിയിരിക്കും പള്ളി
യിൽ കൊവുന്നൻ കിച്ചുണനു ഇമ്മാക്കമെ നാരായണച്ചുവാമി
കിരുട്ടെന്നു മാമ്പിഴക്കെരി കിഴക്കെപുറത്തു ഞായനിറംകരി
തൊട്ടിനും പടിഞ്ഞാറു തനിക്കൊള്ള വെട്ടച്ചെരിക്കരിനിലം
നാൽപതൊന്നു പറയ്ക്കു മുൻ ൻ൦൫൭ാമാണ്ടു കൊവുന്നെൻ
ചക്കെന്ന ആതാരം ഒന്നിൽ കൊട്ടുക്കവേണ്ടും രാശി പണം
മുന്നൂറൊന്നും നെൽ പാട്ടപ്പറെയാൽ എരുമ പറ മുൻകാട്ടുഴം
നിലം എഴുതിക്കൊടുത്ത നാൽപതൊന്നാമാണ്ടു പണെമുറി
ഓലയിൽ നെൽ മുന്നൂററൻപത്തു പറെയും രാശിപണം ഇരു
പത്തെഞ്ചും വകരണ്ടിനാൽ നെൽ നാന്നൂററിതൊണ്ണൂറെറാന്നു
പറയ്ക്കു നാളിത്തു വിലമുറിക്ക രാശി പണം ഇരുന്നൂററാറു ചക്ക
റം ഒന്നും വക മൂന്നിനാൽ രാശി പണം അറുന്നൂററുമുപ്പത്തു
രണ്ടും ചക്കറം ഒന്നും വായിപ്പുകൊടുത്തകാലം മൂവാണ്ടെയ്ക്കു
ഒഴവുപാട്ടമാകെ എഴുതിച്ചുകൊണ്ടാൻ വിത്തുറക്കെരി തെശത്തു
കരിങ്ങണംപള്ളി വീട്ടിൽ കുടിയിരിക്കും പള്ളിയിൽ കൊവു
ന്നൻ കിട്ടുണൻ നാരായണച്ചുവാമി കിരുട്ടനോട്ടു ഇമ്മാക്കമെ
ഇന്നിലത്തിന്ന കാലമൊരാണ്ടാൽ കൊടുത്തിരിക്കുമാറു കല്പിച്ചു
പാട്ടനെൽ അട്ടക്കവതലങ്കാരം ഉൾപ്പെടെ പാട്ട
പ്പറെയാൽ എഴുപതൊന്നു പറ ഇടങ്കഴി നാലിൽ മേപ്പടി
യാൻ ഉഴത്തേൽ വായിപ്പു ഒള്ള രാശി പണം അറുന്നൂററുമുപ്പ
ത്തുരണ്ടും ചക്കറം ഒന്നിന്നും പ്പത്തൊൻപത്തു പറ
ഇടങ്കഴി ഒമ്പതും നീക്കി നെൽ മുപ്പത്തൊന്നര പറയും കൊടു
ത്തിരിപ്പു കൊവുന്നൻ കിട്ടുണൻ നാരായണച്ചുവാമി കിരു
ട്ടെന്ന ഇമ്മാക്കമെ ഇന്നിലത്തിന്നു കാലം ഒന്നിന്നു തന്നിരിക്ക
മാറു കല്പിച്ച പാട്ടനെൽ പാട്ടപ്പറയാൽ എഴുപതൊന്നു പറ
ഇടങ്കഴി നാലിൽ ഉഴത്തെൽ വായിപ്പുയൊള്ള രാശി പണം
അറുന്നൂററുമുപ്പത്തുരണ്ടു ചക്കറം ഒന്നിന്നും പലിശകഴിയും നെൽ
മുപ്പത്തൊൻപത്തു പറ ഇടങ്കഴി ഒൻപതും നീക്കി നെൽ മുപ്പ
ത്തൊന്നര പറയും കൊണ്ടിരിപ്പു നാരായണച്ചുവാമി കിരുട്ടൻ
കൊവുന്നൻ കിട്ടുണനൊടു ഇമ്മാക്കം കല്പിച്ചുമെക്ക അറിയും
താഴ്ച്ചി ഇള്ളെമ്മണിയന കിരുട്ടെന്നും പുറെയാററു ഇരച്ചെ
രെൻ ഇരച്ചെരന്നും ഇവർകറം അറികെ ഒഴവുപാട്ടയോല
എഴുതിയ കൊവു കൊതൊമ്മൻ കൊതൊമ്മന കൈഎഴുത്തു

ഓല ൩൭.

കൊല്ലം ൯൩൭-ാമാണ്ടു മെടഞായർ ൧൦-ാംനു- എഴുതിയ തീറുവൊലക്കാരിയമാവിതു. ചെമ്പ്പാടി പകവതി തെവത്തം കൊങ്ങൂരപ്പള്ളിൽ നമ്പൂരിപ്പാട്ടിലൊട്ടു ഒററി തെട്ടമൊള്ള ചെമ്പ്പാടി ചെരിക്കലിൽ പാലത്തിനപ്പുഴ ചെരിക്കൽ ൪൦ പറയ്ക്കും തുമ്പികൈയ്യനാനിയും കല്ലൊലിയും ക്രടെ അമ്പതു പറയ്ക്കും ആകെ ചെരിയ്ക്കൽ മൂന്നുംക്രടെ ൯൦ പറ വിത്തു പാട്ടനിലത്തിൽ ആതാരം കൊടുത്ത ആതാരത്തിൽപെട്ട കാണവും വാങ്ങികൊണ്ടു തീറുവുമെഴുതി കൊടുത്താൻ എളമ്പുലക്കാട്ടു മററത്തിൽ കൊയിപ്പുറത്തു രാമൻ കൊവുന്നൻ ഇമ്മാക്കമെ ചെമ്പ്പാടി പകവതി തെവത്തം കൊങ്ങൂരപ്പള്ളിൽ നമ്പൂരിപ്പാട്ടിലൊട്ടു ഒററിതെട്ടമൊള്ള ചെമ്പ്പാടി ചെരിക്കലിൽ പാലത്തിനപ്പുഴചെരിക്കൽ നാൽപതുപറയും തുമ്പികൈയ്യാനിയും കല്ലൊലിയും ക്രടെ അമ്പതുപറക്കും ആകെചെരിക്കൽ മൂന്നും ക്രടെ ൯൦ പറ വിത്തു പാട്ടനിലത്തിനൊള്ള ഒററിആതാരവും വാങ്ങിച്ചുകൊണ്ടു ആതാരത്തിൽപെട്ട കാണവും കൊടുത്തു തീറവും എഴുതിച്ചുകൊണ്ടാൻ ചെമ്പ്പാടി തെശത്തു മറെറക്കാട്ടു നാരായണൻ കട്ടത്ത ഇമ്മാക്കമെ ഇതു ആതാരം ജന്മിയുങ്കൽ വച്ചു നെർപെട്ടുകൊള്ളുവതിന്നു കാണവും വാങ്ങി തീറവും എഴുതികൊടുത്താൻ രാമൻ കൊവുന്ദൻ നാരായണൻ കട്ടത്തയ്ക്കു ഇമ്മാക്കമെ ഇതു ഒററിയൊലക്ക അറിയും താകഷിയും പൂപ്പുരമ്പത്തു നാരായണൻ അയ്യപ്പനും മഴവഞ്ചെരിൽ താഴത്തു നാരായണൻ നാരായണനും പിലാക്കഴിയിൽ രാമൻ അയ്യപ്പനും തുരുത്തിൽ ഇരവിവരൻ രാമെനും ഇവർകളും അരികെ ഇതു തീറുവൊല കൈ എഴുതിയ മട്ടത്തു ആതിച്ചൻ രാമൻ കൈ എഴുത്തു.

ഓല ൩൮

കൊല്ലം ൯൪൭- മാണ്ടു ചിങ്ങഞായർ ൧൯-നു- എഴുതിയ നെരൊററി ഓലക്കരണമാവിതു. ചെമ്പ്പാടിതെശത്തുമററത്തിൽ കൊയിപ്പുറത്തു വീട്ടിൽ കുടിയിരിക്കും രാമെൻ കൊവുന്ദൻ കൈയാൽ ൧൪൦പറ നെല്ലു കടംകൊണ്ടാൻചെമ്പ്പാടിതെശത്തു വെണ്ടക്കൽവീട്ടിൽ കുടിയിരിക്കും ചെത്തനാശ്ശി

നാരായണൻ കൊണ്ടാൻകൊണ്ട ഇമ്മാക്കമെ ഇന്നെല്ല ഒരുന്തു
റ്റൊമ്പത്തെഴ പറയുംവാങ്ങികൊണ്ടു പെരുനാശിനാരായണൻ
തനെക്ക കുന്നത്തു നായരൊട്ടു ഒററിതെട്ടുമുള്ള തുമ്പിക്കൈയ
നാനി ഉഴവും കല്ലൊലിയെ ഉഴവും പാലത്തിന്നാപ്പുഴെ ഉഴ
ത്തിൽ ൫൦പറെയ്യും കൂടെ ൬൦ പറവിത്തു പാട്ടനിലത്തിൻെറ
ഒററിഓലെയും വച്ചു നെരൊററിയാകെ എഴുതിച്ചു കൊഴവും
പാരയും ഇറക്കി കൊടുത്താൻ പെരുനാശി നാരായണനു
രാമെൻ കൊവുന്ദനു ഇമ്മാക്കമെ ഇവനെല്ല ൫൯പറെയും
കൊടുത്ത പെരുനാശിനാരായണൻ തനെക്ക കുന്നത്തു നായരൊ
ട്ടു ഒററിതെട്ടമൊള്ള തുമ്പിക്കൈയനാനിയെ ഉഴവും കല്ലൊലി
യെഉഴവും പാലന്നിനാപ്പുഴെ ഉഴത്തിൽ ൫൦പറെയ്യുംകൂടെ ൬൦
പറവിത്തുപാട്ട നിലത്തിൻെറ ഒററിഓലെയും പവച്ചു നെരൊ
ററിയാകെ എഴുതിപവിപ്പിച്ചു കൊഴവും പാരെയും ഇറക്കിച്ചു
കൊണ്ടാൻ രാമെൻ കൊവുന്നെൻ പെരുനാശി നാരായണനെ
ക്കൊണ്ടു ഇമ്മാക്കമെ ഈ ഉഴവവെട്ടിവാണ വാഴിക്കും കാലം
പറനെല്ലുംകറെറയും കൊടുത്തിരിപ്പു രാമൻ കൊവുന്ദൻ പെരു
നാശി നാരായെണെനു ഇമ്മാക്കമെ ഈ ഉഴവുപെട്ടി വാണവാ
യിക്കുംകാലം പറനെല്ലും കററയും വാങ്ങിക്കൊള്ളുവു പെരുനാശി
നാരായണൻ രാമെൻ കൊവുന്ദനൊട്ടു ഇമ്മാക്കമെ ഈ ഉഴ
ത്തിന്നു ആളാൽവരും തുലപ്പു പറഞ്ഞു തുലപ്പു പൊക്കികൊടു
ക്കമൊരും കല്പിച്ചു മെക്ക ഇതിന്നു അറിയും താഴ്ച്ചിയും മഴകം
ചെരിൽ നെൻ രാമനും കണ്ണെന്താനത്തു കടുത്താനെൻ
ഇരവിയും ഇവർകള്ളമറിയെ കൈഎഴുതിയ ചെനപ്പാട്ടിൽ പട്ട
വെഴത്തു മുട്ടത്തു ആതിച്ചനാതിച്ചൻ കൈഎഴുത്തു്

ഓല നം൯

കൊല്ലം ൯൱൩ാമാണ്ടു തുലാഞായർ ൨൨-ാനു എഴുതിയ ഒററിയൊലക്കരണമാവിത. ചെനപ്പാടി പകവതി തെവത്തം പടവു കൊങ്ങരപ്പള്ളി കെശവൻ ശ്രീവാസുതെവർ തനിക്കൊള്ള ചെനപ്പാടിതെശത്തു കൂട്ടത്തിനാൽ വയലിപ്പുറമ്പിന്നുംകൂടെ കാണം രാശിപ്പണം ൧൰൰ം വാങ്ങിക്കൊണ്ടു ഒററിയാകെ എഴുതികൊടുത്താർ കെശവൻ ശ്രീവാസുതെവർ ചെനപ്പാടി തെശത്തു പിലാക്കുഴിയിൽ വീട്ടിൽ കുടിയിരിക്കും രാമൻ അയ്യപ്പൻ ഇമ്മാക്കമെ ചെനപ്പാടി പകവതി തെവത്തംപടവു

കൊണ്ടറപ്പള്ളിൽ കെശവൻ ശ്രീവാത്സതെവർ തനിക്കുള്ള ചെന്നപ്പാടിതെശത്തു കൂടത്തനാൽ വയലിപ്പുറമ്പിനും ഇടത്തെറപ്പുറമ്പിനുംകൂടെ കാണം രാശിപണം പതിനാലും കൊടുത്തു ഒററിയാകെ എഴുതിച്ചു കൊണ്ടാൻ രാമൻ അയ്യപ്പൻ കെശവൻ ശ്രീവാത്സതെവരെകൊണ്ടു ഇമ്മാക്കമെ ഇപ്പുറമ്പു ചുരിരണ്ടിനും കൂടെ ആണ്ടുതൊറും കൊടുത്തിരിക്കുമാറു കല്പിച്ചപാട്ടം രാശിപണം ഒന്നെമുക്കാൽ കാണപ്പലിശ രാശിപണം ഒന്നും ചക്കറം നാലും നീക്കിചക്കറം നാലും ആണ്ടുവരെയും കൊടുത്തിരിപ്പു. രാമെൻ അയ്യപ്പൻ കെശവൻ ശ്രീവാത്സതെവൎക്കു ഇമ്മാക്കമെ ഇപ്പുറമ്പിന്നു ആണ്ടുവരെയും കൊണ്ടിരിക്കുമാറു കല്പിച്ചപാട്ടം രാശിപണം ഒന്നെമുക്കാൽ കാണപ്പലിശ ഒന്നും ചക്കറം നാലും നീക്കി ചക്കറം നാലും ആണ്ടുവരെയും കൊടുത്തിരിപ്പു കെശവൻ ശ്രീവാത്സതെവർ രാമെൻ അയ്യപ്പനൊടു് ഇമ്മാക്കമെ ഇ ഒററിയൊലക്കു അറിയും താഴ്ചിയും കാളി പകവതിയും നാഞ്ചിലത്തു നാരായണൻ കിരുട്ടനും ഇവരുകളുമറികെ ഇ ഒററിയൊല കൈഎഴുതിയ മുട്ടത്തു ആതിച്ചൻ രാമെൻ കൈ എഴുത്തു

ഓല ൪൦

കൊല്ലം ൯൦൨-മാണ്ടു് കുംഭമാതം ൭-ാം൹ എഴുതിയ പിരശെപ്പാട്ടൊലക്കാരിയമാവിതു. ചെനപ്പാടിതെശത്തു പിലാക്കുഴിവീട്ടിൽ കുടിയിരിക്കും കുട്ടത്താനൻ ഇരവിതന്നെ ടിയാർ പറയരിൽ കൊതപെററ മക്കളിൽ രാമനെയും ചക്കിയെയും കൂടെ ചെനപ്പാടി പകവതി ആകെ എഴുതിവച്ചുകൊടുത്താൻ കുട്ടത്താനൻ ഇരവി ഇമ്മാക്കമെ പിലാക്കുഴിവീട്ടിൽ കുട്ടത്താനൻ ഇരവി തന്റെ ആളാം പറയരിൽ കൊതപെററ മക്കളിൽ രാമനെയും ചക്കിയെയുംകൂടെ തിക്ക പരിശപ്പാടാതെ എഴുതിയെപ്പിച്ചു കൊണ്ടാർ കുട്ടത്താനൻ ഇരവിയെക്കൊണ്ടു ഇമ്മാക്കമെ പാലെക്കാട്ടു കുട്ടത്താനൻ കുട്ടത്തയും തിരുത്തിക്കാട്ടു കുമെരെൻ കുമെരെനും ഇവർകൾ അറിയെ ഇതുകൈഎഴുത്തു്

ഓല ൪൧

കൊല്ലം [illegible]-ാമാണ്ടു മെടഞായർ ൨൯-ാം൹ എഴുതിയ ആളൊററിയോലക്കാരണമാവിതു. ചെനപ്പാടിതെശത്തു

മറെറക്കാട്ടുവീട്ടിൽ കുടിയിരിക്കും നാരായണൻ കട്ടത്ത കൈയാൽ ൬൦൭ പറ നെല്ലു കടം കൊണ്ടാൻ. ചെനപ്പാടിതെശത്തു മറെറക്കാട്ടു വീട്ടിൽ കുടിയിരിക്കും രാമൻ കിരുട്ടൻ കൊണ്ടാൻ കൊണ്ട ഇമ്മാക്കമെ ഈ നെല്ലു ഒരുന്നൂററി ഇരുപത്തു പറയു വാങ്ങിക്കൊണ്ടു രാമെൻ കിരുട്ടെൻ തനിക്കു കാരാഴ്മ തെട്ടമുള്ള കിഴക്കെപ്പുലയർ വകയിൽ പുള്ളിച്ചിറത്തളിരിയെയും അവൾ പെററമക്കളിൽ തൈവത്താനെയുംകൂടെ ആളൊററിയാകെ എഴുതിവിളിച്ചു പണിമാട്ടിക്കൊട്ടുത്താൻ. രാമെൻ കിരുട്ടെൻ നാരായണൻ കട്ടത്തയ്ക്കു ഇമ്മാക്കമെ ഇന്നെല്ലു ൬൦ പറയും കൊട്ടുത്തു രാമെൻ കിരുട്ടെൻ തന്നടിയാർ കിഴക്കെപ്പുലയർ വകയിൽ മള്ളിച്ചിറത്തളിരിയെയും അവൾ പെററമക്കളിൽ തൈവത്താനെയും കൂടെ ആളൊററിയാകെ എഴുതിച്ചു വിളിപ്പിച്ചുപണിമാട്ടിച്ചുകൊണ്ടാൻ നാരായണൻ കട്ടത്ത രാമെൻ കിരുട്ടനെക്കൊണ്ടു ഇമ്മാക്കമെ ഈ അടിക്കു നാൾ വീണു കൈപണി മുട്ടുവരുന്നനാൾ ആൾക്കു ആളിട്ടു പണിമാട്ടി കൊട്ടപ്പു രാമെൻ കിരുട്ടെൻ ഇപ്പരിശെപണിമാട്ടിച്ചു കൊൾവൂ. നാരായണൻ കട്ടത്ത രാമൻ കിരുട്ടനെക്കൊണ്ടു ഇമ്മാക്കമെ കൽപ്പിച്ചു മെക്കു ഇതിന്നു അറിയും താഴ്ച്ചിയും മഴകം ചെരിൽ കണ്ടൻ രാമനും മാതരംപള്ളിൽ കട്ടത്താനൻ ഇരവിയും ഇവർകളുമറിയെ ഈ ഒററിയോല കൈ എഴുതിയ ചെനപ്പാടിൽ പട്ടവെഴുത്തു മുട്ടത്തു ആതിച്ചനാതിച്ചെൻ കൈ എഴുത്തു.

ഓല ൯൨.

കൊല്ലം ൯൩൦-ാമാണ്ടു ഇടവഞായർ ൬൨-ാംനു എഴുതിയ അടിമപണയോലക്കരണമാവിതു്. ചെനപ്പാടി തെശത്തു മറെറക്കാട്ടുവീട്ടിൽ കുടിയിരിക്കും നാരായണൻ കട്ടത്താനൻ കൈയാൽ ൬൨ അര രാശി പണം കടം കൊണ്ടാൻ. ചെനപ്പാടി തെശത്തു കുററിക്കാട്ടു വീട്ടിൽ കുടിയിരിക്കും രാമെൻ ചെന്നെൻ കൊണ്ടാൻ കൊണ്ട ഇമ്മാക്കമെ ഈ രാശിപണം പന്നിരണ്ടരെയും വാങ്ങിക്കൊണ്ടു രാമെൻ ചേന്നൻ തന്നടിയാർ കിഴക്കെപ്പുലയർ വകയിൽ കൂടല്ലൂർക്കുളിരി പെററമക്കളിൽ അകലകുന്നത്തു കണ്ണാനെ പണയമാകെ എഴുതിക്കൊട്ടുത്താൻ രാമെൻ ചെന്നെൻ നാരായണൻ കട്ടത്താനെന്നു ഇമ്മാക്കമെ ഇപ്പണം ൬൨ അരയും കൊട്ടുത്ത രാമെൻ

ചെന്നൻ തന്നടിയാർ കിഴക്കപ്പുലയർ വകയിൽക്കൂടല്ലൂർക്കളരി
പൊററ മക്കളിൽ അകലക്കന്നത്തു കണ്ണനെ പണയമാകെ
എഴുതിച്ചുകൊണ്ടാൻ നാരായണൻ കട്ടത്താനൻ രാമൻ ചെന്ന
നെക്കൊണ്ടു ഇമ്മാക്കമെ ഈ രാശി പണം ൫൦ അരക്കം ഇതി
ന്നടുത്ത തുലാഞായിററിൽ പത്തിന്നു ഒന്നു പലിശയൊട്ടുക്കൂടെ
വാങ്ങിക്കൊൾവു നാരായണൻ കട്ടത്താനൻ രാമൻ ചെന്ന
നൊടു ഇമ്മാക്കമെ ഇപ്പണം ൫൦ അരയം പലിശയും തുലാഞാ
യിററിൽ കൊടുക്കയില്ലാകിൽ പണയമെഴുതിയ ആളിനെവി
ളിച്ചു പണിമാട്ടി കൊടുക്കമാറും വിളിപ്പിച്ചു പണിമാട്ടിച്ചു
കൊള്ളമാറും കല്പിച്ചു മെക്ക ഇതിന്നു അറിവും താഴ്ച്ചയും
മഴകംചെരൽ രാമൻ കണ്ടനും മാതിരംപള്ളിൽ കട്ടത്താനൻ
കെരളനും ഇവർകളുമറിയെ ഇപ്പണയ ഓല എഴുതിയ ചെന
പ്പാട്ടിൽ പട്ടവെഴുത്തു മുട്ടത്തു ആതിച്ചനാതിച്ചെൻ. കൈ
എഴുത്തു.

ഓല ൬൩.

കൊല്ലം ൯൭൯-ാമാണ്ടു വിരിച്ചികഞായർ ൨൩-ാംനു-
എഴുതിയ ആളൊററിയൊലക്കരണമാവിതു്. കരുക്കൊപ്പുപെട്ട
യിൽ വടക്കെപ്പുറമ്പാൽ രാമെൻ ചെട്ടിമകെൻ ശങ്കു കൈ
യാൽ ൫൦൫ പറ നെല്ലു കടം കൊണ്ടാൻ ചെനപ്പാടിതെശത്തു
കററിക്കാട്ടുവീട്ടിൽ കടിയിരിക്കും കൊണ്ടാൻ
കൊണ്ടു ഇമ്മാക്കമെ ഈ നെല്ലു ഒരുനൂറെററാനുപറയും വാങ്ങി
ക്കൊണ്ടു ചെന്നൻ രാമെൻ തനിക്കു പണി തെട്ട
മുള്ള കററി കൊച്ചാതിയെന്ന പറെനെ എഴുതിവിളിച്ചു
പണാടി കൊട്ടത്താൻ ചെന്നെൻ രാമൻ രാമെൻ ചെട്ടിമകൻ
ഇമ്മാക്കമെ ഈ നെല്ലു ൫൦൫ പറയും കൊടുത്ത ചെന്നൻ
രാമൻ തനിക്കു നന്നിക്കാട്ടു പണിക്കരൊട്ടു തെട്ടമൊള്ള
എന്ന പറെനെ ഒററിയാകെ എഴുതിവിളിച്ചു പണിമാട്ടിച്ചു
കൊണ്ടാൻ രാമെൻ ശങ്കു ചെന്നൻ രാമനെക്കൊണ്ടു ഇമ്മാ
ക്കമെ ആള്ള വീണു കൈപണി മുട്ടുവരുന്ന നാളിൽ
ആളുക്കാളിട്ടു പണി മാട്ടിച്ചുകൊൾവു രാമെൻ ചെട്ടി മകെൻ
ശങ്കു ചെന്നെൻ രാമനെക്കൊണ്ടു ഇമ്മാക്കമെ ഈ ആൾക്കു
ആളാലൊരു തുലപ്പു ഒണ്ടാകിൽ പറെഞ്ഞു തീൎത്തുകൊടുക്ക
മാറും പറഞ്ഞുതിപ്പിച്ചുകൊള്ളമാറും കല്പിച്ചുമെക്ക ഇതിന്നു

അറിയും താഴ്ച്ചി പൂവക്കളത്തു കണ്ടൻ ചാത്താവും മാതിരംപ ള്ളിൽ കട്ടത്താനൻ ഇരവിയും ഇവർകളുമറിയെ കൈഎഴുതിയ പട്ടെഴുത്തു മുട്ടത്തു ആതിച്ചനാതിച്ചൻ കൈഎഴുത്തു.

ഓല ൬൬.

കൊല്ലം ൯൭൭-മാണ്ടു മീനഞായർ ൨൫-ാംനു- എഴുതിയ ഒററിയോലക്കരണമാവിതു പെരുനാശി നാരായണൻ കൈയാൽ ൬൭ രാശിപണം കടം കൊണ്ടാൻ ചെന്നപ്പാടി തെശത്തു രെൻ രാമൻ കൊണ്ടാൻ കൊണ്ട ഇമ്മാക്കമെ കൈ എഴുതിവച്ചു അതികാരമെററിച്ചുകൊട്ടത്താൻ കുമരൻ രാമെ പെരുനാശി

നതനിക്കൊള്ള പുത്തച്ചേരിപ്പുറമ്പു ഒററിയാകെ എഴുതിവിപ്പിച്ചു അതികാരമെ ണ്ട ഇമ്മാക്കമെ ഇപ്പുറമ്പിന്നു കാലമോരാണ്ടാൽ കൊട്ടത്തിരിക്കുമാറു കല്പിച്ചു മിച്ചവാരം നാരായണൻ കുമരൻ രാമന്നു ഇമ്മാക്കമെ ഇപ്പുറമ്പിന്നു കാലമൊരാണ്ടാൽ തന്നിരിക്കുമാറു കൽപ്പിച്ചു മിച്ചവാരം

ൻ രാമൻ പെരുനാച്ചി നാരായണനൊട്ടു ഇമ്മാക്കമെ ഇപ്പുറമ്പു ഒററി വിപ്പിക്കുന്നനാറം വച്ചശ ററിന്നും പീഴയപലം നീക്കിത്തന്നിൽ താൻ നട്ടാക്കിച്ചു മെച്ച പലങ്ങറം എപ്പെർപ്പെട്ടതിന്നും നാലർ കണ്ടു ഒററി വിക്കുന്നേ നാറം വച്ചു കല്ലിന്നും ഇട്ടപൂഴിക്കും

ആക്കിച്ചു മെച്ചപലങ്ങറം : എപ്പെർപ്പെട്ടതിന്നും നാലർ കണ്ട നെമ്മവില അത്തവും പററി നാരായണൻ കുമരൻ രാമന്നു ഇമ്മാക്കമെ ഇപ്പുറമ്പിന്നു ആ ളാൽ വരും തുലപ്പൊണ്ടാകിൽ മാറും കല്പിച്ചു മെക്കു ഇവ ഒററിഓലക്കു അറിയും താഴ്ച്ചി മഴകുംചെരിൽ കട്ടത്താനൻ കട്ടത്തയും ഇവർകളുമറികെ കൈ എഴുതിയ മുട്ടത്തു ആതിച്ചനാതിച്ചൻ കൈ എഴുത്തു.

ഓല ൬൭

കൊല്ലം ൯൯൯ മാണ്ടു തുലാഞായർ ൨൫-ാംനു- എഴുതിയ നെരൊററിയോലക്കരണമാവിതു. ഇടവിറക തെശത്തു പുത്തൻവീട്ടിൽ കടിയിരിക്കും പെരുനാശി നാരായണൻ കൈ

യാൽ ൧൨൭ പറ നെല്ല കടം കൊണ്ടാൻ ഇളമ്പുക്കാട്ടുകര തെ
ശത്തു കന്നത്തുവീട്ടിൽ കുടിയിരിക്കും, കട്ടത്താനെൻ കട്ടത്ത
കൊണ്ടാൻ കൊണ്ടു ഇമ്മാക്കമെ ഈ നെല്ല ൧൨൭ പറയും വാങ്ങി
ക്കൊണ്ടു കട്ടത്താനൻ കട്ടത്തതന്റെ കാരണവക്ക ഇറക്കാ
രാഴ്മ തെട്ടമുള്ള ചെനപ്പാടിചെരിക്കലിൽ തുമ്പിക്കൈയ്യനാതി
ക്കലെ ഉഴവും കല്ല്യാലിയെ ഉഴവും പാലത്തിനാപ്പുഴെ ഉഴ
ത്തിൽ നാരായണച്ചെട്ടിയെടെ കാലാപത്തുപറെയ്യും ഈ ൩ ഉഴം
മൂന്നുംക്കൂടെ ൩൦൦ പറവിത്തു പാട്ടനിലം നെർപലിശ കഴിയുമാറു
നെരൊററിയാകെ എഴുതിവച്ചു കൊഴവും പാരയും ഇറക്കി
കൊട്ടത്താൽ കട്ടത്താനൻ കട്ടത്ത പൊരുനാശി നാരായണനു
ഇമ്മാക്കമെ ഇന്നെല്ല ൧൨൭ പറയും കൊടുത്തു കട്ടത്താനൻ
കട്ടത്ത തന്റെ കാരണവക്ക ഇറക്കാരാഴ്മതെട്ടമൊള്ള ചെന
പ്പാടിചെരിക്കലിൽ തുമ്പിക്കൈയ്യനാനിക്കലെ ഉഴവും കല്ല്യാ
ലിയെ ഉഴവും പാലത്തിനാപ്പുഴെ ഉഴത്തിൽ നാരായണച്ചെട്ടി
യെടെ കാലാപത്തുപറെയ്യും ഈ ൩ ഉഴവു മൂന്നുംക്കൂടെ ൩൦൦ പറ
വിത്തു പാട്ടനിലം നെർപലിശ കഴിയുമാറു നെരൊററഴിയാകെ
എഴുതിവിപ്പിച്ചു കൊഴവുംപാരയും ഇറക്കിച്ചു കൊണ്ടാൻ പൊരു
നാശി നാരായണൻ കട്ടത്താനെൻ കട്ടത്തയെകൊണ്ടു ഇമ്മാ
ക്കമെ ഈ ൩ ഉഴവു പൊട്ടിവാങ്ങു വയിക്കുംകാലം നാലൊന്നിന്റെ
വാരവും പറനെല്ലും കററയും കൊടുത്തിരിപ്പു പൊരുനാശി
നാരായണൻ കട്ടത്താനെൻ കട്ടത്തക്ക ഇമ്മാക്കമെ ഈ ൩ ഉഴവു
പൊട്ടിവാങ്ങു വായിക്കുംകാലം നാലൊന്നിന്റെ വരവുംപറ
നെല്ലും കററയും വാങ്ങിക്കൊൾവു കട്ടത്താനൻ കട്ടത്ത പൊരു
നാശി നാരായണനൊടു ഇമ്മാക്കമെ ഈ ൩ ഉഴത്തിന്നു ആളാൽ
വരും മലപ്പുണ്ടാകിൽ മലപ്പു പറഞ്ഞു പൊക്കിക്കൊടുപ്പു കട്ട
ത്താനൻ കട്ടത്ത പൊരുനാശി നാരായണനു ഇമ്മാക്കമെ ഈ ൩
ഉഴത്തിന്നു ആളാൽവരും തുലപ്പുണ്ടാകിൽ തുലപ്പു പറെഞ്ഞു
പൊകിച്ചു കൊൾവു പൊരുനാശി നാരായണൻ കട്ടത്താനൻ
കട്ടത്തയെക്കൊണ്ടു ഇമ്മാക്കമെമെക്ക ഇതിന്നു അറിയുംതഴംച്ചി
മഴകം ചെരിൽ രായിരൻ രായിരെന്നും, കണ്ണത്താനത്തു കട്ട
ത്താനൻ കട്ടത്തയും ഇവർകള്ളമറികെ കൈഎഴുതിയ മുട്ടത്തു
ആതിച്ചനാതിച്ചൻ കൈഎഴുത്തു

ഓല ൪൩.

കൊല്ലം ൯൩൩-ാമാണ്ടു മകരഞായർ ൧൯-ാംനു-എഴുതിയ ആറുംവിലയോലക്കരണമാവിതു. വാകത്താനത്തു രാമൻ ചെന്നൻ തന്നടിയാർ പറെർ വകയിൽ കുന്നക്കാട്ടു ചെന്നനാകുന്ന പറയെന്നെ നാലർ കണ്ട നെമ്മവില കാരാഴ്മപൊന്നും വാങ്ങിക്കൊണ്ടു ആറും വിലയാകെ എഴുതിക്കൊടുത്താൻ ചെനപ്പാടി തെശത്തു മറെറക്കാട്ടു വീട്ടിൽ കുടിയിരിക്കും നാരായണൻ കുട്ടത്തക ഇമ്മാക്കമൈ രാമൻ ചെന്നൻ തന്നടിയാർ പറെർവകയിൽ കുന്നക്കാട്ടു ചെന്നനാകുന്ന പറെനെ നാലരു കണ്ട നെമ്മവില കാരാഴ്മ പൊന്നുംകൊടുത്തു ആറും വിലയാകെ എഴുതിച്ചുകൊണ്ടാൻ നാരായണൻ കുട്ടത്ത രാമൻ ചെന്നനെക്കൊണ്ടു ഇമ്മാക്കമൈ ഇവ ആറും വിക്കിൽ വിലക്കാമ്മാറും കൊല്ലുകിൽ കൊലക്കാമ്മാറും തലയും കൊലയുമടക്കി ആറും വിലയാകെ എഴുതിക്കൊടുത്താൻ രാമൻ ചെന്നൻ നാരായണൻ കുട്ടത്തക ഇമ്മാക്കമൈ ഇവ ആറുംവിക്കിൽ വിലയ്ക്കാമ്മാറും കൊല്ലുകിൽ കൊലക്കാമ്മാറും തലെയും കൊലയുമടക്കി ആറുംവിലയാകെ എഴുതിച്ചുകൊണ്ടാൻ നാരായണൻ രാമൻ ചെന്നനെക്കൊണ്ടു ഇമ്മാക്കമൈ ഇവ ആറും വിലയോലക്ക അറിയും താഴ്ച്ചി ചെറകരെ രാമൻ അയ്യപ്പനും മാതിരംപള്ളിൽ നാരായണൻ കെരുളനും ഇവർകളുമറികെ ഇവ ആറും വിലയൊല കൈ എഴുതിയ കുന്നക്കെൻ കൈഎഴുത്തു.

ഓല ൪൪.

കൊല്ലം ൯൩൦-ാമാണ്ടു ചിങ്ങഞായററിൽ ൧൫-ാംനു- എഴുതിയ ഒററിയൊലക്കരണമാവിതു ചെന്നച്ചേരി ഇരവി ഇരവി കൈയാൽ ൧൦ രാശിപണം കടംകൊണ്ടാൻ ചെനപ്പാടതെശത്തു പിലാക്കഴി വീട്ടിൽകുടിയിരിക്കും അകലക്കുന്നത്തു കെരുളൻ കുട്ടത്താനൻ കൊണ്ടാൻ കൊണ്ട ഇമ്മാക്കമൈ ഇവ രാശിപണം പത്തും കൊണ്ട കെരുളൻ കുട്ടത്താനൻ തങ്കൾ തെട്ടമൊള്ള കുന്നത്തുപറമ്പു നെർ പലിശകഴിയുമാറു നെരൊററിയാകെ എഴുതി അതികാരംവെച്ചുകൊടുത്താൻ കെരുളൻ കുട്ടത്താനൻ ഇരവി ഇരവിക്ക ഇമ്മാക്കമൈ ഇവ രാശിപണംപത്തും വാങ്ങിക്കൊണ്ടു കെരുളൻ കുട്ടത്താനൻ തനിക്ക തെട്ടമൊള്ള കുന്നത്തുകത്തു പറമ്പു നെർ പലിശകഴിയുമാറു നെരൊററി

യാകെ എഴുതി അതികാരംവെപ്പിച്ചുകൊണ്ടാൻ ഇരവി ഇരവി കെരളൻ കട്ടത്താനെക്കൊണ്ടു ഇമ്മാക്കമെ ഇപ്പറമ്പു ഒററിവെക്കം നാളിൽ വെച്ച കല്ല ഇട്ടപൂഴിക്കം കഴിച്ചകിണററിന്നും പിരെക്കം അകിപ്പലത്തിന്നും അകത്തുനെകത്തിന്നും വാങ്ങിക്കൊണ്ടു ഒററിമെൽ കൊണ്ട ഒററി ഇരവി ഇരവി കെരളൻ കട്ടത്താനന്നു ഇമ്മാക്കമെ ഇപ്പറമ്പു ഒററിവിപ്പിക്കുന്നാൾ വെച്ച കല്ലിന്നും ഇട്ട പൂഴിക്കം കഴിച്ച കിണററിന്നും പിരെക്കം അക്കിപ്പലത്തിന്നും അകത്തുനെകത്തിന്നുംമററം എപ്പെർപ്പെട്ടതിന്നും കൂടെനാലര കണ്ട നെമ്മവിലയെററിച്ച കൊട്ടുത്തു ഒററിമെൽ കണ്ട കാണവും കൊടുത്തു ഒററി വെപ്പിച്ചുകൊൾവു കെരളൻ കട്ടത്താനൻ ഇരവി ഇരവിയെക്കൊണ്ടു ഇമ്മാക്കമെ കൽപ്പിച്ചമേക്കഇതിന്ന അറിയും താച്ചി മാതിരംപള്ളിൽ കട്ടത്താനൻ കട്ടത്തയും അറികെ കൈ എഴുതിയ കളത്തൂർ രാമൻ ഇരവികൈഎഴുത്തു.

ഓല രണ്ടു.

കൊല്ലം വൃവര-ാമാണ്ടു തുലാമാതം ൨൯-ാനു- എഴുതിയ ഒററിയോലക്കരണമാവിതു. നാട്ടകാലെ തെശത്തു കററിക്കാട്ടവിട്ടിൽ കുടിയിരിക്കം തെവൻ കെരളൻ കൈയാൽ രു൫ പറ നെല്ല കടം കൊണ്ടാൻ ചെനപ്പാടി തെശത്തു തിരുത്തിക്കാട്ട വീട്ടിൽ കുടിയിരിക്കം കളത്തൂർ തെവൻ കമരൻ കൊണ്ടാൻ കൊണ്ട ഇമ്മാക്കമെ ഈ നെല്ല നാൽപ്പത്തഞ്ചുപറയും വാങ്ങിക്കൊണ്ടു തെവൻ കമരൻ തനിക്ക കൊങ്ങൂരപ്പള്ളി നമ്പൂരിയൊട്ട ആകെ എഴുതി അതികാരം ഏററിക്കൊട്ടത്താൻ തെവൻ കമരൻ തെവൻ കെരളന്നു ഇമ്മാക്കമെ ഈ നെല്ല രു൫ പറ ഴ മ്മ തെട്ട മൊള്ള പറമ്പിൽ തലക്കുർപാതിയും ഒററിയാകെ എഴുതിച്ച അതികാരം ഇറക്കിച്ച കൊണ്ടാൻ തെവൻ കെരളൻ തെവൻ കമരനെക്കൊണ്ടു ഇമ്മാക്കമെ ഒററിവെക്കം നാൾ വച്ച കല്ലിന്നും ഇട്ടപൂഴിക്കം എട്ടത്ത പുരെയ്ക്കും കുത്തിയ കിണററിന്നും അക്കിപ്പലത്തിന്നുംഅകത്തുനെകത്തിന്നും നാലര കണ്ട നെമ്മവില കൊട്ടുത്തു കാണവും വാങ്ങിക്കൊണ്ടു ഒററി വെച്ചുകൊട്ടപ്പു തെവൻ കെരളൻ തെവൻ കമെരന്നു ഇമ്മാ

ക്കമെ ഇപ്പറമ്പു ഒററി വെപ്പിക്കുന്നാൾ വച്ചകല്ലിന്നും എടത്ത പുരെയ്ക്കും കുത്തിയ കിണററിന്നും അറക്കിപ്പലത്തിന്നും അകത്തു നെകത്തിന്നും നാലര കണ്ട നെമ്മവില ഏററിയും ഒററിമെൽ വാങ്ങിയ കാണവും കൊടുത്തു ഒററി പറമ്പിന്നു ആളാൽ വരും തുലപ്പുണ്ടാകിൽ തുലപ്പുപറഞ്ഞു പൊക്കിക്കൊടുപ്പു തെവൻ കുമരൻ തെവൻ കെരളന്നാ ഇമ്മാക്കമെ പറെഞ്ഞുപൊക്കിച്ചുകൊൾവു തെവൻ കുമെരെൻ തെവൻ കെരളനെക്കൊണ്ടു ഇമ്മാക്കമെ കൽപ്പിച്ചു മേക്ക ഇതിന്നു അറിയും സാക്ഷി മാതിരംപള്ളി കുട്ടത്താനൻ കെരളനും അറിയെ ഇരു കൈ എഴുതിയ കൈഎഴുത്തു.

ഓല ൩൯

ശ്രീമാൻ കള്ളങ്ങരെ തെവർമക്കാൻ പട്ടത്തു ശ്രീകൃഷ്ണാച്ചുമച്ചു ശ്രീ മാതൃമത്തു പിഷാരതിരശിഷ്യൻ കണേശയൻ ചന്ദ്രത്തനൻ (കുരി) വിത്തുറക്കരെതെശത്തു കരങ്ങണംപള്ളി വിട്ടിൽ കുടിയിരിക്കും പള്ളിയിൽ കൊവുന്ദൻ നാരായണൻ കണ്ട കാരിയമാവിതു വിത്തുറക്കരെവടക്കപ്പുറത്തു രാമങ്കരിപടവു ൩൦൦ പറ വിത്തുപാട്ട പകച്ചയാൽ ശ്രീമാൻകള്ളങ്ങരെതെവണ്ടു നിലം ൩൦൦പറയിൽ തങ്കൾക്ക ഒഴവുപാട്ടമൊള്ള നിലം ൧൪൦-ക്കും ആണ്ടുവരെയും അളക്കമാറു കല്പിച്ചു പാട്ടനെൽ തെവർ പാട്ടപറയാൽ ൧൫ ഞരപറയിൽ ഒഴവു പാട്ടത്തെൻ വായിപ്പുമള്ള രാശിപണം ൨൦൧-ന്നും നെൽപാട്ടപ്പറയാൽ (൩൪൦)പറക്കുനെർപലിശ കഴിയും നെൽ ൩൫ ഞര പറണ്ടങ്ങഴി ഒന്നും നീക്കി പറനിറയും നെൽ അടക്കവലുംപ്പെടെ പാട്ടപ്പറയാൽ ൧൪൦പറയും ഭഗവതി നിറപറഒന്നാ ൧പറയും മെലളവുനെൽ ഇടങ്ങഴി ഒന്നരയും പറയാൽ ൧൪൨പറങ്ങ ഒന്നരയും പറയാൽ ൧൪൨പറ ഇ ഒന്നര കൊല്ലം ൯൩൦-മാണ്ടു ഇടവഞായർ അളപ്പിച്ചുകൊണ്ടു കുറിയും എഴുതികൊടുത്ത മെക്കകണക്കു ശ്രീമാൻ കള്ളങ്ങരെവാഴ്യർ കൈഎഴുത്ത്

ഓല ൪൦

കൊല്ലം (൯൨൦)-ാമാണ്ടു മെടഞായർ ൧൦-ാനു- കൊങ്ങിറപ്പള്ളി നമ്പൂരിപ്പാട്ടിലെ ആകെ ചെനപ്പാടി പകവതിയെടെ പടെവിൽ കൊറെറനാട്ടു ചാത്താവു ചാത്താവു എഴു

തിശ്ശ കരണമാവിതു ഇനിക്ക നമ്പൂരിപ്പാട്ടിലെ ചകച്ച യൊള്ള കൊറെറനാട്ടു പടവിന്റെ ഒററിയൊലവച്ച ഒററി യൊലയിൽപെട്ട കാണവും നാലർകണ്ട നെമ്മവിലയും കൈ യാൽ വാങ്ങിക്കൊണ്ടു തീറവും എഴുതി കെശവൻ കെശ വൻ ചാത്താവു ചാത്താവു ഇമ്മാക്കമെ ചാത്താവു ചത്താവിന്നു തെട്ടമൊള്ള കൊറെറനാട്ടപ്പടവിന്റെ ഒററി വെപ്പിച്ച ഒററിഓലെയിൽ പെട്ട കാണവും നാലർകണ്ട നെമ്മയുംകൈ യിൽകൊടുത്തു തീറവും എഴുതിവിപ്പിച്ച ചാത്താവു ചാത്താ വിനെകൊണ്ടു കെശവൻ കെശവൻഇമ്മാക്കമെ ഈതീറവിന്നു അറിയും താക്ഷി രാമൻ രാമനും വടക്കെയിൽ രാമൻ രാമനും ഇവർകളും അരിയെ കൈഎഴുതിയ മുട്ടത്തു ആതിച്ചെ നാതിച്ചെൻ കൈഎഴുത്ത്

ഓല ൯൧

കൊല്ലം (൯൩൦)ാമാണ്ടു മിതിന ഞായർ എഴുതിയ ഒററിയൊലക്കാരിയമാവിത്. കൈയാൽ അമ്പത്തുരാശി പണംകടം കൊണ്ടാൻ കരിക്കാട്ടൂർ തെശത്തു കുടിയിരിക്കും തന്നെ കൊണ്ടാൻകൊണ്ടു ഇമ്മാക്കമെ ഇപ്പണംഅ മ്പതും കൊണ്ടു കലിപ്പുംകൈലെത്തു പടവു ആയ ഉഴ ത്തിന് തൻക്രുറ ഉഴവു ആകെഒള്ള ഇമ്മാക്കമെ ഇപ്പ ണംഅമ്പതും കൊണ്ട കുമെരെൻ കുമെരനെ തങ്കറക്കൊള്ള പട്ടവ ഉഴത്തിൽ തനിക്കൊള്ള ക്രുറഎപ്പെർപ്പെട്ടതും ഒററിയാകെ എഴുതി കരിക്കാട്ടൂർതെശത്തു തനിക്കൊള്ള നട്ടവത്തുതായി വീട്ടുംക്രൂടെ ഒററിയാകെ എഴുതിച്ച കല്പിച്ചമെക്ക ഇതിന്നു അറിയും താച്ചി പാലത്തുകട്ടതാ നാരാമെനും മുട്ടത്തു രായിരെൻ ഇരവി കൊവുന്ദൻ കൈ എഴുത്ത്

ഓല ൯൨

കൊല്ലം (൯൩൨)-മാണ്ടു കക്കടക ഞായർ ൨-ാനു- എഴുതിയ തീറവൊലക്കരണമാവിതു ചെറുവള്ളി തെശത്തു തറമെൽവീട്ടിൽ കുടിയിരിക്കും ചെറുവള്ളികണ്ടൻകാളിമതിച്ചും ആയ രാമൻ നാരായണൻ തനിക്ക വെള്ളനായർ തെട്ടഒററി തെട്ടമൊള്ള ചെനപ്പാടി ചെരിക്കലിൽ പിറപ്പ ചെരിക്ക ലിന്റെ ഒററിയൊലെയും എഴുത്തുകൊടുത്തു നമുക്ക വരവെണ്ടും

അത്തവുംവാങ്ങി കാണത്തിന്നും കരത്തിന്നും നിലത്തിന്നും ഒരു ചൊത്തിയമില്ലാത്തവാറുതീറുവും എഴുതി കൊടുത്താൻ രാമെൻ നാരായണൻ ചെനപ്പാട്ടിൽ പകവതിയുടെ കൈക്കാരായ മുതലയാക്ക ഇമ്മാക്കമെ ഇപ്പരിശെ കാണവുംകൊടുത്തു കരണവും ത്തത്തിൽ വാങ്ങിച്ചുകൊണ്ടു തീറുവും എഴുതിച്ചു കൊണ്ടാർ മുതലയാർ രാമൻനാരായണനെകൊണ്ടു ഇമ്മാക്കം കല്പിച്ചുമെക്ക ഇതിന്നു അറിയും താച്ചി നന്നമ്പള്ളിൽ രാമൻ നാരായണനും മഴക്കം ചെരിൽ കൊവുന്ദൻ നാരായണനും ഇവർകളുമരിയെ കൈഎഴുതിയ പട്ടുവെഴുത്തു മുട്ടുത്തു ആതിച്ചെ നാതിച്ചെൻ കൈഎഴുത്തു

ഓല ൭൩

കൊല്ലം ൯൨൩ാമാണ്ടു ചിങ്ങമാസം ൧൧൨൫ എഴുതിയ പരിയ കരക്കാർ ൧൪ നായർക്കം ക്രൂടെകല്പിച്ചു കലിച്ചക്രം കൊടുത്തു തെവാരിനാലു ൨൦൦ പറയും വിത്തുറക്കരിൽതെശത്തു കരിങ്ങന്നംപള്ളിൽ കൊവുന്ദൻ നാരായണനു പാട്ടമെല്പിക്കമൊഴം പറഞ്ഞു പൊതിച്ച കാരിയമാവിതു ഇന്നിലം ൨൦൦ പറയ്ക്കം കാലമൊന്നിന്നു കൊടുക്കമൊറും വാങ്ങി ക്കൊള്ളുമാറു കല്പിച്ചു പാട്ടനെല്ല കല്ലുക്കാടൊത്ത പറയ്ക്ക ൩൦൦ പറയും കൊടുപ്പു കൊവുന്ദൻ നാരായണൻ വാങ്ങ ക്കൊാവ്യ വടചെരിൽ കൊവുന്ദൻ കൊവുന്ദൻ ഇന്നിലം ൨൦൦ പറയ്ക്കം കല്പിച്ചപാട്ടത്തിന്നു തിഴെവുണ്ടെങ്കിൽ ക്രൂടികൈകൊള്ളു മുന്നൊന്നു വാരമിട്ടു കൊടുക്കമൊറും കല്പിച്ചുഎഴുതിയ മെചം വടചെരിൽ കൊവുന്ദൻ കൊവുന്ദൻ എഴുത്തു

ഓല ൭൪

കൊല്ലം ൯൨൯ാമാണ്ടു തന്നുഞായർ ൨൧൦ എഴുതിയ കണക്കൊലകാരിയമാവിതു ചെനപ്പാടിപകവതി തെവത്തം ഇലമ്പിലാക്കാട്ടു ആനവന്നിയർ കൈയാൽ ൧൦ രാശിപണംകടം കൊണ്ടാൻ ചെനപ്പാട തെശത്തു പുതിയെടത്തിൽ വീട്ടിൽകുടിയിരിക്കും കുമെരൻ രാമെൻ കൊണ്ടാൻ കൊണ്ടു ഇമ്മാക്കമെ ഇപ്പണം പത്തിന്നും ആണ്ടുവരെയും പത്തിന്നൊന്നു പലിശയൊടുക്കൂടെ കൊടുപ്പൂ കുമെരൻ രാമൻ ഇലമ്പലാക്കാട്ടു ആനവതികതിരവിക്ക ഇമ്മാക്കമെ ഇപ്പണം പത്തിന്നും ആണ്ടുവരെയുംപത്തിന്നൊന്നു പലിശ വാങ്ങിക്കൊാവ്വു ഇലമ്പിശാക്കാട്ടു ആനവതിയർ കുമെരെൻ രാമെനൊടു ഇതുകൈഎഴുത്തു

ഓല ൫൫

കൊല്ലം ൯൱൭ മാണ്ടു തുലാഞായർ ൨൭-ാംനു-ചെ നപ്പാടിപ്പകവതിപ്പടവു കൊങ്ങൂപ്പള്ളിൽ നമ്പൂരിപ്പാട്ടിലെ തിരുമുൻപാകെ ചെനപ്പാടിതെശത്തു വിറവതാനത്തു വീട്ടിൽ രാമെൻ കൊവുന്ദൻ എഴുതിവച്ച തീറുവൊലക്കാരിയമാവിതു. ചെനപ്പാടിപകവതി തെവത്തം ഇടപ്പറെ ചെരിക്കൽ മുതലാരൊട്ടും കൊങ്ങൂപ്പള്ളിനമ്പൂരിപ്പാട്ടിലൊട്ടും ക്രുടെക്കൊൾവുതെട്ടായി ഏററിന്ന ഇടപ്പറെ ചെരിക്കൽ ൨൯൦ പറ വിത്തുപാട്ട നിലവും ഏററുഅനുപവിച്ചുവാറു തെവത്തം വകയിൽ അളന്ന ൯൭൦-ാമാണ്ടുവരെയും നടന്നു അതിൻമണ്ണം ൯൭൧-ാമാണ്ടു മുതൽ നടപ്പാൻ ആളല്ലാഴികകൊണ്ടു കല്പിച്ചു തീരുമാനത്തിന്നു തന്നിരുന്ന ആതാരവും മുത്തിലാരുതന്നിരുന്ന ആതാരവുംവച്ചു ആതാരത്തിൽപെട്ട കാണവും വാങ്ങിക്കൊണ്ടു തീറുവും എഴുതികൊടുത്താർ രാമൻ കൊവിന്ദൻ ഇമ്മാക്കമെ ഇപ്പുരിശെ ആതാരങ്ങൾ വെപ്പിച്ചു ആതാരത്തിൽപെട്ട കാണവും കൊടുത്തുതീറവും എഴുതിവെപ്പിച്ചു കൊണ്ടാൻ രാമെൻ കൊവുന്ദൻ കൊണ്ടു ഇമ്മാക്കമെ ഇപ്പുരിശെ ചെരിക്കലിന്ന അതിരുകിഴക്കു മയിലാട്ടംപാറ മുളുറപ്പിന്നും ആനിക്കം പടിഞ്ഞാറു തെക്കു അരുവിക്കുഴിതൊട്ടിന്നും വടക്കു പടിഞ്ഞാറു വല്ലിയതൊട്ടിന്നും കിഴക്കുവടക്കു കൊല്ലരുകുഴി മുട്ടമണ്ണിന്നും തറപ്പിന്നും തെക്കു ഇന്നാലതിരിന്നകത്തകപ്പെട്ട ചെരിക്കൽ ൫൪൦ പറ വിത്തുപാട്ട നിലവും ഇമ്മാക്കമെ ഇപ്പുരിശെ കല്പിച്ചു മെക്കു ഇ തീറുവൊലെക്കു അറിയും താച്ചിയും മഴകംചെരൽ കണ്ടൻ രാമെനും മാതിരമ്പള്ളിൽ കടുത്താനൻ കെരളനും ഇവർകൾ അറികെ ഇ തീറവൊല കൈഎഴുതിയ അറെക്കൽ രാമൻ ചെന്നൻകൈ എഴുത്തു.

ഓല ൫൬

കൊല്ലം ൯൭൨-ാമാണ്ടു വിരിച്ചികമാസം ൨൮-ാംനു- എഴുതിയ ഒററിയൊലക്കരമാവിതു കെരളൻ കൊവുന്നനു വത്തുറക്കരിതെശത്തു കഴക്കിൽ പുറത്തു നിലത്തിന്നു വടക്കെപെട്ടടിക്കു വടക്കെപ്പുറത്ത ൧൫ പറക്രുടെ നിലം ൩൦ പറയുംക്രുടെ ഒററിയാകെ എഴുതികൊടുത്ത ഒററിമെൽ വാങ്ങിച്ച നെല്ലു കല്ലുക്കാട്ടൊത്ത പറയാൽ ൧൨൦ പറനെല്ലു

അടവിരാശിപണം ൱.00 കൊണ്ടു കെരളൻ കൊവൃന്ദൻ കാരുപള്ളിഇല്ലത്തിൽപെരുമ്പുരാൻ രാകവൻ രായിരെന്നഇമ്മാക്കമെ കെരളൻ കൊവൃന്ദെന്ന വിത്തുറക്കരിതെരുത്തു കിഴക്കിൽ പുറത്തു കാരിക്കണ്ടതന്നെ കിഴക്കെപ്പുറത്തു-പർപ്പിന്നു കിഴക്കെപ്പുറത്തു മണ്ണടിക്കുവടക്കെ പട്ടടിക്കു വടക്കെപ്പുറത്തനിലം ൱.൱. പറഅതിന്നു വടക്കു൱.പറ അതിന്നുകിഴക്കു ൲൭പറക്കൂടെ ഒററിമെൽ കൊട്ടുത്ത നെല്ലു ൲൨.00പറ രാശിപണം ൱.൯൦ക്കൂടെ കൊടുത്തു ഒററിയാകെ എഴിച്ചുകൊണ്ടാൻ രാവകൻ രായിരൻ കെരളൻകൊവിന്ദനൊടു ഇമ്മാക്കമെ ഇന്നിലത്തിന്നു രാവകൻ രായിരൻ കെരളെൻ കൊവൃന്ദനെ കൊണ്ടു് ഇമ്മാക്കമെ ഈ ഒററിഓലെക്കു അറിയും താഴ്ച്ചി ഈച്ചരനും നന്നമ്പള്ളിൽകൊവൃന്ദ കെരളനും ഇവർകഴം ഇരുവരുമറികെ ഒററിഓല കൈഎഴുതിയ മെക്കു കൈഎഴുത്തു്.

ഓല ൯൭.

കൊല്ലം ൯൱൰൬.ാമാണ്ടു തുലാഞായർ ൨൭-ാംനു- എഴുതിയ ആൎക്കാരാഴ്മ ഓലക്കരണമാവിതു. പാകത്താനത്തു രാമൻ ചെന്നൻ തന്നടിയാർ കൊടിയക്കാട്ടർ വകയിൽ വരാത്തി നീലിയെയും അവർ പെററ മക്കളെയും കൂടെ നാലർ കണ്ട നെമ്മവില കാരാമ പൊന്നും വാങ്ങിക്കൊണ്ടു ആൎക്കാരാണ്മയാകെ എഴുതിവിളിച്ചു പണിമാട്ടിക്കൊടുത്താൻ ചെനപ്പാടി തെരുത്തു മറെറക്കാട്ടു നാരായണൻ കട്ടത്താനെന്നു ഇമ്മാക്കമെ തന്നടിയാർ കൊടിയക്കാട്ടരു വകയിൽ വരാത്തി നീലിയെയും അവൾപെററ മക്കളെയും കൂടെ നാലർ കണ്ട നെമ്മവില ആൎക്കാരാമ പൊന്നും കൊടുത്തു ആൎക്കാരാണ്മയാകെ എഴുതി വിളിച്ചു പണിമാട്ടിച്ചുകൊണ്ടാൻ നാരായണൻ കട്ടത്താനൻ രാമൻ കൊവുന്നനെക്കൊണ്ടു ഇമ്മാക്കമെ ആൎവ്വിക്കിൽ വിലെക്കാകമാരും കൊല്ലകിൽ കലെക്കാകമാരും തലയും കൊലയുമടക്കി ആൎക്കാരാണ്മയാകെ എഴുതിക്കൊടുത്താൻ രാമൻ ചെന്നൻനാരായണൻ കട്ടത്താനന്നു ഇമ്മാക്കമെ ഈ ആൎവ്വിക്കിൽ വിലെക്കാകമാരും കൊല്ലകിൽ കലെക്കാകമാരും തലെയും കലെയുമടക്കി ആൎക്കാരാണ്മയാകെ എഴുതി നാരായണൻ കട്ടത്താനൻ രാമൻ ചെന്നനെക്കൊണ്ടു ഇമ്മാ

ക്കമെ ഈ ആധാരാണ്മ ഓലെക്കു അറിയും താഴ്ച്ചി ചെക്കര രാമൻ മാതിരമ്പള്ളിൽ ഇരവി കെരളനും ഇവർകളുമറികെ ഈ അധാരാണ്മയോല എഴുതിയ ചെനപ്പാടിൽ പടവെഴത്തു മൂട്ടത്തു ആതിച്ചൻ.

ഓല ൯൯.

കൊല്ലം ൯൨൭-ാമാണ്ടു മിഥുനഞായർ ൨൯-ാംനു എഴുതിയ തീറുവൊലക്കാരിയമാവിതു. തെശത്തു വെല്യവീട്ടിൽ കുടിയിരിക്കും ച്ചിത്രപുരത്ത താണവന്ന എക്കമ്പുവലക്കാട്ട എറക്കാരാണ്മ പുരെടവും കാണവും വാങ്ങിക്കൊണ്ടു തീറു ഓലെയും നെൻ കട്ടത്തെക്കു ഇമ്മാക്കമെ ഇപ്പറമ്പു കാണവും നെയ്യിധിയും കൊടുത്തു എഴുതിച്ചു കൊണ്ടാൻ നാരായണൻ കട്ടത്ത ഇമ്മാക്കമെ തീറുവോലെയും എഴുതിക്കൊടുത്താൻ ചിത്രപുരൻ താണവൻ നാരായണൻ കട്ടത്തയ്ക്കു ഇമ്മാക്കമെ.

ഓല ൱.

കൊല്ലം ൯൩൭-ാമാണ്ടു മേടഞായർ ൯-ാംനു എഴുതിയ നെരൊററിയൊലക്കരണമാവിതു. ചെനപ്പാടിതെശത്തു വെലക്കുന്നത്തു വീട്ടിൽ കുടിയിരിക്കും കൊവുന്നൻ രാമൻ കൈയാൽ ൰൩ അടവുരാശി പണം കടംകൊണ്ടാൻ ചെനപ്പാടിതെശത്തു ചെനൊത്തു വീട്ടിൽ കുടിയിരിക്കും കട്ടത്താനൻ രാമൻ ഇപ്പണം പതിമൂന്നും വാങ്ങിക്കൊണ്ടു ഉഴത്തിൽ ൰൩ പറവിത്തു പാട്ടനിലം നെർപലിശകഴിയുമാറു നെരൊററിയാകെ എഴുതിപ്പിടിച്ചു കൊഴവും പാരയും ഇറക്കി കട്ടത്താനെൻ രാമനെക്കൊണ്ടു ഇമ്മാക്കമെ ഈ ഉഴത്തിന്നു അതിരു കിഴക്കു മുതിരപ്പിന്നും പുറവുതറെക്കും പടിഞ്ഞാറു പടിഞ്ഞാറു കടക്കല്ലിന്നും മുള്ളുവെങ്ങക്കും കിഴക്കു വടക്കു പൊയ്യ്ക്കതെക്കു ഇന്നാലതിർക്കകത്തകപ്പെട്ട ഉഴവപെട്ടിവന്നു കടക്കല്ലിന്നും മുള്ളുവെങ്ങക്കും കിഴക്കു വടക്കു പൊയ്യ്കക്കും തെക്കു ഇന്നാലതിക്കകപ്പെട്ട ഉഴവുവെട്ടിവാണു വായിക്കും കാലം ൦വു കട്ടത്താനൻ രാമൻ കൊവുന്നൻ രാമൻ ഇമ്മാക്കമെ കല്പിച്ചു പടിക്കു ഇതിന്നറിയും താഴ്ച്ചി മാതിരംപള്ളിൽ കെരളൻ കെരളൻ മടവഞ്ചെരിൽ കോവുന്നൻ രാമനും ഇവർകളുമറിയെ

ഈ നെരൊററിയൊല കൈ എഴുതിയ പട്ടവെഴുത്തു കണക്കു മൂട്ടത്തു ആതിച്ചനാതിച്ചൻ കൈഎഴുത്തു.

ഓല ൩൦.

കൊല്ലം ൯൱൦-ാമാണ്ടു മിഥുനഞായർ ൧൯-ാം- എഴുതിയ ചിറെറാററിയോലക്കരണമാവിതു; അണിനാട്ടു തെക്കുത്തു വല്ലിയവീട്ടിൽ കുടിയിരിക്കും താണ്ടവൻ ചാത്താവു കൈയാൽ ൩൫ രാശി പണം കടം കൊണ്ടാൻ ഇളമ്പുലാക്കാട്ടുകരതെ ശത്തു വെങ്ങാലിൽ വീട്ടിൽ കുടിയിരിക്കും നാരായണൻ പെരുനാശി ക്കമെ ഇപ്പണം ൩൫-ം വാങ്ങിക്കൊണ്ടു നാരായണൻ പെരുനാശി തനിക്കു പരുത്തിക്കാട്ടു നായരോട്ടു ഒററി തെട്ടോലെയും നാരായണൻ പെരുനാശി താണ്ടവൻ ചാത്താവിന്നു ഇമ്മാക്കമെ ഇപ്പണം ൩൫-ം കൊടുത്തു നാരായണൻ പെരുനാശി തനിക്കു പരുത്തിക്കാട്ടു നായരോട്ടു ഒററിതേട്ടമൊള്ളു ചിറെറാററിയാകെ എഴുതിച്ചു കൊണ്ടാൻ. താണ്ടവൻ ചാത്താവു നാരായണൻ പെരുനാശിയെക്കൊണ്ടു ഇമ്മാക്കമെ ഇപ്പുറമ്പിന്നു കാലമോരാണ്ടാൽ വാരം രാശി പണം ൬-ം ആണ്ടുവരെയും കൊടുത്തിരിപ്പൂ താണ്ടവൻ ചാത്താവു പെരുനാശി നാരായണന്നു ഇമ്മാക്കമെ ഇപ്പുറമ്പിന്നു കാലമോരാണ്ടാൽ വാരം രാശി പണം ൬-ം ആണ്ടുവരെയും വാങ്ങിക്കൊൾവു നാരായണൻ പെരുനാശി താണ്ടവൻചാത്താവിനൊടു ഇമ്മാക്കമെ ഇപ്പുറമ്പു ഒററി വെച്ചു കല്ലിന്നു ഇട്ടപൂഴിക്കും എടുത്ത പുരെക്കും കുഴിച്ചു കിണററിന്നും പഴെ പലങ്ങൾ നീക്കി തന്നിത്താൻ നട്ടാക്കിച്ചു മെച്ചപലങ്ങൾ എപ്പേർപ്പെട്ടതിന്നും കൂടെ കൊടുത്തു ഒററി വെപ്പിച്ചു കൊൾവു നാരായണൻ പെരുനാശി താണ്ടവൻ ചാത്താവിനെക്കൊണ്ടു ഇമ്മാക്കമെ ഒററിവെക്കുന്നാൾ എടുത്ത പുരെക്കും കുഴിച്ചു കിണററിന്നും പഴെ പലം നീക്കി തന്നിത്താൻ നട്ടാക്കിച്ചു മെച്ചപലങ്ങൾ എപ്പെർപെട്ടതിന്നും നാലർ കണ്ട നെമ്മവിലകൊടുത്തു ക്കൊണ്ടു ഒററി വച്ചുകൊടുപ്പൂ താണ്ടവൻ ചാത്താവു നാരായണൻ പെരുനാശിക്കു ഇമ്മാക്കമെ ഇപ്പുറമ്പിന്നു ആളാൽ വരും തുലപ്പുണ്ടാകിൽ തുലപ്പുപറത്തു കൊള്ളുമാറും കല്പിച്ചമേക്കു ഇഒററിഓലെക്കു അറിയും താഴ്ചി മഴകാംചേരിൽ രാമെൻ രാമെനും മാതിരമ്പള്ളിൽ തെയും ഇവർകള്ളമറിയെ മൂട്ടത്തു ആതിച്ചൻ ആതിച്ചൻ കൈഎഴുത്തു.

വരും ഇങ്ങനെ ഞങ്ങളുടെ കീഴ്മൎയ്യാദയാകുന്നുവെന്നും പണ്ടു പണ്ടെ ഞങ്ങൾ ഇതിൻവണ്ണമുള്ള മൎയ്യാദിയത്രെയാകുന്നുവെന്നും പറഞ്ഞു ചോദ്യം നിവൃത്തുകയും ചെയ്തു.

എന്നാൽ ഇതിൻവണ്ണം പറഞ്ഞപ്പോളുണ്ടായ ചോദ്യം നിവൃത്തിയെങ്കിലും മാത്തൂത്തരകൻ തിരുവനന്തപുരത്തു ചെന്നപ്പോൾ വീണ്ടും ദളവ കീഴ്മൎയ്യാദിയല്ലാത്തവണ്ണം രാജസമ്മതം വരുത്താതെ ഘോഷമായിട്ടു മെത്രാനെ കൊണ്ടുവരുവാൻ കാരണമെന്തെന്നും ആയതിന്നു ഏതുംവണ്ണം പ്രായശ്ചിത്തം ചെയ്യണമെന്നും ചോദിച്ചു തുടങ്ങിയാറെ ഞങ്ങളുടെ കീഴ്മൎയ്യാദിയത്രെ ആകുന്നുവെന്നും ആയതിന്നു പണ്ടുപണ്ടെ മലങ്കരയുള്ള രാജാക്കളിൽ ആരും ഇത്രനേരവും മറുതലിക്കയും ചോദ്യം ചെയ്കയുമുണ്ടായിട്ടില്ലാ എന്നു പറഞ്ഞാറെ ആയതിന്നു വിവാദം കൊണ്ടു അന്നു തിരുവനന്തപുരത്തു ഉണ്ടായിരുന്ന പഴമസൂക്ഷമൊള്ള മുളക്കുളത്ത പള്ളി ഇടവകക്കാരു പാറെക്കാട്ടിൽ കുരുവിള കത്തനാരും മറ്റും പലരും ദളവായുടെ മുൻപാകെ ചെന്നു കീഴ്മൎയ്യാദിയത്രെയാകുന്നുവെന്നും ഞങ്ങളുടെ കാരണവന്മാരുടെ കാലങ്ങൾ തൊട്ടു ഇപ്പളൊളം കാത്തുവന്ന കാൎയ്യമാകുന്നുവെന്നും സാക്ഷിച്ചാറെ ആയതിന്നു ചോദ്യമുണ്ടാകരുതെന്നു ദളവാ സാധനം കൊടുത്ത കാൎയ്യം തീരുകയും ചെയ്തു.

(വൎത്തമാനപ്പുസ്തകം.) Port i. Page 46—47.

8

ഒരു പ്രാചീനകേരളമാടമ്പിയുടെ മൂപ്പേല്പ്പ്.

........“ആനയടിമ ഓരായിരത്തൊന്നുരാശി........ദേവാനു നടയ്ക്കുവച്ചു ഊരാണ്മയോഗം കൂടി കിഴക്കെ മണ്ഡപത്തിൽ തളിർവാഴ ഇല ഇട്ടു നടുവിൽ കൈമ്മളും ആവണപ്പലകകളിൽ ചുററും ഊരാണ്മക്കാററും ഇരുന്നു കലശം ജപിച്ചു ഈശനും കൈമ്മൾക്കും ഈശപാദം ധ്യാനിപ്പുതും ചെയ്തു തീൎത്ഥവും തളിച്ചു തറമേൽ വാഴക ഇല്ലത്തിൽ മൂത്ത കൈമ്മൾ മൂത്ത കൈമ്മൾ എന്നു പുനരാശിയും ചൊല്ലി ഭണ്ഡാരത്തിൻറ താക്കോലും ഏല്പിച്ചു” ഇത്യാദി.

9

പണ്ടാരവകവക്കീലിന ഉത്തരവു (ഓല)

മാവെലിക്കര കൊട്ടിൽ പണ്ടാരവകവക്കീലിനു ഉത്തരവു എന്തെന്നാൽ ആകൊട്ടിൽ വക്കീൽ എടപെട്ട കാൎയ്യങ്ങൾ ഒക്കെയും തന്റെ വശത്തിൽ ഏറവിചാരിച്ചു കൊള്ളത്തക്കവണ്ണം ഉത്തരവുതന്നയച്ചിട്ടുണ്ടല്ലൊ. ഇപ്പൊൾ വക്കീലുദ്യൊകത്തിന തന്റെ പെക്ക കല്പിച്ച എഴുതിട്ടൊള്ള തിരുവെഴുത്തു ഇതിനൊട്ടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ടു അതിന്മണ്ണം വക്കീൽ എടപെട്ടൊള്ള കാൎയ്യങ്ങൾ ഒക്കെയും ജാഗ്രതയായിട്ടു വിചാരിച്ചു കൊള്ളുകയുംവെണം. തിരുവെഴുത്തു വാങ്ങിക്കമ്പോൾ അടിയറ വച്ചു മുഖംകാട്ടുന്നവകയ്ക്കു പതിവിന്റെ പ്രകാരം ഒള്ള പണം ആറും തന്റെ ശമ്പളത്തിൽ പിടിച്ചു കൈവഴി ചെല്ലും വകയിൽ കൊടുത്തയച്ചു ഒടുക്കികൊള്ളത്തക്കവണ്ണം ഫജ്ജൂർ ഖജാനയിൽ ശ്രീ ൦൦ സുബ്രഹ്മണ്യപിള്ളക്ക ഉത്തരവു കൊടുത്തയച്ചിട്ടും ഉണ്ടു. ഇച്ചെയ്തിക്ക എഴുതിയ ദിവാൻ വെങ്കിട്ടരായരു (ഒപ്പു) ൯൯൦-ാമാണ്ടു കൎക്കടക മാസം ൨൦-ാനു- കൊച്ചുശങ്കരപ്പിള്ള (ഒപ്പു)

10

പണ്ടാരവകവക്കീലിന്റെ നിയമാന നിനവു

൯൯൦-ാമാണ്ടു കൎക്കടകമാസം ൩-ാനു- മുക്കത്തു കൊച്ചാണ്ടിക്കഎഴുതുന്ന ഉത്തരവു എന്തെന്നാൽ മാവെലിക്കരെ കൊട്ടിൽ പണ്ടാരവക വക്കിലിനെ ആലപ്പുഴെ കൊട്ടിലേക്ക നിയമിച്ചു ആക്കിയതിന്റെശേഷം ഇതിന പകരം മാവെലിക്കരെ കൊട്ടിൽ വക്കീൽ ഉദ്യോഗത്തിന തന്നെ ആക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കകൊണ്ടും ആയവസ്ഥയ്ക്കു തിരുമനസ്സറിയിപ്പാൻ എഴുതിയച്ചു തിരുവെഴുത്തും തരുവിച്ചു അയക്ക എന്നു വച്ചാൽ വളരെ താമസവും വക്കീൽ എടപെട്ട കാൎയ്യങ്ങൾക്കു ഏറിയ വിഷ്ടയും വരുന്നതാകകൊണ്ടും താൻ ഇപ്പൊൾ മാവെലിക്കരെ കൊട്ടിൽചെന്നു വക്കീൽ എടപെട്ട കാൎയ്യങ്ങൾ ഒക്കെയും തന്റെ വശത്തിൽ ഏററ പണ്ടാരക്കാൎയ്യംഎടപെട്ട ഇജ്ജു

വരെ കൊട്ടിൽ ഏറ്റംപ്പിച്ചിരിക്കുന്നതിൽ തീൎപ്പാക്കുവാനൊള്ള സംഗതികൾ മെൽ വരുന്ന സംഗതികളും ഉത്തരവു കൊടുത്തയക്കുന്ന കാൎയ്യങ്ങളും കൊട്ടുകാരരുമായിട്ടും പറഞ്ഞു വെഗത്തിൽ തീൎപ്പാക്കിച്ചു എഴുതി ബൊധിപ്പിച്ചു ഒന്നിനും വീഴ്ചവരാതെ താൽപ്പൎയ്യമായിട്ടു വിചാരിച്ചു കൊള്ളുകയും വെണം. വക്കീൽ ഉദ്യോഗത്തിനു തന്റെ പെർ തിരുവെഴുത്തു താമസിയാതെ വരുത്തികൊടുത്തയക്കുകയും ചെയ്യും. ഇച്ചെയ്തികൾ എഴുതിയ ദിവാൻ വെങ്കിട്ടരായരു (ഒപ്പു) ൯൮൦-ാമാണ്ടു കൎക്കടകമാസം ൨-ാനു കൊച്ചുശങ്കരപ്പിള്ള (ഒപ്പു)

11

പ്രാചീനകേരളത്തിലെ അടിമവ്യാപാരം

ആൾപ്പണയക്കരണം.

(നാനംമൂനം ലിപി പരിഭാഷ)

കൊല്ലം ൯൩൦-ാമാണ്ടു ഇടവഞായറ് ൧൬-ാംനു എഴുതിയ പണയഓലക്കരണമാവിതു ചെനപ്പാടിതെശത്തു........ വീട്ടിൽ കുടിയിരിക്കും നാരായണൻ കട്ടത്താനൻ കൈയ്യാൽ ൱ൾ രാശിപണം കടംകൊണ്ടാൻ ചെനപ്പാടിതെശത്തു...... വീട്ടിൽ കുടിയിരിക്കും രാമെൻ ചെന്നൊൻ കൊണ്ടാൻ കൊണ്ടു ഇമ്മാക്കമെ ഇരു രാശിപണം പന്തിരണ്ടരയും വാങ്ങികൊണ്ടു രാമെൻ ചെന്നൊൻ തന്നടിയാർ കിഴക്കപ്പുലയർവകയിൽ ക്രുടല്ലൂർ കുളിരിപൊററ മക്കളിൽ അകലക്കുന്നത്തു കണ്ണനെ പണയമാകെ എഴുതിക്കൊടുത്താൻ രാമെൻചെന്നൊൻ നാരായണൻകട്ടത്താനനനു ഇമ്മാക്കമെ ഇപ്പണം പന്തിരണ്ടരയും കൊടുത്തരാമെൻ ചെന്നൻ തന്നടിയാൻ കിഴക്കപ്പുലയർവകയിൽ ക്രുടല്ലൂക്കുളിരിപൊററ മക്കളിൽ അകലക്കുന്നത്തുകണ്ണനെ പണയമാകെ എഴുതിച്ചുകൊണ്ടാൻ കട്ടത്താനൻ രാമെൻ ചെന്നൊനെക്കൊണ്ടു ഇമ്മാക്കമെ ഇരു രാശിപണം ൱ൾയും ഇതു നട്ടത്ത തുലാഞായററിൽ പത്തിനൊന്നു പൊലിശയൊടുക്രുടി വാങ്ങിക്കൊൾവു ൱ൾയും പൊലിശയും ഇതനട്ടത്ത തുലാഞായററിൽ കൊടുക്കയല്ലായികിൽ പണയമെഴുതിയ ആളിനെ വിളിച്ചു പണിമാട്ടിക്കൊടുക്കമാറും വിളിപ്പിച്ചു പണിമാട്ടിച്ചു

കൊള്ളമാറും കല്പിച്ചമെക്ക ഇതിന്ന അറിവും താഴ്ചിയും മഴകം ചെരിൽ രാമെൻകണ്ടനും മാതിരം.പെള്ളിൽ കട്ടത്താനെൻ കെരളനും ഇവർകളമറിയെ ഇപ്പണയ ഓല എഴുതിയ ചെനപ്പാടിൽ പട്ടവെഴുത്തു മുട്ടത്തു ആതിച്ചെനാതിച്ചെൻ കൈയെഴുത്തു.

ആളൊററിഓലക്കരണം

കൊല്ലം ൯൭൦ ാമാണ്ടു വൃശ്ചികഞായർ ൧൮-ാം൹ എഴുതിയ ആളൊററിഓലക്കരണമാവിതു് കരുങ്കൊവപ്പെട്ടയിൽ... ......രാമെൻ ചെട്ടിമകൻ ശങ്കകൈയാൽ ൧൦൨ പറനെല്ലു കടംകൊണ്ടാൻ ചെനപ്പാടിതെശത്തു......വീട്ടിൽ കുടിയിരിക്കും (പൊടിവു്) കൊണ്ടാൻ കൊണ്ട ഇമ്മാക്കമെ ഇ൱ നെല്ല് ഒരു നൂറെറാന്നുപറയും വാങ്ങിക്കൊണ്ട ചെന്നെൻ രാമെൻ തനിക്കപണി (പൊടിവു്) ....തെട്ടമൊള്ള കററികൊച്ചാതിയെന്ന പറെനെ എഴുതിവിളിച്ച മാട്ടിക്കൊടുത്തൻ ചെന്നെൻ രാമെൻ ചെട്ടിമകൻ (പൊടിവു) ഇമ്മാക്കമെ ഇ൱ നെല്ലു നൂറെറാന്നുപറയും കൊടുത്ത ചെന്നെൻ രാമെൻ തനിക്ക നന്തികാട്ടു പണിക്കരൊടു തെട്ടമൊള്ള (പൊടിവു്) പറെനെ ഒററിയാകെവിളിച്ച പണിമാട്ടിച്ചുകൊണ്ടാൻ രാമെൻ ശങ്ക രാമെൻ ചെന്നെനെക്കൊണ്ടു് ഇമ്മാക്കമെ......(പൊടിവു്) ആളുവീണ കൈപണിമുട്ടുവരുന്നനാളിൽ ആളുകാളിട്ടുപണി മാട്ടിക്കൊടുപ്പു ചെന്നെൻ രാമെൻ ചെട്ടിമക......(പൊടിവു്) ളിന്നകൈ പണിമുട്ടുവരുന്നനാളിൽ ആളുകാളിട്ടു പണിമാട്ടിച്ചു കൊംവു രാമെൻ ചെട്ടിമകൻ ശങ്കചെന്നെൻ രാമനെക്കൊണ്ടു് ഇമ്മാക്കമെ ഇ൱ ആടംക്ക ആളാലൊരു തുലപ്പു ഒണ്ടാകിൽ പറഞ്ഞുതീർത്തുകൊടുക്കമാറും പറഞ്ഞുതീർപ്പിച്ചു കൊള്ളമാറും കല്പിച്ചമെക്ക ഇതിന്ന അറിവും താഴ്ചിയുപൂവക്കളത്തു കണ്ടൻ ചാത്താവും മാതിരമ്പള്ളിൽ കട്ടത്താനൻ ഇരവിയും ഇവർകളമറിയെ കൈയെഴുതിയ മുട്ടത്തു ആതിച്ചെൻ ആതിച്ചെൻ കൈയെഴുത്തു

12

പരിശെപ്പാട്ടകാലക്കാരിയം

(ലിപി ചെന്തമിഴ്) (പരിഭാഷ)

കൊല്ലം ൩൦൦-ാമാണ്ടു മെടഞായററിൽ എഴുതിയ പരിശെപ്പാട്ടയൊലക്കാരിയമാവിതു ചെനപ്പാടിപകവതിക്കു മനാത്തരെതി (പൊടിവു്) ചെന്ന (പൊടിവു്) മഴവെന്തർ കമെരെയും തെമ്മെളെയും അവെടെ മക്കളെയും കരിങ്ങണമ്പള്ളി കൊവുന്നെന്ന കൊവുന്നെന്ന ഇളെച്ചിയെയും കപ്പിടച്ചെന്നാൻ അതിച്ചെന്നംകൂടെ ഇമ്മാക്കമെ കമെരെന (പൊടിവു്) അവടെ മക്കെളെയും (പൊടിവു്) ഇളെച്ചിയെയും കൊവുന്നെന്ന ഇപ്പരിശെ (പൊടിവു്) എഴുതി ഏററിച്ചുകൊൾവു ചെനപ്പാടി പകവതിക്ക (പൊടിവു്) ആകെ (പൊടിവു്) ഇറക്കി (പൊടിവു്) ഇമ്മാക്കമെ (പൊടിവു്)

13

കേരളത്തിലെ ആര്യോപവേശം സംബന്ധിച്ചുള്ള ഒരു ഗ്രന്ഥവരി

"ശ്രീമദാദിമഗിരിയകത്തു നാട്ടുവാഴി മാമലച്ചെരിൽ ഇല്ലത്തു ഇട്ടിക്കണ്ടക്കൈമ്മളപ്പനും നായകന്മാരും പരിവാരസമേതം കൂടികൊണ്ടു പോന്നൊരുനാൾ ദേശാന്തരാടനന്മാരായ പരദേശികൾ സഹ്യാന്തരംഗേ കടന്നുകൂടി ഗിരിപാർശ്വമംശമിച്ചു നിശാന്തരസമയേ ഭയനിവാരണാർത്ഥം ദീപം ജ്വലിപ്പിച്ചു കൊട്ടിപ്പാടി ഇരിക്കുമ്പോൾ ശാസനാവിരോധമായ വാദ്യധ്വനിയെ ആരാഞ്ഞറിഞ്ഞു പിഴചെയ്യിക്കുന്നതിനും തന്റെ പരിരക്ഷണാധികാരചിഹ്നമായ വാളും പരിചയും എടുത്തു രാത്രിയിൽ തേടിപ്പുറപ്പെട്ടു കണ്ടുപിടിച്ചു ശാസനം ചെയ്തു നാട്ടുവാഴിയെ അനമിച്ചു നല്ലാചാരംചെയ്തു പരദെശികളെ വസ്തുവൃത്തിയിലിങ്ങുകൂടികൊണ്ടുപോയ നാട്ടുവാഴിയെയും നായകന്മാരെയും പാട്ടിലാക്കി എന്നല്ല തങ്ങളെത്തേടി പിന്നാലെ പിന്നാലെവന്നുചേർന്ന പരദേശസംഘങ്ങൾ സഹസ്രാന്തരമെന്നു കാണായശേഷം അധികസംഘമായിത്തീർന്നാൽ ഇവിടെയും സൈപരക്കേടായിവരും. അതുകൊണ്ടു ഇതുവരെ വന്നുചേർന്ന നാമെല്ലാം ഒത്തുനമ്മുടെവെഷംഒന്നുമാറി ഒരു പ്രത്യേക

ജാതിയായി അതിന്ന് ഒരു കാരണസ്മൃതിയും ഉണ്ടാക്കിത്തീർക്കണം. ഇനി വരുന്നവർ സ്വവേഷവും സ്വജനവും ഇവിടെ കാണാതിരിക്കണം. അവരെ ഭ്രമിപ്പിച്ച് തിരികെ അയക്കണം, പിന്നീട്ട് കടന്നുകൊള്ളാതെ ഇരിക്കാൻ തക്കതായ നിബന്ധനയും വച്ചുകൊള്ളാം. ഇപ്രകാരം കരുതി തങ്ങളുടെ കുടുമയും ഭാഷയും നാട്ടുവാഴ്ച മുതലായവരൊട്ടു സദൃശപ്പെടുത്തി ശ്രുതി സ്മൃതി വേദവേദാംഗാദികളും സൃഷ്ടിച്ചു ശാസ്ത്രപ്രതിഷ്ഠയും കഴിച്ചു ദിഗ്ജയം പ്രാപിച്ചു ദേശങ്ങളും അടക്കി ദേശഭാഗങ്ങളും നിശ്ചയിച്ചു ദേശഭോഗങ്ങളും വാങ്ങിച്ചു കന്യാകുമാരി കൊക്കർണ്ണപര്യന്തം മലയാളഭാഗം മരുഭൂമിക്കു ഉടയകർത്താക്കളെന്നും ധ്യാനിച്ചു നാടുവാഴിയുടെ ഗൃഹങ്ങളും പറഞ്ഞു ശാഖാവഴിക്കാരെല്ലാം തങ്ങളുടെ അധികാരം പ്രതിദേശം തിരിച്ചും ക്ഷേത്രപ്രതിഷ്ഠകൾ കഴിച്ചും വൈകുന്നിടത്തെല്ലാം പ്രത്യേകം പ്രത്യേകം കോയ്മസ്ഥാനവും ദേശഭോഗങ്ങളും കൊടുത്തും കൊടുപ്പിച്ചും പരിപാലിക്കും കാലം സംഘഛിദ്രമുണ്ടായി പ്രത്യേകം ഗ്രാമങ്ങൾ തിരിച്ചു അറുപത്തിനാലു ഗ്രാമങ്ങൾ എന്നു നിശ്ചയിച്ചു തിൽ ഒന്നായ ശ്രീവല്ലഭഗ്രാമാധികാരികൾക്കുള്ളതു ദേശമെന്നു കണ്ടു തങ്കൾക്കുള്ള ചാത്തന്നുകരി ദേശത്തുനിന്നും പടിഞ്ഞാട്ടു ചൊമ്പകശ്ശേരി ചെങ്ങന്നൂർ ഗ്രാമാധികാരികൾക്കുള്ള വിത്തുറക്കരിക്കു കിഴക്കെ അററം മുതൽ കരിക്കെറിക്കിടക്കുന്ന മരുഭൂമി കരിതെളിച്ചു അന്നവേഭൂമിയാക്കണമെന്നു അടിമയായ തിരുവല്ലഭത്തണ്ടാൻ കല്പനകൊ (പൊഴിവു) ത്താകെ കിടങ്ങാറിൽ നിന്നു തെക്കോട്ടു തൊട്ടു രണ്ടിനും മദ്ധ്യേ ചെരിക്കലകത്തു പടവുവിത്തുപാട്ടു നാലായിരപ്പറയെന്നു കണ്ടതണ്ടാൻ തിരുമനസ്സറിയിക്കുകയും ദേശികൾ പൊന്നുവന്നു ളുക്കൺപാത്തു ളുപ്തിപ്പെട്ടു് ഇതും നമ്മുടെ ഊരാണ്മയായിരിക്കട്ടെ എന്നും കല്പിച്ചു. ചെരിക്കലകം തൊഴിലാളുടമ മനുച്ചും ദുർദ്ദേവതാപീഡ ഒഴിപ്പും ചെയ്തു രക്ഷിക്കുന്നതിനായി ചെരിക്കലകം കളം കഴിച്ചു ഒരു ക്ഷേത്രം വച്ചിച്ചു കാരണമൂർത്തിയായ ഗണനായകനെയും ഭഗവതിയെയും ഭൂപരിത്രാണാർത്ഥം സർപ്പങ്ങളെയും പ്രതിഷ്ഠിപ്പൂ എന്നു നിശ്ചയിച്ചു പ്രതിഷ്ഠകളും ചെയ്യിച്ചു മടങ്ങിപ്പോന്നിരിക്കുമ്പോൾ കൊല്ലം൰൰-ാമാണ്ടു മേടഞായർ ധ൰-ാനു- കൈപ്പുഴ സ്വരൂപത്തിങ്കൽ നിന്നും......ഇത്യാദി"

—)*(—

14

ചരിത്രപ്രാധാന്യമുള്ള പ്രാചീന കേരള ഗീതികൾ.

രാജമണവാളന്റെ കപ്പൽയാത്ര.

* ആതിയരായ വടകൊല്ലത്തുന്നു
മാപ്പിള്ളകെട്ടം മണവാളരും
മാലയെല്ലാമങ്ങി തെക്കു
മൊരാ†രിയക്കൊല്ലത്തായേ പോവുന്നു
വെള്ളാനതന്റെ പൊൻകഴുത്തേൽ
ഓമലുണ്ണിചെറുപാലകരും
പൊന്നുംകൊററക്കൊടപിടിച്ചു
പാൽക്കതിരതന്റെ പൊൻപുറത്തു
കിഴക്കാഞ്ചേരിചെങ്ങാതി
വെട്ടപ്പിച്ചുവാത്തിയം തൊനിക്കുകയാതെ
യിവരെതിരേപ്പായിട്ടുപോവുന്നിതാ
മുണ്ടകവൈലുനല്ല ചേപ്പാടത്തു
അല്ലാപൈകചെനംചെന്നുതപമുഴ്ത്തു
അപ്പൊഴൊരുവാക്കമൊഴിപറഞ്ഞല്ലോ
അന്നു ചന്ദനനെല്ലിവാഴുന്നൊരമ്മരും
എന്നാലോകേൾക്കെന്റപൈകചെനമേ
ചൊൽവചനംമൊഴികൊണ്ടിതല്ലോ
കാതംവേകം നമ്മളുവഴിനടന്നു
നമ്മളിത്രേടം വഴിവന്നല്ലോ
പാതം മടക്കിത്തുകമിരിക്കാം
തോൾമേൽ കിടന്നപുതർമുണ്ടെടുത്തു
തിരുപൂമിൽവിരിചെയ്യുന്നിതാ
ആവിരിതൻപുറത്തു—
മാത്തുകമായുമകിരുന്നു.

---

* "ആതൻ" എന്നു വടക്കൊല്ലംരാജാവു് എം. ഡി. ൧൦-ാം ശതകത്തിന്റെ ആദ്യഘട്ടം. † "ആര്യൻ" എന്ന കൊല്ലം രാജാവു്.

തെക്കമൊരാരിയകൊല്ലത്തു
മോമനമാല കഴിഞ്ഞിതല്ലോ
പൊലിച്ചുകിട്ടിയ നല്ലോരത്തംപൊന്നും
പൊന്നും വിരാർമണിപ്പന്തലിൽ
രത്നപ്പട്ടിട്ടമ്മമൂടുന്നല്ലോ അന്നു
തെക്കുംകൊല്ലം ദൈവകന്നിയാവു
വേകത്താൽ നടകൊള്ളുന്നല്ലോ
പൊൻമകൾ തന്റെവരവുകണ്ടു
പൊൻമകളോടു ചോതിക്കുന്നു
എന്താകുന്നെന്റെ പൊൻമകളെ
നീവന്നുള്ള കാര്യമെന്നാലോ
എന്റെ നല്ലപ്പായീപൊലിച്ചുകിട്ടിയനല്ലത്തം
പൊന്നുംഎണ്ണുവണ്ണത്താൽഞാൻകൊണ്ടുപോകും
വടകൊല്ലത്തെക്കഏഴാകുന്നമണിക്കപ്പലെന്റെ
നല്ലച്ചനിവിടെ ഉണ്ടല്ലോ.
ഒന്നാകുന്നമണിക്കപ്പലച്ചനെനിക്കുതരണമല്ലോ
എന്നാലെന്റെപൊൻമകളെനീ
കപ്പപ്പുരയിൽവീണ്ടുചൊല്ലി,
നിനക്കുപോതിച്ചമണിക്കപ്പലൊന്നുനീഇറക്കിക്കോ
അതുവചനമൊഴികേട്ടുകൊണ്ടു
അമ്മവേകത്താലെഴുന്നുള്ളുന്നു
കപ്പപ്പുരയിൽ വാതുക്കൽചെന്നു
കപ്പൽപുരയൊന്നു തുറക്കുന്നു
കപ്പൽനോക്കിക്കാണുന്നു
ഏഴാകുന്നമണിക്കപ്പലൊന്നായിത്തോററി
ഭർത്താവും തന്റെമണവാളരു
മിന്നിക്കപ്പൽപിടിച്ചിറക്കണമേ
അതുവചനംമൊഴികേട്ടുംകൊണ്ടു
ഭർത്താവും തൻമണവാളരും
കപ്പൽപുരയിൽ വീണ്ടുവന്നുംകൊണ്ടു
ഉരുളുംവടവുംവച്ചും കൊണ്ടേ
രണ്ടായിരം നല്ലമണവാളരും
കപ്പലിന്മേലെ പിടിക്കൂട്ടുന്നു
എല്ലോരും മനങ്ങിയതില്ലേയന്നു

അക്കണ്ടമണിക്കപ്പലു
കൈവെമത്തും; അല്ലമെയ്മടിച്ചും
അല്ലെപുറകോട്ടുമാറിയേനിന്നുംകൊണ്ടു
* * * *
ആരിയക്കരവാണപെരുംകൊല്ലനെയും
അന്നവേകത്താലെവരുത്തുന്നമ്മ
എന്നാകുന്നു എന്റെകന്നിയാവേ
ഇന്നുഎന്നെവരുത്തിയകാരിയം
എന്നാലോഎന്റെപെരുങ്കൊല്ലനെ
എന്നോമനമാല കഴിഞ്ഞിതല്ലോ
കപ്പലിന്റയററകററപ്പണികൾ
തുമ്പിത്തുളവച്ചിട്ടത്തും
തളിരടിച്ചുവാളവെച്ചുതറയ്ക്കണമെ
യൊരുപോർവാളവച്ചുതറയ്ക്കണമെ
കൊമ്പുംചുണ്ടും തറയ്ക്കണമെ
* * * *
എന്നാലോ എന്റെഭർത്താവേ
ചൊൽവചനം മൊഴിയുണ്ടു്
ഭർത്താവുംതന്റെ മണവാളനും നിങ്ങൾ
മലവാരംവഴിവരണമല്ലോ
മലവാരത്തുള്ള കാഴ്ചകൈനീട്ടങ്ങളും
നിങ്ങൾവാങ്ങിവരണമല്ലോ
ഞാനുമെന്റെചേത്തുഴരുംഞങ്ങൾ
കടൽവാരംവ ിയങ്ങു വരുമിതല്ലോ
കടൽവാരത്തുള്ളകാഴ്ചകങ്ങളും
കാഴ്ചകൈനീട്ടങ്ങളും ഞാൻവാങ്ങുവാളല്ലോ
ആതിയരായ വടക്കൊല്ലത്തെന്റെ
ഭർത്താവിനു മുൻപിൽചെന്നെങ്കിലോ
വെടിപലതുപണ്ടപ്പോൾ വെയ്പിക്കണം
തേക്കിനിയും കെട്ടുമുറിയകം
മണപല്യംതൂത്തുതളിപ്പിക്കേണം
ഞാനല്ലോമുമ്പെയോചെന്നെങ്കിൽ
കപ്പൽവെടിയൊന്നു വെപ്പിക്കവെൻ
ഞാൻകമ്പവിളക്കുംകൊളുത്താമല്ലോ.
* * * *

അശ്ശുവചനം മൊഴികേട്ടുംകൊണ്ടവർ
കപ്പലിന്മേലുള്ള ചെത്തുഴരും
കാവെടിപൂവെളിവെക്കുന്നല്ലോ
അവർകല്ലിട്ടുംവെടിവെക്കുന്നു
അവർനെല്ലിട്ടുംവെടിവെയ്ക്കുന്നു
ആലവട്ടംകൊളിക്കുറവെഞ്ചാമരം
അരുമകൊളിഅഞ്ചുംപിടിച്ചാകുന്നു

* * * *

പാത്തുക്കണ്ണപാമരയ്ക്കാനെ നീ
കാററിഞ്ഞുപാത്തുക്കണം
തണ്ടുപിടിക്കുന്നതണ്ടാളികളെ
നിങ്ങൾതണ്ടുംതുഴയുംമുറെക്കണമെ
എമർച്ചയിൽനോക്കുന്നചെട്ടിയാനെനിന്റെ
എമർച്ചയിൻനോട്ടംപിഴയ്ക്കരുതേ
എന്നാലോകേൾക്കെന്റെചേർത്തുഴരെ
നിങ്ങൾകൊമ്പുംചുണ്ടുംനിവക്കണമെ
എനികാലംനേരംവൈകുംമുമ്പേ
നേർവടക്കോട്ടുരുപോവട്ടെ
കപ്പലിന്മേലുള്ള ചേർത്തുഴരും
ഏലോലംനല്ലതണ്ടെറിഞ്ഞെങ്ങൾ
താലോലംനല്ലപാട്ടെടുത്തും
താമരതന്റെതണ്ടരിഞ്ഞുമല്ലോ
കളക്കോലതന്റെചുണ്ടരിഞ്ഞും
കടമ്പതലതന്റെമുത്തുകരിഞ്ഞും
ഉരുവോടിപ്പോകുന്നു.
അത്തക്കടലുരുവോടുന്നല്ലോ
അഴുതക്കടലുരുവോടുന്നല്ലോ
ഉപ്പിക്കടലുരുവോടുന്നല്ലോ
ഉണർകടലുരുവോടുന്നല്ലോ
ഇരുട്ടുകടലുരുവോടുന്നല്ലോ
തെളികടലുരുവോടുന്നല്ലോ
ചെന്താമരനല്ലോരുചുററിപ്പാൽ
കടലിൽകൂടുരുവോടിയിതാപോവുന്നല്ലോ

* * * *

ഏഴാമത്തുകളിപ്പാട്ട്

ഞാൻകളിക്കും കുളമല്ലോവാഴപ്പള്ളിതേവർകുളം
നീകളിക്കും കുളത്തിന്റെ പേർചൊല്ലുക
ഞാൻകളിക്കും കുളമല്ലോവൈക്കത്തുതേവർകുളം
നീകളിക്കുംകുളത്തിന്റെ പേർചൊല്ലുക.

*   *   *

എവിടെകളിച്ചുനീഎതുവണ്ണപ്പട്ടുടുത്തു?
എവിടെതേവരെകൈതൊഴുതു?
വാഴപ്പള്ളിൽകളിച്ചുഞാൻവാഴക്കുമ്പൽപട്ടുടുത്തു
വൈക്കത്തുതേവരെകൈതൊഴുതു.

*   *   *

വാതൽതുറപ്പാട്ട്

കഥരമതിനടെമുകളിൽപുരമുറി
തന്നിലുണ്ടൊരുതൂണതും
ഞെരുക്കിത്തിരിച്ചെന്നാൽ
പതിക്കുംഗൃഹകാന്താം
തെരിക്കെന്നതിലേനിങ്ങളുംഗമിക്കേണം

*   *   *

അപ്പമുണ്ടോ—അടയുണ്ടോ?
അപ്പോഠംതന്നെവറുത്തുള്ള
ചെന്നെൽമലരുണ്ടോ?
വാഴപ്പഴമതുമുണ്ടോ?
വാഴക്കുമ്പൻപട്ടതുമുണ്ടോ?
വെണ്മണിവെററിലയുണ്ടോ?
ആറന്മുളപാക്കതുമുണ്ടോ?
യാപ്പാണൻപോലെയുമുണ്ടോ?
പച്ചമാങ്ങായതുമുണ്ടോ?
പഴുത്തമാങ്ങായതുമുണ്ടോ?

*   *   *

വാതൽതുറന്നാലുംപൊന്നേ!
പെണ്ണേയോമനപ്പൈതലാളേ!

മൂചേട്ടപ്പാട്ട്.

ആയിരക്കോടിതലനാഗതന്മേലും
പോരിങ്ങിറങ്ങുകമൂചേട്ടാ
ചന്ദനംചാൎത്തും തിരുനെററിതന്മേലും
പോരിങ്ങിറങ്ങുകമൂചേട്ടാ
വില്ലുകനിച്ചോരു വിൽപുരികംതന്മേലും
പോരിങ്ങിറങ്ങുക..............
അഞ്ജനം തൊട്ടോരു തൃക്കണ്ണുരണ്ടേലും
പോരിങ്ങിറങ്ങുക............
ഏലംപ്പൂവളൎത്തുന്ന തൃക്കൊടിമൂക്കേലും
പോരിങ്ങിറങ്ങുക............
കുണ്ഡലം ഇട്ടണിയുന്ന തൃക്കാതുതന്മേലും
പോരിങ്ങിറങ്ങുക............
കിളി വാ പറയും കിളിച്ചുണ്ടുതന്മേലും
പോരിങ്ങിറങ്ങുക............
മുത്തുപതിച്ചോരു മുപ്പത്തുപല്ലേലും
പോരിങ്ങിറങ്ങുക.........
നാരായണചൊല്ലുന്നോരു തിരുനാവുതന്മേലും
പോരിങ്ങിറങ്ങുക............
പമ്പരമൊക്കെപരന്നുള്ള താടിമേൽ
പോരിങ്ങിറങ്ങുക............
നാഴിപോലൊത്ത നട്ടംകഴുത്തുതന്മേലും
പോരിങ്ങിറങ്ങുക............
ഇടംതോളുവലംതോളുതന്മേലും
പോരിങ്ങിറങ്ങുക............
വാളുവളഞ്ഞൊരുവണ്ണംകൈതന്മേലും
പോരിങ്ങിറങ്ങുക............
കൂച്ചിമടക്കം കുറുമുട്ടുതന്മേലും
പോരിങ്ങിറങ്ങുക............
വീശിനടക്കുന്ന കൈയ്യുലകരണ്ടേലും
പോരിങ്ങിറങ്ങുക............
മാണിക്കം വച്ചാട്ടമുള്ളംകൈരണ്ടേലും
പോരിങ്ങിറങ്ങുക............

പത്തുവിരൽ വഴിപത്തു നഖം വഴി
പോരിങ്ങിറങ്ങുക...........
പീഠംപോലൊത്ത തിരുനെഞ്ചുതന്മേലും
പോരിങ്ങിറങ്ങുക...........
ചൂതു കടഞ്ഞ കതിർമുലരണ്ടേലും
പോരിങ്ങിറങ്ങുക...........
ആലിലതരമൊത്തോരണിവയറുതന്മേലും
പോരിങ്ങിറങ്ങുക...........
നേർചുഴിയൊത്ത വലംചുഴിപൊക്കിൾതന്മേലും
പോരിങ്ങിറങ്ങുക...........
മെത്തയ്ക്കു ചേരുന്ന പ്രാപ്പുറംതന്മേലും
പോരിങ്ങിറങ്ങുക...........
ആടയുടുക്കും തിരുവരതന്മേലും
പോരിങ്ങിറങ്ങുക...........
വാളാവളഞ്ഞൊരു വണ്ണത്തുടതന്മേലും
പോരിങ്ങിറങ്ങുക...........
കുച്ചിമടക്കും കുരുമുട്ടുതന്മേലും
പോരിങ്ങിറങ്ങുക...........
കട്ടക്കാൽ തരമൊത്ത കണങ്കാലുതന്മേലും
പോരിങ്ങിറങ്ങുക...........
ആങ്കാലുതരമൊത്ത പുറങ്കാലുരണ്ടേലും
പോരിങ്ങിറങ്ങുക.........
പത്തുവിരൽവഴി പത്തുനഖം വഴി
പോരിങ്ങിറങ്ങുകമൂർച്ചേട്ടാ.

പൊലിവു പാട്ട്.

അയലത്തുള്ളവരെ—പകത്തുള്ളവരെ നിങ്ങൾ
ഓമനപ്പൊലിയെല്ലാം പൊലിപ്പുചെയ്യണമിപ്പോൾ
പൊററമ്മതാനേവന്നു പൊലിക്കണമിപ്പോൾ
ഓമനക്കന്നിടെ നല്ലച്ഛൻ താനേവന്നു പൊലിക്കണമിപ്പോൾ
ഓമനക്കന്നിടെ നല്ലമ്മുമ്മതാനേവന്നു പൊലിക്കണമിപ്പോൾ
ഓമനക്കന്നിടെ പേരമ്മതാനേവന്നു പൊലിക്കണമിപ്പോൾ.

ഉലകനീതി.

ഓതാമലൊരുനാളുമിരിക്കവേണ്ടാം
ഒരുവരെയും പൊല്ലാപ്പുച്ചൊല്ലവേണ്ടാം
മാതാവെയൊരുനാളും മറക്കവേണ്ടാം
വഞ്ചനൈചെയ്യാരോടിണങ്കവേണ്ടാം
പോകാതെയിടംതന്നിലെ പോകവേണ്ടാം
പോകവിട്ടു പിറം ചൊല്ലിതിരിയവേണ്ടാം
വാതാട്ടം ലൂശികളെ നരകിൽ താഴ്ത്ത
മരിമകനൈയെപ്പൊഴും വാഴ്ത്തായ്നെഞ്ചെ.

നക്ഷത്രമാല.

പൊന്നിൻമെഖലാപ്പൂണെന്തരശാളും—പൂരവാലർഹോ—
എന്നും തവിത്ത ഇറൈവൻ കുമാരത്തി—ഏവ്വുയിർകൾ
അന്നൈമരിയനക്ഷത്രമാലൈ അശ്വ—
തികവിമണ്ണിലേഴ്വൈയാൽമുൻകാപ്പാ—
മിയേശുമലർപ്പദമേ.

മാണിക്യമാല.

ശീർപൂത്തിലങ്കിയവിണ്ണോടുംമണ്ണും—തിശൈപരവും
നേർപൂത്തിലങ്കിയമാതവത്താൾകല്പ്പു—നേർനെറിയാർ
വേർപൂത്തിലങ്കിയ മാണിക്യമാലൈ—വളത്തുതക്ക
പാർപൂത്തിലങ്കിയ പാമാലൈ നാല്പതും—പാലിപ്പനെ

ചേരൻപക്കാതൽ.

കൊററമാമകുടം ചൂടും—കോമകൻ കോത്രാതന്നി
പെററപാലകനാരുക്കോർ—ചേരൻപക്കാതൽപാട്ട്
കററവാക്കാമത്തെക്കല്ലാ—കരിംകടൽമിനിക്കോത്ത
ചുററുമുള്ളോർവിക്കും
ശന്തതോണി നാൻത്തുണൈക്കൊൾസാമി.
കാർകൊണ്ടനീലാക്കക്കാലോലാക്കടലുടുത്ത
പാർകൊണ്ടയാവും പടൈത്തളിത്തുകാത്തപിരാൻ
ആതിയന്തമില്ലതാന്നാതിയായാനന്ത
ചോതിവടിവാകിത്തോൻറും ചൂയശൈരുപൻ
മടില്ലാനമ്മെ വലിവായ്മൻവേക്ക
കെട്ടിൻറാനായിരിക്കിൻറവേകാത്തൻ.

പാലത്യാനം.

വാറം നാറംവിളയ്യും പിള്ളൈപ്പെതരും പരമ
വാറംവെയ്യും തൻവിരോതമാമായ്ക്കരുക്കളൈയറുക്കും
മനവഞ്ചകരൈത്തെള്ളുടൈക്കും ചീറംനാറംപട്ടാള്ളു
പേരിമ്പംപയക്കമടവെൺപണിതണിക്കുംഞാന
മിഴിയെയ്ത്തിറക്കുമടമാത്തുകാമാലിരക
വേതിനൈത്തണിത്താളുമാം
കോണാവീരക്കകരുകൊണ്ടുരുകൊണ്ടകുളർ
കൊണ്ടിളൻചരീരം കൊട്ടുകനളിർകൊണ്ടഴുള്ളു
കൊണ്ടനെട്ടമേരുവാൽകടിലിൽപിറന്തുമണ്ണിൽ
ശേണാട്ടശിലുവയിൽ പാട്ടപ്പെട്ടുയിർവിട്ട
തേവകാരമെയ ഞാനതേവമാമരിതവ
പിള്ളൈയൈ നന്നയ്യും ത്യാനം തിയാനിക്കവെ

* * * *

ചിന്തരകലംശെയ്യുകിരണശന്തിരോത്തയ
തിരുമുകത്തൊളികുറാവുശെന്നീർപരന്തരും
പുംകുറുംമുള്ളിവെയർവു തിരുവുടലിൽനിന്റു
ശിന്ത് മന്താരനറുമണച്ചെഴ്മലക്കാവിൽമുക
മൺകുറവഴിവുള്ളമാറാത ചഞ്ചലപഴിവാക
മൂട്ടഴലവയ്ത്തതെൻപാവമെൻറോ
വിന്തരം പശ്ശുംപൊന്നിന്നുമിറവിത്തുശാമ്പ്രാണി
യിതുവെൻറു മന്നർമൂവർഇട്ടകാണിക്കൈകൊ
ണ്ടടിതൊഴും പരലോകമികലോകരാശേന്ദ്രനേ
കൊന്താരുനറുംപൂതകന്നിമാമരിക്കൈ
കുഴന്തൈയൈഅരുംപൂരവേ
ഒരുവാകിയരുവാകിവരുതേവഞാനക്കു
മാരനെ അരുംപൂരവേ.

തിരുപ്പുകഴ് (തിരു + പുകഴ്)

തരുമമിച്ചിത്തിച്ചെയ്യ യാലാവനും
പശിയിനാരവലക്ക് ശട്ടുമീയാതെവഞ്ചിയർകളും
ടരുമയർക്കിട്ടിട്ടമാറാതെത്തുൻപമുറുപിണിതേടി
തരണിയാൽവിള്ളുറുപേയാകിയന്തിപകൽ
അമൃതക്കള്ളരാൽനചിന്തെമെലി
തരവറകൊട്ടപ്പിനോർകാശുമിൻറിവരുമെനാലേ

മാർഗ്ഗം കളിപ്പാട്ട്

മെയ്ക്കണിന്തപീലിയുംമയിൽപോൽതോന്റംമേനിയും
പിടിത്തതെണ്ടുംകൈയ്യുംമെയ്യും എന്നെന്നേക്കും വാഴ്കവേ
വാഴ്കവാഴ്കനമ്മുടെ പരിഷയെല്ലാംഉലകത്തിൽ

* * * *

എന്നിവയെല്ലാം കണ്ണുനീരായാലേതോമ്മായുണത്തിച്ചനേരം
എങ്ങുംവിളങ്ങുംനായനാർമിശിഹാപേത്തരൻചെയ്യാൻതുടങ്ങ
നീയൊരുവൻഎന്നൊരുചിന്തയുള്ളിൽ നിനക്കാടൽവേണ്ട
നിന്നിനവെല്ലാം എൻനിനവല്ലോനീയുറയ്ക്കാകുലംവേണ്ട
നിന്നോടുകൂടവേഞാനുണ്ടുകൂട്ട, നീപോകുന്നാടതിലെല്ലാം

* * * *

എന്നുരച്ചുടനൻപാൽ രാജൻ
ഏകിയിളുവേഗേനയാവാനോട്ട
തേനോട്ടുപാലൊഴുകുംനാട്ട
തേവരിൻപട്ടണമാകുംദേശം
നേരിയതിന്നുമേലില്ലാഭ്രമി
ദൈവമിരിപ്പിടമെന്നും ചൊല്ലാം
തെക്കവടക്കൊരുപശ്ചിമദിക്ക്
ദണ്ഡനമസ്കാരംചെയ്യുംപാദം
ആയവിടത്തിന്ന നീചെന്നിട്ട്
ആകുലമെന്നിയെതച്ചനെനോക്കു
ആയതുകേട്ടുടനാവാൻതാനും
ആദരിച്ചുമൊ വേണ്ടുംകോപ്പ്
കണ്ണവരഞ്ചതെള്ളിയുംപോലെ
കൊണ്ടുപോകേണംനീവേണ്ടുംദ്രവ്യം
എന്നിവചൊല്ലിയനുജ്ഞനൽകി
എന്നിവരുംവഴിപോകാനേകി
കൂട്ടിയെടുപ്പിച്ചോരാളോടേകൻ
കൂടിനിരൂപിച്ചുവേണ്ടുംപോലെ
മാത്രമൊഴിയാതെചെയ്യ്യാലെ
യാത്രപുറപ്പെട്ടുനേർവഴിക്കും

* * * *

ആരുംപിഴപെട്ടകാലംഅചേരയൊൻപതുചേന്ന

(ശേഷം)

അക്കാലത്തിലാദാവുമായിട്ടൊരുയിരായോനെന്ന
ഇക്കാലങ്ങളോരായിരത്തെഴുന്നൂറുമുപ്പത്തുരണ്ടിൽ

(ഫിനം)

ഈശരാറിലോരെട്ടുനാമംപാടിയതിരുതിങ്ങളിലാടി
ഇമ്പമോടെയിപ്പാദങ്ങൾപത്തുമൊരഞ്ചുമാറാതെ
ഈനമേറുംവണ്ണംമുന്നൂററുപത്തെട്ടുംചേലോടേ
മാറാതങ്ങൾപെററക്കൂട്ടംതങ്ങൾക്കിണയുംചേലോടേ
ഈഴൽകൊണ്ടുംപ്രേമംകൊണ്ടുംഇതിലൊന്നല്പംതപ്പാതെ
ദൈവമെന്നുംപേടിപൂണ്ടദൈവവശാലൊന്നിച്ചു
ചൊല്ലിപ്പാടിസ്തുതിചെയ്യുമ്പോൾഭാഗ്യംനേടാമീലോകേ
ദ്രോഹമൊഴിഞ്ഞെന്നെന്നാക്കംവ്വാണുകൊള്ളാംപരലോകേ.

*　　*　　*　　*

തമ്പുരാൻമുഖാകെകൊണ്ടപുകഴ്ച്ച
താശിയാൽമാർഗ്ഗംവിളയുംനാട്ടിൽ
മൂവരൊരുവൻറകല്പനകൊണ്ടു
മുഖിനാലുണ്ടായപള്ളിയിടത്തു
ആതിയേററമ്പുശ്ലേമൻചമച്ചോരാ-
ലയം ഫാഷയിൽകണ്ടൊരുചോഴന
ആയത്തുപോൽതന്നെനമുക്കമിങ്ങ്
ആളരാലൊന്നുചമയ്ക്കവേണ്ടും.

*　　*　　*　　*

കല്ലും മരങ്ങളുംകണ്ടുമുഷിഞ്ഞിതു
കുന്നുംമലകളുംപോലെ കാണുംജനങ്ങളും
ഭാഷിച്ചുചൊല്ലുന്നചോളൻറകോവിലിതെന്നു
എന്നെനിക്കാതല്ലോ ഏററങ്ങളേലാതെ
എന്നുപാഴായിട്ടേകുന്നോദൈവമേ
എന്നിവയെന്നിയെ ഏററമാംജന്തുക്കൾ
നാളെല്ലാംകാട്ടെല്ലോനായനെഎന്നെന്നീ
മറെറല്ലാനാട്ടിനം മാറാതേയിരണ്ടു
ചത്താലോമത്സ്യംപോൽ ചുട്ടല്ലോ മൂടുന്നു.
തമ്പിനീയിനിവേണ്ടപോൽപാലിക്ക
നാടിനിഞാൻവാഴ്‌വാൻപോരാ
നാട്ടുവാഴുന്നരാജാക്കളേറെ
നാണക്കേടിതുപോലെസഹില്ലാക്കും

ഭദ്രകാളിപ്പാട്ടു്

കരിവരനാഥിനാഥൻതിരുവടിമകളാരല്ലൊ
ഒററച്ചെടവന്നേരുപ്പവും കരിപ്പുകെട്ടി
വിനയൊടുതൊഴുതുനിന്നവാളുങ്ങണമിക്കളത്തിൽ
ഈരുച്ചരിചിരുതപ്പെണ്ണുകന്നിയാപൂഷണിയെന്നും
ഏത്തിയങ്ങെററയുംചാത്തൻഈടകല്ലിൽമൂള്ളിയോങ്ങും
കെന്തർവ്വൻവക്കമെല്ലാംപേടിച്ചുതേവതയ്ക്കു്
മന്ത്യവാൻപാലിക്കമെല്ലാം കോഴിയാൽ പലികൊള്ളുമേ
വായമേപത്രകാളീനിൻകഴലേൽകമ്പിട്ടുന്നേൻ
കവികളംചൊല്ലീട്ടകിൽപരിചൊടുനാലുപാതങ്ങളംവേണം
പരിശൊടതിന്റെ ശീലുപുരാണവുമർത്ഥവുമൊത്തിരിപ്പു
അത്മഴിച്ചുവിത്തിയപടിക്കിലോ ആതിനൊത്തിരിപ്പു
പലപല ചാതിചെററുപിടിലേഅതിനൊത്തിരിപ്പു
ദാരികൻതന്റെമേടയുംകൊണ്ടുകൈലാസത്തിലിരിക്കരു
താണ്ടു്
കൈലാസംവാഴുന്നനല്ലച്ചൻചയും പാലാഴിപാല്ക്കടലിൽ
ചെന്നെറങ്ങിനിന്നന്തുറെറാന്ന മുങ്ങുമുങ്ങിതോർത്താതെ
കണ്ടുകേറിവന്നു.
തപത്തുകൂടാമണിയമ്പലത്തിൽതല്ലിത്തുറന്നുകേറീ
തേവാരപ്പാത്രംപതിനെട്ടുരുതൻമുമ്പിൽ മാററിവച്ചു.
തേവാരപ്പുകോഴിക്കചന്ദനംകൊണ്ടാചാർക്കറിയിട്ടു.
മുഴക്കചന്ദനംകൊണ്ടുമുഴവാക്കറിതൊട്ടു
ചിന്തൂരത്താൽപൊട്ടുതൊട്ടു
ഒററക്കാലിന്മേൽഒരുവെരൽതന്മേൽ
വിഷ്ണുനാതാന്തരുളായിട്ടുതപത്തുനിന്നു
വിഷ്ണുതന്റെമായയായതൃക്കണ്ണൊന്നുചുട്ടു;
തൃക്കണ്ണൊന്നുചുട്ടപ്പം
തൃക്കൈയ്യെടുത്തു് തലോടി
പൊന്നപാലാഴിപാൽക്കഴവിയായി
തൃക്കൈയ്യതിൽപൊലിച്ചു
തൃക്കൈയൊന്നുചുട്ട
തൃത്തുടമേൽതാത്തുവച്ചു
തൃത്തുടയൊന്നുചുട്ടു.

തൃപ്പാദംതോററുന്നപൊൻപാള
പൊൻപാളയതിപൊലിച്ചു.
തൃപ്പേരുവിളിച്ചുചൊല്ലി പരമേശ്വരനും
*   *   *   *
എന്നാരച്ഛാഎന്നെത്തോററി
കടലുകൾചെന്നുകലക്കുവതിന്നോ
മലഞാൻചെന്നുപൊടിപ്പതിനായോ
മാനുഷരെക്കൊലചെയ്‌വതിനായോ
അതൊന്നുമല്ലെൻറപൊന്മകളേ
കോമളകൊടിയദാരികനെക്കൊലചെയ്‌വതിനായി
പൊന്മകളെത്തോററീ
എന്നാലെൻറനല്ലച്ഛാദാരികനെന്തുവരംകൊടുത്തു
വെട്ടാലുംവെട്ടിയാലും ഞാണാലുംമെയ്യാലും
മരുന്നാലും മന്ത്രത്താലും രാവുംപകലും
മരണമില്ലാതെകല്പിച്ചുവരംകൊടുത്തു
പെണ്ണാലൊത്തവരംകൊടുത്തോയെൻറനല്ലച്ഛാ
പെണ്ണാലൊത്തവരംകൊടുത്തില്ലായെൻറപൊന്മ [കളേ
കൊണ്ടായച്ഛാആയുതപന്തികൾ
രണ്ടാകുന്നത്താക്കെനിട്ടി
രണ്ടാകുന്നത്തൈക്കമേല്പ്
നാലാകുന്നത്തൈക്കെതോററി
നാലാകുന്നത്തൈക്കമേല്പ്
എട്ടാകുന്നത്തൈക്കെതോററീ
എട്ടാകുന്നത്തൈക്കമേല്പ്
പതിനാറാകുന്നത്തൈക്കെതോററി
പതിനാറാകുന്നത്തൈക്കമേല്പ്
ആയിരത്തെട്ടാകുന്നത്തൈക്കെതോററി
ആയിരത്തെട്ടാകുന്നത്തൈക്കമേല്പ്
കൊണ്ടാരച്ഛാആയുതപന്തികൾ
ദാരിയപുരത്തുനീചെന്നു
ദാരിയനായിട്ടടർചെയ്യുമ്പോൾ
നീട്ടുംകൈക്കായുതപന്തികൾ
ഞാനവിടെതന്നുകൊള്ളാം

എട്ടാകുന്നതൃക്കൈകളിലും
ആയുധപന്തികൾകൊടുത്തുചെമ്മേ
ചെമ്മന്നൊടനെ കണ്ണുവളഞ്ഞതകുറു
വാൾവടിവട്ടകപരിശകട്ടതല
ശ്ശൂലമോടരിവാൾശംഖംചക്രം
ആയുധപന്തികൾവാങ്ങിക്കൊണ്ടു
ആരപ്പംതന്നുടെകഴുത്തേലേറി
വെള്ളംപോലൊരുപടയുമതായി
ദാരികന്തന്റെപടിക്കൽചെന്നു
ദാരികനപ്പോൾതിണ്ണമുണന്നു
അരിഞ്ഞുവന്നപോരുകൾചൊല്ലീ
പോരുകൾചൊല്ലിവിളിച്ചീടുന്നു?
ആതിപുരാനോഉമ്പ്രപുരാനോ
രാവണവീരൻബാലിയുമാണോ
ആതിപുരാനോഞാനല്ലേടാ
ഉമ്പ്രപുരാനോഞാനല്ലേടാ
രാവണവീരൻബാലിയുമല്ല
അച്ഛൻകല്പിച്ചെന്നെയയച്ചു
ദാരികനെവധചെയ്‌വതിനായി
പോ പോ പെണ്ണേ! പെൺകൊടിയാളേ!
എന്നുടെമുമ്പിൽ കണ്ടാലിപ്പോൾ
നിന്നുടെമുടിയൊട്ടുമുലകളരിഞ്ഞു
കലമതിലിട്ടു കറികൾചമച്ചു
പറവകലത്തിനിരയിടുവൻഞാൻ
പോ പോ യസുരാ! അസുരാളികളെ!
പെണ്ണത്തികളെ പേപറയുന്നിന്റെ
നാവുപറിച്ചുതളിമേൽവച്ചു
ചെറുകെക്കുറുകെയറഞ്ഞുനുറുക്കി
പറവികലത്തിന്നിരയിടുവൻഞാൻ.

* * * *

തെൻകൊല്ല കന്നിയാവിൻെറ ഓമനമാല.

മാരുതിമങ്കവരുന്നല്ലമ്മ
കന്നിയാവിനെക്കൂട്ടിക്കൊണ്ടുവരിക
അതുവചനംമൊഴികേട്ടംകൊണ്ടു
തെക്കമൊരാരിയകൊല്ലത്തുങ്കൽ
അല്ലോകനകമാളികതൻെറമുൻകെട്ടിൽ
പുറത്തേവണ്ണപംതന്നകത്തും
അമ്മയെഴുന്നള്ളിനിലനിന്നുകൊണ്ടു
എന്മകളെ! എൻെറപൊന്മകളെ!
എൻെറതെക്കംകൊല്ലകന്നിയാവേ!
നടുവൻചൊല്ലിയയച്ചിതല്ലൊ
എൻെറപൊന്മകൾവീണ്ടുവരുവതിന്നു
ഓമനമാലയ്ക്കുകാലംനേരമിതായി
എൻെറപൊന്മകൾവീണ്ടുവരണമെല്ലൊ
പൊന്മകളെയെങ്ങുംകണ്ടതില്ലേ
അന്നുകനകമാളികതൻെറപൊന്നകത്തു
അള്ളാശയടക്കളയിൽനിന്നു
എന്തോയെന്നുവിളികേട്ടു
അള്ളോശാലയടക്കളയിലുമല്ലോ
നല്ലമ്മയും വരവാകുന്നിതാ
എൻമകളെ എൻെറപൊന്മകളെ
എൻെറതെക്കംകൊല്ലക്കന്നിയാവേ
കിഴക്കേകന്യകമണിഗോപുരത്തുന്നു
എന്തോഎന്നുവിളികേട്ടു
കിഴക്കേമണിഗോപുരത്തുന്നു
അല്ലോനല്ലമ്മയും വരവാകുന്നു
അവിടെയെങ്ങുംകണ്ടില്ലല്ലോ
മാലവയ്പാനുള്ള കന്യാവിനെ
വടക്കന്യഗോപുരത്തുന്നു
എന്തോയെന്നുവിളികേട്ടു
വടക്കന്യഗോപുരത്തുചെന്നു
എന്മകളെയെന്നുവിളികൊള്ളുന്നു

പടിഞ്ഞാറേകന്യാമണിഗോപുരത്തുന്നു
ഏന്തോയെന്നുവിളികേൾക്കുന്നു
തെക്കെമൊരാരിയഗോപുരത്തുന്നു
ഏന്തോയെന്നുവിളികേൾക്കുന്നു.

* * * *

ആതിയരായവടകൊല്ലത്തുന്നു
മാപ്പിളക്കെട്ടുംമണവാളനും
മാലയിട്ടൊരുങ്ങിതെക്ക—
മൊരാരിയകൊല്ലത്തായേപോവുന്നു
വെള്ളാനതന്റെപൊൻകഴുത്തേൽ
ഓമലുണ്ണിച്ചെറുപാലകരും
പൊന്നുംകൊറ്റക്കൊടപിടിച്ചും
പാൽക്കുതിരതന്റെപൊൻപുറത്തു
കിഴക്കാഞ്ചേരിചെങ്ങാതി
വെടിപ്പിച്ചുവാത്തിയംതൊനിക്കുകയാതെ
യിവരെത്തിരേപ്പായിട്ടുപോവുന്നിതാ
മുണ്ടകയവൻനല്ലചെപ്പാടത്തു
അല്ലെപെകുജനംചെന്നുചപ്പമുഴത്തു
അപ്പൊഴൊരുവാക്കമൊഴിപറഞ്ഞതെല്ലാ
അന്നുചന്ദനനെല്ലിവാഴ്ന്നൊരരശ്ശരും
എന്നാലൊകേൾക്കെന്റെപെകുചെനമേ
ചെൽവചനംമൊഴികൊണ്ടിതല്ലൊ
കാതംവേകംനമ്മളുവഴിനടന്നു
നമ്മളിത്രേടംവഴിവന്നല്ലൊ
പാതംമടക്കിത്തുകമിരിക്കാം
തോൾമേൽകിടന്നപുതർമുണ്ടെടുത്തു
തിരുപ്പൂമൃൽവിരിചെയ്യുന്നിതാ
ആവിരിതൻപുറത്തു—
മാളുക.മാളുകമിരുന്നു
തെക്കമൊരാരിയകൊല്ലത്തു
മോമനമാലകഴിഞ്ഞിതല്ലൊ
പൊലിച്ചുകിട്ടിയനല്ലൊരത്തുംപൊന്നും
പൊന്നുംവീരർമണിപ്പന്തലിൽ
ലന്തപ്പുട്ടിട്ടമ്മമൂടുന്നല്ലോ, അന്നു

തെക്കംകൊല്ലംദൈവകന്നിയാവു
വേകത്താൽനടകൊള്ളുന്നല്ലോ
അച്ചൻമുമ്പാകെ വരുന്നല്ലോ
പൊന്മകൾതന്റെറവരവുകണ്ടു
പൊന്മകളോടുചോദിക്കുന്നു
എന്താകുന്നെന്റെറ പൊന്മകളെ
നീവന്നുള്ള കാര്യമെന്നാല്ലോ
എന്റെനല്ലച്ഛായിപൊലിച്ചുകിട്ടിയനല്ലത്തം
പൊണ്ണംഎഴുവണ്ണത്താൽ ഞാൻകൊണ്ടുപോകം
വടകൊല്ലത്തേക്കഏഴാകുന്നമണികപ്പലെന്റെറ
നല്ലച്ഛനിവിടെ ഒണ്ടല്ലൊ
ഒന്നാകുന്ന മണികപ്പലച്ഛനെനിക്കുതരണമല്ലോ
എന്നാലെന്റെറപൊന്മകളെനീ
കപ്പപ്പുരയിൽ വിണ്ടുചെല്ല
നിനക്കുപോതിച്ചമണികപ്പലൊന്നു
നീ ഇറക്കിക്കോ
അതുവചനംമൊഴികേട്ടുംകൊണ്ടു
അമ്മവേകത്താലെഴുന്നള്ളുന്നു
കപ്പപ്പുരയിൽ വാതുക്കൽചെന്ന
കപ്പൽ പുരയൊന്നുതുറക്കുന്നു
കപ്പൽനോക്കിക്കാണുന്നു
ഏഴാകുന്നമണിക്കപ്പലൊന്നാമിത്തോററി.
ഒത്താവുംതന്റെറമണവാളരു
മിന്നിക്കപ്പൽ പിടിച്ചിറക്കണമേ
അതുവചനംമൊഴിക്കേട്ടുംകൊണ്ടു
ഒത്താവുംതൻമണവാളരും
കപ്പൽപുരയിൽവിണ്ടുചെന്നുംകൊണ്ടു
ഉരുളുംപടവുംവച്ചുംകൊണ്ടേ
രണ്ടായിരംനല്ലമണവാളരു
കപ്പലിന്മേലെചാടിയിട്ടുന്നു
എള്ളോളമനങ്ങിയതില്ലയന്നു
അക്കണ്ടമണിക്കപ്പല്
കൈതെറുത്തും അല്ലമെയ്മടിച്ചും
അല്ലെപുറകോട്ടുമാറിയേനിന്നുകൊണ്ടു

* * * *

ആരിയക്കരവാഴും പെരുംകൊല്ലനെയും
അന്നവേകത്താലെവരുത്തുന്നമ്മ
എന്നാകുന്നു എന്റെ കന്നിയാവേ
ഇന്നു എന്നെവരുത്തിയക്കാരിയം
എന്നാലൊ എന്റെ പെരുങ്കൊല്ലനെ
എന്നോമനമാലകഴിഞ്ഞിതല്ലൊ
കപ്പലിന്റെയററകുററപ്പണികൾ
തുമ്പിയുളച്ചിടത്തും
തളിരടിച്ചുവാളുവച്ചുതറയ്ക്കണമെ
യൊരുപോർവാളുവച്ചുതറയ്ക്കണമെ
കൊമ്പുംചുണ്ടും തറയ്ക്കണമെ

*   *   *   *

അയുവചനംമൊഴികേട്ടുംകൊണ്ടു
അന്നാഴ്ക്കരവാഴുന്നപെരുങ്കൊല്ലൻ
കേട്ടപാട്ടുകുററംതീർത്തിതല്ലോ
അന്നുകാലരനാഴികവൈകുംമുമ്പേ
എന്നാലോ എന്റെ കന്നിയാവേഞാനീ
കപ്പലിന്റെകുററം തീർത്തിതല്ലൊനല്ല
പോലിവേറും പൂജനൽസമ്മാനങ്ങളല്ലോ
പെരുങ്കൊല്ലനെചൊല്ലിയയച്ചമ്മ
യുരച്ചുവല്ലൊയെൻറകള്ളിപ്പെരുമ്പടമാരേ!
എന്റെകപ്പൽപിടിച്ചുങ്ങിറക്കണമേ
കപ്പലിന്റെവില്പടിമേലെചെന്നുപിടിച്ചുകന്നിയാവു
തുമ്പികൾപോലെപറക്കുന്നല്ലൊഉരു
വണ്ടുകൾപോലെ മുരളുന്നു
+നാരങ്ങവെള്ളിമണക്കടവിൽ
കപ്പൽപിടിച്ചുങ്ങിറക്കുന്നു

*   *   *   *

വേഗത്താൽവരവാകുന്നു
പൊന്നിൻവീരാർമണിപ്പന്തലിൽ
അമ്മവന്നടന്നെ നിലകൊണ്ടു
പൊൻവട്ടികൾകുട്ടകൾതോററീയമ്മ

+കൊല്ലത്തുള്ള തേവള്ളിക്കടവായിരിക്കാം ഈ സ്ഥാനം.

ക്രൂളികളെവിളികൊള്ളുന്നു
എന്നാലോയെന്റെപെരുമ്പടമാരേ
യിന്നിപ്പൊലിച്ചുകിട്ടിയ*നല്ലത്ഥംപൊന്നു
നമുക്കുവഞ്ചെരക്കിൽ കരകൊള്ളിക്കേണം
വഞ്ചെരക്കുതോററുന്നല്ലോ
അന്നുകാലത്തനാഴികവൈകംമുമ്പേ
മൂടികക്കല്ലുമ്മതോററി
പൊൻതാഴംതൊടലുംതോററി
പൊൻകുററിവച്ചുതറക്കുന്നല്ലോ
പൂട്ടികെട്ടിയമ്മതാഴൊളിച്ചു
പൊന്നുംവെള്ളിപെട്ടികളെ
ക്രൂളികളെക്കൊണ്ടെടുപ്പിച്ചു
കപ്പിലിന്മേൽകരകൊള്ളിച്ചു
എന്നാലോഎന്റെഭത്താവേ
ചൊൽവചനംമൊഴിയുണ്ടു്
ഭത്താവുംതന്റെമണവാളരുംനിങ്ങൾ
മലവാരംവഴിവരണമല്ലോ
മലവാരത്തുള്ളകാഴ്ചകൈനീട്ടങ്ങളും
നിങ്ങൾവാങ്ങിവരണമല്ലൊ
ഞാനുമെന്റെചെത്തുഴരുംഞങ്ങൾ
കടൽവാരംവഴിയങ്ങുവരുമിതല്ലൊ
കടൽവാരത്തുള്ളചുങ്കങ്ങളും
കാഴ്ചയുംകൈനീട്ടങ്ങളുംഞാൻവാങ്ങുവല്ലൊ
ആതിയരായവടകൊല്ലത്തെന്റെ
ഭത്താവിനമുൻപിൽചെന്നെങ്കിലോ
വെടിപലതുംപൊങ്ങപ്പോൽവെപ്പിക്കേണം
തെക്കിനിയുംകെട്ടുംമുറിയകം
മണപല്യംതുറ്റുതളിപ്പിക്കേണം
ഞാനല്ലൊമുമ്പെയൊചെന്നെങ്കിൽ
കപ്പൽവെടിവെയ്പിക്കവെൻ
ഞാൻകമ്പവിളക്കുംകൊളുത്താമല്ലോ.

* * *

അത്തുവചനംമൊഴിമാനിച്ചന്നാ
ഭരശരുംതന്റെമണവാളരും

---

* 'നല്ലത്ഥം' എന്ന ശരിയായ രൂപം.

മലവാരംവഴിപോകാനായിക്കൊണ്ടു
നലമൊരുങ്ങിനില്കൊണ്ടല്ലോകന്നി
താനുംതന്റെചേത്തുഴരുമെല്ലാം
കടൽവാരംവഴിപോകാനായിക്കൊണ്ടു
ഏത്രയുംനല്ലുഴകിനാലവർ
കപ്പലിന്നകമേകരകൊള്ളുന്നു
കപ്പലുതന്റെനടുപ്പുറപ്പത്തിലല്ലോ
ഏകശാലമണിക്കൂടാരത്തിൽ
പൊന്നിൻമണിപീഠത്തിന്മേൽ
തെക്കുംകൊല്ലകന്നിയാവും
അമ്മയാനന്ദിച്ചുസുഖമിരുന്നു
അപ്പോഴുണ്ടല്ലോ വരവാകുന്നു
തെൻകൊല്ലംവാഴുംരാജാവും
നല്ലച്ഛന് ചൊല്ലിപൊന്മകളെയെന്
മകളെന്നാകുന്നുവടകൊല്ലത്തുന്നു
തെൻകൊല്ലത്തേക്കായ് വരവാകുന്നു
പ്രാതല്യസന്ധ്യതെക്കൊല്ലത്തന്നാലൊ
യന്താഴസന്ധ്യവടക്കൊല്ലംതന്നിലെ
കരുമ്പുകിള്ളത്തിട്ടിലയാകുമ്പോഴാ താൻ
തെൻകൊല്ലത്തേക്കുവരുവതുണ്ടേ
അതുവചനംമൊഴികേട്ടുകൊണ്ടാ
തെൻകൊല്ലംവാഴുംരാജാവും
തന്മകളെ മുടിതൊട്ടുവരംകൊടുത്തു
പോകായിതന്നുടെമണിമാളികയിന്മേലെഴുന്നള്ളു
കന്നിതാനുംമണിമഞ്ചത്തേൽചെന്നിരുന്നു
തന്റെചേത്തുഴരോടൊന്നുചൊല്ലി
എന്നാലൊ എന്റെചേത്തുഴരെഞാൻ
ചൊല്ലുമ്പോലൊന്നുകേൾക്കേണമേ
കപ്പലുതിരിച്ചുനമ്മൾപോകുമ്പോഴേ
ഒരുകപ്പൽവെടിയൊന്നുവയ്ക്കേണമെ
എന്റെകപ്പലിന്മേലുള്ള ചേത്തുഴരേ
അതുവചനംമൊഴികേട്ടുകൊണ്ടവർ
കപ്പലിന്മേലുള്ളചേത്തുഴരും
കാവെടിപൂവെട്ടിവയ്ക്കുന്നല്ലോ

അവർ കല്ലിട്ടുംവെടിവെയ്ക്കുന്നു
അവർനെല്ലിട്ടുംവെടിവെയ്ക്കുന്നു
ആലവട്ടംകൊടിക്കുറവെഞ്ചാമര
അരുമക്കൊടിയഞ്ചുംപിടിച്ചിരിക്കുന്നു

*　　　*　　　*

വാണോർതത്തക്കിളിമകളെ
മണിക്കൂടോടെയെടുത്തുംകൊണ്ടു
മണിക്കൂടൊന്നുതുറന്നുംകൊണ്ടന്നേ
പാൽപഴംതോററിയമ്മകൊടുത്തുംകൊണ്ടു
എന്നാലോ എന്റെകിളിമകളെനമ്മൾ
കടൽവാരംവഴിപോകയാണെ
യിന്നുകള്ളരുമൊളിന്തരുമുണ്ടല്ലൊ
യവർകപ്പൽവെട്ടിമറിക്കാതെനീ
നോക്കിപ്പാർത്തുകൊണ്ടിരിക്കേണം
എന്നുടെനോട്ടംപിഴച്ചെന്നാലുമെൻ
കിളിമകൾനോട്ടംപിഴയ്ക്കരുതെ
നല്ലമ്മതന്നപാൽപഴത്തിന്റെ
ഉപ്പുകേടുവരുത്തുകില്ലേ
പാൽപഴംകൊത്തിയമർത്തുകഴിഞ്ഞു
ചുണ്ടുടൻതേച്ചുമിനുക്കിവെടിപ്പാക്കി
മണിക്കൂട്ടോടെയെടുത്തുപാമര
ക്കാററിതൻകട്ടുന്തയിൽതൂക്കിയിട്ടു
കന്നിവീണ്ടുംമേനിമഞ്ചത്തിലിരുന്നുകൊണ്ടു
തന്റെചേർത്തുഴരെനോക്കിചൊല്ലിവീണ്ടും
കപ്പലിലുള്ളചേർത്തുഴരേഞാൻ
ചൊല്ലുമ്പോലെകേൾക്കേണംനിങ്ങൾ
പാർക്കുന്നപാമരക്കാരന്നെനി
കാറററിഞ്ഞുപാർക്കേണം
തണ്ടുപിടിക്കുന്നതണ്ടാളികളെ
നിങ്ങൾതണ്ടുംതുഴയുംമുറുക്കേണമെ
ഏമർച്ചയിൽനോക്കുന്നചെട്ടിയാമന്നന്റെ
ഏമർച്ചയിൽനോട്ടംപിഴയ്ക്കരുതേ
എന്നാലൊകേൾക്കെന്റെചേർത്തുഴരെ
നിങ്ങൾകൊമ്പുംതണ്ടുംനിവക്കേണമേ
എനിക്കാലംനേരംവൈകുംമുമ്പേ

നേർവടക്കോട്ടരുപോവട്ടെ
കപ്പലിന്മേലുള്ള ചേർത്തുഴരും
ഏലോലം നല്ലതണ്ടറിഞ്ഞും
ഏലോലം നല്ലതണ്ടറിഞ്ഞതങ്ങും.
താലോലം നല്ലപാട്ടെടുത്തും.
താമരതന്റെതണ്ടറിഞ്ഞുമെല്ലൊ
കടക്കോലതന്റെചുണ്ടരിഞ്ഞും
കടമുതലതന്റെമുള്ളുകരിഞ്ഞും
ഉരുവോടിയിതാപോകുന്നു
അത്തക്കടലുരുവോടന്നല്ലൊ
അഴുതക്കടലുരുവോടുന്നല്ലൊ
ഉപ്പിക്കടലുരുവോടുന്നല്ലൊ
ഉണർക്കടലുരുവോടുന്നല്ലൊ
ഇരുട്ടുക്കടലുരുവോടുന്നല്ലൊ
തെളിക്കടലുരുവോടുന്നല്ലൊ
ചെന്താമരനല്ലൊരുചുറ്റിപ്പാൽ
കടലിൽക്കൂട്ടരുവോടിയിതാപോകുന്നല്ലൊ.

* * *

അപ്പോഴൊണ്ട്വരവാകുന്നു
ഒരുത്തനൊരുഗുരുപുത്രൻ
മമ്പാറേൽവരവാകുന്നിതല്ലൊ
അതുപൊഴുതാവരവുകാണുന്നല്ലൊ
മണിക്കൂട്ടകൊത്തിയഴിച്ചുപറന്നിതാവരുന്നു
അതിനകത്തുവാണതത്തക്കിളിമകളും
കപ്പലിന്റെതന്നകത്തു
ഏകശാലമണിക്കൂടാരത്തിൽ
പൊന്നുംമണിപീഠത്തിന്മേൽ
അമ്മതന്റെതിരുമടിയിൽചെന്നുകേറി
ചിറകൊതുക്കിസ്സുഖമിരുന്നു
വാണാളുംതത്തക്കിളിമകളും

* * *

നമ്മുടെമണിക്കപ്പലിനു
ഒരു നേർചവനംവരവുണ്ടല്ലൊ
ആരിയനൊന്നുംചോഴികനൊന്നും
പട്ടരൊന്നുംചേരമേശിയനൊന്നും

അമ്മയേശ ചെട്ടിയാന്റെത്തൂൾക്കാരോന്നും
കള്ള നോന്നും വല്ലദുഷ്ടനോന്നും
എനിക്കറിവാൻവശമില്ലൊന്നും
നമ്മുടെമണിക്കപ്പലിനവന്നതൊട്ടൂത്തിതല്ലോ
എന്നാലോഎന്റെകിളിമകളെന്നി
ഇരുന്നപോലെചെന്നിരുന്നുകൊള്ള
അതുവചനംമൊഴിചൊല്ലിക്കൊണ്ടമ്മ
കപ്പലിൻമുകെട്ടിലെവില്ലടിമേൽ
വന്നനിലകൊണ്ടിട്ടുനേർവടക്കോട്ടതാനോക്കുന്നു
അപ്പോൾകിളിമകൾചൊല്ലിയ
കാര്യവുമിന്നുപട്ടാങ്ങല്ലോ
അക്കണ്ടുള്ള തൊരുമൺപാറമല്ലി
ഒരുത്തനല്ല ഇരുപുത്രനാം
കപ്പലിന്റെ വടഭാഗത്തൂടെവന്നൊഴിയുന്നിതാ
അപ്പോഴുണ്ടല്ലൊ അമ്മചോദിക്കുന്നു
തെക്കംകൊല്ലകന്നിയാവുതൊരുതന്നെ
കൂടെയാകുന്നഈമൺ പാറതിൽ പോകുന്നു
അതുവചനംമൊഴികേൾക്കുന്നുണ്ട
അന്നാചേരമാൻപാണ്ടിലെതട്ടാരാം
എന്നാലോ എന്റെകന്നിയാവേഞാൻ
ചേരമാൻപാണ്ടിലെതട്ടാരു
എന്നാലോഎന്റെതട്ടാരേനീ
എവിടേയ്ക്കുവേണ്ടിയായിപ്പോകുന്നു
അപ്പോളൊരുവാക്കമൊഴിപറഞ്ഞവൻ
ചേരമാൻപാണ്ടിലെതട്ടാരും
*തേവിലോകത്തുണ്ടേഴുകന്നിമാരേ
ഒരുപൊഴ്തെമാലകെട്ടു
പൊഴ്തൻമിന്നുംനല്ലതേർമാലയും
അല്ലോഏഴാകുന്നൽതിരുവാഴിയും
ഞാനവക്കുകൊണ്ടുപോകുന്നു
ഇന്നുകേട്ടുകൊള്ളുകെന്റെകന്നിയാവേ
എന്നാലോഎന്റെചെട്ടിയാരെഇന്നുചൊൽ
വചനംമൊഴിഉണ്ടിതല്ലോ

*"ദേവരാഷ്ട്രം" എന്ന രാജ്യം ആയിരിക്കണം.

തെക്കമൊരാതിരാജകൊല്ലത്തിങ്കലല്ലൊ
ഓമനമാവ്യകഴിഞ്ഞുകൊണ്ടു
ഇത്രേടംവഴിവന്നിതാരെഒരുനേർചകനം
ഞാനാരെയുംകണ്ടില്ലല്ലൊ
നേർശകനംവന്നതുകൊണ്ടു
എനിക്കത്തൈക്കെനീട്ടംതരണമല്ലൊ
ത്തൈക്കെനീട്ടംതരുവതിന്നമ്മെ
എൻകൈയ്യതിലള്ളുംഇല്ലയല്ലൊ
എന്നാലോഎൻെറതട്ടാരെ
ഇന്നുഞാൻചൊല്ലുംമൊഴികാള്ളും
ഏഴാകുന്നതിരുവാഴിയിന്നെനിക്ക
ഇങ്ങോട്ടുതരണമല്ലൊ
എന്നാലോഎൻെറനല്ലമ്മെ
ഞാനതങ്ങോട്ടുതരികയുമില്ല.

* * *

തണ്ടറിഞ്ഞുംനല്ലുഴപടിച്ചും
അല്ലൊളുരുവോട്ടിയിതുപോകുന്നു
പറഞ്ഞൊരുനാവുവഴങ്ങുംമുമ്പെ
കള്ളർകോടിമരയ്ക്കാർതൻെറ
കള്ളക്കടവേയുരുവോട്ടുന്നു
കള്ളർകോടിമരക്കാത്തിയന്ന
പൊങ്കൊടവുംചെന്നെടുക്കുന്നു
ഒരുമൺകൊടവുംചെന്നെടുത്തുംകൊണ്ടു
ഉപ്പുവാഴയ്ക്കവൾവെള്ളംകോരിന
കള്ളക്കടവിൽവരവാകുന്നു
കള്ളക്കടവിലവൾവന്നുകൊണ്ടാ
കള്ളക്കല്ലിൽകേറിക്കൊണ്ടു
കള്ളക്കടവിലേക്കതാനോക്കുന്നു
അപ്പോഴങ്ങല്ലൊഒന്നുകാണുന്നു
പങ്കില്ലാതോരുനീരൊഴുക്കം
എല്ലുതന്നെക്കൂടെയാകുന്നുഎന്നവൾ
നേരത്തെക്കൊട്ടുതാനോക്കുന്നു
പറഞ്ഞൊരുനാവുവഴങ്ങുംമുമ്പെ
ആതിയരാജവടകൊല്ലത്തുകൾ

പടനിവത്താതിപ്പുഴക്കടവിങ്കൽ
ചന്ദനനെല്ലിതിരുമരം
ഒത്താവുചൊല്ലിയതിരുവടയാളങ്ങൾ
കണ്ടുംകൊണ്ടായുരുവോടുന്നു
പടനിവത്താതിപ്പുഴക്കടവിലല്ലോ
വേഗത്താൽകപ്പലടുക്കുന്നു
കപ്പലിന്മേലുള്ള ചെത്തുഴരും
തണ്ടുംതുഴയുംതാഴെവയ്ക്കുന്നിതാ
ചന്ദനനെല്ലിത്തിരുമരത്തേലാലര
യെറിഞ്ഞുമുറുക്കി
കപ്പലിന്മേലുള്ള ചെത്തുഴരും
ചീനികൾനാലുംതാഴ്ത്തുന്നിതാ
കൊമ്പുംചുണ്ടുംതാഴ്ത്തുന്നിതാ
കാലരനാഴികവെക്കാമുമ്പേ

---

* ഒരു ഓണപ്പാട്ടിന്റെ അംശം

ആരോമൽപൈങ്കിളിപ്പെൺകിടാവേ
പാരാതെവന്നരികത്തിരി
ആതപഭീതികൾഒന്നുംവേണ്ട
കാതലോടുംതേനുംനറുനെയ്യും
ഇന്നാവോളം നീനുകർന്നുകൊള്ളു
എന്നതുകേട്ടുകിളിമകളും
നന്നായ്‌തെളിഞ്ഞുനുകർന്നുതേനും
ഖിന്നതകൈവിട്ടുമെല്ലവെചൊല്ലിനാൾ
തൃക്കാക്കരെനിന്നുവന്നതാണും
തൃക്കാക്കരെയെന്തുവാർത്തയുള്ളൂ?
തൃക്കാക്കര ശ്രീമഹാദേവന്റെ
തൃപ്പാദസേവകൻരാജമൌലി
ഇപ്പാരശേഷംഅടക്കിമന്നൻ
മുപ്പാരിടത്തിലുംകേളിപൊക്കി
ഇപ്പാരിടത്തിനുമേന്മനൽകി
തിങ്ങിനമോദംവളർത്തിപാരിൽ

* ഒരു പഴയ ഗ്രന്ഥത്തിൽനിന്നു.

ഇങ്ങനെവാഴുന്നതമ്പുരാന്റെ
കല്പനചൊല്‍ക്കൊണ്ടോരോണമല്ലോ
നല്ലൊന്നുചിങ്ങത്തിലെയോണമല്ലോ
തൃക്കാക്കരെവാഴുമിത്തമ്പുരാനോ
തൃക്കാക്കരെ ശ്രീമഹാദേവന്റെ
തൃക്കാലിണക്കൂപ്പിച്ചൊന്നിവണ്ണം
നമ്മുടെമാനുഷരെല്ലാപേരും
ഉണ്മയിലോണമീയേഴോണം
ഉല്ലാസമായിട്ടുഭജിച്ചുംവേണം
വില്ലാളിമാര്‍ചേലഉടുത്തൊരുങ്ങി
വില്ലുകലച്ചുവലിച്ചുപൂട്ടി
മല്ലരുപോരുനടത്തവേണം
മല്ലാക്ഷിമാരെല്ലാരുമൊത്തിറങ്ങി
മല്ലായുധന്‍തന്നെകരിച്ചവന്റെ
മല്ലാക്ഷിനാടകംകളിച്ചുപാടി
ഉല്ലാസമാര്‍ന്നുടനടിച്ചുകുമ്മി
സമ്മാനമോടേക്കുരവംപാടയും
നിര്‍മ്മായമങ്ങനെയുല്ലസിക്ക
തൃക്കാക്കരശ്രീമഹാദേവന്റെ
പക്കത്തില്‍മേവീടുമംബേനിങ്ങള്‍
ഉള്‍ക്കാമ്പില്‍ധ്യാനിച്ചുമേളിക്കേണം
ഇങ്ങനെയോണംകഴിച്ചുവെന്നാല്‍
നിങ്ങള്‍ക്കപാരില്‍വിളങ്ങുംസൌഖ്യവും
ഓണക്കളികള്‍വേണംപലേവക
ആണുങ്ങളെല്ലാരുമൊത്തുകൂടി
ഊനംവരാതെകച്ചകള്‍കെട്ടി
മാനംപെരുക്കുംമാടമ്പിമാരെ
മാനിച്ചുമുന്നണീല്‍നിര്‍ത്തിക്കൊണ്ടും
മേനിച്ചവെറ്റിലകെട്ടുംപൊക്കം
വച്ചുതൊഴുതുവിളക്കുവച്ചു
കച്ചയ്ക്കനുമതിവേണ്ടിക്കൊള്‍വിന്‍
ഇങ്ങനെചെല്ലിക്കളിമകളും
തിങ്ങിനമോദേനതേര്‍ത്തുകന്നു
മങ്ങലുനീക്കിട്ടുവീണ്ടുംചൊന്നു

ഇങ്ങനെയല്ലോയിന്നോണംവന്നു.
കേരളയൂഴിക്കുടയവരാകുന്ന
കേരളമന്നവൻമന്നരാജൻ
ആഴിപോലുള്ള തിരുവുള്ളംതന്നിൽ
ആഴത്തിൽവിക്രമമൊളിയുംവച്ചു
ആഴിപോൽമേവുമസംഖ്യഗുണംപൂണ്ടൻ
മാഴ്കുമാറങ്ങനം—അടുത്തുചെയ്തു
സമ്മാനംപെറ്റോരരചൻതന്റെ
സമ്മോദക്കേളിക്കുപേതംകൂട്ടിൽ
ആരണർബാലകർമറ്റുള്ളോരും
പാരാതെചെന്നുകളികഴിഞ്ഞു
ചാലവെനല്ലകറിപിടിച്ചു
ചേലകൾചുറ്റികൊടപിടിച്ചു
തൃക്കാക്കരശ്രീമഹാദേവന്റെ
തൃക്കാലിണപ്പൂവണങ്ങിപ്പോവിൻ
ഓണച്ചമയമതെന്തെല്ലാം
ഓണവിളക്കമതെന്നെല്ലാം
ഓണക്കളികളുമെന്നെല്ലാം
ഓണപ്പയിറുകളെന്തെല്ലാം
അപ്പോളൂരത്തുകിളിമകളും
അപ്പംവേണം—അടയുംവേണം
പപ്പ്രം—പപ്പടവുംവേണം
കറികളഞ്ചുംവേറെവേണം
തൈരുംനെയ്യും—തേനുംഗുളവും
കൊട്ടത്തേങ്ങാപഴവുംമലരും
മുട്ടാതെന്നുംമധുപർക്കംവേണം
കാളനോലനുംഎല്ലാംവേണം
മേളംചെക്കംതുമ്പപ്പൂമലരൊളി
ചോറുംപായസവും—ഒക്കെവേണം

മറ്റൊരു ഓണപ്പാട്ട്

ആരോമൽപൈങ്കിളിപെൺകിടാവേ
പാരാതെവന്നിങ്ങരികത്തിരി
എങ്ങുന്നുവന്നുകിളിക്കിടാവേ
തൃക്കാക്കരെനിന്നുവന്നുഞാനും
തൃക്കാക്കരെയെന്തുവാർത്തയുള്ളു
എന്നതുകേട്ടുകിളിമകളും
നന്നായ്തെളിഞ്ഞുപറഞ്ഞുകൊണ്ടാൾ
ശങ്കരൻതന്റെതിരുമകനും
ഭാരതിദേവിയുമെൻഗുരുക്കന്മാരും
ഉൾക്കാമ്പിൽവന്നുതുണച്ചിടേണം
തൃക്കാക്കരെ ശ്രീമഹാമന്നൻ
കേളികൾകേൾപ്പിൻമഹാജനങ്ങൾ
ആരാജമൌലീടെചെയ്തിയെല്ലാം
മാലോകർചെല്ലിഞാൻകേൾപ്പതുണ്ട്
മാവേലിനാടുവാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെവസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
ആധികൾവ്യാധികളൊന്നുമില്ല
ബാലമരണങ്ങൾകേൾപ്പാനില്ല
പത്തായിരമാണ്ടിരിപ്പുണ്ട്
എല്ലാകൃഷികളുമൊന്നുപോലെ
നെല്ലിന്നുനൂറുവിളവുണ്ട്
ദുഷ്ടരെകൺകൊണ്ടുകാണാനില്ല
നല്ലവരല്ലാതെയില്ലപാരിൽ
ഭൂലോകമൊക്കെയുമൊന്നുപോലെ
ആലയമൊക്കെയുമൊന്നുപോലെ
നല്ലകനകംകൊണ്ടെല്ലാപേരും
ആഭരണങ്ങളണിഞ്ഞുകൊണ്ട്
നാരിമാർബാലന്മാർമറ്റുള്ളോരും
ആമോദത്തോടെവസിക്കുംകാലം
കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ലപൊളിവചനം

വെള്ളിക്കോലാദികൾനാഴികളും
എല്ലാംകണക്കതിൻതുല്യമായി
കള്ളപ്പറയുംചെറുനാഴിയും
കള്ളത്തരങ്ങൾമറ്റൊന്നില്ല.
നല്ലമഴപെയ്യുംവേണ്ടുംകാലം
വേദികൾവേദവുംസംഗീതവും
യാഗങ്ങൾകർമ്മങ്ങൾമുടങ്ങിടാതെ
രക്ഷിച്ചുവാഴുന്നകാലത്തിങ്കൽ
മാവേലിയെന്നൊരുരാജാവല്ലോ
മാനുഷരോടങ്ങരുളിച്ചെയ്തു
അല്ലൽകൈവിട്ടൊരുതിരുനാളിതല്ലോ
തിരുസിംഹമാസത്തിരുവോണങ്ങൾ
നിങ്ങളെല്ലാരുമനുസരിപ്പിൻ
അങ്ങനെയോണംകഴിയുംകാലം
തൃക്കാക്കരദേവനോണംകാൺമാൻ
പോകണമെല്ലാരുമെന്നുവന്നു
ബാലന്മാർവൃദ്ധന്മാർമറ്റുള്ളോരും
തൃക്കാക്കരയ്ക്കുവഴിനടന്നു
ദേഖിപ്പാനേതുമെളുതല്ലെന്നും
എന്നതുകേട്ടുമാവേലിയും
മാനുഷരോടൊന്നരുളിച്ചെയ്തു
ഇന്നുതുടങ്ങിനാമെല്ലാരും
ഇല്ലങ്ങൾതോറുമലങ്കരിച്ചും
ചെത്തിയടിച്ചുമെഴുകിത്തേച്ചും
നൽത്തറയിട്ടുകളമെഴുതി
തുമ്പമലരാദിപുഷ്പങ്ങളും
അമ്പോടണിയത്തെന്നിൽചാർത്തി
പത്തുനാൾമുമ്പേയത്തംതൊട്ടു
മണ്ടെത്രയുംഘോഷങ്ങളെന്നേവേണ്ടൂ
(പൊട്ടിവു്)..................

....

നാരിമാർവൃദ്ധന്മാർമറ്റുള്ളോരും
ആകെക്കളിച്ചുവരുൺകഴിഞ്ഞു
അങ്ങനതന്നെയുംദിക്കുതോറും

ഘോഷങ്ങളൊക്കെയുമൊന്നുപോലെ
മാവേലിമന്നൻമരിച്ചശേഷം
മോടികളൊക്കെയുംമാറിയല്ലൊ
അക്കഥകേട്ടൊരുമാവേലിയും
ചോദിച്ചുതന്റെമനസ്സുകൊണ്ടു
ഖേദിച്ചപാരം മനസ്സുമുട്ടി
ഉഴഴിക്കുടയരോടേവമോതി
എന്നുടെഭൂമിയടക്കം ചെയ്തു
ഞാനിങ്ങുപേക്ഷിച്ചുപോന്നശേഷം
മാനുഷരൊക്കെവലഞ്ഞിതല്ലൊ
ദേവകീസൂനുവാംവാസുദേവം
അമ്മാവനെക്കൊലചെയ്തവനെ
അമ്പാടിതന്നിൽവളൎന്നവനെ
നാരിമാർപോർമുലയുണ്ടവനെ
നാരിമാർക്കുറകവൎന്നവനെ
കാലികൾമേച്ചുനടന്നവനെ
കുന്നുകൊടയായിപ്പിടിച്ചവനെ
കുചേലൻറവൽവാരിത്തിന്നവനെ
പാൎത്ഥന്റെതേരുതെളിച്ചവനെ
പെണ്ണുങ്ങളെച്ചതിചെയ്തവനെ
സേവിച്ചുവാഴുന്നരാജവീരാ
തേവരാട്ടേയിതിനെന്തുമൂലം
മന്നവന്റെമൊഴികേട്ടനേരം
മാധവഭക്തനാംതമ്പുരാനും
ആതങ്കംപൂണ്ടങ്ങരുളിച്ചെയ്തു
ഖേദിക്കവേണ്ടയെൻരാജമൌലേ
കൊല്ലമൊരാദിതിങ്ങൾതോറും
ചൊല്ലുപാരംനിന്തിരുവടി
വെച്ചചട്ടങ്ങൾകെട്ടിമുറപോലെ
ചിങ്ങമാസത്തിലെതിരുവോണത്തുനാൾ
മാനുഷരെല്ലാരുംമേളിക്കുന്നു
മാനുഷരെവന്നുകണ്ടുകൊള്ളാം
മാനിയായുള്ളൊരുമന്നരാജാ
അങ്ങനെതന്നെവരുന്നുമന്നൻ

മാധവൻധൎമ്മജൻതാനുംകൂടി
മംഗലമാൎന്നങ്ങിരിക്കുന്നനാൾ
ചിങ്ങമാസത്തിലെതിരുവോണത്തുന്നാൾ
മാവേലിതാനുംവരുമവിടെ
പണ്ടേതിനെക്കാൾമോടിയായി
വേണ്ടുന്നതൊക്കെയുമൊരുക്കിടേണം
ചെത്തിയടിച്ചുവഴിനടപ്പാൻ
ചെമ്മെളിചേരുംനിലങ്ങളെല്ലാം
ഉൺമയിൽചെത്തിവെളിപ്പിക്കയും
വെൺമണൽതൂവിദേശമെല്ലാടോം
കുമ്മായംകൊണ്ടുമെഴുകുന്നോരും
ചെമ്മണ്ണുകൊണ്ടുതറപിടിച്ചും
മുററത്തുവട്ടക്കളവുമിട്ടു
ഗോമയംകൊണ്ടുമെഴുകിത്തേച്ചും
പുഷ്പങ്ങൾകൊണ്ടുമതിൽവളച്ചും
ആൎപ്പുവിളിച്ചുമലങ്കരിച്ചും
എത്രയുംഘോഷങ്ങളൊക്കെവേണം
ആണ്ടവില്ലമ്പുകടുന്തുടിയും
തുംബുരുവീണകുഴൽനാദവും
മദ്ദളം ചെണ്ടമുരശുടുക്കും
നല്ലകുഴൽവീണചിന്തുരാഗം
വാളേറമമ്മാനമാട്ടമെല്ലാം
ഇത്തരമോരോരോമേളത്തോടെ
ചിത്തമോദത്താൽതരുണിമാരും
ലീലകലൎന്നുമരുവുങ്കാലം
മാനംവളച്ചുവളപ്പുകത്തു
നല്ലകനകംകൊണ്ടെല്ലാരുംനെല്ലരിയും
വേണ്ടുന്നവാണിഭമൊന്നുപോലെ
ആനകുതിരകളാട്ടുമാട്ടും
കിട്ടിവരുന്നതിനററമില്ല
ശീലത്തരങ്ങളും വേണ്ടുവോളം
നിലക്കവുണികളുംവേണ്ടുവോളം
നല്ലോണംഘോഷിപ്പാൻനല്ലൊഴുത്തൻ
കായംകളുംചേലപോക്കളെയിൽ
ജീരകംനല്ലകടുമുളകുംശൎക്കര

തേനൊട്ടുംചെഞ്ചൊരവേണ്ടുവോളം
മൈക്കണ്ണിമാരുടെവാക്കുകേൾപ്പിൻ
തന്റെകാരണവരോടൊന്നുചൊന്നു
ചേലയെനിക്കൊന്നുവേണമെങ്കിൽ
രണ്ടാംതരംതന്നെവേണമല്ലൊ
കണ്ടാലുംനല്ലവിശേഷംവേണം
ഇങ്ങനെകേട്ടപ്പോൾമറെറാരുത്തി
ഉടുവാനൊത്തൊരുചേലവേണമല്ലൊ
കേടുവരാതെയിരുന്നുപോട്ടെ
എന്നതുകേട്ടപ്പോൾമറെറാരുത്തി
കാരണംകേൾപ്പിൻഞാൻചൊന്നവാറ്
ചേലതരത്തിനുവേണമെങ്കിൽ
പൂരത്തുംനാൾക്കവരണംനിങ്ങൾ
നീരാളിക്കൊത്തൊരുചേലവേണം
അന്നേരംമറെറാരുകന്യകയും
തന്നുടെമാതാവിനോടുചൊന്നാൾ
ഓണപ്പുടവയെനിക്കില്ലമ്മേ
നാണക്കേടായിട്ടുവന്നുകൂടി
അച്ഛൻകൊണ്ടുന്നതെനിക്കുവേണം
എന്റെമകൾകണ്ടിരുന്നുപോട്ടെ
ഓണംകഴിഞ്ഞുംഎനിക്കുവേണ്ട
ഇങ്ങനെനാരിമാർബാലന്മാരും
ഭംഗികളോരോന്നുചൊല്ലിക്കൊണ്ടു
കാതിലയോലയുംതക്കകളും
കൈവളമോതിരംതാലികളും
പൊന്നരഞ്ഞാൺകാഞ്ഞാലിചുററുവളകളും
കാലാഴിയുംനല്ലകാൽച്ചിലമ്പും
പിന്നൽമടക്കമെഴുത്താലിയും
ഇവവകയോരോന്നുമുല്ലാസമായി
പൊരുഷരോടേയൊരുക്കീടുന്നു
നായകവീരന്മാക്കുററമില്ല
എന്നതുകേട്ടോരുകന്യകയും
അത്തംകഴിഞ്ഞുനാൾനാലഞ്ചുചെന്നാൽ
വേണ്ടുന്നതെല്ലാമൊരുക്കിടേണം

ഉത്രാടമസ്തമച്ചിട്ടപ്പോൾ
ഹസ്തിമുഖവനുവേണ്ടതെല്ലാം
നല്ലകരുപ്പട്ടിനാരങ്ങയും
വെള്ളരിവെററിലചെമ്പഴക്കാ
വെള്ളിവിളക്കും കൊളുത്തിവെച്ചു
ദീപധൂപങ്ങളും പുഷ്പവുമെല്ലാം
ഇത്തരമോരോന്നൊരുക്കിടേണം
നൽത്തറനന്നായണിഞ്ഞുകൊണ്ടു
ലിംഗമവിടെയെഴുന്നള്ളിച്ചു
പട്ടോട്ടപ്പൂപ്പട്ടുവച്ചതിന്മേൽ
വെള്ളവും കൊണ്ടന്നുവട്ടകയിൽ
കൌരവയുമായ്നാരിമാർനിർത്തളിച്ചു
ആണുവല്ലമ്പുകട്ടന്നുടിയും
കണയമ്പുകെട്ടിട്ടനിന്നിട്ടുണ്ടു
ബാലന്മാർവന്നുനിറഞ്ഞവിടെ
ദേവനും മന്നനും ദേവിമാരും
ആകവെവന്നു നിറഞ്ഞവിടെ
നെല്ലുമരിയും നിറപറവെച്ചു
നല്ലകനകം നിറച്ചുവച്ചു
നല്ലിളനീർവെട്ടികലശവുമാടി
ആനന്ദമെന്നുതേ പറയാനുള്ളു
മാവേലിമന്നൻമഹാദേവനും

മാനുഷവൈകുണ്ഠമതുകെട്ടുന്നെള്ളത്തെന്നു

ദേവലോകങ്ങളിലകേട്ടനേരം
ദേവനാരിമാരും വന്നിവിടെ
നക്ഷത്രാദികളും വന്നിവിടെ
നാരദൻതന്നെയും കൈക്കലേന്തി
നാരായണൻറയെഴുന്നള്ളത്തു
"തൃക്കോത്ത രാമനും" കാണായ്‌വന്നു
തൃക്കാക്കരകണ്ടതുകഴിഞ്ഞു
ബാലന്മാർവൃദ്ധന്മാർനാരിമാരും
നാഗന്മാർവീരന്മാർനായകന്മാരും
വെള്ളാനരമ്മടമിയപുറവും
ശങ്കരൻതൻറയെഴുന്നള്ളത്തു

ശംഖനാദങ്ങൾമുഴങ്ങികൊണ്ടു
നാരിമാരാടിപ്പാടികൊണ്ടു
നാരദൻവീണയുംവായിച്ചിട്ടു
പാടിത്തുടങ്ങുന്നുദേവകളും
മാവേലിതാനുംമഹാദേവനും
വൈകുണ്ഠലോകത്തെഴുന്നള്ളുവാൻ
മാവേലിപോകുന്നനേരത്തുങ്കൽ
നിന്നുകരയുന്നുമാനുഷരും
ഖേദിക്കേണ്ടനിങ്ങൾമാനുഷരെ
ഏഴുനാൾചെന്നേഞാൻപോകയുള്ളു
എന്നതുകേട്ടുമാനുഷരും
നന്നായ്തെളിഞ്ഞുമനസ്സുകൊണ്ടു

പഴയ കുറത്തിപ്പാട്ട്

(പന്തപ്പുരയ്ക്കൽപട)

ശ്രീപാർവ്വതിയുംപരനാരിയും
പന്തപ്പുരയ്ക്കൽപടപറഞ്ഞു
ശ്രീപാർവ്വതിയൊണ്ടുനീരാട്ടുവാൻ
ഞാനെന്റെഭഗവാനോടുചോദിക്കട്ടെ

* * *

താളിയൊടിയെടിതോഴിപ്പെണ്ണേ
മയിലാപ്പൂത്താളിയൊടിച്ചുടിച്ചു
മൈനാടൻമഞ്ഞളരച്ചുരുട്ടി
വെണ്മണിവാക്യത്രിച്ചുതെള്ളി

* * *

ഉണ്ണിഗ്ഗണപതിയെൻമകനേ
അച്ഛൻമടിയിന്നിറങ്ങരുതേ
സുബ്രഹ്മണ്യനുണ്ണീയെൻമകനെ
അച്ഛൻമടിയിന്നിറങ്ങരുതേ
പൊന്നുണ്ണിനങ്കയെയെൻമകളെ
അമ്മ വരുവോളംപോകരുതേ

* * *

മക്കളെമൂവരെക്കാവലാക്കി
പള്ളിയറവാതലടച്ചുപൂട്ടി
താനുംതോഴിമാരുംകൂടിക്കൊണ്ടു
നീരാട്ടുകടവിലുംചെന്നിറങ്ങി
*　　　*　　　*
അപ്പോൾപറയുന്നുഭഗവാനല്ലൊ
ഉണ്ണിഗ്ഗണപതിയെൻമകനെ
എഴുത്തുപഠിക്കാനുംപോമകനെ
സുബ്രഹ്മണ്യനുണ്ണിയെൻമകനെ
ഓണകളികാണ്മാൻപോമകനെ
പൊന്നുണ്ണിനങ്കയെയെൻമകളെ
പാട്ടുകളികാണ്മാൻപോമകളെ
*　　　*　　　*
മക്കളെമൂവരുംപോയശേഷം
പള്ളിയറവാതൽതുറന്നുമെല്ലെ
അപ്പോൾവരുന്നുണ്ടുനാരദനും
അപ്പോൾപറയുന്നുഭഗവാനല്ലൊ
ഇങ്ങുവരെല്ലെടോനാരദാനീ
ശ്രീപാർവ്വതിയുണ്ടുപള്ളിയറയിൽ
നേരെന്നുബോധിച്ചുനാരദനും
നീരാട്ടുകടവിലുംചെന്നിറങ്ങി
അപ്പോൾപറയുന്നുതോഴിമാർകൾ
ഇങ്ങുവരല്ലേടോ നാരദാനീ
ശ്രീപാർവ്വതിയൊണ്ടുനീരാട്ടുന്നു
എന്നതുകേട്ടപ്പോൾനാരദനും
അപ്പോൾപറയുന്നുനാരദനും
അങ്ങുചെന്നപ്പൊഴുംശ്രീപാർവ്വതി
ഇങ്ങുവന്നപ്പൊഴുംശ്രീപാർവ്വതി
ഭഗവാനുപാർവ്വതിരണ്ടുണ്ടായൊ
എനിക്കുകൂടെപ്പുറപ്പൊന്നേയുള്ളു
ആവാക്കുകേട്ടപ്പോൾ ശ്രീപാർവ്വതി
താളിയെടുത്തുതലയിൽതേച്ചു
വാകയിടിച്ചതും മേലിൽതേച്ചു
മൈനാടൻമഞ്ഞളുംതുണിയിൽകെട്ടി
കൂട്ടിപ്പിടിച്ചുകൊണ്ടൊന്നുമുങ്ങി
*　　　*　　　*

പള്ളിയറവാതുക്കൽച്ചെന്നുനിന്നു
മതിമതിഭഗവാന്റെമറിമായങ്ങളും
ഞാനുമെൻമക്കളുംപോകേയുള്ളൂ
പള്ളിക്കിടക്കമുഷിഞ്ഞതെന്തേ
ഉണ്ണിഗ്ഗണപതിയുറങ്ങിയിട്ടാണേ
വെളിയടത്തുണിമുഷിഞ്ഞതെന്തേ
സുബ്രഹ്മണ്യനുണ്ണികളിച്ചിട്ടാണേ
ഭഗവാന്റെതിരുമേനിവിയർത്തതെന്തേ
പൊന്നുണ്ണിനങ്കയെയെടുത്തിട്ടാണേ
മതിമതിഭഗവാന്റെമറിമായങ്ങളും
ഞാനുമെൻമക്കളുംപോകേയുള്ളൂ.

* *

ഉണ്ണിഗ്ഗണപതിയെമുൻനടത്തി
സുബ്രഹ്മണ്യനുണ്ണിയെക്കൈപിടിച്ചു
പൊന്നുണ്ണിനങ്കയെയെടുത്തുംകൊണ്ടു
ശ്രീപാർവ്വതിയങ്ങെഴുന്നള്ളത്തു്
അപ്പോഴുംപറയുന്നുഭഗവാനല്ലോ
ഉണ്ണിഗ്ഗണപതിയെൻമകനെ
അമ്മേടെക്കൂടെനീപോയിടല്ലോ
സുബ്രഹ്മണ്യനുണ്ണിയെൻമകനെ
അമ്മേടെക്കൂടെനീപോകരുതേ
കദളിപ്പഴംതരാമെന്നുണ്ണിക്കു
അമ്മേടെക്കൂടെനീപോകരുതേ
പൊന്നുണ്ണിനങ്കയെയെൻമകളേ
അമ്മേടെക്കൂടെനീപോകരുതേ
മുത്തുക്കൊടതരാമെന്നുണ്ണിക്കു
അമ്മേടെക്കൂടെനീപോകരുതേ

* *

മക്കളുമൂവരുംപോയശേഷം
പിന്നെയുംപോകുന്നുശ്രീപാർവ്വതി
വെള്ളിമലയങ്ങിളകുന്നിതാ
വെള്ളിക്കൈലാസംഇളമ്പുന്നിതാ

* *

മതിമതിഭഗവാന്റെമറിമായങ്ങളും
ഞാനിതാനിൻപാദംകുമ്പിടുന്നേൻ.

(കാമോദരി രാഗം)

പാഞ്ചാലഭൂപാലകന്യേ മനോജ്ഞാംഗി
പൂഞ്ചായലാർ രത്നമേ
കാഞ്ചീലതകൾ കിലുങ്ങീടുമാറുനീ
കാഞ്ചനമഞ്ചം തന്നിൽ എന്റെ
വാഞ്ഛാലതയ്ക്കാഫലത്തെ-
വരുത്തുവാൻ വാതിൽ തുറ
പാർത്ഥിവസഭയിൽ ദുര്യോധനനൃപനാർത്തിമുഴുത്തതുമെന്തു്?
പാഞ്ചാലിയെ പണ്ടു രാജസഭയിൽ വച്ചു-
പൂഞ്ചേല ചുറ്റിയഴിപ്പാൻ കാരണമെന്തെന്നറിയാമോ?
പൊട്ടനാകും ധൃതരാഷ്ട്രന്റെ പുത്രന്മാരെത്ര-
പേരുണ്ടെന്നും തിട്ടമായ് ചൊല്ലെടാ.
എട്ടുമാറും പതിനെട്ടും മുപ്പത്തെട്ടും ഒട്ടും കുറയാ-
തിരുപത്തെട്ടും രണ്ടും ദുഷ്ടന്മാരി പൊട്ടന്റെ
മക്കളായുള്ളവർക്കിട്ട പേരെന്തെന്നും-
തിട്ടമായ് ചൊല്ലെടാ.
പുത്രന്മാരറിഞ്ഞു പത്തു ദിവസം ചെന്നാൽ മുളച്ചീടുമ
വിത്തു നിന്നൊരു കാവലിയ വെള്ളിത്താലം കൊണ്ടന്നറിഞ്ഞാളരാൽ
പുത്തുപ്പും മുളകും തെളിച്ചു വിരവിൽ വേകിച്ചു മോർവീഴ്ത്തിനാൽ
ശരത്താഴത്തിനക്കൂട്ടുവാൻ കൊതിയനായ് മേവുന്നദ്ദേവേന്ദ്രനും
ചീരചെമ്പാവുനെല്ലിൽ പഴയരി കഴുകി കാടിയും കല്ലുമെല്ലാം
ആരാൽ പോക്കിയിട്ടതിധവളിതമാം ചോറു കൊണ്ടന്നു തന്നാൽ
ഓരം കൂടാതെയങ്ങൊരുന്നുരുളയുരുട്ടി കാളുന്നോ ടോലന്നോടും

*   *   *   *

ആറാതെയുള്ള ചോറും കറിയും
അൻപോടെ കൊണ്ടുതരികനീ
മാറാതെനിന്നു മനസ്സു തെളിഞ്ഞു
മായമിനി വിളമ്പണം
കൊഞ്ചെന്നൊരു മത്സ്യമതു
ചെഞ്ചെമ്മേ പാകം ചെയ്തുടൻ
അഞ്ചാറുതവി കോരിത്തന്നാൽ
അഞ്ചാതഖിലം ഭുജിച്ചിടാം

കേരളത്തിലെ ആൎയ്യോപവേശം സംബന്ധിച്ചുള്ള ഒരു ഗ്രന്ഥവരി.

കുട്ടനാടൻ മരുഭൂമികളിലെ ഉപവേശം.

(പൂൎണ്ണരൂപം.)

* ശ്രീമദാദിമഗിരിയകത്തു നാട്ടുവാഴി മാമലഞ്ചേരിൽഇല്ലത്തു ഇട്ടിക്കണ്ടക്കൈമ്മൾ ഉണ്ണനും നായകന്മാരും പരിവാരസമേതം കൂടികൊണ്ടുപൊന്നൊരുനാൾ ദേശാന്തരാടനന്മാരായ പരദേശികൾ സഹ്യാന്തരംഗേ കടന്നക്രൂരി ഗിരിപശ്ചിമം ഗമിച്ചു നിശാന്തരസമയേ ഭയനിവാരണാൎത്ഥം ദീപം ജ്വലിപ്പിച്ചു കൊട്ടിപ്പാടിയിരിക്കുമ്പോൾ ശാസനാവിരോധമായ വാദ്യധ്വനിയെ ആരാണ്ടറിഞ്ഞു പിഴചെയ്യിക്കുന്നതിനും തന്റെ പരിരക്ഷണാധികാരചിഹ്നമായ വാളും പരിചയും എടുത്തു രാത്രിയിൽ തേടിപ്പുറപ്പെട്ടു കണ്ടുപിടിച്ചു ശാസനംചെയ്തു നാട്ടുവാഴിയെ ആനമിച്ചു നല്ലാചാരംചെയ്തു വസ്തുവൃത്തിയിലിങ്ങുകൂട്ടിക്കൊണ്ടുപോയ നാട്ടുവാഴിയെയും നായകന്മാരെയും പാട്ടിലാക്കിയെന്നല്ല തങ്ങളെ തേടി പിന്നാലെ പിന്നാലെ വന്നുചേൎന്ന പരദേശസംഘങ്ങൾ സഹസ്രാന്തരമെന്നു കാണായശേഷം അധികസംഘമായിത്തീൎന്നാൽ ഇവിടെയും സ്വൈരക്കേടായി വരും. അതുകൊണ്ടു ഇതുവരെ വന്നുചേൎന്ന നാം എല്ലാംകൂടി നമ്മുടെ വേഷം ഒന്നുമാറി ഒരു പ്രത്യേകജാതിയായി അതിനു ഒരു കാരണസ്മൃതിയും ഉണ്ടാക്കിത്തീൎക്കണം. ഇനി വരുന്നവർ സ്വവേഷവും സ്വജനവും ഇവിടെകാണാതിരിക്കണം. അവരെ ഭ്രമിപ്പിച്ചു തിരിയെ അയക്കണം. പിന്നീട്ടു കടന്നുകൊള്ളാതെ ഇരിക്കാനു തക്കതായ നിബന്ധനയുംവച്ചുകൊള്ളാം. ഇപ്രകാരം കരുതി തങ്ങളുടെ കുടുമയും ഭാഷയും നാട്ടുവാഴിമുതലായവരോടു സദൃശപ്പെടുത്തി ശ്രുതി സ്മൃതി വേദവേദാംഗാദികളും സൃഷ്ടിച്ചു ശാസ്ത്രപ്രതിഷ്ഠയും കഴിച്ചു ദിഗ്ജയം പ്രാപിച്ചു ദേശങ്ങളും അടക്കി ദേശഭോഗങ്ങളും നിശ്ചയിച്ചു ദേശഭോഗങ്ങളും വാങ്ങിച്ചു കന്യാകുമാരി ഗോകൎണ്ണപൎയ്യന്തം മലയാളഭാഗം മരുഭൂമിക്കു ഉടയ കൎത്താക്കളെന്നും ധ്യാനിച്ചു നാട്ടുവാഴ

---

* 'കിരിയത്തു' എന്നു തത്സമം.

ടുടെ ഗൃഹങ്ങളും പരത്തി ശാഖാവഴിക്കാക്കെല്ലാം തങ്ങളുടെ അധികാരം പ്രതിദേശം തിരിച്ചും ക്ഷേത്രപ്രതിഷ്ഠകൾ കഴിച്ചും വെകുന്നിടത്തെല്ലാം പ്രത്യേകം പ്രത്യേകം കോയ്മസ്ഥാനവും ദേശഭോഗങ്ങളും കൊടുത്തും കൊടുപ്പിച്ചും പരിപാലിക്കുംകാലം സംഘചരിത്രമുണ്ടായി പ്രത്യേകം ഗ്രാമങ്ങൾതിരിച്ചു അറുപത്തിനാലുഗ്രാമങ്ങൾ എന്നുനിശ്ചയിച്ചതിൽ ഒന്നായ ശ്രീവല്ലഭഗ്രാമാധികാരികൾക്കുള്ളൊരു ദേശമെന്നുകണ്ടതാങ്കൾക്കുള്ള ചാത്തൻകരിദേശത്തുനിന്നും പടിഞ്ഞാട്ടു ചെമ്പകശ്ശേരി ചെങ്ങന്നൂർ ഗ്രാമാധികാരികൾക്കുള്ള വിത്തുറക്കരിക്കു കിഴക്കെ അററം മുതൽ കരികേറി കിടക്കുന്ന മരുഭൂമി കരിതെളിച്ചു അനുഭവഭൂമിയാക്കണമെന്നു അടിമയായ തിരുവല്ലാത്തണ്ടാനു കല്പന കൊ (പൊടിവ്) താകെ കിടങ്ങാറിൽ നിന്നും തെക്കോട്ടു തോട്ടു രണ്ടിനും മദ്ധ്യേ ചേരിക്കലകത്തു പടവുവിത്തുപാട്ടു നാലായിരപ്പറയെന്നു കണ്ടു തണ്ടാൻ തിരുമനസ്സറിയിക്കയും ദേശികൾപോന്നുവന്നു തൃക്കൺപാത്തു തൃപ്തിപ്പെട്ടു ഇതും നമ്മുടെ ഊരാൺമയായിരിക്കട്ടെ എന്നും കല്പിച്ചു ചേരിക്കലകം കുളംകുഴിച്ചു ഒരു ക്ഷേത്രം വയ്പിച്ചു കാരണമൂർത്തിയായ ഗണനായകനെയും ഭഗവതിയെയുംഭൂപരിത്രാണാർത്ഥം സർപ്പങ്ങളെയും പ്രതിഷ്ഠിപ്പൂ എന്നുനിശ്ചയിച്ചു പ്രതിഷ്ഠകളും ചെയ്യിച്ചു മടങ്ങിപ്പോന്നിരിക്കുന്നാൾ കൊല്ലം ൮൩൧-ാമാണ്ടു മേടഞായർ ൨൩-ാനു കൈപ്പുഴ സ്വരൂപത്തിൽനിന്നും തെക്കുംകൂറിൽ സ്വരൂപത്തിലേക്കു മുഖദർശനത്തിനെഴുന്നള്ളിയസമയം അനുചരികളായുണ്ടായിരുന്ന നാലുദേശികബ്രാഹ്മണർ അപേക്ഷിച്ചതെന്തു ഞാൻ ഞങ്ങളുടെ വക കിടങ്ങാറിനു തെക്കു ചാത്തങ്കരിക്കു പടിഞ്ഞാറുള്ള ചേരിക്കലിൽ കൃഷിക്കുപോകേണ്ടുന്ന ആളടിമ മനുച്ചുറവേമ്പുകൾക്കു രക്ഷയ്ക്കായി ചേരിക്കൽ കളത്തിൽ ഒരു ഗണപതിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. സ്വരൂപത്തിങ്കൽനിന്നും അവിടം ഒരു ദേശമായിതീത്തു ഇടംവച്ചു താമസിച്ചു രാജ്യഭരണം ചെയ്തു രാജശാസനം നടത്തി ഷൾഭാഗം വാങ്ങിക്കൊള്ളുന്നതു ഞങ്ങളുടെ ചേരിക്കലിനും ഊരാണ്മയ്ക്കും ഉറപ്പും സഹായവും ആയിരിക്കുമെന്നു ഊരാൺമക്കാർക്കു അപേക്ഷയുണ്ടെന്നാകുന്നു അപ്രകാരം ആകട്ടെയെന്നും ആയതു ആലോചിച്ചു നിശ്ചയിച്ചു കൈയ്മളെ അവിടെ അയച്ചു കൊള്ളാമെന്നു കല്പിക്കുകയും ചെയ്തു. കുറഞ്ഞൊരു

ദിവസം കഴിഞ്ഞപ്പോൾ കൈയ്മൾ മുഖംകാണിച്ചു അപ്പോൾ ദേശികൾവന്നു ഇപ്രകാരം അപേക്ഷിച്ചിരിക്കുന്നുഎന്നു കല്പിച്ചു അവിടെ ഉണ്ടായിവരുന്ന ഭൂമികൾ ഊരാൺമവക ഭൂമി ആയിരിക്കും എന്നിരിക്കിലും വിശേഷിച്ചു ഒരുദേശംകൂടി നമുക്കു രാജകരത്തിങ്കൽകീഴടങ്ങുമല്ലോഎന്നുകരുതി ആയതു നന്നായിരിക്കുമെന്നുംഅറിയിച്ചു കൈമ്മൾക്കു ശങ്കയുണ്ടായതു തിരുമനസ്സുകൊണ്ടുഗ്രഹിച്ചു ഈ വിഷയം ശങ്കയോഗ്യമല്ലെന്നും ആതനമായിഊരാണ്മക്കാർ ദേശംകണ്ടുപിടിച്ചു സ്ഥിതിക്കുവേണ്ടിഅവർ ക്ഷേത്രപ്രതിഷ്ഠയും എങ്കിലും കഴിപ്പിച്ചുനമ്മുടെ ഭരണത്തിൽകീഴടങ്ങിയാൽ നമുക്കു എന്തുപൊട്ടെടുക്കുന്നതും നമ്മുടെ പ്രജകൾ എടുക്കുന്നതുംആയ ഭൂമികൾ നമ്മുടെയും തനതായിരിക്കുമെന്നും ഊരാണ്മലോപിച്ചു പോകുമെന്നു ആദേശവും പോന്നു പോരാസ്ഥതീത്തു നീതിനടത്തുന്നതിനും കൈമ്മളുടെ മാടമ്പിൽവച്ചുകൊള്ളുന്നതിനും ഇടവരുമെന്നും ആകയാൽ കൈമ്മൾതന്നെ ദേശികളുടെ അടുക്കൽപോയിവരണമെന്നും കല്പിച്ചു അപ്രകാരമെന്നും അനുവദിച്ചു. അപ്രകാരം അനുവാദംകൊണ്ടു മൂത്തകൈമ്മളുടെ അവസ്ഥ ശ്രീവല്ലഭഗിരിയകത്തു തറമേൽ വാഴക ഇല്ലത്തിൽ ഇരുന്നു കിടങ്ങൂരു പെങ്ങാട്ടുകൂറ്റിൽ പേരകത്തുപോന്നു താമസിച്ചു സ്വസ്ഥാനം മദ്ധ്യവൈഷ്ണവമെന്നും പാശ്ചശൈവമെന്നും സങ്കല്പിച്ചു ദേശികൾ ക്ഷേത്രങ്ങൾപ്രതിഷ്ഠിച്ചതിൽ ഉത്തരപാശ്ചാത്യം തിരുവാഴപ്പള്ളി മഹാക്ഷേത്രത്തിങ്കൽ കോയ്മസ്ഥാനവും ഭണ്ഡാരരക്ഷയും തറമേൽ വാഴക ഇല്ലത്തു പെങ്ങാട്ടുകൂറ്റിൽ പേരകത്തു ഇട്ടികണ്ടൻ കണ്ടൻ കൈമ്മൾക്കെന്നും കൈമ്മളുടെ സ്ഥാനത്തു ഇനിമേൽ മൂപ്പേല്പിക്കുന്നതു ആനയടിമരൊരായിരത്തൊന്നു രാശിതിരുവാഴപ്പള്ളിൽ ഭഗവാനുനടക്കുവച്ചു ഊരാണ്മയോഗംകൂടി കിഴക്കേ മണ്ഡപത്തിൽ തളിർവാഴ ഇലയിട്ടു നടുവിൽ കൈമ്മളും ആവണപ്പലകകളിൽ ചുററും ഊരാണ്മക്കാരനും ഇരുന്നു കലശംജപിച്ചു ഈശനും കൈമ്മൾക്കും ഈശപഞ്ചധ്യാനിപ്പുംചെയ്തു തീർത്ഥവുംതളിച്ചു തറമേൽ വാഴകഇല്ലത്തിൽ മൂത്തകൈമ്മൾ മൂത്തകൈമ്മൾ എന്നു പുനരാശിയുംചൊല്ലി ഭണ്ഡാരത്തിന്റെ താക്കോലും ഏല്പിച്ചു ഊരാണ്മക്കാരാൽ പൂജിതനായിരിപ്പോരുന്നവൻ ആയിരുന്നു. കല്പന അനുസരിച്ചു മഠത്തിലേകത്തു പോററി മുതലായവരെ ചെന്നു കണ്ടു ഊരാൺമയും കൈസ്ഥളും

തെക്കുംകൂററിൽ തമ്പുരാനും തിരുവാഴപ്പള്ളിൽ ക്ഷേത്രത്തിൽ യോഗം കൂടുന്നതിനു ഒരു സമയം നിശ്ചയിച്ചു പിരിഞ്ഞുതിരിയെപ്പോന്നു വിവരങ്ങൾ തിരുമനസ്സറിയിച്ചു പിന്നത്തതിൽ ൯൦. ചിങ്ങഞായറിൽ പടകൂടുന്നതിനായി ചെന്നു ചേറ്റ് പടയും ഖിലക്കി അവിട്ടത്തന്നാൾ തോണിയേറി എഴുന്നള്ളി വന്നു ചേരിയ്ക്കൽ കണ്ടു ഗണപതി ക്ഷേത്രവും കണ്ടു എല്ലാവരുംകൂടെ ഇനി മേൽ കൂട്ടക്കൂട്ടുമ്മേൽ എന്നു പേരുംകല്പിച്ചു ദേശം ചുററി സഞ്ചരിച്ചു ചേരിക്കൽ രാജാധികാരംതെക്കുംകൂറായിരിക്കുന്നതിനും ഷൾഭാഗം വാങ്ങിക്കൊള്ളുന്നതിനും ദേശനമ്പിക്കൂർ എന്നും ദേശികൾ ആശിസ്സുചൊല്ലി അനുവാദമേകി ചേരിക്കലിനും കിഴക്കു ചാത്തൻകരിക്കും പടിഞ്ഞാറു ആറൊഴകിനിന്നുമുറി മുട്ടാറു എന്നു പേരുംകല്പിച്ചു. ഇടത്തിനു സ്ഥാനവും നിശ്ചയിച്ചു എല്ലാവരും തിരിച്ചു പോകയുംചെയ്തു. പിന്നത്തതിൽ ൯൭൦. മേടഞായറിൽ കിടങ്ങാറു കോട്ടയ്ക്കൽ എഴുന്നള്ളിഇരുന്നു അടിമയാകുന്ന കുന്നങ്കരിൽ വള്ളവനെ വരുത്തി മുട്ടാറെന്നു കല്പിച്ച സ്ഥാനത്തു ഇടംവയ്ക്കുന്നതിനുതറ കുത്തുവാൻ കല്പിച്ചു പള്ളവനും ആളുകളുംകൂടി ആറിന്റെ അതിരുമിട്ടു കൽത്തറയും കുത്തിപൊക്കി വിവരം തിരുമനസ്സറിയിച്ചു തിരുമനസ്സുകൊണ്ടു ദേശികളേയും ധരിപ്പിച്ചു എല്ലാവരുംകൂടി ചിന്തിച്ചതിൽ ഗണപതിക്ഷേത്രം മുമ്പിനാലെവച്ചുപോയിരിക്കുന്നു എന്നിരിക്കിലും ഇനിമേൽ ദേശകാരണംപ്രതി അടിമകളെ കുടിയിരുത്തിയല്ലാതെ രാജനിലയം വപ്പിക്കുന്നതു യുക്തമല്ലെന്നു കല്പിച്ചു വള്ളവനെ കുടിയിരുത്തുന്നതിനു കൈമ്മളോടു നിയോഗിക്കകയുംചെയ്തു കല്പന പ്രകാരം കൈമ്മൾ ഒരു നാളിൽവള്ളവനേയുംകൂട്ടിച്ചുഗണപതികോവിലിൽവന്നിരുന്നു. ഈ ദേശത്തു വള്ളവനെ കുടിയിരുത്തണമെന്നു കല്പിച്ചിരിക്കുന്നു. അതിനു ഒരു സ്ഥാനം നിശ്ചയിക്കാനായിട്ടാണ് ഇപ്പോൾ നാം ഇവിടെ എത്തി നിന്നെ വരുത്തിയതെന്നു വള്ളവനോടു അരുളപ്പാടുചെയ്തു. അപ്പോൾ എനിയ്ക്കു എന്റെ ഉടയതിനു എടംവെയ്ക്കുന്നതിനടുത്തു അഞ്ചാറിൽ തറകുത്തിക്കൊള്ളാം എന്നറിയിച്ചു ആകട്ടെ ആ ആറിൽ തറ കുത്തി വസ്തു അറിയിക്കണമെന്നു നിയോഗിച്ചു പിരിയുകയും ചെയ്തു. അപ്രകാരം വള്ളവൻ തറകുത്തി വസ്തുത അറിയിച്ചു. വള്ളവനെയും കൂട്ടി

ച്ചുപോയി വിവരം തിരുമനസ്സറിവിച്ചു. വള്ളുവൻ തറകെത്തിയതു എവിടെയെന്നു കല്പിച്ചു ചോദിച്ചു. ഇടത്തിനു തറകെത്തിയതിനു അടുത്തുതന്നെയെന്നു അറിയിച്ചതിൽ സന്തോഷിച്ചു അടുത്ത നാൾ കൈമ്മൾ കൂടിപ്പോയി കൂട്ടിയിരുത്തികൊൾക തന്നെ എന്നു കല്പിച്ചു. അപ്രകാരം ൯൮൨ മേടഞായർ ൨൭-ാനു ആഞ്ഞായിൽ തറയിൽ മാടം കെട്ടിച്ചു വള്ളുവനെയും കുടിയിരുത്തി പിന്നത്തതിൽ തണ്ടാനെ കുടിയിരുത്തണമെന്നു ദേശികൾ തിരുമനസ്സറിയിച്ചിരിക്കുന്നപ്രകാരം കല്പിക്കയാൽ ദേശികളുടെ അടുക്കൽപോയി ദേശികൾ തണ്ടാരനവരുത്തി കൈമ്മളെ കൂട്ടി ഏല്പിച്ചിരിക്കുന്നു എന്നും കല്പിച്ചു ഇനി നമ്മുടെ തമ്പുരാൻ തിരുമനസ്സിലെ ഇടം തീൎന്നു എഴുന്നള്ളി ഇരുന്നതിന്നുമേൽ വേണം വേറെ ഒരു കുടി വാഴിക്കാൻ എന്നും അതിലേക്കു വേണ്ടുന്ന അംഗങ്ങൾ തണ്ടാനുംകൂടി ശേഖരിച്ചു കൊള്ളട്ടെ എന്നും അതിനായി തണ്ടാനും എന്നോടികൂടിപോനാകൊള്ളട്ടെഎന്നും ദേശികളെ അറിയിച്ചു തണ്ടാനെയും കൂടെകൊണ്ടുപോരികയുംചെയ്തു. അതണ്ടാൻ കിടങ്ങാറുകോട്ടുകൂവൽ കിടങ്ങിൽ താമസിപ്പൂതും ചെയ്തു. പിന്നത്തതിൽ ഇടംപണിക്കടേൻ വേണ്ടുന്ന ഉത്സാഹങ്ങൾ ചെയ്യുന്നതിനു തണ്ടാനെനിയോഗിക്കുകയും ചെയ്തു. തണ്ടാനുകീഴ്പ്പെട്ടു കൊള്ളുന്നതിനു വള്ളുവനെയും നിയോഗിച്ചു. തണ്ടാനും വള്ളുവനും ആളകളും കൂടി ചേരിക്കലിൽ കൃഷികാൎയ്യങ്ങളും തുടങ്ങി വാച്ചാലും കററിയും തോണിയും ഉണ്ടാക്കുന്നതിനു നിശ്ചയിച്ചു അങ്ങനെയിരിക്കെ ഇടത്തിനും ആററിനും അടുത്തു തണ്ടാനു കുടിയിരിപ്പാൻ തറയും ചമച്ചു. ഇടംപണിക്കായി ദേശികളുടെ മലയിൽനിന്നും കല്ലും മരവും തണ്ടാൻമുഖേന വന്നു ചേൎന്നു വിവരം കൈമ്മൾ തിരുമനസ്സറിവിച്ചു. തച്ചുമ്മാരെ വേണമെന്നും അവരെ പെരുമ്പുരത്തിൽനിന്നും കൈമ്മൾ വരുത്തിക്കൊണ്ടുപൊയ്ക്കൊള്ളുകയെന്നും കല്പിച്ചു. വിവരത്തിനു കുഞ്ഞുപ്പണിക്കെക്കു സാധനം അയച്ചു കല്ലനേയും മരആശാരിയേയും മരപ്പടിയും കുഞ്ഞുപണിക്കർ അയച്ചു ദേശികൾ മുഖാന്തിരം തണ്ടാൻ വാളുകാരെയും വരുത്തി ആശാരിയെശട്ടംകെട്ടി വാളും ഏല്പിച്ചു അറപ്പുപണിയും തുടങ്ങി കിടങ്ങാറിൽ നിന്നു കൈമ്മൾ കൊല്ലനെയും വരുത്തി ൯൮൭ ചിങ്ങഞായറിൽ തിരുവാഴപ്പള്ളിൽ യോഗം കൂടി കുഞ്ഞുപ്പണിക്കരും കൈമ്മളും ദേശി

കളും തിരുമനസ്സുകൊണ്ടു തോണിയേറി എഴുന്നള്ളിവന്നു് വള്ളുവനെയും തണ്ടാനെയും തച്ചന്മാരെയും ഭരമേല്പിച്ചു ഇടത്തിൽ സ്ഥാനം നിശ്ചയിച്ചു കല്ലിടുവിക്കയും ചെയ്തു. പണി നടത്തിച്ചു കുറതീൎപ്പിച്ചു വിവരം അറിയിച്ചുകൊള്ളുന്നതിനു കൈമ്മളെ ചുമതലപ്പെടുത്തി എല്ലാവരും മടങ്ങിപ്പോകയുംചെയ്തു. ക്രമത്തിൽ പണി നടത്തിച്ചു. പുഷ്യമാസേ വാസ്തുബലി നടത്താമെന്നു അറിയിച്ചു. അപ്രകാരം പുഷ്യത്തിൽ എഴുന്നള്ളി ദേശികളെയും വരുത്തി തച്ചന്മാരെക്കൊണ്ടുവാസ്തുദേവതാ ബലി കഴിപ്പിച്ചു. നാളികേരം ഉടപ്പിച്ചു പൂവിട്ടു ലക്ഷണം കണ്ടു. ദേശികളെക്കൊണ്ടു ശുദ്ധികഴിപ്പിച്ചു തറയിൽ പുലിത്തോൽ വിരിച്ചു കൈമ്മൾ ഇരുന്നു കരിക്കെടുത്തു ജലപാനം ചെയ്തുകൊള്ളുമാറു് തിരുമനസ്സുകൊണ്ടും ദേശിബ്രാഹ്മണരും കല്പിച്ചമേക്കു് അപ്രകാരം ചെയ്തു കരിക്കിൻ ഉച്ഛിഷ്ടം തണ്ടാനുകൊടുത്തു താഴെ ഉള്ള കരിക്കു താൻ കുടിച്ചാലും എന്നു കല്പിച്ചു് അനന്തരം ദേശികൾ മടപ്പള്ളിയിൽ പ്രവേശിച്ചു അടുപ്പിട്ടു പശുവിൻ പാൽ കാച്ചി രാജാവും ദേശികളും ഭുജിച്ചു കൈമ്മളെയും മററുക്രൂടിയവരെയും ഭുജിപ്പിച്ചു അരികോപ്പുകൾ ഒരുക്കി എല്ലാവരും മൃഷ്ടഭോജനം കഴിഞ്ഞു കോയിക്കൽ എഴുന്നള്ളിയിരുന്നു നമ്മുടെ ദേശം ഭരിച്ചു രാജഭോഗം വാങ്ങിക്കൊൾക. എന്നാളും എന്നു കല്പിച്ചു ദേശികൾ മടങ്ങിപ്പോകയും ചെയ്തു. അനന്തരം ഒരുമാസകാലം എടത്തിൽ കോയിക്കലിൽ എഴുന്നള്ളി പാൎത്തു് അതിനിടക്കാലം തണ്ടാനു സ്ഥാനം കൊടുക്കണമെന്നു ദേശികൾ അപേക്ഷിക്കയാൽ ആററിനു ദക്ഷിണഭാഗം അടുത്തു കുടിയിരിക്കയെന്നും കുടിയിൽ പണിക്കൻ എന്നും സ്ഥാനവും കുടിയിരിപ്പും കല്പിച്ചു കൈമ്മൾക്കു പൎയ്യായമായ മാടമ്പിസ്ഥാനത്തോടുക്രൂടി ഈ ദേശാധികാരവും വഹിച്ചുകൊള്ളും എന്നും കീഴിൽ പണിക്കരെക്കൊണ്ടും അതിൻകീഴിൽ വള്ളുവനെക്കൊണ്ടും വഹിപ്പിച്ചുകൊള്ളുകയെന്നും കല്പിച്ചു തിരികെ എഴുന്നള്ളുകയുംചെയ്തു. പിന്നത്തതിൽ രാജാവു ശിക്ഷാരക്ഷാദിരാജശാസനങ്ങളും നടത്തി രാജഭോഗം വാങ്ങിക്കൊള്ളട്ടെ എങ്കിലും ആ ഭൂമി നമ്മുടെ തനതായിരിക്കണം കുടികൾ നമുക്കു് അടിമപ്പെട്ടാരായിരിക്കണം എന്നിപ്രകാരം ആലോചിച്ചു് അപ്രകാരം ആവൃത്തും കല്പിച്ചു് ആതനാട്ടുനിന്നും കുടിയങ്ങളും രാജശിക്ഷ ഭയന്നു ഒളിച്ചോടി ദേശംവിട്ടു

ദേശികളെ ആശ്രയിച്ചു പാൎത്തുവന്ന ഒരുകൂട്ടം പരിഷയെ തങ്ങളുടെ ചേരിക്കൽ കളത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഗണപതി ക്ഷേത്രത്തിന്ന വാമഭാഗത്തു ചേരിക്കൽ കൃഷിമേൽക്കാൎയ്യമായി ചെറുചേരിക്കൽ കുടിയിരുത്തുമാറു കല്പിച്ചു ഓടിവന്ന പരിഷയെ ദേശികൾ രാജാവിനെ ഏല്പിച്ചു അവിടെനിന്നു വള്ളുവനെയും പണിക്കനെയും കൊണ്ടു തറതീൎപ്പിച്ചു കുടിയിരുത്തുക എന്നും അതിലേക്കു കൈമ്മളെയും മുമ്പതലപ്പെടുത്തി ദേശികൾ തന്നെപോയി തങ്ങൾക്കു അടിമപ്പാട്ടമായി കുടിയിരുത്തികൊൾവൂ എന്നും കല്പിച്ചു അപ്രകാരം തറതീൎപ്പിച്ചു കൈമ്മളും പണിക്കനും വള്ളുവനും യഥാക്രമത്തിൽ പോയിരുന്നു കുടിയിരുത്തിയവരോടു താനും പിരിയായ്ക എന്നു പ്രതിജ്ഞ ചെയ്യിച്ചു വാഴുന്നൊരുനാൾ ദേശികളെ ചെന്നുകണ്ടു തനിക്കൊരു സ്ഥാനവുംതൊഴിലും അപേക്ഷിച്ചു. കൈമ്മളെ പിൻതുടൎന്നും പണിക്കനെയും വള്ളുവനെയും മുമ്പിട്ടുചേരിക്കൽ കുറിപ്പതാക അക്കഴനി കൃഷിക്കുവേണ്ടി ആദിയിൽ കൈതകുത്തി ആളടിമതേറികൊൾവാൻ ആജ്ഞയെ ചെയ്തുകൊൾവൂ ആൾഭോഗം പററികൊൾവൂ ആവണിഓണം ആദിനാളിൽ ഏത്തപ്പാദിവച്ചുവണ്ടു ആണ്ടുതോറും പുഴുക്കിക്കൊൾവൂ ഇപ്രകാരം കല്പിച്ചു ദേശികളോടു വിടയും കൊണ്ടുവന്നിരിപ്പുതുംചെയ്തു. അങ്ങിനെ ചെന്നൊരു കുറഞ്ഞൊരുനാൾ ധൎമ്മമത്തു ഒളിച്ചോടിപ്പോയൊരു പരിഷയെ കൈപ്പുഴ സ്വരൂപത്തിങ്കലെ പട്ടോല മേനവനെ ഭരമേല്പിച്ചു കാരയ്ക്കൽ കുടിയിരുത്തിക്കയുംചെയ്തു അങ്ങിനെ ഇരിക്കുംകാലം ഉദയമാൎത്താണ്ഡവൎമ്മ തിരുമനസ്സിലേക്കു രാജയക്ഷ്മാവിന്റെ ഉപദ്രവങ്ങളായ ആലസ്യങ്ങൾ കൊണ്ടു രാജ്യകാൎയ്യങ്ങളിലും ഉദാസീനനായിതീൎന്നു കൈമ്മളും കഞ്ഞുപണിക്കരും ആദിത്യവൎമ്മ ഇളയതിരുമനസ്സുകൊണ്ടും വേണ്ടുന്നകാൎയ്യങ്ങൾ ചിന്തിച്ചും മനസ്സചെലുത്തിയും നടത്തിപ്പൂ എന്നും കല്പിച്ചു ചികിത്സക്കായി തളിയിൽ കോട്ടയ്ക്കകത്തു എഴുന്നള്ളിപാൎക്കയും ചെയ്തു. ആയവസരത്തിൽ കഞ്ഞുപണിക്കരോടു ഇളയതിരുമനസ്സിലേക്കു കുറഞ്ഞൊരു പ്രത്യേകതിരുവുള്ളം ഉണ്ടായി തിരുവാഴപ്പള്ളിക്ഷേത്രത്തിൽ ദേശികൾ യോഗം കൂടുമ്പോൾ കൈമ്മളുംകുഞ്ഞുപണിക്കരും ഒരുമിച്ചു ഇളയതമ്പുരാനും എഴുന്നള്ളി ദേശികളോട് ഇപ്രകാരം കല്പിച്ചു ദേശികളുടെ മദ്ധ്യത്തിൽ മണ്ഡ-

പത്തിനകത്തു കൈമ്മൾക്ക ഒരിക്കൽ ഇരിക്കാമെന്നുള്ള സ്ഥാനംപണിക്കക്കും കൊടുക്കയല്ലെ വഹിയാ വഹിയാ എന്നുദേശികൾ പൊടുന്നനവേ നിഷേധിച്ചു തന്നിമിത്തം ആദിത്യവൎമ്മാ നീരസത്തോടുകൂടി മടങ്ങി എഴുന്നള്ളി കൈമ്മൾക്ക ദേശികളിൽ അന്തരാൽ പൂൎവ്വാധികം താല്പൎയ്യവും ഉണ്ടായി വലിയ തമ്പുരാൻ ആലസ്യത്തിലും ഇളയതമ്പുരാൻ മനോവ്യഥയിലും ആയിതീൎന്ന ആ അവസരം കണ്ടുദേശികൾ ചേരിക്കൽ തുടങ്ങി എത്തുപെട്ടുകൂടുന്ന ഭൂമികൾ താങ്കൾക്കുള്ളവയാക്കിയും ഭോഗങ്ങൾവാങ്ങിയും നടക്കേണ്ടതെന്നു നിയമം വച്ചുതുടങ്ങി തണ്ടാനെരാജാവിനെ ഏൽപിച്ചു സ്ഥാനംകൊടുപ്പിച്ചുവകക്കാറതിൽ കൂടികിട്ടുന്ന അടിമകളെ ഇളയചേരിക്കൽ തണ്ടാനായിരിപ്പതും കല്പിച്ചുദേശികൾ തങ്കൾതന്നെകുടിയിരുത്തി കുറഞ്ഞൊരുനാൾ ദേശികൾ ദേശം ഭരിക്കയും ചെയ്തു വരുമ്പോൾ വലിയ തമ്പുരാൻ തിരുമനസ്സിലേക്ക ആലസ്യം കുറഞ്ഞൊന്നു ഭേദമായി തിരികെ എഴുന്നെള്ളി വസ്തുതകൾ അറിഞ്ഞു യദൃഛയാ കിട്ടിയ ദേശാധികാരം യദൃഛയാകളയുന്നതു വിഹിതമല്ലെന്നും ദേശികളോടു മത്സരം തരമാകയില്ലെന്നും യോജിപ്പിച്ചു കാൎയ്യസാദ്ധ്യം വരുത്തികൊള്ളാമെന്നും കല്പിച്ചു മിത്രബാന്ധവത്തായി എടത്തിൽ എഴുന്നള്ളി പാൎക്കയുംചെയ്തു. തല്ക്കാലം തമ്പുരാട്ടിമാരുടെ പരിചാരത്തിനും അച്ചിമാരായിട്ടും വണ്ടിപ്രവൃത്തികൾക്ക നായന്മാരായിട്ടും നാലു പരിഷകളെയും അടിച്ചുതളി അടിഇല എടുപ്പ്‌വകക്ക ഒരു പരിഷയെയും സൂതികാഗൃഹചൎയ്യക്ക ഒരുപാദമംഗം പരിഷയേയും വരുത്തി കുടിയിരുത്തിപ്പുള്ളും ചെയ്തു തല്ക്കാലം ദേശികൾ പോന്നുവന്ന രാജകരത്തങ്കൽനിന്നും ദേശം ഉപേക്ഷിച്ചുവോ എന്നുശങ്കിച്ചാണ ഞങ്ങൾ പ്രവേശിച്ചതെന്നും ഇനി യഥേഷ്ടം ഭരിച്ചുകൊൾവൂ എന്നും കല്പിച്ചു സന്തോഷേണ സല്ക്കരിച്ചു മടങ്ങുകയുംചെയ്തു. അപ്രകാരം സുഖമേ പന്തീരാണ്ടുകൊല്ലം ചെന്നൊരുശേഷം ഷധൻ-ൽ വീണ്ടും ആലസ്യം വൎദ്ധിക്കയാൽ തിരുമനസ്സുകൊണ്ടുതളിയിൽ എഴുന്നെള്ളുകയും ചെയ്തു. അക്കാലം കൈമ്മളോടു കല്പിച്ചതു എന്തെന്നാൽ ഇനി നമ്മുടെ കുടുംബങ്ങൾക്ക രക്ഷക്കവേണ്ടി മുട്ടാറുദേശത്തു കൈമ്മളുടെ ഒരു കുടിയിരിപ്പും ഉണ്ടാക ആവശ്യമത്രെ എന്നാകുന്നു അപ്രകാരം ആവട്ടെ എന്നു അനുവാദവും കൊണ്ടു വന്നതിന്റെ അന-

ന്തരം മുട്ടാറ എടത്തിൽ വന്നിരുന്ന വള്ളുവനെയും പണിക്കരെയും ചെറുചേരിക്കൽ കറുപ്പിനെയും വരുത്തി നമുക്കും ഒരു കുടിയിരിപ്പു വേണമെന്നു കല്പിച്ചിരിക്കുന്നു. അതിന്നായി കിടങ്ങാററിൽ നിന്നു ദൃശ്യമാകത്തക്കവണ്ണം വള്ളുവന്റെ വട്ടക്കഭാഗാ പൂർവ്വശോഭമായ ഒരുസ്ഥാനം ഉണ്ടാക്കുകയെന്നു നിയോഗിക്കുകയും ചെയ്തു. അപ്രകാരം കേട്ടു അവരും അത്യധികം സന്തോഷിച്ചു ക്ഷണംകൊണ്ടു സ്ഥാനം ഉണ്ടാക്കുകയുംചെയ്തു. നമ്മുടെ സ്ഥാനത്തു ഭൂപരിത്രാണാർത്ഥം സർപ്പപ്രതിഷ്ഠകഴിപ്പിക്കയത്രെ എന്നു നിശ്ചയിച്ചു മഠവുംകൂടി തീർപ്പിച്ചു മഠത്തിൽ നീങ്ങിപ്പാർക്കയും വേണമത്രേ എന്നു ചെറുചേരിക്കൽ കറുപ്പു മുതൽപേരുടെ നിർബ്ബന്ധവശാൽ മഠവും പണികഴിപ്പിച്ചു ദേശികളെ വരുത്തി കിടങ്ങാംകുന്നുന്തറയിൽ നിന്നും രണ്ടു സർപ്പവിഗ്രഹം എടുപ്പിച്ചു വരുത്തി ഗണപതിഭഗവാനെ ആശ്രയമായിരിക്കയെന്നു പശ്ചിമമുഖമായി പ്രതിഷ്ഠിച്ചു ശുദ്ധിവരുത്തി സർപ്പമൂലംപാട്ടു കുന്നുംതറ എന്നുതന്നെ നാമവും കല്പിച്ചു എഴുന്നെള്ളി ഇരുന്നു ആദിത്യവർമ്മ ഇളയതമ്പുരാനും ദേശികളുംകൂടി തറമേ വാഴക ഇല്ലത്തിൽ പോങ്ങാട്ടുകൂററിൽ പേരകത്തു കൈമ്മൾ കുന്നുംതറ കൈമ്മൾ എന്നു കല്പിക്കയുംചെയ്തു മഠത്തിനു ദേശികളാൽ പുണ്യാഹം ചെയ്യപ്പെട്ടു ദക്ഷിണരാജാവിനാൽ കൊടുക്കപ്പെട്ട മൃഷ്ടഭോജനം ഒരുക്കി ഒന്നാമതു ദേശികൾക്കും രണ്ടാമതു രാജാവിനും മൂന്നാമതു കൈമ്മൾക്കും അകത്തു ഭക്ഷണം നിയമിച്ചു അന്യഥാ ആളുകൾക്കു അകത്തു ഭക്ഷണം വഹിയാ എന്നും അങ്ങിനെ വന്നാൽ ദേശികൾക്കു പുനർഭക്ഷണത്തിനു പുനശ്ശുദ്ധി ആവശ്യമെന്നും വിധിക്കയാൽ കുറുപ്പു മുതലായവർക്കു യഥാക്രമം പുറത്തു ഭക്ഷണവും നടത്തി എല്ലാവരും സന്തോഷസമേതം പിരികയും ചെയ്തു. ഇപ്രകാരം എടത്തിൽ എഴുന്നള്ളിപ്പാർത്തവരുടെ ഭരണക്കാര്യാർത്ഥം ചധൻ-ാമതു വൈശാഖത്തിൽ കുടിയിരിപ്പും ചെയ്തു വലിയ തമ്പുരാൻ തിരുമനസ്സലേക്കു ആലസ്യം ക്രമേണ വർദ്ധിച്ചു [illegible] കർക്കടകത്തിൽ തളിയിൽവച്ചു ചരമഗതിയെ പ്രാപിച്ചു. സകലമാനപ്രജകളും കൂടി ശ്മശാനാനന്തരം വേണ്ടുന്ന കർമ്മങ്ങളെ നിവർത്തിച്ചു ശേഷം ആദിത്യവർമ്മതിരുമനസ്സിലേക്കു പട്ടാഭിഷേകം ആരംഭിച്ചു; ആ അടിയന്തിരം പ്രമാണിച്ചു കിടങ്ങാറു എടത്തിനു മട്ടാറു എടത്തിലും നാട്ടകം എടത്തിലും പുഴവാതു

എടത്തിലുമെഴുന്നെള്ളി പാൎത്തിരുന്നു ആബാലവൃദ്ധം തളിയിൽ
എഴുന്നെള്ളി ക്രമപ്രകാരം അടിയന്തിരം നടത്തിവരികയും ചെയ്തു.
ചിങ്ങത്തിൽ ആദിത്യവൎമ്മ തിരുമൂപ്പേല്ക്കയും ചെയ്തു. അനന്തരം
മുട്ടാറ എട്ടത്തിലും കിടാങ്ങാറ എടത്തിലും തമ്പുരാട്ടിമാർ തിരി
യെവന്നില്ല. പുഴവായ്ക്കു എടത്തിലും നാട്ടകത്തു ശ്രാമ്പിയിലും
തളിയിലും താമസിച്ചിരുന്നു. തളിയിൽ തിരുമുമ്പാകെ മുഖം
കാണിക്കുന്നതിനായി മലമേൽ കുന്നത്തു കണ്ടപ്പണിക്കർ മുതൽ
പേരുവരികയും അവർ മുഖാന്തിരം തിരുമനസ്സിലെ വകയായി
ഒരുആശാപതഥ ഭദ്രദീപം ഉണ്ടാക്കിച്ചു വ്യാഘ്രപാദ മഹാദേവ
ങ്കൽ നടക്കുവെച്ചാൽ കൊള്ളാമെന്ന് അപേക്ഷിക്കയും ചെയ്തു.
അപ്രകാരമെന്നും അതിലേക്കു കൈമ്മൾ ശ്രമിച്ചു മഞ്ചാടി
ക്കരെ ശില്പിയെകൊണ്ടു പണികഴിപ്പിച്ചു കൈമ്മളുംകൂടിപോയി
ഇന്നേദിവസം ൯൨൫-ാമതു കന്നി ൨൦-ാനു- തെക്കുംകൂറ്റിൽ
ആദിത്യവൎമ്മനോടും കല്പിച്ചു വൈക്കെന്നു വിവരം വെട്ടിച്ചു
നടക്കു വെപ്പിച്ചുവരിക എന്നും കല്പിച്ചു. പിന്നത്തെതിൽ
ശില്പിയെ വരുത്തി ഭദ്രദീപം പണികഴിപ്പിച്ചു കല്പിച്ചു കല്പന
പോലെ നടക്കു വെപ്പിക്കയും കഴിഞ്ഞു തിരികെപോരുന്ന
തിനു കടവിൽ വന്നു തോണിയേറുമ്പോൾ തോണി പോകുന്ന
കടവിൽ വന്നുചേൎന്നു ഒരു നസ്രാണി, യജമാനൻ എന്നെരക്ഷി
ക്കണം എന്നു അഭയം പുകയാൽ തലയ്ക്കൽ കേറട്ടെ തരകൻ
എന്നു ആജ്ഞാപിക്കയുംചെയ്തു. അപ്രകാരം തോണി തലയ്ക്കൽ
കേററി തളിയിൽ വന്നു വിവരം ഒക്കെയും തിരുമനസ്സറിയിച്ച
പ്പോൾ ഈ വിശേഷവും അറിവിച്ചു ഉളശയൽ തരകനോടു
കൂടിപാൎക്കട്ടെ എന്നും അവൻ കൈമ്മളുടെ വരുതിയിൽ ഇരുന്നു
കൊള്ളട്ടെ എന്നും കല്പിച്ചു പിന്നത്തെതിൽ ആദിത്യവൎമ്മ പുഴവാ
തിൽ എഴുന്നെള്ളുകയും ചെയ്തു. അങ്ങിനെ പാൎത്തുവരുമ്പോൾ
ഉളശതരകൻമാരിക്കയും ഭാൎയ്യയോടുവന്നുകൂടിയ നസ്രാണിച്ചെച്ചു
പിടിക്കയും ചെയ്തതിന്റെ ശേഷം അവളെയും കൊണ്ടു ഇവൻ
ദേശാന്തരഗമനം ചെയ്യുമെന്നു ആരോ തിരുമനസ്സറിവിച്ചതി
നാൽ കൈമ്മളുടെ നസ്രാണിയെ ഗ്രഹാനാട്ടിൽകൊണ്ടുപോ
സ്ഥലിക എന്നു കല്പിച്ചു എങ്കിൽ മുട്ടാറ തന്നെ ആകട്ടെ എന്നു
നിശ്ചയിച്ചു വള്ളംപര മുതലാനപേരുകളായ തറ ചമപ്പിച്ചു
പുത്തൻ പുര കെട്ടിച്ചു വൈക്കത്തരകനെയും ഉളശയിൽ തര
കന്റെ ഭാൎയ്യയായിരുന്ന പെണ്ണിനെയും ഒരുമിച്ചു കൊണ്ടു

പോന്നു പുത്തൻപുരക്കൽ തരകൻ എന്നു സ്ഥാനവും വക്കൻ എന്നു പേരുംകൊടുത്തു തണ്ടാനെ പക്കവും കരുതി ൮൯൮-പുഷ്യത്തിൽ കുടിയിരുത്തുകയും ചെയ്തു. അനന്തരം ദേശിക ളിൽ വെളിനാട്ടധികാരി കുട്ടാബമററം വടക്കംക്കൂററിൽനിന്നും കൊണ്ടുവന്നു തന്റെ ദേശത്തു കുടിയിരുത്തിയ ഒരു പരിഷയെ തോണികുത്തുന്നതിനു കൂട്ടിക്കൊണ്ടു നടന്നുവരവെ മുട്ടാറു എട ത്തിൽ ആദിത്യവർമ്മവലിയതമ്പുരാൻ എഴുന്നെള്ളിയിട്ടുണ്ടെന്നു അറിഞ്ഞു അവിടെ വന്നു മുഖം കാണിച്ച സമയം ശിഷ്യൻ അടിയനും തിരുമനസ്സിലെ ദേശത്തു ഒരു കുടിയിരിപ്പു വേണ മെന്നു അറിയിക്കയാൽ ആകട്ടെ കൈമ്മളെ ധരിപ്പിച്ചു നട ത്തിക്കയെന്നു കൽപ്പിക്കയാൽ ദേശിബ്രാഹ്മണൻ വിവരം പറ യുകയും ഇവൻ വടക്കംക്കൂററുകാരൻ ആകയാൽ ഒന്നു പടക്കൂ ക്കൂടി കൂടിക്കിടക്കട്ടെഎന്നു അതിലേക്കു തറയുംകുത്തിച്ചു പുരയും കെട്ടിച്ചു ൻൽ മേടത്തിൽ കുടിയിരുത്തുകയും ചെയ്തു. അങ്ങനെ കുടിയിരുത്തിയ പരിഷയുടെ ബന്ധുവായിട്ടു പെരുമ്പടപ്പിൽ നിന്നും വടക്കംക്കൂററിൽ പൊന്നുവന്നിരുന്ന ഒരു പരിഷ വസ്തുത അറിഞ്ഞു തൃപ്പാദം കണ്ടു തൊഴുന്നതിനു വരുമ്പോൾ നാട്ടകം ശ്രാമ്പിക്കൽ എഴുന്നെള്ളി ഇരിക്കയാൽ അവിടെചെന്നു തൊഴുതു വസ്തുത അറിയിക്കും വിഷയെ വൈക്കത്തു വന്നുകൂടിയ തരക ന്റെ സഹോദരിയുംഭർത്താവും കൊരക്കേണിൽനിന്നും കൊടു ങ്ങല്ലൂരു * എത്തി എടപ്പള്ളി കണ്ടു വൈക്കം എത്തി അവിടെ നിന്നും നാട്ടകം ശ്രാമ്പിക്കൽ വന്നുചേർന്നു. അപ്പോൾ തൊഴുതു നിന്ന പരിഷയുമായി വന്നുചേർന്ന നസ്രാണിക്കു മുഖപരിചയം തോന്നുകയാൽ തമ്മിൽ സംസാരിക്കയും നസ്രാണി കുറഞ്ഞൊരു നാൾ എടപ്പള്ളികിടക്കുന്നാൾ സഹായംചെയ്തു ആളാണെന്നു ഓർമ്മയുണ്ടാകയാൽ ഒരറിവുകൊടുത്തു എടപ്പള്ളിൽ ദേശാധി പൻ തന്റെ ഉച്ഛിഷ്ട പരിഷയെ അശേഷവും അവിടത്തെ ഓണാട്ടുദേശത്തു കുടിയിരുത്താനായി കൊണ്ടു പോയതായി. നസ്രാണി അറിഞ്ഞുചെന്നു എന്നു ആ വസ്തുതയും തിരുമനസ്സ റിയിച്ചു നസ്രാണി എത്തിയ വസ്തുതയും അറിയിച്ചു അവൻ എവിടെ എന്നുകല്പിച്ചപ്പോൾ ശ്രാമ്പിക്കൽ നിൽക്കുന്നു എന്നു അറിയിച്ചു ശ്രാമ്പിക്കൽ നിൽക്കട്ടെ നീ പൊയ്ക്കൊൾകതന്നെ

* "കൊടുങ്ങല്ലൂർ" ആയിരിക്കണം.

എന്നും കല്പിച്ചരുണ്ടുനീട്ടും കൊടുത്തു ഒന്നു നൂതനമായി മുട്ടാറ ദേശത്തു തറയുണ്ടാക്കികൊടുത്തു കുടിയിരുത്തി കൊള്ളുകയെന്നു കൈമ്മൾക്കും ഒന്നും ഇവനു വേണ്ടുന്ന പെൺപരിഷകളെ നമ്മുടെ ദേശത്തു കുടികിടപ്പതിന്നു അയച്ചു കൊടുക്കേണ്ടതത്രെ എന്നു ഇടപ്പള്ളിസ്വരൂപത്തിങ്കലേക്കും അപ്രകാരം തിരുവെഴുത്തുംകൊണ്ടു വന്ന പരിഷയ്ക്കു തണ്ടാൻ പണിക്കൻ വള്ളുവൻ മുതൽപേരെകൊണ്ടു ചേരിക്കൽ കിഴക്കേഅരികിൽ തറയും കുത്തിച്ചു മുണ്ടത്തുരുത്തിൽ നായരെന്ന സ്ഥാനവും കൊടുത്തു പെൺപരിഷകളെകൊണ്ടുവന്നു പാർപ്പിക്കയെന്നു അനുവാദവും കൊടുത്തു. അനന്തരം ഇടപ്പള്ളിൽനിന്നും എഴുന്നെള്ളിയിരിക്കുന്ന ചെന്നിത്തലമഠത്തിൽ എത്തി അനുവാദപ്രകാരം ആ നായർ അവിടെനിന്നും തന്റെ പെൺപരിഷകളെയുംകൊണ്ടു പോന്നു കുടിപാർക്കുകയും ചെയ്തു. തിരുമുൻപാകെ നിന്നിരുന്ന നമ്പ്രാണി കല്പനപ്രകാരം കൈമ്മളെ ചെന്നുകണ്ടു. പുത്തൻപുരക്കൽതരകന്റെ തക്കബന്ധുവായി പാർത്തുകൊള്ളുകയെന്നും മുട്ടാററിൽ കുടിയിരുത്തുകയുംചെയ്തു. ചെമ്പകശ്ശേരിൽനിന്നും വന്നതായ ഒരു പരിഷയേയും അയ്ക്കപ്പെട്ട രണ്ടു പരിഷയേയും തണ്ടാനും തരകനും വടക്ക മൂന്നു കുടി ഇരുത്തിക്കയും ചെയ്തു. അങ്ങനെ ഇരിക്കുന്നാൾ ദേശികളോടും കൂടി മേനവൻ വന്നു ദേശികൾ തനിയ്ക്കു അടിമപ്പെട്ടുതന്നിരിക്കുന്നു പരിഷയ്ക്കു സ്വദേശിയാണു ചെറുചേരിക്കൽ കുറുപ്പെന്നും ആ പരിഷയെ കൂടി കുറുപ്പിന്റെ സമീപം കുടിയിരുത്തിക്കണമെന്നു മേനവന്റെ അപേക്ഷപ്രകാരം ദേശികൾ കല്പിച്ചു അപ്രകാരം ആകട്ടെയെന്നുംകുറുപ്പു വടക്കുംകൂററിൽ നിന്നും വന്നു കുടികിടക്കുന്ന പരിഷയോടുംകൂടി പോയി കൊണ്ടു പോരികയെന്നും ആജ്ഞാപിച്ചു അപ്രകാരം ഇരുവരുംകൂടി കൊണ്ടുവന്നു. തണ്ടാനും മുണ്ടൻതുരുത്തിന്നും മദ്ധ്യേ കൈതക്കാൽ തറകുത്തിച്ചു കുടിയിരുത്തുകയുംചെയ്തു. മേനവന്റെ അപേക്ഷപ്രകാരം ദേശികൾചേരിക്കൽ കുറുപ്പിന്നും താഴെചേരിക്കൽ പണിക്കരെന്നസ്ഥാനവും കുറുപ്പിനു പിൻതുടർന്നു കൂടികൊൾക എന്നും ജോലിയും കല്പിച്ചു അനന്തരം തൊണ്ണൂററിഏഴിൽ മൂത്തകൈമ്മൾ പുത്തൻപുരക്കൽ തരകനെയും വടക്കൻകൂർ പരിഷയെയും വന്നേലത്തു നായരേയുംകൊണ്ടു വൈക്കത്തു പോകുന്നതിന്നു കായൽതെക്കേക്കരെ ചെന്നു നേരം അകാലമാകയാൽ ഒരു കൂർക്കൽ ആടു

ണ്ടു കെട്ടുകയും വടക്കുംകൂർ പരിഷയുടെ ദുഃഖനിമിത്തം അവിടെ ഒരു പെൺപരിഷയോടു സംസർഗ്ഗം ഉണ്ടാകുകയും തിരിച്ചുവരുമ്പോൾ അവളെ കൂട്ടിക്കൊണ്ടുപോരാമെന്നു അനുസരിക്കയും ചെയ്തു. അപ്രകാരം തിരിച്ചുവന്നു കൂട്ടിക്കൊണ്ടുപോരികയും കിടങ്ങൂർ ഇടത്തിൽ കുടിപാർപ്പിക്കയും ചെയ്തു. അപ്രകാരം കുറഞ്ഞൊരുനാൾ താമസിച്ചപ്പോൾ അമ്മമാരിൽ കലഹത്തിനു കാരണമാകയാൽ തനിക്കു വാസസ്ഥാനമായി മഠം വെപ്പിച്ചിരിക്കുന്ന മുട്ടാററിൽ കൊണ്ടുപോന്നു പാർപ്പിക്കയും അതിന്നു കിഴക്കായി തനിക്കു വേണ്ടുന്ന സ്ഥലം കുത്തിപ്പൊക്കി ചട്ടമാക്കുകയെന്നു വള്ളുവൻ മുതലായവരെ ആജ്ഞാപിക്കയും ചെയ്തു. അപ്രകാരം തീർപ്പിച്ചു രണ്ടാമതു മഠവും തീർപ്പിച്ചു പുണ്യാഹം ചെയ്യിക്കണമെന്നു അറിവിക്കയും അന്നു എഴുന്നള്ളിയിരുന്ന തളിയിൽനിന്നും വലിയ തമ്പുരാൻ വാഴപ്പള്ളിൽ എഴുന്നള്ളി ദേശികളും ഒരുമിച്ചു മുട്ടാററിൽ എഴുന്നള്ളി പുണ്യാഹാദികളും നടത്തിച്ചു അപ്പോൾ കൂടെ ഉണ്ടായിരുന്ന വടക്കൻ നമ്പൂരിപ്പാട്ടു ആചാര്യനാകുകയാൽ നമ്മുടെ ഇല്ലപ്പേരു കൈമ്മൾക്കും ഇല്ലകേരവു എന്നും അപ്രകാരമെന്നു കല്പിച്ചും ദേശികളും അനുവാദവും നൽകി എല്ലാവരും തിരികെ എഴുന്നള്ളുകയും ചെയ്തതായ ൯൯ പുഷ്യം മുതൽ കൈമ്മൾ കുടുംബവും സ്ഥാനമാനസഹിതം മാടമ്പു ഭരിച്ചു ദേശഭോഗങ്ങൾ വാങ്ങി എജമാനൻമാരും കുഞ്ഞമ്മമാരും എന്നു സകലാദിജ്ഞയും ചെയ്തു സ്ഥിരവാസവും തുടങ്ങി. അനന്തരം ആദിത്യവർമ്മ തിരുമനസ്സുകൊണ്ടു എടത്തിലും എഴുന്നള്ളി രാജ്യഭരണത്തോടുകൂടി താമസിക്കയും ചെയ്തു. ജനങ്ങളിൽ തിരുമനസ്സിലേക്കും തിരുമേനിയിൽ ജനങ്ങൾക്കും ഭക്തിയും വിശ്വാസവും വർദ്ധിച്ചു സുഖമായി വർത്തിക്കുംകാലം വടക്കുംകൂർ പരിഷ ഒരു ദിവസം ചാത്തൻകരിയിൽപോയി അവിടെയുള്ള നായന്മാരുടെ അനുവാദം കൂടാതെ ദേവിദർശനം ചെയ്തു എന്നുള്ള കാരണവശാൽ അവർ ധിക്കരിക്കയാൽ അവർ സങ്കടത്തോടുകൂടി വന്നു നമ്മുടെ ജനങ്ങൾക്കു മറെറാരുത്തരെതിരിട്ടുകൂടാതെ ദേവിദർശനത്തിനു ഇടയാക്കിത്തരണമെന്നു എജമാനന്റെ അടുക്കൽ അപേക്ഷിച്ചു. തിരുമനസ്സറിയിച്ചു തീർച്ചവരുത്തികൊള്ളാമെന്നു സമാധാനപ്പെടുത്തുകയും ചെയ്തു. അനന്തരം തിരുമനസ്സറിയിച്ചതിനു നമ്മുടെ വള്ളുവനു താമ്രശാസനം ചെങ്ങഴി

മററം ദ്വിജൻ കൊണ്ടുവന്നാക്കിയ വടക്കംകൂർ പരിഷ വടക്കും നാട്ടിൽ പരിചയക്കാരനാകയാൽ അവനുംകൂടി കൊടിലിംഗമഹാദേവിയിങ്കൽ പോയി ഭജിച്ചു ദേവീപ്രസാദത്തോടുകൂടിവരട്ടെ അപ്പോൾ നമുക്കു ഒരു ദേവിപ്രതിഷ്ഠയും കഴിച്ചുകൊള്ളുമാറു കല്പിച്ചു അപ്രകാരം ചട്ടംകെട്ടി അവർ മൂവരേയും കോടിലിംഗപുരിക്കു അയച്ചതിൽ അവിടെ ചെന്നു മണ്ഡലഭജനം കഴിച്ചു ദേവി പ്രസാദിച്ചു വള്ളുവനു ചാമുണ്ഡി മാടൻ എന്നു രണ്ടു മൂർത്തികളെയും തണ്ടാനു രുധിരമാല ചെരിയോൻ എന്നു രണ്ടു മൂർത്തികളെയും നായക്കു രക്തേശ്വരി ഭീമരൂപി എന്നു രണ്ടു മൂർത്തികളെയും കൊടുത്തു കുടുംബ പരദേവതയാക്കി കൊൾകവൂ എന്നും കല്പിച്ചു മടങ്ങി വസ്തുത തിരുമനസ്സറിയിച്ചതിൽ ഇതുകൊണ്ടു നമുക്കു കൃതകൃത്യത വന്നില്ലെന്നും ഈ മൂർത്തികളെകൊണ്ടു വന്നവർ അവരവരുടെ തറപ്പാട്ടിൽതന്നെ കുടിയിരുത്തികൊള്ളട്ടെഎന്നും ഈ മൂർത്തികളെയുംകൂടി ഭജിച്ചുകൊള്ളുമാറു നാം ദേവിപ്രതിഷ്ഠ ചെയ്തുകൊള്ളുമെന്നും കല്പിച്ചു. അനന്തരം വള്ളുവനെ വരുത്തി ദേശികളുടെ ചേരിക്കലിനും നമ്മുടെ ഇടത്തിനും കിഴക്കുപടിഞ്ഞാറു മദ്ധ്യത്തിൽ ഉത്തരദിങ്മുഖമായി ഒരു തറതീർത്തുകൊള്ളുമാറു പണിക്കനെ തീർപ്പിച്ചുകൊള്ളുമാറു കല്പിച്ചു ഭരമേല്പിച്ചു. ദേശബ്രാഹ്മണരിൽ ഒരു തന്ത്രികനെ വരുത്തി വടക്കംകൂററിൽ പരിഷയെയും തോണിയേററി കോടിലംഗദേവിയിങ്കൽപോയി ആയുധം ആവാഹിച്ചു പോരികയെന്നു നിയോഗിച്ചു അയക്കയും ചെയ്തു. അപ്രകാരം ആയുധം ആവാഹിച്ചു കൊണ്ടുവന്നു ചേരിക്കൽ ഗണപതിക്ഷേത്രത്തിൽ വച്ചുബ്രാഹ്മണൻ താമസിക്കയും ചെയ്തു. ഉടൻതന്നെ കൈമ്മളെ കൊണ്ടു വരികയെന്നു വടക്കൻ പരിഷയോടു കല്പിച്ചു വിവരം പോന്നു ധരിപ്പിക്കയാൽ വെക്കം ചെന്നു മുഖം കാണിച്ചു ദേവിപ്രതിഷ്ഠക്കു നമ്മുടെ ഭണ്ഡാരത്തിൽ നിന്നും വേണ്ടുന്ന മുതൽ ചിലവുചെയ്തു. ക്ഷേത്രംപണികഴിപ്പിച്ചുകൊള്ളുകയെന്നും കല്പിച്ചുഅപ്രകാരം ശില്പികളെയുംവരുത്തി പണിയുംആരംഭിച്ചു കല്പിച്ചു നിശ്ചയിച്ച ഭാഷയിൽക്ഷേത്രം കുറതീർപ്പിച്ചു പ്രതിഷ്ഠക്കായികല്പനപ്രകാരം തളിയിൽകോട്ടക്കൽഇരുന്നു ഒരു കണ്ണാടിബിംബവും കടമാളൂർ ദേശികളെക്കൊണ്ടുവരുത്തി ശ്രീവല്ലഭദേശികളെയും വരുത്തി ഉത്തരായനാദിയിൽ മേടം ൧൦-ാംനു

മുഹൂൎത്തവും നിശ്ചയിച്ചു എഴുന്നള്ളിയിരുന്നു ആയുധവും ബ്രാഹ്മണനെയും ഗണപതി ക്ഷേത്രത്തിൽനിന്നും വരുത്തി ആയുധത്തിൽ നിന്നും വിഗ്രഹത്തിൽ ആരാധിച്ചു പ്രതിഷ്ഠകഴിക്കയോ എന്നു തന്ത്രി തിരുമുൻപാകെ ചോദിച്ചു ദേശാധിപത്യവും ഇടവകയും മാടമ്പിസ്ഥാനവും കൈമ്മൾക്കാകയാൽ കൈമ്മളെ മുൻനിൎത്തി ചോദിച്ചു വച്ചു പ്രതിഷ്ഠിച്ചുകൊൾക എന്നുതന്ത്രിയോടും അപ്രകാരം ഇന്നും എന്നും നടത്തിക്കകെയെന്നും കൈമ്മളോടും കല്പിച്ചു. അനന്തരം കൈമ്മൾ നീങ്ങിനിന്നു മുഹൂൎത്തം കൊള്ളിക്കയെന്നു അനുവാദം കൊടുക്കയുംചെയ്തു. പ്രതിഷ്ഠയും കഴിച്ചു തന്ത്രിയുടെകൈക്കൽ ആദിത്യവൎമ്മതിരുമനസ്സുകൊണ്ടു രണ്ടു രാശികൊടുത്തു കൈമ്മൾക്കു രക്ഷാഭോഗ ദക്ഷിണ കൊടുത്താലും എന്നു നിയോഗിച്ചു കൊടുപ്പിക്കയും ചെയ്തു. അനന്തരം പൂജാനിവേദ്യാദികളും കഴിഞ്ഞു മുപ്പത്തിയഞ്ചുരാശി ആദിത്യവൎമ്മ കൈമ്മൾ വശം കൊടുത്തു തന്ത്രിക്കു ദക്ഷിണയും കൊടുപ്പിച്ചു പിന്നത്തതിൽ ദേശികൾ വടക്കും പടിഞ്ഞാറും അമ്പലത്തിലും കല്പിച്ചു തെക്കേഅമ്പലത്തിലും കൈമ്മൾ മുഖമണ്ഡപത്തിലുമിരുന്നു മൃഷ്ടഭോജനവും കഴിച്ചു പരിചാരകങ്ങളെയും ഭക്ഷിപ്പിച്ചു വസ്ത്രസമ്മാനങ്ങളും കൊടുത്തുകല്പിച്ചു മുക്കാൽ ഇടങ്ങഴി അരിവെച്ചു നിവേദിക്കയെന്നും ആ ചോറു നമ്മടെ പാദമംഗലം പരിഷയ്ക്കു കൊടുപ്പൂ അടിച്ചു തളിയും നിവേദ്യപാത്രം തേച്ചുകൊടുക്കലും പള്ളിയുണൎത്തുശംഖും അവർ നടത്തുമാറു കല്പിച്ചു പതിവു വൈക്കയും ചെയ്തു. ചന്ദനോപസ്സരണം തിരുവെള്ളക്കെണ്ണ കൈമ്മൾകുടുംബംവകയായി നടത്തിപ്പൂതും ചെയ്തു. അങ്ങിനെ നടത്തി വത്സരം തികയുന്ന തൊള്ളായിരം മേടം ൨൦-ാംനു കളമെഴുതിപ്പാടി തീയാട്ടുംകഴിച്ചു കുരുതിതൎപ്പിപ്പൂതും ചെയ്യിച്ചു ഇതും ആദിവിശേഷമായി നടത്തിപ്പൂ എന്നു പതിവും കല്പിച്ചു രാജഭണ്ഡാരത്തിൽ നിന്നും ചിലവും അനുവദിച്ചു ഇപ്രകാരം തൊള്ളായിരത്തി ഇരുപത്തഞ്ചുവരെയും ചെന്നപ്പോൾ രാജ്യഭ്രഷ്ടു വരുമാറു കണ്ടു സൈന്യരക്ഷക്കു കല്പിച്ചു കുഞ്ഞുപ്പണിക്കർ വിശ്വാസഘാതകം ചെയ്കയാൽ രാജകീയകിരീടവും എടുത്തു അന്നത്തെ വലിയ തമ്പുരാൻ പരദേവത മൂലക്ഷേത്രത്തിങ്കലേക്കു കാൽനട

എഴുന്നള്ളത്തു നിശ്ചയിച്ചപ്പോൾ നമ്മുടെ സകലധനവും കുഞ്ഞുങ്ങളെയും കൈമ്മളെ ഏല്പിച്ചിരിക്കുന്നു അവമാനം നേരിടാതെ രക്ഷിച്ചുകൊള്ളുക എന്നു കല്പിക്കയാൽ സന്താനങ്ങളെയെല്ലാം തോണിയേററി വടക്കുംകൂർ അധികാരത്തിൽ ആക്കുകയും ചെയ്തു. തിരിയെ വന്നപ്പോൾ ഭണ്ഡാരാദികളും തിരുവാംകോട്ടിൽ ചേത്തു ദേശങ്ങളും അടക്കി മുട്ടാറു ദേശാധികാരം തിരുവാംകോട്ടിൽ ചേത്തു ഭഗവതിക്ഷേത്രഭരണം കൈമ്മൾക്കായിരിക്കയാൽ കൈമ്മളുടെ വകയെന്നുകണ്ടു തിരുവാങ്കോട്ടിൽ ചേത്തുമില്ല എങ്കിലും നിവേദ്യത്തിനു ഉണ്ടായിരുന്ന പതിവു മുതൽ രാജഭണ്ഡാരം കൈമ്മളുടെ അധികാരത്തിൽ നിന്നും വിട്ടുപോകയാൽ വള്ളുവൻ പണിക്കൻ മുതലായവരെക്കൊണ്ടു കണ്ടൻകരി തെളിപ്പിച്ചു അതിൽ കിട്ടുന്ന മുതൽ കൊണ്ടും കുടുംബകാര്യത്തിൽനിന്നും മുതലെടുത്തും നടത്തിച്ചുവന്നു നിവേദ്യം വകക്കു പ്രത്യേക മുതലിനായി ഇടത്തിനും കിഴക്കു മുട്ടാറിനും വടക്കു ചെമ്പിക്കരി തെളിച്ചു എതാനുംകരി നിലം എടുക്കുകയെന്നു വള്ളുവൻ മുതൽപേരോടാജ്ഞാപിച്ചു തെളിപ്പിച്ചു വരവെ ചാത്തൻകരി ദേശാധികാരി കൈമ്മൾ വന്നു ഇതു നമ്മുടെ ദേശമെന്നു വിലക്കുകയാൽ ദേശഎലുക മാററുക എന്നു നിശ്ചയിച്ചു മുട്ടാറു കിഴക്കുവച്ചു വടക്കുവിട്ടു തിരിപ്പിക്കയും വസ്തുത കണ്ടു ൯൨൯-ൽ ചാത്തൻകരി ദേശാധികാരി തിരുവാങ്കോട്ടിൽ ആവലാധിപ്പെടുകയാൽ അവിടെ നിന്നും കൈമ്മൾമാർ രണ്ടുപേരെയും വരുത്തിക്കേട്ടു യോജിച്ചിരിക്കയെന്നും ദേശഎലുക ഇനി ഭേദപ്പെടുത്തണ്ടാ എന്നും കരി തെളിച്ചതിൽ ഇനി രണ്ടുപേരും എടുത്തുകൊൾവു എന്നും കല്പിക്കയാൽ അപ്രകാരം തെക്കുഭാഗം ചാത്തൻകരി ദേശാധികാരിക്കും വീതിച്ചെടുക്കയുംചെയ്തു. വടക്കുഭാഗം വെങ്ങാട്ടില്ലത്തിൽ കൈമ്മൾ പേരിൽ എന്നു തിരുവാങ്കോട്ടിൽ നിന്നും പതിക്കയാൽ അപ്രകാരം പതിപ്പിച്ചു മുതലെടുത്തു ദേവിക്കു നിത്യനിവേദ്യം ആണ്ടുവിശേഷം മുതലായതു നടത്തിവന്നു. ഇപ്രകാരം തൊള്ളായിരത്തിനാല്പത്തയ്യാമതുവരെചെല്ലുമ്പോൾ തിരുവിതാംകൂറിൽനിന്നും ഭൂമികൾ തിട്ടം വരുത്തുന്നതിന് നിശ്ചയിച്ചു ശമ്പളക്കാററരെ നിയോഗിച്ചു വൈക്കയും അവർ അന്വേഷിച്ചു വിവരപ്പെടുത്തി വരികയും ചെയ്തു. അങ്ങിനെ വന്നു നാല്പത്തിയെട്ടിൽ കുഞ്ഞൻചേരിക്കലും ഭഗവതിപ്പറമ്പും ഭഗവതി വക എന്നു പതിച്ചു കരം ഒഴിച്ചുവൈക്കയും

ചെമ്പിൽക്കരി കൈമ്മൾപേരിൽ പതിച്ച കരം ഉറപ്പിക്കയും ചെയ്തു. ഈ ഭൂമികളിലെ മുതൽകൊണ്ടു ദേവീകാൎയ്യം മുടക്കം വരാതെ നടത്തിപ്പോരികയും ചെയ്തു. നാൽപത്തൊൻപതിൽ കൈമ്മളുടെ സ്ഥാനമാനം അറിയേണമെന്നു തിരുവിതാംകൂറിൽ നിന്നും കൽപ്പനവരികയാൽ എഴുതി അറിയിച്ച വിവരം.

അങ്ങനെ കുറഞ്ഞൊരു നാൾ ചെന്നപ്പോൾ ശിക്ഷയ്ക്കുള്ള അധികാരങ്ങൾ കുറഞ്ഞുപോയതായി ജനങ്ങൾ ധരിച്ചു. അവകാശങ്ങൾ തരുന്നതിൽ ചിലർ തൎക്കം തുടരുകയും ഇടവിലക്കു ഇറക്കുകയും ചെയ്തു നടത്തിവന്നു. അങ്ങനെ വിലക്കൽ നിൽക്കുന്നതിനു ചിലരു ശങ്കിച്ചു വരുമ്പോൾ ഉടനുടൻ തിരുമനസ്സറിവിച്ചു രാജശിക്ഷ വരുത്തിയും നടത്തിവന്നു. അങ്ങനെ നടന്നുവരവെ ഇനിമേൽ നമ്മുടെ അധികാരം ഇതിലും ലോപിച്ചേക്കുമെന്നും ആ സമയം നമ്മുടെ മഠത്തിനും ഭഗവതിക്ഷേത്രത്തിനും കെട്ടിമേച്ചിലിനു കൂടി ഓല പിരിപ്പിക്കാനും ആളു വിളിച്ചുകൂട്ടുവാനും കുഴപ്പങ്ങൾ കൂടാതെ നടക്കേണ്ടതിനു ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നു കരുതി വസ്തുത തിരുമനസ്സറിവിച്ചതിൽ കൽപ്പനപ്രകാരം എഴുതിച്ചെന്നു ൧൨-ാംമാണ്ടിൽ കോട്ടയം മുഖത്തു സൎവ്വാധികാൎയ്യക്കാർ വന്നു അന്നാൾവരെ കുടിപാൎപ്പുകാരായ എല്ലാവരേയും വരുത്തി കേട്ടു. പുരാതനമാടമ്പിലും തച്ചേശി നമ്പിക്കൂറുമായ കൈമ്മളുടെ അധികാരത്തിൽ എല്ലാവരും വണങ്ങേണ്ടതെന്നും ആയതിനെയനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണവും അവകാശങ്ങൾ മുറപോലെ കൊടുത്തുകൊള്ളത്തക്കവണ്ണവും കല്യാണമുഹൂൎത്തം അടിയന്തിരത്തിനു മാത്രം പോയിരുന്നു നടത്തിച്ചു വെറ്റിലക്കെട്ടും പണവും വാങ്ങിക്കേണ്ടതെന്നും ശേഷമുള്ള കാൎയ്യങ്ങൾക്കെല്ലാം വന്നുകൊണ്ടു വച്ചു കണ്ടു പറഞ്ഞുകൊള്ളുമാറും കൈമ്മളുടെ ഇല്ലത്തേക്കും ദേവസ്വത്തിലേക്കും ആവശ്യപ്പെടുന്ന സഹായങ്ങളും അദ്ധ്വാനങ്ങളും ദേശവാസികൾ എല്ലാവരും ചെയ്തുകൊടുക്കേണ്ടതെന്നും വ്യത്യാസം ചെയ്യുന്നവർ കല്പനപോലെ കേട്ടുകൊള്ളുമാറു എഴുതിവച്ചിട്ടു കാൎയ്യക്കാർ തിരിച്ചുപോകയും വസ്തുത തിരുമനസ്സറിവിക്കയും ചെയ്തു. പിന്നത്തേതിൽ രാജശിക്ഷ വരുമെന്നു ഭയന്നു എല്ലാവരും വരുതിപിഴക്കാതെയും ഭോഗങ്ങൾ കുറയ്ക്കാതെയും ആയതിനെ അനുസരിച്ചു നടക്കുമാറാകയും കാൎയ്യങ്ങളിൽ വീഴ്ചകൂടാതെയും നടത്തിച്ചുവരവേ ൧൯-ാമാണ്ടു വാഴപ്പള്ളിൽ........

16

തിരുവിതാംകൂറിലെ ആദിമനിയമഗ്രന്ഥം.

ചില ഭാഗങ്ങൾ

(മൂലഗ്രന്ഥമായ താളിയോലഗ്രന്ഥപ്രകാരം).

പണ്ടാരവക വക്കീലന്മാരുംമററും ഉപയോഗിച്ചുവന്ന താളിയോലഗ്രന്ഥത്തിൽനിന്നു് ഉദ്ധരിക്കപ്പെട്ട ചിലശ്ലോകങ്ങൾ.

വ്യവഹാരമാല ആകെ [illegible] [illegible] ശ്ലോകങ്ങൾ.

രാജസ്തുതി.

"തിരുമുൻപിൽ ചെന്നവിടേക്കുനമോ നമഃ
അടിമലർകൂപ്പി മംഗലമൊഴിപ്പാട്ടറിയിപ്പാൻ
ശീഘ്രംസംഗതിവരുംപടിയേററം
മൽഗുരുനാഥൻതക്കമതന്യേത്തുണചെയ്യരുളുക
തവകഴലിണഞാൻമനസ്സാകരുതി കൈകൂപ്പുന്നേൻ
ഇക്കവി കെട്ടിയതിന്നേതാനും
നിക്കമെത്തുണ്ടായ്‌വരുകിലുമിപ്പോൾ
ഒക്കെയുമൊരുവഞ്ചിക്ഷിതിപതി
ശക്രൻകേട്ടപൊറുത്തരുളേണം
പണ്ടുകുചേലനുലക്ഷ്മീകാന്തൻ
വേണ്ടുംനന്മകളരുളിയപോലെ
തിരുവുള്ളത്തൊടടിയനുമിപ്പോൾ
നരപതിതിലകൻനിരവധികുശലം
കുറവിയലാതെ കുതുകമൊടരുളി
പരിചൊടുസതതം"

ഹരിഃശ്രീഗണപതയേനമഃ അവിഘ്നമസ്തു

നമസ്തേ നരസിംഹായ
ഭക്താനുഗ്രഹകാരിണെ
അജായബഹുരൂപായ
സർവസ്ഥിത്യന്തകാരിണെ.

കൊല്ലം ൯൮൫-ാമാണ്ടു കർക്കടകമാസം ൨൫-ാംനു- ഇഗ്രന്ഥം എഴുതിത്തീർന്നതായി ഇയ്യിടെ കിട്ടിയ മൂലഗ്രന്ഥത്തിൽ (താളിയോല) കാണുന്നു.

വ്യാഖ്യാനം (ഗ്രന്ഥത്തിൽ കാണുന്നപ്രകാരം).

എന്നുള്ള വ്യവഹാരമാല എന്ന ഗ്രന്ഥത്തിനെ ഉണ്ടാക്കണമെന്നു മനസ്സിൽ സങ്കല്പിച്ചു ആഗ്രഹത്തിന്നു വിഘ്നംവരാതെ ഗ്രന്ഥസമാപ്തി വരേണ്ടുന്നതിന്നു തനിക്കു അഭീഷ്ടദേവതയായിട്ടുള്ള നരസിംഹസ്വാമിയെ വന്ദിക്കുന്നു. ഭക്തന്മാൎക്കു അനുഗ്രഹം ചെയ്യുന്നവനായും ജനനമില്ലാത്തവനായും ലോകാനുഗ്രഹത്തിന്നായിട്ടു് അനേകം അവതാരങ്ങളോടുകൂടിയവനായും ലോകത്തിന്റെ സൃഷ്ടിയും രക്ഷയും സംഹാരത്തെയും ചെയ്യുന്നവനായും നരസിംഹരൂപനായുമിരിക്കുന്ന അങ്ങേക്കായിക്കൊണ്ടു നമസ്കാരം.

മനുമുഖ്യസരസ്സമുത്ഭവൈസ്സുകുമാരൈഃ
പ്രസവൈൎവ്വചോമയൈഃ
ത്രിദിവാപ്തിഫലൈരുപോചിതാം
രചയാമി വ്യവഹാരമാലികാം. ൧

എന്നുള്ള ഗ്രന്ഥത്തിന്നു പ്രസിദ്ധി വരുവാനായിട്ടു് ഗ്രന്ഥത്തിന്റെ പേരുംപ്രകാരവുംവെച്ചു പ്രതിജ്ഞ ചെയ്യുന്നു. വ്യവഹാരമാല എന്ന ഗ്രന്ഥത്തിന്നു ഈ മാലയുണ്ടാക്കിയതു എന്തു കൊണ്ടെന്നാൽ മനുയാജ്ഞവല്ക്യർ മുതലായ ഋഷീശ്വരന്മാര മുതലാകുന്ന. തടാകങ്ങളിൽനിന്നു് ഉൽഭൂതങ്ങളായി സ്വൎഗ്ഗാദി പുണ്യലോകപ്രാപ്തിയാകുന്ന ഫലത്തോടുകൂടിയവനായും ഇരിക്കുന്ന മന്വാദി ഋഷീശ്വരന്മാരുടെ വചനങ്ങളാകുന്ന കുസുമങ്ങളെക്കൊണ്ടു ഈ മാല ഉണ്ടാക്കാമെന്നു പ്രതിജ്ഞചെയ്തു. ഈ മാല രാജാവിന്നു യോഗ്യമായിട്ടുള്ളതു്.

(ഇവ രണ്ടും ഗ്രന്ഥകാരന്റെ ശ്ലോകം).

മനുപ്രജാപതിൎയ്യസ്മിൻ
കാലേരാജ്യമഭുഞ്ജത
ധൎമ്മൈകതാനാഃ
പുരുഷാസ്തദാസൻ. ൨

സത്യവാദിനഃ തദാനവ്യവഹാരോത്ഭൂൽ
നദ്വേഷോനാപിമത്സരഃ
നഷ്ടേധൎമ്മേ മനുഷ്യേഷു
വ്യവഹാരപ്രവൎത്തിതാ.

ഈ രണ്ടുശ്ലോകംകൊണ്ടു മുൻ ചില കാലങ്ങളിൽ വ്യവഹാരം പ്രവൎത്തിക്കാതെ ഇരുന്നതിന്നു പിന്നത്തതിൽ വ്യവഹാരം പ്രവൎത്തിച്ചതിന്നു ഹേതുവെ ചൊല്ലുന്നു. മനുപ്രജാപതി രാജ്യം ഭരിക്കുമ്പോൾ അന്നുള്ള മനുഷ്യരൊക്കെയും ധൎമ്മത്തിൽ പ്രവൎത്തിച്ചവരായും സത്യവാദികളായും ദ്വേഷാഹങ്കാരങ്ങൾ ഇല്ലാത്തവരായും ഇരുന്നവരാകകൊണ്ടു ദോഷാദിമൂലമായിട്ടുള്ള വ്യവഹാരം അന്നു ഉണ്ടായില്ല. പിന്നത്തതിൽ മനുഷ്യരിങ്കൽ ധൎമ്മം നശിക്കയാൽ ദ്വേഷാദിമൂലമായിട്ടുള്ള വ്യവഹാരം പ്രവൎത്തിച്ചു.

"ദ്രഷ്ടാച വ്യവഹാരാണാം
രാജാദണ്ഡധരകൃത."

ഈ അൎത്ഥം കൊണ്ടു വ്യവഹാരം നിശ്ചയിച്ചിരിക്കുന്നതും അന്യായമായിട്ടു പ്രവൎത്തിക്കുന്നവരെ ദണ്ഡിക്കുന്നതും രാജാവായിരിക്കുന്നവർ ചെയ്യണമെന്നു ചൊല്ലുന്നു.

വ്യവഹാരാന്ദിദൃക്ഷുസ്തു
ബ്രാഹ്മണൈഃ സഹപാൎത്ഥിവ
മന്ത്രജ്ഞൈൎമ്മന്ത്രിഭിശ്ചൈവ
വിനീതഃപ്രവിശേൽസഭാം. ൧

വ്യവഹാരങ്ങളെ കേൾപ്പാൻ ഇഛയോടുകൂടിയിരിക്കുന്ന രാജാവു ബ്രാഹ്മണരെയും രാജനീതി ഗ്രഹിച്ചിരിക്കുന്ന മന്ത്രിമാരെയും കൂട്ടിച്ചുംകൊണ്ടു എത്രയും വിനയത്തോടുകൂടി വ്യവഹാരസഭയിൽ പ്രവേശിക്കണം.

തത്രതി നസ്സ്ഥിതോവാഽപി
വാണിമുദ്യമ്യദക്ഷിണം
വിനീതവേഷാഭരണ
പശ്യേൽകാൎയ്യാണികാരിണാം. ൨

എന്നതു സഭയിൽ ചെന്നു കാൎയ്യം വിസ്തരിക്കേണ്ടുംപ്രകാരത്തെ ചൊല്ലുന്നു. സഭയിൽ ഇരുന്നുകൊണ്ടെങ്കിലും നിന്നുകൊണ്ടെങ്കിലും വലത്തെ കൈയ്യു വെളിയിൽ കാണത്തക്കവിധം വച്ചുകൊണ്ടു ശോഭനമായിട്ടുള്ള ഉടുപ്പുകളും ആഭരണങ്ങളും ധരിച്ചുംകൊണ്ടു സങ്കടക്കാരിടെ കാൎയ്യങ്ങളെ വിസ്തരിക്കണം.

പ്രത്യഹന്ദേഹട്ടവൈഷ്ടഞ്ചെ
ശാസ്ത്രദൃഷ്ടൈഞ്ചഹേതുഭിഃ
അഷ്ടാദശസുമാൎഗ്ഗേഷു
നിബന്ധാനി പൃഥക് പൃഥക്. ൪

എന്നതു് അതതു നാട്ടിൽ ദിവസംപ്രതിയും നടപ്പുള്ള ന്യായങ്ങൾകൊണ്ടും ധൎമ്മശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന ന്യായങ്ങളെക്കൊണ്ടും പതിനെട്ടു മാൎഗ്ഗങ്ങളിൽ ചേൎത്തിരിക്കുന്ന കാൎയ്യങ്ങളെ വിസ്തരിക്കണം.

ധൎമ്മാസനമധിഷ്ഠായ
സംവീതാംഗസമാഹിത
പ്രണമ്യലോകപാലേഭ്യ!
കാൎയ്യദൎശനമാരഭേൽ. ൫

എന്നതു സഭയിൽ ചെന്നു രാജാവായിരിക്കുമ്പോൾ ധൎമ്മാസനത്തിൽ ഇരുന്നുംകൊണ്ടു ഉത്തരീയത്തെ പൂണുനൂൽപോലെ ധരിച്ചുംകൊണ്ടു ലോകപാലന്മാരെ വന്ദിച്ചു പിന്നത്തതിൽ കാൎയ്യം വിസ്തരിപ്പാൻ തുടങ്ങണം.

യഥാനയത്യസൃൿപാതൈ-
ൎമ്മൃഗസ്യമൃഗയുഃ പദം
നയേതഥാനുമാനേന
ധൎമ്മസ്യനൃപതീ! പദഃ. ൬

വ്യവഹാരത്തിൽ ധൎമ്മത്തെ അറിയേണ്ടും മാൎഗ്ഗത്തെ ചൊല്ലുന്നു. വനത്തിൽ നായാട്ടിന്നു പോയവൻ മൃഗത്തെനോക്കി അസ്ത്രം പ്രയോഗിച്ചാൽ ആ അസ്ത്രംകൊണ്ടു വേദനസഹിക്കാൻ വഹിയാതെ മൃഗം ചാടിപ്പോയാൽ അതിന്റെ കാൽചുവടും ചോരത്തുള്ളി വീണ ദിക്കുംനോക്കിക്കൊണ്ടു മൃഗംപോയ ദിക്കറിയുന്നതുപോലെ സൂക്ഷ്മമായിട്ടുള്ള ഹേതുക്കൾകൊണ്ടു വിചാരിച്ചു വ്യവഹാരത്തിന്റെ ധൎമ്മമാൎഗ്ഗം നിശ്ചയിക്കണം.

കാത്യായനഃ സപ്രാഡ്വിപാക
സാമാത്യസ്സബ്രാഹ്മണപുരോഹിത
സസഭ്യഃ പ്രേക്ഷികാരാജ
സ്വൎഗ്ഗതിഷ്ഠതിധൎമ്മത. ൭

എന്നതു ധൎമ്മന്യായത്തോടെ കാൎയ്യവിചാരണം ചെയ്തു വരുന്ന രാജാവിന്നു ഫലത്തെ ചൊല്ലുന്നു. പ്രാഡ്വിപാകൻ

പ്രാന്തങ്ങളിലും നിന്നു ഭക്തന്മാർ ഇവിടെ ചെന്നു ദർശനം നടത്തിവന്നു. ദക്ഷിണദിക്കിൽ സമുദ്രത്തിൽനിന്നു വളരെ അകലെയല്ലാതെ, ത്രികൂടാചലം, മഹേന്ദ്രഗിരി, മലയാദ്രി എന്നിങ്ങനെ മൂന്നു മലകൾ ഉണ്ടു്. ഇവയിൽമലയാദ്രിയിൽ അഗസ്ത്യമഹർഷി ഇക്കാലം ആശ്രമംകെട്ടിവസിച്ചു. അഗസ്ത്യൻ ഇരുന്നു തപസ്സുചെയ്കയും ഗുരുകുലമായി വിദ്യാപീഠം സ്ഥാപിച്ചു വേദാധ്യയനം നടത്തിക്കുകയും ചെയ്തു വന്ന ഗിരിതടമാണു് അഗസ്ത്യകൂടം. താമ്രപർണ്ണി നദിയുടെ ഉത്ഭവസ്ഥാനം അഗസ്ത്യാശ്രമത്തിന്നടുത്താണു്. വേലാരണ്യം എന്നൊരു കാടു് ഉണ്ടു്. അവിടെ സമീപമാണു് മത്സ്യതീർത്ഥവും ശംഖുചക്രതീർത്ഥവും. വേലാരണ്യത്തിൽ ഉണ്ടായിരുന്ന ഒരു ഗംഭീരമായ ഇലിപ്പമരത്തിന്റെ കോടരത്തിൽവെച്ചാണു്, വിഷ്ണു ബാലരൂപത്തിൽ ദിവാകരയോഗിക്കു ദർശനം നൽകിയതെന്നാണു് ഐതിഹ്യം. വേലാരണ്യത്തിനു് "അനന്തൻകാടു്" എന്നും പേരു് ഉണ്ടായിരുന്നു. ആ ഇലിപ്പമരം ഒടിഞ്ഞു വീണു കിടന്ന സ്ഥാനത്താണു പത്മനാഭക്ഷേത്രത്തിലെ ശ്രീകോവിലും (ഗർഭഗൃഹവും) അനന്തശയന വിഗ്രഹവും. വിഗ്രഹം സാളഗ്രാമനിർമ്മിതമാണു്. ഗംഭീരമായ പ്രസ്തുത വിഗ്രഹം നിർമ്മിക്കുവാൻ പന്തീരായിരം സാളഗ്രാമങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. അവ ഗണ്ഡക (ഗണ്ഡക്) നദിയിൽ നിന്നുംസംഭരിച്ചുവരുത്തിയിട്ടുള്ളതാണു്. ദിവാകരയോഗി വില്വമംഗലവിദ്യാപീഠത്തിലെ ആചാര്യനായിരുന്നു. അതിനാൽ പ്രസ്തുത യതിക്കും വില്വമംഗലത്തു സ്വാമിയാർ എന്നു പേരുണ്ടു്. ആശ്രമത്തിൽ തന്നോടൊന്നിച്ചു് ശിഷ്യഭാവത്തിൽ താമസിച്ചു വന്ന കോമളനായ ബാലൻ, ഗുരുവിന്റെ കോപാവേശംകൊണ്ടു് ഓടിപ്പോയ നിമേഷം മുതൽ, ബാലനെ അനുധാവനം ചെയ്തു പുറപ്പെട്ട വില്വമംഗലം വേലാരണ്യംവരെ വന്നെത്തി. അവിടെ വെച്ചാണു ആ ബാലകന്റെ ദിവ്യരഹസ്യം മനസ്സിലാക്കുന്നു. തന്റെ ശിഷ്യഭാവത്തിൽ ഗുരുകുലത്തിൽ ഏതാനും ദിവസം കഴിച്ചുകൂട്ടിയ ബാലൻ പരബ്രഹ്മസ്വരൂപിയായ പത്മനാഭൻ തന്നെയെന്നു ഒരു ഭൂതോദയവും തദനുരൂപമായ ദിവ്യദർശനവും വില്വമംഗലത്തിനു സിദ്ധിച്ചതായി ക്ഷേത്രമാഹാത്മ്യത്തിൽ വിവരിച്ചിരിക്കുന്നു. ആ വനത്തിൽ തന്നെ ഇലിപ്പമരത്തിനു് അടുത്തു കുടിൽ കെട്ടി താമസിച്ചിരുന്ന കാളി എന്ന പുലയ

സ്ത്രീയുടെ സഹകരണത്തോടുകൂടി ജലം, ഫലമൂലങ്ങൾ, പുഷ്പങ്ങൾ ആദിയായ പൂജാസാധനങ്ങൾ വരുത്തി, വില്വമംഗലം ആ ഇലിപ്പമരത്തിന്റെ ചുവട്ടിൽ വെച്ച് പൂജാനിവേദ്യാദികൾ നടത്തി. ഇങ്ങനെയാണ് പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഉത്ഭവം. ആ ക്ഷേത്രത്തിൽ അദ്യാപി നടപ്പുള്ള ഞാറപ്പഴം മുതലായ വനഫലങ്ങളുടെ നിവേദ്യത്തിന്റെ ഉത്ഭവം ഇതെന്നു പറയപ്പെടുന്നു. പത്മനാഭസ്വാമിക്ഷേത്രത്തിന്റെ പുരോഭാഗത്തായി കിഴക്കേകോട്ടവാതിലിനു പുറമെ മെയിൻ റോഡിനു കിഴക്കുവശം ഉണ്ടായിരുന്ന പുത്തരിക്കണ്ടവും പുരാതന പുലയക്കുടിയും പോയി മറഞ്ഞിട്ടു സംവത്സരം വളരെ ആയിട്ടില്ല. വേലാരണ്യത്തിലെ ഒന്നു രണ്ടു വന്മരങ്ങൾ അടുത്ത കാലംവരെ പടിഞ്ഞാറേ ഗോപുരത്തിനു പുറമെ തറകെട്ടി നിർത്തിസൂക്ഷിച്ചു സംരക്ഷിച്ചു വന്നതു പലരും കണ്ടിരിക്കും. പടിഞ്ഞാറേ കോട്ടവാതിലിനുപുറമേയുള്ള പെരുന്താന്നിഭാഗത്തു ഗംഭീരമായ ഒരു താന്നിമരത്തോടുകൂടിയ വനമായിരുന്നുവത്രെ. പെരുന്താന്നിയിൽ നിന്നു അകലെയല്ലാതെ കടൽ അലയടിച്ചുകിടന്നിരുന്നു എന്നുള്ള ചൊല്ലു യഥാർത്ഥമെന്നു ഭൂതലഗർഭീയലക്ഷ്യങ്ങളും, പൌരാണിക വസ്തുഗവേഷണലക്ഷ്യങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്.

പ്രസ്തുത ക്ഷേത്രസ്ഥാപനം നടന്നതു ദ്വാപരയുഗത്തിന്റെ അന്ത്യഘട്ടത്തിലായിരിക്കണം. അയ്യായിരത്തിഒരുനൂറിനും ഏഴായിരത്തിനുമകം സംവത്സരം മുമ്പായിരിക്കണം. ഇപ്പോൾ നിലനിന്നുവരുന്ന ക്ഷേത്രവും ഉപമന്ദിരങ്ങളും പുതുക്കിപ്പണിഞ്ഞതു തിരുവിതാംകൂർ രാജ്യസ്ഥാപകനായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലംതൊട്ടു രാമവർമ്മ (കാർത്തികതിരുനാൾ) മഹാരാജാവിന്റെ കാലംവരെയുള്ള ഘട്ടത്തിലാണ്. മധുര, തഞ്ചാവൂർ, സോമനാഥം മുതലായ ദൂരസ്ഥലങ്ങളിൽ നിന്ന് വിദഗ്ദ്ധന്മാരായ ശില്പികളെ വരുത്തി തിരുവനന്തപുരത്തു താമസിപ്പിച്ചാണ് ഈ ക്ഷേത്രത്തിന്റെ പണി നടത്തിയിട്ടുള്ളതു്. പണിവകയ്ക്ക് അനേകലക്ഷംരൂപ വ്യയം ചെയ്യേണ്ടിവന്നിട്ടുണ്ട്. അതിപുരാതനമായ ഭാരതീയസംസ്കാരത്തിന്റെ വിവിധമുഖങ്ങളും കമനീയമായി ചിത്രീകരിച്ചിട്ടുള്ള സ്തംഭങ്ങളും, തൂണുകളും, ഭിത്തികളുമാണു പത്മനാഭസ്വാമിക്ഷേത്രത്തിൽ കാണപ്പെടുന്നതു്. ദശാവതാരമൂർത്തി.

കളുടെയും ഉപക്ഷേത്രങ്ങളും അവിടെ കാണാം. കൂടാതെ വാടാവിളക്കു കത്തിച്ചു സൂക്ഷിച്ചിട്ടുള്ള ഭദ്രദീപപ്പുരയും അവിടെ ഉണ്ടു്. മുറജപം, ഭദ്രദീപം, ലക്ഷദീപം എന്നീ വിശേഷപ്പെട്ട കർമ്മങ്ങൾ ഈ ക്ഷേത്രത്തിൽ മുടങ്ങാതെ യഥാകാലം നടത്തപ്പെട്ടുവരുന്നുണ്ടു്. ഉത്സവം തുലാം, മീനം എന്നീ മാസങ്ങളിൽ ആയി ആണ്ടിൽ രണ്ടു പ്രാവശ്യം ആഘോഷിച്ചു വരുന്നു. കൂടാതെ മകരമാസാരംഭത്തിലും കർക്കടമാസാരംഭത്തിലും ഓരോ ശീവേലി (ശ്രീബലി)കളും പതിവുണ്ടു്. ദേവനെ എഴുന്നള്ളിക്കുന്നതു വാഹനങ്ങളിൽ ഏതിലെങ്കിലുമാണു്. രാജകീയമായ എല്ലാവിധ ആഡംബരങ്ങളും ശീവേലിക്കും ആറാട്ടു് എഴുന്നള്ളത്തിനും ഉണ്ടായിരിക്കും. മഹാരാജാവും ഉദ്യോഗസ്ഥപ്രമാണികളും എഴുന്നള്ളത്തിന്റെ അഗ്രിമസ്ഥാനത്തു കാൽനടയായി പൊയ്ക്കൊണ്ടിരിക്കും. ആറാട്ടു എഴുന്നള്ളത്തിനു സ്റ്റേറ്റു വക പട്ടാളങ്ങളുടെ എല്ലാ വിഭാഗങ്ങളും, ലായം വക കുതിരകളും ആനകളും സംബന്ധിക്കും.

ഭരണം.

പുരാതനകാലത്തു ക്ഷേത്രഭരണം എട്ടരയോഗക്കാർക്കു് ആയിരുന്നു. പ്രസ്തുത ദേവസ്വത്തിന്റെ ഭരണകാര്യങ്ങളിൽ ഒരു വോട്ടുവീതമുള്ള അത്തിയറ, കൂവക്കര, കക്കാട്ടു്, ശ്രീകാര്യത്തു് എന്നീ പോറ്റിമാരും ആളൊന്നിനു് അരവോട്ടു വീതമുള്ള രാമനാ(യിനാർ) മഠം, മാത്താണ്ഡമഠം, കുളത്തൂർ, കഴക്കൂട്ടം, ചെമ്പഴന്തി, കുടമൺ, പള്ളിച്ചൽ, വെങ്ങാനൂർ എന്നീ എട്ടു വീട്ടിലെ പിള്ളമാരും അരവോട്ടുള്ള തൃപ്പാപ്പൂരു സ്വരൂപത്തിലെ (വേണാട്ടുതമ്പുരുവടികൾ) (തിരുവിതാംകൂറു മഹാരാജാവു്) മൂത്തരാജാവും ഉൾപ്പെട്ട ഭരണസമിതിയാണു് എട്ടരയോഗം. എട്ടരയോഗത്തിന്റെ ആലോചനയും തീർപ്പും അനുസരിച്ചു തൃപ്പാപ്പൂരു മൂത്തരാജാവു വേണാട്ടുഭരണവും നടത്തിവന്നു. എന്നാൽ രാഷ്ട്രീയാദർശങ്ങളിൽ അത്യന്തം പുരോഗമനം പ്രാപിച്ചിരുന്ന ഏതദ്ദേശീയരായ നായന്മാരുടെയും തമിഴരുടെയും പ്രതിപുരുഷന്മാരായ എട്ടുവീട്ടിൽപിള്ളമാർ രാജരഹിതമായ ഒരു പരിപൂർണ്ണജനാധിപത്യഭരണം വേണാട്ടിൽ നടപ്പിൽവരുത്തുവാൻ ദീർഘകാലമായി ശ്രമിച്ചുവരികയായിരുന്നു. ക്രമേണ ആ ശ്രമം വിപ്ലവത്തിൽ പര്യവസാനിച്ചു.

കാലക്രമത്തിൽ രാജപക്ഷീയരും, ജനപക്ഷീയരുമായ രണ്ടു രഷ്ട്രീയകക്ഷികൾ നാട്ടിൽ ഉദയം ചെയ്തു. ആ മത്സരത്തിൽ തിരുവിതാംകൂർ രാജ്യസ്ഥാപകനായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു രാജപക്ഷീയർക്കു പരിപൂർണ്ണമായ വിജയം സിദ്ധിച്ചു. എട്ടുവീട്ടിൽപിള്ളമാർ, അവരുടെ അനുയായികളായ ചില മാടമ്പിമാർ, ചില ബ്രാഹ്മണർ, നാടുനീങ്ങിയ രാമവർമ്മ മഹാരാജാവിന്റെ നേത്യാരമ്മയും പുത്രന്മാരായ രണ്ടു തമ്പിമാരും ഉൾപ്പെട്ട കുടുംബക്കാർ, എന്നിവർ പലരും പ്രസ്തുത വിപ്ലവവശാൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വൈരനിര്യാതനബുദ്ധിക്കു ഇരയായിത്തീർന്നു. അനന്തരം പത്മനാഭസ്വാമി ക്ഷേത്രഭരണസമിതിയിലേക്കു എട്ടുവീട്ടിൽപിള്ളമാരുടെ സ്ഥാനത്തു നൂതനമായി ഏതാനും മഠത്തിൽപിള്ളമാരെ കുടുംബപ്രതി അവകാശത്തോടുകൂടി നിയമിച്ചു.

ഇപ്പോൾ പ്രസ്തുത ക്ഷേത്രഭരണം തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു അവിടത്തെ വലിയകൊട്ടാരം സർവാധികാര്യക്കാർ മുഖേന നടത്തിച്ചുവരികയാണു. യോഗക്കാർക്കു ക്ഷേത്രഭരണം ഇടപെട്ടകാര്യങ്ങളിൽ സാരമായ കൈമ ഒന്നും ഇല്ലതന്നെ

൨. ആദിത്യപുരം ക്ഷേത്രം.

കേരളത്തിലെ ഏകസൂര്യക്ഷേത്രം

അതിപുരാതനം

ഇരവിമംഗലം മരങ്ങാട്ടു നമ്പൂരികുടുംബത്തിലെ ഒരു വ്യക്തി പുരാതനകാലത്തു പതിവായി ആദിത്യനമസ്കാരം നടത്തിവന്നു. ഞായറാഴ്ചവ്രതവും അനുഷ്ഠിച്ചു. ഇങ്ങനെ ദീർഘകാലം കഴിഞ്ഞു. പ്രായാധിക്യത്താൽ നമസ്കാരത്തിനു ശേഷി കുറഞ്ഞുവന്നപ്പോൾ ഏതുവിധം സൂര്യാരാധന ചെയ്യേണമെന്നു മനസ്താപിച്ചു. ഒരു രാത്രി സ്വപ്നം ഉണ്ടായി. സ്വപ്നത്തിൽകണ്ടതു സൂര്യരൂപമായിരുന്നു. മനുഷ്യാകൃതിയും ചതുർബ്ബാഹുവുമാണു. ശർക്കരയും കല്ലൊരയും കരിയും ചേർത്തു വിഗ്രഹം ഉണ്ടാക്കാൻ സ്വപ്നംകണ്ടതനുസരിച്ചു അപ്രകാരംചെയ്തു പൂജിച്ചുവന്നു. ഒരു വനാന്തരത്തിൽ മലമുകളിലാണു പ്രതിഷ്ഠിച്ചതു. ആദിത്യപുരംക്ഷേത്രം മീനച്ചൽ താലൂക്കു അതിർത്തിയ്ക്കുള്ളിലാണു. 28-4-112-ൽ സമസ്തജാതി ഹിന്ദുക്കൾക്കും പ്രവേശം ഇവിടെ അനുവദിച്ചു കൊടുത്തു.

൩. കന്യാകുമാരി.

കന്യാകുമാരി ക്ഷേത്രം അതി പൌരാണികമാണു്. ബ്രഹ്മാണ്ഡപുരാണത്തിലും രാമായണത്തിലും ഭാഗവതത്തിലും ഭാരതത്തിലും കന്യകുമാരി ക്ഷേത്രത്തിന്റെ മാഹാത്മ്യത്തെ കുറിച്ചു പ്രശംസിച്ചിട്ടുണ്ടു്. ഇവിടെ ചരിത്രാതീതമായ അതിപുരാതനകാലത്തു ക്ഷേത്രത്തോടു സംബന്ധിക്കപ്പെട്ടവയായ ഇരുപത്തഞ്ചു പുണ്യസ്നാനഘട്ടങ്ങൾ ഉണ്ടായിരുന്നു. അവയിൽ പ്രധാനം വിനായകതീൎത്ഥം മാതൃതീൎത്ഥം പിതൃതീൎത്ഥം എന്നിവയാണു്. ക്ഷത്രിയനിധനം കഴിഞ്ഞു ത്രേതായുഗത്തിൽ പരശുരാമനും സീതാന്വേഷണയാത്രയിൽ ശ്രീരാമനും ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണസോദരനായ ബലഭദ്രനും കന്യാകുമാരി ക്ഷേത്രത്തിൽ ഭജനം പാൎത്തിട്ടുണ്ടു്. സഹ്യാദ്രിയുടെ പടിഞ്ഞാറേ സാനുക്കൾവരെ പശ്ചിമസമുദ്രം അലയടിച്ചു കൊണ്ടും കയറിക്കിടന്നകാലത്തും കന്യാകുമാരികോടിയും കന്യാകുമാരി ക്ഷേത്രവും ഉണ്ടായിരുന്നു. ഉത്തരഭാരതത്തിൽ നിന്നു ദക്ഷിണഭൂഖണ്ഡത്തിലേക്കു് ഉണ്ടായിരുന്ന വിശ്രുതമായ പാത കന്യാകുമാരിയിൽക്കൂടെയാണു ദക്ഷിണ ദിക്കിലേക്കു പോയിരുന്നതു്. ഉത്തരഭാരതീയൎക്കും ദക്ഷിണഭൂഖണ്ഡനിവാസികൾക്കും കന്യാകുമാരിക്ഷേത്രം സുപരിചിതമായ ആരാധനാമന്ദിരമായിരുന്നു. ആധുനികകാലത്തു നിലനിന്നുവരുന്ന കന്യാകുമാരി ക്ഷേത്രമല്ലാ ബ്രഹ്മാണ്ഡപുരാണത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന പുരാതനമായ വിശ്രുതക്ഷേത്രം. അതിന്റെസ്ഥാനം ആധുനികകന്യാകുമാരിയിലെ കോവിലിൽനിന്നു് ഏതാനും ഫർലാങ്ങ് ദൂരം തെക്കുമാറി സമുദ്രത്തിൽ പൊങ്ങിക്കിടന്നിരുന്ന ഒരു പാറക്കെട്ടു കോടിയിൽ ആയിരുന്നു. അവിടം സമുദ്രത്തിൽ മഗ്നമായിപ്പോയി. അപ്രകാരം കടലിൽ ആണ്ടുപോയ കരയുടെ അവശേഷങ്ങളായ പാറക്കെട്ടുകൾ കന്യാകുമാരിക്കടലിൽ അവിടവിടെ പൊന്തിനിൽക്കുന്നതായി അദ്യാപി കാണുന്നുണ്ടല്ലോ.

സ്വയംവരാ എന്ന രൂപകല്പനയാലുള്ള ദേവീപ്രതിഷ്ഠയാണു് കന്യാകുമാരിക്ഷേത്രത്തിലെ വിഗ്രഹം. മഹൎഷിമാൎക്കു തപസ്സിദ്ധിക്കു് കന്യാകുമാരി ക്ഷേത്രത്തിൽ ഭജനം പാൎക്കണമെന്നു സുബ്രഹ്മണ്യമൂൎത്തി ഉപദേശിച്ചതായി ബ്രഹ്മാണ്ഡപുരാണത്തിൽ കാണുന്നു. ക്ഷേത്രം ൫൦,000-നും ൨൦,000-നും മദ്ധ്യേ വൎഷം പഴക്കമുള്ളതാണു്.

൪: ശുചീന്ദ്രം.

ശുചീന്ദ്രംക്ഷേത്രം ഇരിക്കുന്ന പ്രദേശം പണ്ടു് വലിയ ഒരു വനമായിരുന്നു. ജ്ഞാനികളായ മഹർഷികൾ പലരും ആ വനത്തിൽ ആശ്രമം കെട്ടി താമസിച്ചുവന്നു. അക്കൂട്ടത്തിൽ അത്രിമഹർഷി ധർമ്മപത്നിയായ അനസൂയ എന്ന പതിവ്രതാരത്നത്തോടുകൂടി ആ ജ്ഞാനാരണ്യത്തിൽവന്നുകൂടി. അവരുടെ പർണ്ണശാലയുടെ സമീപം ഒരു നദി ഉണ്ടായിരുന്നു. അതിനു പ്രജ്ഞാതീർത്ഥം എന്നു പേരായിരുന്നു. അതിലെ ജലം ജ്ഞാനാരണ്യവാസികൾ സ്നാനപാനാദികൾക്കു് ഉപയോഗപ്പെടുത്തിവന്നു.

യാഗാദികർമ്മങ്ങൾ നടത്തിക്കുവാൻ അത്രിമഹർഷി ഉത്തരദേശങ്ങളിൽ പോയിരുന്ന കാലത്തു അനസൂയയുടെ പാതിവ്രത്യം പരീക്ഷിക്കുവാൻ ത്രിമൂർത്തികൾ വേഷപ്രച്ഛന്നരായി ആശ്രമത്തിൽ എത്തി ഭിക്ഷ ആവശ്യപ്പെട്ടു. ഭക്ഷണം തയ്യാറായി, അതിഥികൾ ഉണ്ണിന്നിരുന്നപ്പോൾ അനസൂയ നഗ്നയായി നിന്നു വിളമ്പണമെന്നു് അവരാവശ്യപ്പെട്ടു. അതിഥികളെ അനാദരിക്കുന്നതു വിഹിതമല്ലെന്നുള്ള ബോധത്താൽ അനസൂയ അവരുടെ അഭീഷ്ടംപോലെ പ്രവർത്തിക്കാമെന്നു സമ്മതിച്ചു. അനന്തരം ഭർത്താവിനെ ധ്യാനിച്ചുകൊണ്ടു കമണ്ഡലുവിൽനിന്നു പൂജാജലം എടുത്തു അതിഥികളുടെ മേൽ തളിച്ചു. അപ്പോൾ എന്താശ്ചര്യം! അതിഥികൾ മൂവരും മൂന്നു ശിശുക്കളായിത്തീർന്നു. ആ കുഞ്ഞുങ്ങൾ കൈകാൽകുടഞ്ഞു കരഞ്ഞുതുടങ്ങി അപ്പോൾ അനസൂയ വസ്ത്രരഹിതയായിവന്നു മന്ദസ്മിതത്തോടുകൂടി ഓരോ ശിശുവിനേയും എടുത്തു മടിയിൽ കിടത്തി കാച്ചിയ പാലും മററും കൊടുത്തു സുഖമായി ഓരോ തൊട്ടിലുകളിൽ കിടത്തി ഉറക്കി. ഇങ്ങനെ നാൾ കുറെ കഴിഞ്ഞു. ബ്രഹ്മാവിനെ കാണാതെ സത്യലോകത്തും, ശിവനെ കാണായ്കയാൽ കൈലാസത്തും, വിഷ്ണുവിനെ കാണാതെ വന്നതിനാൽ വൈകുണ്ഠപുരിയിലും എല്ലാവർക്കും പരിഭ്രമമായി. ത്രിലോകസഞ്ചാരിയായ നാരദൻ വസ്തുതയെല്ലാം മനസ്സിലാക്കി, ഭർത്താക്കന്മാർക്കു പററിയ അപകടം അവരവരുടെ ഭാര്യമാരെ ഗൂഢമായി പറഞ്ഞു ധരിപ്പിച്ചു. അനന്തരം സരസ്വതി, പാർവ്വതി, ലക്ഷ്മി എന്നിവർ മൂന്നുപേരും കൂടി ജ്ഞാനാരണ്യത്തെ അത്രി ആശ്രമത്തിൽ ചെന്നുചേർന്നു. ദുഃഖിതരും ജാള്യമുള്ളവരുമായ ആ ദേവവനിതമാരുടെ ദയനീയാവസ്ഥയിൽ അനുകമ്പ തോന്നിയ അനസൂയ സ്വഭർത്താവു

വരുന്നതുവരെ ആ ആശ്രമത്തിൽ താമസിക്കാതെ കാര്യം സാധിപ്പി ക്കാൻ തരമില്ലെന്ന് അവരെ ധരിപ്പിച്ചു. അങ്ങനെ ആ മൂന്നു ദേവസ്ത്രീകളും അനസൂയയുടെ അതിഥികളായി ആ ആശ്രമത്തിൽ താമസിച്ചു. കുറേദിവസംകൂടി കഴിഞ്ഞപ്പോൾ മഹർഷി ആ ആശ്രമത്തിൽ തിരിച്ചെത്തി. അത്ഭുത ശിശുക്കളെയും സരസ്വതി, പാർവ്വതി, ലക്ഷ്മി എന്നീ ദേവാംഗനമാരെയും കണ്ടു. ദീർഘദർശനത്താൽ മഹർഷിക്കു വസ്തുതകൾ എല്ലാം മനസ്സിലായി. പത്നിയുടെ പാതിവ്രത്യത്തിന്റെ ഗുരുത്വപാരമ്യം കണ്ടു വിസ്മയം പൂണ്ടു. അനസൂയ ദേവന്മാർ മൂവർക്കും പൂർവ്വരൂപം നൽകി. ത്രിമൂർത്തികൾ സന്തുഷ്ടരായി അനസൂയയെയും അത്രിയെയും അനുഗ്രഹിച്ചു. അത്രിയുടെയും അനസൂയയുടെയും അഭീഷ്ടമനുസരിച്ചു ത്രിമൂർത്തികൾ അവരവരുടെ പത്നിമാരും ഒന്നിച്ചു കുറേക്കാലം കൂടി ആ ആശ്രമത്തിൽ വസിച്ചു. ഇക്കാരണവശാലാണു് ത്രിമൂർത്തികളുടെയും സരസ്വതി, പാർവ്വതി, ലക്ഷ്മി എന്നിവരുടെയും പ്രതിഷ്ഠകൾ ജ്ഞാനാരണ്യത്തിൽ ഉണ്ടായിരിക്കാൻ ഹേതു. അത്രിതന്നെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു.

പിന്നീടാണു് ദേവേന്ദ്രന്റെ അഹല്യാഗമനശാപം പരിഹരിക്കുവാൻ ഇവിടെവച്ചു തപ്തഘൃതസ്നാനം നടത്തപ്പെട്ടതു്. ഇങ്ങനെ ഇന്ദ്രനെ ശുദ്ധിവരുത്തിയതുമുതൽ ശുചീന്ദ്രം എന്ന പേർ ജ്ഞാനാരണ്യത്തിനു സിദ്ധിച്ചു. ദക്ഷിണ കേരളത്തിലെ പുരാതന ക്ഷേത്രങ്ങളിൽ പ്രഥമസ്ഥാനം ശുചീന്ദ്രത്തിനാകുന്നു

൫. വക്കല.

വക്കല അതി പൌരാണികമായ ഒരു കടലോര നഗരമാണു്. വക്കല ജനാർദ്ദനക്ഷേത്രവും അപ്രകാരം അതിപുരാതനംതന്നെ. നവപ്രജാപതികളായ ഋഷികൾ തപസ്സുചെയ്തു് ഇരിക്കുവാൻ നാരദനാൽ നിർദ്ദേശിക്കപ്പെട്ട സ്ഥാനമാണത്രേ ഇവിടം. വ്യോമത്തിൽനിന്നു നാരദൻ തന്റെ പുതർ മുണ്ടായ വല്ക്കലം കീഴോട്ടു് എറിഞ്ഞു, കടലോരമായ ആ പുണ്യക്ഷേത്രത്തിൽ പതിപ്പിച്ചു നിർദ്ദേശിക്കയാൽ വല്ക്കലം (വക്കലം) എന്നു പേരുണ്ടായി. "വക്കലം" വക്കലയായിത്തീർന്നു. ബ്രഹ്മാവു സോമയാഗം ദീക്ഷിച്ചതും ഇവിടെ വച്ചാണത്രേ! യാഗശിഷ്ടം ഭുജിക്കുവാൻ വിഷ്ണു ബ്രാഹ്മണവേഷത്തിൽ ഇവിടെ എത്തി ആതിഥ്യം സ്വീകരിച്ചുവെന്നും, ആ രൂപത്തിലാണു വക്കല ക്ഷേത്ര

ത്തിലെ ജനാർദ്ദന പ്രതിഷ്ഠയെന്നും സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ക്ഷേത്രത്തിന്റെ സ്ഥലമാഹാത്മ്യം ഏതുവിധമിരുന്നാലും വൎക്കല അതിദിവ്യവും ആകൎഷകവുമായ ഒരു സ്ഥാനമാണെന്നു സന്ദൎശകർ ആരും സമ്മതിക്കുകതന്നെചെയ്യും. ഭൂഗൎഭീയമായും പൌരാണികചരിത്രലക്ഷ്യപ്രകാരമായും ഉപരിഗവേഷണങ്ങൾക്കും ഉൽഖനനഗവേഷണങ്ങൾക്കും സമുചിതമായ സ്ഥാനമാണു വൎക്കല ക്ഷേത്രപരിസരങ്ങൾ. അപ്രകാരമുള്ള ഉൽഖനനം നടത്തപ്പെടുന്നപക്ഷം കുറഞ്ഞതു പന്തീരായിരം വൎഷം പഴക്കമുള്ള പ്രാചീനപരിഷ്കാരത്തിന്റെ ലക്ഷ്യങ്ങൾ അവിടെ നിന്നു ലഭിക്കുവാൻ ഇടയുള്ളതാണു്. ഉത്തരഭാരതീയൎക്കും ദക്ഷിണഭാരതീയൎക്കും പുരാതനദക്ഷിണ ഭൂഖണ്ഡനിവാസികളുമായി ഉററ സാംസ്കാരിക സമ്പൎക്കം പുലൎത്തിവന്നതായ ൮൦൦൦ സംവത്സരങ്ങൾക്കുമുൻപുള്ള സംസ്കാരലക്ഷ്യങ്ങൾ വൎക്കലയിൽ ആൎക്കിയോളജിക്കൽ ഗവേഷണങ്ങൾ നടത്തിയാൽ വെളിവാകുന്നതാണു്.

൩. ശ്രീവല്ലഭം (തിരുവല്ലം).

ശ്രീവല്ലഭം (തിരുവല്ലം) അതിപുരാതനമായ ഒരു ക്ഷേത്രമാണു്. പുരാതനകാലത്തു് ഇവിടം സനാതനികളായ ബ്രാഹ്മണരുടെ സങ്കേതമായിരുന്നു. ദക്ഷിണ ഭൂഖണ്ഡം നിലനിന്നപോന്ന ൮൦൦൦ വൎഷം മുമ്പു മുതല്ക്കെന്നും അനുമാനിക്കണം. പിതൃതൎപ്പണത്തിനു് ഈ ക്ഷേത്രത്തിനു പ്രാധാന്യം സിദ്ധിച്ചതു് ശങ്കരാചാൎയ്യരുടെകാലം മുതൽക്കാണെന്നു ചില പണ്ഡിതന്മാൎക്കഭിപ്രായമുണ്ടു്. ഉൽഖനനഗവേഷണത്താൽ ലഭിക്കാവുന്ന ലക്ഷ്യങ്ങളെ ആസ്പദമാക്കി, അതിന്റെ യാഥാൎത്ഥ്യം നിൎണ്ണയിക്കേണ്ടതാണു്. യതിയായ ശങ്കരാചാൎയ്യരുടെ മാതാവിന്റെ ശ്രാദ്ധാദികൾക്കു സ്വദേശമായ കാലടിയിലുള്ള നമ്പൂരിമാർ ഉൾപ്പെടായ്കയാൽ അദ്ദേഹം ശ്രാദ്ധാദി നടത്തുവാനായി ദക്ഷിണ ദിക്കിലേക്കു പുറപ്പെട്ടുവെന്നും, തിരുവല്ലത്തു ചെന്നപ്പോൾ ആ ബ്രാഹ്മണഗ്രാമത്തിലുള്ള ഒരു ഓതിക്കോൻ നമ്പൂരി അദ്ദേഹത്തിനു് ശ്രാദ്ധാദികൎമ്മങ്ങളിൽ സഹകരിച്ചുവെന്നും തന്നിമിത്തം മററു ബ്രാഹ്മണർ ആ ഗ്രാമം വിട്ടുപോകുകയും ശങ്കരാചാൎയ്യരുടെ ശ്രാദ്ധം നടത്തിച്ചുകൊടുത്ത ബ്രാഹ്മണകുടുംബത്തിനു പതിത്വം കല്പിക്കുകയും ചെയ്തുവെന്നും ഒരു

ഐതിഹ്യമുണ്ടു്. ഇങ്ങനെ പതിത്വംഭവിച്ച ഓതിക്കോൻ നമ്പ്യാതിരി എന്ന പേരിനാൽ അറിയപ്പെടുന്നു. നമ്പ്യാതിരിക്കു് എളയതു് എന്ന ജാതിനാമം സിദ്ധിച്ചതാണത്രേ. ഇങ്ങനെ തിരുവല്ലം പിതൃതർപ്പണത്തിനു പ്രസിദ്ധിയുള്ള ക്ഷേത്രമായിതീർന്നതാണു്. ക്ഷേത്രപിണ്ഡംതിരുവല്ലത്തെ വിശ്രുതമായ പിതൃകർമ്മമാകുന്നു.

൭. തൃക്കക്കുടിക്ഷേത്രം.

തിരുവല്ലാത്താലൂക്കിൽച്ചേർന്ന കവിയൂർ എന്ന സ്ഥലത്തു ശിവൻ, പാർവ്വതി, ഹനുമാൻ എന്നീ മൂർത്തികളെയൊക്കെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു മഹാക്ഷേത്രം ഉണ്ടു്. കവിയൂർക്ഷേത്രത്തിൽ നിന്നു് ഉദ്ദേശം ഒരു മൈൽ കിഴക്കുമാറി ഒരു വലിയ കരിങ്കൽക്കുന്നു കാണാം. ഈ മലയുടെ വടക്കേപടിഞ്ഞാറേ ചരുവിൽ പാറ തുരന്നു് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു ഗുഹയാണു തൃക്കക്കുടി (തൃക്കൽക്കുടി) ക്ഷേത്രം. ഒരു വലിയ പാറക്കുന്നു്. ഉദ്ദേശം 70 അടി വീതിയിൽ രണ്ടായി പാറപിളന്നു പുറത്തെ മുററവും, കുളം, കിണർ എന്നിവയും തീർത്തിട്ടുണ്ടു്. പടിയുടെമറെറ അററത്തിലാണു ക്ഷേത്രം തുരന്നുണ്ടാക്കിയിട്ടുള്ളതു്. മുൻവശത്തു വിചിത്രശില്പരേഖകളോടുകൂടിയ ഒരുവാതലും അതുകടന്നാൽ വരാന്തയും ഉണ്ടു്. വരാന്തയിൽ പ്രവേശിച്ചാൽ ക്ഷേത്രത്തിന്റെവാതലും ഭീമാകാരങ്ങൾ കൊത്തിവച്ചിട്ടുള്ള ഭിത്തിയും കാണാം. ഇതു് ഒരുകാലത്തു ബുദ്ധവിഹാരമായിരുന്നുവെന്നും ബുദ്ധസന്യാസികളെ ധ്വംസനംചെയ്തശേഷം ക്ഷേത്രമാക്കി പ്രതിഷ്ഠ കഴിച്ചിട്ടുള്ളതാണെന്നും അനുമാനിക്കാവുന്നതാണു് ഇദ്ദേശത്തെ ക്ഷേത്രത്തിന്റെ ഘടനാരൂപം ഇതിനില്ല. ഭൂതങ്ങൾ ഒരു രാത്രികൊണ്ടു പണിയിച്ച ക്ഷേത്രമാണിതെന്നും ഇന്ദ്രൻ കോഴിയുടെരൂപം അവലംബിച്ചു പതിവിൽ നേരത്തെ കൂവുകയും തത്സമയം കവിയൂർ ക്ഷേത്രത്തിലെ ദേവനും ഭൂതങ്ങളും ആസ്ഥലത്തു കാത്തു നിൽക്കുകയും ചെയ്തുവെന്നും നേരം പ്രഭാതമാകയാൽ ഭൂതങ്ങൾക്കു ഭൂമിയിൽനില്ക്കാൻകഴിവില്ലാത്തതിനാൽ പണിപൂർത്തിയാക്കാതെ അവർ ഓടിയപ്പോൾ തൃക്കവിയൂരപ്പനും സ്വന്തഭൂതങ്ങളുംകൂടി തൃക്കക്കുടിശില്പികളായ ഭൂതങ്ങളെപിടിച്ചുകെട്ടിയെന്നും പ്രസ്തുത ക്ഷേത്രത്തിലെങ്ങും കടന്നാൽ

അകത്തെ ചുവരിൽ കാണപ്പെടുന്ന ബിംബരൂപങ്ങളുടെ കൈകാലുകളിൽ മഴു, കുന്താലി മുതലായ പണിയായുധങ്ങൾ കാണപ്പെടുന്നതിനും അവയുടെ കൈകാലുകളിൽ ചങ്ങലയിട്ടുബന്ധിച്ചിരിക്കുന്നതായി കൊത്തിയിണക്കിയിരിക്കുന്നതും ഈ പൂർവ്വ ചരിത്രത്തെ സൂചിപ്പിക്കാൻ പിന്നീട്ട് കൊത്തിഉണ്ടാക്കിയിട്ടുള്ളതാണെന്നും പറയപ്പെടുന്നു. പ്രതിഷ്ഠ മുതലായതു പിന്നീട്ട് നടത്തപ്പെട്ടിട്ടുള്ളതാണ്. ബുദ്ധവിഹാരങ്ങൾ കാലാന്തരത്തിൽ ക്ഷേത്രങ്ങളായി ബ്രാഹ്മണവേദാന്തികൾ രൂപാന്തരപ്പെടുത്തിയ കൂട്ടത്തിൽ തൃക്കണ്ടി ഗർഭഗൃഹത്തിലും ശിവപ്രതിഷ്ഠ നടത്തപ്പെട്ടിട്ടുള്ളതാണ്.

൯. ശുകപുരം ക്ഷേത്രം.

പൊന്നാനി താലൂക്കിൽ വാടക്കളം അംശത്തിൽ ആണ് ചരിത്രപ്രസിദ്ധമായ ശുകപുരം എന്ന പ്രധാനക്ഷേത്രം. ഇതു പരശുരാമനാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടത്തെ അധിഷ്ഠാനദേവത ശ്രീ ദക്ഷിണാമൂർത്തി (ശിവൻ) ആണ്. പ്രാചീന കേരളത്തിലെ നമ്പൂരിഗ്രാമങ്ങളിൽ എത്രയും പ്രധാനപ്പെട്ടതാണ് ശുകപുരം. ഗ്രാമക്കാരായ നമ്പൂരിമാരുടെ മനകളിൽ വേളി, ഉണ്ണിഊണ് മുതലായ അടിയന്തിരങ്ങൾ സംബന്ധിച്ച് ശുകപുരം ക്ഷേത്രത്തിൽ പ്രത്യേക ആരാധനകളും വഴിപാടുകളും നടത്താറുണ്ട്. യാഗം മുതലായ വലിയ വൈദികകർമ്മങ്ങൾ നടത്തിയിട്ടുള്ള നമ്പൂരിമാർക്ക് തന്നിമിത്തമുള്ള സ്ഥാനവും പ്രാമാണ്യവും ഉള്ളതായി മററുള്ളവർ പരിഗണിക്കണമെങ്കിൽ ഈ ക്ഷേത്രസമൂഹത്തിൽ പേർ ഏടിൽ ചേർക്കേണ്ടതായിരിക്കുന്നു. പന്ത്രണ്ടുകൊല്ലത്തിൽ ഒരിക്കലെ ഈ പേര് ഏട്ടിൽ കൊള്ളിക്കുന്ന ചടങ്ങു നടക്കാറുള്ളു. ശ്രീകോവിൽ അമ്പതടി നീളം രണ്ടു അടി വീതി ൩ അടി പൊക്കമുള്ള കരിങ്കൽകെട്ടാണ്. മുകളിൽ ചെമ്പു തകിട് ഇട്ടിട്ടുമുണ്ട്.

൰. പന്നിയൂർ വരാഹമൂർത്തിക്ഷേത്രം.

പൊന്നാനിയിൽ നിന്ന് അഞ്ചു മൈൽ അകലെ, ഇടപ്പാല ഗ്രാമത്തിന് ആറു മൈൽ തെക്കു കിഴക്കായി സ്ഥിതിചെയ്യുന്നു. ഇതും പരശുരാമപ്രതിഷ്ഠിതമാണ്. ശ്രീവരാഹമൂർത്തിയാണ് ഇവിടത്തെ അധിഷ്ഠാനദേവത. പന്നിയൂർ ഗ്രാമക്കാരായ നമ്പൂരിമാരുടെ ആവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള

പുരാതനക്ഷേത്രമാണിതു്. ക്ഷേത്രം വളരെ ചെറുതാണു്. പന്നിയൂർ ഗ്രാമക്കാരുടെ ഒരു വിഗ്രഹം ചൊവ്വരഗ്രാമക്കാരിൽ ചിലർ മോഷ്ടിച്ചുകൊണ്ടു പോയെന്നും തന്നിമിത്തം പന്നിയൂർകാർ ചൊവ്വരക്കാരുമായി യാതൊരു സഹകരണവുംകൂടാതെ കഴിക്കുവാൻ തീരുമാനിച്ചതാണു് എന്നും ഒരു ഐതിഹ്യം ഉണ്ടെന്നു വിസ്ച്ചർ പറയുന്നു. മെക്കൻസി സഞ്ചികയിലും ഇതിനെക്കുറിച്ചു പ്രസ്താവന കാണുന്നുണ്ടു്.

൫൦. തിരുവല്ലാ തോലശ്ശേരി.

"തോലയശ്ശേരി" എന്നാണു് പ്രാചീനദേശനാമം. "തോലയൻ" (തോലൻ) എന്ന ദ്രാവിഡ (ശൈവ) പ്രമാണി ഈ ദേശം ഭരിച്ചിരുന്നു. "തോല"ക്കുളം എന്നൊരു കുളം അദ്യാപി കാണപ്പെടുന്നു. ശക്തനായ തോല രാക്ഷസനെ നിഗ്രഹിക്കാൻ വിഷ്ണു വന്നു എന്നും മററുമുള്ള "തോലാസുരവധം" ഐതിഹ്യം ശൈവവൈഷ്ണവന്മാർ തമ്മിലുള്ള മത്സരത്തെ ദ്യോതിപ്പിക്കുന്നു. തോലശ്ശേരി ശിവക്ഷേത്രം തോലൻെറകാലത്തു പ്രതിഷ്ഠിച്ചതത്രെ. വിഗ്രഹം ൫ൽ കോൽ ഉയരമുള്ളതാണു്. നീളത്തിനനുരൂപമായ ചുററളവും വണ്ണവുമുള്ള ആ ശിവലിംഗം ശ്രീകോവിലിൻെറ വാതൽ കടത്തി ഗർഭഗൃഹത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളതല്ല. ഒരാൾക്കോ പത്താൾക്കോ കൂടി വിഗ്രഹം എടുത്തു നാളത്തിലാക്കി പ്രതിഷ്ഠിക്കാൻ സാധ്യമല്ല. ഇവിടെ ധ്വജം ഉണ്ടായിരുന്നു. അതു ഇടക്കാലത്തു വീണുപോയി. ഇപ്പോൾ ധ്വജവേദിയുടെ ശിലാഖണ്ഡങ്ങൾ സൂക്ഷിച്ചിട്ടുണ്ടു്. അതിൽനിന്നു വ്യക്തമാകുന്ന ലിഖിതപ്രകാരം കലി ൯൦൪ മിഥുനമാസം ധ്വജപ്രതിഷ്ഠാകാലമെന്നു് കാണുന്നുണ്ടു്. "സങ്ഗപ്രിയാണ നിശ്രേണിസ്പൃഹണിബലിഹരം" എന്നാണു് ഈ ക്ഷേത്രത്തിലെ ലക്ഷ്യം. "ഗോലനദായതേ" എന്നു കലിദിനത്തിൽ ആകുന്നു ക്ഷേത്രസ്ഥാപനം.

൫൧. ചെങ്ങന്നൂർ പുത്തൻതെരുവുപള്ളി.

ക്രി. ഡി. ൩-ാം ശതകം മുതൽ നിലനിന്നു പോരുന്ന ഒരു ക്രൈസ്തവസ്ഥാപനം ആണു് ഇതു്. സെൻറ തോമസ്സിൻെറ സ്ഥാപനങ്ങളായ പ്രസിദ്ധപ്പെട്ട കൊല്ലം, കൊടുങ്ങല്ലൂർ, കോക്കമംഗലം, കോട്ടക്കാവു്, നിരണം, ചായൽ, (പ്രാചീനനിലയ്ക്കൽ)

പാലൂർ (മലബാറിൽ) എന്നീ ഏഴു പള്ളികളിൽ നിലയ്ക്കൽ പള്ളിയുടെ ശരിപ്പു പള്ളി ആയിരുന്നു ഇതു്. ഇവിടം പള്ളി സ്ഥാപനത്തിനു മുൻപു ഒരു ബുദ്ധക്ഷേത്രമായിരുന്നു. ശ്രീശങ്കരന്റെയും മാധവാചാര്യരുടെയും നേതൃത്വത്തിൽ ഹിന്ദുമതോദ്ധാരണം ആരംഭിച്ചപ്പോൾ ബുദ്ധമതധ്വംസനം ശക്തിയായി നടന്ന കൂട്ടത്തിൽ പ്രസ്തുത ക്ഷേത്രം വർജ്ജിതമായിപ്പോയി. ആ ക്ഷേത്രസങ്കേതത്തിൽ പള്ളിസ്ഥാപനം, അക്കാലത്തെ നാടുവാഴിയുടെ സഹായത്തോടുകൂടി നടന്നു. ബുദ്ധവിഹാരത്തിന്റെ ലക്ഷ്യങ്ങൾ സമസ്തവും അദ്യാപി പ്രസ്തുത പള്ളിക്കെട്ടിടത്തിൽ കാണാം. കെട്ടിടം വളരെ പുരാതനമാണു്. അവിടത്തെ ഗംഭീരങ്ങളായ വാതലുകളിലെ പുരാതനകേരളശില്പവൈചിത്ര്യം പരിരക്ഷിക്കപ്പെടേണ്ടതാണു്. ചെങ്ങന്നൂർപള്ളിലിഖിതങ്ങൾ ചിലതു ചുവടേ ചേർത്തിരിക്കുന്നു.

ചെങ്ങന്നൂർ അങ്ങാടിക്കൽ

പഴയപള്ളി ലിഖിതങ്ങൾ

(പഴയ കേരളലിപി-മറ്റൊരു മാതൃക)



II. ചെങ്ങന്നൂർ ലിഖിതങ്ങൾ

IV



നെസ്റ്റോറിയൻ വൈദികന്മാർ പ്രസ്തുത പള്ളിയിൽ വന്നു താമസിച്ചു കർമ്മാദികൾ നടത്തിപ്പോന്നതിന്റെ ലക്ഷ്യങ്ങളായി അവർ ഉപയോഗപ്പെടുത്തിവന്നവയും കാലപ്പഴക്കത്താൽ ദ്രവിച്ചുപോയവയുമായ സ്ഥാനവസ്ത്രങ്ങൾ അല്പാപി ആ പള്ളിയിൽ പരിരക്ഷിക്കപ്പെട്ടുവരുന്നു.

൫൨. ശ്രീവല്ലഭപുരം ക്ഷേത്രം

(തിരുവല്ലാക്ഷേത്രം).

ഇൻഡ്യയിലെ വൈഷ്ണവഹിന്ദുക്കളുടെ ൧൦൮ ദിവ്യക്ഷേത്രങ്ങളിൽ ഒന്നാണ് ഇതു്. വൈഷ്ണവമതം പ്രാബല്യത്തിലിരുന്ന അതിപുരാതനമായ ഒരു കാലത്താണ് ഈ ക്ഷേത്രത്തിന്റെ സ്ഥാപനം. ശങ്കരമംഗലം എന്ന നമ്പൂരിഇല്ലത്തേ

ഒരു അന്തർജ്ജനം ശ്രീചക്രം വച്ചു തേവാരമൂർത്തിയായി ആരാധിച്ചുവന്നു. അവർ പതിവായി ഏകാദശീവ്രതം അനുഷ്ഠിച്ചുപോന്നു. ദ്വാദശിക്കു ബ്രാഹ്മണഭോജനം നൽകിയശേഷമെ ആ ഭക്ത ഭക്ഷണംകഴിക്കാറു പതിവുണ്ടായിരുന്നുള്ളു.

അക്കാലത്തു തിരുവല്ലായും പരിസരങ്ങളും "മല്ലികാവനം" എന്നൊരു ആരണ്യപ്രദേശമായിരുന്നു. അവിടെനിന്നു അധികം ദൂരത്തല്ലാതെ "തോലയപുരം" എന്നൊരു കുന്നിൽ "തൊകലൻ" എന്നു പേരുള്ള ശിവഭക്തനായ ഒരുദ്രാവിഡനാടുവാഴി "ഇക്കാവു" എന്നു പേരുള്ള പത്നിയോടുകൂടി ആ നാടുഭരിച്ചിരുന്നു. അതുവഴി വന്നു പൊയ്ക്കൊണ്ടിരുന്ന വൈഷ്ണവരായ പാന്ഥന്മാരെ തൊകലൻ തടഞ്ഞു നിഗ്രഹിച്ചുവന്നു. തന്നിമിത്തം വൈഷ്ണവർ ആരും അതുവഴി നടക്കാതായി. തിരുവല്ലാഗ്രാമികരം വളരെ വിഷമിച്ചു് ഇരിക്കുകയായിരുന്നു. ഒരു ദ്വാദശിയൂട്ടിനു് ഒരു ബ്രാഹ്മണയുവാവു് ശങ്കരമംഗലത്തേക്കു പോവുകയായിരുന്നു. മാർഗ്ഗമദ്ധ്യേ തോലൻ ആ ബ്രാഹ്മണനെ ആക്രമിച്ചു. അപ്പോൾ നടന്ന ദ്വന്ദ്വയുദ്ധത്തിൽ തോലൻ പരാജിതനായി വധിക്കപ്പെട്ടു. തോലന്റെ സഹായത്തിനു എത്തിയ ഇക്കാവും മരണം പ്രാപിച്ചു. ബ്രാഹ്മണന്റെ വീര്യപരാക്രമങ്ങൾ കണ്ടു ഭയവിഹ്വലരായ തൊകലാനുയായികൾ ഓടിഒളിച്ചു. തൊകലനെ ഒരു അസുരനായും, ആ ബ്രാഹ്മണനെ മഹാവിഷ്ണുവായും സ്ഥലപുരാണത്തിൽ വർണ്ണിച്ചിരിക്കുന്നു.

അനന്തരം ആ ബ്രാഹ്മണൻ ശങ്കരമംഗലത്തു് ദ്വാദശി ആതിഥ്യം സ്വീകരിച്ചു. സംഭവിച്ച വിശേഷമെല്ലാം കേട്ടപ്പോൾ വൃദ്ധയായ അന്തർജ്ജനത്തിനു സന്തോഷമായി. പിന്നീടു വൈഷ്ണവബ്രാഹ്മണരുടെ ആലോചനയനുസരിച്ചു് ശ്രീചക്രത്തിന്റെ അടുത്തുതന്നെ ശ്രീനാരായണമൂർത്തിയെയും പ്രതിഷ്ഠിച്ചു. പ്രതിഷ്ഠയ്ക്കുള്ള വിഗ്രഹം സരയൂനദിയിൽനിന്നു് ഒരു തെലുങ്കൻ ബ്രാഹ്മണൻമുഖേന ലഭിച്ചതാണു്. അതിനാൽ തിരുവല്ലാക്ഷേത്രത്തിലെ ശാന്തിഅവകാശത്തിൽ ഒന്നുപകുതി അക്കാലം മുതൽ ഇന്നും തെലുങ്കു ബ്രാഹ്മണർക്കായിരിക്കണമെന്നു തിരുവല്ലാഗ്രാമികളായ നമ്പൂരിമാർ സത്യപ്രതിജ്ഞ ചെയ്തു. ആ സത്യം അദ്യാപി നിവഹിച്ചു പോരുന്നു. ഏതായാലും ഉത്തരദേശങ്ങളിലെയും ദക്ഷിണദേശങ്ങളിലെയും ദക്ഷിണാപഥത്തിലെയും

വൈഷ്ണവർക്ക് പ്രത്യേകതയുള്ള ക്ഷേത്രങ്ങളിൽ ഒന്നാണിത്. ഇവിടെ ധ്വജം ഇല്ല. ആനപ്പുറത്ത് എഴുന്നള്ളിപ്പും പതിവില്ല. ധ്വജത്തിന്റെ സ്ഥാനത്ത് ൫൦ ൬/൪ അടി കിളരവും മൂന്നു നിലയും ഉള്ള ഒരു കരിങ്കൽ ഗരുഡവാഹനമാണ് ഉള്ളത്. ഇതു പുരാതനകാലത്തെ ഒരു കേരളപ്പെരുമാളിന്റെ ധർമ്മദാരങ്ങളായ "പെരുംതേവി" എന്ന സ്ത്രീരത്നത്തിന്റെ ചെലവിന്മേൽ പണികഴിപ്പിച്ചിട്ടുള്ളതാണെന്ന് അനുമാനിക്കപ്പെട്ടിരിക്കുന്നു. കഥകളി പ്രസ്തുത ക്ഷേത്രത്തിലെ ഒരു പ്രധാന വഴിപാടാണ്. കഥകളിൽ തോകലാസുരവധത്തിനാണ് കൂടുതൽ പ്രാധാന്യം. പ്രസ്തുത ഗ്രാമത്തിൽ ശൈവരും വൈഷ്ണവരും തമ്മിൽ നടന്ന ഒരുമത്സരത്തിൽ വൈഷ്ണവർക്ക് സിദ്ധിച്ച വിജയത്തിന്റെ സ്മാരകമായിരിക്കണം പ്രസ്തുത ക്ഷേത്രംതന്നെ. തിരുവല്ലാദേശത്തിനു സമീപമുള്ള മുട്ടാർ, തലയാർ, ചക്രക്ഷാളനപുരം മുതലായ പ്രദേശങ്ങൾക്കു തോകലാസുരവധവുമായി ബന്ധമുണ്ടെന്നു ഐതിഹ്യമുണ്ട്. തോകലന്റെ തല ചെന്നു വീണസ്ഥാനത്തേ നദിക്കു തലയാർ എന്നും, കൈ കാൽ മുട്ടുകൾ വീണസ്ഥാനത്തേ നദിക്കു മുട്ടാർ എന്നും പേർ സിദ്ധിച്ചതാണത്രെ. വിഷ്ണു തോകലനെ വധിച്ചശേഷം ചക്രായുധം കഴുകിയസ്ഥാനമാണു ചക്രക്ഷാളനപുരം എന്നും വിശ്വസിച്ചുപോരുന്നവർ ഇല്ലാതില്ല. ചക്രക്ഷാളനപുരത്തു അതിപ്രാചീനമായ ഒരു നമ്പൂരിബ്രാഹ്മണയോഗവും യോഗം വക സ്വത്തുക്കളും ഉള്ളതാകുന്നു.

തിരുവല്ലക്ഷേത്രത്തിൽ ഒട്ടധികം ശിലാരേഖകളും ചില താമ്രശാസനങ്ങളും ഉണ്ട്. അവയ്ക്കു ചരിത്രസംബന്ധമായ വലിയപ്രാധാന്യം കാണുന്നില്ല. കൊല്ലവർഷം ൩൯൯-ാമാണ്ടു വേണാട്ടുരാജ്യം വാണിരുന്ന വീരകേരളവർമ്മ പ്രസ്തുതക്ഷേത്രത്തിലേക്കു ചില നിത്യനിദാനങ്ങൾക്കു സ്വത്ത് ഏല്പിച്ച വകയ്ക്ക് ഉള്ള കുറിപ്പാണ് ഒരുശിലാരേഖ. മറെറാന്നു മഠത്തിൽ ശക്തി തിരുവടികൾ എന്ന മാടമ്പിപ്രഭു ചില ദാനങ്ങൾ ഈ കോവിലിലേക്കു നൽകിയതിന്റെ കുറിപ്പാകുന്നു.

പടററി വാഴപ്പഴം ഈ ക്ഷേത്രത്തിലെ നിവേദ്യ സാധനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാകുന്നു.

സ്ത്രീകൾക്ക് എല്ലാദിവസവും ഈ ക്ഷേത്രത്തിനകത്തു കടന്നു ദർശനം നടത്താൻ മാമൂൽ അനുവദിക്കുന്നില്ല. ഉത്സ

ശ്ശീവെലി, വിഷു, ധനുവിലെ ആർദ്രാ ദർശനം (തിരുവാതിര) എന്നീമൂന്ന ദിവസങ്ങളിൽ മാത്രമേ അനുവാദമുള്ളു.

൫൩. തിരുച്ചെങ്ങന്നൂർക്ഷേത്രം (ചെങ്ങന്നൂർ)

ചെങ്ങന്നൂർ ക്ഷേത്രമഹാത്മ്യത്തെക്കുറിച്ച ഭിന്നാഭിപ്രായങ്ങൾ ഉണ്ട്. ദേവീമാഹാത്മ്യം എന്ന സംസ്കൃതഗ്രന്ഥത്തിലെ ആഭ്യന്തരതെളിവുകൾ ആസ്പദമാക്കി നോക്കുകയാണെങ്കിൽ ചെങ്ങന്നൂർ ആകുന്നു, "കാമാഖ്യായോനിമണ്ഡലം" എന്നു കാണാം. അതാവിത്ത് യോഗാഗ്നിയിൽ ദഹിച്ച സതീദേവിയുടെ കരിഞ്ഞഉടൽ ശിരസ്സിൽ വച്ചുകൊണ്ടു കേവലം ഒരു ഉന്മത്തനായ വിരഹിയെപ്പോലെ പരമശിവൻ ഉഴന്ന് ഓടി നടക്കുന്നതുകണ്ടു ആർദ്രചിത്തനായി ഭഗവാൻ വിഷ്ണു ശരംചെയ്തു സതിയുടെ ഉടൽ അവയവംപ്രതി ഖണ്ഡിച്ചു കൊണ്ടിരുന്നു. ഇങ്ങനെ ഓരോ അംശം ഓരോ പ്രദേശങ്ങളിൽ ചെന്നുപതിച്ചു. അക്കൂട്ടത്തിൽ യോനിമണ്ഡലം ചെന്നു വീണതു "ചെങ്കൻവൂർ" (ശോണാചലം) ആയിരുന്നു. ഈസ്ഥലത്തു പരമശിവവിഗ്രഹം സ്വയംഭൂവായി കാണപ്പെടുന്നു. ത്രികോണാകൃതിയിലുള്ള ഒരു പീഠം സ്വാഭാവികവിഗ്രഹത്തിനു ചുറ്റും പിന്നീട് ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ് എന്നു വ്യക്തമായി കാണാവുന്നതാണ്. ഇവിടെ സതിയുടെ അവതാരമായ കണ്ണകി, സ്വഭർത്താവായ കോവിലനെ പാണ്ഡ്യരാജാവു വധിച്ചശേഷം, ആ രാജാവിനെ കൊന്നു വൈരനിര്യാതനം ചെയ്തതിൽ പിന്നീടു, പാണ്ഡ്യപുരിയിൽ നിന്നു പടിഞ്ഞാറോട്ടു സഹ്യപർവ്വതനിരയിൽ കടന്നുനടന്നു ചെങ്കൻവൂർ മലയുടെ മുകളിൽ എത്തി, ഉഗ്രതപസ്സിൽ നിന്നതായും, അവിടെവച്ചു വിമാനചാരിയായി കോവിലന്റെ ആത്മാവുപ്രത്യക്ഷപ്പെട്ടു, ആ ദേവിയെ വിമാനത്തിൽ കയററികൊണ്ടുപോയതായുമാണ് ഐതിഹ്യം. ആ കണ്ണകീദേവിയുടെ വിഗ്രഹംതത്സ്വരൂപത്തിൽ ചെങ്കമലവല്ലി എന്ന ധ്യാനത്തിൽ ചെങ്ങന്നൂർ ശിവക്ഷേത്രത്തിൽ തന്നെ പ്രതിഷ്ഠിച്ചതായിട്ടാണു സ്ഥലപുരാണം. ബി. സി. ൧൦-ാം ശതവർഷത്തിൽ ജീവിച്ചിരുന്ന ഇളങ്കൻതിരുവടികൾ എന്ന ഭക്തനും കവിയുമായ ചേരരാജകുമാരനാൽ രചിക്കപ്പെട്ടിട്ടുള്ള ചിലപ്പതികാരം എന്ന പ്രാചീനതമിഴ് ഗ്രന്ഥത്തിലെ ആഭ്യന്തര തെളിവുകളും ഈ അംനമാനത്തിന് അനുകൂലമായിരിക്കുന്നു. കാമാഖ്യാ

...ണ്ഡലത്തിലേ പ്രതിഷ്ഠയാകയാൽ ദേവി മാസത്തിൽ ഒരിക്കൽ വീതം രജസ്വലയാകുകയാണു നടത്തയെന്നു ദേവീ മാഹാത്മ്യത്തിലും വിവരിച്ചു കാണുന്നു. ഇപ്രകാരം വിഗ്രഹ ത്തിൽ ആർത്തവലക്ഷണങ്ങൾ കാണപ്പെടുന്ന പ്രസിദ്ധിമറ്റൊ യക്ഷേത്രത്തിലും ഇല്ലതന്നെ.

എന്നാൽ ദേവിമാഹാത്മ്യത്തിലും ചിലപ്പതികാരത്തിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ചെങ്കുൻറൂർ, ചെങ്ങമനാട്ടു മലകളാ ണെന്നും തിരുവഞ്ചിക്കുളത്തിനു സമീപമുള്ള കൊടുങ്ങല്ലൂരായി രിക്കണം കണ്ണകീവിഗ്രഹം ചെങ്കുട്ടുവപ്പെരുമാൾ പ്രതിഷ്ഠിച്ചി രിക്കുന്നതെന്നും ഒരഭിപ്രായവും ഇല്ലാതെയില്ല. തിരുത്തൊണ്ടർപുരാണം എന്നുകൂടി പേരുള്ള "പെരിയപുരാണം" എന്ന തമിഴ്ഗ്രന്ഥ ത്തിലും 'ചെങ്കുൻറൂർ' ദേശത്തെയും 'ചിറൽമിൻറനായിനാ'രെ യുംകുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. കേരളത്തിൽ ഒരു 'ചെങ്കുൻറൂർ' മാത്രമേ ഉള്ളൂ.

"കണ്ണകിമിന്നൽക്കൊടിപോൽ
കാലുകളിൽപൊന്നൻചിലമ്പണിന്തു്
ഇടയിൽ മേകലൈ പുനൈന്തു്
കൈയ്യിൽ വളൈ അണിന്തു്
കാതിൽ വൈരപ്പൊൻതോടണിന്തു്
വിണ്ണിലൈ തൈവങ്കളിവോടു വിളങ്കിതോൻറിനാൾ"

എന്നാണു് "ചിലപ്പതികാരവിളക്ക"ത്തിൽ കണ്ണകീദേവിയുടെ രൂപവർണ്ണനചെയ്തിരിക്കുന്നതു്. ചെങ്ങന്നൂരേ ദേവീവിഗ്രഹത്തി ന്റെ രൂപവും ഈ വർണ്ണനയ്ക്കനുരൂപമായിട്ടാകുന്നു അദ്യാപി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതും.

ഇപ്രകാരമുള്ള രൂപത്തോടുകൂടിയ കണ്ണകിയെ ഉചിത മായ വിഗ്രഹത്തിൽ ചെങ്ങന്നൂർ ക്ഷേത്രം പണിയിച്ചു ചെങ്കൊ ട്ടുവൻ എന്ന ചേരരാജാവു് പ്രതിഷ്ഠിപ്പിച്ചതായി അനുമാനി ക്കേണ്ടിയിരിക്കുന്നു. ദേവീവിഗ്രഹം പ്രതിഷ്ഠിച്ച സ്ഥാനത്തി നടുത്തു പ്രതിഷ്ഠാകാലത്തു ജടാതീർത്ഥം എന്നു് ഒരു ഉറവയും നീർച്ചാട്ടവും ഉണ്ടായിരുന്നു.

"നായനാർ തിരുച്ചെങ്ങന്നൂർ കോവിൽ" എന്നായിരുന്നു പഴയ ഗ്രന്ഥങ്ങളിലും ഗ്രന്ഥവരികളിലും സർക്കാർ രേഖകളിലും പ്രസ്തുത ക്ഷേത്രത്തിനുണ്ടായിരുന്ന പേർ. പെരിയപുരാണം

64 ആഴ്‌വാറന്മാരുടെ ജീവചരിത്രം അടങ്ങിയ ഗ്രന്ഥമാണു്. വിപ്രന്മാരും ഭക്തശിരോമണികളുമായ മഹാന്മാരാണു് ആഴ്‌വാറന്മാർ. അവരിൽ പലരും കവികളും ആയിരുന്നു. അവർ പലരും തമിഴരാണു്. ആഴ്‌വാറന്മാരിൽ രണ്ടുപേർ കേരളീയരായിരുന്നു. അതിൽ ഒരാളാണു് വിറൽമിണ്ടനായനാർ. ആ യോഗീശ്വരന്റെ ജനനം തിരുചെങ്ങന്നൂരാണെന്നുള്ളതിനു തെളിവുകൾ ഉണ്ടു്. അദ്ദേഹം, ചെങ്കുട്ടുവചേരൻ ചെയ്തിട്ടുള്ളതുപോലെ പ്രസ്തുതക്ഷേത്രത്തിലേക്കു വളരെ സ്ഥാവരജംഗമസ്വത്തുക്കൾ ദാനംചെയ്തിട്ടുണ്ടു്. അദ്ദേഹം ചെങ്ങന്നൂർദേശാധിപതിയും പ്രസ്തുത ക്ഷേത്രത്തിന്റെ മേൽകോയ്മയും ഊരാകത്താവും ആയിരുന്നു.

൭൮. വൈക്കം ക്ഷേത്രം.

വൈക്കത്തിനു് "വ്യാഘ്രപാദപുരി" എന്നു പേരുണ്ടു്. പുരാതനകാലത്തു വ്യാഘ്രപാദൻ എന്ന മഹർഷി തപസ്സു ചെയ്തു വസിച്ചിരുന്ന ഒരു ദ്വീപായിരുന്നു ഇവിടം. വൈക്കം ക്ഷേത്രമഹാത്മ്യത്തെക്കുറിച്ചു ഭാർഗ്ഗവപുരാണത്തിൽ വർണ്ണിച്ചിരിക്കുന്നു. വ്യാഘ്രപാദന്റെ കാലശേഷം ഈ ദ്വീപു സമുദ്രത്തിൽ മഗ്നമായിപ്പോയി. വീണ്ടും കരതെളിഞ്ഞു വന്നകാലം ഭാർഗ്ഗവരാമൻ കണ്ടെടുത്തു സൂക്ഷിച്ചിരുന്ന ശിവലിംഗം ഖരൻ എന്ന ദ്രാവിഡദേശാധിപൻ പ്രതിഷ്ഠിച്ചതായിട്ടാണു് ഐതിഹ്യം.

വ്യാഘ്രപാദപുരി മുതലായ അന്നത്തെ കടലോരദേശങ്ങൾ വീണ്ടും സമുദ്രമഗ്നമായിപ്പോയി. വെമ്പലനാട്ടു് ഭൂകമ്പത്താൽ സമുദ്രമഗ്നമായിപ്പോകയും വേമ്പനാട്ടുകായൽ എന്ന അത്യഗാധസ്ഥാനമായ ജലാശയം കടലിൽനിന്നു വേർതിരിഞ്ഞു രൂപീകൃതമാകയും ചെയ്തശേഷം പൊങ്ങിവന്ന 'വൈക്കം' (കരവച്ചുണ്ടായ സ്ഥലം) വീണ്ടും ഹൈന്ദവസംസ്കാരകേന്ദ്രമായിത്തീർന്നു. വ്യാഘ്രപാദക്ഷേത്ര മാഹാത്മ്യത്തെക്കുറിച്ചു പ്രസംഗവശാൽ ഭാർഗ്ഗവപുരാണം പറയുന്നു:—

"തതശ്ച ചേര ഭൂപാലഃ സുന്ദരശ്ച മഹീശ്വര
കിമപ്യന്തർവലത് കൃത്യൈ മിഥസ്സൗഹാർദവിഹ്വലൌ
ജഗ്മതുശ്ച യാവേതൌ കേരളം ദേശമുത്തമം
ശ്രീമത് പരശുരാമസ്യ രാജ്യം സമ്രാജ്യ സന്നിഭം

ഉദ്വീക്ഷ്യ സുന്ദരം ശ്രീമാനാപിസ്വയം പരമംഗതഃ
സഖേ ചേരപതേ ദേശഃ കൈലാസ ഇവ ഭാസതേ"

ഒരു ചേരരാജാവും, ഭക്തശിരോമണിയും മന്ത്രിയുമായിരുന്ന സുന്ദരമൂർത്തിയുംകൂടി ഈ ക്ഷേത്രത്തിൽ ദർശനം നടത്തിയിട്ടുള്ളതായിട്ടാണു് മേൽ ഉദ്ധരിച്ച ഭാഗം വ്യക്തമാക്കുന്നതു്. ഏകദേശം എ. ഡി. എട്ടാംശതകത്തിന്റെ ആദ്യപാദത്തിലായിരിക്കണം ഈ സംഭവം നടന്നതെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വൈക്കംക്ഷേത്രത്തിൽ നിലവിലിരിക്കുന്ന ക്ഷേത്രാംഗങ്ങളും ഉപമന്ദിരങ്ങളും, പെരുമ്പലനാട്ടിന്റെ നാശത്തിനും, ചേരമാൻ ഭരണക്കൂടത്തിന്റെ (Kerala Federal Government) അസ്തമനത്തിനുംശേഷം, ഓരോ ഘട്ടങ്ങളിൽ കേരളരാജ്യങ്ങളിൽ നാടുവാണിരുന്ന രാജാക്കന്മാരുടെയും ദേശാധിപന്മാരുടെയും ഉദാരമായ ദാനത്താൽ നിർമ്മിക്കപ്പെടുവാൻ ഇടയായിട്ടുള്ളതാണു്. തിരുവിതാംകൂർ രാജ്യസ്ഥാപനശേഷം തിരുവിതാംകൂർ മഹാരാജാക്കന്മാരുടെയും ഗവണ്മെണ്ടിന്റെയും മുക്തഹസ്തമായ സംഭാവനകളാലും സഹകരണത്താലും വൈക്കംക്ഷേത്രം അത്യന്തം പുരോഗമനം പ്രാപിച്ചിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. വൈക്കത്തെ "പെരുംതൃക്കോവിലപ്പൻ" അന്നദാനപ്രഭുവാണു്. വൈക്കം ക്ഷേത്രത്തിലെ പ്രാതൽവഴിവാടും സദ്യയും വളരെ വിശ്രുതമാണു്. പ്രാതൽ സദ്യയിലെ വിഭവങ്ങളുടെ അവശേഷത്തിനും ക്ഷേത്രത്തിലെ പാചകശാല(തിടപ്പള്ളി)യിൽ അവശേഷിക്കുന്ന ചാമ്പലിനും ദിവ്യമായ ഔഷധശക്തി ഉള്ളതായും അവ ഉപയോഗിച്ചാൽ ഉദരവ്യാധി, ക്ഷയം, ഭ്രാന്തു മുതലായ രോഗങ്ങൾക്കു ശമനം ഉണ്ടാകാറുള്ളതായും അനുഭവസ്ഥന്മാർ പറയുന്നുണ്ടു്. ഈ ക്ഷേത്രംവക ഗ്രന്ഥവരികളും താമ്രശാസനങ്ങളും പരിശോധിക്കുവാൻ ഗവേഷകന്മാർക്കു സൌകര്യം നൽകേണ്ടതാണു്.

൧൫. ഉദയനാപുരം.

ഉദയനാപുരം വൈക്കം ക്ഷേത്രത്തിൽനിന്നു അല്പം വടക്കുമാറിയുള്ള ഒരു ഗ്രാമമാണു്. അവിടം "ഉദയനാപുരം സുബ്രഹ്മണ്യക്ഷേത്രത്താൽ" പ്രസിദ്ധി പ്രാപിച്ചിരിക്കുന്നു. വ്യാഘ്രപാദക്ഷേത്രത്തോളം പഴക്കമുള്ളതല്ലെങ്കിലും ഉദയനാപുരവും അതിപ്രാചീനമാണു്. പെരുഞ്ചോറു് ഉദയനനെന്നു വിശ്രുത

നായ ഉദയനകുലശേഖരപ്പെരുമാളിൻെറ കാലത്തോ അവിടത്തെ കാലശേഷമോ, മഹായോദ്ധാവും സേനാനിയുമായ ഉദയനൻെറ സ്മാരകമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ക്ഷേത്രമായിരിക്കണം ഇതെന്നു് അനുമാനിക്കുന്നതിൽ അസാംഗത്യം ഇല്ലതന്നെ.

൱൩. കുമാരകോവിൽ.

ദക്ഷിണതിരുവിതാംകൂറിൽ ഉള്ള അതിപുരാതനമായ ഒരു സുബ്രഹ്മണ്യക്ഷേത്രമാണു കുമാരകോവിൽ. കുറഞ്ഞതു പതിനായിരംവർഷം പഴക്കമുള്ള ഒരു ക്ഷേത്രമാണിതു്. ഇതു മുരുകൻ എന്ന കേരളരാജാവു കേരളവും പരിസരങ്ങളും അടക്കി ഭരിച്ചിരുന്ന ചരിത്രാതീതകാലത്തു സ്ഥാപിച്ചതായി വരാം. കുമാരകോവിലിൽ കഞ്ഞിവഴിപാടു വളരെ പ്രസിദ്ധിഉള്ളതാണു്. കുമാരകോവിലിനു സമീപമുള്ള വേളിമല പുരാതനകാലത്തു സംസ്കാരസമ്പന്നമായ ഒരു മഹാവിദ്യാപീഠം നിലനിന്നിരുന്ന സ്ഥാനമാണു്. ദ്രാവിഡ (തമിഴ്) സംസ്കാരത്തിനു വിശ്രുതമായ വടിവേലവിദ്യാപീഠമായിരുന്നു അതു്. വേളിമലയിൽ ഉൽഖനനഗവേഷണം നടത്തുന്നപക്ഷം വിദ്യാപീഠത്തിനു് ഉപയോഗിച്ചിരുന്ന ഉള്ളറകൾ അനാച്ഛാദനം ചെയ്‌വാൻ സാധിക്കുന്നതാണു്. വേളിമലയിലുള്ള ഗുഹാമണ്ഡപങ്ങളിൽ അദ്യാപി യതിവര്യന്മാർ ചിലർ അധിവസിച്ചുവരുന്നതായി കാണാം. കുമാരകോവിൽ പരിസരങ്ങളും വേളിമലയുടെ പ്രാന്തങ്ങളും ഗുഹാദ്വാരങ്ങളും ഉൽഖനനഗവേഷണത്തിനു സമുചിതസ്ഥാനങ്ങളാകുന്നു.

൱൪. ഉദയമ്പേരൂർ.

ഉദയനാപുരത്തുനിന്നു് ഏതാനും മൈൽ വടക്കുപടിഞ്ഞാറു മാറിയുള്ള ഒരു പ്രാചീനകടലോരപട്ടണമായിരുന്നു ഉദയംപേരൂർ. ഉദയംപേരൂർ ഒരു കടലോരനഗരമാണെന്നു പ്രാചീനകാലത്തു് ഓരോ ഘട്ടങ്ങളിൽ കേരളം സന്ദർശിച്ചിട്ടുള്ള പുരാതനയൂറോപ്യൻ സഞ്ചാരികളും വണിക്കുകളും രേഖപ്പെടുത്തിയിട്ടുണ്ടു്. ചരിത്രാതീതമായ ഒരുകാലത്തു് ഉദ്ദേശം അയ്യായിരത്തിൽപരം സംവത്സരംമുൻപു് ഉദയംപേരൂർ ഉദയനസാമ്രാജ്യത്തിലെ പ്രധാന തുറമുഖനഗരമായിരുന്നു. ഇവിടെ വിശ്രുതമായ ഒരു ക്ഷേത്രവും, ഉപമന്ദിരങ്ങളും അദ്യാപി നിലനിന്നു

പ്പോരുന്നു. ആധുനിക തിരുവിതാംകൂർ കൊച്ചിസംസ്ഥാനങ്ങളുടെ അതിരുകൾ തിരിയ്ക്കപ്പെട്ടിരിക്കുന്ന സ്ഥാനം ഇവിടെയാണ്. കേരളത്തിന്റെ പൂർവ്വചരിത്രത്തിനു പുഷ്ടിനൽകുവാൻ സഹായപ്രദങ്ങളായ ലക്ഷ്യങ്ങൾനിറഞ്ഞ അതിപുരാതനമായ ഒരു സംസ്കാരം അനാച്ഛാദനം ചെയ്‌വാൻ, ഇവിടെ ഉൽഖനനഗവേഷണം നടത്തുന്നപക്ഷം സാധിക്കുന്നതാണ്.

൧൮. ഏറ്റുമാനൂർക്ഷേത്രം.

ഏറ്റുമാനൂർ, ചരിത്രാതീതമായ പുരാതനകാലത്ത് ഒരു ശൈലദ്വീപായിരുന്നു. "ഹരിണദ്വീപ്" അഥവാ "മാന്നൂർ" എന്നായിരുന്നു പ്രസ്തുത ദ്വീപിന്റെ പേർ. ദേശനാമാഗമം പ്രമാണിച്ചുള്ള ഐതിഹ്യത്തിന്റെ യാഥാർത്ഥ്യം ഏതുവിധം ഇരുന്നാലും ഇവിടം മാൻ ധാരാളം സൈ്വരവിഹാരംചെയ്തു ജീവിച്ചുവന്ന ഒരു ദ്വീപവനമായിരുന്നുവെന്നു ഊഹിക്കാവുന്നതാണ്. ഈ ക്ഷേത്രവും "ഖരൻ" എന്ന ദ്രാവിഡദേശാധിപൻ സ്ഥാപിച്ചിട്ടുള്ളതായി സ്ഥലപുരാണംപറയുന്നു. രാമായണത്തിൽ പ്രകീർത്തിതനായ ഖരൻതന്നെ ആയിരിക്കണം. ആ സ്ഥിതിക്കു ക്ഷേത്രം നിർമ്മിച്ചു വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ട കാലം ത്രേതായുഗം തന്നെ ആയിരിക്കണം. ധനാശ വളരെ അധികം ഉള്ള മൂർത്തിയാണ് ഏറ്റുമാനൂർ ദേവൻ എന്നു ജനങ്ങളുടെ ഇടയിൽ ഒരു വിശ്വാസംഉണ്ട്. അപസ്മാരാദിരോഗങ്ങളുടെ നിവാരണത്തിനും ഏറ്റുമാനൂർ ക്ഷേത്രത്തിലെ ഭജനംപാപ്പ് വളരെ ഫലപ്രദമെന്ന് അനുഭവസ്ഥർ ഘോഷിക്കുന്നു.

വരിക്കപ്പിലാവിൻ തടിയിൽ കൊത്തിയുണ്ടാക്കി സ്വർണ്ണത്തകിടുപൊതിഞ്ഞ ഏഴു വൻതരം പൊന്നാനകളും, ഒരു ചെറിയ പൊന്നാനയും ഉൾപ്പെടെ ഏഴരപൊന്നാനകൾ ഈ ക്ഷേത്രത്തിൽ ഭണ്ഡാരസ്വത്തായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവയെ പ്രസ്തുത ക്ഷേത്രത്തിലെ ഉത്സവകാലത്തു ഏഴുന്നള്ളത്തോടുകൂടി പ്രദർശിപ്പിച്ചുവരുന്നു. ഈ ക്ഷേത്രംവക ഗ്രന്ഥവരി, താമ്രശാസനങ്ങൾ മുതലായ പ്രാചീനരേഖകൾ സമഗ്രമായി പരിശോധിക്കുവാൻ ഗവേഷകന്മാർക്കു സൌകര്യം നൽകേണ്ടതാണ്.

൮൯. കടുത്തുരുത്തി.

പുരാതന ചരിത്രപ്രസിദ്ധമായ ഒരു പ്രാചീന കടലോര നഗരമായിരുന്നു കടുത്തുരുത്തി. പ്രാചീനകേരളത്തിലെ ഒരു പ്രധാന സംസ്കാര കേന്ദ്രമായിരുന്നു അവിടം. കടുത്തുരുത്തിയിലും അതിപുരാതനമായ ഒരു ശിവക്ഷേത്രം ഉണ്ടു്. പ്രതിഷ്ഠാകാലം ത്രേതായുഗംതന്നെയായിരിക്കണം. ഖരൻതന്നെയാണു് ഇവിടെയും പ്രതിഷ്ഠയും ക്ഷേത്രനിർമ്മിതിയും നടത്തിച്ചതു്. ഇവിടവും ഒരു ദ്വീപായിരുന്നു. ഭൂപ്രകൃതി ഉന്നതമായ ഒരു പാറക്കെട്ടായിരുന്നു. ഇക്കാലത്തെ ഭൂപ്രകൃതിക്കും വലിയ മാറ്റം വന്നിട്ടില്ല. പിൽക്കാലം ഈ ദ്വീപിന്റെ നാലുപാടും നിന്നു സമുദ്രം പിൻവാങ്ങി കരതെളിഞ്ഞിട്ടുള്ളതാണു്. ഉദയനസാമ്രാജ്യത്തിലെ ഒരു പ്രധാനനഗരമായിരുന്നു ഇതു്. വെമ്പലനാട്ടു രാജാക്കന്മാരുടെ ആധിപത്യകാലത്തും ഇവിടം അവരുടെ തലസ്ഥാനനഗരമായിരുന്നു. വടക്കുംകൂർ രാജാക്കന്മാരുടെ പ്രതാപകാലത്തും കടുത്തുരുത്തി തലസ്ഥാനനഗരമായിരുന്നു. ചേരമാൻസഖ്യം (Federated Kerala states) എന്ന ഭരണക്രമം കേരളത്തിൽ നിലനിന്നിരുന്ന പെരുമാൾ ഭരണകാലത്തും കടുത്തുരുത്തി വളരെ പ്രധാനപ്പെട്ട ഒരു തുറമുഖനഗരവും സംസ്കാരകേന്ദ്രവുമായിരുന്നു. കേരളത്തിന്റെ പുരാതന ചരിത്രം ഉത്തരോത്തരം കാര്യക്ഷമമായി രചിക്കുവാൻ സഹായപ്രദങ്ങളായ ചരിത്രലക്ഷ്യങ്ങൾ നിറഞ്ഞ ഒരു പ്രാചീന സംസ്കാരതരംഗം അനാച്ഛാദനം ചെയ്യണമെന്നു് അഭിലഷിക്കുന്ന ഗവണ്മെണ്ടുകൾ ഈ സ്ഥാനത്തു് ഉൽഖനനഗവേഷണം വിസ്തൃതമായ തോതിൽ നടത്തിക്കുന്നപക്ഷം, അമൂല്യങ്ങളായ ചരിത്രലക്ഷ്യങ്ങൾ ഇവിടെനിന്നു ലഭിക്കുവാൻ ഇടയാകുന്നതാണു്.

൯൦. തകഴി.

കേരളത്തിലെ ബുദ്ധവിഹാരങ്ങൾ പ്രശസ്തിയിൽ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിന്റെ സ്മരണയാണു തകഴിക്ഷേത്രം നമുക്കു നൽകുന്നതു്. ശാസ്താക്ഷേത്രങ്ങൾ എല്ലാം ബുദ്ധക്ഷേത്രങ്ങൾ തന്നെ. വിഹാരങ്ങൾതോറും സാമൂഹ്യസേവനപരങ്ങളായ വ്യവസായങ്ങളും നടത്തപ്പെട്ടുവന്നു. രോഗചികിത്സ നടത്തിവന്ന ഒരു ബുദ്ധവിഹാരമായിരുന്നു തകഴി. കേരളത്തിന്റെ

ഏറിയഭാഗവും സമുദ്രമഗ്നമായിരുന്ന അതീതഘട്ടത്തിൽ തകഴിപ്പെട്ട സമ്പൽസമൃദ്ധവും സംസ്കാരസമ്പൂർണ്ണവുമായ ഒരു ബുദ്ധവിഹാരമായിരുന്നു.

൨൧. തൃച്ചിററാററു വിഷ്ണുക്ഷേത്രം.

ഇതു വളരെ പുരാതനമായ ഒരു ക്ഷേത്രമാണ്. വൈഷ്ണവന്മാരുടെ ദേശികന്മാരായ ആഴ്വാരന്മാരിൽ ഒരാളാൽ അനേകശതം സംവത്സരംമുൻപു രചിക്കപ്പെട്ടിട്ടുള്ള ആയിരംപാട്ടം എന്നഗ്രന്ഥത്തിൽ ഈ ക്ഷേത്രത്തെയും കേരളത്തിലെസുപ്രസിദ്ധങ്ങളായ മറെറതാനും ക്ഷേത്രങ്ങളേയുംകുറിച്ചും പ്രസ്താവിച്ചു കാണുന്നു. മൂലവിഗ്രഹം വളരെ പ്രാചീനമാണ്. ശാസ്താവ്, പാർത്ഥസാരഥി എന്നീ ഉപദേവവിഗ്രഹങ്ങളും കാണപ്പെടുന്നു. ഈ ക്ഷേത്രത്തിലെ മൂലവിഗ്രഹവും പാർത്ഥസാരഥിവിഗ്രഹവും തല്ലി ഉടച്ചതുപോലെ കഷണങ്ങളായിക്കിടക്കുന്നു. നാരായണത്തുഭ്രാന്തൻ തല്ലിഉടച്ചതായിട്ടാണ് ഐതിഹ്യം. ഈ ക്ഷേത്രം നിർമ്മിച്ചതും മൂലവിഗ്രഹവും പാർത്ഥസാരഥിവിഗ്രഹവും പ്രതിഷ്ഠിച്ചതും യുധിഷ്ഠിരൻെറ ചെലവിൽ ആണെന്നാകുന്നു സ്ഥലപുരാണം. ആ സ്ഥിതിക്കു പ്രസ്തുതക്ഷേത്രം അയ്യായിരത്തിൽപരം സംവത്സരം പഴക്കം ഉള്ളതാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

൨൨. തൃശ്ശിവപേരൂർ.

വടക്കുംനാഥക്ഷേത്രം അതിപുരാതനമായ ഒരു ഹൈന്ദവക്ഷേത്രമാണ്. ഈ ക്ഷേത്രത്തിനു ഏകദേശം 10000 വർഷത്തെ പഴക്കംഉണ്ട്. എല്ലാവിധഗവേഷണങ്ങൾക്കും സമുചിതമായ ഒരു സ്ഥാനമാണിതു്.

൨൩. തൃപ്പൂണിത്തുറക്ഷേത്രം.

ചരിത്രാതീതകാലത്തു തൃപ്പൂണിത്തുറ കടലോരനഗ[illegible] ഒരു തുറമുഖമായിരുന്നു. ഉദയനസാമ്രാജ്യത്തിലെ ഒരു [illegible]ാന തുറമുഖനഗരമായിരുന്നു ഇവിടം. ഇവിടത്തെ ക്ഷേത്രം നിർ[illegible]ച്ചതും ശ്രീകൃഷ്ണവിഗ്രഹം പ്രതിഷ്ഠിച്ചതും പാണ്ഡവന്മാരുടെ പര്യടനമദ്ധ്യേ അർജ്ജുനൻെറ ചെലവിൽ ആകുന്നു എന്നാണു ഐതിഹ്യം. പരമ്പരായത്തമായി നിലനിന്നുപോരുന്ന ഗ്രന്ഥ

വരികളും ഈ ഐതിഹ്യത്തെ അനുകൂലിക്കുന്നു. ഉദ്ദേശം അ യ്യായിരത്തിൽപരംവൎഷം പഴക്കമുള്ളതാണു് ഈ ക്ഷേത്രം. ഈ പട്ടണം ഉൽഖനനഗവേഷണങ്ങൾക്കു സമുചിതമായ സ്ഥാനമാണു്".

൨൮. തൃക്കൊടിത്താനം ക്ഷേത്രം.

ഈ ക്ഷേത്രം പാണ്ഡവന്മാരുടെ അന്ത്യതീൎത്ഥാടനകാലത്തു് നകുലസഹദേവന്മാർ പണികഴിപ്പിച്ചു പ്രതിഷ്ഠനടത്തിയിട്ടുള്ളതായി ഊഹിക്കപ്പെട്ടിരിക്കുന്നു. ഇവിടത്തെ പ്രധാന ദേവൻ ശ്രീനാരായണമൂൎത്തിയാണു്. ഗർഭഗൃഹത്തിന്റെ പടിഞ്ഞാറെവശം നടയിൽ ഒരു വിഗ്രഹം കൂടി കാണപ്പെടുന്നു. ഇതു നരസിംഹമൂൎത്തിയുടേതാണെന്നു് പറയപ്പെടുന്നു. ഈ ക്ഷേത്രം ബി. സി. മൂവായിരമാണ്ടിനു മുൻപു പണിയിക്കപ്പെട്ടിട്ടുള്ളതാണു്. ആദ്യത്തെ ക്ഷേത്രം മരനിൎമ്മിതമായിരുന്നു. അതു് അഗ്നിബാധയാൽ നശിച്ചശേഷം ഇപ്പോഴത്തെ ഗർഭഗൃഹം പണിയിച്ചിട്ടുള്ളതാണു്. ഇവിടത്തെ ലിഖിതങ്ങൾക്കു ൧൨൦൦ വൎഷത്തെ പഴക്കമുള്ളതായി അനുമാനിക്കാം. ലിഖിതങ്ങളിൽ വീരകേരളപ്പെരുമാളിന്റെ ആജ്ഞാനുസരണം തിരുകോത (ഗോദവർമ്മ) എന്ന രാജാവു ക്ഷേത്രത്തിന്റെ നിത്യനിദാനങ്ങൾക്കു വസ്തുവകകളും മററും അനുവദിച്ചു വിവരം രേഖപ്പെടുത്തിയിട്ടുണ്ടു്. "ഈ വീരകേരളപ്പെരുമാൾ "കേരളപുത്രന്മാർ എന്നു പ്രസിദ്ധനായ ചെങ്കൊട്ടുവൻ ഇമയവൎമ്മതിരുവടികൾ എന്ന ചേരരാജാവിന്റെയും സന്ന്യാസിയായ ഇളംകൂർ അടികളുടെയും പിതാവാണെന്നു് അനുമാനിക്കാം. തിരുകോത (ഗോദവർമ്മ) എന്ന പേരായി അക്കാലം നാടുവാണിരുന്നതു തെക്കുംകൂർ രാജാവാണു്. ചേരരാജാക്കന്മാരുടെ ആധിപത്യം അക്കാലം "പുരളി" രാജ്യത്തിന്റെ അതിൎത്തിപ്രാന്തംവരെ വ്യാപിച്ചിരുന്നു. തൃക്കൊടിത്താനം തെക്കുംകൂർ രാജ്യത്തിൽ ഉൾപ്പെട്ട ഒരു ഗ്രാമമായിരുന്നു. ഇവിടെ ...ട്ടില്ലത്തിൽ പോററിമാരുടെ ആധിപത്യങ്ങൾ നടത്തിവന്നു.

തൃക്കൊടിത്താനംക്ഷേത്രത്തിലെ ചുററുമതിലിന്റെ പണിവളരെ പഴക്കമുള്ളതാണു്. ഒരായ വിടവുകൾ കാണാനില്ല. ഒരായം തേച്ചു ലക്ഷ്യങ്ങളും കാണുന്നില്ല. കല്ലുകൾ ചെത്തി

പശ ചാന്തിൽ മുക്കി അടുക്കിവച്ചിട്ടുള്ളതായി കാണുന്നു. മതിലിനു സാമാന്യം ഒരു വലിയ കോട്ടയുടെ പൊക്കവും വണ്ണവുമുണ്ടു്. കൊരട്ടി (മാന്നാറിനു സമീപം) ക്ഷേത്രത്തിലെ മതിലിന്റെ പണിയും പ്രസ്തുത ക്ഷേത്രത്തിലെ മതിലിന്റെ പണിയും ഒരേ രീതിയിലാണു്.

ഈ ക്ഷേത്രത്തിൽ ആണ്ടുതോറും "ദീപ" എന്നൊരു ചടങ്ങുണ്ടു്. ഉത്സവം തന്നെ ദുഃഖചിഹ്നങ്ങളോടുകൂടിയതാണു്. സാധാരണക്ഷേത്രങ്ങളിലെ ഉത്സവത്തിന്റെ മേളങ്ങളും ചടങ്ങുകളും ഇവിടെ ഇല്ല. ശേഷക്രിയാചടങ്ങുകൾക്കു് ആവശ്യമുള്ള സാമഗ്രികൾ ഇവിടെ സംഭരിക്കപ്പെടുന്നു. നാലമ്പലത്തിനകം മുഴുവൻ മൂടുന്ന ഒരു പച്ചക്കുട, പച്ചചട്ടികൾ, പച്ചക്കലം, പച്ചപ്പാള മുതലായവ കൂടിയേ തീരൂ. ഉത്സവത്തിനു പച്ചഓലക്കുട കൊടുക്കുന്നതിനു അനുഭവമായി നിലം, കണിയാനു വിട്ടുകൊടുത്തിട്ടുണ്ടു്. 9-ാം ഉത്സവദിവസം രാത്രി ദേവനെ മതിൽകെട്ടിനു പുറമേ എഴുന്നള്ളിച്ചശേഷം, പ്രഭാതമാകുമ്പോൾ മതിൽക്കുള്ളിൽ ഈശാനത്തുകോണിൽ വാഴപ്പിണ്ടികൾ നാട്ടിയും അതിന്മേൽ വെച്ചുകെട്ടിയും ചിതയുടെ മട്ടിൽ കെട്ടിയുണ്ടാക്കി അതിന്മീതേ വാഴപ്പോളകൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ള കൂടങ്ങൾനിറയെ പന്തം കുത്തി തട്ടിന്മേൽ നിരത്തി ചിതപോലെയാക്കി തീ കൊളുത്തുകയും തത്സമയം വനമാല്യങ്ങളാൽ അലംകൃതമായ ഒരു (മൂടിയ മേനാവിന്റെ ആകൃതി തോന്നും) ശവമഞ്ചം അകത്തുനിന്നു പോററിമാർ ചുമലിൽ എടുത്തുകൊണ്ടുവന്നു് അഗ്നിപ്രവേശനത്തിനു ഉദ്യമിക്കുകയും, "അരുതെ" "അരുതെ" എന്നു ജനങ്ങളും ഗ്രാമക്കാരും വിലക്കുകയും ചെയ്യുന്നതുമായ ചടങ്ങാണിതു്. ദീപ കഴിഞ്ഞാൽ ശരക്കൂടത്തിൽ നിന്നു വീഴുന്ന ചാമ്പൽ, ജനങ്ങൾ എടുത്തു നെററിയിൽ പൂശുന്നു. സഹദേവമാതാവായ മാദ്രിയുടെ സതീകർമ്മമായ ഉടൻകട്ടകയററത്തെയാണു് ഈ ദീപ സൂചിപ്പിക്കുന്നതെന്നും സഹദേവൻ നിർമ്മിച്ച ക്ഷേത്രമാണിതെന്നു് ഊഹിക്കാൻ ന്യായം ഇതാണെന്നും പറയപ്പെടുന്നു.

ഈ ക്ഷേത്രത്തിന്റെ പുരോഭാഗത്തു വലുതായ ഒരു കുളം (ചിറ) ഉണ്ടു്. ഇതിന്റെ കരയ്ക്കു ഒരു കഴുവുപോലെ ഒരു കൽത്തൂൺ നിർത്തി അതിന്മീതെ ആണിമുഖത്തിൽ ഒരാളിനെ കഴുവേററി കിടത്തിയിട്ടുണ്ടു്. ആളിനു പൂണുനൂലും ശിരസ്സിൽ കിരീടവുമുണ്ടു്. എന്നാൽ കൈകളിൽ ഒരു ശംഖുമുണ്ടു്. ചെമ്പക-

ശ്ശേരി രാജാവു ഒരു ദിവസം അമ്പലപ്പുഴ ദീപാരാധന തൊഴുത ശേഷം വള്ളത്തിൽ കയറി തൃക്കൊടിത്താനത്തു ദേവനെ അത്താഴശ്ശീവേലിക്കു തൊഴണമെന്നുദ്ദേശിച്ചു പുറപ്പെട്ടുവെന്നും വേഷപ്രച്ഛന്നനായ രാജാവു വന്നുചേർന്നപ്പോൾ അത്താഴശ്ശീവേലി കഴിഞ്ഞു നടയടച്ചു ഗോപുരവും പൂട്ടിപ്പോയെന്നും. എന്നാൽ അമ്പലത്തിലെ ഒരു മാരാന്റെ സഹായത്താൽ ഗോപുരവും നാലമ്പലവാതിലും തുറക്കാൻ സാധിച്ചുവെന്നും; രാജാവു ഗ്രഢമായി ശാന്തിക്കാരനെ വരുത്തി നടതുറപ്പിച്ചു ദർശനം നടത്തി മടങ്ങിപ്പോയെന്നും ഈ വസ്തുത പിറേറദിവസം യോഗക്കാർ പോററിമാർ അറിഞ്ഞു, വീഴ്ചക്കാരനായ മാരാന്റെ കൈയിൽ ശംഖും കൊടുത്തു അവനെ പൂണൂലും ധരിപ്പിച്ചു ഒരു കൃത്രിമ കിരീടവും വെപ്പിച്ചു കഴവേററിയെന്നും, പോററിയും, മാരാനും, രാജാവും കൂടിയുണ്ടായ അനധികൃതമായ കൂട്ടുകെട്ടിനെ സൂചിപ്പിക്കാനാണ് ഈ വേഷവിശേഷം നൽകിയതെന്നും, പുറത്തെ മണ്ഡപത്തിനു സമീപം (കളപ്പുരയ്ക്കൽ) നിൽക്കുന്ന കഴവും കഴവിന്മേലെ ശംഖുപിടിച്ചു പൂണൂൽക്കാരനും ഈ നടന്ന സംഭവത്തിന്റെ സ്മാരകമായി യോഗക്കാർ നിശ്ചയിച്ചതാണെന്നും പറയപ്പെടുന്നു. അത്താഴപ്പൂജ കഴിഞ്ഞു നടതുറക്കുന്നതും ദർശനം കഴിക്കുന്നതും ദേശത്തിനു ക്ഷയകരമാണെന്നും തൃക്കൊടിത്താനം ക്ഷേത്രമാഹാത്മ്യത്തിൽ അനുയായിയായ ചെമ്പകശ്ശേരി രാജാവു ദേശം കൂടി നശിപ്പിക്കാൻ ഇങ്ങനെ ചെയ്തതാണെന്നും നമ്പൂരിമാർ തീർച്ചയാക്കി. അന്നുമുതൽ അത്താഴശ്ശീവേലി കഴിഞ്ഞു നട അടയ്ക്കുന്നതിനു മുൻപ് മതിൽക്കു പുറത്തു തെക്കു പടിഞ്ഞാറെ മൂലയിൽ ഒരു മാരാൻ മതിൽ ചാരിപിടിച്ചു ശംഖുമായി നിന്നു മൂന്നു ഊതി "അമ്പലപ്പുഴനാട് നശിക്കട്ടെ" എന്നു മൂന്നുപ്രാവശ്യം വിളിച്ചു പറഞ്ഞു തിരിച്ചു പോകുന്നതിനിടയിൽ അവർ നടപ്പിലാക്കിയ ചടങ്ങു ഏകദേശം മുപ്പതു നാല്പതു സംവത്സരം മുൻപുവരെക്കൂടെയും നിലനിന്നിരുന്നുവെന്ന് ആ സ്ഥലത്തുള്ള വയോധികന്മാർ പറഞ്ഞു അറിവാൻ ഇടയായിട്ടുണ്ട്. തൃക്കൊടിത്താനം ക്ഷേത്രത്തെക്കുറിച്ചു ഉത്തരേന്ത്യയിലും അന്യദേശങ്ങളിലും മററും പ്രസിദ്ധമാണ്. അവിടങ്ങളിൽ നിന്നും പലരും കൂടക്കൂടെ ഈ ക്ഷേത്രത്തിൽവന്നു സ്വാമിദർശനവും വലിയ വഴിപാടുകളും നടത്തി വരുന്നുണ്ട്. ഉണ്ണിനീലിസന്ദേശകാലത്തുള്ള ഈ ക്ഷേ

ത്രവും പരിസരങ്ങളും വളരെ പ്രാധാന്യത്തിൽ ഇരുന്നിട്ടുള്ളതായി ഊഹിക്കാം.

ഈ ക്ഷേത്രത്തിൽ നിന്നു അല്പം കിഴക്കുമാറി തെക്കുംകൂർ രാജാവിൻെറ ഒരു കോട്ടയുടെ നഷ്ടാവശിഷ്ടങ്ങളും മണിമുറി എന്നൊരു കരയും "കൊക്കോട്ടം" എന്നൊരു വലിയ ചിറ (കുളം)യും ഉണ്ടു്. ഇവിടെ നിന്നു് ഉദ്ദേശം രണ്ടു മൈൽ കിഴക്കു "കുന്നം താനം" എന്നൊരു ദേശം ഉണ്ടു്. അവിടം ഒരു സ്വതന്ത്ര നാടുവാഴിയുടെ ദേശമായിരുന്നു. നശിച്ചുപോയ കോട്ടകൊത്തളങ്ങളുടെ ലക്ഷ്യം അവിടെ അദ്യാപി കാണപ്പെടുന്നുണ്ടു്. തെക്കുംകൂർ രാജാവിൻെറ ഇളംകൂററിൽ കൈമ്മൾ കുടുംബവും അവിടെ ഉണ്ടു്. പ്രസ്തുത കുടുംബക്കാർ അദ്യാപി നിലനിന്നു പോരുന്നു.

൨൪. കറിച്ചിക്ഷേത്രം

ചങ്ങനാശേരിയുടെ ഉത്തരദേശമാണു് കുറിച്ചി (ഗുരുശ്രീപുരം). ഗുരുശ്രീപുരം പുരാതനഹൈന്ദവഗുരുകുലസ്ഥാനം ആയിരുന്നു. ശാസ്താവിൻെറയും കൃഷ്ണൻെറയും ക്ഷേത്രങ്ങൾ അവിടെ കാണുന്നു.

൨൫. കറിച്ചി ഭഗവതി

പുരാതന കാലത്തു കടലോരസ്ഥാനമായിരുന്ന ഒരു കോടിയുടെ മുടിപരപ്പായ കുന്നം പുറത്തു പശ്ചിമാഭിമുഖമായി കാണുന്ന ക്ഷേത്രത്തിൽ ശിലാനിർമ്മിതമായ കണ്ണാടിബിംബത്തിൽ ഒരു ലോഹനിർമ്മിതമായ സ്വസ്തി ഇപ്പോഴത്തെ ബോ (നെക്കറെറപോലെ കഴുത്തിൽ യൂറോപ്യൻ രീതിയിൽ ധരിക്കാറുള്ള) പോലെ രന്ധ്രങ്ങളിൽകൂടി കോർത്തു ചാർത്തിയിരിക്കുന്നതായി കാണുന്നു. ഇതു മറെറാരു ക്ഷേത്രത്തിലും ഒരു വിഗ്രഹത്തിലും ഇല്ലാത്ത ഒരു വൈശിഷ്ട്യമാകുന്നു.

൨൬. മുത്തൂർ ക്ഷേത്രം

പ്രാചീന നായർ സങ്കേതത്തിലെ പടയൊരുക്ക ക്ഷേത്രം. ദേവി വനദുർഗ്ഗയാണു്. തിരുവല്ലാടൌണിൽനിന്നു രണ്ടുമൈൽ തെക്കുമാറിയാണു് സ്ഥാനം. വലിയവേല എന്നൊരു ഉത്സവം പന്തീരാണ്ടിലൊരിക്കൽ നടന്നുവന്നു. ഇപ്പോൾ മിക്കവാറും അതു നാമാവശേഷമായി. അടികൾ ശാന്തി നടത്തിവരുന്ന അതിപ്രാചീനമായ ഒരു വനദുർഗ്ഗാക്ഷേത്രമാണിതു്.

൨൮. കട്ടംപേരൂർ ക്ഷേത്രം.

പള്ളിയറക്കാവ് — കായംകുളം രാജാവിന്റെ ഒരു കൊട്ടാരം ഇവിടെ ഉണ്ടായിരുന്നു. കോവിലകം, ഉഴുട്ടുപറമ്പ്, പള്ളിയറക്കാവ് ഇങ്ങനെ മൂന്നു പുരയിടങ്ങൾ ഉണ്ട്.

നാലേക്കെട്ടുവീട്ടിന്റെ കിഴക്കുവശം പെരുമ്പടപ്പുകാട്ടും പെരുമ്പടപ്പുസമ്പ്രദായവകയായ കട്ടംപേരൂർദേശത്തു കൊരട്ടി എന്നൊരു വനം ഉണ്ടായിരുന്നു. കൊരട്ടിക്കാട്ടിൽ ക്രോഷ്ടുമഹർഷി തപസ്സു ചെയ്തിരുന്നു. കൊരട്ടിക്ഷേത്രത്തിലെ വിഗ്രഹം ക്രോഷ്ടുമഹർഷി പ്രതിഷ്ഠിച്ചു.

൨൯. കൊരട്ടിക്ഷേത്രം

കൊരട്ടി — കടലുരുട്ടി — ഭൃഗശ്ലക്ഷ്യങ്ങൾ പേരിനെ അനുസ്മരിക്കുന്നു. കൊരട്ടിക്ഷേത്രമതിൽ ശ്രീമഹാദേവപ്രതിഷ്ഠയാണ്. ശ്രീകോവിലിന്റെ പണി ഭിത്തിയിൽ പാദഭാഗം ശിലയും മദ്ധ്യംമുതൽ മരനിരയും ആകുന്നു. വിചിത്രമായ തക്ഷകവിദ്യാപ്രദർശനരംഗമായ ബലിക്കൽപുരയിലെ ശിലാലിഖിതങ്ങൾ ശ്രദ്ധേയങ്ങളാണ്. വടക്കേഭാഗത്തെ തളിക്ഷേത്രം വിഷ്ണുമന്ദിരം എന്നത്രേ സങ്കല്പം. ക്ഷേത്രത്തിന്റെ പണി വളരെ പഴക്കം ഉള്ളതാണ്. ചതുരാകൃതിയും മാളികപ്പുറവും നോക്കിയതിൽ ബുദ്ധക്ഷേത്രമാതൃകയാണെന്നനുമാനിക്കാം. പ്രധാനക്ഷേത്രത്തിന്റെ കിഴക്കേ നടയിൽ നിന്നു കിഴക്കു ഒരു ഫർലാങ് നീങ്ങി ശാസ്താക്ഷേത്രം കാണപ്പെടുന്നു. പരദേശബ്രാഹ്മണസങ്കേതമായ കാവുങ്ങൽമഠംസത്രത്തിൽ പരദേശബ്രാഹ്മണർമാത്രം താമസസൌകാര്യം നല്കപ്പെട്ടുവരുന്നു. പുരാതനചരിത്രപ്രസിദ്ധനായ നാലേക്കെട്ടു നായർമാടമ്പിയുടെ വകയായിരുന്നു ഈ ക്ഷേത്രം. മാർത്താണ്ഡവർമ്മമഹാരാജാവ് ഈ പ്രഭുവിനെ കീഴ്പ്പെടുത്തി. മാന്നാറിൽവെച്ച് നടന്ന ഉടമ്പടി അതിനു ശേഷമാകുന്നു.

൩൦. കവിയൂർക്ഷേത്രം.

തിരുവല്ലായിൽ നിന്ന് മൂന്നു നാലു മൈൽ കിഴക്കുമാറിയുള്ള ഒരു ഗ്രാമമാണു കവിയൂർ. രാമായണപ്രസിദ്ധനായ ഹനുമാന്റെ അധിവാസസ്ഥാനം ഇവിടെയാണെന്ന് ഊഹിക്കപ്പെടുന്നു. ഒരു കുന്നിൻപുറത്താണ്, ശ്രീരാമലക്ഷ്മണന്മാരുടെയും ശിവന്റെയും ഹനുമാന്റെയും വിഗ്രഹങ്ങൾ ഇവിടെ

യുണ്ടു്. ഒരു ഹഠയോഗിയും ദ്രാവിഡപ്രമാണിയുമായ ഹനുമാൻ നിവസിച്ചിരുന്ന കദളീവനം ഇവിടെ ആയിരുന്നുവത്രേ. രാമായണയുദ്ധാനന്തരം ഹനുമാൻ കവിയൂർവിശ്രമിച്ചു വരുന്നതായി വിശ്വസിക്കപ്പെട്ടുപോരുന്നു. "കപിയൂർ"എന്ന ശബ്ദം കാലാന്തരത്തിൽ "കവിയൂർ" എന്നു രൂപാന്തരപ്പെട്ടിട്ടുള്ളതാണു്. ക്ഷേത്രം ൫൦൦൦ വർഷത്തോളം പഴക്കമുള്ളതാണെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

൩൧. ഇഴിഞ്ഞില്ലം ശാസ്താംകോവിൽ

തിരുവല്ലായ്ക്കു വടക്കേഅതിരിൽ ചങ്ങനാശേരിക്കു ദക്ഷിണഭാഗത്തായി ഇഴിഞ്ഞില്ലം എന്ന ദേശത്തു് ഉള്ള ഈ പ്രാചീന ക്ഷേത്രം പുനരുദ്ധാരണംചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ ഉണ്ടെങ്കിലും ശ്രീകോവിലിൽ, പഴയകാലത്തെ ശ്രീകോവിലിന്റെ ഭിത്തിയുടെ ചില കരിങ്കല്ലുകൾ കാണുന്നു. അവയിൽ ഒന്നിൽ ഒരു ലിഖിതം കാണുന്നു. 'ഓം' എന്നപദം പുരാതനലിപിയിൽ ലേഖനംചെയ്തിരിക്കുന്നു. മറെറാരു കല്ലിൽ ഒരു സ്ത്രീ (കേശഭാരം പിന്നിൽകെട്ടിവെച്ചിരിക്കുന്നു.) കുഴലൂതി ഒരു സർപ്പത്തെ സമീപത്തു് വരുത്തി അതിനടുത്തിരിക്കുന്ന ചിത്രം കൊത്തിയിരിക്കുന്നു.

ബ്രഹ്മരക്ഷസ്സ്.

ശ്രീകോവിലിൻ തെക്കു ചുററമ്പലത്തിൻ പുറമേ ഒരു ബ്രഹ്മരക്ഷസ്സിനെ ഇരുത്തിയിരിക്കുന്ന തറ കാണുന്നു. ഇതു് മാർത്താണ്ഡവർമ്മമഹാരാജാവു ചെമ്പകശ്ശേരി പിടിക്കുന്നതിനു മുൻപു് അങ്ങോട്ടയച്ച ദൂതൻനമ്പൂരിയുടെ രക്ഷസ്സത്രെ. നമ്പൂരി ചെമ്പകശ്ശേരിയിൽ എത്തി രാജാവിനെ വശീകരിച്ചു ചതുരംഗത്തിൽ തോൽപ്പിച്ചു്, ഒരു പ്രതിജ്ഞ മുഖേന രാജ്യഭാരം വച്ചിച്ചുശേഷം മടങ്ങിവരവെ, ചെമ്പകശേരിയിലെ ചാരന്മാർ അനുധാവനം ചെയ്തു, ഇഴിഞ്ഞില്ലത്തു വച്ചു കണ്ടുപിടിച്ചു കൊലപ്പെടുത്തിയത്രെ. നമ്പൂരി നെട്ടമ്പ്രത്തു നമ്പൂരിയാണെന്നു പറയപ്പെടുന്നു. രക്ഷസ്സിനെ തന്നിമിത്തം തെക്കുംകൂർ രാജാധികാരത്തിനകമായ ഇവിടെ ശാസ്താവിനു സമീപം പ്രതിഷ്ഠിച്ചു. പില്ക്കാലം തെക്കുംകൂർ പിടിച്ചതോടുകൂടി ബ്രഹ്മരക്ഷസ്സിനെ ആവാഹിച്ചു ശ്രീനാരായണബലി മുതലായവ കഴിച്ചു ശുദ്ധി വരുത്തി തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിൽ കൊണ്ടുപോയി പ്രതിഷ്ഠവച്ചിട്ടുണ്ടു്.

ക്ഷേത്രത്തിൻെറ ഐതിഹ്യം.

ഗോപുരം—മനോഹരമായ വിഗ്രഹം—ഉത്തരീയവും, ശിരോവസ്ത്രവും കാണുന്നു.—പത്മാസനസ്ഥിതി—കൃഷ്ണശില, അസ്സൽ ബുദ്ധപ്രതിമ—ക്ഷേത്രം ഒരുകാലത്തു ഉൽകൃഷ്ടാവസ്ഥയിൽ ഇരുന്നിരുന്നു. ബി. സി. ൨൦൦-നു മേൽ പഴക്കം—നിത്യനിദാനത്തിനും പൂജയ്ക്കും വിളക്കുവെപ്പിനും വസ്തുവകകൾ ഉണ്ടായിരുന്നു. തെക്കുംകൂർ കാലത്തു മൺപുഴപോററിക്കു തററം—വാഴപ്പാടത്തു പണിയ്ക്കർ കോപ്പു—വിളക്കുവിരുത്തി, നിലം ഇതിനു തൊട്ടുവടക്കുവശം ഉണ്ടു്. വസ്തുവകകൾ അന്യാധീനപ്പെട്ടു. ഇപ്പോൾ പൂജാദികൾ ശീവേലിവാരം മുട്ടിയനിലതന്നെ.

ചെന്തിട്ടക്കാവു് (ചെറുകാവു്) അന്തിമകാ(ള)ൻകാവു്.

ഇപ്പോൾ തിരുവല്ലാ ക്ഷേത്രത്തിൻകീഴിൽ ഒരു പെററി ക്ഷേത്രം. ഒരു ചെറിയ കുടിൽപോലെയുള്ള പുതുകെട്ടിടം. വിഗ്രഹസ്ഥാനത്തിനു ചുററും കല്ലും കുമ്മായവും. ഓടുമേഞ്ഞു ക്രൂരയുമായി കാണുന്നു. കിഴക്കു ഇഴിഞ്ഞില്ലും പായിപ്പാട്ടു റോഡിലേക്കു ദർശനം. തെക്കേഭാഗം വലത്തുവശത്തു ചെറിയ തിടപ്പള്ളി—ചുററും മതിലും മറവും ഇല്ല. ഒരു ഗർഭഗൃഹത്തിൽ വലത്തുവശം ഒരു ചെറിയ ശിവലിംഗം—വലത്തുകൈ സ്ഥാനത്തായി നട്ടനായകവിഗ്രഹത്തിനു ഒരു ചൊട്ടച്ചാൺ നീളം തന്നെയില്ല—ഒരു ചെറിയ കരമുഷ്ടിയുടെ വലിപ്പം. നാളപീഠം വലുതു്. ആദ്യവിഗ്രഹം ഇതായിരിക്കയില്ല. മുൻവശത്തു വഴിയരികിൽ പൂർവാഭിമുഖമായി ഒരു കല്ലു കാണുന്നു. ഇതിനു ഒന്നരക്കോൽ നീളം പതിനെട്ടുവിരൽ വീതി. മദ്ധ്യഭാഗം എട്ടുവിരൽ ഘനത്തിൽ പൊഴിച്ചുയർത്തിയിരിക്കുന്നു. പിൻഭാഗത്തു കൊത്തുപണി ഒന്നും ഇല്ല. ഇതിനുള്ളതു കട്ടിളപ്പടിയുടെ ഛായയുണ്ടു്. ഇതിനെ വാളുതേപ്പുകല്ലു എന്നു വിളിച്ചുവരുന്നു. ഇതിനു ഒരു ഐതിഹ്യം ഉണ്ടു്. പുളിന്താനത്തു നമ്പൂരിയൊ പുല്ലാമ്പിള്ളി നമ്പിയൊ ഒരിക്കൽ ഇതുവഴി അസമയത്തു പോയി. ഇവിടെ പതിവായി അധിവാസമുള്ള ഒരു യക്ഷി വഴിപോക്കരെ ഉപദ്രവിച്ചുവന്നു. നമ്പൂരി മന്ത്രശക്തിയാൽ ഇതിനെ ബന്ധിച്ചു—അവിടെ സ്ഥാപിച്ചു. ഈ കല്ലും നാട്ടി. യക്ഷിയുടെ ശക്തി കുറപ്പാൻ ജനങ്ങൾ പതിവായി അതിന്മേൽ ഇരുമ്പായുധങ്ങൾ തേച്ചുരയ്ക്കണമെന്നും കല്പിച്ചു. ഇന്നും ജനങ്ങൾ ആ കല്ലിന്മേൽ

ആയുധങ്ങൾ തേച്ചു മൂച്ച്വരുത്തിവരുന്നു. കിഴക്കെ പുരയിടം ഭഗവതി പറമ്പ്, അവിടെ ക്ഷേത്രവും കുളവും മററും ഉണ്ടായിരുന്നുവത്രെ.

അഭിപ്രായം.

അന്തിമകാലക്കാവ് എന്നായിരിക്കണം പേർ. ബുദ്ധമതപ്രചാരകാലം ബി. സി. ൨-ാംശതവർഷംമുതൽ, എ. ഡി. ൧൦-ാംശതവർഷംവരെ പ്രശസ്തിയിൽ ഇരുന്നിരിക്കണം. കോലത്രപനാസംഗങ്ങളുംക്രുറടികൾ ഈ സ്ഥലത്തും പാർത്തിരിക്കണം. സന്ന്യാസിയുടെ അന്തികാലം ഈ കാവിലിരുന്നു തപംനടത്തി കഴിച്ചുകൂട്ടി നിർവൃതി അടഞ്ഞിരിക്കണം. പൂർവ്വഭാഗത്തു് ഭഗവതി (മഹാമായ) ബുദ്ധമാതാവായ മായാദേവിയുടെ ക്ഷേത്രവും അതിന്റെ പിന്നിൽ സന്ന്യാസിമഠവും അതിന്റെയും പശ്ചിമഭാഗത്തു് വിഹാരങ്ങളും ശാക്യമുനിക്ഷേത്ര (ശാസ്താംകോവിൽ)വും ആയിരുന്നിരിക്കണം. പള്ളിക്കൽ, മേച്ചേരിമഠം മുതലായ പുരയിടപ്പേരുകൾ ഇതിനെ സൂചിപ്പിക്കുന്നു.

൩൨. നീലമ്പേരൂർ.

ഭൂപ്രകൃതിയാൽ ഒരു ദ്വീപു് ആയിരുന്നുവെന്നു് അനുമാനിക്കാനുള്ള ലക്ഷ്യങ്ങൾ കാണപ്പെടുന്നു. വടക്കെഅററം നാളന്തുരുത്തു് എന്നും മദ്ധ്യഭാഗം മണ്ണാന്തുരുത്തു് എന്നും ദക്ഷിണഭാഗം നീലംപേരൂർ എന്നും വിളിക്കപ്പെട്ടുപോരുന്നു. ഇവ വളരെകാലം പരസ്പരം ബന്ധമില്ലാതിരുന്ന സ്വതന്ത്രതുരുത്തുകളായിരുന്നുവെന്നു അനുമാനിക്കാം. ഇവ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നതു ചിറകൾ (Dykes) മാത്രമാകുന്നു. ഭൂമി ക്രമേണ ഉയന്ന കരപ്രദേശമാണു്. നീലംപേരൂർ ജലനിരപ്പിൽനിന്നു അത്യുന്നതമായ ചീക്കൽ പ്രദേശമാണെന്നു കാണാം.

നാളന്തുരുത്തു്.

(ബാണന്തുരുത്തു്) ബാണപ്പെരുമാൾ ആദ്യം കരയ്ക്കുകടത്തു് ഇറങ്ങിയ തുരുത്തായിരിക്കണം. ബാണന്തുരുത്തു് നാളന്തുരുത്തായിത്തീന്നിരിക്കണം.

മണ്ണാന്തുരുത്തു് (വർണോർതുരുത്തു്.)

ഇതു നാളന്തുരുത്തിന്റെ അടുത്തുള്ള ഒരു തുരുത്താണു്. പെരുമാളിന്റെ കൂടെവന്ന ഉദ്യോഗസ്ഥന്മാരും ആൾക്കാരും മററും ഇവിടെ താമസിക്കുകയും തേവാരമൂർത്തിയെ അവിടെ

പ്രതിഷ്ഠിക്കുകയും ചെയ്തുവെന്ന് ഊഹിക്കപ്പെട്ടിരിക്കുന്നു. എടത്തറക്കാവ്, ആറാട്ടുകുളം, പഴയ ആൽത്തറ, വിളക്ക മുതലായവ ഇവിടെ കാണുന്നുണ്ട്. തിരുവഞ്ചിക്കുളം എന്നുപേരുള്ള ഒരു പുരയിടം അവിടെ ഇപ്പോഴും ഉണ്ട്. അവിടെ അടുത്ത് ചെറുശേരി എന്നൊരു പുരയിടവും കാണുന്നു. ബാണപ്പെരുമാളിന്റെ പള്ളിബോട്ട് അടുക്കുന്ന കടവും ഇടയത്തറെ അമ്പലത്തിനു സമീപത്തുവച്ചു ദേവിയെക്കണ്ട കണിയാരുടെ ഗൃഹവും സമീപത്തുണ്ട്. ഈഭാഗമായി ഇസ്ലാം വസ്തു അനുഭവിക്കുന്നു. പള്ളിബോട്ട് സൂക്ഷിപ്പായിരുന്നുവത്രെ ജോലി. ആലപ്രത്ത പണിക്കരുടെ ഭവനം ഇവിടെയാണ്. പെരുഞ്ഞനത്തുദേശത്തു നിന്നു കൊണ്ടുവരപ്പെട്ട പെരുമാളിന്റെ ഉപാസ്യമൂർത്തിയായ മഹാമായാ വിഗ്രഹത്തോടുകൂടി നായന്മാരും ആദിയിൽ ഈ തുരുത്തിൽ അധിവസിച്ചു.

നീലമ്പേരൂർ നമ്പൂരിഗ്രാമത്തിലെ നഷ്ടശിഷ്ടങ്ങളായിരിക്കുന്ന നമ്പൂരി ഇല്ലങ്ങൾ.

പത്തില്ലത്തിൽപ്രസിദ്ധരായ പോററിമാരുടെ ഗ്രാമമായിരുന്ന ഇദ്ദേശത്തു നമ്പൂരിബ്രാഹ്മണർ താമസിച്ചിരുന്നതിന്റെ ലക്ഷ്യങ്ങളായ ഇല്ലങ്ങളുടെ നഷ്ടശിഷ്ടങ്ങളും ഇല്ലപ്പേരുകളും കൊണ്ടു പല അനുമാനങ്ങൾക്കും കഴിവുണ്ട്.

വാഴൂത്തറ.

ഇല്ലത്തിന്റെ നഷ്ടശിഷ്ടങ്ങൾ പുലയക്കായലിന്റെ കിഴക്ക ഒരു പുരയിടത്തിൽ കാണുന്നു. ആ സ്ഥലത്തിനു ഇപ്പോഴും വാഴൂത്തറ എന്ന പേർ

ഇരവിമംഗലം.

ബൗദ്ധമതാവലംബിയായ ബാണപ്പെരുമാൾ നീലമ്പേരൂർ വന്നു താമസിച്ചിരുന്നതിനാൽ പെരുമാൾക്കു ശ്രാദ്ധാദി നടത്തിക്കൊടുത്ത കാരണം നമ്പൂരിമാർ ഇരവിമംഗലത്തിന് പതിത്വം കല്പിച്ചു. ഇരവിമംഗലത്തിന്റെ ഭ്രഷ്ട് തീർക്കുവാൻ ആ കുടുംബക്കാർ പിൽക്കാലം വലിയ പ്രായശ്ചിത്തങ്ങൾ ചെയ്തിട്ടുണ്ട് എന്നു പറയപ്പെടുന്നു.

ചെറുശ്ശേരി.

വടക്കെ ആറാട്ടുകുളത്തിനു സമീപം ചെറുശ്ശേരി എന്നു പേരുള്ള ഒരു പുരയിടം ഉണ്ട്.

പുനം.

[illegible]മ്പേരൂർ ക്ഷേത്രത്തിന്റെ തൊട്ടു കിഴക്കുവശം ഈ പേരുള്ള ഒരു പുരയിടം ഉള്ളതാകുന്നു.

പള്ളിത്തറ.

തുരുത്തുപോലെയുള്ള ഒരു പുരയിടം നീലമ്പേരൂർ വടക്കേ ഭാഗത്ത് ഉണ്ട്.

നീലമ്പേരൂർ ക്ഷേത്രം.

പ്രധാനക്ഷേത്രം ശിവപ്രതിഷ്ഠയോടുകൂടിയതായിരുന്നു. ഇതിന്റെ ലക്ഷ്യങ്ങൾ അദ്യാപി കാണപ്പെടുന്നു. ഇപ്പോൾ കാണപ്പെടുന്ന ചെറിയ ശിവക്ഷേത്രത്തിന്റെ പുരോഭാഗത്ത് വലിയ മണ്ഡപത്തറയും ബലിക്കല്ലും കാണുന്നുണ്ട്. ആ ഉപക്ഷേത്രത്തിന്റെ ദർശനം കിഴക്കോട്ടാണ്. എന്നാൽ ഇപ്പോഴത്തെ പ്രധാന ക്ഷേത്രം ദേവീപ്രതിഷ്ഠയാണ്. വിഗ്രഹം ശിലയല്ല. പഞ്ചലോഹനിർമ്മിതമായ മഹാമായാവിഗ്രഹമാണ്. ഒരു വൃക്ഷത്തിൽ ഇടത്തുകാൽ പിന്നോക്കം ഊന്നി വാൽക്കണ്ണാടി വലത്തുകരത്തിൽ പിടിച്ചുകൊണ്ടു തലമുടി കോതുന്ന മട്ടിലാണ് വിഗ്രഹത്തിന്റെ നില. ഉപദേവസ്ഥാനത്തു പടിഞ്ഞാറുഭാഗത്തു ശിവക്ഷേത്രവും, തെക്കുവശത്തു കിഴക്കോട്ടു ദർശനമായി ശാസ്താക്ഷേത്രവും വിഷ്ണുക്ഷേത്രവും കാണുന്നു. ശാസ്താവിഗ്രഹം ശിലതന്നെ. വിഷ്ണു വിഗ്രഹമായി സങ്കല്പിക്കപ്പെട്ടിട്ടുള്ളതു പഞ്ചലോഹവിഗ്രഹമാണ്. (ഇതു കാഴ്ചയിൽ അർദ്ധപത്മാസനത്തിലിരിക്കുന്ന ഒരു യോഗിവിഗ്രഹംപോലിരിക്കുന്നു) ബുദ്ധമതാവലംബിയായ ബാണപ്പെരുമാൾ ഇരുന്ന മണ്ഡപം ഭഗവതിക്ഷേത്രത്തിന്റെ പുരോഭാഗത്തു കാണപ്പെടുന്നു. ബാണപ്പെരുമാൾ ഇവിടെ വന്നു താമസം ഉറപ്പിച്ചതോടുകൂടി പത്തില്ലക്കാരായ നമ്പൂരിമാർ ശിവവിഗ്രഹം എടുത്തുകൊണ്ടു വാഴപ്പള്ളിയിലേക്കു നിർഗ്ഗമിച്ചു. പെരുമാളിന്റെ ഉപദേശപ്രകാരം ബുദ്ധമതം സ്വീകരിച്ചു തെക്കുംകൂർ രാജാവിന്റെ മേൽനോട്ടത്തിൽ പ്രധാന ക്ഷേത്രത്തിൽ ബുദ്ധമാതാവായ മായാദേവിയേയും ഉപക്ഷേത്രത്തിൽ താപസനായിരുന്ന കാലത്തെ ബുദ്ധരൂപമായ ശാസ്താവിനെയും, സന്ന്യാസിയുടെ രൂപം സ്വീകരിച്ചു മുണ്ഡശിരസ്കനായി ഭവിച്ചതിന്റെ പിൽക്കാലരൂപമായ മുണ്ഡവിഗ്രഹത്തെയും പ്രതിഷ്ഠിച്ച് പൂജകൾ നടത്തി ആരാധിച്ചു

പള്ളിക്കത്തി പന്തീരായിരപ്പറ നിലം നീലമ്പേരൂർ വിഭാഗത്തിലേക്കും വിട്ടുകൊടുക്കപ്പെട്ടു. ഇതേ സന്ദർഭത്തിൽതന്നെ പെരുമാളിന്റെ തനതു ക്ഷേത്രമായ തിരുവഞ്ചിക്കുളത്തെ ക്ഷേ... വകകൾ രാജാവു വിട്ടുകൊടുത്തു. പെരുമാളോടുകൂടി തിരുവഞ്ചിക്കുളത്തുനിന്നു വന്ന അനുചരന്മാർക്കും, സ്ഥലത്തു വസ്തുവകകളും വിട്ടുകൊടുത്തു. "തിരുവഞ്ചിക്കുളം" എന്ന പേരുള്ള ഒരു പുരയിടം ഇപ്പോഴും നീലമ്പേരൂർ വടക്കേഭാഗമായ മണ്ണാന്തുരുത്തിൽ ഉണ്ട്. പെരുമാൾ തുളുദേശീയക്ഷത്രിയനായിരുന്നു. പെരുമാളിന്റെ പൗരോഹിത്യം വഹിച്ചുവന്ന ഇരവിമംഗലം നമ്പൂരിക്കു പത്തില്ലം നമ്പൂരിമാർ ഭ്രഷ്ടു കല്പിച്ചു. വാഴൂത്തര മുതലായ നമ്പൂരിമാർ പ്രതാപിയായ പെരുമാളിനെയും തെക്കുംകൂർ രാജാവിനെയും ഭയന്നു നാടുവിട്ടുപോയിരുന്നു. പെരുമാൾ ക്ഷേത്രസന്നിധിയിൽ ഗോപുരാകൃതിയിലുള്ള രണ്ടുനില മാടം പണിയിച്ച് അതിൽ തപോനിഷ്ഠനായി വാണു. നീലമ്പേരൂർ വന്നു താമസം ഉറപ്പിച്ചതു ചിങ്ങമാസത്തിലാണ്. അഞ്ചാം ഓണത്തിനു എന്നു അനുമാനിക്കാം. നീലമ്പേരൂർ പടയണി ആരംഭിച്ചത്, പെരുമാളിന്റെ വരവു പ്രമാണിച്ചാണ്. പെരുമാളിനോടു പടയണിക്കു അനുവാദം വാങ്ങുന്ന ക്രിയ അദ്യാപി അവിടെ നടന്നുവരുന്നു. പെരുമാൾ ഇരുന്നു സമാധിയടഞ്ഞ ഗോപുരമാളിക ൭൦ വർഷം മുമ്പുവരെ നിലനിന്നിരുന്നു. അതു പൊളിച്ചശേഷം ആ സ്ഥലം കുഴിച്ചുനോക്കിയതിൽ പെരുമാളിന്റെ ശവകുടീരം കാണപ്പെട്ടിട്ടുള്ളതായി പറയപ്പെട്ടുവരുന്നു. പെരുമാളിന്റെ കാലശേഷം അദ്ദേഹത്തിന്റെ വിഗ്രഹം വെങ്കലചതുരവയിൽ വാർപ്പിച്ചു "പെരുമാൾ" വാടത്തിൽ സൂക്ഷിക്കപ്പെട്ടുവരുന്നു. നീലമ്പേരൂർ പടയണിയുടെയും ബാൺപെരുമാൾവിഗ്രഹത്തിന്റെയും ഫോട്ടോ ബ്ലോക്കുള്ളതായ കേരളമഹാചരിത്രം 1-ാംഭാഗത്തിൽ ചേർത്തിട്ടുണ്ട്.

൩൩. മണ്ണാത്തുരുത്തു പാണ്ഡവക്ഷേത്രം.

ഇതു കോട്ടയത്ത് അയ്മനംദേശത്തിനു സമീപമാണ്. ഇവിടെ ഒരു പുരാതനക്ഷേത്രമുണ്ട്. ഈ ബൗദ്ധക്ഷേത്രം വളരെ പുരാതനം തന്നെ. കരിങ്കൽകൊണ്ട് ...ഴുക്കോൽ, വള, വാവക

മുതലായവ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ക്ഷേത്രവും വിഹാരത്തി ൻെറ രൂപവും അദ്യാപി സുസ്ഥിതിയിൽകാണപ്പെടുന്നു. ചെമ്പ കശ്ശേരി രാജാവിൻെറ കുടുംബമിരിക്കുന്ന കൊടമാളൂർ ഇവിടെ അടുത്താണു്. ആയിത്തിരുത്തു ആയിരിക്കണം മയ്യാത്തുരുത്തായി ലോപിച്ചതു്.

൩൪. വേദഗിരി.

നീണ്ടൂർ ദേശത്തുള്ള ഒരു റിസർവ്വ വനത്തിലാണു വേദ ഗിരിഗുരുകുലത്തിൻെറ നഷ്ടശിഷ്ടങ്ങളായ കരിങ്കൽ ഭിത്തി കൾ നിൽക്കുന്നതു. അവിടെ പാറയിൽ നിന്നു് ശുദ്ധജലം സദാ ഒഴുകുന്ന ഉറവുകൾ കാണാം. ഒരു ശാസ്താക്ഷേത്രവും സമീപത്തിൽ ഉണ്ടു്. ഏറ്റുമാനൂരടുത്താണു് ഈ സ്ഥലങ്ങൾ

൩൫. വെന്നിമലക്ഷേത്രം.

ചങ്ങനാശ്ശേരിയുടെ കിഴക്കുഭാഗത്തുള്ള പുതുപ്പള്ളിക്കു സമീപം വിജയപുരം പകുതിയിലാണു് ഈ കുന്നും ക്ഷേത്രവും. ഉദയനകുലശേഖരപ്പെരുമാളിൻെറ വിഗ്രഹം ഇവിടെ പ്രതി ഷ്ഠിച്ചിട്ടുണ്ടു്. ഒരു ഉറവുതീർത്ഥം വേനൽക്കാലത്തും ഇവിടെ ഉണ്ടു്. വിജയനഗരമഹാരാജാവും ഈ ക്ഷേത്രവുമായി ചില ബന്ധങ്ങൾ ഉണ്ടായിരുന്നു. ഈ ക്ഷേത്രത്തിലെ കോയ്മസ്ഥാനം വെന്നിമല പിഷാരടി കുടുംബത്തേക്കാണു്. പിഷാരടികുടുംബ ത്തേക്കു വേണാട്ടു രാജഗുരുസ്ഥാനം ഉണ്ടായിരുന്നു.

൩൬. തിരുവഞ്ചിക്കുളം ക്ഷേത്രം.

കേരളത്തിൽ ചേരമാൻസഖ്യം എന്ന ഫെഡറൽകേന്ദ്ര ഗവമ്മെൻറിൻെറ ഭരണം നിലനിന്ന കാലത്തു് ആ ഗവമ്മെ ൻറിൻെറയും അതിനു മുൻപു ചിലകാലങ്ങളിൽ ചേരരാജാ ക്കന്മാരുടെയും തലസ്ഥാനമായിരുന്ന തിരുവഞ്ചിക്കുളത്തുള്ള മഹാദേവക്ഷേത്രം വളരെ പ്രശസ്തിയും മാഹാത്മ്യവും ഉള്ള ഒരു ആരാധനാലയമാകുന്നു. ഈ ക്ഷേത്രത്തിനു അയ്യായിര ത്തിൽപരം സംവത്സരം പഴക്കം വരും. കേരളത്തിലെ ഫെഡ റൽ ഭരണകൂടത്തിൻെറ അദ്ധ്യക്ഷന്മാരായിരുന്ന പെരുമാക്ക ന്മാരുടെ വാസസ്ഥാനവും വാസസ്ഥലവുമായിരുന്നതിനാൽ തിരുവഞ്ചിക്കുളത്തിനും അവിടത്തെ പ്രസ്തുത ക്ഷേത്രത്തിനുമുള്ള പ്രാധാന്യം കേരളചരിത്രത്തിൽ അത്യധികമാകുന്നു. പ്രസ്തുത ക്ഷേത്രവും പരിസരങ്ങളും ചരിത്രകാരന്മാക്കു് എല്ലാവിധ ഗവേ ഷണങ്ങൾക്കും സമുചിതസ്ഥാനങ്ങളാണു്.

൩൬. തൃക്കാക്കര ക്ഷേത്രം.

ഇടപ്പള്ളിയിൽനിന്നു നാലുനാഴിക ദൂരത്തിൽ സ്ഥിതിചെയ്യുന്ന തൃക്കാക്കര മഹാദേവക്ഷേത്രം അതിപ്രസിദ്ധിയും പുരാതനത്വവും ഉള്ളതാകുന്നു. തൃക്കാക്കരെ വളരെക്കാലം മഹാതാവ് എന്ന; സുപ്രസിദ്ധനായ മന്നരാജാവിന്റെയും മററുപല കേരളരാജാക്കന്മാരുടെയും തലസ്ഥാനമായിരുന്നതിനാൽ പ്രസ്തുത ക്ഷേത്രത്തിനുള്ള പ്രാധാന്യം അപരിമിതമാകുന്നു. പ്രസ്തുത ക്ഷേത്രത്തിനു ൧൦൦൦൦ വർഷത്തിൽ കുറയാതെ പ്രാചീനതയുണ്ട്. പ്രസ്തുതക്ഷേത്രവും പരിസരങ്ങളും എല്ലാവിധ ഗവേഷണങ്ങൾക്കും പററിയ സ്ഥാനങ്ങളാണ്. ഓണം ആഘോഷത്തിന്റെ ഉത്ഭവം ഈ ക്ഷേത്രത്തിൽവെച്ചായിരുന്നു.

൩൭. തൃക്കാരിയൂർക്ഷേത്രം.

സഹ്യപർവ്വതനിരയുടെ അടിവാരത്തിൽ കോതമംഗലത്തുനിന്നു മൂന്നുമൈൽ അകലെ സ്ഥിതിചെയ്യുന്ന ഒരു പുരാതനക്ഷേത്രമാണിതു്. കൊച്ചിയിൽ നിന്നു 28 മൈലോളം കിഴക്കാണ് ഈ ക്ഷേത്രം. തൃക്കാരിയൂർ ഇപ്പോൾ വളരെ അപ്രധാനമായ ഒരു ഗ്രാമക്ഷേത്രമാണെങ്കിലും പ്രാചീനമായ ഒരുഘട്ടത്തിൽ അവിടം ചിലകേരളരാജാക്കന്മാരുടെ തലസ്ഥാന നഗരിയായിരുന്നു. പ്രസ്തുത ക്ഷേത്രം ദ്വാപരയുഗാരംഭത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും കേരളത്തിലെ ബ്രാഹ്മണോപവേശകനേതാവായ പരശുരാമനുമായി ബന്ധപ്പെട്ടതുമാകുന്നു. എല്ലാവിധഗവേഷണങ്ങൾക്കും സർവ്വഥാ സമുചിതമായ സ്ഥാനമാണു പ്രസ്തുത ക്ഷേത്രവും പരിസരങ്ങളും.

൩൮. കൊടുങ്ങല്ലൂർക്ഷേത്രം.

കൊടുങ്ങല്ലൂർക്ഷേത്രം അത്യപ്രാചീനമാണു്. ചെങ്കമലവല്ലി എന്നദ്ധ്യാനശ്ലോകത്തിലാണ് പ്രസ്തുതക്ഷേത്രത്തിലെ ദേവീവിഗ്രഹമെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്നു. "ചെങ്കമല" പട്ടണം എന്നു കൊടുങ്ങല്ലൂരിനു പണ്ടു് ഒരുപേർ ഉണ്ടായിരുന്നു. ചെങ്കമലപട്ടണമെന്നു ചെങ്കലപട്ടണമെന്നു പല വിദേശിയ വർത്തകരും വിദേശിയ സഞ്ചാരികളും രേഖപ്പെടുത്തി [illegible]. പുരാതനകേരളത്തിലെ അതിപ്രാചീനമായ [illegible] രവും എല്ലാവിധ വ്യാപാരങ്ങളുടെയും [illegible]

ൻെറയും കേന്ദ്രവുമായിരുന്ന കൊടുങ്ങല്ലൂർനഗരത്തിൽ ഈ ക്ഷേത്രത്തിനു് ഉണ്ടായിരുന്ന പ്രാധാന്യം ഇക്കാലത്തും അസ്തപ്രായമായി ഭവിച്ചിട്ടില്ല. ൨൦൦൦-നും ൩൦൦൦൦-നും മദ്ധ്യേ വർഷം പഴക്കമുള്ളതാണു് ഈ ക്ഷേത്രം. കൊടുങ്ങല്ലൂർനഗരവും കൊടുങ്ങല്ലൂർക്ഷേത്രവും പരിസരങ്ങളും എല്ലാവിധ ഗവേഷണങ്ങൾക്കും സംയോജ്യസ്ഥാനങ്ങളാകുന്നു.

൮൦. കൊലപ്പൂക്കാവു്.

കൊലപ്പുക്കാവു് എന്ന ക്ഷേത്രം തിരുവല്ലാനഗരത്തിൻെറ പ്രാന്തത്തിലുള്ള കുന്നന്താനം എന്ന ഗ്രാമത്തിലാണു്. അയൽഗ്രാമം പായിപ്പാടാണു്. കോലഭൂപനെന്ന പ്രസിദ്ധനായ ഒരു കോലത്തിരിരാജാവിൻെറ സ്മാരകമായി പണിയിച്ചിട്ടുള്ളതാണു പ്രസ്തുതക്ഷേത്രമെന്നു് അനുമാനിക്കപ്പെട്ടിരിക്കുന്നു.

മഹാദേവക്ഷേത്രമാണെന്നു വേണം വിചാരിക്കുവാൻ. ചുററമ്പലം, തിടപ്പള്ളി, ഗർഭഗൃഹം മുതലായവയുടെ തറകൾ മാത്രമേ കാണാനുള്ളു. ശ്രീകോവിലിൻെറ ഭിത്തികളുടെ ചില ഭാഗങ്ങൾ നഷ്ടശിഷ്ടങ്ങളായി അവശേഷിച്ചു നിൽക്കുന്നു. ഒരു പുരാതനമായ ക്ഷേത്രമാണെന്നു് അതിൻെറ മന്ദിരങ്ങളുടെ ഘടനാരീതിയാൽ നിർണ്ണയിക്കാം. ഈ ഗ്രന്ഥകാരൻ പ്രസ്തുത ക്ഷേത്രം സന്ദർശിച്ചതു് ഒരു വ്യാഴവട്ടം മുൻപാണു്. അക്കാലത്തു് അവശേഷിച്ചു നിന്നിരുന്ന ഗർഭഗൃഹത്തിൻെറ ഒരു ഭിത്തിയിൽ ചെത്തുവയ്ക്കപ്പെട്ടിരുന്ന സാമാന്യം വലിപ്പമുള്ള അശോകചക്രത്തിനു് ഉപയോഗിച്ചിരുന്ന ശില കൃഷ്ണവർണ്ണമെങ്കിലും സ്ഫടികംപോലെ മറുവശം കാണത്തക്കതായ സുതാര്യവിക്ഷണ ഗുണമുള്ളതായി കാണപ്പെട്ടു. പ്രസ്തുതപുരാതനക്ഷേത്രത്തിലെ വിഗ്രഹം നാലുകഷണങ്ങളായി കിടക്കുന്നതായി കാണപ്പെട്ടു. അക്കാലത്തു് അദ്ദേശത്തു ഭ്രാന്തുപിടിച്ചു് ഓടിനടന്നു പല അക്രമപ്രവൃത്തികളും നടത്തിവന്ന "കവിയൂർ ...തൻ" എന്ന പ്രസിദ്ധനായ ഒരാൾ ആ വിഗ്രഹം കോടാലികൊണ്ടു തല്ലിപ്പൊട്ടിച്ചതായിട്ടാണു കേട്ടിട്ടുള്ളതു്. ജീർണ്ണിച്ചു ഭൂമിക്കുവാറും നശ്വരമായിത്തീർന്ന പ്രസ്തുതക്ഷേത്രവും പരിസരങ്ങളും ചരിത്രപരങ്ങളായ ഗവേഷണങ്ങൾക്കു യോജിച്ചസ്ഥലമാകുന്നു.

൨൧൭. വള്ളിയാങ്കാവു്.

ഹൈറേഞ്ചിൽ പീരുമേടിലേയ്ക്കുപോകുന്ന കോട്ടയം കുമളി റോഡിനുസമീപം പെരുവന്താനത്തുള്ള അതിപുരാതനമായ ഒരു കാവാണു് ഇതു്. ദുർഗ്ഗാക്ഷേത്രംതന്നെ. വള്ളികളും പടപ്പുകളും വൃക്ഷശാഖകളിൽനിന്നു സർപ്പാകൃതിയിൽ വള്ളി വണ്ണവും നീളവുമുള്ള അസംഖ്യം വേരുകൾ തൂങ്ങിക്കിടക്കുന്ന വടവൃക്ഷങ്ങളും നിറഞ്ഞ ഒരു അരണ്യം തന്നെ അവിടം. മേൽക്കൂരയില്ലാത്ത ഒരു പ്രാചീന കൽക്കെട്ടും അതിനുള്ളിലും നാലുപാടും കൽവിളക്കുകളുമായുള്ള ഒരു പുരാതന ദേവാലയമാണു് അതു്. "കണ്ണം" എന്ന പേരിനാൽ അറിയപ്പെട്ട ... പായസമാണു അവിടത്തെ പ്രധാന വഴിപാടു്. വറ... കുരുതിയും ഉണ്ടു്. കാംക്ഷാസാദ്ധ്യങ്ങൾക്കായി "വള്ളി ... ക്കുക" എന്ന ചടങ്ങും "മുട്ടപാട്ടുനില"യും അവിടത്തെ മറ്റു ചടങ്ങാണു്. "കൊച്ചുവേലൻ" എന്ന മലവർഗ്ഗക്കാരനാണു് അവിടെ ശാന്തി. ഈ ക്ഷേത്രത്തിൽ വള്ളിവെട്ടിച്ചും വഴിപാടുകൾ കഴിച്ചും വൈരനിര്യാതനത്തിനു പ്രാർത്ഥിച്ചു സാധിക്കുന്ന പതിവു് ഇന്നുംഎപ്പി നിലനിന്നുവരുന്നു.

പ്രാചീനഉദയനസാമ്രാജ്യത്തിലെ പ്രധാന നഗരം ... രാജസ്ഥാനവുമായിരുന്നു ഇവിടം. ഉദയന കുലശേഖരപ്പെരുമാളിന്റെ തലസ്ഥാനവും പ്രധാന കോവിലകങ്ങളും നിലനിന്നിരുന്ന പെരുഞ്ചോറ്റിൽ നഗരത്തിന്റെയും ചോറ്റിക്കോട്ടയുടെയും സ്ഥാനം ഇവിടെനിന്നു് ഏതാനുംമൈൽ പടിഞ്ഞാറാണു്. അനേകായിരം സംവത്സരത്തിനുമുൻപു് നിലനിന്ന മനുഷ്യരാശിയുടെ ഒരു സംസ്കാരത്തെ ചിത്രീകരിക്കുന്നതാണു് പ്രസ്തുത പ്രാചീനക്ഷേത്രം. ഉൽഖനനാദിഗവേഷണങ്ങൾ ... പററിയ സ്ഥാനമാണിവിടം.

൨൧൮. മലയാലപ്പുഴക്കാവു്

വള്ളിയാങ്കാവുപോലെ അതിപ്രാചീനമായ ഒരു ക്ഷേത്രമാണു മലയാലപ്പുഴ. പത്തനംതിട്ടത്താലൂക്കിൽ മലയാലപ്പുഴ റിസർവിലാണു പ്രസ്തുതക്ഷേത്രം. ചരിത്രാതീതമായ പുരാതനകാലത്തു മലയാലപ്പുഴവരെ ചില ഭാഗങ്ങളിലുംകടൽ കയറി കയമായിക്കിടന്നിരുന്നുവെന്നു ... ങ്ങളാൽ വെളിവാകുന്നുണ്ടു്. എല്ലാവിധ ഗവേഷണങ്ങ

ത്തായ ഒരു സ്ഥാനമാണു മലയാലപ്പുഴക്കാവിന്റെ പരിസരങ്ങൾ, ഉൽഖനനാദി ഗവേഷണങ്ങൾക്കു സമുചിതമായ സ്ഥാനമാകുന്നു.

൪൬. മണ്ടയ്ക്കാട്ട്

മനുഷ്യരാശിയുടെ ആസ്തികസംസ്കാരത്തിന്റെ അതിപ്രാചീനമായ ഒരു വശത്തെ ചിത്രീകരിക്കുന്ന അതിപുരാതനമായ ഒരു ക്ഷേത്രമാണു മണ്ടയ്ക്കാട്. ഉൽഖനനാദിഗവേഷണങ്ങൾക്കു പ്രസ്തുത ക്ഷേത്രത്തിന്റെ പരിസരങ്ങൾ സമുചിതസ്ഥാനങ്ങളാണ്.

൪൭. തിരുവാങ്കോട്ട് മുസ്ലീംപള്ളി

ഈ മുസ്ലീംപള്ളി കേരളത്തിലെ പുരാതന മുസ്ലീംപള്ളികളിൽ അതിപുരാതനമായ ഒരു ആരാധനസ്ഥാനമാകുന്നു. കേരളത്തിലെ മുസ്ലീംചരിത്രത്തെയും കേരളചരിത്രത്തെയും സംബന്ധിച്ച് ഈ പള്ളിക്കു ചരിത്രപരമായുള്ള പ്രാധാന്യവും സമുന്നതിയും.

൪൮. ശബരിമല ക്ഷേത്ര

ശബരിമലക്ഷേത്രം അതിപുരാതനമായ ഭാരതക്ഷേത്രങ്ങളിൽ ഒന്നാകുന്നു. ബദരിനാഥം, ഗയാ, വാരാണസി എന്നി പുരാതനക്ഷേത്രങ്ങളെക്കാൾ അതിപ്രാചീനമാണു ശബരിമല ക്ഷേത്രം. ത്രേതായുഗത്തിൽ ശ്രീ ശബരിഎന്ന സാംബവഭക്ത പ്രസ്തുതക്ഷേത്രസ്ഥാനത്ത് ഒരു കണ്ണാടിബിംബംവെച്ചു പരമാത്മധ്യാനം നടത്തി, ഒരു ആശ്രമംകെട്ടി ഗുരുകുലമായി ശിഷ്യപരമ്പരകളോടുകൂടി വളരെകാലം തപസ്സുചെയ്തു വസിച്ചിരുന്നു. കേരളത്തിലെ ബ്രാഹ്മണോപവേശകരുടെ നേതാവും ഭക്തശിരോമണിയും സുപ്രസിദ്ധയോദ്ധാവും ആയ ശ്രീപരശുരാമൻ ശബര്യാശ്രമം സന്ദർശിച്ചിട്ടുണ്ട്. ശ്രീരാമനും ശബരിയേ ശബരിമലയിൽചെന്നു സന്ദർശിച്ച് ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. ഭാർഗ്ഗവരാമനോടും ശ്രീരാമനോടുമുള്ള അത്യാദരവിന്റെ സ്മരണക്കായി ശബരി തന്റെ ആശ്രമപരിസരങ്ങളിൽ ഭാർഗ്ഗവവിഗ്രഹവും ശ്രീരാമവിഗ്രഹവും പ്രതിഷ്ഠിച്ചു പൂജകൾ നടത്തിവന്നു. ശബരീഗുരുകുലമായ ശ്രീശബരീപീഠത്തെക്കുറിച്ചുള്ള പ്രശസ്തി ഭാരതഖണ്ഡംഒട്ടുക്കു മാത്രമല്ല, ദക്ഷിണേന്ത്യഖണ്ഡത്തിലും, അയൽ

രാജ്യങ്ങളിലും വ്യാപിച്ചിരുന്നു. മിക്കവാറും സഹ്യന്റെ പ്രാന്ത ങ്ങൾവരെ പല തടങ്ങളിൽക്കൂടെയും ഉൾക്കടൽ വ്യാപിച്ചു കിടന്ന അക്കാലത്തു ഉത്തരദേശങ്ങളിൽനിന്നു ദക്ഷിണദി ക്കും ദക്ഷിണഭൂഖണ്ഡത്തിലേക്കുമുണ്ടായിരുന്ന പാത ശബരി മലയിൽക്കൂടെയായിരുന്നു. അക്കാലം സഹ്യന്റെ മുടിപ്പരപ്പിലു ള്ള മേടുകളായിരുന്നു പരിഷ്കാരകേന്ദ്രങ്ങളായ ജനസ്ഥാനങ്ങൾ.

ഭാരതത്തിലെ സുപ്രസിദ്ധവിദ്യാപീഠങ്ങളിൽ അതിപ്രാ ചീനമായ ഒരു സംസ്കാരസ്ഥാപനമായിരുന്നു ശബരീപീ ശ്രീബുദ്ധന്റെ കാലത്തു ശബരീപീഠം ബുദ്ധഗുരുകുലമാ യിരുന്നു. ബുദ്ധന്റെ സമകാലിക ശിഷ്യന്മാരായ "പാവ "കട്ടത" ആദിയായ ശിഷ്യന്മാരോടുകൂടി ശ്രീബുദ്ധൻ ശബ വിദ്യാപീഠത്തിൽ വച്ചു ബുദ്ധമതസിദ്ധാന്തങ്ങൾ ശിഷ്യഗ ണങ്ങളെ അഭ്യസിപ്പിച്ചു് അവരെ ഉത്തമസാമൂഹ്യസേവകന്മ ത്തിത്തു.

കേരളത്തിൽ ബുദ്ധമതം ക്ഷയോന്മുഖമായശേഷം കാലംകഴിഞ്ഞു അമാനുഷവൈഭവശാലിയും ഭക്തനും പാരംഗതനുമായ ശ്രീഅയ്യപ്പന്റെ നേതൃത്വത്തിൽ പീഠവും ശബരിമലക്ഷേത്രവും പുനരുദ്ധാരണം ചെയ്യപ്പെ ഏകജാതി, ഏകമതം, ഏകദൈവം, മനുഷ്യർക്ക് എന്ന ബുദ്ധദേവന്റെ വിശാലമായ ആദർശംതന്നെയായിരുന്നു പ്പമതം. തന്നിമിത്തം അതിനു കേരളത്തിൽ പ്രചുര സിദ്ധിച്ചു. ജാതിമതവർണ്ണാശ്രമവ്യത്യാസങ്ങളും ആചാര അതിന്റെ രൂക്ഷസ്വഭാവവും കർശനത്വവും പുലർത്തിക്കൊ വന്ന കേരളത്തിൽ, ശബരിമലഅയ്യപ്പന്മാരുടെ തീർത്ഥ വേളയിലും ശബരിമലക്ഷേത്രപരിസരങ്ങളിലും മാത്രം ഈ ചാരങ്ങൾക്കു സ്ഥാനം ഉണ്ടായിരുന്നിട്ടില്ല എന്നുള്ള പരമാ ർത്ഥമാലോചിക്കുമ്പോൾ ശ്രീബുദ്ധന്റെ ആദർശം തന്നെയായി അയ്യപ്പന്റെ ആദർശമെന്നും, അയ്യപ്പൻ ബുദ്ധമതാവല യായിരുന്നുവെന്നും വ്യക്തമാകുന്നതാണു്. ശബരിമല ത്തിന്റെ പ്രാധാന്യം നാൾ ചെല്ലുംതോറും വർദ്ധിച്ചുവ ന്നുതന്നെയിരിക്കുന്നു.

ശബരിമലയും പരിസരങ്ങളും പൗരാണികചരിത്ര ഗവേഷണങ്ങൾക്കു യോജിച്ച സ്ഥാനങ്ങളാകുന്നു.

…ായ കങ്ങഴ ക്ഷേത്രസന്നിധിയിൽ സുശർമ്മൻ … ജീവിക്കുന്നതായി അവർ കണ്ടു. ആ ഭടനായക … താപസനെ വധിച്ചു. ആ ബ്രഹ്മരക്ഷസ്സിനെ കങ്ങഴ …രങ്ങളിൽതന്നെ പ്രതിഷ്ഠിച്ചിട്ടുണ്ട്. ചരിത്രാതീത …ചരിത്രഘട്ടത്തിൽ ഉൽക്കടേൻ കങ്ങഴയുള്ള കരിമലയുടെ …ംവരെ വ്യാപിച്ചുകിടന്നിരുന്ന ഭൂഗർഭീയമായ നദീ …ഗൂഢം ഇത അനുമാനത്തിന് അനുകൂലമായിരിക്കുന്നുണ്ട്. …ക്ഷേത്രം ചങ്ങനാശേരിത്താലൂക്കിന്റെ പൂർവ്വഭാഗത്തുള്ള …പ്രദേശത്താണ്.

൩൭. ഏഴിമലക്ഷേത്രം (നിയരകണ്ണൂർ)

ഉത്തര കേരളത്തിൽ (ഏലിമല) ഏഴിമലകളിൽ കടലോ …നിന്നു. ഉദ്ദേശം അരഫർലാങ്ങ് കിഴക്കോട്ടുനീങ്ങി മലയിലെ …ളിൽ പുരാതനമായ ഒരു ക്ഷേത്രം ഉണ്ട്. ശിവക്ഷേത്ര … ഗർഭഗൃഹം മുതലായ മന്ദിരങ്ങൾ ജീർണ്ണിച്ചുകിട … അവിടെനിന്ന് വടക്കോട്ട് ഇറങ്ങി അല്പം കിഴക്കോട്ടു …ൽ പാറതുരന്നു നിർമ്മിക്കപ്പെട്ടിട്ടുള്ള ഗുഹകാണാം. …കത്തും ഒരു ശിവലിംഗം പ്രതിഷ്ഠിച്ചു കാണുന്നു.

൩൮. മാടായിപ്പള്ളി

…നിയരകണ്ണൂർ ക്ഷേത്രപരിസരങ്ങളിൽ നിന്ന് ഉദ്ദേശം …ൽ ഉയരത്തിൽ ഏഴിമലയുടെ വടക്കേചരുവിൽ …ണ്, മാടായിപ്പള്ളി എന്ന അതിപുരാതനമായ മുസ്ലീം … ഇതു കേരളത്തിലെ ഏററവും പ്രാചീനമായ മുസ്ലീം …കളിൽ ഒന്നാകുന്നു. ഉൽഖനനഗവേഷണങ്ങൾക്ക സമു…മായ സ്ഥാനമാണ് ഏഴിമലകളിലെ പ്രസ്തുത പ്രാചീന സ്ഥാനങ്ങൾ.

൪൦. രാമന്തളിക്ഷേത്രം

ഏഴിമലകളുടെ പടിഞ്ഞാറ വശത്തോട്ടു നീങ്ങി വടക്കേ … രാമന്തളി എന്ന പുരാതനക്ഷേത്രം കാണപ്പെടുന്നു. …രങ്ങളായ ഗവേഷണങ്ങൾക്ക സമുചിതമായ ഒരുപുരാ …ക്ഷേത്രമാണിത്.

൭൧. പുതിയകോട്ടക്ഷേത്രം.

ഏഴിമല തീവണ്ടിയാപ്പീസിൽനിന്നു വടക്കോട്ടു പയ്യന്നൂർ, തൃക്കരിപ്പൂരു, ചെറുപുത്തൂർ, നീലേശ്വരം എന്നിങ്ങനെ കടന്നു ചെല്ലുമ്പോൾ പുതിയകോട്ടു് എത്താം. ... പാറത്തുരന്നു് ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു പ്രാചീനമായ ഗുഹ ... പ്പെടുന്നു. അതിനുള്ളിൽ ആധുനികകാലത്തു ചില ... വാസസ്ഥാനം ഉറപ്പിച്ചിരുന്നതാണു്.

18

ക്ഷേത്രങ്ങളുടെ ഒരു പട്ടിക.

ഇരിങ്ങാലക്കുടപേരൂർ, ഉദീശപുരം, ശുചീന്ദ്രം, ചൊവ്വരം, ... ഇപ്പുറക്കോട്ടു, കണ്ടിയൂർ, കോലത്തേരി, കണവായ്, ... ക്കോട്ടു, കരട്ടിയൂർ, ചെല്ലിയൂർ, മാരാട്ടിയൂർ, ചെങ്ങന്നൂർ ... യൂർ, തിരുവന്മല, കൊന്നാപുരം, കൊടിപുത്തൂർ, വെ... വെള്ളമാന്തുള്ളി, കൊട്ടം, തൊലശ്ശേരി, ഗോകർണ്ണം, ... ശപുരം, മാരനല്ലൂർ, പെരുവാരം, പെരുമ്പട്ടിയൂർ, പര... ചാത്തമംഗലം, പാരാപറമ്പു, പനയന്നൂർ, കരിവെ... കാരാകുളം, വടശ്ശേരി, കവിയോട്ടു്, തിരുപൂയം, വെള്ളി... ളിയംകോട്ടു്.

പെരുവന്താനം ക്ഷേത്രം. ചോററി ക്ഷേത്രം. ശബരമല ക്ഷേത്രം. കുളത്തൂപ്പുഴ ക്ഷേത്രം ആര്യങ്കാവു ക്ഷേത്രം. ആര്യങ്കുടി (ആയയാംകുടി) *ഇരവിമംഗലം (ആദിത്യ ക്ഷേത്രം)	പ്രാചീന ചോഴ...തെ (ഉദയനകുല...ന്മാരുടെ) പ്രാചീന...ങ്ങൾ.

---

* കേരളത്തിലെ ഏകാദിത്യക്ഷേത്രം.

ക്കു, കരിങ്ങാചിറ, വൈക്കത്തൂർ, തൊഴു ക്കണെങ്കാൽ, അത്തമേട്, വാഴപ്പള്ളി, പുതു പ്പള്ളി, മംഗലം, തിരുനക്കര, തൃച്ചക്കളം, ചാററക്കുളം, ചോ ററാനിക്കര, കവിയൂർ, തിരുവണ്ണൂർ, കളർകോട്, പെരുണ്ണറ, ക്ഷമ്പളം, കമ്പളം, ചെമ്പ്, ചേമന്തിട്ട, തിനക്കളം, കാന്ത ല്ലൂർ, ഉദയംപേരൂർ, കാഞ്ഞിരക്കോട്ട, കണ്ടഴ, കൊണ്ടിയൂർ, തിരുവാററുവാ, ഇടമ്പൂർ, അഷ്ടമിക്കോവിൽ.

19

പ്രാചീനബുദ്ധവിഹാരങ്ങൾ.

മകളർകാവ് (മുരണി) (ബുദ്ധസന്യാസിനികൾ)
മകളർകാവ് (കിളിരൂർ) (ബുദ്ധഭിക്ഷുകികൾ)
മരുതാമലവിഹാരം.

20

പറവക

ക്ഷേത്രങ്ങൾ.

പയ്യന്നൂർ സുബ്രഹ്മണ്യക്ഷേത്രം, തിരുവങ്ങാട്ടു ക്ഷേത്രം, തളിപ്പറമ്പ് ശിവക്ഷേത്രം, തൃച്ചംബരം, കൊട്ടിയൂർ, മഴവൂർ, കാഞ്ഞിരക്കോട്ട്, ചെറുകുന്ന്, പൊന്നാനി, ഹരിഹരമംഗലം, [illegible]രം, ശുചീന്ദ്രം, ചൊവ്വരം, കോഴിക്കോട്, കരട്ടിയൂർ, ചൊല്ലിയൂർ, കൊന്നാപുരം, കൊടിവെള്ളൂർ, ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്രം.

കന്യാകുമാരി, കാമാക്ഷി, മൂകാംബി, ചെറുകുന്ന്, കുമാരന ല്ലൂർ, കീവീട്ട്. ചേരാനല്ലൂർ, ചെങ്കലതൊഴിപ്പാട്ട്, ഇടല പ്പള്ളി, പേരൂർക്കാവ്, അഴിപ്പുറം, വെള്ളിത്തട്ടിൽ, അഴകത്തു,

ചാത്തന്നൂർ, നെല്ലിവാക, അന്തിക്കോട്. ആവണംകോട്, അയ്യൻതോഠം, അയ്യൻകുന്ന്, കടപ്പൂർ, അഴലൂർ, പൂത്തലിംഗം, കാരിമുക്ക്, മുളക്കുന്ന്, ചെമ്പൂക്കാവ്, ഇടനാട്, പൂവത്തുശ്ശേരി, ചേപ്പന്നൂർ, കടനല്ലൂർ, ചേർത്തല, നട്ടിയൂർ, പള്ളിക്കുന്നത്ത്, കോകാനീശപുരം, പെരുവാരം, ചാത്തമംഗലം, വെള്ളക്കോട്ട്, ഇടപ്പള്ളി, വെണ്ണൂർ, മാണിക്കമംഗലം, നിങ്ങാമ്പൂക്ക്, മടപ്പുറമ്, മുത്തലം, കരിമപ്പുറം, കൈവേലം, പുത്തൂർ, ആറനൂർ, ചെങ്ങഴിക്കുന്ന്, പാരാവരമ്പ്, പനവന്നൂർ, കരിവെട്ടയിൽ, കാരായ്കുളം, വടശ്ശേരി, കവിക്കോട്, തിരുപ്പയം, തിരുവമ്പല, ചെന്നിക്കോട്, ഇടമുക്ക്, തല, കളിക്കാൽകോട്, പുത്തിയൂർ, പോത്തന്നൂർ, ഉളിയന്നൂർ, പന്തല്ലൂർ, മരുത്തറ, മറവഞ്ചേരി, ഞെങ്ങാട്ടൂര്, കണ്ണന്നൂർ, കാട്ടിൽ, പിഷാരി, ചുറവങ്ങി, ചോററിൽ, ചോററാനിക്കര, നാട്ട്, അയിരൂർ, ഇളയന്നൂർ, തൈക്കാട്ട്, കടലായി, കടലുണ്ടി, ആക്കുളം, കിടങ്ങാറ്റു്, പെരങ്ങാട്ടൂർ, ചിറവായ്, പെരച്ചന്നൂർ, മുണേ.

PUBLIC LI…

66914

കേരളമഹാചരിതം

p0004(2) പത്മനാഭസ്വാമിക്ഷേത്രം

p0004(4) ചമയവിളക്ക്

p0004(6) തെക്കുംകൂർകോട്ട

p0004(7) ചിത്രകളം

p001 ഉള്ളടക്കം

p1 അദ്ധ്യായം 1: പുരാതനകേരളം ഭൂപ്രകൃതി

p11 അദ്ധ്യായം 3: നാലുപ്രാചീനരാജ്യങ്ങൾ

p19 അദ്ധ്യായം 4: മലയാളദേശത്തെ മതം, ആചാരം, ഭാഷ എന്നിത്യാദി

p25 അദ്ധ്യായം 5: ചോറ്റുരാജ്യം (പെരുഞ്ചോറ്റി)

p32 അദ്ധ്യായം 6: ഉദയനകുലശേഖരപ്പെരുമാൾ

p35 അദ്ധ്യായം 7: പ്രാചീനരാജ്യങ്ങളുടെ സാമാന്യചരിത്രം

p62 അദ്ധ്യായം 9: പ്രാചീനകേരളത്തിന്റെ സാമാന്യരാഷ്ട്രചരിത്രം

p90 അദ്ധ്യായം 10: പുരാതനകേരളത്തിലെ ബുദ്ധമതവും ജൈനമതവും

p104 അദ്ധ്യായം 11: മതപ്രചാരകന്മാർ, അപ്പോസ്തൽ തോമസ്സ്

p119 അദ്ധ്യായം 14: കേരളത്തിലെ നാഗങ്ങൾ

p133 അദ്ധ്യായം 16: പുരാതനകേരളത്തിലെ ഔഷധവർഗ്ഗം, മലയാളദേശത്തെ രോഗങ്ങൾ

p141 അദ്ധ്യായം 18: കേരളപ്പെരുമാക്കന്മാരുമായി ബന്ധമുള്ള ക്ഷേത്രങ്ങൾ

p154 അദ്ധ്യായം 20: കേരളത്തിലെ തീണ്ടലും തൊടീലും എങ്ങനെ പരിഹരിക്കപ്പെട്ടു

p162 അദ്ധ്യായം 21: പുരാതനകേരളം ഔപചാരികാചാരങ്ങളും ആചാരഭാഷാശൈലികളും

p175 അദ്ധ്യായം 22: ആചാരങ്ങളും ദാമ്പത്യദായക്രമങ്ങളും ശകുനാദിവിശ്വാസങ്ങളും

p196 അദ്ധ്യായം 24: ആഹാരസാധനങ്ങളും ആഹാരക്രമവും വിഭവങ്ങളും

p203 അദ്ധ്യായം 25: കേരളത്തിലെ ബ്രാഹ്മണ യോദ്ധാക്കളും ബ്രാഹ്മണമാടമ്പിമാരും

p221 അദ്ധ്യായം 27: കേരളത്തിലെ ജാതികളും വർഗ്ഗങ്ങളും അവാന്തരവിഭാഗങ്ങളും

p255 അദ്ധ്യായം 28: പുരാതനകേരളത്തിലെ വാഹനങ്ങൾ

p261 അദ്ധ്യായം 29: പുരാതനകേരളത്തിലെ ജനകീയസ്വയംഭരണം

p288 അദ്ധ്യായം 31: ചേരമാൻപെരുമാളിന്റെ മതപരിവർത്തനവും കേരളവിഭജനവും

p309 അദ്ധ്യായം 32: കേരളത്തിലെ പ്രാചീന രാജ്യങ്ങൾ (ദേശിങ്ങനാട്)

p2-7 ഉള്ളടക്കം

p3-1 അദ്ധ്യായം 42: പോർട്ടുഗീസുകാരുടെ ആഗമനകാലത്തെ കേരളരാജ്യങ്ങൾ

p3-4 അദ്ധ്യായം 44: കേരളത്തിൽ വാണിജ്യത്തിനു വന്ന യൂറോപ്യൻ സമുദായങ്ങൾ

p3-26 അദ്ധ്യായം 46: പുരാതനകേരളത്തിലെ ജനസമൂഹങ്ങൾ

p3-101 അദ്ധ്യായം 54: കേരളത്തിലെ പ്രാചീന നായർകളരികൾ

p3-114 അദ്ധ്യായം 58: പ്രാചീനകേരളത്തിലെ വാണിജ്യവും വ്യവസായവും

p3-121 അദ്ധ്യായം 61: വൈദ്യപദ്ധതിയിൽ ഔഷധത്തിനുപയോഗിക്കുന്ന മൃഗങ്ങൾ, ജന്തുക്കൾ

p3-124 അദ്ധ്യായം 63: ദേശനാമപരങ്ങളായ ചില ഗവേഷണക്കുറിപ്പുകൾ